# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### മൂന്നാം സമ്മേളനം

2021 നവംബർ 10, ബുധൻ

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1627/2022

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...26

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...26

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...93

**II തിരുത്തിയ ഉത്തരം**

i) പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിട്ട 109-ാം നമ്പർ ചോദ്യത്തിന്റെയും മൂന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 1666, 3584 എന്നീ നമ്പർ ചോദ്യങ്ങളുടെയും തിരുത്തിയ ഉത്തരം ..403

ii) പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 3173, 3181, 3188, 3193, 3195, 3197, 3218, 3251 എന്നീ നമ്പർ ചോദ്യങ്ങളുടെ തിരുത്തിയ ഉത്തരം ..404

**III അടിയന്തരപ്രമേയം**

പരിസ്ഥിതി സംരക്ഷണവും ഭൂനയം രൂപീകരിക്കലും

- ശ്രീ. പി. സി. വിഷ്ണുനാഥ്

(അവതരണാനുമതി നിഷേധിച്ചു) ..404

**IV ശ്രദ്ധ ക്ഷണിക്കൽ**

(1) കുട്ടനാട്ടിലെ ബണ്ട് തകർച്ചയ്ക്ക് ശാശ്വത പരിഹാരം

-ശ്രീ. തോമസ് കെ. തോമസ് ..426

(2) സ്പെഷ്യൽ സ്കൂളുകളും ബഡ്സ് സ്കൂളുകളും തുറക്കേണ്ടതിന്റെ ആവശ്യകത

-ശ്രീ. പി. കെ. ബഷീർ ..430

പേജ്

**V അറിയിപ്പ്**

സഭാരേഖകളിലെ തിരുത്ത് ..433

- മി. ഡെപ്യൂട്ടി സ്പീക്കർ

**VI സബ്മിഷൻ**

(1) മുല്ലപ്പെരിയാർ ബേബി ഡാമിലെ സംയുക്ത പരിശോധന

- പ്രതിപക്ഷനേതാവ്

(ശ്രീ. വി. ഡി. സതീശൻ) ..433

(2) സാമൂഹ്യ-സാമ്പത്തിക വിവരശേഖരണ സർവ്വേ

- ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്) ..438

(3) സിനിമാ ഷൂട്ടിംഗ് തടസ്സപ്പെടുത്തൽ

- ശ്രീ. എം. മുകേഷ് ..439

(4) ഇടമലയാർ ഇറിഗേഷൻ പ്രോജക്ട്

- ശ്രീ. റോജി എം. ജോൺ ..442

(5) കാപ്പാട് കടൽത്തീര സംരക്ഷണം

- ശ്രീമതി കാനത്തിൽ ജമീല ..444

(6) വടക്കാഞ്ചേരിയിലെ കോൾ പാടങ്ങൾ

- ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ..445

(7) നാദാപുരത്തെ കിഫ്ബി റോഡുകളുടെ നിർമ്മാണം

- ശ്രീ. ഇ. കെ. വിജയൻ ..448

(8) കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ്

- ശ്രീ. യു. എ. ലത്തീഫ് ..450

പേജ്

(9) കുറ്റ്യാടി താലൂക്കാശുപത്രി വികസനം

- ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ ..452

(10) ജനിതകരോഗ ബോധവൽക്കരണവും സ്ക്രീനിംഗ് ക്യാമ്പുകളും

- ശ്രീ. ഷാഫി പറമ്പിൽ ..454

**VII നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

(i) 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ..458

(ii) 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ..458

(iii) 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ..458

(iv) 2021-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ ..458

(v) 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ ..458

**VIII റൂളിംഗ്** ..580

**അനുബന്ധം** ..583

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### മൂന്നാം സമ്മേളനം

*2021 നവംബർ 10. ബുധൻ*

വാല്യം 186] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 20

നിയമസഭ 2021 നവംബർ മാസം 10-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹ്യ അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ...ഓർഡർ... ചോദ്യം നം. (* 541)

**പൊതുമരാമത്ത് പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി**

1(*541) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ടെണ്ടർ നടപടികളിൽ ഉൾപ്പെടെ സമഗ്രമായ പരിഷ്കാരം നടപ്പാക്കുമോ; വിശദമാക്കാമോ?

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, നിരത്ത്, പാലങ്ങൾ എന്നീ വിഭാഗങ്ങളുടെ കീഴിൽ പ്രവൃത്തികൾ

സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി ടെണ്ടർ നടപടി സ്വീകരിച്ചുവരുന്നു. പ്രവൃത്തികളുടെ ടെണ്ടർ സംബന്ധിച്ച നടപടി Standard Bid document-ൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം e-tender, PRICE (Prioject Information and Cost Estimation) എന്നിവ മുഖേന നിശ്ചിത സമയക്രമപ്രകാരം നടപ്പിലാക്കുന്നു. നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ ഉടമ്പടിയിൽ ഏർപ്പെടാത്ത കരാറുകാർക്കെതിരെ Standard Bid Document നിബന്ധനകൾ പ്രകാരമുള്ള നടപടി സ്വീകരിച്ചുവരുന്നു. കാലതാമസം ഒഴിവാക്കുന്നതിന്റെ ഭാഗമായി എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുമതി, ടെണ്ടർ, മെഷർമെന്റ് ബുക്ക്, റിവൈസ്ഡ് എസ്റ്റിമേറ്റ്, ബിൽ തയ്യാറാക്കൽ തുടങ്ങി എല്ലാ നടപടികളും പ്രൈസ് സോഫ്റ്റ്‍വെയർ മുഖേനയാണ് നടപ്പിലാക്കുന്നത്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി പൂർത്തീകരണ കാലാവധി, ടെണ്ടർ നോട്ടീസ്, കരാർ എന്നിവയിൽ ഉൾപ്പെടുത്തുകയും മതിയായ കാരണങ്ങളില്ലാതെ പ്രവൃത്തികളിൽ കാലതാമസം വരുത്തുന്ന കരാറുകാരുടെ കാലാവധി പിഴയോടുകൂടി ദീർഘിപ്പിച്ചു നൽകുകയും തുടർന്നും കാലതാമസം വരുത്തുന്ന കരാറുകാരെ നഷ്ടോത്തര വാദിത്വത്തിൽ ഒഴിവാക്കി പ്രവൃത്തി റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു. എല്ലാ പ്രവൃത്തികളും ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുകയും പ്രധാന പ്രവൃത്തികൾ ഉന്നത ഉദ്യോഗസ്ഥർ സന്ദർശിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. സ്ഥലമേറ്റെടുപ്പ്, കയ്യേറ്റം ഒഴിപ്പിക്കൽ എന്നിവ സംബന്ധിച്ച കോടതി വ്യവഹാരങ്ങൾ, കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി.എൽ. തുടങ്ങിയവയുടെ പൈപ്പുകൾ, കേബിളുകൾ, പോസ്റ്റുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിലെ കാലതാമസം, കാലവർഷം, പ്രകൃതി ദുരന്തങ്ങൾ, കോവിഡ് മഹാമാരിമൂലമുണ്ടായ ലോക്ഡൗൺ തുടങ്ങിയ കാരണങ്ങളാൽ പ്രവൃത്തികളിൽ കാലതാമസം നേരിടുന്നുണ്ട്. വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിനും പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനുമായി നിലപാടുകൾ കൈക്കൊണ്ട് മുന്നോട്ടുപോകുന്നു. ഡിസ്ട്രിക്റ്റ് ഇൻഫ്രാസ്ട്രക്ച്ചർ കോ-ഓർഡിനേഷൻ കമ്മിറ്റികൾ 13-9-2021-ലെ സ.ഉ.(സാധാ) നം. 829/2021/പൊ.മ.വ പ്രകാരം രൂപീകരിച്ചിട്ടുണ്ട്. അതിനെ സംബന്ധിച്ച് വിശദമായി പറയുന്നില്ല. ജില്ലാ കളക്ടർ ചെയർമാനും എക്സിക്യൂട്ടീവ് എഞ്ചിനീയർ (റോഡ്സ്) കൺവീനറുമായ കമ്മിറ്റിയുടെ മീറ്റിംഗ് മാസത്തിലൊരിക്കൽ നടക്കുന്നുണ്ട്. വർഷത്തിൽ മൂന്നുപ്രാവശ്യം മന്ത്രിയും എം.എൽ.എ-മാരും മീറ്റിംഗിൽ പങ്കെടുക്കുന്ന രീതിയിലാണ് കമ്മിറ്റി

രൂപീകരിച്ചിരിക്കുന്നത്. ഈ കമ്മിറ്റി നിശ്ചിത ഇടവേളകളിൽ യോഗം ചേർന്ന് പ്രവൃത്തികളുടെ നടത്തിപ്പ് സംബന്ധിച്ച് മറ്റു വകുപ്പുകളുമായി ചർച്ചനടത്തി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു. പ്രവൃത്തികളുടെ സമയബന്ധിതമായ നിർവ്വഹണത്തിനായി ഓരോ സാമ്പത്തിക വർഷത്തിലും വിവിധ പദ്ധതികളിലുൾപ്പെടുത്തിയ പ്രവൃത്തികളുടെ ഭരണാനുമതി നൽകുന്നതിനും സാങ്കേതികാനുമതി, ടെണ്ടർ നടപടി എന്നിവ പൂർത്തീകരിക്കുന്നതിനും നിശ്ചിത സമയക്രമം നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ദേശീയപാതാ വിഭാഗത്തിൽ നടപ്പാക്കുന്ന പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി അവലോകനയോഗം നടത്തി പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും മേലുദ്യോഗസ്ഥൻ സൈറ്റ് സന്ദർശിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ട നിർദ്ദേശം നൽകുകയും ചെയ്യുന്നു. ദേശീയപാതാ വിഭാഗത്തിൽ സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികളുടെ ടെണ്ടർ നടപടി ഉടൻതന്നെ ആരംഭിക്കുകയും കാലതാമസമില്ലാതെ വർക്ക് നൽകി കരാർ വയ്ക്കുകയും ചെയ്യുന്നുണ്ട്. കെട്ടിട വിഭാഗത്തിൽ നിർമ്മാണപ്രവൃത്തികൾക്ക് അനുമതി ലഭിച്ചാലുടൻ ആവശ്യമായ ആർക്കിടെക്ചറൽ ഡ്രോയിംഗ്, സ്ട്രക്ചറൽ ഡിസൈൻ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രൈസ് മുഖാന്തരം ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി പ്രവൃത്തി മത്സരാടിസ്ഥാനത്തിൽ ടെണ്ടർ ചെയ്ത് കരാറുകാരനെ ഏല്പിക്കുന്നു. ഉദ്യോഗസ്ഥതലത്തിലും സർക്കാർതലത്തിലും കൃത്യമായ അവലോകനം നടത്തി പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയും തടസ്സങ്ങൾ നേരിടുന്ന പ്രവൃത്തികളുണ്ടെങ്കിൽ client department-മായി ആലോചിച്ച് അടിയന്തര നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്. എഗ്രിമെന്റ് പ്രകാരമുള്ള കാലപരിധിയിൽ സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കർശനനിർദ്ദേശം കരാറുകാരന് നൽകാറുണ്ട്. വ്യക്തമായ കാരണങ്ങളില്ലാതെ പ്രവൃത്തി അനന്തമായി നീട്ടിക്കൊണ്ടുപോകുന്ന കരാറുകാർക്കെതിരെ Standard Bid Document/Revised PWD Manual 2012 പ്രകാരം കർശന നടപടി സ്വീകരിക്കാറുണ്ട്. എന്നിരുന്നാലും ഡിസൈനിലുണ്ടാകുന്ന മാറ്റങ്ങൾ, പ്രവൃത്തി ചെയ്യാനുദ്ദേശിക്കുന്ന സ്ഥലത്തെ മണ്ണിന്റെ ഘടനയിൽ വരുന്ന മാറ്റങ്ങൾ, പ്രവൃത്തി ആരംഭിച്ചശേഷം Client Department-ൽനിന്നും നിർദ്ദേശിക്കുന്ന മാറ്റങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ബന്ധപ്പെട്ട അധികാരികൾക്ക് ദീർഘിപ്പിക്കേണ്ടതായി വരാറുണ്ട്. എന്നാൽ, കരാറുകാരന്റെ പിഴവുകൊണ്ടാണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലപരിധി ദീർഘിപ്പിച്ചുനൽകേണ്ടി വരുന്നതെങ്കിൽ

SBD/Revised PWD Manual 2012 നിഷ്കർഷിക്കുംവിധം ബന്ധപ്പെട്ട കരാറുകാരനിൽനിന്നും ഫൈൻ ഈടാക്കാറുണ്ട്. ഏതെങ്കിലും പ്രവൃത്തി വ്യക്തമായ കാരണങ്ങളില്ലാതെ നിർത്തിവച്ചാൽ Revised PWD Manual, 2012 പ്രകാരം കരാറുകാരനെ റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുവാനും പ്രവൃത്തി ഈ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുന:ക്രമീകരിക്കാനും വ്യവസ്ഥ ചെയ്യുന്നു. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾക്ക് ടെണ്ടർ നടപടികൾ ലഘൂകരിക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി 5 ലക്ഷം രൂപയ്ക്കുമുകളിലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടറിംഗ് സിസ്റ്റമാണ് നടപ്പിലാക്കിയിട്ടുള്ളത്. തുടർനടപടികൾക്കുള്ള കാലതാമസം ഒഴിവാക്കാനായി പ്രൈസ് സോഫ്റ്റ്‌വെയറാണുപയോഗിക്കുന്നത്. കെട്ടിടനിർമ്മാണത്തിൽ വരുന്ന സിവിൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഫയർ ഫൈറ്റിംഗ് മുതലായ വിംഗുകളുടെ ഏകോപനത്തിലുണ്ടാകുന്ന പോരായ്മമൂലമുള്ള കാലതാമസം ഒഴിവാക്കാനായി ഈ വിഭാഗങ്ങളുടെ എല്ലാ എസ്റ്റിമേറ്റുകളും ക്രോഡീകരിച്ച് സാങ്കേതികാനുമതി നൽകി ഒരുമിച്ച് ടെണ്ടർ ചെയ്ത് ഒരു കരാറുകാരനെക്കൊണ്ട് പ്രവൃത്തി ചെയ്യിപ്പിക്കാനുള്ള Composite Tender 5-2-2021-ലെ G.O.(Ms)No.9/2021/PWD പ്രകാരം നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, പൊതുമരാമത്ത് വകുപ്പിൽ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികൾക്ക് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞാൽ അതിന്റെ പുരോഗതി കൃത്യമായി എം.എൽ.എ-മാരെയും ജനങ്ങളെയും അറിയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ; ഇതിന് ആധുനിക ടെക്നോളജി പ്രയോജനപ്പെടുത്താനുള്ള നടപടി വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇത് പ്രധാനപ്പെട്ടൊരു വിഷയമാണ്. സുതാര്യതയും വേഗതയും ഉറപ്പുവരുത്തുന്ന നിലപാടിലൂടെ മുന്നോട്ടുപോകാനാണ് വകുപ്പുദ്ദേശിക്കുന്നത്. ഇക്കാര്യം ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ മാനിഫെസ്റ്റോയിലും ചൂണ്ടിക്കാണിച്ചിരുന്നതാണ്. ഓരോ ഘട്ടത്തിലും പരിവർത്തനം ആവശ്യമാണെന്ന നിലപാടിന്റെ ഭാഗമായി പ്രവൃത്തികൾ ദ്രുതഗതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള ഇടപെടലുകളാണ് നടത്തി വരുന്നത്. ഇപ്പോൾ പി.ഡബ്ല്യൂ.ഡി. മിഷൻ ടീം രൂപീകരിച്ച് രണ്ടാഴ്ചയിലൊരിക്കൽ ബന്ധപ്പെട്ട പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയറും മറ്റുദ്യോഗസ്ഥരും മന്ത്രിയും ഉൾപ്പെടെ പങ്കെടുത്തുകൊണ്ട് പ്രധാനപ്പെട്ട വിഷയങ്ങൾ ചർച്ചചെയ്യുന്നുണ്ട്. അതുപോലെ മറ്റു വകുപ്പുകളുടെ ഏകോപനംകൂടി ഉദ്ദേശിച്ചുകൊണ്ടുള്ള ഇടപെടലുകൾ

നടത്തുന്നുമുണ്ട്. എല്ലാ ജില്ലകളിലും ഇപ്പോൾ ഡി.ഐ.സി.സി. (District Infrastructure Co-Ordination Committee) സംവിധാനം നിലവിൽവരികയും എല്ലാ മാസവും മീറ്റിംഗ് നടത്തിവരികയും ചെയ്യുന്നുണ്ട്. മറ്റു വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ചർച്ച ചെയ്യുന്നുണ്ട്. കൂടാതെ മറ്റുവകുപ്പുകളുടെ നിസ്സീമമായ സഹകരണവും ഇക്കാര്യത്തിലുണ്ട്. ഓരോ പ്രവൃത്തിയുടെയും കൃത്യമായ വിവരം എം.എൽ.എ-മാർക്കും ജനങ്ങൾക്കും അറിയാവുന്ന വിധത്തിൽ 'പ്രോജക്ട് മാനേജ്മെന്റ് സിസ്റ്റം' എന്ന പുതിയ സംവിധാനം 2022-ൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുവെന്ന കാര്യം സഭയെ അറിയിക്കുകയാണ്. പൊതുമരാമത്ത് വകുപ്പിൽ ഒരു പദ്ധതി ആരംഭിച്ചാൽ അത് പൂർത്തിയാകുന്നതുവരെ, പദ്ധതിയുടെ വിവിധ ഘട്ടത്തിലുള്ള പുരോഗതി എം.എൽ.എ-മാർക്കും പൊതുജനങ്ങൾക്കും അറിയാനും വിലയിരുത്താനുമുള്ള സൗകര്യമുണ്ടാകേണ്ടതുണ്ട്. എപ്പോൾ പ്രവൃത്തി ആരംഭിക്കും; എപ്പോൾ പൂർത്തിയാകും, പ്രവൃത്തി എത്രശതമാനം പുരോഗമിച്ചു എന്നിങ്ങനെയുള്ള വിവരങ്ങൾ ഓൺലൈനിൽ ഡാഷ് ബോർഡിൽ ലഭ്യമാകുന്ന സംവിധാനം ഏറെക്കുറെ പൂർത്തീകരിച്ചിട്ടുണ്ട്. അത് ഉടൻതന്നെ നടപ്പിലാക്കാൻ കഴിയും. ഓരോ ഘട്ടത്തിലും കൃത്യമായ ടൈം ലൈനുണ്ടാകും. കരാറുകാർക്കും അവരുടേതായ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യാനും ഈ സംവിധാനത്തിലൂടെ സാധിക്കും. വകുപ്പ് മേധാവി, ജില്ലാ കളക്ടർ, സ്റ്റേറ്റ് നോഡൽ ഓഫീസർ, ഉദ്യോഗസ്ഥർ എന്നിവർക്കും ഓരോ പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാൻ കഴിയും. അത് എം.എൽ.എ-മാർക്ക് സൗകര്യപ്രദമാകുന്നതോടൊപ്പം ജനങ്ങൾക്ക് എല്ലാ പദ്ധതികളെക്കുറിച്ചും മനസ്സിലാക്കാൻ കഴിയുന്ന സ്ഥിതിയുണ്ടാകും. പരാതികളുണ്ടെങ്കിൽ ആയത് പരിഹരിച്ച് മുന്നോട്ടുപോകാനും സാധിക്കും. ടെക്നോളജിയിലെ മാറ്റങ്ങൾ പൊതുവേ ജനങ്ങൾ അംഗീകരിക്കുന്നതായാണ് കാണുന്നത്. നിലവിലെ 'PWD 4 u APP'-ൽ ഇന്നുവരെ രജിസ്റ്റർ ചെയ്ത പതിനയ്യായിരത്തോളം പരാതികളിൽ കുറെയേറെ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസുകളുടെ ഓൺലൈൻ ബുക്കിംഗ് ആരംഭിച്ച് ഒൻപത് ദിവസത്തിനിടയിൽ 991 പേർ ഓൺലൈൻ ബുക്കിംഗിലൂടെ മുറിയെടുത്ത വിവരം സഭയെ അറിയിക്കുകയാണ്. അതുമാത്രമല്ല 5,76,926 രൂപയാണ് ഒൻപത് ദിവസംകൊണ്ട് ഓൺലൈൻ ബുക്കിംഗിലൂടെ റെന്റായി ലഭിച്ചിട്ടുള്ളത്. 4,93,506 രൂപ ഓൺലൈനായും 83,420 രൂപ കൗണ്ടറിലൂടെയുമാണ് ലഭിച്ചിട്ടുള്ളത്. വലിയൊരു മാറ്റമായാണ് ഇതിനെ കാണുന്നത്. എല്ലാവരുടെയും സഹകരണത്തോടെ ഇനിയും നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്നതാണ്. പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളിൽ ജനങ്ങൾ

കാഴ്ചക്കാരല്ല കാവൽക്കാരായിരിക്കുമെന്ന നിലപാടുമായി വകുപ്പ് മുന്നോട്ടു പോകുകയാണ്. പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും വിവിധ വകുപ്പുകളുടെയും പിന്തുണയോടുകൂടി കൂട്ടായ പ്രവർത്തനമുണ്ടെങ്കിൽ സമഗ്രമാറ്റം കൊണ്ടുവരാൻ സാധിക്കുമെന്ന കാര്യം സഭയെ അറിയിക്കുകയാണ്.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, കണ്ണൂർ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ; ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ മാതൃകാപരമായി കഴിഞ്ഞ സർക്കാർ പ്രഖ്യാപിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രത്യേക നിർദ്ദേശം സ്വീകരിച്ചുമാണ് ആരംഭിച്ചിട്ടുള്ളത്. ടെണ്ടർ നടപടി ഉൾപ്പെടെയുള്ള പ്രവൃത്തികൾ എന്നാരംഭിക്കും? അതിന്റെ പൂർത്തീകരണത്തിനുവേണ്ട ശ്രമം ഏതുഘട്ടം വരെയായി; ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ചൊവ്വ ജംഗ്ഷനിലെ അണ്ടർപാസ്സ് സന്ദർശിക്കുകയുണ്ടായി. അത് എയർപോർട്ടിലേയ്ക്ക് പോകുന്ന വഴിയായതുകൊണ്ട് മാത്രമല്ല, കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയ ചൊവ്വ-കൂട്ടുപുഴ റോഡ് ആരംഭിക്കുന്ന പ്രദേശംകൂടിയാണ്. ഈ പ്രാധാന്യമെല്ലാം കണക്കിലെടുത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, കണ്ണൂർ പട്ടണത്തിലെ ട്രാഫിക് ബ്ലോക്ക് ഒരു പ്രധാന വിഷയമാണ്. കേരളത്തിലെ 14 ജില്ലാ കേന്ദ്രങ്ങളുമെടുത്താൽ ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നത് കണ്ണൂർ പട്ടണത്തിലാണ്. കേരളത്തിന്റെ വടക്കുനിന്ന് തെക്കോട്ടും തെക്ക് നിന്ന് വടക്കോട്ടും പോകുന്നത് കണ്ണൂർ ടൗൺ വഴിയാണ്. കാസർഗോഡുനിന്ന് വരുന്നവർക്ക് കോഴിക്കോട് ഭാഗത്തേയ്ക്കും കോഴിക്കോട് നിന്ന് വരുന്നവർക്ക് കാസർഗോഡ് ഭാഗത്തേയ്ക്കും പോകുന്നതിന് ഏറെ സമയമെടുക്കുന്നുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് കോഴിക്കോട് നഗരത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരമുണ്ടാക്കിയിരുന്നു. ആലപ്പുഴയിലും കൊല്ലത്തും ഉൾപ്പെടെയുണ്ടായിട്ടുള്ള മാറ്റം നമുക്ക് അനുഭവവേദ്യമാണ്. കണ്ണൂർ പട്ടണത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണണമെന്നാണ് വകുപ്പുദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നയുടൻ കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ തുടർച്ച എന്ന നിലയിൽ ജൂൺ 23-ന് വിളിച്ചുചേർത്ത ജില്ലയിലെ എം.എൽ.എ-മാരുടെ യോഗത്തിൽ വകുപ്പുമന്ത്രിയായ ഞാൻ പങ്കെടുക്കുകയും വിശദമായ ചർച്ച നടത്തുകയും ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പങ്കെടുത്ത സെപ്റ്റംബർ 15-ലെ യോഗത്തിൽ ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി. ശ്രീ. കെ. വി. സുമേഷ് എന്നിവർ

സന്നിഹിതരായിരുന്നു. അന്നത്തെ യോഗതീരുമാനപ്രകാരമുള്ള തുടർനടപടികൾ സംബന്ധിച്ച് അവലോകനം നടത്തുകയുണ്ടായി. DICC സെപ്റ്റംബർ 25-ന് പ്രത്യേകം പരിശോധന നടത്തുകയുമുണ്ടായി. എല്ലാ ദിവസവും ഒരു പ്രധാന പ്രവൃത്തി പരിശോധിക്കുന്ന ആക്സിലറേറ്റഡ് റോഡ് ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി ഒക്ടോബർ 22-ന് ഈ പ്രശ്നത്തിന് പരിഹാരം കാണാനുള്ള ശ്രമം നടത്തിയിട്ടുണ്ട്. എത്രയുംവേഗത്തിൽ ഇത് ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിനായി ട്രാൻസാക്ഷൻ അഡ്വൈസറെ നിയമിച്ച് തുടർനടപടി പുരോഗമിച്ചുവരികയാണ്. യൂട്ടിലിറ്റി ഷിഫ്റ്റിംഗ് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ സംയുക്തപരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ ഉൾപ്പെടുന്ന മറ്റ് നാല് റോഡുകളിൽ സ്ഥലമേറ്റെടുക്കലിന്റെ ഭാഗമായുള്ള 19(1) വിജ്ഞാപനപ്രകാരമുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരികയാണ്. മൂന്നാം ഘട്ടത്തിലെ നാല് റോഡുകളുടെ സാമൂഹികാഘാത പഠനത്തിന് ഏജൻസിയെ നിയമിക്കുന്ന നടപടിയും പുരോഗമിക്കുകയാണ്. രണ്ട് എം.എൽ.എ-മാരും പ്രവൃത്തി നടപ്പിലാക്കുന്നതിന് മുൻകയ്യെടുത്തുവരുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിലും പ്രശ്നപരിഹാരത്തിന് മികച്ച ഇടപെടലാണ് നടത്തിയത്. കണ്ണൂർ പട്ടണത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുകയെന്നത് പ്രധാന വിഷയമായാണ് പൊതുമരാമത്ത് വകുപ്പ് കാണുന്നത്.

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, കുട്ടനാട്ടിലെ ജനങ്ങൾ ഏറെ പ്രതീക്ഷയോടുകൂടിയാണ് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയെ നോക്കിക്കാണുന്നത്. എ.സി. റോഡിന്റെ നവീകരണവും 21 റോഡുകളുടെ പുനരുദ്ധാരണവും നല്ലരീതിയിൽ മുന്നോട്ടുപോകുകയാണ്. ടൂറിസം മേഖലയിൽ അങ്ങ് സ്വീകരിച്ചിട്ടുള്ള നടപടികളും ശ്ലാഘനീയമാണ്. അങ്ങേയ്ക്ക് എല്ലാവിധ അനുഗ്രഹവും ഉണ്ടാകട്ടെയെന്നും അതിനുള്ള ശക്തി ദൈവം തരട്ടെയെന്നും ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. നിലവിൽ പൊതുമരാമത്ത് ടെണ്ടർ ജോലികൾക്ക് കാലതാമസം നേരിടുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്, അത് മാറ്റിയെടുക്കുന്നതിനുള്ള ചുവടുവയ്പുണ്ടായിട്ടുണ്ടെന്നാണ്. മൂന്നുംനാലും മാസക്കാലം നീണ്ടുപോകുന്ന നടപടിക്രമങ്ങളിലെ സങ്കീർണ്ണതകൾ ലഘൂകരിക്കാൻ അങ്ങയുടെ ഇടപെടലുണ്ടാകുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികളിലുണ്ടാകുന്ന സങ്കീർണ്ണതകൾ സംബന്ധിച്ച പ്രധാന പ്രശ്നമാണ് ശ്രീ. തോമസ് കെ. തോമസ് ഉന്നയിച്ചിട്ടുള്ളത്. എല്ലാ എം.എൽ.എ-

മാരും പൊതുവെ ഉന്നയിക്കുന്ന ഈ വിഷയത്തിന് പരിഹാരം കാണേണ്ടത് അനിവാര്യമാണ്. ഇതുമായി ബന്ധപ്പെട്ട വർക്കിംഗ് കലണ്ടറിന് രൂപം കൊടുക്കുന്നതിനെക്കുറിച്ച് സഭയിൽ നേരത്തെ സൂചിപ്പിച്ചിരുന്നു. പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളായ ഇൻവെസ്റ്റിഗേഷൻ, ഭരണാനുമതി, സാമ്പത്തികാനുമതി, സാങ്കേതികാനുമതി, ടെണ്ടർ നടപടിക്രമം തുടങ്ങിയവ പൂർത്തിയാക്കാനെടുക്കുന്ന സമയം ഇതിലുണ്ടാകും. ഈ നടപടിക്രമങ്ങൾ പൂർത്തിയാകുമ്പോഴായിരിക്കും സംസ്ഥാനത്ത് മഴ ആരംഭിക്കുക. ജൂൺ മാസം മുതൽ ഏത് രീതിയിലുള്ള പ്രവർത്തനം നടത്തണമെന്നും എ.എസ്., എഫ്.എസ്., ടി.എസ്., ടെണ്ടർ എന്നിവ ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നടത്താനുള്ള ക്രമീകരണങ്ങൾ ഉണ്ടാകണമെന്ന കാര്യത്തിലും കൃത്യമായ രൂപരേഖ തയ്യാറാക്കേണ്ടതുണ്ട്. ബഡ്ജറ്റിൽ ഫണ്ട് അനുവദിച്ച് ടെണ്ടർ ആകുമ്പോഴേയ്ക്ക് ജൂൺ മാസമാകുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ഇതൊഴിവാക്കുന്നതിന് ധനകാര്യ വകുപ്പുമായി ചർച്ച നടത്തി വർക്കിംഗ് കലണ്ടറിന് രൂപം നൽകണം. ഇതുമായി ബന്ധപ്പെട്ട് ബഹുമാന്യരായ മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, കക്ഷിനേതാക്കൾ എന്നിവരുമായി ഒരു തവണ ചർച്ച നടത്തിയിട്ടുണ്ട്. എല്ലാവരും പോസിറ്റീവായി എടുത്തുവെന്നുമാത്രമല്ല, അവർ മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങൾകൂടി പരിഗണിച്ച് പ്രവൃത്തികളുടെ ഓരോ ഘട്ടത്തിനും ആവശ്യമായ കാലയളവ് നിശ്ചയിച്ചുകൊണ്ടാണ് വർക്കിംഗ് കലണ്ടർ തയ്യാറാക്കേണ്ടത്. ഡിസൈൻ, ഇൻവെസ്റ്റിഗേഷൻ എന്നിവ തയ്യാറാക്കൽ, സാങ്കേതികാനുമതിയുടെയും ടെണ്ടറിന്റെയും സമയക്രമം തുടങ്ങിയവ കൃത്യമായി നിശ്ചയിച്ചു നൽകുകയും ചെയ്യും. സമയക്രമത്തിനനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കണമെന്ന നിബന്ധനയാണ് കൊണ്ടുവരേണ്ടത്. അത് കൊണ്ടുവരിക മാത്രമല്ല, കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ഓരോരുത്തരുടെയും ഉത്തരവാദിത്വം നിശ്ചയിച്ചുനൽകി ജോലി സമയബന്ധിതമായി തീർക്കുകയെന്നതു കൂടിയാണ് വർക്കിംഗ് കലണ്ടർ കൊണ്ടുദ്ദേശിക്കുന്നത്. എം.എൽ.എ-മാർക്കുൾപ്പെടെ ഓരോ പ്രവൃത്തിയും നിരീക്ഷിക്കുവാനുള്ള സംവിധാനം വന്നുകഴിഞ്ഞാൽ സമഗ്രമാറ്റമുണ്ടാകും. കേരളത്തിന്റെ പ്രത്യേക കാലാവസ്ഥകൂടി കണക്കിലെടുത്ത് ഭാവിയിൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ നടത്തുന്നതിന് സമയക്രമീകരണമുണ്ടാക്കാൻ സാധിക്കുമെന്നാണ് വകുപ്പ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി കാര്യക്ഷമതയോടുകൂടി ഇടപെട്ടുകൊണ്ട് പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള ഇടപെടൽ കൃത്യമായും സമയബന്ധിതമായും നടത്തുന്നുണ്ട്; പക്ഷേ അതിന്റെ ഗുണഫലം അതത് പ്രദേശത്ത് ലഭിക്കുന്നില്ല. കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട്

പ്രോജക്ടിന്റെ തലശ്ശേരി, വളവുപാറ, കൂർഗ് റോഡ് തുടങ്ങിയവയുടെ നിർമ്മാണം ഒച്ചിന്റെ വേഗതയിലാണ് മുന്നോട്ടുപോകുന്നത്. ഓവുചാലുകൾ, ബസ് ഷെൽറ്റർ, ട്രാഫിക് ഐലൻഡ് അടക്കമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. ഈ നിർമ്മാണപ്രവൃത്തികളും പാലങ്ങളുടെ നിർമ്മാണത്തിനുള്ള ലാൻഡ് അക്വിസിഷൻ നടപടികളും സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുകയെന്നത് സുപ്രധാന ആവശ്യമാണ്. പല പ്രവൃത്തികളും പൂർത്തീകരിക്കാൻ കാലതാമസമുണ്ടാകുന്നുവെന്നത് വസ്തുതയാണ്. കൂത്തുപറമ്പ്, പേരാവൂർ, മട്ടന്നൂർ എന്നീ പ്രദേശങ്ങളെ കണക്ട് ചെയ്യുന്ന റോഡാണിത്. പ്രസ്തുത പ്രദേശം ഞാൻ സന്ദർശിക്കുകയും തലശ്ശേരി എം.എൽ.എ.യും മറ്റ് എം.എൽ.എ-മാരും ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിരുന്നു. പദ്ധതി പൂർത്തീകരണ ത്തിലുണ്ടായ തടസ്സം പരിശോധിച്ച് ആവശ്യമായ ഇടപെടൽ നടത്തിവരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തിയാണെങ്കിലും ലാൻഡ് അക്വിസിഷൻ, യൂട്ടിലിറ്റി ഷിഫ്റ്റിംഗിന്റെ ഭാഗമായി ഇലക്ട്രിക് പോസ്റ്റ്, വാട്ടർ പൈപ്പ് മാറ്റൽ തുടങ്ങിയ പ്രശ്നങ്ങൾ മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ടതാണ്. കുടിവെള്ള പദ്ധതിയും വൈദ്യുതികണക്ഷനും ജനങ്ങൾക്കുവേണ്ടിയുള്ളതാണ്. അതുകൊണ്ട് ചില സന്ദർഭങ്ങളിൽ ടാർ ചെയ്ത റോഡ് കുത്തിപ്പൊളിക്കേണ്ടിവരുന്നു. കോ-ഓർഡിനേഷന്റെ ഭാഗമായി ബഹുമാന്യരായ മറ്റ് വകുപ്പുമന്ത്രിമാരുമായി ചർച്ച നടത്തുന്നുണ്ട്. പോസിറ്റീവ് അപ്രോച്ചാണ് അവരുടെ ഭാഗത്തുനിന്നുണ്ടാകുന്നത്. ഇതിനൊരു പരിഹാരം കാണാനാണ് ഓരോ ജില്ലയിലും എക്സിക്യൂട്ടീവ് എഞ്ചിനീയർ (റോഡ്സ്) കൺവീനറും ജില്ലാ കളക്ടർ ചെയർമാനുമായ ഡി.ഐ.സി.സി. എല്ലാ മാസവും മീറ്റിംഗ് നടത്തി എല്ലാ വകുപ്പുകളിലുമുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി കാര്യങ്ങൾ ചർച്ച ചെയ്യുന്നത്. ഗുണപരമായ മാറ്റം ഇപ്പോൾ കണ്ടുവരുന്നുണ്ട്. അതുപോലെ പി.ഡബ്ല്യൂ.ഡി. മിഷൻ ടീമിന്റെ മീറ്റിംഗും നടത്തുന്നുണ്ട്. രണ്ട് സ്റ്റേറ്റ് നോഡൽ ഓഫീസർമാരെ നിയോഗിച്ച് അവർക്ക് ഏഴ് ജില്ലകളുടെവീതം ചുമതല വീതിച്ചുനൽകിയിട്ടുണ്ട്. ശ്രീ. സാംബശിവ റാവു, ശ്രീ. എസ്. സുഹാസ് ഐ.ഐ.എസ്. എന്നിവരെയാണ് നോഡൽ ഓഫീസർമാരായി നിയോഗിച്ചിട്ടുള്ളത്. പി.ഡബ്ല്യൂ.ഡി. സെക്രട്ടറിയും പരിശോധിക്കുന്നുണ്ട്. രണ്ടാഴ്ചയിലൊരിക്കൽ യോഗം ചേർന്ന് തടസ്സങ്ങൾ എന്താണെന്ന് പരിശോധിച്ച് ഇടപെടലുകൾ നടത്തി മുന്നോട്ടുപോകുകയാണ്. ഇനിയും ഏറെ മാറ്റങ്ങൾ വരേണ്ടതുണ്ട്. ഓരോ ജില്ലയിലെയും വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹരിച്ച് പോകണമെന്നുതന്നെയാണ് വകുപ്പുദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട കാലതാമസം പരിഹരിക്കപ്പെടേണ്ടതാണ്.

മി. സ്പീക്കർ: സഭയിലെ ബഹുമാനപ്പെട്ട മുതിർന്ന അംഗങ്ങൾ ഉൾപ്പെടെ നാലിലൊന്ന് അംഗങ്ങൾ ഉപചോദ്യം ആവശ്യപ്പെട്ടിട്ടുണ്ട്. ഒരു ചോദ്യത്തിന് ഇപ്പോൾത്തന്നെ ഇരുപത് മിനിട്ട് സമയം എടുത്തുകഴിഞ്ഞു. അതുകൊണ്ട് സമയപരിമിതി ബഹുമാനപ്പെട്ട അംഗങ്ങൾ ഉൾക്കൊള്ളണം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പൊതുമരാമത്ത് പ്രവൃത്തികളിൽവരുന്ന കാലതാമസംമൂലം സംസ്ഥാനത്തെ ഖജനാവിൽനിന്നും വർഷങ്ങളായി കോടികളുടെ ചോർച്ചയുണ്ടാകുകയാണ്. ഇത് വർഷങ്ങളായിട്ടുള്ള പ്രതിഭാസമാണ്. അതെങ്ങനെ പരിഹരിക്കാൻ കഴിയുമെന്നതിനെക്കുറിച്ചാണ് ഗൗരവമായി ആലോചിക്കേണ്ടത്. ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം സ്ഥലമെടുപ്പിനുണ്ടാകുന്ന കാലതാമസം തന്നെയാണ്. പദ്ധതി ടെണ്ടർ ചെയ്തു കഴിഞ്ഞതിനുശേഷമാണ് സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടി ആരംഭിക്കുന്നത്. സ്ഥലമേറ്റെടുപ്പ് മൂന്നുംനാലും വർഷം നീണ്ടുപോകുമ്പോൾ പദ്ധതിയുടെ റേറ്റിലും എസ്റ്റിമേറ്റിലും ഇരട്ടിയിലധികം വ്യത്യാസം വരികയാണ്. മാത്രമല്ല, മഴക്കാലമായ ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള സമയത്താണ് ഇതിന്റെ പേപ്പർ വർക്കുകൾ തീർക്കേണ്ടതും ഇലക്ട്രിക് പോസ്റ്റുകളും കുടിവെള്ള പൈപ്പുകളും മാറ്റേണ്ടതുൾപ്പെടെ റോഡിന്റെ പ്രവൃത്തിക്കാവശ്യമായ എല്ലാ കാര്യവും ചെയ്യേണ്ടത്. കേരളത്തിലെ കാലാവസ്ഥാവ്യതിയാനം അനുസരിച്ച് റോഡിന്റെ വർക്ക് ചെയ്യാൻ സാധിക്കുന്ന സമയം ഡിസംബർ 1 മുതൽ മാർച്ച് 31 വരെയാണ്. സ്ഥലമെടുപ്പിന്റെ കാര്യത്തിൽ ഇതിന് കൃത്യമായൊരു പ്രോട്ടോകോളും പ്രൊസീഡ്യുവറും വേണം. നിശ്ചിതസമയം കൊണ്ട് പൂർത്തിയാക്കണമെന്നുള്ള നിർബന്ധിതമായൊരു പ്രോട്ടോകോൾ നടപ്പാക്കണം. ഈ വർഷം ഫണ്ട് അലോട്ട് ചെയ്താൽ മാർച്ച് 31-നുമുമ്പ് റോഡുകളുടെ പ്രവൃത്തി കഴിയുന്നത്ര തീർക്കുന്നതിനുവേണ്ടിയിട്ടുള്ളൊരു പ്രോട്ടോകോൾ തീരുമാനിക്കാൻ പി.ഡബ്ല്യു.ഡി. മുൻകയ്യെടുക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചിട്ടുള്ളത് പ്രധാന വിഷയമാണ്. വർക്കിംഗ് കലണ്ടർ കൊണ്ട് ഉദ്ദേശിച്ചത് അതാണ്. ബഹുമാന്യരായ മുഖ്യമന്ത്രി, മന്ത്രിമാർ, സഭയിലെ മുതിർന്ന അംഗങ്ങൾ, മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രിമാർ, പ്രതിപക്ഷനേതാവ്, കക്ഷിനേതാക്കൾ ഇവരോടെല്ലാം ഞാൻ ഇക്കാര്യം ചർച്ച ചെയ്തിരുന്നു. ഇവരുടെയെല്ലാം അഭിപ്രായംകൂടി കണക്കിലെടുത്താണ് വർക്കിംഗ് കലണ്ടറെന്നുള്ള സംവിധാനത്തിന് രൂപംനൽകാൻ ശ്രമിക്കുന്നത്. പ്രസക്തമായതും നമ്മളിടപെട്ട് പരിഹരിക്കേണ്ടതുമായ പ്രശ്നമാണ് അദ്ദേഹം ശ്രദ്ധയിൽപ്പെടുത്തിയത്. വർക്കിംഗ് കലണ്ടർ സംവിധാനത്തിലൂടെ മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾകൂടി അതാത് മന്ത്രിമാരുമായി ചർച്ച ചെയ്ത് മുന്നോട്ടുപോയാൽ ഭാവിയിൽ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കും. ഗൗരവമായ ഈ വിഷയത്തെ അതേ അർത്ഥത്തിൽത്തന്നെയാണ് വകുപ്പ് കാണുന്നത്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് മലയോര ഹൈവേയുടെ നിർമ്മാണപ്രവൃത്തി കർണ്ണാടക അതിർത്തിയായ നന്ദാരപ്പടവിൽനിന്ന് അതിവേഗത്തിലാണ് ആരംഭിച്ചത്. ഉദുമ നിയോജകമണ്ഡലത്തിൽ നാല് കിലോമീറ്റർ വനത്തിനുള്ളിലൂടെയാണ് പാത നിർമ്മിക്കേണ്ടത്. വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുകൊണ്ട് റോഡ് നിർമ്മാണം നിലച്ചിരിക്കുകയാണ്. അവിടെ രണ്ട് പാലങ്ങളുമുണ്ട്. റോഡിന്റെ പ്രവൃത്തി നിലച്ചുവെന്ന് മാത്രമല്ല ഗതാഗതയോഗ്യവുമല്ലാത്ത സ്ഥിതിയാണ്. വനം വകുപ്പിന് പകരം ഭൂമി നൽകണമെന്നാണ് പറയുന്നത്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഭൂമി വിട്ടുനൽകി മലയോര ഹൈവേയുടെ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി ഇടപെടുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട എം.എൽ.എ ഉന്നയിച്ച വിഷയം നേരത്തെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ജില്ലകൾ വേർതിരിച്ച് സെക്ടറാക്കിയാണ് മലയോര ഹൈവേ നിർമ്മാണം ഇപ്പോൾ നടന്നുവരുന്നത്. ഇന്നലെ കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നീ നാല് ജില്ലകളിലെ മലയോര ഹൈവേ, കോസ്റ്റൽ ഹൈവേ എന്നിവയുമായി ബന്ധപ്പെട്ട മീറ്റിംഗ് നടത്തിയിരുന്നു. കാസർഗോഡ്, കണ്ണൂർ ജില്ലകളുടെ മീറ്റിംഗ് നേരത്തെ നടത്തിയിരുന്നു. മലയോര ഹൈവേയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുമായി ഒരു തവണ സംസാരിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് വീണ്ടും ഒരു യോഗം വിളിച്ചുചേർക്കാം. പ്രധാനപ്പെട്ട വിഷയമെന്ന പരിഗണന നൽകുന്നുണ്ട്. കേരളത്തിന്റെ ഭാവിയിൽ ഏറെ സാദ്ധ്യതയുള്ള മലയോര ഹൈവേയ്ക്ക് തടസ്സമായി നിൽക്കുന്ന വനം വകുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കാസർഗോഡ് മാത്രമല്ല മറ്റ് ജില്ലകളിലുമുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുമായി ചർച്ച നടത്തി പരിഹരിക്കാവുന്ന വിധത്തിൽ ഇടപെടുന്നതാണ്.

ശ്രീ. കെ. പി. എ. മജീദ്: സർ, പലപ്പോഴും സഭയിൽ ഉന്നയിച്ചിട്ടുള്ള ഒരു വിഷയം സംബന്ധിച്ചാണ് എനിക്ക് പറയാനുള്ളത്. മനോഹരമായി റോഡ് നിർമ്മിച്ചതിനുശേഷമാണ് വാട്ടർ അതോറിറ്റിയുടെ പൈപ്പ് സ്ഥാപിക്കൽ, ടെലഫോൺ കേബിൾ എന്നിവയ്ക്കായി വീണ്ടും കുഴിക്കേണ്ടി വരുന്നത്. പിന്നീട് റോഡ് അറ്റകുറ്റപ്പണി ചെയ്യാത്ത സ്ഥിതിയാണുള്ളത്. വാട്ടർ അതോറിറ്റിയാണ് റോഡ് കുഴിക്കുന്നതെങ്കിൽ അതിന്റെ ടെസ്റ്റ് എല്ലാം കഴിയുമ്പോഴേയ്ക്കും കാലതാമസമുണ്ടാകും. അതുകൊണ്ട് ഇക്കാര്യത്തിൽ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ശ്രീ. കെ. പി. എ. മജീദ് സൂചിപ്പിച്ചത് പ്രധാനപ്പെട്ടൊരു വിഷയം തന്നെയാണ്. ഇതുസംബന്ധിച്ച് നേരത്തെയും ചർച്ച ചെയ്തിരുന്നു. സമീപകാലത്ത് പത്തനംതിട്ടയിൽ ശബരിമലയുമായി ബന്ധപ്പെട്ട മീറ്റിംഗിലും ഇക്കാര്യം ഉയർന്നുവന്നിരുന്നു. കേരള വാട്ടർ അതോറിറ്റിയും പൊതുമരാമത്ത് വകുപ്പും സംയുക്തമായി നടത്തിയ ചർച്ചയുടെ ഭാഗമായി സംസ്ഥാന സർക്കാർ ഇതുസംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ ടാറിംഗ് കഴിഞ്ഞ് പിറ്റേ ദിവസം തന്നെ കാത്തുനിന്ന് കുത്തിപ്പൊളിക്കുന്നതുപോലെയാണ് ഇപ്പോഴത്തെ സ്ഥിതി. യഥാർത്ഥത്തിൽ റോഡ് പൊളിക്കുന്നവർതന്നെ പ്രവൃത്തി പൂർത്തീകരിച്ച് സഞ്ചാര യോഗ്യമാക്കണമെന്നാണ് ഉത്തരവിൽ പറയുന്നത്. എന്നാൽ, നിലവിൽ അങ്ങനെയല്ല നടക്കുന്നത്. റോഡിന്റെ അറ്റകുറ്റപ്പണി നടത്തുന്ന കാര്യത്തിൽ പ്രശ്നങ്ങളുണ്ടാകുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരും അത് പരിശോധിക്കുന്ന സ്ഥിതിയില്ല. ഈ പ്രശ്നം പരിഹരിക്കപ്പെടേണ്ടത് അനിവാര്യമാണ്. ഞാൻ മഞ്ചേരി ടൗണിൽ പോയപ്പോൾ റോഡിന്റെ രണ്ട് ഭാഗവും പൊളിഞ്ഞുകിടക്കുന്നതായി കാണാൻ കഴിഞ്ഞു. മറ്റ് ചില രാജ്യങ്ങൾ ചെയ്യുന്നതുപോലുള്ള ടെക്നോളജിയിലൂടെ മാത്രമേ ഇതിന് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. പോർട്ടൽ സംവിധാനം ഏർപ്പെടുത്തുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് മുന്നോട്ടുവച്ച ആശയമാണത്. ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറിയോട് ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംസാരിച്ചിരുന്നു. വിവിധ വകുപ്പുകൾ നടത്തുന്ന പ്രവൃത്തികൾ പോർട്ടലിൽ രജിസ്റ്റർ ചെയ്താൽ ഭാവിയിൽ ക്ലാഷ് ഒഴിവായിക്കിട്ടും. അത് ലംഘിച്ചാൽ സൂപ്പർ ഫൈൻ ഉൾപ്പെടെ ഏർപ്പെടുത്താൻ കഴിയണം. നിലവിൽ ടാർ ചെയ്ത റോഡ് കുഴിക്കുന്ന പ്രവൃത്തിയിൽനിന്ന് വാട്ടർ അതോറിറ്റിയെ തടയാൻ സാധിക്കില്ല. കുടിവെള്ളം എത്തിക്കുകയെന്നത് ജനങ്ങളുടെ ആവശ്യമാണ്. ജനപ്രതിനിധികൾതന്നെ റെക്കമെന്റേഷനുമായി വരുന്നത് സ്വാഭാവികമാണ്. മഴക്കാലത്ത് റോഡ് വെട്ടിപ്പൊളിക്കാൻ അനുവദിച്ചിരുന്നില്ല. എന്നാൽ ഇപ്പോഴത് വീണ്ടും തുടങ്ങിയിട്ടുണ്ടെന്നാണ് മനസ്സിലാകുന്നത്. സർക്കാർ ഉത്തരവുപ്രകാരം റോഡ് വൃത്തിയോടെ പൂർവ്വസ്ഥിതിയിലാക്കി തരേണ്ടതാണ്. ഇക്കാര്യത്തിനൊരു ശാശ്വത പരിഹാരം കാണുന്നതിന് പോർട്ടൽ സംവിധാനം കൊണ്ടുവരണം. എല്ലാ വകുപ്പുകളുമായി കൂടിയാലോചിച്ച് ഇത് നടപ്പിലാക്കാമെന്നാണ് അറിയിക്കാനുള്ളത്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, കാഞ്ഞങ്ങാട്, തൃക്കരിപ്പൂർ എന്നീ നിയോജകമണ്ഡലങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്ന നീലേശ്വരം-ഇടത്തോട് റോഡ് നിർമ്മാണം ടെണ്ടർ നടപടികൾ ആരംഭിച്ചെങ്കിലും കരാറുകാരൻ പാതിവഴിയിൽ ഉപേക്ഷിച്ച് പോയതിനെത്തുടർന്നുണ്ടായ പ്രശ്നങ്ങൾ വളരെ വലുതാണ്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച വർക്കിംഗ് കലണ്ടറും സമയബന്ധിതമായി

പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികളുമെല്ലാം സ്വാഗതാർഹമാണ്. ഇപ്പോൾ റോഡ് സഞ്ചാരയോഗ്യമല്ലാതായിരിക്കുകയാണ്. പുതിയ കരാറുകാരനെ ചുമതലയേൽപ്പിച്ചുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ലാൻഡ് അക്വിസിഷൻ നടപടികളും പൂർത്തിയായിട്ടില്ല. നീലേശ്വരം ഭാഗത്തുള്ള നൂറ്റി മുപ്പത്തിയാറോളം കെട്ടിടങ്ങളുടെ വാല്യുവേഷനുൾപ്പെടെയുള്ള നടപടി പൂർത്തിയാകാത്തതുകൊണ്ട് നിശ്ചയിക്കപ്പെട്ട സമയത്തെങ്കിലും റോഡ് നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പ്രസ്തുത വിഷയം പ്രത്യേകമായി പരിശോധിച്ച് ഇടപെടുന്നതാണ്. കരാർ ഏറ്റെടുത്ത് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തടസ്സം നേരിട്ടാൽ മാന്വൽ പ്രകാരം ടെർമിനേഷനിലേയ്ക്ക് എത്തുന്ന അവസ്ഥയുണ്ടാകും. ടെർമിനേറ്റ് ചെയ്യപ്പെട്ട പ്രവൃത്തിയുടെ ശേഷിക്കുന്ന ജോലികൾക്കായി റീ-ടെണ്ടറിംഗ് നടത്താൻ കാലതാമസമുണ്ടാകുന്നുവെന്നത് വസ്തുതയാണ്. അതിനാൽ ജനപ്രതിനിധികളടക്കം ടെർമിനേഷനിലേയ്ക്ക് എത്തിച്ചേരുന്ന സ്ഥിതി വേണമോയെന്ന് സംശയിക്കും. ഇതിന് പരിഹാരം കാണുന്നതിനായി റീ-ടെണ്ടറിംഗിന്റെ സമയം നിശ്ചയിക്കേണ്ടതുണ്ട്. ശ്രീ. ടി. പി. രാമകൃഷ്ണൻ സൂചിപ്പിച്ചതിന്റെ ഭാഗമായി പേരാമ്പ്ര നിയോജക മണ്ഡലത്തിൽ ടെർമിനേഷൻ നടത്തിയപ്പോൾ ഒരാഴ്ചയ്ക്കുള്ളിൽ റീ-ടെണ്ടറിംഗ് നടത്താൻ കഴിഞ്ഞു. അങ്ങനെയാകുമ്പോൾ കരാറുകാർ കൃത്യമായി പ്രവൃത്തി നടത്തുന്ന അവസ്ഥയുണ്ടാകും. ടെർമിനേറ്റ് ചെയ്യപ്പെടാതെതന്നെ പ്രവൃത്തി നടക്കുകയും ടെർമിനേറ്റ് ചെയ്യപ്പെടേണ്ടിവന്നാൽ ബാക്കി പ്രവൃത്തികൾക്ക് റീ-ടെണ്ടറിംഗിന് അധികം സമയമെടുക്കാത്ത സംവിധാനം നമുക്ക് നടപ്പിലാക്കണം. എല്ലാവരുംകൂടി ചർച്ചചെയ്ത് ഈ പ്രശ്നം പരിഹരിക്കാൻ കഴിയണം. അതുപോലെ ഡിസൈനുമായി ബന്ധപ്പെട്ട വിഷയങ്ങളും ചർച്ച ചെയ്ത് പരിഹരിക്കപ്പെടേണ്ടതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കോട്ടയം പട്ടണത്തിലെ കോടിമത പാലത്തെ സംബന്ധിച്ച് ഞാൻ ഉന്നയിച്ച സബ്മിഷന് അങ്ങ് പോസിറ്റീവായ മറുപടി തന്നിരുന്നു. അതിന്റെ തുടർനടപടികളിലേയ്ക്ക് പോകണമെന്നുള്ളതാണ് എന്റെ പ്രാഥമികമായ ആവശ്യം. കിഫ്ബി പദ്ധതി രൂപീകൃതമായി നാലഞ്ച് വർഷമായിട്ടും ഒന്നും ചെയ്യാത്ത ചില വർക്കുകളുണ്ട്. എന്റെയും ശ്രീ. ഉമ്മൻ ചാണ്ടിയുടെയും നിയോജകമണ്ഡലങ്ങളായ പുതുപ്പള്ളിയെയും കോട്ടയത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന 140 കോടി രൂപയുടെ പദ്ധതിക്കായി ഉത്തരവിറങ്ങിയെങ്കിലും ഒരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. കിഫ്ബിയിലെ വർക്കുകളായിരുന്ന വെള്ളൂത്തുരുത്തി പാലവും ബോർമ്മകവല റോഡും നടപ്പാക്കുമെന്ന പ്രതീക്ഷയോടുകൂടി നാലഞ്ചുവർഷം കാത്തിരുന്നു. ഇക്കാര്യത്തിന് മുൻഗണന കൊടുത്ത് കഴിയുന്നത്രവേഗം പ്രവൃത്തിയുടെ പ്രാഥമിക നടപടികളിലേയ്ക്ക് കടക്കുമോയെന്നാണ് ചോദിക്കാനുള്ളത്.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, രണ്ട് വിഷയങ്ങളാണ് അങ്ങ് പറഞ്ഞത്. പാലവുമായി ബന്ധപ്പെട്ട കാര്യത്തിൽ ചർച്ച നടത്തി തുടർനടപടി സ്വീകരിച്ചുവെന്ന കാര്യം ബഹുമാനപ്പെട്ട അംഗം അറിയാത്തതാണ്. ചീഫ് എഞ്ചിനീയറോട് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഉടൻതന്നെ ഒരു സിറ്റിംഗ്കൂടി നടത്താം. കിഫ്ബിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഇപ്പോൾ പരിഹരിച്ചുവരികയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി മാസത്തിലൊരിക്കൽ സിറ്റിംഗ് നടത്തുകയും കിഫ്ബിയിൽ പ്രഖ്യാപിച്ച പ്രവൃത്തികൾ മുന്നോട്ടുപോകാത്തതിന്റെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നുമുണ്ട്. അതിന്റെ ഭാഗമായാണ് പുതിയ സ്റ്റോപ്പ് മെമ്മോകൾ നൽകരുതെന്നുള്ള തീരുമാനമെടുത്തിട്ടുള്ളത് എന്നുകൂടി അറിയിക്കുകയാണ്. ഓരോ മാസവും നടക്കുന്ന യോഗങ്ങളിൽ എം.എൽ.എ-മാർ ഉന്നയിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിച്ച് മുന്നോട്ട് പോകാമെന്നാണ് കരുതുന്നത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച രണ്ട് കേസ്സുകളും പോസിറ്റീവായെടുത്ത് മുന്നോട്ടുപോകുമെന്ന് സഭയെ അറിയിക്കുകയാണ്.

ശ്രീമതി കാനത്തിൽ ജമീല: സർ, റേറ്റ് പുതുക്കി നിശ്ചയിക്കുമ്പോൾ എസ്റ്റിമേറ്റിൽ മാറ്റമുണ്ടാകുന്നുണ്ട്. അങ്ങനെ വരുമ്പോഴുണ്ടാകുന്ന ബാക്കി ഫണ്ട് ഇതിനോടൊപ്പം നൽകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അതുമായി ബന്ധപ്പെട്ട കാര്യം പരിശോധിച്ച് പറയാവുന്നതാണ്.

**വിദ്യാകിരണം പദ്ധതി**

2 (*542) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സജീവ് ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാകിരണം പദ്ധതിയിലൂടെ സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി ലാപ്ടോപ് നൽകുന്ന നടപടി പ്രതിസന്ധിയിലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കുട്ടികളുടെ പഠനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ലാപ്ടോപ്പോ മറ്റ് പഠനോപകരണങ്ങളോ ഇല്ലാത്ത കുട്ടികൾക്ക് അടിയന്തരമായി ഇത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) വിദ്യാകിരണം പദ്ധതിയുടെ ടെണ്ടർ നടപടി പരാജയപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോവിഡ് പ്രതിസന്ധികൾ കുട്ടികളുടെ പഠന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിന് സാദ്ധ്യമായ എല്ലാ ബദൽസംവിധാനങ്ങളും സാങ്കേതികസൗകര്യങ്ങളും പ്രയോജനപ്പെടുത്തിയിരുന്നു. 2020 ജൂൺ 1 മുതൽ കൈറ്റ് (കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ) വിക്ടേഴ്സ് ചാനലിലൂടെ 'ഫസ്റ്റ്ബെൽ' എന്ന പേരിൽ ഡിജിറ്റൽ ക്ലാസ്സുകൾ ആരംഭിച്ചിരുന്നു. 2021 ജൂൺ മാസത്തിൽ ഡിജിറ്റൽ ക്ലാസ്സുകൾക്കൊപ്പം ഓൺലൈൻ ക്ലാസ്സുകളും ആരംഭിക്കുന്നതിന് തീരുമാനിക്കുകയും കൈറ്റ് സജ്ജമാക്കിയ ജി-സ്യൂട്ട് സംവിധാനം പ്രയോജനപ്പെടുത്തി ചിട്ടയോടുകൂടിയ ഓൺലൈൻ പഠനം ഘട്ടംഘട്ടമായി ആരംഭിക്കുകയും ചെയ്തു. ഡിജിറ്റൽ ഉപകരണങ്ങളില്ലാത്തത് പഠനത്തെ ഒരു തരത്തിലും ബാധിക്കാൻ പാടില്ലെന്ന് നിർബന്ധമുള്ളതിനാലാണ് എല്ലാ വിഭാഗം കുട്ടികൾക്കും ഒരുപോലെ ഓൺലൈൻ പഠനം ലഭ്യമാക്കുന്നതിന് വിദ്യാകിരണം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. പൊതുസമൂഹത്തിന്റെ സഹായത്തോടെ മാത്രം ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കേണ്ട കുട്ടികളുടെ എണ്ണം 2021 ജൂലൈ അവസാനം ഉണ്ടായിരുന്നത് 4.7 ലക്ഷമായിരുന്നു. 'വിദ്യാകിരണം' പദ്ധതി ആരംഭിച്ചതോടുകൂടി സർക്കാരിന്റേയും പൊതുസമൂഹത്തിന്റേയും ഇടപെടൽമൂലം സെപ്റ്റംബർ 15-ഓടെ ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കേണ്ട കുട്ടികളുടെ എണ്ണം 3.7 ലക്ഷമായും നവംബർ ആദ്യം 3.53 ലക്ഷമായും കുറഞ്ഞിട്ടുണ്ട്. ഡിജിറ്റൽ പഠനോപകരണങ്ങളില്ലാത്ത പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികളുടെ എണ്ണം 36,999 ആണ്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ 1 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവിഭാഗം കുട്ടികൾക്ക് കൈറ്റ് വഴി സ്കൂളുകളിൽനിന്ന് വിതരണം ചെയ്ത ലാപ്ടോപ്പുകൾ തിരിച്ചെടുത്ത് നൽകുന്നതിനുപകരം വിദ്യാശ്രീ പദ്ധതിയുടെ ഭാഗമായി ലഭ്യമായ പുതിയ ലാപ്ടോപ്പുകൾ സ്കൂളുകൾവഴി ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യുന്ന രീതിയിൽ ലഭ്യമാക്കാൻ കൈറ്റിനെ ചുമതലപ്പെടുത്തുകയും 45,313 ലാപ്ടോപ്പ് വിദ്യാകിരണം പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്ന് മുതൽ പന്ത്രണ്ടുവരെയുള്ള പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്കും പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ പട്ടികജാതി വിഭാഗം കുട്ടികൾക്കും വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്.

(ബി) സ്വീകരിക്കും. കോവിഡ് പ്രതിസന്ധികൾ കുട്ടികളുടെ പഠന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിനാണ് സാദ്ധ്യമായ എല്ലാ സാങ്കേതിക സൗകര്യങ്ങളും പ്രയോജനപ്പെടുത്തി കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ ഡിജിറ്റൽ ക്ലാസ്സുകൾ സംപ്രേക്ഷണം ചെയ്തതും അത് എല്ലാ വിഭാഗം കുട്ടികൾക്കും ലഭ്യമാക്കിയതും. ഡിജിറ്റൽ ക്ലാസ്സുകൾക്കൊപ്പം കുട്ടികൾക്ക് അദ്ധ്യാപകരുമായി നേരിട്ട് സംവദിക്കുന്നതിനായി ജി-സ്യൂട്ട് സംവിധാനം പ്രയോജനപ്പെടുത്തി ഓൺലൈൻ ക്ലാസ്സുകളും ഈ വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികൾക്ക് ലാപ്ടോപ് വിതരണം ചെയ്യുന്ന പ്രവർത്തനങ്ങൾ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. 45,313 ലാപ്ടോപ്പുകളാണ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്കായി ഇപ്പോൾ വിതരണം ചെയ്യുന്നത്. കുട്ടികളുടെ ഉപയോഗത്തിനായി അവർ പഠിക്കുന്ന സ്കൂളുകൾക്ക് ലാപ്ടോപ്പുകൾ നൽകുകയും പിന്നീട് ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യുന്ന രൂപത്തിൽ ഉപകരണങ്ങൾ നൽകുന്ന സംവിധാനവുമാണുള്ളത്. അതുകൊണ്ടുതന്നെ പൊതുവായി (മറ്റ് കുട്ടികൾക്കുകൂടി ആവശ്യമുള്ള പക്ഷം) ഇത്തരം ഉപകരണങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയുന്നതാണ്. പൊതുസമൂഹത്തിന്റെ സഹായത്തോടെ മാത്രം ഉപകരണങ്ങൾ ലഭ്യമാക്കേണ്ട എല്ലാ വിഭാഗം കുട്ടികൾക്കും ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് ക്രമീകരണമൊരുക്കിയിട്ടുണ്ട്.

(സി) വിദ്യാകിരണം പദ്ധതി പ്രകാരം വിദ്യർത്ഥികൾക്ക് ലഭ്യമാക്കേണ്ട പഠനോപകരണങ്ങൾക്ക് (ലാപ്ടോപ് ബേസ് മോഡൽ, ലാപ്ടോപ് ഹൈഎൻഡ് മോഡൽ, ടാബ്‌ലറ്റ്, ക്രോം ബുക്ക്) CPRCS (Centralized Procurement and Rate Contract System) പോർട്ടൽ മുഖേന വില നിശ്ചയിച്ചുനൽകുന്നതിനായി ഐ.ടി. മിഷൻ രണ്ട് തവണ ടെണ്ടർ ക്ഷണിക്കുകയുണ്ടായി. ഇതിൽ ആദ്യ ടെണ്ടറിൽ 2 കമ്പനികൾ മാത്രമേ പങ്കെടുത്തുള്ളൂവെന്നതിനാൽ രണ്ടാമതും ടെണ്ടർ ചെയ്യുകയുണ്ടായി. എന്നാൽ മുൻനിര ലാപ്ടോപ് നിർമ്മാതാക്കൾ സമർപ്പിച്ച തുക അധികമായതിനാൽ റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, അങ്ങ് സഭയിൽ വായിച്ച ഉത്തരം ശ്രദ്ധയോടെ ഒന്നുകൂടി വായിച്ചുനോക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കാരണം, 'വിദ്യാകിരണം' പദ്ധതി മുഖേന ലാപ്ടോപ് വിതരണം ചെയ്തത് സംബന്ധിച്ചാണ് ചോദ്യം. അതിൽ 'വിദ്യാശ്രീ' പദ്ധതിവഴി വിതരണം ചെയ്ത ലാപ്ടോപ് തിരികെവാങ്ങി ലൈബ്രറിവഴി നൽകിയതിന്റെ എണ്ണവും 'വിദ്യാകിരണം' പദ്ധതിയിലൂടെ വിതരണം ചെയ്ത ലാപ്ടോപ്പുകളുടെ എണ്ണവും

പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് കൈറ്റ് വഴി നൽകിയ ലാപ്ടോപ്പുകളുടെ എണ്ണവും 45,313 ആണ്. ഇതിൽ വിദ്യാശ്രീ പദ്ധതിവഴിയും വിദ്യാകിരണം പദ്ധതിവഴിയും പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുവഴിയും എത്ര ലാപ്ടോപ്പുകൾവീതം വിതരണം ചെയ്തുവെന്നതിന്റെ കണക്ക് കൃത്യമായി പറയുന്നില്ല. മറുപടിയിൽ പറഞ്ഞത്, വിദ്യാശ്രീ പദ്ധതി വഴി നൽകിയ ലാപ്ടോപ് തിരികെയെടുത്തത് കൈറ്റ് വഴി പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുവഴി വിതരണം ചെയ്തിട്ടുണ്ടെന്നാണ്. വിദ്യാകിരണം പദ്ധതിവഴി കൊടുത്തതും ഇതുതന്നെയാണ്. വിദ്യാകിരണം പദ്ധതിവഴി സംസ്ഥാനത്ത് എത്ര ലാപ്ടോപ് വിദ്യാഭ്യാസ വകുപ്പ് നൽകിയിട്ടുണ്ടെന്ന് കൃത്യമായി മറുപടി നൽകാൻ കഴിയുമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, വിദ്യാകിരണം പദ്ധതിയിൽ സമൂഹത്തിന്റെ വിവിധ കോണുകളിൽനിന്നുള്ള സഹായവാഗ്ദാനങ്ങൾ ലഭിച്ചിട്ടുണ്ടെന്നുള്ളത് പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇപ്പോൾ ഓൺലൈനായും നേരിട്ടും ശേഖരിച്ചുവരികയുമാണ്. വ്യവസായികൾ, പ്രവാസികൾ എന്നിവരിൽനിന്നാണ് കാര്യമായ സഹായം പ്രതീക്ഷിക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട് ആറ് യോഗങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നേരിട്ടുനടത്തുകയുണ്ടായി. ജൂൺ ആദ്യവാരം വിവിധ വകുപ്പുമന്ത്രിമാരുടെയും സെക്രട്ടറിമാരുടെയും യോഗം വിളിച്ചുചേർത്തു. 2021 ജൂലൈ മാസം അവസാനം നമുക്ക് ആവശ്യമായിരുന്ന ലാപ്ടോപ്പുകളുടെയും മറ്റ് ഉപകരണങ്ങളുടെയും എണ്ണം 4.7 ലക്ഷമാണ്. വിദ്യാകിരണം പദ്ധതി ആരംഭിച്ചതോടുകൂടി സർക്കാരിന്റെയും പൊതു സമൂഹത്തിന്റെയും ഇടപെടൽമൂലം സെപ്റ്റംബർ മാസം 15-ാം തീയതിയോടുകൂടി അത് 3.7 ലക്ഷമായും നവംബർ ആദ്യവാരത്തോടുകൂടി 3.53 ലക്ഷമായും കുറഞ്ഞു. വിദ്യാകിരണം പദ്ധതിയുടെ ഇടപെടൽമൂലമാണ് 4.7 ലക്ഷമെന്നത് 3.53 ലക്ഷമായി കുറഞ്ഞത്. വിദ്യാശ്രീ പദ്ധതിയിൽ 45,313 ലാപ്ടോപ്പുകളാണ് വിതരണം ചെയ്തിട്ടുള്ളത്. ഇത് വിദ്യാകിരണം പദ്ധതിയുടെ ആദ്യഘട്ടമായാണ് നൽകിയിട്ടുള്ളത്. ശ്രീ. പി. സി. വിഷ്ണുനാഥിനെപ്പോലെയുള്ളവർക്ക് ഇങ്ങനെയൊരു സംശയം വരേണ്ട കാര്യമില്ല.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, എനിക്ക് ഇതുസംബന്ധിച്ച് സംശയമുണ്ട്. കാരണം, വിദ്യാകിരണം പദ്ധതിയുടെ ടെണ്ടർ നടപടികളെക്കുറിച്ചാണ് എന്റെ മൂന്നാമത്തെ ചോദ്യം. ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്, ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കേണ്ട കുട്ടികളുടെ എണ്ണം ജൂലൈ മാസത്തിൽ 4.7 ലക്ഷം ആയിരുന്നത് വിദ്യാകിരണം പദ്ധതി ആരംഭിച്ചതിനുശേഷം 3.7 ലക്ഷമായി കുറഞ്ഞെന്നാണ്. ഇതിൽനിന്നും മനസ്സിലാകുന്നത് വിദ്യാകിരണം പദ്ധതിയിലൂടെ ഒരു ലക്ഷം ലാപ്ടോപ്പ് വിതരണം ചെയ്തിട്ടുണ്ടെന്നാണ്. ആദ്യത്തെ ടെണ്ടറിൽ

രണ്ടുപേർ മാത്രം പങ്കെടുത്തതുകൊണ്ടും രണ്ടാമത്തെ ടെണ്ടറിൽ കമ്പനികൾ കൂടിയ തുക ക്വാട്ട് ചെയ്തതുകൊണ്ടും അംഗീകരിച്ചില്ലെന്നും മൂന്നാമത്തെ ടെണ്ടർ നടപടികളെക്കുറിച്ച് ആലോചിക്കുകയാണെന്നുമാണ് ഉത്തരത്തിന്റെ പിരിവ് (സി)-യിൽ പറയുന്നത്. ഈ പദ്ധതി ആരംഭിച്ചിട്ടില്ലെന്നും, ഈ പദ്ധതി കാരണം ഒരു ലക്ഷം ലാപ്ടോപ്പ് നൽകിയെന്നും ഉത്തരത്തിൽ പറയുന്നുണ്ട്. ഇതിൽ ഏതാണ് വിശ്വസിക്കേണ്ടത്?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, അങ്ങേയ്ക്കറിയാവുന്നതുപോലെ, ഈ പദ്ധതിക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ ചെയ്താൽ മാത്രമേ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുകയുള്ളൂ. വിദ്യാകിരണം പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കേണ്ട പഠനോപകരണങ്ങൾക്ക് (ലാപ്ടോപ് ബേസ് മോഡൽ, ലാപ്ടോപ് ഹൈഎൻഡ് മോഡൽ, ടാബ്ലെറ്റ്) CPRCS (Centralized Procurement and Rate Contract System) പോർട്ടൽ മുഖേന വില നിശ്ചയിച്ചുനൽകുന്നതിനാണ് ഐ.ടി. മിഷൻ രണ്ട് തവണ ടെണ്ടർ ചെയ്തത്. ആദ്യ ടെണ്ടറിൽ രണ്ട് കമ്പനികൾ മാത്രം പങ്കെടുത്തതിനാൽ രണ്ടാമതും ടെണ്ടർ ചെയ്യുകയുണ്ടായി. മുൻനിര ലാപ്ടോപ് നിർമ്മാതാക്കൾ സമർപ്പിച്ച തുക അധികമായതിനാൽ റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടിയുമായി മുന്നോട്ടുപോകുകയാണ്. സംസ്ഥാനത്തിന്റെ പണം കൂടുതൽ നഷ്ടപ്പെടാതിരിക്കാനാണ് റീ-ടെണ്ടർ ചെയ്യാൻ തീരുമാനിച്ചിരിക്കുന്നത്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ജൂലൈ 25 വരെ വിദ്യാഭ്യാസ വകുപ്പ് ശേഖരിച്ച കണക്കുപ്രകാരം 472,445 കുട്ടികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ ഇല്ലായിരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ പശ്ചാത്തലത്തിലാണ് 2021 ആഗസ്റ്റ് 4-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിദ്യാകിരണം പദ്ധതി പ്രഖ്യാപിച്ചത്. സാമൂഹ്യ പങ്കാളിത്തത്തോടെയും കമ്പനികളുടെ സി.എസ്.ആർ. ഫണ്ടുപയോഗിച്ചും മുഴുവൻ കുട്ടികൾക്കും ലാപ്ടോപ്, ബേസ് മോഡൽ ലാപ്ടോപ്, ഹൈഎൻഡ് മോഡൽ ലാപ്ടോപ്, ക്രോം ബുക്ക്, ടാബ്ലെറ്റ് തുടങ്ങിയ പഠനോപകരണങ്ങൾ നൽകാനാണ് ടി പദ്ധതിയിലൂടെ ഉദ്ദേശിച്ചത്. ഏതാണ്ട് ഒരു ലക്ഷത്തോളം കുട്ടികൾക്ക് ഇത് ലഭ്യമായിട്ടുണ്ടെന്ന് അങ്ങ് പറയുകയുണ്ടായി. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞതുപോലുള്ള ഒരു കൺഫ്യൂഷനുമുണ്ട്. ഏകദേശം 700 കോടി രൂപ ചെലവുവരുന്ന ഈ പദ്ധതിക്കായി സാമൂഹ്യപങ്കാളിത്തത്തോടെ എത്ര രൂപ ശേഖരിച്ചു? ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലായി മുഴുവൻ കുട്ടികൾക്കും പഠനോപകരണങ്ങൾ നൽകുമെന്നാണ് പ്രഖ്യാപിച്ചത്. ഡിസംബർ മാസത്തിനുള്ളിൽ മുഴുവൻ കുട്ടികൾക്കും ഡിജിറ്റൽ പഠനോപകരണങ്ങൾ നൽകുമെന്ന് സഭയ്ക്ക് ഉറപ്പുനൽകാൻ സാധിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങ് സൂചിപ്പിച്ചതുപോലെ വിദ്യാകിരണം പദ്ധതിക്കായി ഏകദേശം 700 കോടി രൂപ ആവശ്യമായി വരും. ഈ പദ്ധതി ആരംഭിച്ചതിനുശേഷം സമൂഹത്തിലെ പ്രമുഖരുടെയും സാമ്പത്തിക ശേഷിയുള്ളവരുടെയും വിദ്യാഭ്യാസ രംഗത്ത് തൽപ്പരരായവരുടെയുമെല്ലാം യോഗം ചേരുകയുണ്ടായി. അവരിൽ നിന്നെല്ലാം ഫണ്ട് ശേഖരിച്ചാൽ മാത്രമേ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ മാതൃകയിൽ രൂപീകരിച്ച പ്രത്യേക സമിതിയുടെ നേതൃത്വത്തിൽ 6 യോഗങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് സംഘടിപ്പിക്കുകയും ചെയ്തു. യോഗം ചേർന്ന് നമ്മുടെ ആവശ്യം പറയാമെന്നല്ലാതെ അവരുടെ കയ്യിൽനിന്ന് പണം പിടിച്ചുവാങ്ങാൻ സാധിക്കില്ലെന്ന കാര്യം മനസ്സിലാക്കണം. കോവിഡ് കാലഘട്ടമായതിനാൽ ആൾക്കാരുടെ കയ്യിൽ പണം കുറവാണ്. ജൂൺ ആദ്യവാരം വിവിധ വകുപ്പുമന്ത്രിമാരുടെയും സെക്രട്ടറിമാരുടെയും യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്തു. ഇന്റർനെറ്റ് സേവനദാതാക്കളുടെ യോഗവും വ്യവസായ പ്രമുഖർ, ഐ.ടി. ഇൻഡസ്ട്രി പ്രതിനിധികൾ, വിദേശ മലയാളികൾ, ജില്ലാ മേധാവികൾ എന്നിവർ ഉൾപ്പെടെയുള്ളവരുടെ യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്തിരുന്നു. ഉപകരണങ്ങളുടെ സ്പെസിഫിക്കേഷനുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഐ.ടി. സാങ്കേതിക സമിതി 6 യോഗങ്ങൾ ചേർന്നു. ഇതിൽക്കൂടുതൽ കാര്യങ്ങൾ ആർക്കെങ്കിലും ചെയ്യാൻ സാധിക്കുമോയെന്ന് സംശയമാണ്. ഫണ്ട് ഘട്ടംഘട്ടമായി ലഭിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. അഡ്മിഷന്റെ കാര്യത്തിൽ ഉത്കണ്ഠപ്പെടേണ്ടതില്ലെന്ന് പറഞ്ഞതുപോലെ ഇക്കാര്യത്തിലും ഒരുത്കണ്ഠയുടെയും ആവശ്യമില്ല.

ശ്രീ. സജീവ് ജോസഫ്: സർ, പാവപ്പെട്ട കുട്ടികൾ വലിയ പ്രതീക്ഷയർപ്പിച്ച രണ്ട് ഫ്ലാഗ്ഷിപ്പ് പദ്ധതികളായ വിദ്യാകിരണം പദ്ധതിയും വിദ്യാശ്രീ പദ്ധതിയും സർക്കാർ ഉദ്ദേശിച്ചതുപോലെയും പ്രഖ്യാപിച്ചതുപോലെയും പ്രയോജനപ്പെട്ടിട്ടില്ല. വിതരണം ചെയ്ത ലാപ്ടോപ്പുകൾപോലും തിരിച്ചെടുക്കേണ്ട അസാധാരണ സാഹചര്യമുണ്ടായി. ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരിൽനിന്നും വീഴ്ചയുണ്ടായിട്ടുണ്ട്. ഇതുസംബന്ധിച്ച് ഗൗരവതരമായ ഒരു പരിശോധന നടത്തുമോ; ഇതുവരെ പരിശോധന നടത്തിയിട്ടുണ്ടോ; പരിശോധന നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ ആരും കുറ്റം ചെയ്തിട്ടില്ലല്ലോ; ഡിജിറ്റൽ വിദ്യാഭ്യാസവും ഓൺലൈൻ വിദ്യാഭ്യാസവും പരാജയമാണെന്ന് ഒരു കാരണവശാലും പറയാൻ സാധിക്കില്ല.

വിദ്യാഭ്യാസ കാര്യങ്ങൾക്ക് നേതൃത്വം നൽകിയവരാരും ഒരു കുറ്റവും ചെയ്തിട്ടില്ല. അതുകൊണ്ടുതന്നെ അവർക്കെതിരെ ഒരു നടപടിയും സ്വീകരിക്കാനും കഴിയില്ല. 2020 ജൂൺ 1-ാം തീയതി മുതൽ സംസ്ഥാനത്ത് ഡിജിറ്റൽ വിദ്യാഭ്യാസം ആരംഭിക്കുകയും മാസാവസാനത്തോടെ ഏകദേശം എല്ലാ കുട്ടികൾക്കും ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ ഗുണഫലം ലഭിക്കുകയും ചെയ്തു. ഓൺലൈൻ ജി-സ്യൂട്ട് പ്ലാറ്റ്ഫോം വഴി 8, 9, 10 ക്ലാസ്സുകൾ ആരംഭിച്ചു. 53,399 അദ്ധ്യാപകർക്കും 11.82 ലക്ഷം വിദ്യാർത്ഥികൾക്കും പ്രത്യേക ലോഗിൻ ഐ.ഡി. നൽകി. 40 ലക്ഷം ലോഗിൻ ഐ.ഡി-കൾ സൃഷ്ടിക്കാൻ കഴിഞ്ഞു. വിദ്യാകിരണം പദ്ധതിവഴി 1 മുതൽ 12-ാം ക്ലാസ്സുവരെയുള്ള 36,968 എസ്.സി/എസ്.ടി. കുട്ടികൾക്കും 10, 12 ക്ലാസ്സുകളിലെ മുഴുവൻ എസ്.സി. കുട്ടികൾക്കുമുള്ള ലാപ്ടോപ് വിതരണം നവംബർ മാസത്തോടെ പൂർത്തിയാകും. 3.44 ലക്ഷം കുട്ടികൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള ശ്രമമാണ് വിദ്യാകിരണം പദ്ധതിയിലൂടെ നടന്നു കൊണ്ടിരിക്കുന്നത്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, വിദ്യാഭ്യാസ മേഖലയെക്കുറിച്ച് ഉത്കണ്ഠയില്ലാത്ത കേരളത്തിലെ ഒരേയൊരു വ്യക്തി അങ്ങ് മാത്രമാണ്. ഇപ്പോഴും ഫുൾ 'എ പ്ലസ് ' ലഭിച്ച കുട്ടികൾക്ക് അഡ്മിഷൻ ലഭ്യമായിട്ടില്ലെന്ന കാര്യം അങ്ങേയ്ക്കറിയാമോ? അങ്ങ് നൽകിയ മറുപടിയിൽ 45,313 ലാപ്ടോപ്പുകൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിതരണം ചെയ്തു കൊണ്ടിരിക്കുന്നുവെന്നാണ് പറയുന്നത്. അങ്ങുതന്നെ പിന്നീട് പറയുന്നത്, ടെണ്ടർ ചെയ്തിട്ടില്ലെന്നും റീ-ടെണ്ടർ ചെയ്യാൻ പോകുകയാണെന്നുമാണ്. ഇപ്പോൾ മൂന്നരലക്ഷം കുട്ടികൾക്ക് ലാപ്ടോപ് വേണമെന്നും പറയുന്നു. എം.എൽ.എ. എന്ന നിലയിൽ ഞാൻ 300 കുട്ടികൾക്ക് മൊബൈൽ ഫോണും ഒരു കുട്ടിക്ക് ലാപ്ടോപ്പും നൽകി. ഞാൻ നൽകിയതിനെക്കാൾ കൂടുതൽ ഉപകരണങ്ങൾ നൽകിയ എം.എൽ.എ-മാരാണ് ഇവിടെയിരിക്കുന്നത്. ഒരു ഗവൺമെന്റിന് ഇക്കാര്യങ്ങൾ ചെയ്യാൻ കഴിയുന്നില്ല. ഇങ്ങനെ പോയാൽ കുട്ടികളുടെ ഭാവി എന്താകും? കുട്ടികൾക്ക് ലാപ്ടോപ് എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? അങ്ങ് നൽകിയ മറുപടിയിലെ തെറ്റുകളെല്ലാം ഞങ്ങൾ ക്ഷമിച്ചിരിക്കുന്നു. ലാപ്ടോപ്പുകൾ എന്ന് നൽകാൻ കഴിയുമെന്ന് മാത്രം പറഞ്ഞാൽ മതി.

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങനെ ഉത്കണ്ഠപ്പെടേണ്ട കാര്യമൊന്നുമില്ല. 3.44 ലക്ഷം കുട്ടികൾക്ക് ലാപ്ടോപ് നൽകുന്നതിനുള്ള വിദ്യാകിരണം പദ്ധതിവഴിയുള്ള ഫണ്ട് ശേഖരണവും അതിന്റെ പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. മാത്രമല്ല, വിദ്യാലയങ്ങൾ തുറന്ന് അദ്ധ്യയനം ആരംഭിച്ചുകഴിഞ്ഞിരിക്കുകയുമാണ്. വിദ്യാലയങ്ങൾ 18 മാസക്കാലമായി അടഞ്ഞുകിടന്ന പ്രത്യേക സാഹചര്യത്തിലാണ് ഓൺലൈൻ വിദ്യാഭ്യാസം

ആരംഭിച്ചത്. വിദ്യാലയങ്ങളിൽ ക്ലാസ്സുകൾ നടത്തുന്നതോടൊപ്പം ഓൺലൈൻ വിദ്യാഭ്യാസവും നടത്താനാണ് ആലോചിച്ചിരിക്കുന്നത്. നിശ്ചിത തീയതിക്കകം 3.44 ലക്ഷം കുട്ടികൾക്കും ലാപ്ടോപ് കൊടുത്തുതീർക്കുകയെന്നത് അങ്ങ് വിചാരിച്ചാലും നടക്കുന്ന കാര്യമല്ല. അഡ്മിഷന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. ഇന്ന് ഒരു ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ വന്ന തെറ്റ് തിരുത്തി പുന:പ്രസിദ്ധീകരിക്കാൻ പറഞ്ഞിട്ടുണ്ട്. നവംബർ 23-ാം തീയതി പുതിയ ബാച്ചുകൾ ആരംഭിക്കുന്നതോടെ കേരളത്തിൽ ഉപരിപഠനത്തിന് ആഗ്രഹിക്കുന്ന മുഴുവൻ കുട്ടികൾക്കും പ്രവേശനം ലഭിക്കുമെന്ന് ഞാൻ ആവർത്തിച്ച് പറയുകയാണ്. മാത്രമല്ല, പ്രവേശനം ലഭിച്ചതിനുശേഷം ഏതെങ്കിലും കുട്ടികൾക്ക് ഇഷ്ടമുള്ള വിഷയങ്ങൾക്കുവേണ്ടി മറ്റേതെങ്കിലും സ്കൂളുകളിലേയ്ക്ക് സ്ഥലംമാറി പോകണമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഒഴിവ് വരുന്നമുറയ്ക്ക് പ്രത്യേക അനുമതി നൽകുമെന്നുള്ള കാര്യംകൂടി അറിയിക്കുകയാണ്.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: സർ, ഈ ദിവസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു പ്രത്യേകത, ഇന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ജന്മദിനംകൂടിയാണ്. അദ്ദേഹത്തിന് എല്ലാവിധ ജന്മദിനാശംസകളും പ്രത്യേകമായി നേരുകയാണ്. എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠനം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെയാണ് വിദ്യാകിരണം പദ്ധതി സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. ഈ പ്രതിസന്ധികളുടെയെല്ലാം പ്രത്യേക സാഹചര്യത്തിൽ കേരളത്തിലെ എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കിടയിലും നിറഞ്ഞ സ്വീകാര്യത നേടിയ പദ്ധതിയാണിത്. വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി എത്ര കുട്ടികൾക്കാണ് ഇനി ഉപകരണങ്ങൾ ലഭിക്കാനുള്ളത്; ഇവർക്ക് ഉപകരണങ്ങൾ ലഭിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഇതുസംബന്ധിച്ച് ഞാൻ നേരത്തെ പറഞ്ഞതാണ്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഇപ്പോൾ 38 ലക്ഷം കുട്ടികളാണുള്ളത്. 36,986 എസ്.സി. വിഭാഗം കുട്ടികൾക്കുൾപ്പെടെ 3.9 ലക്ഷം കുട്ടികൾക്കാണ് ഒക്ടോബർ മാസം അവസാനംവരെ ഓൺലൈൻ പഠനത്തിൽ ഡിജിറ്റൽ ഉപകരണങ്ങൾ ആവശ്യമുണ്ടായിരുന്നത്. ഇതിൽ ഒന്നാംഘട്ടത്തിൽ മുഴുവൻ എസ്.ടി. വിഭാഗം കുട്ടികൾക്കും 10, 12 ക്ലാസ്സുകളിലെ എസ്.സി. വിഭാഗം കുട്ടികൾക്കുമായി ആകെ 45,313 കുട്ടികൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്തുകഴിഞ്ഞു. അവശേഷിക്കുന്ന 3.44 ലക്ഷം കുട്ടികൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള ശ്രമങ്ങളാണ് വിദ്യാകിരണം പദ്ധതിയിലൂടെ നടക്കുന്നത്. ആദ്യഘട്ടത്തിനുള്ള 81.56 കോടി രൂപ സി.എം.ഡി.ആർ.എഫ്-ൽനിന്നാണ് കണ്ടെത്തിയത്. വിദ്യാകിരണം പോർട്ടൽ വഴി സമൂഹപങ്കാളിത്തത്തോടെ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തിവരുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, പരസ്പരമുള്ള വാദപ്രതിവാദമല്ല ഇവിടത്തെ പ്രശ്നം. കേരളത്തിൽ ഓൺലൈൻ വിദ്യാഭ്യാസം നേടാൻ കഴിയാത്ത പട്ടികജാതി വിഭാഗത്തിലെ ആയിരക്കണക്കിന് കുട്ടികൾ നമ്മുടെ നാട്ടിലുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. സർക്കാർ ശ്രമിച്ചിട്ടില്ലെന്നൊന്നും ഞാൻ പറയുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ആറ് യോഗം വിളിച്ച് ചേർത്തിരുന്നുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. കുറേയാളുകളോട് സഹായാഭ്യർത്ഥന നടത്തുകയും ചെയ്തിരുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ള പല കുടുംബങ്ങളിലെയും കുട്ടികൾക്ക് ഈ സൗകര്യ മില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. പട്ടികജാതി വകുപ്പിനെക്കൂടി ബന്ധപ്പെടുത്തി ഈ പദ്ധതി കുറേക്കൂടി ഫലപ്രദമായി നടപ്പാക്കാൻ കഴിയും. കൈറ്റിനെക്കുറിച്ചുള്ള ആക്ഷേപങ്ങൾ സംബന്ധിച്ച് ഞാൻ ഇവിടെ പറയുന്നില്ല. പട്ടികജാതി വകുപ്പിനെക്കൂടി ഉൾപ്പെടുത്തി കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ എത്തിക്കാൻ നടപടി സ്വീകരിക്കണം. പല സംസ്ഥാനങ്ങളും നല്ലൊരു ശതമാനം കുട്ടികൾക്കും സൗജന്യമായി ഡിജിറ്റൽ ഉപകരണങ്ങൾ നൽകിക്കഴിഞ്ഞിരിക്കുകയാണ്. സർക്കാരിന്റെ പരിശ്രമത്തെ ഞാൻ ചെറുതായി കാണുന്നില്ല. പക്ഷേ, ഡിജിറ്റൽ ഉപകരണങ്ങൾ പൂർണ്ണമായി ലഭിച്ചിട്ടില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. അതുകൊണ്ട് പട്ടികജാതി വകുപ്പുമായി ആലോചിച്ച് ഫലപ്രദമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ മുൻ പ്രതിപക്ഷനേതാവ് പല സംസ്ഥാനങ്ങളും പൂർണ്ണമായി കൊടുത്ത് കഴിഞ്ഞുവെന്ന് പറഞ്ഞല്ലോ.

ശ്രീ. രമേശ് ചെന്നിത്തല: സർ, പൂർണ്ണമായും കൊടുത്തുകഴിഞ്ഞുവെന്ന് ഞാൻ പറഞ്ഞില്ല. പല സംസ്ഥാനങ്ങളും സൗജന്യമായി നൽകിയെന്നാണ് പറഞ്ഞത്.

ശ്രീ. പിണറായി വിജയൻ: സർ, എങ്കിൽ അതിനെക്കുറിച്ച് അധികമായി പറയാനില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ നൽകുന്ന കാര്യത്തിൽ നല്ല പുരോഗതിയാണ് കേരളത്തിലുണ്ടായിട്ടുള്ളത്. അതിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പും ഫലപ്രദമായ പങ്കുവഹിച്ചിട്ടുണ്ട്. ആ വകുപ്പിന്റെകൂടി സഹകരണത്തോടെയാണ് കാര്യക്ഷമമായി ഇടപെടാൻ കഴിഞ്ഞിട്ടുള്ളത്. ഒറ്റപ്പെട്ട ചില പ്രശ്നങ്ങളാണ് ബാക്കിനിൽക്കുന്നത്. പൊതുവെ ഡിജിറ്റൽ ഉപകരണങ്ങൾ സർക്കാർ വാങ്ങിനൽകും. ഞാൻ ഇത്രയെണ്ണം കൊടുത്തുവെന്നും സർക്കാരിന് എന്തുകൊണ്ടാണ് നൽകാൻ കഴിയാത്തതെന്നും

ബഹുമാന്യനായ ഒരംഗം ഇവിടെ പറയുന്നതുകേട്ടു. ആ അംഗത്തിന് മാർക്കറ്റിൽനിന്നും വേഗം ഉപകരണങ്ങൾ വാങ്ങിക്കൊടുക്കാം. എന്നാൽ അതുപോലെ സർക്കാരിന് ചെയ്യാൻ കഴിയില്ല. നിയതമായ മാനദണ്ഡങ്ങൾ പാലിച്ചുമാത്രമേ സർക്കാരിന് കൊടുക്കാൻ സാധിക്കുകയുള്ളൂ. ആ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള നടപടിക്രമങ്ങളിലേയ്ക്ക് കടക്കുമ്പോൾ നേരിടേണ്ടിവരുന്ന ചില പ്രശ്നങ്ങളുണ്ട്. അതുകൊണ്ടാണ് സർക്കാർ ആഗ്രഹിച്ച വേഗതയിൽ കുട്ടികളുടെ കൈകളിൽ ഇവ എത്താതിരുന്നത്. ഡിജിറ്റൽ ഉപകരണങ്ങൾ കുട്ടികളുടെ കയ്യിലെത്തുമെന്നതിൽ യാതൊരു സംശയവുമില്ല. എല്ലാ കുട്ടികൾക്കും ഇത് പൂർണ്ണമായും വിതരണം ചെയ്യുകതന്നെ ചെയ്യും.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അവ എന്ന് കുട്ടികളുടെ കൈകളിലെത്തുമെന്നുള്ളതാണ് പ്രശ്നം.

ശ്രീ. പിണറായി വിജയൻ: സർ, നടപടിക്രമങ്ങൾ പൂർത്തിയായാൽ ഏത് നിമിഷത്തിലുമെത്താം.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ജി-സ്യൂട്ട് ഓൺലൈൻ പ്ലാറ്റ്ഫോമിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഓൺലൈൻ ക്ലാസ്സിനുവേണ്ടി തുടങ്ങിയിട്ടുള്ള സംവിധാനമാണ് ജി-സ്യൂട്ട് ഓൺലൈൻ പ്ലാറ്റ്ഫോം. ഡിജിറ്റൽ ക്ലാസ്സിനപ്പുറം കുട്ടികളുമായി നേരിട്ട് ബന്ധപ്പെടുന്നതിനുള്ള, ഗൂഗിൾ മീറ്റിംഗ് നടത്തുന്നതുപോലെയുള്ള ഒരു സംവിധാനമാണത്. ഇപ്പോൾത്തന്നെ നാനൂറോളം സ്കൂളുകളിൽ അത് പരീക്ഷിച്ച് വിജയകരമായി പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ജി-സ്യൂട്ട് പ്ലാറ്റ്ഫോം ഉപയോഗിച്ചുള്ള ഓൺലൈൻ ക്ലാസ്സുകൾ കൈറ്റിന്റെ നേതൃത്വത്തിലുള്ള 8, 9, 10 ക്ലാസ്സുകളിലാണ് ആരംഭിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി 49,781 ഹൈസ്കൂൾ അദ്ധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. 5,399 അദ്ധ്യാപകർക്കും 11.882 ലക്ഷം വിദ്യാർത്ഥികൾക്കും പ്രത്യേക ലോഗിൻ ഐ.ഡി-യും നൽകിയിട്ടുണ്ട്. ഇതിനുപുറമെ ഹയർ സെക്കൻഡറി അദ്ധ്യാപകർക്കുള്ള പരിശീലനം ഈ ആഴ്ച പൂർത്തിയാക്കി പ്ലസ് ടു ക്ലാസ്സുകൾ ഓൺലൈനായി നടത്താനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്ലസ് വൺ പൊതുപരീക്ഷയുള്ളതിനാലാണ് പ്ലസ് ടു ക്ലാസുകൾ ആരംഭിക്കാൻ കുറച്ച് വൈകിയത്. സ്കൂളുകൾ തുറന്ന സാഹചര്യംകൂടി പരിശോധിച്ചശേഷം ഒന്നുമുതൽ ഏഴുവരെയുള്ള ക്ലാസ്സുകളിലെ ഓൺലൈൻ പഠനസാദ്ധ്യത പരിശോധിക്കും. ഇതുൾപ്പെടെ നാല്പത് ലക്ഷത്തോളം ലോഗിൻ ഐ.ഡി. നിർമ്മിക്കുന്നതിനുള്ള സൗകര്യം ജി-സ്യൂട്ട് പ്ലാറ്റ്ഫോമിൽ കൈറ്റ് സജ്ജമാക്കിയിട്ടുണ്ട്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഡിജിറ്റൽ ഉപകരണങ്ങൾ കൊടുക്കുന്നതുപോലെ കിഫ്ബി വഴിയും എം.എൽ.എ-മാരുടെ അസറ്റ് ഡെവലപ്മെന്റ് ഫണ്ട് മുഖേനയുമൊക്കെ നിരവധി കെട്ടിടങ്ങൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ മാസവും 3 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്തു. മനോഹരങ്ങളായ കെട്ടിടങ്ങളുണ്ടെങ്കിലും സ്കൂളുകൾ തുറക്കുന്ന സമയത്തുപോലും അവിടെയൊന്നും ആവശ്യത്തിനുള്ള ഫർണിച്ചറില്ല. ഇത്തരം സ്കൂളുകളിൽ ഫർണിച്ചർ നൽകാനുള്ള ഫണ്ട് ഗവൺമെന്റ് നൽകുമോ; അതിന് എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നത്?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, അധികാര വികേന്ദ്രീകരണ നിയമമനുസരിച്ച് ജില്ലാപഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളാണ് ഹൈസ്കൂളുകളുടെയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും നേതൃത്വവും നിയന്ത്രണവും വഹിക്കുന്നത്. സംസ്ഥാന ഗവൺമെന്റ് കിഫ്ബിയിൽനിന്ന് കോടിക്കണക്കിന് രൂപയാണ് മുതൽമുടക്കുന്നത്. കേരളത്തിലെ എല്ലാ സ്കൂളുകളിലെയും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി കിഫ്ബിയിൽനിന്നും കഴിഞ്ഞ വർഷം 5,000 കോടി രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻകയ്യെടുക്കുന്നതിനുള്ള പരിശ്രമം എം.എൽ.എ-മാർ നടത്തണം. ഇതുകൂടാതെ പാരന്റ് ടീച്ചേഴ്സ് അസോസിയേഷൻ വിചാരിച്ചാലും സഹായങ്ങൾ ചെയ്യാൻ കഴിയും. അങ്ങനെ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുകയുള്ളൂ. അല്ലാതെ കേരളത്തിൽ പുതിയതായി നിർമ്മിച്ച മുഴുവൻ കെട്ടിടങ്ങളിലും തിരുവനന്തപുരത്തുള്ള വിദ്യാഭ്യാസ വകുപ്പിന്റെ ഏതെങ്കിലും കേന്ദ്രത്തിൽനിന്ന് ഫർണിച്ചർ സപ്ലൈ ചെയ്യുക എന്നുപറയുന്നത് നടക്കാൻപോകുന്ന കാര്യമല്ലെന്ന് നമുക്കെല്ലാവർക്കും അറിയാം.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, കോവിഡ് സൃഷ്ടിച്ച കടുത്ത പ്രതിസന്ധി ഘട്ടത്തിലും അദ്ധ്യാപകർക്ക് കൃത്യമായി ട്രെയിനിംഗ് കൊടുത്തുകൊണ്ട് ഓൺലൈൻ സംവിധാനത്തിൽ കുട്ടികളെ പഠിപ്പിക്കാൻ സൗകര്യങ്ങൾ നൽകിയതിലൂടെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തത പുലർത്തി കേരളം മാതൃകയായി. യു.ഡി.എഫ്. അംഗങ്ങൾ പരാതി പറയുമ്പോഴും ഈ നേട്ടം അംഗീകരിക്കാൻ അവർ തയ്യാറാകുന്നില്ല. നമ്മൾ മികച്ച രീതിയിൽ മുന്നോട്ടുപോകുകയാണ്. ഇപ്പോൾ ഓൺലൈൻ ക്ലാസ്സിനുപകരം സാധാരണ ക്ലാസ്സ് തുടങ്ങിക്കഴിഞ്ഞു. അതുകൊണ്ടുതന്നെ സ്കൂളുകളിൽ കൂടുതൽ ലാബുകളും മറ്റ് സൗകര്യങ്ങളുമൊരുക്കി കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യം മെച്ചപ്പെടുത്തുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, പ്രതിപക്ഷത്തുള്ള എല്ലാ അംഗങ്ങളും എതിർത്തിട്ടില്ല. ശ്രീ. രമേശ് ചെന്നിത്തലയൊക്കെ പോസിറ്റീവായാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ആറ് യോഗങ്ങൾ വിളിച്ചുചേർത്തതായി അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. പൊതുവിൽ അവരെല്ലാം സർക്കാരിനോട് സഹകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ട് മാസങ്ങൾക്കുമുമ്പ് 44 സ്കൂളുകളിലെ ലാബുകൾ ഉദ്ഘാടനം ചെയ്തു. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കഴിഞ്ഞ പ്രാവശ്യം ഇൻഫ്രാസ്ട്രക്ചർ മെച്ചപ്പെടുത്തുന്നതിനായിരുന്നു മുൻതൂക്കം നൽകിയിരുന്നത്. ഈ വർഷം അക്കാദമിക് കാര്യങ്ങൾക്കാണ് മുൻതൂക്കം കൊടുക്കേണ്ടിവരുന്നത്. അതിന്റെയടിസ്ഥാനത്തിൽ ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിനുവേണ്ടി 14 കോടി രൂപയാണ് മാറ്റിവച്ചിട്ടുള്ളത്. ലാബ്, ലൈബ്രറി തുടങ്ങിയവ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാം.

ശ്രീ. പി. പി. സുമോദ്: സർ, വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടം വിതരണം ചെയ്ത ഡിജിറ്റൽ ഉപകരണങ്ങളുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, 10, 12 ക്ലാസ്സുകളിലെ മുഴുവൻ എസ്.ടി. കുട്ടികൾക്കും ലാപ്ടോപ് വിതരണം ചെയ്യുന്ന വിദ്യാകിരണം പദ്ധതിയുടെ ആദ്യഘട്ടം ഒക്ടോബർ 25-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. അതനുസരിച്ച് കൈറ്റിന്റെ 14 ജില്ലാ ഓഫീസുകൾവഴി അതിന്റെ വിതരണം നടന്നുകൊണ്ടിരിക്കുകയാണ്. ആദ്യഘട്ടത്തിൽ 45,313 ലാപ്ടോപ്പുകളാണ് എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വിതരണം ചെയ്തിട്ടുള്ളത്. ഇതിൽ വയനാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ ലാപ്ടോപ്പുകൾ ലഭ്യമാക്കിയിട്ടുള്ളത്. വയനാട് - 17,129, പാലക്കാട് - 7,575, കാസർഗോഡ്- 3,638, കണ്ണൂർ - 2,804, മലപ്പുറം - 2,792, ഇടുക്കി -2,355, തൃശ്ശൂർ - 2,095, കൊല്ലം - 1,243 എന്നിങ്ങനെയാണ് വിതരണം ചെയ്തിട്ടുള്ളത്.

മി.സ്പീക്കർ: ഓർഡർ.....ഓർഡർ....ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ബൈപ്പാസ് റോഡുകളുടെ നിർമ്മാണ പുരോഗതി

3(*543) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗതാഗതക്കുരുക്കും അപകടങ്ങളും ഒഴിവാക്കി യാത്ര സുഗമവും വേഗത്തിലുമാക്കണമെന്ന ഉദ്ദേശ്യത്തോടെ കഴിഞ്ഞ സർക്കാർ ആരംഭിച്ച ബൈപാസ് റോഡുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

(എ&ബി) വിലയിരുത്തിയിട്ടുണ്ട്. നിരത്ത് വിഭാഗത്തിന് കീഴിൽ നടപ്പിലാക്കി വരുന്ന ബൈപ്പാസ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം ഡിവിഷൻ: ശാർക്കര - മഞ്ചാടിമൂട് ബൈപ്പാസ് - പൂർത്തീകരിച്ചു.

വർക്കല ബൈപ്പാസ്-ഭൂമി ഏറ്റെടുക്കൽ പ്രക്രിയ പുരോഗമിക്കുന്നു.

കോട്ടയം ഡിവിഷൻ: പട്ടിത്താനം-മണർക്കാട് ബൈപ്പാസ്- (റീച്ച്-3) - പ്രവൃത്തി പുരോഗമിക്കുന്നു. നിർമ്മാണം 2022 ജനുവരി 30-ന് പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കടുത്തുരുത്തി ബൈപ്പാസ് - 2014-15 കാലയളവിൽ ഭരണാനുമതി ലഭിച്ച കടുത്തുരുത്തി ബൈപ്പാസിന്റെ നിർമ്മാണം 2018-ൽ ആരംഭിച്ചു. ആയതിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

മൂവാറ്റുപുഴ ഡിവിഷൻ: കോതമംഗലം നിയോജകമണ്ഡലത്തിലെ തങ്കളം-കോഴിപ്പിള്ളി ബൈപ്പാസിന്റെ ആദ്യ റീച്ചിലെ വിവിധ പണികൾ പുരോഗമിച്ചു വരുന്നുണ്ട്. രണ്ടാം റീച്ചിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നൽകിയിട്ടുണ്ട്.

ഇടുക്കി ഡിവിഷൻ: അടിമാലി ബൈപ്പാസ് നിർമ്മാണം എന്ന പ്രവൃത്തി നടപ്പിലാക്കി വരുന്നു.

ആലപ്പുഴ ഡിവിഷൻ: മാവേലിക്കര നിയോജകമണ്ഡലത്തിലെ കണ്ടിയൂർ ബൈപ്പാസ് പ്രവൃത്തി പൂർത്തികരിച്ചിട്ടുള്ളതാണ്.

തോട്ടപ്പള്ളി-കൊട്ടാരവളവ് ബൈപ്പാസ്- ടെണ്ടർ നടപടികളിലാണ്.

മഞ്ചേരി ഡിവിഷൻ: നിലമ്പൂർ നിയോജകമണ്ഡലത്തിലെ നിലമ്പൂർ ബൈപ്പാസിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. നിലവിൽ സ്ഥലം ഏറ്റെടുക്കുന്നത് വൈകുന്നതിനാലാണ് നിർമ്മാണപ്രവൃത്തി വൈകുന്നത്. വളാഞ്ചേരി-തിരൂർ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്:

പുത്തൂർ-ചെനക്കൽ ബൈപ്പാസ് (കോട്ടയ്ക്കൽ ബൈപ്പാസ് 3rd റീച്ച്) നിർമ്മാണ പ്രവൃത്തി ലാൻഡ് അക്വിസിഷൻ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് Hindrance free land പൊതുമരാമത്ത് വകുപ്പിലേയ്ക്ക് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളൂ. ഒരാടം പാലം-മാനത്ത് മംഗലം ബൈപ്പാസ് റവന്യൂ ഉത്തരവിനും റെയിൽവെ General Arrangement Drawings (GADs)-ക്കും വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. താനൂർ നിയോജകമണ്ഡലത്തിലെ തിരൂർ-മലപ്പുറം റോഡിൽ വൈലത്തൂർ ടൗണിലെ ഗതാഗതകുരുക്ക് മാറുന്നതിനായി ബംഗ്ലാംകുന്ന് ഒറവുങ്ങൽ ബൈപ്പാസിന് ഭരണാനുമതി ലഭിച്ചിരുന്നെങ്കിലും ആവശ്യമായ സ്ഥലം വിട്ടുകിട്ടാത്തതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.

കോഴിക്കോട് ഡിവിഷൻ: ഓമശ്ശേരി ടൗൺ ബൈപ്പാസ് നിർമ്മാണത്തിന്റെ പ്രാരംഭനടപടികൾ ആരംഭിക്കുകയും ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിനുകീഴിൽ കൊല്ലം ബൈപ്പാസ്, ആലപ്പുഴ ബൈപ്പാസ് എന്നിവയുടെ പ്രവൃത്തി പൂർത്തീകരിച്ച് ഗതാഗതത്തിന്

തുറന്നുകൊടുത്തിട്ടുണ്ട്. കൂടാതെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിൽ വരുന്ന ബൈപ്പാസുകളുടെ വിശദാംശങ്ങൾ അനുബന്ധം- 1 ആയി ചേർത്തിരിക്കുന്നു*. കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റോഡ് കണക്റ്റിവിറ്റി പാക്കേജിൽ ഉൾപ്പെട്ട റോഡുകൾ കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി നാലുവരിപ്പാതയായി തത്വത്തിൽ അംഗീകാരം നൽകിയ നാല് റോഡുകൾ വികസിപ്പിക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കിഫ്ബി മുഖേന ആർ.ബി.ഡി.സി.കെ-യെ 12 ബൈപ്പാസ് പദ്ധതികളാണ് ഏൽപ്പിച്ചിട്ടുള്ളത്. പദ്ധതിയുടെ നിർമ്മാണം, സ്ഥലമെടുപ്പ്, പദ്ധതിരേഖ തയ്യാറാക്കൽ എന്നിവ വിവിധ ഘട്ടങ്ങളായി നടന്നുവരികയാണ്. വിശദാംശം അനുബന്ധം-2 ആയി ചേർക്കുന്നു.* പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി സ്ഥലമേറ്റെടുപ്പ് വേഗത്തിലാക്കാൻ അധികാരികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എവിടെയെല്ലാമാണ് പുതുതായി ബൈപ്പാസ് റോഡുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റോഡ് കണക്റ്റിവിറ്റി പാക്കേജിൽ ഉൾപ്പെട്ട കേളകം ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിന് അംഗീകാരം നൽകുകയും പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് M/s IDeCK എന്ന കമ്പനിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) വിഴിഞ്ഞം-പാരിപ്പള്ളി ഔട്ടർ റിംഗ് റോഡ് നിർമ്മാണം ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

വിഴിഞ്ഞം-പാരിപ്പള്ളി ഔട്ടർ റിംഗ് റോഡ് ഭാരതമാല ഫേസ്-1-ൽ ഉൾപ്പെടുത്തി അനുമതി നൽകണമെന്ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പ്രളയത്തിൽ പൊതുമരാമത്ത് റോഡുകൾക്കുണ്ടായ നാശനഷ്ടം

4(*544) ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. എം. എം. മണി:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആവർത്തിച്ചുണ്ടാകുന്ന അതിതീവ്ര മഴയും പ്രളയവും ഈ വർഷം പൊതുമരാമത്ത് റോഡുകൾക്കുണ്ടാക്കിയിട്ടുള്ള നാശനഷ്ടത്തിന്റെ വ്യാപ്തി കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

കണക്കാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ആവർത്തിച്ചുണ്ടാകുന്ന അതിതീവ്ര മഴയും ചുഴലികൊടുങ്കാറ്റുകളും കൂടാതെ ടൗട്ടെ, യാസ് ചുഴലിക്കാറ്റ്, ഒക്ടോബറിലുണ്ടായ അതിവർഷം എന്നിവമൂലവും നിരത്തുവിഭാഗത്തിന് 210.73 കോടി രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദമായ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.* ദേശീയപാതാ വിഭാഗത്തിനുകീഴിൽ വരുന്ന റോഡുകളിൽ 14.60 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. എൻ.എച്ച്. 183-ൽ 12.25 കോടി രൂപയുടെയും എൻ.എച്ച് 183 A-യിൽ 1.119 കോടി രൂപയുടെയും എൻ.എച്ച്. 185-ൽ 3 ലക്ഷം രൂപയുടെയും എൻ.എച്ച്. 766-ൽ 0.45 കോടി രൂപയുടെയും എൻ.എച്ച്. 966-ൽ 0.75 കോടി രൂപയുടെയും നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യക്ക് കൈമാറിയ റോഡുകളിലുണ്ടായ നാശനഷ്ടത്തിന്റെ എസ്റ്റിമേറ്റ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കെ.എസ്.ടി.പി. വിഭാഗത്തിനുകീഴിൽ പുനലൂർ-പൊൻകുന്നം സംസ്ഥാന പാതയിൽ പൊൻകുന്നം-പ്ലാച്ചേരി റീച്ചിൽ ഏകദേശം 2 കോടി രൂപയുടെ നഷ്ടം കണക്കാക്കുന്നു. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്തുന്ന മല്ലപ്പള്ളി-കോമളം റോഡിലെ ഏകദേശം 30 മീറ്ററോളം വരുന്ന ഭാഗത്തിനും താവളം-മുള്ളി സംസ്ഥാന പാതയിലെ നിർമ്മാണത്തിലിരിക്കുന്ന കി.മീ. 17/570-ലുള്ള കൾവർട്ടിന് സമാന്തരമായി ഉണ്ടാക്കിയ താൽക്കാലികപാതയ്ക്കും നാശനഷ്ടം സംഭവിച്ചിരുന്നു.

(ബി) തകർന്ന റോഡുകൾ സത്വരമായി പൂർവ്വസ്ഥിതിയിലാക്കുന്നതിനും പുനർനിർമ്മിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുമുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിരത്തു വിഭാഗത്തിനുകീഴിൽ ഗതാഗതം മുടങ്ങിയ റോഡുകളിൽ ഗതാഗത തടസ്സം നീക്കി പുന:സ്ഥാപിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും താൽക്കാലികമായി ഗതാഗത യോഗ്യമാക്കുന്ന തിനാവശ്യമായ അറ്റകുറ്റപ്പണികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുമുണ്ട്. ദേശീയപാതാ വിഭാഗത്തിനുകീഴിൽ തകർന്ന റോഡുകൾ പുനരുദ്ധരിക്കുന്നതിന് 14.60 കോടി രൂപ എഫ്.ഡി.ആർ. 2021-22-നുകീഴിൽ കേന്ദ്ര ഗതാഗത ഹൈവേ മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. കെ.എസ്.ടി.പി. വിഭാഗത്തിനുകീഴിൽ താവളം-മുള്ളി സംസ്ഥാന പാത പുന:സ്ഥാപിച്ചിട്ടുണ്ട്. കെ.ആർ.എഫ്.ബി. വിഭാഗത്തിന്റെ അധീനതയിലുള്ള കടൽക്ഷോഭത്തിൽ തകർന്ന ശംഖുമുഖം-വിമാനത്താവളം റോഡിന്റെ സംരക്ഷണഭിത്തി പുനർനിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞു.

(സി) മഴക്കെടുതിയെ അതിജീവിക്കുന്ന തരത്തിൽ റോഡുകളുടെ രൂപകല്പനയും നിർമ്മാണരീതിയും പ്രാവർത്തികമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അനുയോജ്യ നൂതന സാങ്കേതികവിദ്യകളും നിർമ്മാണരീതിയും നിർമ്മാണസാമഗ്രികളും വ്യാപകമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

നിരത്തു വിഭാഗത്തിനുകീഴിൽ പ്രളയത്തെയും ഉരുൾപൊട്ടൽമൂലമുള്ള നാശനഷ്ടങ്ങളേയും അതിജീവിക്കുന്ന തരത്തിലുള്ള റോഡ് നിർമ്മാണത്തിന്റെ സാദ്ധ്യതകൾ പരിശോധിക്കുകയും സ്ഥിരമായി നാശനഷ്ടം നേരിട്ട റോഡുകൾ ദുരന്തങ്ങളെ അതിജീവിക്കുന്നതിന് അനുയോജ്യമായ സാങ്കേതികവിദ്യ ഉപയോഗിച്ച് പുനർനിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. പ്രളയാനന്തര പുനർനിർമ്മാണത്തിന്റെ ഭാഗമായി റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്.ടി.പി. മുഖേന റോഡുകൾ നിർമ്മിച്ചുവരുന്നു. ദീർഘകാലം ഈടുനിൽക്കുന്ന രീതിയിലുള്ള ഡിസൈൻ തയ്യാറാക്കി ബി.എം. & ബി.സി. റോഡുകൾ നിർമ്മിക്കുന്നുണ്ട്. 15 വർഷം മുതൽ 20 വർഷം വരെ ഈടുനിൽക്കുന്ന വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുന്നതിന് നിലവിലുള്ള റോഡ് വെട്ടിയെടുത്ത് സിമന്റും പ്രത്യേകതരം പൾവറൈസറും ചേർത്ത് കുഴച്ച് ടി ഭാഗത്ത് തന്നെ ഇടുകയും ചെയ്യുന്ന ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി, ജർമ്മൻ നിർമ്മിത മില്ലിംഗ് യന്ത്രം ഉപയോഗിച്ചുള്ള കോൾഡ് ഇൻപ്ലേസ് റീസൈക്ലിംഗ് നിർമ്മാണരീതി എന്നിവയും നടപ്പിലാക്കുന്നതിനുള്ള

നടപടി സ്വീകരിച്ചുവരുന്നു. സ്വാഭാവിക റബ്ബർ, കയർ-ജിയോ ടെക്സ്റ്റയിൽ, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് എന്നിവ ഉപയോഗിച്ച് പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ റോഡ് നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകിവരുന്നു. ഉരുൾപൊട്ടൽ സാദ്ധ്യതയുള്ള പ്രദേശങ്ങളിലെ ചരിവുകളുടെ സംരക്ഷണത്തിനായി ജിയോ ടെക്സ്റ്റൈൽസ്, ഗാബിയോൺ വാൾ, ടർഫിംഗ് തുടങ്ങിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുവരുന്നു. പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിനുകീഴിൽ മഴക്കെടുതിയെ അതിജീവിക്കുന്ന തരത്തിലുള്ള റോഡുനിർമ്മാണം ഉറപ്പാക്കാൻ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി ഒരു റോഡ് മെയിന്റനൻസ് ആൻഡ് മാനേജ്മെന്റ് സിസ്റ്റം (ആർ.എം.എം.എസ്.) സജ്ജീകരിച്ചുവരുന്നു. ഇത് പാരിസ്ഥിതിക വിവരങ്ങളും പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളുടേയും മറ്റ് വിവരങ്ങളുടെയും അടിസ്ഥാനത്തിൽ റോഡ് ഡിസൈൻ ചെയ്യാൻ സഹായകമാണ്. ഇതിനായി വിവരം ശേഖരിക്കാൻ കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് സെല്ലിന്റെ സഹായവും തേടുന്നതാണ്. ഇതിനോടനുബന്ധമായി ഒരു climate cell കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ സ്ഥാപിക്കാനും തീരുമാനമായിട്ടുണ്ട്. മഴക്കെടുതികളെ പ്രതിരോധിക്കാൻ കഴിവുള്ള ഡെൻസ് ഗ്രേഡഡ് ബിറ്റുമിനസ് മെക്കാഡം (ഡി.ബി.എം.), ബിറ്റുമിനസ് കോൺക്രീറ്റ് (ബി.സി.) എന്നിവ റോഡിന്റെ രൂപകല്പനയിൽ ഉൾപ്പെടുത്താറുണ്ട്. റോഡിന്റെ രൂപകല്പനയിൽ ഉപരിതലത്തിനും ഡ്രെയിനേജ് ഫെസിലിറ്റിക്കും ആവശ്യമായ ജി.എസ്.ബി., ഇരുവശത്തും മഴവെള്ളത്തെ ഉൾക്കൊള്ളാൻ ശേഷിയിൽ ഓടകൾ എന്നിവ റോഡ് സ്ട്രക്ചറിന് അനുയോജ്യമായി ഉൾപ്പെടുത്താറുണ്ട്. ദേശീയപാതാ വിഭാഗത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെയും ഐ.ആർ.സി-യുടെയും മാനദണ്ഡങ്ങൾ പ്രകാരമാണ്. ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ്, ഡെൻസ് ബിറ്റുമിനസ് മെക്കാഡം എന്നിവ ഉപയോഗിച്ച് ഉപരിതലം പുതുക്കാറുണ്ട്. ആധുനിക സാങ്കേതികവിദ്യയായ കോൾഡ് ഇൻ പ്ലേസ് റീസൈക്ലിംഗ് ഉപരിതലം പുതുക്കുന്ന പ്രവൃത്തികളും ബലപ്പെടുത്തൽ പ്രവൃത്തികളും നടപ്പിലാക്കുന്നുണ്ട്. ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളുടെ നിർമ്മാണം Natural Rubber Modified Bitumen ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്. കെ.ആർ.എഫ്.ബി. വിഭാഗത്തിനുകീഴിൽ തിരുവനന്തപുരം നഗരപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് റോഡ് പ്രോജക്ട് 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചില റോഡുകളുടെ വൈറ്റ്ടോപ്പിംഗ് ടെക്നോളജി ഉപയോഗപ്പെടുത്തി പ്രവൃത്തി പൂർത്തീകരിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

## കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്

5(*545) ശ്രീ. എം. മുകേഷ്:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനങ്ങളെ തൊഴിലിന് പ്രാപ്തരാക്കി മാറ്റുന്നതിന്റെ ഭാഗമായി ജില്ലകളിൽ ആരംഭിച്ച എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്ത് യുവജനങ്ങളെ തൊഴിലിന് പ്രാപ്തരാക്കി മാറ്റുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ആരംഭിച്ച എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനം മികവുറ്റ രീതിയിൽ ഫലപ്രദമായി മുന്നേറുകയാണ്. എംപ്ലോയബിലിറ്റി സെന്ററുകളിൽ 2,25,804 പേർ രജിസ്റ്റർ ചെയ്യുകയും പരിശീലനം നൽകിയ 1,45,269 ഉദ്യോഗാർത്ഥികളിൽ 72,734 പേർക്ക് സ്വകാര്യ മേഖലയിലെ വിവിധ സ്ഥാപനങ്ങളിൽ ജോബ് ഓഫറുകൾ നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സെന്ററുകൾ മുഖേന നാളിതുവരെയായി 1931 ജോബ് ഡ്രൈവുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കുന്നതിന് എത്രമാത്രം സാധ്യമായിട്ടുണ്ട് എന്ന് അറിയിക്കാമോ;

(സി) ഇടനിലക്കാരില്ലാതെ കഴിവിനനുസരിച്ചുള്ള തൊഴിൽ കണ്ടെത്താൻ സഹായകമാകുംവിധം കെയിസ് പ്രത്യേക സ്കിൽ രജിസ്ട്രി ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

(ബി&സി) സംസ്ഥാന നൈപുണ്യ വികസന മിഷനെന്ന നിലയിൽ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് നടപ്പിലാക്കിവരുന്ന നൈപുണ്യ വികസന പദ്ധതികൾ ആഗോളതലത്തിലെ തൊഴിൽ സാദ്ധ്യതകൾക്കൂടി

പ്രയോജനപ്പെടുത്താൻ സഹായിക്കുന്ന തരത്തിലുള്ളവയാണ്. വിവിധ മേഖലകളിൽ ലളിതവും വേഗത്തിലും കാര്യക്ഷമവുമായി മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ഇന്റർനാഷണൽ സ്കിൽ ട്രെയിനിംഗ് ആൻഡ് എംപ്ലോയബിലിറ്റി പ്രോഗ്രാം (iSTEP) എന്ന പേരിൽ ഒരു നവീന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ലഭ്യമാകുന്ന പ്രൊപ്പോസലുകൾ വിദഗ്ദ്ധ കമ്മിറ്റിയുടെ സൂക്ഷ്മപരിശോധനയ്ക്കും മൂല്യനിർണ്ണയത്തിനും വിധേയമായതിന്റെ അടിസ്ഥാനത്തിലാണ് പരിശീലന പങ്കാളികളെ തെരഞ്ഞെടുക്കുന്നത്. വിവിധ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഓയിൽ & റിഗ്, നിർമ്മാണ മേഖല, നഴ്സിംഗ്, റിന്യൂവബിൾ എനർജി, കായികം, ഭാഷാ പരിശീലനം തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ കേരളത്തിലെ വിവിധ ജില്ലകളിലായി പ്രവർത്തിച്ചുവരുന്നു. നൈപുണ്യ പരിശീലനവുമായി ബന്ധപ്പെട്ട കേന്ദ്ര പദ്ധതികളായ പ്രധാനമന്ത്രി കൗശൽ വികാസ് യോജന (PMKVY), SANKALP-(Skill Acquisition and Knowledge Awareness for Livelihood Promotion) എന്നിവ സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംസ്ഥാന നൈപുണ്യ വികസന മിഷനായ KASE ആണ്. തൊഴിൽ രംഗങ്ങളിൽ വിദഗ്ദ്ധരായവരുടെ സേവനം ലഭ്യമാക്കാനുതകുന്ന തരത്തിലുള്ള ഒരു ഏകജാലക സംവിധാനം-"സ്റ്റേറ്റ് ജോബ് പോർട്ടൽ" , വ്യാവസായിക പരിശീലന വകുപ്പ്, എംപ്ലോയ്മെന്റ് വകുപ്പ്, കുടുംബശ്രീ എന്നിവയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന മൊബൈൽ ആപ്ലിക്കേഷൻ ആയ "സ്കിൽ രജിസ്ട്രി" എന്നിവ KASE മുഖേന നടപ്പിലാക്കുന്നു. 2008-ൽ ആരംഭിക്കുകയും 2014-ൽ കേരള സ്കിൽസ് എക്സലൻസിൽ ലയിച്ച് അതിന്റെ ഒരു പ്രോജക്റ്റ് യൂണിറ്റായി മാറുകയും ചെയ്ത സ്ഥാപനമാണ് കേരളാ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ. വിവിധ മേഖലകളിൽ പരിചയസമ്പന്നരായ ഡിസൈനർമാരെ സൃഷ്ടിക്കുക, ആധുനിക ഡിസൈൻ സാങ്കേതികവിദ്യയുടെ പ്രായോഗികത ലഭ്യമാക്കി പരമ്പരാഗത കരകൗശലമേഖലയെ പുരോഗതിയിലേയ്ക്ക് നയിക്കുക എന്നീ ലക്ഷ്യങ്ങളോടെ ഡിസൈൻ മേഖലയിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് കെ.എസ്.ഐ.ഡി. KASE-ന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പൊതുമരാമത്ത് പണികൾക്ക് പ്രവർത്തന കലണ്ടർ

6(*546) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എച്ച്. സലാം:
ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണത്തിലെയും പരിപാലനത്തിലെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സോഷ്യൽ ഓഡിറ്റിംഗിനെ ജനകീയവൽക്കരിച്ച് കരാറുകാരന്റെയും മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥരുടെയും ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങളും ന്യൂനത പരിഹാരബാദ്ധ്യതാ കാലയളവ് സംബന്ധിച്ചുള്ള വിവരങ്ങളും പൊതുമരാമത്ത് പണികളും വെബ്സൈറ്റിൽ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ?

സോഷ്യൽ ഓഡിറ്റിംഗിനെ ജനകീയവൽക്കരിക്കുന്നതിന്റെ ഭാഗമായി റോഡ് പ്രവൃത്തികളുടെയും കരാറുകാരന്റെയും മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥരുടെയും വിശദാംശങ്ങൾ, ന്യൂനത പരിഹാര ബാധ്യതാ (DLP) കാലയളവ് തുടങ്ങിയ വിവരങ്ങൾ കൂടാതെ ടോൾ ഫ്രീ നമ്പർ എന്നിവ പൊതുമരാമത്ത് വെബ്സൈറ്റിൽ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

(ബി) പൊതുമരാമത്ത് പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും കാലാവസ്ഥയ്ക്കനുസൃതമായി മാത്രം നിർമ്മാണം നടത്തുന്നതിനും പ്രവർത്തന കലണ്ടർ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ഓരോ സാമ്പത്തികവർഷത്തിലും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകുന്നതിനും തുടർന്ന് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച പ്രവൃത്തികൾ ആരംഭിക്കുന്നതിനും നിശ്ചിത സമയക്രമം പാലിക്കുന്നതിനുമായി പ്രവർത്തന കലണ്ടർ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം കാലാവസ്ഥാ വ്യതിയാനത്തിനനുസൃതമായി നിർമ്മാണപ്രവൃത്തികൾ നടപ്പിലാക്കുന്നതിന് മാർഗ്ഗരേഖ തയ്യാറാക്കാൻ സാധിക്കുന്നതാണ്. നിലവിൽ പ്രവൃത്തികൾ സമയബന്ധിതമായി കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. പ്രവൃത്തികളിൽ വീഴ്ചവരുത്തുന്ന കരാറുകാർക്കെതിരെ SBD, PWD Manual എന്നിവ പ്രകാരമുള്ള കർശന നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

## ദുരന്ത നിവാരണ, ലഘൂകരണ സംവിധാനം

7(*547) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതി ദുരന്തങ്ങൾ വർദ്ധിക്കുന്നതിന്റെ കാരണങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

കേരളത്തിൽ 2018 മുതലുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളിൽ ഭൂരിഭാഗവും അതിതീവ്ര മഴയുടെ ഭാഗമായാണ് ഉണ്ടായിട്ടുള്ളത്. ആവർത്തിച്ചുവരുന്ന തീവ്രമായ മഴയുടെയും തുടർന്നുണ്ടാകുന്ന പ്രളയത്തിന്റെയും ഉരുൾപൊട്ടലിന്റെയും കാരണങ്ങൾ പരിശോധിക്കുന്നതിനായി ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ 22-8-2019-ലെ സ.ഉ. (സാധാ) നമ്പർ42/2019/ശാ.സാ.വ. പ്രകാരം ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. 20-10-2021-ൽ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) മഴക്കെടുതികളും പ്രകൃതി ദുരന്തങ്ങളും വർദ്ധിച്ച സാഹചര്യത്തിൽ അവയെ നേരിടുന്നതിനും ദുരന്ത ലഘൂകരണത്തിനുമായി എന്തൊക്കെ സജ്ജീകരണങ്ങളും സംവിധാനങ്ങളുമാണ് ഒരുക്കിയിട്ടുള്ളതെന്നും എന്തൊക്കെയാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

കേരളത്തിൽ 2018 മുതലുണ്ടാകുന്ന പ്രകൃതിദുരന്തങ്ങളിൽ ഭൂരിഭാഗവും അതിതീവ്ര മഴയുടെ ഭാഗമായാണുണ്ടായിട്ടുള്ളത്. 2018-ലെ മഹാപ്രളയം, 2019-ലെ പ്രളയം, നിപ്പ പോലുള്ള മഹാമാരികൾ, കോവിഡ്-19-ന്റെ അതിരൂക്ഷമായ വ്യാപനം എന്നിവ സാമൂഹ്യ-സാമ്പത്തിക മേഖലകളിൽ കനത്ത ആഘാതം ഏൽപ്പിച്ചിട്ടുള്ളതാണ്. എന്നിരുന്നാലും ഇത്തരം ദുരന്തങ്ങളെ ഫലപ്രദമായി ചെറുക്കാൻ സംസ്ഥാനത്തെ ദുരന്ത നിവാരണ സംവിധാനത്തിന് കഴിഞ്ഞിട്ടുണ്ട്. പലവിധത്തിലുള്ള ദുരന്ത പ്രതികരണ പ്രവർത്തനങ്ങളും പദ്ധതികളും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇവയെല്ലാം ദുരന്തങ്ങളുടെ തീവ്രത കുറയ്ക്കുവാനും ജനജീവിതത്തെ സാധാരണഗതിയിൽ നിലനിർത്തിക്കൊണ്ടുപോകുവാനും കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ പ്രളയങ്ങളുടെ പശ്ചാത്തലത്തിൽ സർക്കാർ നിർദ്ദേശപ്രകാരം ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയോ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിയോഗിച്ച വിദഗ്ദ്ധ സംഘമോ നടത്തിയ പഠനത്തിൽ

വാസയോഗ്യമല്ലെന്ന് കണ്ടെത്തുന്ന സ്ഥലങ്ങളിൽനിന്ന് മാറിത്താമസിക്കുന്നതിന് വസ്തു വാങ്ങി വീട് നിർമ്മിക്കുന്നതിനോ വസ്തുവും വീടും ഒരുമിച്ച് വാങ്ങുന്നതിനോ 10 ലക്ഷം രൂപ അനുവദിക്കും. മറ്റു ദുരന്തങ്ങളിൽനിന്നും പാഠം ഉൾക്കൊണ്ടുകൊണ്ട് തന്നെ സംസ്ഥാന ജില്ലാ ദുരന്ത നിവാരണ പ്ലാനുകൾ പുതുക്കി തയ്യാറാക്കി കൊണ്ടിരിക്കുന്നതും ഇന്ത്യയിൽ ആദ്യമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിലുള്ള ദുരന്ത നിവാരണ പ്ലാനുകൾ തയ്യാറാക്കിയിട്ടുള്ളതുമാണ്. കടലാക്രമണവും കടൽകയറ്റവും സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിക്കുകയും ഇവ ആശങ്കയിലാഴ്ത്തുന്ന തീരദേശ വാസികൾക്കായി അവതരിപ്പിച്ച പുനരധിവാസ പാക്കേജ് പ്രകാരം അപകടകരമായ തീരങ്ങളിൽ താമസിക്കുന്നവർക്കും 50 മീറ്റർ വേലിയേറ്റ പരിധിയിലുള്ളവർക്കും സുരക്ഷിതമായ ഇടങ്ങളിൽ ഭൂമി വാങ്ങി വീട് നിർമ്മിക്കുന്നതിനുവേണ്ടി 10 ലക്ഷം രൂപ വരെ സർക്കാർ ധനസഹായം നൽകും. കടൽഭിത്തി നിർമ്മാണത്തിനായി കുറേക്കൂടി പ്രകൃതിസൗഹാർദ്ദ മാർഗ്ഗങ്ങൾ സ്വീകരിക്കാനുള്ള പരീക്ഷണങ്ങൾ നടന്നുവരുന്നു. ഓഖി ദുരന്താനന്തരം കേരളത്തിലെ ചുഴലിക്കാറ്റ് പ്രതിരോധ സംവിധാനം കൂടുതൽ ശക്തിപ്പെടുത്താൻ തീരുമാനിക്കുകയും ശ്രമകരമായ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കുകയും ചെയ്തു. ഓഖി ദുരന്തബാധിതരുടെ പുരധിവാസത്തോടൊപ്പം കേരളത്തിന്റെ ദുരന്ത നിവാരണ സംവിധാനങ്ങൾ ശക്തിപ്പെടുത്താനാണ് ഊന്നൽ നൽകിയത്. ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ ദേശീയ ചുഴലിക്കാറ്റ് ദുരന്ത ലഘൂകരണ-പ്രതിരോധ പ്രോജക്റ്റ് (NCRMP) ഉപയോഗപ്പെടുത്തി കേരളത്തിൽ 14 മൾട്ടി പർപ്പസ് സൈക്ലോൺ ഷെൽട്ടറുകൾ നിർമ്മിച്ചു വരികയാണ്. അതിൽ 10 എണ്ണത്തിന്റെ പണി പൂർത്തീകരിച്ചു, ബാക്കിയുള്ളവയുടെ പണി നടന്നുവരുന്നു. NCRMP ഉപയോഗപ്പെടുത്തി ഏറ്റവും സമഗ്രമായ മുന്നറിയിപ്പ് സംവിധാനമൊരുക്കി (Early Warning System) വരികയാണ്. മൽസ്യത്തൊഴിലാളി ഗ്രാമങ്ങളിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിലുമെല്ലാം കൃത്യസമയത്ത് മുന്നറിയിപ്പ് അതിവേഗം എത്തിക്കാനുള്ള സാങ്കേതിക സൗകര്യങ്ങളാണ് ഒരുക്കുന്നത്. മത്സ്യതൊഴിലാളികൾക്ക് കൃത്യമായ മുന്നറിയിപ്പ് എത്തിക്കുന്നതിനുവേണ്ടി ISRO-യുടെ സാങ്കേതിക സഹായത്തോടെ 'നാവിക്ക്' ഉപകരണം വികസിപ്പിച്ചെടുത്തു. കരയിൽനിന്ന് മുന്നറിയിപ്പ് ആഴക്കടലിൽ മൽസ്യ ബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യതൊഴിലാളികൾക്ക് ഉപഗ്രഹ സഹായത്തോടെ എത്തിക്കാൻ ഈ ഉപകരണം വഴി സാധിക്കും. തിരിച്ച് മത്സ്യതൊഴിലാളി ആഴക്കടലിൽ കാണുന്ന അപകടം കരയിൽ സുരക്ഷാസേനയെ അറിയിക്കാനുതകുന്ന രീതിയിൽ 'നാവിക്ക്' പരിഷ്കരിക്കാൻ വേണ്ട ഗവേഷണം

നടത്തി വരികയാണ്. കൃത്യമായതും ബോട്ടുകളുടെ വലിപ്പത്തിനും സ്വഭാവത്തിനുമനുസരിച്ച് കസ്റ്റമൈസ് ചെയ്യുന്നതുമായ കൂടുതൽ മെച്ചപ്പെട്ട മുന്നറിയിപ്പ് രീതികളിലേയ്ക്ക് മാറാനുള്ള പഠനങ്ങളും ഗവേഷണങ്ങളും ദേശീയ സമുദ്ര സ്ഥിതിപഠന കേന്ദ്രത്തിൽ നടക്കുന്നു. പ്രത്യേകമായ പരിശീലനത്തിന് പുറമെ ലൈഫ് ജാക്കറ്റുകളും മത്സ്യതൊഴിലാളികൾക്ക് ഉപഗ്രഹ ഫോണുകളും നൽകുന്ന പദ്ധതിയും ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. കടലിൽ ഏകദേശം 150 നോട്ടിക്കൽ മൈൽ ദൂരം വരെയെങ്കിലും റേഡിയോ സിഗ്നലുകൾ ലഭ്യമാണ്. കേരളത്തിലെ കാലാവസ്ഥ പ്രവചനം (Weather Forecast) കൃത്യവും കാര്യക്ഷമവുമാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു. ഇതിനുത്തരവാദിത്തപ്പെട്ട കേന്ദ്ര കാലാവസ്ഥാ വകുപ്പിൽ ഫോരികാസ്റ്റിംഗ് മെച്ചപ്പെടുത്താൻ വേണ്ട സാങ്കേതിക സൗകര്യങ്ങളൊരുക്കാൻ സഹായിക്കുകയും ചെയ്യുന്നു. കേരളത്തിന്റെ നിരന്തരാവശ്യം പരിഗണിച്ച് റിയൽ ടൈം മോണിറ്ററിംഗ് കൂടി സാധ്യമാക്കുവാൻ പ്രാപ്തിയുള്ള 100 ഓട്ടോമേറ്റഡ് വെതർ സ്റ്റേഷനുകൾ (AWS) കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിന് കേരളം അതിവേഗത്തിൽ കൃത്യമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ സ്ഥലമേറ്റെടുത്ത് നൽകിക്കഴിഞ്ഞു. അനുവദിച്ചുകിട്ടിയതിൽ 15 AWS പ്രവർത്തനക്ഷമമാണ്. ബാക്കി സ്ഥാപിക്കുന്നതിന്റെ നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. കേരളത്തിൽ നിലവിൽ പ്രവൃത്തിക്കുന്ന 2 റഡാറുകൾക്കുപരിയായി മലബാറിൽകൂടി ഒരു റഡാർ സ്ഥാപിക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര കാലാവസ്ഥാവകുപ്പ് കേരളത്തിൽ പ്രാദേശിക ചുഴലിക്കാറ്റ് മുന്നറിയിപ്പ് കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. ചൂടുമൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഒരു Heat Action Plan-ന് രൂപം നൽകിയിട്ടുണ്ട്. അപകടകാരിയായ അൾട്രാ വയലറ്റ് രശ്മികളെ അളക്കാനും മികച്ച ഒരു മുന്നറിയിപ്പ് സംവിധാനമൊരുക്കാനും കേരളത്തിലെ 14 ജില്ലകളിലും UV index സെൻസറുകൾ വയ്ക്കാനുള്ള നടപടി അവസാനഘട്ടത്തിലാണ്. വെള്ളപ്പൊക്ക മുന്നൊരുക്ക സംവിധാനങ്ങളും കേന്ദ്ര ജല കമ്മീഷന്റെ സഹകരണത്തോടെ മെച്ചപ്പെടുത്തുകയാണ്. വിവരങ്ങൾ ജനങ്ങളിലേയ്ക്കും ഉദ്യോഗസ്ഥരിലേയ്ക്കും കൃത്യമായി എത്തിക്കാൻ ലൊക്കേഷൻ ബേസ്ഡ് മെസ്സേജിംഗ് സിസ്റ്റത്തിന് പുറമെ ആൻഡ്രോയിഡ് ആപ്ലിക്കേഷനും നിർമ്മിച്ചുകൊണ്ട് വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ കൂടുതൽ ആളുകളിലേയ്ക്ക് മുന്നറിയിപ്പുകളും വിവരങ്ങളുമെത്തിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്കൂൾ സേഫ്റ്റി, ഹോസ്പിറ്റൽ സേഫ്റ്റി, ഉദ്യോഗസ്ഥ സംവിധാനം കാര്യക്ഷമവും ഏകോപനം എളുപ്പവുമാക്കാൻ മുഴുവൻ സർക്കാർ വകുപ്പുകളിലും ദുരന്ത

നിവാരണ സാങ്കല്പിക ഉദ്യോഗസ്ഥ ശ്രേണി തുടങ്ങി നിരവധി ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ നടപ്പിലാക്കിവരികയാണ്. ദുരന്തഘട്ടങ്ങളിൽ ജനങ്ങളെ മാറ്റുന്നതിനായി ദുരിതാശ്വാസ ക്യാമ്പുകൾ സംഘടിപ്പിക്കാൻ സാധിക്കുന്ന കെട്ടിടങ്ങൾ മുൻകൂട്ടി കണ്ടെത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ദുരിതാശ്വാസ ക്യാമ്പുകൾ സംഘടിപ്പിക്കാൻ ഒരു മിനിമം റിലീഫ് കോഡ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. NCRMP-യുടെ സാമ്പത്തികസഹായത്തോടെ മൾട്ടി പർപ്പസ് ഷെൽറ്ററുകൾ സംസ്ഥാനത്ത് സ്ഥാപിക്കുന്ന പ്രവർത്തനം പുരോഗമിക്കുകയാണ്. ദുരന്തങ്ങളിൽ അപകടം സംഭവിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി രാജ്യത്തെ ഏറ്റവും ഉയർന്ന നഷ്ടപരിഹാര തുകയാണ് കേരളത്തിൽ നൽകിവരുന്നത്. കൂടാതെ പ്രളയത്തെ അതിജീവിക്കുന്ന നിർമ്മാണരീതികളെ പ്രോത്സാഹിപ്പിക്കുന്ന നടപടികളും സർക്കാർ കൈക്കൊണ്ടു. RKI പദ്ധതിയുടെ ഏറ്റവും പ്രധാന പ്രോജക്ടുകളിൽ ഒന്നാണ് റൂം ഫോർ റിവർ.

(സി) സംസ്ഥാനത്തെ ദുരന്ത നിവാരണ, ലഘൂകരണ സംവിധാനം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

ദുരന്തങ്ങളെ അതിജീവിക്കുന്നതിന് വിദ്യാർത്ഥി-യുവജന സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തിക്കൊണ്ട് സമഗ്രമായ പരിശീലന പരിപാടികൾ ആണ് സംഘടിപ്പിച്ചിട്ടുള്ളത്. കൂടുതൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുവാൻ സർക്കാർ വിവിധ സന്നദ്ധ സംഘടനകൾ രൂപീകരിക്കുകയും ആവശ്യമായ പരിശീലന പരിപാടികൾ നൽകുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ സിവിൽ ഡിഫൻസ് പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കി. 6000-ത്തോളം യുവാക്കൾക്കാണ് ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനമൊട്ടുക്കും പരിശീലനം നൽകിയിരിക്കുന്നത്. കോട്ടയം ജില്ലയിൽ ആപ്താ മിത്ര എന്ന പദ്ധതി പ്രകാരം 200 വോളന്റീയർമാർക്ക് പരിശീലനം നൽകി. കൂടാതെ മൂന്നര ലക്ഷം ആളുകളെ ലക്ഷ്യംവച്ച് ഒരു ജനകീയ 'സന്നദ്ധ സേന' രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. അതിനായി ഒരു ഡയറക്ടറേറ്റ് തന്നെ രൂപീകരിച്ചുകഴിഞ്ഞു. കൂടാതെ കേരളത്തിലെ സ്കൂളുകളിൽ സ്കൂൾ സുരക്ഷാ പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ദുരന്ത നിവാരണ പരിശീലനം നൽകുകയും അതിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾക്ക് പ്രത്യേകം പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം ഭിന്നശേഷിക്കാരെ ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനായി ഭിന്നശേഷി സംയോജിത ദുരന്ത ലഘൂകരണ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. മഴക്കാല

മുന്നൊരുക്കത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ആവശ്യമായ കേന്ദ്ര സേനകളുടെ വിന്യാസം ബന്ധപ്പെട്ടവരെ അറിയിച്ചു. മുഴുവൻ വകുപ്പുകൾക്കും ദുരന്ത ലഘൂകരണ, പ്രതിരോധ, പ്രതികരണ പ്രവർത്തനങ്ങൾക്കായി സുവ്യക്തമായ ഒരു മാർഗ്ഗരേഖ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കി പ്രസിദ്ധീകരിച്ചു. കഴിഞ്ഞ വർഷങ്ങളിലെ പ്രായോഗിക അനുഭവങ്ങളും നിലവിലെ സംസ്ഥാനത്തെ കോവിഡ് സാഹചര്യവും കണക്കിലെടുത്ത് ആവശ്യമായ പുതുക്കൽ വരുത്തിക്കൊണ്ടാണ് 2021-ലെ പുതിയ പതിപ്പ് തയ്യാറാക്കിയിട്ടുള്ളത്. സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ പ്ലാനുകൾക്ക് പുറമെ കേരളത്തിൽ പ്രാദേശികാടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനതല പ്ലാനുകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രളയം മാത്രമല്ല മറ്റ് ദുരന്തങ്ങളെയും നേരിടുന്നതിന് തയ്യാറെടുക്കുന്നതിന് ദുരന്ത നിവാരണ പ്ലാനുകൾക്ക് സുപ്രധാനമായ പങ്ക് നിർവ്വഹിക്കാൻ സാധിക്കും. സംസ്ഥാനത്തെ പ്രളയസാദ്ധ്യത ഭൂപടം മുൻവർഷങ്ങളിലെ അനുഭവങ്ങളുടെകൂടി പശ്ചാത്തലത്തിൽ പുതുക്കുന്നതിന് വേണ്ടി കേന്ദ്ര ജലകമ്മീഷനിൽ നിരന്തരമായി സമ്മർദ്ദം ചെലുത്തിവരുന്നു. നിലവിലെ പ്രളയസാധ്യത ഭൂപടം പൊതുജനങ്ങൾക്കായി നേരത്തെ തന്നെ ലഭ്യമാക്കിയിരുന്നു. രാജ്യത്ത് പ്രളയ മുന്നറിയിപ്പ് സംവിധാനം സ്ഥാപിക്കുന്നതിന് ഉത്തരവാദിത്വപ്പെട്ട ഏജൻസി കേന്ദ്ര ജലകമ്മീഷനാണ്. സംസ്ഥാന സർക്കാരുമായി സഹകരിച്ചുകൊണ്ട് 30 നദികളിലായി കേന്ദ്ര ജലകമ്മീഷന്റെ 39 സ്റ്റേഷനുകളിലെ വിവരങ്ങൾ ലഭ്യമാണ്. ഇതുകൂടാതെ സംസ്ഥാന ജലസേചനവകുപ്പിനും ഇത്തരത്തിലുള്ള നിരവധി നിരീക്ഷണ സംവിധാനം സ്ഥാപിക്കാൻ സാധിച്ചിട്ടുണ്ട്. കേരളത്തിലെ കാലാവസ്ഥ പ്രവചനം മെച്ചപ്പെടുത്താൻ 100 ഓട്ടോമേറ്റഡ് കാലാവസ്ഥ മാപിനികൾ സ്ഥാപിക്കാൻ കേന്ദ്ര കാലാവസ്ഥ വകുപ്പിന് 10*10 മീറ്റർ സ്ഥലം സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. ഇവിടങ്ങളിൽ ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. ഇതുകൂടാതെ കാലാവസ്ഥ വകുപ്പിന്റെ സേവനങ്ങളോടൊപ്പം തന്നെ മറ്റ് സ്വകാര്യ ഏജൻസികളുടെയും ഈ മേഖലയിലുള്ള സേവനങ്ങൾ സംസ്ഥാനത്ത് ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്. ഇത് ഒരു വിദഗ്ദ്ധ സമിതി പഠനവിധേയമാക്കി വരികയാണ്. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും തുടർനടപടി സ്വീകരിക്കുന്നത്. ഇവ കൂടാതെ അന്താരാഷ്ട്ര ഏജൻസികളുടെ സഹകരണത്തോടെ നമ്മുടെ നദികളുടെ പ്രളയസാദ്ധ്യത പ്രളയ മോഡലിംഗ് പ്രവർത്തനങ്ങളിലൂടെ കണ്ടെത്താനുള്ള ശ്രമങ്ങളും സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. മുന്നറിയിപ്പ് ജനങ്ങളിലേയ്ക്ക് എത്തിക്കാനുള്ള സൗകര്യം മെച്ചപ്പെടുത്തുന്നതിനായി NCRMP പ്രോജക്ടിന്റെ ഭാഗമായി വിപുലമായ മുന്നറിയിപ്പ് സംവിധാനം സ്ഥാപിച്ചുവരികയാണ്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി തയ്യാറാക്കുന്ന

സുരക്ഷയാനം മൊബൈൽ ആപ്ലിക്കേഷനും ദുരന്ത മുന്നറിയിപ്പ് ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിൽ നിർണ്ണായകമാകും. കാലാവർഷമുന്നൊരുക്കങ്ങളുടെ ഭാഗമായി, അണക്കെട്ടുകളുടെ പ്രവർത്തനം നിരന്തരം നിരീക്ഷിക്കുവാനും സുസജ്ജമാക്കുവാനായി റൂൾ കർവ് കമ്മിറ്റി രൂപീകരിച്ചു. ഒരു വർഷത്തിൽ കാലാവസ്ഥയുടെ മാറ്റങ്ങൾക്കനുസരിച്ച് അണക്കെട്ടിൽ സൂക്ഷിക്കാവുന്ന ജലസംഭരണത്തിന്റെ അളവിനെ രേഖപ്പെടുത്തുവാനാണ് റൂൾ കർവ് രൂപീകരിച്ചിരിക്കുന്നത്. 200 ദശലക്ഷം മീറ്റർ ക്യൂബിൽ കൂടുതൽ സംഭരണ ശേഷിയുള്ള ജലസംഭരണികൾക്കാണ് റൂൾ കർവ് നിയന്ത്രണങ്ങൾ പ്രധാനമായും പാലിക്കപ്പെടേണ്ടത്. അതിനു താഴെവരുന്ന അണകെട്ടുകൾക്ക് അലെർട്ട് ലെവലുകളാണ് പുറപ്പെടുവിച്ചിരിക്കുന്നത്. നീല, ഓറഞ്ച്, ചുവപ്പ് എന്നിവയാണ് ആ അലെർട്ടുകൾ. ഇത്തരം അലെർട്ടുകൾ ഉപയോഗപ്പെടുത്തിയാണ് ചെറിയ സംഭരണ ശേഷിയുള്ള അണക്കെട്ടുകൾ പ്രവർത്തിപ്പിക്കുന്നത്. രക്ഷാപ്രവർത്തനത്തിന് 2018-ലെ അനുഭവങ്ങളുടെ കൂടി അടിസ്ഥാനത്തിൽ ശ്രദ്ധേയമായ ഇടപെടലാണ് നടത്തിയിട്ടുള്ളത്. ആവശ്യമായ കേന്ദ്ര സേനകൾ മുൻകൂറായി വിന്യസിക്കാൻ വേണ്ട നടപടി സ്വീകരിച്ചുകഴിഞ്ഞു. സംസ്ഥാനത്ത് ഹെലികോപ്റ്റർ ഇറക്കാൻ സാധിക്കുന്ന 194 സ്ഥലങ്ങൾ കണ്ടെത്തുകയും അവ വ്യോമസേനയ്ക്ക് കൈമാറുകയും ചെയ്തു. കേരളത്തിലെ പോലീസ്, ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് എന്നിവയെ സജ്ജമാക്കി. കേരളത്തിൽ ഏറ്റവും ഉയർന്ന ജനസാന്ദ്രതയുള്ള പ്രദേശങ്ങളാണ് തീരപ്രദേശങ്ങൾ. കേരളത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സവിശേഷ അധികാരമുപയോഗിച്ച് തീരശോഷണം ഒരു സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പ് വർഷം അടിയന്തര സാഹചര്യത്തിൽ ജിയോ ബാഗുകൾ, മണൽച്ചാക്കുകൾ തുടങ്ങിയ താൽക്കാലിക പരിഹാര മാർഗ്ഗങ്ങൾക്കായി സംസ്ഥാന ദുരന്ത പ്രതികരണനിധി ഉപയോഗപ്പെടുത്തി ഒരു പഞ്ചായത്തിന് പരമാവധി 4 ലക്ഷം, മുനിസിപ്പാലിറ്റിക്ക് 5 ലക്ഷം, കോർപ്പറേഷന് 7 ലക്ഷം എന്നിങ്ങനെ ഉപയോഗിച്ചുകൊണ്ട് കടലാക്രമണത്തെ പ്രതിരോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ അനുമതി നൽകിയിട്ടുണ്ട്. നിലവിൽ തീര സംരക്ഷണത്തിനായി ടെട്രാപോഡുകൾ ഉപയോഗിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നദികളിൽ വന്നടിഞ്ഞിട്ടുള്ള എക്കലും മണലും നീക്കം ചെയ്യലും നദികളെയും മറ്റ് ജലാശയങ്ങളെയും പുനരുജ്ജീവിപ്പിക്കുന്നതിനും മുന്തിയ പരിഗണന നൽകി വരുന്നു. റിവർ മൗത്തുകളുടെ വീതി വർദ്ധിപ്പിക്കലും പൊഴി മുറിക്കലുമെല്ലാം മഴക്കാല മുന്നൊരുക്കങ്ങളുടെ ഭാഗമായി പൂർത്തീകരിക്കും. നഗരങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ പ്രത്യേക ഇടപെടലാണ് നടത്തിവരുന്നത്.

## സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

8(*548) ശ്രീ. വാഴൂർ സോമൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ അവലോകനവിധേയമാക്കിയിട്ടുണ്ടോ; എന്തെല്ലാം പ്രവർത്തനങ്ങൾക്കാണ് പ്രസ്തുത അതോറിറ്റി നേതൃത്വം നൽകുന്നതെന്ന് വിശദമാക്കാമോ?

2005-ലെ ദുരന്ത നിവാരണ നിയമത്തിലെ 14-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള സ്വയം ഭരണാവകാശമില്ലാത്ത അതോറിറ്റിയാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി. അതോറിറ്റിയുടെ ചെയർമാൻ ബഹു. മുഖ്യമന്ത്രിയും വൈസ് ചെയൻമാൻ റവന്യൂ വകുപ്പുമന്ത്രിയുമാണ്. അതോറിറ്റിയുടെ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നത് ബഹു. മുഖ്യമന്ത്രി ചെയർമാനായുള്ള സമിതിയാണ്. അതോറിറ്റിയുടെ ഭരണപരവും നയപരവുമായ തീരുമാനങ്ങളെടുക്കുന്നത് ബഹു. ചീഫ് സെക്രട്ടറി ചെയർമാനും ബഹു. റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൂടിയായ സ്റ്റേറ്റ് റിലീഫ് കമ്മീഷണർ കൺവീനറുമായുള്ള സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയാണ്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി മേൽപ്പറഞ്ഞ സംവിധാനങ്ങളുടെ മേൽനോട്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. അതോറിറ്റിയുടെ ഓഫീസ് ഹെഡായി അഖിലേന്ത്യാ സർവ്വീസിലുള്ള ഓഫീസർ സംസ്ഥാന ദുരന്ത നിവാരണ കമ്മിഷണറായും പ്രവർത്തിച്ചുവരുന്നു. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കേരള സംസ്ഥാനത്തിന്റെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ പൂർണ്ണമായും കൈകാര്യം ചെയ്യുകയും അതുമായി ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിക്കുകയും ചെയ്യുന്നു. ദുരന്ത നിവാരണ പ്ലാനുകൾ തയ്യാറാക്കുകയും ആവശ്യമായ പരിശീലനം നല്കുകയും ചെയ്യുന്നു. ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിൽ ആയിട്ടാണ് നടക്കുന്നത്. ദുരന്ത ലഘൂകരണ ഘട്ടങ്ങളിൽ വിവിധ ദുരന്ത സാദ്ധ്യതകളെക്കുറിച്ച് മനസ്സിലാക്കുകയും ആവശ്യമായ ശാസ്ത്രീയ പഠനങ്ങൾ നടത്തുകയും വിവിധ ദുരന്ത സാധ്യത മുൻകൂട്ടി മനസ്സിലാക്കി വേണ്ട ദുരന്ത ലഘൂകരണ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും അത് നടപ്പിലാക്കുന്ന വകുപ്പുകളെ സാങ്കേതികമായും സാമ്പത്തികമായും സഹായിക്കുകയും ചെയ്യുന്നു. വിവിധ ദേശീയ-അന്തർദ്ദേശീയ ഏജൻസികളുമായും ബന്ധപ്പെട്ട് ദുരന്ത ലഘൂകരണ

പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനാവശ്യമായ പഠനങ്ങളും പരിശീലനങ്ങളും സംഘടിപ്പിക്കുന്നു. ദുരന്ത സാധ്യതാ ഭൂപടങ്ങൾ നിർമ്മിക്കുകയും എല്ലാ ജില്ലകൾക്കും അത് നല്കുകയും ദുരന്തസാദ്ധ്യത മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുന്നു. രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുകയും കേന്ദ്ര-സംസ്ഥാന സേനകളെ ലഭ്യമാക്കുകയും കേന്ദ്ര കാലാവസ്ഥാ വകുപ്പ് നൽകുന്ന പ്രവചനങ്ങൾക്കനുസരിച്ച് ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്കും മറ്റ് പ്രധാന വകുപ്പുകൾക്കും വേണ്ട നിർദ്ദേശം നല്കുകയും സാങ്കേതിക ഉപദേശം നല്കുകയും ചെയ്യുന്നു. വിവിധ സാങ്കേതിക വിദഗ്ദ്ധരുടെ സഹായത്തോടെ സംസ്ഥാന അടിയന്തരഘട്ട കാര്യ നിർവ്വഹണ കേന്ദ്രം പ്രവർത്തിപ്പിക്കുന്നു. പ്രസ്തുത വിഷയത്തിലുള്ള വിദഗ്ദ്ധർ അതത് മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. ദുരന്തങ്ങൾമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങളുടെ കണക്കുകൾ രേഖപ്പെടുത്തി വർഷാവർഷം മെമ്മോറാണ്ടം സമർപ്പിക്കുന്നു. അതിന്റെ വെളിച്ചത്തിൽ കേന്ദ്ര സംഘം വന്നു പരിശോധിച്ചതിനുശേഷം കേന്ദ്ര സഹായം ലഭ്യമാകുന്നു. ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ മറ്റ് വകുപ്പുകളുടെ പ്രവർത്തനം സജീവമാക്കുന്നതിന് ഓരോ വകുപ്പുകളിൽനിന്നും ഒരു സാങ്കൽപ്പിക ഉദ്യോഗസ്ഥ ശ്രേണി രൂപീകരിക്കുകയും അതാത് വകുപ്പുകൾക്ക് ദുരന്ത നിവാരണ പ്ലാനുകൾ തയ്യാറാക്കുകയും ചെയ്യുന്നു. ഭൗമ വിവര സാങ്കേതിക സംവിധാനം ഏറ്റവും ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ ജി.ഐ.എസ്. സാങ്കേതികവിദ്യ ഉൾപ്പെടെയുള്ള റിസ്ക് ലാബ് എന്ന സാങ്കേതിക വിഭാഗം അടിയന്തരഘട്ടകാര്യ നിർവ്വഹണ കേന്ദ്രത്തിന്റെ ഭാഗമായി പ്രവർത്തിപ്പിച്ചുകൊണ്ട് കേരളത്തിലെ മുഴുവൻ ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നു. സന്നദ്ധ പ്രവർത്തകർക്കായുള്ള പരിശീലന പരിപാടികൾ കാര്യക്ഷമമായി പ്രാവർത്തികമാക്കുന്നു. ആപ്ത മിത്ര പോലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ എല്ലാ ജില്ലകളിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) കേന്ദ്ര കാലാവസ്ഥ നിരീക്ഷണ കേന്ദ്രം സമയാസമയങ്ങളിൽ നൽകുന്ന മുന്നറിയിപ്പുകൾ നേരിട്ട് ജനങ്ങളിലെത്തിക്കുന്നതിന് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ദുരന്ത സാദ്ധ്യതാ മുന്നറിയിപ്പ് ലഭിച്ചാലുടൻ വിശകലനം ചെയ്ത് നിലവിലുള്ള Standard Operating Procedure പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് WhatsApp, Facebook, email മുതലായ സാങ്കേതികത സൗകര്യങ്ങൾ ഉപയോഗിക്കുന്നതോടൊപ്പംതന്നെ സംസ്ഥാന-ജില്ല അടിയന്തരഘട്ട കാര്യ നിർവ്വഹണ കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഹോട്ട് ലൈൻ ഫോണുകളും സാറ്റലൈറ്റ് ഫോണുകളും വീ-സാറ്റ് എന്ന ആശയ വിനിമയ സംവിധാനവും സ്ഥാപിച്ചിട്ടുണ്ട്. ISRO-INCOIS എന്നിവരുമായി ചേർന്ന് ഉപഗ്രഹാധിഷ്ഠിത

മുന്നറിയിപ്പ് മത്സ്യതൊഴിലാളികളിൽ എത്തിക്കുന്നതിനുള്ള സംവിധാനമായ NAVIC, 500 മത്സ്യബന്ധനയാനങ്ങൾക്ക് സൗജന്യമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു. ഈ സാങ്കേതികവിദ്യ വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മിക്കുവാൻ കെൽട്രോണിനെ ചുമതലപ്പെടുത്തുവാൻ ഫിഷറീസ് വകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട്. കേരളത്തിന്റെ തീര അതിർത്തി വിട്ട് 1500 km വരെ ഈ സംവിധാനത്തിലൂടെ ISRO-INCOIS നേരിട്ട് വിവരം മത്സ്യ തൊഴിലാളികൾക്ക് ലഭ്യമാക്കും.

(സി) 2021 ഒക്ടോബർ മാസത്തിൽ ന്യൂനമർദ്ദത്തെത്തുടർന്ന് ശക്തമായ മഴയിൽ കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ ഉണ്ടായ ഉരുൾപൊട്ടലിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

കോട്ടയം, ഇടുക്കി ജില്ലകളിൽ ഉരുൾപൊട്ടൽ റിപ്പോർട്ട് ചെയ്തത് 16-10-2021-ലാണ്. ഈ വിവരം അറിഞ്ഞയുടൻതന്നെ എത്രയുംവേഗം പ്രാദേശിക രക്ഷാപ്രവർത്തനവും സഹായവും എത്തിക്കുവാൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് നിർദ്ദേശം നല്കി. ഇതിൽ സിവിൽ ഡിഫൻസ് പ്രവർത്തകർ, ആപ്ത മിത്ര പ്രവർത്തകർ, ഇന്റർ ഏജൻസി ഗ്രൂപ്പുകൾ എന്നിവരുടെ സേവനം അടിയന്തരമായി സംഭവസ്ഥലത്ത് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു. കൂട്ടിക്കൽ മേഖലയിൽ ഒറ്റപ്പെട്ടുപോയ ആളുകളെ സുരക്ഷിതസ്ഥാനത്ത് എത്തിക്കുന്നതിനായി ഹെലികോപ്റ്റർ ഉപയോഗിച്ച് രക്ഷാപ്രവർത്തനം നടത്തണമെന്ന് വ്യോമ സേന ചീഫ് കമാൻഡറോട് ആവശ്യപ്പെട്ടു. കാലാവസ്ഥ മോശമായതിനാൽ ഹെലികോപ്റ്റർ പറത്തുവാൻ സാദ്ധ്യമല്ല എന്ന് അറിയിക്കുകയുണ്ടായി. 16-10-2021 വൈകുന്നേരം 4 മണിക്ക് കേന്ദ്ര കാലാവസ്ഥ കേന്ദ്രം 6 ജില്ലകളിൽ റെഡ് അലെർട്ട് പ്രഖ്യാപിച്ച് മുന്നറിയിപ്പ് നല്കി. അതിന്റെ വെളിച്ചത്തിൽ എല്ലാ ജില്ലകൾക്കും അടിയന്തരമായി പ്രസ്തുത വിവരം കൈമാറുകയും ആവശ്യമായ തയ്യാറെടുപ്പുകൾ എടുക്കുവാൻ വേണ്ട നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. ദുരന്ത നിവാരണ കമ്മീഷണർ അടിയന്തരഘട്ട കാര്യ നിർവ്വഹണ കേന്ദ്രത്തിലെത്തി സ്ഥിതിഗതികൾ വിലയിരുത്തി ഉരുൾപൊട്ടൽ മേഖല കണ്ടെത്താൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ റിസ്ക് ലാബിലെ ജി.ഐ.എസ്. സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി. അതോടൊപ്പം ഹെലികോപ്റ്റർ താഴെ ഇറക്കുവാനുള്ള പ്രദേശം ജി.ഐ.എസ്. സാങ്കേതിക വിദ്യയിലൂടെ കണ്ടെത്തി. കാലാവസ്ഥ പ്രതികൂലമായതിനാൽ ഹെലികോപ്റ്റർ ഉപയോഗിച്ചില്ല. പാങ്ങോട് മിലിറ്ററി ക്യാമ്പിൽനിന്ന് ഒരു സംഘം എമർജൻസി ടാസ്ക് ഫോഴ്സിനെ കോട്ടയം ജില്ലയ്ക്ക് വിട്ടുനല്കി. ടീമുകളെ ഇടുക്കി, കോട്ടയം, കൊല്ലം ജില്ലകളിൽ

വിന്യസിക്കുന്നതിന് ഡയറക്ട് ജനറൽ, NDRF, ന്യൂഡൽഹി, സീനിയർ കമാൻഡന്റ്, NDRF 4th Btln, Arakkonam എന്നിവരോട് അഭ്യർത്ഥിച്ചു. അടിയന്തരമായി കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കുകയുണ്ടായി. ജലസംഭരണികളിലെ ജലനിരപ്പ് സൂക്ഷ്മമായി നിരീക്ഷിക്കുകയും ജലസേചന വകുപ്പിന്റെയും കെ.എസ്.ഇ.ബി.-യുടെയും ജലസംഭരണികളിലെ ജലനിരപ്പ് പ്രതിനിധീകരിക്കുന്ന ഗ്രാഫുകളും ടേബിളുകളും തയ്യാറാക്കി. ഭിന്നശേഷിക്കാർക്കായി നിഷ് എന്ന സ്ഥാപനത്തിന്റെ സഹായത്തോടെ മുന്നറിയിപ്പ് വീഡിയോ നിർമ്മിച്ച് പൊതുജനങ്ങൾക്കായി വ്യാപിപ്പിച്ചു. മുന്നറിയിപ്പ് സന്ദേശങ്ങളും ബോധവൽക്കരണ മെസ്സേജുകളും KSDMA-യുടെ ഫേസ്ബുക്ക്, വാട്സ്ആപ്പ് മുഖേന പ്രചരിപ്പിച്ചു. നിരീക്ഷണത്തിനും രക്ഷാപ്രവർത്തനത്തിനും ദുരിതാശ്വാസത്തിനുമായി വ്യോമസേനയുടെ (എയർ ഓഫീസർ ഇൻ കമാൻഡ്, സതേൺ എയർ കമാൻഡ് തിരുവനന്തപുരം) രണ്ട് ഹെലികോപ്റ്ററുകളുടെ സേവനം അഭ്യർത്ഥിച്ചു. കോട്ടയം ജില്ലയിലെ കൂട്ടിക്കൽ ഗ്രാമത്തിലെ ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളിൽ ഒരു ഹെലികോപ്റ്ററിൽ ഭക്ഷണപ്പൊതികളിറക്കി. ഉരുൾപൊട്ടൽ സംഭവങ്ങളെക്കുറിച്ചുള്ള പ്രാഥമിക റിപ്പോർട്ട് NERC (MHA), NDMA കൺട്രോൾ റൂമിൽ സമർപ്പിച്ചു. 2021 ഒക്ടോബർ 18-ന് കക്കി ഡാം ഷട്ടർ തുറക്കുന്നതുമായി ബന്ധപ്പെട്ട് ഈ പ്രദേശം വെള്ളത്തിനടിയിലാകാനുള്ള സാധ്യത കണക്കിലെടുത്ത് അപ്പർ കുട്ടനാട് പ്രദേശത്ത് NDRF ടീമിനെ പുനർവിന്യസിച്ചു. ഉരുൾപൊട്ടൽ-വെള്ളപ്പൊക്ക ബാധിത ജില്ലകൾക്കായി ഇന്റർ-ഏജൻസി ഗ്രൂപ്പുകളുമായി കെ.എസ്.ഡി.എം.എ. ഒരു ഏകോപന യോഗം സംഘടിപ്പിച്ചു. കോട്ടയം, പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ ജില്ലകളിലെ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളോട് എൻ.ജി.ഒ.-കളുടെ പിന്തുണ അഭ്യർത്ഥിക്കുന്നതിനാണ് യോഗം ചേർന്നത്. കെ.എസ്.ഡി.എം.എ.-യും കിലയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എമർജൻസി റെസ്പോൺസ് ടീം (ഇ.ആർ.ടി.) അംഗങ്ങൾക്കായി ഓൺലൈൻ പരിശീലനം നടത്തി. 18-10-2021-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടർമാരുമായും വകുപ്പ് ഉദ്യോഗസ്ഥരുമായും മൊത്തത്തിലുള്ള സ്ഥിതി വിലയിരുത്തൽ യോഗം നടത്തി. അണക്കെട്ടിലെ ജലനിരപ്പ്, ദുരിതാശ്വാസ ക്യാമ്പുകളുടെ സുഗമമായ പ്രവർത്തനം, ഡാം തുറക്കൽ തുടങ്ങിയ കാര്യങ്ങളും വിലയിരുത്തി. ഇടുക്കിയിലെയും ഇടമലയാറിലെയും ഡാമുകൾ തുറന്നതിനാൽ പാലക്കാട് ജില്ലയിലെ എൻ.ഡി.ആർ.എഫ്. സംഘത്തോട് എറണാകുളം ജില്ലയിലേയ്ക്ക് മാറാൻ അഭ്യർത്ഥിച്ചു. കൂടാതെ പുതിയൊരു ടീമിനെ പാലക്കാട് സ്ഥാപിക്കാനും അഭ്യർത്ഥിച്ചു.

(ഡി) പ്രകൃതി ദുരന്തങ്ങളെ മുൻകൂട്ടി അറിയുന്നതിനുള്ള ഉപകരണങ്ങൾ അതോറിറ്റിയുടെ നിയന്ത്രണത്തിലുണ്ടോ; അപ്രതീക്ഷിത പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ?

സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ കീഴിൽ പ്രകൃതി ദുരന്തങ്ങളെ മുൻകൂട്ടി അറിയുന്നതിനുള്ള ഉപകരണങ്ങളില്ല. ജില്ലയിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടേയും ഓറഞ്ച് ബുക്കിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരമുള്ള കൂട്ടായ പരിശ്രമത്തോടെയാണ്. എല്ലാ വകുപ്പുകളുടേയും കീഴിലുള്ള മാനവ വിഭവശേഷിയും മറ്റു വാഹന സംവിധാനങ്ങളും ദുരന്തത്തിന്റെ വ്യാപ്തി അനുസരിച്ച് രക്ഷാപ്രവർത്തനത്തിനായി ഉപയോഗിക്കുന്നു.

(ഇ) കൂടുതൽ ആധുനിക ദുരന്ത നിവാരണ ഉപകരണങ്ങൾ വാങ്ങേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ മുന്നറിയിപ്പ് സംവിധാനം (LEWS) സ്ഥാപിക്കുന്നതിനുവേണ്ടി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

### ഇ-ഓഫീസ് വിപുലീകരണം

9(*549) ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. എം. എം. മണി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ലേജ് ഓഫീസ് മുതൽ കളക്ടറേറ്റ് വരെയുള്ള ഓഫീസുകളിൽ ഏർപ്പെടുത്തിയിട്ടുള്ള ഇ-ഓഫീസ് സംവിധാനത്തിന്റെ പുരോഗതി വ്യക്തമാക്കാമോ?

നിലവിൽ സംസ്ഥാനത്ത് ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, 14 ജില്ലാ കളക്ടറേറ്റ്, 27 ആർ.ഡി.ഒ. ഓഫീസുകൾ, 55 താലൂക്ക് ഓഫീസുകൾ, 292 വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിൽ

വരുത്തിവരുന്നു. പ്രസ്തുത ഓഫീസുകളിൽ ഇ-ഓഫീസ് നടപ്പിലാക്കിയതുവഴി കടലാസ്സരഹിത ഭരണനിർവ്വഹണം നടപ്പിലാക്കുവാനും ഫയലുകൾ സ്വീകരിക്കേണ്ട നടപടികൾ വേഗത്തിലാക്കുവാനും സാധിക്കുന്നതാണ്. വകുപ്പിലെ എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനത്തിലേയ്ക്ക് മാറ്റി, കടലാസ്സരഹിത ഓഫീസുകളാക്കുവാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ചുവരുന്നു.

(ബി) അപേക്ഷകൾ സമർപ്പിക്കുമ്പോൾ കിട്ടുന്ന കമ്പ്യൂട്ടർ നമ്പർ ഉപയോഗിച്ച് ഫയലുകളുടെ നിലവിലെ സ്ഥിതി പരിശോധിക്കാൻ കഴിയുംവിധം പ്രസ്തുത ഇ-ഓഫീസ് സംവിധാനം വിപുലീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ റവന്യൂ വകുപ്പിലെ ഓഫീസുകളിലെ ഇ-ഓഫീസ് ഫയലിന്റെ വിവിധ മൂവ്മെന്റ് സ്റ്റേജുകൾ സെക്രട്ടറിയേറ്റിലേതുപോലെ പൊതുജനങ്ങൾക്ക് നിലവിൽ കാണുവാൻ കഴിയില്ല. നിയന്ത്രിതമായ കസ്റ്റമൈസേഷനുകൾ മാത്രമേ ഇ-ഓഫീസ് സംവിധാനത്തിൽ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂവെന്ന് ഐ.ടി. മിഷൻ അറിയിച്ചിട്ടുള്ളതാണ്. ഇ-ഓഫീസ് സിറ്റിസൺ പോർട്ടൽ മുഖാന്തരം പൊതുജനങ്ങൾക്ക് കളക്ടറേറ്റ്, താലൂക്ക് ഓഫീസ് എന്നിവിടങ്ങളിലെ ഇ-ഓഫീസ് ഫയൽ നിലവിൽ ആരുടെ കൈവശമാണുള്ളതെന്ന് മനസ്സിലാക്കുവാൻ കഴിയുന്നതാണ്. സെക്രട്ടേറിയറ്റിൽ ആവിഷ്ക്കരിച്ചിരിക്കുന്ന രീതിയിൽ ഫയലിന്റെ വിവിധ മൂവ്മെന്റ് സ്റ്റേജുകൾ കാണുന്ന തരത്തിൽ കളക്ടറേറ്റ്, താലൂക്ക് ഓഫീസുകളിൽ സംവിധാനമൊരുക്കുന്നതിന് സംസ്ഥാനത്ത് ഇ-ഓഫീസ് കസ്റ്റമൈസേഷൻ പ്രവർത്തനങ്ങൾ ചെയ്യുന്ന ഐ.ടി. മിഷനുമായി ചേർന്ന് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇ-ഓഫീസ് പോർട്ടലിൽ മാറ്റം വരുത്തുന്നതിനുള്ള അവകാശം വകുപ്പിന് ലഭ്യമല്ല. ആയതിനായി ഐ.റ്റി. മിഷൻ മുഖാന്തരമാണ് നടപടികൾ സ്വീകരിച്ചുവരുന്നത്.

(സി) ഇ-ഓഫീസ് സംവിധാനം വിപുലീകരിക്കുന്നതിനായി മറ്റെന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

വകുപ്പിലെ ഭൂരിഭാഗം ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനത്തിലാണ് നിലവിൽ ഫയൽ നടപടികൾ സ്വീകരിച്ചുവരുന്നത്. നിലവിൽ ഇ-ഓഫീസ് സംവിധാനം ഇല്ലാതെ പ്രവർത്തിച്ചുവരുന്ന ഓഫീസുകളിൽ ഹാർഡ്‌വെയർ ഗ്യാപ് എടുത്ത് ബന്ധപ്പെട്ട ഹാർഡ്‌വെയർ പർച്ചേയ്സ്, നെറ്റ്‌വർക്കിംഗ് എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പിലെ എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിൽ വരുത്തുവാനാണ്

ശ്രമിക്കുന്നത്. അതിനായി സമഗ്രമായ ഗ്യാപ് അനാലിസിസ് ജില്ലകളിൽനിന്നും ലഭ്യമാക്കി അതിൻപ്രകാരം നിലവിലെ പദ്ധതി വിഹിതത്തിൽനിന്നും പരമാവധി ഓഫീസുകൾ ഇ-ഓഫീസ് സംവിധാനത്തിന് കീഴിൽ ചുരുങ്ങിയ സമയത്തിനുള്ളിൽ കൊണ്ടുവരുവാനാണ് ഉദ്ദേശിക്കുന്നത്.

**തൊഴിലാളി ക്ഷേമം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

10(*550) ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ രൂപീകരിച്ച ലേബർ കോഡിൽ ഐ.എൽ.ഒ. കൺവെൻഷനുകൾക്ക് വിരുദ്ധമായ വ്യവസ്ഥകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തൊഴിലെടുക്കുന്നതിന് അനുകൂല സാഹചര്യം സൃഷ്ടിക്കുന്നതിനും തൊഴിലാളികളുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനും ക്ഷേമം ഉറപ്പാക്കുന്നതിനും സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

തൊഴിലാളികളുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനും ക്ഷേമം ഉറപ്പാക്കുന്നതിനും തൊഴിലെടുക്കുന്നതിന് അനുകൂല സാഹചര്യം സൃഷ്ടിക്കുന്നതിനും വിവിധ മേഖലകളിൽ സർക്കാർ നിരവധി പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കയറ്റിറക്ക് മേഖലയിൽ നിലനിന്നിരുന്ന നോക്കുകൂലി പോലെയുള്ള തൊഴിലാളി വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനായി സംസ്ഥാനത്ത് നോക്കുകൂലി നിരോധിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. 1960-ലെ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ ഭേദഗതി വരുത്തി സ്ഥാപനങ്ങളിൽ തൊഴിലാളികൾക്ക് ഇരിപ്പിടം അനുവദിക്കുന്നതിനും സ്ത്രീ തൊഴിലാളികളെ രാത്രിജോലിക്ക് നിയോഗിക്കുമ്പോൾ 5 പേരുള്ള സംഘങ്ങളായി നിയോഗിക്കണമെന്നും വ്യവസ്ഥ കൊണ്ടുവന്നു. ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തി ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ' ആവാസ് എന്ന ഇൻഷ്വറൻസ് പദ്ധതിവഴി ഇൻഷ്വറൻസ് പരിരക്ഷ, അസംഘടിത മേഖലയിലെ എല്ലാ തൊഴിലാളികൾക്കുമായി ക്ഷേമ പദ്ധതികൾ, സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന

കശുവണ്ടി ഫാക്ടറികൾ, സ്വകാര്യ സ്ഥാപനങ്ങൾ, തോട്ടങ്ങൾ, കയർ ഫാക്ടറികൾ എന്നിവിടങ്ങളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് ആശ്വാസ ധനസഹായവും തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകൾ മുഖേന അംഗങ്ങളായ തൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങളും നൽകിവരുന്നു. സംസ്ഥാനത്ത് മിനിമം വേതനത്തിന്റെ പട്ടികയിൽ 87 തൊഴിൽ മേഖലകൾ ഉൾപ്പെടുത്തിയതിൽ 82 മേഖലകളിൽ മിനിമം വേതനം നടപ്പിലാക്കി. ' വേതന സുരക്ഷാ പദ്ധതി' (WPS) നടപ്പിലാക്കുകവഴി തൊഴിലാളികൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് വേതനം ലഭിക്കുകയും ഇപ്രകാരം മിനിമം വേതനം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുവാനും സാധിക്കുന്നു.

## വിദ്യാകിരണം പദ്ധതി

11(*551) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ പഠന സൗകര്യങ്ങൾ ഇല്ലാത്ത കുട്ടികൾക്ക് സൗജന്യമായി ലാപ്ടോപ് നൽകുന്നതിനുള്ള വിദ്യാകിരണം പദ്ധതിയുടെ ടെണ്ടർ നടപടി പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായുള്ള ടെണ്ടർ നടപടി റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ?

(എ&ബി) വിദ്യാകിരണം പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കേണ്ട പഠനോപകരണങ്ങൾക്ക് (ലാപ് ടോപ്പ് ബേസ് മോഡൽ, ലാപ് ടോപ്പ് ഹൈഎൻഡ് മോഡൽ, ടാബ്ലറ്റ്, ക്രോംബുക്ക്) CPRCS (Centralized Procurement and Rate Contract System) പോർട്ടൽ മുഖേന വില നിശ്ചയിച്ച് നൽകുന്നതിനായി ഐ.ടി. മിഷൻ രണ്ട് തവണ ടെണ്ടർ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതിൽ ആദ്യ ടെണ്ടറിൽ 2 കമ്പനികൾ മാത്രമെ പങ്കെടുത്തുള്ളൂവെന്നതിനാൽ രണ്ടാമതും ടെണ്ടർ ചെയ്യുകയുണ്ടായി. എന്നാൽ മുൻനിര ലാപ്ടോപ്പ് നിർമ്മാതാക്കൾ സമർപ്പിച്ച തുക അധികമായതിനാൽ റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതി പ്രകാരം കുട്ടികൾക്ക് ഈ വർഷം തന്നെ ലാപ്ടോപ് നൽകാൻ കഴിയുമോ; എങ്കിൽ ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

കോവിഡ് പ്രതിസന്ധികൾ കുട്ടികളുടെ പഠനപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിനാണ് സാദ്ധ്യമായ എല്ലാ സാങ്കേതിക സൗകര്യങ്ങളും പ്രയോജനപ്പെടുത്തി കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ ഡിജിറ്റൽ ക്ലാസ്സുകൾ സംപ്രേഷണം ചെയ്യുന്നതും അത് എല്ലാ വിഭാഗം കുട്ടികളിലും ലഭ്യമാക്കിയതും. ഡിജിറ്റൽ ക്ലാസ്സുകൾക്കൊപ്പം കുട്ടികൾക്ക് അദ്ധ്യാപകരുമായി നേരിട്ട് സംവദിക്കുന്നതിനായി ജി-സ്യൂട്ട് സംവിധാനം പ്രയോജനപ്പെടുത്തി ഓൺലൈൻ ക്ലാസ്സുകളും ഈ വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്ന പ്രവർത്തനങ്ങൾ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പൊതുവിദ്യാലയങ്ങളിൽ 1 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവിഭാഗം കുട്ടികൾക്ക് കൈറ്റ് സ്കൂളുകളിൽ വിതരണംചെയ്ത ലാപ്ടോപ്പുകൾ തിരിച്ചെടുത്ത് നൽകുന്നതിനുപകരം വിദ്യാശ്രീ പദ്ധതിയുടെ ഭാഗമായി ലഭ്യമായ പുതിയ ലാപ്ടോപ്പുകൾ സ്കൂളുകൾവഴി ലൈബ്രറിപുസ്തകങ്ങൾ വിതരണം ചെയ്യുന്ന രീതിയിൽ ലഭ്യമാക്കാൻ കൈറ്റിനെ ചുമതലപ്പെടുത്തുകയും 45,313 ലാപ്ടോപ്പ് വിദ്യാകിരണം പദ്ധതിയിലുൾപ്പെടുത്തി ഒന്നു മുതൽ പന്ത്രണ്ടു വരെയുള്ള പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്കും പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ പട്ടികജാതി വിഭാഗം കുട്ടികൾക്കും വിതരണം ചെയ്തുകൊണ്ടിരിക്കുകയുമാണ്. ഐ.ടി. വകുപ്പ് ടെണ്ടർ നടപടികൾ പൂർത്തിയാക്കി ലാപ്ടോപ്പുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് പൊതുവിഭാഗത്തിലുള്ള കുട്ടികൾക്കുള്ള വിതരണവും സ്കൂളുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

**സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ**

12(*552) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ സ്കൂൾ കെട്ടിടങ്ങൾ ബലക്ഷയം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കാവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ സർക്കാർ സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ഓരോ സ്കൂളിനും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് 10,000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെ സ്കൂൾ ഗ്രാന്റ് ഇനത്തിൽ കഴിഞ്ഞവർഷവും ഈ വർഷവും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിക്കുന്നതിനുള്ള മാർഗ്ഗരേഖയും സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്. ഇതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും സ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈ വർഷത്തെ തുക അനുവദിച്ചതിന്റെ മാനദണ്ഡം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സ്കൂൾ കെട്ടിടങ്ങളുടെ ക്ഷമതയും ഭൗതിക സാഹചര്യങ്ങളുടെ പര്യാപ്തതയും വിലയിരുത്തി ആവശ്യമെങ്കിൽ അറ്റകുറ്റപ്പണികൾ നടത്തുവാനും അല്ലെങ്കിൽ പകരം സംവിധാനം ഒരുക്കുവാനും വേണ്ട നിർദ്ദേശങ്ങൾ എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്.

### എഡ്യൂക്കേഷണൽ ടെക്നോളജി ലാബിന്റെ പ്രവർത്തനം

13(*553) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. ബാബു (നെന്മാറ):
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും സഹായ കരമാവുന്ന വിധത്തിൽ പഠനപ്രവർത്തനം കൂടുതൽ രസകരവും അനായാസവുമാക്കുന്നതിന് നവ സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ ആധുനികവൽക്കരണം ലക്ഷ്യംവച്ചുകൊണ്ട് പഠനപ്രവർത്തനം കൂടുതൽ രസകരവും ആയാസരഹിതവുമാക്കുന്നതിന് സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്ന ഐടി @സ്കൂൾ പ്രോജക്ടിന് 2000-ത്തിൽ തുടക്കം കുറിച്ചിരുന്നു. 2017 മുതൽ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) എന്ന പേരിൽ പ്രത്യേക സർക്കാർ കമ്പനിയായും ഇത് പ്രവർത്തിക്കുകയാണ്. കൈറ്റിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ പൊതു വിദ്യാഭ്യാസ മേഖലയിൽ കേരളത്തെ രാജ്യത്തെ ആദ്യ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമായി 2020 ഒക്ടോബർ 12-ന് പ്രഖ്യാപിക്കുന്നതിന് സഹായകമായി. കൈറ്റിന്റെ (മുൻ ഐ.ടി.@സ്കൂൾ) നേതൃത്വത്തിൽ ചിട്ടയായി പടിപടിയായി നടപ്പിലാക്കിയ ഐ.ടി./ഐ.സി.ടി. പ്രവർത്തനങ്ങൾ, ' ഫസ്റ്റ്ബെൽ' ഡിജിറ്റൽ ക്ലാസ്സുകൾ, ജി-സ്യൂട്ട് സംവിധാനം അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ ക്ലാസ്സുകൾ, കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനലിന്റെ പ്രവർത്തനങ്ങൾ, സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിച്ച് അന്തർദ്ദേശീയ നിലവാരത്തിലേയ്ക്കെത്തിക്കുന്നതിന് സഹായിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ, ഡിജിറ്റൽ അക്കാദമിക പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനതല ഓഫീസും 14 ജില്ലകളിലും ജില്ലാ ഓഫീസുകളും വിദ്യാഭ്യാസ ജില്ലാ-വിദ്യാഭ്യാസ ഉപജില്ലാ തലങ്ങളിലെ പ്രവർത്തനങ്ങൾക്ക് നിരന്തര പരിശീലനം നൽകി അദ്ധ്യാപകരിൽ നിന്നുതന്നെയുള്ള മാസ്റ്റർ ട്രെയിനർമാരും എല്ലാ സ്കൂളുകളിലും സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർമാരും 2000-ത്തിലധികം ഹൈസ്കൂളുകളിൽ 'ലിറ്റിൽ കൈറ്റ്സ്' ഐ.ടി. ക്ലബ്ബുകളിലായി 1.5 ലക്ഷം കുട്ടികളും ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിലേയ്ക്ക് പ്രത്യേക ഐ.ടി. പുസ്തകങ്ങൾ, എസ്.എസ്.എൽ.സി-ക്ക് തിയറിയും പ്രാക്ടിക്കലുമായി പ്രത്യേക വിഷയം, പൊതുവിദ്യാഭ്യാസ വകുപ്പിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ തുടങ്ങി വിവിധ പ്രവർത്തനങ്ങളിലൂടെ ആധുനിക വിവര വിനിമയ സാങ്കേതികവിദ്യയുടെ പരമാവധി പ്രയോജനം പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും ലഭ്യമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ കൈറ്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

(ബി) ഓരോ ക്ലാസ്സിലേയ്ക്കും അനിവാര്യമായ ഡിജിറ്റൽ പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിന് രൂപംകൊടുത്ത എഡ്യൂക്കേഷണൽ ടെക്നോളജി ലാബിന്റെ പ്രവർത്തനം വിശദമാക്കാമോ?

കൈറ്റ് സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനൊപ്പം ഐ.ടി. അടിസ്ഥാന സൗകര്യ ലഭ്യതയും ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസ്സുകളിലെ പാഠഭാഗങ്ങൾക്ക് അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങളും സജ്ജമാക്കി ' സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടൽ മുഖേന എല്ലാ അദ്ധ്യാപകർക്കും പ്രയോജനപ്പെടുന്ന തരത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. പാഠഭാഗങ്ങൾക്കനുസൃതമായി അദ്ധ്യാപകർക്ക് ആവശ്യമായ ഡിജിറ്റൽ വിഭവങ്ങൾ സമഗ്ര പോർട്ടലിലൂടെ ലഭ്യമാക്കിയതിനോടൊപ്പം ഈ വിഭവങ്ങൾ സ്വയം നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതിക പരിശീലനവും അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. ഇമേജ് എഡിറ്റിംഗ്, ഓഡിയോ- വീഡിയോ റെക്കോർഡിംഗ് & എഡിറ്റിംഗ്, ഇന്ററാക്ടീവ് വിഭവങ്ങളുടെ നിർമ്മാണം എന്നീ മേഖലകളിൽ അദ്ധ്യാപകർക്ക് കൈറ്റ് പരിശീലനം നൽകിയിട്ടുണ്ട്. ക്ലാസ്സ്മുറികൾ ഹൈടെക്കായതിനൊപ്പം പരമ്പരാഗത അദ്ധ്യാപന രീതിയിലും മാറ്റം വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. പാഠാസൂത്രണങ്ങളും സൂക്ഷ്മാസൂത്രണങ്ങളും സാങ്കേതികവിദ്യാ സൗഹൃദമായി സമർപ്പിക്കുന്നതിനും അവ പരിശോധിക്കുന്നതിനും ഓരോ ക്ലാസ്സ്മുറിയിലും വിഭവങ്ങൾ ഉപയോഗിച്ച് പഠന പ്രവർത്തനങ്ങൾ നടത്തിയശേഷം റിഫ്ലക്ഷൻ നോട്ട് ഉൾപ്പെടുത്തുന്നതിനുമുള്ള സംവിധാനങ്ങളും സമഗ്ര വിഭവ പോർട്ടലിൽ നൽകിയിട്ടുണ്ട്. 5.5 ലക്ഷം സമഗ്രാസൂത്രണ രേഖകളും 8.89 ലക്ഷം സൂക്ഷ്മാസൂത്രണ രേഖകളും 32678 ഡിജിറ്റൽ റിസോഴ്സുകളും നിലവിൽ സമഗ്രയിൽ ഉണ്ട്.

(സി) ആരോഗ്യ ജീവിതശൈലി അനുവർത്തിക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനും നൈപുണ്യ വികസനത്തിനും ഉപയുക്തമായ ഡിജിറ്റൽ വിഭവങ്ങൾ തയ്യാറാക്കുന്നതിന് പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉണ്ട്. കുട്ടികളുടെ സർവതോന്മുഖമായ വികാസം ലക്ഷ്യംവച്ചുകൊണ്ട് വൈവിദ്ധ്യമായ പരിപാടികളാണ് കൈറ്റ് വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്യുന്നത്. ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി തലത്തിലുള്ള കുട്ടികൾക്ക് പ്രയോജനപ്പെടുന്ന ആരോഗ്യ-കായിക വിദ്യാഭ്യാസം, പ്രഗല്ഭരായ ഡോക്ടർമാരോട് ആശയവിനിമയം നടത്തുന്നതിനും മാനസികാരോഗ്യ സംബന്ധമായ വിഷയങ്ങളിൽ വ്യക്തത വരുത്തുന്നതിനും കൈറ്റ് വിക്ടേഴ്സിലൂടെ തൽസമയ സംപ്രേഷണം, യോഗ ക്ലാസ്സുകൾ, പ്രവൃത്തിപരിചയ ക്ലാസ്സുകൾ തുടങ്ങി വിവിധ മേഖലകളിലുള്ള പരിപാടികൾ കണ്ടെത്തി സംപ്രേഷണം ചെയ്യുന്നതിന് പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.

**പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കൽ**

14(*554) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. വി. അൻവർ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ നിലവിൽ വകുപ്പിലെ എല്ലാ എസ്റ്റിമേറ്റുകളും തയ്യാറാക്കപ്പെടുന്നതും അനുമതി നൽകുന്നതും ഓൺലൈനായി പ്രൈസ് എന്ന സോഫ്റ്റ്‌വെയർ മുഖേനയാണ്. ആയതിനാൽ വിവിധ തലത്തിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും കാലതാമസം ഉണ്ടാകുന്നപക്ഷം അത് നിരീക്ഷിക്കുന്നതിനും സത്വരം വേണ്ട നടപടികൾ എടുക്കുന്നതിനും സാധിക്കുന്നുണ്ട്. ദേശീയപാതാ വിഭാഗത്തിൻ കീഴിൽ വരുന്ന പദ്ധതികളിൽ കേന്ദ്ര ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ ഫണ്ടാണെങ്കിൽ സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും Regional Officer, MoRTH ആണ് നൽകുന്നത്. സംസ്ഥാന ഫണ്ടുകളിൽ ഭരണാനുമതി ലഭിച്ചാൽ കാലതാമസമില്ലാതെ തന്നെ സാങ്കേതികാനുമതി നൽകാറുണ്ട്.

(ബി) ഏറ്റെടുത്ത പ്രവൃത്തികളിൽ അലംഭാവം കാണിക്കുന്ന കരാറുകാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാർ വ്യക്തമായ കാരണങ്ങളില്ലാതെ പ്രവൃത്തി അനന്തമായി നീട്ടികൊണ്ടു പോകുന്ന സാഹചര്യത്തിൽ ടി കരാറുകാർക്കെതിരെ SBD/Revised PWD Manual 2012 പ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിൽ പ്രവർത്തിച്ച ഏതെങ്കിലും കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപടി സ്വീകരിച്ച കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

നിരത്ത് വിഭാഗം (1) തിരുവനന്തപുരം ഡിവിഷനിൽ

(i) തോട്ടുമുക്ക് ഇരപ്പിൽ ആനപ്പെട്ടി റോഡ് റെസ്റ്റോറേഷൻ എന്ന പ്രവൃത്തി ഏറ്റെടുത്ത ഡി. രത്നാകരൻ എന്ന കരാറുകാരൻ പ്രവൃത്തിയിൽ അലംഭാവം കാണിച്ചതിനാൽ റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്ത് റീ-ടെണ്ടർ ചെയ്തിട്ടുണ്ട്.

(ii) തേക്കട പനവൂർ റോഡ് 6/200 - 7/200 റെനവേഷൻ എന്ന പ്രവൃത്തി ഏറ്റെടുത്ത എൽ.ആർ. ലക്ഷ്മണൻ എന്ന കരാറുകാരൻ പ്രവൃത്തിയിൽ അലംഭാവം കാണിച്ചതിനാൽ റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്ത് റീ ടെണ്ടർ ചെയ്തിട്ടുണ്ട്.

(2) കോട്ടയം ജില്ലയിലെ Improvements to Kallungalthara Cheerpunkal road Ch.1/750 to 4/250(First Reach) പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ. ജോർജ്ജ് കുരുവിളയെ ടി പ്രവൃത്തിയിൽനിന്നും ടെർമിനേറ്റ് ചെയ്യുകയും പൊതുമരാമത്ത് മാന്വൽ Clause 2116.2.1 അനുസരിച്ച് പെർഫോമൻസ് സെക്യൂരിറ്റി തുക കണ്ടുകെട്ടാനും അവശേഷിക്കുന്ന പ്രവൃത്തിയുടെ 30% തുകയ്ക്ക് തുല്യമായ തുക വീണ്ടെടുക്കാനും ഉത്തരവായിട്ടുള്ളതാകുന്നു. ഈ ഉത്തരവിനെതിരെ കരാറുകാരൻ ബഹു. ഹൈക്കോടതിയിൽനിന്നും സ്റ്റേ വാങ്ങുകയും കോടതിയുടെ സ്റ്റേ ഉത്തരവ് നിലവിൽ നിലനിൽക്കുന്നതുമാണ്.

(3) തൃശ്ശൂർ ജില്ലയിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ അലംഭാവം കാണിച്ച നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കിയ കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

(i) Shri. Muhammad Kunji B/W 2018-19 - Improvements to Chiyyaram Convent Road 0/460 to 2/150

(ii) Shri. Muhammad Kunji F/D 2018-19 – Flood Rectification works to Chiyyaram Convent Road 2/150 to 3/000

(iii) Shri. Mahafoose M.D - NABARD RIDF XXIV Improvements to Muringoor Plamuri Meloor Pallinada Road from Ch. 0/000 to 4/500

(4) (i) കണ്ണൂർ ജില്ലയിലെ Non plan 2019-20 Improvements to Pookkom – Madpeedika road Km 0/000 to 2/000 എന്ന പ്രവൃത്തി ഏറ്റെടുത്ത മെസേഴ്സ് ഫാർസി കൺസ്ട്രക്ഷൻസ് പ്രൈവറ്റ് ലിമിറ്റഡ്.

(ii) കണ്ണൂർ ഡിവിഷനിൽ ടെണ്ടർ ഏറ്റെടുത്തശേഷം പ്രവൃത്തി ആരംഭിക്കാതിരുന്ന Budget 2018-19 -Reconstruction of Collapsed Culvert and retaining wall to Vallithodu Moonamkutty- Charal Pullanparathattu road Km 9/100 എന്ന പ്രവൃത്തിയുടെ കരാറുകാരൻ എം. ഷംസുദ്ദീനെ നഷ്ടോത്തരവാദിത്വത്തിൽ നീക്കം ചെയ്യുകയും തുടർന്ന് പ്രവൃത്തി റീടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(5) കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര താനിക്കണ്ടി റോഡ് പ്രവൃത്തി ഏറ്റെടുത്ത കാരാറുകാരനായ ശ്രീ. എം. ഡി. നൗഷാദിനെതിരെ പൊതുമരാമത്ത് മാന്വൽ അനുസരിച്ച് പ്രവൃത്തിയുടെ കരാർ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ റദ്ദ് ചെയ്തിട്ടുണ്ട്.

(6) കാസർഗോഡ് കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഇട്ടമ്മൽ-പൊയക്കര റോഡിന്റെ നവീകരണ പ്രവൃത്തികൾ ഏറ്റെടുത്ത M/s. Delcom Engineering Pvt. Delcon House, ചട്ടഞ്ചാർ (പി.ഒ.) തെക്കിൽ, കാസർഗോഡ് എന്ന കരാറുകാരനെ പ്രവൃത്തിയിൽ അലംഭാവം കാണിക്കുകയും നിരവധി തവണ ആവശ്യപ്പെട്ടിട്ടും സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാത്തതിനെയുംതുടർന്ന് പ്രസ്തുത കരാർ റദ്ദാക്കുകയും കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി ബാക്കി വരുന്ന പ്രവൃത്തികൾ കരാറുകാരന്റെ ചെലവിലും ഉത്തരവാദിത്വത്തിലും നടപ്പിലാക്കി പ്രവൃത്തി പുന:ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദേശീയപാതാ വിഭാഗം കോഴിക്കോട് ഡിവിഷന്റെ കീഴിൽ ദേശീയപാത 66-ൽ കി.മീ. 25/000 മുതൽ 45/000 വരെയുള്ള ബലപ്പെടുത്തൽ പ്രവൃത്തിക്ക് കാലതാമസം വരുത്തിയ കരാറുകാരനായ നാഥ് ഇൻഫ്രാസ്ട്രക്ചേഴ്സ് കോഴിക്കോടിന് എതിരെ ഫൈൻ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പാലങ്ങൾ വിഭാഗം കണ്ണൂർ ജില്ലയിലെ കീഴത്തൂർ പാലം, കോളയാട് പാലം, അലക്സ് നഗർ- കാഞ്ഞിലേരി പാലം, മലപ്പുറം ജില്ലയിലെ താഴെപാലം അപ്രോച്ച് റോഡ് എന്നീ പ്രവൃത്തികളുടെ കരാറുകാരെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്തിട്ടുണ്ട്. കെട്ടിട വിഭാഗം തൃശ്ശൂർ ഡിവിഷനു കീഴിൽ 'Maintenance of Boys Hostel Toilet Block in Kerala Kalamandalam at Cheruthuruthi' എന്ന പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ. ടി. എ. മൊഹമ്മദ്, താഴെ വീട്ടിൽ, പള്ളം പി.ഒ., ദേശമംഗലം, തൃശ്ശൂർ. കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ ടിയാനെ മേൽ പ്രവൃത്തിയിൽനിന്ന് ഒഴിവാക്കി റിസ്ക് ആൻഡ് കോസ്റ്റ് പ്രകാരം പ്രവൃത്തി പുന:ക്രമീകരിക്കുകയും ടിയാന്റെ ലൈസൻസ് റദ്ദാക്കുന്നതിന് വേണ്ടി ടിയാൻ ലൈസൻസ് എടുത്തിട്ടുള്ള ശിരുവാണി പ്രോജക്ട് സർക്കിൾ പാലക്കാട് ഓഫീസിലേയ്ക്ക് അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ഡിവിഷനുകീഴിൽ സമയബന്ധിതമായി പണി പൂർത്തിയാക്കാത്ത 5 കരാറുകാർക്ക് പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്.

## ബയോ ബബിൾ സംവിധാനം

15(*555) ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാലയങ്ങൾ തുറന്ന് പ്രവർത്തനം ആരംഭിക്കുമ്പോൾ ബയോ ബബിൾ സംവിധാനം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഓരോ ബയോ ബബിൾ വിഭാഗത്തെയും നിശ്ചയിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പരിഗണിക്കുകയെന്ന് വിശദമാക്കുമോ?

ശാരീരിക അകലം പാലിക്കാൻ ശിപാർശ ചെയ്യുന്ന ബയോബബിൾ സിസ്റ്റം ക്ലാസ്സ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ബയോബബിൾ എന്നത് ഒരു ക്ലാസ്സിൽ പഠിക്കുന്ന 6 മുതൽ 10 വരെയുള്ള കുട്ടികളുടെ കൂട്ടമാണ്. ഇവർ മാത്രമേ പരസ്പരം അടുത്ത് ഇടപെടാൻ പാടുള്ളൂ. ഇവർ ഒരു പ്രദേശത്തുനിന്ന് തന്നെ വരുന്നവരാണെങ്കിൽ അവരുടെ യാത്രയടക്കം ഒരുമിച്ച് ആസൂത്രണം ചെയ്യും. അതായത് ഒരു ക്ലാസ്സിൽ രണ്ടോ മൂന്നോ ബയോബബിളുകൾ ഉണ്ടാകാം. ബയോബബിൾ കുട്ടികളുടെ എണ്ണം എത്രകണ്ട് പരിമിതപ്പെടുത്താമോ അത്രകണ്ട് നല്ലതാണ്. ഒരു ബയോബബിളിലെ കുട്ടികൾ മറ്റൊരു ബയോബബിളിലെ കുട്ടികളുമായി ഒരു കാരണവശാലും അടുത്തിടപെടാൻ പാടുള്ളതല്ല. പരിമിതി ഏറെയുണ്ടെങ്കിലും രോഗത്തെ പ്രതിരോധിക്കാനുള്ള ഒരു മാർഗ്ഗമായി ബയോ ബബിളിനെ പ്രയോജനപ്പെടുത്താവുന്നതാണ്.

(ബി) ഓരോ ബയോ ബബിളിലും ഉൾപ്പെടുന്ന ശാരീരിക മാനസിക വൈകല്യങ്ങളുള്ള വിദ്യാർത്ഥികൾക്കും ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കും പ്രത്യേക പരിഗണന നൽകുമോ; വിശദീകരിക്കുമോ?

ശാരീരിക മാനസിക വൈകല്യങ്ങളുള്ള കുട്ടികളും ഭിന്നശേഷിക്കാരായിട്ടുള്ള കുട്ടികളും നവംബർ 1 മുതൽ സ്കൂളിൽ ഹാജരാകണം എന്ന് നിർദ്ദേശം നൽകിയിട്ടില്ല. സ്കൂൾ തുറന്ന് രണ്ടാഴ്ച കഴിഞ്ഞതിനുശേഷം ആയത് സംബന്ധിച്ച് തീരുമാനം എടുക്കുന്നതാണ്.

(സി) രോഗവ്യാപനം ഒഴിവാക്കുന്നതിന് പ്രസ്തുത സംവിധാനം എത്രത്തോളം സഹായകമാണെന്നും ഈ സംവിധാനത്തിന്റെ പ്രവർത്തനം സംബന്ധിച്ച് രക്ഷിതാക്കളെ ബോധവാന്മാരാക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കുമോ?

സ്കൂൾതലത്തിൽ കുട്ടികളുടെയും രക്ഷിതാക്കളുടെയും മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു കേന്ദ്രീകൃത മൊഡ്യൂൾ തയ്യാറാക്കിയിരുന്നു. പ്രസ്തുത മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകതല പരിശീലനവും നൽകിയിരുന്നു. അപ്രകാരം പരിശീലനം ലഭിച്ച അദ്ധ്യാപകർ ക്ലാസ്സ് അടിസ്ഥാനത്തിൽ രക്ഷകർത്താക്കൾക്ക് ഇതുസംബന്ധിച്ച ബോധവത്കരണ ക്ലാസ്സുകൾ നൽകിയിട്ടുണ്ട്. കൂടാതെ സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ പൊതു മാർഗ്ഗരേഖയിൽ രോഗ വ്യാപനം തടയുന്നതുമായി ബന്ധപ്പെട്ട് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) വിദ്യാർത്ഥികൾക്ക് സ്കൂളുകളിലേയ്ക്കുള്ള യാത്രാസൗകര്യം ഉറപ്പാക്കുന്നതിന് കെ.എസ്.ആർ.ടി.സി. നിലവിൽ നിശ്ചയിച്ചിരിക്കുന്ന യാത്രാനിരക്ക് കുറയ്ക്കുന്നതിന് ആവശ്യപ്പെടുമോ; വ്യക്തമാക്കാമോ?

പൊതുഗതാഗത വകുപ്പുമായി ചർച്ച നടത്തി ഇതിന്റെ സാദ്ധ്യതകൾ ആരായുന്നതാണ്.

## എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ

16(*556) ശ്രീ. എ. രാജ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂമി സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും കുടിയേറ്റക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഉപാധിരഹിത പട്ടയം നൽകുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ; ഇതിനായി ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിരുന്നോ?

അർഹരായ എല്ലാവർക്കും പട്ടയം നൽകുന്നത് വേഗത്തിലാക്കുന്നതിനായി പട്ടയ വിതരണം സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നതും അതിന്റെ അടിസ്ഥാനത്തിൽ 13534 പേർക്ക് 100 ദിനംകൊണ്ട് പട്ടയം വിതരണം ചെയ്യുകയുണ്ടായി. കുടിയേറ്റക്കാരുടെ കേസിൽ കുടിയേറിയിട്ടുള്ള ഭൂമി 1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിവ് നിയമത്തിനു കീഴിലുള്ള ചട്ടത്തിന് അനുസൃതമായി പതിവിന് യോഗ്യമായിട്ടുള്ള ഭൂമിയാണെങ്കിൽ

അതാത് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി പതിച്ചുനൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. നിലവിൽ സംസ്ഥാനത്ത് പട്ടയം വിതരണം ചെയ്യുന്നത് 1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിവ് നിയമത്തിന് കീഴിലുള്ള ചട്ടങ്ങൾക്ക് അനുസൃതമായിട്ടാണ്. പ്രസ്തുത ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കുന്നതിന് പതിച്ചുകിട്ടുന്ന വ്യക്തി ബാധ്യസ്ഥനാണ്.

(ബി) എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിനനുസൃതമായി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ക്രിയാത്മകമായ വിവിധ പദ്ധതികളാണ് റവന്യൂ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. എല്ലാവർക്കും ഭൂമി കണ്ടെത്തുന്നതിനായി സംസ്ഥാനത്ത് ഓരോ വില്ലേജിലും നിലവിലുള്ള ഭൂരഹിതരുടെ വിവരം, ഭൂമിയുടെ ലഭ്യത, പട്ടയവിതരണത്തിനുള്ള തടസ്സം എന്നീ വിവരങ്ങൾ ഉൾപ്പെടുന്ന ഒരു ഡാഷ് ബോർഡ് തയ്യാറാക്കുന്നതിനും അതിലൂടെ പട്ടയവിതരണത്തിനുള്ള തടസ്സം കണ്ടെത്തി പരിഹരിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്. ലാൻഡ് ബോർഡുകളിൽ തീർപ്പാക്കാൻ ശേഷിക്കുന്ന കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി കേരളത്തിലെ ലാൻഡ് ബോർഡുകളെ 4 മേഖലകളായി തിരിച്ച് ഓരോ ലാൻഡ് ബോർഡിന്റെയും ചുമതല ഓരോ ഡെപ്യൂട്ടി കളക്ടർമാർക്ക് നൽകുന്ന കാര്യവും പരിഗണനയിലാണ്. ലാൻഡ് ട്രിബ്യൂണൽ കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ജീവനക്കാർക്കുള്ള പരിശീലനപരിപാടിയും അദാലത്തും നടന്നുവരുന്നു. സേവനങ്ങൾ സ്മാർട്ടാക്കുന്നതിനായി കേരളം മുഴുവൻ ഡിജിറ്റലായി സർവ്വേ ചെയ്ത് ഭൂമിയുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് ആർ.കെ.ഐ.-ൽ ഉൾപ്പെടുത്തി 807.98 കോടി രൂപയുടെ പദ്ധതി തയ്യാറാക്കുകയും ആദ്യഘട്ടമായി 339.438 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. വില്ലേജ് ഓഫീസിൽനിന്നും പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളായി സർട്ടിഫിക്കറ്റ് വിതരണം, പോക്കുവരവ്, തണ്ടപ്പേർ പകർപ്പ്, ലൊക്കേഷൻ സ്കെച്ച്, എഫ്.എം.ബി. എന്നിവ ഓൺലൈനായി സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ സമഗ്ര ദുരിതാശ്വാസ മാനേജ്മെന്റ് സംവിധാനമായ റിലീഫ്, പൊതുജനങ്ങൾക്കുള്ള വിവിധ പരാതികൾ റവന്യൂ വകുപ്പുമന്ത്രിക്കും മറ്റ് ഓഫീസുകളിലും സമർപ്പിക്കുന്നതിനുള്ള മിത്രം, റവന്യൂ റിക്കവറി നടപടികൾക്കായിയുള്ള ആർ.ആർ. ഓൺലൈൻ എന്ന പോർട്ടലുകളും സജ്ജമാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഭൂനികുതി അനായാസേന മൊബൈൽ

ഫോൺ വഴി ഒടുക്കുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷനും എല്ലാ തുകയും കാഷ്‌ലെസായി ഓൺലൈനായോ, യു.പി.ഐ. മുഖേനയോ ഇ-പോസ് മെഷീൻ മുഖേനയോ ഒടുക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനവും ഒരുക്കിയിട്ടുണ്ട്. ബിൽഡിംഗ് ടാക്സ് ഓൺലൈനായി ഒടുക്കുന്നതിനുള്ള കെ.ബി.റ്റി. മാനേജ്മെന്റ് സിസ്റ്റം, റവന്യൂ വകുപ്പിൽനിന്ന് അനുവദിക്കുന്ന ക്ഷേമ പെൻഷനുകൾ ഓൺലൈനായി നൽകുന്നതിനുള്ള മൊഡ്യൂൾ എന്നിവ സജ്ജമാക്കുകയും നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള അപേക്ഷകൾ ഓൺലൈനായി നൽകുന്നതിനുള്ള പോർട്ടൽ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

**നാശനഷ്ടങ്ങളെ അതിജീവിക്കുന്ന റോഡ് നിർമ്മാണം**

17(*557) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) 2021 ഒക്ടോബർ മാസത്തിലുണ്ടായ ശക്തമായ മഴയിൽ പൊതുമരാമത്ത് റോഡുകൾക്കുണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

2021 ഒക്ടോബർ മാസത്തിലുണ്ടായ ശക്തമായ മഴയിൽ പൊതുമരാമത്ത് റോഡുകൾക്ക് 158.5 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. വിശദമായ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.* 2021 ഒക്ടോബർ മാസത്തിലുണ്ടായ ശക്തമായ മഴയിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകളിൽ 14.60 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. എൻ.എച്ച് 183- ൽ 12.25 കോടി രൂപയുടെയും എൻ.എച്ച് 183 A - ൽ 1.119 കോടി രൂപയുടെയും എൻ.എച്ച്. 185 - ൽ 3 ലക്ഷം രൂപയുടെയും എൻ.എച്ച്. 766 - ൽ 0.45 കോടി രൂപയുടെയും എൻ.എച്ച് 966- ൽ 0.75 കോടി രൂപയുടെയും നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറിയ റോഡുകളിലുണ്ടായ നാശനഷ്ടത്തിന്റെ എസ്റ്റിമേറ്റ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കെ.എസ്.ടി.പി-യുടെ പരിധിയിൽ വരുന്ന പുനലൂർ-പൊൻകുന്നം സംസ്ഥാന പാതയിൽ പൊൻകുന്നം-പ്ലാച്ചേരി റീച്ചിൽ ഏകദേശം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2 കോടി രൂപയുടെ നഷ്ടം കണക്കാക്കുന്നു. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്തുന്ന മല്ലപ്പള്ളി-കോമളം റോഡിലെ ഏകദേശം 30 മീറ്ററോളം വരുന്ന ഭാഗത്തിന് ഈ വെള്ളപ്പൊക്കത്തിൽ ഭാഗികമായി നാശനഷ്ടവും താവളം-മുള്ളി സംസ്ഥാന പാതയിലെ നിർമ്മാണത്തിലിരിക്കുന്ന കി.മീ. 17/570-ലുള്ള കൾവർട്ടിന് സമാന്തരമായി ഉണ്ടാക്കിയ താല്ക്കാലിക പാതയ്ക്ക് നവംബർ 1-ാം തീയതിയിലെ മഴവെള്ളപ്പാച്ചിലിൽ നാശനഷ്ടവും സംഭവിച്ചിരുന്നു.

(ബി) കനത്ത മഴയിലും ഉരുൾപൊട്ടലിലും ഗതാഗതം മുടങ്ങിയ പൊതുമരാമത്ത് റോഡുകളിൽ ഗതാഗതം പുന:സ്ഥാപിക്കുന്നതിന് വേണ്ടി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കനത്ത മഴയിലും ഉരുൾപൊട്ടലിലും ഗതാഗതം മുടങ്ങിയ പൊതുമരാമത്ത് റോഡുകളിൽ ഗതാഗത തടസ്സം നീക്കി ഗതാഗതം പുന:സ്ഥാപിക്കുന്നതിനുവേണ്ടി യുദ്ധകാലാടിസ്ഥാനത്തിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരുന്നു. റോഡുകളിലെ തടസ്സങ്ങൾ നീക്കി താല്ക്കാലികമായി ഗതാഗതയോഗ്യമാക്കുന്നതിനാവശ്യമായ അറ്റകുറ്റപ്പണികൾ നടപ്പിലാക്കിയിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ സ്ഥലത്തിന്റെ അവസ്ഥയ്ക്ക് അനുയോജ്യമായവിധം പുനർനിർമ്മാണ പ്രവർത്തനങ്ങളും ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ദേശീയപാതാ വിഭാഗത്തിൻകീഴിലുള്ള റോഡുകളിൽ ഉണ്ടായ തടസ്സങ്ങൾ അടിയന്തരമായി നീക്കം ചെയ്ത് റോഡ് ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. തകർന്ന റോഡുകൾ പുനരുദ്ധരിക്കുന്നതിന് 14.60 കോടി രൂപ എഫ്.ഡി.ആർ. 2021-22-നുകീഴിൽ കേന്ദ്ര ഗതാഗത ഹൈവേ മന്ത്രാലയത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഫണ്ട് ലഭ്യമായാലുടൻ പ്രവൃത്തി ആരംഭിക്കുന്നതാണ്.

(സി) സംസ്ഥാനത്ത് പ്രളയവും ഉരുൾപൊട്ടലും നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പ്രളയത്തെയും ഉരുൾപൊട്ടൽമൂലമുള്ള നാശനഷ്ടങ്ങളെയും അതിജീവിക്കുന്ന തരത്തിലുള്ള റോഡ് നിർമ്മാണത്തിന്റെ സാദ്ധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പ്രളയത്തെയും ഉരുൾപൊട്ടൽമൂലമുള്ള നാശനഷ്ടങ്ങളെയും അതിജീവിക്കുന്ന തരത്തിലുള്ള റോഡ് നിർമ്മാണത്തിന്റെ സാദ്ധ്യതകൾ പരിശോധിക്കുകയും സ്ഥിരമായി നാശനഷ്ടം നേരിട്ട റോഡുകൾ ദുരന്തങ്ങളെ അതിജീവിക്കുന്നതിന് അനുയോജ്യമായ സാങ്കേതികവിദ്യ ഉപയോഗിച്ച് പുനർനിർമ്മിക്കുന്നതിന്

നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. പ്രളയാനന്തര പുനർനിർമ്മാണത്തിന്റെ ഭാഗമായി റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്.ടി.പി. മുഖേന റോഡുകൾ നിർമ്മിച്ചു വരുന്നു. ദീർഘകാലം ഈടുനിൽക്കുന്ന രീതിയിലുള്ള ഡിസൈൻ തയ്യാറാക്കി ബി.എം. & ബി.സി. റോഡുകൾ നിർമ്മിക്കുന്നുണ്ട്. 15 മുതൽ 20 വർഷം വരെ ഈടുനിൽക്കുന്ന വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുന്നതിനും നിലവിലുള്ള റോഡ് വെട്ടിയെടുത്ത് സിമന്റും പ്രത്യേക തരം പൾവറൈസറും ചേർത്ത് കുഴച്ച് ടി ഭാഗത്ത് തന്നെ ഇടുകയും ചെയ്യുന്ന ഫുൾ ഡെപ്ത് റീക്ലമേഷൻ ടെക്നോളജി, ജർമ്മൻ നിർമ്മിത മില്ലിംഗ് യന്ത്രം ഉപയോഗിച്ചുള്ള കോൾഡ് ഇൻപ്ലേസ് റീസൈക്ലിംഗ് നിർമ്മാണ രീതി എന്നിവയും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്വാഭാവിക റബ്ബർ, കയർ, ജിയോ ടെക്സ്റ്റയിൽ ഉപയോഗശൂന്യമായ പ്ലാസ്റ്റിക് എന്നിവ ഉപയോഗിച്ച് പരിസ്ഥിതിസൗഹാർദ്ദമായ രീതിയിൽ റോഡ് നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകിവരുന്നു. ഉരുൾപൊട്ടൽ സാദ്ധ്യതയുള്ള പ്രദേശങ്ങളിലെ ചരിവുകളുടെ സംരക്ഷണത്തിനായി ജിയോ ടെക്സ്റ്റയിൽസ്, ഗാബിയോൺ വാൾ, ടർഫിംഗ് തുടങ്ങിയ സാങ്കേതിക വിദ്യകൾ ഉപയാഗിച്ചുവരുന്നു. ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകളിൽ പ്രകൃതിക്ഷോഭ സംബന്ധമായ പ്രശ്നങ്ങൾ തടയുന്നതിനായി Retaining Wall, Culvert, Drain, BM & BC എന്നിവ ഉൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ട്. ദേശീയപാതാ വിഭാഗത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെയും ഐ.ആർ.സി-യുടെയും മാനദണ്ഡങ്ങൾ പ്രകാരമാണ് ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ്, ഡെൻസ് ബിറ്റുമിനസ് മെക്കാഡം എന്നിവ ഉപയോഗിച്ച് ഉപരിതലം പുതുക്കാറുണ്ട്. ആധുനിക സാങ്കേതിക വിദ്യയായ കോൾഡ് ഇൻ പ്ലേസ് റീസൈക്ലിംഗ് ഉപരിതലം പുതുക്കുന്ന പ്രവൃത്തികളിലും ബലപ്പെടുത്തൽ പ്രവൃത്തികളിലും ദേശീയപാതകളിൽ നടപ്പിലാക്കുന്നുണ്ട്. ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളുടെ നിർമ്മാണം Natural Rubber Modified Bitumen ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്.

(ഡി) പ്രളയത്തെ അതിജീവിക്കുന്ന നിർമ്മാണ രീതികൾ സ്വായത്തമാക്കുന്നതിന് ദേശീയ, അന്തർദ്ദേശീയ തലത്തിലുള്ള ഗവേഷണ സ്ഥാപനങ്ങളുമായും സർവ്വകലാശാലകളിലെ ഗവേഷണ വിഭാഗവുമായും സഹകരിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കുമോ?

പരിസ്ഥിതി സൗഹാർദ്ദ നിർമ്മാണ രീതികൾ അവലംബിക്കാനായി കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പഠനം നടത്തി വരുന്നു. റോഡുകളുടെ ഈട് കൂട്ടുന്നതിനുള്ള മൈക്രോ സർഫെയ്സിംഗ്, നിലവിലെ റോഡിനെ പൊളിച്ച് അതിലെ തന്നെ അഗ്രിഗേറ്റ്സ് ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്ന സാങ്കേതികവിദ്യയായ റീസൈക്കിൾഡ് അസ്ഫാൾട്ട് പേവ്മെന്റ്, പാലങ്ങളുടെയും മറ്റും കമ്പികൾ തുരുമ്പ് വരാതിരിക്കാനുള്ള കാതോഡിക്ക് പ്രൊട്ടക്ഷൻ എന്നിവ അതിൽ ചിലതാണ്. ഇതിന്റെ ഭാഗമായി പാലക്കാട് ഐ.ഐ.ടി-യിൽ ഒരു റിസർച്ച് ചെയർ സ്ഥാപിച്ചിട്ടുണ്ട്. ഇതുകൂടാതെ ഐ.ഐ.ടി. മദ്രാസ്, ഐ.ഐ.ടി. തിരുപ്പതി എന്നീ സ്ഥാപനങ്ങളുമായി ആശയ വിനിമയം നടത്തിവരുന്നു. പ്രകൃതി സൗഹൃദവും കാലാവസ്ഥയെ പ്രതിരോധിക്കുന്നതുമായ നൂതന സാങ്കേതികവിദ്യകൾ കേരളത്തിൽ നടപ്പിലാക്കാൻ കിഫ്ബിയുമായി സഹകരിച്ച് പദ്ധതികൾ ആവിഷ്കരിക്കുന്നു. ഇതിന്റെ സാങ്കേതിക സഹായത്തിനായി ഐ.ഐ.ടി. മദ്രാസ്, ഐ.ഐ.ടി. ഡൽഹി, ഐ.ഐ.ടി. പാലക്കാട്, നാറ്റ്പാക് എന്നിവിടങ്ങളിലെ സാങ്കേതിക വിദഗ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നാഷണൽ കോൺഫറൻസ് ഓൺ റസലിയന്റ് ഇൻഫ്രാസ്ട്രക്ച്ചർ (NCRI - 2020) എന്ന പേരിൽ 2020-ൽ ഒരു നാഷണൽ കോൺഫറൻസ് നടത്തുകയുണ്ടായി. അതിന്റെ തുടർച്ചയായി 2022- ലും (NCRI- 2022) സംഘടിപ്പിക്കുന്നതാണ്. പാലക്കാട് ഐ.ഐ.ടി-യുമായി ചേർന്നാണ് പ്രസ്തുത പഠനങ്ങൾ ആവിഷ്കരിച്ചിരിക്കുന്നത്. പാലക്കാട് ഐ.ഐ.ടി.-യുമായി MoU ഒപ്പുവച്ചിട്ടുള്ളതാണ്. ഐ.ഐ.ടി. മദ്രാസ്, ഐ.ഐ.ടി. തിരുപ്പതി എന്നീ സ്ഥാപനങ്ങളുമായും MOU ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ പ്രാഥമിക ഘട്ടത്തിലാണ്.

## പൊതുവിദ്യാഭ്യാസം അന്താരാഷ്ട്ര നിലവാരത്തിലേക്കെത്തിക്കുന്നതിന് നടപടി

18(*558) ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ രംഗം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കെത്തിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പരിപാടികളെ കുറിച്ച് അറിയിക്കാമോ?

ആധുനിക വിദ്യാഭ്യാസ കാഴ്ചപ്പാടിനനുസൃതമായി സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ രംഗം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കെത്തിക്കുന്നതിന് കാതലായ മാറ്റങ്ങൾ വരുത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിന് സാധിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കെത്തിക്കുന്നതിനും ഡിജിറ്റൽ വിടവില്ലാതെ എല്ലാ വിഭാഗം സ്കൂൾ കുട്ടികൾക്കും ആധുനിക വിവരവിനിമയ സാങ്കേതികവിദ്യയുടെ പ്രയോജനം ഉറപ്പുവരുത്തുന്നതിനും സാധിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ താഴെപ്പറയുന്നവയാണ്.

അടിസ്ഥാന സൗകര്യവികസനം - സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 141 സ്കൂളുകൾക്ക് 5 കോടിരൂപ വീതവും 386 സ്കൂളുകൾക്ക് 3 കോടി രൂപവീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപവീതവും എയ്ഡഡ് വിദ്യാലയങ്ങൾക്ക് ചലഞ്ച് ഫണ്ടും 59 വിദ്യാലയങ്ങൾക്ക് നബാർഡ് സ്കീമിൽ 104 കോടി രൂപയും പ്ലാൻ ഫണ്ടിലൂടെ 1100-ഓളം വിദ്യാലയങ്ങളിൽ ഭൗതിക സൗകര്യ വികസനത്തിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ SSK, തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട്, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, പൂർവ്വ വിദ്യാർത്ഥി ഫണ്ട് തുടങ്ങിയവയും ഭൗതിക സൗകര്യ വികസനത്തിനായി പ്രയോജനപ്പെടുത്തുന്നുണ്ട്. 5 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട 108 സ്കൂൾ കെട്ടിടങ്ങളും 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട 77 സ്കൂൾ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

സാങ്കേതിക വിദ്യ - ആധുനിക സാങ്കേതികവിദ്യയുടെ പിന്തുണ ഉറപ്പാക്കാൻ സെക്കൻഡറി-ഹയർ സെക്കൻഡറി വിഭാഗത്തിലെ എല്ലാ ക്ലാസ്സുമുറികളും സാങ്കേതികവിദ്യാ സൗഹൃദമാക്കി. മുഴുവൻ പ്രൈമറി വിദ്യാലയങ്ങളിലും കമ്പ്യൂട്ടർ ലാബ് സ്ഥാപിച്ചു. സാങ്കേതികവിദ്യയുടെ പ്രയോജനം ഉറപ്പുവരുത്തുന്നതിന് ഹൈടെക് സ്കൂൾ പദ്ധതിയിൽ 8 മുതൽ 12 വരെ ക്ലാസ്സുകളുള്ള സ്കൂളുകളിലെ ക്ലാസ്സുമുറികൾ ഹൈടെക് ആക്കുകയും ഹൈടെക് ലാബ് പദ്ധതിയനുസരിച്ച് ഒന്നു മുതൽ ഏഴു വരെ ക്ലാസ്സുകളിലേയ്ക്ക് കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ഐ.ടി. സംവിധാനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുകയും ചെയ്തു. സാങ്കേതികവിദ്യ ഫലപ്രദമായി ക്ലാസ്സുമുറികളിൽ പ്രയോജനപ്പെടുത്താൻ 'സമഗ്ര' പോർട്ടൽ തയ്യാറാക്കി. കുട്ടികളെ കർമ്മോത്സുകരാക്കാനും പഠന പാതയിൽ നിലനിർത്താനും ജൂൺ 1-ന് തന്നെ ഫസ്റ്റ് ബെൽ ഡിജിറ്റൽ ക്ലാസുകൾ വിക്ടേഴ്സ് ചാനലിലൂടെ ആരംഭിച്ചു.

അക്കാദമികം - സ്കൂളിന്റെ സമഗ്രവികസനത്തെ കണ്ടുകൊണ്ട് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി. ഗുണത ഉറപ്പാക്കാൻ വൈവിദ്ധ്യമാർന്ന അക്കാദമിക പ്രവർത്തനങ്ങൾ നടത്തി. ഭാഷാ വികാസത്തിനായി മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി തുടങ്ങിയ പ്രവർത്തനങ്ങൾ, പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്കായി ശ്രദ്ധ എന്ന പൊതു പ്ലാറ്റ്ഫോം, ഗണിതശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, ശാസ്ത്രം, കലാകായികം തുടങ്ങി എല്ലാ മേഖലകളിലും സർവ്വതല സ്പർശിയായ പ്രവർത്തനങ്ങൾ നടത്തി. കുട്ടികളെ അക്കാദമികമായി സഹായിക്കാനും അവർക്കുണ്ടാകുന്ന വ്യക്തിപരമായ പ്രശ്നങ്ങളടക്കം മനസ്സിലാക്കി പരിഹരിക്കാനും സഹായകമായ 'മെന്ററിംഗ് പദ്ധതി' ആവിഷ്കരിക്കുകയും അതിനായി 'സഹിതം' ഡിജിറ്റൽ പോർട്ടൽ വികസിപ്പിക്കുകയും ചെയ്തു. ഭിന്നശേഷിയുള്ള കുട്ടികൾക്കായി പ്രത്യേകം കരിക്കുലം, കൈപ്പുസ്തകം എന്നിവ വികസിപ്പിച്ച് അദ്ധ്യാപകർക്ക് പരിശീലനം നൽകി. വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ ദേശീയ നൈപുണ്യ യോഗ്യത ചട്ടക്കൂടിലധിഷ്ഠിതമായ വൊക്കേഷണൽ കോഴ്സുകൾ നടപ്പാക്കി.

സാമൂഹികം-സമൂഹത്തിലെ പ്രതിഭകളെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി ഏറെ ശ്രദ്ധിക്കപ്പെട്ട 'വിദ്യാലയം പ്രതിഭകളിലേയ്ക്ക് ' എന്ന പ്രവർത്തനം വിപുലമായി നടത്തി. രക്ഷാകർതൃ ബോധവൽക്കരണത്തിനായി എസ്.സി.ഇ.ആർ.ടി. 'നന്മപൂക്കുന്ന നാളേയ്ക്ക്' എന്ന പുസ്തകം തയ്യാറാക്കി പരിശീലനം നൽകി. വിദ്യാഭ്യാസ രംഗത്തുണ്ടായ മുന്നേറ്റം വിദ്യാലയങ്ങളിൽ മാത്രമല്ല സമൂഹത്തിലാകെ പ്രസരിച്ചിട്ടുണ്ട്. വിദ്യാലയങ്ങളുടെ എല്ലാവിധ മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങളിലും സാമൂഹിക പിന്തുണയും പങ്കാളിത്തവും ഉറപ്പാക്കി. പൊതുവിദ്യാഭ്യാസ മേഖലയിൽ ഡാറ്റാ അധിഷ്ഠിത ആസൂത്രണം സാദ്ധ്യമാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ഡാറ്റാ ബേസ്ഡ് ഇൻസൈറ്റ് (ഡി-സൈറ്റ്) പദ്ധതി നടപ്പിലാക്കിവരുന്നു. ദേശീയ-അന്തർദേശീയ തലത്തിൽ വിദ്യാഭ്യാസ മാനേജ്മെന്റുമായി ബന്ധപ്പെട്ട ലഭ്യമായ ഡാറ്റാ ശേഖരിച്ച് സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസം അന്തർദ്ദേശീയതലത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ ആസൂത്രണം സാദ്ധ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. തുല്യതയ്ക്കും ഗുണമേന്മയ്ക്കും പ്രാധാന്യം നൽകിക്കൊണ്ടുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ രണ്ടാം ഘട്ടത്തിൽ ഡാറ്റാ അധിഷ്ഠിത പ്ലാനിംഗ് അനിവാര്യമാണെന്ന് വിലയിരുത്തിയിട്ടുണ്ട്.

(ബി) വിദ്യാർത്ഥി കേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവുമായ വിദ്യാഭ്യാസ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലുള്ള പഠന, ബോധനപ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ എന്തെല്ലാം ഗുണപരമായ മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

വിദ്യാർത്ഥി കേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവുമായ വിദ്യാഭ്യാസ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലുള്ള പഠന ബോധനപ്രവർത്തനങ്ങളിലൂടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം തുല്യഅവസരങ്ങൾ പ്രദാനം ചെയ്തുകൊണ്ട് ഓരോ കുട്ടിയുടേയും സമഗ്രമായ വികാസമാണ് പ്രതീക്ഷിക്കുന്നത്. ഇന്നത്തെ ലോകം അറിവിനാൽ നിയന്ത്രിക്കപ്പെടുന്നതാണ്. അതുകൊണ്ടുതന്നെ ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്ത് അറിവ് നിർമ്മിക്കാനും പ്രശ്ന സന്ദർഭങ്ങളിൽ അങ്ങനെ നിർമ്മിച്ച അറിവിനെ പ്രസ്തുത പ്രശ്നത്തെ നിർദ്ധരിക്കാൻ പ്രയോജനപ്പെടുത്താനും കുട്ടികൾക്ക് കഴിയണം. ഇങ്ങനെ അറിവിന്റെ നിർമ്മാതാക്കളാക്കി മാറ്റാനും അതിനാവശ്യമായ അറിവും കഴിവും നൈപുണിയും ആത്മവിശ്വാസവും വളർത്തിയെടുക്കാനും അതത് ക്ലാസ്സുകളിൽ കുട്ടികൾ ആർജ്ജിക്കേണ്ട പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾ നേടാനും വിദ്യാർത്ഥി കേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവുമായ പഠനബോധന പ്രവർത്തനത്തിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വിദ്യാർത്ഥി കേന്ദ്രീകൃത വിദ്യാഭ്യാസത്തിൽ അറിവുകൾ, നൈപുണികൾ, ധാരണകൾ എന്നിവ നേടുന്നതിന് കുട്ടിയെ സഹായിക്കുന്ന പഠന ബോധനപ്രവർത്തനങ്ങളാണ് വൊക്കേഷണൽ വിദ്യാഭ്യാസത്തിൽ നടന്നുവരുന്നത്. യഥാർത്ഥ തൊഴിലിടങ്ങളിൽ കുട്ടികൾ നേരിട്ട് സംവദിക്കുന്നതിനുള്ള ഓൺ ദി ജോബ് പരിശീലനങ്ങൾ, ഫീൽഡ് വിസിറ്റുകൾ തുടങ്ങിയ പ്രവർത്തനങ്ങളിലും തൊഴിൽ വിദഗ്ധരുമായുള്ള സംവാദങ്ങളിലും പ്രോജക്ട് വർക്കുകളിലും ഏർപ്പെടുന്ന കുട്ടികളിൽ പ്രതീക്ഷിക്കുന്ന പഠനനേട്ടങ്ങൾ ഉണ്ടാകുകയും അതുവഴി താൻ പഠിക്കുന്ന തൊഴിൽ മേഖലയോടും താൽപ്പര്യമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കുട്ടികളിൽ ശരിയായ തൊഴിൽ മനോഭാവവും അതുവഴി പ്രതീക്ഷിക്കുന്നുണ്ട്.

(സി) പ്രസ്തുത വിദ്യാഭ്യാസ കാഴ്ചപ്പാടിന്റെ പ്രസക്തിയും പ്രാധാന്യവും രക്ഷിതാക്കളിലും പൊതുസമൂഹത്തിലും എത്തിക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വിശദമാക്കാമോ?

രക്ഷാകർതൃ വിദ്യാഭ്യാസം ഏറ്റവും പ്രധാനമാകയാൽ അത് നിശ്ചിത ഇടവേളകളിൽ നടത്തുന്നുണ്ട്. ഇതിനായി എസ്.സി.ഇ.ആർ.ടി. 'നന്മ പൂക്കുന്ന നാളേയ്ക്ക്' എന്ന പുസ്തകം തയ്യാറാക്കി പരിശീലനം നൽകി. ക്ലാസ്സ് പി.ടി.എ-കൾ നടത്തുമ്പോഴും സ്കൂളുകളിൽ വിവിധ പ്രവർത്തനങ്ങൾ നടക്കുമ്പോഴും ഈ കാഴ്ചപ്പാട്

രക്ഷാകർത്താക്കളിലേയ്ക്കും സമൂഹത്തിലേയ്ക്കും എത്തിക്കാൻ കഴിയുന്നുണ്ട്. ഈ ലക്ഷ്യം കണ്ടുകൊണ്ടുള്ള പരിപാടികൾ വിക്ടേഴ്സ് ചാനലിലും സംപ്രേക്ഷണം ചെയ്യുന്നുണ്ട്. സമൂഹത്തിലെ വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങളിൽ കുട്ടികൾ ഏർപ്പെടുന്നതുവഴി പ്രസ്തുത വിദ്യാഭ്യാസ കാഴ്ചപ്പാടിന്റെ പ്രസക്തിയും പ്രാധാന്യവും രക്ഷിതാക്കളിലും പൊതുസമൂഹത്തിലും എത്തുന്നുണ്ട്. വിവിധ തൊഴിൽശാലകളിൽ നടത്തുന്ന പരിശീലനങ്ങൾ, കമ്യൂണിറ്റി-ലിങ്ക്ഡ് പ്രോഗ്രാം, പോസിറ്റീവ് പാരന്റിംഗ്, ' ഹൗ ആർ യു' എന്നീ പ്രവർത്തനങ്ങൾ വഴി സമൂഹവുമായും രക്ഷിതാക്കളുമായും സംവദിക്കുന്നുണ്ട്. കൂടാതെ ആർ.ഡി.ഡി., ഡി.ഡി.ഇ., എ.ഡി., ഡി.ഇ.ഒ., എ.ഇ.ഒ., ഡയറ്റ് പ്രിൻസിപ്പൽമാർ തുടങ്ങിയ വിഭാഗങ്ങളിൽപ്പെടുന്ന നേതൃസ്ഥാനീയരായ വിദ്യാഭ്യാസപ്രവർത്തകർക്ക് 4-5 ദിവസം നീണ്ടുനിൽക്കുന്ന ഓൺലൈൻ പ്രോഗ്രാമിലൂടെ വിദ്യാഭ്യാസ മാനേജ്മെന്റിലും അനുബന്ധ മേഖലകളിലും വിദഗ്ദ്ധ പരിശീലനം 2-3 ബാച്ചുകളിലായി ഉടൻതന്നെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പ്രാരംഭഘട്ടത്തിൽ ഇവർക്ക് നൽകുന്ന പരിശീലനത്തിന്റെ ഗുണഫലങ്ങൾ താഴെത്തട്ടുകളിലുള്ള പ്രഥമാദ്ധ്യാപകർക്കും അദ്ധ്യാപകർക്കും cascading impact-ലൂടെ ഒരു പരിധി വരെ പകർന്നു കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടി**

19(*559) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭരണാനുമതി നൽകിയ ടൂറിസം പദ്ധതികളും അവയുടെ പുരോഗതിയും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച പദ്ധതികളുടെ വിശാദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു *.

(ബി) വിദേശ വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്ന വിധം ടൂറിസം പദ്ധതികൾ നൂതനവും കാലികവുമാക്കാൻ എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ നിരവധി അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് വകുപ്പ് വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്തെ എല്ലാ ടൂറിസം കേന്ദ്രങ്ങളിലും മികച്ച ശുചിത്വ നിലവാരം ഉറപ്പു വരുത്തുന്നതിനായി ഗ്രീൻ കാർപെറ്റ് പദ്ധതി നടപ്പിലാക്കിവരുന്നു. എറണാകുളം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ പ്രസ്തുത പദ്ധതി പ്രകാരം 11 കോടി 77 ലക്ഷം രൂപയുടെ 17 നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് നടപ്പാക്കിയ ഗ്രീൻ ഗ്രാസ്സ് പദ്ധതി വഴിയുള്ള മാലിന്യനിർമ്മാർജ്ജനം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 79 വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യവിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ 2019-20-ൽ 4.79 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകി. പ്രസ്തുത കേന്ദ്രങ്ങളിലെ ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ചു. ജൈവ മാലിന്യങ്ങൾ എയറോബിക് സാങ്കേതികത്വം വഴി പ്രവർത്തിക്കുന്ന ബിന്നുകളിൽ നിക്ഷേപിച്ച് ജൈവ വളമാക്കി മാറ്റുകയും അജൈവ മാലിന്യങ്ങൾ ശേഖരണ ബിന്നുകളും ബൂത്തുകളും ഉപയോഗിച്ച് തരംതിരിച്ച് ശേഖരിച്ച് അവയെ പിന്നീട് കൃത്യമായ ഇടവേളകളിൽ, പുനഃചംക്രമണത്തിനും മറ്റും ഉപയോഗപ്പെടുന്നതിലേയ്ക്കായി, അതാത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ എം.സി.എഫ്. (Material Collection Facility)-ലേയ്ക്ക് എത്തിച്ചുനൽകാനും ഉദ്ദേശിച്ചുള്ളതാണ് പദ്ധതി. ഇത് പ്രകാരം 29 കേന്ദ്രങ്ങളിലെ ജൈവ മാലിന്യ സംസ്കരണ യൂണിറ്റുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കിയുള്ളവ പൂർത്തിയായിവരുന്നു. ദിവസേന ആയിരത്തിലധികം ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന കേന്ദ്രങ്ങളിൽ ലോകനിലവാരമുള്ള ടോയ്‌ലെറ്റുകൾ നിർമ്മിക്കാൻ വേൾഡ് ക്ലാസ്സ് ടോയ്‌ലെറ്റ് എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇതുപ്രകാരം 12 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഭിന്നശേഷിക്കാരായ വിനോദസഞ്ചാരികൾക്കുകൂടി സൗകര്യപ്രദമായ വിധത്തിൽ സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ മാറ്റിയെടുക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് ബാരിയർ ഫ്രീ ടൂറിസം. കൈവരിയുള്ള റാമ്പ്, ബ്രെയിൽ ലിപിയിലുള്ള ദിശാ സൂചകം, ഭിന്നശേഷി സൗഹൃദ ടോയ്‌ലെറ്റ്, വീൽചെയർ, വാക്കിംഗ് സ്റ്റിക്, ക്രച്ചസുകൾ എന്നിവ ലഭ്യമാക്കുക, ശ്രവണ വഴികാട്ടി എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കേരളത്തെ അന്താരാഷ്ട്ര ആഭ്യന്തര വിനോദ സഞ്ചാരികളുടെ ഒരു പ്രധാന ടൂറിസ്റ്റ് കേന്ദ്രമായി ആകർഷിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ ആവിഷ്കരിക്കേണ്ടതിന്റെ ഭാഗമായി 2021-ലെ ബഡ്ജറ്റിൽ താഴെപ്പറയുന്ന രണ്ട് ബൃഹദ് ടൂറിസം സർക്യൂട്ടുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. ബയോ

ഡൈവേഴ്സിറ്റി സർക്യൂട്ട്-കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായൽ, മൺറോതുരുത്ത്, കൊട്ടാരക്കര മീൻപിടിപ്പാറ, മുട്ടറമരുതിമല, ജടായുപ്പാറ, തെന്മല, അച്ചൻകോവിൽ എന്നീ പ്രദേശങ്ങളെ ബന്ധിപ്പിച്ചു കോർത്തിണക്കി നടപ്പിലാക്കുന്ന സർക്യൂട്ട് പദ്ധതിയാണിത്. കായലും കടലും ഭംഗിയുള്ള തോടുകളും തുരുത്തുകളും മലയോരവും തേയിലത്തോട്ടവുമുള്ള കൊല്ലം ജില്ല വിനോദസഞ്ചാര മേഖലയിൽ പുത്തൻ ഉണർവുണ്ടാക്കും. ജൈവവൈവിദ്ധ്യവും പ്രകൃതി സൗന്ദര്യവും സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലാകും പദ്ധതി നടപ്പാക്കുക. കണ്ടൽക്കാടുകളിലൂടെയുള്ള ജലയാത്ര, മലകയറ്റം, തെന്മല-അച്ചൻകോവിൽ വനമേഖലയിലൂടെയുള്ള സഞ്ചാരം എന്നിവയെല്ലാം ഈ സർക്യൂട്ടിൽ ഉൾപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ വിളിച്ചുകഴിഞ്ഞു. അഞ്ച് സ്ഥാപനങ്ങളിൽ നിന്നുള്ള ഓഫറുകൾ ലഭിച്ചിട്ടുണ്ട്. ഇവയുടെ പരിശോധന നടന്നുവരുന്നു.

മലബാർ ലിറ്റററി സർക്യൂട്ട് - മലബാർ മേഖലയിലെ സാഹിത്യ-സാംസ്കാരിക കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മലബാർ ലിറ്റററി സർക്യൂട്ട് എന്ന ടൂറിസം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. മലയാള സാഹിത്യത്തിലെ അതികായൻമാരായ തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ.വി. വിജയൻ, എം.ടി. വാസുദേവൻ നായർ എന്നിവരിലൂടെ പ്രശസ്തി നേടിയ തുഞ്ചൻ സ്മാരകം, ബേപ്പൂർ, തസ്രക്ക്, ഭാരതപ്പുഴയുടെ തീരങ്ങൾ, കൂടാതെ പൊന്നാനി, തൃത്താല എന്നീ സ്ഥലങ്ങളെ കോർത്തിണക്കിയുള്ളതാണ് ഈ ടൂറിസം സർക്യൂട്ട്. തുഞ്ചൻപറമ്പ് മുതൽ കൽപ്പാത്തി വരെ നീളുന്നതാണ് നിളയിലെ പൈതൃക സർക്യൂട്ട്. ഇതിലേയ്ക്ക് ബേപ്പൂർ സുൽത്താൻ ശ്രീ. വൈക്കം മുഹമ്മദ് ബഷീറിന്റെ നാടിനെയും കോർത്തിണക്കും. മഹാകവിയുടെ പൈതൃകസ്മരണകളുറങ്ങുന്ന നിളാതീരത്തെ തുഞ്ചന്റെ തട്ടകവും കുഞ്ചന്റെ കിള്ളിക്കുറിശ്ശിയും എം.ടി.-യുടെ കൂടല്ലൂരും ഇടശ്ശേരിയുടെ കുറ്റിപ്പുറവും സാമൂതിരിയുടെ നിലപാടുതറയുമെല്ലാം കൂട്ടിയിണക്കുന്ന രീതിയിലാണ് ഈ സർക്യൂട്ട് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വികസനത്തിന്റെ ഭാഗമായി പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലെയും പഞ്ചായത്തുകളിലെയും ടൂറിസം സാദ്ധ്യത പരിശോധിച്ച് അവയുടെ അടിസ്ഥാനസൗകര്യ വികസനത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി അതാത് ജില്ലകളിലെ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ അവിടെയുള്ള

ബന്ധപ്പെട്ട സ്റ്റേക്ക് ഹോൾഡേഴ്സിനേയും പഞ്ചായത്ത് പ്രതിനിധികളെയും ഉൾപ്പെടുത്തി വിനോദസഞ്ചാര-പൊതുമരാമത്ത് വകുപ്പുമന്ത്രി യോഗം നടത്തിവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ തയ്യാറാക്കിയ പദ്ധതിനിർദ്ദേശങ്ങൾ വകുപ്പിന് ലഭിച്ചു വരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്ന കാര്യം അന്തിമഘട്ടത്തിലാണ്. നൂതനമായ ടൂറിസം ഉൽപ്പന്നമെന്ന നിലയിൽ കൂടുതൽ വിനോദസഞ്ചാരികളെ പ്രത്യേകിച്ചും വിദേശികളെ ആകർഷിക്കാൻ കാരവൻ ടൂറിസം പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ നവീകരിച്ച മൊബൈൽ ആപ്പും പുറത്തിറക്കിയിട്ടുണ്ട്. ഇതുകൂടാതെ സോഷ്യൽ മീഡിയയുടെ പ്രയോജനം സംസ്ഥാനത്തെ ടൂറിസം വികസനത്തിന് ഉപയോഗിക്കുന്നതിനാവശ്യമായ നിരവധി നൂതനമായ പദ്ധതികൾക്കും രൂപംനൽകി നടപ്പാക്കിവരുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ നമ്മുടെ സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് ആത്മവിശ്വാസം പകരുന്നതിനും നമ്മുടെ നാട് സഞ്ചാരികൾക്ക് സുരക്ഷിതമാണെന്ന സന്ദേശം നൽകുന്നതിനുമായി റീ-അഷ്വറൻസ് ക്യാമ്പയിനും നടപ്പാക്കിവരുന്നു.

(സി) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഭിന്നശേഷിക്കാരായ വിനോദസഞ്ചാരികൾക്കുകൂടി സൗകര്യപ്രദമായ വിധത്തിൽ സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ മാറ്റിയെടുക്കുന്നതിനായി സംസ്ഥാന ടൂറിസം വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ബാരിയർ ഫ്രീ ടൂറിസം. ആദ്യ ഘട്ടത്തിൽ 9 കോടി രൂപയുടെ പദ്ധതികൾക്കാണ് സർക്കാർ അനുമതി നൽകിയത്. ഇതുപ്രകാരം 120 കേന്ദ്രങ്ങളിലാണ് ഈ പ്രവൃത്തികൾ വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ ഭൂമിയുടെ ലഭ്യതക്കുറവ് പോലെയുള്ള കാരണങ്ങളാൽ വിഭാവനം ചെയ്ത എല്ലാ സ്ഥലങ്ങളിലും പദ്ധതിക്കനുസൃതമായ സൗകര്യങ്ങൾ ലഭ്യമാക്കാൻ കഴിയാതെ വന്നതിനാൽ ഈ പദ്ധതി 84 കേന്ദ്രങ്ങളിലായി ചുരുക്കി 6.91 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി 13-2-2021-ൽ നൽകുകയുണ്ടായി. ഇതിൽ ഒന്നാംഘട്ടമായി 69 കേന്ദ്രങ്ങളിലെ പദ്ധതികൾ പൂർത്തീകരിച്ചു കഴിഞ്ഞു. 15 കേന്ദ്രങ്ങളിലെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൈവരിയുള്ള റാമ്പ്, ബ്രെയിൽ ലിപിയിലുള്ള ദിശാ സൂചകം, ഭിന്നശേഷി സൗഹൃദ ടോയ്‌ലെറ്റ്, വീൽചെയർ, വാക്കിംഗ് സ്റ്റിക്, ക്രച്ചസുകൾ എന്നിവ ലഭ്യമാക്കുക, ശ്രവണ വഴികാട്ടി എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ. ഈ

പദ്ധതി വിജയകരമായി നടപ്പിലാക്കിയതിന് UNWTO-യുടെ Emerging Global Destination-Accessible Destination Award 2019 ടൂറിസം വകുപ്പിന് ലഭിക്കുകയുണ്ടായി.

**നദികളിലെ ചെളിയും മണലും നീക്കം ചെയ്യാൻ നടപടി**

20(*560) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിന് നിലവിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

പാരിസ്ഥിതിക അനുമതി ലഭ്യമാകാത്തതിനാൽ നദികളിൽ നിന്നുള്ള മണൽ വാരൽ നിർത്തിവച്ചിരിക്കുകയാണ്. സാൻഡ് ആഡിറ്റിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത ഖനനം നടത്തുന്നതിന് മണൽ ലഭ്യതയില്ലാത്ത നദികളിൽ മണൽ വാരൽ നിരോധനം 6-6-2015 മുതൽ വ്യത്യസ്ത തീയതികളിലായി ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ നദികളിൽ നിന്നുള്ള മണൽ നീക്കം നടത്തേണ്ടത് 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണ്. കൂടാതെ ദേശീയ ഹരിത ട്രൈബ്യൂണലിന്റെ വിവിധ വിധികളുടെ അടിസ്ഥാനത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, MOEF & CC-യുടെ Sustainable Sand Mining Management Guidelines 2016, Enforcement and Monitoring Guidelines for Sand Mining 2020 എന്നിവ പ്രകാരവും തയ്യാറാക്കിയ District Survey Report-ന്റെ അടിസ്ഥാനത്തിൽ State Environment Impact Assessment Authority-യിൽനിന്നും പാരിസ്ഥിതിക അനുമതി ലഭ്യമായതിനുശേഷം ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ വിദഗ്ദ്ധ സമിതി നിയമാനുസൃതമായുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് കടവ് കമ്മിറ്റികൾ മുഖാന്തരം മണൽ മാറ്റുന്നതിന് അനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) നദികളിൽ അടിഞ്ഞുകൂടിയ മണലും ചെളിയും കാരണം നദികളുടെ ജലവാഹകശേഷി കുറഞ്ഞതിനാൽ കഴിഞ്ഞ ദിവസങ്ങളിൽ സംസ്ഥാനത്തുണ്ടായ ശക്തമായ മഴയിൽ നദികൾ നിറഞ്ഞും ഗതിമാറിയും ഒഴുകിയ കാര്യം പരിശോധിച്ചിട്ടുണ്ടോ?

നദികളുടെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തുന്നവിധം പ്രളയം കാരണം നദികളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളി, അവശിഷ്ടങ്ങൾ എന്നിവ നീക്കംചെയ്ത് പ്രളയജലം വഹിക്കുന്നതിനുള്ള നദികളുടെ ശേഷി കൂട്ടുന്നതിനുവേണ്ട ഉചിതമായ നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തികൊണ്ട് 24-12-2019-ലെ സ.ഉ. (സാധാ) നമ്പർ 3880/2019/റവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജില്ലകളിൽ ഇറിഗേഷൻ വകുപ്പ് മുഖാന്തരം ജലാശയങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കൽ മണ്ണ്, ചെളി എന്നിവ മാറ്റുന്ന പ്രവൃത്തി എല്ലാ ജില്ലകളിലും നടത്തിവരുന്നു. സംസ്ഥാനത്തെ നദികളിൽ നിന്നുള്ള മണൽ നീക്കം നടത്തേണ്ടത് 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണ്. കൂടാതെ ദേശീയ ഹരിത ട്രൈബ്യൂണലിന്റെ വിവിധ വിധികളുടെ അടിസ്ഥാനത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, MOEF & CC-യുടെ Sustainable Sand Mining Management Guidelines 2016, Enforcement and Monitoring Guidelines for Sand Mining 2020 എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം തയ്യാറാക്കിയ District Survey Report-ന്റെ അടിസ്ഥാനത്തിൽ State Environment Impact Assessment Authority-ൽ നിന്നും പാരിസ്ഥിതിക അനുമതി ലഭ്യമായതിനുശേഷം മാത്രമേ നദികളിൽ നിന്നുള്ള മണൽ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുകയുള്ളൂ. ആയതിനാൽ, നദികളിൽ അടിഞ്ഞുകൂടിയ മണലും ചെളിയും കാരണം നദികളുടെ ജലവാഹക ശേഷി കുറഞ്ഞുപോവുകയും തത്ഫലമായി ശക്തമായ മഴയിൽ നദികൾ നിറഞ്ഞ് കവിഞ്ഞ് ഗതിമാറി ഒഴുകിയ സാഹചര്യം നിലവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്.

(സി) നദികളിലെ മണലും ചെളിയും നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കാൻ അടിയന്തര നടപടി സ്വീകരിക്കാമോ?

പ്രളയം ബാധിച്ച നദികളിൽനിന്നും ചെളിയും മറ്റു മാലിന്യങ്ങളും നീക്കം ചെയ്ത് പ്രളയാനന്തരം ഉണ്ടാകുന്ന ജലം ഉൾക്കൊള്ളുവാൻ നദിയുടെ ആഴം കൂട്ടുന്നതിനുവേണ്ടി 24-12-2019-ലെ സ.ഉ. (സാധാ)നം. 3880/2019/റവ പ്രകാരം അതത് ജില്ലാ കളക്ടർമാരെയാണ് പ്രസ്തുത പ്രവൃത്തികൾ ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്. കൂടാതെ പ്രസ്തുത ചെളിയും മറ്റു മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് ജലവിഭവ വകുപ്പിന്റെയും ജിയോളജി വകുപ്പിന്റെയും സാങ്കേതിക വിദഗ്ദ്ധരുടെയും സഹായം തേടാമെന്നും പ്രസ്തുത ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് നീക്കംചെയ്യപ്പെടേണ്ട ചെളിയുടെ അളവും സ്വഭാവവും തിട്ടപ്പെടുത്തുന്നതിനുള്ള സമിതികൾ രൂപീകരിച്ച് മഴക്കാലത്തിനു മുൻപായി ടി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലകളിൽ നടന്നുവരുന്നു.

## അദ്ധ്യാപക വിദ്യാഭ്യാസത്തിൽ കാലോചിത പരിഷ്കരണം

21(*561) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അദ്ധ്യാപക വിദ്യാഭ്യാസം കാലോചിതമായി നവീകരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പരിഷ്കരണ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

ഡി.എഡ്. പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനോടനുബന്ധിച്ച് കേരളത്തിലെ അദ്ധ്യാപക വിദ്യാഭ്യാസം-'ഡി.എഡ് പാഠ്യപദ്ധതി അടിസ്ഥാനമാക്കിയുള്ള പഠനം' എന്ന വിഷയത്തിൽ എസ്.സി.ഇ.ആർ.ടി. 2017 കാലഘട്ടത്തിൽ സമഗ്രമായ ഒരു പഠനം കേരളത്തിലെ 14 ജില്ലകളിലെ ഡയറ്റുകളുടെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. ഈ പഠനത്തിന്റെ കണ്ടെത്തലുകൾ, ജോയിന്റ് റിവ്യൂ മിഷന്റെ വിലയിരുത്തലുകൾ, NCTE 2014 ചട്ടങ്ങൾ, NCF 2005, KCF2007, NCFTE 2009 തുടങ്ങിയ രേഖകൾ വിഭാവനം ചെയ്ത ആശയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് പ്രൈമറി അദ്ധ്യാപക വിദ്യാഭ്യാസ യോഗ്യതയായ ഡി.എഡ്. പാഠ്യപദ്ധതി പരിഷ്കരിച്ച് 2018 ജൂണിൽ ഡി.എൽ.എഡ്. എന്ന് പുനർനാമകരണം ചെയ്ത് സംസ്ഥാനത്ത് നടപ്പിലാക്കിയത്. സംസ്ഥാനത്ത് നിലവിൽ പ്രീ-സ്കൂൾ അദ്ധ്യാപക യോഗ്യതയായി പരിഗണിക്കുന്ന രണ്ട് വർഷം ദൈർഘ്യമുള്ള നഴ്സറി ടീച്ചർ എഡ്യൂക്കേഷൻ കോഴ്സാണ് നടപ്പിലാക്കിവരുന്നത്. 2014-ലെ നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (NCTE) ചട്ട പ്രകാരം ഡിപ്ലോമ ഇൻ പ്രീ-സ്കൂൾ എഡ്യൂക്കേഷൻ (DPSE) പാഠ്യപദ്ധതി തയ്യാറാക്കുകയും സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) അദ്ധ്യാപക വിദ്യാഭ്യാസ ഘടകങ്ങളുടെ പാഠ്യപദ്ധതി പരിഷ്കരണം നടത്തിയിട്ടുണ്ടോ; പാഠ്യപദ്ധതിയുടെ സമീപനം, ഉള്ളടക്കം, ദാർശനികവും ചരിത്രപരവുമായ വശങ്ങൾ എന്നിവ വ്യക്തമാക്കാമോ?

പ്രീസ്കൂൾ അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ, പ്രൈമറി സ്കൂൾ അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ, ഭാഷാ അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ (അറബിക്, ഹിന്ദി, ഉറുദു, സംസ്കൃതം) എന്നിവയാണ് പ്രൈമറി മേഖലയിലെ അദ്ധ്യാപക

പരിശീലന ഘടകങ്ങൾ. ഇവയുടെ പാഠ്യപദ്ധതി പരിഷ്കരണം നടത്തിയിട്ടുണ്ട്. പ്രൈമറി സ്കൂൾ തലങ്ങളിലേയ്ക്ക് കുട്ടികളെ തയ്യാറാക്കുന്ന കേവല പരിശീലന കേന്ദ്രങ്ങളായി പ്രീസ്കൂളുകളെ കരുതരുതെന്ന് കേരള പാഠ്യപദ്ധതി ചട്ടക്കൂട് (KCF 2007) നിർദ്ദേശിക്കുന്നു. ജീവിത പശ്ചാത്തലവും താല്പര്യങ്ങളും പരിഗണിച്ച് അന്വേഷണത്തിനും പരീക്ഷണത്തിനും സ്വയം പ്രകാശനത്തിനും അവസരമൊരുക്കുന്ന തരത്തിൽ അനുഭവസമൃദ്ധമായിരിക്കണം ശിശുവിദ്യാഭ്യാസം. 2013-ൽ നാഷണൽ ഇ.സി.സി.ഇ. പോളിസി ദേശീയതലത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇവയുടെയെല്ലാം ചുവടുപിടിച്ച് 2014-ൽ കേരള പ്രീസ്കൂൾ പാഠ്യപദ്ധതിയും 2017, 2018 കാലയളവുകളിൽ കളിപ്പാട്ടം, കളിത്തോണി എന്നീ പേരുകളിലും പഠനവിനിമയ സാമഗ്രികളും തയ്യാറാക്കിയിട്ടുണ്ട്. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ളതും ജനാധിപത്യ മതനിരപേക്ഷമൂല്യങ്ങൾ ഉളവാക്കാൻ ഉതകുന്നതുമായ ജനകീയ വിദ്യാഭ്യാസ ക്രമം രൂപപ്പെടുത്തേണ്ടതുണ്ട്. ഗുണമേന്മയുള്ള സൂചകങ്ങൾ കാലാനുസൃതമായി പരിവർത്തനങ്ങൾക്ക് വിധേയമാണ്. പ്രീസ്കൂൾ വിദ്യാഭ്യാസത്തെ സംബന്ധിച്ച് ഗുണമേന്മാ സൂചകങ്ങൾ ദേശീയ വനിതാ ശിശുവികസന മന്ത്രാലയം 2015-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മേൽ പ്രസ്താവിച്ച കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് മൂന്ന് വയസ് മുതൽ ആറ് വയസ് വരെ പ്രായമുള്ള കുട്ടികളുടെ വിവിധ വികാസ മേഖലകളുടെ സമഗ്രവികാസം ഉറപ്പുവരുത്താൻ പര്യാപ്തരായ ഒരു അദ്ധ്യാപക സമൂഹത്തെയാണ് വാർത്തെടുക്കേണ്ടത്. ഇതിനായി സ്വീകരിച്ച സമീപനം ചുവടെ കൊടുക്കുന്നു.

1. സിദ്ധാന്തത്തിന്റെയും പ്രയോഗത്തിന്റെയും ഉദ്ഗ്രഥനവും അനുക്രമീകരണവും ഉറപ്പാക്കുന്നത്.

2. വിവിധ വികാസമേഖലകളുടെ (ശാരീരികം, വൈകാരികം, സാമൂഹികം, ബൗദ്ധികം, സർഗ്ഗാത്മവും സൗന്ദര്യാത്മകവും) വികസനം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണംചെയ്ത് നടപ്പാക്കുന്നതിനുള്ള നൈപുണ്യം നേടാൻ സഹായകമായത്.

3. പ്രക്രിയാബന്ധിതവും വിദ്യാർത്ഥി കേന്ദ്രീകൃതവുമായ സമീപനം.

4. പ്രവർത്തനങ്ങൾ സ്വയം ചെയ്യുന്നതിനും സംഘമായി ചെയ്യുന്നതിനുമുള്ള അവസരമൊരുക്കുന്നത്.

5. സ്വയം വിലയിരുത്താനും പരസ്പരം വിലയിരുത്താനും അവസരമൊരുക്കുന്നത്.

6. കളികൾ, കഥകൾ, പാട്ടുകൾ, ശാരീരിക ചലനപരമായ പ്രവർത്തനങ്ങൾ എന്നിവയിൽ അധിഷ്ഠിതമായ അനുഭവങ്ങൾ ഒരുക്കുന്നത്.

7. പ്രകൃതി നടത്തം, ലഘുയാത്രകൾ എന്നിവയുടെ പ്രാധാന്യം ബോദ്ധ്യപ്പെടുന്നത്.

8. അദ്ധ്യാപക-വിദ്യാർത്ഥികളുടെ വൈവിദ്ധ്യമാർന്ന നൈപുണി വികാസം ഉറപ്പാക്കുന്നത്.

9. ജീവിതബന്ധിതവും പരിസരബന്ധിതവുമായ പഠനം.

10. പ്രാദേശിക വഴക്കം ഉറപ്പാക്കുന്നത്.

11. മാതൃഭാഷാ മാധ്യമത്തിലുള്ള പഠനം.

12. സഹകരണാത്മകവും സഹവർത്തിതവുമായ പഠനാനുഭവങ്ങൾ ഉറപ്പാക്കുന്നത്.

13. സാമൂഹിക പങ്കാളിത്തത്തോടെയുള്ള പഠനം.

14. പ്രാദേശിക വിഭവങ്ങൾ പഠനത്തിന്റെ ഭാഗമാക്കുക.

15. ഐ.സി.റ്റി. സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്ന പഠനരീതി.

16. ഗവേഷണങ്ങൾ, ടൈഔട്ടുകൾ, പ്രായോഗിക പരിശീലനം എന്നിവയ്ക്ക് അവസരമൊരുക്കുന്നത്.

17. ശില്പശാലകൾ, പരിശീലനങ്ങൾ എന്നീ സങ്കേതങ്ങൾ ഉപയോഗപ്പെടുത്തുന്നത്.

18. മറ്റു രാജ്യങ്ങളിലെ പ്രീ സ്കൂൾ വിദ്യാഭ്യാസത്തെക്കുറിച്ചും പ്രീസ്കൂൾ അദ്ധ്യാപക വിദ്യാഭ്യാസത്തെക്കുറിച്ചും അറിയുന്നതിനും മികച്ച മാതൃകകൾ സ്വീകരിക്കുന്നതിനുമുള്ള അവസരമൊരുക്കുന്നത്.

19. നിരന്തരവും സമഗ്രവുമായ വിലയിരുത്തലും ടേം മൂല്യനിർണ്ണയവും പ്രായോഗിക പരീക്ഷകളും ഉൾക്കൊള്ളുന്ന വിലയിരുത്തൽ സമീപനവും സ്വീകരിക്കുന്നത്. ഉള്ളടക്കം വിദ്യാഭ്യാസത്തിന്റെ സാമൂഹികവും ചരിത്രപരവുമായ വശങ്ങളെ സംബന്ധിച്ച തിരിച്ചറിവുകളിലൂടെ സ്വന്തമായ കാഴ്ചപ്പാട് രൂപപ്പെടുത്താനും പഠിതാവിനെയും പഠനത്തെയും സംബന്ധിച്ച ആധുനിക മന:ശാസ്ത്രം നൽകുന്ന ധാരണകൾ

സ്വാംശീകരിക്കാനും ധാർമ്മിക മൂല്യങ്ങളിൽ ഊന്നി സമൂഹപുരോഗതിക്ക് അനുഗുണമായി തന്റേതായ കാഴ്ചപ്പാട് രൂപീകരിക്കാനും കഴിയുന്നവിധത്തിലുള്ള ഉള്ളടക്കമാണ് ഈ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

<u>ഉള്ളടക്ക മേഖലകൾ</u> -

1. ആദ്യകാല ശിശുപരിചരണവും വിദ്യാഭ്യാസവും ഇന്ത്യയിൽ
2. ശിശു, ശൈശവം വളർച്ചാഘട്ടവുമായി ബന്ധപ്പെട്ട ധാരണ രൂപീകരിക്കൽ
3. കുട്ടികളുടെ ആരോഗ്യം, പരിരക്ഷ. പോഷകാഹാരം
4. പ്രീസ്കൂൾ വിദ്യാഭ്യാസ പാഠ്യപദ്ധതി സിദ്ധാന്തവും മുൻഗണനയും
5. ഗണിതചിന്ത, ഗണിതാശയ രൂപീകരണം കുട്ടിയിൽ
6. പ്രാക്ഭാഷാശേഷികളും ഭാഷാവികാസവും
7. കുട്ടിയുടെ ജീവിതപരിസരം രൂപപ്പെടേണ്ട ധാരണകൾ
8. ആദ്യകാല ശിശുപരചരണവും വിദ്യാഭ്യാസവും സ്വീകാര്യമായ ബോധനരീതികളും സാമഗ്രികളും
9. ലിംഗഭേദം, പ്രാദേശിക/സാംസ്കാരികഭേദം എന്നിവയുടെ പരിഗണന
10. പ്രീസ്കൂൾ വിദ്യാഭ്യാസം-സംഘാടനവും ആസൂത്രണവും
11. വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള പരിഗണന - പ്രീസ്കൂൾ കാലഘട്ടത്തിൽ/വിദ്യാഭ്യാസത്തിൽ
12. പ്രീസ്കൂളുകളിൽ രക്ഷാകർത്തൃ സമൂഹത്തിന്റെയും പ്രാദേശിക സമൂഹത്തിന്റെയും സ്വാധീനം.
13. പ്രീസ്കൂൾ അനുഭവ പരിപാടി
14. സ്വയം ശാക്തീകരണ/നവീകരണ പ്രവർത്തനങ്ങൾ

(സി) പ്രീ പ്രൈമറി പാഠ്യപദ്ധതി, ഡി.എൽ.എഡ്. പാഠ്യപദ്ധതി എന്നിവയിൽ ഗവേഷണ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി, കേരള പ്രീ- സ്കൂൾ പാഠ്യപദ്ധതി 2014 തയ്യാറാക്കിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പ്രീസ്കൂൾ മേഖലയുടെ ശാസ്ത്രീയ നവീകരണത്തിനായി വിവിധ പരിപാടികൾ നടപ്പിലാക്കുകയുണ്ടായി. പദ്ധതിയുടെ അനുബന്ധ സാമഗ്രികൾ ആയി കളിപ്പാട്ടം, കളിത്തോണി എന്നീ പേരുകളിൽ പഠന വിനിമയ സാമഗ്രികൾ എസ്.സി.ഇ.ആർ.ടി. വികസിപ്പിച്ചിട്ടുണ്ട്. ഇവയുടെ ഫലപ്രദമായ വിനിമയത്തിനായി ഗവേഷണാത്മക പ്രവർത്തനങ്ങളും നടപ്പിലാക്കി. കേരളത്തിലെ സർക്കാർ എയ്ഡഡ് വിദ്യാലയങ്ങൾ പി.ടി.എ.-യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പ്രീപ്രൈമറി വിഭാഗത്തിന്റെ അവസ്ഥാപഠനം നടത്തിയിട്ടുണ്ട്. 2017-ൽ കളിപ്പാട്ടം അദ്ധ്യാപകസഹായിയുടെ വിനിമയവുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർക്ക് ഗവേഷണാത്മകമായി 'പ്രശിക്ഷാ' എന്ന പേരിൽ പരിശീലനം നൽകുകയുണ്ടായി. ഇവയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഓരോ വർഷവും പ്രീ-സ്കൂൾ അദ്ധ്യാപക പരിശീലനങ്ങൾ നടപ്പിലാക്കിവരുന്നു. കളിപ്പാട്ടം അദ്ധ്യാപക സഹായി, കളിത്തോണി പ്രീ-സ്കൂൾ കുട്ടികൾക്കുള്ള പ്രവർത്തന പുസ്തകം എന്നിവയുടെ ഫലപ്രദമായ വിനിമയവുമായി ബന്ധപ്പെട്ട് പ്രീസ്കൂൾ നവീകരണം ഗവേഷണ പദ്ധതി എന്ന പേരിൽ എസ്.സി.ഇ.ആർ.ടി. ഗവേഷണം നടത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ എം.എൻ.എം.എൻ.എൽ.പി.എസ്. വെള്ളായണിയിലെ പ്രീ-സ്കൂൾ കേന്ദ്രീകരിച്ചും പാലക്കാട് ജില്ലയിലെ ഗവൺമെന്റ് എൽ.പി.എസ്. പല്ലാവൂരിലെ പ്രീ-സ്കൂൾ കേന്ദ്രീകരിച്ചുമാണ് ഗവേഷണം നടപ്പിലാക്കിയത്. മഴവിൽ കൂടാരം ക്ലസ്റ്റർ അധിഷ്ഠിത പ്രീ-സ്കൂളിംഗ്- ഗവ. എം.എൻ.എൽ.പി.എസ്. വെള്ളായണിയിലെ പ്രീസ്കൂളും കല്ലൂർ പഞ്ചായത്തിലെ 43, 46, 47 എന്നീ അങ്കണവാടികളും ഉൾപ്പെടുന്ന ക്ലസ്റ്ററിലെ അക്കാദമിക പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനുള്ള അക്കാദമിക പരിസരം എന്നിവ ഗുണമേന്മയുള്ളതാക്കുന്നതിനുള്ള ക്രിയാഗവേഷണം ആണ് നടപ്പിലാക്കിയത്. 3 അങ്കണവാടികളിലെയും പ്രീ സ്കൂളിലെയും അക്കാദമിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വെള്ളായണി ഗവൺമെന്റ് എൽ.പി.എസിലെ പ്രവർത്തനങ്ങൾ (Activity areas) സജ്ജമാക്കികൊണ്ട് ഭൗതിക സാഹചര്യങ്ങൾ നവീകരിക്കുന്നതിനും സാധിച്ചു.

<u>പല്ലവം പ്രീസ്കൂൾ കുട്ടികളുടെ മികവും തികവും നിരന്തര വിലയിരുത്തൽ</u> - പ്രീ സ്കൂൾ പാഠ്യപദ്ധതി ലക്ഷ്യംവയ്ക്കുന്നത് ശാരീരിക ചാലകവികാസം ഭാഷാവികാസം, വൈജ്ഞാനികവികാസം, സാമൂഹിക വൈകാരിക വികാസം, സർഗ്ഗാത്മക

വികാസം എന്നീ വികാസ മേഖലകളിലെ ശേഷികൾ എല്ലാ കുട്ടികളും നാല് വയസ്സ് കഴിയുമ്പോൾ നേടണം എന്നതാണ്. കളിപ്പാട്ടം അദ്ധ്യാപക സഹായി പ്രസ്താവിച്ചിട്ടുള്ള 87 ശേഷികൾ കുട്ടി നേടി എന്ന് ഉറപ്പുവരുത്തുന്നതിന് രക്ഷാകർത്താക്കളുടെ പിന്തുണയോടെ നിരന്തര വിലയിരുത്തൽ രീതികൾ വികസിപ്പിക്കുന്നതിനുള്ള ക്രിയാഗവേഷണമാണ് നടപ്പിലാക്കിയത്. ഇടപെടൽ ഗവേഷണത്തിന്റെ ഭാഗമായി രക്ഷാകർതൃ ശാക്തീകരണ പരിപാടികൾ സംഘടിപ്പിച്ചു. രക്ഷിതാക്കളുടെ സഹകരണത്തോടെ വിലയിരുത്തൽ നടപ്പിലാക്കാൻ കഴിയുമെന്ന് പഠനം തെളിയിച്ചു. കേരളത്തിലെ പ്രീപ്രൈമറി അദ്ധ്യാപക പരിശീലനവുമായി ബന്ധപ്പെട്ട് 'കേരളത്തിലെ പ്രീ-പ്രൈമറി അദ്ധ്യാപക പരിശീലന സ്ഥാപനങ്ങളുടെ നിജസ്ഥിതിപഠനം' എന്ന പേരിൽ എസ്.സി.ഇ.ആർ.ടി. ഒരു ഗവേഷണ പഠനം നടത്തിയിട്ടുണ്ട്.

## ഭൂമി തരംമാറ്റുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി

22(*562) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

ഡാറ്റാബാങ്കിൽ ഉൾപ്പെട്ട ഭൂമി തരംമാറ്റുന്നതിന് അനാവശ്യ കാലതാമസം ഒഴിവാക്കി ഉപഭോക്താവിന് നിയമാനുസൃതം ഭൂമി തരംമാറ്റി ലഭിക്കാൻ വേണ്ട നടപടിക്രമങ്ങളിൽ കാലോചിത മാറ്റം വരുത്തുമോ എന്ന് അറിയിക്കാമോ?

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഭൂമി തരം മാറ്റുന്നതിന് വ്യക്തമായ നടപടിക്രമങ്ങൾ നിയമത്തിലും ചട്ടത്തിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്. 2008-നുശേഷം അനധികൃതമായി നികത്തിയ നെൽവയലുകൾക്ക് തരംമാറ്റം ലഭിക്കാതിരിക്കാനാണ് ഇത്തരം കർശന നടപടിക്രമം നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ ഭൂമി തരംമാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി ഓരോ റവന്യൂ ഡിവിഷണൽ ഓഫീസിലും ഏഴ് ജീവനക്കാരെ വരെ അധികമായി നിയമിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും അപേക്ഷകളുടെ പെൻഡിംഗ് വിവരം, നിലവിലെ അവസ്ഥ എന്നിവ ക്രോഡീകരിച്ച് അതിനനുസൃതമായി നിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നുണ്ട്. ഭൂമി തരംമാറ്റത്തിനായുള്ള അപേക്ഷകൾ സ്വീകരിക്കുന്നത് ഓൺലൈൻ സമ്പ്രദായത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ, നിലവിൽ, റവന്യൂ ഇ-സർവീസ് വഴി ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. കൂടാതെ അപേക്ഷയുടെ നിലവിലെ അവസ്ഥ അപേക്ഷകന് സ്വയം പരിശോധിച്ചറിയാവുന്ന സമ്പ്രദായം

ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി പരിശോധിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ലാൻഡ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെയും യോഗം കഴിഞ്ഞ മാസങ്ങളിൽ ഓൺലൈനായി നടത്തുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

**ഇന്റർമീഡിയറ്റ് തുറമുഖങ്ങൾ മുഖേനയുള്ള ചരക്ക് കൈകാര്യം**

23(*563) ശ്രീമതി യു പ്രതിഭ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചരക്ക് കൈകാര്യം ചെയ്യുന്നതിന് സംവിധാനമുള്ള ഇന്റർമീഡിയറ്റ് തുറമുഖങ്ങൾ ഏതൊക്കെയാണ്; ഇവയുടെ ചരക്ക് കൈകാര്യം ചെയ്യുന്നതിനുള്ള പ്രതിവർഷ ശേഷിയും ഉപയോഗവും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിച്ച് ഉപയോഗം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് ചരക്ക് കൈകാര്യം ചെയ്യുന്ന സംവിധാനമുള്ള ഇന്റർമീഡിയറ്റ് തുറമുഖങ്ങൾ കൊല്ലം, ബേപ്പൂർ എന്നിവയാണ്. ഇവയുടെ ചരക്ക് കൈകാര്യം ചെയ്യുന്നതിനുള്ള പ്രതിവർഷ ശേഷിയും ഉപയോഗവും തമ്മിൽ വ്യത്യാസം നിലനില്ക്കുന്നുണ്ട്. ആയത് പരിഹരിച്ച് ഉപയോഗം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കൊല്ലം

1. കൊല്ലം തുറമുഖത്ത് മൾട്ടി പർപ്പസ് ബർത്തിന്റെ ആദ്യഘട്ടമായ 101 മീറ്ററിന്റെ നിർമ്മാണം സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത ബർത്തിന്റെ രണ്ടാം ഘട്ട വികസനത്തിന്റെ ഭാഗമായി 74 മീറ്റർ വാർഫ് എക്സ്റ്റൻഷന്റെ ഡ്രാഫ്റ്റ് ഡി.പി.ആർ. തയ്യാറാക്കി തുടർനടപടി സ്വീകരിച്ചുവരുന്നു.

2. വലിയ കപ്പലുകളെ ആകർഷിക്കുന്നതിനായി ആഴം 10-12 മീറ്റർ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. കൊല്ലം തുറമുഖത്ത് റോഡ് /റെയിൽ കണക്റ്റിവിറ്റി ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഡി.പി.ആർ./ടി.എഫ്.ആർ. തയ്യാറാക്കുന്നതിന് IPRCL എന്ന കേന്ദ്ര ഏജൻസിയുമായി എഗ്രിമെന്റ് ഒപ്പുവച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു.

4. കൊല്ലം തുറമുഖം ദേശീയപാത 47-മായി ബന്ധിപ്പിക്കുന്നതിന് 1.12 കിലോമീറ്റർ നീളമുള്ള കൊല്ലം- കൊച്ചു പിലാമൂട് റോഡിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

5. കൊല്ലം തുറമുഖത്ത് 40 ടൺ കണ്ടൈനർ ഹാൻഡ്‌ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, ഫോർക്ക് ലിഫ്റ്റ്, വെയിംഗ് മെഷീൻ, വി.ടി.എം.എസ്. തുടങ്ങിയ ഉപകരണങ്ങളും ഇ.ഡി.ഐ. സൗകര്യങ്ങളും എം.ടി. മലബാർ എന്ന ടഗ്ഗിന്റെ സേവനവും ഏർപ്പെടുത്തിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് കപ്പൽ ചാനലിന്റെ ആഴം നിലനിർത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിലവിലുള്ള വാർഫിന്റെ പടിഞ്ഞാറുഭാഗത്ത് 150 മീറ്റർ നീളത്തിലും കിഴക്ക് ഭാഗത്ത് 200 മീറ്റർ നീളത്തിലുമുള്ള വാർഫുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വലിയ കപ്പലുകൾ അടുപ്പിക്കുന്നതിനായി ബേപ്പൂർ തുറമുഖത്ത് ചാനലിന്റെ ആഴം 7 മീറ്ററായി വർദ്ധിപ്പിക്കുന്നതിനായി ക്യാപ്പിറ്റൽ ഡ്രഡ്ജിംഗ് ചെയ്യുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. പുതുതായി അക്വയർ ചെയ്ത കോവിലകം ഭൂമിയിൽ കണ്ടൈനർ സ്റ്റാക്കിംഗ് യാർഡ്, ഗോഡൗൺ എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബേപ്പൂർ തുറമുഖത്ത് റോഡ്/റെയിൽ കണക്റ്റിവിറ്റി സ്ഥാപിക്കുന്നതിന് ഐ.പി.ആർ.സി.എൽ. എന്ന കേന്ദ്ര ഏജൻസി സമർപ്പിച്ച ഡി.പി.ആർ./ടി.എഫ്.ആർ. (ഡ്രാഫ്റ്റ്) പരിശോധനയിലാണ്. ഇതുസംബന്ധിച്ച് സാഗർമാല സ്കീം വഴി ഫണ്ട് ലഭ്യമാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. ബേപ്പൂർ തുറമുഖത്ത് 40 അടി കണ്ടൈനർ ഹാൻഡ്‌ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, 4 ഫിക്സഡ് ക്രെയിനുകൾ, വെയിംഗ് മെഷീൻ, വി.ടി.എം.എസ്. സൗകര്യങ്ങളും എം.ടി. കേരളം, എം.ടി. ചാലിയാർ, എം.ടി. സാമൂതിരി തുടങ്ങിയ ടഗ്ഗുകളുടെ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്തിന്റെ സമഗ്രവികസനത്തിനായി മാസ്റ്റർ പ്ലാൻ സംബന്ധിച്ച RFP, DPR എന്നിവ തയ്യാറാക്കുന്നതിനുള്ള ടെൻണ്ടർ ക്ഷണിച്ചിരിക്കുകയാണ്.

(ബി) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; തുറമുഖങ്ങളിൽ നിന്നുള്ള വരുമാനത്തിൽ ഏറ്റക്കുറച്ചിൽ ഉണ്ടായിട്ടുണ്ടോ; വരുമാന വർദ്ധനവ് ഉണ്ടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്തെ ചെറുകിടതുറമുഖങ്ങളിൽ ഉൾപ്പെട്ടവയാണ് വിഴിഞ്ഞവും അഴീക്കലും. ഈ തുറമുഖങ്ങളിൽ നിന്നുള്ള വരുമാനത്തിൽ ഏറ്റക്കുറച്ചിലുകൾ

ഉണ്ടായിട്ടുണ്ട്. വിഴിഞ്ഞം തുറമുഖ എരിയ ഡ്രഡ്ജ് ചെയ്ത് ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സീവേഡ്, ലീവേഡ് വാർഫുകളുടെ റെക്ടിഫിക്കേഷൻ പ്രവൃത്തികൾ നടന്നുവരുന്നു. ഐ.എസ്.പി.എസ്. കോഡ് സ്ഥാപിക്കുന്നതിന് ഐ.ആർ.എസ്. സർവ്വേ നടത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. തുറമുഖത്ത് ഫയർ ഫൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. വിഴിഞ്ഞം തുറമുഖത്ത് ക്രൂ ചേഞ്ച് ഫെസിലിറ്റീസ് ഒരുക്കുന്നതിന് 29 ലക്ഷം രൂപയുടെ പ്രവൃത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തരം പൂർത്തീകരിച്ചുവരുന്നു. അഴീക്കൽ കൂടുതൽ ചരക്ക് നീക്കം തുറമുഖങ്ങൾ വഴി കേന്ദ്രീകരിക്കുന്നതിനായി അഴീക്കൽ തുറമുഖ ചാനൽ ആഴം കൂട്ടുന്നതിനു ISPS പ്രകാരമുള്ള സുരക്ഷ ക്രമീകരണങ്ങൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. അഴീക്കൽ തുറമുഖത്ത് 2021 ജൂലൈ മാസം മുതൽ കപ്പൽ ഗതാഗതം പുനരാരംഭിക്കുകയും ഇതുവരെ 7 തവണ കപ്പൽ വരികയും ചെയ്തിട്ടുണ്ട്. തുറമുഖത്ത് എത്തിച്ചേരുന്ന കപ്പലുകൾക്ക് ശുദ്ധജലവിതരണത്തിനായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് 2 കോടി രൂപ അനുവദിച്ചു. തുറമുഖത്ത് കസ്റ്റംസ്, ഇ.ഡി.ഐ., ഇമിഗ്രേഷൻ ചെക്ക് പോയിന്റ് എന്നിവ സ്ഥാപിക്കുന്നതിന് നടപടി ആരംഭിച്ചു. കപ്പൽ ചാനൽ മാർക്കിംഗ് ബോയകൾ സ്ഥാപിക്കുകയും റെസ്റ്റ് ഷെഡ് നിർമ്മാണം ആരംഭിക്കുകയും ചെയ്തു. കൂടാതെ വലിയ കപ്പലുകളെ ആകർഷിക്കുന്നതിന് മെക്കാനിക്കൽ ഡ്രഡ്ജിംഗ് ആരംഭിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. അഴീക്കൽ തുറമുഖത്ത് അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന്റെ ഭാഗമായി 450 എച്ച്.പി. കപ്പാസിറ്റിയുള്ള ഒരു ടഗ്ഗ് കമ്മീഷൻ ചെയ്ത് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. അഴീക്കൽ തുറമുഖത്തെ കസ്റ്റംസ് നോട്ടിഫൈഡ് ഗോഡൗൺ നവീകരിക്കുന്നതിനും റെസ്റ്റ് ഷെഡ് നിർമ്മിക്കുന്നതിനുമായി 14 ലക്ഷം രൂപയുടെയും 34 ലക്ഷം രൂപയുടെയും പ്രവൃത്തികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തരം പൂർത്തീകരിച്ചുവരുന്നു. കോസ്റ്റൽ ഷിപ്പിംഗിന്റെ ഭാഗമായി കൊച്ചി, ബേപ്പൂർ, അഴീക്കൽ, കൊല്ലം എന്നിവ കേന്ദ്രീകരിച്ച് കണ്ടെയ്നർ ഷിപ്പുകൾ സർവ്വീസ് നടത്തുന്നുണ്ട്. അതുവഴി വരുമാന വർദ്ധനവുണ്ടായിട്ടുണ്ട്. കൂടാതെ കണ്ടെയ്നർ ഓപ്പറേഷൻ പ്രോൽസാഹിപ്പിക്കുന്നതിനായി NATPAC-ന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിലേയ്ക്ക് കണ്ടെയ്നർ കൊണ്ടുപോകുന്നതിനുള്ള ഇൻസെന്റീവ് പ്രഖ്യാപിച്ചിട്ടുണ്ട്. കോസ്റ്റൽ ഷിപ്പിംഗ് പ്രോൽസാഹിപ്പിക്കുന്നതിനായി ഷിപ്പിംഗ് ലൈനേഴ്സിന് നല്കിവരുന്ന ഇൻസെന്റീവിന്റെ മിനിമം 20% ബന്ധപ്പെട്ട Importers/Exporters-ന് നല്കുവാനും ഉത്തരവായിട്ടുണ്ട്. കൂടാതെ ചരക്ക് ലഭ്യത ഉറപ്പുവരുത്തുന്നതിനായി പ്രസ്തുത മേഖലയിലെ സംരംഭകരെ ഉൾപ്പെടുത്തി ട്രേഡ് മീറ്റുകളും സംഘടിപ്പിച്ചിട്ടുണ്ട്.

## സ്വകാര്യ മേഖലയിലെ തൊഴിൽ പരിരക്ഷ

24(*564) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മേഖലയിലെ തൊഴിൽപരമായ ചൂഷണം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ഏതൊക്കെ തൊഴിൽ മേഖലകളിൽ മിനിമം വേതനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തെ സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന കാര്യക്ഷമമാക്കിയിട്ടുണ്ടോ; നിയമ ലംഘനം കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസ്സും ക്ലെയിം പെറ്റീഷനും ഫയൽ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ-ഡി) 1948-ലെ മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ട 87 തൊഴിൽമേഖലകളിൽ 82-ലും മിനിമം വേതനം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള 'Wage protection System' (WPS) മുഖേന തൊഴിലാളികൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് വേതനം ലഭിക്കുന്നു. ആയത് കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാൻ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. തൊഴിൽ വകുപ്പിലെ 14 ജില്ലാ ലേബർ ഓഫീസർമാരുടെ (എൻഫോഴ്സ്മെന്റ്) നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പരിശോധന നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസ്സുകളിൽ

ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങൾക്കും പരാതികൾക്കും പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ് ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II-മാരുടെ CUG മൊബൈൽ നമ്പർ/ഇ-മെയിലായി മെസ്സേജ് ലഭിക്കുകയും അതാത് ഇൻസ്പെക്ടർമാർ യഥാസമയം തന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ തൊഴിൽ പ്രശ്നങ്ങൾ ഉടലെടുക്കുമ്പോൾത്തന്നെ തൊഴിൽ വകുപ്പിൽ അനുരഞ്ജന യോഗങ്ങൾ ചേർന്ന് പ്രശ്നപരിഹാരം കാണുന്നു.

## സ്കൂളുകൾക്ക് ഫിറ്റ്നസ്

25(*565) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലഘട്ടത്തിൽ അടച്ചിട്ടിരുന്ന സ്കൂളുകൾ വീണ്ടും തുറക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങണമെന്ന് നിഷ്കർഷിച്ചിരുന്നോ; വ്യക്തമാക്കാമോ?

നിഷ്കർഷിച്ചിട്ടുണ്ട്. കോവിഡ് കാലഘട്ടത്തിൽ അടച്ചിട്ടിരുന്ന സ്കൂളുകൾ തുറക്കുന്നതിന് മുൻപ് ബന്ധപ്പെട്ട അധികാരികളിൽനിന്നും സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണെന്ന നിർദ്ദേശം എല്ലാ സ്കൂൾ പ്രധാനാദ്ധ്യാപകർക്കും നൽകിയിരുന്നു. കൂടാതെ ആസ്ബസ്റ്റോസ്, ടിൻ ഷീറ്റുകൾ എന്നിവകൊണ്ട് നിർമ്മിച്ചിട്ടുള്ള മേൽക്കൂരകളുള്ള സ്കൂളുകളിൽ അവ മാറ്റി പുതിയ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനും അതുപോലെ പുതുതായി നിർമ്മിച്ചിരിക്കുന്ന ബഹുനിലകളുള്ള സ്കൂളുകൾക്ക് ഫയർ & സേഫ്റ്റി സൗകര്യം ലഭ്യമാക്കുന്നതിനും സമയം ആവശ്യമുണ്ടെന്ന് സർക്കാർ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തികൾ മൂന്ന് മാസത്തിനകം പൂർത്തിയാക്കുമെന്ന വ്യവസ്ഥയിൽ പ്രസ്തുത സ്കൂളുകൾക്ക് താൽക്കാലിക ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നിർദ്ദേശം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ അദ്ധ്യയന വർഷവും സംസ്ഥാനത്ത് സ്കൂൾ തുറക്കുന്നതിന് മുൻപായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ അവരുടെ പരിധിയിൽ വരുന്ന സ്കൂളുകളിൽ പരിശോധന നടത്തി കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുകയാണ്

പതിവ്. ഇപ്രകാരം പരിശോധന നടത്തുന്ന വേളയിൽ ഫിറ്റ്നസ് ഉറപ്പുവരുത്തുന്നതിനായുള്ള നിർദ്ദേശം അവർ നൽകാറുണ്ട്. സർക്കാർ സ്കൂളുകളെ സംബന്ധിച്ചുള്ള പ്രസ്തുത നിർദ്ദേശം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവും എയ്ഡഡ്/അൺഎയ്ഡഡ് സ്കൂളുകളെ സംബന്ധിച്ചുള്ള ടി നിർദ്ദേശങ്ങൾ ബന്ധപ്പെട്ട മാനേജ്മെന്റുകളുമാണ് നടപ്പിലാക്കുന്നത്.

(ബി) ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാത്ത സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ?

സംസ്ഥാനത്തെ ചില സ്കൂളുകളിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാത്ത കെട്ടിടങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സ്കൂളുകളിൽ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി പകരം സംവിധാനം ഒരുക്കി ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ നടത്തി ക്ഷമത ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സ്കൂളുകളുടെ ക്ഷമതയും ഭൗതിക സാഹചര്യങ്ങളുടെ പര്യാപ്തതയും വിലയിരുത്തി ആവശ്യമെങ്കിൽ അറ്റകുറ്റപ്പണികൾ നടത്തുവാനും അല്ലെങ്കിൽ സ്കൂൾ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്ന തരത്തിലുള്ള പകരം സംവിധാനം ഒരുക്കി ആവശ്യമായ ക്രമീകരണങ്ങൾ നടത്തുവാനും മതിയായ ഫിറ്റ്നസും ഭൗതിക സാഹചര്യങ്ങളും ഇല്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നില്ലായെന്ന കാര്യം ഉറപ്പുവരുത്തുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഉരുൾപൊട്ടൽ സാദ്ധ്യതാ മേഖലകളെക്കുറിച്ച് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ നടത്തിയ പഠനം

26(*566) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉരുൾപൊട്ടൽ സാദ്ധ്യത മേഖലകൾ വർദ്ധിക്കുന്നതായി ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ നടത്തിയ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഉരുൾപൊട്ടൽ സാദ്ധ്യതാ മേഖലകൾ വർദ്ധിക്കുന്നതായി ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ കണ്ടെത്തിയിട്ടില്ല. സംസ്ഥാനത്തിന്റെ ഉരുൾപൊട്ടൽ സാദ്ധ്യതയുള്ള മലയോര മേഖലകളുടെ മണ്ണിടിച്ചിൽ സാദ്ധ്യതാ ഭൂപടം (seamless landslide susceptibility map) തയ്യാറാക്കുകയെന്ന ലക്ഷ്യത്തോടെ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സ്റ്റേറ്റ് യൂണിറ്റ് 2014-15 ഫീൽഡ് സീസണിൽ ആരംഭിച്ച ദേശീയ മണ്ണിടിച്ചിൽ സാദ്ധ്യതാ മാപ്പിംഗ് പ്രോഗ്രാം (NLSM) നടപ്പിലാക്കിയിട്ടുണ്ട്. 13 ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന മൊത്തം 19,273 ച.കി.മീ. പ്രദേശം 1:50,000 സ്കെയിലിൽ ഈ പ്രോഗ്രാമിന് കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പഠനവിധേയമാക്കിയ പ്രദേശത്തിന്റെ സംവേദനക്ഷമതയുടെ അടിസ്ഥാനത്തിൽ High, Moderate, Low ആയി തരംതിരിച്ചു. ടി ഭൂപ്രദേശത്തിന്റെ ഏകദേശം 12% മണ്ണിടിച്ചിൽ സംഭവങ്ങൾക്ക് വളരെ സാദ്ധ്യതയുള്ളതാണെന്ന് (High) കണ്ടെത്തി.

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

National Landless Susceptibility Mapping (NLSM) പ്രോഗ്രാമിന്റെ അടിസ്ഥാനത്തിൽ ഉരുൾപൊട്ടൽ ഉണ്ടാകാനുള്ള സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തിയിട്ടുണ്ട്. മലയോര പ്രദേശങ്ങളിലെ ആസൂത്രണം, ഭൂവിനിയോഗം, ആശയവിനിമയം, നഗരവികസനം എന്നിവയ്ക്ക് ഈ സംവേദനക്ഷമത ഭൂപടങ്ങൾ വളരെ പ്രധാനമാണ്. ദുരന്ത ലഘൂകരണ/പ്രതിരോധ നടപടികൾ നിർദ്ദേശിക്കുന്നതിനായി ടി ദുർബ്ബല/ദുരന്തസാദ്ധ്യതാ പ്രദേശങ്ങൾ ഒരു meso (1:10,000) അല്ലെങ്കിൽ detailed (1:1000/2000) സ്കെയിലിൽ പഠിക്കേണ്ടതാണ്. ഇതിന് അനുസൃതമായി, GSI, SU: Kerala & Lakshadweep 2020-21 സാമ്പത്തിക വർഷം മുതൽ ഇത്തരം പഠനങ്ങൾക്കായി ചില സാദ്ധ്യതയുള്ള മേഖലകൾ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ, കേരളത്തിലെ ഉരുൾപൊട്ടൽ സാദ്ധ്യതയുള്ള ജില്ലകൾക്കായി മഴയുടെ പരിധി അടിസ്ഥാനമാക്കിയുള്ള പരീക്ഷണാടിസ്ഥാനത്തിലുള്ള പ്രാദേശിക Landslide Early Warning System (LEWS) ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ ഏറ്റെടുത്തിട്ടുണ്ട്. 2020-21-ൽ ആരംഭിച്ച ഈ നാല് വർഷത്തെ പ്രോഗ്രാം മണ്ണിടിച്ചിലിന് കാരണമായ മഴയ്ക്ക് മുൻകൂർ മുന്നറിയിപ്പ് സംവിധാനം സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നു. ഇപ്രകാരം ലഭ്യമാകുന്ന പ്രവചന വിവരങ്ങൾ, ഉരുൾപൊട്ടൽ ദുരന്തസാദ്ധ്യത കുറയ്ക്കുന്നതിനും അതിന്റെ ലഘൂകരണത്തിനും ജില്ലാ- സംസ്ഥാന ഭരണകൂടങ്ങളെ സഹായിക്കും.

(സി) ഉരുൾപൊട്ടലുണ്ടായ മേഖലകളിൽ മണ്ണ് പൂർണ്ണമായും ഉറയ്ക്കാത്തതിനാൽ തുടർന്നുള്ള വർഷങ്ങളിലും അപകട സാദ്ധ്യത കൂടുതലാണെന്ന റിപ്പോർട്ടിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മേഖലയിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

അത്തരം ഒരു റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അപകട സാദ്ധ്യതയുള്ള താമസയോഗ്യമല്ലാത്ത മണ്ണിടിച്ചിൽ ഭീഷണിയുള്ള ഇടങ്ങളിൽനിന്നും ആളുകളെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്.

(ഡി) 2018, 2019, 2020 വർഷങ്ങളിൽ ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഉണ്ടായ സ്ഥലങ്ങളിൽ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

2018-ലുണ്ടായ ഉരുൾപൊട്ടലുകളുടെ വിവരങ്ങൾ ശേഖരിക്കാൻ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തുകയുണ്ടായി. മൊത്തം 1626 ഉരുൾപൊട്ടലുകൾ പരിശോധിച്ചു. ടി സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയവരെ മാറ്റിപ്പാർപ്പിക്കാൻ നടപടി സ്വീകരിച്ചു. 2019-ലുണ്ടായ ഉരുൾപൊട്ടലുകളുടെ വിവരങ്ങൾ ശേഖരിക്കാൻ മൈനിംഗ് ആൻഡ് ജിയോളജി, മണ്ണ് സംരക്ഷണ വകുപ്പ്, ഭൂജല വകുപ്പ് ഉദ്യോഗസ്ഥർ അടങ്ങിയ ജോയിന്റ് ടീമിനെ ചുമതലപ്പെടുത്തി. ഉദ്യോഗസ്ഥർ മണ്ണിടിച്ചിലുണ്ടായ സ്ഥലങ്ങളിൽ സർവ്വേ നടത്തുകയും അപകട ഭീഷണിയിലുള്ള കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കാൻ വേണ്ട നിർദ്ദേശം അടങ്ങിയ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. മൊത്തം 719 ഉരുൾപൊട്ടലുകൾ പരിശോധിച്ചു. സർവ്വേയുടെ അടിസ്ഥാനത്തിൽ അപകടഭീഷണിയിലുള്ള 411 കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു. ഈ രണ്ടു സർവ്വേ വിവരങ്ങളും ബന്ധപ്പെട്ട ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് കൈമാറിയിട്ടുള്ളതാണ്. കൂടാതെ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് 10 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം 2021-ലെ പ്രകൃതിക്ഷോഭത്തിൽപ്പെട്ടവർക്കും അനുവദിച്ച് ഉത്തരവായിട്ടുള്ളതുമാണ്. രക്ഷാപ്രവർത്തനം നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. സംസ്ഥാന പോലീസ്, അഗ്നിശമന സേനകളുടെ സേവനം കൂടാതെ നിലവിൽ രക്ഷാപ്രവർത്തനങ്ങൾക്ക് NDRF-നെയാണ് ഉപയോഗിക്കാറുള്ളത്. ആവശ്യാനുസൃതം കര-നാവിക-വ്യോമ സേനകളുടെ സേവനവും ലഭ്യമാക്കാറുണ്ട്.

## ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ കരിങ്കൽ ഖനനം

27(*567) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി ദുർബ്ബലമായ മേഖലകളിൽ ഉൾപ്പെടെ റവന്യൂ ഭൂമിയിലടക്കം നടത്തുന്ന അനധികൃത കരിങ്കൽ ഖനനം പരിസ്ഥിതിക്ക് വിനാശകരമായ തോതിൽ വ്യാപകമായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പഠന വിധേയമാക്കിയിട്ടുണ്ടോ; ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ നിയന്ത്രണത്തോടെ ഖനനം നടത്താൻ എന്ത് പദ്ധതിയാണുള്ളതെന്ന് അറിയിക്കുമോ?

നിലവിലെ ചട്ടങ്ങൾ പ്രകാരം പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളിൽ ഖനനത്തിന് അനുമതി നൽകിവരുന്നില്ല. വയനാട്, പാലക്കാട് ജില്ലകളിൽ പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളിൽ അനധികൃത ഖനനം നടന്നിട്ടുള്ളതായി റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ശാസ്ത്രീയപഠനത്തിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി ദുർബ്ബല മേഖലയുൾപ്പെടെ റവന്യൂ ഭൂമിയിലടക്കം ഖനനം നടത്തുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. വയനാട് ജില്ലയിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ പ്രകാരവും സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ പഠന റിപ്പോർട്ട്, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ പഠന റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിലാണ് ടി നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്.

(ബി) പരിസ്ഥിതിക്ക് വിനാശകരമാകാതെ നിർമ്മാണമേഖലയ്ക്ക് പാറ ലഭ്യമാക്കുന്നതും കരിങ്കൽ ഖനനം പൊതുമേഖലയിലാക്കുന്നതും സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ?

പരിസ്ഥിതിക്ക് വിനാശകരമാകാതെ നിർമ്മാണമേഖലയ്ക്ക് പാറ ലഭ്യമാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിനായി കേരള മൈനർ മിനറൽ കൺസഷൻ റൂൾസ്, 2015-ലെ വ്യവസ്ഥകൾക്ക് വിധേയമായാണ് സംസ്ഥാനത്ത് ഖനനാനുമതി നൽകി വരുന്നത്. Petroleum & Explosives Safety Organisation (PESO), State Environment Impact Assessment Agency (SEIAA), Pollution Control Board (PCB), മൈനിംഗ് & ജിയോളജി വകുപ്പ്, ബന്ധപ്പെട്ട

തദ്ദേശസ്വയംഭരണ സ്ഥാപനം എന്നിവിടങ്ങളിൽ നിന്നുള്ള അനുമതി/ ലൈസൻസിന്റെ അടിസ്ഥാനത്തിലാണ് ഖനനാനുമതി അനുവദിക്കുന്നത്. സർക്കാർ ഭൂമിയിലെ ഖനനത്തിന് ബന്ധപ്പെട്ട ജില്ലാ കളക്ടറിൽ നിന്നുള്ള എതിർപ്പില്ലാ രേഖകൂടി ലഭ്യമാക്കേണ്ടതുണ്ട്. അനധികൃത ഖനനം സംബന്ധിച്ച നിയമാനുസൃത നടപടികൾ ജില്ലാ തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ സർക്കാർ ഭൂമികളിലെ ഖനനാനുമതിക്കുള്ള എതിർപ്പില്ലാ രേഖ അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് 28-1-2021-ലെ ജി.ഒ.(എം.എസ്.) നം. 28/2021/റവ. പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ആയത് പ്രകാരമുള്ള നടപടികൾ പുരോഗമിക്കുന്നു. കരിങ്കൽ ഖനനം പൊതുമേഖലയിലാക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) മറ്റേതെങ്കിലും തരത്തിൽ ഖനനത്തിൽ നിയന്ത്രണം സാദ്ധ്യമാകുമോ; എങ്കിൽ വിശദമാക്കുമോ?

നിലവിലെ ചട്ടങ്ങൾ പ്രകാരം പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളിൽ ഖനനത്തിന് അനുമതി നൽകിവരുന്നില്ല. മറ്റേതെങ്കിലും തരത്തിലുള്ള നിയന്ത്രണം സാദ്ധ്യമാകുമോ എന്ന് പരിശോധിക്കാവുന്നതാണ്.

**ഓൺലൈൻ പഠനത്തിന്റെ പോരായ്മ കണ്ടെത്താൻ നടപടി**

28(*568) ശ്രീ. എം. വിജിൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒന്നര വർഷത്തിന് ശേഷം സ്കൂളുകൾ തുറക്കുന്ന സാഹചര്യത്തിൽ കുട്ടികളുടെ ഉത്കണ്ഠയും ആശങ്കയും മാറ്റിയെടുക്കുന്നതിന് പ്രത്യേകം പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

കോവിഡ് കാലത്തെ അടച്ചിടലിനും വീടുകളിലെ ഒറ്റപ്പെടലിനുംശേഷം ഒന്നര വർഷത്തെ ഇടവേള കഴിഞ്ഞ് സ്കൂളിലെത്തുന്ന കുട്ടികളുടെ മാനസികനില പരിഗണിച്ചുകൊണ്ടും പഠനവിടവ് മനസ്സിലാക്കിക്കൊണ്ടും എങ്ങനെയാണ് ക്ലാസ്സുകൾ മുന്നോട്ട് കൊണ്ടുപോകേണ്ടത് എന്നതിനെക്കുറിച്ച് എസ്.സി.ഇ.ആർ.ടി. വിശദമായ മാർഗ്ഗരേഖ തയ്യാറാക്കിയിരുന്നു. ഈ മാർഗ്ഗരേഖ അടിസ്ഥാനമാക്കി വിവിധ തലങ്ങളിലെ അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനത്തിനുള്ള മൊഡ്യൂൾ

ഡയറ്റുകൾ കേന്ദ്രീകരിച്ച് വികസിപ്പിക്കുകയും അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും ചെയ്തു. കുട്ടികളുടെയും രക്ഷിതാക്കളുടെയും ഉത്കണ്ഠയും ആശങ്കയും മാറ്റിയെടുക്കുന്നതിനായി സമഗ്രശിക്ഷാ കേരളം നടപ്പിലാക്കുന്ന പരിപാടിയാണ് അതിജീവനം. യൂണിസെഫിന്റെ സഹകരണത്തോടെയാണ് ഈ പരിപാടി സ്കൂളുകളിൽ നടപ്പിലാക്കുന്നത്. സാമൂഹ്യക്ഷേമ വകുപ്പിൽനിന്നും സ്കൂളുകളിൽ നിയമിച്ചിട്ടുള്ള സ്കൂൾ കൗൺസിലർമാർക്കും ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലെ സൗഹൃദക്ലബ് കോർഡിനേറ്റർമാർക്കും പരിശീലനം നൽകി അവരിലൂടെയാണ് കുട്ടികൾക്ക് അതിജീവനം പരിപാടി ലഭ്യമാക്കുന്നത്. ഇതിനായുള്ള മൊഡ്യൂൾ സംസ്ഥാനതലത്തിൽ തയ്യാറാക്കിയിട്ടുണ്ട്. സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും പരിശീലനം നൽകിയിട്ടുണ്ട്. പ്രസ്തുത പരിശീലനത്തിലും കുട്ടികൾക്കുള്ള കൗൺസിലിംഗ് പ്രോഗ്രാമിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്തിരുന്നു. 2021 മേയ് മാസം മുതൽ തന്നെ സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ ബി.ആർ.സി. തലത്തിൽ വിദഗ്ദ്ധരായ ഡോക്ടർമാരുടെയും കൗൺസിലർമാരുടെയും സേവനം പ്രയോജനപ്പെടുത്തി ടെലികൗൺസിലിംഗ് രീതിയിൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും മാനസിക-ആരോഗ്യ വിദ്യാഭ്യാസം ക്രമീകരിച്ചിരിക്കുന്നു.

(ബി) പഠനനിലവാരത്തിൽ പിന്നാക്കം പോയി എന്ന ആശങ്കയും മടിയുംകൊണ്ട് സ്കൂളിലെത്താത്തവരെയെല്ലാം കണ്ടെത്തി സ്കൂളിലെത്തിക്കാൻ നടത്തുന്ന പ്രവർത്തനത്തെക്കുറിച്ച് വിശദമാക്കാമോ?

സ്കൂളുകളിലെത്താൻ മടിയുള്ള കുട്ടികളെ കണ്ടെത്തി സ്കൂളുകളിലെത്തിക്കുന്നതിന് പലതരത്തിലുള്ള പ്രവർത്തനങ്ങൾ അദ്ധ്യാപകരുടെയും സമഗ്ര ശിക്ഷാ കേരളത്തിലെ ജീവനക്കാരുടെയും നേതൃത്വത്തിൽ നടന്നുവരുന്നു. അത്തരത്തിലുള്ള പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

അദ്ധ്യാപകർ രക്ഷിതാക്കളെ ഫോണിൽ ബന്ധപ്പെട്ട് സ്കൂളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുന്നുണ്ട്. അദ്ധ്യാപകർ രക്ഷിതാക്കൾക്ക് ആത്മവിശ്വാസം പകർന്നുനൽകുന്നു. സ്കൂളിൽ ഒരുക്കിയിട്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ, സുരക്ഷാ ക്രമീകരണങ്ങൾ, കുട്ടികൾ എല്ലാവരും സ്കൂളിൽ സുരക്ഷിതരായിരിക്കുമെന്നുള്ള ഉറപ്പ്, സ്കൂളിൽ ആരോഗ്യവകുപ്പിൽനിന്നും ഡോക്ടർമാർ ഉൾപ്പെടെയുള്ളവരുടെ സേവനം ഉറപ്പുവരുത്തിയിട്ടുള്ളത് തുടങ്ങി വിവിധ വിഷയങ്ങളെക്കുറിച്ച് അദ്ധ്യാപകർ രക്ഷാകർതൃ പരിശീലനത്തിലും തുടർന്ന് ഫോൺ മുഖാന്തരവും രക്ഷിതാക്കൾക്ക് അറിയിപ്പ് നല്കുന്നു. പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് കുട്ടികൾക്ക് വർക്ക്ഷീറ്റുകളും പ്രവർത്തനങ്ങളും അദ്ധ്യാപകർ വഴി ലഭ്യമാക്കുന്നു. സ്കൂളിൽ എത്താൻ മടിയുള്ള കുട്ടികളുടെ വീടുകളിൽ അദ്ധ്യാപകരും സമഗ്രശിക്ഷാ കേരളയിലെ ജീവനക്കാരും ആരോഗ്യ സുരക്ഷാ

കേരളയിലെ ജീവനക്കാരും ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് സന്ദർശനം നടത്തി കുട്ടികൾക്ക് ആത്മവിശ്വാസം പകർന്നുനൽകുന്നു. ആദ്യഘട്ടത്തിൽ സ്കൂളുകളിൽ എത്താൻ സാധിക്കാത്ത ഭിന്നശേഷി കുട്ടികളുടെ വീടുകളിൽ ആഴ്ചയിലൊരിക്കൽ സമഗ്രശിക്ഷാ കേരളയിലെ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരും നേരിട്ടെത്തി പഠനപിന്തുണാ പ്രവർത്തനങ്ങൾ നൽകുന്നു.

(സി) സന്നദ്ധപ്രവർത്തകർ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നടത്തിയ സ്കൂൾ കുട്ടികളുടെ ഓൺലൈൻ-ഓഫ് ലൈൻ ലേണിംഗ് സർവ്വേ പ്രകാരം ഓൺലൈനിൽ സ്ഥിരമായി പഠിക്കുന്ന കുട്ടികൾ നഗരങ്ങളിൽ 24 ശതമാനവും ഗ്രാമങ്ങളിൽ 8 ശതമാനവും മാത്രമാണെന്ന കണ്ടെത്തലിന്റെ വെളിച്ചത്തിൽ സംസ്ഥാനത്ത് ഒന്നര വർഷത്തെ ഓൺലൈൻ പഠനത്തിന്റെ പോരായ്മ കണ്ടെത്താൻ മാർഗ്ഗം ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കോവിഡ് കാലത്തെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ അക്കാദമികവും മനോ-സാമൂഹികവുമായ അവസ്ഥയെക്കുറിച്ച് എസ്.സി.ഇ.ആർ.ടി. വിശദമായ പഠനങ്ങൾ സംഘടിപ്പിച്ചിരുന്നു. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഡിജിറ്റൽ ക്ലാസ്സുകളുടെ പ്രാപ്യതയിലും പങ്കാളിത്തത്തിലും ഏറെ മികച്ച അവസ്ഥയിലാണ് കേരളം എന്ന് ഈ പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ കോവിഡ്കാല വിദ്യാഭ്യാസനില താരതമ്യം ചെയ്തുകൊണ്ട് യൂണിസെഫ് നടത്തിയ പഠനത്തിലും കേരളം ഏറെ മികച്ച നിലയിലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കേരളത്തിലെ സാമൂഹ്യാവസ്ഥ പരിഗണിക്കുമ്പോൾ മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലേതുപോലുള്ള ഗ്രാമ-നഗര വ്യത്യാസങ്ങൾ ബാധകമല്ല. എന്നാൽ ആദിവാസി മേഖലകൾ, തോട്ടം മേഖലകൾ, തീരദേശം എന്നിവിടങ്ങളിൽ പ്രാപ്യതയിലും പങ്കാളിത്തത്തിലും പിന്നോക്കാവസ്ഥ ഉള്ളതായി പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി പ്രാദേശിക പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുകയും മെന്റർ ടീച്ചർമാർ, എഡ്യൂക്കേഷൻ വോളണ്ടിയർമാർ എന്നിവരുടെ സേവനം ലഭ്യമാക്കുകയും ചെയ്തിരുന്നു. കൂടാതെ ആദിവാസി ഊരുകളിലെ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ബി.ആർ.സി-കളും ഡയറ്റുകളും പ്രത്യേക ഇടപെടലുകൾ നടത്തിയിരുന്നു. കുട്ടികളെ പഠനപാതയിൽ നിലനിർത്തുകയെന്ന ലക്ഷ്യത്തോടെ കേരളത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിയ ഡിജിറ്റൽ പഠനവും അനുബന്ധ പ്രവർത്തനങ്ങളും മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളോട് താരതമ്യം ചെയ്താൽ ബഹുദൂരം മുന്നിലാണ്. കേരളത്തിലെ പൊതുസമൂഹത്തിന്റെ പ്രബുദ്ധതയും കുട്ടികളുടെ വിദ്യാഭ്യാസം തടസ്സപ്പെടാതിരിക്കാൻ എല്ലാ മേഖലയിലുമുള്ള ആളുകളും സംഘടനകളും സ്ഥാപനങ്ങളും സൗകര്യങ്ങളൊരുക്കാനായി ഇടപെടുകയും ചെയ്തിരുന്നു.

(ഡി) പഠന നിലവാരം കോവിഡ് കാലത്തിന് മുൻപുള്ളത് പോലെയാക്കാൻ പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് വിവിധ പരിപാടികൾ സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. പ്രവർത്തനങ്ങൾ ചുവടെ നൽകുന്നു.

തുടർ പിന്തുണാ പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികൾക്ക് വർക്ക്ഷീറ്റ്/ പ്രവർത്തനകാർഡ് തയ്യാറാക്കി നൽകാനും ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിലെ കുട്ടികളുടെ വായന പ്രോത്സാഹിപ്പിക്കുന്നതിന് വായനാവസന്തം പരിപാടിയുടെ ഭാഗമായി ഓരോ കുട്ടിക്കും 3 വീതം പുസ്തകങ്ങൾ നൽകാനും കുട്ടികളെ വായനയുടെ ലോകത്തേയ്ക്ക് ആകർഷിക്കുന്നതിന് ആകർഷകമായ വായന കാർഡുകൾ തയ്യാറാക്കി നൽകാനും നടപടി സ്വീകരിച്ചുവരുന്നു. സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ മുൻ വർഷങ്ങളിൽ നടപ്പിലാക്കി വിജയിപ്പിച്ച ഭാഷാപോഷണ പരിപാടികളായ മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, ഹലോ വേൾഡ്, സുരീലി ഹിന്ദി പരിപാടികൾ പുതുമയോടെ നടപ്പിലാക്കാനും ഗണിതശാസ്ത്രത്തിൽ താല്പര്യം ജനിപ്പിക്കുന്നതിനും കളികളിലൂടെ പഠിക്കുന്നതിനും ഉല്ലാസഗണിതം, ഗണിതവിജയം എന്നിവ നടപ്പിലാക്കും. ശാസ്ത്ര വിഷയങ്ങളിൽ താല്പര്യം ജനിപ്പിക്കുന്നതിനും രസകരമായ രീതിയിൽ പഠനം നടത്തുന്നതിനും ശാസ്ത്രപഥം, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായുള്ള മെന്ററിംഗ്, ശാസ്ത്രപാർക്ക്, സാമൂഹ്യശാസ്ത്ര പഠനം എളുപ്പമാക്കുന്നതിന് ഭൂമിശാസ്ത്രലാബ് എന്നീ പരിപാടികൾ നടപ്പിലാക്കിവരുന്നു. സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ, ഊരുവിദ്യാ കേന്ദ്രങ്ങൾ ട്രെയിനിംഗ് സെന്ററുകൾ എന്നിവ കേന്ദ്രീകരിച്ച് ആദിവാസി മേഖലയിലെയും തീരദേശമേഖലയിലെയും പാർശ്വവൽകൃത സമൂഹത്തിലെയും കുട്ടികൾക്ക് പ്രത്യേക പരിപാടികൾ, ഭിന്നശേഷി വിഭാഗം കുട്ടികൾക്ക് അക്കാദമിക പ്രവർത്തനങ്ങളുടെ അനുരൂപീകരണം എന്നിവ നടപ്പിലാക്കിവരുന്നു. വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗം കുട്ടികൾക്ക് തൊഴിൽ ആഭിമുഖ്യവും തൊഴിൽ പരിശീലനവും ലഭ്യമാക്കുന്നതിനായി വിവിധ തൊഴിൽ സ്ഥാപനങ്ങളുമായി ധാരണയിലെത്തി കുട്ടികൾക്ക് നിശ്ചിത ദിവസത്തെ/സമയത്തെ പരിശീലനം നൽകുക, വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗം കുട്ടികൾക്ക് തൊഴിൽ വിദഗ്ധരുമായി സംവദിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഓൺ ദി ജോബ് പരിശീലനങ്ങളും സംഘടിപ്പിക്കുക, കുട്ടികളുടെ ശാസ്ത്ര അഭിരുചിയും ജിജ്ഞാസയും വർദ്ധിപ്പിക്കുന്നതിനായി ഓരോ ജില്ലയിലും 3 വീതം ടിങ്കറിംഗ് ലാബുകൾ, ശലഭപാർക്കുകളും ശലഭ ക്ലബ്ബുകളും രൂപീകരിക്കുന്നതിന് ശാസ്ത്ര-ഗണിത, ശാസ്ത്ര-സാമൂഹ്യശാസ്ത്ര ക്ലബ്ബ് എന്നിവയുടെ നേതൃത്വത്തിൽ സ്കൂളുകളിൽ വിവിധ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**ടൂറിസം മേഖല സുരക്ഷിതമാക്കാൻ നടപടി**

29(*569) ശ്രീ. ആന്റണി ജോൺ:
ശ്രീ. എം നൗഷാദ്:
ശ്രീ. പി. പി. സുമോദ്:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

ലോക്ക്ഡൗൺ നിയന്ത്രണങ്ങളിൽ ഇളവ് നല്കിയപ്പോൾ വിനോദ സഞ്ചാരികൾക്ക് സുരക്ഷിത കേന്ദ്രമായി സംസ്ഥാനത്തെ മാറ്റുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ലോക്ക്ഡൗൺ നിയന്ത്രണങ്ങളിൽ ഇളവ് നല്കിയപ്പോൾ വിനോദ സഞ്ചാരികൾക്ക് സുരക്ഷിത കേന്ദ്രമായി സംസ്ഥാനത്തെ മാറ്റുവാൻ സർക്കാർ നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കോവിഡിന്റെ വ്യാപനത്തെ തുടർന്ന് നിർത്തിവച്ചിരുന്ന ടൂറിസ്റ്റ് വിസ പുനഃസ്ഥാപിക്കാനുള്ള തീരുമാനം കേന്ദ്ര സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ഇതനുസരിച്ച് കേരളത്തിലേയ്ക്ക് എത്തുന്ന രാജ്യാന്തര വിനോദസഞ്ചാരികളെ സ്വീകരിക്കുവാൻ വിപുലമായ ഒരുക്കമാണ് ടൂറിസം വകുപ്പ് നടത്തിയത്. കോവിഡ് ഇപ്പോഴും സമൂഹത്തിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള നടപടികളാണ് ആദ്യം സ്വീകരിച്ചത്. ഇതനുസരിച്ച് വിനോദസഞ്ചാരികളോട് ഇടപെടുന്ന ടൂറിസം മേഖലയിലെ ഭൂരിഭാഗം ജീവനക്കാരേയും വാക്സിനേറ്റ് ചെയ്യുന്നതിനുള്ള നടപടി പൂർത്തിയാക്കാൻ കഴിഞ്ഞു. സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങൾ എല്ലാംതന്നെ ഒരു ബയോ ബബിൾ സുരക്ഷാവലയത്തിലാക്കാൻ കഴിഞ്ഞു. കൂടാതെ നമ്മുടെ നാട് സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് ആത്മവിശ്വാസം പകരുവാൻ കേരളം സുരക്ഷിതമാണെന്ന് അറിയിച്ച് വിവിധ പ്രചാരണ പ്രവർത്തനങ്ങളും ടൂറിസം വകുപ്പ് നടപ്പാക്കിവരുന്നു. ഇതോടൊപ്പം സംസ്ഥാനത്തെ ടൂറിസം മേഖലയുടെ നിലനിൽപ്പിനും സഞ്ചാരികളെ വരവേൽക്കാനുള്ള തയ്യാറെടുപ്പിനുമായി വിവിധ സഹായ പദ്ധതികൾക്കും ടൂറിസം വകുപ്പ് രൂപം നൽകിയിട്ടുണ്ട്.

**മഴക്കെടുതിയിൽ റോഡുകൾ, പാലങ്ങൾ എന്നിവയ്ക്കുണ്ടായ നാശനഷ്ടം**

30(*570) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. അബ്ദുൽ ഹമീദ്.:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021 ഒക്ടോബർ മാസം ഉണ്ടായ കനത്തമഴയിലും ഉരുൾപൊട്ടലിലും സംസ്ഥാനത്തെ റോഡുകൾ, പാലങ്ങൾ എന്നിവയ്ക്കുണ്ടായ നാശനഷ്ടം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് 2021 ഒക്ടോബർ മാസം ഉണ്ടായ കനത്തമഴയിലും ഉരുൾപൊട്ടലിലും പൊതുമരാമത്ത് റോഡുകൾക്ക് 158.5 കോടി രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്. നിരത്ത്, പാലം വിഭാഗങ്ങൾക്കുകീഴിലുള്ള നാശനഷ്ടങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.* ദേശീയപാതാ വിഭാഗത്തിനുകീഴിൽ വരുന്ന റോഡുകളിൽ 14.60 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. എൻ.എച്ച്. 183-ൽ 12.25 കോടി രൂപയുടെയും എൻ.എച്ച്. 183 A-യിൽ 1.119 കോടി രൂപയുടെയും എൻ.എച്ച്. 185-ൽ 3 ലക്ഷം രൂപയുടെയും എൻ.എച്ച്. 766-ൽ 0.45 കോടി രൂപയുടെയും എൻ.എച്ച്. 966-ൽ 0.75 കോടി രൂപയുടെയും നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറിയ റോഡുകളിലുണ്ടായ നാശനഷ്ടത്തിന്റെ എസ്റ്റിമേറ്റ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കെ.എസ്.ടി.പി. വിഭാഗത്തിനുകീഴിൽ പുനലൂർ-പൊൻകുന്നം സംസ്ഥാന പാതയിൽ പൊൻകുന്നം, പ്ലാച്ചേരി റീച്ചിൽ ഏകദേശം 2 കോടി രൂപയുടെ നഷ്ടം കണക്കാക്കുന്നു. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി പുനരുദ്ധാരണം നടത്തുന്ന മല്ലപ്പള്ളി-കോമളം റോഡിലെ ഏകദേശം 30 മീറ്ററോളം വരുന്ന ഭാഗത്തിനും താവളം-മുള്ളി സംസ്ഥാനപാതയിലെ നിർമ്മാണത്തിലിരിക്കുന്ന കി.മീ 17/570-ലുള്ള കൾവർട്ടിന് സമാന്തരമായി ഉണ്ടാക്കിയ താൽക്കാലികപാതയ്ക്കും മഴവെള്ളപ്പാച്ചിലിൽ നാശനഷ്ടം സംഭവിച്ചിരുന്നു.

(ബി) ഇവയുടെ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പണി പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(ബി&സി) നിരത്തു വിഭാഗത്തിനുകീഴിൽ ഗതാഗതം മുടങ്ങിയ റോഡുകളിൽ ഗതാഗത തടസ്സം നീക്കി പുനഃസ്ഥാപിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും താൽക്കാലികമായി ഗതാഗത യോഗ്യമാക്കുന്നതിനാവശ്യമായ അറ്റകുറ്റപ്പണികൾ നടപ്പിലാക്കിയിട്ടുമുണ്ട്. പാലം വിഭാഗത്തിനുകീഴിൽ പുനർനിർമ്മിക്കേണ്ട പാലങ്ങൾ മണ്ണുപരിശോധന നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്ത് പുനർ നിർമ്മിക്കുവാൻ ഒന്നര വർഷവും ചെറിയ കേടുപാടുകൾ സംഭവിച്ച പാലങ്ങൾ അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കുന്നതിന് മൂന്നു മാസവും സമയമെടുക്കും. ദേശീയപാതാ വിഭാഗത്തിനുകീഴിൽ തകർന്ന റോഡുകൾ പുനരുദ്ധരിക്കുന്നതിന് 14.60 കോടി രൂപ എഫ്.ഡി.ആർ. 2021-22-ൻ കീഴിൽ കേന്ദ്ര ഗതാഗത ഹൈവേ മന്ത്രാലയത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തകർന്ന കെ.എസ്.ടി.പി. റോഡുകൾ അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പയ്യന്നൂർ മണ്ഡലത്തിലെ റോഡ് നവീകരണ പ്രവൃത്തി

1 (6220) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മണ്ഡലത്തിലെ സ്വാമിമുക്ക്-പൂത്തുർ-പെരളം-വെള്ളൂർ ആലിൻകീഴിൽ റോഡ്, പയ്യന്നൂർ-അന്നൂർ-കാറമേൽ റോഡ് എന്നിവയുടെ നവീകരണപ്രവൃത്തി പൂർത്തിയാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

സ്വാമിമുക്ക്-പൂത്തുർ-കിഴക്കേക്കര-പടിഞ്ഞാറെക്കര-ആലിൻകീഴിൽ റോഡിന്റെ കി.മീ. 0/000 മുതൽ 10/200 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിയുടെ കരാറുടമ്പടി പ്രകാരം 9-7-2019-നാണ് പൂർത്തീകരിക്കേണ്ടിയിരുന്നത്. റോഡ് വികസന കമ്മിറ്റിയുടെ നേതൃത്വത്തിൽ ആവശ്യമായ വീതിയിൽ സ്ഥലം ലഭ്യമാക്കിക്കൊണ്ടാണ് പ്രവൃത്തി നടപ്പിലാക്കുന്നത്. സ്ഥലം ലഭിക്കാനുള്ള കാലതാമസം, ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിലുള്ള കാലതാമസം, ശക്തമായ കാലവർഷം എന്നിവമൂലം പ്രവൃത്തി സമയത്ത് പൂർത്തിയാക്കാൻ സാധിക്കാതെ വരികയും പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുകയുമുണ്ടായി. തുടർന്നുണ്ടായ കോവിഡ് മഹാമാരിയും ക്വാറി/ക്രഷറുകൾ അടച്ചതുമൂലം മെറ്റീരിയലുകൾ ലഭിക്കാതെ വന്നതും പ്രവൃത്തിയുടെ പുരോഗതിയെ സാരമായി ബാധിച്ചു. ആകെയുള്ള 10.200 കി.മീ. നീളത്തിൽ മെക്കാഡം ടാറിംഗ് (BM) നേരത്തെ പൂർത്തീകരിച്ചതാണ്. ഇക്കഴിഞ്ഞ സീസണിൽ 4.500 കി.മീ. നീളത്തിൽ ബിറ്റുമിനസ് കോൺക്രീറ്റ് (BC) പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിവരുന്ന പ്രവൃത്തികളിൽ ഓവുചാൽ നിർമ്മാണവും സംരക്ഷണഭിത്തി നിർമ്മാണവും പൂർത്തീകരണ ഘട്ടത്തിലാണ്. 5.700 കിലോമീറ്ററിൽ ബി.സി-യും റോഡ് സുരക്ഷാ ക്രമീകരണങ്ങളും നടപ്പിലാക്കാൻ ബാക്കിയുണ്ട്. നിലവിൽ റോഡ് ഗതാഗതത്തിന് യാതൊരു തടസ്സവുമില്ല. പ്രവൃത്തിയുടെ കാലാവധി പിഴയോടുകൂടി 31-12-2021 വരെ ദീർഘിപ്പിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത കാലയളവിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. അന്നൂർ-വെള്ളൂർ റോഡിന്റെ കി.മീ. 2/200 മുതൽ 7/000 വരെയുള്ള പുനരുദ്ധാരണ പ്രവൃത്തിയാണ് 'പയ്യന്നൂർ-അന്നൂർ-വെള്ളൂർ റോഡ് കി.മീ 2/200 മുതൽ 7/000 വരെ' എന്ന പ്രവൃത്തി. നിലവിൽ

റോഡിന്റെ ROW 7 മുതൽ 9 വരെയും ടാറിംഗ് 4 മുതൽ 5.50 മീറ്റർ വരെയും ആയിരുന്നു ഉണ്ടായിരുന്നത്. റോഡ് പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ROW 10 മീറ്റർ ആയും ക്യാരേജ്‌വേ 5.50 മീറ്റർ ആയും വികസിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. റോഡ് വികസനത്തിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് ജനകീയ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. റോഡ് നിലവിൽ മെക്കാഡം ടാറിംഗ് നടത്തി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. ഓവുചാൽ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഇനിയും കണ്ടെത്തേണ്ടതുണ്ട്. അതിനുള്ള ശ്രമങ്ങൾ റോഡ് വികസന കമ്മിറ്റി തുടരുകയാണ്. സ്ഥലം ലഭ്യമായാൽ മാത്രമേ ഓവുചാൽ പ്രവൃത്തിയും മറ്റ് അനുബന്ധ പ്രവൃത്തികളും നടപ്പിലാക്കി റോഡ് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. 2021 ഡിസംബർ 31 വരെയാണ് സമയപരിധി ദീർഘിപ്പിക്കുവാനുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അതിനുള്ളിൽ സ്ഥലം ലഭ്യമാകുകയാണെങ്കിൽ പ്രവൃത്തി 2021 ഡിസംബർ 31-ഓടുകൂടിത്തന്നെ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

**കാസർഗോഡ് ജില്ലയിൽ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം**

2(6221) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാസർഗോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയിൽ പള്ളിക്കര-11 വില്ലേജിൽ ആർ.എസ്.നം.170/06-ൽ പി.ഡബ്ല്യൂ.ഡി.-യുടെ കൈവശമുള്ള പുറമ്പോക്ക് ഭൂമിയിൽ താമസിച്ചുവരുന്ന നാല് മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനായി ജില്ലാ കളക്ടർ പി.ഡബ്ല്യൂ.ഡി.യുടെ എൻ.ഒ.സി.ക്കായി സമർപ്പിച്ച പ്രൊപ്പോസൽ (പി.ഡബ്ല്യൂ.ഡി-പി.എസ്.2/356/17/പി.ഡബ്ല്യൂ.ഡി.) നിരസിച്ചത് പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഹർജിയിൽ എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) റോഡ് അതിർത്തിയിൽനിന്ന് പത്ത് മീറ്റർ അകലത്തിലായി സ്ഥിതിചെയ്യുന്നതും റോഡുവികസനത്തിന് ആവശ്യമില്ലാത്തതുമായ പ്രസ്തുത ഭൂമിയിൽ വീടുകെട്ടി വർഷങ്ങളായി താമസിച്ചുവരുന്ന മത്സ്യത്തൊഴിലാളികൾക്ക് പട്ടയം നൽകുന്നതിലേയ്ക്കായി എൻ.ഒ.സി. നൽകുന്ന വിഷയം പുന:പരിശോധനയ്ക്ക് വിധേയമാക്കാമോ; വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിലെ പള്ളിക്കര-II വില്ലേജിൽ ആർ.എസ്.നം. 170/06-ൽ റോഡ് പുറമ്പോക്ക് പതിച്ചുനൽകണമെന്ന ആവശ്യം പുനഃപരിശോധിച്ചിരുന്നു. പൊതുമരാമത്ത് വക റോഡിനോട് ചേർന്ന സ്ഥലങ്ങളും സമീപത്തുള്ള പുറമ്പോക്കുസ്ഥലങ്ങളും പതിച്ചുനൽകുന്നത് റോഡ് വീതി കൂട്ടുന്നതുൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നു എന്നതിനാൽ അപ്രകാരം പൊതുമരാമത്തുവക സ്ഥലങ്ങൾ പതിച്ചുനൽകുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ പരിഗണിക്കേണ്ടതില്ല എന്ന് നിർദ്ദേശിച്ചുകൊണ്ട് 30-9-2009-ലെ 20541/സി3/2009/പൊ.മ.വ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിനാൽ പുറമ്പോക്ക് പതിച്ചുനൽകുന്നത് സംബന്ധിച്ച ആവശ്യം പരിഗണിക്കുവാൻ കഴിയുകയില്ല.

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

3(6222) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത്, ദേശീയപാതാ വിഭാഗങ്ങൾക്കുകീഴിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* പാലം വിഭാഗത്തിനുകീഴിൽ മഴക്കാലപൂർവ്വ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിട വിഭാഗത്തിനുകീഴിൽ ഒരു പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടില്ല.

## കോവളം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടത്തിയ പ്രവൃത്തികൾ

4(6223) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷക്കാലം പൊതുമരാമത്ത് വകുപ്പിന് കീഴിൽ നടത്തിയ പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം നൽകുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോവളം മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ പൊതുമരാമത്ത് നിരത്ത്, കെട്ടിടം വിഭാഗങ്ങൾക്കു കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.* പാലം വിഭാഗത്തിനു കീഴിൽ വിഴിഞ്ഞം-പൂവാർ റോഡിലുള്ള മുല്ലൂർ പാലവും (ഭരണാനുമതി തുക- 3,85,000), മരപാലം പാലവും (ഭരണാനുമതി തുക– 5,00,000), വിഴിഞ്ഞം-ചപ്പാത്ത് പാലവും (ഭരണാനുമതി തുക – 5,00,000) മെയിന്റനൻസ് ചെയ്തിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിനുകീഴിൽ 25 ലക്ഷം രൂപയുടെ ബാലരാമപുരം-വഴിമുക്ക്-ജുമാമസ്ജിദ്, ബി.സി. പാച്ച് വർക്ക് ചെയ്തിട്ടുണ്ട്. കൂടാതെ, കരമന-കളിയിക്കാവിള (പ്രാവച്ചമ്പലം-കൊടിനട) സ്ട്രെച്ചിൽ നിലവിൽ പൂർത്തീകരിച്ച 800 മീറ്റർ (RHS) കോവളം നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്നതാണ്. ബാലരാമപുരം ആർ.ഒ.ബി-യുടെ നിർമ്മാണത്തിനായി ആർ.ബി.ഡി.സി.കെ-യെ എസ്.പി.വി. ആയി നിയമിക്കുകയും പ്രസ്തുത ആർ.ഒ.ബി-യുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് (GAD) റെയിൽവേയ്ക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വിഴിഞ്ഞം പോർട്ടുമായി ബന്ധിപ്പിച്ചുകൊണ്ട് ഒരു വികസന പദ്ധതി കൊങ്കൺ റെയിൽവേയെ ഏൽപ്പിച്ചിട്ടുള്ളതായി ചീഫ് എഞ്ചിനീയർ (കൺസ്ട്രക്ഷൻ), സതേൺ റെയിൽവേ 5-8-2019-ന് അറിയിച്ചതിനെതുടർന്ന് കൊങ്കൺ റെയിൽവേയുമായി ബന്ധപ്പെട്ട് പുതുക്കിയ ജി.എ.ഡി-യും അലൈൻമെന്റ് ഡ്രോയിംഗും തയ്യാറാക്കി റെയിൽവേയ്ക്ക് 25-3-2021-ന് സമർപ്പിച്ചു. റെയിൽവേ അംഗീകരിച്ച യാർഡ് പ്ലാൻ പ്രകാരം നിലവിലുള്ള റെയിൽവേ ട്രാക്ക് 3.29 മീറ്റർ മാറുന്നതിനാൽ അതുപ്രകാരം ജി.എ.ഡി. പുതുക്കാൻ 10-6-2021-ന് ചീഫ് എഞ്ചിനീയർ, സതേൺ റെയിൽവേ ആവശ്യപ്പെട്ടതു പ്രകാരം ജി.എ.ഡി.-യും അലൈൻമെന്റ് ഡ്രോയിംഗും തയ്യാറാക്കിവരുന്നു. റെയിൽവേയിൽ നിന്ന് ജി.എ.ഡി. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് വിശദമായ പദ്ധതിരേഖ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്.

<u>കിഫ്ബി വിഭാഗത്തിനുകീഴിലുള്ള പ്രവൃത്തികൾ</u>:-

1. തിരുവനന്തപുരം ജില്ലയിലെ പൂങ്കുളവും കാക്കാമൂലയും തമ്മിൽ ബന്ധിപ്പിക്കുന്ന വെള്ളായണി പാലം എന്ന പ്രവൃത്തിക്ക് 24.33 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. 13-8-2021-ൽ നടന്ന 83-ാം ടെക്നിക്കൽ കമ്മിറ്റിയിൽ പ്രവൃത്തി ഉൾപ്പെടുത്തുകയും കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തികൊണ്ട് സമർപ്പിക്കുന്ന എസ്റ്റിമേറ്റിന് സാങ്കേതിക അംഗീകാരം നൽകുവാനും കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. തിരുവനന്തപുരം ജില്ലയിലെ ആഴാകുളം-മുട്ടക്കാട്-പനങ്ങോട്-കാട്ടുകുളം-നെല്ലിവിള-തെറ്റിവിള റോഡിന്റെ അഭിവൃദ്ധിപ്പെടുത്തൽ എന്ന പ്രവൃത്തിക്ക് 32.57 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ഡിസൈൻ പുനഃപരിശോധന കിഫ്ബിയിൽ നടന്നുവരികയാണ്. ആയത് പൂർത്തിയായതിനുശേഷം മാത്രമേ അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. പുതുക്കിയ ട്രാഫിക് സർവ്വേ നടപടികൾ കിഫ്ബിയുടെ TRC പൂർത്തീകരിച്ചിട്ടുണ്ട്.

**ആര്യാട് പി.എച്ച്.സി-ക്ക് പുതിയ കെട്ടിടം**

5(6224) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ 2021-22 വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആര്യാട് പി.എച്ച്.സി. പുതിയ കെട്ടിടം, ആര്യാട് ലൂഥറൻ സ്കൂൾ കാന നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ആലപ്പുഴ മണ്ഡലത്തിൽ 2021-22 വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആര്യാട് പി.എച്ച്.സി. പുതിയ കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിശോധനയിലാണ്. ആര്യാട് ലൂഥറൻ സ്കൂൾ കാന നിർമ്മാണം പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിൽ ഉൾപ്പെട്ടതല്ല.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ആവശ്യമായ തുക ഏത് ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്നുവെന്നും മൊത്തം അടങ്കലിന്റെ 20 ശതമാനം തുക വകയിരുത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

ആര്യാട് പി.എച്ച്.സി. കെട്ടിട നിർമ്മാണത്തിനായുള്ള Head Of Account:4059-01-051-86 എന്ന ശീർഷകത്തിലാണ്. മൊത്തം അടങ്കലിന്റെ 20 ശതമാനം തുകയായ 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ആര്യാട് പി.എച്ച്.സി. കെട്ടിട നിർമ്മാണത്തിനായുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

**പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡ് പുറമ്പോക്ക് സ്ഥലങ്ങൾ**

6(6225) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡ് പുറമ്പോക്ക് സ്ഥലം എത്രയെന്ന് അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇത് തിട്ടപ്പെടുത്താൻ സാധിക്കാത്തതെന്ന് വിശദമാക്കാമോ;

(സി) പുറമ്പോക്ക് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുമ്പോൾ ചെറുകിട-വഴിയോര കച്ചവടക്കാരുടെ വിഷയങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

(എ-സി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പുറമ്പോക്ക് സ്ഥലം എത്രയെന്ന് അളന്ന് തിട്ടപ്പെടുത്തിയിട്ടില്ല. പുറമ്പോക്ക് ഭൂമി ഉദ്യോഗസ്ഥർ പരിശോധന നടത്തി ഏതെങ്കിലും തരത്തിൽ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് റവന്യൂ വകുപ്പിന്റെ സഹായത്തോടുകൂടി പുറമ്പോക്ക് ഭൂമിയുടെ അതിരുകൾ അളന്ന് തിട്ടപ്പെടുത്താറുണ്ട്. ദേശീയപാതാ വിഭാഗത്തിനുകീഴിൽ പുറമ്പോക്ക് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുമ്പോൾ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം കയ്യേറ്റം തടയുന്നതിനും നീക്കം ചെയ്യുന്നതിനുമായി നിശ്ചിത സമയപരിധി നിർണ്ണയിച്ച് നോട്ടീസ് നൽകുകയും അതിൻപ്രകാരം മാറാത്തവർക്കെതിരെ പിഴ ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനും പോലീസ് സാന്നിദ്ധ്യം ആവശ്യമുള്ളപക്ഷം അത് ലഭ്യമാക്കി കയ്യേറ്റം ഒഴിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. കെ.എസ്.ടി.പി നടപ്പാക്കുന്ന റോഡ് പ്രവൃത്തികളിൽ പൊതുമരാമത്ത് നിരത്തു വിഭാഗത്തിൽനിന്നും കൈമാറിക്കിട്ടുന്ന റോഡുകളിൽ അലൈൻമെന്റ് പ്രകാരമുള്ള പണികൾ നടപ്പിലാക്കുകയാണ് ചെയ്യുന്നത്. 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം ഭൂമി ഏറ്റെടുത്ത് പുറമ്പോക്ക് കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് റോഡ് നിർമ്മാണപ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ 29-12-2017-ലെ റവന്യൂ വകുപ്പിന്റെ G.O.(Ms).448/2017/RD പ്രകാരമുള്ള പുനരധിവാസ നടപടി സ്വീകരിക്കുന്നതാണ്. ആയത് പൂർണ്ണമായും റവന്യൂ വകുപ്പ് മുഖാന്തരമാണ് നടപ്പിലാക്കുന്നത്. ടി വിഷയത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടി ഇല്ലായെങ്കിൽ ഹൈവേ പ്രൊട്ടക്ഷൻ ആക്ടിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നു.

(ഡി) വാമനപുരം നിയോജകമണ്ഡലത്തിൽ റോഡ് പുറമ്പോക്ക് സ്ഥലങ്ങൾ എവിടെയെല്ലാമാണെന്ന് വിശദമാക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കെ.എസ്.ടി.പി. റോഡ് പുറമ്പോക്ക് ഭാഗങ്ങളിൽ വെഞ്ഞാറമൂട് മുസ്ലീം പള്ളിയുടെ മുൻഭാഗങ്ങൾ, പഴയ എം.സി. റോഡ് ഉൾപ്പെടുന്ന സ്ഥലം എന്നിവ ഉൾപ്പെടുന്നുണ്ട്. ഇതുകൂടാതെയുള്ള ഭാഗങ്ങളിൽ റവന്യൂ സർവ്വേ നടന്നിട്ടില്ലാത്തതിനാൽ പുറമ്പോക്ക് ഭൂമി എല്ലാംതന്നെ തിട്ടപ്പെടുത്തിയിട്ടില്ല. ആയതിനാൽ റവന്യൂ സർവ്വേയ്ക്ക് ശേഷം മാത്രമേ പുറമ്പോക്ക് ഭൂമി കൃത്യമായും നിർണ്ണയം നടത്താൻ സാധിക്കുകയുള്ളൂ.

**പ്രകൃതിക്ഷോഭത്തിലൂടെ പൊതുമരാമത്ത് വകുപ്പിനുണ്ടായ നാശനഷ്ടങ്ങൾ**

7(6226) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ശക്തമായ മഴയിലും കാറ്റിലും ഉരുൾപൊട്ടലിലും മറ്റ് പ്രകൃതിക്ഷോഭങ്ങളിലുമായി പൊതുമരാമത്ത് വകുപ്പിനുണ്ടായ നാശനഷ്ടങ്ങളുടെ വിശദാംശവും എത്ര കോടിയുടെ നഷ്ടം സംഭവിച്ചുവെന്നും വ്യക്തമാക്കുമോ?

കണക്കാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ആവർത്തിച്ചുണ്ടാകുന്ന അതിതീവ്ര മഴയും ചുഴലിക്കൊടുങ്കാറ്റുകളും കൂടാതെ ടൗട്ടെ, യാസ് ചുഴലിക്കാറ്റ്, ഒക്ടോബറിലുണ്ടായ അതിവർഷം എന്നിവമൂലവും നിരത്തുവിഭാഗത്തിന് 210.73 കോടി രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. നിരത്ത്, പാലം വിഭാഗങ്ങൾക്കുകീഴിലുള്ള നാശനഷ്ടങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.* കെട്ടിട വിഭാഗത്തിനുകീഴിൽ ഈ സർക്കാർ അധികാര മേറ്റതിനുശേഷം നാളിതുവരെ മലപ്പുറം ജില്ലയിൽ, മഞ്ചേരി മെഡിക്കൽ കോളേജ് സെക്ഷന് കീഴിൽ 10 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിലെ പൈനാവിൽ 2021-ലെ ശക്തമായ കാറ്റിലും മഴയിലും ഉരുൾപൊട്ടലിലും മറ്റ് പ്രകൃതി ദുരന്തങ്ങളിലുമായി 31 ലക്ഷം രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. 2021 ഒക്ടോബർ മാസത്തിലുണ്ടായ ശക്തമായ മഴയിൽ പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിനുകീഴിൽ വരുന്ന റോഡുകളിൽ 14.60 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. എൻ.എച്ച്. 183-ൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

12.25 കോടി രൂപയുടെയും എൻ.എച്ച്. 183 A-യിൽ 1.119 കോടി രൂപയുടെയും എൻ.എച്ച്. 185-ൽ 3 ലക്ഷം രൂപയുടെയും എൻ.എച്ച് 766-ൽ 0.45 കോടി രൂപയുടെയും എൻ.എച്ച് 966-ൽ 0.75 കോടി രൂപയുടെയും നാശനഷ്ടങ്ങൽ ഉണ്ടായിട്ടുണ്ട്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറിയ റോഡുകളിലുണ്ടായ നാശനഷ്ടത്തിന്റെ എസ്റ്റിമേറ്റ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കെ.എസ്.ടി.പി. വിഭാഗത്തിനുകീഴിൽ പ്ലാച്ചേരി-പൊൻകുന്നം, താവളം-മുള്ളി, മല്ലപ്പള്ളി- കോമളം റോഡുകളിൽ ശക്തമായ മഴയിലും കാറ്റിലും ഉരുൾപൊട്ടലിലും മറ്റു പ്രകൃതിക്ഷോഭങ്ങളിലുമായി രണ്ട് കോടിയിലധികം രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. കെ.ആർ.എഫ്.ബി. വിഭാഗത്തിന്റെ അധീനതയിലുള്ള റോഡുകളിൽ കാലാകാലങ്ങളിൽ നടത്തേണ്ട പരിപാലന പ്രവൃത്തികൾ Emergency Maintenance Protocol അനുസരിച്ച് പദ്ധതി കൺസഷണർമാർ മുഖാന്തരം നടന്നുവരുന്നു.

(ബി) ഇത്തരം പ്രകൃതിക്ഷോഭത്തിലൂടെ തകർന്ന റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

നിരത്തുവിഭാഗത്തിനുകീഴിൽ ഗതാഗതം മുടങ്ങിയ റോഡുകളിൽ ഗതാഗത തടസ്സം നീക്കി പുന:സ്ഥാപിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും റോഡുകളിലെ തടസ്സങ്ങൾ നീക്കി താൽക്കാലികമായി ഗതാഗതയോഗ്യമാക്കുന്നതിനാവശ്യമായ അറ്റകുറ്റപ്പണികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുമുണ്ട്. പാലം വിഭാഗത്തിനുകീഴിൽ പുനർ നിർമ്മിക്കേണ്ട പാലങ്ങൾ ഒന്നര വർഷത്തിനകവും ചെറിയ കേടുപാടുകൾ സംഭവിച്ച പാലങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി മൂന്നുമാസത്തിനകവും ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിരത്ത് പരിപാലന വിഭാഗത്തിനുകീഴിൽ എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകുകയും എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി സംസ്ഥാനത്താകെ ഒരു സ്ഥിരം സംവിധാനം എന്ന നിലയ്ക്ക് ഓരോ പൊതുമരാമത്ത് റോഡ് സെക്ഷൻ തലത്തിലും റണ്ണിംഗ് കോൺട്രാക്ട് ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി

ഓരോ സെക്ഷനിലും രണ്ട് റണ്ണിംഗ് കോൺട്രാക്ട് എന്ന വിധത്തിൽ 177 സെക്ഷനുകളിലും ഒരു വർഷത്തേയ്ക്കുള്ള മെയിന്റനൻസ് റണ്ണിംഗ് കോൺട്രാക്ട് നടപ്പിലാക്കുന്ന നടപടികൾ ത്വരിതഗതിയിലാണ്. ദേശീയപാതാ വിഭാഗത്തിനുകീഴിലുള്ള റോഡുകളിലുണ്ടായ തടസ്സം അടിയന്തരമായി നീക്കം ചെയ്ത് റോഡ് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. തകർന്ന റോഡുകൾ പുനരുദ്ധരിക്കുന്നതിന് 14.60 കോടി രൂപ എഫ്.ഡി.ആർ. 2021-22-ന് കീഴിൽ കേന്ദ്ര ഗതാഗത ഹൈവേ മന്ത്രാലയത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കെ.ആർ.എഫ്.ബി. വിഭാഗത്തിന്റെ അധീനതയിൽ തിരുവനന്തപുരം നഗരപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കോറിഡോർ 04-ൽ ഉൾപ്പെടുന്ന ഭാഗമാണ് ശംഖുമുഖം-വിമാനത്താവളം റോഡ്. കടൽക്ഷോഭത്തിൽ തകർന്ന ടി റോഡിന്റെ സംരക്ഷണ ഭിത്തി പുനർനിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞു. സംരക്ഷണ ഭിത്തിയുടെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് തിരുവനന്തപുരം നഗരപാത വികസന പദ്ധതിയുടെ കൺസഷണർ ആയ തിരുവനന്തപുരം ഡെവലപ്പ്മെന്റ് കമ്പനി ലിമിറ്റഡ്, പ്രസ്തുത റോഡ് പുനർ നിർമ്മിക്കുന്നതാണ്.

## നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലാവധി

8(6227) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഡിസൈൻ ചെയ്യുന്നതിനും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് കാലാവധി നിശ്ചയിക്കാമോ; വ്യക്തമാക്കാമോ?

നിലവിൽ കാലാവധി നിശ്ചയിച്ചിട്ടില്ല. എന്നാൽ ഭരണാനുമതി ലഭിച്ചാലുടനെ site survey, soil investigation എന്നിവ നടത്തി ആയത് പ്രകാരം Structural design-ഉം അതനുസരിച്ച് detailed estimate-ഉം തയ്യാറാക്കി ടെണ്ടർ ചെയ്താണ് പ്രവൃത്തി നടപ്പിലാക്കുന്നത്. നിലവിൽ ഭരണാനുമതിക്ക് മൂന്ന് വർഷമാണ് കാലാവധിയുള്ളത്. സ്ട്രക്ചറൽ ഡിസൈൻ നൽകുന്നത് രണ്ട് ഘട്ടങ്ങളായാണ്. ഒന്നാമതായി സാങ്കേതികാനുമതി നൽകുന്നതിലേയ്ക്കായി ടെൻടേറ്റീവ് ഡിസൈൻ ഡ്രോയിംഗ് നൽകുന്നു. അതിനുശേഷം പ്രവൃത്തികൾക്കായി കൺസ്ട്രക്ഷൻ

ഡ്രോയിംഗും നൽകുന്നു. ഓരോ സ്ട്രക്ച്ചറൽ എഞ്ചിനീയറും വിവിധ ഘട്ടങ്ങളിലുള്ള പ്രവൃത്തികളുടെ ഡിസൈൻ കൈകാര്യം ചെയ്തുവരുന്നു. സ്ട്രക്ചറൽ ഡിസൈൻ ചെയ്യുന്നതിനുള്ള എഞ്ചിനീയർമാരുടെ എണ്ണത്തിലെ അഭാവവും ഡിസൈൻ ചെയ്യുന്നതിനുള്ള വർക്കുകളുടെ ആധിക്യവും പരിഗണിച്ച് നിലവിൽ നിർമ്മാണത്തിന്റെ പുരോഗതിയ്ക്ക് തടസ്സംവരാത്ത രീതിയിൽ സ്ട്രക്ച്ചറൽ ഡിസൈൻ ഡ്രോയിംഗുകൾ തയ്യാറാക്കി നൽകുന്നു. മേൽപ്പറഞ്ഞ രീതി അവലംബിച്ച് വരുന്നതിനാൽ ഒരു ഡിസൈൻ പ്രവൃത്തി മാത്രം കണക്കിലെടുത്ത് സമയപരിധി നിശ്ചയിക്കൽ പ്രാവർത്തികമല്ല.

**നാട്ടുകാണി ചുരം മുതൽ പരപ്പനങ്ങാടി വരെയുള്ള റോഡ് നവീകരണം**

9(6228) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നാട്ടുകാണി ചുരം മുതൽ പരപ്പനങ്ങാടി വരെയുള്ള റോഡ് നവീകരണത്തിന് ജില്ലാ ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി 2015-16-ൽ 450 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടും ഈ പ്രവൃത്തി 280.30 കോടി രൂപയ്ക്ക് അവസാനിപ്പിച്ചതിന്റെ കാരണം വിശദമാക്കാമോ;

(ബി) 450 കോടി രൂപയുടെ എസ്റ്റിമേറ്റ് 280.30 കോടി രൂപയായി കുറച്ചത് കാരണം മേൽ പ്രവൃത്തിയിൽനിന്നും ഒഴിവാക്കപ്പെട്ടത് എന്തെല്ലാമാണെന്ന് അറിയിക്കാമോ; ഏതെല്ലാം ഭാഗങ്ങളിലാണ് ഇനി ഉപരിതലം ബി.എം.&ബി.സി. ചെയ്യാൻ ബാക്കിയുള്ളതെന്ന് വിശദമാക്കാമോ;

(സി) 170 കോടി രൂപയോളം ബാക്കി ഉണ്ടായിരുന്നിട്ടും നിലമ്പൂർ മണ്ഡലത്തിലെ വഴിക്കടവ് മുതൽ വടപുരം പാലം വരെയുള്ള നവീകരണ പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി നൽകാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; ഭരണാനുമതി ലഭിച്ച തുകയിൽ ഒതുങ്ങുമെന്നതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ;

(ഡി) 2021-22-ലെ ബഡ്ജറ്റിൽ 1,000 രൂപ ടോക്കൺ പ്രൊവിഷനിൽ വഴിക്കടവ് മുതൽ വടപുരം പാലം വരെയുള്ള നവീകരണ പ്രവൃത്തിക്ക് 30 കോടി രൂപയുടെ നിർദ്ദേശമുള്ളതിനാൽ പ്രസ്തുത പദ്ധതിയിൽ ബാക്കിയുള്ള തുകയിൽനിന്നും ഇതിനാവശ്യമായ തുക അനുവദിക്കാനാവുമോ; വിശദമാക്കാമോ?

(എ-ഡി) മലപ്പുറം ജില്ലയിലെ 7 നിയോജകമണ്ഡലങ്ങളിൽക്കൂടി കടന്ന് പോവുന്നതും 105.70 കി. മീ, നീളം വരുന്നതുമായ നാട്ടുകാണി പരപ്പനങ്ങാടി റോഡ് സംസ്ഥാന സർക്കാർ 2015-16 ബഡ്ജറ്റ് സ്പീച്ചിൽ (DFIP) ജില്ലാ പതാക നൗക എന്ന പേരിൽ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും തുടർന്ന് 450 കോടിയുടെ ഭരണാനുമതിയും 400 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകുകയും ചെയ്തു. ആയതിൽ 40.09 കോടി രൂപയുടെ (ഭൂമി ഏറ്റെടുക്കുന്നതിന് നീക്കിവെച്ച 20 കോടി രൂപയടക്കം) LS പ്രൊവിഷൻ ഒഴിവാക്കി 359.91 കോടി രൂപയുടെ എഗ്രിമെന്റ് കോഴിക്കോട് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ പക്കൽ കരാർ വയ്ക്കുകയും 5-3-2016-ന് സൈറ്റ് കൈമാറുകയും ചെയ്തു. പ്രസ്തുത 400 കോടിയുടെ ടി.എസ്. എസ്റ്റിമേറ്റ് പ്രകാരം കരാർ വയ്ക്കപ്പെട്ട പ്രവൃത്തിയിൽ ചുരം ഭാഗത്ത് 7.50 മീറ്റർ വീതിയിലും വഴിക്കടവ് മുതൽ കക്കാട് വരെ 9.00 മീറ്റർ വീതിയിലും കക്കാട് മുതൽ പരപ്പനങ്ങാടി വരെ 7.00 മീറ്റർ വീതിയിലും (നിലവിൽ ടാർ വീതി കൂടുതൽ ഉള്ളിടത്ത് നിലവിലെ വീതിയിലേയ്ക്കും) DBM&BC ചെയ്യുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. ഭരണാനുമതിയിലെ നിർദ്ദേശപ്രകാരം CTE പ്രവൃത്തിസ്ഥലം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 105.80 കിലോമീറ്റർ ആകെ ദൂരമുള്ളതിൽ 81.94 കിലോമീറ്റർ ഭാഗം അക്കാലത്ത് നല്ല പ്രതലമായതിനാൽ 23.86 കിലോമീറ്റർ ദൂരത്തിൽ മാത്രമേ overlay ആവശ്യമുള്ളൂവെന്നും NATPAC-ന്റെ വിശദമായ പഠനം നടത്തിയശേഷം overlay design ചെയ്യേണ്ടതുണ്ടെന്നും CTE അഭിപ്രായപ്പെടുകയുണ്ടായി. എന്നാൽ 3-3-2016-ന് തന്നെ മേൽപ്രവൃത്തിക്ക് 400 കോടി രൂപയ്ക്ക് TS നൽകപ്പെട്ടതിനാൽ CTE-യുടെ മേൽനിർദ്ദേശത്തിന് മറുപടിയായി പ്രവൃത്തിയുടെ നിർമ്മാണ പൂർത്തീകരണത്തിന് മൂന്നുവർഷം ആവശ്യമുള്ളതിനാൽ പ്രസ്തുത കാലയളവിൽ നിലവിൽ കേടുപാടുകൾ ഇല്ലാത്ത ഭാഗങ്ങൾ ട്രാഫിക് കൂടുതലുള്ള അന്തർസംസ്ഥാന പാതയായതിനാൽ കേടുവരുമെന്ന സാഹചര്യത്തിൽ റോഡ് നിലവിലെ ഭാഗം ബി.സി. മാത്രം ചെയ്ത് ഇരുവശവും വീതി കൂട്ടി അതിൻമേൽ മാത്രം DBM & BC ചെയ്താൽ Uniform thickness ഇല്ലാതെ വരികയും റോഡിന്റെ നടുഭാഗം കേടുവരുവാനുള്ള സാദ്ധ്യത കൂടുതലുള്ളതിനാൽ മുഴുവൻ വീതിയിലും DBM & BC ചെയ്യുന്നതിന് സാങ്കേതികാനുമതി നൽകുകയും ആയതിന്റെ ആവശ്യകത ചീഫ് എഞ്ചിനീയർ CTE-യെ അറിയിക്കുകയുണ്ടായി. എന്നാൽ ആയതിന് മറുപടിയായി രണ്ടുവർഷം കഴിഞ്ഞ് ചെയ്യാനിരിക്കുന്ന പ്രവൃത്തിക്ക് ഇപ്പോൾ തന്നെ TS നൽകുന്നത് ന്യായീകരിക്കത്തക്കതല്ല എന്ന് CTE അറിയിക്കുകയുണ്ടായി. അതിനാൽ

CTE-യുടെ എല്ലാ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് NATPAC-ന്റെ ഡിസൈൻ പ്രകാരം 30.31 കോടി രൂപയുടെ എൽ.എ. പ്രൊവിഷനും 34.24 കോടി രൂപയുടെ എൽ.എസ്. പ്രൊവിഷനും കൂടി 375 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന് ചീഫ് എഞ്ചിനീയർ (നിരത്തുകൾ) അംഗീകാരം നൽകുകയും ചെയ്തു. ഇപ്രകാരം നിർദ്ദേശം പാലിച്ചുകൊണ്ട് പുതുക്കിയ 375 കോടി രൂപയുടെ എസ്റ്റിമേറ്റിൽ 66.10 കി. മീ. ദൂരം Defect liability period-ൽ ഉൾപ്പെട്ട റോഡ് ഉപരിതലവുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളും ഒഴിവാക്കി ആവശ്യമുള്ള ഇടങ്ങളിൽ കാന, കലുങ്ക്, പാർശ്വഭിത്തി മുതലായവ ഉൾപ്പെടുത്തി 39.60 കി.മീ. ഉപരിതലം അടക്കമുള്ള പ്രവൃത്തികൾ നടത്തുവാനാണ് അനുമതി നൽകിയിട്ടുള്ളത്. മേൽ വർഷങ്ങളിലുണ്ടായ പ്രളയം, ഉരുൾപൊട്ടൽ എന്നിവയ്ക്കുശേഷം ബഹുമാനപ്പെട്ട എം.എൽ.എ.-മാരിൽനിന്നും ലഭിച്ച നിർദ്ദേശപ്രകാരവും പൊതുജനങ്ങളിൽ നിന്നുള്ള വിവിധ നിവേദനങ്ങളും പരിഗണിച്ച് മുമ്പത്തെ എസ്റ്റിമേറ്റിൽ നിന്നും (375 കോടി രൂപയുടെ) ഒഴിവാക്കപ്പെട്ട 66.10 കിലോമീറ്റർ റോഡ് ഭാഗങ്ങൾ ഡി.ബി.എം & ബി.സി. എന്നിവയും മറ്റു അനുബന്ധ പ്രവൃത്തികൾ കൂടി ചെയ്ത് പൂർത്തീകരിക്കത്തക്ക രീതിയിൽ 450 കോടി രൂപയുടെ Revised Estimate സമർപ്പിച്ചതിൽ സാങ്കേതികാനുമതി നൽകുമ്പോൾ നിർദ്ദേശിച്ച നിരക്കും എ.ജി.-യുടെ നിരീക്ഷണമനുസരിച്ച് അനുവദനീയമായ കൺവേയൻസ് നിരക്കും പരിഗണിച്ച് പ്രവൃത്തി 287.70 കോടി രൂപയ്ക്കുള്ളിൽ നിജപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിച്ചതനുസരിച്ച് 280.30 കോടി രൂപയ്ക്കുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കുകയുണ്ടായി. 280.30 കോടി രൂപയുടെ ഈ എസ്റ്റിമേറ്റിൽ മുമ്പ് അനുവദിച്ച 375 കോടി രൂപയുടെ എസ്റ്റിമേറ്റിൽനിന്നും നിർദ്ദേശപ്രകാരം ഉപരിതലവുമായി ബന്ധപ്പെട്ട് ഒഴിവാക്കിയ 66.10 കി.മി. ദൂരത്തിലുള്ള കേടുപാടുകളുള്ള ഭാഗത്ത് മാത്രം അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും മറ്റു കരാർ ഉടമ്പടി പ്രകാരമുള്ള പ്രവൃത്തികളും മാത്രമാണ് ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളത്. ആയതിൽ 2018-19-ലെ പ്രളയംമൂലം തകർന്ന ഭാഗങ്ങൾ (നാട്ടുകാണി ചുരം, പുഴയോരഭാഗങ്ങളായ പാണക്കാട്, ഹാജിയാർ പള്ളി തുടങ്ങിയ ഇടങ്ങൾ) പുനർനിർമ്മിച്ച പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതുമൂലം നിലവിലുള്ള 375 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റുഭാഗങ്ങളിലെ കാനകൾ, പാർശ്വഭിത്തികൾ, കലുങ്കുകൾ, നഗരഭാഗങ്ങളിലെ കൈവരിയോടുകൂടിയ നടപ്പാത തുടങ്ങിയവ ഭാഗികമായി ഒഴിവാക്കേണ്ടതായും

വന്നിട്ടുണ്ട്. പ്രസ്തുത പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. ഇക്കാരണങ്ങളാലാണ് വഴിക്കടവ്-മുതൽ-വടപുറം പാലം വരെയുള്ള നവീകരണ പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കാതിരുന്നത്. നിലമ്പൂർ നിയോജകമണ്ഡലത്തിലെ വടപുറം പാലം മുതൽ കുണ്ടുതോട് പാലം വരെ 4.50 കി.മീ. ദൂരവും ഏറനാട് മണ്ഡലത്തിലെ കുണ്ടുതോട് പാലം മുതൽ തൃക്കലങ്ങോട് ചീനിക്കൽതോട് ചന്തപ്പള്ളി വരെ 8.50 കി.മീറ്ററും മഞ്ചേരി നിയോജക മണ്ഡലത്തിലെ തൃക്കലങ്ങോട്-ചീനക്കൽതോട്-ചന്തപ്പള്ളി മുതൽ ജസീല ജംഗ്ഷൻ വരെ 7.00 കി.മീ ദൂരവും മലപ്പുറം നിയോജകമണ്ഡലത്തിലെ മലപ്പുറം ഹാജിയാർപള്ളി മുതൽ കാരത്തോട് കലുങ്ക് വരെ 5.50 കി.മീ. ദൂരവും വേങ്ങര നിയോജകമണ്ഡലത്തിലെ കാരാത്തോട് കലുങ്ക് മുതൽ കൂരിയാട് ജംഗ്ഷൻ വരെ 11.85 കി.മീ. ദൂരവും ഉപരിതലം ബി.എം& ബി.സി.ചെയ്യാൻ ബാക്കിയുണ്ട്.

## കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് കെട്ടിടം

10(6229) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് കെട്ടിടങ്ങൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനും പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

18-3-2019-ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 44/2019/ആ.കു.വ. പ്രകാരം പരിയാരം സഹകരണ മെഡിക്കൽ കോളേജ് ഗവൺമെന്റ് ഏറ്റെടുത്ത് ഉത്തരവായിട്ടുണ്ട്. അതിൻപ്രകാരം കെട്ടിടങ്ങളും മറ്റും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിലേയ്ക്കായി മെഡിക്കൽ കോളേജ് അധികൃതരോട് നിലവിലുള്ള കെട്ടിടങ്ങളുടെ വിശദവിവരങ്ങൾ സർവ്വീസ് പ്ലാൻ ഉൾപ്പെടെ ആവശ്യപ്പെട്ടിട്ടുണ്ട്. കെട്ടിടങ്ങൾ ഏറ്റെടുക്കുന്നതിനും മെഡിക്കൽ കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ഒരു നോഡൽ ഓഫീസറെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിലെ നിലവിലുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും നിലവിലെ കെട്ടിടങ്ങളുടെ ഒരു ലിസ്റ്റ് ശേഖരിക്കുകയും അതിന്റെ പരിശോധന തളിപ്പറമ്പ് സബ്ബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ നടന്നുവരികയുമാണ്. പരിശോധനയ്ക്ക് ശേഷം കെട്ടിടങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ അസറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) സർക്കാർ ഏറ്റെടുത്തതിനുശേഷം പ്രസ്തുത മെഡിക്കൽ കോളേജിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വിശദമാക്കാമോ?

മെഡിക്കൽ കോളേജിന്റെ പ്രവൃത്തിക്ക് ബഡ്ജറ്റിൽ ഉൾപ്പെടുത്തി തുക അനുവദിച്ചതായി കാണുന്നില്ല. ആശുപത്രി രോഗീസൗഹൃദമാക്കുന്നതിന്റെ ഭാഗമായി കാത്തുനിൽപ്പ്, രജിസ്ട്രേഷൻ കേന്ദ്രത്തിന്റെ നിർമ്മാണത്തിനായി 100 ലക്ഷം രൂപയുടെ ഭരണാനുമതി ആവുകയും തുക പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിക്കുന്നതിനായി മെഡിക്കൽ കോളേജ് അധികൃതരോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. തുക ലഭ്യമാകുന്നതോടെ ഈ പ്രവൃത്തിക്കാവശ്യമായ ഇൻവെസ്റ്റിഗേഷൻ ചെയ്ത് ഡിസൈൻ തയ്യാറാക്കി പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്.

**മെയിന്റനൻസ് തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി**

11 (6230) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിന്റെ പണി പൂർത്തിയാക്കി ഒരു വർഷം കഴിഞ്ഞാൽ മെയിന്റനൻസ് ചെയ്യുന്നതിനുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ പണി പൂർത്തിയാക്കിക്കഴിഞ്ഞാൽ ഒരു നിശ്ചിത കാലയളവിൽ ഉണ്ടാകുന്ന തകരാറുകൾ കരാറുകാരൻ തന്നെ സ്വയം പരിഹരിക്കുന്നതിനായി വിവിധതരം പ്രവൃത്തികൾക്കായി Defect Liability Period (DLP) നിശ്ചയിച്ച് കരാറിന്റെ ഭാഗമാക്കിയിട്ടുണ്ട്. ബി.എം. & ബി.സി. ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾക്ക് 3 വർഷം DLP കാലാവധിയും തുടർന്ന് 4 വർഷം മെയിന്റനൻസ് കാലാവധിയും ബി.സി. ഉപരിതലം പുതുക്കുന്നതിന് 2 വർഷം DLP കാലാവധിയും തുടർന്ന് 2 വർഷം മെയിന്റനൻസ് കാലാവധിയുമായി നിശ്ചയിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകളിൽ MoRTH ഫണ്ട് ഉപയോഗിച്ചുള്ള EPC മോഡിലുള്ള ബലപ്പെടുത്തൽ പ്രവൃത്തികളിൽ നിലവിൽ Maintenance charge 2.5% ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന പാലങ്ങൾക്ക് 60 മാസമാണ് ഡിഫക്ട് ലയബിലിറ്റി പീരിയഡ്.

## പ്രൈസ് 3 സോഫ്റ്റ്‌വെയർ

12 (6231) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈസ് 3 സോഫ്റ്റ്‌വെയർ നടപ്പിലാക്കിയത് വഴി എന്തൊക്കെ പ്രയോജനങ്ങളാണ് മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ലഭിക്കുന്നത് എന്നറിയിക്കാമോ?

പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട സകല വിഷയങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ഓൺലൈൻ സോഫ്റ്റ്‌വെയർ എന്ന ആശയം ഇന്ത്യയിൽത്തന്നെ ആദ്യമായാണ് പ്രൈസ് സോഫ്റ്റ്‌വെയറിലൂടെ സംസ്ഥാന സർക്കാർ നടപ്പാക്കുന്നത്. കൂടാതെ സെർവർ അധിഷ്ഠിത ഇ-മെഷർമെന്റ് & ഇ-ഫീൽഡ് ബുക്ക് എന്നീ സംവിധാനങ്ങളും ഒരു സർക്കാർ വകുപ്പിൽ നടപ്പാക്കുന്നത് ആദ്യമായാണ്. പ്രൈസ് സോഫ്റ്റ്‌വെയർ നടപ്പാക്കിയതുകൊണ്ട് പൊതുമരാമത്ത് വകുപ്പിന് താഴെപ്പറയുന്ന ഗുണങ്ങളുണ്ടായിട്ടുണ്ട്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് നിലവിലെ മാനദണ്ഡങ്ങൾക്കും നിയമങ്ങൾക്കും അനുസരിച്ച് ഓൺലൈൻ ആയി തയ്യാറാക്കുകയും വിവിധ തലങ്ങളിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതിലൂടെ കാര്യക്ഷമതയും കൃത്യതയും വേഗതയും ഉറപ്പുവരുത്തുന്നു. പ്രവൃത്തികളെ സംബന്ധിച്ച വിവരങ്ങൾ ഏതു സമയത്തും ആർക്കും അറിയാൻ സാധിക്കുന്നതിലൂടെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വവും ചുമതലാബോധവും വർദ്ധിക്കുന്നു. പ്രവൃത്തികളുടെ റേറ്റ്, ഡാറ്റ എന്നിവ കേന്ദ്രീകൃതമായി നിയന്ത്രിക്കുന്നതിനാൽ സംസ്ഥാനത്തൊട്ടാകെ ഏകീകൃത നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിക്കുന്നു. ടെണ്ടർ ഡോക്യുമെന്റും മറ്റ് അനുബന്ധ രേഖകളും ഓൺലൈൻ ആയി തയ്യാറാക്കി അംഗീകരിക്കുന്നതിനാൽ കൃത്യതയും സമയലാഭവും ഉണ്ടാകുന്നു. ടെണ്ടർ അംഗീകരിക്കുന്നതിനായുള്ള ലോക്കൽ മാർക്കറ്റ് റേറ്റ് എസ്റ്റിമേറ്റ് ടെണ്ടർ ചെയ്യുന്ന ഓഫീസുകളിൽ തന്നെ തയ്യാറാക്കാൻ സാധിക്കുന്നതിനാൽ നടപടികൾ വേഗത്തിലാക്കാനും സുതാര്യതയും കൃത്യതയും പക്ഷപാതരാഹിത്യവും ഉറപ്പുവരുത്തുവാനും സാധിക്കുന്നു. പ്രവൃത്തികൾക്ക് പുതുക്കിയ എസ്റ്റിമേറ്റ് (Revised estimate) ആവശ്യമുള്ളപക്ഷം അവ മാനദണ്ഡങ്ങൾക്കും നിയമങ്ങൾക്കും അനുസരിച്ച് തയ്യാറാക്കുന്നതിനാൽ അധികരിച്ച പ്രവൃത്തികളുടെ നിരക്കുകൾക്ക് കൃത്യതയും സുതാര്യതയും

ഉറപ്പുവരുത്താൻ സാധിക്കുന്നു. നടപ്പാക്കുന്ന പ്രവൃത്തികളുടെ അളവുകൾ ഓൺലൈൻ ആയി സമയാസമയങ്ങളിൽ രേഖപ്പെടുത്തേണ്ടതിനാൽ അതുവഴി സുതാര്യത ഉറപ്പുവരുത്താനും പുരോഗതി വിലയിരുത്താനും സാധിക്കുന്നു. പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തി അംഗീകരിച്ചുകഴിഞ്ഞാൽ കരാറുകാരൻ ചെയ്ത പ്രവൃത്തികളുടെ ബില്ലുകൾ നിമിഷങ്ങൾക്കകം തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുവാനും ആയത് അംഗീകരിച്ചുകഴിഞ്ഞാൽ ബില്ല് അംഗീകാരത്തിനായി വന്നപ്പോഴുള്ള സീനിയോറിറ്റി പ്രകാരം പണം നൽകുന്നതിനായി എമിലി (EMLI) സോഫ്റ്റ്‌വെയറിൽ സമർപ്പിക്കുന്നതുകൊണ്ട് പക്ഷപാതരാഹിത്യം ഉറപ്പുവരുത്തുവാനും സാധിക്കുന്നു. കടലാസുരഹിത ഓഫീസ് എന്ന ആശയം സാക്ഷാത്കരിക്കാൻ സാധിക്കുന്നു. സമയബന്ധിതമായി നിയമാനുസൃതം പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ പ്രൈസ് സോഫ്റ്റ്‌വെയർ മുഖാന്തരം ചെയ്യുവാൻ സാധിക്കുന്നതിനാൽ പദ്ധതികൾക്കുള്ള ധനവിനിയോഗത്തിലെ പാഴ്ച്ചെലവുകൾ ഗണ്യമായി കുറയ്ക്കാൻ സഹായിക്കുന്നു.

(ബി) റിവൈസ്ഡ് എസ്റ്റിമേറ്റ്, പ്രവൃത്തികളുടെ മെഷർമെന്റ് എന്നിവ പ്രൈസ് 3 സോഫ്റ്റ്‌വെയറുമായി ലിങ്ക് ചെയ്തിട്ടുണ്ടോ; ഇത് സോഫ്റ്റ്‌വെയറിന്റെ വേഗതയെ ബാധിച്ചിട്ടുണ്ടോ?

പുതുക്കിയ എസ്റ്റിമേറ്റ് (Revised estimate), പ്രവൃത്തികളുടെ അളവുകൾ (measurement) എന്നിവ പ്രൈസ് 3 സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇത് സോഫ്റ്റ്‌വെയറിന്റെ വേഗതയെ ബാധിച്ചിട്ടില്ല. പ്രൈസ് സോഫ്റ്റ്‌വെയർ ഒരു ഓൺലൈൻ സോഫ്റ്റ്‌വെയർ ആയിട്ടാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. സോഫ്റ്റ്‌വെയറിൽ ചെയ്യുന്ന എല്ലാ കാര്യങ്ങളും സെർവറിൽ ആണ് സേവ് ചെയ്യുന്നത്. അതുകൊണ്ട് പ്രൈസ് സോഫ്റ്റ്‌വെയർ ശരിയായ രീതിയിൽ വർക്ക് ചെയ്യുന്നതിന് ഒരു അതിവേഗ ഇന്റർനെറ്റ് കണക്ഷൻ അത്യാവശ്യമാണ്. എന്നിരുന്നാലും ചില മൊഡ്യൂളുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്.

(സി) സോഫ്റ്റ്‌വെയർ വേഗത വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ?

പ്രൈസ് 3 സോഫ്റ്റ്‌വെയറിന്റെ വികസന പ്രവർത്തനങ്ങൾ ഇപ്പോഴും നടന്നുവരുന്നു. കേന്ദ്ര ഏജൻസിയായ നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിന്റെ സഹായത്തോടെയാണ് വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. പ്രൈസ് 3

സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ട ഭാഗങ്ങൾ മനസ്സിലാക്കി (ഫീൽഡ് എഞ്ചിനീയർമാരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടെ) അതാത് സമയങ്ങളിൽ നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിനെ അറിയിച്ച് നടപ്പിലാക്കിവരുന്നു.

**ക്ലിഫ് ഹൗസിലെ നീന്തൽക്കുളത്തിന്റെ നവീകരണം**

13(6232) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിൽ ക്ലിഫ് ഹൗസിലെ നീന്തൽക്കുളത്തിന്റെ നവീകരണത്തിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; ഏതൊക്കെ പ്രവൃത്തിക്കാണ് തുക ചെലവഴിച്ചതെന്നും ഓരോ പ്രവൃത്തിക്കും ചെലവായ തുക ഇനം തിരിച്ചും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ടെണ്ടർ നടപടികളിലൂടെയാണോ നൽകിയതെന്ന് അറിയിക്കാമോ?

(എ&ബി) 2016-2021 കാലയളവിൽ ക്ലിഫ് ഹൗസിലെ നീന്തൽക്കുളത്തിന്റെ നവീകരണത്തിനായി പൊതുമരാമത്ത് വകുപ്പ് മുഖേന തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**പൊതുമരാമത്ത് വകുപ്പിന് സംസ്ഥാനത്തിന് പുറത്തുള്ള സ്ഥാവര വസ്തുക്കൾ**

14 (6233) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിൽ സംസ്ഥാനത്തിന് പുറത്തുള്ള സ്ഥാവര വസ്തുക്കളുടെ വിശദാംശം ലഭ്യമാക്കുമോ?

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് കീഴിൽ പ്രവർത്തിക്കുന്ന കുറ്റാലം കേരള പാലസ് സംസ്ഥാനത്തിന് പുറത്ത് തമിഴ്‌നാട്ടിലാണ് സ്ഥിതി ചെയ്യുന്നത്.

(ബി) പ്രസ്തുത വസ്തുക്കളുടെ ഭരണവും പരിപാലനവും വകുപ്പ് നേരിട്ടാണോ നടത്തി വരുന്നത്; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത വസ്തുക്കളുടെ ഭരണവും പരിപാലനവും വകുപ്പ് നേരിട്ടാണ് നടത്തിവരുന്നത്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നിയമിച്ചിട്ടുള്ള ഒരു കെയർടേക്കറുടെ നേതൃത്വത്തിലാണ് ടി റസ്റ്റ്ഹൗസ് പ്രവർത്തിച്ചു

കൊണ്ടിരിക്കുന്നത്. 10-5-2018-ലെ ജി.ഒ.(പി.) നമ്പർ 7/2018/ പി.ഡബ്യ്യു.ഡി. പ്രകാരം മുറി വാടക ഈടാക്കി തുക ട്രഷറിയിൽ ഒടുക്കുന്നു. ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായവും കൃഷി ആവശ്യത്തിനുള്ള ഭൂമി ലേലം നടത്തി ടി തുകയും ട്രഷറിയിൽ ഒടുക്കുന്നുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പ് നേരിട്ടല്ലാതെ മറ്റേതെങ്കിലും ഏജൻസികൾ വഴിയോ വ്യക്തികൾ വഴിയോ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥാവരവസ്തുക്കളുടെ മേൽനോട്ടവും ഭരണവും ഇപ്പോൾ നടത്തി വരുന്നുണ്ടോ; എങ്കിൽ ആയതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഇല്ല.

(ഡി) ഇത്തരത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സംസ്ഥാനത്തിന് പുറത്തുള്ള സ്ഥാവര വസ്തുക്കളുടെ പരിപാലനത്തിനായി പ്രതിവർഷം ശരാശരി എത്ര തുക വകുപ്പിന് ചെലവഴിക്കേണ്ടി വരുന്നു; വിശദാംശം വ്യക്തമാക്കുമോ?

കുറ്റാലം റസ്റ്റ് ഹൗസിന്റെ പരിപാലനത്തിനായി പ്രതിവർഷം ശരാശരി 8 ലക്ഷം രൂപ വകുപ്പിന് ചെലവഴിക്കേണ്ടി വരുന്നു.

**മട്ടന്നൂർ-മണ്ണൂർ-ഇരിക്കൂർ റോഡിന്റെ പുനർനിർമ്മാണം**

15 (6234) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മട്ടന്നൂർ-മണ്ണൂർ-ഇരിക്കൂർ റോഡിന്റെ 0/300 മീറ്റർ വരെയുള്ള ഭാഗം ടാറിംഗ് നടത്തുന്നതിനും റോഡിന്റെ നായ്ക്കാലി പാലം പ്രദേശങ്ങളിൽ മണ്ണിടിഞ്ഞ് അപകടാവസ്ഥയിലായവ പുനർനിർമ്മിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

മട്ടന്നൂർ-ഇരിക്കൂർ റോഡ് (0/000-8/350 കി.മീ.) പ്രവൃത്തിയുടെ കി.മീ. 0/000 മുതൽ 0/300 വരെയുള്ള ഭാഗങ്ങളിൽ ടാറിംഗ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. 2019 ആഗസ്റ്റ് മാസത്തിലുണ്ടായ വെള്ളപ്പൊക്കത്തിൽ 5/800 മുതൽ 6/600 വരെയുള്ള പുഴയോട് ചേർന്ന ഭാഗം ഇടിഞ്ഞുവീണു. തുടർന്ന് പുഴയിടിഞ്ഞ ഭാഗത്ത് ഗാബിയോൺ ഉപയോഗിച്ച് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള വ്യവസ്ഥകൂടി ഉൾപ്പെടുത്തി പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റിയിൽ സമർപ്പിച്ചു. ഇടിഞ്ഞ ഭാഗങ്ങളിൽ നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തി, ഐ.ഐ.ടി-യുടെ പഠനറിപ്പോർട്ട് പ്രകാരം ചെയ്യുവാനും നിർദ്ദേശിച്ചു. ആയതിന് 2-3 വർഷം കാലതാമസം ഉണ്ടാകാൻ സാദ്ധ്യതയുള്ളതുകൊണ്ട് പുഴയിടിഞ്ഞ ഭാഗങ്ങളിൽ

കരാറുകാരനെക്കൊണ്ട് നിലവിലുള്ള വീതിയിൽ MSS ടാറിംഗ് ചെയ്യാൻ 5-10-2021-ൽ കിഫ്ബി നിർദ്ദേശം നൽകിയിട്ടുണ്ട്. ഡീറ്റെയിൽഡ് ഡിസൈൻ തയ്യാറാക്കുന്നത് ഐ.ഐ.ടി. പാലക്കാട് ആണ്. ഡിസൈൻ ലഭ്യമായി കഴിഞ്ഞാൽ പാക്കേജ് തയ്യാറാക്കി കിഫ്ബിയുടെ അനുമതിക്കായി സമർപ്പിക്കുന്നതാണ്.

## കയ്യേറിയ ഭൂമി തിരിച്ചുപിടിച്ച് ഉപയോഗപ്രദമാക്കാൻ നടപടി

16 (6235) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളുടെയും റോഡുകളുടെ വശങ്ങളിലുമുള്ള ഭൂമികയ്യേറ്റം കണ്ടെത്തുന്നതിനും അവ തിരിച്ചുപിടിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളുടെയും റോഡുകളുടെ വശങ്ങളിലുമുള്ള ഭൂമികയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള ചുമതല 1999-ലെ ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് പ്രകാരം അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കാണ്. ഏതെങ്കിലും തരത്തിലുള്ള കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം കയ്യേറ്റം തടയുന്നതിനും നീക്കം ചെയ്യുന്നതിനുമായി നിശ്ചിത സമയപരിധി നിർണ്ണയിച്ച് നോട്ടീസ് നൽകുകയും അതിൻപ്രകാരം മാറാത്തവർക്കെതിരെ പിഴ ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനും പോലീസ് സാന്നിദ്ധ്യം ആവശ്യമുള്ളപക്ഷം അത് ലഭ്യമാക്കി കയ്യേറ്റം ഒഴിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കാറുണ്ട്. കൂടാതെ ഫുട്പാത്ത് കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി ബഹു. ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം ഓപ്പറേഷൻ ഫുട്പാത്ത് നടപ്പിലാക്കിവരുന്നു. കയ്യേറ്റം ഉള്ളതായി കണ്ടെത്തിയാൽ കൃത്യമായി അതിര് തിട്ടപ്പെടുത്തി ഫെൻസിംഗ് ചെയ്ത് പി.ഡബ്ല്യു.ഡി. ലാൻഡ് സംരക്ഷിക്കുകയും ചെയ്തുവരുന്നു.

(ബി) ഇത്തരത്തിലുള്ള സ്ഥലങ്ങൾ അതത് പ്രദേശത്തിന്റെ സാദ്ധ്യതകൾക്കനുസരിച്ച് വിശ്രമകേന്ദ്രങ്ങൾ, പൂന്തോട്ടങ്ങൾ, ഔഷധ

കൃഷിത്തോട്ടങ്ങൾ തുടങ്ങിയവ നിർമ്മിച്ച് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തുനടപ്പിലാക്കുമോ; വ്യക്തമാക്കാമോ;

(സി) ഇത്തരം പ്രവൃത്തികൾ ഏറ്റെടുത്തുനടത്തുന്നതിന് പ്രാദേശികമായ സ്ഥാപനങ്ങളോ സംഘങ്ങളോ മുന്നോട്ടുവരുന്ന സാഹചര്യത്തിൽ കരാർ വ്യവസ്ഥയിൽ അവരെ പങ്കാളികളാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) കയ്യേറ്റം ഒഴിപ്പിച്ച സ്ഥലങ്ങളിൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാവുന്നതാണ്. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുവശങ്ങളിൽ ലഭ്യമായിട്ടുള്ള സ്ഥലങ്ങളിൽ take a break പദ്ധതിയിൽ ഉൾപ്പെടുത്തി വഴിയോര വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടന്നുവരുന്നു. ദേശീയപാതാ വിഭാഗത്തിനുകീഴിൽ കോഴിക്കോട് ജില്ലയിൽ പഴയ ദേശീയപാത 66-ൽ അരീക്കോട് ജംഗ്ഷൻ മുതൽ മോഡേൺ ജംഗ്ഷൻ വരെയുള്ള ഭാഗത്ത് അനധികൃതമായി പാർക്ക് ചെയ്ത വാഹനങ്ങൾ ഒഴിവാക്കിയ ഭാഗം ഉൾപ്പെടുത്തി 1.1 കി.മീ. റോഡിനെ 4 വരിപ്പാതയും നടപ്പാത, അമിനിറ്റി സെന്റർ, കിയോസ്കുകൾ, വേസ്റ്റ്ബിൻ, ഫുട്പാത്ത്, ടോയ്ലെറ്റ്, ഗ്രീൻ സ്പേസ്, ഗാർഡനിംഗ്, ലൈറ്റ്നിംഗ് എന്നിവ ഉൾപ്പെടെയുള്ള മാതൃകാറോഡ് നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

## പൊതുമരാമത്ത് കരാറുകാർക്ക് റേറ്റിംഗ് സംവിധാനം

17 (6236) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റെടുക്കുന്ന പ്രവൃത്തികൾ ഗുണനിലവാരത്തോടുകൂടി സമയബന്ധിതമായി പൂർത്തീകരിക്കുന്ന കരാറുകാർക്ക് റേറ്റിംഗ് ഏർപ്പെടുത്തിയും പ്രത്യേക ക്ലാസിഫിക്കേഷൻ നൽകിയും ടെണ്ടർ നടപടികളിൽ പ്രത്യേക പരിഗണന നൽകാൻ കഴിയുന്ന വിധത്തിൽ നിലവിലെ നിയമങ്ങളിൽ മാറ്റം വരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പൊതുമരാമത്ത് പ്രവൃത്തികളിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ അടങ്കൽ തുക, financial capability, മറ്റ് ബന്ധപ്പെട്ട രേഖകൾ എന്നിവ വിലയിരുത്തി എ, ബി, സി, ഡി എന്നീ ക്ലാസ്സുകളിലായി തരംതിരിച്ചാണ് കരാറുകാർക്ക് ലൈസൻസ്

നൽകുന്നത്. ഏറ്റെടുക്കുന്ന പ്രവൃത്തികൾ ഗുണനിലവാരത്തോടുകൂടി സമയബന്ധിതമായി പൂർത്തീകരിക്കുന്ന കരാറുകാർക്ക് റേറ്റിംഗ് ഏർപ്പെടുത്തുന്നത് പരിശോധിക്കുന്നതാണ്.

(ബി) ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്ത കരാറുകാരുടെ ലൈസൻസ് എളുപ്പത്തിൽ പിൻവലിക്കാൻ കഴിയുന്ന തരത്തിൽ നിലവിലെ നിയമങ്ങളിൽ മാറ്റം വരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മതിയായ കാരണങ്ങളില്ലാതെ പ്രവൃത്തികൾ പൂർത്തീകരിക്കാത്ത കരാറുകർക്ക് പിഴയോടുകൂടി കാലാവധി ദീർഘിപ്പിച്ചു നൽകാറുണ്ട്. എന്നാൽ ഈ കാലയളവിൽ പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചില്ലായെങ്കിൽ കരാറുകാരനെ റിസ്ക് & കോസ്റ്റിൽ ഒഴിവാക്കുന്നതിനും പ്രവൃത്തി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ പൊതുമരാമത്ത് മാന്വൽ, standard bid document എന്നിവയിലെ നിബന്ധനകൾ പ്രകാരം കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. നിലവിലെ നിയമങ്ങളിൽ മാറ്റംവരുത്തുന്നത് സർക്കാർ പരിശോധിക്കുന്നതാണ്.

## ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്

18 (6237) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടങ്ങൾക്ക് ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ഈടാക്കുന്നത് സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

1996-ലെ ബിൽഡിംഗ്സ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് നിയമത്തിലെ സെക്ഷൻ 3(1) അനുസരിച്ചാണ് നിർമ്മാണ ചെലവിന്റെ 1%-ൽ കുറയാത്ത തുക സെസ്സായി കരാറുകാരിൽ നിന്നും ഈടാക്കുന്നത്. ടി തുക അന്തിമമായി കേരള ബിൽഡിംഗ്സ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിനാണ് അടച്ചുവരുന്നത്. ഇപ്രകാരം ഈടാക്കുന്ന സെസ് നിർമ്മാണ തൊഴിലാളികളുടെ പെൻഷൻ തുടങ്ങിയ ക്ഷേമ പ്രവർത്തനങ്ങൾക്കായാണ് വിനിയോഗിക്കുന്നത്.

(ബി) പ്രസ്തുത സെസ് ഈടാക്കിയത് സംബന്ധിച്ച് ശ്രീ. രമേഷ്, അരുണിത്തറ ഹൗസ്, ഊരത്ത്, കുറ്റ്യാടി, കോഴിക്കോട് സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപേക്ഷയിന്മേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ?

തൊഴിലും നൈപുണ്യവും വകുപ്പിൽ അപേക്ഷ ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സെസ് പുനർനിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

**കാസർഗോഡ് മണ്ഡലത്തിലെ റോഡുകളുടെ പുനർനിർമ്മാണം**

19 (6238) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിൽ പുനർനിർമ്മാണമോ അഭിവൃദ്ധിപ്പെടുത്തലോ അനിവാര്യമായിട്ടുള്ള പൊതുമരാമത്ത് റോഡുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ റോഡുകളിൽ മുമ്പ് ഏതെങ്കിലും പ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിൽ അത് എപ്പോഴാണെന്നും എത്ര തുകയാണ് ചെലവഴിച്ചതെന്നും റോഡ് തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ റോഡുകളുടെ നീളവും വീതിയും റോഡ് തിരിച്ച് വ്യക്തമാക്കാമോ?

(എ-സി) കാസർഗോഡ് നിയോജകമണ്ഡലത്തിൽ പുനർനിർമ്മാണമോ അഭിവൃദ്ധിപ്പെടുത്തലോ അനിവാര്യമായിട്ടുള്ള പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനു കീഴിലുള്ള റോഡുകളുടെ വിശദ വിവരങ്ങൾ അനുബന്ധം- I ആയി ചേർത്തിരിക്കുന്നു.* പ്രസ്തുത റോഡുകളിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ പാച്ച്, പോട്ട്ഹോൾ പ്രവൃത്തികൾ ഒഴികെ മറ്റ് പുനർ നിർമ്മാണ പ്രവൃത്തികൾ ഒന്നുംതന്നെ ചെയ്തിട്ടില്ല. പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിനുകീഴിൽ വരുന്ന എൻ.എച്ച്. 66 കേന്ദ്ര സർക്കാരിന്റെ തീരുമാനപ്രകാരം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യക്ക് കൈമാറിയിട്ടുണ്ട്.

(ഡി) പ്രസ്തുത റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനോ പുനർ നിർമ്മിക്കുന്നതിനോ ഏകദേശം എത്ര തുക വേണ്ടിവരുമെന്നും തുക എപ്പോൾ അനുവദിക്കുമെന്നും വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രസ്തുത റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് ആവശ്യമായ തുകയുടെ വിവരം അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.* ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രസ്തുത പ്രവൃത്തികൾക്ക് തുക അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## യു.എൽ.സി.സി. മുഖേന പൊതുമരാമത്ത് വകുപ്പിൽ നടത്തിയ പ്രവൃത്തികൾ

20 (6239) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിൽ യു.എൽ.സി.സി. മുഖേന നടത്തുന്ന വിവിധ പ്രവൃത്തികൾ ജില്ലതിരിച്ച് വ്യക്തമാക്കുമോ; ഇതിൽ ടെൻഡർ വിളിച്ച് നടത്തിയ പ്രവൃത്തികൾ എത്രയെണ്ണം ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കുമോ; ടെൻഡർ വിളിക്കാതെ നടത്തിയവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് നിരത്ത്, പാലം, കെട്ടിടം, കിഫ്ബി വിഭാഗങ്ങൾക്കുകീഴിൽ യു.എൽ.സി.സി. മുഖേന നടത്തുന്ന വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ദേശീയപാതാ വിഭാഗത്തിനുകീഴിൽ പാലക്കാട് ജില്ലയിൽ 2016-17 സാമ്പത്തിക വർഷം കേന്ദ്ര വാർഷിക പദ്ധതിയിൽ നാട്ടുകാൽ മുതൽ താണാവു വരെയുള്ള ദേശീയപാത 966-നെ പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരി പാതയാക്കി വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തി (294.26 കോടി രൂപ) ടെണ്ടർ വിളിച്ച് ULCC മുഖേന നടപ്പിലാക്കിവരുന്നു. റിക്ക് ലിമിറ്റഡിന് കീഴിൽ കോഴിക്കോട് ബാലുശ്ശേരി റോഡിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നത് (Ch.000 മുതൽ Ch.20/320) ടെണ്ടർ ഇല്ലാതെ നടത്തിയിട്ടുണ്ട്. കേരള റോഡ് ഫണ്ട് ബോർഡിന്റെ അധീനതയിലുള്ള കോഴിക്കോട് നഗരപാതാ വികസന പദ്ധതി ഡി.ബി.എഫ്.ഒ.റ്റി.-പി.പി.പി. മാതൃകയിലാണ് നടപ്പിലാക്കിവരുന്നത്. ഇതിന്റെ കൺസഷണർ ആയ യു.എൽ.സി.സി.-യെ ടെണ്ടർ വിളിച്ചാണ് നിയമിച്ചിട്ടുള്ളത്. ആർ.ബി.ഡി.സി.കെ.-യുടെ കീഴിൽ നിലവിൽ യു.എൽ.സി.സി-ക്ക് ഇ-ടെണ്ടർ മുഖേന നൽകിയ പേരാമ്പ്ര ബൈപാസ് (കോഴിക്കോട് ജില്ല) നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു. കെ.എസ്.ടി.പി. വിഭാഗത്തിനുകീഴിൽ റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ലോകബാങ്കിന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന ആലപ്പുഴ/കോട്ടയം ജില്ലകളിലെ ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് വികസനം, വയനാട് ജില്ലയിലെ മാനന്തവാടി-പെരിയ റോഡ് വികസനം എന്നീ പ്രവൃത്തികളാണ് യു.എൽ.സി.സി. മുഖേന നടപ്പാക്കുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## കോഴിക്കോട് വിമാനത്താവളത്തിലേയ്ക്കുള്ള ഗ്രാമീണ റോഡുകളുടെ നവീകരണം

21 (6240) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കോഴിക്കോട് വിമാനത്താവളത്തിലേയ്ക്കുള്ള പള്ളിക്കൽ ആൽപറമ്പ്-എയർപോർട്ട് റോഡ്, പള്ളിക്കൽ കുന്നുൾമാട്-എയർപോർട്ട് റോഡ് എന്നീ ഗ്രാമീണ റോഡുകളുടെ നവീകരണ പ്രവൃത്തി ഒരു പ്രത്യേക കേസായി പരിഗണിച്ച് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുമോ; അറിയിക്കാമോ?

ഗ്രാമീണ റോഡുകൾ നിലവിൽ ഏറ്റെടുക്കുന്നില്ല. ഗ്രാമീണ റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡം പരിശോധിച്ചുവരുന്നു.

## പി.ഡബ്ല്യൂ.ഡി. റോഡുകളിലെ അറ്റകുറ്റപ്പണി

22 (6241) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പി.ഡബ്ല്യൂ.ഡി. റോഡുകളിൽ അറ്റകുറ്റപ്പണി നടത്താത്തതുമൂലം അപകടങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; റോഡുകളിൽ അറ്റകുറ്റപ്പണി നടത്തുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; അറ്റകുറ്റപ്പണി പൂർത്തിയാക്കുന്ന റോഡുകളിൽ മാസങ്ങൾക്കുള്ളിൽ വീണ്ടും കുഴികളുണ്ടായി റോഡ് ഗതാഗതയോഗ്യമല്ലാതാകുന്ന സാഹചര്യമുണ്ടാകുന്നത് പരിശോധിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ എത്രയും പെട്ടെന്ന് അറ്റകുറ്റപ്പണികൾ നടത്തുന്നതിനുവേണ്ടിയുള്ള നടപടി എടുക്കണമെന്ന് നിരത്ത്/നിരത്ത് പരിപാലന വിഭാഗം എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകുകയും എസ്റ്റിമേറ്റുകൾ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകി പ്രവൃത്തികൾ

നടപ്പിലാക്കുകയും ചെയ്യുന്നതിനുള്ള നടപടി പുരോഗതിയിലാണ്. നിരത്ത് പരിപാലന വിഭാഗത്തിനുകീഴിൽ കോർ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായും മറ്റു റോഡുകളുടെ അറ്റകുറ്റപ്പണികൾ നിരത്ത് വിഭാഗവും സമർപ്പിക്കുന്ന എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി നൽകിവരുന്നു. പ്രവൃത്തികൾ ഉടൻതന്നെ ടെണ്ടർ ചെയ്ത് കരാറുകാരനെ ഏൽപ്പിച്ച് പൂർത്തീകരിക്കുന്നതാണ്. ഇങ്ങനെ അറ്റകുറ്റപ്പണി പൂർത്തിയായ റോഡുകളിൽത്തന്നെ അറ്റകുറ്റപ്പണി നടത്താത്ത ഭാഗങ്ങളിൽ കുഴികൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അങ്ങനെയുള്ള അറ്റകുറ്റപ്പണികൾ പെട്ടെന്നുതന്നെ നടപ്പിലാക്കി റോഡ് ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ വരുന്ന റോഡുകളിൽ പണി പൂർത്തിയായ സ്ട്രച്ചുകളിൽ DLP കാലാവധിയിൽ എന്തെങ്കിലും കേടുപാട് സംഭവിക്കുകയാണെങ്കിൽ പ്രവൃത്തി ചെയ്ത കരാറുകാരനെക്കൊണ്ടുതന്നെ കേടുപാടുകൾ പരിഹരിച്ച് റോഡുകൾ ഗതാഗതയോഗ്യമാക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകൾക്ക് കേടുപാടുപറ്റുന്നത് യഥാസമയം എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ആയതിന് താൽക്കാലിക പരിഹാരമായി Ordinary Repair (OR)-ലും Flood Damage Repair (FDR)-ലും തുക കേന്ദ്രം നൽകുകയും തുക ലഭിക്കുന്നതനുസരിച്ച് ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുകയും സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്യുന്നുണ്ട്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറിയ റോഡുകളിൽ അറ്റകുറ്റപ്പണിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് നൽകുകയും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ ചെയ്ത് പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി) അറ്റകുറ്റപ്പണി പൂർത്തിയാക്കുന്ന റോഡുകൾക്ക് ഒരു നിശ്ചിത കാലത്തേയ്ക്ക് കരാറുകാരിൽനിന്നും ഗ്യാരന്റി ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നിലവിൽ എല്ലാ പ്രവൃത്തികൾക്കും ഡിഫക്ട് ലയബിലിറ്റി കാലാവധിയുണ്ട്. ദേശീയപാതാ വിഭാഗത്തിനുകീഴിൽ അറ്റകുറ്റപ്പണി പൂർത്തിയാകുന്ന റോഡുകൾക്ക് ഗ്യാരണ്ടി പിരീഡ് 6 മാസമാണ്. 6 മാസത്തിനുള്ളിൽ വരുന്ന കേടുപാടുകൾ അറ്റകുറ്റപ്പണി ചെയ്ത കരാറുകാരനെക്കൊണ്ടുതന്നെ പരിഹരിച്ച് റോഡ് ഗതാഗതയോഗ്യമാക്കുന്നുണ്ട്.

**ഉള്ള്യേരി-കുറ്റ്യാടി സ്റ്റേറ്റ് ഹൈവേ നിർമ്മാണം**

23 (6242) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി മുതൽ കുറ്റ്യാടി വരെയുള്ള സ്റ്റേറ്റ് ഹൈവേ വീതി കൂട്ടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഉണ്ടെങ്കിൽ എത്ര മീറ്റർ വീതിയിലാണ് റോഡ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

13.60 മീറ്റർ വീതിയിലാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) പ്രസ്തുത റോഡ് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഉള്ള്യേരി മുതൽ കുറ്റ്യാടി വരെയുള്ള റോഡ് നിർമ്മാണത്തിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഡി.പി.ആർ. പൂർത്തിയാകുമ്പോൾ എസ്റ്റിമേറ്റ് തുക അറിയുവാൻ സാധിക്കുന്നതാണ്.

**സെൻട്രൽ റോഡ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ**

24 (6243) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സെൻട്രൽ റോഡ് ഫണ്ടുപയോഗിച്ച് നിർമ്മിക്കാനുള്ള പ്രവൃത്തികളുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; ഏതൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ?

പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

(ബി) ഓമശ്ശേരി-ശാന്തിനഗർ-കോടഞ്ചേരി-പുലിക്കയം-വലിയകൊല്ലി-തോട്ടുമൂഴി- പുല്ലൂരാംപാറ റോഡ് സെൻട്രൽ റോഡ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

4-7-2021-ലെ ബഹു. കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രിയും ബഹു. മുഖ്യമന്ത്രിയുമായുള്ള യോഗത്തിൽ CRIF പദ്ധതികൾക്കുവേണ്ടി ഫണ്ട് അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിൻമേലുള്ള മറുപടിയിൽ ബഹു. കേന്ദ്രമന്ത്രി കേരളത്തിന്റെ നിലവിലെ BoS (7.96) അനുവദനീയമായ BoS 3-നേക്കാൾ കൂടാതലായതിനാൽ CRIF പദ്ധതികൾക്ക് അംഗീകാരം നൽകുവാൻ സാധിക്കുകയില്ലെന്ന് അറിയിച്ചിട്ടുണ്ട്.

## കുറ്റ്യാടി ബൈപ്പാസ് പ്രവൃത്തി

25 (6244) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ബൈപ്പാസ് പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കുറ്റ്യാടി ബൈപ്പാസ് പ്രവൃത്തിയുടെ അലൈൻമെന്റ് സംബന്ധിച്ച് ഭൂവുടമകൾ ശക്തമായ എതിർപ്പ് ഉയർത്തിയ സാഹചര്യത്തിൽ നിലവിലെ അലൈൻമെന്റ് പുനർനിർണ്ണയിക്കുന്നതിന് കിഫ്ബി നിർദ്ദേശിച്ചതിനാൽ അലൈൻമെന്റിൽ ആവശ്യമായ ഭേദഗതികൾ വരുത്തി പുതുക്കിയ എസ്റ്റിമേറ്റും വിശദ പദ്ധതിരേഖയും തയ്യാറാക്കി വരികയാണ്.

(ബി) റോഡ് അലൈൻമെന്റ് സൈറ്റിൽ മാർക്ക് ചെയ്യുന്ന പ്രവൃത്തി എന്ന് തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഭേദഗതി വരുത്തിയ അലൈൻമെന്റും എസ്റ്റിമേറ്റും വിശദ പദ്ധതിരേഖയും കിഫ്ബി മുൻപാകെ സമർപ്പിച്ച് അനുമതി ലഭിച്ചശേഷം സൈറ്റിൽ മാർക്ക് ചെയ്യുന്ന പ്രവൃത്തി ആരംഭിക്കുന്നതാണ്.

(സി) പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ സ്ഥലമേറ്റെടുക്കൽ എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

പുതുക്കിയ പദ്ധതിരേഖ കിഫ്ബി അംഗീകരിച്ചശേഷം പുതുക്കിയ അർത്ഥന ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്നതും തുടർന്ന് സ്പെഷ്യൽ തഹസിൽദാർ മുഖേന സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തിയാക്കുന്നതുമാണ്.

## പൊതുമരാമത്ത് വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും റോഡുകൾക്ക് ഫണ്ട്

26 (6245) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും സംസ്ഥാനത്തെ ഏതൊക്കെ റോഡുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും ആയതിന്റെ തുക എത്രയാണെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് പ്ലാൻ ഫണ്ടിൽനിന്നും നിരത്ത് വിഭാഗത്തിന് 78 പ്രവൃത്തികൾക്ക് 36,006.57 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു.* ദേശീയപാത വിഭാഗത്തിൽ പ്ലാൻ ഫണ്ടിൽനിന്നും തുക അനുവദിച്ച പ്രവൃത്തിയുടെ വിശദാംശങ്ങൾ അനുബന്ധം- 2 ആയി ചേർക്കുന്നു.*

**ഗതാഗതകുരുക്കിന് പരിഹാരം**

27 (6246) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരിയിലൂടെ കടന്നുപോകുന്ന സംസ്ഥാനപാത-22-ലെ നിരന്തരമുണ്ടാകുന്ന ഗതാഗതക്കുരുക്കിന് പരിഹാരമെന്ന നിലയിൽ വടക്കാഞ്ചേരി പാലത്തിന് സമാന്തരമായി സ്ഥിതി ചെയ്യുന്ന പഴയ പാലം പൊളിച്ചുമാറ്റി പുതിയത് നിർമ്മിക്കുന്നതിനായി നിലവിൽ കെ.ആർ.എഫ്.ബി-ക്ക് കൈമാറപ്പെട്ട പദ്ധതി അടിയന്തരമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ട് ലഭ്യതകൂടി പരിഗണിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**റോഡുകളിൽനിന്നും മാറ്റി പൈപ്പുകൾ സ്ഥാപിക്കൽ**

28 (6247) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് നിരത്തുകളിലുള്ള വാട്ടർ അതോറിറ്റിയുടെ ജലവിതരണക്കുഴലുകൾ തകരാറിലാകുന്നതിനാൽ ബി.എം.& ബി.സി. നിലവാരത്തിൽ ടാറിംഗ് നടത്തിയിട്ടുള്ള റോഡുകളിൽ പോലും കാലാവധിക്കുമുൻപ് ഗർത്തങ്ങൾ രൂപപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള പൈപ്പുകൾ റോഡുകളിൽനിന്നും മാറ്റി സ്ഥാപിക്കുന്നതിനും റോഡുകൾ പുനഃസ്ഥാപിക്കുന്നതിനും ജലവിഭവ വകുപ്പുമായി ചേർന്ന് എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

(എ&ബി) കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണക്കുഴലുകൾ തകരാറിലാകുന്നതിനാൽ പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ ഗർത്തങ്ങൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

രൂപപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിരന്തരം തകരാറിലാകുന്ന പൈപ്പുകൾ റോഡുകളിൽനിന്നും മാറ്റിസ്ഥാപിക്കുന്നതിനും റോഡുകൾ പുന:സ്ഥാപിക്കുന്നതിനും ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിലവിൽ പൊതുമരാമത്ത് റോഡുകളിലൂടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് അപേക്ഷിക്കുന്നതും അനുമതി ലഭ്യമാക്കുന്നതും "റൈറ്റ് ഓഫ് വേ" (ROW)എന്ന ഓൺലൈൻ സംവിധാനം വഴിയാണ്. ഈ പോർട്ടലിൽ നിരത്ത് വിഭാഗത്തിൻകീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനാൽ വകുപ്പുകൾക്ക് ആവശ്യം വേണ്ടുന്ന മുന്നൊരുക്കം നടത്തുവാനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിനും സാധിക്കുന്നതാണ്. കൂടാതെ വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിനും പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനുമായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായും പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായും മറ്റു വകുപ്പുകളുടെ പ്രതിനിധികൾ അംഗങ്ങളായും ഡിസ്ട്രിക്ട് ഇൻഫ്രാസ്ട്രക്ച്ചർ കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുകയും എല്ലാ മാസവും പ്രവൃത്തി അവലോകനം നടത്തുകയും ചെയ്യുന്നു.

(സി) റോഡുകൾ കുഴിക്കാതെ റോഡുകളോട് ചേർന്ന് പ്രത്യേക ഡക്ടുകളുണ്ടാക്കി കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പൈപ്പുകൾ സ്ഥാപിക്കുവാൻ ജലവിഭവ വകുപ്പിന് നിർദ്ദേശം നൽകുമോ?

പുതിയ ബി.എം. & ബി.സി. റോഡുകളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും സ്ഥലലഭ്യത അനുസരിച്ചും വിവിധ വകുപ്പുകൾ/ കമ്പനികൾ എന്നിവയുടെ പൈപ്പുകൾ, കേബിളുകൾ എന്നിവയ്ക്കായി റോഡുകൾക്ക് കുറുകെയും സമാന്തരമായും ഡക്ടുകൾ, ഡ്രെയിനേജ് ലൈനുകൾ എന്നിവ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. പ്രത്യേക ഡക്ടുകളുണ്ടാക്കി പൈപ്പുകൾ സ്ഥാപിക്കുന്നതിന് ജലവിഭവ വകുപ്പിന് പ്രത്യേക നിർദ്ദേശം നൽകുന്ന കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

## പ്രകൃതിദത്ത റബ്ബർ ഉപയോഗിച്ചുള്ള റോഡ് ടാറിംഗ്

29 (6248) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് ടാറിംഗ് ചെയ്യുന്നതിനായി പ്രകൃതിദത്ത റബ്ബർ ഉപയോഗിച്ചുള്ള സാങ്കേതികവിദ്യ സംസ്ഥാനത്ത് അനുയോജ്യമാണെന്നത് സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സാങ്കേതികവിദ്യ അനുയോജ്യമാണെങ്കിൽ കൂടുതൽ പ്രകൃതിദത്ത റബ്ബർ ഉപയോഗിച്ച് കൂടുതൽ റോഡുകൾ ടാറിംഗ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) റോഡ് നിർമ്മാണത്തിന് പ്രകൃതിദത്ത റബ്ബർ ഉപയാഗിക്കുന്നതിനെക്കുറിച്ചുള്ള പഠനങ്ങൾ 1972 മുതൽ കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും മറ്റ് ഗവേഷണ സ്ഥാപനങ്ങളും നടത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ പ്രകൃതിദത്ത റബ്ബർ ഉപയോഗിച്ചുള്ള (NRMB) റോഡ് നിർമ്മാണം നടപ്പിലാക്കിവരുന്നുണ്ട്. ബി.സി. ഉപയോഗിച്ചുള്ള ഉപരിതലം പുതുക്കുന്ന പ്രവൃത്തികൾ NRMB ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്. പ്രകൃതിദത്ത റബ്ബർ ഉപയോഗിച്ചുള്ള ടാറിംഗ് കൂടുതൽ ദൃഢത, ഉറപ്പ്, കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്നതിനുള്ള കഴിവ് എന്നിവ ഉള്ളതാണെന്ന് വിവിധ പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. NRMB ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം IRC, MoRTH എന്നിവ പ്രകാരം അംഗീകരിച്ചിട്ടുള്ളതുമാണ്. ഈ സാങ്കേതികവിദ്യ കൂടുതൽ റോഡുകളിൽ ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**തദ്ദേശ സ്ഥാപനങ്ങളുടെ റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന നടപടി**

30 (6249) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് പുതുതായി ഏറ്റെടുത്ത് നന്നാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) തുറക്കൽ-ചെമ്മല പറമ്പ് റോഡ്, ആക്കോട്-അരൂർ റോഡ്, കാരാട്-മൂളപ്പുറം-ചണ്ണയിൽ-പള്ളിയാളി റോഡ് എന്നിവ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്ന ആവശ്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) നിലവിൽ പൊതുമരാമത്ത് വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ ഏറ്റെടുക്കുന്നില്ല. റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള പുതിയ മാനദണ്ഡങ്ങൾ പരിശോധിച്ചുവരുന്നു.

## കോട്ടയ്ക്കൽ പി.എച്ച്. സെന്റർ-മൂക്കില പീടിക റോഡിന്റെ രണ്ടാം റീച്ച് പ്രവൃത്തി

31 (6250) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ പി.എച്ച്.സെന്റർ-മൂക്കില പീടിക റോഡിന്റെ രണ്ടാം റീച്ച് പ്രവൃത്തികൾ ആരംഭിക്കുന്നത് സംബന്ധിച്ച് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എസ്റ്റിമേറ്റും പ്രൊപ്പോസലും തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ പി.എച്ച്.സെന്റർ-മൂക്കില പീടിക റോഡിന്റെ രണ്ടാം റീച്ച് (കി.മീ.4/000 മുതൽ 7/752 വരെ) പ്രവൃത്തിക്ക് 605 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മാത്രമേ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിഗണിക്കാൻ കഴിയുകയുള്ളൂ.

## കൂട്ടിലങ്ങാടി-കാടാമ്പുഴ റോഡിലെ സുരക്ഷാക്രമീകരണം

32 (6251) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കൂട്ടിലങ്ങാടി-കാടാമ്പുഴ റോഡിന് സുരക്ഷാഭിത്തിയോ മുന്നറിയിപ്പ് സംവിധാനങ്ങളോ ഇല്ലാത്തതുകാരണം ആയത് അപകടമേഖലയായി മാറിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പതിവായി ഉണ്ടാകുന്ന അപകടങ്ങൾമൂലം വ്യക്തികൾക്ക് പരിക്കേൽക്കുന്നതും സമീപത്തെ വീടുകൾക്ക് നാശനഷ്ടമുണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിലെ അപകടങ്ങൾ കുറയ്ക്കുന്നതിനും സുരക്ഷിതയാത്ര ഉറപ്പുവരുത്തുന്നതിനും കേരള റോഡ് സേഫ്റ്റി അതോറിറ്റി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത റോഡിൽ സുരക്ഷാ മുന്നറിയിപ്പുകളും സംവിധാനങ്ങളും ഒരുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത റോഡിലെ അപകടങ്ങൾ കുറയ്ക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ റോഡ് സുരക്ഷാ പദ്ധതി ഫണ്ട് വിനിയോഗിച്ച് പ്രസ്തുത റോഡിൽ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.

പ്രസ്തുത റോഡിലെ അപകട മേഖലയായ പള്ളിപ്പുറം ഇറക്കത്തിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. അപകട മേഖലയിൽ ക്രാഷ് ബാരിയർ, സൈൻ ബോർഡുകൾ, റോഡ് സ്റ്റഡുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്ഥലങ്ങളിൽ പരിശോധിച്ച് അടിയന്തര നടപടി കൈക്കൊള്ളുന്നതാണ്.

**കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിച്ച റോഡുകളിലെ കുടിവെള്ള പൈപ്പുകൾ**

33 (6252) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കിയ റോഡുകളിലുള്ള കുടിവെള്ള പൈപ്പുകൾ ലീക്കാകുമ്പോൾ അവയുടെ അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ലഭിക്കുന്നതിന് ഒട്ടേറെ തടസ്സങ്ങളും കാലതാമസവും നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശുദ്ധജലത്തിനായി പൈപ്പുവെള്ളത്തെമാത്രം ആശ്രയിക്കുന്ന ജനങ്ങൾക്ക് ഇതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രശ്നം സമയബന്ധിതമായി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ-സി) കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന റോഡുകളിൽക്കൂടി കടന്നുപോകുന്ന കുടിവെള്ള പൈപ്പുകൾ റോഡിന്റെ ഇരുവശങ്ങളിലേയ്ക്കും മാറ്റിസ്ഥാപിച്ച് ഭാവിയിൽ റോഡ് മുറിക്കുന്ന അവസ്ഥ ഒഴിവാക്കുന്ന രീതിയാണ് സ്വീകരിച്ചുവരുന്നത്. എന്നാൽ ചില റോഡുകളിൽ പൈപ്പിന്റെ വീതി കൂടുതലായതിനാൽ സ്ഥലപരിമിതിമൂലം മാറ്റി സ്ഥാപിക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടാകാറുണ്ട്. ടി റോഡുകളിൽ പൈപ്പുകൾ ലീക്ക് ആകുമ്പോൾ റോഡ് മുറിച്ച് അറ്റകുറ്റപ്പണികൾ നടത്താനുള്ള അനുമതി സമയബന്ധിതമായി വാട്ടർ അതോറിറ്റിക്ക് നൽകാറുണ്ട്.

**വടകര വില്യാപ്പള്ളി ചേലക്കാട് റോഡ് പ്രവൃത്തി**

34 (6253) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര വില്യാപ്പള്ളി ചേലക്കാട് റോഡ് പ്രവൃത്തിയുടെ അലൈൻമെന്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന് വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ?

ഉണ്ട്. സാമ്പത്തികാനുമതിക്കായി ഡി.പി.ആർ-നൊപ്പം സമർപ്പിച്ച അലൈൻമെന്റിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത റോഡ് പ്രവൃത്തിയുടെ അലൈൻമെന്റ് മാർക്ക് ചെയ്യുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്നറിയിക്കാമോ?

അലൈൻമെന്റ് മാർക്ക് ചെയ്യുന്നതിനുള്ള നടപടികളുടെ ഭാഗമായുള്ള സർവ്വേ കിഫ്ബി സാങ്കേതിക വിഭാഗത്തിന്റെ സഹായത്തോടെ പുരോഗമിക്കുന്നു.

(സി) എത്ര വീതിയിലാണ് റോഡ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

12 മീറ്റർ.

(ഡി) പ്രസ്തുത റോഡ് ഫ്രീ-സറണ്ടർ വഴി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതാണോ എന്നറിയിക്കാമോ; ആണെങ്കിൽ നിലവിലെ റോഡിന്റെ സെൻട്രൽ ലൈൻ ആസ്പദമാക്കിയാണോ സ്ഥലമെടുപ്പ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

പ്രസ്തുത റോഡ് ഫ്രീ-സറണ്ടർ ആയി ഭൂമി വിട്ടുനൽകിയുള്ള നിർമ്മാണത്തിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. നിലവിലുള്ള റോഡിന്റെ സെൻട്രൽ ലൈൻ ആസ്പദമാക്കിയല്ല സ്ഥലമെടുപ്പ് നടത്തുന്നത്. അംഗീകരിച്ച അലൈൻമെന്റ് അടിസ്ഥാനമാക്കിയാണ് സ്ഥലം ഏറ്റെടുക്കുന്നത്.

(ഇ) ആയതിനായി ഭൂവുടമകളുടെ സ്ഥലം വിട്ടുനൽകുന്ന നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

സ്ഥലമേറ്റെടുക്കുന്നതിനുള്ള സർവ്വേ നടപടികൾ കിഫ്ബി സാങ്കേതിക വിഭാഗത്തിന്റെ സഹായത്തോടെ പുരോഗമിക്കുന്നു.

(എഫ്) പ്രസ്തുത റോഡ് പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി എപ്പോൾ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ അട്ടപ്പാടിയിലെ റോഡുകൾ**

35 (6254) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലേയ്ക്കുള്ള അന്തർസംസ്ഥാന പാതയായ മണ്ണാർക്കാട്-ചിന്ന തടാകം റോഡ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ട് നാളിതുവരെ നിർമ്മാണ പ്രവൃത്തികൾ നടത്താൻ സാധിക്കാത്തതും കിഫ്ബി ഉദ്യോഗസ്ഥരുടെ അനാസ്ഥയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കാമെന്ന് കിഫ്ബി ഉദ്യോഗസ്ഥൻ ഉറപ്പുനൽകിയിട്ടും തകർന്നുകിടക്കുന്ന മണ്ണാർക്കാട്-ചിന്ന തടാകം റോഡിന്റെ പ്രവൃത്തി ആരംഭിക്കാത്തതുമൂലം ആദിവാസികൾ ഉൾപ്പെടെയുള്ളവർ അനുഭവിക്കുന്ന ദുരിതങ്ങൾ അവരെ പ്രത്യക്ഷ സമരത്തിലേയ്ക്ക് നയിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മണ്ണാർക്കാട്-ചിന്ന തടാകം റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുവാൻ കിഫ്ബി അധികൃതർക്ക് നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

(എ-സി) മണ്ണാർക്കാട്-ചിന്ന തടാകം റോഡിന് 10-7-2017-ലെ സ.ഉ. (സാധാ) നമ്പർ 942/2017/പൊ.മ.വ. പ്രകാരം 80 കോടി രൂപയ്ക്ക് തത്വത്തിൽ അനുമതി നൽകിയിരുന്നു. നിലവിൽ ഈ പ്രവൃത്തി 3 ഘട്ടമായി തിരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

ഘട്ടം1- കി.മീ 0/000 മുതൽ 8/000 വരെ – ടി പ്രവൃത്തിക്ക് 15-2-2020-ൽ 29.53 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതിക അനുമതിക്കായുള്ള എസ്റ്റിമേറ്റ് 74-ാമത് ടെക്നിക്കൽ കമ്മിറ്റിയിൽ പരിഗണിക്കുകയും കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആയത് തയ്യാറാക്കി പരിശോധനയ്ക്കുശേഷം സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഘട്ടം-2 – കി.മീ 8/000 മുതൽ 19/000 വരെ – ഘട്ടം-2 ചുരം ഭാഗമായതിനായാലും വനത്തിലൂടെ കടന്നുപോകുന്നതിനാലും റോഡ് വീതികൂട്ടുന്നതിനുള്ള സ്ഥലം വനം വകുപ്പിൽനിന്നും വിട്ടുകിട്ടേണ്ടതുണ്ട്. വനഭൂമി ലഭ്യമാക്കുന്നതിന് അനുമതിക്കായി ഡി.എഫ്.ഒ. മണ്ണാർക്കാടിന് 6-9-2021-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ കത്ത് നൽകിയിട്ടുണ്ട്. കൂടാതെ വനഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള സർവ്വേ നടപടികളും പുരോഗമിക്കുന്നു. വനഭൂമി വിട്ടുകിട്ടാനുള്ള അനുമതി ലഭിക്കുന്നമുറയ്ക്ക് ഇൻവെസ്റ്റിഗേഷൻ നടത്തി ഡി.പി.ആർ. തയ്യാറാക്കുന്നതും ആയത് കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തികാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. ഘട്ടം-3– കി.മീ 19/000 മുതൽ 52/692 വരെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചു. ഡി.പി.ആർ.-ന്റെ പരിശോധനയുടെ ഭാഗമായി ആവശ്യപ്പെട്ടിട്ടുള്ള അധിക വിശദാംശങ്ങൾ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തികാനുമതിക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കോതമംഗലം മണ്ഡലത്തിലെ മലയോര ഹൈവേ**

36 (6255) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ എത്ര കിലോമീറ്റർ ദൂരത്തിലൂടെയാണ് മലയോര ഹൈവേ കടന്നുപോകുന്നതെന്ന് വ്യക്തമാക്കാമോ?

ചെറങ്ങാനാൽ മുതൽ നേര്യമംഗലം വരെ 32.8 കി.മീ.

(ബി) പ്രസ്തുത ഹൈവേയ്ക്ക് ആവശ്യത്തിന് വീതിയില്ലെന്ന കാരണത്താൽ മണ്ഡലത്തിന് അനുവദിച്ച തുക വിനിയോഗിക്കുവാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മലയോര ഹൈവേ കടന്നുപോകുന്ന റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് റോഡ് പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) മലയോര ഹൈവേ 12 മീറ്റർ വീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത റീച്ചിന്റെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും ഇതിന്മേൽ കിഫ്ബി പരിശോധിച്ച റ്റി.എ.ആർ. നൽകുകയും ചെയ്തു. റ്റി.എ.ആർ. അനുസരിച്ചുള്ള മാറ്റങ്ങൾ ഡി.പി.ആർ-ൽ വരുത്തി കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തികാനുമതി ലഭ്യമാക്കുന്നതാണ്. സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതാണ്. കൂടാതെ 4-8-2021-ന് പ്രസ്തുത റീച്ച് വനം വകുപ്പിന്റെയും നാറ്റ്പാക്കിന്റെയും കെ.ആർ.എഫ്.ബി-യുടെയും ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കുകയും ഈ റീച്ചിന് വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കും എന്ന ഉറപ്പ് ലഭിക്കുകയും ചെയ്തു. തുടർന്ന് 5-10-2021-ലെ ഉന്നതതല യോഗത്തിന്റെ അടിസ്ഥാനത്തിൽ വനവിസ്തീർണ്ണം നിർണ്ണയിക്കുന്നതിനുള്ള ചുമതല വനം വകുപ്പിന്റെ മേൽനോട്ടത്തിൽ നടത്തുവാൻ നാറ്റ്പാക്കിനെ ഏല്പിക്കുകയും ചെയ്തു. നാറ്റ്പാക്കിന്റെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിവേഷ് പോർട്ടലിൽ അനുബന്ധ രേഖകൾ നൽകി വനം വകുപ്പിന് അനുമതിക്കായി സമർപ്പിക്കുന്നതാണ്.

## പണിപൂർത്തിയായ റോഡുകൾ വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കാനുള്ള നടപടികൾ

37 (6256) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണിപൂർത്തിയായ റോഡുകൾ വിവിധ ആവശ്യങ്ങൾക്കായി വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കാനും ആയതിനിടയായാൽ അടിയന്തരമായി പണി പൂർത്തിയാക്കുന്നതിനുമായി എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പ് ഇതുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നീ വകുപ്പുകളുമായി ചർച്ചകൾ നടത്തി എന്തൊക്കെ തീരുമാനമെടുത്തുവെന്നും ഇതിനായി വിവിധ വകുപ്പുകളുടെ ഏകോപന സംവിധാനം രൂപീകരിച്ച് എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയെന്നും വ്യക്തമാക്കുമോ?

(എ&ബി) പണിപൂർത്തിയാക്കിയ റോഡുകൾ വിവിധ ആവശ്യങ്ങൾക്കായി വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കുന്നതിനും നിലവിൽ പൊതുമരാമത്ത് റോഡുകളിലൂടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനും കെ.എസ്.ഇ.ബി.എൽ, കെ.ഡബ്ല്യു.എ. അടക്കമുള്ള സ്ഥാപനങ്ങളുടെ യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനും അപേക്ഷിക്കുന്നതിനും അനുമതി ലഭ്യമാക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനം സാദ്ധ്യമാക്കുന്നതിനുമായി നിലവിൽ "റൈറ്റ് ഓഫ് വേ "(ROW) എന്ന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പോർട്ടലിൽ നിരത്തു വിഭാഗത്തിനുകീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുക വഴി മറ്റു വകുപ്പുകൾക്ക് ആവശ്യം വേണ്ടുന്ന മുന്നൊരുക്കം നടത്തുവാനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിനും സാധിക്കുന്നതാണ്. കൂടാതെ ഇത്തരത്തിൽ ഓൺലൈൻ ആയി ലഭ്യമാക്കുന്ന അപേക്ഷകളും നൽകിവരുന്ന അനുമതികളും സമയബന്ധിതമായി വിലയിരുത്തുകയും നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിന് മുൻപുതന്നെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതുവഴി നിലവിൽ പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ വലിയ ഒരളവുവരെ പരിഹരിക്കുവാൻ സാധിക്കുന്നതാണ്. വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിനും

പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനുമായി ഡിസ്ട്രിക് ഇൻഫ്രാസ്ട്രക്ച്ചർ കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുകയും എല്ലാ മാസവും അവലോകനം നടത്തുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിൽ നിർമ്മാണം പൂർത്തീകരിച്ചതും അറ്റകുറ്റപ്പണികൾ നടത്തി മെച്ചപ്പെടുത്തിയതുമായ റോഡുകൾ ഉടൻതന്നെ വെട്ടിമുറിച്ച് കേബിളുകളും പൈപ്പുകളും മറ്റ് യൂട്ടിലിറ്റികളും സ്ഥാപിക്കുന്നതിനായി അനുവാദം നൽകാറില്ല. ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത സർക്കുലറിൻപ്രകാരം 5 വർഷത്തേയ്ക്കുള്ള ലൈസൻസ് ഫീസും പെർഫോമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം പ്രസ്തുത കക്ഷികൾ അവരുടെ ചെലവിൽ തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കേണ്ടതാണ്.

(സി) ഇത്തരത്തിൽ പണി പൂർത്തിയായ റോഡുകൾ വെട്ടിപ്പൊളിക്കുന്നതിലൂടെ പ്രതിവർഷം ശരാശരി എത്ര തുകയുടെ നഷ്ടമാണ് സംസ്ഥാനത്ത് വരുന്നതെന്നും ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ എത്ര തുക ഇത്തരത്തിൽ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

പൊതുമരാമത്ത് റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനാവശ്യമായ റെസ്റ്റോറേഷൻ തുക ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും ഈടാക്കിയാണ് റോഡ് കുഴിക്കുന്നതിന് അനുമതി നൽകുന്നത്. ആയതുകൊണ്ടുതന്നെ റോഡ് വെട്ടിപ്പൊളിച്ച് പൈപ്പുകൾ സ്ഥാപിക്കുന്നതിന് സർക്കാരിന് നേരിട്ട് നഷ്ടം ഒന്നും സംഭവിക്കുന്നില്ല. റെസ്റ്റോറേഷൻ പ്രവൃത്തികൾക്കായി ഈ സർക്കാർ വന്നതിനുശേഷം ആകെ 29.9 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെട്ടിപ്പൊളിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് റെസ്റ്റോറേഷൻ ചാർജ്ജായി 165.36 ലക്ഷം രൂപ ഈടാക്കിയിട്ടുണ്ട്.

(ഡി) റോഡുകൾ വെട്ടിപ്പൊളിക്കുമ്പോൾ ഉണ്ടാകുന്ന കുഴികൾ എപ്പോൾ നികത്തുമെന്ന് രേഖപ്പെടുത്തി വയ്ക്കാനും അത് നികത്തപ്പെടാതിരുന്നാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വീഴ്ചയായി കാണാനും പ്രസ്തുത ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കുവാനുമുള്ള നിയമനിർമ്മാണത്തിന് സർക്കാർ തയ്യാറാകുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

റോഡുകൾ കുഴിച്ച് പൈപ്പുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്ന അവസരത്തിൽ താൽക്കാലിക റെസ്റ്റോറേഷൻ നടത്തി കുഴികൾ നികത്തേണ്ടത് ബന്ധപ്പെട്ട ഏജൻസികളുടെ ഉത്തരവാദിത്വമാണ്. ഇതിന് ശേഷമാണ് റെസ്റ്റോറേഷൻ തുക ഉപയോഗിച്ച് റെസ്റ്റോറേഷൻ പ്രവൃത്തി വകുപ്പ് നടപ്പിലാക്കുന്നത്.

**പാലക്കാട്-കോഴിക്കോട് പുതിയ ഹൈവേ**

38 (6257) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരത് മാല പദ്ധതിയുടെ ഭാഗമായി ഗ്രീൻ ഫീൽഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട്-കോഴിക്കോട് പുതിയ ഹൈവേയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദവിവരം ലഭ്യമാക്കുമോ?

പാലക്കാട്-കോഴിക്കോട് ഗ്രീൻഫീൽഡ് അലൈൻമെന്റിന് 23-10-2020-ൽ നടന്ന LAC Committee (NHAI) യോഗത്തിൽ അനുമതി നൽകിയിട്ടുണ്ട്. NH ACT 1956 പ്രകാരമുള്ള ഡ്രാഫ്റ്റ് 3A നോട്ടിഫിക്കേഷൻ ഡി.പി.ആർ. കൺസൾട്ടന്റ് തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് അനുവദിച്ചതെന്നും അതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയാണെന്നും വ്യക്തമാക്കുമോ?

ഭൂമിയേറ്റെടുക്കൽ, നിർമ്മാണത്തിന് മുന്നോടിയായുള്ള പ്രവർത്തനങ്ങൾ, നിർമ്മാണ പ്രവൃത്തി എന്നിവയടക്കം പദ്ധതിയുടെ ഏകദേശ ചെലവ് 7961.27 കോടി രൂപയാണ്. കേരള സർക്കാർ, ദേശീയപാതാ അതോറിറ്റി, കിഫ്ബി എന്നിവരുൾപ്പെട്ട ത്രികക്ഷി കരാർ പ്രകാരം ഭൂമി ഏറ്റെടുക്കലിനാവശ്യമായ തുകയുടെ 25% സംസ്ഥാനമാണ് വഹിക്കുന്നത്. സംസ്ഥാന വിഹിതം ഏകദേശം 190.59 കോടി രൂപയാണ്.

(സി) റസിഡൻഷ്യൽ, കൊമേഴ്സ്യൽ ഏരിയകൾ ഒഴിവാക്കി അലൈൻമെന്റ് തയ്യാറാക്കുന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കാമോ?

നിലവിലെ അലൈൻമെന്റ് വിശദമായ പഠനത്തിനുശേഷം അനുയോജ്യമെന്ന് കണ്ടെത്തി അംഗീകരിച്ചതാണ്. അലൈൻമെന്റ് തയ്യാറാക്കുന്ന ഘട്ടത്തിൽ അത് വരുത്തുന്ന സാമ്പത്തിക ബാദ്ധ്യത, (Financial Implications) സാമൂഹിക പ്രത്യാഘാതങ്ങൾ (Social Impact) എന്നീ വസ്തുതകൾ ഡി.പി.ആർ. കൺസൾട്ടന്റ് പരിഗണിച്ചിരുന്നു.

(ഡി) പ്രസ്തുത പദ്ധതി എപ്പോൾ ആരംഭിച്ച് എന്ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ?

ഭൂമിയേറ്റെടുക്കൽ പൂർത്തിയായാൽ പദ്ധതി ആഗസ്റ്റ് 2022-ന് ആരംഭിച്ച് രണ്ടുമൂന്ന് വർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ദേശീയപാതാ അതോറിറ്റി ലക്ഷ്യമിടുന്നത്.

**സംസ്ഥാനത്തെ പ്രധാന റോഡുകളുടെ വികസനം**

39 (6258) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ:</u>
<u>ശ്രീ. ഒ. ആർ. കേളു:</u>
<u>ശ്രീ. കെ. വി. സുമേഷ്:</u>
<u>ശ്രീ. പി. നന്ദകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന റോഡുകളുടെ വികസന കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ പിന്തുണ ആവശ്യപ്പെട്ട് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ 12 റോഡുകൾ ദേശീയപാതകളായി ഉയർത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കണമെന്ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. റോഡുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു* . ചൊവ്വ- മട്ടന്നൂർ-കുട്ടുപുഴ- വളവുപാറ- മക്കോട്ടം- വിരാജ്പേട്ട - മടിക്കേരി-മൈസൂർ റോഡ് ദേശീയപാതയായി ഉയർത്തുന്ന നടപടി വേഗത്തിലാക്കണമെന്നും പാരിപ്പള്ളി-വിഴിഞ്ഞം ഔട്ടർ റിംഗ് റോഡിന് ഭാരത് മാല ഫേസ്-1-ൽ ഉൾപ്പെടുത്തി അനുമതി നൽകണമെന്നും കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഭാരത്മാല രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെട്ട റോഡുകൾ ഏതെല്ലാമെന്നും അവയുടെ വികസന പുരോഗതിയും അറിയിക്കാമോ?

4-7-2021-ൽ ബഹു. കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രി ബഹു. മുഖ്യമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ തത്വത്തിൽ അംഗീകരിച്ച 12 റോഡുകളിൽ PCU 10000-നുമുകളിൽ ഉള്ളവരെ ഭാരത്മാല രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്താമെന്ന് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രി ഉറപ്പ്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നൽകിയിട്ടുണ്ട്. ആയതുപ്രകാരം 12 നിരത്തുകളുടെ വിശദാംശം MORTH-ൽ സമർപ്പിച്ചിട്ടുണ്ട്.

(സി) വയനാട് തുരങ്കപാതയുടെ കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ?

അനുമതി ലഭ്യമായിട്ടില്ല. കിഫ്ബിയുടെ നിർദ്ദേശപ്രകാരം പരിഷ്കരിച്ച ഡി.പി.ആർ. അംഗീകാരത്തിനായി കിഫ്ബി പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. പരിഷ്കരിച്ച പ്ലാൻ Forest Clearance ലഭ്യമാകുന്നതിനായി PARIVESH പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

(ഡി) ദേശീയപാതയുടെ അറ്റകുറ്റപ്പണി നടത്തുന്നതിൽ ദേശീയപാതാ അതോറിറ്റിയുടെ അനാസ്ഥ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ; വ്യക്തമാക്കാമോ?

ദേശീയപാതാ അതോറിറ്റിക്ക് കൈമാറിയ സ്ട്രെച്ചുകളിലെ Resurfacing works-ലുള്ള കാലതാമസംകാരണം അവ ഗതാഗതയോഗ്യമല്ല എന്നും മഴക്കാലത്തിനുശേഷം അവയുടെ അവസ്ഥ വീണ്ടും വഷളാകുമെന്നും കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയെ അറിയിച്ചിട്ടുണ്ട്. ഇതിന് പരിഹാരമായി പ്രസ്തുത സ്ട്രെച്ചുകൾ ദേശീയപാതാ വിഭാഗം മുഖേന റിപ്പെയർ ചെയ്യുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനായി ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ എസ്റ്റിമേറ്റ് സമർപ്പിച്ച് എൻ.എച്ച്.എ.ഐ-യുടെ അനുമതി ലഭ്യമാക്കുന്ന രീതി മാറ്റി ഓരോ കിലോമീറ്ററിനും നിശ്ചിത തുക റിപ്പെയറിംഗിനായി അനുവദിക്കുന്ന രീതിയാക്കണമെന്നും ബഹു. കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**വല്ലാർപാടം പനമ്പുകാട്-കായലോരം റിംഗ് റോഡിന്റെ നിർമ്മാണം**

40 (6259) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ വല്ലാർപാടം പനമ്പുകാട്-കായലോരം റിംഗ് റോഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിജസ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി അനുവദിച്ച തുക എത്രയെന്നും ഭരണാനുമതി നൽകിയതെന്നാണെന്നും വ്യക്തമാക്കാമോ; ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ?

(എ-സി) ദേശീയപാതാ അതോറിറ്റിക്ക് കൈമാറിയ സ്ട്രെച്ചുകളിലെ Resurfacing works-ലുള്ള കാലതാമസംകാരണം അവ ഗതാഗതയോഗ്യമല്ലെന്നും മഴക്കാലത്തിനുശേഷം അവയുടെ അവസ്ഥ വീണ്ടും വഷളാകുമെന്നും കേന്ദ്ര ഉപരിതലഗതാഗത വകുപ്പുമന്ത്രിയെ അറിയിച്ചിട്ടുണ്ട്. ഇതിനു പരിഹാരമായി പ്രസ്തുത സ്ട്രെച്ചുകൾ ദേശീയപാതാ വിഭാഗം മുഖേന റിപ്പെയർ ചെയ്യുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനായി ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ എസ്റ്റിമേറ്റ് സമർപ്പിച്ച് എൻ.എച്ച്.എ.ഐ-യുടെ അനുമതി ലഭ്യമാക്കുന്ന രീതി മാറ്റി ഓരോ കിലോമീറ്ററിനും നിശ്ചിത തുക റിപ്പെയറിംഗിനായി അനുവദിക്കുന്ന രീതിയാക്കണമെന്നും ബഹു. കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തിയുടെ ഭാഗിക നിർവ്വഹണം ഇറിഗേഷൻ വകുപ്പിന് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

17.14 കോടി രൂപയുടെ ഭരണാനുമതി നൽകിയ പ്രവൃത്തിയുടെ നിർവ്വഹണം ഇറിഗേഷൻ വകുപ്പിനാണ്. ഇതിൽ 5.04 കോടി രൂപയുടെ മൈനർ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. 12.10 കോടി രൂപയുടെ പ്രവൃത്തികൾ ഇറിഗേഷൻ ഡിവിഷൻ, എറണാകുളത്തിന്റെ കീഴിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

### പുന്നക്കടവ്-പുതിയ പുഴക്കര-ഏഴിമല റെയിൽവേ സ്റ്റേഷൻ റോഡ് നിർമ്മാണം

41 (6260) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ, കല്ല്യാശ്ശേരി നിയോജകമണ്ഡലങ്ങളിൽപ്പെടുന്ന കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പുന്നക്കടവ്-പുതിയ പുഴക്കര-ഏഴിമല റെയിൽവേ സ്റ്റേഷൻ റോഡ് നിർമ്മാണ പ്രവൃത്തി

സമയബന്ധിതമായി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റോഡിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

1-11-2018-ൽ പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിനായി 16.22 കോടി രൂപയ്ക്ക് കരാർ നൽകി. 9-4-2021-ൽ കിഫ്ബി പ്രവൃത്തിക്ക് സ്റ്റോപ്പ് മെമ്മോ നൽകിയിരുന്നു. പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന്റെ മരണത്തെത്തുടർന്ന് കരാർ റദ്ദായി. ഇക്കാര്യത്തിലെ തുടർനടപടികൾ സംബന്ധിച്ച നിയമവശങ്ങളും സാങ്കേതികവശങ്ങളും പരിശോധിച്ച് പ്രവൃത്തി തുടരുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കിഫ്ബി പ്രസ്തുത പ്രവൃത്തിക്ക് നൽകിയ സ്റ്റോപ്പ് മെമ്മോ 30-10-2021-ൽ ഒഴിവാക്കിയിട്ടുണ്ട്.

## മഴക്കെടുതിമൂലം പൂഞ്ഞാർ മണ്ഡലത്തിലെ റോഡുകൾക്കും പാലങ്ങൾക്കുമുണ്ടായ നാശനഷ്ടങ്ങൾ

42 (6261) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ 2021 ഒക്ടോബർ മാസത്തിലെ അതിതീവ്ര മഴയെത്തുടർന്നുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾക്കും പാലങ്ങൾക്കുമുണ്ടായ നാശനഷ്ടങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

2021 ഒക്ടോബർ മാസം 16-ാം തീയതി ഉണ്ടായ അതിതീവ്ര മഴയിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിനുകീഴിൽ 38 റോഡുകളും 28-10-2021-ലെ കനത്ത മഴയിലും ഉരുൾപൊട്ടലിലും 2 റോഡുകളും ഉൾപ്പെടെ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ആകെ 40 റോഡുകൾക്ക് നാശനഷ്ടം സംഭവിച്ചിരുന്നു. ആകെ നാശനഷ്ടം ഏകദേശം 2855.90 ലക്ഷം രൂപയാണെന്ന് കണക്കാക്കുന്നു. പാലം വിഭാഗത്തിനുകീഴിലെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ ദേശീയപാത-183-ൽ ചോറ്റി ഭാഗത്ത് റോഡിന്റെ സൈഡ് ഇടിഞ്ഞിട്ടുണ്ട്. ദേശീയപാത 183A-യുടെ കി.മീ. 103/200 മുതൽ 112/100 വരെയുള്ള ഭാഗങ്ങളിൽ കി.മീ. 108/905-ൽ (കണ്ണിമല) മണ്ണിടിച്ചിൽ ഉണ്ടാവുകയും റോഡിലേയ്ക്ക് മരങ്ങൾ മറിഞ്ഞു വീഴുകയും ചെയ്തു. കി.മീ. 116/400-ൽ (പുത്തഞ്ചന്ത causeway) പ്രളയജലംമൂലം റോഡിന്റെ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

carriage way-യ്ക്ക് കനത്ത നാശനഷ്ടം സംഭവിച്ചു. മുണ്ടക്കയം ടൗൺ ഭാഗത്ത് പ്രളയജലത്തിലൂടെ എത്തിയ ചെളി അടിഞ്ഞുകൂടി ഓടകൾ അടഞ്ഞുപോയിട്ടുണ്ട്. എരുമേലി മുതൽ കണമല വരെയുള്ള റോഡ്സ്ട്രെച്ചിൽ കണമല ഭാഗത്ത് ശക്തമായ വെള്ളമൊഴുക്കുമൂലം റോഡിന്റെ berm ഒലിച്ചുപോയിട്ടുണ്ട്. കൂടാതെ മണ്ണൊഴുകി റോഡിലേയ്ക്ക് വീഴുകയും ചെയ്തിരുന്നു. ഇത് നീക്കം ചെയ്തിട്ടുണ്ട്. പ്രസ്തുത റോഡുകൾ ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. കനത്ത മഴമൂലം berm ഒലിച്ചുപോയ ഭാഗങ്ങളിൽ കോൺക്രീറ്റ് ചെയ്യുന്നതിനും തകർന്ന ക്രാഷ് ബാരിയറുകൾ പുനഃസ്ഥാപിക്കുന്നതിനുമായിട്ടുള്ള എസ്റ്റിമേറ്റിന് 7,93,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് എത്രയും വേഗം സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) മണ്ഡലത്തിലെ ഏതെല്ലാം റോഡുകളും പാലങ്ങളുമാണ് ഗതാഗതയോഗ്യമല്ലാതായിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ 2 റോഡുകളിലാണ് ഗതാഗതം പൂർണ്ണമായും പുന:സ്ഥാപിക്കാൻ സാധിച്ചിട്ടില്ലാത്തത്.

1. മുണ്ടക്കയം- കൂട്ടിക്കൽ-ഇളംകോട്-വല്യന്ത-കോലാഹലമേട്-വാഗമൺ റോഡ് ചെയിനേജ് 0/000 മുതൽ 23/850 കി. മീ. വരെ 2. കൂട്ടിക്കൽ-കാവാലി-പ്ലാപ്പള്ളി-ഏന്തയാർ റോഡ്-ചെയിനേജ് 0/000 മുതൽ 13/000 കി മീ വരെ. പാലം വിഭാഗത്തിനുകീഴിൽ താഴെപ്പറയുന്നവയാണ്. 1. 26-ാം മൈൽ പാലം: നിയന്ത്രിത ഗതാഗതം.

2. ഇളംകോട്-വാഗമൺ-വല്യന്ത റോഡിലെ കലുങ്ക്- അപ്രോച്ച് റോഡ് പൂർണ്ണമായി തകർന്നു. പാലം ഗതാഗത യോഗ്യമല്ല.

3. വിഴിക്കത്തോട്-ചേനപ്പാടി റോഡിലെ കടവനാൽ കടവ് പാലം: പാലത്തിന്റെ രണ്ട് സ്പാനുകൾ തെന്നിമാറിയിട്ടുണ്ട്. ഗതാഗത യോഗ്യമല്ല.

(സി) മണ്ഡലത്തിലെ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും അറ്റകുറ്റപ്പണി നടത്തുന്നതിനും പുനർനിർമ്മിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കോട്ടയം നിരത്തുവിഭാഗം കാര്യാലയത്തിന്റെ പരിധിയിൽ വരുന്ന റോഡുകൾക്കുണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ അടിസ്ഥാനമാക്കി പുനർ നിർമ്മാണത്തിനും പരിപാലനത്തിനും വേണ്ടുന്ന സത്വര നടപടികൾ സ്വീകരിച്ചു

വരുന്നു. പാലം വിഭാഗത്തിനു കീഴിൽ അറ്റകുറ്റപ്പണികൾക്കായി 5 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. 26-ാം മൈൽ പാലത്തിന്റെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി 9.6 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുള്ളതുമാണ്.
2. മുണ്ടക്കയം കോസ് വേ അറ്റകുറ്റപ്പണി 9.4 ലക്ഷം രൂപ.
3. കടവനാൽക്കടവ് പാലം-അടിഞ്ഞുകൂടിയ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് - 4 ലക്ഷം.
4. ഊരുങ്കൽകടവ് പാലം - അടിഞ്ഞുകൂടിയ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് 2.7 ലക്ഷം രൂപ.
5. ഊരുങ്കൽ കടവ് പാലം-അറ്റകുറ്റപ്പണികൾക്കായി 15 ലക്ഷം രൂപ.

**ചമ്മാടൻകാവിലെ ഭൂമി വനം വകുപ്പിന് കൈമാറൽ**

43 (6262) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡ് പ്രവൃത്തിക്കായുള്ള വനം വകുപ്പിന്റെ ഭൂമിക്ക് കോമ്പൻസേറ്ററി ഭൂമിയായി ചമ്മാടൻകാവിലെ 22 ഹെക്ടർ ഭൂമി വനം വകുപ്പിന് കൈമാറാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ചമ്മാടൻകാവിലെ ഭൂമി വനം വകുപ്പിന് കൈമാറാൻ ആദ്യം തീരുമാനമെടുത്തു. തുടർന്ന് ഹോസ്ദുർഗ്ഗ് താലൂക്കിലെ അമ്പലത്തറയിൽ മറ്റൊരു ഭൂമി ജില്ലാ കളക്ടർ കണ്ടെത്തുകയുണ്ടായി. തുടർ നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നു.

(ബി) വനഭൂമി ലഭ്യമല്ലാത്തതിനാൽ മലയോര ഹൈവേയടക്കം മുടങ്ങിക്കിടക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഭൂമി കൈമാറ്റ പ്രക്രിയ അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ മലയോര ഹൈവേ കടന്നുപോകുന്നത് നന്ദാരപദവ് മുതൽ ചെറുപുഴ ഭാഗം വരെ (127.420 കി.മീ) ആണ്. ഇതിൽ എടപ്പറമ്പ മുതൽ കോളിച്ചാൽ വരെയും കോളിച്ചാൽ മുതൽ ചെറുപുഴ വരെയുള്ള റീച്ചുകളിലെ ചില ഭാഗങ്ങൾ വനഭൂമിയിലൂടെ കടന്നുപോകുന്നു. എടപ്പറമ്പ മുതൽ കോളിച്ചാൽ

വരെയുള്ള ഭാഗത്തിന്റെ നിർമ്മാണത്തിനായി 4.332 ഹെക്ടർ വനഭൂമി ആവശ്യമാണ്. ആയതിനു പകരമായി ഹോസ്ദുർഗ്ഗ് താലൂക്കിലെ അമ്പലത്തറ വില്ലേജിലെ 4.332 ഹെക്ടർ ഭൂമി വനം വകുപ്പിന് നൽകാൻ കാസർഗോഡ് ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കാൻ തയ്യാറാണെന്ന് വനം വകുപ്പ് അറിയിച്ചതുപ്രകാരം ഭൂമിയുടെ രേഖകൾ അനുമതിക്കായി പരിവേഷ് പോർട്ടലിൽ 11-10-2021-ൽ സമർപ്പിച്ചിട്ടുണ്ട്. വനം വകുപ്പിന്റെ അനുമതി ലഭ്യമായാലുടൻ ഈ ഭാഗത്തെ പ്രവൃത്തി തുടങ്ങുന്നതാണ്. കോളിച്ചാൽ മുതൽ ചെറുപുഴ വരെയുള്ള ഭാഗത്തിന്റെ നിർമ്മാണത്തിനായി 0.64148 ഹെക്ടർ വനഭൂമിയാണ് ആവശ്യമായുള്ളത്. അതിനായി പ്രാഥമിക അനുമതി ലഭിക്കുകയും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ആവശ്യപ്രകാരം 10 ലക്ഷം രൂപ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. വനം വകുപ്പിന്റെ മേൽനോട്ടത്തിൽ മരം മുറിച്ചുമാറ്റേണ്ടതുണ്ട്. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

### ഹരിവരാസനം റോഡ് വികസന പദ്ധതി

44 (6263) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്കായി ആവിഷ്കരിച്ച ഹരിവരാസനം റോഡ് വികസന പദ്ധതിയെക്കുറിച്ച് വിശദീകരിക്കാമോ;

(ബി) കാലടിയിൽ നിന്നും ആരംഭിച്ച് പമ്പവരെയെത്തുന്ന പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ; ആയതിന്റെ പ്രോജക്റ്റിനെക്കുറിച്ചുള്ള വിശദീകരണം നൽകാമോ;

(സി) പ്രസ്തുത റോഡ് ഏതെല്ലാം ഭാഗങ്ങളിലൂടെയാണ് കടന്നുപോകുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത റൂട്ടുകളിലെ വളവ് നിവർത്തൽ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ?

(എ-സി) പ്രസ്തുത പദ്ധതി പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലില്ല.

### കുന്നുവഴി-കിഴക്കമ്പലം റോഡിലെ വെള്ളക്കെട്ട്

45 (6264) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നുവഴി-കിഴക്കമ്പലം റോഡിലെ അശാസ്ത്രീയമായ നിർമ്മാണം കാരണം കുന്നുവഴി മുതൽ കാനാംപറമ്പ് വരെ രൂക്ഷമായ വെള്ളക്കെട്ടുണ്ടാകുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി റോഡ് സൈഡിൽ കാന നിർമ്മിക്കുവാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(സി) വെള്ളക്കെട്ട് ഒഴിവാക്കുന്നതിനാവശ്യമായ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവൃത്തിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്.

**റെസ്റ്റോറേഷൻ ചാർജ്**

46 (6265) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ വാട്ടർ അതോറിറ്റി, ടെലികോം കമ്പനികൾ, കെ.എസ്.ഇ.ബി.എൽ. എന്നിവ പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിച്ച് പ്രവൃത്തികൾ ചെയ്തതിനുശേഷം പൂർവ്വസ്ഥിതിയിലാക്കുന്നതിന് റെസ്റ്റോറേഷൻ ചാർജ്ജായി എത്ര തുക സെക്യൂരിറ്റിയായി ഈടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിൽ വാട്ടർ അതോറിറ്റി, ടെലികോം കമ്പനികൾ, കെ.എസ്.ഇ.ബി.എൽ. എന്നിവ പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിച്ച് പ്രവൃത്തികൾ ചെയ്തതിനുശേഷം പൂർവ്വസ്ഥിതിയിലാക്കുന്നതിന് റെസ്റ്റോറേഷൻ ചാർജ് ആയി 4,34,89,400 രൂപ ഈടാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത തുക വിനിയോഗിച്ച് വർക്കല നിയോജകമണ്ഡലത്തിൽ നവീകരിക്കുവാനുള്ള റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**കോളിച്ചാൽ-ചെറുപുഴ റോഡ് പ്രവൃത്തി**

47 (6266) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേയുടെ ഭാഗമായ കോളിച്ചാൽ-ചെറുപുഴ റോഡിനായി ഊരാളുങ്കൽ സൊസൈറ്റിക്ക് ഏഴ് കോടി രൂപ അധികമായി അനുവദിച്ചിട്ടും പ്രവൃത്തി പുനരാരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇത് എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കോളിച്ചാൽ-ചെറുപുഴ എന്ന റോഡ് പ്രവൃത്തിക്ക് 7-6-2018-ൽ 82 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്ന് ലഭിച്ചു. 82 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകി കരാർ നമ്പർ 83/PWD013-16/PD/MU-KRFB/ 2018-19 പ്രകാരം 5-3-2019-ൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കരാർ നൽകി. എന്നാൽ കെ.എസ്.ഇ.ബി.എൽ.-ന്റെയും കെ.ഡബ്ല്യൂ.എ.-യുടെയും യൂട്ടിലിറ്റി ഷിഫ്റ്റിംഗിന്റെ അധികരിച്ച എസ്റ്റിമേറ്റ് തുക, ജലനിധി പൈപ്പ് ലൈൻ മാറ്റുന്ന പ്രവൃത്തി, വനം ഭൂമി വിട്ടുകിട്ടുന്നതിനുള്ള ഫണ്ട്, 12% ജി.എസ്.ടി. എന്നിവയ്ക്കുള്ള തുക എന്നിവകൂടി ഉൾപ്പെടുത്തുന്നതിനായി 89.24 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി 18-8-2021-ൽ കിഫ്ബി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ നീട്ടികൊടുത്ത കാലാവധി 30-11-2021 ആണ്. കോളിച്ചാൽ-ചെറുപുഴ മലയോര ഹൈവേയിൽ വനഭൂമിയൊഴിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ അവസാനഘട്ടത്തിലാണ്. പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് വനഭൂമി ലഭ്യമാക്കേണ്ടതുണ്ട്. വനഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി വനം വകുപ്പിന്റെ പരിവേഷ് പോർട്ടൽ വഴി 10,02,350 രൂപ കെ.ആർ.എഫ്.ബി. കൈമാറിയിട്ടുണ്ട്. വനം വകുപ്പിൽ നിന്നുള്ള അനുമതി ലഭിച്ചാലുടൻ വനഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾകൂടി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

**മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. റോഡുകൾ**

48 (6267) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. റോഡുകളുടെ വിശദവിവരങ്ങൾ റോഡിന്റെ പേര്, നീളം, വീതി തുടങ്ങിയവ സഹിതം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

മഞ്ചേശ്വരം മണ്ഡലത്തിലെ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനു കീഴിൽ വരുന്ന റോഡുകളുടെ വിശദവിവരങ്ങൾ അനുബന്ധം -I ആയി ചേർത്തിരിക്കുന്നു.* പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന് കീഴിൽ മഞ്ചേശ്വരം മണ്ഡലത്തിൽ ദേശീയപാത 66 കി.മീ. 18/050 മുതൽ 43/000 വരെ 24.95 കി.മീ. നീളവും 7 മീറ്റർ (ക്യാരേജ്‌വേ) വീതിയുമാണുള്ളത്. നിലവിൽ പ്രസ്തുത ഭാഗം ദേശീയപാതാ വികസനത്തിനായി നാഷണൽ ഹൈവേ അതോറിറ്റിക്ക് കൈമാറിയിരിക്കുകയാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകളിൽ ബി.എം.& ബി.സി. പ്രവൃത്തി നടത്തിയ റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ബി.എം.&ബി.സി. പ്രവൃത്തിക്കായി നിലവിൽ ഭരണാനുമതി ലഭിച്ചതും ഭരണാനുമതിക്കായി സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചതുമായ റോഡുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

മഞ്ചേശ്വരം മണ്ഡലത്തിലെ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനു കീഴിൽ വരുന്ന റോഡുകളിൽ ബി.എം&ബി.സി പ്രവൃത്തികൾ നടത്തിയ റോഡുകളുടെ വിവരങ്ങൾ അനുബന്ധം- II ആയി ചേർത്തിരിക്കുന്നു*. ബി.എം&ബി.സി. പ്രവൃത്തികൾക്കായി നിലവിൽ ഭരണാനുമതി ഒന്നും ലഭ്യമായിട്ടില്ല. Durgipalla- Bejja - Munnipady road, Maskumari - Kurudapadavu road എന്നീ രണ്ട് റോഡുകളുടെ ബി.എം&ബി.സി. പ്രവൃത്തികൾക്കായുള്ള പ്രൊപ്പോസൽ മുൻഗണനാ പട്ടികയിലുൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയർ സമർപ്പിച്ചത് സർക്കാർ പരിശോധിച്ചുവരുന്നു. പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിനുകീഴിൽ വരുന്ന റോഡ് ബി.എം.&ബി.സി. നിലവാരത്തിലുള്ളതാണ്.

(സി) പ്രസ്തുത മണ്ഡലത്തിലെ ഏതെങ്കിലും പി.ഡബ്ല്യു.ഡി. റോഡ് ടാർ ചെയ്യാത്തതായുണ്ടോ എന്ന് വ്യക്തമാക്കുമോ?

Sundaragoli- Chingurpade Berika Road, Manjeerpalla- Kundadka- Battiyapadavu road, Majeerpalla- Koliyoor Temple- Dhonikallu - Meeyapadavu road 0/000 to 2/300, Adiyanadukka- Bagilapadavu - Piligudde road എന്നിവയാണ് മഞ്ചേശ്വരം മണ്ഡലത്തിൽ ഉൾപ്പെടുന്ന പൊതുമരാമത്ത് നിരത്തു വിഭാഗത്തിനുകീഴിൽ വരുന്ന ടാർ ചെയ്യാത്ത റോഡുകൾ.

(ഡി) പ്രസ്തുത മണ്ഡലത്തിലെ ഗതാഗതയോഗ്യമല്ലാത്ത പി.ഡബ്ല്യു.ഡി. റോഡുകളുടെ വിവരം ലഭ്യമാക്കുമോ?

മഞ്ചേശ്വരം മണ്ഡലത്തിലെ ചില റോഡുകൾക്ക് കാര്യമായ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമായും ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ ഒന്നും തന്നെയില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാസർഗോഡ് ജില്ലയിലെ മൂന്നാംകടവ് വളവ് റോഡിലെ അപകടങ്ങൾ

49 (6268) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുണ്ടംകുഴി-മൂന്നാം കടവ്-പെരിയ റോഡിൽ മൂന്നാം കടവ് വളവിലുണ്ടാകുന്ന അപകടംമൂലം നാളിതുവരെ എത്രപേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

15-3-2020-ൽ പ്രസ്തുത സ്ഥലത്ത് ലോറി മറിഞ്ഞ് ഒരാളും 2.2.2021-ൽ കുണ്ടംകുഴി ഭാഗത്തുനിന്നും വന്ന് മൂന്നാംകടവ് പാലം കഴിഞ്ഞുള്ള കയറ്റം കയറി പോവുകയായിരുന്ന ഓട്ടോ മറിഞ്ഞ് ഒരാളും മരണപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലത്ത് തുടർച്ചയായുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് റോഡ് സേഫ്റ്റി ഫണ്ടിൽനിന്ന് തുക ലഭ്യമാക്കി ടി റോഡിലെ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

കുണ്ടംകുഴി മൂന്നാംകടവ് റോഡിൽ നിലവിലുള്ള പ്രതലം ബി.എം&ബി.സി. പ്രവൃത്തികൾ ചെയ്ത് പുതുക്കിപ്പണിതിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി മൂന്നാംകടവ് ഭാഗങ്ങളിൽ സംരക്ഷണഭിത്തി crash barrier, broken parapet, traffic sign pols, road markings, road studs എന്നിങ്ങനെയുള്ള ട്രാഫിക് സുരക്ഷാ ക്രമീകരണങ്ങൾ നടപ്പിലാക്കി റോഡിലെ അപകടസാദ്ധ്യത പരമാവധി ഒഴിവാക്കിയിട്ടുണ്ട്. മേയ് മാസത്തിൽ പൂർത്തിയായ പ്രസ്തുത നവീകരണ പ്രവൃത്തികൾക്കുശേഷം മൂന്നാംകടവ് വളവിൽ അപകടങ്ങൾ സംഭവിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

## ആലത്തൂർ മണ്ഡലത്തിലെ മരാമത്തുപണികൾ

50 (6269) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിലെ മംഗലംഡാം-വീട്ടിക്കൽകടവ് റോഡിന്റെയും മമ്പാട്-പൂവ്വത്തിങ്കലട്ടി റോഡിന്റെയും മരാമത്തുപണികളുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പുമന്ത്രി 1060/എം.(ഡബ്ല്യൂ&റ്റി)/21/വി.ഐ.പി./ഡബ്ല്യൂ. എന്ന നമ്പരിൽ ചീഫ് എഞ്ചിനീയർക്ക് നൽകിയ നിർദ്ദേശത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ആലത്തൂർ മണ്ഡലത്തിലെ മംഗലംഡാം-വീട്ടിക്കൽകടവ് റോഡിന്റെയും മമ്പാട്-പൂവ്വത്തിങ്കലട്ടി റോഡിന്റെയും മരാമത്തുപണികളുമായി ബന്ധപ്പെട്ട്

അടിയന്തര തുടർനടപടി സ്വീകരിക്കാൻ പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ പാലക്കാട് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും തുടർന്ന് മേൽപ്രവൃത്തികളുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

1) Mangalam Dam Veettikalkadavu Km 0/000 to 1/700 - Improvements and Providing BM&BC- എസ്റ്റിമേറ്റ് തുക 210 ലക്ഷം രൂപ- മുൻഗണനാ പട്ടികയിലുൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

2) SLTF - RP to Mampad Poovathingalatty Road Km 3/000 to 6/200 including Reconstruction of Culvert and providing drainage facility- 90 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയർ മുഖാന്തരം തയ്യാറാക്കിയിട്ടുണ്ട്.

## പുതുക്കാട് മണ്ഡലത്തിൽപ്പെട്ട കൊടകര-വെള്ളിക്കുളങ്ങര-കോടാലി റോഡിന്റെ നിർമ്മാണം

51 (6270) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി അനുമതി ലഭിച്ച പുതുക്കാട് മണ്ഡലത്തിൽപ്പെട്ട കൊടകര-വെള്ളിക്കുളങ്ങര-കോടാലി റോഡിന്റെ നിർമ്മാണം ഇനിയും തുടങ്ങാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡ് നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ നീക്കി പ്രസ്തുത റോഡിന്റെ നവീകരണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സർക്കാർ സ്വീകരിക്കുമോ?

(എ-സി) ഉണ്ട്. പ്രസ്തുത പ്രവൃത്തിയുടെ യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള കാലതാമസംകാരണം കരാറുകാരൻ പ്രവൃത്തി ആരംഭിച്ചിട്ടില്ല. നിലവിലുള്ള കരാർ റദ്ദുചെയ്തുകൊണ്ട് പ്രവൃത്തി റീ-ടെണ്ടർ ചെയ്ത് പുതിയ കരാറുകാരനെ ഏൽപ്പിച്ച് നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**വടക്കാഞ്ചേരി ബൈപ്പാസ് നിർമ്മാണം**

52 (6271) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയതും കിഫ്ബി ധനസഹായത്തോടെ കെ.ആർ.എഫ്.ബി. നിർവ്വഹണം ഏൽപ്പിച്ച് നടത്താൻ തീരുമാനിച്ച കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ സംസ്ഥാനപാത 22-ൽ വടക്കാഞ്ചേരി ബൈപ്പാസ് നിർമ്മാണപദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

വടക്കാഞ്ചേരി ബൈപ്പാസ് റോഡിന് 10-7-2017-ൽ 20 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നതും പ്രസ്തുത ഉത്തരവ് 12-2-2021-ൽ പുതുക്കി നൽകിയിരുന്നതുമാണ്. കിഫ്ബി മാനദണ്ഡങ്ങൾക്കനുസൃതമായി അഡീഷണൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുവേണ്ടി KIIFB-TRC-യുടെ സഹായം ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭ്യമായശേഷം PWD ഡിസൈന്റ് വിംഗിന്റെ സഹായത്തോടെ DPR തയ്യാറാക്കി സാമ്പത്തിക അനുമതിക്കായി DPR കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്. സാമ്പത്തിക അംഗീകാരം ലഭിച്ചതിനുശേഷം സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടി പൂർത്തീകരിക്കുന്നതാണ്.

**റോഡ് പ്രവൃത്തിക്ക് വിശദമായ എസ്റ്റിമേറ്റ്**

53 (6272) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക രീതിയിൽ പൊതുമരാമത്ത് വകുപ്പ് റോഡുകൾ നവീകരിച്ചതിനുശേഷം വാട്ടർ അതോറിറ്റിയുടെ കേടുവന്ന പൈപ്പുകൾ, കെ.എസ്.ഇ.ബി.എൽ. പോസ്റ്റുകൾ എന്നിവ മാറ്റുന്നതിനായി വീണ്ടും റോഡ് വെട്ടിപ്പൊളിക്കുന്നതടക്കമുള്ള പ്രവൃത്തികൾ ഒഴിവാക്കി റോഡ് പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽതന്നെ ഇത്തരം പ്രവൃത്തികൾകൂടി ഉൾപ്പെടുത്തി വിശദമായ എസ്റ്റിമേറ്റുകൾ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും അത്തരം എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി നൽകുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത അനുബന്ധ പ്രവൃത്തികൾക്കുള്ള തുക അതത് വകുപ്പുകളിൽനിന്ന് ഈടാക്കുന്നതിനും ആവർത്തനച്ചെലവുകൾ കുറയ്ക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) ROW Online Portal വഴി വിവിധ വകുപ്പുകൾ/കമ്പനികളുടെ യൂട്ടിലിറ്റികൾ സ്ഥാപിക്കുന്നതിനും മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ

സ്വീകരിക്കുകയും അനുമതി ലഭ്യമാക്കുകയും ചെയ്തുവരുന്നു. പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾത്തന്നെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് ചാർജ്ജായി ബന്ധപ്പെട്ട വകുപ്പ്/കമ്പനികളിൽനിന്നും ലഭ്യമാക്കുന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള നിശ്ചിത തുക ഉൾപ്പെടുത്തുകയും അതത് വകുപ്പുകൾ/കമ്പനികൾ മുഖേനയോ പൊതുമരാമത്ത് വകുപ്പ് നേരിട്ടോ റെസ്റ്റോറേഷൻ പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്തുവരുന്നുണ്ട്. നിലവിൽ റോഡ് പ്രവൃത്തികൾ ക്രമീകരിച്ചിട്ടുള്ള റോഡുകളിൽ റെസ്റ്റൊറേഷൻ പ്രവൃത്തി, പ്രസ്തുത റോഡ് പ്രവൃത്തിയുടെ ഭാഗമായി നടപ്പിലാക്കുന്നത് പരിശോധിച്ചുവരുന്നു.

**കോതമംഗലം മണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ**

54 (6273) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പി.ഡബ്ല്യൂ.ഡി.-യുടെ കീഴിൽ എത്ര കിലോമീറ്റർ ദൂരത്തിൽ റോഡുകളുണ്ടെന്ന് വ്യക്തമാക്കാമോ?

കോതമംഗലം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന് കീഴിൽ 486.25 കി.മീ. റോഡുകളും ദേശീയപാത വിഭാഗത്തിന്റെ കീഴിൽ കൊച്ചി-ധനുഷ്ക്കോടി എൻ.എച്ച്. 85-ൽ 64.58 കി.മീറ്ററും അടിമാലി-കുമളി എൻ.എച്ച്. 185-ൽ 20 കി.മീറ്ററും ഉണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ എത്ര പി.ഡബ്ല്യൂ.ഡി. റോഡുകളുടെ അറ്റകുറ്റപ്പണികൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചിട്ടുള്ള തുക റോഡുകൾ തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത മണ്ഡലത്തിൽ കാലവർഷക്കെടുതികളിൽ തകരുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ആയതിന് കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

(ബി-ഡി) പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ ഈ സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* നിരത്ത് വിഭാഗത്തിന് കീഴിലെ റോഡുകളുടെ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പുനരുദ്ധാരണത്തിനായി പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ദേശീയപാതാ വിഭാഗത്തിന് കീഴിൽ കാലവർഷക്കെടുതിയിൽ അറ്റകുറ്റപ്പണികൾ ചെയ്യത്തക്കവിധം റോഡുകൾ തകർന്നിട്ടില്ല. ആയതിനാൽ അറ്റകുറ്റപ്പണികൾക്കായി തുക അനുവദിച്ചിട്ടില്ല. പ്രസ്തുത മണ്ഡലത്തിൽ എൻ.എച്ച് 85-ൽ 202/000 മുതൽ 248/530 വരെ DLP ആയതിനാൽ മഴക്കാലത്ത് രൂപപ്പെട്ട കുഴികൾ അടയ്ക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. മഴ മാറുന്നതിനനുസരിച്ച് ബിറ്റുമിൻ ഉപയോഗിച്ച് പെർമനന്റായി കുഴികൾ അടയ്ക്കുന്നതായിരിക്കും. കൂടാതെ സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി കോതമംഗലം-കോട്ടപ്പടി- കരുപ്പമ്പടി-കുട്ടിക്കൽ വഴി വാവേലി മുതൽ പടിപ്പാറ (16.50) കി.മീ. എന്ന പ്രവൃത്തിക്ക് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്നും 15 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ചുവരുന്നു.

**അതിതീവ്ര മഴയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണം**

55 (6274) <u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u>

<u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഒക്ടോബർ മാസത്തിൽ സംസ്ഥാനത്തുണ്ടായ അതിതീവ്ര മഴയിൽ റോഡുകൾക്ക് കേടുപാടുപറ്റിയത് പരിഹരിക്കാനും തകർന്ന റോഡുകളുടെ സമയബന്ധിതമായ പുനരുദ്ധാരണത്തിനും സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

സംസ്ഥാനത്ത് 2021 ഒക്ടോബർ മാസം ഉണ്ടായ കനത്തമഴയിലും ഉരുൾപൊട്ടലിലും പൊതുമരാമത്ത് റോഡുകൾക്ക് 158.5 കോടി രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു*. നിരത്തുപരിപാലന വിഭാഗത്തിനുകീഴിൽ എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകുകയും എസ്റ്റിമേറ്റുകൾ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടി പുരോഗതിയിലുമാണ്. ദേശീയപാതാ വിഭാഗത്തിനുകീഴിലുള്ള റോഡുകളിൽ ഉണ്ടായ തടസ്സങ്ങൾ അടിയന്തരമായി നീക്കംചെയ്ത് റോഡ് ഗതാഗത

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

യോഗ്യമാക്കിയിട്ടുണ്ട്. തകർന്ന റോഡുകൾ പുനരുദ്ധരിക്കുന്നതിന് 14.60 കോടി രൂപ കേന്ദ്ര ഗതാഗത ഹൈവേ മന്ത്രാലയത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഫണ്ട് ലഭ്യമായാലുടൻ പ്രവൃത്തി ആരംഭിക്കുന്നതാണ്. കെ.എസ്.ടി.പി. വിഭാഗത്തിനുകീഴിൽ പ്ലാച്ചേരി-പൊൻകുന്നം, താവളം- മുള്ളി, മല്ലപ്പള്ളി-കോമളം റോഡുകളിൽ മഴക്കെടുതിയിൽ കേടുപാടുകൾ ഉണ്ടായിട്ടുണ്ട്. ഇവയിൽ മല്ലപ്പള്ളി-കോമളം റോഡ്, താവളം-മുള്ളി റോഡ് എന്നിവ പുന:സ്ഥാപിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി തീർപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിരത്തു വിഭാഗത്തിനുകീഴിൽ ഗതാഗതം മുടങ്ങിയ റോഡുകളിൽ ഗതാഗത തടസ്സംനീക്കി പുന:സ്ഥാപിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും റോഡുകളിലെ തടസ്സംനീക്കി താൽക്കാലികമായി ഗതാഗത യോഗ്യമാക്കുന്നതിനാവശ്യമായ അറ്റകുറ്റപ്പണികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുമുണ്ട്. നിരത്തുപരിപാലന വിഭാഗത്തിനുകീഴിൽ സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി സംസ്ഥാനത്താകെ ഒരു സ്ഥിരം സംവിധാനം എന്ന നിലയ്ക്ക് ഓരോ പൊതുമരാമത്ത് റോഡ് സെക്ഷൻ തലത്തിലും റണ്ണിംഗ് കോൺട്രാക്ട് ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ സെക്ഷനിലും രണ്ട് റണ്ണിംഗ് കോൺട്രാക്ട് എന്ന വിധത്തിൽ 177 സെക്ഷനുകളിലും ഒരു വർഷത്തേയ്ക്കുള്ള മെയിന്റനൻസ് റണ്ണിംഗ് കോൺട്രാക്ട് നടപ്പിലാക്കുന്ന നടപടികൾ ത്വരിതഗതിയിലാണ്. ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകൾക്ക് കേടുപാട് പറ്റുന്നത് യഥാസമയം എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്രസർക്കാരിനെ അറിയിക്കുകയും ആയതിന് താല്ക്കാലിക പരിഹാരമായി Ordinary Repair (OR) ngx, Flood Damage Repair (FDR)-ലും തുക കേന്ദ്രം നൽകുകയും തുക ലഭിക്കുന്നതനുസരിച്ച് ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുകയും സമയ ബന്ധിതമായി പൂർത്തിയാക്കുകയും ചെയ്യാറുണ്ട്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറിയ റോഡുകളിൽ അറ്റകുറ്റപ്പണിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് നൽകുകയും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിച്ച് പൂർത്തീകരിക്കാറുമുണ്ട്.

(സി) കുടിവെള്ള വിതരണം, ടെലിഫോൺ കേബിൾ സ്ഥാപിക്കൽ തുടങ്ങിയ വിവിധ സേവന വകുപ്പുകളുടെ ആസൂത്രണത്തിലെ പിഴവും എകോപന മില്ലായ്മയുംകാരണം പൊളിച്ചിട്ട റോഡുകൾ സമയബന്ധിതമായി നന്നാക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

പണി പൂർത്തിയാക്കിയ റോഡുകൾ വിവിധ ആവശ്യങ്ങൾക്കായി വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കുന്നതിനും നിലവിൽ പൊതുമരാമത്ത് പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനും കെ.എസ്.ഇ.ബി., കെ.ഡബ്ല്യൂ.എ. അടക്കമുള്ള സ്ഥാപനങ്ങളുടെ യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനും അപേക്ഷിക്കുന്നതിനും അനുമതി ലഭ്യമാക്കുന്നതും വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുന്നതിനുമായി നിലവിൽ "റൈറ്റ് ഓഫ് വേ" (ROW) എന്ന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പോർട്ടലിൽ ഭരണാനുമതി നൽകിയിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുകവഴി മറ്റ് വകുപ്പുകൾക്ക് ആവശ്യം വേണ്ടുന്ന മുന്നൊരുക്കം നടത്തുവാനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിനും സാധിക്കുന്നതാണ്. കൂടാതെ ഇത്തരത്തിൽ ഓൺലൈനായി ലഭ്യമാകുന്ന അപേക്ഷകളും നൽകിവരുന്ന അനുമതികളും സമയബന്ധിതമായി വിലയിരുത്തുകയും നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിനുമുൻപ് തന്നെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നതുവഴി നിലവിൽ പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ വലിയൊരളവുവരെ പരിഹരിക്കാൻ സാധിക്കുന്നതാണ്. വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിനും പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനുമായി ഡിസ്ട്രിക്റ്റ് ഇൻഫ്രാസ്ട്രക്ചർ കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുകയും എല്ലാ മാസവും പ്രവൃത്തി അവലോകനം നടത്തുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഈ കമ്മിറ്റി യോഗം ചേർന്ന് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയും പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ദേശീയപാതാ വിഭാഗത്തിനുകീഴിൽ നിർമ്മാണം പൂർത്തീകരിച്ചതും അറ്റകുറ്റപ്പണികൾ നടത്തി മെച്ചപ്പെടുത്തിയതുമായ റോഡുകൾ ഉടൻ തന്നെ വെട്ടിമുറിച്ച് കേബിളുകളും പൈപ്പുകളും മറ്റ് യൂട്ടിലിറ്റികളും സ്ഥാപിക്കുന്നതിനായി അനുവാദം നൽകാറില്ല. കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ

സർക്കുലർ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. 5 വർഷത്തേയ്ക്കുള്ള ലൈസൻസ് ഫീസും പെർഫോമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം ടി കക്ഷി അവരുടെ ചെലവിൽത്തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കേണ്ടതാണ്. റോഡ് കട്ടിംഗുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള ട്രെഞ്ച്ലെസ് ടെക്നോളജി അടക്കമുള്ള നൂതനമായ സാങ്കേതികവിദ്യകൾ പൈപ്പുകൾ ഇടുന്നതിൽ ഉപയോഗിക്കേണ്ടതുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. പൈപ്പുകളും കേബിളുകളും സ്ഥാപിച്ചതിനുശേഷം റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതുമായി ബന്ധപ്പെട്ട് തർക്കങ്ങൾ ഉണ്ടാകുന്നതിനാൽ ഇതൊഴിവാക്കുന്നതിനായി ഇത്തരം പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുമ്പുതന്നെ യൂട്ടിലിറ്റിയുമായി ബന്ധപ്പെട്ട വകുപ്പുകളെ ഉത്തരവാദിത്തപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അറിയിക്കാറുണ്ട്. കെ.എസ്.ടി.പി. വിഭാഗത്തിനുകീഴിൽ പ്രവൃത്തികൾ തുടങ്ങുന്നതിനുമുമ്പ് തന്നെ അതത് കേബിൾ യൂട്ടിലിറ്റികൾ ബന്ധപ്പെട്ട സ്ഥാപനങ്ങളോട് ആവശ്യപ്പെട്ട് റോഡിന്റെ വശങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നുണ്ട്.

## കൂത്തുപറമ്പ് മണ്ഡലത്തിൽ അനുവദിച്ച റോഡ് പ്രവൃത്തികൾ

56 (6275) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കൂത്തുപറമ്പ് മണ്ഡലത്തിൽ പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പ്രകാരം അനുവദിച്ച റോഡ് പ്രവൃത്തികൾ ഏതെല്ലാമെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത റോഡുകളുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

2016 മുതൽ 2021 വരെ കൂത്തുപറമ്പ് മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം അനുവദിച്ച റോഡുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിലെ തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ പൊയിലൂർ-വെങ്ങത്തോട്- കടവണ്ണൂർ റോഡ്, പുല്ലായിത്തോട്- കവ്വപ്പനിച്ചി റോഡ് എന്നിവയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) പ്രസ്തുത റോഡുകളുടെ പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ലെങ്കിൽ എപ്പോൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്താമോ; ആയതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

(ബി&സി) പൊയിലൂർ-വെങ്ങത്തോട്-കടവണ്ണൂർ റോഡ് പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഗ്രേഡിയൻറ് ഇഷ്യൂ ഉള്ളതുകൊണ്ട് പുല്ലായിത്തോട്-കവുപ്പനിച്ചി റോഡ് പ്രവൃത്തി പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല.

**കച്ചേരിക്കടവ് റോഡ് നിർമ്മാണം**

57 (6276) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ മറ്റത്തൂർ-വരന്തരപ്പിള്ളി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കച്ചേരിക്കടവ് പാലം നിർമ്മാണം പൂർത്തീകരിച്ചിട്ടും അപ്രോച്ച് റോഡിന്റെ സ്ഥലം ഏറ്റെടുക്കലും നിർമ്മാണവും ഇനിയും നടപ്പിലാവാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എൽ.എ. നടപടികൾ പുരോഗമിക്കുന്നു. BVR (Basis Valuation Report) റവന്യൂ അധികാരികൾ മുഖേന തയ്യാറാക്കി വരുന്നു.

(ബി) 60 മീറ്റർ സ്ഥലം അക്വയർ ചെയ്ത് അപ്രോച്ച് റോഡ് നിർമ്മാണം പൂർത്തീകരിച്ച് കച്ചേരിക്കടവ് പാലം ജനങ്ങൾക്ക് തുറന്ന് കൊടുക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനായി മുഴുവൻ ഭാഗത്തെ വനഭൂമി ലഭ്യമായിട്ടുണ്ട്. വരന്തരപ്പിള്ളി വില്ലേജ് പരിധിയിലുള്ള ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ തൃശ്ശൂർ കളക്ടറേറ്റിൽ റവന്യൂ എൽ.എ. വിഭാഗത്തിൽ നടന്നുവരുന്നു. എൽ.എ. പൂർത്തിയാക്കി സ്ഥലം ഏറ്റെടുത്ത് കിട്ടിയാലുടനെ തന്നെ ബാക്കി പ്രവൃത്തിക്കായി എസ്റ്റിമേറ്റ് സമർപ്പിച്ച് ആയതിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് അപ്രോച്ച് റോഡ് നിർമ്മാണം പൂർത്തിയാക്കുവാൻ കഴിയും.

**പയ്യന്നൂർ പെരുമ്പയിൽ പുതിയ പാലം നിർമ്മിക്കാൻ ഫണ്ട്**

58 (6277) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ദേശീയപാതകളെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം എന്ന

വിഭാഗത്തിൽപ്പെടുത്തി പയ്യന്നൂർ പെരുമ്പയിൽ എൻ.എച്ച്. 66-നെയും പയ്യന്നൂർ നഗരസഭ ബസ്സ്റ്റാന്റിനെയും ബന്ധിപ്പിക്കുന്നതിന് പുതിയ പാലം നിർമ്മിക്കാൻ ഫണ്ട് നീക്കിവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നിലവിലെ അവസ്ഥ എന്താണ്; വ്യക്തമാക്കാമോ?

പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ രണ്ടാം വർഷം 2018-19-ൽ ദേശീയപാതകളെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം എന്ന വിഭാഗത്തിൽപ്പെടുത്തി പെരുമ്പ പാലത്തിന് സമാന്തരമായി പുതിയപാലം എന്ന പ്രവൃത്തിക്ക് ഫണ്ട് നീക്കിവച്ചിരുന്നു. തുടർന്ന് പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുകയും 80 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത പ്രൊപ്പോസൽ കിഫ്ബി ഫണ്ടില്ലാത്തിനാൽ നിരാകരിച്ചിരുന്നു. തുടർന്ന് ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനായി പുതുക്കിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ഡി.പി.ആർ. സമർപ്പിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇതിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ എന്ന് അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ 27-6-2019-ന് പൂർത്തിയാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിംഗിൽനിന്ന് സ്ട്രക്ച്ചറൽ ഡിസൈൻ ലഭ്യമായിട്ടുണ്ട്.

## കല്ലുമല റെയിൽവേ ഓവർബ്രിഡ്ജ്

59 (6278) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ കല്ലുമല റെയിൽവേ ഓവർബ്രിഡ്ജിന് റെയിൽവേയുടെ അനുമതി ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റെയിൽവേ ഓവർ ബ്രിഡ്ജിന്റെ ഡിസൈൻ റെയിൽവേയുടെ അന്തിമ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) റെയിൽവേയുടെ അനുമതി ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) കല്ലുമല റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണം ഈ സാമ്പത്തികവർഷം ആരംഭിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. പദ്ധതിയുടെ ജി.എ.ഡി. 23-3-2019 മുതൽ നിരവധി തവണ റെയിൽവേയ്ക്ക് സമർപ്പിച്ചെങ്കിലും തിരുത്തലുകൾ ആവശ്യപ്പെട്ട് മടക്കി നൽകുകയാണുണ്ടായത്. 2-9-2021-ൽ റെയിൽവേ ഉദ്യോഗസ്ഥരുമായി സംയുക്ത സ്ഥലപരിശോധന നടത്തുകയും ആയതിന്റെ റിപ്പോർട്ട് 20-10-2021-ൽ ആർ.ബി.ഡി.സി.കെ.-യ്ക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ ജി.എ.ഡി., സംയുക്ത സ്ഥലപരിശോധന സർട്ടിഫിക്കറ്റ് സഹിതം ഉടൻ റെയിൽവേയ്ക്ക് സമർപ്പിക്കുന്നതാണ്. റെയിൽവേയിൽനിന്നും ജി.എ.ഡി. അംഗീകാരം ലഭിക്കുന്നമുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതാണ്. സ്ഥലമേറ്റെടുക്കൽ കഴിഞ്ഞാൽ ഉടൻ നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ ഒല്ലാൽ റെയിൽവേ മേൽപ്പാലം നിർമ്മാണം

60 (6279) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷന്റെ നിർവ്വഹണ ചുമതലയിൽ ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ നഗരസഭയിലുള്ള ഒല്ലാൽ എന്ന സ്ഥലത്ത് കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് കേരള റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷൻ റെയിൽവേയുടെ അനുമതി ആവശ്യപ്പെട്ട് ഡി.പി.ആർ. സഹിതമുള്ള രേഖകൾ സമർപ്പിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങളും റെയിൻവേയുടെ ഏത് ഓഫീസിലേയ്ക്ക് ഏത് ഉദ്യോഗസ്ഥനാണ് പ്രസ്തുത സമ്മതപത്രം ആവശ്യപ്പെട്ട് രേഖകൾ നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

(എ&ബി) കൊല്ലം പരവൂർ-ഒല്ലാൽ റെയിൽവേ ഗേറ്റിനു (LC No.554) പകരമായി മേൽപ്പാലം നിർമ്മിക്കുന്നതിന് 2006-07-ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നു. ആർ.ബി.ഡി.സി.കെ. പദ്ധതിക്കുവേണ്ട സർവ്വേ നടത്തുകയും

ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് (GAD) 28-1-2013-ൽ റെയിൽവേയ്ക്ക് സമർപ്പിക്കുകയും ചെയ്തു. റെയിൽവേ 2-12-2015-ൽ GAD-ക്ക് അംഗീകാരം നൽകി. മേൽപ്പാല നിർമ്മാണത്തിനുള്ള സംസ്ഥാന വിഹിതത്തിന് വേണ്ട തുക ലഭ്യമല്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല. 27-4-2018-ൽ കൊല്ലം ജില്ലയിലെ ഒല്ലാൽ റെയിൽവേ മേൽപ്പാല നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിച്ചു. വിശദമായ പഠനങ്ങൾക്കുശേഷം തയ്യാറാക്കിയ ഡി.പി.ആർ. ആർ.ബി.ഡി.സി.കെ. കിഫ്ബിയിൽ സമർപ്പിക്കുകയും 36.75 കോടി രൂപ കിഫ്ബി അനുവദിക്കുകയും ചെയ്തു. 28-9-2018-ൽ ആർ.ബി.ഡി.സി.കെ. പ്രസ്തുത പദ്ധതി റെയിൽവേയുടെ Work plan-ൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയും തുടർന്ന് കിഫ്ബി അംഗീകരിച്ച DPR പ്രകാരമുള്ള ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് (GAD) അംഗീകാരത്തിനായി 5-2-2021-ൽ റെയിൽവേയ്ക്ക് സമർപ്പിക്കുകയും ചെയ്തു. എന്നാൽ റെയിൽവേയുടെ Work plan-ൽ പ്രസ്തുത പദ്ധതി ഒഴിവാക്കിയെന്നും ആയതിനാൽ ഡെപ്പോസിറ്റ് വ്യവസ്ഥയിൽ മാത്രമേ പദ്ധതി ഏറ്റെടുക്കാൻ കഴിയുകയുള്ളൂവെന്നും 2-6-2021-ൽ റെയിൽവേ മന്ത്രാലയത്തിൽനിന്നും അറിയിക്കുകയുണ്ടായി. ആയതിനാൽ പദ്ധതി റെയിൽവേയുടെ 2022-23-ലെ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തണമെന്ന് 18-9-2021-ലെ ഡി2/161/2021/പൊ.മ.വ. കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ (ബ്രിഡ്ജസ്), ഹെഡ് ക്വാർട്ടേഴ്സ്, വർക്ക്സ് ബ്രാഞ്ച് ചെന്നൈയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**മൊഗ്രാൽ പുഴയ്ക്ക് കുറുകെ തോടയാറിൽ പാലം നിർമ്മാണം**

61 (6280) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്, മഞ്ചേശ്വരം മണ്ഡലങ്ങളിലെ മൊഗ്രാൽപുത്തൂർ, പുത്തിഗെ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതിന് മൊഗ്രാൽ പുഴയ്ക്ക് കുറുകെ തോടയാറിൽ പാലം നിർമ്മിക്കാൻ ആലോചനയുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 5,30,000 രൂപയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടന്നു വരുന്നു.

(ബി) പാലം കൂടാതെ അപ്രോച്ച് റോഡും പ്രസ്തുത പദ്ധതിയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

പാലത്തിനോടൊപ്പം അനുബന്ധ റോഡ് നിർമ്മാണവും പദ്ധതിയോടൊപ്പം ഉൾപ്പെടുന്നുണ്ട്.

(സി) ടി പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഭരണാനുമതി എപ്പോൾ ലഭ്യമാകുമെന്നും വ്യക്തമാക്കാമോ?

നിലവിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കുശേഷം ലഭിക്കുന്ന ഡിസൈൻ പ്രകാരം മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ.

(ഡി) പ്രസ്തുത പാലത്തിന്റെ ഡിസൈൻ അടക്കമുള്ള പ്രാരംഭ പ്രവൃത്തികൾ നടന്നത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ; ഇതിനായി ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കാമോ?

നിലവിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കുശേഷം ലഭിക്കുന്ന ഡിസൈൻ പ്രകാരം മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ.

## ചെറുവട്ടൂർ-അടിവാട്ട് പാലം

62 (6281) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ചെറുവട്ടൂർ-അടിവാട്ട് പാലം പുതുക്കിപ്പണിയണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പാലം പുതുക്കിപ്പണിയുന്നതിനായി പി.ഡബ്ല്യൂ.ഡി. ബ്രിഡ്ജസ് വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പാലം പുതുക്കിപ്പണിയുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(സി) പ്രസ്തുത എസ്റ്റിമേറ്റിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ?

എസ്റ്റിമേറ്റ് തുക അന്തിമമായിട്ടില്ല.

(ഡി) പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ചെറുവട്ടൂർ-അടിവാട്ട് പാലം അടിയന്തരമായി പുതുക്കി പണിയുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ഡി&ഇ) പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ടുള്ള മണ്ണ് പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് ഡിസൈൻ വിംഗിന് നൽകി ടെൻഡേറ്റീവ് ജനറൽ ഡിസൈൻ ഡ്രോയിംഗ് ലഭ്യമാക്കി അതിൻപ്രകാരം ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഡ്രോയിംഗ് അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**കാവാലിപ്പുഴ ഉക്കപാലം**

63 (6282) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-2020, 2020-21 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാവാലിപ്പുഴ ഉക്കപാലത്തിന്റെ പ്രോജക്ട് പ്രൊപ്പോസൽ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

2019-20-ലെ ബഡ്ജറ്റിൽ 40 ലക്ഷം രൂപയും 2020-21-ലെ ബഡ്ജറ്റിൽ 100 രൂപയും വകയിരുത്തിയിരുന്ന കാവാലിപ്പുഴ ഉക്കപാലത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കേരളാ ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി തയ്യാറാക്കിയ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് ഇപ്പോൾ ആരുടെ പരിഗണനയിലാണെന്ന് വിശദീകരിക്കാമോ?

കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് തയ്യാറാക്കിയ റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് 2020-21-ലെ ബഡ്ജറ്റിൽ ഈ പ്രവൃത്തി ഉൾപ്പെട്ടിട്ടുള്ളത്. വിശദമായ പ്രോജക്ട് റിപ്പോർട്ട് KEL സമർപ്പിക്കേണ്ടതുണ്ട്.

(സി) ഇതുസംബന്ധിച്ച ഫയൽ നിലവിലുണ്ടോ; ആയതിന്റെ നമ്പരും കമ്പ്യൂട്ടർ നമ്പരും നൽകാമോ?

ഇതുസംബന്ധിച്ച പാലങ്ങൾ വിഭാഗം കാര്യാലയത്തിലെ ഫയൽ CE/BR/KTM/13467/2019 ആണ്. ഇതുസംബന്ധിച്ച് സർക്കാരിൽ ഫയലുകൾ ഒന്നും തന്നെയില്ല.

(ഡി) വകുപ്പിലെ ഏത് ചീഫ് എഞ്ചിനീയർ ഓഫീസാണ് പ്രസ്തുത പ്രൊപ്പോസൽ പരിശോധിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ ഓഫീസിലാണ്. പ്രോജക്ട് റിപ്പോർട്ട് KEL ഇതുവരെ തയ്യാറാക്കിയിട്ടില്ല.

(ഇ) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദീകരണം നൽകാമോ?

ഇളപാലം എന്നത് സ്റ്റീൽ ലാറ്റിസ് ഗർഡർ ലൈറ്റ് വെഹിക്കുലാർ ബ്രിഡ്ജും എംബാക്മെന്റും വിംഗ് വാളും എന്നാക്കി മാറ്റിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിന് KEL-ന് നൽകുവാനുള്ള തുകയ്ക്ക് അനുമതി തേടിയുള്ള പ്രൊപ്പോസൽ 8-11-2021-ൽ സർക്കാരിന് ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**മാനന്തവാടി മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം**

64 (6283) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയ പാലങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

1. NABARD - RIDF- XXVII-ൽ ഉൾപ്പെട്ട പനമരം-ചെറുപുഴ പാലം പുനർനിർമ്മാണം

2. വയനാട് ജില്ലയിലെ തിരുനെല്ലി പഞ്ചായത്തിലെ കാളിന്ദി നദിക്ക് കുറുകെയുള്ള ഞെട്ടറ പാലത്തിന്റെ നിർമ്മാണം.

(ബി) തവിഞ്ഞാൽ പഞ്ചായത്തിലെ പേരിയ വട്ടോളി പാലം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ടി പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കുള്ള കരാർ ഉടമ്പടി ഒപ്പുവച്ചു.

**തിരുനെല്ലി-നിട്ടറ പാലം നിർമ്മാണം**

65 (6284) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുനെല്ലി-നിട്ടറ പാലം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ തൽസ്ഥിതി വ്യക്തമാക്കാമോ;

(ബി) കേരള റോഡ് ഫണ്ട് ബോർഡ് ക്ഷണിച്ച പ്രസ്തുത പാലത്തിന്റെ ടെണ്ടർ എടുത്തത് ആരാണെന്ന് വ്യക്തമാക്കാമോ;

(സി) ടെണ്ടർ നടപടികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ-സി) പ്രസ്തുത പ്രവൃത്തിക്ക് 23-11-2016-ൽ 14.35 കോടി രൂപയുടെ ഭരണാനുമതിയും 12-2-2020-ൽ 12.77 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകി. ടി പ്രവൃത്തിക്ക് 26-2-2021-ൽ 12.50 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. തുടർന്ന് 8-6-2021-ന് ടെണ്ടർ ഓപ്പൺ ചെയ്തു. 3 കരാറുകാർ ബിഡ് സമർപ്പിച്ചിരുന്നെങ്കിലും പ്രീക്വാളിഫിക്കേഷൻ മൂല്യനിർണ്ണയത്തിനുശേഷം ഒരു കരാറുകാരൻ മാത്രമാണ് യോഗ്യത നേടിയത്. ആയതിനെ തുടർന്ന് 2-7-2021-ൽ ചേർന്ന 81-ാമത് ടെക്നിക്കൽ കമ്മിറ്റി റീടെണ്ടർ നടപടി കൈകൊള്ളുവാൻ നിർദ്ദേശിച്ചു. തുടർന്ന് പ്രസ്തുത പ്രവൃത്തി 18-8-2021-ന് വീണ്ടും ടെണ്ടർ ചെയ്തു. രണ്ട് കരാറുകാരാണ് ബിഡ് സമർപ്പിച്ചത്. പ്രീക്വാളിഫിക്കേഷൻ മൂല്യനിർണ്ണയത്തിൽ രണ്ട് കരാറുകാരും യോഗ്യതനേടി. 20-9-2021-ന് ഫിനാൻഷ്യൽ ബിഡ് ഓപ്പൺ ചെയ്യുകയുണ്ടായി. ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റിവ് സൊസൈറ്റിയാണ്. ഈ കരാറുകാരനുമായുള്ള നെഗോഷിയേഷൻ നടപടി സ്വീകരിച്ചുവരുന്നു. നെഗോഷിയേഷൻ നടപടി പൂർത്തീകരിച്ചതിനുശേഷം ടെണ്ടർ അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും കമ്മിറ്റിയുടെ നിർദ്ദേശങ്ങളനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതുമാണ്.

## കല്ലുമല റെയിൽവെ ഓവർബ്രിഡ്ജ്

66 (6285) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ കല്ലുമല റെയിൽവെ ഓവർബ്രിഡ്ജിന് കിഫ്ബിയിൽ തുക അനുവദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് റെയിൽവേയുടെ അന്തിമ അനുമതി നാളിതുവരെയും ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(ബി&സി) ഉണ്ട്. പദ്ധതിയുടെ ജി.എ.ഡി. 23-3-2019 മുതൽ നിരവധി തവണ റെയിൽവേയ്ക്ക് സമർപ്പിച്ചെങ്കിലും തിരുത്തലുകൾ ആവശ്യപ്പെട്ട് മടക്കി നൽകുകയാണുണ്ടായത്. 2-9-2021-ൽ റെയിൽവേ ഉദ്യോഗസ്ഥരുമായി സംയുക്ത സ്ഥലപരിശോധന നടത്തുകയും ആയതിന്റെ റിപ്പോർട്ട് 20-10-2021-ൽ ആർ.ബി.ഡി.സി.കെ.-യ്ക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ ജി.എ.ഡി, സംയുക്ത സ്ഥല പരിശോധന സർട്ടിഫിക്കറ്റ് സഹിതം ഉടൻ റെയിൽവേയ്ക്ക് സമർപ്പിക്കുന്നതാണ്. റെയിൽവേയിൽ നിന്നും ജി.എ.ഡി. അംഗീകാരം ലഭിക്കുന്നമുറയ്ക്ക് മാത്രമേ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. സ്ഥലമേറ്റെടുക്കൽ കഴിഞ്ഞാൽ ഉടൻ നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**റെയിൽവേ മേൽപ്പാലങ്ങളുടെ ആവശ്യകത**

67 (6286) ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ ഗേറ്റുകൾ ഇല്ലാത്ത സംസ്ഥാനമെന്ന ലക്ഷ്യം നേടുന്നതിനും അപകടരഹിതവും വേഗതയുമുള്ള ഗതാഗതം സാധ്യമാക്കുന്നതിനുമായുള്ള റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിലെ പുരോഗതി അറിയിക്കാമോ?

റെയിൽവേ ഗേറ്റ് ഇല്ലാത്ത കേരളം എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി 72 റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനായി 2016-2021 കാലഘട്ടത്തിൽ ആർ.ബി.ഡി.സി.കെ-യ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 11 ആർ.ഒ.ബി-കൾ നിർമ്മാണഘട്ടത്തിലാണ്. 3 ആർ.ഒ.ബി.-കളുടെ ടെണ്ടർ നടപടികളും 15 ആർ.ഒ.ബി.-കളുടെ സ്ഥലമേറ്റെടുപ്പ് നടപടികളും നടന്നുകൊണ്ടിരിക്കുന്നു. 29 ആർ.ഒ.ബി.-കൾക്ക് കിഫ്ബി അംഗീകാരം നൽകുകയും ജി.എ.ഡി.-യുടെ അംഗീകാരത്തിനായി റെയിൽവേയിൽ സമർപ്പിക്കുകയും ചെയ്തു. 4 ആർ.ഒ.ബി.-കളുടെ ഡി.പി.ആർ. കിഫ്ബിയുടെ പരിഗണനയിലാണ്. ബാക്കിയുള്ള 10 ആർ.ഒ.ബി.-കളുടെ പദ്ധതിരേഖ തയ്യാറാക്കി വരികയാണ്. ദക്ഷിണ റെയിൽവേയുടെ കീഴിൽ വരുന്ന തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകളിലായി 27 ആർ.ഒ.ബി.-കളുടെ നിർമ്മാണത്തിനാണ് കെ.ആർ.ഡി.സി.എൽ.-നെ ഇപ്പോൾ ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇന്ത്യൻ

റെയിൽവേയും കേരള സർക്കാരും 50:50 എന്ന ഓഹരി പ്രകാരമാണ് ആർ.ഒ.ബി.-കൾ നിർമ്മിക്കുന്നത്. ടി ആർ.ഒ.ബി-കളുടെ ഡി.പി.ആർ. പഠനം പുരോഗമന ഘട്ടത്തിലാണ്. ഡി.പി.ആർ. പൂർത്തീകരിച്ച ആർ.ഒ.ബി.-കളുടെ ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങളും നടന്നുവരുന്നു. ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി പൂർത്തിയായ 2 ആർ.ഒ.ബി.-കളുടെ ടെണ്ടർ നടപടികൾ തുടങ്ങുകയും ചെയ്തു.

(ബി) റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായുള്ള തുകയിൽ എത്രശതമാനം കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കാറുണ്ട്; വ്യക്തമാക്കുമോ?

റെയിൽവേ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തിയ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന് നിർമ്മാണച്ചെലവിന്റെ (സ്ഥലം വില ഒഴികെ) 50% റെയിൽവേ വഹിക്കുന്നതാണ്.

(സി) സംസ്ഥാനത്തെ നഗര-ഗ്രാമങ്ങളിലെ റോഡ് ഗതാഗത സൗകര്യങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ അടിസ്ഥാനത്തിൽ വാഹനങ്ങളുടെ എണ്ണവും വർദ്ധിക്കുന്നതിനാൽ റെയിൽവേ മേൽപ്പാലങ്ങളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതായി വരുമെന്ന് കരുതുന്നുണ്ടോ?

ട്രെയിൻ വെഹിക്കുലർ യൂണിറ്റ് (ടി.വി.യു.) സർവ്വേ അനുസരിച്ചാണ് ആർ.ഒ.ബി.-കളുടെ ആവശ്യകത നിർണ്ണയിക്കുന്നത്.

(ഡി) എങ്കിൽ ഇതിനാവശ്യമായി വരുന്ന സാമ്പത്തിക ബാദ്ധ്യത വഹിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ; വ്യക്തമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

**തോരായിക്കടവ് പാലം നിർമ്മാണം**

68 (6287) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നിർമ്മിക്കുന്ന തോരായിക്കടവ് പാലത്തിന്റെ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് മുന്നോടിയായി കെ.ആർ.എഫ്.ബി.-യിൽ ചെയ്തു തീർക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിലെ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ;

(സി) ടെണ്ടർ ചെയ്യുന്നതിന് മുന്നോടിയായി ചെയ്ത് തീർക്കേണ്ട നടപടികൾ വേഗത്തിലാക്കാൻ നിർദ്ദേശം നൽകുമോ; വിശദമാക്കാമോ?

(എ-സി) തോരായിക്കടവ് പാലത്തിന്റെ എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റിയിൽ വയ്ക്കുന്നതിനായി 1-11-2021-ൽ കെ.ആർ.എഫ്.ബി.-യിൽ ലഭ്യമായിട്ടുണ്ട്. ആയത് സൂക്ഷ്മപരിശോധനയിലാണ്. ടി എസ്റ്റിമേറ്റ് തുടർന്നുവരുന്ന ടെക്നിക്കൽ കമ്മിറ്റിയിൽ വയ്ക്കുന്നതും കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ഫീൽഡ് എഞ്ചിനീയർമാർക്ക് നൽകുന്നതുമാണ്. ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടും സ്ഥലലഭ്യതാ സർട്ടിഫിക്കറ്റ് ഉൾപ്പെടെയും പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന സാങ്കേതിക അനുമതിക്കായുള്ള എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ കഴിയും.

## മലപ്പുറം ഫ്ലൈ ഓവർ പദ്ധതി

69 (6288) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പോലീസ് സ്റ്റേഷൻ മുതൽ കിഴക്കേത്തല വരെ നിർമ്മിക്കുന്ന ഫ്ലൈ ഓവർ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ നിരാക്ഷേപ പത്രം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോയെന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ?

(എ-സി) മലപ്പുറം ജില്ലയിലെ മലപ്പുറം നിയമസഭാ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മലപ്പുറം പോലീസ് സ്റ്റേഷൻ-കിഴക്കേത്തല ഫ്ലൈ ഓവർ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിക്ക് ആർ.ബി.ഡി.സി.കെ തയ്യാറാക്കി സമർപ്പിച്ച ഡി.പി.ആർ-ന് കിഫ്ബി 89.92 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിപ്രദേശം കേന്ദ്ര ഉപരിതല വകുപ്പിന്റെ അധീനതയിലുള്ളതായതിനാൽ ആ വകുപ്പിന്റെ എൻ.ഒ.സി. ആവശ്യമാണ്. ക്രേന്ദ ഉപരിതല വകുപ്പിൽനിന്നും 12-10-2021-ന് പ്രസ്തുത പദ്ധതിക്ക് എൻ.ഒ.സി. ലഭിച്ചതിനെ തുടർന്ന് പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി 23-10-2021-ന് മലപ്പുറം ജില്ലാ കളക്ടർക്ക് അർത്ഥന സമർപ്പിച്ചിട്ടുണ്ട്.

(ഡി) ടി പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ; വിശദമാക്കാമോ?

ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി ആർ.ബി.ഡി.സി.കെ.- യെ ഏൽപ്പിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**വെട്ടം കുഞ്ഞൂളിക്കടവ് പാലം, റോഡ് എന്നിവയുടെ നിർമ്മാണം**

70 (6289) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിലെ വെട്ടം കുഞ്ഞൂളിക്കടവ് പാലവും റോഡും നിർമ്മിക്കുന്നതിനായി വെട്ടം, തലക്കാട് വില്ലേജുകളിൽനിന്നും എത്ര ഭൂമിയാണ് ഏറ്റെടുത്തതെന്നും അതിനായി എത്ര തുകയാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ?

തിരൂർ നിയോജകമണ്ഡലത്തിലെ കുഞ്ഞൂളിക്കടവ് പാലം അനുബന്ധ റോഡ് നിർമ്മാണത്തിന് വെട്ടം വില്ലേജിലെ 0.056 ഹെ. ഭൂമിയും തലക്കാട് വില്ലേജിലെ 0.15 ഹെ. ഭൂമിയുമാണ് ഏറ്റെടുത്തിട്ടുള്ളത്. ഭൂമി ഏറ്റെടുക്കുന്നതിന് 9-11-2011-ൽ 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ട് കാലങ്ങളായിട്ടും സാധാരണക്കാരായ ആളുകളുടെ ഭൂമി ഏറ്റെടുത്ത പണം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പണം നൽകുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(സി) ഭൂവുടമകൾക്ക് പ്രസ്തുത തുക നൽകുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ?

(ബി&സി) ഉണ്ട്. പ്രസ്തുത പാലത്തിന്റെ അനുബന്ധ റോഡിന്റെ സ്ഥലമെടുപ്പിന് 9-11-2011-ൽ 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഭൂമിയേറ്റെടുക്കുന്നതിന് നിലവിലെ മാർക്കറ്റ് വില ഉൾപ്പെടുത്തി ഭരണാനുമതി പുതുക്കിനൽകുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. പുതുക്കിയ ഭരണാനുമതി നൽകുന്ന മുറയ്ക്ക് റവന്യൂ വകുപ്പിൽ നിന്നുള്ള ഭരണാനുമതി ലഭ്യമാക്കി ഭൂവുടമകൾക്ക് നഷ്ടപരിഹാരത്തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാകും.

## ആലുവ-പുറയാർ റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണം

71 (6290) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ-പുറയാർ ആർ.ഒ.ബി.-യുടെ നിർമ്മാണത്തിനായി കിഫ്ബി എത്ര തുകയാണ് മാറ്റിവച്ചിട്ടുള്ളതെന്ന് പറയാമോ; പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

പുറയാർ ആർ.ഒ.ബി.-യുടെ നിർമ്മാണത്തിനായി കിഫ്ബി 45.67 കോടി രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കുന്നതിനായി അർത്ഥനാപത്രം എറണാകുളം ജില്ലാ കളക്ടർക്ക് 27-6-2018-ൽ സമർപ്പിക്കുകയും സംയുക്ത സ്ഥല പരിശോധന 11-2-2020-ൽ പൂർത്തീകരിച്ചിട്ടുമുണ്ട്. സാമൂഹ്യാഘാത പഠനം നടത്തി വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമുചിത സർക്കാർ ഉത്തരവ് 28-1-2021-ൽ ജില്ലാ കളക്ടർ പുറപ്പെടുവിച്ചിട്ടുള്ളതും പൊന്നുംവില നടപടി പ്രകാരം 11(1) വിജ്ഞാപനം കേരള എക്സ്ട്രാ ഓർഡിനറി ഗസറ്റ് നം. 1059, 3-3-2021-ൽ പുറപ്പെടുവിച്ചിട്ടുമുണ്ട്. സ്ട്രക്ചറൽ വാല്യുവേഷൻ, ബി.വി.ആർ. പ്രിപ്പറേഷൻ എന്നിവ നടന്നുകൊണ്ടിരിക്കുകയാണ്. ലാൻഡ് അക്വിസിഷൻ ഓഫീസർ ഫണ്ട് റിക്വസ്റ്റ് (എൽ.എ. കോസ്റ്റ്) നിർണ്ണയിച്ച് നൽകിയാൽ എത്രയും വേഗം കിഫ്ബിയിൽനിന്നും ഫണ്ട് ലഭ്യമാക്കി 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) നിലവിൽ ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് എന്തെങ്കിലും തടസ്സമുണ്ടോ?

ഈ പദ്ധതിയുടെ ജി.എ.ഡി.ക്ക് റെയിൽവേയിൽനിന്നും അംഗീകാരം ലഭിക്കേണ്ടതുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

റെയിൽവേയിൽനിന്നും ജി.എ.ഡി. അംഗീകാരം ലഭിക്കുകയും സ്ഥലം ഏറ്റെടുക്കൽ പൂർത്തീകരിക്കുകയും ചെയ്യുന്ന മുറയ്ക്ക് വർക്ക് ടെണ്ടർ ചെയ്യുന്നതാണ്. വർക്ക് അവാർഡ് ചെയ്തതിനുശേഷം 18 മാസം കൊണ്ട് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

## നായരമ്പലം ഹെർബർട്ട് പാലത്തിന്റെ നിർമ്മാണം

72 (6291) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ നായരമ്പലം ഹെർബർട്ട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിജസ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ?

(എ&ബി) പ്രസ്തുത പ്രവൃത്തിക്കായി 10 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 12-2-2020-ൽ സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെ 10.40 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്കായി 16.02 സെന്റ് ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ആയതിലേയ്ക്കായി 70 ലക്ഷം രൂപ ഉൾപ്പെടുത്തിയാണ് സാമ്പത്തികാനുമതി ലഭിച്ചിട്ടുള്ളത്. ടി പ്രവൃത്തിയുടെ അതിർത്തിക്കല്ല് സ്ഥാപിക്കുന്നതിനുള്ള സാങ്കേതികാനുമതി (Part TS) 15-7-2020-ൽ നൽകിയിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(സി) പ്രവൃത്തി ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ഡി) നിർമ്മാണപ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്നും പൂർത്തീകരിക്കാനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

(സി&ഡി) ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയാൽ മാത്രമേ നിർമ്മാണ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. ഭൂമിയേറ്റെടുക്കൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് എസ്റ്റിമേറ്റ് ലഭ്യമാക്കി സാങ്കേതികാനുമതി നൽകി തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയും.

(ഇ) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

ഭരണാനുമതിയുടെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണ പുരോഗതി

73 (6292) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

കോൺവെന്റ് ബീച്ച് BVR പാലത്തിന്റെയും ഫൗണ്ടേഷന്റെയും സബ് സ്ട്രക്ചറിന്റെയും പ്രവൃത്തികൾ പൂർത്തീകരിച്ചു. ബീമുകളുടെ നിർമ്മാണം നടന്നുവരുന്നു.

(ബി) പ്രസ്തുത പാലത്തിന്റെ സ്ഥലമെടുപ്പിന് ഭരണാനുമതി എന്നാണ് ലഭ്യമായതെന്നും സ്ഥലമെടുപ്പ് നടപടികളുടെ പുരോഗതി എന്തെന്നും വിശദമാക്കാമോ?

പ്രസ്തുത പാലത്തിന്റെ സ്ഥലമെടുപ്പിനായി 329 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി റവന്യൂ വകുപ്പിൽനിന്നും എറണാകുളം ജില്ലാകളക്ടറെ ചുമതലപ്പെടുത്തി റവന്യൂ വകുപ്പിന്റെ അനുമതി നൽകുകയും സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കായി പൊതുമരാമത്ത് വകുപ്പിൽനിന്നും അർത്ഥനാ പത്രം സമർപ്പിച്ചതുപ്രകാരം സ്പെഷ്യൽ തഹസിൽദാർ വൈറ്റിലയെ ജില്ലാ കളക്ടർ പൊന്നുംവില നടപടി ഓഫീസറായി 14-9-2021-ൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കോൺവെന്റ് ഭാഗത്തുള്ള വിഷയം ചർച്ച ചെയ്യുന്നതിനായി 14-8-2021-ന് യോഗം ചേർന്നിരുന്നോ; പ്രസ്തുത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത യോഗതീരുമാനങ്ങൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

(സി&ഡി) 14-8-2021-ൽ യോഗം ചേർന്നിരുന്നു. പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കോൺവെന്റ് ഭാഗത്തെ റോക്കി എന്ന വ്യക്തിയുടെ വീടിന് നാശനഷ്ടമുണ്ടായിയെന്ന പരാതി സംബന്ധിച്ചും അദ്ദേഹത്തിന് നഷ്ടപരിഹാരം ലഭ്യമാക്കണമെന്നത് സംബന്ധിച്ചും തീരുമാനമെടുക്കുന്നതിനും റവന്യൂ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി യോഗം ചേരാമെന്ന് തീരുമാനിച്ചു. റവന്യൂ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയുള്ള യോഗം നടത്തിയിട്ടില്ല.

(ഇ) പ്രസ്തുത യോഗനടപടിക്കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കാമോ?

യോഗത്തിന്റെ നടപടികുറിപ്പ് അനുബന്ധം 1-ആയി ചേർക്കുന്നു.*

(എഫ്) കോൺവെന്റ് ബീച്ച് പാലത്തിന്റെ സ്ഥലമെടുപ്പിനായുള്ള ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

ഭരണാനുമതിയുടെ പകർപ്പ് അനുബന്ധം -2 ൽ ഉള്ളടക്കം ചെയ്യുന്നു.*

**പേഴ്സണൽ സ്റ്റാഫ് നിയമനം**

74 (6293) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി. വകുപ്പുമന്ത്രിയുടെ ഓഫീസിൽ അമ്പത്തിയൊന്ന് വയസ്സിനുമുകളിൽ പ്രായമുള്ള സർക്കാർ ഉദ്യോഗസ്ഥനെ പേഴ്സണൽ സ്റ്റാഫ് ആയി നിയമിച്ചിട്ടുണ്ടോ;

(ബി) അമ്പത്തിയൊന്ന് വയസ്സിനുമുകളിൽ പ്രായമുള്ള സർക്കാർ ഉദ്യോഗസ്ഥരെ പേഴ്സണൽ സ്റ്റാഫിൽ നിയമിക്കേണ്ടതില്ല എന്ന് സർക്കാർ നയം ഉണ്ടോ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥന് ഇക്കാര്യത്തിൽ ഇളവ് നല്കിയതിനുള്ള കാരണം വ്യക്തമാക്കുമോ?

(എ&ബി) പേഴ്സണൽ സ്റ്റാഫ് നിയമനത്തിന് 1959-ലെ Special Rules for the Personal Staff of the Ministers, the Leader of the Opposition and the Government Chief Whip ആണ് ബാധകം. പ്രസ്തുത ചട്ടത്തിൽ നിയമനത്തിനുള്ള പ്രായപരിധി നിശ്ചയിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അരീക്കോട് കേന്ദ്രമാക്കി റോഡ് സെക്ഷൻ രൂപീകരണം

75 (6294) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി സെക്ഷനിലെ ജീവനക്കാരുടെ അമിത ജോലിഭാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് പരിഹാര നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സെക്ഷന്റെ അധികാര പരിധിക്കും പ്രവൃത്തികൾക്കും ആനുപാതികമായി ഫീൽഡ് സ്റ്റാഫ് ഇല്ലാത്തത് റോഡ് പ്രവൃത്തികളുടെ ഗുണനിലവാരത്തെയും സമയബന്ധിതമായ പൂർത്തീകരണത്തെയും വിപരീതമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മഞ്ചേരി റോഡ് സെക്ഷന്റെ അധികാരപരിധി പുനർനിർണ്ണയിച്ചു കൊണ്ട് ഏറനാട് മണ്ഡലത്തിൽ അരീക്കോട് കേന്ദ്രമാക്കി റോഡ് സെക്ഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ നൽകിയിട്ടുണ്ടോ?

(എ-സി) മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ കാര്യാലയങ്ങൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് മഞ്ചേരി റോഡ്സ് ഡിവിഷന് കീഴിൽ അരീക്കോട് കേന്ദ്രമായി റോഡ്സ് സെക്ഷൻ രൂപീകരിക്കുന്നതിനുള്ള ശിപാർശയിന്മേൽ ശാസ്ത്രീയപഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) എങ്കിൽ പ്രസ്തുത പ്രൊപ്പോസലിൽ സ്വീകരിച്ച നടപടി എന്തെല്ലാമാണെന്നും ഇക്കാര്യത്തിലുള്ള അഭിപ്രായം എന്താണെന്നും അറിയിക്കുമോ?

ചീഫ് എഞ്ചിനീയറിൽനിന്നും പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

## പാലക്കാട് ജില്ലയിൽ നബാർഡ് ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ

76 (6295) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ പാലക്കാട് ജില്ലയിൽ നബാർഡ് ഫണ്ടുപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് മണ്ഡലം തിരിച്ച് വിശദമാക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ചിരുന്ന തുക എത്രയെന്ന് അറിയിക്കാമോ?

(എ&ബി) നിരത്ത്, പാലങ്ങൾ വിഭാഗത്തിലെ പ്രവൃത്തികൾ യഥാക്രമം അനുബന്ധം- I, II ആയി ചേർക്കുന്നു.* ഈ കാലയളവിൽ കെട്ടിട വിഭാഗത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ ഒന്നും തന്നെ ഇല്ല.

## പ്രൈസ് പ്രിഫറൻസ് ലഭിക്കുന്ന സ്ഥാപനങ്ങളും സൊസൈറ്റികളും

77 (6296) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൈസ് പ്രിഫറൻസ് ലഭിക്കുന്ന സ്ഥാപനങ്ങളും സൊസൈറ്റികളും ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

1969-ലെ സഹകരണ കേരളാ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന എല്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്കും 13-11-1997-ലെ സ.ഉ.(കൈ) നമ്പർ 135/97/സഹ., 9-1-2018-ലെ സ.ഉ.(കൈ)നം.1/2018/സഹ. എന്നീ ഉത്തരവുകളിൽ പരാമർശിച്ചിരിക്കുന്ന പ്രൈസ് പ്രിഫറൻസിന് അർഹതയുണ്ട്. ഏകദേശം 700 സൊസൈറ്റികൾ ഉണ്ട്. ആയതിൽ പലതും ഇപ്പോൾ പ്രവർത്തനക്ഷമമല്ലാത്തതിനാൽ പ്രസ്തുത സ്ഥാപനങ്ങളുടേയും സൊസൈറ്റികളുടേയും കണക്കെടുപ്പ് ദുഷ്കരമാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്കും സൊസൈറ്റികൾക്കും എന്തെല്ലാം പരിഗണനയാണ് ടെണ്ടറുകളിൽ ലഭിക്കുന്നത്; വ്യക്തമാക്കാമോ?

13-11-1997-ലെ സ.ഉ(കൈ)നം.135/97/സഹ., 9-1-2018-ലെ സ.ഉ.(കൈ) നമ്പർ 1/2018/സഹ. എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ പരിഗണനകളും ലഭിക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന് കീഴിലെ ടെണ്ടറുകളിൽ പങ്കെടുക്കുന്ന ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് 19-3-2020-ലെ സ.ഉ(കൈ)നമ്പർ 41/2020/പൊ.മ.വ പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന കരാറുകാരന്റെ തുകയിൽ 10% വരെ പ്രൈസ് പ്രിഫറൻസ് നൽകുന്നുണ്ട്. സപ്ലൈ & ഡിസ്ട്രിബ്യൂഷൻ പ്രവൃത്തികൾക്ക് MSME-കൾക്ക് പ്രൈസ് പ്രിഫറൻസ് നൽകുന്നുണ്ട്.

(സി) 2011 മുതൽ 2016 വരെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് എത്ര കോടി രൂപയുടെ വർക്കുകൾ ടെണ്ടറില്ലാതെ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

നിരത്ത് വിഭാഗം - 687 കോടി രൂപ, പാലങ്ങൾ വിഭാഗം - 146.50 കോടി രൂപ, ദേശീയപാതാ വിഭാഗം - 267.53 കോടി രൂപ.

(ഡി) 2016 മുതൽ 2021 മാർച്ച് വരെ പ്രസ്തുത സൊസൈറ്റിക്ക് എത്ര കോടി രൂപയുടെ വർക്കുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

നിരത്ത് വിഭാഗം - 82.94 കോടി രൂപ, പാലങ്ങൾ വിഭാഗം - 21.33 കോടി രൂപ, കെട്ടിട വിഭാഗം - 33.95 കോടി രൂപ, ദേശീയ പാതാ വിഭാഗം - 368.96 കോടി രൂപ.

**കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിടനിർമ്മാണം**

78 (6297) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുവാൻ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിലെ പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന അക്കാദമിക് ബ്ലോക്ക് കെട്ടിടത്തിന്റെ എ.ആർ. ഡ്രോയിംഗ് ലഭ്യമാക്കുന്നതിലേയ്ക്കായി സ്ഥലത്തിന്റെ ഓട്ടോകാഡ് ഡ്രോയിംഗ് സോഫ്റ്റ് കോപ്പി ചീഫ് ആർക്കിടെക്ടിന് നൽകിയിട്ടുണ്ട്.

(ബി) ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ M/S Structural India Palakkad, സോയിൽ ഇൻവെസ്റ്റിഗേഷൻ, ടോട്ടൽ സ്റ്റേഷൻ സർവ്വേ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രവൃത്തി അടിയന്തരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ചീഫ് ആർക്കിടെക്ടിൽനിന്നും എ.ആർ. ഡ്രോയിംഗ് കിട്ടുന്ന മുറയ്ക്ക് ഡിസൈൻ പ്രവൃത്തിക്കുള്ള നടപടികൾ ആരംഭിക്കുന്നതാണ്. ഡിസൈൻ പൂർത്തീകരിച്ച് ലഭിച്ചതിനുശേഷം സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി നൽകുന്നതാണ്.

## പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ

79 (6298) <u>ഡോ. മാത്യു കുഴൽനാടൻ</u>:
<u>ശ്രീ. ടി. സിദ്ദിഖ്</u>:
<u>ശ്രീ. എ. പി. അനിൽ കുമാർ</u>:
<u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലൂടെ പൊതുമരാമത്ത് വകുപ്പ് നടത്തിവരുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെ പുരോഗതി അറിയിക്കാമോ?

പാലങ്ങൾ വിഭാഗത്തിനുകീഴിൽ എറണാകുളം ജില്ലയിലെ കടമ്പ്രയാറിനു കുറുകെയുള്ള ബ്രഹ്മപുരം പാലം കൊച്ചിവാട്ടർ മെട്രോ പദ്ധതിയുടെ ഭാഗമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യമായ വെർട്ടിക്കൽ ക്ലിയറൻസോടുകൂടി പുനർനിർമ്മിക്കാൻ 30 കോടി രൂപയുടെ

തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ ശാരങ്കകാവ് പാലം റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 22-10-2021-ൽ എഗ്രിമെന്റ്വച്ച് സൈറ്റ് കൈമാറിയിട്ടുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലൂടെ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, കെ.എസ്.ടി.പി. നടത്തിവരുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും പുരോഗതിയും അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

നിലവിലുള്ള ബ്രഹ്മപുരം പാലം 5 വർഷം പഴക്കമുള്ളതായതിനാൽ ഈ പാലത്തിന്റെ ഫൗണ്ടേഷനും സബ്സ്ട്രക്ചറും ഉപയോഗപ്പെടുത്തി പാലത്തിന്റെ ഉയരം കൂട്ടി നിർമ്മിക്കുന്നതിനായി 31-3-2021-ലെ സർക്കാർ തീരുമാനപ്രകാരം വിവിധ പ്രൊപ്പോസലുകൾ തയ്യാറാക്കുകയും ആയതനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുമുണ്ട്. കൂടാതെ നിലവിലുള്ള പാലത്തിന്റെ RCC Super Structure പൊളിച്ച് PSC Super Structure നിർമ്മിക്കുന്നതിലേയ്ക്കായി RKI-ൽ സമർപ്പിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ ശാരങ്കകാവ് പാലം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കെ.എസ്.ടി.പി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തികളിൽ പ്രകൃതിദുരന്തങ്ങളെ അതിജീവിക്കുന്ന തരത്തിലുള്ള നിർമ്മാണരീതിയാണോ ആസൂത്രണം ചെയ്തിരിക്കുന്നതെന്നും ഇതിനായി അവലംബിക്കുന്ന സാങ്കേതികവിദ്യകൾ ഏതൊക്കെയാണെന്നും അറിയിക്കാമോ?

പ്രകൃതിദുരന്തങ്ങളെ അതിജീവിക്കുന്ന തരത്തിലുള്ള റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ അവലംബിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പുനർ നിർമ്മാണത്തിന്റെ ഭാഗമായി പ്രളയംനിമിത്തം തകർന്ന റോഡുകളിൽ വസ്തുതകളുടെയും ആയതിന്റെ കാരണങ്ങളും വിശദമായി അപഗ്രഥിച്ച് അത്തരം നാശനഷ്ടങ്ങൾ ഭാവിയിൽ ഒഴിവാക്കുന്നതിനായി താഴെപ്പറയുന്ന ആധുനിക നിർമ്മാണരീതികൾ അനുയോജ്യമായ സാഹചര്യങ്ങൾക്ക് അനുസൃതമായി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെടുത്തിയിട്ടുണ്ട്. Soil Nailing techniques in construction Full Depth Reclamation Confinement Systems Permeable pavement construction Hydro Seeding എറണാകുളം ജില്ലയിലെ കടമ്പ്രയാറിനു കുറുകെയുള്ള ബ്രഹ്മപുരം പാലം നിർമ്മാണം- നിലവിലുള്ള പാലത്തിന്റെ ഉയരം കൂട്ടി നിർമ്മിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. അതിനാൽ മഴക്കെടുതിമൂലമുള്ള പ്രകൃതിദുരന്തത്തെ അതിജീവിക്കാൻ സാധിക്കുന്നതും ജലം ഒഴുകുന്നതിനുള്ള കൂടുതൽ vent way ലഭിക്കുന്നതുമാണ്. ആലപ്പുഴ ജില്ലയിൽ ശാരങ്കകാവ് പാലത്തിന് 2018-ലുണ്ടായ വെള്ളപ്പൊക്കത്തിലെ ഹൈ ഫ്ലഡ് ലെവലിൽനിന്നും 3 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസ് നൽകിയാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. വെള്ളപ്പൊക്കത്തിൽ മരങ്ങളും ചില്ലകളും മറ്റും അടിഞ്ഞുകൂടുന്നത് ഒഴിവാക്കുന്നതിനായി ആറിന്റെ മധ്യത്തിൽ 36 മീറ്റർ നീളമുള്ള സ്പാൻ നൽകിയിട്ടുണ്ട്.

**മാവേലിക്കര താലൂക്ക് ഓഫീസ്, ആയുർവ്വേദ ആശുപത്രി നിർമ്മാണ പ്രവർത്തനങ്ങൾ**

80 (6299) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്ക് ഓഫീസിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന്റെ ഡിസൈൻ, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവ അടിയന്തരമായി പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) മാവേലിക്കര താലൂക്ക് ഓഫീസ് നിർമ്മാണത്തിനായി ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് തയ്യാറാക്കിയിട്ടുണ്ട്. മണ്ണ് പരിശോധന പൂർത്തീകരിച്ച് പരിശോധനഫലം സ്ട്രക്ച്ചറൽ ഡിസൈൻ ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ചിരിക്കുകയാണ്. പ്രസ്തുത ജോലികൾ പുരോഗമിച്ചു വരികയാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) മാവേലിക്കര ആയുർവേദ ആശുപത്രിക്ക് ബഡ്ജറ്റിൽ അനുവദിച്ച 5 കോടി രൂപയുടെ നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ, സ്ട്രക്ചറൽ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവ തയ്യാറാക്കി അടിയന്തര ഭരണാനുമതിക്കുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(സി&ഡി) മാവേലിക്കര ഗവ.ആയുർവ്വേദ ആശുപത്രി നിർമ്മാണ സ്ഥലത്തിന്റെ ടോട്ടൽ സ്റ്റേഷൻ സർവ്വേ പൂർത്തീകരിച്ച് ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് ലഭിക്കുന്നതിനായി ആർക്കിടെക്ചർ വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട്. ഡ്രോയിംഗ് ലഭിച്ചാലുടനെ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പൊതുമരാമത്ത് പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റിംഗ്

81 (6300) ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ശശി:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് പ്രവൃത്തികൾ പരിശോധിക്കുന്നതിനായി ജനപ്രതിനിധികളെയും സാങ്കേതിക വിദഗ്ധരെയും ഉൾപ്പെടുത്തി അസംബ്ലി നിയോജകമണ്ഡലാടിസ്ഥാനത്തിലും തുടർന്ന് സംസ്ഥാന തലത്തിലും സോഷ്യൽ ഓഡിറ്റിംഗ് നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) നിർമ്മാണ പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നതിനും സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലും സോഷ്യൽ ഓഡിറ്റിംഗ് എത്രത്തോളം സഹായിക്കുമെന്ന് വ്യക്തമാക്കുമോ?

5-1-2018-ലെ ജി.ഒ.(എം.എസ്.) നമ്പർ1/2018/പൊ.മ.വ. പ്രകാരം പൊതുമരാമത്ത് ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ സമിതികളിൽ അതത് പ്രവൃത്തിസ്ഥലങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട സമിതികൾ പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായാണ് രൂപീകരിച്ചിട്ടുള്ളത്. എന്നാൽ തുടർ നടപടികളൊന്നും നടന്നില്ല. ആയതിനാൽ നിലവിൽ സമിതികൾ പുനഃക്രമീകരിച്ച് Social Auditing ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടി പ്രാരംഭഘട്ടത്തിലാണ്.

(സി) പ്രൈസ് സോഫ്റ്റ്‌വെയർ ഏർപ്പെടുത്തിയതിനുശേഷം പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം എത്രത്തോളം മെച്ചപ്പെട്ടിട്ടുണ്ടെന്നും ഇത് ഏതൊക്കെ വിധത്തിൽ ഗുണകരമായിട്ടുണ്ടെന്നും വിശദീകരിക്കുമോ?

PRICE Software ഏർപ്പെടുത്തിയതുവഴി എല്ലാ പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് തയ്യാറാക്കൽ മുതൽ അനുമതി നൽകൽ, ടെണ്ടർ ക്രമീകരണങ്ങൾ, കരാറിലേർപ്പെടൽ, പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കൽ തുടങ്ങി അളവുകൾ രേഖപ്പെടുത്തി ബിൽ പേയ്മെന്റ് വരെയുള്ള എല്ലാ നടപടികളും സുതാര്യമായും വേഗത്തിലും ഫലപ്രദമായും ചെയ്യുവാൻ സാധിക്കുന്നുണ്ട്. കൂടാതെ "കടലാസുരഹിത കാര്യാലയങ്ങൾ" പ്രാവർത്തികമാക്കുന്നതിലേയ്ക്കും വളരെയേറെ സഹായകമായിട്ടുണ്ട്.

(ഡി) ഇ-ടെണ്ടർ സംവിധാനം ഏർപ്പെടുത്തിയതിനുശേഷം നിർമ്മാണ പ്രവൃത്തികളുടെ നിർവ്വഹണത്തിൽ ഗുണപരമായ മാറ്റമുണ്ടായിട്ടുണ്ടോ; വിശദീകരിക്കുമോ?

ഇ-ടെണ്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ രജിസ്റ്റേർഡ് കരാറുകാർക്ക് എല്ലാംതന്നെ ഓൺലൈനായി ടെണ്ടറുകളെപ്പറ്റിയുള്ള വിവരങ്ങൾ അറിയുന്നതിനും ടെണ്ടറിൽ പങ്കെടുക്കുന്നതിനും സാധിക്കുന്നു. തന്നെയുമല്ല, ടെണ്ടറിൽ മത്സരസ്വഭാവം ഉറപ്പാക്കി ടെണ്ടർ നടപടികളിലെ അഴിമതി പൂർണ്ണമായും ഇല്ലാതാക്കുന്നതിനും സുതാര്യമാക്കുന്നതിനും സാധിക്കുകയും കൂടാതെ സർക്കാരിന് ലാഭകരമായ രീതിയിൽ ടെണ്ടർ അംഗീകരിക്കാനും കഴിയുന്നു.

(ഇ) ആധുനിക സംവിധാനങ്ങളുടെ സഹായത്തോടെയുള്ള വകുപ്പിന്റെ പ്രവർത്തനങ്ങൾ അഴിമതി കുറയ്ക്കുന്നതിന് സഹായിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളുടെ ഭരണാനുമതി, സാങ്കേതികാനുമതി, അളവുകൾ രേഖപ്പെടുത്തൽ, പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കൽ, ബിൽ തയ്യാറാക്കൽ, ടെണ്ടറുകളുടെ പ്രോസസ്സിംഗ്, വർക്ക് അവാർഡ്, കരാർ തയ്യാറാക്കൽ എന്നിവ ഉൾപ്പെടെയുള്ള വിവിധ തലങ്ങളിൽ PRICE Software കൊണ്ടുവന്നതിനാൽ നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പുവരുത്താനായിട്ടുണ്ട്. പ്രൈസ് സോഫ്റ്റ്‌വെയർ ഏർപ്പെടുത്തിയതുവഴി പ്രവൃത്തികളുടെ നടപടികൾ കാര്യക്ഷമമാക്കുവാനും ടെണ്ടർ, മെഷർമെന്റ്, ലെവൽസ്, റിവൈസ്ഡ് എസ്റ്റിമേറ്റ്, ബിൽ എന്നിവ സമയബന്ധിതമായി തയ്യാറാക്കുന്നതിനും നടപടികൾ ഏകീകരിക്കുന്നതിനും സഹായിച്ചിട്ടുണ്ട്. പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന ഇ-മെഷർമെന്റ് ബുക്കിൽ യഥാസമയം കൃത്യമായ അളവുകൾ നിർബന്ധമായും രേഖപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റും ബില്ലും

തയ്യാറാക്കുന്നതിനാൽ കരാറുകാരുടെ ബില്ലുമായി ബന്ധപ്പെട്ടുള്ള അഴിമതി കുറയ്ക്കുന്നതിന് വളരെയധികം സഹായകരമായിട്ടുണ്ട്. കരാറുകാരുടെ ബിൽ പരിശോധിച്ചശേഷം പേമെന്റ് സീനിയോറിറ്റി നിശ്ചയിക്കുന്നത് EMLI എന്ന സോഫ്റ്റ്‌വെയർ സംവിധാനം വഴിയാണ്. ഓഫീസ് പ്രവർത്തനങ്ങൾ അഴിമതിരഹിതവും വേഗത്തിലുമാക്കുന്നതിനായി ഇ-ഓഫീസ്, PRISM സംവിധാനങ്ങൾ നടപ്പിലാക്കിവരുന്നു. ആഭ്യന്തര വിജിലൻസ് സംവിധാനത്തെ സുശക്തമാക്കിക്കൊണ്ട് വകുപ്പിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഉയരുന്ന പരാതികൾ യഥാസമയം ഫലപ്രദമായി അന്വേഷിച്ച് പ്രവൃത്തികളുടെ ഗുണനിലവാരം ഉൾപ്പെടെ പരിശോധിച്ച് വീഴ്ചകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

## റോഡുകളുടെ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതി

82 (6301) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും വിശദമാക്കാമോ;

(സി) എത്ര കിലോമീറ്റർ റോഡാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ?

(എ-സി) റോഡുകളുടെ ഗുണനിലവാരം ഉയർത്തുന്നതിനായി ആധുനിക സാങ്കേതികവിദ്യകൾ പൊതുമരാമത്ത് വകുപ്പ് ഉപയോഗിച്ചുവരുന്നുണ്ട്. കൂടുതൽ കാലം ഈട് നിൽക്കുന്ന ബി.എം. & ബി.സി. റോഡുകളാണ് പൊതുമരാമത്ത് വകുപ്പ് മുഖ്യമായി നിർമ്മിക്കുന്നത്. ആധുനിക സാങ്കേതിക വിദ്യകളായ വൈറ്റ് ടോപ്പിംഗ്, ഫുൾഡെപ്ത് റിക്ലമേഷൻ എന്നിവ അനുയോജ്യമായ എല്ലാ പ്രവൃത്തികളിലും ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിരത്ത് വിഭാഗത്തിന് കീഴിലെ എല്ലാ റോഡുകളും ബി.എം. & ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേയ്ക്കായി ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. ടാറിംഗിലെ നൂതന സാങ്കേതികവിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ

കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്. കൂടാതെ അത്യാധുനിക സാങ്കേതികവിദ്യയായ മില്ലിംഗ് ആൻഡ് റീസൈക്ലിംഗ് ഉപയോഗിച്ച് ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിക്കുന്നുണ്ട്. ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് ദേശീയപാതയുടെ ഉപരിതലം പുതുക്കി 107.70 കിലോമീറ്റർ നീളത്തിൽ നിർമ്മിച്ചിട്ടുണ്ട്. റോഡ് നിർമ്മാണത്തിൽ ടാറിനൊപ്പം പ്ലാസ്റ്റിക്, റബ്ബർ എന്നിവ ചേർത്ത് ബിറ്റുമിൻ ഉപയോഗിച്ച് ടാറിംഗ് നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിലേയ്ക്കായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം ഒരു നിശ്ചിത അളവ് പ്ലാസ്റ്റിക് മാലിന്യങ്ങൾ നഗരപരിധിയിലുള്ള 50 കി.മീ. ചുറ്റളവിനകത്ത് വരുന്ന ദേശീയപാതകളുടെ റീസർഫസിംഗിൽ ഉപയോഗിക്കുന്ന ബിറ്റുമിനസ് ഹോട്ട് മിക്സിൽ ചേർക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിൽ 2018-19 സാമ്പത്തിക വർഷം സി.ആർ.എഫ്. അംഗീകാരം ലഭിച്ച 56 പ്രവൃത്തികൾക്കും 2019-20, 2020-21 എന്നീ വർഷങ്ങളിൽ അംഗീകാരം ലഭിച്ച ഉപരിതലം പുതുക്കൽ/ബലപ്പെടുത്തൽ പ്രവൃത്തികൾക്കും നിശ്ചിത ദൈർഘ്യം സ്ട്രെച്ചുകളുടെ ബി.സി. പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് കലർത്തി നടപ്പിലാക്കുന്നുണ്ട്. ദേശീയപാതാ വിഭാഗത്തിനുകീഴിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് 102.34 കി.മീ. റോഡ് ടാർ ചെയ്തിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ ദേശീയപാതാ വികസനം

83 (6302) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ദേശീയപാതാ വികസനത്തിനുള്ള സ്ഥലം ഏറ്റെടുക്കൽ പൂർത്തീകരിച്ചുകഴിഞ്ഞോയെന്ന് വ്യക്തമാക്കുമോ?

പൂർത്തീകരിച്ചിട്ടില്ല. സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.

(ബി) ഏതൊക്കെ റീച്ചുകൾ എന്നത്തേയ്ക്ക് പ്രവൃത്തി ആരംഭിക്കുമെന്ന് അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ തലപ്പാടി-ചെങ്ങള, ചെങ്ങള– നീലേശ്വരം, നിലേശ്വരം-തളിപ്പറമ്പ് സ്ട്രെച്ചുകളിലെ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്. പ്രവൃത്തി തുടങ്ങുന്നതിന് മുന്നോടിയായി മരം മുറിച്ചുമാറ്റൽ, കെ.എസ്.ഇ.ബി.എൽ, വാട്ടർ അതോറിറ്റി എന്നിവരുടെ utility shifting എന്നീ പ്രവൃത്തികൾ പുരോഗമിക്കുന്നു.

## റസ്റ്റ് ഹൗസുകളുടെ ആധുനികവത്കരണം

84 (6303) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് കീഴിൽ എത്ര റസ്റ്റ് ഹൗസുകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് കീഴിൽ 153 റസ്റ്റ് ഹൗസുകൾ പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ച് ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) റസ്റ്റ് ഹൗസുകൾ ആധുനികവത്കരിക്കുന്നതിനും ഇവയുടെ പ്രയോജനം കൂടുതലായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ടൂറിസം സ്പോട്ടുകളിലും കൂടുതൽ സന്ദർശകർ എത്തുന്ന ഇടങ്ങളിലും ഉന്നത നിലവാരത്തിലുള്ള റസ്റ്റ് ഹൗസുകൾ സ്ഥാപിച്ച് കൂടുതൽ വരുമാനമുണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ബി&സി) റസ്റ്റ് ഹൗസുകൾ ആധുനികവത്കരിക്കുന്നതിന്റെയും ഇവയുടെ പ്രയോജനം കൂടുതലായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന്റെയും ഭാഗമായി എല്ലാ റസ്റ്റ് ഹൗസുകളും പൊതുജനങ്ങൾക്ക് എളുപ്പം പ്രാപ്യമാകുന്നതിനുവേണ്ടി 2021 നവംബർ ഒന്നാം തീയതി മുതൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി resthousepwd.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന പൊതുജനങ്ങൾക്കും റൂമുകൾ ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്. റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി അവയെ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ടൂറിസം മേഖലയിലെ സാദ്ധ്യത കണക്കിലെടുത്ത് സ്ഥലസൗകര്യമുള്ള തെരഞ്ഞെടുക്കപ്പെട്ട 25 റസ്റ്റ് ഹൗസുകളെ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തി നവീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ കെ.ടി.ഡി.സി. മാനേജിംഗ് ഡയറക്ടറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി ഫോർട്ട് കൊച്ചി റസ്റ്റ് ഹൗസ് നവീകരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റസ്റ്റ് ഹൗസുകളിൽ നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ടൂറിസം വികസനത്തിന് അനുയോജ്യമാകുംവിധം കുറഞ്ഞ ചെലവിൽ നവീകരിച്ച് പരിപാലിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. ഇതിലൂടെ റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സാധിക്കുന്നതാണ്. കൂടാതെ വരുമാന വർദ്ധനവും ലക്ഷ്യമിടുന്നു. വിനോദസഞ്ചാരികൾക്ക് താമസസൗകര്യം ഏർപ്പെടുത്തുന്നതിനായി ടൂറിസം സാദ്ധ്യതാ മേഖലകളിലെ തെരഞ്ഞെടുക്കപ്പെട്ട റസ്റ്റ് ഹൗസുകൾ പൊതുമരാമത്ത് വകുപ്പ് ചീഫ് ആർക്കിടെക്റ്റിന്റെ നേതൃത്വത്തിൽ പരിശോധന നടത്തി സമ്പൂർണ്ണ വികസനത്തിനായുള്ള പദ്ധതി തയ്യാറാക്കി വരുന്നു.

(ഡി) നിലവിലുള്ള റസ്റ്റ് ഹൗസുകളുടെ തൽസ്ഥിതി പരിശോധിക്കുന്നതിനും വൃത്തിഹീനമായിക്കിടക്കുന്നവ വൃത്തിയാക്കി മോടിപിടിപ്പിച്ച് കൂടുതൽ ജനങ്ങളെ ആകർഷിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിലുള്ള റസ്റ്റ് ഹൗസുകളുടെ തൽസ്ഥിതി പരിശോധിക്കുന്നതിനും വൃത്തിഹീനമായിക്കിടക്കുന്നവ വൃത്തിയായി മോടിപിടിപ്പിച്ച് ജനങ്ങളെ കൂടുതൽ ആകർഷിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിനും എല്ലാ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ റസ്റ്റ് ഹൗസുകളും ദിനംപ്രതി തൽസ്ഥിതി പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. റസ്റ്റ് ഹൗസുകൾ മോടിപിടിപ്പിക്കുന്ന പ്രവർത്തനങ്ങൾ ആവശ്യാനുസരണം നടപ്പിലാക്കിയും വരുന്നുണ്ട്.

**മാടായി റസ്റ്റ് ഹൗസ്**

85 (6304) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പഴയങ്ങാടിയിൽ സ്ഥിതിചെയ്യുന്ന മാടായി റസ്റ്റ് ഹൗസ് നവീകരിക്കുന്നതിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ ജില്ലയിലെ മാടായി റസ്റ്റ് ഹൗസിന്റെ പുതിയ കെട്ടിടത്തിന് വേണ്ടിയുള്ള എസ്റ്റിമേറ്റ് 2021-22 സാമ്പത്തിക വർഷത്തിൽ പരിഗണിക്കുന്നതിനായി ഭരണാനുമതിക്കായി സമർപ്പിക്കാൻ കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ബേക്കൽ കോട്ടയിലെ റസ്റ്റ് ഹൗസ്

86 (6305) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ കോട്ടയ്ക്കുള്ളിൽ പൊതുമരാമത്ത് വകുപ്പിന് എത്ര ഏക്കർ സ്ഥലമുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

ബേക്കൽ കോട്ടയ്ക്കകത്ത് പൊതുമരാമത്ത് വകുപ്പിന് 3.52 ഏക്കർ സ്ഥലം കൈവശമുള്ളതിൽ റസ്റ്റ് ഹൗസ് കെട്ടിടങ്ങളും അവ സ്ഥിതി ചെയ്യുന്ന 20 സെന്റ് സ്ഥലവും 2006-ൽ ടൂറിസം വകുപ്പിന് കൈമാറിയിട്ടുണ്ട്.

(ബി) ഈ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന റെസ്റ്റ് ഹൗസ് പൊട്ടിപ്പൊളിഞ്ഞ് നിലംപൊത്താറായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

റസ്റ്റ് ഹൗസ് കെട്ടിടം പൊളിഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എങ്കിൽ പ്രസ്തുത സ്ഥാപനം നശിക്കാതെ സംരക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

കൈമാറിയതിനാൽ ടൂറിസം വകുപ്പ് നടപടി സ്വീകരിക്കുന്നതാണ്.

## റസ്റ്റ് ഹൗസുകളിൽ പൊതുജനങ്ങൾക്ക് മുറികൾ

87 (6306) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകൾ എത്രയെന്ന് എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഓരോ റസ്റ്റ് ഹൗസിലെയും മുറികളുടെ എണ്ണമെത്രയെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 153 റസ്റ്റ്ഹൗസുകൾ ഉണ്ട്. ജില്ല തിരിച്ച് എണ്ണം അനുബന്ധം- 1 ആയും ഓരോ റസ്റ്റ് ഹൗസുകളിലെയും മുറികളുടെ എണ്ണം അനുബന്ധം -2 ആയും ചേർക്കുന്നു.*

(ബി) റസ്റ്റ് ഹൗസ് പരിസരം പരിസ്ഥിതി സൗഹൃദവും വൃത്തിയുള്ളതുമായി മാറ്റുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റസ്റ്റ് ഹൗസ് പരിസരം പരിസ്ഥിതി സൗഹൃദവും വൃത്തിയുള്ളതുമായി മാറ്റുന്നതിന് ഗ്രീൻ കാമ്പസ് പ്രോഗ്രാം ആവിഷ്കരിച്ചിട്ടുണ്ട്. 2021 ഒക്ടോബർ 2-ാം തീയതി എല്ലാ റസ്റ്റ് ഹൗസുകളിലും ഹരിതദിനമായി ആചരിക്കുകയും കുടുംബശ്രീ, MGNREGA എന്നിവയുമായി ചേർന്ന് റസ്റ്റ് ഹൗസുകളുടെ പരിസരം ശുചീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്നും ഇടതടവില്ലാതെ ഈ ശുചീകരണം നടത്തുന്നതിലേയ്ക്കായി MGNREGA, കുടുംബശ്രീ എന്നിവയുമായി സഹകരിച്ച് സ്ഥിരം സംവിധാനം നടപ്പിലാക്കുന്നതിനായുള്ള പദ്ധതി പരിഗണനയിലാണ്.

(സി) ടൂറിസം മേഖലകളിലെ റസ്റ്റ് ഹൗസുകളിൽ മുറികളുടെ എണ്ണം വർദ്ധിപ്പിച്ച് പൊതുജനങ്ങൾക്ക് മുറികൾ അനുവദിച്ചുകൊണ്ട് വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ടൂറിസം മേഖലകളിലെ റസ്റ്റ് ഹൗസുകൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി കെ.ടി.ഡി.സി. മാനേജിംഗ് ഡയറക്ടറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഫോർട്ട് കൊച്ചി റസ്റ്റ് ഹൗസിനെ പൈലറ്റ് പ്രോജക്ട് ആയി നവീകരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. മറ്റ് റസ്റ്റ്ഹൗസുകൾ കൂടി ടൂറിസം വികസനത്തിന് ഉതകുന്ന രീതിയിൽ നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു. വർക്കല, കുണ്ടറ എന്നിവിടങ്ങളിൽ പുതിയ റെസ്റ്റ്ഹൗസുകളുടെ നിർമ്മാണ പ്രവർത്തനം നടന്നുവരികയാണ്.

**കോട്ടയ്ക്കൽ മണ്ഡലത്തിലെ റസ്റ്റ് ഹൗസ് നവീകരണം**

88 (6307) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ചങ്കുവെട്ടി കോട്ടയ്ക്കൽ റസ്റ്റ്ഹൗസ്, കുറ്റിപ്പുറം റസ്റ്റ് ഹൗസ് എന്നിവ പുനരുദ്ധരിക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

കോട്ടയ്ക്കൽ ചങ്കുവെട്ടി റസ്റ്റ് ഹൗസിന്റെ പുതിയ കെട്ടിട നിർമ്മാണത്തിൽ ആർക്കിടെക്ചറൽ ഡ്രോയിംഗ് തയ്യാറാക്കി വരുന്നു. കുറ്റിപ്പുറം റസ്റ്റ് ഹൗസിന്റെ പുനരുദ്ധാരണത്തിനുള്ള പ്രൊപ്പോസൽ നിലവിലില്ല.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്ക് ക്വാർട്ടേഴ്സ്

89 (6308) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ക്വാർട്ടേഴ്സ് അനുവദിച്ചു നൽകിയിട്ടുണ്ട്; ഏതൊക്കെ ക്വാർട്ടേഴ്സ് ആണ് അനുവദിച്ചതെന്നും ആർക്കൊക്കെയാണ് ഇപ്രകാരം അനുവദിച്ചു നൽകിയതെന്നും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 140 പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്ക് ക്വാർട്ടേഴ്സ് അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഒഴിവ് വന്ന മുറയ്ക്ക് 73 പേർക്ക് ക്വാർട്ടേഴ്സ് അനുവദിച്ച് തിരുവനന്തപുരം ജില്ലാ കളക്ടർ നടപടിക്രമം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

## കൊണ്ടോട്ടിയിൽ പൊതുമരാമത്ത് ഡിവിഷൻ ഓഫീസ്

90 (6309) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ, കെട്ടിടങ്ങൾ എന്നീ വിഭാഗങ്ങൾ ഏതെല്ലാം ഡിവിഷന്റെ കീഴിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കൊണ്ടോട്ടി പൊതുമരാമത്ത് നിരത്തുകൾ വിഭാഗം മഞ്ചേരി നിരത്ത് ഡിവിഷനു കീഴിലും കെട്ടിട വിഭാഗം മലപ്പുറം കെട്ടിട ഡിവിഷനു കീഴിലുമാണ് പ്രവർത്തിച്ചുവരുന്നത്.

(ബി) ഈ ഡിവിഷനുകൾക്ക് കീഴിൽ ഏതെല്ലാം നിയോജകമണ്ഡലങ്ങളുടെ ഭാഗങ്ങൾ വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

മഞ്ചേരി നിരത്ത് ഡിവിഷൻ, മലപ്പുറം കെട്ടിട ഡിവിഷൻ എന്നിവയുടെ കീഴിൽ കൊണ്ടോട്ടി, ഏറനാട്, നിലമ്പൂർ, വണ്ടൂർ, മഞ്ചേരി, പെരിന്തൽമണ്ണ, മങ്കട, മലപ്പുറം, വേങ്ങര, വള്ളിക്കുന്ന്, തിരൂരങ്ങാടി, താനൂർ, തിരൂർ, കോട്ടയ്ക്കൽ, തവനൂർ, പൊന്നാനി എന്നീ നിയോജക മണ്ഡലങ്ങളുടെ ഭാഗങ്ങൾ ഉൾപ്പെടുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രവർത്തന സൗകര്യാർത്ഥം കൊണ്ടോട്ടിയിൽ പൊതുമരാമത്ത് നിരത്തുകൾക്കും കെട്ടിടവിഭാഗത്തിനും പുതിയ ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിൽ നിരത്ത് വിഭാഗം, കെട്ടിട വിഭാഗം എന്നിവയ്ക്ക് ഡിവിഷനുകൾ നിലവിലുണ്ട്. ആയതിനാൽ പുതിയ ഡിവിഷൻ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കൊല്ലം-തേനി ദേശീയപാതയിലെ അപകടസാദ്ധ്യതയേറിയ പ്രദേശങ്ങൾ

91 (6310) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-തേനി ദേശീയപാത കടന്നുപോകുന്ന മാവേലിക്കര നിയോജക മണ്ഡലത്തിലെ ഗുരുനാഥൻകുളങ്ങര, പാറക്കുളങ്ങര, കൊച്ചാലുംമൂട് എന്നീ പ്രദേശങ്ങളിലെ അപകടസാദ്ധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കൊല്ലം-തേനി ദേശീയപാത കടന്നുപോകുന്ന മാവേലിക്കര നിയോജകമണ്ഡലത്തിലെ ഗുരുനാഥൻകുളങ്ങര, പാറക്കുളങ്ങര എന്നീ പ്രദേശങ്ങളിലെ അപകടസാദ്ധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കൊച്ചാലുംമൂട് അപകടസാദ്ധ്യതാ പ്രദേശമാണെന്നുള്ള റിപ്പോർട്ടുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത പ്രദേശങ്ങൾ അപകടമുക്തമാക്കുവാൻ ദേശീയപാതാ വിഭാഗവും റോഡ് സുരക്ഷാ വിഭാഗവും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

Strengthening and Geometric Improvements from Km.23/500 to 53/500 (Excluding Km. 50/300 to 51/500) of NH 183 Under Annual Plan 2019-20 on EPC mode എന്ന പ്രവൃത്തിയിൽ ഗുരുനാഥൻകുളങ്ങര, പാറക്കുളങ്ങര എന്നീ സ്ഥലങ്ങളിൽ അത്യാവശ്യമുള്ള Traffic safety measures സ്വീകരിച്ചിട്ടുണ്ട്. പാറക്കുളങ്ങരയിലെ വളവ് പൂർണ്ണമായും നിവർത്തി വീതികൂട്ടുന്നതിന് ഭൂമി ഏറ്റെടുക്കേണ്ടതായുണ്ട്. ആയത് ദേശീയപാത 183-ൽ പേവ്ഡ് ഷോൾഡറോടുകൂടി രണ്ടുവരി പാതയാക്കുന്നതിന് DPR-ൽ ഉൾപ്പെടുത്തി ചെയ്യുന്നതാണ്.

(സി) കൊച്ചാലുംമൂട് ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കൊച്ചാലുംമൂട് ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് കെൽട്രോണിൽനിന്നും ലഭ്യമാക്കുന്നതിനും ആയതിന് റോഡ് സേഫ്റ്റി ഫണ്ട് അനുവദിക്കുന്നതിനുമായി ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കണ്ണൂർ ജില്ലയിലെ തീരദേശ ഹൈവേ

92 (6311) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ തീരദേശ ഹൈവേയുടെ ഏതെല്ലാം റീച്ചുകൾക്കാണ് കിഫ്ബിയുടെ ധനാനുമതി ലഭിച്ചത്; എപ്പോഴാണ് ധനാനുമതി ലഭിച്ചതെന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

കണ്ണൂർ ജില്ലയിൽ തീരദേശ ഹൈവേയുടെ ഭാഗമായ പാലക്കോട് മുതൽ കുന്നരു സിറ്റി (പയ്യന്നൂർ മണ്ഡലം) വരെയുള്ള 4.6 കി.മീ. റോഡിന് 30-10-2020-ൽ സ്ഥലമേറ്റെടുക്കുന്നതുൾപ്പെടെ 34.71 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ കെ.ആർ.എഫ്.ബി.-പി.എം.യു. കണ്ണൂർ ഡിവിഷൻ കൈക്കൊണ്ടുവരുന്നു. സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയായ ശേഷം സാങ്കേതിക അനുമതിക്കുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കി ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനയ്ക്കുശേഷം സാങ്കേതിക അനുമതി നൽകുന്നതാണ്.

(ബി) ഡി.പി.ആർ. തയ്യാറാകാത്ത റീച്ചുകളുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; ഡി.പി.ആർ. ധനാനുമതിക്കായി എപ്പോൾ സമർപ്പിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

കണ്ണൂർ ജില്ലയിലെ തീരദേശ ഹൈവേ തുടങ്ങുന്ന മാഹി പാലം മുതൽ പാണ്ഡ്യാലക്കടവ് വരെയുള്ള 64.5 കി.മീറ്ററിൽ 4.6 കി.മീറ്ററിന് കിഫ്ബിയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഇതിനുപുറമെ NHAI-യുടെ പോർട്ട് കണക്റ്റിവിറ്റി പദ്ധതിയിൽ ഉൾപ്പെടുന്ന 18.9 കി.മീ. ഭാഗവും ഒഴികെയുള്ള 45.6 കി.മീ. ഭാഗത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് RFP ക്ഷണിക്കുകയും സാങ്കേതിക പരിശോധനയ്ക്കു ശേഷം 30-10-2021-ന് Financial Bid തുറക്കുകയും ചെയ്തു. തുടർന്ന് കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഡി.പി.ആർ. തയ്യാറാക്കുന്നതിന് കൺസൾട്ടൻസിക്ക് 24 ആഴ്ചയാണ് സമയപരിധി നിശ്ചയിച്ചിട്ടുള്ളത്. നിശ്ചയിച്ച സമയപരിധിക്കുള്ളിൽ ഡി.പി.ആർ. ലഭ്യമാക്കി സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്.

(സി) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ തീരദേശ ഹൈവേയുടെ ഭാഗമായി വരുന്ന പാലങ്ങളുടെ നിലവിലെ അവസ്ഥ അറിയിക്കാമോ; പ്രവൃത്തി എപ്പോൾ ടെണ്ടർ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

പയ്യന്നൂർ നിയോജകമണ്ഡലത്തിൽ തീരദേശ ഹൈവേയുടെ ഭാഗമായി രണ്ട് പാലങ്ങളാണുള്ളത്.

1) പയ്യന്നൂർ മണ്ഡലത്തെയും കല്ല്യാശ്ശേരി മണ്ഡലത്തെയും ബന്ധിപ്പിക്കുന്ന നീരോഴുക്കുംചാൽ പാലം.

2) പയ്യന്നൂർ മണ്ഡലത്തെയും തൃക്കരിപ്പൂർ മണ്ഡലത്തെയും ബന്ധിപ്പിക്കുന്ന രണ്ടു തെങ്ങു പാലം (പാണ്ഡ്യാലക്കടവ് പാലം).

മേൽപ്പറഞ്ഞ രണ്ട് പാലങ്ങളിൽ നീരെഴുക്കുംചാൽ പാലത്തിന്റെ ഡി.പി.ആർ. തെരഞ്ഞെടുക്കുന്ന കൺസൾട്ടന്റ് മുഖേന തയ്യാറാക്കുന്നതാണ്. രണ്ടുതെങ്ങു പാലത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നത് കെ.ആർ.എഫ്.ബി.-പി.എം.യു. കാസർഗോഡ് ഡിവിഷനാണ്. രണ്ടു തെങ്ങു പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി ഡിസൈൻ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഡിസൈൻ പൂർത്തിയായി ഡ്രോയിംഗ് ലഭിക്കുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കുന്നതാണ്. പ്രസ്തുത പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കി ലഭിക്കുന്ന മുറയ്ക്ക് കിഫ്ബിക്ക് സാമ്പത്തികാനുമതിക്കായി സമർപ്പിക്കുന്നതാണ്.

**കോഴിക്കോട്-ബംഗളൂരു ദേശീയപാത**

93 (6312) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉള്ളേ്യരി, കുറ്റ്യാടി, മാനന്തവാടി വഴി കോഴിക്കോട്-ബംഗളൂരു ദേശീയപാത നിർമ്മിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

മൈസൂർ-മലപ്പുറം ദേശീയപാതയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ദേശീയപാത അതോറിറ്റി കൺസൾട്ടന്റിനെ നിയോഗിച്ചിട്ടുണ്ട്. പാതയുടെ അലൈൻമെന്റ് നിർണ്ണയം പൂർത്തിയായിട്ടില്ല.

## പെരുമ്പാവൂർ മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

94 (6313) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ മണിപ്പാറ വെള്ളച്ചാട്ടം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ?

പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

(ബി) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ കല്ലിൽ ഗുഹാക്ഷേത്രത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ ടൂറിസം പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാന സർക്കാരിന്റെ കീഴിൽ വിനോദസഞ്ചാര പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നേരിട്ട് സ്ഥല സന്ദർശനം നടത്തി ടി ക്ഷേത്രത്തിന്റെ പ്രാധാന്യവും വിനോദസഞ്ചാര സാദ്ധ്യതയും ബോധ്യപ്പെട്ടിട്ടുള്ളതാണ്. ക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലവുമായി ബന്ധപ്പെട്ട രേഖകൾ ലഭിക്കുന്നതിനായി അമ്പല ഭരണസമിതിയുമായി ബന്ധപ്പെട്ടിട്ടുണ്ട്. ബഹു. എം.എൽ.എ. ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി കല്ലിൽ ഗുഹാ ക്ഷേത്രത്തിൽ അടിസ്ഥാനസൗകര്യ വികസനം നടപ്പിലാക്കുന്നതിനായി വിനോദസഞ്ചാര വകുപ്പിന്റെ എംപാനൽഡ് ആർക്കിടെക്ട് പ്രതിനിധികളുമൊത്ത് സ്ഥല സന്ദർശനം നടത്തി പ്രാഥമിക കോൺസെപ്റ്റ് നോട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ ഏതൊക്കെ പദ്ധതികളാണ് കേന്ദ്ര സർക്കാരിന്റെ പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

ബഹു. എം.എൽ.എ. ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുന്നതിനായി പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ താഴെപ്പറയുന്ന ഏഴ് ആരാധനാലയങ്ങളെ കോർത്തിണക്കി വിനോദസഞ്ചാര വകുപ്പിന്റെ എംപാനൽഡ് ആർക്കിടെക്ട് മുഖേന പ്രാഥമിക കോൺസെപ്റ്റ് നോട്ട് തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

1. സൗത്ത് വല്ലം ജുമാ മസ്ജിദ്, വല്ലം

2. സെന്റ് തെരേസാസ് ഫോറയ്ൻ ചർച്ച്, വല്ലം

3. കൃഷ്ണ ടെമ്പിൾ, ചേലാമറ്റം

4. സെന്റ് മേരീസ് ജേക്കബൈറ്റ് സിറിയൻ കത്തീഡ്രൽ, കുറുപ്പംപടി

5. കല്ലിൽ ഭഗവതി ക്ഷേത്രം, കല്ലിൽ

6. ഇരിങ്ങോൾ കാവ്

7. കീഴില്ലം മഹാദേവ ക്ഷേത്രം

(ഡി) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളായ കോടനാട് ആന പരിശീലന കേന്ദ്രം, അഭയാരണ്യം-കപ്രിക്കാട്, ഇരിങ്ങോൽക്കാവ്, ഒക്കൽത്തുരുത്ത് തുടങ്ങിയവയുടെ നവീകരണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ടി കേന്ദ്രങ്ങളിൽ നിലവിൽ പദ്ധതികളൊന്നും തന്നെ ഇല്ല.

**വടകര മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

95 (6314) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന ഗ്രീൻ കാർപ്പറ്റ് വടകര, സാൻഡ് ബാങ്ക് വടകര എന്നീ പദ്ധതികൾക്കായി എത്ര രൂപ വീതമാണ് വകയിരുത്തിയിട്ടുള്ളത്; ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഗ്രീൻ കാർപ്പറ്റ്-റെനൊവേഷൻ ഓഫ് വടകര, സാൻഡ് ബീച്ച് എന്ന പദ്ധതിക്കായി 99,34,546 (തൊണ്ണൂറ്റിയൊമ്പത് ലക്ഷത്തി മുപ്പത്തിനാലായിരത്തി അഞ്ഞൂറ്റി നാല്പത്തിയാറ് രൂപ) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ നിലവിൽ ഏതു ഘട്ടത്തിലാണ്; പ്രസ്തുത പദ്ധതികളുടെ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പദ്ധതി പൂർത്തീകരിച്ചു. സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി ഉദ്ഘാടനം 2020 ഒക്ടോബർ 22-ാം തീയതി നിർവ്വഹിച്ചു. ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ടൂറിസം മേഖലയിലെ മാറ്റങ്ങൾ

96 (6315) ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ടൂറിസം മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ പരമാവധി പ്രകൃതി സൗഹൃദമായി ചെയ്യുവാനും പ്രകൃതി സൗഹൃദമായ നിർമ്മാണ സാമഗ്രികൾ ഉപയോഗിക്കുവാനും പ്രളയം ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങൾ ഒരു പരിധിവരെയെങ്കിലും അതിജീവിക്കാൻ ഉതകുന്ന രീതിയിലുള്ള പ്രവൃത്തികൾ ചെയ്യുവാനും വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്.

(ബി) ടൂറിസം ഡെസ്റ്റിനേഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ പരിസ്ഥിതി സൗഹൃദമായി മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ടൂറിസം ഡെസ്റ്റിനേഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) വിനോദസഞ്ചാര മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

സമൂഹത്തിലെ സാധാരണക്കാരായ ജനങ്ങൾക്ക് ടൂറിസവുമായി ബന്ധപ്പെട്ട് പ്രത്യക്ഷമായും പരോക്ഷമായും തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഉത്തരവാദിത്വ ടൂറിസം മിഷൻ മുഖേന ചെയ്തുവരുന്നത്. ഇതിന്റെ ഭാഗമായി പ്രാദേശിക കലാരൂപങ്ങളും കലാപ്രവർത്തകരും, കരകൗശല വസ്തുക്കളും അവയുടെ നിർമ്മാതാക്കളും, പരമ്പരാഗത തൊഴിലുകളും ആ തൊഴിലുകൾ ചെയ്യുന്നവരും പ്രാദേശികഭക്ഷ്യ വിഭവങ്ങളും എന്നിങ്ങനെ കേരള സംസ്കാരത്തിന്റെ ഭാഗമായതും ടൂറിസവുമായി വിവിധ തരത്തിൽ ബന്ധപ്പെടുത്താവുന്ന എല്ലാക്കാര്യങ്ങളും കൾച്ചറൽ എക്സ്പീരിയൻസ് പാക്കേജുകൾ, ഫെസ്റ്റിവൽ പാക്കേജുകൾ, എക്സ്പീരിയൻസ് ലോക്കൽ/എത്തിക് ക്യുസീൻ നെറ്റ്‌വർക്ക്, കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക് എന്നിങ്ങനെ വിവിധ പദ്ധതികൾ വഴി നിലവിലുള്ള ഉപജീവനമാർഗ്ഗങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ട് ടൂറിസത്തിലൂടെ അധിക വരുമാനവും പ്രാദേശിക തൊഴിലും ലഭ്യമാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടത്തി വരുന്നു. ഇതിനായുള്ള വിവിധ പരിശീലനങ്ങൾ ഓൺലൈൻ ആയും ഓഫ് ലൈൻ ആയും മിഷൻ നടത്തുന്നുണ്ട്.

## ഐകോണിക് ടൂറിസ്റ്റ് സെന്ററുകൾ

97 (6316) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമാനത്താവളങ്ങളിൽ ടൂറിസം ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഇവിടെ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്?

കേരളത്തിലെ എല്ലാ വിമാനത്താവളങ്ങളിലും നിലവിൽ ടൂറിസ്റ്റ് ഇൻഫർമേഷൻ കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ട്. വിമാനത്താവളങ്ങളിൽ വന്നിറങ്ങുന്ന സഞ്ചാരികൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുകയാണ് ഇപ്പോൾ ചെയ്തുവരുന്നത്. വിമാനത്താവളങ്ങളിൽ ടൂറിസം ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

(ബി) ഐകോണിക് ടൂറിസ്റ്റ് സെന്ററുകൾ കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുമെന്ന് വിദഗ്ദ്ധർ വിലയിരുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഐകോണിക് ടൂറിസ്റ്റ് സെന്ററുകൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ടൂറിസ്റ്റ് സെന്ററുകൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

20 ഐകോണിക് ടൂറിസം സെന്ററുകളിൽ സമഗ്ര സൗകര്യങ്ങളോടെയുള്ള ടൂറിസം ഹബ്ബ് സ്ഥാപിക്കുവാനുള്ള നിർദ്ദേശം വകുപ്പിന്റെ പരിഗണനയിലുണ്ട്.

## ആറ്റിങ്ങൽ മണ്ഡലത്തിലെ കടലുകാണി ടൂറിസം പദ്ധതി

98 (6317) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിലെ കാരേറ്റ് കടലുകാണി ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ടമായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നത്; നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

കടലുകാണി ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ താഴെ പറയുന്ന ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ലാൻഡ്സ്കേപ്പിംഗ് & ഹോർട്ടികൾച്ചറൽ വർക്ക്സ്, സിവിൽ വർക്ക്സ്, ഇലക്ട്രിക്കൽ വർക്ക്സ്, വാട്ടർ സപ്ലൈ & സാനിറ്ററി വർക്ക്സ്, ഫയർ ഫൈറ്റിംഗ് സെക്യൂരിറ്റി സിസ്റ്റംസ് & ആക്സസ് കൺട്രോൾ, ചിൽഡ്രൻസ് പ്ലേ എക്യുപ്മെന്റ്സ് പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചു. നിലവിൽ സൈറ്റ് ഡെവലപ്മെന്റ് വർക്കിന്റെ പ്രവൃത്തി നടന്നുവരുന്നു.

## ടൂറിസം വകുപ്പ് മുഖേന വാങ്ങിയ വാഹനങ്ങൾ

99 (6318) ശ്രീ. പി. ടി. തോമസ്:

ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം വകുപ്പ് മുഖേന വാങ്ങിയ വാഹനങ്ങളുടെ എണ്ണം എത്രയാണെന്നും ഏതൊക്കെ വാഹനങ്ങളാണ് വാങ്ങിയതെന്നും പ്രസ്തുത വാഹനങ്ങൾ ആർക്കൊക്കെയാണ് അലോട്ട് ചെയ്തിട്ടുള്ളതെന്നും വാഹനങ്ങളുടെ എസ്റ്റിമേറ്റ് തുക എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വകുപ്പ് മുഖേന വാഹനം ഒന്നും വാങ്ങിയിട്ടില്ല.

## പ്ലാൻ ഫണ്ടിൽ നിന്നുള്ള പദ്ധതികൾ

100 (6319) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം മേഖലയുടെ സമഗ്ര പുരോഗതിക്കായി പ്ലാൻ ഫണ്ടിൽനിന്നും ഏതൊക്കെ പദ്ധതികൾക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം മേഖലയുടെ സമഗ്ര പുരോഗതിക്കായി പ്ലാൻ ഫണ്ടിൽനിന്നും പദ്ധതികൾക്ക് അനുവദിച്ചിട്ടുള്ള തുകയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ഉത്തരവാദിത്വ ടൂറിസം പദ്ധതി

101 (6320) ശ്രീമതി യു. പ്രതിഭ:

ശ്രീ. ഐ. ബി. സതീഷ്:

ശ്രീ. ലിന്റോ ജോസഫ്:

ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്വ ടൂറിസം പദ്ധതി വിനോദസഞ്ചാര മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രാദേശിക ജനസമൂഹത്തിന് യാതൊരുവിധ പങ്കാളിത്തവും ഇല്ലാതിരുന്ന നമ്മുടെ ടൂറിസം മേഖലയിൽ പ്രാദേശിക ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഉത്തരവാദിത്വ ടൂറിസം മിഷൻ പദ്ധതികളിലൂടെ നടപ്പിലാക്കുന്നത്. 2008-ൽ സംസ്ഥാനത്ത് പരീക്ഷണാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത ഏതാനും കേന്ദ്രങ്ങളിൽ ആരംഭിച്ച ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുകയും സംസ്ഥാനത്തെ ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി 2017-ൽ ഉത്തരവാദിത്വ ടൂറിസം മിഷൻ രൂപീകരിക്കുകയും ചെയ്തു. ചെറുതും വലുതുമായ ഉത്തരവാദിത്വ ടൂറിസം അവബോധ ശില്പശാലകൾ, പരിശീലനങ്ങൾ, യൂണിറ്റ് രൂപീകരണം, അവയുടെ ഓൺലൈൻ രജിസ്ട്രേഷൻ, ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തൽ, വിവിധ എക്സ്പീരിയൻസ് ടൂർ പാക്കേജുകളുടെ രൂപീകരണം, അവയുടെ മാർക്കറ്റിംഗും പ്രൊമോഷനും എന്നിങ്ങനെയുള്ള വിവിധ പ്രവർത്തനങ്ങളും ഉത്തരവാദിത്വ ടൂറിസം മിഷൻ മുഖേന നടത്തി വരുന്നു. മിഷന്റെ ഈ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക സമൂഹവും ടൂറിസം വ്യവസായവും പരസ്പര സഹകരണത്തിൽ മുന്നോട്ടു പോകുകയും ചെയ്യുന്നു. ഉത്തരവാദിത്വ ടൂറിസം മിഷന്റെ പ്രവർത്തനംമൂലം നിരവധി ചെറു ടൂറിസം കേന്ദ്രങ്ങളും വൈവിദ്ധ്യമാർന്ന പുതിയ ടൂറിസം പാക്കേജുകൾ/ഉൽപ്പന്നങ്ങൾ എന്നിവയും കേരള ടൂറിസം രംഗത്ത് ഉണ്ടാകുന്നതിന് കാരണമായി. കേരളത്തിലെ ഉത്തരവാദിത്വ ടൂറിസം മിഷൻ പ്രവർത്തനങ്ങൾ മറ്റു പല സംസ്ഥാനങ്ങൾക്ക് മാതൃകയാകുകയും ചെയ്തിട്ടുണ്ട്. നമ്മുടെ ഗ്രാമീണ ടൂറിസം സാദ്ധ്യതകൾ കണ്ടെത്തി, അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഉത്തരവാദിത്വ ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനായി പെപ്പർ, മാതൃകാ ഉത്തരവാദിത്വ ടൂറിസം ഗ്രാമങ്ങൾ എന്നിങ്ങനെ വിവിധ പദ്ധതികൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടത്തി വരുന്നു.

(ബി) ഉത്തരവാദിത്വ ടൂറിസം പ്രാവർത്തികമാക്കുന്നതിനും പ്രദേശത്തിന്റെ കലാസാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിനും പൊതു വികാസവും പ്രാഥമിക സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും പരിപാടിയുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

പ്രാദേശിക ജനസമൂഹത്തെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ചുകൊണ്ട് അവർക്ക് അധിക വരുമാനം ലഭ്യമാക്കുക, നമ്മുടെ തനതു സംസ്കാരം, കല, പാരമ്പര്യ തൊഴിലുകൾ, ഉപജീവനമാർഗ്ഗങ്ങൾ, ഭക്ഷണ രീതികൾ എന്നിങ്ങനെയുള്ള അന്യംനിന്ന് പോയിക്കൊണ്ടിരിക്കുന്ന ഗ്രാമീണ ജീവിതരീതികൾ ടൂറിസത്തിലൂടെ സംരക്ഷിക്കുക, അതോടൊപ്പം തന്നെ

ടൂറിസ്റ്റുകൾക്ക് അനുഭവവേദ്യമാക്കുക എന്നുള്ള ലക്ഷ്യത്തോടെ വിവിധ എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകൾ, ആർട്ടിസ്റ്റ് നെറ്റ്‌വർക്ക്, എക്പീരിയൻസ് എത്തിക് ക്യുസീൻ നെറ്റ്‌വർക്ക് ഉൾപ്പെടെ വിവിധ പ്രവർത്തനങ്ങൾ ഉത്തരവാദിത്വ ടൂറിസം മിഷൻ മുഖേന നടത്തി വരുന്നു.

(സി) ഉത്തരവാദിത്വ ടൂറിസം മിഷന്റെ പ്രവർത്തനത്തെക്കുറിച്ച് അറിയിക്കാമോ?

2017 ജൂൺ മാസത്തിൽ രൂപീകൃതമായ ഉത്തരവാദിത്വ ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:

1. പ്രാദേശികമായി വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുക.

2. ടൂറിസം വ്യവസായവുമായി പ്രാദേശിക സമൂഹത്തെ ബന്ധിപ്പിക്കുക.

3. ഉത്തരവാദിത്വ ടൂറിസം ആശയങ്ങൾ പ്രചരിപ്പിക്കുകയും പ്രയോഗവൽക്കരിക്കുന്നതിന് പ്രോത്സാഹനം നൽകുകയും ചെയ്യുക. ചെറുതും വലുതുമായ ഉത്തരവാദിത്വ ടൂറിസം അവബോധ ശില്പശാലകൾ, പരിശീലനങ്ങൾ, യൂണിറ്റ് രൂപീകരണം, അവയുടെ ഓൺലൈൻ രജിസ്ട്രേഷൻ, ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തൽ, വിവിധ എക്സ്പീരിയൻസ് ടൂർ പാക്കേജുകളുടെ രൂപീകരണം, അവയുടെ മാർക്കറ്റിംഗും പ്രൊമോഷനും എന്നിങ്ങനെയുള്ള വിവിധ പ്രവർത്തനങ്ങളും ഉത്തരവാദിത്വ ടൂറിസം മിഷൻ നടത്തിവരുന്നു. മിഷന്റെ ഈ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക സമൂഹവും ടൂറിസം വ്യവസായവും പരസ്പര സഹകരണത്തിൽ മുന്നോട്ടുപോകുകയും ചെയ്യുന്നു. ഉത്തരവാദിത്വ ടൂറിസം മിഷന്റെ കീഴിൽ നിലവിൽ വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്ന 20200 യൂണിറ്റുകളുണ്ട്. ഇതിലൂടെ ഒരു ലക്ഷത്തിലധികം സാധാരണക്കാരായ ജനങ്ങൾ ഉത്തരവാദിത്വ ടൂറിസം മിഷന്റെ പ്രവർത്തനങ്ങളിലൂടെ ടൂറിസത്തിന്റെ ഗുണഭോക്താക്കൾ ആയിട്ടുണ്ട്. മിഷന്റെ പെപ്പർ, മാതൃകാ ഉത്തരവാദിത്വ ടൂറിസം ഗ്രാമങ്ങൾ എന്നീ പദ്ധതികൾ ലോക ശ്രദ്ധയാകർഷിച്ച പങ്കാളിത്ത ടൂറിസം വികസന പ്രവർത്തനത്തിന്റെ ഉത്തമ മാതൃകകളാണ്. മിഷന്റെ വിവിധ എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകൾ, എക്സ്പീരിയൻസ് എത്തിക് ക്യുസീൻ നെറ്റ്‌വർക്ക് തുടങ്ങിയ പദ്ധതികളും ദേശീയ-അന്തർദ്ദേശീയ ശ്രദ്ധയാകർഷിച്ചവയാണ്. ഉത്തരവാദിത്വ ടൂറിസം മിഷന്റെ മാതൃകയിൽ തങ്ങളുടെ സംസ്ഥാനത്ത് ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് മദ്ധ്യപ്രദേശ് ടൂറിസം ബോർഡ് കേരള ടൂറിസവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

## പുതുക്കാട് മണ്ഡലത്തിലെ വേലൂപ്പാടത്ത് ഇക്കോ ടൂറിസം പദ്ധതി

102 (6321) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിലെ വേലൂപ്പാടത്ത് കേരള ഫോറസ്റ്റ് റിസർച്ച് സെന്ററിന് കീഴിൽ പ്രവർത്തിക്കുന്ന ഫീൽഡ് റിസർച്ച് സെന്ററിന്റെ 100 ഏക്കറിലധികം വരുന്ന സ്ഥലം ഇക്കോ ടൂറിസം ഡെസ്റ്റിനേഷൻ ആക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വിനോദസഞ്ചാര സാദ്ധ്യത പരിശോധിച്ച് തീരുമാനമെടുക്കാവുന്നതാണ്.

(ബി) ഇതിനായി ഇക്കോ ടൂറിസം വകുപ്പിൽ കേരള വന ഗവേഷണ കേന്ദ്രം സമർപ്പിച്ച പ്രോജക്ടിന് അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ?

വേലൂപ്പാടം കെ.എഫ്.ആർ.ഐ. സെന്ററിനെ ഇക്കോ ടൂറിസം കേന്ദ്രമാക്കാൻ സമർപ്പിച്ച പദ്ധതിക്ക് നിലവിൽ ഭരണാനുമതി നൽകിയിട്ടില്ല. പരിഷ്കരിച്ച നിർദ്ദേശം ലഭിക്കുമ്പോൾ ഫണ്ട് ലഭ്യതകൂടി അടിസ്ഥാനമാക്കി, പദ്ധതിക്ക് ഭരണാനുമതി നൽകുന്നത് പരിഗണിക്കാവുന്നതാണ്.

(സി) വേലൂപ്പാടം ഫോറസ്റ്റ് ഫീൽഡ് റിസർച്ച് സെന്റർ, ചിമ്മിനി ഡാം തുടങ്ങിയ മേഖലകളിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെ സംയോജിപ്പിച്ച് ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

പദ്ധതി നിലവിൽ പരിഗണനയിലില്ല.

## 2016-2021 കാലത്തെ ടൂറിസം വരുമാനം

103 (6322) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-2021 കാലയളവിൽ ഓരോ സാമ്പത്തിക വർഷവും ടൂറിസം മേഖലയിൽനിന്നും എത്ര വരുമാനമാണ് പ്രതീക്ഷിച്ചിരുന്നത്; എത്ര വരുമാനം ലഭിച്ചിട്ടുണ്ട്; വർഷം തിരിച്ച് കണക്ക് വ്യക്തമാക്കാമോ?

വിനോദസഞ്ചാര മേഖലയിലെ വരുമാനം കണക്കാക്കുന്നത് കലണ്ടർ വർഷം സംസ്ഥാനം സന്ദർശിക്കുന്ന ആഭ്യന്തര/വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് നിലവിലെ വിനോദസഞ്ചാര നയം വിഭാവനം ചെയ്തിരിക്കുന്നത്. 2017-നെ അപേക്ഷിച്ച് 2022-ൽ വിദേശ വിനോദ

സഞ്ചാരികളുടെ എണ്ണത്തിൽ ഇരട്ടി വർദ്ധനവും ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 50% വർദ്ധനവും ആണ്. എന്നാൽ 2018-ൽ സംസ്ഥാനത്തെ ബാധിച്ച മഹാപ്രളയവും 2019-ലെ പ്രളയവും കൂടാതെ 2020-ലെ കോവിഡ് മഹാമാരിയും വിനോദസഞ്ചാര മേഖലയിലെ പ്രതീക്ഷിത വളർച്ചയെ വളരെ പ്രതികൂലമായി ബാധിച്ചു. 2016 മുതൽ 2020 വരെ കേരളം സന്ദർശിച്ച വിനോദസഞ്ചാരികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് ലഭ്യമായ ആകെ വരുമാനത്തിന്റെയും വിദേശ നാണ്യ വരുമാനത്തിന്റെയും പട്ടിക അനുബന്ധമായി ചേർക്കുന്നു*.

## സാഹസിക ടൂറിസം

104 (6323) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഹസിക ടൂറിസം മേഖലയിലെ പ്രവർത്തനങ്ങളിൽ സുരക്ഷിതത്വവും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സാഹസിക ടൂറിസം മേഖലയിലെ പ്രവർത്തനങ്ങളിൽ സുരക്ഷിതത്വവും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിന് സാഹസിക പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങളും നടപടിക്രമ മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സാഹസിക ടൂറിസം വളരുന്നതോടൊപ്പം വിനോദസഞ്ചാര വകുപ്പിന്റെ പ്രഥമ ലക്ഷ്യം ആ മേഖലയിലെ പ്രവർത്തനങ്ങളിൽ സുരക്ഷിതത്വവും ഗുണനിലവാരവും ഉറപ്പുവരുത്തുക എന്നതാണ്. സാഹസിക വിനോദസഞ്ചാര മേഖലയിലെ സുരക്ഷാ മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനായി വിനോദസഞ്ചാര വകുപ്പിന്റെ നേതൃത്വത്തിൽ രൂപീകരിച്ച വിദഗ്ദ്ധ കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിൽ ഇന്ന് കൂടുതൽ പ്രചാരത്തിലുള്ള 31 സാഹസിക ടൂറിസം ആക്ടിവിറ്റികളെ ഉൾപ്പെടുത്തി സമഗ്രമായ ഒരു "സാഹസിക ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി ഗൈഡ് ലൈൻസ്" തയ്യാറായി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ടെന്റ് ക്യാമ്പിംഗിന് പ്രത്യേക സുരക്ഷാ മാനദണ്ഡങ്ങൾ നിശ്ചയിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സാഹസിക ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും ഈ ഗൈഡ്‌ലൈൻസ് മാതൃകയാക്കി അവരുടെ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സാഹസിക ടൂറിസത്തിന് രജിസ്ട്രേഷൻ നടപ്പിലാക്കിയിട്ടുണ്ടോ; ഏതെല്ലാം മാനദണ്ഡങ്ങൾ അനുസരിച്ചാണ് രജിസ്ട്രേഷൻ നൽകുന്നത്; വിശദമാക്കാമോ?

വിനോദസഞ്ചാര വകുപ്പ് അഡ്വഞ്ചർ ടൂർ ഓപ്പറേറ്റേഴ്സിനായി ഒരു രജിസ്ട്രേഷൻ സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. സാഹസിക ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി റെഗുലേഷൻസിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ചായിരിക്കും രജിസ്ട്രേഷൻ നൽകുക. വിനോദസഞ്ചാര വകുപ്പിലെ ഉദ്യോഗസ്ഥരും ഈ മേഖലയിലെ വിദഗ്ധരും അടങ്ങിയ ഒരു കമ്മിറ്റിയുടെ നേരിട്ടുള്ള പരിശോധനയുടെ അടിസ്ഥാനത്തിലായിരിക്കും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ രജിസ്ട്രേഷൻ അനുവദിക്കുന്നത്. 2 വർഷമാണ് രജിസ്ട്രേഷൻ കാലാവധി. കര, ജല, വ്യോമ മേഖലയിലെ സാഹസിക ടൂറിസം പ്രവർത്തനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമഗ്രമായ ഇ-രജിസ്ട്രേഷൻ സംവിധാനം നിലവിൽ വന്നിട്ടുള്ളതാണ്. ഇ-രജിസ്ട്രേഷൻ രീതിയനുസരിച്ച് പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിനോദസഞ്ചാര വകുപ്പ് ഡയറക്ടറാണ് രജിസ്ട്രേഷൻ അനുവദിക്കുന്നത്. ഇ-രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിനായി അഡ്വഞ്ചർ ആക്റ്റിവിറ്റി പ്രൊവൈഡേഴ്സ് നടപ്പിൽ വരുത്തേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ താഴെപ്പറയുന്നു:

1. ആ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന വ്യക്തികളുടെ യോഗ്യതയും അനുഭവജ്ഞാനവും
2. ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ ഗുണനിലവാരം
3. പ്രഥമ ശുശ്രൂഷയിൽ ഉണ്ടായിരിക്കേണ്ട അറിവ്
4. ആക്റ്റിവിറ്റികളിൽ പങ്കെടുക്കുമ്പോൾ ഉണ്ടാകാൻ ഇടയുള്ള റിസ്കിനെക്കുറിച്ച് പങ്കെടുക്കുന്നവരെ ബോധവാന്മാരാക്കുന്നതിനുള്ള നടപടികൾ
5. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുമുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്
6. ആക്റ്റിവിറ്റി ചെയ്യുന്ന ഭൂമിയുടെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്/പാട്ട കരാർ
7. ഇൻഷ്വറൻസ് പരിരക്ഷ

(സി) ഏതൊക്കെ സാഹസിക വിനോദങ്ങൾക്കാണ് രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച സുരക്ഷാചട്ടം തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ചിട്ടുള്ള സാഹസിക വിനോദങ്ങൾ താഴെപ്പറയുന്നു:

I. കര സാഹസിക ടൂറിസം ആക്റ്റിവിറ്റികൾ- ട്രക്കിംഗ്, ഹൈകിംഗ്, നാച്വർ വാക്ക്, ബേർഡ് വാച്ചിംഗ്, സൈക്ലിംഗ് ടൂർസ്, റോക്ക് ക്ലൈമ്പിംഗ്, ആർട്ടിഫിഷ്യൽ വാൾ ക്ലൈമ്പിംഗ്, അബ്സീലിംഗ്, ആൾ ടെറൈൻ വെഹിക്കിൾ (എ.റ്റി.വി.) ടൂർസ് ജീപ്പ് സഫാരി, 4X4 ഡ്രൈവിംഗ് സഫാരി II. ജല സാഹസിക ടൂറിസം ആക്റ്റിവിറ്റികൾ- വാട്ടർ സ്പോട്സ് സെന്റർ ജനറൽ, ബോട്ട്സ് ആൻഡ് വാട്ടർസ്പോട്സ് റൈഡ്സ്, പാരാസെയിലിംഗ്, വാട്ടർസ്കീയിംഗ് ആൻഡ് പവർ ബോട്ട് ഫൺ റൈഡ്സ്, ജെറ്റ് സ്കീ/പെഴ്സണൽ വാട്ടർ ക്രാഫ്റ്റ്, വിൻഡ് സർഫിംഗ്, ഡിൻഗി സെയിലിംഗ്, കയാക്കിംഗ് ആൻഡ് കനോയിംഗ്, ബാംബൂ റാഫ്റ്റിംഗ്.

III. വ്യോമ സാഹസിക ടൂറിസം ആക്റ്റിവിറ്റികൾ -പാരാഗ്ലൈഡിംഗ് ആൻഡ് ഹാംഗ് ഗ്ലൈഡിംഗ്: സാഹസിക ടൂറിസം മേഖലയിലെ പ്രവർത്തനങ്ങളിൽ സുരക്ഷിതത്വവും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിന് സാഹസിക പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളും നടപടിക്രമ മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

## ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടി

105 (6324) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരായ വിനോദസഞ്ചാരികൾക്കുകൂടി സൗകര്യപ്രദമായ വിധത്തിൽ സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ മാറ്റിയെടുക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് ബാരിയർ ഫ്രീ ടൂറിസം. ഇതിന്റെ ആദ്യഘട്ടം എന്ന നിലയിൽ 2017-ൽ 9 കോടി രൂപയുടെയും 2021-ൽ

6,91,17,011 രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. കൈവരിയുള്ള റാമ്പ്, ബ്രെയിൽ ലിപിയിലുള്ള ദിശാ സൂചകം, ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റ്, വീൽചെയർ, വാക്കിംഗ് സ്റ്റിക്, ക്രച്ചസുകൾ എന്നിവ ലഭ്യമാക്കുക, ശ്രവണ വഴികാട്ടി എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 84 ടൂറിസം ഡെസ്റ്റിനേഷനുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 69 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ബീച്ചുകളിലും മറ്റും വീൽചെയർ റാമ്പ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ബീച്ചുകളിലും ടൂറിസം കേന്ദ്രങ്ങളിലും നിലവിൽ ടൂറിസം വകുപ്പ് വീൽചെയർ റാമ്പ് നിർമ്മിച്ചിട്ടുണ്ട്. കൂടുതൽ ബീച്ചുകളിലും ടൂറിസം കേന്ദ്രങ്ങളിലും വീൽചെയർ റാമ്പ് നിർമ്മിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**വിനോദസഞ്ചാര മേഖല നേരിടുന്ന വെല്ലുവിളികൾ**

106 (6325) ശ്രീ. സജീവ് ജോസഫ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തെ സംബന്ധിക്കുന്ന സ്ഥിതിവിവര കണക്കുകൾ വിശകലനം ചെയ്യുമ്പോൾ ഇടയ്ക്കിടെ ഉണ്ടാകുന്ന പ്രളയങ്ങൾ പ്രസ്തുത മാസങ്ങളിൽ വിനോദ സഞ്ചാരികളുടെ വരവിനെ ബാധിച്ചിട്ടുണ്ട്. കൂടാതെ 2020-ൽ സംസ്ഥാനത്തെ ബാധിച്ച കോവിഡ് മഹാമാരി 2020 ഫെബ്രുവരി മാസം മുതൽ വിനോദസഞ്ചാരികളുടെ വരവിനെയും അതുമൂലം ഈ മേഖലയിലെ വരുമാനത്തെയും സാരമായി ബാധിച്ചിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ട്. കൂടാതെ ഹോട്ടൽ മുറികളിലെ ഉയർന്ന ജി.എസ്.ടി. നിരക്കും ലോകത്തിലെ പ്രധാന നഗരങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് നേരിട്ട് വിമാന സർവ്വീസ് ഇല്ലാത്ത പ്രശ്നവും കേരളത്തിലെ ടൂറിസം മേഖല നേരിടുന്നുണ്ട്.

(ബി) ഇവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിന് മുൻ സർക്കാർ തുടർന്നുവന്ന പദ്ധതികളും പരിപാടികളും മുന്നോട്ടുകൊണ്ടുപോകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഇത്തരം പ്രയാസങ്ങൾ ഉണ്ടാകുന്ന സന്ദർഭത്തിൽ കേരളത്തിലെ ടൂറിസം വ്യവസായത്തിൽ പ്രവർത്തിക്കുന്നവരുമായി ചർച്ച ചെയ്ത് അവരുടെ സഹകരണത്തോടെ വിവിധ ക്യാമ്പയിനുകൾ ടൂറിസം വകുപ്പ് നടപ്പാക്കുന്നുണ്ട്. മുറിവാടകയ്ക്ക് നിലവിലുള്ള ഉയർന്ന ജി.എസ്.ടി. നിരക്ക് കുറയ്ക്കുന്നതിനും കൂടുതൽ വിമാനസർവ്വീസുകൾ ആരംഭിക്കുന്നതിനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി വരുന്നുണ്ട്.

(സി) ടൂറിസം വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലാതായിരിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് പരിശോധിക്കുമോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ടൂറിസം വകുപ്പ് മുഖേന വാങ്ങിയ വാഹനങ്ങൾ**

107 (6326) ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-2021 കാലയളവിൽ ടൂറിസം വകുപ്പ് മുഖേന എത്ര വാഹനങ്ങൾ വാങ്ങിയെന്നും ഏതൊക്കെ വാഹനങ്ങളാണ് വാങ്ങിയതെന്നും പ്രസ്തുത വാഹനങ്ങൾ ആർക്കൊക്കെയാണ് അലോട്ട് ചെയ്തിട്ടുള്ളതെന്നും വാഹനങ്ങളുടെ എസ്റ്റിമേറ്റ് തുക എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ?

2016-2021 കാലയളവിൽ ടൂറിസം വകുപ്പ് മുഖേന 37 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. ഈ ഇനത്തിൽ 7,12,89,723 രൂപ ചെലവഴിച്ചിട്ടുണ്ട്. ഏതൊക്കെ വാഹനങ്ങൾ വാങ്ങിയതെന്നും വാഹനങ്ങൾ ആർക്കൊക്കെ അനുവദിച്ചിട്ടുണ്ട് എന്നുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു..*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ടൂറിസം സർക്യൂട്ട് മാന്വലിൽ ഉൾപ്പെടാത്ത വടക്കേ മലബാറിലെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ

108 (6327) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൂറിസം സർക്യൂട്ട് മാന്വലിൽ വടക്കേ മലബാറിലെ പല പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളും ഉൾപ്പെടാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം അന്തർദ്ദേശീയ ടൂർ ഓപ്പറേറ്റർമാർ വടക്കൻ കേരളത്തിലേയ്ക്ക് ടൂറിസ്റ്റുകളെ അയയ്ക്കാത്തത് പരിഗണിച്ച് പ്രസ്തുത പ്രദേശങ്ങൾക്കൂടി മാന്വലിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മലബാർ ടൂറിസം വികസനത്തിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ തലശ്ശേരി ഹെറിറ്റേജ് പദ്ധതി, മലനാട് നോർത്ത് മലബാർ പദ്ധതി എന്നിവ നടപ്പാക്കി വരുന്നു. ഇതുകൂടാതെ വിവിധ ഡെസ്റ്റിനേഷനുകളായ മീൻകുഴി, കാടാമ്പള്ളി, പയ്യാമ്പലം ചൂടാട്ട് ബീച്ച്, ആറളം ഏഴരക്കുണ്ട് തുടങ്ങിയ ഇടങ്ങളിൽ വിവിധ പദ്ധതികളുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ടൂറിസം പ്രചരണത്തിന്റെ ഭാഗമായി നോർത്ത് മലബാറിനെക്കുറിച്ചുള്ള ലഘുലേഖയും മലബാർ എന്ന കോഫീ ടേബിൾ ബുക്കും വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്. പുതിയ ടൂറിസം കേന്ദ്രങ്ങൾ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാവുന്നതും പുതുതായി നിർമ്മിക്കുന്ന ലഘുലേഖകൾ ഉൾക്കൊള്ളിക്കാവുന്നതുമാണ്.

## കാസർഗോഡ് ജില്ലയിൽ ബി.ആർ.ഡി.സി.-യുടെ സ്ഥലം കൈമാറ്റം

109 (6328) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബി.ആർ.ഡി.സി.-യുടെ കൈവശമുള്ള സ്ഥലവും പള്ളിക്കര പി.എച്ച്.സി.-യുടെ സ്ഥലവും സർക്കാർ ഉത്തരവ് പ്രകാരം പരസ്പരം കൈമാറ്റം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (ബി.ആർ.ഡി.സി.) പള്ളിക്കര പി.എച്ച്.സി.-യുടെ സ്ഥലം (1.03 ഏക്കർ) (റീ സർവ്വേ നം. 247/1) ഏറ്റെടുക്കുമ്പോൾ പകരം കൈമാറാനായി പള്ളിക്കര വില്ലേജിലെ റീസർവ്വേ നമ്പർ 251/3 സ്ഥലം അക്വയർ ചെയ്തിരുന്നു. കാസർഗോഡ് ജില്ലാ കളക്ടറുടെ നടപടിക്രമം പ്രകാരം ആരോഗ്യ വകുപ്പ് 1.03 ഏക്കർ സ്ഥലം ഏറ്റെടുക്കുകയും കേരള തീരദേശ വികസന കോർപ്പറേഷൻ വഴി പി.എച്ച്.സി. കെട്ടിട നിർമ്മാണം പൂർത്തീകരിക്കുകയും പ്രവർത്തനക്ഷമമാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ

പി.എച്ച്.സി.-യുടെ 1.03 ഏക്കർ സ്ഥലം ബി.ആർ.ഡി.സി.-ക്ക് ഇതുവരെ കൈമാറിയിട്ടില്ല. സ്ഥലം പരസ്പരം കൈമാറാനുള്ള റവന്യൂ വകുപ്പിന്റെ ഉത്തരവ് ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) കൈമാറ്റ ഉത്തരവ് പ്രകാരം ബി.ആർ.ഡി.സി. പള്ളിക്കര പഞ്ചായത്തിന് എത്ര രൂപ നൽകേണ്ടതുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 27-12-2010-ലെ സ.ഉ (സാധാ) 5031/2010/എച്ച്&എഫ്.ഡബ്ല്യൂ., പ്രകാരം പി.എച്ച്.സി.-ക്ക് പുതിയ ഫർണീച്ചറുകളും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിനായി എൻ.ആർ.എച്ച്.എം.-ന് (ആരോഗ്യ വകുപ്പിന്) 30 ലക്ഷം രൂപ ബി.ആർ.ഡി.സി. കൈമാറേണ്ടതുണ്ട്.

(സി) പ്രസ്തുത തുക ബി.ആർ.ഡി.സി. പള്ളിക്കര പഞ്ചായത്തിന് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഇല്ലെങ്കിൽ തുക ഇതുവരെ നൽകാത്തതിന്റെ കാരണം വിശദമാക്കാമോ?

പ്രസ്തുത തുക ബി.ആർ.ഡി.സി. എൻ.ആർ.എച്ച്.എം.-നോ ആരോഗ്യ വകുപ്പിനോ കൈമാറിയിട്ടില്ല. ബി.ആർ.ഡി.സി.-യുടെ സ്ഥലം ആരോഗ്യ വകുപ്പ് ഏറ്റെടുത്ത് പി.എച്ച്.സി. പ്രവർത്തനം ആരംഭിച്ചുവെങ്കിലും പി.എച്ച്.സി.-യുടെ സ്ഥലം ബി.ആർ.ഡി.സി.-ക്ക് ലഭിച്ചിട്ടില്ല. ബി.ആർ.ഡി.സി.-ക്ക് പി.എച്ച്.സി.-യുടെ 1.03 ഏക്കർ സ്ഥലം കൈമാറി ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് 30 ലക്ഷം രൂപ ആരോഗ്യ വകുപ്പിന് ബി.ആർ.ഡി.സി. കൈമാറുന്നതാണ്.

### ടൂറിസം മേഖലയിൽ നടപ്പാക്കിയ പ്രധാന പദ്ധതികൾ

110 (6329) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൂറിസം മേഖലയിൽ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ നടപ്പാക്കിയ പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് ജില്ലതിരിച്ച് വിശദാംശം നൽകുമോ?

വിനോദസഞ്ചാരമേഖലയിൽ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ 130 പ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് നടപ്പിലാക്കിയത്. ഇവയുടെ ഭരണാനുമതി മൂല്യം മൊത്തം 423.23 കോടി രൂപയാണ്. ടി പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ടൂറിസം വകുപ്പിൽ യു.എൽ.സി.സി.എസ്. മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾ**

111 (6330) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിൽ യു.എൽ.സി.സി.എസ്. മുഖേന നടപ്പാക്കുന്ന വിവിധ പ്രവൃത്തികൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ടൂറിസം വകുപ്പിൽ യു.എൽ.സി.സി.എസ്. മുഖേന നടപ്പാക്കുന്ന വിവിധ പ്രവൃത്തികളെ കുറിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഇതിൽ ടെണ്ടർ വിളിച്ച് നടപ്പാക്കിയ പദ്ധതികൾ എത്രയെണ്ണമുണ്ടെന്നും ഏതൊക്കെയാണെന്നും അറിയിക്കുമോ; ടെൻഡർ വിളിക്കാതെ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഇതിൽ ടെണ്ടർ വിളിച്ച് യു.എൽ.സി.സി.എസ്. മുഖേന നടപ്പാക്കിയത് കോവളം വെള്ളാർ കരകൗശല വില്ലേജ് നടത്തിപ്പ് (25 വർഷത്തേയ്ക്ക്) എന്ന പദ്ധതി മാത്രമാണ്.

**പിൽഗ്രിം ടൂറിസം പദ്ധതി**

112 (6331) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീർത്ഥാടന കേന്ദ്രങ്ങളെയും സാംസ്കാരിക പൈതൃക കേന്ദ്രങ്ങളെയും ബന്ധപ്പെടുത്തിയുള്ള പിൽഗ്രിം ടൂറിസം ശക്തിപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

തീർത്ഥാടന കേന്ദ്രങ്ങളെയും സാംസ്കാരിക കേന്ദ്രങ്ങളെയും ബന്ധിപ്പിച്ച് നിലവിൽ ടൂറിസം പദ്ധതികൾ ഒന്നും തന്നെ ഇല്ല. എന്നാൽ തീർത്ഥാടന കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യവികസനവുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ തീർത്ഥാടന കേന്ദ്രങ്ങളെ കോർത്തിണക്കി പിൽഗ്രിം ടൂറിസം സർക്യൂട്ട് രൂപീകരിച്ച് അടിസ്ഥാന സൗകര്യ വികസനം വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ തത്വമസി എന്ന പദ്ധതി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപീകരിക്കുകയും 8 തീർത്ഥാടന സർക്യൂട്ടുകളായി 43 ആരാധനാലയങ്ങൾക്കായുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അവയുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. തീർത്ഥാടന ടൂറിസം കേന്ദ്രങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര ടൂറിസം മന്ത്രാലയം പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്രത്തിൽ എത്തിച്ചേരുന്ന തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 4,614.20 ലക്ഷം രൂപയുടെ അനുമതി നൽകുകയും ടി പദ്ധതി പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെട്ട സ്പിരിച്വൽ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തി ശബരിമല വികസനത്തിനായി (ശബരിമല-എരുമേലി-പമ്പ-സന്നിധാനം) 9,998.92 ലക്ഷം രൂപയുടെയും ശ്രീ പത്മനാഭ-ആറന്മുള-ശബരിമല വികസനത്തിനായി 9,244.26 ലക്ഷം രൂപയുടെയും ഡെവലപ്മെന്റ് ഓഫ് സ്പിരിച്വൽ സർക്യൂട്ട് ശിവഗിരി ശ്രീ നാരായണ ഗുരു ആശ്രമം-അരുവിപ്പുറം - കുന്നുംപാറ ശ്രീ സുബ്രമണ്യ-ചെമ്പഴന്തി ശ്രീ നാരായണ ഗുരുകുലം ഇൻ കേരള എന്ന പദ്ധതിക്ക് 6,947 ലക്ഷം രൂപയുടെ അനുമതി ലഭിക്കുകയും പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്.

(ബി) പ്രസ്തുത പദ്ധതികളിൽ വടക്കൻ മലബാർ മേഖലയെയും ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?

മലബാർ മേഖലയിലെ സാഹിത്യ-സാംസ്കാരിക കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മലബാർ ലിറ്റററി സർക്യൂട്ട് എന്ന പേരിൽ ഒരു ടൂറിസം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിനായി 25 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. മലയാള സാഹിത്യത്തിലെ അതികായൻമാരായ തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ.വി. വിജയൻ, എം.ടി. വാസുദേവൻ നായർ എന്നിവരിലൂടെ പ്രശസ്തി നേടിയ തുഞ്ചൻ സ്മാരകം, ബേപ്പൂർ, തസ്രക്ക്, ഭാരതപ്പുഴയുടെ തീരങ്ങൾ, കൂടാതെ പൊന്നാനി, തൃത്താല എന്നീ സ്ഥലങ്ങളെ കോർത്തിണക്കിയുള്ളതാണ് ഈ ടൂറിസം സർക്യൂട്ട്. തുഞ്ചൻപറമ്പ് മുതൽ കൽപ്പാത്തി വരെ നീളുന്നതാണ് നിളയിലെ പൈതൃക സർക്യൂട്ട്. ഇതിലേയ്ക്ക് വൈക്കം മുഹമ്മദ് ബഷീറിന്റെ നാടിനെയും കോർത്തിണക്കും. മഹാകവിയുടെ പൈതൃകസ്മരണകളുറങ്ങുന്ന നിളാതീരത്തെ തുഞ്ചന്റെ തട്ടകവും കുഞ്ചന്റെ കിള്ളിക്കുറിശ്ശിയും എം.ടി.-യുടെ കൂടല്ലൂരും ഇടശ്ശേരിയുടെ കുറ്റിപ്പുറവും സാമൂതിരിയുടെ നിലപാടുതറയുമെല്ലാം കൂട്ടിയിണക്കുന്ന രീതിയിലാണ് ഈ സർക്യൂട്ട് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ടൂറിസം മേഖലയുടെ സംഭാവന**

113 (6332) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വരുമാനത്തിൽ ടൂറിസം മേഖലയുടെ സംഭാവന എത്രത്തോളമാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനം സന്ദർശിക്കുന്ന ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് വിനോദസഞ്ചാര മേഖലയിലെ മൊത്തവരുമാനം തയ്യാറാക്കുന്നത്. അങ്ങനെ തയ്യാറാക്കിയ കഴിഞ്ഞ അഞ്ചുവർഷത്തെ വിനോദസഞ്ചാര മേഖലയിലെ ആകെ വരുമാനം ചുവടെ ചേർക്കുന്നു.

| വർഷം | ആകെ വരുമാനം (Direct & Indirect) Rupees in Crores |
|---|---|
| 2016 | 29658.56 |
| 2017 | 33383.68 |
| 2018 | 36258.01 |
| 2019 | 45010.69 |
| 2020 | 11335.96 |

ടൂറിസം മേഖലയിലെ മൊത്ത വരുമാനം സംസ്ഥാനത്തിന്റെ ആകെ വരുമാനവുമായി (Gross State Domestic Product (GSDP)/ Gross State Value Added (GSVA)) താരതമ്യം ചെയ്യുമ്പോൾ ഏകദേശം 4.5% മുതൽ 6% വരെ ആണ്.

(ബി) ആഗോള ടൂറിസം രംഗത്ത് കേരളം ഒരു ബ്രാൻഡ് എന്ന നിലയിൽ ശ്രദ്ധിക്കപ്പെടാനും സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ ടൂറിസം കേന്ദ്രങ്ങൾ കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ ടൂറിസം കേന്ദ്രങ്ങൾ കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി ഉത്തരവാദിത്വ ടൂറിസം മിഷൻ മുഖേന വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പെപ്പർ,

മാതൃകാ ഉത്തരവാദിത്വ ടൂറിസം ഗ്രാമങ്ങൾ എന്നിങ്ങനെ വിവിധ പദ്ധതികൾ നടത്തിവരുന്നുണ്ട്. ടൂറിസം ഗ്രാമസഭകൾ ചേർന്ന് തദ്ദേശവാസികൾക്ക് ഉത്തരവാദിത്വ ടൂറിസം പദ്ധതികളെപ്പറ്റി അവബോധം നൽകിക്കൊണ്ടാണ് പ്രസ്തുത പദ്ധതികളെല്ലാം ആരംഭിക്കുന്നത്. ഇതിനുപുറമേ സംസ്ഥാന വ്യാപകമായി എക്സ്പീരിയൻസ് എത്നിക് ക്യൂസിൻ, കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക്, കലാകാരന്മാരുടെ യൂണിറ്റുകൾ, കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്നവരുടെ യൂണിറ്റുകൾ എന്നിങ്ങനെ വിവിധ തരത്തിൽ തദ്ദേശീയർക്ക് ഉത്തരവാദിത്വ ടൂറിസം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമാകുവാനുള്ള വിവിധ പ്രവർത്തനങ്ങളും മിഷൻ നടത്തുന്നുണ്ട്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലുള്ള ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങൾക്കുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ഉത്തരവാദിത്വ ടൂറിസത്തിൽ പരിശീലനം നൽകി വരുന്നു. വരുന്ന അഞ്ച് വർഷക്കാലംകൊണ്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും ഉത്തരവാദിത്വ ടൂറിസം മിഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും അതുവഴി ഉത്തരവാദിത്വ ടൂറിസം പദ്ധതിയുടെ പ്രയോജനം ഗ്രാമീണ മേഖലയിലെ മുഴുവൻ ജനങ്ങൾക്കും എത്തിക്കുന്നതിനും കഴിയുന്നതാണ്. കോവിഡ് മഹാമാരിയെത്തുടർന്നും വകുപ്പ് നടത്തിവരുന്ന പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ സംസ്ഥാനം സുരക്ഷിതമാണെന്ന സന്ദേശം രാജ്യത്തും വിദേശത്തും എത്തിക്കാനായിട്ടുണ്ട്. ഒ.ടി.ടി. ചാനൽ, എഫ്.എം. റേഡിയോ, മ്യൂസിക് സ്ട്രീമിംഗ്, ഓൺലൈൻ ക്യാമ്പയിനുകൾ, നാഷണൽ ടി.വി., സോഷ്യൽ മീഡിയ ക്യാമ്പയിനുകൾ എന്നിവ ഏറെ ശ്രദ്ധിക്കപ്പെടുന്നുണ്ട്.

(സി) ഉത്തരവാദിത്വ ടൂറിസത്തിനൊപ്പം ഗ്രാമീണ സൗന്ദര്യം ആസ്വദിക്കാൻ കഴിയുംവിധം കാരവൻ ടൂറിസം വികസിപ്പിക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരവാദിത്വ ടൂറിസത്തിനൊപ്പം ഗ്രാമീണ സൗന്ദര്യം ആസ്വദിക്കാൻ കഴിയുംവിധമുള്ള പ്രവർത്തനങ്ങൾ കാരവൻ ടൂറിസം വഴി നടത്തുന്നുണ്ട്. സംസ്ഥാനത്തെ ഗ്രാമീണ സൗന്ദര്യംകൂടി സഞ്ചാരികൾക്ക് അനുഭവ വേദ്യമാക്കാനുതകുന്ന തരത്തിലാണ് കാരവൻ ടൂറിസം ഡെസ്റ്റിനേഷൻ സർക്യൂട്ട് പ്ലാൻ ചെയ്യുന്നത്. മാത്രമല്ല കാരവൻ പാർക്കുകളിൽ ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങൾകൂടി ഉൾക്കൊണ്ടുള്ള പ്രവർത്തന പദ്ധതികളാകും നടപ്പിലാക്കുക.

താരതമ്യേന അറിയപ്പെടാത്തതും എന്നാൽ ഗ്രാമീണ സൗന്ദര്യം യഥേഷ്ടമുള്ളതുമായ ടൂറിസം കേന്ദ്രങ്ങളിലായിരിക്കും കാരവൻ ടൂറിസം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കൂടാതെ പ്രാദേശിക ജനങ്ങളുടെ സഹകരണത്തോടെ ഫാമുകളിലും അതുപോലെ സ്ഥലസൗകര്യമുള്ള സ്ഥലങ്ങളിൽ കാരവൻ പാർക്കിംഗ് പോയിന്റുകൾ ഉണ്ടാക്കിയെടുക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. അതോടൊപ്പം തന്നെ പകൽ സമയങ്ങളിൽ ഉത്തരവാദിത്വ ടൂറിസം മിഷന്റെ വിവിധ എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകളിൽ പങ്കെടുക്കുകയും രാത്രിസമയം പ്രകൃതിരമണീയമായ സ്ഥലത്ത് കാരവൻ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഉത്തരവാദിത്വ ടൂറിസം മിഷൻ യൂണിറ്റുകളിൽ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

**ആലപ്പുഴ നഗരത്തിൽ കനാലുകളോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള ഹട്ടുകൾ**

114 (6333) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിൽ കനാലുകളോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള ഹട്ടുകൾ നിർമ്മാണം പൂർത്തിയാകുന്ന സമയത്തുതന്നെ ലേലംനടത്തി ആവശ്യക്കാർക്ക് നൽകാതിരുന്നതിനാൽ നിലവിൽ നാശോന്മുഖമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആലപ്പുഴ നഗരത്തിലെ കനാൽ തീരത്തെ മുഴുവൻ കെട്ടിടങ്ങളും 23-6-2021-ലെ സ.ഉ.(സാധാ)നമ്പർ 176/2021/ടൂറിസം പ്രകാരം മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡിന് 12-7-2021-ൽ കൈമാറി നൽകിയിട്ടുണ്ട്. ആലപ്പുഴ പൈതൃക പദ്ധതിയുടെ ഭാഗമായി നിലവിൽ കേടുപാടുകളുള്ള കടമുറികൾ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ മുസിരീസ് പ്രോജക്ട് ലിമിറ്റഡ് ആരംഭിച്ചിട്ടുണ്ട്.

(ബി) ആയതിന്റെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നടത്തി ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കോ സഹകരണ സ്ഥാപനങ്ങൾക്കോ കരാർ പ്രകാരം നൽകുന്നതിന് നിർദ്ദേശം നൽകാമോ?

നിലവിലെ ചട്ടങ്ങളനുസരിച്ച് ഒഴിവുവരുന്ന കടമുറികൾ ടെണ്ടർ നടപടിക്രമം പാലിച്ചാണ് വാടകയ്ക്ക് നൽകുന്നത്. മാത്രമല്ല നിലവിൽ കനാൽ തീരത്തെ ഒഴിവുള്ള കടമുറി ടെണ്ടർ ചെയ്ത് നൽകണമെന്ന ബഹു. ഹൈക്കോടതിയുടെ WP(C).No. 31270/2015 നമ്പർ കേസിലെ ഉത്തരവ് നിലനിൽക്കുന്നു.

(സി) നാഷണൽ ഹൈവേയോട് ചേർന്നുള്ള വഴിയോരം വിശ്രമ കേന്ദ്രത്തിന്റെ കരാറിന്റെ നിലവിലെ അവസ്ഥ എന്താണ്; നിലവിൽ അടച്ചിട്ടിരിക്കുന്ന പ്രസ്തുത കേന്ദ്രങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആലപ്പുഴ ജില്ലയിൽ ചേർത്തലയിലും ഹരിപ്പാടുമാണ് " ടേക്ക് എ ബ്രേക്ക് പദ്ധതി" പ്രകാരമുള്ള 2 വഴിയോര വിശ്രമ കേന്ദ്രങ്ങൾ നിർമ്മിച്ചിട്ടുള്ളത്. ഇതിൽ ചേർത്തലയിലെ വഴിയോര വിശ്രമ കേന്ദ്രം നിലവിൽ പ്രവർത്തിച്ചുവരുന്നു. ഹരിപ്പാട് ടേക്ക് എ ബ്രേക്ക് കെട്ടിടം വാടകയ്ക്കെടുത്തിരുന്നയാൾ വാടക കുടിശ്ശിക വരുത്തിയതിനെ തുടർന്ന് ഒഴിപ്പിക്കൽ നോട്ടീസ് നൽകിയിരുന്നു. ഇതിനെതിരെ വാടകക്കാരൻ നൽകിയ OS-279/2019 നമ്പർ കേസ് ഹരിപ്പാട് മുൻസിഫ് കോടതിയിൽ നടന്നുവരുന്നു.

## സ്വകാര്യ ടൂറിസം സംരംഭകർക്കായി വായ്പ പദ്ധതി

115 (6334) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് സാഹചര്യത്തിൽ കാരവൻ ടൂറിസം നയവുമായി ബന്ധപ്പെട്ട് സ്വകാര്യ സംരംഭകർക്കായി സബ്സിഡി നിരക്കിൽ വായ്പ പദ്ധതി രൂപവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കെ.എസ്.ഐ.ഡി.സി.-യുമായി ചേർന്ന് കാരവൻ ടൂറിസം മേഖലയിലെ നിക്ഷേപകർക്ക് സബ്സിഡി നിരക്കിൽ വായ്പാ പദ്ധതി നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

## ബയോ ഡൈവേഴ്സിറ്റി സർക്യൂട്ട് ടൂറിസം പദ്ധതി

116 (6335) ഡോ. കെ. ടി. ജലീൽ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ അന്താരാഷ്ട്ര, ആഭ്യന്തര വിനോദസഞ്ചാരികളുടെ ഒരു പ്രധാന ടൂറിസ്റ്റ് കേന്ദ്രമായി ആകർഷിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം മാർക്കറ്റിംഗ് പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

കേരളത്തെ അന്താരാഷ്ട്ര, ആഭ്യന്തര വിനോദസഞ്ചാരികളുടെ ഒരു പ്രധാന ടൂറിസ്റ്റ് കേന്ദ്രമായി ആകർഷിക്കുവാൻ വിവിധ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് വിവിധങ്ങളായ പ്രചാരണ പദ്ധതികൾ സംഘടിപ്പിച്ചുവരുന്നു. കോവിഡ് മഹാമാരിയെത്തുടർന്ന് പ്രതിസന്ധിയിലായ വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി വിവിധതരത്തിലുള്ള വിപണന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കോവിഡ് ഒന്നാം തരംഗത്തിനുശേഷം വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി.

ചെയ്ഞ്ച് ഓഫ് എയർ എന്ന തീമിനെ അടിസ്ഥാനമാക്കി വിഷ്വൽ മീഡിയകളിലൂടെയും പ്രിന്റ് മീഡിയകളിലൂടെയും സമൂഹ മാധ്യമങ്ങളിലൂടെയും ആണ് ഈ ക്യാമ്പയിനുകൾ നടപ്പിലാക്കിയത്.

<u>പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ</u>

1 പോസ്റ്റ് കോവിഡ് ക്യാമ്പയിൻ ഇൻ ഒ.റ്റി.റ്റി. ചാനൽ

2 പോസ്റ്റ് കോവിഡ് ക്യാമ്പയിൻ എഫ്.എം. റേഡിയോ ആൻഡ് മ്യൂസിക് സ്ട്രീമിംഗ് ചാനൽസ്.

3 പോസ്റ്റ് കോവിഡ് ക്യാമ്പയിൻ-നാഷണൽ ടി.വി.

4 പോസ്റ്റ് കോവിഡ് ഓൺലൈൻ ആഡ് ക്യാമ്പയിൻ

5 പോസ്റ്റ് കോവിഡ് സോഷ്യൽ മീഡിയ ടാക്ടിക്കൽ ക്യാമ്പയിൻ തദ്ദേശീയരെ ലക്ഷ്യമാക്കി ' കേരളം കാണാം ' എന്ന ക്യാമ്പയിൻ സമൂഹ്യ മാധ്യമങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി. കൂടാതെ കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് വഴി വെർച്വൽ ടൂർ ക്യാമ്പയിൻ നടത്തുകയും ചെയ്തു. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള സഞ്ചാരികളെ ലക്ഷ്യമാക്കി ഹണിമൂൺ, ഡ്രൈവ് ഹോളിഡെയ്സ് എന്നീ ക്യാമ്പയിൻ ആവിഷ്കരിച്ച് നടപ്പിലാക്കി. ഇന്ത്യയിലെ മികച്ച ട്രാവൽ ബ്ലോഗർമാരെ കേരളത്തിലെ വിവിധ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിപ്പിക്കുകയും അവർ മുഖേന സമൂഹ മാധ്യമങ്ങളിൽ പ്രചാരണം നടത്തുകയും ചെയ്തു. കോവിഡ് മഹാമാരിമൂലമുണ്ടായ യാത്രാനിയന്ത്രണങ്ങൾ നീക്കം ചെയ്തതിനുശേഷം യാത്ര ചെയ്യാൻ ഏറ്റവും സുരക്ഷിതമായ സ്ഥലമാണ് കേരളം എന്ന വസ്തുത ശക്തിപ്പെടുത്തുന്നതിനായി പോസ്റ്റ് കോവിഡ് റീ-അഷ്വറൻസ് ക്യാമ്പയിൻ സമൂഹ മാധ്യമങ്ങളിലൂടെയും ഡിജിറ്റൽ മീഡിയ വഴിയും നടത്തിവരുന്നു. കേരളത്തിലേയ്ക്കുള്ള അവധിക്കാല യാത്രകൾ

പുനരുജ്ജീവിപ്പിക്കുന്നതിനും ആഭ്യന്തര വിപണികളിൽ ഒന്നാമത് എത്തുന്നതിനും പോസ്റ്റ് കോവിഡ് ഡൊമസ്റ്റിക് ക്യാമ്പയിനും നടത്തിവരികയാണ്. സംസ്ഥാനത്ത് മൺസൂൺ ടൂറിസത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് കാലാകാലങ്ങളിൽ വകുപ്പ് വിവിധ പ്രചാരണപരിപാടികൾ സംഘടിപ്പിച്ച വരാറുണ്ട്. കോവിഡ്മൂലം പ്രതിസന്ധിയിലായ വിദേശ ആഭ്യന്തര സഞ്ചാരികളുടെ വരവ് പ്രോത്സാഹിപ്പിക്കാൻ ഇനിയും പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. ഓഫ് സീസൺ/ഡ്രീം സീസൺ ക്യാമ്പുകളെ പരമാവധി പ്രയോജനപ്പെടുത്തി മൺസൂൺ ടൂറിസത്തിന്റെ സാദ്ധ്യതകൾ വർദ്ധിപ്പിക്കാനാണ് ശ്രമിക്കുന്നത്. ഇപ്പോൾ നടന്നുവരുന്ന പോസ്റ്റ് കോവിഡ് ക്യാമ്പയിനുകളും മൺസൂൺ സാദ്ധ്യതകളെ പ്രയോജനപ്പെടുത്തുന്ന രീതിയിലാണ് ആവിഷ്കരിച്ചിരിക്കുന്നത്. നൂതനവും കാലികവുമായ പ്രചാരണ പരിപാടികളും വകുപ്പ് സംഘടിപ്പിച്ചുവരുന്നു. കോവിഡിനുശേഷം സംസ്ഥാനം സഞ്ചാരികൾക്ക് സുരക്ഷിതമാണ് എന്ന നിലയിലുള്ള പ്രചാരണപരിപാടികളും സംഘടിപ്പിച്ചുവരുന്നു. കാരവൻ ടൂറിസം നൂതനമായ ടൂറിസം ഉൽപ്പന്നം എന്ന നിലയിൽ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി കാരവൻ ടൂറിസം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. മൊബൈൽ ആപ്പ് സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിൽ നവീകരിച്ച മൊബൈൽ ആപ്പ് പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ബയോ ഡൈവേഴ്സിറ്റി സർക്യൂട്ട് ടൂറിസം പദ്ധതി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായൽ, മൺറോതുരുത്ത്, കൊട്ടാരക്കര, മീൻപിടിപ്പാറ, മുട്ടറമരുതിമല, ജടായുപ്പാറ, തെന്മല, അച്ചൻകോവിൽ എന്നീ പ്രദേശങ്ങളെ ബന്ധിപ്പിച്ച് നടപ്പിലാക്കുന്ന ഒരു ടൂറിസം പദ്ധതിയാണ് ബയോ ഡൈവേഴ്സിറ്റി സർക്യൂട്ട്. കായലും കടലും ഭംഗിയുള്ള തോടുകളും തുരുത്തുകളും മലയോരവും തേയിലത്തോട്ടവുമുള്ള കൊല്ലം ജില്ല വിനോദസഞ്ചാര മേഖലയിൽ പുത്തൻ ഉണർവുണ്ടാക്കും. ജൈവവൈവിദ്ധ്യവും പ്രകൃതിസൗന്ദര്യവും സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലാകും പദ്ധതി നടപ്പാക്കുക. കണ്ടൽക്കാടുകളിലൂടെയുള്ള ജലയാത്ര, മലകയറ്റം, തെന്മല-അച്ചൻകോവിൽ വനമേഖലയിലൂടെയുള്ള സഞ്ചാരം എന്നിവയെല്ലാം ഈ സർക്യൂട്ടിൽ ഉൾപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ വിളിച്ചു കഴിഞ്ഞു. അഞ്ച് സ്ഥാപനങ്ങളിൽ നിന്നുള്ള ഓഫറുകൾ ലഭിച്ചിട്ടുണ്ട്. ഇവയുടെ പരിശോധന നടന്നുവരുന്നു.

(സി) ടൂറിസം മേഖലയിൽ കൂടുതൽ പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ടൂറിസം വകുപ്പിന് 2021-22 സാമ്പത്തിക വർഷം വിവിധ ശീർഷകങ്ങളിലായി 320.14 കോടി രൂപയുടെ പദ്ധതി വിഹിതമാണ് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ വിവിധ ശീർഷകങ്ങളിലായി 383 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് വിഷയ നിർണ്ണയ കമ്മിറ്റി മുമ്പാകെ ധനാഭ്യർത്ഥന XLII പ്രകാരം വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

## ഇന്റഗ്രേറ്റഡ് ടൂറിസം സർക്യൂട്ട് സാൻഡ് ബാങ്ക്സ് പദ്ധതി

117 (6336) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റഗ്രേറ്റഡ് ടൂറിസം സർക്യൂട്ട് സാൻഡ് ബാങ്ക്സ് പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

പ്രസ്തുത പദ്ധതിയുടെ ലാൻഡ് ഡെവലപ്മെന്റ് പ്രവൃത്തി നടന്നു വരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുക എത്രയാണെന്ന് അറിയിക്കാമോ; ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

2,26,98,818 (രണ്ട് കോടി ഇരുപത്തിയാറ് ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തി എണ്ണൂറ്റി പതിനെട്ട് രൂപ) രൂപയാണ് പദ്ധതിയുടെ ഭരണാനുമതി തുക. ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പദ്ധതിയിൽ ഉൾപ്പെട്ട ഘടകങ്ങൾ താഴെ നൽകുന്നു.

1. സിവിൽ വർക്ക്
   a. ലാൻഡ് ഡെവലപ്മെന്റ് & ലാൻഡ് സ്കേപ്പിംഗ് വർക്ക്
   b. ബോട്ട് ജെട്ടി
   c. പമ്പ് റൂം
   d. ഔട്ട് ഡോറ് റൂം എക്വിപ്മെന്റ്
2. വാട്ടർ സപ്ലൈ & സാനിട്ടറി
3. ഇലക്ട്രിക്കൽ വർക്ക്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ടൂറിസം പദ്ധതികൾ

118 (6337) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-2021 കാലയളവിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ടൂറിസം പദ്ധതികൾ ഏതൊക്കെയാണെന്നും അതിൽ ഏതൊക്കെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നുമുള്ള വിവരം ജില്ലതിരിച്ച് വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

## ഡി.ടി.പി.സി. സെക്രട്ടറിമാരുടെ നിയമനം

119 (6338) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.ടി.പി.സി. സെക്രട്ടറിമാരുടെ നിയമനത്തിന് പുതിയതായി ഏർപ്പെടുത്തിയ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഡി.ടി.പി.സി. സെക്രട്ടറിമാരുടെ നിയമന വ്യവസ്ഥകൾ പരിഷ്കരിച്ച, 18-8-2021-ലെ സ. ഉ. (കൈ) 15/2021/ടൂറിസം, 22-9-2021 ലെ സ. ഉ. (കൈ) 16/2021/ടൂറിസം നമ്പർ സർക്കാർ ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ ഡി.ടി.പി.സി. സെക്രട്ടറിമാരെ നിയമിക്കുന്ന രീതി മാറ്റിയിട്ടുണ്ടെങ്കിൽ അതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയുടെ വികസനത്തിൽ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറിമാരുടെ വലിയ ഉത്തരവാദിത്വം മുന്നിൽ കണ്ടും ഭാവിയിൽ വിനോദസഞ്ചാര വകുപ്പിന്റെ പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ഫലപ്രദമായി ക്രോഡീകരിക്കുന്നതിനും ഈ മേഖലയിൽ പഠനമികവും പ്രവർത്തനപരിചയവുമുള്ള പ്രൊഫഷണലുകളെ ഡി.ടി.പി.സി. സെക്രട്ടറിമാരായി നിയോഗിക്കുന്നതിനായി നിലവിലെ നിയമന വ്യവസ്ഥയിൽ മാറ്റം വരുത്തിയപ്പോൾ ടി തസ്തികയിലെ നിയമനരീതി കരാർ വ്യവസ്ഥയിലാക്കുന്നതാണ് അഭികാമ്യമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്ന രീതിക്ക് മാറ്റം വരുത്തിയത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സാമ്പത്തിക വിനിയോഗ അധികാരമുള്ള ഡി.ടി.പി.സി. സെക്രട്ടറിമാരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നത് ആശാസ്യമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

വ്യക്തവും വിശദവുമായ നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് ഡി. ടി.പി.സി. സെക്രട്ടറി സ്ഥാനത്തേയ്ക്ക് കരാർ അടിസ്ഥാനത്തിലുള്ള നിയമനത്തിന് നടപടി ആരംഭിച്ചിരിക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ബോണ്ട് ഏർപ്പെടുത്താനും ആവശ്യമായ പരിശീലനം നൽകാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**പെരുമാതുറ-കഠിനംകുളം ബാക്ക് വാട്ടർ ടൂറിസം സർക്യൂട്ട്**

120 (6339) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമാതുറ-കഠിനംകുളം ബാക്ക് വാട്ടർ ടൂറിസം സർക്യൂട്ട് പദ്ധതിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പെരുമാതുറ-കഠിനംകുളം ബാക്ക് വാട്ടർ ടൂറിസം സർക്യൂട്ട് പദ്ധതിയുമായി ബന്ധപ്പെട്ട് നിർവ്വഹണ ഏജൻസി പദ്ധതി പ്രദേശത്തെ മണ്ണ് പരിശോധന പൂർത്തിയാക്കി. ബോട്ട് ജെട്ടികളുടെ ഡിസൈൻ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പൗണ്ട്കടവ് ബോട്ട് ജെട്ടിയുടെ ഡിസൈൻ പൂർത്തിയാക്കി ടെണ്ടർ നടപടികൾ ആരംഭിച്ചു.

(ബി) ഏതെല്ലാം സ്ഥലങ്ങളാണ് സർക്യൂട്ടിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ചുവടെ ചേർത്തിട്ടുള്ള സ്ഥലങ്ങളാണ് ഈ സർക്യൂട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; മുരുക്കുംപുഴ-ബോട്ട് ടെർമിനൽ നിർമ്മാണം, വേളി (വി.എസ്.എസ്.സി.ക്ക് സമീപം)-പ്രവേശന കവാടം സ്ഥാപിക്കൽ, പൗണ്ട്കടവ്-ബോട്ട് ജെട്ടി നിർമ്മാണം, കായിക്കര കടവ്-ബോട്ട് ജെട്ടി നിർമ്മാണം, പനയിൽ കടവ്-ബോട്ട് ജെട്ടി നിർമ്മാണം, പുത്തൻ കടവ്- ബോട്ട് ജെട്ടി നിർമ്മാണം, പുളിമൂട്ടിൽ കടവ്-ബോട്ട് ജെട്ടി നിർമ്മാണം.

**കണ്ണൂർ ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ**

121 (6340) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) അവയിൽ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

(എ&ബി) 1. പയ്യാമ്പലം പാർക്ക് & ബീച്ച്

2. സീ പാത്ത് വെ, നിയർ ഗവ. ഗസ്റ്റ് ഹൗസ്, കണ്ണൂർ

3. മുഴപ്പിലങ്ങാട് ബീച്ച്

4. മുഴപ്പിലങ്ങാട് സെൻട്രൽ പാർക്ക്

5. പടന്നക്കര പിണറായി പാർക്ക്

6. ഇരിട്ടി വാലിവ്യൂ ടൂറിസം പാർക്ക്

7. മീൻകുന്ന് ചാൽ ബീച്ച് & പാർക്ക്

8. ധർമ്മടം ടൂറിസം സെന്റർ

9. വെള്ളിക്കീൽ ഇക്കോ ടൂറിസം സെന്റർ

10. പഴശ്ശി ഗാർഡൻ

11. ചെമ്പല്ലിക്കുണ്ട് വയലപ്ര പാർക്ക്

12. പുതിയങ്ങാടി ചൂട്ടാട് പാർക്ക്

13. പുതിയങ്ങാടി ചൂട്ടാട് ചിൽഡ്രൻസ് പാർക്ക്

14. കണ്ണൂർ ടൗൺ സ്ക്വയർ

15. മണത്തണ (പഴശ്ശി) ടൂറിസം സ്ക്വയർ

16. പാലക്കയംതട്ട് ടൂറിസം സെന്റർ

17. പൈതൽമല ടൂറിസ്റ്റ് റിസോർട്ട്

18. മട്ടന്നൂർ ടൗൺ സ്ക്വയർ

19. കൂത്തുപറമ്പ് ഈവനിംഗ് പാർക്ക്

20. ഓവർ ബറീസ് ഫോളി, തലശ്ശേരി

21. സീവ്യൂപാർക്ക്, തലശ്ശേരി

22. പയ്യന്നൂർ ബാക്ക് വാട്ടർ ടൂറിസം

23. മുഴപ്പിലങ്ങാട് ഫെസിലിറ്റേഷൻ സെന്റർ

24. പരിയാരം വഴിയോര വിശ്രമ കേന്ദ്രം

25. ധർമ്മശാല ഫെസിലിറ്റേഷൻ സെന്റർ

26. ധർമ്മശാല ടൂറിസം ഫെസിലിറ്റി സെന്റർ-കം-ആർട്ട് ഗാലറി

27. മംഗലശ്ശേരി ബോട്ട് റെയ്സ് പവലിയൻ

28. റിവർവ്യൂ പാർക്ക്, പഴയങ്ങാടി

29. പാലക്കാട് സ്വാമി മഠം പാർക്ക്

30. പറശ്ശിനിക്കടവ് ബോട്ട് ടെർമിനൽ

31. പഴയങ്ങാടി ബോട്ട് ടെർമിനൽ

32. ടേക്ക് എ ബ്രേക്ക്, ശ്രീകണ്ഠാപുരം

33. ഏഴരകുണ്ട് വെള്ളച്ചാട്ടം

34. കാഞ്ഞിരക്കൊല്ലി

(സി) കണ്ണൂർ ജില്ലയിൽ പുതിയ ടൂറിസം കേന്ദ്രങ്ങൾ ഏറ്റെടുക്കുവാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

എല്ലാ പഞ്ചായത്തിലും ഓരോ ടൂറിസ്റ്റ് കേന്ദ്രങ്ങൾ ആരംഭിക്കുകയെന്ന സർക്കാർ നയത്തിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽനിന്നും പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് അനുയോജ്യമായത് പരിഗണിക്കാവുന്നതാണ്.

**ടൂറിസം വകുപ്പ് വാങ്ങിയ വാഹനങ്ങൾ**

122(6341) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വകുപ്പ് എത്ര വാഹനങ്ങൾ വാങ്ങിയിട്ടുണ്ടെന്ന് അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വകുപ്പ് മുഖേന വാഹനം ഒന്നും വാങ്ങിയിട്ടില്ല.

(ബി) 15 ലക്ഷം രൂപയ്ക്ക് മുകളിൽ വിലയുള്ള എത്ര വാഹനങ്ങൾ വാങ്ങിയിട്ടുണ്ടെന്നും 15 ലക്ഷം രൂപയ്ക്ക് താഴെ വിലയുള്ള എത്ര വാഹനങ്ങൾ വാങ്ങിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഓരോ വാഹനവും അലോട്ട് ചെയ്തത് ആർക്കൊക്കെയെന്ന് വ്യക്തമാക്കുമോ?

(ബി&സി) ബാധകമല്ല.

**വിനോദസഞ്ചാര മേഖലയിലെ മാലിന്യ സംസ്കരണം**

123 (6342) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക രീതിയിലുള്ള മാലിന്യ സംസ്കരണ പദ്ധതികളുടെ അഭാവം വിനോദസഞ്ചാര മേഖലയുടെ നിലനില്പിന് വെല്ലുവിളി ഉയർത്തുന്നത് പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടുണ്ട്.

(ബി) ഇതിന് പരിഹാരമായി എന്തെല്ലാം കർമ്മ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും അവ നടപ്പിലാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് നടപ്പാക്കിയതാണ് ഗ്രീൻ ഗ്രാസ്സ് പദ്ധതി വഴിയുള്ള മാലിന്യ നിർമ്മാർജ്ജനം. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 79 വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യവിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ 2019-20 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ 4.79 കോടി രൂപയുടെ ഗ്രീൻ ഗ്രാസ്സ് പദ്ധതിക്ക് അനുമതി നൽകി. പ്രസ്തുത കേന്ദ്രങ്ങളിലെ ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ എയറോബിക് സാങ്കേതികത്വം വഴി പ്രവർത്തിക്കുന്ന ബിന്നുകളിൽ നിക്ഷേപിച്ചു ജൈവവളമാക്കി മാറ്റുകയും അജൈവ മാലിന്യങ്ങൾ ശേഖരണ ബിന്നുകളും ബൂത്തുകളും ഉപയോഗിച്ച് തരംതിരിച്ചു ശേഖരിച്ച് അവയെ പിന്നീട് കൃത്യമായ ഇടവേളകളിൽ, പുനഃചംക്രമണത്തിനും മറ്റും ഉപയോഗപ്പെടുന്നതിലേയ്ക്കായി അതത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ എം.സി.എഫ്. (Material collection Facility)-ലേയ്ക്ക് എത്തിച്ചുനൽകാനും ഉദ്ദേശിച്ചുള്ളതാണ് പദ്ധതി. ഇത് പ്രകാരം 29 കേന്ദ്രങ്ങളിലെ

ജൈവ മാലിന്യ സംസ്കരണ യൂണിറ്റുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കിയുള്ളവ പൂർത്തിയായിവരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണം സാദ്ധ്യമാകുന്നതാണ്. ഇതുകൂടാതെ കാസർഗോഡ് ജില്ലയിലെ ബേക്കൽ ടൂറിസം പദ്ധതിയിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി 98.33 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

124 (6343) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2016-2021) മഞ്ചേരി നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭാസ സംരക്ഷണയജ്ഞ പ്രകാരം കെട്ടിട നിർമ്മാണത്തിന് തുക അനുവദിച്ച വിദ്യാലയങ്ങൾ ഏതൊക്കെ; പട്ടിക ലഭ്യമാക്കാമോ;

(ബി) അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ?

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബിയുടെ 5 കോടി രൂപ, 3 കോടി രൂപ, ഒരു കോടി രൂപ എന്നിങ്ങനെ അനുവദിച്ച് പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം നടപ്പിലാക്കുന്ന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. 5 കോടി രൂപയുടെ കിഫ്ബി പദ്ധതി-പാണ്ടിക്കാട് ഗവൺമെന്റ് എച്ച്.എസ്.എസ്, 3 കോടി രൂപയുടെ കിഫ്ബി പദ്ധതി-ജി.ബി.എച്ച്.എസ്. മഞ്ചേരി, ജി.വി.എച്ച്.എസ്. നെല്ലിക്കോത്ത്, ജി.എച്ച്.എസ്.എസ്. പട്ടിക്കാട്, ജി.ജി.എച്ച്.എസ്.എസ്. മഞ്ചേരി, ജി.എച്ച്.എസ്.എസ്. കാരക്കുന്ന്, 1 കോടി രൂപയുടെ കിഫ്ബി പദ്ധതി -ജി.എം.യു.പി.എസ് ഒരവമ്പ്രം.

(സി) പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

5 കോടി രൂപ കിഫ്ബി പദ്ധതി പാണ്ടിക്കാട് ഗവൺമെന്റ് എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. 3 കോടി രൂപ കിഫ്ബി പദ്ധതി - ജി.ബി.എച്ച്.എസ്.മഞ്ചേരി- നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. ജി.വി.എച്ച്.എസ്.എസ് നെല്ലിക്കോത്ത് -

പ്രവൃത്തികൾ 75%-ലധികം നിർമ്മാണം പൂർത്തിയായി. ജി.എച്ച്.എസ്.എസ് പട്ടിക്കാട്, ജി.ജി.എച്ച്.എസ്.എസ്. മഞ്ചേരി-ഡി.പി.ആർ. അംഗീകരിച്ചു. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ജി.എച്ച്.എസ്.എസ്. കാരക്കുന്ന് -നിർമ്മാണം പുരോഗമിച്ചുവരുന്നു. 35%-ലധികം നിർമ്മാണം പൂർത്തിയായി. 1 കോടി കിഫ്ബി പദ്ധതി - ജി.എം.യു.പി.എസ്.ഒരവമ്പ്രം - ടെണ്ടർ നടപടി സ്വീകരിച്ചു. എഗ്രിമെന്റ് ഒപ്പുവച്ചു. നിർമ്മാണത്തിനുള്ള തുടർനടപടി സ്വീകരിച്ചുവരുന്നു.

**പൊതുവിദ്യാലയങ്ങൾ തുറക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ**

125 (6344) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുമ്പോൾ കുട്ടികൾക്ക് പൂർണ്ണ സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

സംസ്ഥാനത്തെ സ്കൂളുകൾ തുറന്നുപ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട് കുട്ടികളുടെ പൂർണ്ണ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ആവശ്യമായ എല്ലാ മുന്നൊരുക്കവും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഓരോ സ്കൂളിലും നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള "തിരികെ സ്കൂളിലേയ്ക്ക്" എന്ന മാർഗ്ഗരേഖ പൊതുവിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ പി.ടി.എ./എസ്.എം.സി., യുവജന സംഘടനകൾ, അദ്ധ്യാപക സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾ നടത്തിയിരുന്നു. കുട്ടികളുടെ യാത്രാസംബന്ധമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി മോട്ടോർ വാഹന വകുപ്പ് വിശദമായ മാർഗ്ഗരേഖയും പുറത്തിറക്കിയിട്ടുണ്ട്. കുട്ടികളുടെ ശരീരോഷ്മാവ് പരിശോധിക്കുന്നതിനായി എല്ലാ സ്കൂളുകൾക്കും തെർമൽ സ്കാനറുകൾ നൽകിയിട്ടുണ്ട്. ആരോഗ്യ സുരക്ഷാ നടപടികൾ നടപ്പിലാക്കുന്നതിനും നിരീക്ഷിക്കുന്നതിനും എല്ലാ സ്കൂളുകളിലും സ്കൂൾ ആരോഗ്യ സംരക്ഷണ സമിതി രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ശാരീരിക അകലം പാലിക്കാൻ ശിപാർശ ചെയ്യുന്ന ബയോ ബബിൾ സിസ്റ്റം ക്ലാസ്സ് അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതാണ്.

## വിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കേണ്ട നടപടികൾ

126 (6345) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികൾ കോവിഡ് പ്രോട്ടോക്കോൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ?

കോവിഡ് മാനദണ്ഡപ്രകാരമുള്ള സാമൂഹ്യ അകലം സ്കൂളുകളിൽ പാലിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഒരു ക്ലാസ്സിനെ രണ്ടായി വിഭജിച്ച് ഒരു സമയം പരമാവധി ക്ലാസ്സിലുള്ള കുട്ടികളുടെ പകുതി കുട്ടികൾ ഹാജരാകുന്ന വിധത്തിൽ ഒരു ബഞ്ചിൽ 2 കുട്ടികളെ വീതമാണ് ക്രമീകരിച്ചിട്ടുള്ളത്. 1000 കുട്ടികളിലധികമുള്ള സ്കൂളുകളിൽ ആകെ കുട്ടികളുടെ 25% മാത്രം ഒരു സമയത്ത് ക്യാമ്പസിൽ വരുന്ന രീതിയിലും കുട്ടികളുടെ എണ്ണം ക്രമീകരിച്ച് നിയന്ത്രിക്കുന്നതിനായി ഓരോ ക്ലാസ്സിലേയും കുട്ടികളെ ബാച്ചുകളായി തിരിക്കുന്ന രീതിയിലും സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് മാർഗ്ഗരേഖയിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ ബാച്ചിനും തുടർച്ചയായി 3 ദിവസം (വിദ്യാർത്ഥികൾ അധികമുള്ള സ്കൂളുകളിൽ രണ്ട് ദിവസം) സ്കൂളിൽ വരാനുള്ള അവസരം ഒരുക്കും. അടുത്ത ബാച്ച് അടുത്ത മൂന്ന് ദിവസമായിരിക്കും സ്കൂളിലെത്തേണ്ടത്. ഒരു ബാച്ചിൽ ഉൾപ്പെട്ട വിദ്യാർത്ഥി സ്ഥിരമായി അതേ ബാച്ചിൽ തന്നെ തുടരുന്നതാണ്. കാലാകാലങ്ങളിൽ സർക്കാർ ശിപാർശ ചെയ്യുന്ന ആരോഗ്യ സുരക്ഷാ നടപടികൾ നടപ്പിലാക്കുന്നതിനും നിരീക്ഷിക്കുന്നതിനും എല്ലാ സ്കൂളുകളിലും സ്കൂൾ ആരോഗ്യ സംരക്ഷണ സമിതി (School Health Monitoring Committee) രൂപീകരിക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ഈ സമിതി ആഴ്ചയിൽ ഒരിക്കൽ മീറ്റിംഗ് കൂടി സ്ഥിതിഗതികൾ വിലയിരുത്തുന്നതാണ്. ശാരീരിക അകലം പാലിക്കാൻ ശിപാർശ ചെയ്യുന്ന ബയോ ബബിൾ സിസ്റ്റം ക്ലാസ്സ് അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതാണ്. ബയോ ബബിൾ എന്നത് ഒരു ക്ലാസ്സിൽ പഠിക്കുന്ന 6 മുതൽ 10 വരെയുള്ള കുട്ടികളുടെ കൂട്ടമാണ്. ഇവർ മാത്രമേ പരസ്പരം അടുത്ത് ഇടപെടാൻ പാടുള്ളൂ. ഇവർ ഒരു പ്രദേശത്തുനിന്ന് തന്നെ വരുന്നവരാണെങ്കിൽ അവരുടെ യാത്രയടക്കം ഒരുമിച്ച് ആസൂത്രണം ചെയ്യും. ഒരു ബയോ ബബിളിലെ കുട്ടികൾ മറ്റൊരു ബയോ ബബിളിലെ കുട്ടികളുമായി ഇടകലരാൻ പാടില്ല എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പാലിക്കാൻ നടപടികൾ ഉണ്ടാകുമോ?

ഇതിനായി അദ്ധ്യാപകർക്കും വിദ്യാഭ്യാസ ഓഫീസർമാർക്കും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ മാർഗ്ഗരേഖയിലും ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## പ്ലസ് വൺ പ്രവേശനം

127 (6346) ഡോ. എം. കെ. മുനീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല ജില്ലകളിലും നിലവിലെ പ്ലസ് വൺ സീറ്റുകളെക്കാൾ കൂടുതൽ കുട്ടികൾ യോഗ്യത നേടിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇക്കാര്യത്തിൽ കുട്ടികളുടെയും രക്ഷിതാക്കളുടെയും ആശങ്ക അകറ്റുന്നതിൽ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഈ വർഷത്തെ പ്ലസ് വൺ അഡ്മിഷനായി സംസ്ഥാനത്ത് 2-9-2021-ലെ സ.ഉ.(കൈ) നം. 191/2021 പൊ.വി.വ. പ്രകാരം തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ സർക്കാർ/എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ 20% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. 28-10-2021-ലെ സ.ഉ.(കൈ) നം. 241/2021 പൊ.വി.വ. പ്രകാരം തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ സീറ്റുകളുടെ ആവശ്യകത അനുസരിച്ച് സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ 10 ശതമാനവും അടിസ്ഥാന സൗകര്യമുള്ള അപേക്ഷിക്കുന്ന എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ നിബന്ധനകൾക്ക് വിധേയമായും (മാർജിനൽ വർദ്ധനവിന്റെ 20% മാനേജ്മെന്റ് സീറ്റ്) കൂടാതെ, അടിസ്ഥാന സൗകര്യമുള്ള, അപേക്ഷിക്കുന്ന അൺ-എയ്ഡഡ് സ്കൂളുകൾക്കും 10% സീറ്റ് വർദ്ധനവ് വരുത്തിയിട്ടുണ്ട്. അതുപോലെ കൊല്ലം,

ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, എറണാകുളം ജില്ലകളിൽ ആവശ്യകത അനുസരിച്ച് സർക്കാർ ഹയർസെക്കൻഡറി സ്കൂളുകളിൽ 20%-ഉം അടിസ്ഥാന സൗകര്യമുള്ള അപേക്ഷിക്കുന്ന എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ നിബന്ധനകൾക്ക് വിധേയമായും (മാർജിനൽ വർദ്ധനവിന്റെ 20% മാനേജ്മെന്റ് സീറ്റ്) കൂടാതെ, അടിസ്ഥാന സൗകര്യമുള്ള, അപേക്ഷിക്കുന്ന അൺ-എയ്ഡഡ് സ്കൂളുകൾക്കും 20% സീറ്റ് വർദ്ധനവും വരുത്തിയിട്ടുണ്ട്. വയനാട് ജില്ലയിലെ അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ, നല്ലൂർനാട് ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ ഫോർ ഗേൾസ്, കൽപ്പറ്റ എന്നീ സ്കൂളുകളിൽ ഓരോ ഹ്യൂമാനിറ്റീസ് ബാച്ച് താത്കാലികമായി അനുവദിക്കുന്നതിനും സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ നാമമാത്രമായ വിദ്യാർത്ഥികളുള്ള ബാച്ചുകൾ കണ്ടെത്തുകയാണെങ്കിൽ അവ ആവശ്യമുള്ള ജില്ലകളിലേയ്ക്ക് മാറ്റുന്നതിനും ആവശ്യമെങ്കിൽ സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ താത്കാലിക ബാച്ചുകൾ അനുവദിക്കുന്നതിനും സർക്കാർ ഇതിനകം അനുമതി നൽകിയിട്ടുണ്ട്.

**പൊതുവിദ്യാലയങ്ങളിലെ പ്രതിഭകൾക്ക് അംഗീകാരം നൽകുന്ന പദ്ധതി**

128 (6347) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി ദെലീമ:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ സാമൂഹ്യാവബോധം വളർത്തുന്നതിനും സാമൂഹ്യശാസ്ത്ര പ്രതിഭകളെ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനുമായി പൊതു വിദ്യാഭ്യാസ വകുപ്പ് പ്രത്യേകമായ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ സാമൂഹ്യാവബോധം വളർത്തുന്നതിനും സാമൂഹ്യശാസ്ത്ര പ്രതിഭകളെ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനുമായി നടപ്പാക്കിയ പദ്ധതിയാണ് സ്റ്റെപ്സ് (STEPS- Student's Talent Enrichment Programme in Social Science). സമൂഹം നേരിടുന്ന വെല്ലുവിളികളും ആർജ്ജിച്ച അറിവും തമ്മിൽ ബന്ധിപ്പിക്കുവാനും അതുവഴി പ്രശ്നവിശകലനം നടത്തി നിലപാടുകളും പരിഹാരനിർദ്ദേശങ്ങളും

രൂപപ്പെടുത്തുവാൻ കുട്ടികളെ പ്രാപ്തരാക്കുക, സാമൂഹ്യശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അനുഭവങ്ങൾ സാമൂഹ്യ പുരോഗതിക്കായി പ്രയോജനപ്പെടുത്തുക, ഭാവിയിൽ ഈ വിഷയത്തിൽ ഉന്നത വിദ്യാഭ്യാസം നേടുവാൻ കുട്ടികളെ പ്രാപ്തരാക്കുന്നതോടൊപ്പം സാമൂഹ്യ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ കുട്ടികളെ കഴിവുള്ളവരാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ഗവേഷണ പ്രവർത്തനങ്ങൾ, വിദഗ്ധരുമായുള്ള അഭിമുഖം, പഠന യാത്രകൾ, സെമിനാറുകൾ, ഗ്രൂപ്പ് ചർച്ചകൾ, സംവാദങ്ങൾ, പ്രാദേശിക ചരിത്രാന്വേഷണം, പ്രോജക്ട്, വിഭവഭൂപട നിർമ്മാണം തുടങ്ങിയ വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങളുടെ ഭാഗമാകുവാൻ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് അവസരമുണ്ടാകും. ഏഴ് ദിവസത്തെ സംസ്ഥാന ക്യാമ്പുകളിലൂടെ ഇത്തരം പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാൻ കുട്ടികൾക്ക് അവസരം ലഭിക്കും. 2018-19 അദ്ധ്യയന വർഷം മുതൽ ആറാം ക്ലാസ്സിലാണ് പദ്ധതി ആരംഭിച്ചത്.

(ബി) ഗണിതപ്രതിഭകൾക്ക് അംഗീകാരവും പ്രോത്സാഹനവും നൽകുന്നതിനായി പ്രത്യേക പദ്ധതി നിലവിലുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉണ്ട്. ഗണിതത്തിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് നിരന്തരമായ പരിശീലനവും പ്രോത്സാഹനവും നൽകുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ഗണിത പഠനപരിപോഷണ പരിപാടിയാണ് NuMATS (Nurturing Mathematical Talents in Schools). ഓരോ വർഷവും ആറാം ക്ലാസ്സിൽ പഠിക്കുന്ന ഗണിതത്തിൽ മിടുക്കരായ സംസ്ഥാനതലത്തിൽ 74 കുട്ടികളെ തെരഞ്ഞെടുത്ത് അവർക്ക് പന്ത്രണ്ടാം ക്ലാസ്സ് കഴിയുന്നതുവരെ ഉയർന്ന നിലവാരത്തിലുള്ള ക്ലാസ്സുകളും പ്രായോഗികാനുഭവങ്ങളും നൽകി അവരെ ഗണിത പ്രതിഭകളാക്കി വളർത്തുന്നതിനുള്ള ഒരു പദ്ധതിയാണ് ന്യൂമാറ്റ്സ്. തെരഞ്ഞെടുത്ത കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് വേനലവധിക്കാലത്ത് വർഷംതോറും പത്ത് ദിവസത്തെ സഹവാസ ക്യാമ്പ് നടത്തുന്നു. പ്രസ്തുത ക്യാമ്പിൽ ഇന്ത്യയിലെ തന്നെ മികച്ച ഗണിത അദ്ധ്യാപകരുമായി സംവദിക്കുന്നതിനുള്ള അവസരം കുട്ടികൾക്ക് ലഭ്യമാകുന്നു. ഗണിതശാസ്ത്ര ഒളിമ്പ്യാഡ് പോലുള്ള മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് ആവശ്യമായ പരിശീലനവും നൽകുന്നുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ന്യൂമാറ്റ്സ് പ്രവർത്തനങ്ങൾ ഓൺലൈൻ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിയാണ് നടത്തുന്നത്. ഇതിലേയ്ക്കായി പ്രത്യേക LMS പ്ലാറ്റ്ഫോം ഒരുക്കിയിട്ടുണ്ട്.

(സി) ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ സവിശേഷ കഴിവ് വികസിപ്പിക്കുന്നതിനായി എസ്.സി.ഇ.ആർ.ടി. ആരംഭിച്ച പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ സവിശേഷ കഴിവ് വികസിപ്പിക്കുന്നതിനായി എസ്.സി.ഇ.ആർ.ടി. ആരംഭിച്ച പദ്ധതിയാണ് 'സഹിതം'. കുട്ടികളുടെ കഴിവുകൾ തിരിച്ചറിയാൻ സഹായിക്കുംവിധം ഫീഡ് ബാക്ക് നൽകലും അവരുടെ പരിമിതികളിൽ സഹായം നൽകുകയും ചെയ്യുന്നതിലൂടെ കുട്ടികളുടെ ആത്മവിശ്വാസം നിലനിർത്തുന്നതിന് സഹായകരമായ മൂന്ന് ഘടകങ്ങളാണ് മെന്ററിംഗ് നിരന്തരവിലയിരുത്തലും സ്റ്റുഡന്റ് പ്രൊഫൈലിംഗും. ഇവ മൂന്നും കൂട്ടിയിണക്കി രൂപപ്പെടുത്തിയ പദ്ധതിയാണ് 'സഹിതം'. നിരന്തര വിലയിരുത്തലിനും സ്റ്റുഡന്റ് പ്രൊഫൈൽ തയ്യാറാക്കുന്നതിനും സഹായിക്കുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമും അദ്ധ്യാപക ശാക്തീകരണവും ഇതിന്റെ പ്രധാന ഭാഗങ്ങളാണ്. ഓരോ ക്ലാസ്സിനും കൃത്യമായ പഠനലക്ഷ്യങ്ങൾ നിശ്ചയിച്ച് അതിനനുസരണമായി വിലയിരുത്തൽ സൂചകങ്ങൾ തയ്യാറാക്കുകയാണ് ഇതിലെ ആദ്യഘട്ടം. ഇവ ഉപയോഗപ്പെടുത്തി കുട്ടികളെ മനസ്സിലാക്കി അവരെ സഹായിക്കുകയെന്നതാണ് രണ്ടാം ഘട്ടമായി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി പ്രൈമറി ക്ലാസ്സുകളിൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

## സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

129 (6348) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ;

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകൾക്ക് എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

പൂഞ്ഞാർ ഗവൺമെന്റ് എൽ.പി.സ്കൂളിന് കെട്ടിട നിർമ്മാണത്തിനായി 50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ, 100 സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങുന്നതിന് 2 കോടി രൂപയും 100 സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകൾക്ക് ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിന് 2 കോടി രൂപയും 200 സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകൾക്ക് ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിന് 1 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഹയർ സെക്കൻഡറി തുല്യതാ പരീക്ഷയും പത്താംതരം തുല്യതാ പരീക്ഷയും എഴുതിയവരുടെ വിശദവിവരം

130 (6349) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് മഹാമാരിക്കാലത്ത് ഹയർ സെക്കൻഡറി, പത്താംതരം തുല്യതാ പരീക്ഷകൾ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പത്താംതരം തുല്യത 14-ാം ബാച്ചിൽ രജിസ്റ്റർ ചെയ്തവർക്കുള്ള പൊതുപരീക്ഷ 2021 ആഗസ്റ്റ് 16 മുതൽ സെപ്റ്റംബർ 1 വരെയും ഹയർ സെക്കൻഡറി തുല്യത നാലാം ബാച്ചിലെ രണ്ടാം വർഷത്തെയും (+2) അഞ്ചാം ബാച്ചിലെ ഒന്നാം വർഷത്തെയും (+1) പൊതുപരീക്ഷ 2021 ജൂലൈ 26 മുതൽ 31 വരെയുമാണ് നടന്നത്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പരീക്ഷ എഴുതിയവരുടെ വിശദവിവരം ലഭ്യമാക്കാമോ?

പത്താംതരം തുല്യതാ കോഴ്സിന്റെ 14-ാം ബാച്ചിൽ (2019-20) സംസ്ഥാനത്തൊട്ടാകെ ആകെ 9194 പേരും ഹയർ സെക്കൻഡറി തുല്യത നാലാം ബാച്ചിലെ (2018-20) രണ്ടാം വർഷത്തിൽ (+2) ആകെ 13426 പേരും ഹയർ സെക്കൻഡറി തുല്യത അഞ്ചാം ബാച്ചിലെ (2019-21) ഒന്നാം വർഷത്തിൽ (+1) ആകെ 10728 പേരുമാണ് പരീക്ഷ എഴുതിയിട്ടുള്ളത്.

## സ്കൂൾ വാഹനങ്ങൾ നിരത്തിലിറക്കുന്നതിലുള്ള സാമ്പത്തിക ബാദ്ധ്യത

131 (6350) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19-മായി ബന്ധപ്പെട്ട് അടച്ചിട്ടിരുന്ന പൊതുവിദ്യാലയങ്ങൾ തുറന്ന് പ്രവർത്തിക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ രണ്ട് വർഷത്തിനുശേഷം സ്കൂൾ വാഹനങ്ങൾ നിരത്തിലിറക്കുന്നതിനായി വിവിധ തരത്തിൽ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമാക്കാമോ?

മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടില്ല.

(സി) സ്കൂൾ തുറക്കൽ മാർഗ്ഗരേഖയിൽ സ്കൂൾ വാഹനങ്ങൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ നൽകിയതിൽ പ്രസ്തുത വാഹനങ്ങൾക്കുണ്ടാകുന്ന അധിക ചെലവുകൾ എങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ടോ?

നിർദ്ദേശം നൽകിയിട്ടില്ല.

(ഡി) ഇക്കാര്യത്തിൽ സ്കൂൾ സമിതികൾക്ക് ചെലവാക്കാൻ കഴിയുന്നതിലുപരി ചെലവുകൾ വരികയാണെങ്കിൽ ആയത് പരിഹരിക്കാൻ സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിശദമാക്കാമോ?

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ അടച്ചിട്ടിരിക്കുന്ന പൊതു വിദ്യാലയങ്ങൾ വീണ്ടും തുറന്നുപ്രവർത്തിക്കുമ്പോൾ നിരത്തിലിറക്കേണ്ടിവരുന്ന സ്കൂൾവാഹനങ്ങൾക്കുണ്ടാകുന്ന ചെലവുകൾ സ്കൂൾ സമിതികൾക്ക് വഹിക്കുവാൻ കഴിയുന്നതിലുപരിയാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**ഓൺലൈൻ ക്ലാസ്സുകൾ സുഗമമാക്കുന്ന നടപടി**

132 (6351) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്റർനെറ്റ് സംവിധാനത്തിന് പ്രശ്നമുള്ള സ്ഥലങ്ങളിൽ ഓൺലൈൻ ക്ലാസ്സുകൾ ഡൗൺലോഡ് ചെയ്തു കാണുവാൻ വിദ്യാർത്ഥികൾക്ക് സൗകര്യം ഒരുക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉണ്ട്. സംസ്ഥാന വിദ്യാഭ്യാസ മേഖലയിൽ കോവിഡ്-19 ലോക്ഡൗണിനെ തുടർന്നുള്ള പ്രതിസന്ധികൾ പരിഹരിക്കുന്നതിന് 2020 ജൂൺ 1 മുതൽ ലഭ്യമായ സാങ്കേതിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ഡിജിറ്റൽ ക്ലാസ്സുകൾ ആരംഭിച്ചിരുന്നു. വീട്ടിൽ ടി.വി, സ്മാർട്ട്ഫോൺ, ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങൾ ഇല്ലാത്ത കുട്ടികൾക്കും ക്ലാസ്സുകൾ കാണുന്നതിന് അതത് ക്ലാസ്സ് ടീച്ചർ കുട്ടികളുമായി ആശയവിനിമയം നടത്തി പ്രഥമാദ്ധ്യാപകരുമായി ആലോചിച്ച് ബദൽ സംവിധാനം ഏർപ്പെടുത്താൻ കഴിഞ്ഞവർഷം

ഉത്തരവായിട്ടുണ്ട്. ഈ വർഷവും അത്തരം ക്രമീകരണങ്ങൾ ഡിജിറ്റൽ ക്ലാസ്സുകൾക്ക് ഒരുക്കിയിട്ടുണ്ട്. ഓൺലൈൻ ക്ലാസ്സുകൾ എല്ലാ കുട്ടികൾക്കും ലഭ്യമാക്കുന്നതിന് സാദ്ധ്യമായ എല്ലാ പ്രവർത്തനങ്ങളും ക്രമീകരിച്ചിട്ടുണ്ട്. ഡിജിറ്റൽ ക്ലാസ്സുകൾ ഓരോ ദിവസവും വ്യത്യസ്ത ക്ലാസ്സുകളിൽ പരമാവധി അര മണിക്കൂർ മുതൽ രണ്ട് മണിക്കൂർ വരെയാണ് സംപ്രേക്ഷണം ചെയ്യുന്നത്. ഓരോ പ്രദേശത്തിന്റെയും കുട്ടിയുടെയും സാഹചര്യം അനുസരിച്ച് അടുത്ത് താമസിക്കുന്ന സഹപാഠി, അയൽ വീടുകൾ, ഗ്രന്ഥശാലകൾ/അക്ഷയകേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടെയോ ടി.വി/ ഇന്റർനെറ്റ് സേവനങ്ങളോ, വിദൂരതയിലുള്ള സ്ഥലങ്ങളിൽ എസ്.എസ്.കെ. കോ-ഓർഡിനേറ്റർമാർ, എസ്.പി.സി, എൻ.എസ്.എസ്. വോളന്റിയർമാർ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ ലാപ്ടോപ്പും പ്രോജക്ടറും ഉപയോഗിച്ചോ (അവിടെ ഇന്റർനെറ്റ് സൗകര്യം ഇല്ലെങ്കിലും നേരത്തെ ഡൗൺലോഡ് ചെയ്ത് ഉള്ളടക്കം പ്രദർശിപ്പിക്കാം) തൊട്ടടുത്ത സ്കൂളുകളിൽ സൗകര്യം ഏർപ്പെടുത്തിയോ ആകാം. ഇങ്ങനെ ക്ലാസ്സുകൾ ക്രമീകരിക്കുമ്പോൾ ഒരു കുട്ടിക്ക് ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസംകൊണ്ട് ആ ആഴ്ചയിലെ എല്ലാ ക്ലാസ്സുകളും ഒരുമിച്ച് നൽകുന്ന വിധത്തിൽ സ്കൂളുകളിലെ ഐ.ടി. സംവിധാനങ്ങളും ഉപയോഗിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഓൺലൈൻ ക്ലാസ്സുകൾ സംസ്ഥാന വ്യാപകമായി എല്ലാ കുട്ടികൾക്കും ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങളാണ് സർക്കാർ ഒരുക്കിയിട്ടുള്ളത്. അതിനായി ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്ത പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്ക് അത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഓൺലൈൻ ക്ലാസ്സിൽ പങ്കെടുക്കുന്നതിന് ഉപകരണങ്ങൾ ആവശ്യമുള്ള പൊതുവിഭാഗത്തിലെ കുട്ടികളുടെ എണ്ണം കണ്ടെത്തിയിട്ടുണ്ട്. വിവിധ മാർഗ്ഗങ്ങളിലൂടെ കുട്ടികൾക്ക് ഉപകരണങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങളും 'വിദ്യാകിരണം' പദ്ധതി പ്രകാരം എല്ലാ കുട്ടികൾക്കും ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനവും ഒരുക്കിവരുന്നുണ്ട്. ഡിജിറ്റൽ ക്ലാസ്സുകൾ കാണുന്നതുപോലെതന്നെ ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിനും സ്കൂളുകൾക്ക് ലഭ്യമാക്കിയ ഉപകരണങ്ങളും സൗകര്യങ്ങളും ഉൾപ്പെടെയുള്ള സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് പ്രത്യേക സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) സാങ്കേതിക സംവിധാനങ്ങളും ഇന്റർനെറ്റും ലഭ്യമല്ലാത്ത കുട്ടികളെ സ്കൂൾ അധികാരികൾ കണ്ടെത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

കണ്ടെത്തിയിട്ടുണ്ട്.

(സി) ഓൺലൈൻ ക്ലാസ്സുകളിൽ സൈബർ നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനും വിലയിരുത്തുവാനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; അറിയിക്കുമോ?

കേരളത്തിലെ മുഴുവൻ സർക്കാർ, എയ്ഡഡ്, അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിലേയും അദ്ധ്യാപകർക്കും കുട്ടികൾക്കും സുരക്ഷിതമായ രീതിയിൽ ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന് ജി-സ്യൂട്ട് പ്ലാറ്റ്ഫോമിൽ പ്രത്യേക ലോഗിൻ സൗകര്യം ഒരുക്കിക്കൊണ്ടാണ് ഘട്ടംഘട്ടമായി കൈറ്റ് ഓൺലൈൻ ക്ലാസ്സുകൾ നടപ്പിലാക്കുന്നത്. പ്രസ്തുത ജി-സ്യൂട്ട് സംവിധാനത്തിൽ നുഴഞ്ഞുകയറുന്നതിനുള്ള പഴുതുകൾ പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്. സുരക്ഷിതമായ രീതിയിൽ ഓൺലൈൻ പഠനം സൗജന്യമായി ഉറപ്പുവരുത്തുക, കുട്ടികളുടെ സെൻസിറ്റീവായ വ്യക്തിഗത വിവരങ്ങൾ നൽകാതിരിക്കുക, അപ്ലോഡ് ചെയ്യുന്ന ഡാറ്റയിൽ സർക്കാരിന് മാസ്റ്റർ കൺട്രോൾ ഉണ്ടായിരിക്കുക, ഓൺലൈൻ വിദ്യാഭ്യാസത്തിന് ഏകീകൃതരൂപം നൽകുക തുടങ്ങിയ കാര്യങ്ങൾ ഉറപ്പുവരുത്തിയാണ് ഓൺലൈൻ ക്ലാസ്സുകൾ ജി-സ്യൂട്ട് പ്ലാറ്റ്ഫോമിലൂടെ നൽകുന്നത്.

## പ്ലസ് വൺ സീറ്റുകളിലെ അഡ്മിഷൻ

133 (6352) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ പ്ലസ് വൺ അഡ്മിഷനായി സംസ്ഥാനത്ത് എത്ര സീറ്റുകളാണ് വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

ഈ വർഷത്തെ പ്ലസ് വൺ അഡ്മിഷനായി സംസ്ഥാനത്ത് 2-9-2021-ലെ സ.ഉ.(കൈ) നം. 191/2021 പൊ.വി.വ. പ്രകാരം തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ സർക്കാർ/എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ 20% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. 28-10-2021-ലെ സ.ഉ.(കൈ) നം.241/2021 പൊ.വി.വ. പ്രകാരം തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ സീറ്റുകളുടെ ആവശ്യകത അനുസരിച്ച് സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ 10 ശതമാനവും അടിസ്ഥാന സൗകര്യമുള്ള അപേക്ഷിക്കുന്ന എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ നിബന്ധനകൾക്ക് വിധേയമായും (മാർജിനൽ വർദ്ധനവിന്റെ 20% മാനേജ്മെന്റ് സീറ്റ്) കൂടാതെ, അടിസ്ഥാന സൗകര്യമുള്ള, അപേക്ഷിക്കുന്ന അൺ-എയ്ഡഡ് സ്കൂളുകൾക്കും 10% സീറ്റ് വർദ്ധനവ് വരുത്തിയിട്ടുണ്ട്. അതുപോലെ കൊല്ലം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, എറണാകുളം ജില്ലകളിൽ ആവശ്യകത അനുസരിച്ച് സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ 20%-ഉം

അടിസ്ഥാന സൗകര്യമുള്ള അപേക്ഷിക്കുന്ന എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ നിബന്ധനകൾക്ക് വിധേയമായും (മാർജിനൽ വർദ്ധനവിന്റെ 20% മാനേജ്മെന്റ് സീറ്റ്) കൂടാതെ, അടിസ്ഥാന സൗകര്യമുള്ള, അപേക്ഷിക്കുന്ന അൺ-എയ്ഡഡ് സ്കൂളുകൾക്കും 20% സീറ്റ് വർദ്ധനവും വരുത്തിയിട്ടുണ്ട്. വയനാട് ജില്ലയിലെ അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ, നല്ലൂർനാട് ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂൾ ഫോർ ഗേൾസ്, കൽപ്പറ്റ എന്നീ സ്കൂളുകളിൽ ഓരോ ഹ്യൂമാനിറ്റീസ് ബാച്ച് താൽക്കാലികമായി അനുവദിക്കുന്നതിനും സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ നാമമാത്രമായ വിദ്യാർത്ഥികളുള്ള ബാച്ചുകൾ കണ്ടെത്തുകയാണെങ്കിൽ അവ ആവശ്യമുള്ള ജില്ലകളിലേയ്ക്ക് മാറ്റുന്നതിനും ആവശ്യമെങ്കിൽ സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ താത്കാലിക ബാച്ചുകൾ അനുവദിക്കുന്നതിനും സർക്കാർ ഇതിനകം അനുമതി നൽകിയിട്ടുണ്ട്.

(ബി) വർദ്ധിപ്പിച്ച സീറ്റുകളിൽ അഡ്മിഷൻ നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പ്ലസ് വൺ പ്രവേശനത്തിന്റെ മുഖ്യഘട്ട അലോട്ട്മെന്റുകളിലും ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റിലുമായി പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് വർദ്ധിപ്പിച്ച സീറ്റുകൾകൂടി ഉൾപ്പെടുത്തിയുള്ള വേക്കൻസികളിലേയ്ക്ക് സ്കൂൾ/കോമ്പിനേഷൻ മാറ്റത്തിന് അവസരം നൽകിയിട്ടുണ്ട്. അതിനുശേഷം വരുന്ന ഒഴിവുകളുടെ വിശദാംശങ്ങൾ 2021 നവംബർ 17-ന് പ്രസിദ്ധീകരിക്കുകയും ഈ ഒഴിവുകളിലേയ്ക്ക് അപേക്ഷ നൽകിയിട്ടും അലോട്ട്മെന്റ് ലഭിക്കാത്തവർക്ക് വീണ്ടും പരിഗണിക്കപ്പെടുന്നതിനായി അപേക്ഷ പുതുക്കി നൽകാം. അപേക്ഷ പുതുക്കുന്നതിനോടൊപ്പം നിലവിലുള്ള ഒഴിവുകളുടെ അടിസ്ഥാനത്തിൽ ഓപ്ഷനുകളും പുതുക്കി നൽകാം.

(സി) സീറ്റുകൾ വർദ്ധിപ്പിക്കുന്നതിന് മുൻപ് അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് അവർ ഹയർ ഓപ്ഷൻ നൽകിയിരുന്ന വിദ്യാലയങ്ങളിൽ വർദ്ധിപ്പിച്ച സീറ്റുകളിൽ അഡ്മിഷൻ നേടുന്നതിന് അവസരം നൽകാമോ?

അവസരം നൽകിയിട്ടുണ്ട്.

### കെ-ടെറ്റ് പാസ്സാകുന്നതിന് ഇളവ്

134(6353) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അദ്ധ്യാപകർക്ക് കെ-ടെറ്റ് പരീക്ഷ പാസ്സാകുന്നതിനുവേണ്ട മാർക്കിൽ ഇളവ് അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

ഇല്ല. കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപക യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത് നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (NCTE)-നെയാണ്. ഈ സ്ഥാപനമാണ് അദ്ധ്യാപക യോഗ്യതാ പരീക്ഷയുടെ (ടെറ്റ്) പാസ്സ്മാർക്ക് മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത്. ഇതിൽ മാറ്റം വരുത്തുന്നതിന് സംസ്ഥാന സർക്കാരിന് സ്വമേധയാ സാധിക്കുന്നതല്ല.

(ബി) നിലവിൽ സർവ്വീസിൽ ഉള്ളവരെ കെ-ടെറ്റ് പരീക്ഷ പാസ്സാകുന്നതിൽ നിന്ന് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

2009-ലെ കേന്ദ്ര വിദ്യാഭ്യാസ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അദ്ധ്യാപകരായി നിയമനം ലഭിക്കുന്നതിനായി ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് നിർബന്ധമാക്കിയതിനെ അടിസ്ഥാനപ്പെടുത്തി 25-7-2012-ലെ സ.ഉ(പി) നം. 244/2012/പൊ.വി.വ പ്രകാരം 1-6-2012 മുതലുള്ള എയ്ഡഡ് സ്കൂളിലെ നിയമനങ്ങൾക്കും 30-8-2016-ലെ സ.ഉ(പി) നം.145/2016/ പൊ.വി.വ പ്രകാരം സർക്കാർ സ്കൂളിലെ നിയമനങ്ങൾക്കും കെ-ടെറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. 25-7-2012-ലെ ഉത്തരവ് പ്രകാരം എം.എഡ്. യോഗ്യത നേടിയിട്ടുള്ളവരെയും 30-8-2016-ലെ ഉത്തരവ് പ്രകാരം ബന്ധപ്പെട്ട വിഷയത്തിൽ C.TET/NET/SET/MPhil/Phd യോഗ്യത നേടിയിട്ടുള്ളവരെയും കെ-ടെറ്റ് യോഗ്യത നേടിയിരിക്കണമെന്ന വ്യവസ്ഥയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(സി) കെ-ടെറ്റ് പരീക്ഷ പാസ്സായ യു.പി. സ്കൂൾ അദ്ധ്യാപകർ ഹൈസ്കൂൾ തലത്തിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുമ്പോൾ വീണ്ടും കെ-ടെറ്റ് പരീക്ഷ പാസ്സാകേണ്ടതുണ്ടോ; ഉണ്ടെങ്കിൽ ഇളവ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഇളവ് നൽകുന്ന കാര്യം പരിഗണനയിലില്ല.

**സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി**

135 (6354) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെ തുടർന്ന് അടഞ്ഞുകിടക്കുന്ന പൊതു വിദ്യാലയങ്ങൾ തുറക്കുമ്പോൾ പത്താം ക്ലാസ്സ് വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഉച്ചഭക്ഷണം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

പൊതുവിദ്യാലയങ്ങളിലെ പ്രീ-പ്രൈമറി മുതൽ എട്ടാം ക്ലാസ് വരെയുള്ള കുട്ടികളാണ് സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്നത്. ടി കുട്ടികൾക്ക് 2021-22 അദ്ധ്യയന വർഷം സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുന്ന തീയതി മുതൽ തന്നെ പാചകം ചെയ്ത ഉച്ചഭക്ഷണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒന്ന് മുതൽ എഴാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് നവംബർ 1 മുതൽ ഉച്ചഭക്ഷണം നൽകിവരുന്നുണ്ട്. നിലവിൽ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരാത്ത ക്ലാസ്സുകളിലെ കുട്ടികൾക്ക് ഈ അദ്ധ്യയന വർഷം ഉച്ചഭക്ഷണം നൽകുന്ന കാര്യം പരിഗണനയിലില്ല.

(ബി) കോവിഡ് മാനദണ്ഡം പാലിച്ചുകൊണ്ട് ഉച്ചഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശം തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉണ്ട്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്ക് പ്രാദേശിക സാഹചര്യങ്ങൾകൂടി കണക്കിലെടുത്ത് പോഷക സമൃദ്ധവും ഗുണമേന്മയുള്ളതുമായ ഉച്ചഭക്ഷണം ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ, കോവിഡ്-19 പ്രോട്ടോക്കോളുകൾ എന്നിവ പാലിച്ചുകൊണ്ട് നൽകുന്നതുമായി ബന്ധപ്പെട്ട് സ്കൂളുകൾക്കുള്ള പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ 22-10-2021-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എൻ.എം.എ (1)-11038/2021/ഡി.ജി.ഇ നമ്പർ പരിപത്രം മുഖാന്തരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പരിപത്രത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) സ്കൂളുകളിലെ പാചക പുരകൾ, സ്റ്റോറുകൾ, ഡൈനിംഗ് ഹാൾ തുടങ്ങിയവയുടെ നിലവിലെ സാഹചര്യം സംബന്ധിച്ച് ഓരോ സബ് ജില്ലയിലും പരിശോധനകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

റാൻഡം രീതിയിൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. സ്കൂൾ സന്ദർശനത്തിന്റെ ഭാഗമായി നൂൺമീൽ ഓഫീസർമാരാണ് ഇത്തരം പരിശോധനകൾ നടത്തിയിട്ടുള്ളത്. നിലവിലെ സാഹചര്യത്തിൽ, പാചകപ്പുര, സ്റ്റോർ, പാചകപ്പുരയുടെ പരിസരം, ഡൈനിംഗ് ഹാൾ എന്നിവ വൃത്തിയോടും വെടിപ്പോടുംകൂടി പരിപാലിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്.

(ഡി) സ്കൂളുകളിൽ ഉപയോഗിക്കുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടോ; എല്ലാ സ്കൂളുകൾക്കും അടിയന്തരമായി കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിന് ജലവിഭവ വകുപ്പിനോട് ആവശ്യപ്പെടുമോ; വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ സ്പോൺസർഷിപ്പുള്ളതും എൻ.എ.ബി.എൽ. അക്രെഡിറ്റേഷനുമുള്ളതുമായ സി.ഇ.പി.സി.ഐ ലബോറട്ടറി ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ സ്കൂളുകളിലെ കുടിവെള്ളത്തിന്റെ, മൈക്രോബയോളജിക്കൽ പരിശോധന നടത്തുവാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. കുട്ടികൾക്ക് സുരക്ഷിതമായ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കിണറുകൾ, കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ കണക്ഷൻ എന്നിവയെയാണ് കുടിവെള്ളത്തിനായി സ്കൂളുകൾ മുഖ്യമായും ആശ്രയിക്കുന്നത്. കുടിവെള്ള കണക്ഷൻ ആവശ്യമായ സ്കൂളുകളുടെ വിവരം ലഭ്യമാക്കുന്നപക്ഷം ആയത് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) ഉച്ചഭക്ഷണത്തിന്റെ പാചകവും വിതരണവും ആരോഗ്യ പ്രവർത്തകരുടെ നിരീക്ഷണത്തിന് വിധേയമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങളും കോവിഡ് പ്രോട്ടോക്കോളുകളും കൃത്യമായി പാലിച്ചുകൊണ്ടാണ് സ്കൂളുകളിൽ ഉച്ചഭക്ഷണം പാചകം ചെയ്ത് കുട്ടികൾക്ക് വിതരണം ചെയ്യുന്നത്. സ്കൂൾ പി.ടി.എ., സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി, മദർ പി.ടി.എ., സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റി, അദ്ധ്യാപകർ എന്നിവരുടെ കർശന നിരീക്ഷണത്തിലാണ് ഇത് നടക്കുന്നത്. ഇക്കാരണത്താൽതന്നെ ആരോഗ്യപ്രവർത്തകരുടെ പ്രത്യേകമായ ഒരു നിരീക്ഷണം ഉറപ്പാക്കേണ്ട സാഹചര്യം നിലവിലില്ല. ഭക്ഷണത്തിന്റെ ഗുണമേന്മ, ഭക്ഷണം പാചകം ചെയ്യുന്നതിലും അത് വിതരണം ചെയ്യുന്നതിലും പാലിക്കേണ്ട ശുചിത്വം എന്നിവ സംബന്ധിച്ച് സ്കൂളുകൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## പട്ടാമ്പി മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം

136(6355) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതും എന്നാൽ പണി പൂർത്തിയാകാത്തതുമായ പട്ടാമ്പി നിയോജകമണ്ഡലത്തിലെ സ്കൂളുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; അവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പട്ടാമ്പി നിയോജകമണ്ഡലത്തിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയ സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

---

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത നിർമ്മാണത്തിനായി നടപടികൾ ഒന്നുംതന്നെ സ്വീകരിക്കാത്ത സ്കൂളുകൾ ഉണ്ടെങ്കിൽ ആയതിന്റെ കാലതാമസം വ്യക്തമാക്കാമോ?

പട്ടാമ്പി ഗവൺമെന്റ് ഓറിയന്റൽ ഹയർ സെക്കൻഡറി സ്കൂളിൽ കെട്ടിട നിർമ്മാണത്തിന് സ്ഥലലഭ്യത സംബന്ധിച്ച പ്രശ്നം കാരണം നിർമ്മാണ പ്രവൃത്തി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

**പുതിയ സ്കൂൾ കെട്ടിടങ്ങൾ**

137 (6356) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ തുറക്കുന്ന സാഹചര്യത്തിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയത് കോവിഡ് സാഹചര്യത്തിൽ പൂർത്തിയാക്കാൻ കഴിയാതെ വന്നിട്ടുണ്ടോ;

(ബി) ഈ സാഹചര്യത്തിൽ കുട്ടികളെ അക്കോമഡേറ്റ് ചെയ്യുന്നതിന് അസൗകര്യം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) കോവിഡ് മഹാമാരിയോടനുബന്ധിച്ച് രാജ്യമാകെ ഏർപ്പെടുത്തിയ ലോക്ഡൗണും മറ്റ് നിയന്ത്രണങ്ങളും കാരണം സംസ്ഥാനത്തെ പല സ്കൂളുകളിലെയും കെട്ടിട നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാതെ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇത് പരിഹരിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ?

ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നപക്ഷം സ്വീകരിക്കേണ്ട നടപടികളുടെ മാർഗ്ഗനിർദ്ദേശം എല്ലാ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും 5-10-2021-ലെ ഡബ്ല്യു(1)/39792/ 2017/ഡി.ജി.ഇ. സർക്കുലർ മുഖേന നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**സ്കൂൾ ബസുകളുടെ നടത്തിപ്പ്**

138 (6357) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.പി., എം.എൽ.എ., തദ്ദേശ ഫണ്ടുകൾ തുടങ്ങിയവ ഉപയോഗിച്ച് വാങ്ങുന്ന സ്കൂൾ ബസുകളുടെ നടത്തിപ്പ് പൊതുവിദ്യാലയങ്ങൾക്ക് ബാധ്യതയാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആവർത്തന പരിപാലനചെലവുകൾ സ്വന്തമായി കണ്ടെത്തണമെന്ന നിബന്ധനയോടെയാണ് സ്കൂൾ ബസുകൾ അനുവദിക്കുകയെങ്കിലും ഇരട്ടിയായി വർദ്ധിച്ച ഇന്ധന ചെലവുകളും കോവിഡ്കാരണം നിർത്തിയിട്ടതിനാലുണ്ടായ അറ്റകുറ്റപ്പണികൾക്കുമായി ഭാരിച്ച തുക പൊതുവിദ്യാലയങ്ങൾക്ക് കണ്ടെത്തേണ്ടതിനാൽ ഇതിനായി മെയിന്റനൻസ് ഗ്രാന്റ് മാതൃകയിൽ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രൊപ്പോസൽ ലഭ്യമാകുന്ന പക്ഷം ആയത് പരിശോധിക്കുന്നതാണ്.

(സി) പൊതുവിദ്യാലയങ്ങളുടെ വൈദ്യുതി ചാർജ് കൈമാറ്റം ചെയ്യപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ; അഭിപ്രായം അറിയിക്കാമോ?

പ്രസ്തുത വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) പൊതുവിദ്യാലയങ്ങളിലെ സ്കൂൾ ബസുകളുടെ നടത്തിപ്പിനും പരിപാലനത്തിനും ധനസമാഹരണത്തിനുമായി സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

ഇല്ല. ഇത് സംബന്ധിക്കുന്ന പ്രൊപ്പോസൽ ലഭ്യമാകുന്നപക്ഷം ആയത് പരിശോധിക്കുന്നതാണ്.

## അൺ എയ്ഡഡ് സ്കൂളുകളിൽനിന്ന് വന്ന കുട്ടികൾ

139 (6358) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 അദ്ധ്യയന വർഷം സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ മുൻവർഷത്തെക്കാൾ കുട്ടികളുടെ എണ്ണം വർദ്ധിച്ചതിൽ അൺ എയ്ഡഡ് സ്കൂളുകളിൽനിന്നുവന്ന കുട്ടികളുടെ എണ്ണം എത്രയെന്ന് ക്ലാസ്സ് തിരിച്ച് വ്യക്തമാക്കാമോ?

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ, 2021-22 അദ്ധ്യയന വർഷം 6-ാം പ്രവൃത്തിദിനം അടിസ്ഥാനപ്പെടുത്തിയിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം തിട്ടപ്പെടുത്തുകയുണ്ടായിട്ടില്ല. എന്നാൽ 2021-22 അദ്ധ്യയന വർഷത്തെ കുട്ടികളുടെ എണ്ണം സംബന്ധിച്ച് സമ്പൂർണ്ണ വെബ്പോർട്ടലിൽ ലഭ്യമായ കണക്കുകൾ പ്രകാരം മുൻവർഷത്തെ അപേക്ഷിച്ച് സർക്കാർ/എയ്ഡഡ് മേഖലയിൽ 2,54,632 കുട്ടികൾ പുതുതായി വന്നുചേർന്നതായി കണക്കാക്കിയിരിക്കുന്നു. കൂടാതെ, സ്റ്റേറ്റ് സിലബസ് അൺ എയ്ഡഡ് വിദ്യാലയങ്ങളിലെ 2021-22 അദ്ധ്യയന വർഷത്തെ കുട്ടികളുടെ എണ്ണം മുൻവർഷത്തേതുമായി താരതമ്യം ചെയ്യുമ്പോൾ 41,984 കുട്ടികൾ ടി വിദ്യാലയങ്ങളിൽ കുറവുള്ളതായി കണക്കാക്കിയിട്ടുണ്ട്.

## ലോവർ പ്രൈമറി സ്കൂളിന് അംഗീകാരം

140 (6359) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി മേഖലയിൽ കർഷകരുടെയും മറ്റ് പിന്നാക്ക ജനവിഭാഗങ്ങളുടെയും മക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കുന്നതിന് ആലപ്പുഴ ജില്ലയിലെ മാവേലിക്കര വിദ്യാഭ്യാസ ജില്ലയിൽ നൂറനാട് ഗ്രാമപഞ്ചായത്തിൽ പടനിലം എലയാസ് നഗർ കേന്ദ്രമാക്കി പുനലൂർ ലത്തീൻ കത്തോലിക്ക രൂപത ഏകദേശം പതിനേഴ് വർഷം മുൻപ് ആരംഭിച്ച ലോവർ പ്രൈമറി സ്കൂളിന് നാളിതുവരെ അംഗീകാരം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

സംസ്ഥാന സിലബസിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് 22.5.2019-ലെ ജി.ഒ.(എം.എസ്.) നം.45/2019/ പൊ.വി.വ. പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവനുസരിച്ച് അതത് ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ മുഖേന അപേക്ഷ സമർപ്പിക്കുന്ന സ്കൂളുകൾക്കാണ് അംഗീകാരം നൽകിവരുന്നത്. പടനിലം എലയാസ് നഗർ കേന്ദ്രമാക്കി പുനലൂർ ലത്തീൻ കത്തോലിക്ക രൂപത നടത്തുന്ന ലോവർ പ്രൈമറി സ്കൂളിന്റെ അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) ദേശീയ വിദ്യാഭ്യാസ നയം നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ച് പാവപ്പെട്ട വിദ്യാർത്ഥികൾക്ക് കുറഞ്ഞ ചെലവിൽ വിദ്യാഭ്യാസം നൽകുന്ന പ്രസ്തുത സ്കൂളിന് പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികമാക്കിയ സാഹചര്യത്തിൽ അടിയന്തരമായി അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് അംഗീകാരം നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്.

(സി) മറ്റ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടും എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയ പ്രസ്തുത സ്കൂളിന് അംഗീകാരം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കുന്ന സ്കൂളുകൾക്കാണ് അംഗീകാരം നൽകിവരുന്നത്. എന്നാൽ ടി സ്കൂൾ അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചതായി കാണുന്നില്ല.

## മലപ്പുറം അത്താണിക്കൽ ഗവൺമെന്റ് എൽ.പി. സ്കൂളിന് സ്കൂൾ ബസ് ഫണ്ട്

141 (6360) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ അത്താണിക്കൽ ഗവ. എൽ.പി. സ്കൂളിന് സ്കൂൾ ബസ് വാങ്ങുന്നതിന് എം.എൽ.എ.-യുടെ മണ്ഡലം ആസ്തി വികസന ഫണ്ടിൽനിന്ന് 2020-21 വർഷത്തിൽ 12.30 ലക്ഷം രൂപ അനുവദിച്ചിട്ടും നാളിതുവരെ ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഫണ്ട് അലോട്ട്മെന്റ് ലഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(സി) സ്കൂൾ അദ്ധ്യയനം ആരംഭിക്കുന്ന സാഹചര്യത്തിൽ എത്രയും വേഗം ഫണ്ട് അലോട്ട്മെന്റ് ലഭ്യമാക്കി ബസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(ബി&സി) ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. ഫണ്ട് അലോട്ട്മെന്റ് എത്രയും പെട്ടെന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തിരുവല്ല മണ്ഡലത്തിലെ മികവിന്റെ കേന്ദ്രം പദ്ധതി

142 (6361) ശ്രീ. മാത്യു ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജകമണ്ഡലത്തിൽ മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന വിദ്യാലയങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ 5 കോടി രൂപ, 3 കോടി രൂപ, 1 കോടി രൂപ എന്നിങ്ങനെ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ചിട്ടുള്ള പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്. ആയതിലെ ഒരു മണ്ഡലത്തിലെ ഒരു സ്കൂളിനെ അഞ്ചുകോടി രൂപ അനുവദിച്ച് 'മികവിന്റെ കേന്ദ്രമാക്കാൻ' തെരഞ്ഞെടുത്തത് തിരുവല്ല നിയോജകമണ്ഡലത്തിലെ കടപ്ര കണ്ണശ്ശ എസ്.ജി.എച്ച്.എസ്.എസ്.-നെയാണ്, 3 കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് കുന്നന്താനം എസ്.എം.ജി.എച്ച്.എസ്.എസ്.-നെയുമാണ്.

(ബി) പ്രസ്തുത വിദ്യാലയങ്ങളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതികളിലെ 5 കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെട്ട കണ്ണശ്ശ എസ്.ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. 3 കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെട്ട എസ്.എം.ജി.എച്ച്.എസ്.എസ്. കുന്നന്താനത്തിന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ച് ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നു.എന്നാൽ ഡിമോളിഷന് കാലതാമസം വന്നതിനാൽ റീടെണ്ടർ ചെയ്യുന്നതിന്റെ നടപടികളിലാണ്.

## വിദ്യാകിരണം പദ്ധതി

143 (6362) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ എന്തൊക്കെ കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

കോവിഡ് പ്രതിസന്ധികൾ കുട്ടികളുടെ പഠന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിന് 2021 ജൂൺ മുതൽ ഡിജിറ്റൽ ക്ലാസുകൾക്കൊപ്പം ജി-സ്യൂട്ട് സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് ഓൺലൈൻ ക്ലാസ്സുകളും ആരംഭിച്ചിട്ടുണ്ട്. എല്ലാ വിഭാഗം കുട്ടികൾക്കും ഓൺലൈൻ ക്ലാസ്സിൽ പങ്കെടുക്കുന്നതിന് ഡിജിറ്റൽ ഉപകരണങ്ങൾ ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് 'വിദ്യാകിരണം'. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളിൽ സമൂഹപങ്കാളിത്തത്തോടെ മാത്രം ഡിജിറ്റൽ ഉപകരണങ്ങൾ സ്വന്തമാക്കാൻ കഴിയുന്ന കുട്ടികളുടെ വിശദാംശങ്ങൾ അതത് സ്കൂളുകളിൽനിന്ന് ശേഖരിക്കുകയും വിദ്യാകിരണം പോർട്ടലിലേയ്ക്ക് ഉൾപ്പെടുത്തുകയും ചെയ്യും. പ്രസ്തുത കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണം ലഭ്യമാക്കുന്നതിന് വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ പ്രത്യേകം സംഭാവനകൾ നൽകാൻ പദ്ധതിയിൽ സൗകര്യമൊരുക്കിയിട്ടുണ്ട്. ഇവ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ സബ്ഹെഡ്ഡായി ധനകാര്യ വകുപ്പിന്റെ ഒരു പ്രത്യേക അക്കൗണ്ടിൽ ശേഖരിക്കുന്നു. ഈ അക്കൗണ്ടിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് ധനകാര്യ വകുപ്പ് ഓൺലൈൻ രസീത് നൽകുമെന്നും ഇൻകം ടാക്സ് ആക്ട് 1961-ന്റെ 80 ജി (2) വകുപ്പുപ്രകാരം ഈ തുക പൂർണ്ണമായും ആദായനികുതി വിമുക്തമായിരിക്കുമെന്നും ഉത്തരവായിട്ടുണ്ട്. ആദ്യഘട്ടമായി ഒന്ന് മുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്കും 10, 12 ക്ലാസുകളിലെ പട്ടികജാതി വിഭാഗം കുട്ടികൾക്കുമുള്ള ലാപ്ടോപ്പ് വിതരണം ഉടൻ പൂർത്തിയാക്കും. 'വിദ്യാശ്രീ' പദ്ധതി പ്രകാരം ലഭിച്ച 45313 ലാപ്ടോപ്പുകളാണ് 'വിദ്യാകിരണം' പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുന്നത്.

(ബി) എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കി തുടങ്ങിയോയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമുള്ള കുട്ടികൾക്ക് പ്രയോജനപ്പെടുന്ന വിധത്തിലാണ് വിദ്യാകിരണം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.

**സമഗ്ര ശിക്ഷാ കേരളം**

144 (6363) ശ്രീ. വി. ജോയി:
ശ്രീ. പി. വി. അൻവർ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുക, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക, തുല്യത ഉറപ്പുവരുത്തുക എന്നീ കൈറ്റിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ സമഗ്ര ശിക്ഷാ കേരളം പദ്ധതി എത്രത്തോളം സഹായകരമായിട്ടുണ്ട്; വിശദമാക്കാമോ?

സംസ്ഥാനത്ത് സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി, ഗണിത വിജയം, ഉല്ലാസഗണിതം, ശാസ്ത്രകൗതുകം, ശാസ്ത്ര പാർക്കുകൾ, ശാസ്ത്രപഥം, ഭൂമിശാസ്ത്ര ലാബ്, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി മെന്ററിംഗ് പ്രവർത്തനങ്ങൾ, സ്കൂൾട്വിന്നിംഗ് പ്രോഗ്രാം, ടാലന്റ് ലാബ്, ശാസ്ത്രകിറ്റ്, ഗണിതകിറ്റ്, സാമൂഹ്യശാസ്ത്ര ലാബ്, ശാസ്ത്രോത്സവം, ഗണിതോത്സവം, ജൈവവൈവിദ്ധ്യ ഉദ്യാനങ്ങൾ, നൂതനാശയ പ്രവർത്തനങ്ങൾ, രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ പ്രവർത്തനങ്ങൾ, പഠനോത്സവം, ശാസ്ത്ര-ഗണിതശാസ്ത്ര സാമൂഹ്യ ശാസ്ത്രക്ലബ് പ്രവർത്തനങ്ങൾ, സർഗ്ഗവിദ്യാലയ പരിപാടി, കുഞ്ഞുവായന, വായനകാർഡുകൾ ക്വിസ് പ്രോഗ്രാം, ഗണിതലാബ്, ക്ലാസ്സ് ലൈബ്രറി, ഇക്കോക്ലബ്ബ്, നൈതികം തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കി. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അദ്ധ്യാപകർക്ക് വൈദഗ്ദ്ധ്യം, പരിശീലനം തൊഴിൽശാലകളുമായി ചേർന്നുള്ള പ്രായോഗിക പരിശീലനം, തൊഴിൽ നൈപുണ്യപഠനത്തിന് സ്കൂൾ ലാബുകളിൽ അടിസ്ഥാന ഉപകരണങ്ങൾ ഉറപ്പാക്കൽ, തൊഴിൽ വിദഗ്ദ്ധരും കുട്ടികളുമായുള്ള സംവാദങ്ങൾ, തൊഴിൽശാലകളിൽ സന്ദർശനം, കുട്ടികൾക്കുള്ള ഓൺ ദി ജോബ് പരിശീലനങ്ങൾ, സ്വയം തൊഴിൽ സംരംഭക ക്യാമ്പുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കി. ഇതിലൂടെ കുട്ടികൾക്ക് തൊഴിൽ സംസ്കാരത്തോടുള്ള താല്പര്യം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. തുല്യത ഉറപ്പുവരുത്താനായി നാട്ടരങ്ങ്, ഭിന്നശേഷി വിഭാഗം കുട്ടികൾക്കായുള്ള പ്രത്യേക പരിപാടികൾ, പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങൾ, ഊരുവിദ്യാ കേന്ദ്രങ്ങൾ, സ്പെഷ്യൽ ട്രെയിനിംഗ്

സെന്ററുകൾ, കരിയർ ഗൈഡൻസ് & കൗൺസിലിംഗ് പ്രവർത്തനങ്ങൾ, റസിഡൻഷ്യൽ ഹോസ്റ്റലുകൾ, സ്വയം പ്രതിരോധിക്കാൻ പെൺകുട്ടികൾക്ക് ആയോധന കലകളിൽ പരിശീലനം, നാടകക്കളരി, ജ്വാല, കൗമാര വിദ്യാഭ്യാസം, വെളിച്ചം, നിർഭയ-സ്വയം പ്രതിരോധ പരിശീലനം, യുവതരംഗം തുടങ്ങി പ്രവർത്തനങ്ങൾ നടപ്പിലാക്കി.

(ബി) വിദ്യാർത്ഥികളുടെ പഠന താല്പര്യവും അന്വേഷണാത്മകതയും ഉദ്ദീപിപ്പിക്കുന്നതിനായി ആവിഷ്കരിച്ച ശാസ്ത്രപഥം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; ജീവിതത്തിൽ ഗണിതശാസ്ത്രത്തിന്റെ സ്വാധീനം ബോധ്യപ്പെടുത്താനുതകുന്ന പ്രത്യേക പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഹൈസ്കൂൾ, ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാർത്ഥികളുടെ ശാസ്ത്രാഭിരുചി വളർത്തുന്നതിനും പഠനതാല്പര്യവും അന്വേഷണാത്മകതയും ഉദ്ദീപിപ്പിക്കുന്നതിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പരിപാടിയാണ് ശാസ്ത്രപഥം. ശാസ്ത്രം, ഗണിതശാസ്ത്രം, സാമൂഹ്യശാസ്ത്രം, മാനേജ്മെന്റ് ശാസ്ത്രം എന്നീ മേഖലകളിൽ വിദഗ്ദ്ധരുടെ സഹായത്തോടെയുള്ള പ്രവർത്തനങ്ങളാണ് ഈ പരിപാടിയിലൂടെ കുട്ടികൾക്ക് ലഭ്യമായത്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് ഈ പരിപാടി സംഘടിപ്പിച്ചത്. ഓരോ സ്കൂളിൽനിന്നും തെരഞ്ഞെടുത്ത കുട്ടികൾക്ക് ജില്ലാ തലത്തിൽ മൂന്ന് ദിവസത്തെ റെസിഡൻഷ്യൽ ക്യാമ്പുകളും സംസ്ഥാനതലത്തിൽ അഞ്ച് ദിവസത്തെ ക്യാമ്പും 'ഐസർ' തിരുവനന്തപുരത്തുവച്ച് സംഘടിപ്പിച്ചു. കൂടാതെ ശാസ്ത്ര സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനുള്ള അവസരവും കുട്ടികൾക്ക് വിദഗ്ദ്ധരുടെ പ്രഭാഷണങ്ങൾ, ശാസ്ത്രജ്ഞൻമാരുമായുള്ള സംവാദങ്ങൾ, പ്രബന്ധാവതരണം, ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്ത് പരിചയപ്പെടൽ തുടങ്ങി നിരവധി കഴിവുകൾ കുട്ടികൾക്ക് ശാസ്ത്രപഥം പരിപാടിയിലൂടെ ലഭ്യമായി. നിത്യജീവിതത്തിൽ ഗണിതശാസ്ത്രത്തിന്റെ സ്വാധീനം ബോധ്യപ്പെടുത്തുന്നതിനുതകുന്നതിനായി സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ കെ-ഡിസ്കുമായി സഹകരിച്ച് നടപ്പിലാക്കിയ പരിപാടിയാണ് ഗണിതോത്സവം. 6, 7, 8 ക്ലാസ്സുകളിലെ തെരഞ്ഞെടുത്ത കുട്ടികളെ പങ്കെടുപ്പിച്ചാണ് ഈ പരിപാടി നടപ്പിലാക്കിയത്. സംസ്ഥാനത്തെ 1500-ഓളം കേന്ദ്രങ്ങളിൽ 3 ദിവസങ്ങളിലായി ഗണിതോത്സവം സംഘടിപ്പിച്ചു.

(സി) പാർശ്വവൽകൃത വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠന പ്രവർത്തനത്തിൽ പിന്തുണ നൽകുന്നതോടൊപ്പം സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പാർശ്വവൽകൃത വിഭാഗത്തിലെ കുട്ടികൾക്ക് പഠനപ്രവർത്തനങ്ങളിൽ പിന്തുണ നൽകുന്നതിന് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളാണ് പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ, ഊരുവിദ്യാകേന്ദ്രങ്ങൾ, സ്പെഷ്യൽ ട്രെയിനിംഗ് സെന്ററുകൾ, ടാലന്റ് ലാബ് പ്രവർത്തനങ്ങൾ തുടങ്ങിയവ. ഈ വിഭാഗത്തിലെ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനുവേണ്ടി സമഗ്ര ശിക്ഷാ കേരളം നടപ്പിലാക്കുന്ന പ്രവർത്തനങ്ങളാണ് നാട്ടരങ്ങ്. ഇതിന്റെ ഭാഗമായി അവസ്ഥാപഠനം, നോൺ റസിഡൻഷ്യൽ ക്യാമ്പ്, അക്കാദമിക പിന്തുണ എന്നിവ നടപ്പിലാക്കുന്നു.

**മലയാളം ഉപഭാഷ പഠനത്തിന് അവസരം**

145 (6364) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓറിയന്റൽ സ്കൂളുകളിൽ അറബിക്/സംസ്കൃതം ഭാഷകൾ നിലനിർത്തിക്കൊണ്ട് ഉപഭാഷയായി മലയാളം പഠിക്കുന്നതിന് അവസരം നൽകുമോ;

(ബി) പ്രസ്തുത 41 സ്കൂളുകളിൽ പാരമ്പര്യ തനിമ നഷ്ടപ്പെടാതെ മലയാള ഭാഷ പഠിപ്പിക്കുവാൻ സ്വീകരിക്കുന്ന നിലപാട് വ്യക്തമാക്കാമോ?

(എ&ബി) ഓറിയന്റൽ സ്കൂളുകളെ സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ടവരുടെ ഒരു യോഗം 9-11-2021-ന് സർക്കാർ വിളിച്ചിട്ടുണ്ട്. പ്രസ്തുത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഈ വിഷയം സംബന്ധിച്ച് സംസ്കൃതം-അറബിക് സ്കൂൾ മാനേജ്മെന്റ് കോ-ഓർഡിനേഷൻ കമ്മിറ്റി 10-5-2017-ന് നൽകിയ നിവേദനത്തിന്റെ തുടർനടപടി വിശദമാക്കാമോ?

10-5-2017-ലെ നിവേദനം ലഭിച്ചിട്ടില്ല. എന്നാൽ 24-9-2021-ൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ലഭ്യമായ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

**കെ-ടെറ്റ് പരീക്ഷയുടെ സിലബസ്**

146(6365) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ടെറ്റ് പരീക്ഷയിൽ യോഗ്യത നേടുന്നതിനുള്ള മാർക്ക് 50% ആക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ഇല്ല.

(ബി) കെ-ടെറ്റ് പരീക്ഷയുടെ സിലബസ് കഠിനമാകുന്നത് ഉദ്യോഗാർത്ഥികളുടെ വിജയ ശതമാനം കുറയ്ക്കുന്നതിന് കാരണമാകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെ-ടെറ്റ് പരീക്ഷയുടെ സിലബസ് കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) NCTE നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് മാത്രമേ സംസ്ഥാനങ്ങൾക്ക് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാനാകൂ. സിലബസ് പരിഷ്കരണം സംബന്ധിച്ച് NCTE മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടില്ല.

## പ്രീ-പ്രൈമറി മോഡൽ സ്കൂളുകൾ

147 (6366) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഗവൺമെന്റ് പ്രീ-പ്രൈമറി മോഡൽ സ്കൂളുകളാണ് നിലവിലുള്ളത്; എത്ര അദ്ധ്യാപക തസ്തികകളാണ് ഈ സ്കൂളുകളിലുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് ആകെ 27 ഗവൺമെന്റ് പ്രീ-പ്രൈമറി മോഡൽ സ്കൂളുകളും ടി സ്കൂളുകളിൽ ആകെ 36 അദ്ധ്യാപക തസ്തികകളുമാണ് നിലവിലുള്ളത്.

(ബി) കൂടുതൽ പ്രീ-പ്രൈമറി മോഡൽ സ്കൂളുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

## ഹയർ സെക്കൻഡറി കായിക അദ്ധ്യാപക തസ്തികയിൽ നിയമനം

148 (6367) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് ആഴ്ചയിൽ രണ്ട് പിരീഡ് കായിക വിദ്യാഭ്യാസത്തിന് അനുവദിച്ചിട്ടുണ്ടെങ്കിലും കായികാദ്ധ്യാപക തസ്തിക ഇതുവരെയും അനുവദിച്ചിട്ടില്ലായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) സംസ്ഥാനത്ത് പ്രീ-ഡിഗ്രി കോളേജുകളിൽനിന്നും വേർപ്പെടുത്തിയതോടെ കായിക വിദ്യാഭ്യാസമോ കായിക അദ്ധ്യാപകരുടെ സേവനമോ ഹയർ സെക്കൻഡറി തലത്തിൽ ലഭിക്കാത്തതിനാൽ നിരവധി കായിക താരങ്ങളെ കണ്ടെത്തപ്പെടാതെ പോകുന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മികച്ച കായിക താരങ്ങളെ പ്രസ്തുത തലങ്ങളിൽതന്നെ കണ്ടെത്തി ഉന്നത വിജയം നേടാൻവേണ്ടി ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ?

ഇക്കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതായിരിക്കും.

**ഹയർ സെക്കൻഡറി സ്കൂളുകളിലെ എച്ച്.എസ്.എസ്.ടി. ഒഴിവുകൾ**

149 (6368) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിലെ എച്ച്.എസ്.എസ്.ടി. തസ്തികയിലെ ആറ് മാസമോ അതിലധികമോ ദൈർഘ്യമുള്ള എൽ.ഡബ്ല്യു.എ., അന്യത്ര സേവനം എന്നീ ഒഴിവുകളിലേയ്ക്ക് ജൂനിയർ അദ്ധ്യാപകർക്ക് പ്രൊമോഷൻ നൽകുന്നതിന് തടസ്സമുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് പ്രൊമോഷൻ നൽകേണ്ടതില്ലെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ വിവിധ വിഷയങ്ങളിലെ പ്രസ്തുത ഒഴിവുകളിലേയ്ക്ക് പ്രൊമോഷൻ നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) വ്യയനിയന്ത്രണത്തിന്റെ ഭാഗമായി സർക്കാർ പുറപ്പെടുവിച്ച 5-11-2020-ലെ സ.ഉ.(അ)നമ്പർ 152/2020/ധന. നമ്പർ ഉത്തരവിൽ മൂന്ന് മാസത്തിനുമേൽ വരുന്ന അവധി ഒഴിവുകളിൽ പ്രൊമോഷൻ നടത്തി ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന സമ്പ്രദായം സർക്കാർ നിർത്തൽ ചെയ്ത സാഹചര്യത്തിൽ ശൂന്യവേതനാവധി ഒഴിവുകളിൽ പ്രൊമോഷൽ നടത്തുന്നതിന് തടസ്സമുണ്ട്. അന്യത്ര സേവനം നൽകുന്നത് മുഖാന്തരമുള്ള ഒഴിവുകൾ പ്രൊമോഷൻവഴി നികത്തുന്നതിന് നിലവിൽ തടസ്സമില്ല. ഡെപ്യൂട്ടേഷൻ മുഖേന ഉണ്ടായ നിലവിലുള്ള ഒഴിവുകളിൽ ചട്ടപ്രകാരം പ്രൊമോഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) വിവിധ വിഷയങ്ങളിലെ ഇത്തരം ഒഴിവുകളുടെ വിശദവിവരം നൽകാമോ; പ്രസ്തുത ഒഴിവുകളിൽ അർഹരായ ജൂനിയർ അദ്ധ്യാപകർക്ക് പ്രൊമോഷൻ നൽകുന്നതിനും അതുവഴി ജൂനിയർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കാമോ?

വിവിധ എച്ച്.എസ്.എസ്.ടി. വിഷയങ്ങളിൽ ശൂന്യവേതനാവധിയിലും ഡെപ്യൂട്ടേഷനിലും അദ്ധ്യാപകർ പ്രവേശിച്ചത് വഴിയുണ്ടായ നിലവിലുള്ള ഒഴിവുകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.* എച്ച്.എസ്.എസ്.ടി.-മാരുടെ ഡെപ്യൂട്ടേഷൻ ഒഴിവുകൾ അടുത്ത ജൂനിയർ ടു സീനിയർ തസ്തികമാറ്റ നിയമനത്തിൽ പരിശോധിച്ച് ഉൾപ്പെടുത്തി നിയമനം നൽകുവാനും അതുവഴി എച്ച്.എസ്.എസ്.ടി.(ജൂനിയർ)-ൽ വരുന്ന ഒഴിവുകൾ ചട്ടപ്രകാരം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടത് റിപ്പോർട്ട് ചെയ്യുവാനും നടപടി സ്വീകരിച്ചുവരുന്നു.

(ഡി) സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിലെ എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയിലെ ആറ് മാസമോ അതിലധികമോ ദൈർഘ്യമുള്ള എൽ.ഡബ്ല്യു.എ., അന്യത്ര സേവനം എന്നീ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതില്ല എന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

നിർദ്ദേശം നൽകിയിട്ടില്ല. എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയിൽ അദ്ധ്യാപകർ ശൂന്യവേതനാവധിയിൽ പ്രവേശിച്ചതുമുഖേനയും ഡെപ്യൂട്ടേഷൻ മുഖേനയും ഉണ്ടായ ഒഴിവുകളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ ഒഴിവുകൾ നിലവിലുണ്ടോ എന്ന് പരിശോധിച്ച് അത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## പ്ലസ് വൺ സ്കൂൾ കോഴ്സുകൾ മാറ്റുന്നതിനുള്ള അനുമതി

150 (6369) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ, സ്കൂൾ കോഴ്സുകൾ എന്നിവ മാറ്റുന്നതിന് വി.എച്ച്.എസ്.ഇ. വിഭാഗത്തിലെയും ഹയർ സെക്കൻഡറി വിഭാഗത്തിലെയും വ്യത്യസ്ത നയം കാരണം വിദ്യാർത്ഥികളും രക്ഷിതാക്കളും നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വി.എച്ച്.എസ്.ഇ. വിഭാഗത്തിലേയും ഹയർ സെക്കൻഡറി വിഭാഗത്തിലേയും പ്രവേശന പ്രക്രിയകൾ നടക്കുന്നത് വെവ്വേറെ പ്രോസ്പെക്ടസുകൾ പ്രകാരമാണ്. ഇതുസംബന്ധിച്ച് എന്തെങ്കിലും പ്രയാസങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മാർക്ക് കൂടിയവരെക്കാൾ മാർക്ക് കുറഞ്ഞവർക്ക് ഇഷ്ട വിഷയങ്ങളിലേയ്ക്ക് മാറുന്നതിനും സ്കൂൾ മാറുന്നതിനും സപ്ലിമെന്ററി അലോട്ട്മെന്റ് വഴി സീറ്റ് ലഭിക്കുന്ന സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഒരേ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾ രണ്ടു സ്കീമുകളിലേയ്ക്ക് മാറിയതിനാൽ അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് സർക്കാർ തീരുമാനം പുനഃപരിശോധിക്കുവാൻ തയ്യാറാകുമോ?

വിദ്യാർത്ഥികൾ അവരുടെ സ്വന്തം താൽപ്പര്യപ്രകാരമാണ് രണ്ട് സ്കീമുകളിൽ ഏതെങ്കിലും ഒന്ന് തെരഞ്ഞെടുക്കുന്നത് എന്നതിനാൽ അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യം നിലവിലില്ല.

## മലപ്പുറം ജില്ലയിലെ പ്ലസ് വൺ സീറ്റുകളുടെ അപര്യാപ്തത

151 (6370) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ 2020-21 അദ്ധ്യയന വർഷം എത്രപേർ എസ്.എസ്.എൽ.സി. പാസ്സായിട്ടുണ്ടെന്ന് താലൂക്ക് തിരിച്ച് വെളിപ്പെടുത്താമോ?

മലപ്പുറം ജില്ലയിൽ 2020-21 അദ്ധ്യയന വർഷം എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായവരുടെ താലൂക്ക് തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | താലൂക്ക് | ഉപരിപഠനത്തിന് അർഹത നേടിയവരുടെ എണ്ണം |
|---|---|---|
| 1 | ഏറനാട് | 11338 |
| 2 | കൊണ്ടോട്ടി | 7891 |
| 3 | പെരിന്തൽമണ്ണ | 10423 |
| 4 | തിരൂർ | 16504 |
| 5 | നിലമ്പൂർ | 10130 |
| 6 | പൊന്നാനി | 5746 |
| 7 | തിരൂരങ്ങാടി | 13522 |

(ബി) പ്രസ്തുത ജില്ലയിൽ എത്ര പ്ലസ് വൺ സീറ്റുകൾ ഉണ്ടെന്ന് വിഷയം തിരിച്ച് താലൂക്കടിസ്ഥാനത്തിൽ അറിയിക്കുമോ?

| Taluk Consolidated | Science | Humanities | Commerce |
|---|---|---|---|
| Nilambur | 3950 | 2495 | 3040 |
| Eranad | 4065 | 2590 | 3560 |
| Perinthalmanna | 4371 | 2435 | 3135 |
| Thirur | 5745 | 2740 | 5030 |
| Ponnani | 2740 | 1425 | 1865 |
| Thirurangadi | 4145 | 2625 | 3145 |
| Kondotty | 2273 | 1637 | 2089 |
| Total | 27289 | 15947 | 21864 |

**പ്ലസ് വൺ പ്രവേശനം**

152 (6371) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിനുള്ള അലോട്ട്മെന്റ് പൂർത്തീകരിച്ചിട്ടുണ്ടോ; അപേക്ഷ സമർപ്പിച്ചവരിൽ എത്ര കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; മേൽപ്പറഞ്ഞവരിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ എത്ര കുട്ടികളുണ്ടെന്ന് അറിയിക്കാമോ?

പൂർത്തീകരിച്ചിട്ടില്ല. സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിന്റെ വിവിധ അലോട്ട്മെന്റുകൾ നടന്നുകൊണ്ടിരിക്കുന്നു. ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റിൽ അപേക്ഷ സമർപ്പിച്ചവരിൽ 51066 കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കുവാനുണ്ട്. അതിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ 618 വിദ്യാർത്ഥികൾ ഉണ്ട്.

## കൈറ്റ്-ന്റെ പ്രവർത്തനങ്ങൾ

153 (6372) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി, കപ്പാസിറ്റി ബിൽഡിംഗ്, ഉള്ളടക്ക വികസനം, കണക്റ്റിവിറ്റി, ഇ-ലേണിംഗ്, സാറ്റലൈറ്റ് അധിഷ്ഠിത വിദ്യാഭ്യാസം, ഇ-ഗവേണൻസ്, സ്കൂളുകളുടെ ഭൗതിക സാഹചര്യ വികസനം എന്നീ മേഖലകളിൽ കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്നും പ്രസ്തുത പ്രവർത്തനങ്ങൾ പഠന ബോധനരംഗത്തും വിദ്യാഭ്യാസരംഗത്ത് പൊതുവായും എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ?

ഒന്ന് മുതൽ പത്തുവരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജിയുടെ (ഐ.സി.ടി.) ഫലപ്രദമായ ഉപയോഗവും പ്രയോഗവും ഉറപ്പുവരുത്തുന്നതിന് പ്രത്യേക പാഠപുസ്തകങ്ങളും പഠനപ്രവർത്തനങ്ങളും ഡിജിറ്റൽ കണ്ടന്റും ഐ.ടി. ഭൗതിക സൗകര്യങ്ങളും ഉപകരണങ്ങളും ലഭ്യമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ നടപ്പിലാക്കുന്നുണ്ട്. കപ്പാസിറ്റി ബിൽഡിംഗിന്റെ ഭാഗമായി ഒന്നുമുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലെ അദ്ധ്യാപകർക്കും അദ്ധ്യാപകേതര ജീവനക്കാർക്കും വിദ്യാഭ്യാസ ഓഫീസർമാർക്കും കാലാകാലങ്ങളിൽ പ്രത്യേക ഐ.ടി./ഐ.സി.ടി. അധിഷ്ഠിത പരിശീലനവും പിന്തുണാ സംവിധാനങ്ങളും കൈറ്റ് ഉറപ്പുവരുത്തുന്നുണ്ട്. ഒന്ന് മുതൽ പത്ത് വരെ ക്ലാസ്സുകളിൽ ഐ.സി.ടി. ഒരു പ്രത്യേക പുസ്തകമായി തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക അദ്ധ്യാപകരെ നിയോഗിക്കാതെ നിലവിലുള്ള അദ്ധ്യാപകർക്ക് നിരന്തര പരിശീലനം നൽകിയാണ് ഐ.സി.ടി. പഠനം നടപ്പിലാക്കുന്നത്. ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലെ പാഠഭാഗങ്ങൾക്ക് അനുയോജ്യമായ ഡിജിറ്റൽ പഠന വിഭവങ്ങൾ തയ്യാറാക്കി എല്ലാ വിഭാഗം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന വിധത്തിൽ 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടലിൽ ഉൾപ്പെടുത്തുകയും പോർട്ടലിന്റെ പരിപാലനം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

ഡിജിറ്റൽ വിഭവങ്ങൾ ലഭ്യമാക്കിയതിനോടൊപ്പം വിഭവങ്ങൾ സ്വയം നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതിക പരിശീലനവും അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. ഇമേജ് എഡിറ്റിംഗ്, ഓഡിയോ-വീഡിയോ റെക്കോർഡിംഗ് & എഡിറ്റിംഗ്, ഇന്ററാക്ടീവ് വിഭവങ്ങളുടെ നിർമ്മാണം എന്നീ മേഖലകളിൽ അദ്ധ്യാപകർക്ക് കൈറ്റ് പരിശീലനം നൽകിയിട്ടുണ്ട്. പാഠാസൂത്രണങ്ങളും സൂക്ഷ്മാസൂത്രണങ്ങളും സാങ്കേതികവിദ്യാ സൗഹൃദമായി സമർപ്പിക്കുന്നതിനും അവ പരിശോധിക്കുന്നതിനും ഓരോ ക്ലാസ്സ്മുറിയിലും വിഭവങ്ങൾ ഉപയോഗിച്ച് പഠനപ്രവർത്തനങ്ങൾ നടത്തിയശേഷം റിഫ്ലക്ഷൻ നോട്ട് ഉൾപ്പെടുത്തുന്നതിനുമുള്ള സംവിധാനങ്ങളും സമഗ്ര വിഭവ പോർട്ടലിൽ നൽകിയിട്ടുണ്ട്. 5.5 ലക്ഷം സമഗ്രാസൂത്രണ രേഖകളും 8.89 ലക്ഷം സൂക്ഷ്മാസൂത്രണ രേഖകളും 32678 ഡിജിറ്റൽ റിസോഴ്സുകളും സമഗ്രയിൽ നിലവിലുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങൾക്കും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുന്നുണ്ട്. കൈറ്റ് നടപ്പാക്കുന്ന കേരളത്തിലെ ഏറ്റവും വലിയ ഓൺലൈൻ പരിശീലന പദ്ധതിയാണ് KOOL (KITEs Open Online Learning). സ്കൂൾ അദ്ധ്യാപകരുടെ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കുന്നതിന് 45 മണിക്കൂർ ദൈർഘ്യമുള്ള കമ്പ്യൂട്ടർ കോഴ്സ് പാസ്സായിരിക്കണമെന്ന് സർക്കാർ ഉത്തരവുണ്ട്. KOOL പ്രസ്തുത കോഴ്സായി അംഗീകരിക്കുകയും അദ്ധ്യാപകർക്ക് ലഭ്യമാക്കിക്കൊണ്ടിരിക്കുകയുമാണ്. കൈറ്റിന്റെ നേതൃത്വത്തിലാണ് വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് മാത്രമായുള്ള കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനൽ പ്രവർത്തിക്കുന്നത്. വിദ്യാഭ്യാസ പരിപാടികൾക്കൊപ്പം കോവിഡ് കാലയളവിൽ സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്നവിധം 'ഫസ്റ്റ്ബെൽ' എന്നപേരിൽ പ്രത്യേക ഡിജിറ്റൽ ക്ലാസുകൾ ആരംഭിക്കുകയും ഇപ്പോഴും അത് തുടരുകയുമാണ്. പൊതുവിദ്യാഭ്യാസ വകുപ്പിലെ ട്രാൻസ്ഫർ & പോസ്റ്റിംഗ്, വിവിധ സ്കോളർഷിപ്പുകൾ, ഐ.ടി. പരീക്ഷ, സ്കൂൾ കലോത്സവം, സ്കൂൾ കായികോത്സവം, സ്കൂൾ ശാസ്ത്രോത്സവം, ടെക്സ്റ്റ് ബുക്ക് ഇന്റന്റിംഗ് തുടങ്ങി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതും സാങ്കേതികസഹായം ലഭ്യമാക്കുന്നതും കൈറ്റാണ്. ഓരോ സോഫ്റ്റ്വെയറിന്റേയും ഉപയോഗം, അതുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയ നിവാരണം തുടങ്ങിയവയ്ക്കായി പ്രത്യേക കോൾ സെന്റർ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സർക്കാർ വിദ്യാലയങ്ങളിലെ ഭൗതികസൗകര്യ വികസനം

ഉറപ്പുവരുത്തുന്നതിന് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പ്രത്യേക സംവിധാനമാണ് കൈറ്റിന്റെ നേതൃത്വത്തിൽ ഒരുക്കിയിട്ടുള്ളത്. പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾക്ക് എസ്.പി.വി.-യായി കൈറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓരോ അസംബ്ലി നിയോജകമണ്ഡലത്തിലേയും തെരഞ്ഞെടുത്ത സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് ഓരോ സ്കൂളിനും 5 കോടി രൂപ ചെലവഴിച്ച് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്ന 141 സ്കൂളുകളിലും അടിസ്ഥാന സൗകര്യ വികസനത്തിനായി 3 കോടി രൂപ വീതം ചെലവഴിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന പദ്ധതിയിലുൾപ്പെട്ട 96 സ്കൂളുകളിലും കൈറ്റിന്റെ നേതൃത്വത്തിൽ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയിൽ സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി കഴിഞ്ഞ 5 അക്കാദമിക വർഷങ്ങളിലും ലക്ഷക്കണക്കിന് കുട്ടികൾ പൊതുവിദ്യാലയങ്ങളിലേയ്ക്ക് പുതുതായി എത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി കുട്ടികളുടെ പഠന നിലവാരത്തിലും ഗ്രഹണപാടവത്തിലും കൃത്യമായ മെച്ചമുണ്ടായിട്ടുണ്ട്. പൊതുപരീക്ഷകളിലെ വിജയശതമാനം ഇത് വ്യക്തമാക്കുന്നു. കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനലിന്റെ പ്രവർത്തനങ്ങൾ, അക്ഷരവൃക്ഷം, ഫസ്റ്റ്ബെൽ, ഓൺലൈൻ അദ്ധ്യാപക പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങളെക്കുറിച്ച് സമഗ്രമായ കുറിപ്പ് കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ Remote Learning Initiatives across India എന്നതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹൈടെക് സ്കൂൾ പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച് Intel-ന്റെ സഹായത്തോടെ അമേരിക്കയിലെ ഒഹായോ (OHIO) യൂണിവേഴ്സിറ്റിയും കേരള യൂണിവേഴ്സിറ്റിയും സംയുക്തമായി നടത്തിയ പഠനത്തിൽ പദ്ധതി നടപ്പിലാക്കിയത് കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായകമായെന്നും 92 ശതമാനം അദ്ധ്യാപകരും ഹൈടെക് സംവിധാനങ്ങൾ പഠനപ്രവർത്തനങ്ങളിൽ ഉപയോഗിക്കുന്നുണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നീതി ആയോഗ് HRD Section-ന്റെ Best Practices-ൽ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) കോവിഡ് കാലത്തെ പ്രവർത്തനങ്ങൾ മെച്ചപ്പെട്ടതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. കോവിഡ് കാലയളവിൽ സ്കൂൾ എഡ്യൂക്കേഷൻ മേഖലയിൽ കൈറ്റ് നടപ്പിലാക്കുന്ന 'ഫസ്റ്റ്ബെൽ' പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് UNICEF-ന്റെ ഔദ്യോഗിക വെബ്സൈറ്റിൽ 2020 ആഗസ്റ്റ് 18-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) അദ്ധ്യാപകരുടെ പരിശീലനവും സ്വയം നവീകരണ പ്രവർത്തനങ്ങളും സാദ്ധ്യമാക്കുന്നതിനുതകുന്ന പ്രത്യേക പ്രവർത്തനങ്ങൾ കൈറ്റ് നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ഒന്നുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലെ അദ്ധ്യാപകർക്കും അദ്ധ്യാപകേതര ജീവനക്കാർക്കും വിദ്യാഭ്യാസ ഓഫീസർമാർക്കും കാലാകാലങ്ങളിൽ പ്രത്യേക ഐ.ടി/ഐ.സി.ടി. അധിഷ്ഠിത പരിശീലനവും പിന്തുണാ സംവിധാനങ്ങളും കൈറ്റ് ഉറപ്പുവരുത്തുന്നുണ്ട്. ഒന്ന് മുതൽ പത്ത് വരെ ക്ലാസ്സുകളിൽ ഐ.സി.ടി. ഒരു പ്രത്യേക പുസ്തകമായി തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക അദ്ധ്യാപകരെ നിയോഗിക്കാതെ നിലവിലുള്ള അദ്ധ്യാപകർക്ക് നിരന്തര പരിശീലനം നൽകിയാണ് ഐ.സി.ടി. പഠനം നടപ്പിലാക്കുന്നത്.

(സി) വിദ്യാർത്ഥികളുടെ ഐ.ടി. ക്ലബ് ശൃംഖലയായ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനം വിശദമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകളിലെ വിദ്യാർത്ഥികളുടെ ഐ.ടി. കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. പൊതുവിദ്യാലയങ്ങളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥികൾക്ക് പ്രത്യേക പരീക്ഷ നടത്തിയാണ് ക്ലബ്ബിലേയ്ക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ 1.72 ലക്ഷം കുട്ടികൾ അംഗങ്ങളാണ്. പദ്ധതിയുടെ ഭാഗമായി അംഗങ്ങൾക്ക് അനിമേഷൻ, പ്രോഗ്രാമിംഗ്, മൊബൈൽ ആപ്പ് നിർമ്മാണം, ഗ്രാഫിക്സ് ഡിസൈനിംഗ്, മലയാളം കമ്പ്യൂട്ടിംഗ്, ഹാർഡ്‌വെയർ, ഇലക്ട്രോണിക്സ്, റോബോട്ടിക്സ്, വെബ് ടി.വി., സൈബർ സുരക്ഷ എന്നീ മേഖലകളിൽ വിദഗ്ദ്ധ പരിശീലനം നൽകുന്നുണ്ട്. സ്കൂൾതലത്തിൽ അദ്ധ്യാപകരായ കൈറ്റ് മാസ്റ്റർ/മിസ്ട്രസ്സിന്റെ നേതൃത്വത്തിൽ യൂണിറ്റ്തല പരിശീലനം, വിദഗ്ദ്ധരുടെ ക്ലാസ്സുകൾ, ഫീൽഡ് വിസിറ്റുകൾ/ഇൻഡസ്ട്രിയൽ വിസിറ്റ് തുടങ്ങിയവയും ക്ലബ്ബിന്റെ പ്രവർത്തനങ്ങളാണ്. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പ്രവർത്തനങ്ങൾ, പങ്കാളിത്തം, ഉല്പന്നങ്ങൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ എ, ബി, സി ഗ്രേഡ് സർട്ടിഫിക്കറ്റുകൾ നൽകുകയും യോഗ്യത നേടിയ അംഗങ്ങൾക്ക് എസ്.എസ്.എൽ.സി.-ക്ക് 5% ഗ്രേസ് മാർക്ക് അനുവദിക്കുന്നുമുണ്ട്. ഇന്ത്യയിലെ ഏറ്റവും വലിയ കുട്ടികളുടെ ഐ.സി.ടി. കൂട്ടായ്മയായി ലിറ്റിൽ കൈറ്റ്സ് മാറിയിട്ടുണ്ട്.

## കോവളം നിയോജകമണ്ഡലത്തിലെ സ്കൂളുകളിലെ പ്രവർത്തനങ്ങൾ

154 (6373) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം നിയോജകമണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് കഴിഞ്ഞ അഞ്ചുവർഷക്കാലം നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ?

കോവളം നിയോജകമണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ കഴിഞ്ഞ അഞ്ചുവർഷം പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## വൈപ്പിൻ മണ്ഡലത്തിലെ സ്കൂളുകളുടെ പുനരുദ്ധാരണം

155 (6374) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ കടമക്കുടി പഞ്ചായത്തിലെ പിഴലയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലും ഞാറക്കൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഫിഷറീസ് യു.പി. സ്കൂളിലും കെട്ടിടത്തിന്റെ കാലപ്പഴക്കത്താലും ക്ലാസ് മുറികളുടെ അഭാവത്താലും നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

(എ&ബി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ കടമക്കുടി പഞ്ചായത്തിലെ പിഴലയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന്റെ കാലപ്പഴക്കവും ബുദ്ധിമുട്ടുകളും പരിഹരിക്കാൻ കിഫ്ബിവഴി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭ ജോലികൾ ആരംഭിച്ചിട്ടുണ്ട്. ഞാറയ്ക്കൽ ഗവൺമെന്റ് ഫിഷറീസ് യു.പി. സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഫണ്ട് അനുവദിച്ചിട്ടില്ല.

(സി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ കടമക്കുടി ഗ്രാമപഞ്ചായത്തിലെ പിഴലയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിനും ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഫിഷറീസ് യു.പി. സ്കൂളിനും പുനരുദ്ധാരണത്തിനായി തുക അനുവദിക്കുമെങ്കിൽ ആയത് എന്നത്തേയ്ക്ക് ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2021-22 പ്ലാൻ ഫണ്ട് അനുവദിക്കുന്നതിനായി ഞാറയ്ക്കൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഫിഷറീസ് യു.പി. സ്കൂളിൽനിന്നും പ്രൊപ്പോസലുകൾ ലഭ്യമായിട്ടില്ല. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതായിരിക്കും

**കാക്കശ്ശേരി ഗവൺമെന്റ് എൽ.പി.സ്കൂളിനെ യു.പി.സ്കൂളായി ഉയർത്തേണ്ട ആവശ്യം**

156 (6375) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ പഞ്ചായത്തിലെ എളവള്ളി പഞ്ചായത്തിന്റെ അധീനതയിലുള്ള ഏക സ്കൂളായ കാക്കശ്ശേരി ഗവൺമെന്റ് എൽ.പി. സ്കൂളിനെ യു.പി. സ്കൂളായി ഉയർത്തുന്നതിന് വേണ്ടി എളവള്ളി പഞ്ചായത്തിൽനിന്നുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സ്കൂളിൽ യു.പി. വിഭാഗം പ്രവർത്തിക്കാനാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് നടപടി പുരോഗമിക്കുന്ന കാര്യംകൂടി പരിഗണിച്ച് പ്രസ്തുത സ്കൂളിനെ യു.പി. സ്കൂളായി ഉയർത്താൻവേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

(എ&ബി) കാക്കശ്ശേരി ഗവൺമെന്റ് എൽ.പി. സ്കൂളിനെ യു.പി. സ്കൂളായി ഉയർത്തുന്നതിനുവേണ്ടി എളവള്ളി പഞ്ചായത്തിന്റെ അപേക്ഷ സർക്കാരിൽ ലഭിക്കുകയും ആയത് GEDN-F3/256/2021-G.Edn. നമ്പർ ഫയലിൽ പരിശോധിക്കുകയും വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് 5-11-2021-ലെ കത്തുമുഖേന ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

**മഞ്ചേശ്വരം മണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങൾ**

157 (6376) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളുടെ പേര് വിവരങ്ങളും സ്ഥാപിതമായ വർഷവും 2020-21, 2021-22 അദ്ധ്യയന വർഷങ്ങളിൽ ഓരോ ക്ലാസ്സുകളിലുമുള്ള കുട്ടികളുടെ എണ്ണം എന്നിവ വിശദമാക്കാമോ?

മഞ്ചേശ്വരം മണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളുടെ പേര് വിവരങ്ങളും സ്ഥാപിതമായ വർഷവും 2020-21, 2021-22 അദ്ധ്യയന വർഷങ്ങളിൽ ഓരോ ക്ലാസ്സുകളിലുമുള്ള കുട്ടികളുടെ എണ്ണവും യഥാക്രമം അനുബന്ധം-1-ഉം 2-ഉം ആയി ഉൾപ്പെടുത്തിയിരിക്കുന്നു.* ഹയർ സെക്കൻഡറി വിഭാഗത്തിൽ മഞ്ചേശ്വരം മണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളുടെ പേരുവിവരം, സ്ഥാപിതമായ വർഷം, 2020-21, 2021-22 അദ്ധ്യയന വർഷങ്ങളിൽ ഓരോ ക്ലാസ്സുകളിലുമുള്ള കുട്ടികളുടെ എണ്ണം എന്നിവ അനുബന്ധം-4 ആയി ചേർക്കുന്നു.*

മഞ്ചേശ്വരം മണ്ഡലത്തിലെ സർക്കാർ വി.എച്ച്.എസ്.ഇ. സ്കൂളുകൾ - 3

എയ്ഡഡ് സ്കൂളുകൾ - ഇല്ല

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | സ്ഥാപിതമായ വർഷം (വി. എച്ച്.എസ്.ഇ) | വിദ്യാർത്ഥികളുടെ എണ്ണം (2020-21) | വിദ്യാർത്ഥികളുടെ എണ്ണം (2021-22) |
|---|---|---|---|---|
| 1. | ജി.വി.എച്ച്. എസ്.എസ് കുഞ്ചത്തൂർ | 1992 | 78 | 103 |
| 2. | ജി.എം.വി.എച്ച്. എസ്.എസ് മീപ്രി | 2007 | 104 | 116 |
| 3. | ജി.വി.എച്ച്. എസ്.എസ് മോഗ്രൽ | 1991 | 114 | 116 |

(ബി) ഇതിൽ ഏതൊക്കെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലാണ് നിലവിൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകളുള്ളത് എന്ന് അറിയിക്കുമോ?

ഈ സ്കൂളുകളിൽ നിലവിൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകളുള്ള സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളുടെ പട്ടിക അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു.* വി.എച്ച്.എസ്.ഇ. വിഭാഗത്തിൽ ഇംഗ്ലീഷ്/മലയാള മീഡിയം വ്യത്യാസമില്ല.

(സി) എയ്ഡഡ് സ്കൂളുകളുടെ മാനേജ്മെന്റ് വിവരങ്ങൾ, മാനേജ്മെന്റ് കമ്മിറ്റിയുടെ പേര്, തരം, മാനേജരുടെ പേര് എന്നിവ വെളിപ്പെടുത്തുമോ?

വിവരം ശേഖരിച്ചുനൽകുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) എയ്ഡഡ് വിദ്യാലയങ്ങൾ അതേ മാനേജ്മെന്റിന്റെ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികളും പാലിക്കേണ്ട മാനദണ്ഡങ്ങളും നിയമങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ; വിദ്യാലയം മാറ്റി സ്ഥാപിക്കുമ്പോൾ ഇത്ര ദൂരപരിധിയിൽ ആകണമെന്ന നിയമമുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

സർക്കാർ എയ്ഡഡ് സ്കൂളുകൾ മാറ്റി സ്ഥാപിക്കുന്നതിന് കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം IV ചട്ടം I പ്രകാരം നിശ്ചിത സ്ഥലം വേണമെന്ന വ്യവസ്ഥയും വിദ്യാഭ്യാസ അവകാശ ചട്ടം 2009-ലെ സെക്ഷൻ 9 ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന norms & Standards പ്രകാരവും വിദ്യാഭ്യാസ അധികാരികൾ പരിശോധിച്ച് ജില്ലാ വിദ്യാഭ്യാസ ആഫീസർ മുഖേന ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ അനുമതി സഹിതം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം മുഖേന സർക്കാരിന് അപേക്ഷ സമർപ്പിക്കണം. ഓരോ സ്ഥലത്തെയും വിദ്യാഭ്യാസ ആവശ്യകത പരിഗണിച്ചാണ് സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകി സർക്കാർ ഏറ്റെടുത്തിരിക്കുന്നത്. അതിനാൽ സ്കൂൾ മാറ്റി സ്ഥാപിക്കുന്ന സ്ഥലവും അത്തരം ആവശ്യകത നിറവേറ്റുന്നതാണെന്ന് ബോദ്ധ്യപ്പെടേണ്ടതാണ്.

(ഇ) പ്രസ്തുത മണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് മേഖലയിലുള്ള ഓരോ സ്കൂളുകൾക്കുമുള്ള ഭൂമിയുടെ വിസ്തീർണ്ണം വ്യക്തമാക്കുമോ?

മഞ്ചേശ്വരം മണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് മേഖലയിലുള്ള ഓരോ സ്കൂളുകൾക്കുമുള്ള ഭൂമിയുടെ വിസ്തീർണ്ണം എത്രയും വേഗം ശേഖരിച്ച് നൽകുന്നതാണ്.

(എഫ്) ഇതിൽ ഏതെങ്കിലും സർക്കാർ വിദ്യാലയങ്ങളുടെ ഭൂമി അന്യാധീനപ്പെട്ടതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉണ്ട്.

1. ജി.ബി.എൽ.പി.എസ് ബൊബ്രാന - 11695 ച. മീ. ഭൂമി അന്യാധീനപ്പെട്ടതുമായി ബന്ധപ്പെട്ട് ബഹു.ജില്ലാ കളക്ടർ ഗവ. പ്ലീഡറെ നിയമിച്ച് പ്രശ്ന പരിഹാരത്തിനായി ഇടപെട്ടിട്ടുണ്ട്.

2. ജി.ബി.എൽ.പി.എസ്. ഹെരൂർ - സ്കൂളിന്റെ അധീനതയിലുള്ള ഭൂമിയിലൂടെ സ്വകാര്യ വ്യക്തി റോഡ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട കേസ് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.

3. ജി.എച്ച്.എസ് കൊടിയമ്മെ - പ്രസ്തുത സ്കൂളിന്റെ യു.പി. വിഭാഗത്തിന് സ്കൂൾ രേഖകൾ പ്രകാരം 2 ഏക്കർ ഭൂമിയാണുള്ളതെങ്കിലും നിലവിൽ ഭൂമി അളന്ന് തിട്ടപ്പെടുത്തിയപ്പോൾ 1.1 ഏക്കർ വിസ്തൃതിയാണുള്ളത്.

## എഫ്.ടി.എം. ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാൻ നടപടി

158 (6377) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ ശുചീകരണം നടത്തേണ്ട എഫ്.ടി.എം. ജീവനക്കാരുടെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ?

ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പി.ടി.സി.എം. തസ്തികയുടെ പ്രൊമോഷൻ പോസ്റ്റായ എഫ്.ടി.എം. തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയ സ്കൂളുകളിൽ ഓഡിറ്റ് ഒബ്ജക്ഷൻ വരികയും ഇത്തരത്തിൽ നിയമിക്കപ്പെട്ടവർ കൈപ്പറ്റിയ ശമ്പളം പ്രധാനാദ്ധ്യാപകർ തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെട്ടതായുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിന് കീഴിലുള്ള സ്കൂളുകളിൽ സർക്കാർ നിർദ്ദേശമില്ലാതെ നിയമനം നടത്തിയതിനെതിരെ ആഡിറ്റ് തടസ്സവാദങ്ങൾ നിലനിൽക്കുന്നുണ്ട്. ഇത്തരത്തിൽ സാമ്പത്തിക തടസ്സവാദങ്ങൾ ഉന്നയിക്കപ്പെട്ട പ്രധാനാദ്ധ്യാപകരോട് ബാദ്ധ്യത തുക തിരിച്ചടക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എഫ്.ടി.എം. ജീവനക്കാരുടെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ ദിവസ വേതാനാടിസ്ഥാനത്തിൽ നിയമനം നടത്താൻ പ്രധാനാദ്ധ്യാപകർ തയ്യാറാവാത്തത് കോവിഡ് സാഹചര്യത്തിൽ തുറക്കുന്ന സ്കൂളുകളിൽ പ്രതിസന്ധി സൃഷ്ടിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ ദിവസ വേതാനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ താല്ക്കാലിക, കരാർ, ദിവസവേതന ജീവനക്കാർ

159(6378) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ താല്ക്കാലിക, കരാർ, ദിവസവേതന അടിസ്ഥാനത്തിൽ എത്രപേർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ താല്ക്കാലികാടിസ്ഥാനത്തിൽ 9 പേരും കരാറടിസ്ഥാനത്തിൽ 10 പേരും ദിവസവേതനാടിസ്ഥാനത്തിൽ 688 പേരും ജോലി ചെയ്യുന്നുണ്ട്.

(ബി) ജില്ലയിൽ വിരമിച്ച എത്രപേർ താല്ക്കാലിക, കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ജില്ലയിൽ വിരമിച്ചവർ ആരും ജോലി ചെയ്യുന്നില്ല.

**സംരക്ഷിത അദ്ധ്യാപകരുടെ നിയമനം**

160 (6379) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1979-നുശേഷം അംഗീകാരം ലഭിച്ച സ്കൂളുകളിലെ ഒഴിവുവരുന്ന തസ്തികകളിൽ ആദ്യത്തേതിൽ സംരക്ഷിത അദ്ധ്യാപകരെ നിയമിക്കണമെന്ന് നിബന്ധനയുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നിയമനം നടന്നില്ലെങ്കിൽ മേൽ സ്കൂളുകളിലെ തസ്തികയിൽ രണ്ടാമത് വരുന്ന ഒഴിവിൽ മാനേജർ നിയമിച്ച അദ്ധ്യാപകർക്ക് നിയമനാംഗീകാരം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംരക്ഷിത അദ്ധ്യാപകർ ഇല്ലാത്ത ജില്ലകളിൽ ഇത്തരത്തിൽ രണ്ടാമത്തെ പോസ്റ്റുകളിൽ മാനേജർ നിയമിച്ച അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; ഇത്തരത്തിൽ നിയമനാംഗീകാരം ലഭിക്കാത്ത അദ്ധ്യാപകർ എത്രയെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ഡി) നിലവിൽ ഇപ്രകാരമുള്ള സ്കൂളുകളിൽ സംരക്ഷിത അദ്ധ്യാപകരെ അടിയന്തരമായി നിയമിക്കാൻ നടപടി സ്വീകരിക്കാമോ; വ്യവസ്ഥയനുസരിച്ച് ആദ്യത്തെ തസ്തിക സംരക്ഷിത അദ്ധ്യാപകർക്കായി നീക്കിവച്ച എയ്ഡഡ് സ്കൂളുകളിൽ രണ്ടാമത്തെ തസ്തികകളിൽ നിയമിതരായ അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഇ) സ്കൂളുകൾ തുറക്കുന്ന സാഹചര്യത്തിൽ മേൽ വിഷയത്തിന്മേലുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നത് പരിഗണിക്കുമോ?

(എ-ഇ) കെ.ഇ.ആർ. അദ്ധ്യായം 21 ചട്ടം 7(5) പ്രകാരം സംരക്ഷിതാദ്ധ്യാപകരെ നിയമിക്കുന്ന തീയതി മുതൽ മാത്രമേ മാനേജർ അതേ ദിവസമോ തുടർന്നുള്ള ദിവസങ്ങളിലോ നടത്തിയ നിയമനങ്ങൾ അംഗീകരിക്കേണ്ടതുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ടതായുള്ള ഒഴിവുകളിൽ അവരുടെ നിയമനം സാദ്ധ്യമാകുന്നത് വരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനുള്ള അനുമതി നൽകികൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച 2-6-2019-ലെ എച്ച്2/4747/2019/ഡി.പി.ഐ. നിർദ്ദേശം നിലവിലുണ്ട്. ഇപ്രകാരം സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ടുന്ന ഒഴിവുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചത് കണക്കിലെടുത്ത് മാനേജർ നടത്തിയ നിയമനങ്ങൾ നിയമന തീയതി മുതൽ അംഗീകരിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു.

## തിരുവല്ല സി.എസ്.ഐ. വി.എച്ച്.എസ്.എസ് ഫോർ ഡഫിലെ ഹെഡ്മിസ്ട്രസ് നിയമനം

161 (6380) <u>ശ്രീ. മാത്യു ടി. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല സി.എസ്.ഐ. വി.എച്ച്.എസ്.എസ്. ഫോർ ഡഫിലെ അദ്ധ്യാപികയായ ശ്രീമതി ജിജി റ്റി. എം.-ന്റെ ഹെഡ്മിസ്ട്രസ് നിയമന അംഗീകാരത്തിനായി ഡി.പി.ഐ.-യിൽ 30-8-2021-ന് നൽകിയ അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

തിരുവല്ല സി.എസ്.ഐ. വി.എച്ച്.എസ്.എസ്. ഫോർ ഡഫിലെ അദ്ധ്യാപികയായ ശ്രീമതി ജിജി റ്റി. എം.-ന്റെ ഹെഡ്മിസ്ട്രസ് നിയമനവുമായി ബന്ധപ്പെട്ട അപേക്ഷയിൻമേൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത നിയമനത്തിന് അംഗീകാരം നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെന്ന് വ്യക്തമാക്കാമോ?

(ബി&സി) പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരിൽനിന്ന് റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ ഇക്കാര്യം പരിശോധിക്കാൻ സാധിക്കുകയുള്ളൂ.

## എയ്ഡഡ് സ്കൂളുകളിൽ എസ്.പി.സി.

162 (6381) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫണ്ടിന്റെ അപര്യാപ്തതമൂലം എയ്ഡഡ് സ്കൂളുകളിൽ എസ്.പി.സി. നടപ്പിലാക്കാൻ സാധിക്കാതിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം ഫണ്ടിന്റെ അപര്യാപ്തതയുള്ള എയ്ഡഡ് സ്കൂളുകൾക്ക് ഈ ആവശ്യത്തിനായി ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ബഹു. മുഖ്യമന്ത്രിയുടെ നൂറ്ദിന കർമ്മ പരിപാടിയുമായി ബന്ധപ്പെട്ട് ഈ വർഷം 167 സ്കൂളുകളിൽ എസ്.പി.സി. അനുവദിച്ചതിൽ എയ്ഡഡ് സ്കൂളുകളും ഉൾപ്പെട്ടിട്ടുണ്ട്. സർക്കാർ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.പി.സി. പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്കൂളുകൾക്ക് എസ്.പി.സി. ഫണ്ട് അനുവദിക്കുന്നതിൽ തടസ്സമില്ല.

## പേഴ്സണൽ സ്റ്റാഫിനെ നീക്കം ചെയ്യുന്നതിന് നടപടി

163 (6382) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേഴ്സണൽ സ്റ്റാഫിൽ കെ. എം. അരുൺ എന്ന വ്യക്തി ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ ഏത് പോസ്റ്റിലാണ് നിയമിച്ചിരിക്കുന്നത് എന്ന് അറിയിക്കുമോ?

കെ. എം. അരുണിനെ പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ ക്ലാർക്ക് തസ്തികയിൽ 11-6-2021 പ്രാബല്യത്തിൽ നിയമിച്ചിട്ടുണ്ട്.

(ബി) എം.ജി. യൂണിവേഴ്സിറ്റിയിൽ ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ യുവജന സംഘടനയുടെ വനിതാ നേതാവ് ആക്രമിക്കപ്പെട്ട കേസിൽ കെ. എം. അരുണിനെതിരെ പരാതി നൽകിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇദ്ദേഹത്തെ പേഴ്സണൽ സ്റ്റാഫിൽനിന്ന് നീക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

എം.ജി. യൂണിവേഴ്സിറ്റിയിൽ ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ യുവജന സംഘടനയുടെ വനിതാ നേതാവിനെ കെ. എം. അരുൺ ഉൾപ്പെടെയുള്ളവർ ആക്രമിച്ചതായി ശ്രീമതി നിമിഷാ രാജു 22-10-2021-ന് നല്കിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി പരാതിയുടെ അടിസ്ഥാനത്തിൽ ആവലാതിക്കാരിയുടെ മൊഴി രേഖപ്പെടുത്തിയപ്പോൾ അരുണിന്റെ പേര് പരാമർശിച്ചിരുന്നില്ല. ആയതിനാൽ ഇദ്ദേഹത്തെ പേഴ്സണൽ സ്റ്റാഫിൽനിന്ന് നീക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടില്ല.

## പരിയാരം മെഡിക്കൽ കോളേജ് പബ്ലിക് സ്കൂൾ

164 (6383) ശ്രീ. എം.വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പരിയാരം ഗവൺമെന്റ് മെഡിക്കൽ കോളേജ് പബ്ലിക് സ്കൂൾ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത യോഗത്തിന്റെ മിനിട്സിന്റെ കോപ്പി ലഭ്യമാക്കാമോ?

(എ&ബി) കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ് പബ്ലിക് സ്കൂൾ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ അടങ്ങിയ മിനിട്സിന്റെ കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## സ്കൂൾ രേഖകളിലെ തിരുത്തൽ നടപടിക്രമങ്ങൾ

165 (6384) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. രേഖകളിൽ തിരുത്തൽ വരുത്തുന്നതിനുള്ള നടപടിക്രമങ്ങളിലെ സങ്കീർണ്ണത കാരണം നിരവധി രക്ഷിതാക്കളും കുട്ടികളും പ്രയാസമനുഭവിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

എസ്.എസ്.എൽ.സി. രേഖകളിൽ തിരുത്തൽ വരുത്തുന്നതിനുള്ള നടപടിക്രമങ്ങളിലെ സങ്കീർണ്ണത കാരണം നിരവധി രക്ഷിതാക്കളും കുട്ടികളും പ്രയാസമനുഭവിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ജനനസർട്ടിഫിക്കറ്റ് നിർബന്ധമാക്കുന്നതിന് മുൻപുള്ള അപേക്ഷകളിൽ എസ്.എസ്.എൽ.സി. ബുക്കിൽ തിരുത്തൽ വരുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ?

എസ്.എസ്.എൽ.സി. ബുക്കിലെ തിരുത്തലുകൾ വിദ്യാർത്ഥിയുടെ അഡ്മിഷൻ രജിസ്റ്ററിനെയും മറ്റ് സ്കൂൾ രേഖകളെയും ജനന സർട്ടിഫിക്കറ്റിനെയും ആധാരമാക്കിയാണ് ചെയ്തുകൊടുക്കുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(1) ജനനത്തീയതി തിരുത്തുന്നതിനായി ജനന സർട്ടിഫിക്കറ്റിന്റെയും എസ്.എസ്.എൽ.സി. ബുക്കിന്റെയും ഒറിജിനൽ ഹാജരാക്കണം. എസ്.എസ്.എൽ.സി. പാസ്സായി 15 വർഷം കഴിയുന്ന കേസ്സുകളിൽ സർക്കാരിൽനിന്ന് കാലതാമസം മാപ്പാക്കിക്കൊണ്ട് ലഭ്യമാകുന്ന ഉത്തരവിന്റെ പകർപ്പ് കൂടി ഹാജരാക്കണം. 500 രൂപ തിരുത്തൽ ഫീസ് ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കുകയും വേണം.

(2) പേര്, ജാതി, മതം മുതലായവയിലെ തിരുത്തലുകൾ ക്ലറിക്കൽ എറർ ആണെങ്കിൽ മാത്രമേ തിരുത്തി നൽകാറുള്ളൂ (അതായത് അഡ്മിഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളിൽനിന്ന് തെറ്റായി എസ്.എസ്.എൽ.സി. ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്തുന്ന കേസ്സുകളിൽ മാത്രം).

(3) ലിംഗമാറ്റം ആവശ്യപ്പെടുന്ന കേസുകളിൽ സാമൂഹ്യ നീതി വകുപ്പ് നൽകുന്ന ഐ.ഡി. കാർഡും ലിംഗമാറ്റ ശസ്ത്രക്രിയയുടെ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും ഹാജരാക്കണം.

(4) പിതാവിന്റെയും മാതാവിന്റെയും പേര്, ജനനസ്ഥലം എന്നിവ ജനന സർട്ടിഫിക്കറ്റ് പ്രകാരം തിരുത്തി നൽകുന്നു.

(5) മേൽവിലാസം തിരുത്തുന്നതിന് ബന്ധപ്പെട്ട റവന്യൂ അധികാരിയുടെ സാക്ഷ്യപത്രം ഹാജരാക്കണം. ജനനത്തീയതി ഒഴികെയുള്ള തിരുത്തലുകൾക്ക് 30 രൂപ തിരുത്തൽ ഫീസ് ഇനത്തിൽ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കേണ്ടതാണ് (എസ്.സി./എസ്.ടി. വിഭാഗത്തിന് ഫീസിളവ് അനുവദിക്കുന്നതാണ്). എല്ലാ തിരുത്തൽ അപേക്ഷകളും വിദ്യാർത്ഥി എസ്.എസ്.എൽ.സി-ക്ക് പഠിച്ച സ്കൂളിലെ പ്രഥമാദ്ധ്യാപകൻവഴി പരീക്ഷാ ഭവനിലേയ്ക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം നൽകേണ്ടതാണ്.

(സി) ജനനസർട്ടിഫിക്കറ്റുകൾ നിർബന്ധമാക്കുന്നതിന് മുൻപുള്ള കേസുകളിലും എസ്.എസ്.എൽ.സി. ബുക്കിൽ ക്ലെറിക്കൽ എറർ വന്നവയിലും തിരുത്തി നൽകുന്നതിനുള്ള നടപടിക്രമങ്ങളിലെ സങ്കീർണ്ണതയും കാലതാമസവും ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

തിരുത്തൽ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള സമയ പരിധി സേവനാവകാശനിയമപ്രകാരം മൂന്ന് മാസമാണ്. രേഖകളെല്ലാം ഉൾക്കൊള്ളിച്ച അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്.

## ഭിന്നശേഷി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പദ്ധതികൾ

166 (6385) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങി ഭിന്നശേഷിയുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കും സംരക്ഷണത്തിനുമായി ഈ സർക്കാർ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

അക്കാദമികമായ അധിക പിന്തുണ ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയവ ബാധിച്ച ഭിന്നശേഷിക്കാരായ കുട്ടികൾക്ക് നൽകുന്നതിനായി എലമെന്ററി, സെക്കന്ററി വിഭാഗങ്ങളായി 2886 സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിനെ നിയമിച്ചിട്ടുണ്ട്. ആർ.സി.ഐ. രജിസ്ട്രേഷൻ ഉള്ള സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സും ഇതിൽ ഉൾപ്പെടുന്നു. അധിക പിന്തുണ എന്ന നിലയ്ക്ക് 168 ബി.ആർ.സി.-കളിലായി ഓട്ടിസം സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ഈ ഓട്ടിസം സെന്ററിൽ വച്ച് ഈ കുട്ടികൾക്ക് പ്രത്യേക പരിശീലനവും സെൻസറി തെറാപ്പി ഉൾപ്പെടെയുള്ള മറ്റ് അനുബന്ധ സൗകര്യങ്ങളും നൽകിവരുന്നു. വിദ്യാലയങ്ങൾ, വിവിധ പഞ്ചായത്തുകൾ, ബി.ആർ.സി-കൾ എന്നിവയിൽ സ്പെഷ്യൽ കെയർ സെന്റേഴ്സ് തുടങ്ങിയിട്ടുണ്ട്. അക്കാദമിക പിന്തുണാ സംവിധാനം നൽകുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ നേതൃത്വത്തിൽ റെമഡിയൽ ടീച്ചിംഗ് നടത്തുന്നുണ്ട്. കൂടാതെ സവിശേഷ വിദ്യാലയങ്ങളിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ജ്യോതിർമയി എന്ന യു-ട്യൂബ് ചാനലിലൂടെ അക്കാദമികവും അക്കാദമികേതരവുമായുള്ള പ്രവർത്തനങ്ങൾ നൽകിവരികയാണ്. രക്ഷാകർത്താക്കൾക്ക് 'സുരക്ഷ' എന്ന പേരിൽ ബോധവൽക്കരണ ക്യാമ്പയിനുകൾ സ്കൂൾ മുഖാന്തരം സംഘടിപ്പിച്ചുവരുന്നു. കൂടാതെ താഴെ പറയുന്നവ പരിഗണനയിലുണ്ട്;

ഓരോ പഞ്ചായത്തിലും ഭിന്നശേഷി കുട്ടികൾക്ക് പ്രത്യേക പരിഗണനയും പരിഹാര ബോധനപ്രവർത്തനങ്ങളും നൽകുന്നതിനായി സ്പെഷ്യൽ കെയർ സെന്ററുകൾ. ഓരോ പഞ്ചായത്തിലേയും ഒരു പൊതുവിദ്യാലയത്തിലെങ്കിലും ഒരു സ്പെഷ്യൽ കെയർ സെന്റർ. അതത് പഞ്ചായത്തുകളിലെ പ്രത്യേക പരിഗണന അർഹിക്കുന്ന മുഴുവൻ കുട്ടികളുടേയും സമഗ്രമായ വിശദാംശങ്ങൾ ഈ കേന്ദ്രത്തിൽ ലഭ്യമാക്കുക, വിവിധ വിഭാഗങ്ങളിൽപ്പെടുന്ന ഓരോ ഭിന്നശേഷി കുട്ടിക്കും അനുയോജ്യമായ പരിഹാര ബോധനപ്രവർത്തനങ്ങൾ നൽകുന്നതിന് ആവശ്യമായ ടീച്ചിംഗ്, ലേണിംഗ് മെറ്റീരിയലുകൾ ഈ കേന്ദ്രങ്ങളിൽ ലഭ്യമാക്കുക, സമഗ്രശിക്ഷാ കേരളയ്ക്ക് കീഴിൽ പ്രവർത്തിച്ചുവരുന്ന 2500- ഓളം സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സ്പെഷ്യൽ കെയർ സെന്ററുകളിൽ ലഭ്യമാക്കുക. സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ കുറവുള്ള പഞ്ചായത്തുകളിൽ ആവശ്യത്തിനുള്ള സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ നിയമിക്കുക,

ഭിന്നശേഷി കുട്ടികൾക്ക് ആവശ്യമായ സഹായ ഉപകരണങ്ങൾ, കണ്ണടകൾ, ചലനസഹായ ഉപകരണങ്ങൾ, ശ്രുവണ സഹായ ഉപകരണങ്ങൾ എന്നിവ മുഴുവൻ ഭിന്നശേഷി കുട്ടികൾക്കും ലഭ്യമാക്കുക, നൂതന സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് സഹായകരമാകുന്ന വിധത്തിൽ ഓരോ സ്പെഷ്യൽ കെയർ സെന്ററുകളിലേയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക.

(ബി) ഭിന്നശേഷിയുള്ള കുട്ടികളെ എപ്രകാരം പഠിപ്പിക്കണമെന്നാണ് സംയോജിത വിദ്യാഭ്യാസ പദ്ധതി നിഷ്കർഷിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ശാരീരികമോ മാനസികമോ ബുദ്ധിപരമോ വൈകാരികമോ ആയ പരിമിതികളുള്ള കുട്ടികൾക്ക്, മറ്റ് കുട്ടികളോടൊപ്പം തുല്യതയോടെ പങ്കെടുക്കാൻ കഴിയാതിരിക്കുകയാണ് ഭിന്നശേഷിക്കാരായ കുട്ടികളുടെ പരിമിതി. ഭിന്നശേഷിക്കാരായ കുട്ടികളെ വേർതിരിച്ച് കാണാതിരിക്കുക എന്നത് രാജ്യാന്തര തലത്തിൽ അംഗീകരിക്കപ്പെട്ട ഉടമ്പടിയുടെ ഭാഗമാണ്. സ്വാശ്രയത്വവും വ്യക്തിത്വവും ഉറപ്പുവരുത്തികൊണ്ടുള്ള പരിപൂർണ്ണ സാമൂഹ്യ പങ്കാളിത്തം ഓരോ കുട്ടിയുടേയും അവകാശമാണ് എന്ന ആശയം ഉൾക്കൊണ്ടുകൊണ്ടാണ് ഉൾച്ചേർക്കൽ വിദ്യാഭ്യാസം നടപ്പിലാക്കുന്നത്. ഈ കുട്ടികളെ പൊതുജീവിതത്തിന്റെയും പൊതുവിദ്യാഭ്യാസത്തിന്റെയും മുഖ്യധാരയുടെ ഭാഗമാക്കാനുള്ള തീവ്രശ്രമം നടന്നുവരുന്നു.

(സി) ഭിന്നശേഷിയുള്ള കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനായി കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(സി&ഡി) നിലവിൽ പരിഗണനയിലില്ല.

## ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ

167 (6386) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാരാമെഡിക്കൽ, ഡിഗ്രി, മറ്റ് കോഴ്സുകളിലെല്ലാം അഡ്മിഷൻ പൂർത്തിയാക്കി പ്രവേശനം ആരംഭിച്ചിട്ടും ഡി.എൽ.എഡ്.(ടി.ടി.സി.) കോഴ്സിന് അപേക്ഷ ക്ഷണിക്കാത്തതിന് പരിഹാരം കാണുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ?

ഡി.എൽ.എഡ്. (ടി.ടി.സി.) കോഴ്സിലേയ്ക്ക് പ്രവേശനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം ഉടൻതന്നെ പുറപ്പെടുവിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്ലസ് ടുവിന് അധിക ബാച്ച് അനുവദിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ഏതൊക്കെ ജില്ലകളിൽ ഏതൊക്കെ കോഴ്സുകളിൽ എത്ര വീതം അധിക ബാച്ചുകളാണ് അനുവദിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

വയനാട് ജില്ലയിലെ അംബേദ്കർ മെമ്മോറിയൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ, നല്ലൂർനാടിൽ ഒരു ഹ്യൂമാനിറ്റീസ് ബാച്ചും ഗവൺമെന്റ് മോഡൽ റെസിഡൻഷ്യൽ സ്കൂൾ ഫോർ ഗേൾസ് കൽപ്പറ്റയിൽ ഒരു ഹ്യൂമാനിറ്റീസ് ബാച്ചും താത്കാലികമായി അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം**

168 (6387) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷം സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി പ്ലാൻ/ബഡ്ജറ്റ് ഫണ്ടുകൾവഴി കെട്ടിടം നിർമ്മിക്കുന്നതിനായി എത്ര സ്കൂളുകളിൽനിന്നുള്ള അപേക്ഷകളാണ് ലഭ്യമായതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതം വിനിയോഗിച്ച് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതിക്കായി 296 സ്കൂളുകളുടെ അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്.

(ബി) കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളിൽനിന്നുമാണ് പ്രസ്തുത പദ്ധതി പ്രകാരം കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിന് അപേക്ഷ നൽകിയതെന്ന് അറിയിക്കുമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിൽനിന്നും കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതിക്ക് അപേക്ഷ നൽകിയ സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ഗവ. യു.പി.സ്കൂൾ, അരയി
2. എൻ.സി.കെ.എൻ.എസ്.ജി.യു.പി. സ്കൂൾ, മേലാങ്കോട്
3. ഗവ. ഡബ്ല്യൂ.യു.പി. സ്കൂൾ, നായ്ക്കയം
4. ഗവ. വി.എച്ച്.എസ്.എസ്., കാഞ്ഞങ്ങാട്

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

സ്കൂളുകളിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## എൽ.പി.എസ്.എ., യു.പി.എസ്.എ. തസ്തികകളിലെ ഒഴിവുകൾ

169 (6388) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.പി.എസ്.എ., യു.പി.എസ്.എ. തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കാമോ; വിശദാംശം നൽകാമോ?

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21-7-2021-ലെ എ 1/6686/2021/ ഡി.ജി.ഇ. കത്ത് പ്രകാരം എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നിലവിലുള്ള ഒഴിവുകൾ സമയപരിധിക്കുള്ളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും നിയമാനുസൃത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ബഹു. കോടതി/ട്രൈബ്യൂണലുകൾക്ക് മുമ്പാകെ സീനിയോറിറ്റി തർക്കം നിലനിൽക്കുന്ന കേസുകളിൽ ഡീ കേഡർ/ഡൗൺ ഗ്രേഡ് നടത്തി പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട ഒഴിവുകളുടെ എണ്ണം കണക്കാക്കി ആയത് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 8-6-2021-ലെ സ.ഉ.(കൈ) 13/2021/ഉ.ഭ.പ.വ. നമ്പർ ഉത്തരവ് പ്രകാരം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് സ്കൂൾ തുറക്കുമ്പോൾ ഉണ്ടാകുന്ന അദ്ധ്യാപക ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

21-10-2021-ലെ യു.2/364/2021/പൊ.വി.വ. സർക്കാർ കത്തിലെ നിർദ്ദേശങ്ങളും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25-10-2021-ലെ എ 2/1570/ 2020/ഡി.ജി.ഇ. നമ്പർ കത്തിലെ നിർദ്ദേശങ്ങളും അനുസരിച്ച് പ്രൈമറി സ്കൂൾ ടീച്ചർമാർക്ക് താല്ക്കാലിക സ്ഥാനക്കയറ്റം നൽകി പ്രധാനദ്ധ്യാപകരായി ഉത്തരവ് നൽകി. എന്നാൽ പ്രസ്തുത ഉത്തരവ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 27-10-2021-ലെ ഒ.എ. (ഇ.കെ.എം.) 1696/2021 നമ്പർ ഉത്തരവിലൂടെ മൂന്നാഴ്ചത്തേയ്ക്ക് സ്റ്റേ ചെയ്തിരിക്കുകയാണ്.

## കാസർഗോഡ് മണ്ഡലത്തിലെ സ്കൂളുകൾ

170(6389) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്ഥാപനങ്ങളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പിൻ കീഴിൽ കാസർഗോഡ് നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന വിവിധ തലത്തിലുള്ള സ്കൂളുകളുടെ എണ്ണം ചുവടെ കൊടുത്തിരിക്കുന്നു.

| | ഗവ. | എയ്ഡഡ് | അൺ എയ്ഡഡ് | ആകെ |
|---|---|---|---|---|
| എൽ.പി. സ്കൂളുകൾ | 21 | 21 | 5 | 47 |
| യു.പി. സ്കൂളുകൾ | 10 | 14 | 6 | 30 |
| ഹൈസ്കൂളുകൾ | 2 | 1 | 5 | 8 |
| ഹയർ സെക്കൻഡറി സ്കൂളുകൾ | 11 | 8 | 5 | 24 |
| വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകൾ | 4 | 4 | | |
| ആകെ | 48 | 44 | 21 | 113 |

കാസർഗോഡ് നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഹയർ സെക്കൻഡറി സ്കൂളുകളുടെ എണ്ണം - 24

വൊക്കേഷണൽ ഹയർ സെക്കൻഡറി സ്ഥാപനങ്ങളുടെ എണ്ണം - 4

(ബി) പ്രസ്തുത മണ്ഡലത്തിലെ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് മേഖലകളിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടെ പേരുവിവരം പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ;

(സി) മേൽപ്പറഞ്ഞ സ്കൂളുകളിലെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും എണ്ണം സ്കൂൾ തിരിച്ച് വ്യക്തമാക്കാമോ?

(ബി&സി) കാസർഗോഡ് നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ പേരുവിവരം പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.* ഹയർ സെക്കൻഡറി സ്കൂളുകളെ സംബന്ധിച്ച വിവരം അനുബന്ധം-4 ആയി ചേർത്തിരിക്കുന്നു.* വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ സ്കൂളുകളുടെ വിവരം ചുവടെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | ഗവ./ എയ്ഡഡ് |
|---|---|---|---|
| 1 | ജി.വി. എച്ച്.എസ്.എസ്. (ഗേൾസ്) കാസർഗോഡ് | കാസർഗോഡ് മുനിസിപ്പാലിറ്റി | ഗവൺമെന്റ് |
| 2 | ജി.എം.വി.എച്ച്. എസ്.എസ്., തളങ്കര | കാസർഗോഡ് മുനിസിപ്പാലിറ്റി | ഗവൺമെന്റ് |
| 3 | ജി.വി. എച്ച്.എസ്.എസ്. കാറഡുക്ക | കാറഡുക്ക പഞ്ചായത്ത് | ഗവൺമെന്റ് |
| 4 | ജി.വി. എച്ച്.എസ്.എസ്. മുള്ളേരിയ | കാറഡുക്ക പഞ്ചായത്ത് | ഗവൺമെന്റ് |

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വിദ്യാർത്ഥികളുടെ എണ്ണം | അദ്ധ്യാപകരുടെ എണ്ണം |
|---|---|---|---|
| 1. | ജി.വി.എച്ച്.എസ്.എസ്. (ഗേൾസ്) കാസർഗോഡ് | 118 | 09 |
| 2. | ജി.എം.വി.എച്ച്.എസ്.എസ്., തളങ്കര | 113 | 09 |
| 3. | ജി.വി.എച്ച്.എസ്.എസ്., കാറഡുക്ക | 116 | 09 |
| 4. | ജി.വി.എച്ച്.എസ്.എസ്., മുള്ളേരിയ | 124 | 08 |

(ഡി) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കാൻ ബാക്കിയുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ പ്രസ്തുത അദ്ധ്യാപകരുടെ പേര്, സ്കൂളിന്റെ പേര്, നിയമിച്ച തീയതി, നിയമനം അംഗീകരിക്കാൻ വൈകുന്നതിന്റെ കാരണം എന്നിവ വിശദമാക്കാമോ?

ഉണ്ട്. പ്രസ്തുത അദ്ധ്യാപകരുടെ പേര്, സ്കൂളിന്റെ പേര്, നിയമിച്ച തീയതി, നിയമനം അംഗീകരിക്കാൻ വൈകുന്നതിന്റെ കാരണം എന്നിവ സംബന്ധിച്ച

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.* ഹയർ സെക്കൻഡറി വിഭാഗത്തെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-5 ആയി ചേർത്തിരിക്കുന്നു.* കാസർഗോഡ് നിയോജകമണ്ഡലത്തിൽ വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ എയ്ഡഡ് സ്കൂളുകളില്ല.

(ഇ) സർക്കാർ സ്കൂളുകളിൽ അനുവദിച്ചിട്ടുള്ള അദ്ധ്യാപക തസ്തികകളുടെ എണ്ണവും ഒഴിവുള്ള അദ്ധ്യാപക തസ്തികകളുടെ എണ്ണവും സ്കൂൾ തിരിച്ച് വ്യക്തമാക്കാമോ?

സർക്കാർ സ്കൂളുകളിൽ അനുവദിച്ചിട്ടുള്ള അദ്ധ്യാപക തസ്തികകളുടെഎണ്ണവും ഒഴിവുള്ള അദ്ധ്യാപക തസ്തികകളുടെ എണ്ണവും സ്കൂൾ തിരിച്ച് അനുബന്ധം - 3 ആയി ചേർത്തിരിക്കുന്നു.* ഹയർ സെക്കൻഡറി വിഭാഗത്തെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-6 ആയി ചേർത്തിരിക്കുന്നു. വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ സർക്കാർ സ്കൂളുകളിൽ അനുവദിച്ചിട്ടുള്ള അദ്ധ്യാപക തസ്തികകളുടെ എണ്ണവും ഒഴിവുള്ള അദ്ധ്യാപക തസ്തികകളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | അനുവദിച്ചിട്ടുള്ള അദ്ധ്യാപക തസ്തികകളുടെ എണ്ണം | ഒഴിവുള്ള അദ്ധ്യാപക തസ്തികകളുടെ എണ്ണം |
|---|---|---|---|
| 1 | ജി.വി.എച്ച്.എസ്.എസ് (ഗേൾസ്) കാസർഗോഡ് | 09 | 02 |
| 2 | ജി.എം.വി.എച്ച്.എസ്.എസ്, തളങ്ങര | 09 | 04 |
| 3 | ജി.വി.എച്ച്.എസ്.എസ്, കാറടുക്ക | 09 | 02 |
| 4 | ജി.വി.എച്ച്.എസ്.എസ്, മുള്ളേരിയ | 08 | 05 |

## മലപ്പുറം ജില്ലയിലെ അദ്ധ്യാപക ഒഴിവുകൾ

171 (6390) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനാദ്ധ്യാപകരുടെ ഒഴിവുകൾ നികത്തിയിട്ടുണ്ടോ; പ്രസ്തുത ഒഴിവുകൾ നികത്തുമ്പോൾ നിലവിലുള്ള അദ്ധ്യാപക ഒഴിവ് വർദ്ധിക്കുന്ന സാഹചര്യമുണ്ടോ; വിശദാംശം നൽകുമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത അദ്ധ്യാപക നിയമനത്തിന് പി.എസ്.സി. പുതിയ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനാൽ മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) മലപ്പുറം ജില്ലയിലെ ഹൈസ്കൂൾ തലത്തിലുള്ള പ്രഥമ അദ്ധ്യാപകരുടെ ഒഴിവുകൾ യഥാസമയം നികത്തിവരുന്നു. എന്നാൽ പ്രൈമറി തലംവരെയുള്ള പ്രഥമ അദ്ധ്യാപകരുടെ സ്ഥാനക്കയറ്റം നൽകുന്നതിനുള്ള സർക്കാർ സർക്കുലർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സ്റ്റേ ചെയ്തിരുന്നു. എന്നാൽ പ്രഥമ അദ്ധ്യാപകരുടെ ക്ഷാമം കാരണം സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുമെന്ന് കണ്ടതിനാൽ പ്രധാനാദ്ധ്യാപക തസ്തികയിൽ താല്ക്കാലികാടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകുന്നതിന് സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഡയറക്ടർ പുറപ്പെടുവിച്ച കത്തും ഡെപ്യൂട്ടി ഡയറക്ടർമാർ പുറപ്പെടുവിച്ച ഉത്തരവുകളും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 27-10-2021-ൽ സ്റ്റേ ചെയ്യുകയുണ്ടായി. ഇതിനെതിരെ ബഹു. ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രധാനാദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുമ്പോൾ തത്ഫലമായി എൽ.പി.എസ്.ടി., യു.പി.എസ്.ടി., എച്ച്.എസ്.ടി. തസ്തികകളുടെ ഒഴിവുകൾ വർദ്ധിക്കും. പ്രധാനാദ്ധ്യാപക തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നമുറയ്ക്ക് അദ്ധ്യാപക ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

## വയനാട് ജില്ലയിലെ ഹെഡ്മാസ്റ്റർമാർ ഇല്ലാത്ത പ്രൈമറി വിദ്യാലയങ്ങൾ

172 (6391) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഹെഡ്മാസ്റ്റർമാർ ഇല്ലാത്ത പ്രൈമറി വിദ്യാലയങ്ങൾ എത്രയെണ്ണമുണ്ടെന്ന് ഉപജില്ല തിരിച്ച് വ്യക്തമാക്കാമോ?

മാനന്തവാടി ഉപജില്ല - 1

വൈത്തിരി ഉപജില്ല - 5

സുൽത്താൻബത്തേരി ഉപജില്ല - 4

(ബി) ഈ ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പ്രൊമോഷൻ മുഖേന പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## എച്ച്.എസ്.എസ്.ടി ജൂനിയർ (ജന്തുശാസ്ത്രം) നിയമനം

173 (6392) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എസ്.ടി. ജൂനിയർ (ജന്തുശാസ്ത്രം)-ന്റെ നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്ന് എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ പി.എസ്.സി. അഡ്വൈസ് ചെയ്ത എത്ര പേർക്ക് നിയമനം നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ; അഡ്വൈസ് ചെയ്തവർക്ക് ഉടൻ നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശം ലഭ്യമാക്കാമോ; മേൽ ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സ്പെഷ്യൽ റൂൾസ് പ്രകാരം എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയിലേയ്ക്ക് ബൈട്രാൻസ്ഫർ നിയമനവും പി.എസ്.സി.വഴി നേരിട്ടുള്ള നിയമനവും നൽകുന്നുണ്ട്. എച്ച്.എസ്.എസ്.ടി.(ജൂനിയർ) സുവോളജി വിഷയത്തിൽ ബൈട്രാൻസ്ഫർ വിഭാഗത്തിനായി 1-6-2016 മുതൽ 28-10-2020 വരെ ഉണ്ടായിട്ടുള്ള 55 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും 28-12-2020-നുശേഷം പ്രസ്തുത വിഭാഗത്തിനായി നിലവിൽ വന്ന 11 ഒഴിവുകൾ മാറ്റിയിട്ടുള്ളതുമാണ്. നേരിട്ടുള്ള നിയമനത്തിന് റിപ്പോർട്ട് ചെയ്യുവാൻ നിലവിൽ ഒഴിവുളൊന്നുമില്ല.

## എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തിക

174 (6393) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30-1-2021-ലെ സർക്കാർ ഉത്തരവ് 2/2021/പൊ.വി.(ജെ)-യുടെ അടിസ്ഥാനത്തിൽ ഹയർ സെക്കൻഡറി ഡയറക്ടറേറ്റിൽനിന്നും 15-2-2021-ലെ സർക്കുലർ പ്രകാരം എച്ച്.എസ്./യു.പി./എൽ.പി. വിഭാഗം അദ്ധ്യാപകരിൽനിന്നും എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയിലേയ്ക്ക് തസ്തിക മാറ്റത്തിന് അപേക്ഷ ക്ഷണിച്ചിരുന്നോ?

15-2-2021-ലെ എഡി.ബി2/194881/ഡിജിഇ/21 നമ്പർ സർക്കുലർ പ്രകാരം 1-1-2016 മുതൽ 28-12-2020 വരെയുള്ള ഒഴിവുകളിലേയ്ക്ക് എച്ച്.എസ്.എ., യു.പി.എസ്.എ./എൽ.പി.എസ്.എ., മിനിസ്റ്റീരിയൽ സ്റ്റാഫ് (ഹയർ സെക്കൻഡറി വിഭാഗം), ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിൽനിന്നും എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനങ്ങൾക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

(ബി) 2019-20 അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ നിയമിതരായ യോഗ്യരായ അദ്ധ്യാപകർക്ക് പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ സമയബന്ധിതമായി പ്രസ്തുത അപേക്ഷ സമർപ്പിക്കുവാൻ സാധിച്ചില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത അപേക്ഷകളിൽ നാളിതുവരെ നടപടി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ യോഗ്യരായ പുതിയ അദ്ധ്യാപകരെക്കൂടി ഉൾക്കൊള്ളിച്ച് പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനങ്ങൾക്കായി അപേക്ഷിക്കുന്നതിനുള്ള യോഗ്യതാ മാനദണ്ഡങ്ങളിൽ ഒന്ന് നിലവിലെ തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുക എന്നുള്ളതാണ്. അതിനാൽ നിലവിലെ തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്ത അപേക്ഷകർക്ക് എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനത്തിന് അപേക്ഷിക്കുവാൻ സാധിക്കുകയില്ല.

**ഹയർ സെക്കൻഡറി അദ്ധ്യാപകരുടെ (ഇംഗ്ലീഷ്) ഒഴിവുകൾ**

175(6394) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി അദ്ധ്യാപകരുടെ (ഇംഗ്ലീഷ്) എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും അതിൽ എത്രയെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവെന്നും വിശദമാക്കാമോ?

ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ ഇംഗ്ലീഷ് തസ്തികയിൽ ആകെ 56 ഒഴിവുകളാണ് നിലവിലുള്ളത്. അതിൽ 24 ഒഴിവുകൾ എസ്.ടി. വിഭാഗത്തിന് സ്പെഷ്യൽ റിക്രൂട്ട്മെന്റിനായും 4 എണ്ണം ഭിന്നശേഷിയുള്ളവർക്കായും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന ഒഴിവുകളിൽ കേരള ഹയർ സെക്കൻഡറി സർവ്വീസ് സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾ പ്രകാരം ജൂനിയർ അദ്ധ്യാപകർക്ക് തസ്തികമാറ്റം നൽകി നികത്തുന്നതിലേയ്ക്ക് മാറ്റിവച്ചിരിക്കുന്നു.

(ബി) അവശേഷിക്കുന്ന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും നിയമനം നടത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ?

കേരള ഹയർ സെക്കൻഡറി സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരം എച്ച്.എസ്.എസ്.റ്റി. ഇംഗ്ലീഷ് അദ്ധ്യാപക തസ്തികയിലെ ഒഴിവുകൾ യോഗ്യരായ ജൂനിയർ അദ്ധ്യാപകർക്ക് തസ്തികമാറ്റം നൽകിയാണ് നികത്തേണ്ടത്. ആയതിനാൽ നിലവിലെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടതില്ല.

**ആലപ്പുഴ ജില്ലയിലെ എച്ച്.എസ്.എ. ഒഴിവുകൾ**

176 (6395) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ സർക്കാർ സ്കൂളുകളിൽ എച്ച്.എസ്.എ. (നാച്ചുറൽ സയൻസ്) തസ്തികയിൽനിന്ന് 2022 ജനുവരി 1 മുതൽ 2025 ഡിസംബർ 31 വരെ വിരമിക്കുന്ന അദ്ധ്യാപകരുടെ പേരും വിരമിക്കൽ തീയതിയും വ്യക്തമാക്കുമോ?

| ക്രമ നമ്പർ | വിരമിക്കുന്ന അദ്ധ്യാപകന്റെ പേരും സ്കൂളും | വിരമിക്കൽ തീയതി |
|---|---|---|
| 1. | ശ്രീ. തോമസ്. പി.എ., ഗവ. ഹൈസ്കൂൾ, കലവൂർ | 31-3-2022 |
| 2. | ശ്രീ. സുരേഷ് കുമാർ റ്റി. എം., ഗവ. ബോയ്സ് എച്ച്.എസ്., കായംകുളം | 31-5-2022 |
| 3. | ശ്രീമതി. അംബിക എസ്., ഗവ. എച്ച്.എസ്.എസ്., ചേർത്തല സൗത്ത്. | 31-5-2022 |
| 4. | ശ്രീ. ജോസ്. കെ. തറിയൽ, ഗവ. എച്ച്.എസ്., തേവർവട്ടം | 31-3-2024 |
| 5. | ശ്രീ. അനന്തരാമൻ പി. എ., ഗവ. വി.എച്ച്.എസ്. എസ്., മുളക്കുഴ | 31-5-2024 |
| 6. | ശ്രീമതി ജൂഡി കെ. എക്സ്, വി.ആർ.വി.എം. ഗവ. എച്ച്.എസ്., വയലാർ | 31-5-2024 |
| 7. | ശ്രീമതി ശ്രീലത എസ്., എസ്.സി. യു.ജി.വി.എച്ച്.എസ്., പട്ടണക്കാട് | 31-5-2024 |
| 8. | ശ്രീമതി അജിത പി. ജി., ഗവ. എച്ച്.എസ്., പൊള്ളേത്തൈ | 31-3-2025 |
| 9. | ശ്രീമതി ബുഷ്റാബീവി എസ്., ഗവ. ബോയ്സ് എച്ച്.എസ്., ഹരിപ്പാട് | 31-5-2025 |

(ബി) ആലപ്പുഴ ജില്ലയിലെ എച്ച്.എസ്.എ. (നാച്ചുറൽ സയൻസ്) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വെളിപ്പെടുത്തുമോ?

6 ഒഴിവുകൾ.

(സി) ആലപ്പുഴ ജില്ലയിലെ എച്ച്.എസ്.എ. (നാച്ചുറൽ സയൻസ്) തസ്തികയിലുള്ള ഒഴിവുകൾ നികത്താൻ സത്വര നടപടി സ്വീകരിക്കുമോ?

ഒരൊഴിവ് ഭിന്നശേഷിക്കാർക്ക് നീക്കിവെച്ചിട്ടുണ്ട്. ബാക്കി 5 ഒഴിവ് ബൈ-പ്രൊമോഷന് മാറ്റിവെച്ചിട്ടുണ്ട്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 22 ഒഴിവുകൾ പ്രൊവിഷണലായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## സർക്കാർ സ്കൂളുകളിൽ അദ്ധ്യാപക നിയമനം

177(6396) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ അദ്ധ്യാപക നിയമനത്തിന് ഉയർന്ന പ്രായപരിധി എത്രയാണെന്ന് വിശദമാക്കാമോ?

സർക്കാർ സ്കൂളുകളിൽ അദ്ധ്യാപകരാകുവാനുള്ള ഉദ്യോഗാർത്ഥികളുടെ ഉയർന്ന പ്രായപരിധി 40 വയസ്സാണ്. ഒ.ബി.സി. വിഭാഗക്കാർക്ക് മൂന്ന് വയസ്സിന്റേയും എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് 5 വയസ്സിന്റേയും ഇളവ് ലഭിക്കും. സർക്കാർ വിദ്യാലയങ്ങളിൽ അദ്ധ്യാപക നിയമനം നടത്തുന്നത് പി.എസ്.സി. മുഖേനയാണ്. അദ്ധ്യാപക തസ്തികകളിൽ നിയമനം നടത്തുന്നതിനായി നടത്തപ്പെടുന്ന മത്സര പരീക്ഷകളുടെ വിജ്ഞാപനത്തിൽ ഉദ്യോഗാർത്ഥികളുടെ ഉയർന്ന പ്രായപരിധി സംബന്ധിച്ച വിവരങ്ങൾ പി.എസ്.സി. ഉൾക്കൊള്ളിച്ച് വരുന്നുണ്ട്.

(ബി) കോവിഡ്-19 ബാധയെ തുടർന്നുള്ള കാലയളവിൽ നിയമനം നൽകിയ അദ്ധ്യാപകർക്ക് വയസ്സിളവ് അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

സർക്കാർ സ്കൂളുകളിൽ നിയമനത്തിനായി പി.എസ്.സി. മത്സര പരീക്ഷ എഴുതുന്ന ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. വിജ്ഞാപനത്തിൽ നിർദ്ദേശിക്കുന്ന പ്രായപരിധിയാണ് നിലവിൽ ബാധകമായിട്ടുള്ളത്.

**എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനത്തിന് ഹൈക്കോടതിയുടെ സ്റ്റേ**

178 (6397) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനങ്ങൾ ഹൈക്കോടതി സ്റ്റേ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്റ്റേ നീക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനത്തിന് ഭിന്നശേഷി നിയമം അനുശാസിക്കുന്ന വിധമുള്ള സംവരണം ഉറപ്പാക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് നടപ്പാക്കാത്തതുമായി ബന്ധപ്പെട്ടാണോ ഹൈക്കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്;

(സി) ഭിന്നശേഷിക്കാരുടെ നിയമനം സംബന്ധിച്ച ഉത്തരവ് ഇനിയും നടപ്പാക്കാൻ കഴിയാതിരുന്നതിനുള്ള സാഹചര്യം വിശദമാക്കുമോ;

(ഡി) ഈ ഉത്തരവ് പ്രകാരം ഭിന്നശേഷിക്കാർക്കുള്ള സംവരണം ഉറപ്പാക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികളാണ് ഇതിനോടകം സ്വീകരിച്ചിട്ടുള്ളത്; ഇതിനായി നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ?

(എ-ഡി) സാമൂഹ്യനീതി വകുപ്പ് പുറപ്പെടുവിച്ച 18-11-2018-ലെ സ.ഉ.(പി) നം.18/2018/സാ.നീ.വ. ഉത്തരവിന് ചുവടുപിടിച്ച് എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷിക്കാർക്ക് സംവരണം അനുവദിച്ചുകൊണ്ട് 8-11-2021-ൽ സ.ഉ.(പി) നം.19/2021/പൊ.വി.വ. പുറപ്പെടുവിച്ചിട്ടുണ്ട്. ഹൈക്കോടതി സ്റ്റേ വെക്കേറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഹൈക്കോടതിയുടെ സ്റ്റേ നിലനിൽക്കുന്നതുമൂലം നേരത്തെ നിയമനം ലഭിച്ചിട്ടും നിയമനാംഗീകാരം ലഭിക്കാത്ത എത്ര അദ്ധ്യാപകരാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്ന് അറിയിക്കുമോ; വർഷങ്ങളായി ശമ്പളമില്ലാതെ ജോലി ചെയ്യേണ്ടിവന്നതുമൂലം സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്ന ഇവർക്ക് നിയമനാംഗീകാരം ലഭിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ; അറിയിക്കുമോ?

നിയമനം ലഭിച്ചിട്ടും നിയമനാംഗീകാരം ലഭിക്കാത്ത അദ്ധ്യാപകരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു;

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 193 |
| 2 | കൊല്ലം | 86 |
| 3 | പത്തനംതിട്ട | 99 |
| 4 | ആലപ്പുഴ | 316 |
| 5 | കോട്ടയം | 140 |
| 6 | ഇടുക്കി | 77 |
| 7 | എറണാകുളം | 258 |
| 8 | തൃശ്ശൂർ | 864 |
| 9 | പാലക്കാട് | 256 |
| 10 | മലപ്പുറം | 102 |
| 11 | കോഴിക്കോട് | 149 |
| 12 | വയനാട് | 51 |
| 13 | കണ്ണൂർ | 243 |
| 14 | കാസർഗോഡ് | 49 |

ഹൈക്കോടതി സ്റ്റേ ഒഴിവാക്കിക്കിട്ടുന്നതിന് ശ്രമിച്ചുവരുന്നു. സ്റ്റേ നീങ്ങുന്ന മുറയ്ക്ക് ഇവരുടെ നിയമനാംഗീകാര വിഷയത്തിൽ തീരുമാനമുണ്ടാകുന്നതാണ്.

**ഹയർ സെക്കൻഡറി അദ്ധ്യാപക ഒഴിവുകൾ**

179 (6398) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ജൂൺ മുതൽ 2021 സെപ്റ്റംബർ വരെ സർക്കാർ ഹയർ സെക്കൻഡറി സ്കൂളിലെ എത്ര എച്ച്.എസ്.എസ്.ടി. സുവോളജി ജൂനിയർ അദ്ധ്യാപകർ കെ.എസ്.ആർ. പ്രകാരം ശൂന്യവേതനാവധിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും പ്രസ്തുത ശൂന്യവേതനാവധി കഴിഞ്ഞ് എത്ര അദ്ധ്യാപകർ ജോലിയിൽ തിരികെ പ്രവേശിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

2017 ജൂൺ മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലഘട്ടത്തിൽ 4 എച്ച്.എസ്.എസ്.ടി.(ജൂനിയർ) സുവോളജി അദ്ധ്യാപകർ ശൂന്യ വേതനാവധിയിൽ പ്രവേശിച്ചിട്ടുണ്ട്. പ്രസ്തുത അദ്ധ്യാപകരിൽ രണ്ട് പേർ ടി തസ്തികയിൽ പുനഃപ്രവേശിക്കുകയും മറ്റ് രണ്ട് അദ്ധ്യാപകർ ശൂന്യവേതനാവധിയിൽ തുടർന്നുവരികയുമാണ്.

(ബി) പ്രസ്തുത അദ്ധ്യാപകർ ശൂന്യവേതനാവധിയിൽ പ്രവേശിച്ച സാഹചര്യത്തിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ എത്ര ഒഴിവുകൾ ഇപ്രകാരം റിപ്പോർട്ട് ചെയ്തുവെന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ?

പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. ടി ഒഴിവുകൾ നിലവിൽവന്ന സമയത്ത് സ്പെഷ്യൽ റൂൾസ് പ്രകാരം നേരിട്ടുള്ള നിയമനത്തിനായി നിലനിർത്തേണ്ട തസ്തികയിൽ അധികമായി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. ഇക്കാരണത്താലാണ് ശൂന്യവേതനാവധിയിൽ പ്രവേശിച്ച അദ്ധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതിരുന്നത്.

(സി) പ്രസ്തുത തസ്തികയിലെ അദ്ധ്യാപകർ അന്യത്ര സേവനത്തിൽ പ്രവേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഒരു എച്ച്.എസ്.എസ്.ടി.(ജൂനിയർ) സുവോളജി അദ്ധ്യാപിക നിലവിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നു. ഈ ഡെപ്യൂട്ടേഷൻ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. ടി ഒഴിവിലേയ്ക്ക് ശൂന്യവേതനാവധി റദ്ദ് ചെയ്ത ഒരു അദ്ധ്യാപികയെ എച്ച്.എസ്.എസ്.ടി. (ജൂനിയർ) സുവോളജി തസ്തികയിലേയ്ക്ക് പുനഃപ്രവേശിപ്പിച്ചിരുന്നു.

(ഡി) നിലവിൽ സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളാണുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

സ്പെഷ്യൽ റൂൾസ് പ്രകാരം എച്ച്.എസ്.എസ്.ടി.(ജൂനിയർ) തസ്തികയിലേയ്ക്ക് ബൈട്രാൻസ്ഫർ നിയമനവും പി.എസ്.സി. വഴി നേരിട്ടുള്ള നിയമനവും നൽകുന്നുണ്ട്. എച്ച്.എസ്.എസ്.ടി. (ജൂനിയർ) സുവോളജി വിഷയത്തിൽ ബൈട്രാൻസ്ഫർ വിഭാഗത്തിനായി 1-6-2016 മുതൽ 28-12-2020 വരെ ഉണ്ടായിട്ടുള്ള 55 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും 28-12-2020-നുശേഷം പ്രസ്തുത വിഭാഗത്തിനായി നിലവിൽ വന്ന 11 ഒഴിവുകൾ മാറ്റിയിട്ടുള്ളതുമാണ്. നേരിട്ടുള്ള നിയമനത്തിന് റിപ്പോർട്ട് ചെയ്യുവാൻ നിലവിൽ ഒഴിവുകളൊന്നുമില്ല.

## ജി.യു.പി.എസ്. ലൂർദ്ദ്പുരം എന്ന വിദ്യാലയത്തിലെ അദ്ധ്യാപകരുടെ ഒഴിവുകൾ

180(6399) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട ജി.യു.പി.എസ്. ലൂർദ്ദ്പുരം, ഇഞ്ചിക്കുണ്ട് എന്ന വിദ്യാലയത്തിൽ അഞ്ച് അദ്ധ്യാപകരുടെ തസ്തികകൾ ഒരു വർഷമായി ഒഴിഞ്ഞുകിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പിന്നോക്ക മലയോര ഗ്രാമത്തിലെ ഏക വിദ്യാലയമായ ജി.യു.പി.എസ്. ലൂർദ്ദ്പുരത്തിൽ ഒഴിഞ്ഞുകിടക്കുന്ന മുഴുവൻ അദ്ധ്യാപക തസ്തികകളിലും അടിയന്തരമായി നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തികയിലേയ്ക്ക് പി.എസ്.സി. ലിസ്റ്റിൽനിന്ന് അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് (സംസ്കൃതം), എൽ.പി.എസ്.ടി. എന്നീ തസ്തികകളിൽ റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്തതിനാൽ പ്രസ്തുത ഒഴിവുകളിൽ താൽക്കാലിക നിയമനം നടത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## സാക്ഷരത പ്രവർത്തനം വിപുലീകരിക്കാൻ പദ്ധതി

181(6400) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാക്ഷരത പ്രവർത്തനം വാർഡുതലത്തിൽ ശക്തിപ്പെടുത്താനും സാക്ഷരത പ്രേരകുമാരുടെ പ്രവർത്തനം ശക്തിപ്പെടുത്താനും നടപടി സ്വീകരിക്കുമോ?

കേരളത്തിൽ ഒരു നിരക്ഷരരും അവശേഷിക്കരുതെന്നാണ് സർക്കാരിന്റെ പ്രാഥമിക ലക്ഷ്യം. 2011-ലെ സെൻസസ് പ്രകാരം കേരളത്തിന്റെ സാക്ഷരതാ നിരക്ക് 93.91% ആണ്. നാഷണൽ സ്റ്റാറ്റിക്കൽ ഓഫീസിന്റെ 2020-ലെ റിപ്പോർട്ടിൽ കേരളത്തിലെ സാക്ഷരതാനിരക്ക് 96.2% ആയി മാറിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിരക്ഷരരിൽ കൂടുതലും നഗര-ചേരി-തീരദേശ-ആദിവാസി-

ഭാഷാന്യൂനപക്ഷ മേഖലകളിലാണുള്ളത്. ഈ മേഖലകളിൽ കൂടുതൽ ഊന്നൽ നൽകിക്കൊണ്ട് വിവിധ നൂതനപദ്ധതികൾ ആവിഷ്കരിച്ച് നിരക്ഷരത നിർമ്മാർജ്ജനം ചെയ്തുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സാക്ഷരതാമിഷൻ ഇപ്പോൾ നടപ്പിലാക്കിവരുന്നത്. കേരളത്തിലെ സാക്ഷരത-തുടർ വിദ്യാഭ്യാസങ്ങൾക്ക് വർത്തമാനകാല സാമൂഹ്യ യാഥാർത്ഥ്യങ്ങളെ ഉൾക്കൊണ്ടു കൊണ്ടുള്ള പുതിയ ദിശാബോധവും പുത്തൻ ഉണർവും ഉണ്ടായ കാലമാണ് 2016-21 കാലഘട്ടം. സാക്ഷരതാ പ്രസ്ഥാനത്തിന്റെ ജനകീയ സ്വഭാവം വീണ്ടെടുക്കുകയും പാർശ്വവത്കൃതമേഖലകളിലേയ്ക്ക് പ്രവർത്തനങ്ങളെ വ്യാപിപ്പിക്കുകയും ചെയ്തു. അതോടൊപ്പം ഒട്ടേറെ നൂതന പദ്ധതികളും സമകാലിക പ്രസക്തിയുള്ള സാമൂഹ്യ സാക്ഷരതാ പരിപാടികളും നടപ്പിലാക്കി വരികയാണ്. സംസ്ഥാന സാക്ഷരതാ മിഷൻ ആവിഷ്കരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് ജില്ലാതലം മുതൽ വാർഡ്തലം വരെ വിവിധ സാക്ഷരതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. വാർഡ്തലത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വാർഡ് സാക്ഷരതാ സമിതിയുടെ മേൽനോട്ടത്തിൽ വിലയിരുത്തിയാണ് വരുന്നത്. ഗ്രാമ/ മുനിസിപ്പൽ/ കോർപ്പറേഷൻ വാർഡ് സാക്ഷരതാ സമിതികളുടെ കൺവീനർമാരായി വാർഡുകളിലെ പ്രേരക്മാരെയാണ് തീരുമാനിക്കപ്പെട്ടിട്ടുള്ളത്.

(ബി) പുതിയ പഠിതാക്കളെ കണ്ടെത്തി സാക്ഷരർ ആക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കേരളം സമ്പൂർണ്ണ സാക്ഷരത കൈവരിച്ചെങ്കിലും ആദിവാസി-തീരദേശ-ഭാഷാ ന്യൂനപക്ഷ മേഖലകളിൽ നിരക്ഷരതയുടെ തുരുത്തുകൾ ഇപ്പോഴും അവശേഷിക്കുന്നതായാണ് കണക്കുകൾ പറയുന്നത്. സംസ്ഥാനത്ത് ഇപ്പോഴും 18 ലക്ഷത്തോളം നിരക്ഷരർ അവശേഷിക്കുന്നതായും കണക്കുകളുണ്ട്. നിരക്ഷരത കൂടുതലുള്ള ഈ മേഖലകൾക്ക് പ്രത്യേകം ഊന്നൽ നൽകിക്കൊണ്ട് പ്രത്യേക സാക്ഷരതാ പദ്ധതികൾ സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരികയാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ കേരളം സാക്ഷരതാ തുടർവിദ്യാഭ്യാസരംഗത്ത് കൈവരിച്ചിട്ടുള്ള നേട്ടങ്ങളെ മുൻനിർത്തിക്കൊണ്ട് കേന്ദ്രസർക്കാർ നടപ്പിലാക്കാൻപോകുന്ന 'പഠന ലിഖ്ന അഭിയാൻ' എന്ന സാക്ഷരതാ പദ്ധതിയിലേയ്ക്ക് കേരളത്തെയും ഉൾപ്പെടുത്തുകയുണ്ടായി. 12 വർഷങ്ങൾക്കുശേഷമാണ് കേന്ദ്രാവിഷ്കൃത സാക്ഷരതാപദ്ധതി കേരളത്തിന് ലഭിക്കുന്നത്. കേരളത്തിൽനിന്നുള്ള അഞ്ച് ജില്ലകളിലാണ് ഈ പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കുന്നത്. ഇത്തരം പദ്ധതികളിലൂടെ കേരളത്തിൽ അവശേഷിക്കുന്ന നിരക്ഷരത ഘട്ടംഘട്ടമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുകയാണ്.

## നോക്കുകൂലി വാങ്ങുന്നവർക്ക് ശിക്ഷ നൽകുന്നതിന് വ്യവസ്ഥ

182 (6401) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോക്കുകൂലി നിരോധിച്ച സാഹചര്യത്തിൽ ഇതുസംബന്ധിച്ച വ്യവസ്ഥകൾ നിയമത്തിൽ ഉൾക്കൊള്ളിക്കുന്നതിനുവേണ്ടി കേരള ചുമട്ട് തൊഴിലാളി നിയമം ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായോ;

(ബി) നോക്കുകൂലി വാങ്ങുന്നവർക്ക് ശിക്ഷ നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നതാണോ പുതിയ ഭേദഗതി എന്ന് വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്തൊട്ടാകെ ഏത് സാഹചര്യത്തിലും ചെയ്യാത്ത ജോലിക്ക് തൊഴിലാളികൾ കൂലി ആവശ്യപ്പെടുന്നതും കൈപ്പറ്റുന്നതും നിയമ വിരുദ്ധമായി പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ 30-4-2018-ൽ ജി.ഒ.(ആർ.ടി) നമ്പർ 511/2018/തൊഴിൽ ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ, നോക്കുകൂലി വാങ്ങുന്നവർക്ക് ശിക്ഷ നൽകുന്നതിനുള്ള വ്യവസ്ഥകൾ നിയമത്തിൽ ഉൾക്കൊള്ളിക്കുന്നത് സംബന്ധിച്ച വിലയിരുത്തൽ നടത്തിവരുന്നു.

## തൊഴിലാളികളുടെ മിനിമം കൂലി

183 (6402) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലാളികൾക്ക് ലഭിക്കുന്ന മിനിമം ദിവസക്കൂലി എത്രയാണെന്ന് വ്യക്തമാക്കുമോ?

ഓരോ തൊഴിൽ മേഖലയ്ക്കും വ്യത്യസ്ത നിരക്കിലുള്ള മിനിമം വേതനമാണ് നിശ്ചയിച്ചിട്ടുള്ളത്. സംസ്ഥാനത്ത് മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള 87 തൊഴിൽ മേഖലകളിൽ 82 തൊഴിൽ മേഖലകൾക്കുവേണ്ടി സർക്കാർ മിനിമം വേതന നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. അടിസ്ഥാന വേതനത്തിനോടൊപ്പം വേരിയബിൾ ഡി.എ.കൂടി ചേർന്നതാണ് മിനിമം കൂലി. സംസ്ഥാനത്ത് ഓരോ ജില്ലകളിലും വേരിയബിൾ ഡി.എ. നിരക്കുകൾ ഉപഭോക്തൃവില സൂചികയുടെ അടിസ്ഥാനത്തിൽ വ്യത്യസ്തമാണ്.

(ബി) പ്ലാന്റേഷൻ കോർപ്പറേഷനിലെ തോട്ടം തൊഴിലാളികൾക്ക് ഇപ്പോൾ ലഭിക്കുന്ന മിനിമം കൂലി എത്രയാണെന്ന് വിശദമാക്കാമോ?

പ്ലാന്റേഷൻ കോർപ്പറേഷനിലെ തോട്ടം തൊഴിലാളികൾക്ക് ഇപ്പോൾ ലഭിക്കുന്ന മിനിമം കൂലി അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സംസ്ഥാനത്തെ തൊഴിലാളികളുടെ മിനിമം കൂലി അടിയന്തരമായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ തൊഴിൽ മേഖലകളിൽ വിവിധ സമയത്ത് കാലാവധി പൂർത്തിയായ 49 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുകയും 6 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. കാലാവധി പൂർത്തിയായ തൊഴിൽ മേഖലകളിലും പുതുതായി ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള തൊഴിൽ മേഖലകളിലും മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുവേണ്ടി മിനിമം വേതന ഉപദേശക സമിതിക്ക് കീഴിൽ മൂന്ന് ഉപസമിതികൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

**അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും മിനിമം വേതനം**

184 (6403) <u>ശ്രീമതി യു. പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും മിനിമം വേതനവുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും സേവന വേതന വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സ്വകാര്യ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകേതര ജീവനക്കാർക്ക് 11-2-2021-ലെ G.O.(P) No.22/2021/LBR നമ്പർ വിജ്ഞാപനം പ്രകാരം മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. അദ്ധ്യാപകർ തൊഴിൽ നിയമങ്ങളുടെ പരിധിയിൽ വരുന്നില്ല എന്നതിനാൽ ഇവർക്ക് മിനിമം വേതനം നിലവിൽ തൊഴിൽ വകുപ്പ് നിശ്ചയിച്ചിട്ടില്ല. സംസ്ഥാനത്തെ അംഗീകാരമുള്ള അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിനും അദ്ധ്യാപകർക്ക് മിനിമം വേതനമെങ്കിലും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഒരു പുതിയ നിയമനിർമ്മാണം നടത്തുന്ന വിഷയവും സർക്കാർ പരിശോധിച്ചു വരുന്നുണ്ട്.

## അതിഥി തൊഴിലാളികൾക്ക് ഫെസിലിറ്റേഷൻ സെന്ററുകൾ

185 (6404) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധിക്കുശേഷം സംസ്ഥാനത്തേയ്ക്ക് തിരിച്ചുവരുന്ന അതിഥി തൊഴിലാളികൾക്ക് തൊഴിൽ വകുപ്പിൽ രജിസ്റ്റർ ചെയ്യുന്നതിന് അവസരം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്തേയ്ക്ക് ജോലിക്കായി വരുന്ന എല്ലാ അതിഥി തൊഴിലാളികളുടെയും രജിസ്ട്രേഷൻ ഉറപ്പാക്കുന്നതിനായി ഒരു പോർട്ടൽ/ മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിക്കുന്നതിന് തൊഴിൽ വകുപ്പ് തീരുമാനിച്ചിട്ടുള്ളതും ടി ആപ്ലിക്കേഷൻ മുഖേന സംസ്ഥാനത്തേയ്ക്ക് കടന്നുവരുന്നതിന് മുൻപ് തന്നെ അവരുടെ വിവരങ്ങൾ വകുപ്പിന് ലഭിക്കുന്നതിന് സഹായകമാകുകയും ചെയ്യും.

(ബി) അതിഥി തൊഴിലാളികൾക്ക് സഹായങ്ങൾ ലഭ്യമാക്കുന്നതിനായി ജില്ലകളിൽ ആരംഭിച്ചിട്ടുള്ള ഫെസിലിറ്റേഷൻ സെന്ററുകൾ സംസ്ഥാനത്താകെ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ ജില്ലകളിലൊഴികെ മറ്റെല്ലാ ജില്ലകളിലും ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മേൽ ജില്ലകളിൽ സെന്ററുകൾ ഉദ്ഘാടനം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

(സി) അതിഥി തൊഴിലാളികൾക്കായി ആരംഭിച്ച അപ്നാ ഘർ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അതിഥി തൊഴിലാളികൾക്കായി വൃത്തിയുള്ളതും സുരക്ഷിതവുമായ ഹോസ്റ്റൽ സൗകര്യം അവർക്ക് താങ്ങാവുന്ന നിരക്കിൽ ലഭ്യമാക്കുക എന്നതാണ് "അപ്നാ ഘർ" പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. പങ്കുവയ്ക്കപ്പെടുന്ന കിടപ്പുമുറികളും ഒന്നിലധികം അടുക്കളകളും മെസ്സ് ഏരിയകളും, കുളിമുറികളും, ടോയ്ലറ്റുകളും റിക്രിയേഷണൽ സൗകര്യങ്ങളും ഈ പദ്ധതിയിൽ രൂപകല്പന ചെയ്തിട്ടുണ്ട്. കൂടാതെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, മഴവെള്ള സംഭരണം, ഡീസൽ ജനറേറ്റർ ബാക്കപ്പ്,

സി.സി.ടി.വി. സംവിധാനങ്ങളുമുണ്ട്. നിലവിൽ 620 കിടക്കകളോട് കൂടിയ "അപ്നാ ഘർ" പാലക്കാട് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ മറ്റ് സ്കീമുകൾ നടപ്പിലാക്കുന്നതിന് എറണാകുളം ജില്ലയിൽ കളമശ്ശേരിയിലും കോഴിക്കോട് ജില്ലയിൽ കിനാലൂരിലും സ്ഥലം ഏറ്റെടുത്തിട്ടുള്ളതാണ്. "അപ്നാ ഘർ" കിനാലൂരിൽ ഫേസ് 1-ന്റെ ആദ്യഘട്ടത്തിൽ 88 കിടക്കകളുള്ള താഴത്തെ നിലയുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. പ്രസ്തുത സ്ഥലങ്ങളിൽ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് മറ്റ് ജില്ലകളിലേയ്ക്കും പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

## ജസ്റ്റിസ് കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ട്

186 (6405) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ അംഗീകരിച്ച് നടപ്പാക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ച കമ്മിറ്റി ഇതുസംബന്ധിച്ച് വിവിധ വകുപ്പുകൾക്ക് നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ലെങ്കിൽ അടിയന്തരമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) കേരളത്തിലെ തോട്ടം മേഖലയിലെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് റിട്ട. ജസ്റ്റിസ് കൃഷ്ണൻ നായർ സമർപ്പിച്ച റിപ്പോർട്ടിന്മേൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ച കമ്മിറ്റിയുടെ ശിപാർശകൾ അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൻ പ്രകാരം-

1. കേരളത്തിൽ പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കുന്നതിന് തീരുമാനിച്ചു. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

2. തോട്ടം ഉടമകളിൽനിന്നും കാർഷികാദായനികുതി ഈടാക്കുന്നത് അഞ്ച് വർഷത്തേയ്ക്ക് മരവിപ്പിക്കുന്നതിന് തീരുമാനിച്ചു. കേരളത്തിൽ കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1991-ലെ കേരള കാർഷികാദായ നികുതി ആക്ട് (1991-ലെ 15) റദ്ദാക്കുന്നതിനുള്ള നടപടികൾ നികുതി വകുപ്പ് സ്വീകരിച്ചുവരുന്നു.

3. എസ്റ്റേറ്റുകളിലെ നിലവിലുള്ള എല്ലാ ലയങ്ങളും കെട്ടിട നികുതിയിൽനിന്നും ഒഴിവാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു. തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളെ വസ്തു നികുതിയിൽനിന്നും ഒഴിവാക്കി തദ്ദേശസ്വയം ഭരണവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

4. നിലവിലുള്ള ഭൂനികുതി ഒഴിവാക്കണമെന്ന കമ്മീഷൻ ശിപാർശ അംഗീകരിക്കേണ്ടതില്ലെന്ന ശിപാർശ അംഗീകരിച്ചു.

5. റബ്ബർ മരങ്ങൾ മുറിച്ചുമാറ്റുമ്പോൾ വനം വകുപ്പ് ഈടാക്കുന്ന സീനിയറേജ് തുക പൂർണ്ണമായി ഒഴിവാക്കുന്നതിന് തീരുമാനിച്ചു. റീ പ്ലാന്റേഷനുവേണ്ടി റബ്ബർ മരം മുറിച്ചുമാറ്റുമ്പോൾ ഈടാക്കിയിരുന്ന സീനിയറേജ് തുക പൂർണ്ണമായി ഒഴിവാക്കി വനം വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിനെതിരെ ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ നിലവിലുണ്ട്.

6. നിലവിലുള്ള ലയങ്ങൾ അറ്റകുറ്റപ്പണി ചെയ്ത് വാസയോഗ്യമാക്കുന്നത് അസാദ്ധ്യമായതിനാൽ സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ്)-ൽ ഉൾപ്പെടുത്തി തൊഴിലാളികൾക്ക് ആവശ്യമായ വാസഗൃഹങ്ങൾ നിർമ്മിക്കേണ്ടതാണെന്ന് തീരുമാനിച്ചു. ഇതിനായി ആവശ്യമായി വരുന്ന ചെലവിന്റെ 50% സർക്കാരും 50% തോട്ടം ഉടമകളും വഹിക്കേണ്ടതാണ്. തോട്ടം ഉടമകളിൽനിന്നും ഈടാക്കേണ്ടതായ 50% തുക ഏഴ് വാർഷിക ഗഡുക്കളായി (പലിശ സഹിതം) പദ്ധതി നടപ്പാക്കാവുന്നതാണ്. പദ്ധതി നടത്തിപ്പിന് ആവശ്യമായ സ്ഥലം എസ്റ്റേറ്റ് ഉടമകൾ സൗജന്യമായി സർക്കാരിന് ലഭ്യമാക്കേണ്ടതാണെന്ന ശിപാർശയിൻമേൽ ആവശ്യമായ സ്ഥലം എസ്റ്റേറ്റ് ഉടമകൾ സർക്കാരിന്റെ പേരിൽ നൽകുകയാണെങ്കിൽ സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ്)യുടെ മാർഗ്ഗരേഖയ്ക്ക് വിധേയമായിട്ടായിരിക്കണം നിർമ്മാണം നടത്തേണ്ടതെന്ന വ്യവസ്ഥയോടെ ശിപാർശ അംഗീകരിച്ചു. തോട്ടം മേഖലയിലെ എല്ലാ ഭവനരഹിതരായ തോട്ടം തൊഴിലാളികൾക്കും സൗജന്യമായി വീട് നിർമ്മിച്ചുനൽകുക എന്ന സർക്കാർ പദ്ധതിയുമായി ബന്ധപ്പെട്ട് ഭവനം ഫൗണ്ടേഷന്റെ സഹകരണത്തോടെ തൊഴിൽ വകുപ്പ് നടത്തിയ പ്രാഥമിക സർവ്വേ ലിസ്റ്റ് ഭവനം ഫൗണ്ടേഷന് കൈമാറിയിട്ടുള്ളതും മൂന്നാർ മേഖലയിൽ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട തോട്ടം തൊഴിലാളികൾക്കുള്ള വീടുകളുടെ നിർമ്മാണം തുടങ്ങുകയും പൂർത്തീകരിച്ച 9 വീടുകൾ തൊഴിലാളികൾക്ക് കൈമാറിയിട്ടുള്ളതുമാണ്.

7. തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ. സ്കീം ബാധകമാക്കുന്ന വിഷയം തൊഴിൽ വകുപ്പിന്റെ പരിഗണനയിലാണെന്നത് അംഗീകരിച്ചു. തോട്ടം മേഖലയിൽ ഇ.എസ്.ഐ. സ്കീം നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ പുതിയ സോഷ്യൽ സെക്യൂരിറ്റി കോഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സോഷ്യൽ സെക്യൂരിറ്റി കോഡ് പ്രാബല്യത്തിൽ വരുന്നതോടുകൂടി തോട്ടം മേഖലയും ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുന്നതാണ്.

8. തോട്ടങ്ങളുടെ പാട്ടക്കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പാട്ടം പുതുക്കി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കേണ്ടതാണ്. ഇക്കാര്യത്തിൽ തടസ്സം നിൽക്കുന്ന കാര്യങ്ങൾ പരിശോധിച്ച് നിയമ വകുപ്പ് സെക്രട്ടറി ഒരു കുറിപ്പ് നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചു. പാട്ടക്കാലാവധി അവസാനിക്കുന്ന മുറയ്ക്ക് തോട്ടങ്ങളുടെ പാട്ടം പുതുക്കി നിശ്ചയിക്കുന്ന വിഷയം റവന്യൂ, നിയമ വകുപ്പുകളുടെ സജീവ പരിഗണനയിലാണ്.

9. കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് ആൻഡ് മാനേജ്മെന്റ് ഓഫ് എക്കോളജിക്കലി ഫ്രെജൈൽ ലാൻഡ്) ആക്ടിന്റെ പരിധിയിൽനിന്നും തോട്ടങ്ങളെ ഒഴിവാക്കി നടപടി സ്വീകരിച്ചിട്ടുള്ളതാണ് എന്നത് അംഗീകരിച്ചു.

10. തേയില, ഏലം, കാപ്പി എന്നിവ സംസ്ഥാന സർക്കാരിന്റെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ പോലുള്ള പൊതുവിതരണ സംവിധാനം ഉപയോഗപ്പെടുത്തി സർക്കാർ തന്നെ തോട്ടങ്ങളിൽനിന്ന് ശേഖരിക്കുകയും വിറ്റഴിക്കുകയും ചെയ്യുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്ന കമ്മീഷന്റെ ശിപാർശ അപ്രായോഗികമായതിനാൽ പരിഗണിക്കേണ്ടതില്ലെന്ന് അംഗീകരിച്ചു.

11. ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തനരഹിതമായി കിടക്കുന്നതോ ആയ തോട്ടങ്ങൾ സർക്കാർ ഏറ്റെടുത്ത് നടത്തുകയോ അല്ലെങ്കിൽ തൊഴിലാളികളുടെ സഹകരണസംഘങ്ങൾ രൂപീകരിച്ച് അവയ്ക്ക് സർക്കാർ ധനസഹായം നൽകി പ്രവർത്തിപ്പിക്കുകയോ ചെയ്യണമെന്ന വിഷയത്തിൽ ആവശ്യമായ നിയമനിർമ്മാണം (Initiate proposal for legal framework) നടത്തുന്ന കാര്യം പരിശോധിക്കേണ്ടതാണ്. റവന്യൂ വകുപ്പ് നിലവിൽ തയ്യാറാക്കിയിരിക്കുന്ന ലാൻഡ് ലീസ് ആക്ടിന്റെ പരിധിയിൽ ഇക്കാര്യംകൂടി കൊണ്ടുവരുന്ന കാര്യം പരിഗണിക്കാവുന്നതാണ് എന്നത് സംബന്ധിച്ച് സർക്കാരോ, തൊഴിലാളികളുടെ

സഹകരണ സംഘങ്ങളോ, സന്നദ്ധരായ സ്വകാര്യ കമ്പനികളോ വ്യക്തമായ മാനദണ്ഡത്തോടെ തോട്ടങ്ങൾ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുകയാണെങ്കിൽ തോട്ടത്തിന്റെ സ്വഭാവത്തിൽ മാറ്റം വരുത്തരുതെന്ന വ്യവസ്ഥയോടെ അംഗീകരിക്കുകയും ചെയ്തു. ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തനരഹിതമായതോ ആയ തോട്ടങ്ങൾ നിലവിലുള്ള ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാർ ഉടമസ്ഥതയിൽ ഏറ്റെടുക്കുന്നതിനുള്ള സാദ്ധ്യതകൾ സംബന്ധിച്ച് റവന്യൂ, വനം വകുപ്പുകൾ ആണ് തുടർ നടപടികൾ സ്വീകരിക്കേണ്ടത്.

12. തൊഴിലാളികളുടെ വേതനം കാലോചിതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച് ആവശ്യമായ നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിക്കേണ്ടതാണെന്ന ശിപാർശ അംഗീകരിച്ചു. തൊഴിലാളികളുടെ വേതന കരാർ കാലോചിതമായി പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന വേതനത്തിൽ 52 രൂപയുടെ വർദ്ധനവ് വരുത്തി മിനിമം വേതനം പുതുക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

13. പ്ലാന്റേഷൻ മേഖല ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നപരിഹാരത്തിന് സംസ്ഥാന സർക്കാരിന്റെ പ്ലാന്റേഷൻ പോളിസി തയ്യാറാക്കുന്നതിന് തൊഴിൽ വകുപ്പ് നടപടി സ്വീകരിക്കേണ്ടതാണെന്ന ശിപാർശ അംഗീകരിച്ചു. തോട്ടം മേഖലയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സർക്കാർ സമഗ്രമായ ഒരു തോട്ടം നയം പ്രഖ്യാപിച്ച് ഉത്തരവായിട്ടുണ്ട്.

## അപകടകരമായ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർക്ക് ഇൻഷ്വറൻസ്

187(6406) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിനുകീഴിലും പൊതുമേഖലാ സ്ഥാപനങ്ങളിലും അപകടകരമായ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ ജീവനക്കാർക്കും പ്രത്യേക ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയിട്ടുണ്ടോ; എങ്കിൽ ജോലിക്കിടയിൽ അപകടം സംഭവിച്ച് മരണപ്പെടുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന എല്ലാ ജീവനക്കാർക്കും ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കുന്നതിന് കഴിയുന്നുണ്ടോ;

(ബി) ഇത്തരത്തിൽ അപകടമുണ്ടാകുന്ന താത്കാലിക, കരാർ ജീവനക്കാർക്ക് ഇൻഷ്വറൻസ് ആനുകൂല്യം ഉറപ്പുവരുത്താൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ ജോലിക്കിടയിൽ ജീവഹാനിയോ പരിക്കോ സംഭവിക്കുന്നവർക്ക് ഏത് തരത്തിലാണ് സാമ്പത്തിക പരിരക്ഷ ഉറപ്പുവരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ?

(എ&ബി) ഇ.എസ്.ഐ. നിയമത്തിന്റെ പരിധിയിൽ വരുന്ന സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജോലിക്കിടയിൽ അപകടം സംഭവിച്ച് താൽക്കാലികമായോ സ്ഥിരമായോ അംഗപരിമിതി സംഭവിക്കുന്ന ജീവനക്കാർക്ക് അംഗപരിമിതർക്കുള്ള ആനുകൂല്യവും അപകടത്തിൽ ജീവനക്കാർ മരണമടയുകയാണെങ്കിൽ മരണപ്പെട്ട ആളിന്റെ ആശ്രിതർക്ക് മരണാനന്തര ആനുകൂല്യവും ലഭിക്കുന്നതാണ്. കൂടാതെ, കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഗ്രൂപ്പ് പേഴ്സണൽ അപകട ഇൻഷ്വറൻസ് പദ്ധതി (ജി.പി.എ.ഐ.എസ്.) ആവിഷ്കരിച്ചിട്ടുണ്ട്.

**ഐ.ടി. കമ്പനികളിലെ തൊഴിൽ നിയമങ്ങൾ**

188 (6407) <u>ഡോ. എം. കെ. മുനീർ</u>:
<u>ശ്രീ. കെ. പി. എ. മജീദ്</u>:
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>:
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.ടി. കമ്പനികളിൽ തൊഴിൽ നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ടോ?

ഉണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.ടി. കമ്പനികളിൽ തൊഴിൽ നിയമപ്രകാരമുള്ള പരിശോധനകൾ നടത്താറുണ്ട്.

(ബി) പരിശോധനയിൽ തൊഴിൽ നിയമങ്ങൾ ലംഘിച്ചതായി കണ്ടെത്തിയിട്ടുണ്ടോ?

പരിശോധനയിൽ കണ്ടെത്തുന്ന തൊഴിൽ നിയമ ലംഘനങ്ങൾക്ക് നോട്ടീസ് നൽകുകയും ആയത് പരിഹരിക്കാത്തപക്ഷം പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

## യു.എൽ.സി.സി. മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾ

189 (6408) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിൽ യു.എൽ.സി.സി. മുഖേന നടപ്പാക്കുന്ന വിവിധ പ്രവൃത്തികൾ ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ടെണ്ടർ വിളിച്ച് നടപ്പാക്കിയ പ്രവൃത്തികൾ എത്രയാണെന്നും ഏതൊക്കെയാണെന്നും അറിയിക്കുമോ;

(സി) ടെണ്ടർ വിളിക്കാതെ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

തോട്ടം തൊഴിലാളികളുടെ ക്ഷേമവും പരാതി പരിഹാരവും കണക്കിലെടുത്ത് മൂന്നാറിലെ തൊഴിൽ വകുപ്പിന്റെ വിവിധ ഓഫീസുകൾക്കായി ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ KDH വില്ലേജിൽ മൂന്നാർ ലേബർ കോംപ്ലക്സ് നിർമ്മിക്കുന്നതിനായി അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡുമായി തൊഴിൽ വകുപ്പ് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ടി ഏജൻസി സമർപ്പിച്ച പ്ലാനും എസ്റ്റിമേറ്റും സർക്കാർ അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2.26 കോടി രൂപയുടെ വർക്ക് ഓർഡർ നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു.

## മാവേലിക്കര മണ്ഡലത്തിൽ പുതിയ ഐ.ടി.ഐ.

190 (6409) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ നിലവിൽ ഗവൺമെന്റ് ഐ.ടി.ഐ. ഇല്ലാത്ത സാഹചര്യത്തിൽ പുതിയ ഐ.ടി.ഐ. ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

നിലവിൽ ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) പുതിയ ഐ.ടി.ഐ.-കൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉണ്ട്, ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് പര്യാപ്തമായ സ്ഥലം ലഭ്യമാക്കാമെന്നും സ്ഥലം ലഭ്യമായി ആയതിൽ കെട്ടിടം നിർമ്മിച്ച് പ്രവർത്തനം ആരംഭിക്കുന്നതുവരെ ഐ.ടി.ഐ. പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടം, വൈദ്യുതി, ജലം, ഫർണ്ണിച്ചർ മുതലായവ സൗജന്യമായി ലഭ്യമാക്കാമെന്നുമുള്ള സമ്മതപത്രം തദ്ദേശസ്വയംഭരണ സ്ഥാപനം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ്(ഡി.ജി.റ്റി)-ന്റെ നോംസ് പ്രകാരം പുതുതായി ഐ.ടി.ഐ. ആരംഭിക്കുമ്പോൾ നാല് ട്രേഡുകളും 8 യൂണിറ്റുകളും അഫിലിയേഷന് അത്യാവശ്യമാണെന്നും ആയതിൽ എഞ്ചിനീയറിംഗ് ട്രേഡ്, നോൺ എഞ്ചിനീയറിംഗ് ട്രേഡ്, ന്യൂ ഏജ് ട്രേഡ് എന്നിവ ഉൾപ്പെട്ടിരിക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. മേൽപ്പറഞ്ഞവയാണ് പുതിയ ഐ.ടി.ഐ.-കൾ ആരംഭിക്കുന്നതിനുള്ള പ്രധാന മാനദണ്ഡങ്ങൾ.

**ഐ.ടി.ഐ. ഓൺലൈൻ പ്രവേശനം**

191 (6410) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിന്റെ ഐ.ടി. സെൽ രൂപകൽപ്പന ചെയ്ത സോഫ്റ്റ്‌വെയർ മുഖേന സർക്കാർ ഐ.ടി.ഐ.-കളിലേയ്ക്കുള്ള പ്രവേശന നടപടികൾ ഓൺലൈനായി പൂർത്തിയാക്കാൻ സാധിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. വ്യാവസായിക പരിശീലന വകുപ്പിന്റെ ഐ.ടി. സെൽ രൂപകൽപ്പന ചെയ്ത സോഫ്റ്റ്‌വെയറായ ജാലകം അഡ്മിഷൻ പോർട്ടലിൽ, 26-8-2021 മുതൽ ഓൺലൈൻ മുഖേന അപേക്ഷ സ്വീകരിച്ചുതുടങ്ങി. സെർവറുകളുടെ കപ്പാസിറ്റി കുറവായിരുന്നതിനാലും സെർവറുകളുടെ കോൺഫിഗറേഷൻ പ്രശ്നം പരിഹരിക്കുന്നതിന് കാലതാമസം നേരിട്ടതിനാലും 5-9-2021 വരെ ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് ചെറിയ ബുദ്ധിമുട്ടുകൾ നിലവിലുണ്ടായിരുന്നു. 6-9-2021 മുതൽ ടി സെർവറുകൾ പൂർണ്ണരീതിയിൽ പ്രവർത്തന സജ്ജമായതിനാൽ അഡ്മിഷൻ പോർട്ടൽ ശരിയായ രീതിയിലാണ് പ്രവർത്തിച്ചിട്ടുള്ളത്. അപേക്ഷകർക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കുന്നതിലേയ്ക്കായി ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 14-9-2021-ന് നിശ്ചയിച്ചിരുന്നത്, 20-9-2021 വരെ ദീർഘിപ്പിച്ചിരുന്നു. ഐ.ടി.ഐ. പ്രവേശന നടപടികൾ പൂർണ്ണമായി ഓൺലൈനാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ രൂപകൽപ്പന

ചെയ്തിട്ടില്ല. നിലവിൽ അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുകയും കൗൺസിലിംഗ് മുഖേന പ്രവേശന നടപടികൾ പൂർത്തിയാക്കുകയുമാണ് ചെയ്തുവരുന്നത്. നിലവിലെ കോവിഡ് സാഹചര്യത്തിൽ കൗൺസിലിംഗ് ഒഴിവാക്കിയുള്ള പ്രവേശന നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്.

(ബി) സോഫ്റ്റ്‌വെയറിലെ സാങ്കേതിക പ്രശ്നങ്ങളും മറ്റും കാരണം 2021 വർഷത്തെ അപേക്ഷകളിലെ കുറവ് പരിശോധിക്കുമോ; 2019-ലും 2020-ലും ലഭിച്ച അപേക്ഷകളുടെ എണ്ണം വ്യക്തമാക്കാമോ?

2021 വർഷത്തെ അപേക്ഷകളിൽ കുറവ് വന്നിട്ടില്ല. 2019-ൽ 86806 അപേക്ഷകളും 2020-ൽ 72259 അപേക്ഷകളും ലഭിച്ചിരുന്നു.

(സി) 2021-ൽ ലഭിച്ച അപേക്ഷകരുടെ എണ്ണം അറിയിക്കാമോ?

75,230 അപേക്ഷകൾ ലഭിച്ചിരുന്നു.

(ഡി) സോഫ്റ്റ്‌വെയറിലെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്ന തരത്തിൽ വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ സോഫ്റ്റ്‌വെയർ സംവിധാനം സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഐ.ടി. സെൽ രൂപകൽപ്പന ചെയ്ത സോഫ്റ്റ്‌വെയറാണ് ജാലകം അഡ്മിഷൻ പോർട്ടൽ. സ്റ്റേറ്റ് ഡാറ്റാ സെന്ററിലെ സെർവറുകളുടെ ശേഷി കുറവും സാങ്കേതിക പ്രശ്നങ്ങളാലുമാണ് അപേക്ഷകൾ സമർപ്പിക്കുന്നതിന് ചെറിയ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചത്. സോഫ്റ്റ്‌വെയർ സംവിധാനം പൂർണ്ണ സജ്ജമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

**മണലൂർ ഐ.റ്റി.ഐ.-യിൽ പുതിയ ട്രേഡുകൾ**

192 (6411) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മണലൂർ ഐ.റ്റി.ഐ.-യിൽ മെക്കാനിക് (മോട്ടോർ വെഹിക്കിൾ), ഡ്രാഫ്റ്റ്മാൻ (സിവിൽ) എന്നീ ട്രേഡുകൾ കൂടാതെ മറ്റേതെങ്കിലും ട്രേഡുകൾ നിലവിലുണ്ടോ?

ഇല്ല.

(ബി) നിലവിലുള്ള ട്രേഡുകളിൽ ആകെ എത്ര സീറ്റുകളാണുള്ളതെന്ന് അറിയിക്കാമോ?

നിലവിലുള്ള 2 ട്രേഡുകളിലായി 48 സീറ്റുകളുണ്ട്.

(സി) മണലൂർ മണ്ഡലത്തിലെ വിദ്യാർത്ഥികൾക്ക് മതിയായ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും പരിശീലനത്തിനും ഇത് പര്യാപ്തമാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. മണലൂർ ഐ.റ്റി.ഐ.-യിലേയ്ക്ക് പുതിയ ട്രേഡുകൾ ആരംഭിക്കാനാവശ്യമായ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) പ്രസ്തുത ഐ.റ്റി.ഐ.-യിൽ പുതിയ ട്രേഡുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് വ്യവസായിക പരിശീലന വകുപ്പ് ഡയറക്ടറേറ്റിൽ ഫയൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഫയലിന്റെ നമ്പർ ലഭ്യമാക്കാമോ?

ഉണ്ട്. ഡിറ്റി/1236/2021-ഐ 4.

(ഇ) മണലൂർ ഐ.റ്റി.ഐ.-യ്ക്ക് പുതിയ കെട്ടിടം നിർമ്മിച്ച് അടിസ്ഥാന സൗകര്യം വർദ്ധിപ്പിച്ചിട്ടുള്ളത് പരിഗണിച്ച് പുതിയ ട്രേഡുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഏതെല്ലാം ട്രേഡുകളാണ് പുതിയതായി അനുവദിക്കുന്നതെന്ന് അറിയിക്കാമോ;

(ജി) ഇല്ലെങ്കിൽ പ്രസ്തുത ഐ.റ്റി.ഐ.-യ്ക്ക് പുതിയ ട്രേഡുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ഇ-ജി) മണലൂർ ഐ.റ്റി.ഐ.-യിൽ പുതിയ ട്രേഡുകൾ അനുവദിക്കുന്നതിനായി ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

## മട്ടന്നൂർ മണ്ഡലത്തിലെ പടിയൂർ ഐ.ടി.ഐ. കെട്ടിടനിർമ്മാണം

193 (6412) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ പടിയൂർ ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ഐ.ടി.ഐ. കെട്ടിട നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

പടിയൂർ ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിനുള്ള പുതുക്കിയ ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി വരുന്നു.

**വെള്ളമുണ്ട ഐ.ടി.ഐ.-യിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മാത്രമായി ഒരു പ്രത്യേക ബാച്ച്**

194 (6413) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിലെ വെള്ളമുണ്ട ഗവൺമെന്റ് ഐ.ടി.ഐ.-യിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മാത്രമായി ഒരു പ്രത്യേക ബാച്ച് ആരംഭിക്കുന്ന കാര്യം പരിഗണിക്കാമോ?

വെള്ളമുണ്ട ഗവൺമെന്റ് ഐ.ടി.ഐ.-യിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മാത്രമായി ഒരു പ്രത്യേക ബാച്ച് ആരംഭിക്കുന്നതിന് മതിയായ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്.

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കൂടുതൽ ഉപകാരപ്രദമാകുന്നതും തൊഴിൽ സാദ്ധ്യതയുള്ളതുമായ കോഴ്സുകൾ വെള്ളമുണ്ട ഗവൺമെന്റ് ഐ.ടി.ഐ.-യിൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കാമോ?

വെള്ളമുണ്ട ഗവൺമെന്റ് ഐ.ടി.ഐ.-യിൽ കൂടുതൽ കോഴ്സുകൾ ആരംഭിക്കാൻ നിലവിൽ മതിയായ സ്ഥലസൗകര്യം ലഭ്യമല്ല.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അംഗപരിമിതർ, വിധവകൾ എന്നിവരുടെ മുൻഗണനാ ലിസ്റ്റ്**

195 (6414) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമനം നടത്തുമ്പോൾ അംഗപരിമിതർ, വിധവകൾ എന്നിവർക്ക് പ്രത്യേകമായ മുൻഗണനാ ലിസ്റ്റ് പ്രസിദ്ധീകരിക്കാറുണ്ടോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴിയുള്ള നിയമനങ്ങളിൽ അംഗപരിമിതർ, വിധവകൾ എന്നിവർക്ക് സംവരണം നൽകിവരുന്നുണ്ട്. ചില ജില്ലകളിൽ ഒഴിവുകളുടെ സ്വഭാവമനുസരിച്ചും അംഗപരിമിതരുടെ എണ്ണം കണക്കിലെടുത്തും

അംഗപരിമിതർക്ക് മാത്രമായി സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ വിധവകൾക്ക് മാത്രമായി പ്രത്യേകം ലിസ്റ്റ് തയ്യാറാക്കി വരുന്നില്ല. ഇത് കൂടാതെ മുൻഗണനാ വിഭാഗങ്ങൾക്കുള്ള സെലക്ട് ലിസ്റ്റുകളിൽ ഇവരെയും സംസ്ഥാന ഗവൺമെന്റിന്റെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയ മറ്റ് വിഭാഗക്കാരെയും ഒരുമിച്ച് ചേർത്ത് നിയമനങ്ങൾക്ക് പരിഗണിച്ച് വരുന്നുണ്ട്.

(ബി) നിലവിൽ ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അംഗപരിമിതരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ലിസ്റ്റിൽ എത്രപേരുണ്ടെന്ന് അറിയിക്കാമോ?

തയ്യാറാക്കിയിട്ടുണ്ട്; വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## വ്യാവസായിക പരിശീലന വകുപ്പിലെ വർക്കിംഗ് അറേഞ്ച്മെന്റ് സംവിധാനം

196(6415) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിൽ വർക്കിംഗ് അറേഞ്ച്മെന്റ് സർക്കാർ ഉത്തരവിലൂടെ നിരോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഇല്ല.

(ബി) പ്രസ്തുത വകുപ്പിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളായി വർക്കിംഗ് അറേഞ്ച്മെന്റ് പ്രയോജനപ്പെടുത്തിയ ജീവനക്കാരുടെ തസ്തികയും എണ്ണവും ജോലി ചെയ്ത കാലയളവും വ്യക്തമാക്കാമോ?

വ്യാവസായിക പരിശീലന വകുപ്പിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളായി വർക്കിംഗ് അറേഞ്ച്മെന്റ് പ്രയോജനപ്പെടുത്തിയ ജീവനക്കാരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) വർക്കിംഗ് അറേഞ്ച്മെന്റ് സംവിധാനം ഉപയോഗപ്പെടുത്തി മറ്റ് ജില്ലകളിലേയ്ക്ക് താൽക്കാലിക സംവിധാനത്തിലൂടെ സ്ഥലം മാറ്റം നേടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വർക്കിംഗ് അറേഞ്ച്മെന്റ് സംവിധാനം ദുരുപയോഗം ചെയ്യുന്നത് നിയന്ത്രിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

നിശ്ചിത ഡ്യൂട്ടി നിർവ്വഹിക്കുന്നതിനായി അധിക മാനവശേഷി ആവശ്യമായ സന്ദർഭത്തിലാണ് സേവന ക്രമീകരണം നടത്തുന്നത്. ഇത് ജീവനക്കാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിലുള്ള സ്ഥലമാറ്റമോ സ്ഥിരനിയമനമോ അല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പിന്നാക്ക ജില്ലകളായ വയനാട്, ഇടുക്കി, കാസർഗോഡ് എന്നീ ജില്ലകളിലെ വ്യാവസായിക പരിശീലന വകുപ്പിലെ ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റ് ജില്ലകളിൽ ജോലിക്കായി നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ജീവനക്കാർ എന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ഇടുക്കി ജില്ലയിൽനിന്ന് 4 ജീവനക്കാരെയും കാസർഗോഡ് ജില്ലയിൽനിന്ന് ഒരു ജീവനക്കാരിയെയും വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത നിയമനങ്ങൾ ക്രമപ്രകാരമാണോ എന്നും ഇവരുടെ അഭാവത്തിൽ ഉണ്ടാകുന്ന ജോലി സംബന്ധമായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സർക്കാർ എന്തെങ്കിലും ബദൽ സംവിധാനം ഒരുക്കിയിട്ടുണ്ടോ എന്നും അറിയിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

നിശ്ചിത ഡ്യൂട്ടി നിർവ്വഹിക്കുന്നതിനായി അധിക മാനവശേഷി ആവശ്യമായ സന്ദർഭത്തിലാണ് സേവന ക്രമീകരണം നടത്തുന്നത്. വ്യാവസായിക പരിശീലന വകുപ്പിന്റെ മുഖ്യ കാര്യാലയത്തിലും മറ്റ് സബ് ഓഫീസുകളിലും സേവന ക്രമീകരണ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുമ്പോൾ ഉണ്ടാകുന്ന വിടവ് നികത്തുന്നതിനായി മറ്റ് ജീവനക്കാർക്ക് ബന്ധപ്പെട്ട ജോലി വീതിച്ച് നൽകുകയോ അല്ലെങ്കിൽ അധികസമയം ഇതിനായി ചെലവിടുകയോ ചെയ്യുന്നു.

**ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക**

197 (6416) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക ഉണ്ടോ; ഇല്ലെങ്കിൽ പുതിയ തസ്തിക സൃഷ്ടിക്കുമോ?

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ 'ഹെൽത്ത് ഇൻസ്പെക്ടർ' തസ്തിക നിലവിൽ ഇല്ല. പുതിയ തസ്തിക സൃഷ്ടിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

## മലപ്പുറം ജില്ലയിൽ ഇ.എസ്.ഐ. ആയുർവ്വേദ ഡിസ്പെൻസറി

198 (6417) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഇ.എസ്.ഐ.-യുടെ ആയുർവേദ ഡിസ്പെൻസറി തുടങ്ങാനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

മലപ്പുറം ജില്ലയിൽ ഇ.എസ്.ഐ. ആയുർവ്വേദ യൂണിറ്റ് തുടങ്ങുന്നതിനുള്ള പദ്ധതികൾ നിലവിലില്ല.

(ബി) മലപ്പുറം ജില്ലയിലെ ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് ആയുർവ്വേദ ചികിത്സ ലഭിക്കണമെങ്കിൽ അന്യ ജില്ലകളിലെ ഇ.എസ്.ഐ. ആയുർവ്വേദ യൂണിറ്റുകളെ ആശ്രയിക്കണമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ഇ.എസ്.ഐ. ഗുണഭോക്താക്കളായ രോഗികൾ ചുരുങ്ങിയത് 60 കിലോമീറ്ററിലധികം ദൂരം സഞ്ചരിച്ചാൽ മാത്രമെ ഇതര ജില്ലകളിലുള്ള ആയുർവ്വേദ ഇ.എസ്.ഐ. ഡിസ്പെൻസറികളിൽ എത്തിച്ചേരാൻ സാധിക്കുകയുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ രോഗികൾ അനുഭവിക്കുന്ന ഇത്തരം ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാൻ മലപ്പുറം ജില്ലയിൽ ഒരു ആയുർവ്വേദ ഇ.എസ്.ഐ. യൂണിറ്റ് സ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി-ഡി) ഇക്കാര്യത്തിൽ പരാതികളൊന്നുംതന്നെ ലഭിച്ചിട്ടില്ല. മലപ്പുറം ജില്ലയിൽ ആയുർവ്വേദ ഇ.എസ്.ഐ. യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

## ഇ.എസ്.ഐ. പദ്ധതിയിലെ അംഗങ്ങളുടെ ശമ്പള പരിധി

199 (6418) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. പദ്ധതിയിൽ അംഗമാകാൻ തൊഴിലാളികളുടെ ശമ്പള പരിധി എത്രയാണെന്ന് വ്യക്തമാക്കാമോ?

1-1-2017 മുതൽ ഇ.എസ്.ഐ. പരിരക്ഷ ലഭിക്കുന്നതിനുള്ള തൊഴിലാളികളുടെ പ്രതിമാസ വേതന പരിധി 21,000 രൂപയാണ്.

(ബി) ശമ്പള പരിധി വർദ്ധിപ്പിക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ടോ; ആയത് സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇതുസംബന്ധിച്ച് സർക്കാരിന് അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(സി) ഇല്ലെങ്കിൽ ശമ്പള പരിധി വർദ്ധിപ്പിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ?

ഇക്കാര്യം ഇ.എസ്.ഐ. കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

**കായൽഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി**

200 (6419) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2-12-2020-ലെ B-3/568/2018 പ്രകാരം വെള്ളായണി കായലിൽ ജലവിതാനത്തിന് അടിയിൽപ്പെട്ടുപോയ കല്ലിയൂർ വില്ലേജിലെ ബ്ലോക്ക് നം: 27, 28, വെങ്ങാനൂർ വില്ലേജിലെ ബ്ലോക്ക് നം:30 എന്നിവയിൽപ്പെട്ട പട്ടയഭൂമിയിലെ ഉടമസ്ഥരായ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനും പ്രസ്തുത കായൽ ഭൂമി ഏറ്റെടുക്കുന്നതിനും വേണ്ടി എടുത്ത നടപടികൾ ഏതൊക്കെ എന്ന് വിശദമാക്കാമോ;

(ബി) എത്ര പേർക്കാണ് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) തിരുവനന്തപുരം വെള്ളായണിക്കായൽ ജല വിതാനത്തിനടിയിൽപ്പെട്ടു പോയ പട്ടയ ഭൂമിയുടെ ഉടമസ്ഥരായ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി 16-5-2017-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വെള്ളായണിക്കായൽ പ്രദേശത്തെ വെള്ളം മൂടി കിടക്കുന്ന കർഷകരുടെ പട്ടയഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചു. ഇതിനായി ജില്ലാ കളക്ടർ സ്ഥലം സർവ്വേ ചെയ്ത് ഭൂമി കൈവശം വച്ചിരുന്ന കർഷകരുടെ പട്ടിക തയ്യാറാക്കി ജലവിഭവ വകുപ്പിന് ലഭ്യമാക്കേണ്ടതാണെന്നും ആയതിന്മേൽ ജലവിഭവ വകുപ്പ് ഭരണാനുമതി പുറപ്പെടുവിച്ച് സ്ഥലവില അംഗീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ SLEC മുമ്പാകെ അവതരിപ്പിച്ച് സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കേണ്ടതാണെന്ന് തീരുമാനമെടുത്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലം സർവ്വേ ചെയ്തിട്ടുള്ളതും 2017-ലെ Fair value-വിന്റെ അടിസ്ഥാനത്തിൽ സ്ഥലവില

നിർണ്ണയിച്ചുകൊണ്ടുള്ള റിപ്പോർട്ട് 23-6-2017-ലെ കത്തുപ്രകാരം ജില്ലാ കളക്ടർ ജലവിഭവ വകുപ്പിന് സമർപ്പിക്കുകയുണ്ടായി. നഷ്ടപരിഹാരത്തുക കണക്കിലാക്കേണ്ടത് പ്രസ്തുത വസ്തുക്കൾ കൃഷി യോഗ്യമല്ലാതായത് അന്നത്തെ വിലയുടെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ജലവിഭവ വകുപ്പ് നിർദ്ദേശിക്കുകയുണ്ടായി. പ്രസ്തുത പട്ടയവസ്തുക്കൾ കൃഷിയോഗ്യമല്ലാതായി തീർന്ന സമയത്തെ വില കണ്ടെത്തുവാൻ കഴിയുന്ന റിക്കാർഡുകൾ ഒന്നുംതന്നെ നിലവിലില്ലായെന്നും ആയതിനാൽ അന്നത്തെ വിലയുടെ അടിസ്ഥാനത്തിൽ വില നിർണ്ണയിക്കുവാൻ സാധിക്കുകയില്ലായെന്നും ജില്ലാ കളക്ടർ 10-7-2018-ലെ കത്ത് പ്രകാരം അറിയിക്കുകയുണ്ടായി. വെള്ളായണിക്കായലിലെ ജലവിതാനത്തിൽപ്പെട്ടുപോയ പട്ടയഭൂമി ഉടമസ്ഥരായ കർഷകരുടെ സ്ഥലം വെള്ളം കയറി ഉപയോഗയോഗ്യമല്ലാതായത് 1991-ലാണ്. സമാന ഭൂമിയുടെ വില കണ്ടുപിടിക്കുന്നത് ദുഷ്കരമാണെങ്കിലും അസാധ്യമല്ലാത്തതിനാൽ പ്രസ്തുത കാലഘട്ടത്തിലെ ഭൂമി കൈമാറ്റങ്ങൾ സബ് രജിസ്ട്രാറിൽനിന്നും കണ്ടുപിടിച്ച് സമാന സ്വഭാവമുള്ള ഭൂമിയുടെ വില നിശ്ചയിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ 27-2-2020-ലെ ബി3/568/2018-റവ. നമ്പർ കത്തുപ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർന്ന് 31-8-2021-ലെ ബി12-19196/2006 നമ്പർ പ്രകാരം സ്ഥല വില നിർണ്ണയിച്ച് ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത പ്രൊപ്പോസൽ പ്രകാരം കല്ലിയൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 28-ൽ 466 പേരും വെങ്ങാനൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 30-ൽ 138 പേരും ഉൾപ്പെടെ ആകെ 604 ഭൂവുടമകളുടെ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ആയതിന് 6,32,12,751 രൂപ ആവശ്യമായി വരുമെന്നും അറിയിച്ചിട്ടുള്ളതാണ്. ഈ വിഷയത്തിൽ 16-5-2017-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തി ജലവിഭവ വകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഭൂമി ഏറ്റെടുക്കുന്നതിനായി പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ ഏതൊക്കെ; വിശദമാക്കാമോ?

16-5-2017-ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തി ജലവിഭവ വകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് ജില്ലാതല പർച്ചേസ് കമ്മിറ്റി കൂടി സ്ഥല വില നിശ്ചയിച്ച് ഡി.എൽ.എഫ്.സി. റേറ്റ് റവന്യൂ വകുപ്പിന് കൈമാറുന്ന മുറയ്ക്ക് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി. മുമ്പാകെ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കടപ്ലാമറ്റം ടെക്നിക്കൽ സ്കൂളിന്റെ ഭൂമി ഏറ്റെടുക്കൽ

201 (6420) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടപ്ലാമറ്റം ടെക്നിക്കൽ സ്കൂളിന്റെ ഭൂമി ഏറ്റെടുക്കൽ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ആയത് സംബന്ധിച്ച് കോട്ടയം കളക്ടറേറ്റിലെയും സെക്രട്ടേറിയറ്റിലെയും ഫയൽ നമ്പരും ആയതിന്റെ കമ്പ്യൂട്ടർ നമ്പരും ലഭ്യമാക്കാമോ?

(എ&ബി) കടപ്ലാമറ്റം ടെക്നിക്കൽ സ്കൂൾ നിർമ്മാണത്തിനായി മീനച്ചിൽ താലൂക്കിലെ കടപ്ലാമറ്റം വില്ലേജിലെ 2 ഏക്കർ 55 സെന്റ് സ്ഥലം LARR Act, 2013 പ്രകാരം ഏറ്റെടുക്കുന്നതിന് (9-7-2019-ലെ സ.ഉ.(സാധാ)നം 1847/2019/റവ) അനുമതി പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയുടെ സാമൂഹിക ആഘാത പഠനം (4(1) വിജ്ഞാപനം) പൂർത്തിയായിട്ടുള്ളതും പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ദ്ധ സമിതിയെ നിയമിക്കുകയും സമിതിയുടെ ശിപാർശയിന്മേൽ അർത്ഥനാധികാരിയുടെ അഭിപ്രായം ലഭ്യമാക്കി 30-7-2021-ലെ LARR Act, 2013-ലെ സബ് സെക്ഷൻ (2) സെക്ഷൻ 8 പ്രകാരം സ്ഥലമേറ്റെടുക്കൽ നടപടികൾ മുന്നോട്ട് കൊണ്ടുപോകുന്നതിന് ഉത്തരവായിട്ടുള്ളതാണ്. കടപ്ലാമറ്റം ടെക്നിക്കൽ സ്കൂൾ നിർമ്മാണത്തിനായിട്ടുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് വകുപ്പ് 11(1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം 22-9-2021-ലെ ഗസറ്റിൽ പരസ്യപ്പെടുത്തിയിട്ടുള്ളതും ആയത് തുടർ നടപടികൾക്കായി പൊന്നുംവില ഓഫീസർക്ക് നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടികളുടെ കളക്ടറേറ്റിലെ ഫയൽ നമ്പർ G1-10036/13-ഉം സെക്രട്ടേറിയറ്റിലെ ഫയൽ നമ്പർ റവ-ബി2/ 162/2019-റവ. (കമ്പ്യൂട്ടർ നമ്പർ 1168287) എന്നുമാണ്.

(സി) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ എന്ന് വിശദീകരിക്കാമോ; ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത ഭൂമി വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നത് എന്നാണെന്ന് വിശദമാക്കാമോ?

ഗുണഭോക്താക്കൾക്ക് നഷ്ടപരിഹാരം വിതരണം ചെയ്തിട്ടില്ല. പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടികളുടെ LARR Act പ്രകാരമുള്ള മറ്റ് നിയമാനുസൃത നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് അടിയന്തര പ്രാധാന്യത്തോടെ സ്ഥലം കൈമാറുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

## ചെറുവത്തൂർ വീരമലക്കുന്നിലെ റവന്യൂഭൂമി

202(6421) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലനാട് റിവർ ക്രൂയിസിന്റെ ഭാഗമായി ടൂറിസം പദ്ധതിയിൽപ്പെടുത്തി വികസന പ്രവർത്തനങ്ങൾ ആരംഭിക്കേണ്ട ചെറുവത്തൂർ വീരമലക്കുന്നിലെ റവന്യൂഭൂമി ടൂറിസം പദ്ധതിക്കായി എന്ന് പതിച്ച് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽനിന്നും സർക്കാരിലേയ്ക്ക് വന്ന ഫയലിൽ അടിയന്തര തീരുമാനമുണ്ടാക്കാൻ നടപടികൾ ഉണ്ടാകുമോ?

(എ&ബി) കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ ചെറുവത്തൂർ വില്ലേജിൽ റീ സർവ്വേ നമ്പർ 70/1-ൽ 3.6899 ഹെക്ടർ പുറമ്പോക്ക് ഭൂമിയും (9.1140 ഏക്കർ) റീസർവ്വേ നമ്പർ 70/3-ൽപ്പെട്ട വനം വകുപ്പിന്റെ 0.9641 ഹെക്ടർ ഭൂമിയും (2.381 ഏക്കർ) ഉൾപ്പെടെ 11.5 ഏക്കർ ഭൂമി വീരമലക്കുന്ന് ടൂറിസം പദ്ധതിക്കുവേണ്ടി ടൂറിസം വകുപ്പിന് കൈമാറുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ മേൽ ചില വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണറോട് ആരാഞ്ഞിരിക്കുകയാണ്. പ്രസ്തുത വിശദാംശങ്ങൾ ലഭ്യമാക്കി ഭൂമി കൈമാറുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്.

## താലൂക്ക് വില്ലേജ് പുനഃസംഘടന

203 (6422) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്കുകളുടെ വ്യാപ്തിയും വിസ്തൃതിയും ജനസംഖ്യയും കണക്കിലെടുക്കുമ്പോൾ താലൂക്കുകൾ തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് പരിഗണിച്ചുവരുന്നത്; വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്തെ താലൂക്കുകളെ പുനഃസംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതുസംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുന:സംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ടീം റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ജനസംഖ്യ കൂടുതലുള്ള വില്ലേജുകൾ വിഭജിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് വില്ലേജുകളുടെ വിഭജനം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികളിൽ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

(ഡി) എല്ലാ വില്ലേജ് ഓഫീസുകളും സ്മാർട്ട് ആകുമ്പോൾ താലൂക്ക് ഓഫീസുകളുടെയും വില്ലേജ് ഓഫീസുകളുടെയും പ്രവർത്തനത്തിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാകുമെന്ന് വിശദീകരിക്കുമോ?

സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിൽ പരമ പ്രധാനമായ പങ്ക് വഹിക്കുന്ന ഓഫീസാണ് വില്ലേജ് ഓഫീസ്. വില്ലേജ് ഓഫീസുകൾ സ്മാർട്ട് ഓഫീസുകൾ ആകുന്നത് താലൂക്ക് ഓഫീസുകൾ ഉൾപ്പെടെ മുഴുവൻ റവന്യൂ സംവിധാനത്തിന്റെയും കാര്യക്ഷമത ഉയരുന്നതിനും ഇ-ഗവേർണൻസ് പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുന്ന സേവനങ്ങൾ ഏതുസമയവും ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുവാനും റവന്യൂ ഓഫീസുകളിലേയ്ക്ക് നേരിട്ട് പോകാതെതന്നെ പൊതുജനങ്ങൾക്ക് അപേക്ഷകൾ സമർപ്പിക്കുവാനും സേവനങ്ങൾ ലഭ്യമാക്കുവാനും സാധിക്കുന്നു. അതിലൂടെ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിന് പൊതുജനങ്ങൾക്ക് വിനിയോഗിക്കേണ്ടി വരുന്ന സമയം, ചെലവ്, അദ്ധ്വാനം എന്നിവ പരമാവധി കുറയ്ക്കുവാനും സാധിക്കുന്നു. ഇ-ഗവേർണൻസ് സംവിധാനത്തിലൂടെ സർക്കാർ നടപടിക്രമങ്ങളിൽ ജനങ്ങൾ നേരിട്ട് ഭാഗഭാക്കാകുന്നതിനാൽ പൊതുജനങ്ങൾക്ക് സർക്കാർ സംവിധാനത്തെക്കുറിച്ച് കൂടുതൽ അവബോധമുണ്ടാവുകയും അത് ജനങ്ങളുടെ പൗരബോധം ഉയരുന്നതിന് കാരണമാകുകയും ചെയ്യുന്നു. സർക്കാർ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാവുകയും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയരുകയും ചെയ്യുന്നു. ഓഫീസുകൾ സ്മാർട്ട് ഓഫീസുകൾ ആകുന്നത് വഴി സർക്കാർ ഓഫീസുകളിലെ മാനവവിഭവ ശേഷി പരമാവധി ഫലപ്രദമായി വിനിയോഗിക്കുവാനും സാധിക്കുന്നു.

ഫയലുകളും രേഖകളും ഓൺലൈൻ ആയി കൈകാര്യം ചെയ്യുവാനും പരിശോധിക്കുവാനും കഴിയുന്നതിലൂടെ ഉദ്യോഗസ്ഥരുടെ ജോലിഭാരം കുറയുകയും നടപടിക്രമങ്ങൾ ലളിതമാകുകയും അതിലൂടെ ജനങ്ങൾക്ക് കൂടുതൽ വേഗത്തിൽ സേവനങ്ങൾ നൽകുന്നതിനും കഴിയുന്നു. ഓഫീസുകൾ സ്മാർട്ട് ആകുന്നത് വിവിധ തലത്തിലുള്ള സർക്കാർ സംവിധാനങ്ങൾ തമ്മിലുള്ള മികച്ച ആസൂത്രണത്തിനും ഏകോപനത്തിനും കാരണമാകുന്നു. കൂടാതെ ഭരണപരമായ പ്രവർത്തനങ്ങളിൽ സുതാര്യത കൈവരിക്കുവാനും കഴിയുന്നതാണ്.

**കൊയിലാണ്ടി താലൂക്ക് സിവിൽ സ്റ്റേഷനുമുന്നിലെ വാഹനങ്ങൾ നീക്കം ചെയ്യാൻ നടപടി**

204 (6423) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്ക് സിവിൽ സ്റ്റേഷനിലേയ്ക്കുള്ള പ്രധാന വഴിയിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ നിയമ നടപടികൾ പൂർത്തിയാക്കുന്നത് വരെ മറ്റ് സ്ഥലങ്ങളിൽ സൂക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

കൊയിലാണ്ടി താലൂക്ക് സിവിൽ സ്റ്റേഷനിലേയ്ക്കുള്ള പ്രധാന വഴിയിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ നിയമനടപടി പൂർത്തിയാകുന്നതു വരെ സൂക്ഷിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്താനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) പ്രസ്തുത വാഹനങ്ങൾ എത്ര ദിവസങ്ങൾക്കുള്ളിൽ നീക്കം ചെയ്യാൻ സാധിക്കുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത വാഹനങ്ങൾ മൂന്ന് മാസത്തിനകം നീക്കം ചെയ്യാൻ സാധിക്കുമെന്ന് കരുതുന്നു.

**പുന്നപ്ര വയലാർ സമരസേനാനികൾക്ക് പതിച്ചുനൽകിയ ഭൂമി**

205 (6424) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുന്നപ്ര വയലാർ സമരസേനാനികൾക്ക് ഭൂമി പതിച്ചുനൽകിയത് എന്നാണെന്ന് വ്യക്തമാക്കുമോ; ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) എത്ര പേർക്കാണ് ഭൂമി പതിച്ചു നൽകിയതെന്നും എത്ര ഹെക്ടർ വീതമാണ് നൽകിയതെന്നും ജില്ല തിരിച്ച് അറിയിക്കാമോ?

(എ&ബി) ആലപ്പുഴ ജില്ലയിൽ പുന്നപ്ര-വയലാർ സമരസേനാനികളെ പ്രത്യേക പരിഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി പട്ടയം വിതരണം ചെയ്തിട്ടുള്ളതായി ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ കാണുന്നില്ല. വിവരം ശേഖരിച്ചു നൽകുന്നതാണ്.

## സബ് രജിസ്ട്രാർ ഓഫീസിന് പ്ലാനിൽ അംഗീകരിച്ചത് പ്രകാരമുള്ള സ്ഥലം നൽകാൻ നടപടി

206 (6425) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനി സിവിൽ സ്റ്റേഷനുകളുടെ ഉത്തരവാദിത്വം ആർക്കാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ മിനി സിവിൽ സ്റ്റേഷനുകളുടെ ഭരണ നിയന്ത്രണം ജില്ലാ കളക്ടർമാർക്കും താലൂക്ക് ഹെഡ് ക്വാർട്ടേഴ്സുകളിലുള്ള മിനി സിവിൽ സ്റ്റേഷനുകളുടെ ഭരണ നിയന്ത്രണം തഹസീൽദാർമാർക്കും ആണ്.

(ബി) ഇവയുടെ നിർമ്മാണ സമയത്ത് വകുപ്പുകൾ തിരിച്ച് ഓഫീസുകൾക്കുള്ള സ്ഥലം നിശ്ചയിച്ച് നൽകുന്ന ഉത്തരവാദിത്വം ആർക്കാണെന്ന് അറിയിക്കാമോ?

നിർമ്മാണ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് എസ്റ്റേറ്റ് കമ്മിറ്റി തീരുമാനപ്രകാരം സ്ഥലം അനുവദിച്ചുവരുന്നു.

(സി) പ്ലാൻ പ്രകാരം സബ് രജിസ്ട്രാർ ഓഫീസിനുവേണ്ടി നിശ്ചയിച്ച സ്ഥലത്ത് നിലവിൽ ഏത് ഓഫീസാണ് പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) സബ് രജിസ്ട്രാർ ഓഫീസിന് പ്ലാനിൽ അംഗീകരിച്ചത് പ്രകാരമുള്ള സ്ഥലം നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

(സി&ഡി) കുന്ദമംഗലം മിനി സിവിൽ സ്റ്റേഷന്റെ അംഗീകരിച്ച പ്ലാനിൽ സബ് രജിസ്ട്രാർ ഓഫീസിനുവേണ്ടി സ്ഥലം നീക്കി വച്ചിട്ടില്ല.

**വിവിധ വകുപ്പുകളുടെ കൈവശമുള്ള ഭൂമിയുടെ വിശദാംശങ്ങൾ**

207 (6426) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഒൻപത് വില്ലേജുകളുടെ പരിധിയിൽ വരുന്ന വിവിധ വകുപ്പുകളുടെ കൈവശമുള്ള ഭൂമിയുടെ വിസ്തീർണ്ണം, വില്ലേജ് സ്കെച്ച്, ലൊക്കേഷൻ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട 9 വില്ലേജുകളുടെ പരിധിയിൽ വരുന്ന വിവിധ വകുപ്പുകളുടെ കൈവശമുള്ള ഭൂമിയുടെ വിസ്തീർണ്ണം, റീ-സർവ്വേ നമ്പർ, ലൊക്കേഷൻ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+. വില്ലേജ് സ്കെച്ച് സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**ന്യൂനമർദ്ദം രൂപം കൊണ്ടു എന്ന മുന്നറിയിപ്പിന്മേലുള്ള നടപടി**

208(6427) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറബിക്കടലിൽ കേരള തീരത്തുനിന്ന് ഏകദേശം നാന്നൂറ് കിലോമീറ്റർ അകലെ ന്യൂനമർദ്ദം രൂപംകൊണ്ടു എന്ന മുന്നറിയിപ്പ് കേരളത്തിന് ലഭിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ എന്നാണ് ഈ മുന്നറിയിപ്പ് ലഭിച്ചത്; വിശദമാക്കാമോ?

ഒക്ടോബർ 3-ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിൽനിന്നും അടുത്ത 48 മണിക്കൂറിൽ അറബിക്കടലിൽ ഒരു ന്യൂനമർദ്ദം രൂപം കൊള്ളുമെന്ന രീതിയിലാണ് മുന്നറിയിപ്പ് ലഭിച്ചിരുന്നത്. എന്നാൽ പ്രസ്തുത ദിവസം ന്യൂനമർദ്ദം രൂപപ്പെടാതെ ഒരു ന്യൂനമർദ്ദപാത്തിയായി നിലനിന്നു. പിന്നീട് ഒക്ടോബർ 14-ന് രാവിലെ അറബിക്കടലിൽ ന്യൂനമർദ്ദം രൂപപ്പെട്ടതിന് ശേഷമാണ് ന്യൂനമർദ്ദം രൂപപ്പെട്ടുവെന്ന വിവരം കേന്ദ്രകാലാവസ്ഥാ വകുപ്പ് സംസ്ഥാന സർക്കാരിനെ അറിയിക്കുന്നത്.

---

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ദുരന്ത നിവാരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇ.സി.എം.ഡബ്ല്യൂ.എഫ്. (യൂറോപ്യൻ സെന്റർ ഫോർ മീഡിയം റേഞ്ച് വെതർ ഫോർകാസ്റ്റ്സ്) അടക്കമുള്ള നിരവധി അന്തർദേശീയ ശാസ്ത്ര സംഘങ്ങളുടെ മുന്നറിയിപ്പ് അനുസരിച്ച് ന്യൂനമർദ്ദം ഒക്ടോബർ 14-15 തീയതികൾക്കിടയിൽ കേരളതീരത്ത് രൂപപ്പെടും എന്ന വിവരം സർക്കാരിന് ലഭിച്ചിരുന്നോ;

(ഡി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(ബി-ഡി) അറബിക്കടലിലെ ചക്രവാതച്ചുഴിയും ബംഗാൾ ഉൾക്കടലിലെ ന്യൂനമർദ്ദവും ശാന്ത സമുദ്രത്തിലെ ചുഴലിക്കാറ്റും വിവിധ ആഗോള കാലാവസ്ഥാ മോഡലുകളുടെ പ്രവചനത്തിൽ വന്നയുടനെ ദുരന്ത നിവാരണ അതോറിറ്റിയുടെ എമർജൻസി ഓപ്പറേഷൻ സെന്ററിലെ കാലാവസ്ഥാ വിഭാഗം ഒക്ടോബർ രണ്ടാം വാരം കേരളത്തിൽ ശക്തമായ മഴയ്ക്കുള്ള സാദ്ധ്യതയുണ്ടെന്ന് ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ഒക്ടോബർ 7-ന് തന്നെ ശക്തമായ മഴയ്ക്കുള്ള സാദ്ധ്യത കണക്കിലെടുത്ത് വിവിധ വകുപ്പുകളും സർക്കാർ സംവിധാനങ്ങളും പൊതുജനങ്ങളും സ്വീകരിക്കേണ്ട മുൻകരുതൽ നടപടികളും തയ്യാറെടുപ്പുകളും വിശദമായി പ്രതിപാദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിശക്തമായ മഴയ്ക്ക് സാദ്ധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ആദ്യ മുന്നറിയിപ്പ് നൽകിയ ഒക്ടോബർ 9 മുതൽ എല്ലാ ദിവസവും ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ സാദ്ധ്യതയും താഴ്ന്ന പ്രദേശങ്ങളിൽ വെള്ളക്കെട്ടിനുള്ള സാദ്ധ്യതയും സംബന്ധിച്ച മുന്നറിയിപ്പുകൾ കൃത്യമായി നൽകിയിരുന്നു. ഓരോ മണിക്കൂറിലും മഴയുടെ സ്ഥിതി വിവരങ്ങൾ വിശകലനം ചെയ്ത് അപ്പപ്പോൾ ബന്ധപ്പെട്ട വകുപ്പുകൾക്കും ഉദ്യോഗസ്ഥർക്കും വിവരങ്ങൾ കൈമാറുകയും പൊതുജനങ്ങൾക്ക് വിശദമായ സുരക്ഷാ നിർദ്ദേശങ്ങൾ എല്ലാ ദിവസവും നൽകുകയും ചെയ്തിരുന്നു. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മഴ പ്രവചനമായ (Extended Range Forecasting)-ന്റെ അടിസ്ഥാനത്തിൽ ഒക്ടോബർ 11 മുതൽ ഓരോ ദിവസത്തെയും മഴയുടെ സാദ്ധ്യതയും തീവ്രതയും മുൻകൂട്ടി വിശകലനം ചെയ്ത് ഓരോ ജില്ലയിലും തീവ്രതയുടെ അടിസ്ഥാനത്തിൽ ചുവപ്പ്, ഓറഞ്ച്, മഞ്ഞ എന്നിങ്ങനെയുള്ള മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ ഡാമുകളുടെ റൂൾ കർവ് ലെവൽ പരിശോധിക്കുകയും കെ.എസ്.ഇ.ബി.എൽ, ജലസേചന വകുപ്പുകളോട് ജലനിരപ്പ് സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനും മുഴുവൻ സമയവും പ്രവർത്തിക്കുന്ന

കൺട്രോൾ റൂമുകൾ ആരംഭിക്കുന്നതിനും നിർദ്ദേശം നൽകുകയും ചെയ്തു. സംസ്ഥാന അടിയന്തരഘട്ടകാര്യ നിർവ്വഹണ കേന്ദ്രം, ജില്ലാ അടിയന്തിരഘട്ട കാര്യ നിർവ്വഹണ കേന്ദ്രങ്ങൾ, കെ.എസ്.ഇ.ബി, ജലസേചന വകുപ്പുകൾ എന്നിവിടങ്ങളിൽ മുഴുവൻ സമയ കൺട്രോൾ റൂമുകൾ പ്രവർത്തനസജ്ജമാക്കുകയും ചെയ്തു. തുടർന്ന് ജില്ലാ കളക്ടർമാരുടെ അവലോകന യോഗം ചേരുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ദേശീയ ദുരന്ത നിവാരണ സേനയുടെ 12 ടീമുകളെ വിവിധ ഘട്ടങ്ങളിലായി സംസ്ഥാനത്താകെ വിന്യസിച്ചു. ആപ്ദാ മിത്ര, ഇന്റർ ഏജൻസി ഗ്രൂപ്പുകൾ, സന്നദ്ധ സേന, സിവിൽ ഡിഫൻസ് എന്നീ വിഭാഗങ്ങളെ സജ്ജരാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്കും നിർദ്ദേശം നൽകി. ഓരോ ജില്ലയിലെയും സാഹചര്യങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും ആവശ്യമുള്ള ഇടങ്ങളിൽനിന്നും ജനങ്ങളെ മാറ്റിപ്പാർപ്പിക്കുകയും ചെയ്തു. നദികളിലെയും ഡാമുകളിലെയും ജലനിരപ്പ് കൃത്യമായി നിരീക്ഷിക്കുകയും നദീ തീരങ്ങളിൽ താമസിക്കുന്നവർക്ക് സമയബന്ധിതമായി മുന്നറിയിപ്പ് നൽകുകയും ഭീഷണിയുള്ള ഇടങ്ങളിൽനിന്ന് ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്കും മറ്റും സുരക്ഷിതമായി മാറ്റിപ്പാർപ്പിക്കുകയും ചെയ്തു. ബഹു. മുഖ്യമന്ത്രിയും റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയും കാര്യങ്ങൾ നിരന്തരം വിലയിരുത്തുകയും വിവിധ വകുപ്പുകൾക്കും ജില്ലാ കളക്ടർമാർക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ശക്തമായ മഴയുടെ പശ്ചാത്തലത്തിൽ മലയോരമേഖലകളിൽ രാത്രിയാത്ര ഒഴിവാക്കാൻ നിർദ്ദേശം നൽകി. മഴയുടെ തീവ്രതയിൽ വ്യത്യാസം വരുന്നതിനനുസരിച്ച് ദേശീയ ദുരന്ത നിവാരണ സേനയുടെ സേവനം ആവശ്യമായ ജില്ലകളിലേയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു. കടൽ പ്രക്ഷുബ്ധമായ മേഖലകളിൽ മത്സ്യബന്ധനത്തിന് പോകരുതെന്ന് നിർദ്ദേശം നൽകുകയും കടലോരമുള്ള ജില്ലകളിൽ പ്രത്യേകം കൺട്രോൾ റൂമുകൾ ആരംഭിക്കുകയും ദുരന്ത നിവാരണത്തിന് ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. കേന്ദ്ര ആഭ്യന്തര വകുപ്പിനും ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ കൺട്രോൾ റൂമിനും ഉരുൾപൊട്ടൽ സംബന്ധിച്ച് പ്രാഥമിക റിപ്പോർട്ട് നൽകി. ദുരന്ത നിവാരണ അതോറിറ്റിയുടെ ഔദ്യോഗിക വാട്സാപ്പ് ഗ്രൂപ്പുകൾ വഴിയും എല്ലാ മുന്നറിയിപ്പുകളും നിർദ്ദേശങ്ങളും ബന്ധപ്പെട്ടവരിലേയ്ക്ക് നിരന്തരം കൈമാറുകയും ചെയ്തിരുന്നു. ഇ.സി.എം.ഡബ്ല്യൂ.എഫ്. അടക്കമുള്ള അന്തർദേശീയ ശാസ്ത്ര സംഘടനകളുടെ മുന്നറിയിപ്പ് സംസ്ഥാന സർക്കാരിന് ഔദ്യോഗികമായി ലഭിച്ചിട്ടില്ല. ഔദ്യോഗികമായി സംസ്ഥാന സർക്കാരിന് മുന്നറിയിപ്പുകൾ നൽകേണ്ടത് കേന്ദ്ര കാലാവസ്ഥാ വകുപ്പാണ്.

## ചാലിയാർ പുഴയിൽനിന്ന് മാലിന്യങ്ങളും എക്കലും നീക്കം ചെയ്യാൻ നടപടി

209 (6428) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, മലപ്പുറം ജില്ലകൾക്കിടയിലൂടെ ഒഴുകുന്ന ചാലിയാർ പുഴയിൽനിന്ന് മാലിന്യങ്ങളും എക്കലും നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പുഴകളിലും ജലാശയങ്ങളിലും പ്രളയംമൂലം അടിഞ്ഞുകൂടിയ മാലിന്യങ്ങളും ചെളിയും നീക്കം ചെയ്യുന്നതിനായി 24-12-2019 തീയതിയിലെ ജി.ഒ (ആർ.ടി) നമ്പർ 3880/ആർ.ഡി നമ്പർ ഉത്തരവിന്റെ ജില്ലാതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി ജില്ലാ കളക്ടർ ചെയർമാനും ജില്ലാതല ഉദ്യോഗസ്ഥർ അംഗങ്ങളായി ജില്ലാതല സമിതിയും, പഞ്ചായത്ത്/ മുനിസിപ്പൽ തലത്തിൽ പഞ്ചായത്ത്/മുനിസിപ്പൽ സെക്രട്ടറി കൺവീനറും വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ, ഇറിഗേഷൻ പ്രതിനിധി, എൽ.എസ്.ജി.ഡി. അസി.എഞ്ചിനീയർ എന്നിവർ അംഗങ്ങളായി പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ സമിതി രൂപീകരിക്കുകയും അവശിഷ്ടങ്ങൾ നീക്കം ചെയ്യേണ്ട നദികളുടെയും ജലാശയങ്ങളുടെയും വിവര ശേഖരണം നടത്തുകയും ചെയ്യുകയും ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് സമിതികൾ സമർപ്പിച്ചിരുന്ന എസ്റ്റിമേറ്റുകൾ പ്രകാരം ടി പ്രവൃത്തികൾക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അനുമതി നൽകിയ ഗ്രാമപഞ്ചായത്തുകളെല്ലാം പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) അതിനായി ദുരന്ത നിവാരണ ഫണ്ടിൽനിന്ന് എത്ര തുകയാണ് കോഴിക്കോട്, മലപ്പുറം ജില്ലകളിലെ കളക്ടർമാർ 2018-നുശേഷം ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

30-1-2021-ലെ സർക്കാർ ഉത്തരവ് സ.ഉ. (സാധാ) നമ്പർ 68/2021/ ഡി.എം.ഡി. പ്രകാരം ചാലിയാറിൽനിന്നും ചെളിയും അവശിഷ്ടങ്ങളും നീക്കം ചെയ്യുന്ന പ്രവൃത്തിയിൽ തൊഴിലാളികളുടെ കൂലി അനുവദിക്കുന്നതിനായി ആകെ 3,40,59,249 (മൂന്ന് കോടി നാൽപത് ലക്ഷത്തി അൻപത്തിയൊൻ പതിനായിരത്തി ഇരുനൂറ്റി നാല്പത്തിയൊൻപത് രൂപ മാത്രം) രൂപ കോഴിക്കോട് ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ 2018-നുശേഷം ആകെ 44,54,533 (നാല്പത്തിനാല് ലക്ഷത്തി അമ്പതിനാലായിരത്തി അഞ്ഞൂറ്റി മുപ്പത്തിമൂന്ന് രൂപ മാത്രം) രൂപ ചാലിയാർ പുഴയിലെ പ്രളയ മാലിന്യം നീക്കം ചെയ്യുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.

(സി) ഈ വർഷം പ്രസ്തുത പുഴയിൽനിന്ന് എക്കലും മാലിന്യവും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

പഞ്ചായത്തുതലത്തിൽ രൂപീകരിച്ച സമിതികൾ എസ്റ്റിമേറ്റ് സഹിതം അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ആയതു പരിശോധിച്ച് പ്രവൃത്തികൾക്ക് അനുമതി നൽകുന്നതാണ്.

## ജില്ലാ കളക്ടർമാർക്ക് നൽകുന്ന നിവേദനങ്ങളിൻമേൽ രേഖാമൂലം മറുപടി നൽകാൻ നടപടി

210 (6429) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാർ ജില്ലാ കളക്ടർമാർക്ക് നൽകുന്ന നിവേദനങ്ങളിന്മേൽ രേഖാമൂലം മറുപടി നൽകാൻ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ;

(ബി) ബഹുമാനപ്പെട്ട മന്ത്രിമാരുടെ ഓഫീസുകളിൽ എം.എൽ.എ.-മാർ നൽകുന്ന കത്തുകളിൽ മറുപടി കത്ത് അയച്ചുനൽകുന്ന രീതിയിൽ കളക്ടറേറ്റുകളിൽനിന്നും മറുപടി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) വ്യവസ്ഥ ഉണ്ട്. എം.എൽ.എ.-മാർ ജില്ലാ കളക്ടർമാർക്ക് നൽകുന്ന നിവേദനങ്ങളിൽ യഥാസമയം ആവശ്യമായ നടപടികൾ സ്വീകരിച്ച് രേഖാമൂലം മറുപടി നൽകി വരുന്നുണ്ട്.

(സി) എം.എൽ.എ.-മാരുടെ കത്തുകൾ/നിവേദനങ്ങൾ എന്നിവയ്ക്ക് രേഖാമൂലം മറുപടി നൽകാൻ ആവശ്യമായ നിർദ്ദേശം ജില്ലാ കളക്ടറേറ്റുകൾക്ക് നൽകുമോ; വിശദമാക്കാമോ?

ആവശ്യമായ നിർദ്ദേശം നൽകിവരുന്നുണ്ട്.

## റവന്യൂ കാർഡ് സിസ്റ്റം നടപ്പിലാക്കാൻ നടപടി

211 (6430) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഭൂമിയുടെ കൃത്യമായ ഉടമസ്ഥാവകാശം അറിയുന്നതിനും ബിനാമി ഇടപാടുകൾ തടയുന്നതിനുമായി ഒരു വ്യക്തിക്കോ, സ്ഥാപനങ്ങൾക്കോ മറ്റിതര കമ്പനികൾക്കോ എത്ര ഭൂമിയുണ്ട് എന്ന് തിട്ടപ്പെടുത്തി അറിയുന്നതിനുവേണ്ട റവന്യൂ കാർഡ് സിസ്റ്റം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

റവന്യൂ വകുപ്പിൽ റവന്യൂ കാർഡ് സിസ്റ്റം പദ്ധതി നിലവിൽ നടപ്പിലാക്കിയിട്ടില്ല. സംസ്ഥാനത്ത് ഒരു വ്യക്തിക്കോ സ്ഥാപനങ്ങൾക്കോ മറ്റിതര കമ്പനികൾക്കോ എത്ര ഭൂമിയുണ്ട് എന്ന് തിട്ടപ്പെടുത്തുന്നതിന് ആധാർ അധിഷ്ഠിത യൂണീക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ ഏതൊരു വ്യക്തിയുടെയും ഭൂമി സംബന്ധിച്ച വിവരങ്ങൾ ആധാർ അധിഷ്ഠിതമായി ഒരു നമ്പറിനാൽ രേഖപ്പെടുത്തുന്നു എന്നതാണ് ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ പദ്ധതിയുടെ പ്രധാന നേട്ടം. പ്രസ്തുത പദ്ധതിയിലൂടെ ഒരു ഭൂവുടമയ്ക്ക് സംസ്ഥാനത്തെ ഏത് വില്ലേജിലുമുള്ള എല്ലാ ഭൂമിയുടെയും വിവരങ്ങൾ ആധാർ അധിഷ്ഠിതമായി ഒറ്റ തണ്ടപ്പേരിൽ ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇങ്ങനെ ഭൂമിയുടെ വിവരങ്ങൾ ആധാർ അധിഷ്ഠിതമായ ഒറ്റ തണ്ടപ്പേരിൽ ലഭ്യമാവുക വഴി ജനങ്ങൾക്ക് സുഗമമായി ഭൂമി സംബന്ധമായ ഇടപാടുകൾ നടത്തുന്നതിനും ഭൂ ക്രയവിക്രയങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും സാധിക്കും. ഒരു ഭൂ ഉടമയുടെ പേരിൽ സംസ്ഥാനമൊട്ടാകെയുള്ള ഭൂമിയുടെ വിവരങ്ങൾ ഒരു തണ്ടപ്പേരിൽ ലഭ്യമാക്കുന്നതിലൂടെ ഭൂരേഖകളിൽ കൃത്യത കൈവരിക്കുന്നതിനും ഭൂമിയുടെ കൈമാറ്റം സംബന്ധമായ നടപടിക്രമങ്ങൾ വളരെ വേഗത്തിൽ പൂർത്തിയാക്കുന്നതിനും സാധിക്കുന്നതാണ്. പൊതുജനങ്ങൾക്കും സർക്കാരിനും ഇത്തരത്തിൽ ഭൂ ഉടമയുടെ വിവരങ്ങൾ ലഭിക്കുന്നത് വഴി സാമ്പത്തികലാഭവും സമയലാഭവും ഉണ്ടാകുന്നതാണ്. സംസ്ഥാനത്തെ എല്ലാ പൗരന്മാർക്കും ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ നടപ്പിലാക്കുന്നതിനായി RELIS (Revenue Land Information System) സോഫ്റ്റ്‌വെയറിൽ ഭൂഉടമകളുടെ വിവരങ്ങൾ ആധാർ നമ്പരുമായി ബന്ധിപ്പിക്കുന്നതിന് 12-2-2020-ലെ സ.ഉ. (സാധാ)നമ്പർ 552/2020/റവ നമ്പർ പ്രകാരം സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് യൂണീക് തണ്ടപ്പേർ പ്രോജക്ടിനായി Aadhar Authentication ഉപയോഗിക്കുന്നതിനുള്ള അനുമതിക്കായി കേരള സർക്കാരിന് വേണ്ടി ലാൻഡ് റവന്യൂ കമ്മീഷണർ 2021 ജൂലൈ മാസം കേന്ദ്ര ഗവൺമെന്റിന്റെ Ministry of Electrionics&Information Technology-യുടെ അംഗീകാരത്തിനായി പ്രൊപ്പോസൽ സമർപ്പിക്കുകയും 23-8-2021-ലെ file No. 13 (4)/2020-EG-II(Vol-8) നമ്പർ ഓഫീസ് മെമ്മോറാണ്ടം പ്രകാരം ലാൻഡ് റവന്യൂ ഡിപ്പാർട്ട്മെന്റിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

## വിഷൻ ആൻഡ് മിഷൻ പദ്ധതി

212 (6431) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ സമഗ്രമായ പരിഷ്കരണം കൊണ്ടുവരുന്നതിന് ഈ സർക്കാർ വിഷൻ ആന്റ് മിഷൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

റവന്യൂ വകുപ്പിൽ സമഗ്രമായ പരിഷ്കരണം ലക്ഷ്യമാക്കി വിഷൻ ആൻഡ് മിഷൻ 2021-2026 എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യ സാക്ഷാത്ക്കാരമാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതി രേഖകൾ ചർച്ച ചെയ്യുന്നതിനും തീരുമാനം കൈക്കൊള്ളുന്നതിനുമായി എല്ലാ ബുധനാഴ്ച്ചയും റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ റവന്യൂ, സർവ്വേ, ഭവന നിർമ്മാണം, ദുരന്തനിവാരണം എന്നീ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥൻമാരെ ഉൾപ്പെടുത്തി റവന്യൂ സെക്രട്ടേറിയറ്റ് എന്ന സംവിധാനം പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാരുമായി പ്രതിമാസവും, ഡെപ്യൂട്ടി കളക്ടർ/ ആർ.ഡി.ഒ./ തഹസിൽദാർ എന്നിവരുമായി ദ്വൈമാസവും വില്ലേജ് ഓഫീസർമാരുമായി ത്രൈമാസവുമായി യോഗം ചേർന്ന് പദ്ധതി വിവരങ്ങൾ വിശദീകരിക്കുകയും അഭിപ്രായ രൂപീകരണം നടത്തുകയും ചെയ്തുവരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നിയമസഭാ സാമാജികരുടെയും അഭിപ്രായങ്ങളും നിവേദനങ്ങളും ശിപാർശകളും കേൾക്കുന്നതിനും സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനുമായി റവന്യൂ അസംബ്ലി എന്ന സംവിധാനം രൂപീകരിച്ചിട്ടുണ്ട്. റവന്യൂ അസംബ്ലിയുടെ ആദ്യ യോഗങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ 13 ദിവസങ്ങളിലായി തിരുവനന്തപുരം ഐ.എൽ.ഡി.എം.-ൽ വച്ച് കൂടിയിട്ടുള്ളതാണ്. ടി യോഗത്തിൽ സാമാജികർ തങ്ങളുടെ മണ്ഡലവുമായി ബന്ധപ്പെട്ടും പൊതുവായും സമർപ്പിച്ച നിവേദനങ്ങളും ശിപാർശകളും യോഗത്തിൽ പറഞ്ഞിട്ടുള്ള അഭിപ്രായങ്ങളും ഉൾപ്പെടുത്തി ഡാഷ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ജനോപകാരപ്രദമായ രീതിയിൽ ദ്രുതഗതിയിൽ ഫയൽ തീർപ്പാക്കലാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി റവന്യൂ ഓഫീസുകളുടെ പ്രധാനമായും വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യവികസനവും ഉദ്ദേശിക്കുന്നു.

(ബി) 1974-ലെ ജനസംഖ്യയും വസ്തു വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുള്ള റവന്യൂ വകുപ്പിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കാമോ; ഇക്കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ച് വരികയാണ്.

(സി) വില്ലേജ് ഓഫീസുകളിൽ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

റവന്യൂ വകുപ്പിനുകീഴിൽ വരുന്ന വില്ലേജ് ഓഫീസ് ഉൾപ്പെടെയുള്ള എല്ലാ ഓഫീസ് സംവിധാനങ്ങളുടെയും ആധുനീകരണത്തിനും വിവിധ ഓഫീസ് സേവനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലാക്കി ഇ-ഗവേണൻസ് സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിനും ആവശ്യമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റവന്യൂ ഓഫീസുകളിൽനിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ഇ-ഡിസ്ട്രിക്ട് ആർ.ആർ. ഓൺലൈൻ സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation), റവന്യൂ ഇ-പേയ്മെന്റ് റിലീഫ് (സമഗ്ര ദുരിത മാനേജ്മെന്റ് സംവിധാനം), റവന്യൂ മിത്രം, റവന്യൂ ഇ-സർവ്വീസസ് മൊബൈൽ ആപ്ലിക്കേഷൻ തണ്ടപ്പേർ പകർപ്പ്, ഓൺലൈൻ ലൊക്കേഷൻ മാപ്പ്, ഓൺലൈൻ FMB, ഓൺലൈൻ വില്ലേജ് വെബ്സൈറ്റ്, കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം, കോവിഡ് എക്സ്ഗ്രേഷ്യ നഷ്ടപരിഹാര പോർട്ടൽ.

(ഡി) വില്ലേജ് ഓഫീസുകൾക്ക് വാഹനമില്ലാത്തതുകാരണം ജീവനക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി വില്ലേജ് ഓഫീസുകളിൽ വാഹനം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലേയ്ക്ക് വാഹന സൗകര്യം ലഭ്യമാക്കുന്നതിനുള്ള ശിപാർശ പരിശോധിച്ച് വരികയാണ്.

## കച്ചേരിപ്പടി മൈതാനത്തിന്റെ പുനരുദ്ധാരണവും സംരക്ഷണവും

213 (6432) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ കളിസ്ഥലമായി ഉപയോഗിച്ചിരുന്ന കച്ചേരിപ്പടി മൈതാനത്തിന്റെ പുനരുദ്ധാരണത്തിനും സംരക്ഷണത്തിനും നേരിടുന്ന തടസ്സങ്ങൾ വ്യക്തമാക്കാമോ;

(ബി) റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത മൈതാനം ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) കൊച്ചി താലൂക്ക് കുഴിപ്പിള്ളി വില്ലേജിൽ പള്ളിപ്പുറം കച്ചേരി മൈതാനത്തിന്റെ മധ്യഭാഗത്തായിട്ടാണ് ഉപയോഗശൂന്യമായ അവസ്ഥയിൽ നിലവിൽ ഡിസാസ്റ്റർ റിലീഫ് സെന്റർ കെട്ടിടം സ്ഥിതി ചെയ്യുന്നത്. കൂടാതെ പഴയ ഗവൺമെന്റ് ആശുപത്രി കെട്ടിടവും മുനമ്പം പോലീസ് സ്റ്റേഷനും ടി കോമ്പൗണ്ടിലാണ് സ്ഥിതി ചെയ്യുന്നത്. പഴയ ഗവൺമെന്റ് ആശുപത്രി കെട്ടിടത്തിന്റെ തെക്കുഭാഗത്തുകൂടി പഞ്ചായത്ത് റോഡ് കടന്നുപോകുന്നുണ്ട്. മുനമ്പം പോലീസ് സ്റ്റേഷൻ, പഴയ ഗവൺമെന്റ് ആശുപത്രി എന്നീ സ്ഥാപനങ്ങളിലേയ്ക്ക് വാഹനങ്ങൾ കടന്നുപോകുന്നത് ടി മൈതാനത്ത് കൂടിയാണ്. കേന്ദ്ര സർക്കാരിന്റെ കീഴിൽ വരുന്ന ഡിസാസ്റ്റർ റിലീഫ് സെന്റർ കെട്ടിടം പൊളിച്ചുനീക്കണമെങ്കിൽ ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ അനുമതി വാങ്ങേണ്ടതുണ്ട്. റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത സ്ഥലം റോഡ് സൗകര്യം ഉള്ളതിനാൽ സർക്കാരിന്റെ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതാണ് കൂടുതൽ അനുയോജ്യമായി കാണുന്നത്.

## ഭൂപരിഷ്കരണ നിയമ ലംഘനം

214 (6433) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. അബ്ദുൽ ഹമീദ് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഭൂപരിഷ്കരണ നിയമം ലംഘിച്ച് പരിധിയിൽ കവിഞ്ഞ് ഭൂമി കൈവശം വച്ചവർക്കെതിരെ കേസ് എടുക്കണമെന്ന ലാൻഡ് ബോർഡ് ഉത്തരവ്

നടപ്പാക്കാത്തത് സംബന്ധിച്ച് ഹൈക്കോടതിയുടെ നിരീക്ഷണം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

1963-ലെ കേരള ഭൂപരിഷ്കരണ നിയമ പ്രകാരം 1-1-1970-നുശേഷം ആരെങ്കിലും പരിധിയിൽ കൂടുതൽ ഭൂമി കൈവശംവച്ചാൽ അവർക്കെതിരെ താലൂക്ക് ലാൻഡ് ബോർഡുകൾ മിച്ചഭൂമി കേസെടുക്കുന്നതാണ്. നിയമത്തിലെ ഈ വ്യവസ്ഥയ്ക്കനുസരിച്ച് നടപടി സ്വീകരിക്കണമെന്ന് താലൂക്ക് ലാൻഡ് ബോർഡുകൾക്ക് സംസ്ഥാന ലാൻഡ് ബോർഡ് നിർദ്ദേശം നൽകിവരുന്നു. എന്നാൽ ഇത് നടപ്പാക്കുന്നില്ല എന്ന് കാണിച്ച് ബഹു.ഹൈക്കോടതിയുടെ നിരീക്ഷണം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

### കൂത്തുപറമ്പ് മണ്ഡലത്തിലെ തൃപ്രങ്ങോട്ടൂർ വില്ലേജിന്റെ വിഭജനം

215 (6434) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ തൃപ്രങ്ങോട്ടൂർ വില്ലേജ് വിഭജിച്ച് പൊയിലൂർ വില്ലേജ് രൂപീകരിക്കുന്നതിനായി നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ?

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് വില്ലേജുകളുടെ വിഭജനം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികളിൽ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

### ക്വാറികൾക്ക് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തൽ

216 (6435) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ താലൂക്കിലും റവന്യൂ പുറമ്പോക്കുകളിൽ ക്വാറികൾക്ക് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തണമെന്ന് ആർ.ഡി.ഒ.-മാർക്ക് ലാൻഡ് റവന്യൂ കമ്മീഷണർ ജൂലൈ മാസത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ?

നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ ഭൂമിയിലെ പാറഖനനത്തിന് കെ.എം.എം.സി. റൂൾസ് 2015 ചട്ടം 4(2) (ഡി), 27(2) (ഡി) എന്നിവ പ്രകാരം ജില്ലാ കളക്ടർ അനുവദിക്കുന്ന നിരാക്ഷേപപത്രം മേലിൽ e-auction നടത്തി അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 28-1-2021-ലെ ജി.ഒ.(എം.എസ്.) നമ്പർ 28/2021/റവ. പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഇതിനായി ഓരോ താലൂക്കിലും അനുയോജ്യമായ സർക്കാർ ഭൂമി ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസറുടെ നേതൃത്വത്തിൽ ജില്ലാ ജിയോളജിസ്റ്റ്, ബന്ധപ്പെട്ട തഹസീൽദാർ, താലൂക്ക് സർവ്വേയർ, വില്ലേജ് ഓഫീസർ എന്നിവരടങ്ങുന്ന സംഘം കണ്ടെത്തേണ്ടതാണെന്ന് പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ ഐറ്റം നം.2-ൽ സർക്കാർ നിർദ്ദേശിച്ചിരുന്നു. സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനായി ഓരോ നടപടികൾക്കും സമയക്രമം നിശ്ചയിച്ചുകൊണ്ട് എൽ.ആർ.കെ3-15988/2017 തീയതി 2-7-2021 പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(ബി) എങ്കിൽ ഇതുപ്രകാരം അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തിയത് എവിടെയെല്ലാമെന്ന് അറിയിക്കാമോ?

അനുയോജ്യമായ സർക്കാർ ഭൂമി കണ്ടെത്തുന്നത് സംബന്ധിച്ച നടപടികൾ പൂർത്തിയായിട്ടില്ല.

(സി) അവയിൽനിന്നും സർക്കാരിന് പാട്ടമായി എത്ര തുക ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഇപ്രകാരം കണക്കാക്കിയിട്ടില്ലാത്തതാണ്.

(ഡി) ഉരുൾപൊട്ടൽ ഉൾപ്പെടെയുള്ള ദുരന്തങ്ങൾ ആവർത്തിക്കുന്നതിനാൽ കൂടുതൽ ക്വാറികൾ അനുവദിക്കുന്നതിനുള്ള നീക്കം ഉപേക്ഷിക്കുവാൻ തയ്യാറാകുമോ എന്ന് അറിയിക്കാമോ?

പരിശോധിക്കാവുന്നതാണ്.

**മഞ്ചേരി മണ്ഡലത്തിലെ വില്ലേജ് വിഭജനം**

217 (6436) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ നറുകര വില്ലേജ് വിഭജിച്ച് കരുവമ്പ്രം വില്ലേജ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ?

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജുകളുടെ വിഭജനം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികളിൽ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(ബി) മണ്ഡലത്തിലെ തൃക്കലങ്ങോട്, പാണ്ടിക്കാട്, എടപ്പറ്റ വില്ലേജ് ഓഫീസുകളുടെ കെട്ടിട നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(സി) എടപ്പറ്റ വില്ലേജ് ഓഫീസിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

(ബി&സി) തൃക്കലങ്ങോട് വില്ലേജ് ഓഫീസിന്റെ രണ്ടുനിലകളും കോൺക്രീറ്റ് നിർമ്മാണം പൂർത്തിയായി. വാതിൽ, ജനൽ ഫിറ്റിംഗ്സ് പ്രവൃത്തികൾ നടന്നുവരുന്നു. എടപ്പറ്റ വില്ലേജ് ഓഫീസിന്റെ പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ നടന്നുവരുന്നതും കൂടാതെ ടി നിർമ്മാണ സ്ഥലത്ത് നിൽക്കുന്ന മരങ്ങൾ സോഷ്യൽ ഫോറസ്ട്രിയുമായി ബന്ധപ്പെട്ട് മുറിച്ചുമാറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## പൂഞ്ഞാർ മണ്ഡലത്തിൽ മഴക്കെടുതിമൂലം വീട് നഷ്ടപ്പെട്ടവരുടെ പുനരധിവാസം

218(6437) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ മഴക്കെടുതിമൂലമുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും പൂർണ്ണമായും നശിച്ച വീടുകൾ എത്രയാണ്; ഭാഗികമായി നശിച്ച വീടുകൾ എത്രയാണ്; വിശദാംശം വ്യക്തമാക്കാമോ?

തീവ്ര മഴയെത്തുടർന്നുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും പ്രാഥമിക വിലയിരുത്തൽ പ്രകാരം 559 വീടുകൾക്ക് ഭാഗികമായും 99 വീടുകൾക്ക് പൂർണ്ണമായും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. വീടുകൾക്കുണ്ടായ നാശനഷ്ടങ്ങളുടെ കൃത്യമായ കണക്കെടുപ്പും നാശനഷ്ടത്തിന്റെ തോത് നിശ്ചയിക്കുന്ന പ്രവൃത്തിയും പൂർത്തിയായിവരുന്നു.

(ബി) വീട് പൂർണ്ണമായും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

എസ്.ഡി.ആർ.എഫ്. മാനദണ്ഡം അനുസരിച്ച് വീട് പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് കുന്നിൻപ്രദേശങ്ങളിൽ 1,01,900 രൂപയും സമതലങ്ങളിൽ 95,100 രൂപയുമാണ്. എന്നാൽ 29-10-2021-ലെ G.O.(Ms)No. 5/2021/DMD. പ്രകാരം സി.എം.ഡി.ആർ.എഫ്.-ൽനിന്നുള്ള വിഹിതവും ചേർത്ത് 4 ലക്ഷം രൂപ പൂർണ്ണ നാശനഷ്ടം സംഭവിച്ചവർക്ക് ധനസഹായം അനുവദിക്കുന്നതാണ്.

(സി) ഭാഗികമായി തകർന്ന വീടുകൾ പുനർനിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഭാഗികമായി നാശനഷ്ടം സംഭവിച്ച വീടുകൾക്ക് നാശനഷ്ടത്തിന്റെ തോതനുസരിച്ച് 29-10-2021-ലെ G.O.(Ms)No.5/2021/DMD. പ്രകാരം പതിനഞ്ച് ശതമാനം വരെയുള്ളവർ, പതിനാറ് മുതൽ ഇരുപത്തിയൊൻപത് ശതമാനം വരെ, മുപ്പത് മുതൽ അൻപത്തിയൊൻപത് ശതമാനം വരെ, അറുപത് മുതൽ 74 ശതമാനം വരെ എന്നിങ്ങനെ തരംതിരിച്ച് പതിനായിരം രൂപ മുതൽ രണ്ടര ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നതാണ്.

(ഡി) ഉരുൾപൊട്ടലും മണ്ണിടിച്ചിലുംമൂലം വാസയോഗ്യമല്ലാതായി തീർന്ന പ്രദേശങ്ങളിലെ ജനങ്ങളെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പ്രകൃതി ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട് വാസയോഗ്യമല്ലാത്ത സ്ഥലത്ത് താമസിക്കുന്നവർക്കും പുറമ്പോക്ക് ഭൂമിയിൽ താമസിച്ചിരുന്ന പൂർണ്ണമായും തകർന്നതോ പൂർണ്ണമായും വാസയോഗ്യമല്ലാതാകുകയോ ചെയ്തവർക്കും 29-10-2021-ലെ G.O.(Ms)No. 5/2021/DMD. പ്രകാരം 6 ലക്ഷം രൂപ സ്ഥലം വാങ്ങുന്നതിനും 4 ലക്ഷം രൂപ വീട് നിർമ്മിക്കുന്നതിനും അനുവദിക്കുന്നതാണ്.

**വടകര നിയോജകമണ്ഡലത്തിലെ സർക്കാർ ഭൂമി**

219 (6438) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജകമണ്ഡലത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി നിലവിലുള്ള സർക്കാർ ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം -I ആയി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിൽ പദ്ധതി ആവശ്യങ്ങൾക്കോ ദൈനംദിന ആവശ്യങ്ങൾക്കോ ഉപയോഗിക്കാത്ത ഭൂമിയുടെ സർവ്വേ നമ്പർ, അളവ്, ലൊക്കേഷൻ എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു*.

(സി) വകുപ്പുകളുടെ കീഴിലല്ലാത്തതും ഉപയോഗത്തിലല്ലാത്തതുമായ തരിശുഭൂമിയോ അവകാശികൾ ഇല്ലാത്ത മറ്റു ഭൂമിയോ ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അത്തരത്തിലുള്ള ഭൂമികൾ വടകര നിയോജകമണ്ഡലത്തിന്റെ പരിധിയിലില്ല.

## വണ്ടൂർ നിയോജകമണ്ഡലത്തിലെ കേരള എസ്റ്റേറ്റ് വില്ലേജിലെ ഭൂനികുതി

220 (6439) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജകമണ്ഡലത്തിലെ കരുവാരകുണ്ട് കേരള എസ്റ്റേറ്റ് വില്ലേജിൽ ഭൂപരിഷ്കരണ നിയമപ്രകാരം ഇളവ് അനുവദിച്ച് കിട്ടിയ 202, 889, 890, 896 എന്നീ സർവ്വേ നമ്പറുകളിലെ ഭൂമിയിൽ റീസർവ്വേ കഴിഞ്ഞിട്ടും പോക്കുവരവ് നടത്താത്തതും നികുതി സ്വീകരിക്കാത്തതുംമൂലം ഇവിടത്തെ കുടുംബങ്ങൾ നേരിടുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പോക്കുവരവ് നടത്തി നികുതി സ്വീകരിക്കണമെന്ന ആവശ്യം അനുകൂലമായി പരിഗണിക്കുമോ; അറിയിക്കുമോ;

(ഡി) കേരള എസ്റ്റേറ്റ് വില്ലേജിലെ 60 ഏക്കർ ഭൂമിയിൽ 1970 മുതൽ താമസിച്ചുവരുന്ന 29 കുടുംബങ്ങളുടെ കൈവശ സ്ഥലത്തിന് നാളിതുവരെ നികുതി സ്വീകരിച്ചിരുന്നെങ്കിലും റീസർവ്വേ റിക്കാർഡുകളിലെ അപാകതകൾ മൂലം ഭൂനികുതി സ്വീകരിക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) നികുതി സ്വീകരിക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത ഭൂമിയുടെ നികുതി സ്വീകരിക്കണമെന്ന ആവശ്യം അനുകൂലമായി പരിഗണിക്കുമോ?

(എ-എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കേരള എസ്റ്റേറ്റ് വില്ലേജിലെ പഴയ സർവ്വേ നമ്പരുകൾ ആയ 202, 889, 890, 896 എന്നിവയിലെ ഭൂമി ബംബ്ലാശ്ശേരി കുടുംബം ലയണൽ എഡ്വേർഡ് കിർവാൾ എന്ന ബ്രിട്ടീഷ് പ്ലാന്റർക്ക് പാട്ടത്തിന് കൈമാറിയിട്ടുള്ളതും ടിയാൻ ഈ ഭൂമികൾ കേരള എസ്റ്റേറ്റ് എന്ന കമ്പനിക്ക് 1956-ൽ കൈമാറിയിട്ടുള്ളതുമാണ്. ഈ കമ്പനി ഭൂമികൾ വിഭജിച്ച് പ്രത്യേകം എസ്റ്റേറ്റുകളാക്കി മാറ്റിയിട്ടുള്ളതും കേരള ഭൂപരിഷ്കരണ നിയമ പ്രകാരം ഇളവ് ലഭിച്ച് തോട്ട ഭൂമികളായി നിലനിർത്തിയിട്ടുള്ളതുമാണ്. ടി ഭൂമിയിൽനിന്ന് 2016-നുശേഷം മുറിച്ച് വിൽക്കുന്ന ഭൂമികൾക്ക് ലാൻഡ് ബോർഡിന്റെ 1-3-2012-ലെ LB-B12/12055/11 നമ്പർ ഉത്തരവ് പ്രകാരം നികുതി സ്വീകരിക്കുകയോ പോക്കുവരവ് ചെയ്ത് നൽകുകയോ ചെയ്യുന്നില്ല. പ്രസ്തുത ഭൂമികളുടെ നികുതി സ്വീകരിക്കാതിരിക്കുന്നത് റീസർവ്വേ റിക്കാർഡുകളിലെ വനഭൂമി എന്ന പരാമർശം കൊണ്ടുമാത്രമല്ല, റീസർവ്വേ റിക്കാർഡുകൾ നിലവിൽ വരുന്നതിന് മുൻപ് തന്നെ ഭൂനികുതി സ്വീകരിക്കുന്നത് നിർത്തി വച്ചിട്ടുള്ളതാണ്. ഇതിൽ വനം വകുപ്പിന്റെ നിലപാട് വ്യക്തമായതിനുശേഷം സംയുക്ത പരിശോധന ആവശ്യമാണെന്ന് കണ്ടാൽ ആയതിനുശേഷം പ്രശ്നത്തിന്റെ എല്ലാ വശങ്ങളും പരിശോധിച്ചുമാത്രമേ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**റവന്യൂ വകുപ്പിൽ പ്രത്യേകമായ ഫയൽ അദാലത്ത്**

221 (6440) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെട്ടിക്കിടക്കുന്ന മുഴുവൻ ഫയലുകളും തീർപ്പാക്കുന്നതിനായി റവന്യൂ വകുപ്പിൽ പ്രത്യേകമായ ഫയൽ അദാലത്ത് ആരംഭിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത അദാലത്ത് നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കും; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

റവന്യൂ വകുപ്പിലെ ഫയലുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് 2021 സെപ്റ്റംബർ മാസം സെക്രട്ടേറിയറ്റ് തലത്തിലും ഒക്ടോബർ മാസത്തിൽ കമ്മീഷണറേറ്റിലും കളക്ടറേറ്റിലും, നവംബർ മാസത്തിൽ താലൂക്ക് തലത്തിലും ഡിസംബർ 1 മുതൽ 31 വരെ വില്ലേജ് തലത്തിലും ഫയൽ അദാലത്ത് സംഘടിപ്പിച്ച് കുടിശ്ശിക ഫയലുകൾ പരമാവധി തീർപ്പാക്കുന്നതിനുള്ള ബൃഹദ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സെക്രട്ടേറിയറ്റിലെയും കമ്മീഷണറേറ്റിലെയും ഇടുക്കി ജില്ല ഒഴികെയുള്ള ജില്ലാ കളക്ടറേറ്റുകളിലെയും അദാലത്ത് പൂർത്തിയായിട്ടുണ്ട്.

1-11-2021 മുതൽ താലൂക്കുതല ഫയൽ അദാലത്ത് ആരംഭിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയുടെ അദാലത്ത് കാലവർഷക്കെടുതിമൂലം നിശ്ചയിച്ച ദിവസം നടത്താനായിട്ടില്ലാത്തതിനാൽ അടിയന്തരമായി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. റവന്യൂ വകുപ്പിൽ വർഷങ്ങളായി തീർപ്പാക്കാൻ അവശേഷിക്കുന്നവയും അടിയന്തര പ്രാധാന്യം ഉള്ളവയുമായ ഫയലുകൾ നിശ്ചിത കാലയളവിനുള്ളിൽ തീർപ്പാക്കുകയെന്ന ആത്യന്തിക ലക്ഷ്യം സാർത്ഥകമാകത്തക്ക തരത്തിൽ അദാലത്ത് നടപടികൾ പുരോഗമിക്കുകയാണ്. പ്രസ്തുത അദാലത്ത് നടപടികൾ 2021 ഡിസംബർ മാസത്തോടെ പൂർത്തിയാകും വിധമാണ് ക്രമീകരിച്ചിട്ടുള്ളത്.

## ദുരന്തബാധിത മേഖലകളിൽനിന്നും ജനങ്ങളെ മാറ്റിപ്പാർപ്പിക്കാൻ സ്വീകരിച്ച നടപടികൾ

222 (6441) ശ്രീ. എം. വിൻസെന്റ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോട്ടയം, ഇടുക്കി ജില്ലകളിൽ ഉണ്ടായ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും സർക്കാർ നടത്തിയ രക്ഷാപ്രവർത്തനം കാര്യക്ഷമമായിരുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. ദുരന്ത മുഖത്ത് വളരെ കാര്യക്ഷമമായ രക്ഷാപ്രവർത്തനത്തിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചിരുന്നത്. റവന്യൂ, പോലീസ്, ഫയർഫോഴ്സ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ജനപ്രതിനിധികളും സംഭവസ്ഥലങ്ങളിൽ കൃത്യമായി എത്തുകയും രക്ഷാപ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും ചെയ്തു. കോട്ടയം ജില്ലയിൽ സംഭവസ്ഥലത്തേയ്ക്ക് എത്തിച്ചേരുന്നതിനുള്ള ചപ്പാത്ത് ഒഴുകിപ്പോയിരുന്നു. റോഡുകളിൽ ഒരാൾപൊക്കത്തിൽ വെള്ളക്കെട്ട് ഉണ്ടായിരുന്നതും റോഡുകൾ തകർന്നതും ദുരന്തസ്ഥലത്തേയ്ക്കുള്ള യാത്ര ദുഷ്കരവുമാക്കിയിരുന്നു. ഈ അവസ്ഥയിലും സേനയും ഉദ്യോഗസ്ഥരും അഞ്ച് കിലോമീറ്ററോളം കാൽനടയായി സംഭവസ്ഥലത്ത് എത്തി രക്ഷാപ്രവർത്തനം നടത്തിയിട്ടുള്ളതാണ്. അന്നേ ദിവസം തന്നെ സൈന്യത്തിന്റെ സേവനവും ലഭ്യമാക്കിയിരുന്നു. ഒറ്റപ്പെട്ടുപോയ കുടുംബങ്ങളെ കൊണ്ടുവരുന്നതിന് എയർലിഫ്റ്റ് ചെയ്യുന്നതിന് നേവി, എയർഫോഴ്സ് എന്നിവരോട് ആവശ്യപ്പെട്ടിരുന്നെങ്കിലും പ്രതികൂല കാലാവസ്ഥയിൽ

എത്തിച്ചേരുന്നതിന് സാധിച്ചില്ല. അന്നേ ദിവസം മുതൽ തന്നെ പോലീസ്, ഫയർഫോഴ്സ് എന്നിവരും മറ്റ് വകുപ്പുകളിലെ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും മുഴുവൻ സമയവും രക്ഷാപ്രവർത്തനത്തിന് ഉണ്ടായിരുന്നതാണ്. ജില്ലയുടെ ചുമതലയുള്ള ബഹു. മന്ത്രിമാർ, ബഹു.റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി, മറ്റ് ജനപ്രതിനിധികൾ യഥാസമയംതന്നെ രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകിയിരുന്നതുമാണ്. ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി എന്നിവരും രക്ഷാപ്രവർത്തനം ഏകോപിപ്പിച്ചിരുന്നു. ഒക്ടോബർ 16-നുതന്നെ കോട്ടയത്ത് 33 ക്യാമ്പുകൾ ആരംഭിക്കുകയും അപകടസാദ്ധ്യതാമേഖലകളിൽനിന്നും ആളുകളെ മാറ്റിപ്പാർപ്പിക്കുകയും ചെയ്തിരുന്നു. അത്യന്തം പ്രതികൂലമായ സാഹചര്യം നിലനിന്നിട്ടും ഏറെ ദുഷ്കരമായ രക്ഷാപ്രവർത്തനം സമയബന്ധിതമായും കാര്യക്ഷമമായും ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ കൊക്കയാറിലെ മണ്ണിടിച്ചിലിൽ എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് കാര്യക്ഷമമായ രക്ഷാപ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് അതിതീവ്ര മഴ ഉണ്ടാകുന്ന സാഹചര്യത്തിൽ ദുരന്തബാധിത മേഖലകളിൽനിന്നും ജനങ്ങളെ മാറ്റിപ്പാർപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) മുൻപുണ്ടായ പ്രളയങ്ങളിൽനിന്നും പാഠം ഉൾക്കൊണ്ടുകൊണ്ട് പ്രളയം തടയാൻ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

(ബി&സി) സംസ്ഥാനത്ത് അതിതീവ്ര മഴയുണ്ടാകുന്ന സാഹചര്യത്തിൽ ദുരന്ത ബാധിത മേഖലകളിൽനിന്നും ദുരന്ത സാദ്ധ്യതയുള്ള സ്ഥലങ്ങളിൽനിന്നും ആളുകളെ ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് അടിയന്തരമായി മാറ്റി താമസിപ്പിക്കുന്നുണ്ട്. ആവശ്യത്തിന് ക്യാമ്പുകൾ സജ്ജമാക്കുകയും ചുമതലയ്ക്ക് ചാർജ് ഓഫീസർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ദുരന്ത സാഹചര്യങ്ങളിൽ ജനങ്ങളെ സുരക്ഷിതമായി മാറ്റിപ്പാർപ്പിക്കാൻ ഉതകുന്ന രീതിയിൽ ദുരിതാശ്വാസ ക്യാമ്പുകൾ സംഘടിപ്പിക്കാൻ സാധിക്കുന്ന കെട്ടിടങ്ങൾ മുൻകൂട്ടി കണ്ടെത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്. രാജ്യത്തെതന്നെ ഉന്നത നിലവാരം പുലർത്തുന്ന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനായി ഒരു മിനിമം റിലീഫ് കോഡ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ലോക ബാങ്കിന്റെ സഹായത്തോടെ ദേശീയ ചുഴലിക്കാറ്റ് ദുരന്ത ലഘൂകരണ-പ്രതിരോധ പ്രോജക്ട് (NCRMP) ഉപയോഗപ്പെടുത്തി സംസ്ഥാനത്ത് 17 മൾട്ടിപർപ്പസ് സൈക്ലോൺ ഷെൽട്ടറുകൾ നിർമ്മിച്ചുവരുന്നു. അതിൽ 11 എണ്ണം പൂർത്തീകരിച്ചു. ദുരന്ത സാഹചര്യങ്ങളിൽ ശരാശരി ആയിരത്തോളം പേർക്ക് താമസിക്കാനുള്ള സൗകര്യങ്ങളോടുകൂടിയാണ് ഷെൽട്ടറുകൾ ഒരുങ്ങുന്നത്.

സംസ്ഥാനത്തെ ദുരന്തനിവാരണ പ്രവർത്തനങ്ങൾ കൂടുതൽ ആസൂത്രണത്തോടെ നടപ്പിലാക്കുന്നതിനായി 2018-ലെയും 2019-ലെയും പ്രകൃതിക്ഷോഭങ്ങളുടെ അനുഭവങ്ങളും അറിവുകളും ഉൾപ്പെടുത്തി സംസ്ഥാന ദുരന്ത നിവാരണ പ്ലാനും ജില്ലാ ദുരന്തനിവാരണ പ്ലാനുകളും അപ്ഡേറ്റ് ചെയ്യുന്ന പ്രവർത്തനം അന്തിമഘട്ടത്തിലാണ്. ഇതുവഴി മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ദുരന്ത നിവാരണ പ്ലാനുകൾ തയ്യാറാക്കുന്ന ആദ്യ സംസ്ഥാനമായി കേരളം മാറുകയും ചെയ്തു. പ്രളയം തടയുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ പഠനം നടത്തി ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിവരുന്നു. പ്രളയത്തിൽ നദികളിലും തോടുകളിലും കനാലുകളിലും അടിഞ്ഞുകൂടിയ ചെളിയും അവശിഷ്ടങ്ങളും നീക്കം ചെയ്യുന്നതിന് ഇറിഗേഷൻ, തദ്ദേശസ്വയംഭരണ വകുപ്പുകൾ മുഖാന്തരം നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രളയമേഖലയിലുള്ള ഡാമുകൾ, കനാലുകൾ, നദീതടങ്ങൾ, പുഴകൾ, റെഗുലേറ്റർ-കം-ബ്രിഡ്ജുകൾ മുതലായവയുടെ നവീകരണത്തിനും കേടുപാടുകളും തകരാറുകളും പരിഹരിക്കുന്നതിനുമായി ജലസേചന വകുപ്പ് മുഖേന 114.22 കോടി രൂപയുടെ 99 പദ്ധതികളാണ് റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്നത്. നദീതട പരിപാലന അതോറിറ്റി രൂപീകരിക്കാനുള്ള നടപടികളും പുരോഗമിക്കുന്നു. കുട്ടനാട് പ്രദേശത്തെ പ്രളയാഘാതം കുറയ്ക്കുന്നതിനായി, റൂം ഫോർ റിവർ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയാറാക്കുന്നതിന് 4.5 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ഐ.ഐ.ടി. മദ്രാസിന്റെ നേതൃത്വത്തിൽ ഹൈഡ്രോ ഡൈനാമിക് പഠനം പുരോഗമിക്കുന്നു. കൂടാതെ, തോട്ടപ്പള്ളി പൊഴി സംരക്ഷണ പ്രവർത്തനങ്ങൾക്ക് 14.70 കോടി രൂപയുടെ പദ്ധതിക്കും തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

## ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി സിസ്റ്റം

223 (6442) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെന്ററിൽ ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി സിസ്റ്റം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ പ്രസ്തുത സംവിധാനത്തിലൂടെ 2021 ഒക്ടോബർ 14-നും 17-നും ഇടയിലുണ്ടായ പ്രകൃതിക്ഷോഭം സംബന്ധിച്ച് ഡിസ്ട്രിക് എമർജൻസി ഓപ്പറേഷൻ

സെന്ററുകളിലേയ്ക്ക് എന്തൊക്കെ മുന്നറിയിപ്പുകളും ദുരന്തപ്രതിരോധത്തിനുള്ള നിർദ്ദേശങ്ങളുമാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഒക്ടോബർ 14 മുതൽ 17 വരെ കേന്ദ്ര കാലാവസ്ഥാ വകുപ്പ് പുറപ്പെടുവിച്ച മഴ, മത്സ്യത്തൊഴിലാളി, ഇടിമിന്നൽ, ശക്തമായ കാറ്റ് എന്നിവയുടെ എല്ലാ മുന്നറിയിപ്പുകളും ടെലിഫോൺ, വാട്സാപ്പ്, ഇമെയിൽ, സമൂഹമാധ്യമങ്ങൾ, എന്നിവയിലൂടെ എല്ലാ ഡിസ്ട്രിക്ട് എമർജൻസി ഓപ്പറേഷൻ സെന്ററുകളിലും അറിയിച്ചിട്ടുണ്ട്. കൂടാതെ മൂന്ന് മണിക്കൂർ ഇടവിട്ടുള്ള IMD NOWCAST യഥാസമയം ജില്ലകളിൽ അറിയിച്ചിട്ടുണ്ട്. മഴയുടെ അവലോകനവും കെ.എസ്.ഇ.ബി.എൽ, ജലസേചന വകുപ്പ് എന്നിവരുടെ ഉടമസ്ഥതയിലുള്ള ഡാമുകളിലെ തത്സമയ ജലനിരപ്പും അവ ലഭ്യമാകുന്ന മുറയ്ക്കുതന്നെ അറിയിച്ചിട്ടുണ്ട്. IMD GFS, IBM TWC, NCMWRF, GFS GLOBAL, ECMWF എന്നിവയുടെ മോഡലുകൾ വിശകലനം നടത്തി മഴ, ഇടിമിന്നൽ എന്നിവയ്ക്ക് കൂടുതൽ സാദ്ധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി ഡിസ്ട്രിക്ട് എമർജൻസി ഓപ്പറേഷൻ സെന്ററുകളെ അറിയിക്കുകയും ജാഗ്രത പാലിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ അര മണിക്കൂർ ഇടവിട്ടുള്ള IMD-DW RADAR KOCHI, INSAT, EUMETSAT എന്നിവയുടെ ഉപഗ്രഹ ചിത്രങ്ങൾ വിശകലനം ചെയ്ത് മഴ, ഇടിമിന്നൽ, കാറ്റ് എന്നിവയുടെ തൽസ്ഥിതിയും ഡിസ്ട്രിക്ട് എമർജൻസി ഓപ്പറേഷൻ സെന്ററുകളെ അറിയിച്ചിട്ടുണ്ട്.

**ദുരന്ത ലഘൂകരണ പദ്ധതി**

224 (6443) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കാനുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

കേരളത്തിലുള്ള 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 1030 എണ്ണം ദുരന്ത ലഘൂകരണ പദ്ധതികൾ ഇതിനകം തയ്യാറാക്കിയിട്ടുണ്ട്. കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്ത്, ആന്തൂർ മുനിസിപ്പാലിറ്റി, കാസർഗോഡ് ജില്ലയിലെ പൈവളികെ ഗ്രാമപഞ്ചായത്ത് എന്നീ 4 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ദുരന്ത ലഘൂകരണ പദ്ധതികൾ തയ്യാറാക്കാൻ ബാക്കിയുണ്ട്.

(ബി) ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി എന്തൊക്കെ സേവനങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ദുരന്ത നിവാരണ പദ്ധതികൾ തയ്യാറാക്കുന്നതിന് സഹായകമായ പ്ലാൻ ടെംപ്ലേറ്റ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കി കിലയ്ക്ക് (KILA) നൽകുകയും അതുപയോഗിച്ചുകൊണ്ട് പദ്ധതികൾ തയ്യാറാക്കാൻ കിലയോടൊപ്പം സഹകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അവരുടെ ദുരന്തസാദ്ധ്യത അനുസരിച്ച് ഏകദേശം 30000 ശാസ്ത്രീയമായ ഭൂപടങ്ങൾ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി തയ്യാറാക്കി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി എമർജൻസി റെസ്പോൺസ് ടീമുകൾക്ക് പ്രഥമ ശുശ്രൂഷ, ക്യാമ്പ് മാനേജ്മെന്റ്, ദുരന്ത മുന്നറിയിപ്പ്, തിരച്ചിൽ, രക്ഷപ്പെടുത്തൽ എന്നീ വിഷയങ്ങളിലും പരിശീലനം സംഘടിപ്പിച്ചു. പ്ലാനുകൾ വിശകലനം ചെയ്യുന്നതിനുള്ള പരിശീലനം ഈ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് നൽകി. ഉരുൾപൊട്ടൽ സാദ്ധ്യതാ മേഖലയിലുള്ള സ്ഥാപനങ്ങളുടെ എഞ്ചിനീയർമാർക്കായി പ്രത്യേക പരിശീലനവും നൽകിയിട്ടുണ്ട്. തദ്ദേശ തലത്തിൽ തയ്യാറാക്കിയ പ്ലാനുകളുടെ സൂക്ഷ്മ പരിശോധനയ്ക്കായി ഓരോ ജില്ലയിലും റീബിൽഡ് കേരള പദ്ധതിയുടെ കീഴിൽ 14 കോ-ഓർഡിനേറ്റർമാരെ കില മുഖേന നിയമിച്ചിട്ടുണ്ട്. ഇവരുടെ നേതൃത്വത്തിൽ പദ്ധതികളുടെ പരിശോധന നടത്തി ക്രോഡീകരിച്ച റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിന് നൽകുകയും ചെയ്തു. കൂടാതെ ഈ പ്ലാനുകൾ ദുരന്ത നിവാരണ അതോറിറ്റിയുടെയും കിലയുടെയും വെബ്സൈറ്റിലും ലഭ്യമാക്കിയിട്ടുണ്ട്.

**ജാതി സർട്ടിഫിക്കറ്റ് അനുവദിച്ചുകിട്ടാത്തതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ**

225 (6444) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പത് വർഷങ്ങൾക്ക് മുൻപ് തമിഴ്നാട്ടിൽനിന്നും മറ്റും വന്ന് വിവിധ തൊഴിലുകളിൽ ഏർപ്പെട്ട് തലമുറകളായി സംസ്ഥാനത്ത് സ്ഥിര താമസക്കാരായവർക്ക് ജാതി സർട്ടിഫിക്കറ്റ് അനുവദിച്ച് കിട്ടാത്തതു മൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജന്മനാട്ടിൽനിന്നും ഓൺലൈൻവഴി മുൻതലമുറക്കാരുടെ ജാതി സർട്ടിഫിക്കറ്റോ റിപ്പോർട്ടോ ലഭിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ആവശ്യമായ പരിശോധനകൾക്കുശേഷം ഇവർക്ക് ജാതി സർട്ടിഫിക്കറ്റ് അനുവദിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കുമോ?

മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കുടിയേറുകയും ഇവിടെ സ്ഥിര താമസമാക്കുകയും ചെയ്ത പട്ടികജാതി/പട്ടിക ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ വിഷയത്തിൽ ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് 12-2-1986-ലെ സ.ഉ. (കൈ). നമ്പർ 10/86/SCSTDD നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്. അപേക്ഷകന്റെ മാതാപിതാക്കളോ പൂർവ്വികരോ 1950-ലെ പ്രസിഡൻഷ്യൽ ഓർഡറിനുമുൻപ് ഈ സംസ്ഥാനത്ത് കുടിയേറി സ്ഥിര താമസമാക്കിയവരാകുകയും അവരുടെ സമുദായം ഈ സംസ്ഥാനത്തെ SC/ST പട്ടികയിൽ ഉൾപ്പെട്ടതാവുകയും ചെയ്താൽ അങ്ങനെയുള്ളവർ ഈ സംസ്ഥാനത്തുനിന്ന് അപ്രകാരമുള്ള സർട്ടിഫിക്കറ്റിനും അർഹരായിരിക്കും. എന്നാൽ 1950-നു മുൻപ് കുടിയേറിയവരിൽ ഈ സംസ്ഥാനത്തെ SC/ST പട്ടികയിൽ ഉൾപ്പെടാതെ വരുന്നവർക്ക് ഈ സംസ്ഥാനത്തുനിന്നുള്ള SC/ST ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടാവുകയില്ല. കൂടാതെ 1950-നുശേഷം ഈ സംസ്ഥാനത്തേയ്ക്ക് കുടിയേറി താമസിച്ച SC/ST വിഭാഗക്കാർക്ക് അവരുടെ സമുദായം ഈ സംസ്ഥാനത്തെ SC/ST വിഭാഗത്തിൽ ഉൾപ്പെടുന്നുണ്ട്. എങ്കിൽപോലും ഈ സംസ്ഥാനത്തുനിന്ന് SC/ST ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുകയില്ല. അപേക്ഷകൻ ഹാജരാക്കുന്ന മതിയായ രേഖകളുടെയും പ്രാദേശികാന്വേഷണത്തിന്റെയും അടിസ്ഥാനത്തിലാണ് SC/ST സർട്ടിഫിക്കറ്റ് അനുവദിച്ചുവരുന്നത്. ജന്മനാട്ടിൽനിന്നും ഓൺലൈൻ വഴി മുൻതലമുറക്കാരുടെ ജാതി സർട്ടിഫിക്കറ്റോ റിപ്പോർട്ടോ ലഭിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ആവശ്യമായ പരിശോധനകൾക്കും അന്വേഷണങ്ങൾക്കുംശേഷം ഇവർക്ക് ജാതി സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ഭൂരേഖകൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതി

226 (6445) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിവിധ അപേക്ഷകളും സർട്ടിഫിക്കറ്റുകളും ഓൺലൈനിൽ നൽകുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

റവന്യൂ വകുപ്പിന് കീഴിൽ വരുന്ന വില്ലേജ് ഓഫീസ് ഉൾപ്പെടെയുള്ള വിവിധ ഓഫീസുകളിലെ സേവനങ്ങൾ ഗുണഭോക്താക്കൾക്ക് ഓഫീസുകളിലേയ്ക്ക് നേരിട്ട് എത്താതെതന്നെ വേഗത്തിൽ സുതാര്യമായി ലഭിക്കുന്നതിന് പരമാവധി

സേവനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലാക്കി ഇ-ഗവേണൻസ് സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. സുതാര്യത ഉറപ്പാക്കിക്കൊണ്ട് റവന്യൂ ഓഫീസുകളിൽ നിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെയും വിവിധ പദ്ധതികളാണ് വകുപ്പിൽ നിലവിൽ നടപ്പിലാക്കിവരുന്നത്. റവന്യൂ വകുപ്പിന് കീഴിൽ വരുന്ന വിവിധ ഓഫീസുകളിൽ അപേക്ഷകളും സർട്ടിഫിക്കറ്റുകളും ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ഉജ്ജീവന വായ്പ പദ്ധതി**

227 (6446) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉജ്ജീവന വായ്പ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ?

ഉജ്ജീവന വായ്പ പദ്ധതി പ്രകാരമുള്ള അപേക്ഷ സമർപ്പിക്കുവാനുള്ള തീയതി 31-3-2020-ൽ അവസാനിച്ചിട്ടുള്ളതാണ്.

(ബി) ഇല്ലെങ്കിൽ നിലവിലുണ്ടായ അതിതീവ്ര മഴയിലും മഴവെള്ളപാച്ചിലിലും ഉപജീവന മാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിന് മറ്റ് എന്തൊക്കെ പദ്ധതികളാണ് ഉള്ളതെന്ന് വിശദമാക്കാമോ?

സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിൽ പ്രവർത്തിക്കുന്ന MSME സംരംഭങ്ങൾക്കായുള്ള പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കിവരുന്നു. നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നതും പ്രവർത്തന രഹിതമായി തീർന്നതുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലെ സംരംഭങ്ങളെ മൂലധന ഗ്രാന്റുകളുടെയും പ്രവർത്തന മൂലധന പ്രോത്സാഹനങ്ങളുടെയും സഹായത്തോടെ പുനഃരുജ്ജീവിപ്പിക്കുകയും പുനരധിവസിപ്പിക്കുകയും ചെയ്യുന്നതിലേയ്ക്കായി രണ്ട് പ്രത്യേക പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്നുണ്ട്.

എ) The Kerala stressed MSMEs Revival & Rehabilitation Scheme- തകർച്ച നേരിടുന്ന പീഡിത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അവയുടെ ഉൽപ്പാദന രഹിതമായ ആസ്തികളെ ഉൽപ്പാദന ആസ്തികളാക്കി മാറ്റുന്നതിനും 5 ലക്ഷം രൂപ വരെ സാമ്പത്തിക സഹായവും മറ്റ് കൈത്താങ്ങ് സഹായവും നൽകുന്ന പദ്ധതി.

ബി) Revival and rehabilitation scheme for defunct MSMES and cashew processing units- കശുവണ്ടി സംസ്കരണ യൂണിറ്റുകൾ ഉൾപ്പെടെയുള്ള പ്രവർത്തനരഹിതമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലെ സംരംഭങ്ങളെ സ്ഥിരനിക്ഷേപത്തിനും പ്രവർത്തന മൂലധനത്തിനും സഹായം നൽകി പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി.

**വാമനപുരം നിയോജകമണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക് ഭൂമി**

228 (6447) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ വില്ലേജുകളിൽ എവിടെയെല്ലാം റവന്യൂ പുറമ്പോക്ക് ഭൂമിയുണ്ടെന്നും ആയതിന്റെ വിസ്തൃതി ഉൾപ്പെടെയുള്ള വിശദാംശങ്ങളും വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക് ഭൂമിയുടെ വില്ലേജ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വില്ലേജ് | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1 | വാമനപുരം | 144.4614 |
| 2 | പുല്ലമ്പാറ | 6,1977 |
| 3 | കല്ലറ | 114.8033 |
| 4 | പാങ്ങോട് | 1,4380 |
| 5 | പെരിങ്ങമല | 80.7625 |
| 6 | ആനാട് | 106.9075 |
| 7 | പനവൂർ | 21.3713 |
| 8 | നെല്ലനാട് | 9.3855 |
| 9 | പാലോട് | 73.1555 |
| 10 | തെന്നൂർ | 289.2500 |
| 11 | കുറുപുഴ | 49.5106 |

(ബി) പ്രസ്തുത മണ്ഡലത്തിൽ പുറമ്പോക്ക് ഭൂമി അനധികൃതമായി കയ്യേറിയിട്ടുണ്ടെങ്കിൽ ആയത് വിശദമാക്കാമോ;

(സി) അനധികൃത പുറമ്പോക്ക് കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുള്ള അനധികൃത കയ്യേറ്റങ്ങൾ കേരള ഭൂ സംരക്ഷണ നിയമം 1957, ചട്ടങ്ങൾ 1958 എന്നിവ പ്രകാരം ഒഴിപ്പിക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു.

**മണ്ഡപത്തിൻകടവും കൽമണ്ഡപവും ഉൾപ്പെടുന്ന സ്ഥലത്തിന്റെ വിശദവിവരം**

229 (6448) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്കിൽ മാവേലിക്കര വില്ലേജിലെ മണ്ഡപത്തിൻകടവും കൽമണ്ഡപവും ഉൾപ്പെടുന്ന സ്ഥലം ആരുടെ/ഏത് വകുപ്പിന്റെ ഉടമസ്ഥതയിലാണെന്നും ഇതിന്റെ വിസ്തീർണ്ണവും സർവ്വേ നമ്പരും ഉൾപ്പെടെയുള്ള വിശദവിവരങ്ങളും ലഭ്യമാക്കുമോ?

ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ മാവേലിക്കര വില്ലേജിൽ അച്ചൻകോവിലാറിന്റെ തീരത്തുള്ള മണ്ഡപത്തിൻകടവ് നിൽക്കുന്നത് ബ്ലോക്ക് 13 റീസർവ്വേ 7-ൽപ്പെട്ട സ്ഥലത്താണ്. ഇത് ബി.റ്റി.ആർ. പ്രകാരം അച്ചൻകോവിലാറിന്റെ ഭാഗമായാണ് കിടക്കുന്നത്. ഇത് മാവേലിക്കര മുനിസിപ്പാലിറ്റിയുടെ അധീനതയിൽ വരുന്നു. ഈ സർവ്വേ നമ്പറിലെ അച്ചൻകോവിലാറ് ഉൾപ്പെടുന്ന സ്ഥലത്തിന്റെ ആകെ വിസ്തീർണ്ണം 07 ഹെക്ടർ 19 ആർസ് 36 ച.മീ. ആണ്. മണ്ഡപത്തിൻകടവ് പ്രത്യേകമായി സബ്ഡിവിഷൻ ചെയ്തിട്ടില്ല. മണ്ഡപത്തിൻകടവിന്റെ ഭാഗമായി വരുന്ന വിശ്രമകേന്ദ്രം സ്ഥിതി ചെയ്യുന്നത് ബ്ലോക്ക് 17-ൽ റീസർവ്വേ 2-ൽപ്പെട്ട PWD റോഡ് പുറമ്പോക്കിന്റെ ഭാഗമായാണ്. ഈ സർവ്വേ നമ്പരിൽപ്പെട്ട വസ്തുവിന്റെ ആകെ വിസ്തീർണ്ണം 23 ആർസ് 20 ച. മീ. ആണ്.

(ബി) പ്രസ്തുത പ്രദേശങ്ങളിൽ കയ്യേറ്റങ്ങൾ ഉണ്ടായിട്ടുണ്ടോയെന്നും എങ്കിൽ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ സ്വീകരിച്ച നടപടികളും വിശദമാക്കുമോ?

കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പട്ടയം ലഭിക്കാനുള്ള അപേക്ഷകൾ**

230 (6449) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വിവിധ വില്ലേജുകളിലായി ഇനിയും പട്ടയം ലഭിക്കാത്ത എത്ര കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ?

പട്ടയം ലഭിക്കാത്ത കുടുംബങ്ങളുടെ എണ്ണം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) വിവിധ താലൂക്കുകളിലായി പട്ടയം ലഭിക്കാനുള്ള അപേക്ഷകളിൽ ഇനിയും തീർപ്പ് കല്പിക്കാത്തവ എത്രയെന്നും വിശദമാക്കാമോ?

പാലക്കാട് - 38, ചിറ്റൂർ - 175, ആലത്തൂർ - 38, മണ്ണാർക്കാട് - 15, പട്ടാമ്പി - 74- മേൽ വിവരിച്ച 340 അപേക്ഷകൾ തീർപ്പാക്കിയിട്ടില്ല. കൂടാതെ പാലക്കാട് ജില്ലയിലെ വിവിധ ലാൻഡ് ട്രിബ്യൂണലുകൾ സ്വമേധയാ നടപടികൾ സ്വീകരിച്ചിട്ടുള്ള 38938 SM കേസുകൾ ജില്ലയിലെ 8 ലാൻഡ് ട്രിബ്യൂണൽ ഓഫീസുകളിലായി പെൻഡിംഗിലുണ്ട്. പ്രസ്തുത കേസുകളുടെ താലൂക്ക്, വില്ലേജ് തിരിച്ച കണക്കുകൾ സൂക്ഷിച്ചിട്ടില്ലാത്തതാണ്.

**ചേലേമ്പ്ര വില്ലേജിലെ ലക്ഷംവീട് കോളനികളെ സംബന്ധിച്ച ഭൂരേഖ വിശദാംശങ്ങൾ**

231 (6450) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലേമ്പ്ര വില്ലേജിലെ ചാലിപറമ്പ് ലക്ഷംവീട് കോളനി, ചക്കമാട്ട് കുന്ന് ലക്ഷംവീട് കോളനി എന്നിവയ്ക്ക് പതിച്ചുനൽകിയ ആകെ ഭൂമി എത്രയാണ്; വിശദാംശം ലഭ്യമാക്കാമോ?

ചാലിപറമ്പ് ലക്ഷം വീട് കോളനിക്ക് പതിച്ചുനൽകിയ ഭൂമി -42.204 ആർ, ചക്കമാട്ട്കുന്ന് ലക്ഷം വീട് കോളനിക്ക് പതിച്ചുനൽകിയ ഭൂമി -44.50 ആർ.

(ബി) പ്രസ്തുത ഭൂമിയുടെ ബ്ലോക്ക് നമ്പർ, സർവ്വേ നമ്പർ തുടങ്ങിയ വിശദാംശങ്ങൾ നൽകാമോ?

ചാലിപറമ്പ് ലക്ഷം വീട് കോളനി-ബ്ളോക്ക് 2-റീ.സ. 86/7 ചക്കമാട്ട് ലക്ഷം വീട് കോളനി-ബ്ളോക്ക് 1- റീ.സ. 83/9/1.

(സി) പ്രസ്തുത കോളനിയിൽ പട്ടയം ലഭിച്ച് സ്ഥിര താമസമാക്കിയവരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പട്ടയം ലഭിക്കാത്തവരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട.*.

(ഡി) കോളനിയിൽ കൈവശക്കാരില്ലാതെ ഒഴിഞ്ഞുകിടക്കുന്ന ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ചാലിപറമ്പ് ലക്ഷം വീട് കോളനി-15 ആർ, ചക്കമാട്ട്കുന്ന് ലക്ഷം വീട് കോളനി-24 ആർ.

**റവന്യൂഭൂമി കൈവശം വയ്ക്കുന്നത്**

232 (6451) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തം സ്ഥലത്തോട് ചേർന്ന് റവന്യൂഭൂമി കൈവശംവച്ച് വരുന്നവർക്ക് പ്രസ്തുത ഭൂമി പതിച്ചുനൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

പഞ്ചായത്ത് പ്രദേശത്ത് 1964-ലെ കേരള ഭൂമി പതിവ് ചട്ടത്തിലെ ചട്ടം 6 (2) പ്രകാരം പരമാവധി 15 സെന്റ് (6.072 ആർസ്) ഭൂമിവരെയും 1995-ലെ മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശത്തെ ഭൂമി പതിവ് ചട്ടത്തിലെ ചട്ടം 4 (2) പ്രകാരം മുൻസിപ്പൽ പ്രദേശത്ത് പരമാവധി 5 സെന്റ് വരെയും കോർപ്പറേഷൻ പ്രദേശത്ത് പരമാവധി 3 സെന്റ് വരെയും അയൽഭൂമിയുടെ ഗുണപരമായ വിനിയോഗത്തിന് (Beneficial Enjoyment) കമ്പോള വില ഈടാക്കി പതിച്ചുനൽകുന്നതിന് വ്യവസ്ഥയുള്ളതാണ്. 1964-ലെ കേരള ഭൂമി പതിവ് ചട്ടത്തിലെ ചട്ടം 2 (സി,ഡി) പ്രകാരം " Beneficial Enjoyment means the enjoyment of the land for purposes like providing approach road to the assignee's registered holding and protection of his watercourse, standing crops and buildings.

(ബി) തങ്ങളുടെ കൃഷിസ്ഥലത്തോട് ചേർന്ന് കിടക്കുന്ന കുറഞ്ഞ അളവിലുള്ള റവന്യൂഭൂമി മാർക്കറ്റ് വിലയ്ക്ക് കർഷകർക്കുതന്നെ പതിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഗുണപരമായ വിനിയോഗത്തിനല്ലാതെ രജിസ്റ്റേർഡ് ലാൻഡിനടുത്തുള്ള ഭൂമി പതിച്ചുനൽകാൻ വ്യവസ്ഥയില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഒമ്മല-ഒന്തമല ഊരിൽ പട്ടയം നൽകുന്നതിന് നടപടി**

233 (6452) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗളി പഞ്ചായത്തിലെ കള്ളമല വില്ലേജിൽ ഒമ്മല-ഒന്തമല ഊരിൽ താമസിക്കുന്ന ഇരുപത്തിയഞ്ചോളം ആദിവാസി കുടുംബങ്ങൾ അപേക്ഷ നൽകിയിട്ടും നാളിതുവരെ പട്ടയവും പട്ടയ ഭൂമിയിൽ റീസർവ്വേ നടത്തിയ രേഖകളും നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അഗളി പഞ്ചായത്തിലെ കള്ളമല വില്ലേജിൽ ഒമ്മല-ഒന്തമല ഊരിലുള്ള ആദിവാസികൾ കള്ളമല വില്ലേജ് സർവ്വേ 1139/605 നമ്പരിൽപ്പട്ട സ്ഥലത്ത് വീട് വച്ച് താമസിച്ചുവരുന്നു. പ്രസ്തുത സർവ്വേ നമ്പരിൽപ്പെട്ട സ്ഥലങ്ങൾ റീസർവേ രേഖകൾ പ്രകാരം വനഭൂമിയാണ്. പ്രസ്തുത ഭൂമിയ്ക്ക് പട്ടയം ലഭിക്കുന്നതിനായി പ്രസ്തുത ആദിവാസി വിഭാഗക്കാരിൽനിന്നും അപേക്ഷകൾ ലഭിച്ചിട്ടില്ലാത്തതാണ്.

(ബി) നിലവിലുള്ള പട്ടയ ഭൂമിയിൽ റീസർവ്വേ നടത്തി രേഖകൾ നൽകാത്തതിനാൽ പട്ടയഭൂമിയിൽ ഉൾപ്പെടെ വനം വകുപ്പ് ജണ്ട ഇടുന്നത് ആദിവാസികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നുവെന്ന കാര്യം പരിശോധിക്കുമോ?

ആദിവാസികളുടെ പട്ടയഭൂമിയിൽ വനംവകുപ്പ് ജണ്ട ഇടുന്നത് സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല.

(സി) പട്ടയ ഭൂമിയിൽ റീസർവേ നടത്തി കരം പിരിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ?

അഗളി പഞ്ചായത്തിലെ കള്ളമല വില്ലേജിൽ ഒമ്മല-ഒന്തമല ഊരിലുള്ള ആദിവാസികൾ താമസിച്ചുവരുന്ന കള്ളമല വില്ലേജ് സർവേ 1139/605 നമ്പരിൽപ്പെട്ട സ്ഥലങ്ങൾ റീസർവേ രേഖകൾ പ്രകാരം വനഭൂമിയാണ് എന്നാണ് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 2006-ലെ വനാവകാശ നിയമപ്രകാരം ഇത്തരം ഭൂമിക്ക് പട്ടയം അനുവദിക്കാറില്ല പകരം കൈവശരേഖയാണ് (RoR) അനുവദിക്കുന്നത്. നിലവിലെ വ്യവസ്ഥകൾ പ്രകാരം കൈവശരേഖ (Record of Rights) അനുവദിക്കുന്ന സ്ഥലങ്ങൾക്ക് നികുതി സ്വീകരിക്കുവാൻ നിർവ്വാഹമില്ലാത്തതാണ്.

**കാസർഗോഡ്, മഞ്ചേശ്വരം താലൂക്കുകളിൽ ഭൂമി പതിച്ചുകിട്ടാനുള്ളവർ**

234 (6453) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്, മഞ്ചേശ്വരം താലൂക്കുകളിൽ ഭൂമി പതിച്ചു കിട്ടുന്നതിനുവേണ്ടി കഴിഞ്ഞ 10 വർഷം എത്ര പേർ അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ്, മഞ്ചേശ്വരം താലൂക്കുകളിലായി കഴിഞ്ഞ പത്ത് വർഷം ആകെ 15,179 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇവരിൽ എത്രുപേർക്ക് ഭൂമി പതിച്ചുനൽകിയിട്ടുണ്ടെന്നും അപേക്ഷിച്ച് എത്രകാലം കഴിഞ്ഞതിനുശേഷമാണ് ഭൂമി നൽകിയതെന്നും എത്ര സെന്റ് വീതമാണ് നൽകിയതെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

ഭൂമി ലഭ്യത പരിശോധിച്ചും അപേക്ഷകർക്ക് അനുവദിക്കേണ്ട സ്ഥലത്തിന്റെ അളവ് കണക്കാക്കി 3 മുതൽ 15 സെന്റ് വരെയും വർഷങ്ങളായി കൃഷി ചെയ്തുവരുന്നവർക്ക് 50 സെന്റ് മുതൽ 2 ഏക്കർ വരെയും ഭൂമി പതിച്ചുനൽകിയിട്ടുണ്ട്. അർഹമായ കേസുകളിൽ ഭൂമി മൂന്ന് വർഷത്തിനകം പതിച്ച് നൽകിയിട്ടുണ്ട്. എത്ര സെന്റ് വീതമാണ് പതിച്ചുനൽകിയത് എന്നുള്ള പഞ്ചായത്ത് തിരിച്ചുള്ള ലിസ്റ്റ് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. പട്ടയം അനുവദിച്ചതിന്റെ വിശദാംശങ്ങൾ താലൂക്ക് അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

1. <u>മഞ്ചേശ്വരം താലൂക്ക്</u>

ലാൻഡ് അസൈന്മെന്റ് പട്ടയങ്ങൾ- 878

സീറോ ലാൻഡ് പട്ടയങ്ങൾ - 2948

2.<u>കാസർഗോഡ് താലൂക്ക്</u>

ലാൻഡ് അസൈന്മെന്റ് പട്ടയങ്ങൾ മുൻസിപ്പാലിറ്റി- 319, പഞ്ചായത്ത് - 2660 സീറോലാൻഡ് പട്ടയങ്ങൾ മുൻസിപ്പാലിറ്റി -209, പഞ്ചായത്ത് - 7727

(സി) അപേക്ഷ നൽകിയവരിൽ ഭൂമി പതിച്ചുനൽകാൻ ബാക്കിയുള്ളവർ എത്രയാണെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

<u>മഞ്ചേശ്വരം താലൂക്ക്</u>

മഞ്ചേശ്വരം പഞ്ചായത്ത് - 319

മീഞ്ച പഞ്ചായത്ത് - 506

വോർക്കാടി പഞ്ചായത്ത് - 401

മംഗൽപ്പാടി പഞ്ചായത്ത് - 475

പൈവളിക പഞ്ചായത്ത് - 499

കുമ്പള പഞ്ചായത്ത് - 494

പുത്തിഗെ പഞ്ചായത്ത് - 427

എൻമകജെ പഞ്ചായത്ത് - 899 .

കാസർഗോഡ് താലൂക്ക്

കാറഡുക്ക പഞ്ചായത്ത് -22

ദേലംപാടി പഞ്ചായത്ത് -41

ബദിയടുക്ക പഞ്ചായത്ത് -848

ബേഡഡുക്ക പഞ്ചായത്ത് -195

ചെങ്കള പഞ്ചായത്ത് -214

ചെമ്മനാട് പഞ്ചായത്ത് -117

കുംബഡാജെ പഞ്ചായത്ത് -218

മൂളിയാർ പഞ്ചായത്ത് -10

മധൂർ പഞ്ചായത്ത് -83

കാസർഗോഡ് മുനിസിപ്പാലിറ്റി-23.

(ഡി) കാലതാമസത്തിന് കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

നിലവിലെ ഭൂമി പതിവ് ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പട്ടയത്തിനുള്ള അപേക്ഷകളുടെ അർഹത വിലയിരുത്തുന്നതിന് വിശദമായ പരിശോധന ആവശ്യമാണ്.

(ഇ) ബാക്കിയുള്ള അപേക്ഷകരിൽ പരിഗണിക്കപ്പെടാൻ അർഹതയില്ലാത്ത എത്ര പേർ ഉണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; പരിഗണിക്കപ്പെടാതിരിക്കാനുള്ള കാരണം വിശദമാക്കാമോ?

മഞ്ചേശ്വരം താലൂക്ക്

മഞ്ചേശ്വരം പഞ്ചായത്ത് - 312

മീഞ്ച പഞ്ചായത്ത് - 487

വോർക്കാടി പഞ്ചായത്ത് - 346

മംഗൽപ്പാടി പഞ്ചായത്ത് - 462

പൈവളിക പഞ്ചായത്ത് - 465

കുമ്പള പഞ്ചായത്ത് - 459

പുത്തിഗെ പഞ്ചായത്ത് - 418

എൻമകജെ പഞ്ചായത്ത് - 811.

കാസർഗോഡ് താലൂക്ക്

ബദിയടുക്ക പഞ്ചായത്ത് - 640

ബേഡഡുക്ക പഞ്ചായത്ത് -123

ചെങ്കള പഞ്ചായത്ത് -200

മൊഗ്രാൽ പുത്തൂർ പഞ്ചായത്ത് -9

കുംബഡാജെ പഞ്ചായത്ത് -196

മൂളിയാർ പഞ്ചായത്ത് -12

മധൂർ പഞ്ചായത്ത് -45

ചെമ്മനാട് പഞ്ചായത്ത് -98

കാസർഗോഡ് മുൻസിപ്പാലിറ്റി-15

1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെയും 1995-ലെ മുൻസിപ്പൽ & കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങളിലെയും ഭൂമി പതിവുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകളിലെയും മാനദണ്ഡങ്ങൾ പാലിക്കപ്പെടാത്ത പതിവു അപേക്ഷകൾ പരിഗണിക്കാൻ സാധിക്കില്ല.

**കാപ്പാട്ടുമ്മൽ, വേനക്കാവ് മിച്ചഭൂമിയിലെ താമസക്കാർക്ക് പട്ടയം**

235 (6454) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി താലൂക്കിൽ ഈങ്ങാപ്പുഴ വില്ലേജിലെ കാപ്പാട്ടുമ്മൽ, വേനക്കാവ് മിച്ചഭൂമിയിൽ താമസിക്കുന്ന അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവർക്ക് എന്നത്തേയ്ക്ക് പട്ടയം ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഈങ്ങാപ്പുഴ വില്ലേജിലെ വേനക്കാവ്, കാപ്പാട്ടുമ്മൽ എന്നിവിടങ്ങളിൽ മിച്ചഭൂമിയായി ഏറ്റെടുത്ത ഭൂമി അർഹരായവർക്ക് പതിച്ചുനൽകിയിരുന്നു. പതിച്ചുകിട്ടിയ ഭൂമി 20 വർഷത്തേയ്ക്ക് വിൽക്കാൻ പാടില്ലായെന്ന് കേരള ഭൂപരിഷ്കരണ (പരിധി) ചട്ടങ്ങൾ, 1970-ലെ ചട്ടം 29(1)

പ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ മേൽപ്പറഞ്ഞ മിച്ചഭൂമി പട്ടയം ലഭിച്ചവരിൽ ചിലർ ഈ കാലയളവിനുമുമ്പേ വിൽപ്പന നടത്തിയിരുന്നു. ഇത്തരത്തിലുള്ള അകാലകൈമാറ്റം സാധൂകരിച്ചാൽ ഇപ്പോഴുള്ള കൈവശക്കാർക്ക് ഭൂമിയിൽ ഉടമസ്ഥത ലഭിക്കും. എന്നാൽ നിയമപ്രകാരമുള്ള ഉടമസ്ഥരേഖകൾ ഇല്ലാത്തവരെ സംബന്ധിച്ച് നിലവിൽ കൊടുത്തിട്ടുള്ള പട്ടയങ്ങൾ റദ്ദ് ചെയ്ത് പുതുതായി പട്ടയം നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**റവന്യൂ-ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുകളുടെ ജോയിന്റ് വെരിഫിക്കേഷൻ**

236 (6455) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-1-1977-ന് മുമ്പുള്ള കൈവശഭൂമി റവന്യൂ-ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുകൾ ജോയിന്റ് വെരിഫിക്കേഷൻ നടത്തി അർഹരായവർക്ക് പട്ടയം നൽകുന്ന നടപടി വിശദമാക്കാമോ?

'The kerala Land Assignment (Regularisation of Occupations of Forest Lands Prior to 1-1-1977) Special Rules, 1993 അനുശാസിക്കുന്ന പ്രകാരവും ആയതിലെ 2 മുതൽ 8 വരെയുള്ള സെക്ഷനുകളിൽ പരാമർശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചും 0.0.1977-നുമുമ്പുള്ള കൈവശ ഭൂമി റവന്യൂ-ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുകൾ ജോയിന്റ് വെരിഫിക്കേഷൻ നടത്തിയാണ് അർഹരായവർക്ക് പട്ടയം നൽകുന്നത്. 1-1-1977-നുമുമ്പുള്ള കൈവശഭൂമിക്ക് പട്ടയം അനുവദിക്കണമെന്ന് കാണിച്ച് ലഭിക്കുന്ന അപേക്ഷകളിൽ റവന്യൂ-സർവ്വേ-വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തുകയും അർഹതയുള്ള അപേക്ഷകൾ കണ്ടെത്തുകയും ചെയ്യുന്നു. ഇത്തരം ഭൂമികളുടെ ഗ്രൂപ്പ് സ്കെച്ച് തയ്യാറാക്കി ഓരോ കൈവശഭൂമിയുടെയും വിസ്തൃതി തിട്ടപ്പെടുത്തിയതിനുശേഷം പ്രസ്തുത വിവരങ്ങൾ ഗൂഗിൾ മാപ്പിംഗ് നടത്തുന്നതിനായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ 'പരിവേഷ്' പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയും അപ്‌ലോഡ് ചെയ്യുന്ന വിവരങ്ങളുടെ ഹാർഡ് കോപ്പി ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് നൽകുകയും ഡി.എഫ്.ഒ.-മാർ റിപ്പോർട്ട്/റിമാർക്സ് അപ്‌ലോഡ് ചെയ്യുകയും വനം വകുപ്പിന്റെ വ്യത്യസ്ത തലങ്ങളിലെ പരിശോധനകൾക്കുശേഷം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിക്കുകയും ചെയ്യുന്നു. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പതിച്ച് നൽകേണ്ട ഭൂമികൾ വനം വകുപ്പ് ഡിസ്റിസർവ് ചെയ്യുകയോ വിട്ടുനൽകുകയോ ചെയ്താൽ റവന്യൂ രേഖകളിൽ മാറ്റം വരുത്തി പട്ടയം നൽകുന്നതിനുള്ള നടപടി റവന്യൂ വകുപ്പ് സ്വീകരിക്കുന്നു.

(ബി) ഏതെല്ലാം ജില്ലകളിൽ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയായി; വിശദാംശം ലഭ്യമാക്കുമോ?

അനുബന്ധം (എ) ആയി ചേർത്തിട്ടുണ്ട്.*

(സി) ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കാത്ത ജില്ലകൾ ഏതെല്ലാം; പ്രസ്തുത ജില്ലകളിൽ എന്നത്തേയ്ക്ക് വെരിഫിക്കേഷൻ പൂർത്തിയാക്കാൻ സാധിക്കും; വിശദമാക്കുമോ?

ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കാത്ത ജില്ലകളുടെ വിശദാംശങ്ങൾ അനുബന്ധം (ബി) ആയി ചേർത്തിട്ടുണ്ട്*.

**കൂട്ടിക്കലിലെ ഉരുൾപൊട്ടലിലുണ്ടായ നാശനഷ്ടങ്ങൾ**

237(6456) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കൂട്ടിക്കൽ പഞ്ചായത്തിലെ രണ്ടിടങ്ങളിലുണ്ടായ ഉരുൾപൊട്ടലിൽ സംഭവിച്ച നാശനഷ്ടങ്ങളുടെ പ്രാഥമിക വിലയിരുത്തൽ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

16-10-2021-ലെ തീവ്ര മഴയെ തുടർന്നുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും പൂഞ്ഞാർ മണ്ഡലത്തിലെ കൂട്ടിക്കൽ വില്ലേജിൽ പ്രാഥമിക വിലയിരുത്തൽ പ്രകാരം 26 വീടുകൾക്ക് പൂർണ്ണമായും 205 വീടുകൾക്ക് ഭാഗികമായും നാശനഷ്ടം സംഭവിച്ചിട്ടുള്ളതാണ്. കൂട്ടിക്കൽ പഞ്ചായത്ത് ഉൾപ്പെട്ടുവരുന്ന കാഞ്ഞിരപ്പള്ളി ബ്ലോക്കിൽ 16.7916 കോടിയുടെ കൃഷി നാശം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. മറ്റ് വകുപ്പുകളുടെ നാശനഷ്ടകണക്ക് എടുക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചുവരുന്നു.

(ബി) പ്രസ്തുത മേഖലയിൽ സംഭവിച്ചിട്ടുള്ള നാശനഷ്ടങ്ങളുടെ വിശദമായ കണക്കെടുപ്പ് നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

വീടുകളുടെ നാശനഷ്ടങ്ങളുടെ കൃത്യമായ കണക്കെടുപ്പും നാശനഷ്ടത്തിന്റെ തോത് നിശ്ചയിക്കുന്നതും ഇക്കാര്യത്തിലേയ്ക്ക് നിയോഗിച്ചിട്ടുള്ള റവന്യൂ ഉദ്യോഗസ്ഥരും LSGD എഞ്ചിനീയറും അടങ്ങിയ ടീം ചെയ്തുവരുന്നു. ഇക്കാര്യത്തിലേയ്ക്ക് ദുരന്തബാധിത മേഖലകളിലേയ്ക്ക് മറ്റ് സ്ഥലങ്ങളിൽനിന്നും കൂടുതലായി എഞ്ചിനീയർമാരെ നിയോഗിച്ചിട്ടുള്ളതാണ്. മറ്റ് വകുപ്പുകളും നാശനഷ്ടങ്ങളുടെ കൃത്യമായ കണക്കെടുപ്പ് പൂർത്തീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത മേഖലയിൽ ഉരുൾപ്പൊട്ടലിലും മണ്ണിടിച്ചിലിലും ഉണ്ടായ നാശനഷ്ടങ്ങൾക്ക് ധനസഹായം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ദുരന്തത്തിൽ വീടിനും സ്ഥലത്തിനും നാശനഷ്ടം സംഭവിച്ചവർക്ക് 29-10-2021-ലെ G.O(Ms)No 5/2021/DMD. പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നതാണ്. മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട നാശനഷ്ടങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പുകൾ മുഖാന്തരം ധനസഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**സംസ്ഥാനത്തെ ദുരിതാശ്വാസ ക്യാമ്പുകൾ**

238 (6457) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ടി. സിദ്ദിഖ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഴക്കെടുതി നേരിട്ട പ്രദേശങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തുണ്ടായ മഴക്കെടുതിയിലും ഉരുൾപ്പൊട്ടലിലും ദുരിതബാധിതരായ ജനങ്ങളെ മാറ്റി പാർപ്പിക്കുന്നതിനായി ആകെ 540 ക്യാമ്പുകൾ ആരംഭിച്ചിരുന്നു. നിലവിൽ 27 ക്യാമ്പുകളാണ് പ്രവർത്തിച്ചുവരുന്നത്.

(ബി) ദുരിതാശ്വാസ ക്യാമ്പുകളിൽ മതിയായ സൗകര്യവും ശുചിത്വവും ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കാലവർഷ-തുലാവർഷ മുന്നൊരുക്ക പ്രതികരണ മാർഗ്ഗരേഖ 2021 (ഓറഞ്ച് ബുക്ക്)-ൽ പ്രതിപാദിച്ചത് പ്രകാരം ക്യാമ്പുകളിലെ ആരോഗ്യ-ശുചിത്വ പരിപാലനം കൃത്യമായി പാലിച്ചുകൊണ്ടാണ് സംസ്ഥാനത്ത് ക്യാമ്പുകൾ സജ്ജമാക്കിയിട്ടുള്ളത്. കൂടാതെ കോവിഡ്- 19 മാനദണ്ഡങ്ങൾ കർശനമായി പാലിക്കുകയും ക്യാമ്പുകളിൽ സ്ത്രീകൾ, കുട്ടികൾ, ഗർഭിണികൾ, മുതിർന്ന പൗരൻമാർ എന്നിവർക്ക് പ്രത്യേകം ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ നിന്നുള്ള ഡോക്ടർ, നേഴ്സ്, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെ സേവനം ക്യാമ്പുകളിൽ ഏർപ്പെടുത്തിയിരുന്നു. ദുരിതാശ്വാസ ക്യാമ്പുകളിൽ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സാനിറ്ററി സൗകര്യങ്ങളും ശുചിത്വവും ഉറപ്പുവരുത്തുക, സാംക്രമിക രോഗങ്ങളുടെ വ്യാപനം തടയുക തുടങ്ങിയ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) ദുരിതാശ്വാസ ക്യാമ്പുകളിൽ എലിപ്പനി അടക്കമുള്ള രോഗങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പകർച്ചവ്യാധികൾ തടയുന്നതിന് പ്രസ്തുത പ്രദേശത്തെ ആരോഗ്യകേന്ദ്രം വഴി ആരോഗ്യ പ്രവർത്തകർ ദിവസേന ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ച് ആവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്യാമ്പുകളിലുള്ള 32,096 പേർക്ക് എലിപ്പനിക്കെതിരെ ഡോക്സി സൈക്ലിൻ ഗുളികൾ പ്രതിരോധ മരുന്നായി നൽകി. ക്യാമ്പുകളുടെ പരിസരത്ത് വെള്ളം കെട്ടിനിൽക്കുന്നത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചു.

**വണ്ടൂർ മണ്ഡലത്തിലെ കാലവർഷക്കെടുതി**

239 (6458) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മുതൽ വണ്ടൂർ നിയോജകമണ്ഡലത്തിൽ കാലവർഷക്കെടുതിയിൽ എത്ര തുകയുടെ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

2017 മുതൽ വണ്ടൂർ നിയോജകമണ്ഡലത്തിൽ കാലവർഷക്കെടുതിയിൽ റോഡുകൾ, പാലങ്ങൾ, വീടുകൾ, കൃഷി എന്നിവയിൽ ആകെ 42,66,49,978 (നാല്പത്തിരണ്ട് കോടി അറുപത്തിയാറ് ലക്ഷത്തി നാല്പത്തിയൊമ്പതിനായിരത്തി തൊള്ളായിരത്തി എഴുപത്തിയെട്ട് രൂപ മാത്രം) രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) കാലവർഷക്കെടുതിയിൽ കൃഷി, ഭൂമി, വീട്, എന്നിവ പൂർണ്ണമായും ഭാഗികമായും നഷ്ടപ്പെട്ടവർക്ക് മതിയായ ധനസഹായം നൽകിയിട്ടുണ്ടോ; ഇനി എത്രപേർക്ക് നൽകാനുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

കാലവർഷക്കെടുതിയിൽ 2018, 2019 വർഷങ്ങളിൽ വീടുകൾക്ക് പൂർണ്ണനാശം സംഭവിച്ച 140 കുടുംബങ്ങൾക്ക് 4 ലക്ഷം രൂപ വീതവും വീടും സ്ഥലവും നഷ്ടപ്പെട്ടതോ വാസയോഗ്യമല്ലാതാവുകയോ ചെയ്ത 22 കുടുംബങ്ങൾക്ക് പുനരധിവാസത്തിനായി 10 ലക്ഷം രൂപ വീതവും ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. 2020-ൽ ഭാഗിക നാശം സംഭവിച്ച 70 വീടുകളുടെയും 2021-ൽ ഭാഗിക നാശം സംഭവിച്ച 60 വീടുകളുടെയും ധനസഹായ വിതരണം പൂർത്തിയായിവരുന്നു. കൃഷി നാശം സംഭവിച്ചതിന് 306 കർഷകർക്കായി 78,27,890 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളും കലുങ്കുകളും പാലങ്ങളും അപ്രോച്ച് റോഡുകളും ഉൾപ്പെടെ പുനർനിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇനിയും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ എത്രയുംപെട്ടെന്ന് ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

2018-ലെയും 2019-ലെയും കാലവർഷക്കെടുതിയിൽ തകർന്ന പാലങ്ങളും റോഡുകളും പുനർനിർമ്മിച്ചിട്ടുണ്ട്. തൃക്കലങ്ങോട്-വണ്ടൂർ- കാളികാവ് റോഡിൽ 08/475 കിലോമീറ്റർ ചുള്ളിത്തോട് പാലത്തിന്റെ അപ്രോച്ച് റോഡ് പാർശ്വഭിത്തി തകരുകയും അഞ്ചച്ചവടിയിൽ കി.മി. 21/000-ൽ ഗർത്തം രൂപപ്പെടുകയും ചെയ്തിട്ടുണ്ട്. അഞ്ചച്ചവടിയിൽ 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ 66 റോഡുകളുടെ പുനരുദ്ധാരണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. അതിൽ 31 റോഡുകളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. എഗ്രിമെന്റ് വച്ചതും പണി പൂർത്തീകരിക്കാൻ ബാക്കിയുള്ളതുമായ 13 എണ്ണം ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുന്നതാണ്. കാലവർഷക്കെടുതിയിൽ തകർന്ന 90 ശതമാനം അപ്രോച്ച് റോഡുകളും പുനർനിർമ്മിച്ചിട്ടുണ്ട്. 18 പ്രവൃത്തികളുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. മമ്പാട് ഗ്രാമപഞ്ചായത്തിൽ ബഹു. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി പുള്ളിപ്പാടം സസ്പെൻഷൻ ബ്രിഡ്ജ് എന്ന പ്രവൃത്തിക്ക് 2,81,00,000 (രണ്ട് കോടി എൺപത്തിയൊന്ന് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. ആയത് സാങ്കേതികാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. 2021 ഓഗസ്റ്റ് മാസത്തിലുണ്ടായ ശക്തമായ മഴയെ തുടർന്ന് കേടുപാടുകൾ സംഭവിച്ച ചെള്ളിത്തോട് പാലത്തിനോട് ചേർന്ന് വരുന്ന സമീപ റോഡും പാർശ്വഭിത്തിയും പുനർനിർമ്മിക്കുന്നതിനായി 25 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) കരുവാരകുണ്ട് ആർത്തലകുന്ന് കോളനിയിൽ കഴിഞ്ഞ നാലു വർഷമായി മഴക്കെടുതിമൂലം കോളനി നിവാസികളെ മാറ്റി പാർപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ഇ) ഉണ്ടെങ്കിൽ ആയതിന് ശാശ്വത പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

2019-ലെ പ്രളയത്തെത്തുടർന്ന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ നേതൃത്വത്തിലുള്ള ജില്ലാതല വിദഗ്ദ്ധ സമിതി പരിശോധന നടത്തിയതിന്റെ ഭാഗമായി ആർത്തലക്കുന്ന് ഭാഗത്ത് കൽക്കണ്ട് പുഴയുടെ മുകൾഭാഗത്ത് വിള്ളൽ കാണപ്പെട്ടതിനെത്തുടർന്നാണ് 44 കുടുംബങ്ങളെ കനത്ത മഴയുള്ള പക്ഷം മാറ്റിപ്പാർപ്പിക്കുന്നതിനായി ശിപാർശ ചെയ്തിട്ടുള്ളത്. തുടർന്ന് മുന്നറിയിപ്പ് ലഭ്യമാകുന്ന മുറയ്ക്ക് മേൽ കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നുണ്ട്. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ജില്ലാ വിദഗ്ദ്ധ സമിതി എന്നിവ പൂർണ്ണമായും മാറ്റിപ്പാർപ്പിക്കുന്നതിന് ശിപാർശ ചെയ്യുന്ന കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിന് വീടുവയ്ക്കുന്നതിന് 4 ലക്ഷം രൂപയും വസ്തു വാങ്ങുന്നതിന് 6 ലക്ഷം രൂപയും ചേർത്ത് ആകെ 10 ലക്ഷം രൂപ അനുവദിച്ചുവരുന്നു.

**കാലാവസ്ഥാ നിരീക്ഷണ സംവിധാനം കാര്യക്ഷമമാക്കൽ**

240(6459) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തലത്തിൽ ദുരന്ത സാഹചര്യങ്ങളുടെ അപഗ്രഥനം, വിവര ശേഖരണം, കാലാവസ്ഥ മുന്നറിയിപ്പ് നൽകൽ, കേന്ദ്ര-സംസ്ഥാന ദുരന്ത പ്രതികരണ സേനകളുടേയും മറ്റ് ഏജൻസികളുടേയും ഏകോപനം എന്നിവ കാര്യക്ഷമമാക്കുന്നതിനുള്ള സംവിധാനത്തെ കുറിച്ച് അറിയിക്കാമോ?

സംസ്ഥാനതലത്തിൽ ദുരന്ത സാഹചര്യങ്ങളുടെ അപഗ്രഥനം, വിവര ശേഖരണം, കേന്ദ്ര ദുരന്തനിവാരണ പ്ലാൻ പ്രകാരം ലഭ്യമാകുന്ന കാലാവസ്ഥ മുന്നറിയിപ്പ് നൽകൽ, കേന്ദ്ര-സംസ്ഥാന പ്രതികരണ സേനകളുടെ ഏകോപനം എന്നിവ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കൃത്യമായി നിർവ്വഹിച്ചുവരുന്നു. ജില്ലാ തലത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. ഈ സംവിധാനങ്ങൾ സംസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്നു. വകുപ്പുകളുടെ പൊതുപദ്ധതിയിൽ ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും ദുരന്തലഘൂകരണം എന്ന വിഷയത്തിന് കൂടുതൽ പ്രാധാന്യം ലഭിക്കുന്നതിനായി എല്ലാ വകുപ്പിലും ദുരന്ത നിവാരണത്തിനായി 15 പേർ അടങ്ങുന്ന ഒരു virtual cadre രൂപീകരിച്ചിട്ടുണ്ട്. ഇതിൽ പതിനാല് ജില്ലയിലും ഓരോരുത്തരും ഒരാൾ അതത് വകുപ്പിന്റെ സംസ്ഥാന കാര്യാലയത്തിലുമാണ് പ്രവർത്തിക്കേണ്ടത്. എല്ലാ പ്രവർത്തനങ്ങളും

ഏകോപിപ്പിക്കുന്നതിനായി ദുരന്ത നിവാരണ നിയമം 2005 അനുസരിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി, സംസ്ഥാന അതോറിറ്റിയുടെ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റികൾ, സംസ്ഥാന അതോറിറ്റിയുടെ ഉപദേശക സമിതികൾ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ, സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം, സംസ്ഥാന വരൾച്ച നിരീക്ഷണ സെൽ, ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ എന്നിവ പ്രവർത്തിച്ചുവരുന്നു. ദുരന്ത നിവാരണ നിയമം, 2005 പ്രകാരം തയ്യാറാക്കിയിട്ടുള്ള കേന്ദ്ര ദുരന്ത നിവാരണ പദ്ധതി 2016 Section 4.3 അനുസരിച്ച് വിവിധ കേന്ദ്ര സ്ഥാപനങ്ങളെ ദുരന്ത മുന്നറിയിപ്പിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ കേന്ദ്ര സ്ഥാപനങ്ങൾ നൽകുന്ന മുന്നറിയിപ്പിന്റെ തീവ്രത അനുസരിച്ച് പ്രതികരണ പ്രവർത്തനം ഏകോപിപ്പിക്കുക എന്നതാണ് പ്രധാനമായും സംസ്ഥാന അതോറിറ്റിയിൽ നിക്ഷിപ്തമായ ചുമതല. ഇതിനാവശ്യമായ വിവര സംവേദന സംവിധാനം സ്ഥാപിച്ചുവരുന്നു. സംസ്ഥാനതലത്തിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നത് സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ (State Emergency Operations Centre) ഒരു സമ്പൂർണ്ണ തീരുമാന സഹായ സംവിധാനം (Decision Support System) കെൽട്രോണിന്റെ നേതൃത്വത്തിൽ തയ്യാറാക്കിവരുന്നു. മുന്നറിയിപ്പ് ജനങ്ങളിലേയ്ക്ക് എത്തിക്കാനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേഗത വർദ്ധിപ്പിക്കുന്നതിനുമായി National Cyclone Risk Mitigation Project-ന്റെ ഭാഗമായി വിപുലമായ മുന്നറിയിപ്പ് സംവിധാനം സംസ്ഥാനത്ത് സ്ഥാപിച്ചുവരികയാണ്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി തയ്യാറാക്കുന്ന സുരക്ഷയാനം മൊബൈൽ ആപ്ലിക്കേഷനും ദുരന്ത മുന്നറിയിപ്പ് ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിൽ നിർണ്ണായകമാകും. സംസ്ഥാനത്തെ ഓരോ സർക്കാർ വകുപ്പുകളും രക്ഷാസേനകളും പൊതുജനങ്ങളും എങ്ങനെയാണ് മഴക്കാലത്തിന് തയ്യാറെടുക്കേണ്ടതെന്നും ഒരു ദുരന്ത സാഹചര്യം ഉണ്ടായാൽ ഏത് വിധേനയാണ് പ്രവർത്തിക്കേണ്ടതെന്നും സൂക്ഷ്മമായി മാർഗ്ഗനിർദ്ദേശം നൽകുന്ന ഓറഞ്ച് ബുക്ക് പുറത്തിറക്കിയിട്ടുണ്ട്. കാലാവസ്ഥാ മുന്നറിയിപ്പുകൾ മനസ്സിലാക്കേണ്ട വിധവും ഓരോ മുന്നറിയിപ്പ് അനുസരിച്ചും ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികളും ഇതിൽ ലളിതമായി വിശദീകരിക്കുന്നു. കഴിഞ്ഞ വർഷങ്ങളിലെ പ്രായോഗിക അനുഭവങ്ങളും നിലവിലെ കോവിഡ് സാഹചര്യവും കണക്കിലെടുത്ത് ആവശ്യമായ കാര്യങ്ങൾ ഉൾക്കൊള്ളിച്ച് ഓറഞ്ച് പുസ്തകത്തിന്റെ 2021-ലെ പുതിയ പതിപ്പ് തയ്യാറാക്കിയിട്ടുണ്ട്. ദേശീയ ദുരന്ത പ്രതികരണ സേനയുടെ പ്രാദേശിക ആസ്ഥാനം (Regional Response Centre) നിർമ്മിക്കുവാൻ കൊച്ചിയിൽ 5 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്. NDRF പ്രാദേശിക ആസ്ഥാനം സ്ഥാപിച്ചുകഴിഞ്ഞാൽ സേനകളുടെ ഏകോപനവും ദുരന്ത സമയങ്ങളിലുള്ള വിന്യാസവും കൂടുതൽ സുഗമവും വേഗത്തിലുമാക്കുന്നതിന് സാധിക്കും.

(ബി) പ്രകൃതി ദുരന്തത്തിലും കാലവർഷക്കെടുതിയിലും ജീവനും സ്വത്തിനും നാശം സംഭവിക്കുന്നവർക്കും കുടുംബാംഗങ്ങൾക്കും അർഹമായ നഷ്ടപരിഹാരം സമയബന്ധിതമായി നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. പ്രകൃതി ദുരന്തങ്ങളിൽ ജീവൻ നഷ്ടപ്പെടുന്നവർക്കും അംഗവൈകല്യം സംഭവിക്കുന്നവർക്കും സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരമുള്ള ധനസഹായം അനുവദിക്കാറുണ്ട്. കൂടാതെ, വീടും സ്വത്തുവകകളും നഷ്ടപ്പെട്ടവർക്കും മാനദണ്ഡങ്ങൾക്ക് വിധേയമായി നഷ്ടപരിഹാരം അനുവദിക്കുന്നുണ്ട്. 2021 ഒക്ടോബറിൽ തീവ്രമഴമൂലം നാശനഷ്ടം സംഭവിച്ചവർക്ക് ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ 29-10-2021-ലെ സ.ഉ(കൈ)നമ്പർ 5/2021-ദുനിവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്കും ജീവൻ നഷ്ടപ്പെട്ടവരുടെ അവകാശികൾ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്ന മുറയ്ക്കും ധനസഹായം സമയബന്ധിതമായി വിതരണം ചെയ്യുന്നതാണ്.

**ദുരന്ത പ്രതികരണ നിധി**

241(6460) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പ്രളയക്കെടുതികൾ മൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് ദുരന്ത പ്രതികരണ നിധിയിൽനിന്ന് എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കൂട്ടിക്കൽ വില്ലേജിൽ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും മരണപ്പെട്ട 13 പേരിൽ 6 പേരുടെ അവകാശികൾക്ക് ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള 4 ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. മറ്റ് 6 പേരും ഒരു കുടുംബത്തിലെ തന്നെ അംഗങ്ങളും അവകാശികൾ ആരും അവശേഷിച്ചിട്ടില്ലാത്തതിനാലും ധനസഹായം അനുവദിക്കേണ്ടത് ആർക്കാണ് എന്നത് സംബന്ധിച്ച് വ്യക്തത വരുത്തി എത്രയും വേഗം ധനസഹായം അനുവദിക്കുന്നതാണ്. ബാക്കിയുള്ള ഒരു കേസിൽ മരണപ്പെട്ടയാൾക്ക് കൂടുതൽ അവകാശികളുള്ളതിനാൽ അവകാശികളുടെ സമ്മതപത്രം ലഭ്യമാക്കി തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. വീടുകളുടെ നാശനഷ്ടത്തിന്റെ തോത് നിശ്ചയിക്കുന്നത് ഇക്കാര്യത്തിലേയ്ക്ക് നിയോഗിച്ചിട്ടുള്ള റവന്യൂ ഉദ്യോഗസ്ഥരും LSGD എഞ്ചിനീയറും അടങ്ങിയ ടീമാണ്. പ്രസ്തുത ടീം നാശനഷ്ടത്തിന്റെ തോത് പരിശോധിച്ച് പൂർത്തീകരിച്ചയുടനെ 29-10-2021-ലെ സ.ഉ.(കൈ)നമ്പർ 5/2021/ഡിഎംഡി പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നതാണ്.

(ബി) മഴക്കെടുതിയിൽ തകർന്ന മണ്ഡലത്തിലെ ഗ്രാമീണ റോഡുകളും പാലങ്ങളും അഭിവൃദ്ധിപ്പെടുത്തുന്നതിന് ദുരന്ത പ്രതികരണ നിധിയിൽനിന്നും തുക അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മഴക്കെടുതിയിൽ തകർന്ന ഗ്രാമീണ റോഡുകളും പാലങ്ങളും നന്നാക്കുന്നതിന് അതത് വകുപ്പുകൾ മുഖാന്തരം നടപടി സ്വീകരിച്ചുവരുന്നു. പ്രകൃതി ദുരന്തങ്ങളിൽ നാശനഷ്ടം സംഭവിക്കുന്ന റോഡുകളുടെയും മറ്റ് എടുപ്പുകളുടെയും അടിയന്തര പുനരുദ്ധാരണ പ്രവൃത്തികൾക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധി വിനിയോഗിക്കുന്നതിനും അനുമതി നൽകുന്നതാണ്.

**പ്രകൃതി ദുരന്തത്തിന് ശേഷമുള്ള പുനരധിവാസവും പുനഃനിർമ്മാണവും**

242 (6461) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിലുണ്ടായ പ്രകൃതി ദുരന്തങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രകൃതി ദുരന്തങ്ങളിൽ എത്ര പേരുടെ ജീവൻ നഷ്ടമായെന്നും എത്ര പേർക്ക് വീട് നഷ്ടപ്പെട്ടുവെന്നും എത്ര തുകയുടെ കാർഷിക വിളനാശമാണ് സംഭവിച്ചതെന്നും വിശദമാക്കുമോ?

(എ&ബി) ഈ സർക്കാരിന്റെ കാലയളവിലുണ്ടായ പ്രധാന ദുരന്തം 2021 ഒക്ടോബറിലെ ഉരുൾപൊട്ടലുകളും അതിതീവ്ര മഴയുമാണ്. മഴയെത്തുടർന്നുണ്ടായ പ്രളയത്തിലും മണ്ണിടിച്ചിലിലും 61 പേരുടെ (ഒക്ടോബർ 12 മുതൽ ഒക്ടോബർ 29 വരെ) ജീവൻ നഷ്ടപ്പെടുകയുണ്ടായി. കൂടാതെ 376 വീടുകൾ പൂർണ്ണമായി നശിക്കുകയും 2146 വീടുകൾ ഭാഗികമായി നശിക്കുകയും ചെയ്തിട്ടുണ്ട്. കാർഷിക മേഖല ഉൾപ്പെടെ മറ്റു മേഖലകളിലുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച വിവരശേഖരണം നടന്നു വരികയാണ്.

(സി) ഇവരുടെ പുനരധിവാസത്തിനും പുനർനിർമ്മാണത്തിനുമായി എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

ഒക്ടോബർ മാസത്തിലുണ്ടായ കാലവർഷക്കെടുതിയിലും ഉരുൾപൊട്ടലിലും മരണപ്പെട്ടവരുടെ അവകാശികൾക്കും വീടും സ്ഥലവും പൂർണ്ണമായി നഷ്ടപ്പെട്ടവർക്കും വീടിന് നാശനഷ്ടം ഉണ്ടായവർക്കും ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡം 29-10-2021-ലെ സ.ഉ(കൈ)നം.5/2021/

ഡിഎംഡി പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ജീവഹാനി സംഭവിച്ചവരുടെ അവകാശികൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള 4 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുമുള്ള 1 ലക്ഷം രൂപയും ചേർത്ത് 5 ലക്ഷം രൂപ അനുവദിക്കുന്നു. വീടിന്റെ നാശനഷ്ടത്തോത് 15% മുതൽ 100% വരെ 5 സ്ലാബുകളായി തിരിച്ച് 10,000 രൂപ മുതൽ 4 ലക്ഷം രൂപ വരെ അനുവദിക്കുന്നു. കൂടാതെ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിക്കുന്നതിനുള്ള സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപയും വീടിന്റെ പൂർണ്ണമായ നാശത്തിന് 4 ലക്ഷം രൂപയും ചേർത്ത് 10 ലക്ഷം രൂപയും അനുവദിക്കുന്നു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ നേതൃത്വത്തിൽ നാശനഷ്ടങ്ങൾ വിലയിരുത്തി അർഹമായ ധനസഹായം ദുരന്ത ബാധിതർക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് അർഹരായ എല്ലാ കുടുംബങ്ങൾക്കും/ അവകാശികൾക്കും സമയബന്ധിതമായി ദുരിതാശ്വാസ സഹായം വിതരണം ചെയ്യും. അടിയന്തര ദുരന്ത പ്രതികരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്ന് എല്ലാ ജില്ലകൾക്കും തുക അനുവദിച്ചിട്ടുണ്ട്.

(ഡി) പ്രളയമുൾപ്പെടെയുള്ള പ്രകൃതിക്ഷോഭങ്ങളിലെ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് എത്ര തുക വേണ്ടിവരുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഒക്ടോബറിലുണ്ടായ കാലവർഷക്കെടുതിയിലും ഉരുൾപൊട്ടലിലും സംഭവിച്ച നാശനഷ്ടങ്ങളുടെ വിവരശേഖരണം നടന്നുവരികയാണ്. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ എത്ര തുക വേണ്ടിവരും എന്നത് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

**ഉപഗ്രഹ ഫോണുകളുടെ സേവനം**

243 (6462) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ കളക്ടറേറ്റുകളെയും ദേശീയ, സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളുമായി ഉപഗ്രഹ ഫോൺ മുഖേന ബന്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. VSAT (Lansat), സാറ്റലൈറ്റ് ഫോൺ എന്നിവ വഴി എല്ലാ കളക്ടറേറ്റുകളെയും സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തെയും ബന്ധിപ്പിച്ചിട്ടുണ്ട്.

(ബി) ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലാ കളക്ടർമാരെ കൂടാതെ ഏതൊക്കെ ഉദ്യോഗസ്ഥർക്കാണ് പ്രസ്തുത ഫോണുകളുടെ സേവനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

എല്ലാ ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾക്കുമാണ് ആദ്യഘട്ടത്തിൽ ഉപഗ്രഹ ഫോണുകൾ നൽകിയിരിക്കുന്നത്.

(സി) എല്ലാ താലൂക്ക് ഓഫീസുകളിലും പ്രസ്തുത ഫോണുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

താലൂക്ക് ഓഫീസുകളിൽ നിലവിൽ സാറ്റലൈറ്റ് ഫോണുകളുടെ സേവനം ലഭ്യമല്ല. ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ദുരന്ത സാഹചര്യങ്ങളിൽ ദുരന്ത ബാധിത പ്രദേശങ്ങളിലെ നിയമസഭാ സാമാജികർക്ക് കൂടി പ്രസ്തുത ഫോണുകളുടെ സേവനം താൽക്കാലികമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**പ്രകൃതി ദുരന്തങ്ങൾ കൂടിവരുന്നതിന്റെ കാരണങ്ങൾ സംബന്ധിച്ച പഠനം**

244(6463) ശ്രീ. പി. ടി. തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയവും ഉരുൾപൊട്ടലും മണ്ണൊലിപ്പും അടക്കമുള്ള പ്രകൃതി ദുരന്തങ്ങൾ കൂടിവരുന്നതിന്റെ കാരണങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

സംസ്ഥാനത്ത് 2018-ൽ ഉണ്ടായ അതിതീവ്ര മഴയും അതിനെ തുടർന്നുള്ള വെള്ളപ്പൊക്കവും ഉരുൾപൊട്ടലും ഉണ്ടായതിനുള്ള കാരണത്തെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനും ദുരന്ത ലഘൂകരണത്തിനുമായി പ്രസ്തുത പഠനങ്ങളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ സജ്ജീകരണങ്ങളും സംവിധാനങ്ങളുമാണ് ഒരുക്കിയിട്ടുള്ളതെന്നും എന്തൊക്കെ സജ്ജീകരണങ്ങളും സംവിധാനങ്ങളുമാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) പ്രളയവും ഉരുൾപൊട്ടലും കൂടിവരുന്ന പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ദുരന്ത നിവാരണ സംവിധാനം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

(ബി&സി) കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന അതിതീവ്ര മഴ കേരളത്തിൽ വലിയ പ്രതിസന്ധികൾ സൃഷ്ടിക്കുകയാണ്. അതിതീവ്ര മഴയെ നിയന്ത്രിക്കുക അസാദ്ധ്യമായതിനാൽതന്നെ അതുമൂലമുണ്ടാകുന്ന ദുരന്ത സാദ്ധ്യതകളെ പരമാവധി ലഘൂകരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് സർക്കാർ നടപ്പാക്കുന്നത്. മഴക്കാല മുന്നൊരുക്കങ്ങളുടെ ഭാഗമായി സ്റ്റേറ്റ് റിലീഫ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ മുഴുവൻ വകുപ്പുകളുടെയും ദേശീയ-സംസ്ഥാന രക്ഷാസേനകളുടെയും യോഗം വിളിച്ച് ചേർത്ത് സ്ഥിതിഗതികൾ അവലോകനം ചെയ്തു. തയ്യാറെടുപ്പിന്റെ ഭാഗമായി സംസ്ഥാനത്ത് ആവശ്യമായ കേന്ദ്ര സേനകളുടെ വിന്യാസം പ്രസ്തുത യോഗത്തിലൂടെ ബന്ധപ്പെട്ടവരെ അറിയിച്ചു. മുഴുവൻ വകുപ്പുകൾക്കും ദുരന്ത ലഘൂകരണ പ്രതിരോധ, പ്രതികരണ പ്രവർത്തനങ്ങൾക്കായി സുവ്യക്തമായ ഒരു മാർഗ്ഗരേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ഓറഞ്ച് ബുക്ക് സംസ്ഥാനത്തെ ഓരോ സർക്കാർ വകുപ്പുകളും രക്ഷാസേനകളും പൊതുജനങ്ങളും എങ്ങനെയാണ് മഴക്കാലത്തിന് തയ്യാറെടുക്കേണ്ടതെന്നും ഒരു ദുരന്ത സാഹചര്യമുണ്ടായാൽ ഏത് വിധേനയാണ് പ്രവർത്തിക്കേണ്ടതെന്നും സൂക്ഷ്മമായി മാർഗ്ഗനിർദ്ദേശം നൽകുന്ന ഒരു കൈപ്പുസ്തകമാണ് ഓറഞ്ച് ബുക്ക്. വിവിധങ്ങളായ കാലാവസ്ഥാ മുന്നറിയിപ്പുകൾ മനസ്സിലാക്കേണ്ട വിധവും ഓരോ മുന്നറിയിപ്പനുസരിച്ചും ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികളും ലളിതമായി വിശദീകരിക്കുന്നു. കഴിഞ്ഞ വർഷങ്ങളിലെ പ്രായോഗിക അനുഭവങ്ങളും നിലവിലെ സംസ്ഥാനത്തെ കോവിഡ് സാഹചര്യവും കണക്കിലെടുത്തുകൊണ്ടാണ് 2021-ലെ പുതിയ പതിപ്പ് തയ്യാറാക്കിയിട്ടുള്ളത്.

<u>ദുരന്ത നിവാരണ പ്ലാനുകൾ- പ്രളയ സാധ്യത ഭൂപടങ്ങൾ-</u> പ്രളയം ഉൾപ്പടെയുള്ള പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനായി സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ പ്ലാനുകൾക്ക് പുറമെ കേരളത്തിൽ പ്രാദേശികാടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനതല പ്ലാനുകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പ്രളയ സാദ്ധ്യതാ ഭൂപടം പൊതുജനങ്ങൾക്ക് പരിശോധനയ്ക്കും മറ്റുമായി നേരത്തെതന്നെ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ മുൻവർഷങ്ങളിലെ പ്രളയ അനുഭവങ്ങളുടെകൂടി പശ്ചാത്തലത്തിൽ ഇത് പുതുക്കുന്നതിനായി കേന്ദ്ര ജല കമ്മീഷനിൽ സംസ്ഥാനം നിരന്തരം സമ്മർദ്ദം ചെലുത്തിവരുന്നു. കൂടാതെ സംസ്ഥാന ഇടിമിന്നൽ ആക്ഷൻ പ്ലാൻ, സ്കൂൾ സുരക്ഷാ കൈപ്പുസ്തകം, ആശുപത്രി സുരക്ഷാ മാർഗ്ഗരേഖ, ഉഷ്ണകാല ദുരന്ത ലഘൂകരണ മാർഗ്ഗരേഖ തുടങ്ങിയവയും ആവിഷ്കരിച്ചിട്ടുണ്ട്.

<u>നദികളിലെ എക്കലും മണലും നീക്കം ചെയ്യൽ-</u> നദികളിൽ വന്നടിഞ്ഞിട്ടുള്ള എക്കലും മണലും നീക്കം ചെയ്യുന്നതിനും നദികളെയും മറ്റ് ജലാശയങ്ങളെയും പുനരുജ്ജീവിപ്പിക്കുന്നതിനും റിവർ മൗത്തുകളുടെ വീതി വർദ്ധിപ്പിക്കുന്നതിനും പൊഴി മുറിക്കുന്നതിനും മഴക്കാല മുന്നൊരുക്കങ്ങളുടെ ഭാഗമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രളയ സാഹചര്യങ്ങളിൽ നെതർലൻഡ്സ് മാതൃകയിൽ റൂം ഫോർ റിവർ പദ്ധതി നടപ്പിലാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ നഗരങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കാനുള്ള നടപടികളും പുരോഗമിക്കുകയാണ്.

<u>മുന്നറിയിപ്പ് സംവിധാനം-</u> രാജ്യത്ത് പ്രളയ മുന്നറിയിപ്പ് സംവിധാനം സ്ഥാപിക്കുന്നതിന് ഉത്തരവാദിത്വപ്പെട്ട ഏജൻസി കേന്ദ്ര ജലകമ്മീഷനാണ്. സംസ്ഥാന സർക്കാരുമായി സഹകരിച്ചുകൊണ്ട് 30 നദികളിലായി കേന്ദ്ര ജലകമ്മീഷന്റെ 39 സ്റ്റേഷനുകളിലെ വിവരങ്ങൾ നമുക്കിന്ന് ലഭ്യമാണ്. ഇതുകൂടാതെ സംസ്ഥാന ജലസേചന വകുപ്പിന് കീഴിലും ഇത്തരത്തിലുള്ള നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ കാലാവസ്ഥാ പ്രവചനം മെച്ചപ്പെടുത്താൻ 100 ഓട്ടോമേറ്റഡ് കാലാവസ്ഥ മാപിനികൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. കാലാവസ്ഥാ വകുപ്പിന്റെ സേവനങ്ങളോടൊപ്പം തന്നെ മറ്റ് സ്വകാര്യ ഏജൻസികളുടെയും ഈ മേഖലയിലുള്ള സേവനങ്ങൾ ഒരു വർഷത്തേയ്ക്ക് പരീക്ഷണാടിസ്ഥാനത്തിൽ ദുരന്ത നിവാരണ അതോറിറ്റിക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ ഏജൻസികളുടെ പ്രവചനങ്ങളുടെ ഗുണമേന്മയും കൃത്യതയും വിദഗ്ദ്ധ സമിതി പഠനവിധേയമാക്കി വരികയാണ്. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ തുടർനടപടികൾ സ്വീകരിക്കും. ഇവ കൂടാതെ അന്താരാഷ്ട്ര ഏജൻസികളുടെ സഹകരണത്തോടെ നമ്മുടെ നദികളിലെ പ്രളയസാദ്ധ്യത പ്രളയമോഡലിംഗ് പ്രവർത്തനങ്ങളിലൂടെ കണ്ടെത്താനുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി NCRMP പ്രോജക്ടിന്റെ ഭാഗമായി വിപുലമായ മുന്നറിയിപ്പ് സംവിധാനം സ്ഥാപിച്ചുവരികയാണ്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കുന്ന 'സുരക്ഷയാനം' മൊബൈൽ ആപ്ലിക്കേഷനും ദുരന്ത മുന്നറിയിപ്പ് ജനങ്ങളിലേയ്ക്ക്

എത്തിക്കുന്നതിൽ നിർണ്ണായകമാകും. അണക്കെട്ടുകളുടെ പരിപാലനവും ദുരന്ത നിവാരണ പ്രവർത്തനങ്ങളും കാലവർഷമുന്നൊരുക്കങ്ങളുടെ ഭാഗമായി അണക്കെട്ടുകളുടെ പ്രവർത്തനങ്ങൾ നിരന്തരം നിരീക്ഷിച്ച് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനുമായി റൂൾകർവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. റവന്യൂ ദുരന്തനിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായുള്ള റൂൾ കർവ് കമ്മിറ്റിയിൽ ജലവിഭവം, ഊർജ്ജ വകുപ്പ് സെക്രട്ടറിമാരും ജില്ലാകളക്ടർമാരും മറ്റു വിദഗ്ധരും അംഗങ്ങളാണ്. ഒരു വർഷത്തിൽ, കാലാവസ്ഥയുടെ മാറ്റങ്ങൾക്കനുസരിച്ച്, അണക്കെട്ടിൽ സൂക്ഷിക്കാവുന്ന പരമാവധി ജലത്തിന്റെ അളവ് രേഖപ്പെടുത്തുവാനാണ് റൂൾ കർവ് സജ്ജീകരിക്കുന്നത്. 200 ദശലക്ഷം മീറ്റർ ക്യൂബിൽ കൂടുതൽ സംഭരണ ശേഷിയുള്ള ജലസംഭരണികളിലാണ് റൂൾ കർവ് നിയന്ത്രണങ്ങൾ പ്രധാനമായും പാലിക്കപ്പെടേണ്ടത്. കെ.എസ്.ഇ.ബി.-യുടെ നാല് അണക്കെട്ടുകളും (ഇടുക്കി, ഇടമലയാർ, കക്കി, ബാണാസുര), ജലസേചന വകുപ്പിന്റെ രണ്ട് അണകെട്ടുകളും (കല്ലട, മലമ്പുഴ) ഇതിൽ ഉൾപ്പെടുന്നു. 200 ദശലക്ഷം മീറ്റർ ക്യൂബ് സംഭരണശേഷിക്കുതാഴെ വരുന്ന അണകെട്ടുകളിൽ മുന്നറിയിപ്പിനായി അലെർട്ട് സംവിധാനമാണ് സജ്ജീകരിച്ചിട്ടുള്ളത്. നീല, ഓറഞ്ച്, ചുവപ്പ് എന്നിവയാണ് ഈ അലെർട്ടുകൾ. കാലാവസ്ഥയുടെ തുടർച്ചയായ മാറ്റങ്ങൾക്കനുസരിച്ച് സംസ്ഥാനത്തെ അണക്കെട്ടുകളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുവാനും പുറത്തേയ്ക്ക് ഒഴുക്കി വിടുന്ന ജലത്തിന്റെ അളവ് സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുവാനും അതുവഴി പ്രളയസാധ്യതകളെ മറികടക്കുവാനും റൂൾ കർവ് കമ്മിറ്റിയുടെ കാര്യക്ഷമമായ മേൽനോട്ടത്തിലൂടെ സാധിച്ചിട്ടുണ്ട്.

<u>രക്ഷാപ്രവർത്തനം-</u> പ്രളയ സാഹചര്യങ്ങളിൽ കേന്ദ്ര സേനകൾ മുൻകൂറായി വിന്യസിക്കാൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഹെലികോപ്റ്റർ ഇറക്കാൻ സാധിക്കുന്ന 194 സ്ഥലങ്ങൾ കണ്ടെത്തുകയും അവ വ്യോമസേനയ്ക്ക് കൈമാറുകയും ചെയ്തു. പോലീസ്, ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ് എന്നിവയെ ഇത്തരം സാഹചര്യങ്ങൾ നേരിടാൻ സജ്ജമാക്കി. ഇതുകൂടാതെ മൂന്നര ലക്ഷം സന്നദ്ധപ്രവർത്തകരുടെ സന്നദ്ധ സേനയുണ്ടാക്കി. പ്രത്യേക പരിശീലനം നൽകിയ വോളണ്ടിയർമാരെ സജ്ജരാക്കി കേന്ദ്ര പദ്ധതിയായ ആപ്ദാ മിത്ര രാജ്യത്താദ്യമായി മാതൃകാപരമായി നടപ്പാക്കാൻ കഴിഞ്ഞു. ഇതിന്റെ ഭാഗമായി കോട്ടയം ജില്ലയിൽ 200 സന്നദ്ധപ്രവർത്തകർക്ക് പരിശീലനം നൽകി. മറ്റ് ജില്ലകളിൽകൂടി 4300 സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം നൽകുവാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഫയർ ആൻഡ് റെസ്ക്യൂ സർവീസസിന്റെ നേതൃത്വത്തിൽ ശക്തമായ സിവിൽ ഡിഫൻസ് സംവിധാനവും രൂപീകരിച്ചിട്ടുണ്ട്.

കടലാക്രമണം: ദുരന്ത തയ്യാറെടുപ്പ്, പ്രതികരണ, പുനരധിവാസം. കേരളത്തിൽ ഏറ്റവും ഉയർന്ന ജനസാന്ദ്രതയുള്ളവയാണ് തീരപ്രദേശങ്ങൾ. ദേശീയ തലത്തിൽ തീരശോഷണം ഒരു അംഗീകൃത ദുരന്തമായി കണക്കാക്കുന്നില്ലെങ്കിലും കേരളത്തിൽ തീരശോഷണം ഒരു സംസ്ഥാന സവിശേഷ ദുരന്തമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതനുസരിച്ച് കടലാക്രമണം രൂക്ഷമാകുന്ന ഘട്ടങ്ങളിൽ അടിയന്തര ഇടപെടലുകൾക്കായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അദ്ധ്യക്ഷന്മാർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധി ഉപയോഗിക്കാവുന്നതാണ്. നടപ്പ് വർഷം കടലാക്രമണത്തെ പ്രതിരോധിക്കുന്നതിനായി അടിയന്തര സാഹചര്യത്തിൽ ജിയോ ബാഗുകൾ, മണൽച്ചാക്കുകൾ തുടങ്ങിയ താൽക്കാലിക പരിഹാരമാർഗ്ഗങ്ങൾ ഒരുക്കുന്നതിനായി ഒരു പഞ്ചായത്തിന് പരമാവധി 4 ലക്ഷം രൂപ, മുനിസിപ്പാലിറ്റിക്ക് 5 ലക്ഷം രൂപ, കോർപ്പറേഷന് 7 ലക്ഷം രൂപ എന്നിങ്ങനെ തുക വിനിയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ തീരസംരക്ഷണത്തിനായി ടെട്രാപോഡുകൾ ഉപയോഗിക്കാനും തീരുമാനിച്ചിട്ടുണ്ട്.

## ഡിസ്ട്രിക്ട് എമർജൻസി ഓപ്പറേഷൻ സെന്ററുകൾ

245 (6464) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിയന്തര ദുരന്ത സാഹചര്യങ്ങളിൽ ജില്ലാതല കൺട്രോൾ റൂമുകൾ ആയി പ്രവർത്തിക്കാൻ ഡിസ്ട്രിക്ട് എമർജൻസി ഓപ്പറേഷൻ സെന്ററുകൾ തയ്യാറാക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ പ്രസ്തുത സംവിധാനത്തിലൂടെ 2021 ഒക്ടോബർ 16-നുണ്ടായ പ്രകൃതിക്ഷോഭത്തെ പ്രതിരോധിക്കുന്നതിനും രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ അന്നേ ദിവസം നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

കോട്ടയം, ഇടുക്കി ജില്ലകളിൽ ഉരുൾപൊട്ടൽ റിപ്പോർട്ട് ചെയ്ത 16-10-2022-നുതന്നെ പ്രാദേശിക രക്ഷാപ്രവർത്തനവും സഹായവും ലഭ്യമാക്കുന്നതിന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ നേതൃത്വം നൽകി. കൂട്ടിക്കൽ മേഖലയിൽ ഒറ്റപ്പെട്ടുപോയ ആളുകളെ ഹെലികോപ്റ്റർ ഉപയോഗിച്ച് രക്ഷാപ്രവർത്തനം നടത്തണമെന്ന് വ്യോമസേന ചീഫ് കമ്മാണ്ടറോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ കാലാവസ്ഥ മോശം ആയതിനാൽ ഹെലികോപ്റ്റർ പറത്തുവാൻ സാദ്ധ്യമല്ലായെന്ന് അറിയിക്കുകയാണുണ്ടായത്. അന്നേ ദിവസം വൈകുന്നേരം

4 മണിക്ക് കേന്ദ്ര കാലാവസ്ഥാ കേന്ദ്രം 6 ജില്ലകളിൽ റെഡ് ആർട്ട് പ്രഖ്യാപിച്ച് മുന്നറിയിപ്പ് നൽകിയതിന്റെ വെളിച്ചത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾ തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ട്. കൂടാതെ, ജില്ലാ ദുരന്തനിവാരണ അതോറിറ്റികളുടെ നേതൃത്വത്തിൽ അതത് ജില്ലകളിലെ ജല സംഭരണികളിലെ ജലനിരപ്പ് സൂക്ഷ്മമായി നിരീക്ഷിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. 3 ജില്ലകളിലും അടിയന്തരമായി മാറ്റിപ്പാർപ്പിക്കേണ്ടവർക്കായി ക്യാമ്പുകളും സജ്ജമാക്കി. കോട്ടയം ജില്ലയിലേയ്ക്ക് പാങ്ങോട് മിലിറ്ററി ക്യാമ്പിൽനിന്ന് കരസേനയുടെ ഒരു സംഘത്തെ രക്ഷാപ്രവർത്തനങ്ങൾക്കായി വിട്ടുനൽകി. രക്ഷാപ്രവർത്തനത്തിന് വ്യോമസേനയുടെ (എയർ ഓഫീസർ ഇൻ കമാൻഡ്, സതേൺ എയർ കമാൻഡ്, തിരുവനന്തപുരം) രണ്ട് ഹെലികോപ്റ്ററുകളുടെ സേവനം പ്രയോജനപ്പെടുത്തുകയും കൂട്ടിക്കൽ ഗ്രാമത്തിൽ ഭക്ഷണപ്പൊതികൾ എയർഡ്രോപ്പ് ചെയ്യുകയുമുണ്ടായി. ഇടുക്കിയിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പിൽനിന്നും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽനിന്നും ലഭ്യമാക്കിയ മുന്നറിയിപ്പുകളുടെ പശ്ചാത്തലത്തിൽ ജില്ലാ എമർജൻസി ഓപ്പറേഷൻസ് സെന്റർ മുഖേന ബന്ധപ്പെട്ട വകുപ്പുകൾക്ക് സമയബന്ധിതമായി നൽകിയിട്ടുണ്ട്. അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ റവന്യൂ, പോലീസ്, ഫയർഫോഴ്സ്, ഇറിഗേഷൻ, സോയിൽ സർവ്വേ, മൈനിംഗ് ആൻഡ് ജിയോളജി തുടങ്ങിയ വകുപ്പുകളിൽനിന്നും ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്കായി നിയമിച്ചിരുന്നു. ജില്ലയിൽ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന വിവിധ സേനാ വിഭാഗങ്ങളിലെയും എൻ.ഡി.ആർ.എഫ്.-ലെയും ഉദ്യോഗസ്ഥരെയും ഏകോപിപ്പിച്ച് ആവശ്യമായ സേവനം ഉറപ്പുവരുത്തുകയും ചെയ്തു. പത്തനംതിട്ട ജില്ലയിൽ 2021 ഒക്ടോബർ 16-ന് റെഡ് അലെർട്ട് പ്രഖ്യാപിക്കുകയും അതി തീവ്രമഴയ്ക്കും ശക്തമായ കാറ്റിനുമുള്ള മുന്നറിയിപ്പ് പുറപ്പെടുവിക്കുകയും സന്ദേശം പത്ര-ദൃശ്യ-ശ്രവ്യ-സാമൂഹ്യ മാധ്യമങ്ങളിലും ജില്ലാ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുകയും ചെയ്തു. ജില്ലാ അടിയന്തര ഘട്ട കാര്യ നിർവ്വഹണ കേന്ദ്രവും താലൂക്ക് കൺട്രോൾ റൂമുകളും 24x7 രീതിയിൽ പ്രവർത്തിക്കുകയും സ്ഥിതിഗതികൾ ബന്ധപ്പെട്ട വകുപ്പുകളുടെ വാട്ട്സ് ആപ് കൂട്ടായ്മയിലൂടെ നിരന്തരം അവലോകനം നടത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. താഴ്ന്ന പ്രദേശങ്ങളിലും മണ്ണിടിച്ചിൽ സാദ്ധ്യതയുള്ള പ്രദേശങ്ങളിലുമുള്ളവരെ അടിയന്തിരമായി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. പോലീസ്, അഗ്നി രക്ഷാ വകുപ്പ്, ദേശീയ ദുരന്ത പ്രതികരണ സേന എന്നിവരുടെ സഹായത്തോടെ രക്ഷാ പ്രവർത്തനം, ഒഴിപ്പിക്കൽ എന്നിവ അടിയന്തരമായി പൂർത്തിയാക്കി. റവന്യൂ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ

സഹായത്തോടെ മാറ്റിപ്പാർപ്പിക്കേണ്ടി വന്നവർക്കായി ക്യാമ്പുകൾ സജ്ജമാക്കി. ജില്ലാ മെഡിക്കൽ ഓഫീസ്, ജില്ലാ മൃഗസംരക്ഷണ വകുപ്പ് എന്നിവരുടെ സഹായത്തോടെ മനുഷ്യരുടെയും മൃഗങ്ങളുടെയും ആരോഗ്യ പരിപാലനവും ഉറപ്പുവരുത്തി.

(സി) പ്രസ്തുത ദിവസം ദുരന്തസ്ഥലങ്ങളിൽ പ്രതികരണ സംവിധാനങ്ങൾക്ക് എത്തിച്ചേരാൻ സാധിക്കാതിരുന്നത് സംസ്ഥാനത്തെ ദുരന്തനിവാരണ സംവിധാനത്തിന്റെ പരാജയമായി വിലയിരുത്തുന്നുണ്ടോ; പ്രസ്തുത പാളിച്ചകൾ പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഇല്ല. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മഴ മുന്നറിയിപ്പുകൾക്ക് അനുസരിച്ചാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ദുരന്ത പ്രതികരണ തയ്യാറെടുപ്പുകൾ ആരംഭിക്കുന്നത്. പ്രാദേശിക ദുരന്ത പ്രതികരണ സേനകൾക്കും (ഫയർ ഫോർഴ്സ്, പോലീസ്) പരിശീലനം നേടിയ രക്ഷാപ്രവർത്തകർക്കും സിവിൽ ഡിഫൻസ്, ആപ്ത മിത്ര, സന്നദ്ധസേന എന്നിവർക്കും കൃത്യമായി മുന്നറിയിപ്പുകൾ നൽകുകയും ബന്ധപ്പെട്ട പ്രദേശങ്ങളിൽ രക്ഷാപ്രവർത്തനത്തിനായി എത്തിക്കുകയും ചെയ്തിട്ടുണ്ട്. മഴ ശക്തിപ്പെടുന്ന സാഹചര്യം മനസ്സിലാക്കി നേരത്തെ തന്നെ സംസ്ഥാനം വ്യോമസേനയുടെയും നാവികസേനയുടെയും കരസേനയുടെയും സഹായം തേടിയിരുന്നു. ദേശീയ ദുരന്ത നിവാരണ സേനയുടെ അധിക സംഘങ്ങളെയും സമയോചിതമായി ആവശ്യപ്പെട്ടു. സാധാരണ ലഭ്യമായ സേനകളെ ഉയർന്ന അലെർട്ടുകൾ ഉള്ള ജില്ലകളിലും ഇടുക്കി, വയനാട് തുടങ്ങിയ ഏറ്റവും ദുരന്ത സാധ്യതയുള്ള ജില്ലകളിലുമാണ് വിന്യസിച്ചത്. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ ഏറ്റവും ഉയർന്ന മുന്നറിയിപ്പ് അതിതീവ്ര മഴയ്ക്കുള്ള സാദ്ധ്യതയും ചുവപ്പ് അലെർട്ടുമാണ്. അതിശക്തമായ മഴയ്ക്ക് സാദ്ധ്യതയുള്ള ഓറഞ്ച് അലെർട്ടും വളരെ ഗൗരവമുള്ള അലെർട്ട് ആയിട്ടാണ് സംസ്ഥാനം പരിഗണിക്കുന്നത്. ഓറഞ്ച്-റെഡ് അലെർട്ടുകൾ പ്രഖ്യാപിക്കപ്പെടുന്ന ജില്ലകളിലാണ് കേന്ദ്ര സേനകളെ മുൻകൂറായി സജ്ജമാക്കി വയ്ക്കുകയും ആളുകളെ ക്യാമ്പുകളിലേയ്ക്ക് മുൻകൂറായി മാറ്റുകയും ചെയ്യാറുള്ളത്. ഓറഞ്ച് അലെർട്ട് ഉള്ള ജില്ലകളിൽ ക്യാമ്പുകൾ സജ്ജമാക്കി വയ്ക്കാനും സജ്ജമാക്കി വച്ചിരിക്കുന്ന ക്യാമ്പുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ ഏറ്റവും അപകട സാദ്ധ്യതയുള്ള ജനങ്ങളെ അറിയിക്കാനുമുള്ള നിർദ്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ഭരണകൂടങ്ങൾക്കും കൃത്യമായി എല്ലാ ദിവസത്തെയും മുന്നറിയിപ്പിനോടൊപ്പം നൽകിയിട്ടുള്ളതാണ്. എന്നാൽ ആളുകളെ നിർബന്ധപൂർവം ഒഴിപ്പിക്കേണ്ടത് ചുവപ്പ് അലെർട്ട് പ്രഖ്യാപിച്ച ജില്ലകളിലാണ്. ഒക്ടോബർ 16-ന് പകൽ 10 മണി വരെ കേന്ദ്ര കാലാവസ്ഥാ വകുപ്പ് കേരളത്തിലെവിടെയും ചുവപ്പ് അലെർട്ട് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നില്ല. ഒക്ടോബർ

15-ന് ഉച്ചയ്ക്ക് 1 മണിക്ക് കേന്ദ്ര കാലാവസ്ഥ വകുപ്പ് പുറപ്പെടുവിച്ച മുന്നറിയിപ്പ് പ്രകാരം ഒക്ടോബർ 16-ന് കോഴിക്കോട്, മലപ്പുറം ജില്ലകളിൽ മാത്രമാണ് ഓറഞ്ച് അലെർട്ട് ഉണ്ടായിരുന്നത്. കോട്ടയം ജില്ലയിൽ സാധാരണ മഴ മാത്രം ലഭിക്കുന്ന ഗ്രീൻ അലെർട്ട് മാത്രമാണുണ്ടായിരുന്നത്. അതിനാൽ മുൻകൂറായി ലഭ്യമായ 6 സംഘം ദേശീയ ദുരന്ത നിവാരണ സേനയെ കേന്ദ്ര കാലാവസ്ഥ വകുപ്പ് ഓറഞ്ച് അലെർട്ട് പ്രഖ്യാപിച്ച ജില്ലകളിലേയ്ക്കും മുൻ വർഷങ്ങളിൽ കൂടുതൽ അപകടങ്ങളുണ്ടായ ജില്ലകളിലേയ്ക്കും വിന്യസിക്കുകയാണ് ചെയ്തത്. ഒക്ടോബർ 13-നുശേഷം കേരളത്തിൽ പൊതുവെ മഴ വളരെ കുറവായിരുന്നതിനാലും ഒക്ടോബർ 16-ന് മഞ്ഞ അലെർട്ട് ഉണ്ടായിരുന്ന ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിലും പൊതുവെ അപകട സാധ്യത കൂടുതലുള്ള പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലുമായി സേനയെ വിന്യസിച്ചിരുന്നു. സമീപ ജില്ലകളിൽ അനിഷ്ട സംഭവങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ അങ്ങോട്ട് എത്താൻ കൂടി സാധിക്കുന്ന രീതിയിലാണ് കേന്ദ്ര സേനകളെ സജ്ജമാക്കിയിരുന്നത്. ഒക്ടോബർ 15-ന് പകൽ സമയത്ത് പൊടുന്നനെ അതിതീവ്രമായ മഴ കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളുടെ മലയോര മേഖലകളിൽ ഉണ്ടായതിനെത്തുടർന്നാണ് അപ്രതീക്ഷിത ദുരന്തങ്ങൾ സംഭവിച്ചത്. കൂട്ടിക്കലിലും കൊക്കയാറിലും ഉരുൾപൊട്ടിയ വിവരം ലഭിച്ച ഉടനെ തന്നെ പോലീസ്, അഗ്നിശമന രക്ഷാസേന, റവന്യൂ-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ വകുപ്പുകളിലെ ജീവനക്കാരും ജനപ്രതിനിധികളടക്കമുള്ള മുഴുവൻ സർക്കാർ സംവിധാനവും ജനങ്ങളോടൊപ്പം കൈകോർത്തുകൊണ്ടുള്ള രക്ഷാപ്രവർത്തനമാണ് നടന്നത്. 7 യൂണിറ്റ് അഗ്നിശമനസേന രക്ഷാപ്രവർത്തനത്തിനെത്തിയിരുന്നു. ജില്ലകളിൽ മുൻകൂട്ടി തയ്യാറാക്കിവച്ചിരുന്ന കേന്ദ്ര സേനകളെയും കൂടുതലായി സംസ്ഥാന പോലീസ്, അഗ്നിശമന രക്ഷാ സേനകളെയും എത്തിക്കാനുള്ള ശ്രമങ്ങൾ ഉടനടി ആരംഭിച്ചിരുന്നു. അതിശക്തമായ മലവെള്ളപ്പാച്ചിൽമൂലം സേനകളുടെ വാഹനങ്ങൾക്ക് യാത്ര ചെയ്യാൻ പറ്റാത്ത രീതിയിൽ റോഡുകൾ മുങ്ങി പോവുകയും നദികൾ കുത്തിയൊലിച്ചൊഴുകുകയും ചെയ്യുന്ന സ്ഥിതിയുണ്ടായി. ഇത്തരത്തിൽ പ്രതികൂല കാലാവസ്ഥ രക്ഷാപ്രവർത്തനത്തിനെത്താൻ സാങ്കേതിക തടസ്സങ്ങളുണ്ടാക്കി. എങ്കിലും പോലീസും അഗ്നിശമന സേനയും റവന്യൂ-പഞ്ചായത്ത് ഉദ്യോഗസ്ഥരും നാട്ടുകാരും ചേർന്ന് അപകടത്തിൽപ്പെട്ടവരെ രക്ഷപ്പെടുത്താനും കാണാതായവർക്കുവേണ്ടിയുള്ള തിരച്ചിലും അടിയന്തിരമായി ആരംഭിച്ചു. കാലാവസ്ഥ ചെറുതായി മെച്ചപ്പെട്ട ഉടനെതന്നെ കരസേനയുൾപ്പെടെയുള്ള മറ്റ് കേന്ദ്ര സേനകളെ അവിടെ എത്തിക്കാനും 24 മണിക്കൂറിനകംതന്നെ അപകടത്തിൽപ്പെട്ടവരിൽ ബഹുഭൂരിപക്ഷം ആളുകളുടെയും മൃതദേഹം കണ്ടെടുക്കാനും സാധിച്ചു.

**പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾ**

246 (6465) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയാനന്തര പുനർനിർമ്മാണം നടത്തുന്ന വേളയിൽ പ്രകൃതി ദുരന്തങ്ങളെ കാര്യക്ഷമമായി ചെറുത്ത രാജ്യങ്ങളുടെ അനുഭവപാഠങ്ങൾ കണക്കിലെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ?

പ്രകൃതിദുരന്തങ്ങളെ കാര്യക്ഷമമായി ചെറുത്ത രാജ്യങ്ങളുടെ അനുഭവപാഠങ്ങൾ ഉൾക്കൊണ്ട് ഉചിതവും അനുയോജ്യവുമായ രീതികൾ സംസ്ഥാനത്ത് അവലംബിച്ചിട്ടുണ്ട്.

(ബി) ഏതൊക്കെ തലത്തിലാണ് പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾ ആവിഷ്കരിക്കുന്നതെന്നും അതിനായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

പ്രളയദുരന്തത്തെ വെല്ലുവിളിയായിക്കണ്ട് ഒരു നവകേരളം പടുത്തുയർത്തുന്നതിനും അതുവഴി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമായുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങളാണ് സർക്കാർ ഏറ്റെടുത്ത് നടപ്പാക്കി വരുന്നത്. 2018-ലുണ്ടായ പ്രളയത്തെത്തുടർന്ന്, ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതിദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്നവിധം കരുത്തോടെയും പ്രകൃതിസൗഹാർദ്ദപരമായും കേരളത്തെ പുനർനിർമ്മിക്കുക എന്ന ലക്ഷ്യത്തോടെയാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് രൂപം നൽകിയത്. കേരളം അഭിമുഖീകരിച്ച പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പാക്കുക, പ്രവർത്തനങ്ങളിലെ കാര്യക്ഷമതയില്ലുള്ള പോരായ്മകൾ പരിഹരിച്ച് കൂടുതൽ പ്രവർത്തനക്ഷമമായ കേരളം സൃഷ്ടിക്കുക, പ്രകൃതി ദുരന്തത്തിൽ നാശനഷ്ടം നേരിട്ട ആസ്തികൾ ഭാവിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യകളിലൂന്നിയും പാരിസ്ഥിതിക സൗഹാർദ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും സമയബന്ധിതമായി പുനരുദ്ധരിക്കുകയോ പുനർ നിർമ്മിക്കുകയോ ചെയ്യുക എന്നിങ്ങനെയുള്ള വിശാലമായ കാഴ്ചപ്പാടിന്റെ

അടിസ്ഥാനത്തിലാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. 2018-ലെ പ്രളയാനന്തരം, അന്താരാഷ്ട്ര ഏജൻസികളുടെ സഹായത്തോടെ നടത്തിയ പഠനമായ പി.ഡി.എൻ.എ. (Post Disaster Needs Assessment)-യുടെ നിർദ്ദേശങ്ങൾകൂടി പരിഗണിച്ച് ആർ.കെ.ഐ.-യുടെ നേതൃത്വത്തിൽ അതിജീവനക്ഷമതയുള്ള പരിസ്ഥിതി സൗഹാർദ്ദമായ കേരള പുനർനിർമ്മാണത്തിന്റെ അടിസ്ഥാന രേഖയെന്ന നിലയിൽ കേരള പുനർനിർമ്മാണ വികസന പദ്ധതി (RKDP) തയ്യാറാക്കിയിട്ടുണ്ട്. രാജ്യാന്തര ഫണ്ടിംഗ് ഏജൻസികളിൽനിന്നുൾപ്പെടെ ധനസമാഹരണം നടത്തിക്കൊണ്ടാണ് ഈ പദ്ധതികൾ നടപ്പാക്കുന്നത്. നടപടിക്രമങ്ങൾ ലഘൂകരിച്ച് പദ്ധതികളുടെ വിവിധഘട്ടങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച്, കഴിവതുംവേഗം നിർവ്വഹണത്തിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്. വികസന ആശയങ്ങൾ രൂപപ്പെടുത്തുക, നിശ്ചിത മാനദണ്ഡങ്ങൾക്കും വിലയിരുത്തലുകൾക്കും വിധേയമായി പ്രസ്തുത ആശയങ്ങളിൽനിന്നും നിർവ്വഹണയോഗ്യമായവ തെരഞ്ഞെടുത്ത് വിശദമായ പദ്ധതി രേഖയും സമയക്രമവും നിശ്ചയിച്ച് സമയബന്ധിതമായ നിർവ്വഹണം ഉറപ്പാക്കാനാകുന്ന ഏജൻസികൾ വഴി, അതത് വകുപ്പുകളുടെ നേതൃത്വത്തിൽത്തന്നെ നടപ്പിലാക്കുക എന്നതാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നിർവ്വഹണ സമീപനം. 12 വകുപ്പുകളിലായി 7797.14 കോടി രൂപയുടെ പദ്ധതികൾക്ക് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇവയിൽ ഹ്രസ്വകാല പദ്ധതികളും ദീർഘകാല പദ്ധതികളുമുണ്ട്. 5271.88 കോടി രൂപയുടെ പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. ഇതുവരെ, 658.9 കോടി രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ ഏറ്റെടുക്കാൻ തീരുമാനിച്ച പദ്ധതികളുടെ പുരോഗതി വിവിധതലങ്ങളിൽ നിരന്തരം വിലയിരുത്തുന്നുണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ആർ.കെ.ഐ. ഉന്നതാധികാര സമിതി (HLEC) പദ്ധതികളുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. സി.ഇ.ഒ-യുടെ നേതൃത്വത്തിൽ സെക്രട്ടറിതല യോഗം ചേർന്ന് നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകിവരുന്നു. ഇത്തരം പദ്ധതികളുടെ നിർവ്വഹണം യഥാസമയം അവലോകനം ചെയ്യുന്നതിനും പുരോഗതി വിലയിരുത്തുന്നതിനുമായി ഒരു സോഫ്റ്റ്‌വെയർ അധിഷ്ഠിത മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (MIS) നിലവിലുണ്ട്. കൂടാതെ ആർ.കെ.ഐ. പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി അതത് നിർവ്വഹണ വകുപ്പുകളിൽ വകുപ്പുതല മോണിറ്ററിംഗ് സമിതികളും പ്രവർത്തിക്കുന്നു.

(സി) നെതർലാൻഡ് മാതൃകയിലുള്ള റൂം ഫോർ റിവർ പദ്ധതിയുടെ പുരോഗതി വിലയിരുത്താമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ ഏറ്റവും പ്രധാന പ്രോജക്ടുകളിൽ ഒന്നാണ് റൂം ഫോർ റിവർ. പമ്പ നദിയിൽ നടപ്പാക്കുന്ന ആദ്യഘട്ടത്തിൽ കുട്ടനാടിലെ തോട്ടപ്പള്ളി സ്പിൽവേ, എ.സി. കനാൽ എന്നിവയുടെ നവീകരണമാണ് ലക്ഷ്യംവയ്ക്കുന്നത്. റൂം ഫോർ റിവർ പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് 4.50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും 1.38 കോടി രൂപ അനുവദിക്കുകയും ചെയ്തു. പദ്ധതിയുടെ ഭാഗമായി കുട്ടനാട് മേഖലയിലുള്ള പ്രളയജലം ദ്രുതഗതിയിൽ കടലിലേയ്ക്ക് ഒഴുക്കിക്കളയുവാനുതകുന്നവിധം എ.സി. കനാൽ നവീകരണം, പമ്പ, അച്ചൻകോവിൽ, മണിമലയാർ, തോട്ടപ്പള്ളി സ്പിൽവേ എന്നിവയുടെ നവീകരണം എന്നിവ സംബന്ധിച്ച് ഹൈഡ്രോഡൈനാമിക് പഠനം നടത്തും. ഇതിന്റെ ഭാഗമായി ഐ.ഐ.ടി. സംഘം സ്ഥല പരിശോധന നടത്തുകയും പഠനത്തിനുള്ള വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. പ്രസ്തുത പഠനം സുഗമമാക്കുന്നതിനായി ജലസേചന വകുപ്പിൽനിന്നും ഹൈഡ്രോഗ്രാഫിക് വകുപ്പിൽനിന്നും ആവശ്യമുള്ള വിവരങ്ങൾ ഐ.ഐ.ടി. ചെന്നൈയ്ക്ക് അയച്ചുനൽകിയിട്ടുണ്ട്. റൂം ഫോർ റിവർ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ-

1. ഹൈഡ്രോഡൈനാമിക്സ് പഠനത്തിലൂടെ ബണ്ടുകൾ ശക്തിപ്പെടുത്തുകയും ഉയരം വർദ്ധിപ്പിക്കേണ്ടതുണ്ടോയെന്ന കാര്യത്തിൽ വ്യക്തത വരുത്തുകയും ചെയ്യുക.

2. പമ്പ, അച്ചൻകോവിൽ നദികളിൽ Flood Regulators സ്ഥാപിക്കുക. ഈ നദികളിലെ പ്രളയജലം കുട്ടനാടിലേയ്ക്ക് കടക്കാതെ ബൈപാസ്സ് കനാലുകൾ വഴി തോട്ടപ്പള്ളിയിലേയ്ക്ക് എത്തിക്കുക.

3. ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ നിർമ്മിക്കുകവഴി മണിമല നദിയിൽ നിന്നുള്ള ജലം പള്ളാത്തുരുത്തി നദിയിലേയ്ക്ക് ഒഴുക്കി വിടാനുള്ള സാധ്യതകൾ പരിശോധിക്കുക.

4. ബൈപാസ് കനാലിനും പ്രധാന കനാലുകൾക്കും സമാന്തരമായി ചെറിയ കനാലുകൾ നിർമ്മിക്കുക വഴി അധിക ജലം തോട്ടപ്പള്ളിയിലേയ്ക്ക് ഒഴുക്കി വിടാനും ഇത് വഴിയുള്ള പ്രളയലഘൂകരണ സാധ്യത പരിശോധിക്കുക.

5. തോട്ടപ്പള്ളി പൊഴിമുഖത്ത് മണലടിയുന്നത് തടയുന്നതിനായി പൊഴിമുഖത്ത് റിട്ടെയിനിംഗ് വാൾ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യത പഠിച്ച് വിശദമായ ഹൈഡ്രോളിക് ഡിസൈൻ സമർപ്പിക്കുക. ഹൈഡ്രോഡൈനാമിക് പഠനത്തിലൂടെ താഴെ പറയുന്ന ഫലങ്ങൾ പ്രതീക്ഷിക്കുന്നു.-

1. അധികജലം കായംകുളം കനാലിലേയ്ക്ക് വഴിതിരിച്ചുവിടാൻ ആവശ്യമായ കനാലുകളുടെ നവീകരണം.

2. ഒഴുക്കുകൂടിയ സമയങ്ങളിൽ ഒഴുക്ക് നിയന്ത്രിക്കാനും വഴി തിരിച്ച് വിടാനും റെഗുലേറ്ററുകൾ സ്ഥാപിക്കുക.

3. തോട്ടപ്പള്ളി സ്പിൽവേയോടൊപ്പം തന്നെ റെഗുലേറ്ററുകൾ പ്രവർത്തിപ്പിക്കാനുള്ള ഇതര മാർഗ്ഗം. 2022 ജനുവരി 5-ന് പഠനത്തിന്റെ ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കാലവർഷത്തിൽ തകർന്ന വീടുകൾക്ക് നഷ്ടപരിഹാരം**

247 (6466) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഒക്ടോബറിൽ ശക്തമായ പേമാരിയിൽ കൊണ്ടോട്ടി താലൂക്കിൽ വീടുകൾ, അനുബന്ധ കെട്ടിടങ്ങൾ, മതിലുകൾ തുടങ്ങിയവയ്ക്കുണ്ടായ നാശനഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശക്തമായ മഴയിലും കാറ്റിലും മറ്റു പ്രകൃതിക്ഷോഭങ്ങളിലുമായി കൊണ്ടോട്ടി താലൂക്ക് പരിധിയിൽ ഒരു വീട് പൂർണ്ണമായും 64 വീടുകൾ ഭാഗികമായും 33 മതിലുകൾക്കും നാശനഷ്ടം നേരിട്ടിട്ടുണ്ട്. നാശനഷ്ടത്തിന്റെ തോത് കണക്കാക്കി വരുന്നു.

(ബി) കാലവർഷത്തിൽ വീടുകൾ നശിച്ചവർക്ക് പുതിയ വീടുകൾ നിർമ്മിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഫീൽഡുതല പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് നാശനഷ്ടത്തിന്റെ തോത് കണക്കാക്കി മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ധനസഹായം വിതരണം ചെയ്യുന്നതാണ്.

(സി) വീടുകൾക്ക് പുറമെ മതിലുകൾ, സംരക്ഷണ ഭിത്തികൾ എന്നിവയ്ക്കുകൂടി നഷ്ടപരിഹാരം നൽകുമോ?

സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡപ്രകാരം മതിലുകൾ, സംരക്ഷണ ഭിത്തികൾ എന്നിവയ്ക്കുണ്ടായ നാശനഷ്ടങ്ങൾക്ക് ധനസഹായം അനുവദനീയമല്ല.

## ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ

248 (6467) ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനായി ദേശീയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. ദുരന്ത നിവാരണ നിയമം 2005, സെക്ഷൻ 23 പ്രകാരം തയ്യാറാക്കിയ ആദ്യ സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി 7-9-2016-ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അംഗീകരിക്കുകയും 9-9-2016-ലെ സ.ഉ.(സാധാ) നമ്പർ 3667/2016-ദു.നി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 30-7-2016-ലെ സ.ഉ (സാധാ) നമ്പർ 3104/2016/ദു.നി.വ. പ്രകാരം ജില്ലാ ദുരന്ത ലഘൂകരണ പദ്ധതികളും അംഗീകരിച്ചിട്ടുണ്ട്. 18-7-2018-ലെ സ.ഉ.(സാധാ) നമ്പർ 399/2018/ദു.നി.വ. പ്രകാരം പുതുക്കിയ സംസ്ഥാന ദുരന്ത ലഘൂകരണ പ്ലാനുകൾ പ്രാബല്യത്തിൽ വരുന്നതുവരെ 2016-ലെ ദുരന്തനിവാരണ പദ്ധതികൾ നിലനിൽക്കുന്നതാണ്.

(ബി) സംസ്ഥാനത്ത് പ്രകൃതിദുരന്തങ്ങൾ നേരിടാൻ ഒരു ലക്ഷത്തിലേറെ കമ്മ്യൂണിറ്റി വോളന്റിയർമാർക്ക് പരിശീലനം നൽകിയിരുന്നതായി നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടോ; പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ പ്രസ്തുത വോളന്റിയർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നേരിട്ട് ഇത്രയും ആളുകൾക്ക് പരിശീലനം നൽകിയിട്ടില്ല. കില വഴിയും സന്നദ്ധ സേവന ഡയറക്ടറേറ്റ് വഴിയും നേരിട്ടും ഓൺലൈൻ വഴിയും പരിശീലനം നൽകുന്നുണ്ട്. ഏതൊരു ദുരന്ത സാഹചര്യം വരുമ്പോഴും സന്നദ്ധ പ്രവർത്തകരുടെ പങ്കാളിത്തം ഉറപ്പ് വരുത്താറുണ്ട്. ആപ്ത മിത്ര, സിവിൽ ഡിഫൻസ്, മറ്റ് സന്നദ്ധപ്രവർത്തകർ എന്നിവരുടെ സേവനം അടിയന്തര സാഹചര്യത്തിൽ ഉപയോഗപ്പെടുത്തിവരുന്നു.

(സി) സംസ്ഥാനത്ത് കാലവർഷം രൂക്ഷമാകുന്ന സാഹചര്യത്തിൽ ഇവരുടെ സേവനം ഉപയോഗപ്പെടുത്താൻ മുൻകയ്യെടുക്കുമോ?

തീർച്ചയായും ഉപയോഗപ്പെടുത്തുന്നതാണ്.

(ഡി) കഴിഞ്ഞ പ്രളയത്തിൽനിന്നും പാഠം ഉൾക്കൊണ്ടുകൊണ്ട് ഭാവിയിൽ ദുരന്തങ്ങൾ തടയാൻ എന്തൊക്കെ നടപടികളാണ് ദുരന്ത നിവാരണ അതോറിറ്റി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ദുരന്ത നിവാരണ പ്ലാനുകൾ പുതുക്കുക, ദുരന്ത സാദ്ധ്യതാ ഭൂപടങ്ങൾ നിർമ്മിക്കുക, കൂടുതൽ വോളന്റിയർമാരെ സൃഷ്ടിക്കുക, പരിശീലന പരിപാടികൾ, പൊതുജന ബോധവൽക്കരണ പരിപാടി, എൻ.ജി.ഒ. ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ, സാങ്കേതിക സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ, പ്രാദേശിക ദുരന്തനിവാരണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കൽ, സാമൂഹികാധിഷ്ഠിത ദുരന്ത നിവാരണം, കാലാവസ്ഥാ വ്യതിയാന ദുരന്ത സാദ്ധ്യത അപഗ്രഥനം തുടങ്ങിയ വിപുലമായ ചുവടുവയ്പ്പുകളാണ് ദുരന്ത നിവാരണ അതോറിറ്റി നടത്താൻ ഉദ്ദേശിക്കുന്നത്. മഴക്കാല മുന്നൊരുക്കങ്ങളുടെ ഭാഗമായി സ്റ്റേറ്റ് റിലീഫ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ മുഴുവൻ വകുപ്പുകളുടെയും ദേശീയ-സംസ്ഥാന രക്ഷാസേനകളുടെയും യോഗം വിളിച്ച് സ്ഥിതിഗതികൾ അവലോകനം ചെയ്തുവരുന്നു. തയ്യാറെടുപ്പിന്റെ ഭാഗമായി സംസ്ഥാനത്ത് ആവശ്യമായ കേന്ദ്ര സേനകളുടെ വിന്യാസം ബന്ധപ്പെട്ടവരെ അറിയിക്കുന്നതാണ്. മുഴുവൻ വകുപ്പുകൾക്കും ദുരന്ത ലഘൂകരണ പ്രതിരോധ- പ്രതികരണ പ്രവർത്തനങ്ങൾക്കായി സുവ്യക്തമായ ഒരു മാർഗ്ഗരേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ഓറഞ്ച് ബുക്ക് സംസ്ഥാനത്തെ ഓരോ സർക്കാർ വകുപ്പുകളും രക്ഷാസേനകളും പൊതുജനങ്ങളും എങ്ങനെയാണ് മഴക്കാലത്തിന് തയ്യാറെടുക്കേണ്ടതെന്നും ഒരു ദുരന്ത സാഹചര്യം ഉണ്ടായാൽ ഏത് വിധേനയാണ് പ്രവർത്തിക്കേണ്ടതെന്നും സൂക്ഷ്മമായി മാർഗ്ഗനിർദ്ദേശം നൽകുന്ന ഒരു കൈപ്പുസ്തകമാണ് ഓറഞ്ച് ബുക്ക്. വിവിധ കാലാവസ്ഥാ മുന്നറിയിപ്പുകൾ മനസ്സിലാക്കേണ്ടവിധവും ഓരോ മുന്നറിയിപ്പനുസരിച്ചും ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികളും ലളിതമായി വിശദീകരിക്കുന്നു. കഴിഞ്ഞ വർഷങ്ങളിലെ പ്രായോഗിക അനുഭവങ്ങളും നിലവിലെ സംസ്ഥാനത്തെ കോവിഡ് സാഹചര്യവും കണക്കിലെടുത്തുകൊണ്ടാണ് 2021-ലെ പുതിയ പതിപ്പ് തയ്യാറാക്കിയിട്ടുള്ളത്.

ദുരന്ത നിവാരണ പ്ലാനുകൾ -പ്രളയസാദ്ധ്യതാ ഭൂപടങ്ങൾ പ്രളയം ഉൾപ്പടെയുള്ള പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനായി സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ പ്ലാനുകൾക്ക് പുറമെ കേരളത്തിൽ പ്രാദേശികാടിസ്ഥാനത്തിൽ തദ്ദേശ

സ്ഥാപനതല പ്ലാനുകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രളയസാദ്ധ്യതാ ഭൂപടം പൊതുജനങ്ങൾക്ക് പരിശോധനയ്ക്കും മറ്റുമായി നേരത്തെ തന്നെ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ മുൻവർഷങ്ങളിലെ പ്രളയ അനുഭവങ്ങളുടെകൂടി പശ്ചാത്തലത്തിൽ ഇത് പുതുക്കുന്നതിനായി കേന്ദ്ര ജലകമ്മീഷനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ ലഭ്യമായിട്ടില്ല. ആയതിന് സംസ്ഥാനം നിരന്തരം സമ്മർദം ചെലുത്തി വരുന്നു.

<u>നദികളിലെ എക്കലും മണലും നീക്കം ചെയ്യൽ-</u> നദികളിൽ വന്നടിഞ്ഞിട്ടുള്ള എക്കലും മണലും നീക്കം ചെയ്യുന്നതിനും നദികളെയും മറ്റ് ജലാശയങ്ങളെയും പുനരുജ്ജീവിപ്പിക്കുന്നതിനും റിവർ മൗത്തുകളുടെ വീതി വർദ്ധിപ്പിക്കുന്നതിനും പൊഴി മുറിക്കുന്നതിനും മഴക്കാല മുന്നൊരുക്കങ്ങളുടെ ഭാഗമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രളയ സാഹചര്യങ്ങളിൽ നെതർലൻഡ്സ് മാതൃകയിൽ റൂം ഫോർ റിവർ പദ്ധതി നടപ്പിലാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ നഗരങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കാനുള്ള നടപടികളും പുരോഗമിക്കുകയാണ്.

<u>മുന്നറിയിപ്പ് സംവിധാനം-</u> രാജ്യത്ത് പ്രളയ മുന്നറിയിപ്പ് സംവിധാനം സ്ഥാപിക്കുന്നതിന് ഉത്തരവാദിത്വപ്പെട്ട ഏജൻസി കേന്ദ്ര ജലകമ്മീഷനാണ്. സംസ്ഥാന സർക്കാരുമായി സഹകരിച്ചുകൊണ്ട് 30 നദികളിലായി കേന്ദ്ര ജലകമ്മീഷന്റെ 39 സ്റ്റേഷനുകളിലെ വിവരങ്ങൾ നമുക്കിന്ന് ലഭ്യമാണ്. ഇതുകൂടാതെ സംസ്ഥാന ജലസേചന വകുപ്പിന് കീഴിലും ഇത്തരത്തിലുള്ള നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ കാലാവസ്ഥാ പ്രവചനം മെച്ചപ്പെടുത്താൻ 100 ഓട്ടോമേറ്റഡ് കാലാവസ്ഥാ മാപിനികൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. കാലാവസ്ഥാ വകുപ്പിന്റെ സേവനങ്ങളോടൊപ്പം തന്നെ മറ്റ് സ്വകാര്യ ഏജൻസികളുടെയും ഈ മേഖലയിലുള്ള സേവനങ്ങൾ ഒരു വർഷത്തേയ്ക്ക് പരീക്ഷണാടിസ്ഥാനത്തിൽ ദുരന്തനിവാരണ അതോറിറ്റിക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ ഏജൻസികളുടെ പ്രവചനങ്ങളുടെ ഗുണമേന്മയും കൃത്യതയും വിദഗ്ദ്ധ സമിതി പഠനവിധേയമാക്കി വരികയാണ്. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ തുടർനടപടികൾ സ്വീകരിക്കും. ഇവ കൂടാതെ അന്താരാഷ്ട്ര ഏജൻസികളുടെ സഹകരണത്തോടെ നമ്മുടെ നദികളിലെ പ്രളയസാദ്ധ്യത പ്രളയമോഡലിംഗ് പ്രവർത്തനങ്ങളിലൂടെ കണ്ടെത്താനുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി NCRMP പ്രോജക്ടിന്റെ ഭാഗമായി വിപുലമായ മുന്നറിയിപ്പ് സംവിധാനം സ്ഥാപിച്ചുവരികയാണ്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി തയ്യാറാക്കുന്ന 'സുരക്ഷയാനം' മൊബൈൽ ആപ്ലിക്കേഷനും ദുരന്ത മുന്നറിയിപ്പ് ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിൽ നിർണ്ണായകമാകും.

<u>അണക്കെട്ടുകളുടെ പരിപാലനവും ദുരന്ത നിവാരണ പ്രവർത്തനങ്ങളും-</u> കാലാവർഷ മുന്നൊരുക്കങ്ങളുടെ ഭാഗമായി അണക്കെട്ടുകളുടെ പ്രവർത്തനങ്ങൾ നിരന്തരം നിരീക്ഷിച്ച് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനുമായി റൂൾകർവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. റവന്യൂ ദുരന്തനിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായുള്ള റൂൾ കർവ് കമ്മിറ്റിയിൽ ജലവിഭവം, ഊർജ്ജ വകുപ്പ് സെക്രട്ടറിമാരും ജില്ലാകളക്ടർമാരും മറ്റു വിദഗ്ധരും അംഗങ്ങളാണ്. ഒരു വർഷത്തിൽ, കാലാവസ്ഥയുടെ മാറ്റങ്ങൾക്കനുസരിച്ച്, അണക്കെട്ടിൽ സൂക്ഷിക്കാവുന്ന പരമാവധി ജലത്തിന്റെ അളവ് രേഖപ്പെടുത്തുവാനാണ് റൂൾ കർവ് സജ്ജീകരിക്കുന്നത്. 200 ദശലക്ഷം മീറ്റർ ക്യൂബിൽ കൂടുതൽ സംഭരണ ശേഷിയുള്ള ജലസംഭരണികളിലാണ് റൂൾ കർവ് നിയന്ത്രണങ്ങൾ പ്രധാനമായും പാലിക്കപ്പെടേണ്ടത്. 200 ദശലക്ഷം മീറ്റർ ക്യൂബ് സംഭരണശേഷിക്ക് താഴെവരുന്ന അണക്കെട്ടുകളിൽ മുന്നറിയിപ്പിനായി അലെർട്ട് സംവിധാനമാണ് സജ്ജീകരിച്ചിട്ടുള്ളത്. നീല, ഓറഞ്ച്, ചുവപ്പ് എന്നിവയാണ് ഈ അലെർട്ടുകൾ. കാലാവസ്ഥയുടെ തുടർച്ചയായ മാറ്റങ്ങൾക്കനുസരിച്ച് സംസ്ഥാനത്തെ അണക്കെട്ടുകളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുവാനും പുറത്തേയ്ക്ക് ഒഴുക്കി വിടുന്ന ജലത്തിന്റെ അളവ് സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുവാനും അത് വഴി പ്രളയസാദ്ധ്യത മറികടക്കുവാനും റൂൾ കർവ് കമ്മിറ്റിയുടെ കാര്യക്ഷമമായ മേൽനോട്ടത്തിലൂടെ സാധിച്ചിട്ടുണ്ട്. പ്രളയസാഹചര്യങ്ങളിൽ കേന്ദ്ര സേനകൾ മുൻകൂറായി വിന്യസിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഹെലികോപ്റ്റർ ഇറക്കാൻ സാധിക്കുന്ന 194 സ്ഥലങ്ങൾ കണ്ടെത്തുകയും അവ വ്യോമസേനയ്ക്ക് കൈമാറുകയും ചെയ്തു. പോലീസ്, ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് എന്നിവയെ ഇത്തരം സാഹചര്യങ്ങൾ നേരിടാൻ സജ്ജമാക്കി. ഇതുകൂടാതെ മൂന്നര ലക്ഷം സന്നദ്ധപ്രവർത്തകരുടെ സന്നദ്ധ സേനയുണ്ടാക്കി. പ്രത്യേക പരിശീലനം നൽകിയ വോളണ്ടിയർമാരെ സജ്ജരാക്കി കേന്ദ്ര പദ്ധതിയായ ആപ്ദാ മിത്ര രാജ്യത്താദ്യമായി മാതൃകാപരമായി നടപ്പാക്കാൻ കഴിഞ്ഞു. ഇതിന്റെ ഭാഗമായി കോട്ടയം ജില്ലയിൽ 200 സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം നൽകി. മറ്റ് ജില്ലകളിൽകൂടി 4300 സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം നൽകുവാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഫയർ ആൻഡ് റെസ്ക്യൂ സർവീസസിന്റെ നേതൃത്വത്തിൽ ശക്തമായ സിവിൽ ഡിഫൻസ് സംവിധാനവും രൂപീകരിച്ചിട്ടുണ്ട്.

<u>കടലാക്രമണം: ദുരന്ത തയ്യാറെടുപ്പ്, പ്രതികരണ, പുനരധിവാസം.</u> കേരളത്തിൽ ഏറ്റവും ഉയർന്ന ജനസാന്ദ്രതയുള്ളവയാണ് തീരപ്രദേശങ്ങൾ. ദേശീയ തലത്തിൽ തീരശോഷണം ഒരു അംഗീകൃത ദുരന്തമായി കണക്കാക്കുന്നില്ലെങ്കിലും

കേരളത്തിൽ തീരശോഷണം ഒരു സംസ്ഥാന സവിശേഷ ദുരന്തമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതനുസരിച്ച് കടലാക്രമണം രൂക്ഷമാകുന്ന ഘട്ടങ്ങളിൽ അടിയന്തര ഇടപെടലുകൾക്കായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അദ്ധ്യക്ഷന്മാർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധി ഉപയോഗിക്കാവുന്നതാണ്. നടപ്പ് വർഷം കടലാക്രമണത്തെ പ്രതിരോധിക്കുന്നതിനായി അടിയന്തര സാഹചര്യത്തിൽ ജിയോ ബാഗുകൾ, മണൽച്ചാക്കുകൾ തുടങ്ങിയ താൽക്കാലിക പരിഹാരമാർഗ്ഗങ്ങൾ ഒരുക്കുന്നതിനായി ഒരു പഞ്ചായത്തിന് പരമാവധി 4 ലക്ഷം രൂപ, മുനിസിപ്പാലിറ്റിക്ക് 5 ലക്ഷം രൂപ, കോർപറേഷന് 7 ലക്ഷം രൂപ എന്നിങ്ങനെ മാനദണ്ഡങ്ങൾക്ക് വിധേയമായി തുക വിനിയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ തീരസംരക്ഷണത്തിനായി ടെട്രാപോഡുകൾ ഉപയോഗിക്കാനും തീരുമാനിച്ചിട്ടുണ്ട്.

**പൂഞ്ഞാറിലെ നാശനഷ്ടങ്ങൾക്ക് ധനസഹായം**

249 (6468) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ദിവസങ്ങളിലെ വെള്ളപ്പൊക്കത്തിലും ഉരുൾപ്പൊട്ടലിലും മണ്ണിടിച്ചിലിലുമുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമായ വിവര ശേഖരണം നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ തീവ്ര മഴയെതുടർന്നുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും വീടുകൾക്കുണ്ടായ നാശനഷ്ടങ്ങളുടെ കണക്കെടുപ്പും തോത് നിശ്ചയിക്കുന്നതുമടക്കമുള്ള നടപടികൾ റവന്യൂ ഉദ്യോഗസ്ഥരും തദ്ദേശസ്വയംഭരണ സ്ഥാപന എഞ്ചിനീയറും അടങ്ങിയ ടീം സ്വീകരിച്ച് വരുന്നു. വീടുകൾക്കുണ്ടായ നാശനഷ്ടം വില്ലേജ് അടിസ്ഥാനത്തിലാണ് കണക്കാക്കുന്നത്.

(ബി) മണ്ഡലത്തിൽ വ്യാപകമായുണ്ടായ പ്രകൃതിദുരന്തത്തിൽ വീട്, കെട്ടിടം, വസ്തുവകകൾ, കൃഷിഭൂമി, വ്യാപാര സ്ഥാപനങ്ങൾ, മറ്റ് ജീവനോപാധികൾ എന്നിവയ്ക്കുണ്ടായ നാശനഷ്ടങ്ങൾക്ക് അടിയന്തര ധനസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ദുരന്തത്തിൽ വീടിനും സ്ഥലത്തിനും നാശനഷ്ടം സംഭവിച്ചവർക്ക് 29-10-2021-ലെ G.O. (Ms) 5/2021/DMD. പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നതാണ്. മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ടവ അതത് വകുപ്പുകൾ നാശനഷ്ടങ്ങളുടെ തോത് കണക്കാക്കി സമർപ്പിക്കുന്ന മുറയ്ക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡപ്രകാരം ധനസഹായം നൽകുന്നതാണ്.

## പേമാരിയിലും ഉരുൾ പൊട്ടലിലും വീടും ജീവനോപാധികളും നശിച്ചവർക്ക് നഷ്ടപരിഹാരം

250 (6469) ഡോ. എം. കെ. മുനീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ദിവസങ്ങളിലുണ്ടായ പേമാരിയിലും ഉരുൾ പൊട്ടലിലും വീടും ജീവനോപാധികളും നശിച്ചവർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് കഴിഞ്ഞ ദിവസങ്ങളിലുണ്ടായ പേമാരിയിലും ഉരുൾ പൊട്ടലിലും വീടും ജീവനോപാധികളും നശിച്ചവർക്ക് അർഹതയനുസരിച്ച് നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 29-10-2021-ലെ സ.ഉ കൈ 5/2021/ ഡി.എം.ഡി. പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

(ബി) നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തുണ്ടായ തീവ്രമായ മഴയിലും മണ്ണിടിച്ചിലിലും ഉരുൾപൊട്ടലിലുമായി ജീവഹാനി ഉൾപ്പെടെ വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളതാണ്. പ്രളയത്തിന്റെ തീവ്രതയും ദുരന്തത്തിന്റെ കാഠിന്യവും കണക്കിലെടുത്ത് അർഹമായ വില്ലേജുകളെ ദുരന്ത നിവാരണ നിയമ പ്രകാരം പ്രളയ ബാധിത പ്രദേശങ്ങളായി നിശ്ചയിച്ച് സമയബന്ധിതമായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് പ്രസ്തുത വില്ലേജുകളുടെ പട്ടിക തയ്യാറാക്കുന്നതിന് ദുരന്ത നിവാരണ അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നാശനഷ്ടങ്ങളുടെ തോത് അതത് വകുപ്പുകൾ തിട്ടപ്പെടുത്തി വരികയാണ്. വീടും ജീവനോപാധികളും നശിച്ചവർക്ക് അർഹതയനുസരിച്ച് നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 29-10-2021-ലെ സ.ഉ(കൈ).5/2021/ഡി.എം.ഡി. പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. സാധാരണഗതിയിൽ പ്രകൃതിക്ഷോഭങ്ങൾക്ക് ദുരന്ത പ്രതികരണ നിധിയിൽനിന്ന് പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡപ്രകാരം നാശനഷ്ടങ്ങളുടെ കണക്കുകൾ അതത് വകുപ്പുകൾ തിട്ടപ്പെടുത്തി നൽകുന്ന മുറയ്ക്കാണ് ദുരിതാശ്വാസ സഹായങ്ങൾ നൽകുന്നത്. വ്യക്തിഗത നാശനഷ്ടങ്ങൾക്കും പൊതു നാശനഷ്ടങ്ങൾക്കും വ്യത്യസ്ത മാനദണ്ഡങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്. അതിൽ ദുരന്തംമൂലം മരണമടഞ്ഞ വ്യക്തികൾക്കും നാശനഷ്ടങ്ങൾക്കും ധനസഹായം

നൽകുവാൻ നിർദ്ദേശമുണ്ട്. പ്രകൃതിക്ഷോഭംമൂലം മരണപ്പെട്ട വ്യക്തികളുടെ കുടുംബങ്ങൾക്ക് 5 ലക്ഷം രൂപ (എസ്.ഡി.ആർ.എഫ്. വിഹിതമായ 4 ലക്ഷം രൂപയും സി.എം.ഡി.ആർ.എഫ്. വിഹിതമായ ഒരു ലക്ഷം രൂപയും ചേർത്ത് 5 ലക്ഷം രൂപ)-യും 60% മുകളിൽ അംഗവൈകല്യമുണ്ടായ വ്യക്തികൾക്ക് 2 ലക്ഷം രൂപ വരെയും ധനസഹായം നൽകുന്നതായിരിക്കും. വീട് പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് എസ്.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം സമതല പ്രദേശങ്ങളിൽ 95,100 രൂപയും മലയോര മേഖലയിൽ 1,01,900 രൂപയുമാണ് അനുവദിക്കാൻ കഴിയുന്നത്. എന്നാൽ സംസ്ഥാനത്ത് സ.ഉ.(കൈ)നമ്പർ 5/2021/ഡിഎംഡി. പ്രകാരം നഷ്ടത്തിന്റെ തോത് പതിനഞ്ച് ശതമാനം വരെയുള്ളതെന്നും പതിനാറ് മുതൽ ഇരുപത്തിയൊൻപത് ശതമാനം വരെയുള്ളവയെന്നും മുപ്പത് മുതൽ അൻപത്തിയൊൻപത് ശതമാനം വരെയുള്ളവയെന്നും അറുപത് മുതൽ 74 ശതമാനം വരെയുള്ളവ എന്നും എഴുപത്തിയഞ്ച് മുതൽ നൂറ് ശതമാനം വരെയെന്നുമുള്ള വിവിധ സ്ലാബുകളായി തിരിച്ച് പതിനായിരം രൂപ മുതൽ നാല് ലക്ഷം രൂപ വരെ സി.എം.ഡി.ആർ.എഫ്.-ൽനിന്നുള്ള വിഹിതവും ചേർത്ത് അനുവദിക്കുന്നതാണ്. വ്യക്തിഗത നഷ്ടങ്ങൾ എന്നുപറയുമ്പോൾ വീടുകൾ, കടകൾ, മറ്റ് സംരംഭങ്ങൾ, കൃഷിയിടം, മൃഗസമ്പത്ത് എന്നിവയിൽ ഉണ്ടായിട്ടുള്ള നഷ്ടങ്ങൾ പരിശോധിച്ച് ദുരിതാശ്വാസ സഹായം നൽകുന്നതാണ്. ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾ നാശനഷ്ടങ്ങൾ വിലയിരുത്തുകയും അർഹരായ എല്ലാ ആളുകൾക്കും വേണ്ട സഹായം ഉടൻ നൽകുവാൻ നടപടികൾ കൈക്കൊള്ളുന്നതുമായിരിക്കും. നാശനഷ്ടങ്ങളുടെ പൂർണ്ണമായ കണക്കെടുപ്പ് നടന്നുവരുന്നതും നിലവിലെ അർഹരായ എല്ലാ കുടുംബങ്ങൾക്കും ദുരിതാശ്വാസ സഹായം നൽകുവാൻ സാധിക്കുകയും ചെയ്യും. നിലവിലെ ദുരന്ത പ്രതികരണ പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും എല്ലാ ജില്ലകൾക്കും തുക അനുവദിച്ചിട്ടുള്ളതാണ്. നാശനഷ്ടങ്ങൾ കൃത്യമായി തിട്ടപ്പെടുത്തി അർഹമായ ധനസഹായം ദുരന്ത പ്രതികരണ നിധിയിൽനിന്നും സമയബന്ധിതമായി അവദിക്കുന്നതാണ്. കൂടാതെ ദുരിതാശ്വാസ ക്യാമ്പുകളുടെ പ്രവർത്തനത്തിനായി എല്ലാ വില്ലേജ് ഓഫീസർമാർക്കും അടിയന്തരമായി 25,000 രൂപ അനുവദിക്കാൻ ജില്ലാ കളക്ടർമാർക്ക് അനുമതി നൽകികൊണ്ട് 21-10-2021-ലെ G.O.(RT) No. 705/2021/DMD. പ്രകാരം ഉത്തരവ് പുറത്തിറക്കിയിട്ടുള്ളതുമാണ്.

(സി) നാശനഷ്ടം സംഭവിച്ചവർക്ക് നാശനഷ്ടത്തിന്റെ തോതനുസരിച്ച് സമയബന്ധിതമായി നഷ്ടപരിഹാര തുക നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

നഷ്ടം സംഭവിച്ചവർക്ക് നഷ്ടത്തിന്റെ തോതനുസരിച്ച് സമയബന്ധിതമായി നഷ്ടപരിഹാര തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) സർവ്വവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ദുരന്തഘട്ടങ്ങളിൽ സർവ്വവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് സൗകര്യപ്രദമായ കെട്ടിടങ്ങൾ മുൻകൂട്ടി കണ്ടെത്തി ഏറ്റവും നിലവാരത്തിലുള്ള ദുരിതാശ്വാസ ക്യാമ്പുകൾ സംഘടിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ദുരിതാശ്വാസ സഹായമായി രാജ്യത്തെ ഏറ്റവും ഉയർന്ന നഷ്ടപരിഹാരത്തുകയാണ് കേരളത്തിൽ നൽകി വരുന്നത്. വീടും ജീവനോപാധികളും നശിച്ചവർക്ക് അർഹതയനുസരിച്ച് നഷ്ടപരിഹാരം അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ 29-10-2021-ലെ സ.ഉ(കൈ)നം.5/2021/ ഡി.എം.ഡി. പ്രകാരം നഷ്ടത്തിന്റെ തോതനുസരിച്ച് ധനസഹായം അനുവദിക്കും. പുറമ്പോക്ക് ഭൂമിയിലടക്കം വീട് പൂർണ്ണമായി നഷ്ടപ്പെട്ടവർക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിന് പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കും.

**കാലവർഷ കെടുതിയിൽ തകരുന്ന റോഡുകളുടെ പുനരുദ്ധാരണ ഫണ്ട്**

251 (6470) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷം കാലവർഷ കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധരാണത്തിനായി കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി കേന്ദ്രം പ്രത്യേകം ധനസഹായം അനുവദിക്കുന്നില്ല. എന്നാൽ പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനായി സംസ്ഥാന ദുരന്ത പ്രതികരണനിധിയിലേയ്ക്ക് 2020-21 സാമ്പത്തികവർഷം കേന്ദ്ര വിഹിതമായി 314 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിക്കുകയും സംസ്ഥാന വിഹിതമായ 105 കോടി രൂപയും ചേർത്ത് ആകെ 419 കോടി രൂപ പ്രസ്തുത സാമ്പത്തിക വർഷം സംസ്ഥാന ദുരന്ത പ്രതികരണനിധിയിലേയ്ക്ക് വകയിരുത്തിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം റോഡുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട സംസ്ഥാന ദുരന്ത പ്രതികരണനിധിയിലെ ശീർഷകത്തിൽ 77,34,91,000 രൂപ വകയിരുത്തുകയും 47,43,87,644 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത തുകയുടെ വിനിയോഗത്തിന്റെ വിശദാംശങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) 2021-22 സാമ്പത്തികവർഷം കാലവർഷ കെടുതിയിൽ നശിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി എത്ര തുക കേന്ദ്ര വിഹിതം ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2021-22 സാമ്പത്തികവർഷം സംസ്ഥാന ദുരന്ത പ്രതികരണനിധിയിലേയ്ക്ക് കേന്ദ്ര വിഹിതമായി 251.2 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിക്കുകയും സംസ്ഥാന വിഹിതമായ 83.74 കോടി രൂപയും ചേർത്ത് ആകെ 334.94 കോടി രൂപ വകയിരുത്തുകയുമുണ്ടായി. 2021-22 സാമ്പത്തികവർഷം റോഡുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട ശീർഷകത്തിൽ 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) 2021-22 വർഷത്തിൽ പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി എം.എൽ.എ.-മാർ മുഖേന നൽകിയ ശിപാർശയിൽ മേൽ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

2021-22 വർഷത്തിൽ പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി എം.എൽ.എ.-മാർ നൽകിയ ശിപാർശകൾ പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പ്രകൃതി ദുരന്തങ്ങളുമായി ബന്ധപ്പെട്ട നാശനഷ്ടങ്ങളും കേന്ദ്ര സഹായവും**

252 (6471) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ശക്തമായ മഴയിലും കാറ്റിലും ഉരുൾപൊട്ടലിലും മറ്റു പ്രകൃതിക്ഷോഭങ്ങളിലുമായി ഉണ്ടായ നാശനഷ്ടങ്ങൾ, മരണങ്ങൾ, വീട് നഷ്ടപ്പെട്ടവർ, കൃഷിനാശം തുടങ്ങിയവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിലുണ്ടായ പ്രധാന ദുരന്തം 2021 ഒക്ടോബറിലെ ഉരുൾപൊട്ടലുകളും അതിതീവ്രമഴയുമാണ്. മഴയെത്തുടർന്നുണ്ടായ പ്രളയത്തിലും മണ്ണിടിച്ചിലിലും 61 പേരുടെ (ഒക്ടോബർ 12 മുതൽ ഒക്ടോബർ 29 വരെ) ജീവൻ നഷ്ടപ്പെടുകയുണ്ടായി. കൂടാതെ 376 വീടുകൾ പൂർണ്ണമായി നശിക്കുകയും 2146 വീടുകൾ ഭാഗികമായി നശിക്കുകയും ചെയ്തിട്ടുണ്ട്. മറ്റു വകുപ്പുകളുടെ കീഴിലുള്ള നാശനഷ്ടങ്ങൾ സംബന്ധിച്ച വിവരശേഖരണം നടന്നുവരികയാണ്.

(ബി) ഇവമൂലം സംസ്ഥാനത്തിനുണ്ടായ സാമ്പത്തികബാദ്ധ്യതയുടെ വിശദാംശം വ്യക്തമാക്കുമോ?

ഒക്ടോബറിലുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും സംഭവിച്ച നാശനഷ്ടങ്ങളുടെ വിവരശേഖരണം നടന്നുവരികയാണ്. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ സാമ്പത്തികബാദ്ധ്യത എത്രയെന്നു കൃത്യമായി കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ കേന്ദ്രസഹായം അഭ്യർത്ഥിച്ചു; എത്ര ലഭ്യമായി; വ്യക്തമാക്കുമോ?

യഥാർത്ഥ നാശനഷ്ടം തിട്ടപ്പെടുത്തുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പ്രസ്തുത പ്രകൃതി ദുരന്തങ്ങളിൽപ്പെട്ട എത്ര പേർക്ക് ധനസഹായം നൽകി; എത്ര പേർക്ക് വീട് നിർമ്മിച്ചുനൽകാനുള്ള നടപടികൾ ആരംഭിച്ചു; എന്തൊക്കെ പുനർനിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു; ഇതിനായി നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ?

2021 ഒക്ടോബർ 12 മുതൽ 29 വരെയുള്ള നാശനഷ്ടങ്ങളുടെ കണക്കുകൾ അതത് വകുപ്പുകൾ തിട്ടപ്പെടുത്തി സർക്കാരിലേയ്ക്ക് ലഭ്യമാക്കുന്ന മുറയ്ക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും അർഹമായ തുക വകുപ്പുകൾക്ക് അനുവദിക്കുന്നതും അതത് വകുപ്പുകൾ മുഖേന അർഹരായവർക്ക് ആശ്വാസധനം അനുവദിക്കുന്നതുമാണ്. ഒക്ടോബറിലെ മഴക്കെടുതിയിൽ ജീവനും സ്വത്തിനും നാശനഷ്ടം സംഭവിച്ചവർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സ.ഉ(കൈ) 5/2021/ ദു.നി.വ. പ്രകാരം പുറത്തിറക്കിയിട്ടുണ്ട്. വ്യക്തിഗത നാശനഷ്ടങ്ങളുടെ തോത് വിലയിരുത്തി സമർപ്പിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി ധനസഹായം വിതരണം ചെയ്യുന്നതാണ്.

**പുതുക്കാട് മണ്ഡലത്തിലെ നാശനഷ്ടങ്ങൾ**

253 (6472) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)പുതുക്കാട് മണ്ഡലത്തിൽ തൃക്കൂർ പഞ്ചായത്തിലെ ഭരത പ്രദേശത്ത് 2-10-2021-നുണ്ടായ പേമാരിയിൽ ബണ്ടുകൾ തകർന്ന് വ്യാപകമായി നാശനഷ്ടങ്ങൾ സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) തൃക്കൂർ, വരന്തരപ്പിള്ളി, മറ്റത്തൂർ പഞ്ചായത്തുകളിലെ വിവിധ ഭാഗങ്ങളിൽ ഇപ്രകാരം വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടായതിനാൽ പ്രസ്തുത മേഖലകളിലെ ദുരിതബാധിതർക്ക് ധനസഹായം നൽകുന്നതിനും തകർന്ന ബണ്ടുകൾ പുനർനിർമ്മിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ദുരിതബാധിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. മണൽ നിറച്ച കയർ ചാക്കുകളോ ജിയോ ട്യൂബുകളോ ഇടുന്ന പ്രവൃത്തികൾക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നും ഒരു പഞ്ചായത്തിന് ഒരു സാമ്പത്തികവർഷം പരമാവധി 4 ലക്ഷം രൂപ വരെ അനുവദിക്കും. ആയതിന് തദ്ദേശസ്വയംഭരണ സ്ഥാപനവും ജലസേചന വകുപ്പും കൃഷി വകുപ്പും മേൽപ്രവൃത്തിക്ക് പണം ലഭ്യമല്ലായെന്നും പ്രസ്തുത പ്രവൃത്തിയാണ് നടപ്പുസാമ്പത്തിക വർഷത്തെ ഏറ്റവും പ്രധാനപ്പെട്ടതും ഒഴിവാക്കാനാവാത്തതുമായ പ്രവൃത്തിയെന്നും സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.

(സി) ഭരത-മാക്കലകുളം ചിറയ്ക്ക് സമീപമുള്ള വലിയ ബണ്ട് തകർന്നത് പുനർനിർമ്മിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഭരത-മാക്കലകുളം ചിറയ്ക്ക് സമീപമുള്ള വലിയ ബണ്ട് തകർന്നത് പുനർനിർമ്മിക്കുന്നതിന് 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തദ്ദേശസ്വയംഭരണ സ്ഥാപന എഞ്ചിനീയർ തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ ഇത്രയും തുക സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡങ്ങൾ പ്രകാരം അനുവദനീയമല്ല.

## പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ നദീതീരങ്ങൾ സംരക്ഷിക്കുന്നതിന് നടപടി

254 (6473) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പ്രളയക്കെടുതികൾമൂലം തകർന്ന നദികളുടെ തീരങ്ങൾ സംരക്ഷിക്കുന്നതിന് റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും തുക വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) മഴക്കെടുതിയിൽ തകർന്ന ടി നദീതീരങ്ങൾ സംരക്ഷിക്കുന്നതിനായി പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## നിലം, നഞ്ച, തുടങ്ങിയവ തരംമാറ്റുന്നതിനുള്ള നടപടിക്രമം

255 (6474) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഡാറ്റാ ബാങ്കിൽപെടാത്തതും എന്നാൽ രേഖകളിൽ നിലം, നഞ്ച എന്നിങ്ങനെ രേഖപ്പെടുത്തിയ സ്ഥലങ്ങൾ തരംമാറ്റി പുരയിടമാക്കി മാറ്റുന്നതിനുള്ള അപേക്ഷകൾ വില്ലേജ് ഓഫീസിൽ സ്വീകരിച്ച് വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് സഹിതം ആർ.ഡി.ഒ.-യ്ക്ക് നൽകുന്ന തരത്തിലേയ്ക്ക് നിലവിലെ രീതിയിൽ മാറ്റം വരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും എന്നാൽ റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ, വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരം മാറ്റുന്നത്, ടി നിയമത്തിലെ വകുപ്പ് 27 എ പ്രകാരമുള്ളതും ആയതിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് അനുസൃതമായാണ്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 12-ലുള്ള വ്യവസ്ഥകൾ പ്രകാരം, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെയാണ് ഭൂമി തരം മാറ്റത്തിനായുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. ആയതിനാൽ, ടി അപേക്ഷകൾ വില്ലേജ് ഓഫീസർ സ്വീകരിച്ച്, റിപ്പോർട്ട് സഹിതം ആർ.ഡി.ഒ.-ക്ക് നൽകുന്നത് നിയമാനുസൃതമല്ല. ഇപ്രകാരമുള്ള നടപടിക്രമങ്ങളിൽ മാറ്റം വരുത്തുന്നതിന് നിയമ ഭേദഗതി ആവശ്യമാണ്.

## മരവട്ടം-കാടാമ്പുഴ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം

256 (6475) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ മരവട്ടം-കാടാമ്പുഴ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികളിൻമേൽ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ?

മരവട്ടം-കാടാമ്പുഴ 110 കെ.വി. സബ് സ്റ്റേഷൻ നിർമ്മാണത്തിനായി മലപ്പുറം ജില്ലയിലെ മേൽമുറി വില്ലേജിൽനിന്നും 116.19 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിന് 8-1-2021-ലെ സ.ഉ.(സാധാ) 85/2021/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് കെട്ടിവെയ്ക്കേണ്ട കണ്ടിജൻസി ചാർജിനത്തിലുള്ള തുകയായ 3,12,990 (മൂന്ന് ലക്ഷത്തി പന്ത്രണ്ടായിരത്തി

തൊള്ളായിരത്തി തൊണ്ണൂറ് രൂപ മാത്രം) രൂപ അർത്ഥനാധികാരി കെട്ടിവെച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് അംഗീകൃത ജില്ലാതല SIA ഏജൻസികളിൽനിന്നും അപേക്ഷ ക്ഷണിച്ചിരുന്നു. 5 ക്വട്ടേഷനുകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് ഉചിതമായ SIA ഏജൻസിയെ തെരഞ്ഞെടുത്ത് SIA പഠനം നടത്തുന്നതിനുള്ള 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സ്ഥലം ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ടോ; ആയത് എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉണ്ട്. LARR Act, 2013 പ്രകാരമുള്ള 4(1) വിജ്ഞാപനം (SIA പഠനം), വിദഗ്ദ്ധ സമിതിയുടെ വിലയിരുത്തൽ, 11(1) പ്രാരംഭ വിജ്ഞാപനം, റീഹാബിലിറ്റേഷൻ പാക്കേജ്, 19(1) പ്രഖ്യാപനം, അവാർഡ് പുറപ്പെടുവിക്കൽ എന്നീ നിയമാനുസൃത നടപടികൾ പൂർത്തീകരിച്ച് സ്ഥലം അർത്ഥനാധിക്കാരിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഭൂമി പൊന്നും വിലയ്ക്കെടുക്കാനുള്ള നടപടികൾ**

257 (6476) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.ഒ. (ആർ.ടി) നം. 2452/16/ആർ.ഡി ഉത്തരവ് പ്രകാരം ആരംഭിച്ച കിലയുടെ നെയ്യാറ്റിൻകര എക്സ്റ്റൻഷൻ സെന്ററിനുവേണ്ടി 184.99 ഏക്കർ ഭൂമി പൊന്നും വിലയ്ക്കെടുക്കാനുള്ള നടപടികൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

സെന്ററിനുവേണ്ടി 184.99 ആർ ഭൂമി എൽ.എ.ആർ.ആർ. ആക്ട്, 2013 പ്രകാരം ഏറ്റെടുക്കുന്നതിന് 28.5.2016-ലെ സ.ഉ. (സാധാ) നമ്പർ 2452/ 2016/റവ. പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട അർത്ഥന സമർപ്പിച്ചിട്ടില്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) ടി പദ്ധതി ഉപേക്ഷിച്ചതായി ബന്ധപ്പെട്ട വകുപ്പ് അറിയിച്ചിട്ടുണ്ടോ?

ഇല്ല.

(സി) ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട അർത്ഥന സമർപ്പിച്ചിട്ടില്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതാണ്.

## ഭൂപരിഷ്കരണ നിയമത്തിലെ ഇളവുകൾ

258 (6477) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂപരിഷ്കരണ നിയമത്തിലെ വകുപ്പ് 81 പ്രകാരം കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എത്ര ഏക്കർ ഭൂമിക്ക് പ്ലാന്റേഷൻ മേഖലയിൽ ഇളവ് നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) അതിൽ എത്ര ഏക്കർ പ്ലാന്റേഷൻ ഭൂമി തരം മാറ്റിയെന്നും തരം മാറ്റിയതിൽ എത്ര ഏക്കർ സർക്കാർ ഏറ്റെടുത്തുവെന്നും ജില്ല തിരിച്ച് അറിയിക്കാമോ;

(സി) ഇത്തരത്തിൽ ഏറ്റെടുത്ത ഭൂമിയിൽ എത്ര ഏക്കർ ഭൂരഹിതർക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

(എ-സി) കേരള ഭൂപരിഷ്കരണ നിയമത്തിലെ വകുപ്പ് 81(1)(e) പ്രകാരമാണ് പ്ലാന്റേഷൻ ഭൂമിക്ക് ഭൂപരിധിയിൽ ഇളവ് അനുവദിക്കുന്നത്. എന്നാൽ തോട്ടഭൂമി ആരെങ്കിലും തരം മാറ്റിയാൽ തരംമാറ്റിയ അത്രയും ഭാഗം ഭൂമികൂടി കൈവശക്കാരന്റെ നിലവിലെ ഭൂമിക്കൊപ്പം ചേർത്ത് പരിധി മറികടക്കുന്നുണ്ടോ എന്ന് പരിശോധിച്ച് പരിധി മറികടക്കുന്നുണ്ടെങ്കിൽ താലൂക്ക് ലാൻഡ് ബോർഡ് മിച്ചഭൂമി കേസ് ആരംഭിക്കുകയാണ് ചെയ്യുന്നത്. തോട്ടഭൂമിയ്ക്ക് ഭൂപരിധി കണക്കാക്കാതെയാണ് ഇളവ് അനുവദിക്കുന്നത്. ഇളവ് നൽകിയ തോട്ടഭൂമി, തരം മാറ്റിയതുമൂലം സർക്കാർ ഏറ്റെടുത്ത തോട്ടഭൂമി, ഇതിൽ ഭൂരഹിതർക്ക് വിതരണം ചെയ്ത ഭൂമി എന്നിവയുടെ കണക്ക് സമാഹരിച്ച് സൂക്ഷിച്ചിട്ടില്ല.

## തങ്കളം-കാക്കനാട് നാലുവരി പാതയുടെ നിർമ്മാണം

259 (6478) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ തങ്കളം-കാക്കനാട് നാലുവരി പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നടന്നുവരുന്ന സ്ഥലമേറ്റെടുപ്പ് നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥലമേറ്റെടുപ്പ് നടപടികൾക്ക് പ്രതീക്ഷിച്ച പുരോഗതിയില്ലായെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

(എ&ബി) കോതമംഗലം മണ്ഡലത്തിലെ തങ്കളം-കാക്കനാട് നാലുവരി പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിലെ എരമല്ലൂർ വില്ലേജിലെ 5.9258 ഹെക്ടർ സ്ഥലം കാക്കനാട്-കോതമംഗലം റോഡ് വികസനത്തിനായി എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും സാമൂഹ്യാഘാത പഠനം നടത്തിയിട്ടുള്ളതുമാണ്. സാമൂഹ്യാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ വിദഗ്ദ്ധ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ളതും വിദഗ്ദ്ധ സമിതി 30-7-2019-ന് ശിപാർശ സമർപ്പിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ എൽ.എ.ആർ.ആർ. ആക്ടിലെ സബ് സെക്ഷൻ 2 സെക്ഷൻ 8 പ്രകാരമുള്ള സമുചിത സർക്കാർ തീരുമാനം 27-11-2019-ലെ സ.ഉ.(കൈ) നമ്പർ 357/2019/റവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. വിദഗ്ദ്ധ സമിതി റിപ്പോർട്ട് നൽകുന്ന തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണെന്ന് നിയമം അനുശാസിക്കുന്നു. എന്നാൽ പല കാരണങ്ങളാൽ ഈ കാലയളവിനുള്ളിൽ 11(1) വിജ്ഞാപനം പുറപ്പെടുവിക്കാൻ സാധിച്ചിട്ടില്ലാത്തതും ആയതിനാൽ ഇതുസംബന്ധിച്ച് സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിച്ച് സമയം ദീർഘിപ്പിച്ചു നൽകുന്നതിനുള്ള ശിപാർശ അംഗീകരിച്ച് 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള കാലയളവ് 30-7-2020 മുതൽ 6 മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് 13-11-2020-ലെ സ.ഉ.(അച്ചടി) നമ്പർ 90/2020/റവ പ്രകാരം ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതുമാണ്. തുടർന്ന് 11(1) വിജ്ഞാപനം (പ്രാഥമിക വിജ്ഞാപനം) 30-1-2021-ലെ സ.ഉ.(അച്ചടി) നമ്പർ 14/2021/റവ. പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതും ആയതിന്റെ സർവ്വേ നടപടികൾ അവസാന ഘട്ടത്തിലുമാണ്. 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ച് 12 മാസത്തിനകം അതായത് 30-1-2022-നകം 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കേണ്ടതാണ്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 255 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ള പ്രസ്തുത പാതയുടെ സ്ഥലമേറ്റെടുപ്പ് നടപടികൾക്കായി സ്പെഷ്യൽ തഹസീൽദാരുടെ ഒരു ഓഫീസ് ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിൽ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ, കാക്കനാട് ഓഫീസ് മുഖാന്തരം പൊന്നുംവില നടപടികൾ നടന്നുവരുന്നു.

## തൃശ്ശൂർ-വാടാനപ്പള്ളി സംസ്ഥാനപാത വികസനം

260 (6479) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-വാടാനപ്പള്ളി സംസ്ഥാനപാത വികസനത്തിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്ന നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്നതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഇതിനായി സാമൂഹ്യാഘാത പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പാതയുടെ വികസനവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

(എ-സി) 2008-ൽ സംസ്ഥാന പാതയായി പ്രഖ്യാപിച്ച തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി റോഡ് വികസനത്തിന് ഭരണാനുമതി നൽകിയത് 23-9-2008-ലെ ജി.ഒ (ആർ.ടി) 1601/2008/PWD നമ്പർ പ്രകാരമാണ്. വിശദമായ പദ്ധതി രേഖ തയ്യാറാക്കി പൊതുമരാമത്ത് വകുപ്പ് സ്ഥലം ഏറ്റെടുക്കുന്നതിന് അർത്ഥന നൽകിയത് 27-8-2011-ലാണ്. 1-3-2011-ലെ G.O.(Rt) No. 438/2011/PWD പ്രകാരം പൊന്നുംവില നടപടി അടിയന്തരഘട്ടത്തിൽ ഉൾപ്പെടുത്തി 'Fast Track" സംവിധാനത്തിൽ ചെയ്യുന്നതിന് ഉത്തരവായിരുന്നു. തൃശ്ശൂർ താലൂക്കിലെ അരണാട്ടുകര, പുല്ലഴി, വെളുത്തൂർ, മനക്കൊടി പരയ്ക്കാട്, എറവ്, മണലൂർ, കാരമുക്ക് എന്നീ 8 വില്ലേജുകളിലും ചാവക്കാട് താലൂക്കിലെ വാടാനപ്പള്ളി വില്ലേജിലും ഉൾപ്പെട്ട ഏകദേശം 7.1098 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനാണ് അർത്ഥന നൽകിയിരുന്നത്. സർവ്വെ അതിരടയാള നിയമപ്രകാരമുള്ള 6(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. അതിനിടെ 2013-ലെ എൽ.എ.ആർ.ആർ. ആക്ട് നിലവിൽ വന്ന സാഹചര്യത്തിൽ തുടർ നടപടികളൊന്നും സ്വീകരിക്കുവാൻ സാധിച്ചില്ല. LARR Act നിലവിൽ വന്ന സാഹചര്യത്തിൽ പൊന്നുംവില നടപടിയുടെ പുതുക്കിയ അർത്ഥന സമർപ്പിക്കുവാൻ അർത്ഥനാധികാരിക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ താലൂക്കിലെ അരണാട്ടുകര, പുല്ലഴി, വെളുത്തൂർ, മനക്കൊടി, പരയ്ക്കാട്, എറവ് എന്നീ വില്ലേജുകളിലെ ഏകദേശം

3.7914 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥന 27-2-2016-ന് സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ അർത്ഥനയോടൊപ്പം 2011-ൽ ലഭിച്ച സർക്കാർ ഉത്തരവാണ് ഹാജരാക്കിയത്. ആയതിനാൽ ഇക്കാര്യത്തിൽ ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തി പൊതുമരാമത്ത് വകുപ്പിന്റെ പുതുക്കിയ ഭരണാനുമതി ഉത്തരവ് ലഭ്യമാക്കുവാൻ അർത്ഥനാധികാരിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തി പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് 14-2-2019-ലെ സ.ഉ.(കൈ) 56/2019/റവ. പ്രകാരം സ്ഥലമേറ്റെടുക്കുന്നതിനുള്ള അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതും തുടർന്ന് സാമൂഹ്യാഘാത പഠനം നടത്തി വിദഗ്ദ്ധ സമിതി രൂപീകരിച്ച് ആക്ടിൽ നിഷ്കർഷിക്കുന്ന പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

### പുളിക്കൽ വില്ലേജിലെ കരിങ്കൽപ്പാറ ഇനത്തിൽപ്പെട്ട മിച്ചഭൂമി

261 (6480) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി താലൂക്കിലെ പുളിക്കൽ വില്ലേജിൽ പതിച്ച് നൽകുവാൻ സാധിക്കാത്ത കരിങ്കൽപ്പാറ ഇനത്തിൽപ്പെട്ട എത്ര ഏക്കർ മിച്ച ഭൂമി നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

കൊണ്ടോട്ടി താലൂക്കിൽ പുളിക്കൽ വില്ലേജിൽ പതിച്ചുനൽകാൻ സാധിക്കാത്ത കരിങ്കൽ പാറ ഇനത്തിൽപ്പെട്ട 24.25 ഏക്കർ മിച്ചഭൂമി നിലവിലുണ്ട്.

(ബി) പ്രസ്തുത ഭൂമിയുടെ ബ്ലോക്ക്, സർവ്വേ, സബ് ഡിവിഷൻ നമ്പർ അടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

ബ്ലോക്ക് 7,8. റീ സർവ്വേ 94/2 A 1 pt, 74/1A, 158/2, 92/1, 446/1, 185/3.

(സി) ഇത്തരം ഭൂമികളിൽ പാറ ഖനനം ചെയ്യുന്നതിന് റവന്യൂ വകുപ്പ് ലീസ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത വില്ലേജിൽ അനധികൃതമായി പാറഖനനം ചെയ്തത് കണ്ടെത്തിയതിനെ തുടർന്ന് വകുപ്പുതല അന്വേഷണം നടന്നിട്ടുണ്ടോ; എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(സി&ഡി) ഇല്ല.

## പാട്ടഭൂമി

262 (6481) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഏക്കർ സർക്കാർ ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്; ഇതിൽനിന്നും ഒരു വർഷം ലഭിക്കുന്ന പാട്ടതുക എത്രയാണ്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 10645.815264 ഏക്കർ സർക്കാർ ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്. ഇതിൽനിന്നും ഒരു വർഷം ലഭിക്കുന്ന പാട്ടതുക 21,82,75,332 രൂപ (ഇരുപത്തിയൊന്ന് കോടി എൺപത്തിരണ്ട് ലക്ഷത്തി എഴുപത്തിഅയ്യായിരത്തി മുന്നൂറ്റി മുപ്പത്തിരണ്ട് രൂപ മാത്രം). ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇതിൽ കൃഷി (തോട്ടം ഉൾപ്പെടെ), വ്യവസായം എന്നീ ആവശ്യങ്ങൾക്ക് എത്ര ഭൂമി നൽകിയിട്ടുണ്ട്; ഇവയുടെ പാട്ടവ്യവസ്ഥ എന്താണ്; ഇതിൽനിന്നും പാട്ടത്തുകയായി എത്ര രൂപ ലഭിക്കുന്നു; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

കൃഷി (തോട്ടം ഉൾപ്പെടെ), വ്യവസായം എന്നീ ആവശ്യങ്ങൾക്കായി നൽകിയിട്ടുള്ള ഭൂമി, ഇതിൽനിന്നും ലഭിക്കുന്ന പാട്ടത്തുക എന്നിവ സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു*.

(സി) ഈ സർക്കാർ വന്നതിനുശേഷം പാട്ട വ്യവസ്ഥ ലംഘിച്ച എത്ര പേരുടെ ഭൂമി തിരിച്ചെടുത്തിട്ടുണ്ട്; അപ്രകാരം എത്ര ഭൂമി ലഭിച്ചു; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

ഈ സർക്കാർ വന്നതിനുശേഷം പാട്ട വ്യവസ്ഥ ലംഘിച്ചതും തിരിച്ചെടുത്തതുമായ ഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു*.

(ഡി) ഈ സർക്കാർ വന്നതിനുശേഷം പാട്ട വ്യവസ്ഥ ലംഘിച്ച എത്ര ഏക്കർ ഭൂമി തിരിച്ചുപിടിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു?

ഈ സർക്കാർ വന്നതിനുശേഷം പാട്ട വ്യവസ്ഥ ലംഘിച്ച 308.09433 ഏക്കർ ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## യു.എൽ.സി.സി. മുഖേന റവന്യൂ വകുപ്പിൽ നടപ്പാക്കുന്ന വിവിധ പദ്ധതികൾ

263 (6482) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.എൽ.സി.സി. മുഖേന റവന്യൂ വകുപ്പിൽ നടപ്പാക്കുന്ന വിവിധ പ്രവൃത്തികൾ ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ ടെണ്ടർ വിളിച്ച് നടപ്പാക്കിയ പദ്ധതികൾ എത്രയെന്നും ഏതൊക്കെയാണെന്നും അറിയിക്കുമോ; ടെണ്ടർ വിളിക്കാതെ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) 2021-22 സാമ്പത്തികവർഷം കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയിൻകീഴിലുള്ള റവന്യൂ ഓഫീസുകളുടെ നവീകരണം എന്ന പദ്ധതി ഘടകംപ്രകാരം കോഴിക്കോട് സബ് കളക്ടറുടെ ക്യാമ്പ് ഓഫീസ് നിർമ്മാണത്തിനായി 1.50 കോടി രൂപയുടെ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത നിർമ്മാണപ്രവൃത്തി, സാങ്കേതികാനുമതിയും പരിശോധനാ അളവും പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നൽകേണ്ടതാണെന്ന വ്യവസ്ഥയിൽ ടെണ്ടർ വിളിക്കാതെ യു.എൽ.സി.സി. വഴി നടപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മറ്റ് ജില്ലകളിൽ യു.എൽ.സി.സി. മുഖേന റവന്യൂ വകുപ്പിൽ പ്രവൃത്തികൾ നടത്തുന്നില്ല.

## പ്രകൃതിദുരന്തങ്ങൾക്ക് കേന്ദ്ര സർക്കാരിൽനിന്ന് സാമ്പത്തിക സഹായം

264 (6483) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾക്കുള്ള സാമ്പത്തിക സഹായത്തിനായി സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ള നിവേദനങ്ങളോട് അനുഭാവപൂർവ്വമായ സമീപനം കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(ബി) 2018 മുതൽ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട സഹായധനം എത്ര വീതമായിരുന്നുവെന്നും കേന്ദ്ര സർക്കാർ ഇതുവരെ ഓരോ തവണയും ലഭ്യമാക്കിയ തുക എത്രവീതമാണെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് ദേശീയ ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡമനുസരിച്ച് 5616.78 കോടി രൂപയുടെ സഹായം അഭ്യർത്ഥിച്ചുകൊണ്ടും 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് 2101.88 കോടി രൂപയുടെ സഹായം അഭ്യർത്ഥിച്ചുകൊണ്ടും കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി. സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട തുക പൂർണ്ണമായും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ല. 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽനിന്ന് 3048.39 കോടി രൂപയുടെ ധനസഹായം അംഗീകരിക്കുകയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ 1-4-2018-ൽ നിലനിന്നിരുന്ന ബാലൻസ് തുകയായ 287.08 കോടി രൂപയുടെ 50% തുകയായ 143.54 കോടി രൂപ കുറച്ച് 2,904.85 കോടി രൂപ അനുവദിക്കുകയുണ്ടായി. 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് ധനസഹായം ലഭിച്ചിട്ടില്ല.

## പ്രളയംമൂലം തകർന്ന റോഡുകൾ

265 (6484) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയംമൂലം തകർന്ന റോഡുകളുടെ പ്രവൃത്തികൾ സുഗമമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

പ്രളയമുൾപ്പെടെയുള്ള അംഗീകൃത പ്രകൃതി ദുരന്തങ്ങളിൽ നാശനഷ്ടം സംഭവിക്കുന്ന റോഡുകളുടെ അടിയന്തര പുനരുദ്ധാരണവുമായി ബന്ധപ്പെട്ട കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരം ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് കിലോമീറ്ററിന് അറുപതിനായിരം രൂപയും മേജർ ജില്ലാ റോഡുകൾക്കും സംസ്ഥാന പാതകൾക്കും കിലോമീറ്ററിന് ഒരു ലക്ഷം രൂപയും മാത്രമാണ് അനുവദനീയം. എന്നാൽ ഇത്തരം റോഡുകളുടെ പുനരുദ്ധാരണത്തിന് ദുരന്ത പ്രതികരണ നിധിയിൽനിന്നും സംസ്ഥാനത്ത് നിലവിൽ പത്ത് ലക്ഷം രൂപ വരെ അനുവദിക്കുന്നുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ചുകൊണ്ടുള്ള റോഡുകളുടെ പുനരുദ്ധാരണം ത്വരിതപ്പെടുത്തുന്നതിനായി 2018-19 സാമ്പത്തിക വർഷം മുതൽ ഭരണാനുമതി നൽകിവരുന്ന പ്രവൃത്തികളുടെ ഭരണാനുമതി കാലാവധി ഒന്നര വർഷമായി നിജപ്പെടുത്തുകയും ഭരണാനുമതി ഉത്തരവിന്റെ തീയതി മുതൽ ആറ് മാസത്തിനകം കരാർ വയ്ക്കണമെന്ന നിബന്ധന ഏർപ്പെടുത്തുകയും ചെയ്തു. പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിച്ച്

പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പ്രവൃത്തികൾ മോണിറ്റർ ചെയ്യുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒഴിവാക്കാനാകാത്ത കാരണങ്ങളാൽ തുടർനടപടി സ്വീകരിക്കാൻ സാധിക്കാതെ ഭരണാനുമതി നഷ്ടപ്പെടുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി പുതുക്കി ലഭിക്കുന്നതിന് ജില്ലാ കളക്ടർമാർ സമർപ്പിക്കുന്ന അപേക്ഷകൾ പ്രത്യേകം പരിഗണിച്ച് അനുവദനീയമായവയ്ക്ക് ഭരണാനുമതി പുതുക്കി നൽകാറുണ്ട്. 2018, 2019 വർഷങ്ങളിലെ പ്രളയം, പൊതു തെരഞ്ഞെടുപ്പുകൾ, കോവിഡ് മഹാമാരി എന്നിവമൂലം ഒട്ടേറെ പ്രവൃത്തികൾക്ക് സമയബന്ധിതമായി കരാറിലേർപ്പെടാനോ തുടർനടപടികൾ സ്വീകരിക്കാനോ സാധിക്കാത്ത സാഹചര്യത്തിൽ 2019 ഏപ്രിൽ 1 മുതൽ 2021 മേയ് 31 വരെ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾക്ക് കരാറിൽ ഏർപ്പെടുന്നതിന് 2021 ഡിസംബർ 31-വരെ സമയം നൽകിയിട്ടുണ്ട്. കരാർ വയ്ക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആറ് മാസത്തെ സമയവും അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം റോഡുകളുടെ പുനരുദ്ധാരണം സുഗമമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

**നെയ്യാറ്റിൻകര മണ്ഡലത്തിൽ പ്രകൃതിക്ഷോഭത്തിൽ തകർന്ന റോഡുകൾ**

266 (6485) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2016-17, 2017-18, 2019-20 എന്നീ വർഷങ്ങളിൽ പ്രകൃതിക്ഷോഭത്തിൽ തകർന്ന റോഡുകൾ പുനർനിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ 2016-17, 2017-18, 2019-20 എന്നീ വർഷങ്ങളിൽ ഭരണാനുമതി നൽകി ഫ്ലഡ് ഫണ്ടിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

(എ&ബി) സംസ്ഥാന ദുരന്തപ്രതികരണനിധി വിനിയോഗിച്ചുകൊണ്ട് നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാറില്ല. ജില്ലാ അടിസ്ഥാനത്തിലാണ് പ്രകൃതി ക്ഷോഭത്തിൽ നാശം സംഭവിക്കുന്ന റോഡുകളുടെ പുനർനിർമ്മാണത്തിന് ഭരണാനുമതി നൽകുന്നത്. നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ക്രോഡീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ഫ്ലഡ് സ്കീമിൽ ഉൾപ്പെടുത്തി ഗ്രാമീണ റോഡുകളുടെ നവീകരണം

267 (6486) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫ്ലഡ് സ്കീമിൽ ഉൾപ്പെടുത്തി ഗ്രാമീണ റോഡുകൾ നവീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

വെള്ളപ്പൊക്കം ഉൾപ്പെടെ അംഗീകൃത പ്രകൃതി ദുരന്തങ്ങളിൽ നാശനഷ്ടം സംഭവിക്കുന്ന റോഡുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട കേന്ദ്ര ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം ഗ്രാമീണ റോഡുകളുടെ അടിയന്തര പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഒരു കിലോമീറ്ററിന് അറുപതിനായിരം രൂപ മാത്രമാണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ചുകൊണ്ടുള്ള റോഡുകളുടെ പുനരുദ്ധാരണത്തിന് സംസ്ഥാനത്ത് പത്ത് ലക്ഷം രൂപ വരെ അനുവദിക്കുന്നുണ്ട്. 10-10-2012-ലെ സ.ഉ (കൈ)നം. 384/2012/ ഡി.എം.ഡി, 27-3-2018-ലെ സ.ഉ(കൈ)നം.3/2018/ഡി.എം.ഡി. നമ്പർ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് ഇത്തരം റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പാക്കുന്നത്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## തിരുവമ്പാടി മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നവീകരണം

268 (6487) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വില്ലേജ് ഓഫീസുകൾ സ്മാർട്ട് ആക്കുന്ന പദ്ധതിയുടെ ഭാഗമായി വിവിധ ഫണ്ടുകൾ ഉപയോഗിച്ച് തിരുവമ്പാടി മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് നവീകരിച്ചതെന്നും ഇനിയും ഏതൊക്കെയാണ് നവീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വില്ലേജ് ഓഫീസുകൾ സ്മാർട്ട് ആക്കുന്ന പദ്ധതിയുടെ ഭാഗമായി വിവിധ ഫണ്ടുകൾ ഉപയോഗിച്ച് തിരുവമ്പാടി മണ്ഡലത്തിൽ നവീകരിച്ച വില്ലേജ് ഓഫീസുകളുടെയും നവീകരിക്കാൻ ഉദ്ദേശിക്കുന്ന വില്ലേജ് ഓഫീസുകളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വില്ലേജ് ഓഫീസ് നവീകരണം

269 (6488) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് നവീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ, വിശദാംശം നൽകുമോ?

റീബിൽഡ് കേരളാ ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി അസംബ്ലി നിയോജകമണ്ഡലത്തിലെ മാടപ്പള്ളി വില്ലേജ് ഓഫീസ് കെട്ടിടം പണിയുന്നതിന് 44 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രവുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്.

## മുക്കം മിനി സിവിൽ സ്റ്റേഷൻ വിപുലീകരണം

270 (6489) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം മിനി സിവിൽ സ്റ്റേഷനിൽ കൂടുതൽ നിലകൾ പണിത് വിപുലീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സിവിൽ സ്റ്റേഷൻ വിപുലീകരണത്തിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) മുക്കം മിനി സിവിൽ സ്റ്റേഷൻ 3 നില കെട്ടിടമായാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. ആയതിൽ ആദ്യ രണ്ട് നിലകളുടെ (ഗ്രൗണ്ട് ഫ്ലോർ & ഫസ്റ്റ്ഫ്ലോർ) നിർമ്മാണമാണ് നിലവിൽ പൂർത്തീകരിച്ചിട്ടുള്ളത്. രണ്ടാം നിലയുടെ പൂർത്തീകരണത്തിനായുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി വരുന്നു.

## മണലൂർ മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ

271 (6490) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ ഏതെല്ലാം വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതെന്ന് അറിയിക്കാമോ?

മണലൂർ മണ്ഡലത്തിൽ പാവറട്ടി, എറവ് എന്നീ വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസായി നിർമ്മിക്കുന്നതിന് യഥാക്രമം 2019-20, 2020-21 എന്നീ സാമ്പത്തികവർഷങ്ങളിലെ സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ഓഫീസുകൾ സ്മാർട്ടാക്കുന്നതിനായി ഓരോ ഓഫീസിനും അനുവദിച്ച തുക എത്രയാണ്?

പ്രസ്തുത പദ്ധതി പ്രകാരം രണ്ട് പ്രവൃത്തികളുടേയും ഭരണാനുമതി തുക 44 ലക്ഷം രൂപ വീതമാണ്.

(സി) പ്രസ്തുത ഓഫീസുകൾ സ്മാർട്ടാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

പാവറട്ടി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിനുവേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ കൈവശത്തിലുള്ള ഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. എറവ് സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് മുഖേന തയ്യാറാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## കോവിഡ് നിയന്ത്രണങ്ങളിലെ ഇളവുകൾ വില്ലേജ് ഓഫീസുകളിൽ ബാധകമാക്കാനുള്ള നടപടി

272 (6491) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് നിയന്ത്രണങ്ങളിലെ ഇളവുകൾ വില്ലേജ് ഓഫീസുകളിൽ ബാധകമാക്കാത്തത് കാരണം പൊതുജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ സർക്കാർ നിർദ്ദേശ പ്രകാരം എല്ലാ സർക്കാർ സ്ഥാപനങ്ങളിലും പൊതുജനങ്ങൾ പ്രവേശിക്കുന്നതിന് നിയന്ത്രണങ്ങളേർപ്പെടുത്തി ഉത്തരവായിരുന്നു. നിലവിൽ സർക്കാർ വിവിധ തലങ്ങളിൽ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങളിൽ ഇളവ് നൽകിയിട്ടുള്ള സാഹചര്യത്തിൽ വില്ലേജ് ഓഫീസുകളിൽ പ്രവേശിക്കുന്നതിന് പൊതുജനങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ലാത്തതാണ്.

(ബി) കളക്ടറേറ്റിലും താലൂക്ക് ഓഫീസുകളിലും പൊതുജനങ്ങൾ നേരിട്ട് ചെന്ന് ആവശ്യങ്ങൾ നിറവേറ്റുമ്പോൾ വില്ലേജ് ഓഫീസുകൾ മാത്രം അടച്ചിട്ടുകയും ജനലഴികളിലൂടെയും ഓഫീസിന് മുന്നിൽ സ്ഥാപിച്ച പെട്ടികളിൽ നിക്ഷേപിച്ചും അപേക്ഷകൾ സ്വീകരിക്കുന്നത് ജനങ്ങൾക്ക് പ്രയാസമുണ്ടാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

നിലവിൽ അത്തരം ബുദ്ധിമുട്ടുകൾ ഇല്ലാത്തതാണ്. വില്ലേജ് ഓഫീസുകളിൽ അപേക്ഷകൾ ഓൺലൈൻ മുഖേനയും നേരിട്ടും സ്വീകരിച്ച് വരുന്നുണ്ട്. കോവിഡ്-19 നിയന്ത്രണങ്ങൾ നിലനിന്നിരുന്ന സമയത്ത് മാത്രമാണ് വില്ലേജ് ഓഫീസുകളിൽ അപേക്ഷകൾ നേരിട്ട് കൈപ്പറ്റാൻ സാധിക്കാത്ത അവസ്ഥ ഉണ്ടായിരുന്നത്.

(സി) പെട്ടിയിൽ നിക്ഷേപിച്ച അപേക്ഷകളുടെ ന്യൂനതകൾ അപ്പപ്പോൾ അപേക്ഷകനെ അറിയിക്കാത്തതുകാരണം നിരവധി തവണ വില്ലേജ് ഓഫീസുകളിൽ പോകേണ്ടി വരുന്നതിലെ പ്രയാസം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദീകരിക്കുമോ?

ഇത്തരം പരാതികൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. എങ്കിലും പെട്ടിയിൽ നിക്ഷേപിക്കുന്ന അപേക്ഷകളിൽ അപേക്ഷകന്റെ ഫോൺ നമ്പർ നിർബന്ധമായും ചേർക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതും അപേക്ഷയിൽ ന്യൂനത കാണുന്നപക്ഷം ആയത് കാലതാമസം വരുത്താതെ നടപടികൾ സ്വീകരിക്കാൻ വില്ലേജ് ഓഫീസർക്ക് ജില്ലാ കളക്ടർമാർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

**പാർട്ട് ടൈം തസ്തികയിൽ നിന്നുള്ള ഉദ്യോഗക്കയറ്റം**

273 (6492) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പാർട്ട് ടൈം തസ്തികയിൽ നിന്നും തസ്തികമാറ്റം വഴിയുള്ള ഉദ്യോഗക്കയറ്റത്തിനായി ജില്ലാ കളക്ടർമാർ തയ്യാറാക്കുന്ന പാർട്ട് ടൈം ജീവനക്കാരുടെ ലിസ്റ്റ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ പാർട്ട് ടൈം തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ള 1-1-2018 മുതൽ 31-12-2019 വരെയുള്ള കാലയളവിലെ ജീവനക്കാരുടെ ലിസ്റ്റ് നിലവിലുണ്ട്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പട്ടികയിൽ എത്ര ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

98 ജീവനക്കാർ.

(സി) നിലവിലെ പട്ടികയിൽനിന്നും എത്ര പേർക്ക് തസ്തികമാറ്റം മുഖേനയുള്ള ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

തസ്തികമാറ്റം മുഖേന സ്ഥാനക്കയറ്റത്തിനായി സന്നദ്ധത അറിയിച്ചിട്ടുള്ള 50 ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായി ബന്ധപ്പെട്ട നിയമനാധികാരികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

## റവന്യൂ വകുപ്പിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റം

274(6493) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 3-1-2014-ലെ സർക്കാർ ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവർക്കും സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസിലെ താഴ്ന്ന ശമ്പള സ്കെയിലിലെ ജീവനക്കാരെയും ഉൾപ്പെടുത്തി സംയോജിത സീനിയോറിറ്റി പട്ടിക തയ്യാറാക്കി യോഗ്യരായവർക്ക് ക്ലാർക്ക്, വില്ലേജ് അസിസ്റ്റന്റ്, ടൈപ്പിസ്റ്റ് എന്നീ തസ്തികകളിൽ 10% സ്ഥാനക്കയറ്റം അനുവദിച്ചിരുന്നോ?

ഉണ്ട്.

(ബി) റവന്യൂ വകുപ്പിലെ അറ്റൻഡർ, വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് എന്നീ വിഭാഗം ജീവനക്കാരുടെ അംഗബലം കണക്കിലെടുത്ത് പ്രൊമോഷൻ 15% ആയി ഉയർത്താൻ 10-1-2021-ലെ നമ്പർ 124/20 സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായിട്ടുണ്ടോ; പഴയ അനുപാതമായ 9:6 തിരികെ കൊണ്ടുവരികയാണ് ചെയ്യുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

24-8-2019-ലെ സ.ഉ. (പി.)6/2019/ഉ.ഭ.പ.വ. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*) പ്രകാരം റവന്യൂ വകുപ്പിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് എൽ.ഡി. ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേയ്ക്ക് പതിനഞ്ച് ശതമാനം തസ്തികമാറ്റ സ്ഥാനക്കയറ്റ അനുപാതം നിലനിർത്തികൊണ്ട് ഉത്തരവായിരുന്നു. വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയിലെ ചില ജീവനക്കാർ തങ്ങൾക്ക് എൽ.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകണമെന്നാവശ്യപ്പെട്ട് ഫയൽ ചെയ്ത

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

OA-യിൽ മേലുള്ള വിധിന്യായം നടപ്പിലാക്കികൊണ്ട് പുറപ്പെടുവിച്ച ഉത്തരവാണ് 10-1-2020-ലെ സ.ഉ. (സാധാ.)124/2020/റവ. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*) പ്രസ്തുത ഉത്തരവിൽ 24-8-2019-ലെ സ.ഉ. (പി.)6/2019/ഉ.ഭ.പ.വ. പ്രകാരം വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്/എൽ.ജി.എസ്. തസ്തികകൾക്ക് ക്ലാർക്ക്/ വില്ലേജ് അസിസ്റ്റന്റ് തസ്തികകളിലേയ്ക്ക് പതിനഞ്ച് ശതമാനം തസ്തിക മാറ്റ സ്ഥാനക്കയറ്റം 3:2 അംശാനുപാതത്തിൽ അനുവദിക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്.

(സി) മറ്റ് വകുപ്പുകളിലെ പോലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് 10% പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

റവന്യൂ വകുപ്പിൽ എൽ.ഡി.ക്ലാർക്ക് എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേയ്ക്ക് പതിനഞ്ച് ശതമാനം തസ്തിക മാറ്റ സ്ഥാനക്കയറ്റം വി.എഫ്.എ./എൽ.ജി.എസ്. അറ്റൻഡർ തസ്തികകൾക്ക് 3:2 അനുപാതത്തിൽ അനുവദിച്ചു വരുന്നുണ്ട്.

## റവന്യൂ വകുപ്പിലെ പൊതു സ്ഥലംമാറ്റം

275(6494) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പിന്റെ 25-2-2017-ലെ സ.ഉ.3/2017/ഉ.ഭ.പ.വ. നമ്പർ ഉത്തരവ് അനുസരിച്ച് റവന്യൂ വകുപ്പിൽ പൊതു സ്ഥലംമാറ്റം നടത്തുന്നതിന് പ്രായോഗിക തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ വകുപ്പുതല വ്യവസ്ഥകൾ ഉൾപ്പെടുത്തി ഏതെല്ലാം ഉത്തരവുകളാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഉത്തരവുകളുടെ പകർപ്പുകൾ നൽകാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിരുന്നു. സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 25-2-2017-ലെ സ.ഉ.3/2017/ഉ.ഭ.പ.വ. നമ്പർ ഉത്തരവിന് അനുസൃതമായി റവന്യൂ വകുപ്പിൽ ഓൺലൈനായി പൊതു സ്ഥലംമാറ്റം നടത്തുന്നതിന് പൊതുമാനദണ്ഡങ്ങളും വ്യവസ്ഥകളും നിർണ്ണയിച്ചുകൊണ്ട് 26-8-2020-ൽ 2723/2020/റവ. ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റത്തിന് അപേക്ഷകൾ സ്വീകരിക്കുകയും കരട് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്തു. എന്നാൽ പ്രസ്തുത ലിസ്റ്റിൽ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 26-8-2020-ലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്യുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിലേയ്ക്ക് ശിപാർശ നൽകിയതിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി 30-7-2021-ൽ 2485/2021/റവ. നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ വകുപ്പിലെ സ്ഥലംമാറ്റം നടത്തുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തി വരവെ ഒരു കൂട്ടം ജീവനക്കാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA(EKM)1258/2021 നമ്പരായി പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളതും പ്രസ്തുത കേസിൽ 30-7-2021 ലെ സർക്കാർ ഉത്തരവ് സ്റ്റേ ചെയ്തിരിക്കുകയുമാണ്. പകർപ്പുകൾ ഇതോടൊപ്പം ചേർക്കുന്നു.*

(സി) 25-2-2017-ലെ പൊതു ഉത്തരവിന്റെ ഖണ്ഡിക (13) പ്രകാരം സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്ത് തീരുമാനിച്ച വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണോ വകുപ്പുതല വ്യവസ്ഥകൾ തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

25-2-2017-ലെ പൊതു ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്താണ് വകുപ്പുതല വ്യവസ്ഥകൾ തയ്യാറാക്കിയിട്ടുള്ളത്.

(ഡി) വകുപ്പുതല വ്യവസ്ഥകളിലേതെങ്കിലും പൊതു ഉത്തരവിലെ വ്യവസ്ഥകളുടെ അന്തസത്തയ്ക്ക് വിരുദ്ധമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജീവനക്കാരും സംഘടനകളും ഉത്തരവിലെ അപാകതകൾ ചൂണ്ടിക്കാണിച്ച് പരാതികൾ നൽകിയിട്ടുണ്ട്.

(ഇ) 26-8-2020-ൽ പ്രസിദ്ധീകരിച്ച പൊതു സ്ഥലംമാറ്റത്തിലെ കരട് ലിസ്റ്റ് പ്രകാരം പൊതു സ്ഥലംമാറ്റങ്ങൾ നടത്താൻ എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ?

26-8-2020-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകളിൽ ആക്ഷേപം ഉണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയത് ഭേദഗതി ചെയ്തുകൊണ്ട് 30-7-2021-ൽ പുതിയ ഉത്തരവ് പുറപ്പെടുവിക്കുകയും കോടതി പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്തിരിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ 26-8-2020-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച കരട് ലിസ്റ്റ് പ്രകാരം പൊതുസ്ഥലം മാറ്റം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വസ്തുവിന്റെ കൂട്ടുടമസ്ഥാവകാശം മാറ്റി സബ്ഡിവിഷൻ നൽകി കരം ഒടുക്കുന്നതിനുള്ള നടപടി

276(6495) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ അയിരൂപ്പാറ വില്ലേജിൽ ശാന്തമ്മ ജെ., പുതുവൽപുത്തൻ വീട്, ഉണ്ടത്തിൽ പി.ഒ., കാര്യവട്ടം എന്ന വ്യക്തിയുടെ വസ്തുവിന്റെ കൂട്ടുടമസ്ഥാവകാശം മാറ്റി സബ്ഡിവിഷൻ നൽകി കരം ഒടുക്കുന്നതിന് വേണ്ടി തിരുവനന്തപുരം താലൂക്ക് ഓഫീസിൽ നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

തിരുവനന്തപുരം ജില്ലയിൽ അയിരൂപ്പാറ വില്ലേജിൽ ശാന്തമ്മ ജെ., പുതുവൽപുത്തൻ വീട്, ഉണ്ടത്തിൽ പി.ഒ., കാര്യവട്ടം എന്ന വ്യക്തി 1-2-2021-ന് നൽകിയ അപേക്ഷ 1-3-2021-ന് പരിശോധനയ്ക്കായി ഹെഡ് സർവ്വേയർക്ക് കൈമാറിയിട്ടുള്ളതാണ്.

(ബി) താലൂക്ക് ഫയൽ നമ്പർ LRM1/6936/21 പ്രകാരം 1-2-2021-ൽ നൽകിയ അപേക്ഷ താലൂക്ക് സർവ്വേയർ പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിലുണ്ടായ കാലതാമസം വിശദീകരിക്കാമോ?

എൽ.ആർ.എം. ഫയലുകളിൽ സീനിയോറിറ്റി പ്രകാരമാണ് നടപടി സ്വീകരിച്ചുവരുന്നത്. 2021-ൽ നൽകിയിട്ടുള്ള അപേക്ഷ ആകയാൽ മുൻഗണനാക്രമത്തിൽ ഹെഡ് സർവ്വേയർ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള കാലതാമസമാണ് ടി ഫയലിൽ നിലവിലുള്ളത്.

(സി) പ്രസ്തുത പരാതി പരിശോധിച്ച് സ്വന്തം പേരിൽ കരം ഒടുക്കാൻ അവസരം ഒരുക്കുമോ; അപേക്ഷ എന്നത്തേയ്ക്ക് തീർപ്പ് കൽപ്പിക്കാൻ കഴിയും എന്നറിയിക്കാമോ; പ്രസ്തുത ഫയൽ നിലവിൽ ആരുടെ കൈവശമാണെന്ന് വ്യക്തമാക്കാമോ?

സീനിയോറിറ്റി പ്രകാരം ഫയൽ പരിശോധിച്ച് ഹെഡ് സർവ്വേയറുടെ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കി ടി ഫയലിൽ നടപടികൾ സ്വീകരിക്കുന്നതാണ്. ടി ഫയൽ നിലവിൽ ഹെഡ് സർവ്വേയറുടെ കൈവശമാണ്.

## തിരുവല്ല ഗവൺമെന്റ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് കൈവശത്തിലുള്ള ഭൂമി

277 (6496) ശ്രീ. മാത്യു ടി. തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവല്ല ഗവൺമെന്റ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (എ 213) കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമി പതിച്ചുകിട്ടുന്നതിനായി സർക്കാരിലേയ്ക്ക് നൽകിയ അപേക്ഷയിൽ (ഫയൽ നമ്പർ A1 /18/2018-REV) എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

സഹകരണ സംഘങ്ങൾക്ക് ഭൂമി പതിച്ച് നൽകാൻ വ്യവസ്ഥയില്ല. തിരുവല്ല സർവ്വീസ് സഹകരണ സംഘത്തിന് പാട്ടത്തിന് നൽകിയിട്ടുള്ള 5.44 ആർ ഭൂമിയുടെ നിലവിലെ പാട്ട കുടിശ്ശികയായ 83,19,536.85 രൂപ ഈടാക്കി നിലവിലുള്ള പാട്ട നിരക്കിൽ നിബന്ധനകൾക്ക് വിധേയമായി വീണ്ടും പാട്ട വ്യവസ്ഥയിൽ നൽകാവുന്നതാണോ എന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

## അയിരൂപ്പാറ വില്ലേജിൽ ഒടുക്കിക്കൊണ്ടിരുന്ന കരം തുടർന്നും അടയ്ക്കുന്നതിനുള്ള നടപടി

278(6497) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോൺ ജോസ്, ഉണ്ടത്തിൽ വീട്, ഉണ്ടത്തിൽ അയിരൂപ്പാറ വില്ലേജിൽ ഒടുക്കിക്കൊണ്ടിരുന്ന കരം തുടർന്നും അടയ്ക്കുന്നതിന് അവസരം നൽകണമെന്ന് കാണിച്ച് അയിരൂപ്പാറ വില്ലേജ് ഓഫീസർക്കും തിരുവനന്തപുരം തഹസിൽദാർക്കും നൽകിയ പരാതിയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ശ്രീ. ജോൺ ജോസ്, അയിരൂപ്പാറ വില്ലേജിൽ നൽകിയ അപേക്ഷ പരിശോധിച്ചതിൽ അപേക്ഷകന്റെ സർവ്വേ നമ്പർ ഉൾപ്പെട്ടു വരുന്നതിൽനിന്നും നിരവധി തെറ്റായ പോക്കുവരവുകൾ നടന്നിട്ടുണ്ട് എന്ന് കണ്ടെത്തുകയുണ്ടായി. ആയത് വിശദമായി പരിശോധിച്ചു നൽകുന്നതിന് താലൂക്ക് സർവ്വേയറുടെ സേവനം ആവശ്യമാണെന്ന് കണ്ടതിനാൽ ആയതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇക്കാര്യം സംബന്ധിച്ച് ഫയൽ നമ്പർ എച്ച്.1/27673/21-ൽ തഹസിൽദാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ; പ്രസ്തുത പരാതിയിൽ പരിഹാരം കണ്ടെത്തുവാൻ നടപടി സ്വീകരിക്കുമോ?

എച്ച്1-27673/21 നമ്പർ ഫയൽ താലൂക്ക് സർവ്വേയർക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ അപേക്ഷയ്ക്ക് ആസ്പദമായ ഭൂമിയുടെ സർവ്വേ നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

(സി) പ്രസ്തുത പരാതി പരിഹരിച്ച് ജോൺ ജോസിന് മുൻവർഷങ്ങളിലേതുപോലെ അയിരൂപ്പാറ വില്ലേജിൽ തുടർന്നും കരം അടയ്ക്കുന്നതിനായി രജിസ്റ്ററിലും കമ്പ്യൂട്ടറിലും മാറ്റം വരുത്തുവാൻ അവശ്യമായ നടപടി സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

## എം.എൽ.എ.-മാർ നൽകുന്ന നിവേദനങ്ങൾ, കത്തുകൾക്ക് എന്നിവയ്ക്ക് മറുപടി നൽകുന്നത്

279(6498) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ കളക്ടർക്ക് എം.എൽ.എ.-മാർ നേരിട്ടു നൽകുന്ന നിവേദനങ്ങൾ, കത്തുകൾ എന്നിവയ്ക്ക് രേഖാമൂലം മറുപടി നൽകാറുണ്ടോ; വിശദമാക്കാമോ?

കോഴിക്കോട് ജില്ലാ കളക്ടർക്ക് എം.എൽ.എ.-മാർ നേരിട്ടു നൽകുന്ന നിവേദനങ്ങൾ, കത്തുകൾ എന്നിവയ്ക്ക് രേഖാമൂലം മറുപടി നൽകാറുണ്ട്.

(ബി) ഉണ്ടെങ്കിൽ കഴിഞ്ഞ 2 വർഷം കൊയിലാണ്ടി നിയോജക മണ്ഡലം എം.എൽ.എ. നൽകിയ എത്ര കത്തുകളിൻമേൽ മറുപടി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

കഴിഞ്ഞ 2 വർഷം കൊയിലാണ്ടി എം.എൽ.എ. നൽകിയ 21 കത്തുകളിൻമേൽ കോഴിക്കോട് ജില്ലാ കളക്ടർ മറുപടി നൽകിയിട്ടുണ്ട്.

(സി) എം.എൽ.എ.-മാർ നൽകുന്ന കത്തുകളിൽ രേഖാമൂലം മറുപടി നൽകാൻ ആവശ്യമായ ക്രമീകരണം കോഴിക്കോട് കളക്ടറേറ്റിൽ വരുത്തുമോ; വിശദമാക്കാമോ?

എം.എൽ.എ.-മാരിൽനിന്നും ലഭിക്കുന്ന പരാതികളിന്മേൽ യഥാസമയം നടപടി സ്വീകരിച്ച് പ്രസ്തുത വിവരം എം.എൽ.എ.-മാരെ അറിയിക്കാറുണ്ട്.

## വില്ലേജ് ഓഫീസുകളിൽ വാഹന സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി

280 (6499) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുമായി നേരിട്ടു ഇടപഴകുന്ന വില്ലേജ് ഓഫീസുകളുടെ ഉപയോഗത്തിനായി വാഹനം ലഭ്യമാക്കേണ്ട ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യം ഗൗരവമായി കണക്കിലെടുക്കുമോ;

(ബി) സംസ്ഥാനത്തെ മറ്റ് ഓഫീസുകളിൽ സ്വന്തം വാഹനങ്ങൾ ഉള്ളപ്പോൾ വില്ലേജ് ഓഫീസുകളിൽ മാത്രം ഓഫീസ് വാഹനം ലഭ്യമല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാലാവസ്ഥാ വ്യതിയാനങ്ങൾമൂലം വർദ്ധിച്ചുവരുന്ന ദുരന്തങ്ങളിലും ജനക്ഷേമ പ്രവർത്തനങ്ങളിലും ആദ്യമെത്തേണ്ടത് റവന്യൂ ജീവനക്കാരാണ് എന്നത് കണക്കിലെടുത്ത് വില്ലേജ് ഓഫീസുകളുടെ ആവശ്യത്തിനായി വാഹനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലേയ്ക്ക് വാഹന സൗകര്യം ലഭ്യമാക്കുന്നതിനുള്ള ശിപാർശ പരിശോധിച്ച് വരികയാണ്.

## വില്ലേജിൽ നിന്നും ലഭിക്കേണ്ട സർട്ടിഫിക്കറ്റുകളും അവ ലഭ്യമാക്കുന്നതിനുള്ള ബുദ്ധിമുട്ടുകളും

281 (6500) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെ ഉദ്യോഗസ്ഥരിൽ ചിലർ റൂട്ട് മാപ്പ്, ലൊക്കേഷൻ സ്കെച്ച്, തണ്ടപ്പേർ തുടങ്ങിയ സർട്ടിഫിക്കറ്റുകൾ നൽകുവാൻ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്തെ ചില വില്ലേജ് ഓഫീസുകളെ സംബന്ധിച്ച് ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് ലൊക്കേഷൻ സ്കെച്ച്, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, തണ്ടപ്പേർ പകർപ്പ് എന്നിവ ഓൺലൈനായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡിജിറ്റൽ റീസർവ്വേ പൂർത്തിയാകുന്ന മുറയ്ക്ക് ഈ സംവിധാനം ഉപയോഗിക്കാൻ കഴിയും.

(ബി) അത്തരം ഉദ്യോഗസ്ഥരെ നിരീക്ഷിക്കുന്നതിനും അവർക്കെതിരെ നടപടി എടുക്കുന്നതിനും തയ്യാറാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പരിശോധനയുടെ അടിസ്ഥാനത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തുന്ന ജീവനക്കാർക്കെതിരെ നിയമാനുസൃതമായ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) അപേക്ഷ നൽകിക്കഴിഞ്ഞാൽ വസ്തുവിന് തണ്ടപ്പേർ ലഭിക്കുന്നതിനുള്ള കാലാവധി എത്ര ദിവസമാണ്?

പോക്കുവരവ് ചെയ്ത് തണ്ടപ്പേർ നൽകുന്നതിന് (സബ്ഡിവിഷൻ ഇല്ലാത്ത കേസുകളിൽ) മറ്റ് നിയമതടസ്സമോ സാങ്കേതിക തടസ്സമോ ഇല്ല എങ്കിൽ 40 ദിവസത്തിനകം നടപടി തീർപ്പാക്കേണ്ടതാണ്. പോക്കുവരവ് സബ്ഡിവിഷൻ നടപടികൾ ഉള്ള കേസുകളിൽ നടപടി പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ലാത്തതാണ്.

(ഡി) വില്ലേജിൽ നിന്നും ലഭിക്കേണ്ട മറ്റ് സർട്ടിഫിക്കറ്റുകൾ ഏതെല്ലാമാണ്; അപേക്ഷ നൽകി കഴിഞ്ഞാൽ അവ ലഭിക്കേണ്ട പരമാവധി ദിവസം വേർതിരിച്ച് വ്യക്തമാക്കാമോ?

ലാൻഡ് റവന്യൂ മാന്വൽ വാല്യം VI-ലെ 216-ാം ഖണ്ഡിക പ്രകാരം വില്ലേജ് ഓഫീസർമാർ അനുവദിക്കുന്ന സാക്ഷ്യപത്രങ്ങളുടെ വിവരവും സർട്ടിഫിക്കറ്റ് നൽകേണ്ട സമയപരിധിയും നിശ്ചയിച്ചിട്ടുള്ളത് സംബന്ധിച്ച് അനുബന്ധമായി ചേർക്കുന്നു.*

**ഭൂമിയുടെ സർവ്വേ നമ്പരിൽ മാറ്റം**

282 (6501) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദശാബ്ദങ്ങളായി കരം അടച്ച് വരുന്ന ഭൂമിയുടെ സർവ്വേ നമ്പരിൽ മാറ്റം വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

റീസർവ്വേ പൂർത്തീയാക്കുന്നതിന് മുൻപ് മുൻ സർവ്വേ പ്രകാരമാണ് കരം ഒടുക്കിവരുന്നത്. ഒരു വില്ലേജിൽ റീസർവ്വേ റിക്കാർഡുകൾ നിലവിൽ വരുമ്പോൾ പുതിയ റീസർവ്വേ നമ്പർ, സബ് ഡിവിഷൻ നമ്പർ എന്നിവ ഉണ്ടാകുന്നതാണ്. ശരിയായ സർവ്വേ നമ്പർ പ്രകാരമല്ലാതെ ആധാരം രജിസ്റ്റർ ചെയ്യുന്നതുമൂലം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദശാബ്ദങ്ങളായി കരം അടച്ചുവരുന്ന ഭൂമിയുടെ സർവ്വേ നമ്പരിൽ മാറ്റംവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരത്തിൽ സർവ്വേ നമ്പരിൽ മാറ്റം വരുത്തുന്നതോ വരുന്നതോ ആയ സാഹചര്യത്തിൽ ഭൂഉടമകൾക്ക് തുടർന്നും കരം ഒടുക്കാൻ സാധിക്കാതെ വരുന്നതും ഭൂമിയുടെ അവകാശി മരണപ്പെടുന്ന ഘട്ടത്തിൽ പ്രസ്തുത ഭൂമി അനന്തരാവകാശികൾക്ക് പുനർരജിസ്ട്രേഷൻ നടത്താൻ സാധിക്കാതെ വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പറവൂർ താലൂക്ക് ഏഴിക്കര വില്ലേജിലെ 56-ാം നമ്പർ തണ്ടപ്പേരിൽ നിന്ന് പിരിഞ്ഞിട്ടുള്ള 4461-ാം നമ്പർ തണ്ടപ്പേരുകക്ഷിയുടെ 66/15 എ സർവ്വേ നമ്പരിൽ ഉൾപ്പെട്ട സ്ഥലത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; ആയതിൽ യഥാർത്ഥ സർവ്വേ നമ്പരും തണ്ടപ്പേരും ഉൾപ്പെടുത്തി സ്ഥലമുടമകൾക്ക് വസ്തു കൈകാര്യം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഈ വിഷയവുമായി ബന്ധപ്പെട്ട് വില്ലേജ് രേഖകൾ പരിശോധിച്ചതിൽ പറവൂർ അഡീഷണൽ തഹസീൽദാരുടെ 25-11-2013-ലെ കെ.ഡിസ്/ 18052/13/എച്ച്4 നമ്പർ നടപടിക്രമം പ്രകാരം 4461-ാം നമ്പർ തണ്ടപ്പേർ റദ്ദ് ചെയ്തിട്ടുണ്ട്. ഈ നടപടിക്രമം പരിശോധിച്ചതിൽ ശ്രീമതി രാധാമണി പറവൂർ സബ് രജിസ്ട്രാർ ഓഫീസിലെ 2447/1982 നമ്പർ ആധാര പ്രകാരം സിദ്ധിച്ച ഏഴിക്കര വില്ലേജിലെ 66/15 എ-യിൽപ്പെട്ട 05.26 ആർ വസ്തു പോക്കുവരവ് ചെയ്യുന്നതിന് ലഭിച്ച അപേക്ഷയിന്മേൽ നടത്തിയ പരിശോധനയിൽ ഈ വസ്തു പോക്കുവരവ് ചെയ്യുന്നതിന് മാതൃ തണ്ടപ്പേരായ 56 നമ്പർ തണ്ടപ്പേരിൽ മതിയായ വസ്തു ഇല്ലായെന്നും ടി സർവ്വേ നമ്പരിൽപ്പെട്ട ഭൂമി തെറ്റായി 4461 നമ്പർ തണ്ടപ്പേർ കക്ഷിയായ ശ്രീമതി ആനന്ദത്തിന്റെ പേരിൽ പോക്കുവരവ് നടത്തിയതായി കണ്ടെത്തുകയും അപേക്ഷ കക്ഷിയായ ശ്രീമതി രാധാമണി അമ്മയുടെയും 4461 നമ്പർ തണ്ടപ്പേർ കക്ഷിയുടെ വസ്തുവിന്റെയും മുൻപ്രമാണങ്ങൾ 2321/1124 ആയതിനാൽ സർവ്വേ നമ്പർ പിശക് പരിഹരിക്കുന്നതിന് 4461 നമ്പർ തണ്ടപ്പേർ റദ്ദ് ചെയ്ത് 56 നമ്പർ തണ്ടപ്പേരിൽ കൊണ്ടുവരികയുണ്ടായി. കൂടാതെ തഹസിൽദാരുടെ ടി ഉത്തരവിൽ 4461 തണ്ടപ്പേർ കക്ഷിയ്ക്ക് യഥാർത്ഥ സർവ്വേ നമ്പരിൽ പ്രമാണം തയ്യാറാക്കുന്നതിലേയ്ക്ക് സാക്ഷ്യപത്രം നൽകുന്നതിനും 4461 തണ്ടപ്പേർ കക്ഷി ശരിയായ സർവ്വേ നമ്പരിൽ പ്രമാണം ചമയ്ക്കുന്ന മുറയ്ക്ക് 56 നമ്പർ തണ്ടപ്പേരിൽ നിന്നോ പോക്കുവരവ് അനുവദിക്കുവാനും വില്ലേജ് ഓഫീസർക്ക് അഡീഷണൽ തഹസിൽദാർ നിർദ്ദേശം നൽകിയിട്ടുണ്ട്. 4461 നമ്പർ തണ്ടപ്പേർ കക്ഷിക്ക് നോട്ടീസ് നൽകുകയും ടിയാളുടെ മകൾ മായാദേവി അഡീഷണൽ

തഹസിൽദാർ മുമ്പാകെ ഹാജരാകുകയും ശരിയായ കൈവശ സർവ്വേ നമ്പരിൽ പോക്കുവരവ് ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ 4461 തണ്ടപ്പേർ കക്ഷി ശ്രീമതി ആനന്ദം പോക്കുവരവ് നടത്തുന്നതിന് തിരുത്താധാരം സമർപ്പിച്ചിട്ടില്ലാത്തതും 56 നമ്പർ തണ്ടപ്പേർ കക്ഷി മരണപ്പെട്ടിട്ടുള്ളതുമാണ്.

(ഡി) ഇത്തരത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്ന വീഴ്ചകൾ ജനങ്ങളെ ബുദ്ധിമുട്ടിലാക്കാതിരിക്കാനാവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുമോ?

ഈ വിഷയത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടില്ല.

(ഇ) മേൽപ്പറഞ്ഞ ഭൂമിയുടെ കരം ഒടുക്കുന്നതിന് ആവശ്യമായ പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുമോ; വ്യക്തമാക്കുമോ?

4461 നമ്പർ തണ്ടപ്പേർ കക്ഷിയ്ക്ക് ഈ വിഷയത്തിൽ 2013-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. തെറ്റ് തിരുത്തൽ ആധാരം ഹാജരാക്കുന്ന മുറയ്ക്ക് കരം ഒടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ആധാർ അധിഷ്ഠിത തണ്ടപ്പേർ പദ്ധതി**

283 (6502) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധാർ അധിഷ്ഠിതമായ തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

സംസ്ഥാനം മുഴുവൻ ബാധകമാകുന്ന രീതിയിൽ ആധാർ അധിഷ്ഠിത യൂണീക്ക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് 12-2-2020-ലെ സ. ഉ. (സാധാ) നം. 552/2020/റവ. പ്രകാരം ഉത്തരവായിട്ടുണ്ട്. തുടർന്ന് യൂണീക്ക് തണ്ടപ്പേർ പ്രോജക്ടിനായി Aadhar Authentication- ഉപയോഗിക്കുന്നതിനുള്ള അനുമതിക്കായി കേരളാ സർക്കാരിന് വേണ്ടി ലാൻഡ് റവന്യൂ കമ്മീഷണർ കേന്ദ്ര ഗവൺമെന്റിന്റെ Ministry of Electronics & Information Technology-യുടെ അംഗീകാരത്തിനായി പ്രൊപ്പോസൽ സമർപ്പിക്കുകയും 23-8-2021-ലെ File No. 13(4)/2020-EG-II(Vol-8) നമ്പർ ഓഫീസ് മെമ്മോറാണ്ടം പ്രകാരം ലാൻഡ് റവന്യൂ ഡിപ്പാർട്ട്മെന്റിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മെമ്മോറാണ്ടത്തിൽ അംഗീകാരം ലഭിച്ചത് സംബന്ധിച്ചുള്ള വിജ്ഞാപനം കേരള സർക്കാർ പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ആധാർ അധിഷ്ഠിത തണ്ടപ്പേർ നമ്പർ പ്രാബല്യത്തിലാകുന്നതോടെ ഭൂമി ഇടപാടുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ, തട്ടിപ്പുകൾ, ബിനാമി ഇടപാടുകൾ എന്നിവ അവസാനിപ്പിക്കുന്നതിന് സാധിക്കുമോ എന്ന് വെളിപ്പെടുത്താമോ?

സംസ്ഥാനത്ത് എല്ലാ ഭൂവുടമകളുടെയും തണ്ടപ്പേർ വിവരങ്ങൾ ആധാർ നമ്പർ ഉൾപ്പെടുത്തി ലിങ്ക് ചെയ്യുകയും തുടർന്ന് കമ്പ്യൂട്ടർ അധിഷ്ഠിതമായ ഒരു പ്രത്യേക തണ്ടപ്പേർ നമ്പർ അനുവദിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. അതുവഴി ഒരു ഭൂവുടമയുടെ പേരിൽ സംസ്ഥാനത്തുള്ള മുഴുവൻ ഭൂമിയുടെയും വിവരങ്ങൾ ആധാർ അധിഷ്ഠിതമായ ഒരു തണ്ടപ്പേരിൽ ലഭ്യമാവുകയും ആയത് വഴി ജനങ്ങൾക്ക് സുഗമവും സുതാര്യവുമായി ഭൂമി സംബന്ധമായ ഇടപാടുകൾ നടത്തുന്നതിന് സാധിക്കും. കൂടാതെ ഇതുമൂലം ഭൂമി ഇടപാടുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ അവസാനിപ്പിക്കുന്നതിനും ബിനാമി ഇടപാടുകൾ നിയന്ത്രിക്കുന്നതിനും സാധിക്കുന്നതാണ്.

(സി) എങ്കിൽ പ്രസ്തുത പദ്ധതി എപ്രകാരമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഭൂമി സംബന്ധമായ വിവരങ്ങൾ ഭൂവുടമയുടെ സമ്മതത്തോടെ തന്നെ ആധാർ നമ്പറുമായി ബന്ധിപ്പിച്ചുകൊണ്ട് സർക്കാരിനും പൊതുജനങ്ങൾക്കും പ്രയോജനകരമാവുംവിധം ഭൂമി സംബന്ധമായ സേവനങ്ങൾ സുഗമവും സുതാര്യവുമായി ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ആധാർ നമ്പർ ഇല്ലാത്ത ഭൂഉടമകൾക്ക് നിലവിൽ ലഭ്യമായിട്ടുള്ള തണ്ടപ്പേർ അക്കൗണ്ട് തുടരുകയും ആധാർ നമ്പർ ലഭ്യമാകുന്ന മുറയ്ക്ക് ഭൂഉടമയുടെ സമ്മതത്തോടെ തന്നെ തണ്ടപ്പേർ അക്കൗണ്ടുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. ആധാർ വിവരങ്ങൾ പരിശോധിക്കുന്നതിന് Unique Identification Authority of India (UIDAI)-യുടെ അനുവാദ പ്രകാരവും ആധാർ സംബന്ധിച്ച് നിലവിലുള്ള കോടതിവിധികൾക്ക് അനുസൃതമായും ടി പദ്ധതി നടപ്പിൽ വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

### അരൂർ മണ്ഡലത്തിലെ പുറമ്പോക്ക് ഭൂമിയുടെ വിവരങ്ങൾ

284 (6503) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിൽ വിവിധ വില്ലേജുകളുടെ പരിധിയിലുള്ള പുറമ്പോക്ക് ഭൂമിയുടെ വിവരങ്ങൾ വില്ലേജ്, സർവ്വേ നമ്പർ സഹിതം വിശദമാക്കാമോ?

അരൂർ മണ്ഡലത്തിലെ 11 വില്ലേജുകളിലായി ആകെ 2998 സർവ്വേ നമ്പരുകളിലായി 4829.13 ഹെക്ടർ പുറമ്പോക്ക് ഭൂമിയുണ്ട്. ആയതിന്റെ വില്ലേജ് തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഭൂസർവ്വേ ആധുനികവല്ക്കരിക്കുന്നതിനുള്ള നടപടികൾ

285 (6504) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂസർവ്വേ ആധുനികവല്ക്കരിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) റീസർവ്വേ നടപടികൾ കുറ്റമറ്റ നിലയിൽ നടത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഭൂസംബന്ധമായ സേവനങ്ങൾ കാലഘട്ടത്തിനനുസൃതമായി ഓൺലൈൻ മുഖേന സാധ്യമാക്കുന്നതിന് നിലവിൽ ഡിജിറ്റൽ റിക്കാർഡുകൾ ലഭ്യമായിട്ടുള്ള 89 വില്ലേജുകളും നിലവിൽ ഡിജിറ്റൽ സർവ്വേ ജോലികൾ പുരോഗതിയിലുള്ള 27 വില്ലേജുകളും ഒഴികെ ശേഷിക്കുന്ന 1550 വില്ലേജുകൾ നൂതന സർവ്വേ സാങ്കേതിക വിദ്യകളായ CORS (Continuously Operating Reference Stations), RTK (Real Time Kinematic Positioning), Drone, ETS എന്നിവ പ്രയോജനപ്പെടുത്തി 4 വർഷത്തിനകം 4 ഘട്ടങ്ങളിലായി ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്നതിനുള്ള 807.98 കോടി രൂപയുടെ ബൃഹദ് പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 339.438 കോടി രൂപ ആദ്യ ഘട്ടത്തിൽ അനുവദിച്ച് ഉത്തരവായിട്ടുള്ളതും ആയത് പ്രകാരമുള്ള നടപടികൾ സർവ്വേ വകുപ്പിൽ ആരംഭിച്ചിട്ടുള്ളതുമാണ്. കൂടാതെ സർവ്വേ മാപ്പുകൾ തയ്യാറാക്കുന്നതിന് NIC മുഖേന തയ്യാറാക്കിയിട്ടുള്ള e-maps എന്ന ഓൺലൈൻ ആപ്ലിക്കേഷൻ ഡിജിറ്റൽ റീസർവ്വേ പദ്ധതിക്കുകൂടി ഉപയോഗിക്കുംവിധം കസ്റ്റമൈസ് ചെയ്യുന്നതിനും റവന്യൂ വകുപ്പിൽ ഉപയോഗിക്കുന്ന ReLIS, രജിസ്ട്രേഷൻ വകുപ്പിൽ ഉപയോഗിക്കുന്ന PEARL എന്നീ സോഫ്റ്റ്വെയറുകളുമായി സംയോജിപ്പിച്ച് ഒരു ഏകജാലക സംവിധാനം (Integrated portal) തയ്യാറാക്കുന്നതിനുള്ള നടപടികളും NIC-യുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു. ഇപ്രകാരം നൂതന സർവ്വേ സാങ്കേതികവിദ്യകളും ആധുനിക സർവ്വേ ഉപകരണങ്ങളും സോഫ്റ്റ്‌വെയർ സംവിധാനങ്ങളും സംയുക്തമായി ഉപയോഗിച്ച് പൂർണ്ണ ജനപങ്കാളിത്തത്തോടെ ഡിജിറ്റൽ റീസർവ്വേ നടത്തി കുറ്റമറ്റ നിലയിൽ റിക്കാർഡുകൾ തയ്യാറാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

**റീസർവ്വേ**

286 (6505) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ മുഴുവൻ ഭൂമിയും റീസർവ്വേ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 911 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയായെങ്കിലും 89 വില്ലേജുകൾ ഒഴികെ ബാക്കിയുള്ള വില്ലേജുകളെല്ലാം പരമ്പരാഗത സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വേ ചെയ്തിട്ടുള്ളതും റിക്കാർഡുകൾ പേപ്പർ ഫോർമാറ്റിലുമാണ്. ടി മാപ്പുകളൊന്നും കാലഘട്ടത്തിനനുസൃതമായി ഡിജിറ്റൽ ഫോർമാറ്റിൽ മാറ്റുന്നതിനോ ഡിജിറ്റൽ സംവിധാനത്തിലൂടെയുള്ള സേവനം ജനങ്ങൾക്ക് നൽകുന്നതിനോ സാധിക്കാത്തതാണ്. കാലഘട്ടത്തിനനുസൃതമായി ഓൺലൈൻ മുഖേനയുള്ള സേവനം സാദ്ധ്യമാക്കുന്നതിനും എല്ലാ ഭൂമികൾക്കും രേഖകൾ തയ്യാറാക്കുന്നതിനും സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വേ മാപ്പുകൾ ആവശ്യമായ സാഹചര്യത്തിൽ ഡിജിറ്റൽ റിക്കാർഡുകൾ ലഭ്യമായിട്ടുള്ള 89 വില്ലേജുകളും നിലവിൽ ഡിജിറ്റൽ സർവ്വേ ജോലികൾ പുരോഗതിയിലുള്ള 27 വില്ലേജുകളും ഒഴികെ ശേഷിക്കുന്ന 1550 വില്ലേജുകൾ നൂതന സർവ്വേ സാങ്കേതിക വിദ്യകളായ CORS (Continuously Operating Reference Stations), RTK (Real Time Kinematic Positioning), Drone, ETS എന്നിവ പ്രയോജനപ്പെടുത്തി 4 വർഷത്തിനകം പൂർത്തിയാക്കുകയെന്ന ലക്ഷ്യത്തോടെ 807.98 കോടി രൂപയുടെ പദ്ധതി അംഗീകരിച്ച് നാല് ഘട്ടങ്ങളായി നടക്കുന്ന ഡിജിറ്റൽ റീസർവ്വേയുടെ ആദ്യഘട്ടത്തിന് 339.438 കോടി രൂപ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരമുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

**ഓൺലൈൻ കരം രസീതിൽ ഉടമസ്ഥരായവരുടെയെല്ലാം പേരുകൾ ചേർത്ത് കരം രസീത് പുതുക്കി നല്കാൻ നടപടി**

287 (6506) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിലെ റീസർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; റീസർവ്വേ നടപടികൾ പൂർത്തീകരിച്ച് റീസർവ്വേ തണ്ടപ്പേര് നൽകി കരം സ്വീകരിച്ച് തുടങ്ങിയത് എന്നുമുതലാണ്; റീസർവ്വെ നടപടികൾ സംബന്ധിച്ച പരാതികൾ നൽകുന്നതിനുള്ള അവസാന തീയതിയും പരാതി നൽകേണ്ടത് ആർക്കാണെന്നും വ്യക്തമാക്കുമോ?

വഞ്ചിയൂർ വില്ലേജിലെ റീസർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 15-6-2019 മുതലാണ് കരം സ്വീകരിച്ചു തുടങ്ങിയത്. 15-6-2019-ന് ശേഷമുള്ള ആക്ഷേപങ്ങൾ തിരുവനന്തപുരം (ഭൂരേഖ) തഹസിൽദാർ സ്വീകരിച്ചുവരുന്നു. പരാതികൾ നൽകുന്നതിനുള്ള അവസാന തീയതി നിശ്ചയിച്ചിട്ടില്ല.

(ബി) റീസർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിനുമുൻപ് ഉണ്ടായിരുന്ന തണ്ടപ്പേർ നമ്പർ പ്രകാരം വഞ്ചിയൂർ വില്ലേജിൽ കരം അടച്ചുകൊണ്ടിരുന്നതും സബ്ഡിവിഷനുകൾ/ക്രയവിക്രയങ്ങൾ ഒന്നുംതന്നെ നടക്കാത്തതുമായ ഏതെങ്കിലും വസ്തുക്കളുടെ തണ്ടപ്പേർ നമ്പരിന് റീസർവ്വേ നടപടികൾക്കുശേഷം ഒന്നിൽക്കൂടുതൽ റീസർവ്വേ തണ്ടപ്പേർ നമ്പരുകൾ അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ആയതിനുള്ള കാരണമെന്തെന്ന് അറിയിക്കുമോ?

വഞ്ചിയൂർ വില്ലേജിൽ 171 ബ്ലോക്കുകളിലായി 17111 തണ്ടപ്പേരുകളാണ് റീസർവ്വേ പ്രകാരം നിലവിലുള്ളത്. ആയതിനാൽ മുൻസർവ്വേ/റീസർവ്വേ തണ്ടപ്പേർ രജിസ്റ്ററുകൾ വിശദമായി പരിശോധിച്ചാൽ മാത്രമേ ആയത് കണ്ടെത്തുവാൻ കഴിയുകയുള്ളൂ.

(സി) റീസർവ്വേയ്ക്ക് മുമ്പ് T 6023 തണ്ടപ്പേർ പ്രകാരം വഞ്ചിയൂർ വില്ലേജിൽ കരം അടച്ചു വന്നിരുന്ന വിവിധ സർവ്വേ നമ്പറിൽപ്പെട്ടതും കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് പ്രശാന്ത് നഗർ ഹൗസിംഗ് കോളനി ഫ്ലാറ്റ് സമുച്ചയം നിലകൊള്ളുന്നതുമായ വസ്തുവിന് റീസർവ്വെ കഴിഞ്ഞപ്പോൾ രണ്ട് തണ്ടപ്പേർ (T 17 & 1491) പ്രകാരം കരം തീർത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ; ഈ നടപടി ക്രമപ്രകാരമാണോയെന്നും അല്ലെങ്കിൽ തെറ്റായ നടപടി തിരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും അറിയിക്കുമോ?

12-12-2020-ൽ 2020-21 സാമ്പത്തിക വർഷം വരെയുള്ള കരം ഒടുക്കി നൽകിയിട്ടുണ്ട്. റീസർവ്വേ പ്രകാരം ഹൗസിംഗ് ബോർഡിന്റെയും താമസ കക്ഷികളുടെയും പേരിൽ വന്നിട്ടുള്ളതിനാലാണ് കരം ഒടുക്കി നൽകിയിട്ടുള്ളത്. ക്രമപ്രകാരമാണ് കരം ഒടുക്കി നൽകിയിട്ടുള്ളത്.

(ഡി) ഏത് ചട്ടപ്രകാരമാണ് ഇപ്രകാരം രണ്ട് തണ്ടപ്പേർ നല്കിയതെന്നും ഇക്കാര്യത്തിനായി ആരെങ്കിലും ആവശ്യമുന്നയിച്ചിരുന്നോയെന്നും എങ്കിൽ ആരുടെ ഉത്തരവ് പ്രകാരമാണ് ഇത് നടപ്പാക്കിയതെന്നും അറിയിക്കുമോ; ഇതുസംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; റീസർവ്വേയ്ക്ക് മുമ്പ് T 6023 തണ്ടപ്പേർ പ്രകാരം ഉള്ള വസ്തുവിന്റെ നിലവിലെ അളവ് എത്ര; ഇതിന് റീസർവ്വേയ്ക്ക് ശേഷമുള്ള തണ്ടപ്പേർ നമ്പർ പ്രകാരമുള്ള അളവ് എത്ര; പ്രസ്തുത വസ്തുവിൽ 2000-നുശേഷം സബ്ഡിവിഷനുകൾ ഉണ്ടായിട്ടുണ്ടോ?

റീസർവ്വേ റിക്കാർഡ് പ്രകാരം ടി സ്ഥലം രണ്ട് തണ്ടപ്പേരുകളിൽ ഉൾപ്പെട്ടുവന്നതിനാലാണ് രണ്ട് തണ്ടപ്പേർ നമ്പർ നൽകിയിട്ടുള്ളത്. ഇതുസംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റീസർവ്വേ പ്രകാരം റീസർവ്വേ നമ്പർ 162/8 ന 28.60 ആർ-ഉം റീസർവ്വേ 162/43-ൽ 33.15 ആർ -ഉം ഉൾപ്പെടെ 61.75 ആർ ഉള്ളതാണ്. റീസർവ്വേയ്ക്ക് മുമ്പ് റ്റി-6023-ൽ 84.73 ആർ ഉണ്ടായിരുന്നതും ആയതിൽനിന്നും റോഡിന് സ്ഥലം പോയിട്ടുള്ളതുമാണ്.

(ഇ) ബി.റ്റി.ആർ. T 6023 തണ്ടപ്പേർ പ്രകാരം 2018-19-ൽ കരം ഒടുക്കിയിരുന്ന ആകെ ഉടമസ്ഥർ എത്രയെന്നും ആദ്യ മൂന്ന് പേർ ആരെല്ലാമെന്നും റീസർവ്വേയ്ക്ക് ശേഷമുള്ള കരം രസീതിൽ ടിയാൻമാരുടെ പേര് എത്രാമതെന്നും അറിയിക്കുമോ; 2018-19-ൽ കരം ഒടുക്കിയിരുന്ന ആദ്യപേരുകാരായ ഉടമസ്ഥരുടെ പേരുകൾ ഒഴിവാക്കി ടാക്സ് കൈപ്പറ്റുകയും ഓൺലൈൻ കരം രസീതിൽ മുതൽപ്പേർ എന്ന മാത്രം ചേർക്കുകയും ചെയ്തത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്നും ഇത് ക്രമപ്രകാരമുള്ളതാണോയെന്നും ഇക്കാര്യത്തിൽ വില്ലേജ് ഓഫീസറുടെ ഉത്തരവാദിത്തമെന്താണെന്നും വ്യക്തമാക്കാമോ?

റീസർവ്വേയ്ക്ക് മുമ്പുള്ള തണ്ടപ്പേർ 6023 പരിശോധിച്ചതിൽ തണ്ടപ്പേരുകാരുടെ വിവരം രേഖപ്പെടുത്തിയിരിക്കുന്ന ഭാഗം തിരിച്ചറിയാനാവാത്തവിധം നശിച്ചുപോയിട്ടുള്ളതായി വഞ്ചിയൂർ വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ആദ്യ മൂന്ന് പേരുകാർ ആരെല്ലാമെന്ന വിവരവും റീസർവ്വേയ്ക്ക് ശേഷമുള്ള കരം രസീതിൽ ടിയാന്മാരുടെ പേര് എത്രാമതെന്നും അറിയുവാൻ നിർവ്വാഹമില്ല. Undivided Shares ഉള്ള കൈവശ ഭൂമിക്ക് കൂട്ടു പട്ടാദാർമാർക്ക് എല്ലാവർക്കും കൈവശഭൂമിയിന്മേൽ തുല്യ അവകാശമാണുള്ളത്. ഓൺലൈൻ ഭൂനികുതി രസീതിൽ 3 പട്ടാദാർമാരുടെ പേരുകൾ മാത്രമേ ഉൾപ്പെടുത്തുവാൻ നിലവിൽ സംവിധാനം ഉള്ളൂ. ആയതിനാലാണ് മുതൽപേർ എന്ന് ചേർത്തിരിക്കുന്നത്. ഓൺലൈൻ നികുതി രസീതിലെ QR കോഡ് സ്കാൻ ചെയ്ത് കൂട്ടുപട്ടാദാർമാർ ആരെല്ലാമാണെന്ന് മനസ്സിലാക്കാവുന്നതാണ്.

(എഫ്) കരംതീരുവ രസീത് വസ്തുവിന്റെ ഉടമസ്ഥാവകാശത്തിന്റെ ഒരു അടിസ്ഥാന രേഖയായിരിക്കെ വില്ലേജ് ഉദ്യോഗസ്ഥരുടെ സൗകര്യാർത്ഥം പഴയ ടാക്സ് രജിസ്റ്ററിലെ ക്രമം പാലിക്കാതെ മൂന്ന് ഉടമസ്ഥരുടെ പേരുകൾ മാത്രം ചേർത്തും മറ്റുള്ളവരുടെ പേരുകൾക്ക് പകരം മുതൽപ്പേർ എന്നമാത്രം ചേർത്തും കരം അടച്ചുനൽകിയാൽ വിവിധ ആവശ്യങ്ങൾക്ക് ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് കൈവശാവകാശം/തണ്ടപ്പേർ/അക്കൗണ്ട് പകർപ്പ് എന്നിവയ്ക്കായി അക്ഷയകേന്ദ്രം/വില്ലേജ് ഓഫീസ് എന്നിവിടങ്ങളിൽ വസ്തുവിന്റെ ഉടമസ്ഥർ കയറിയിറങ്ങേണ്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കരംതീരുവ രസീത് വസ്തുവിന്റെ ഉടമസ്ഥാവകാശത്തിന്റെ അടിസ്ഥാന രേഖയല്ല. സർക്കാരിലേയ്ക്ക് കരം ഈടാക്കിയതിനുള്ള രസീത് മാത്രമാണ്. Undivided Shares ഉള്ള കൈവശ ഭൂമിക്ക് കൂട്ടുപട്ടാദാർമാർക്ക് എല്ലാവർക്കും കൈവശഭൂമിയിന്മേൽ തുല്യ അവകാശമാണ് ഉള്ളത്. ആയതിനാൽ നികുതി രസീതിൽ പട്ടാദാരുടെ ക്രമം തെറ്റിയാൽ ഭൂമിയിന്മേലുള്ള അവകാശം ഇല്ലാതാകുന്നില്ല. വിവിധ ആവശ്യങ്ങൾക്കായി ഉടമസ്ഥർക്ക് വിവിധ ഓഫീസുകളിൽ കയറിയിറങ്ങേണ്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) T 6023 തണ്ടപ്പേരിന് പകരം നൽകിയിട്ടുള്ള റീസർവ്വേ തണ്ടപ്പേർ നമ്പർ വസ്തുവിന് 2020-21-ലെ ഓൺലൈൻ കരം രസീതിൽ വസ്തുവിന്റെ ഉടമസ്ഥരായ എല്ലാവരുടേയും പേരുകൾ ചേർത്ത് പുതുക്കിയ കരംരസീത് നൽകുന്നതിനും ഭാവിയിൽ ഇപ്രകാരം നടപടി സ്വീകരിക്കുന്നതിനും ചട്ടരഹിതമായും ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നവിധം അവരവരുടെ സൗകര്യാർത്ഥം പ്രവർത്തിക്കുകയും ചെയ്യുന്ന ജീവനക്കാർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഓൺലൈൻ നികുതി രസീതിയിൽ 3-ൽ കൂടുതൽ പട്ടാദാരുടെ പേരുകൾ രേഖപ്പെടുത്താൻ നിലവിൽ സംവിധാനമില്ല; കരംരസീതിൽ വസ്തുവിന്റെ ഉടമസ്ഥരായ എല്ലാവരുടെയും പേരുകൾ ചേർത്ത് നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്.

**ഭവനനിർമ്മാണ ബോർഡിലെ ജീവനക്കാർ**

288 (6507) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡിൽ നിലവിലുള്ള ജീവനക്കാരുടെ ആകെ എണ്ണം എത്രയാണ്; ഏതൊക്കെ തസ്തികകളാണ് ബോർഡിൽ നിലവിലുള്ളതെന്നും ഓരോ തസ്തികയിലെയും അനുവദിക്കപ്പെട്ട അംഗബലം എത്രയാണെന്നും അറിയിക്കുമോ?

സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ നിലവിൽ 224 ജീവനക്കാരുണ്ട്. സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ സാങ്കേതിക/സാങ്കേതികേതര വിഭാഗങ്ങളിലെ നിലവിലുള്ള ഓരോ തസ്തികയിലെയും അനുവദിക്കപ്പെട്ട അംഗബലം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ബോർഡിലെ ഉദ്യോഗസ്ഥരുടെ ശമ്പളം, ആനുകൂല്യങ്ങൾ, മറ്റ് ഭരണ ചെലവുകൾ എന്നിവ ഉൾപ്പെടെ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ചെലവാക്കിയ തുക എത്രയാണെന്ന് അറിയിക്കുമോ?

ബോർഡിലെ ഉദ്യോഗസ്ഥർക്ക് കഴിഞ്ഞ സാമ്പത്തിക വർഷം ശമ്പള ഇനത്തിൽ 19.60 കോടി രൂപയും പെൻഷനും മറ്റ് ആനുകൂല്യങ്ങൾക്കുമായി 28.42 കോടി രൂപയും മറ്റ് ഭരണ ചെലവുകൾക്കായി 5.11 കോടി രൂപയും ഉൾപ്പെടെ ആകെ 53.13 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

**ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങളും ചുമതലകളും**

289 (6508) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡ് നിലവിൽ വഹിച്ചുകൊണ്ടിരിക്കുന്ന ചുമതലകളും നിർവ്വഹിക്കുന്ന പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

1971-ലെ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി വ്യവസ്ഥാപിതവും ആസൂത്രിതവുമായി സംസ്ഥാനത്തൊട്ടാകെ കെട്ടിട നിർമ്മാണ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുകയാണ് ഭവന നിർമ്മാണ ബോർഡിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യം.

(ബി) എങ്കിൽ ബോർഡിന്റെ പ്രവർത്തനങ്ങൾ കാലോചിതവും ശാസ്ത്രീയവുമായി പരിഷ്കരിച്ച് ഉദ്ദേശ്യലക്ഷ്യങ്ങൾ സാധൂകരിക്കുന്ന തരത്തിൽ ആക്കുന്നതിനും സംസ്ഥാനത്തിന് ഗുണകരമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ, ഇന്നവേറ്റീവ് ഹൗസിംഗ് സ്കീം, ഗൃഹശ്രീ പദ്ധതി, സാഫല്യം പദ്ധതി, ആശ്വാസ് വാടക വീട് പദ്ധതി, ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗക്കാർക്കുള്ള ഭവന പദ്ധതി, സർക്കാർ ജീവനക്കാർക്കായുള്ള വാടക വീട് പദ്ധതി, ലക്ഷംവീട് പുനർനിർമ്മാണ പദ്ധതി, പാരസ്പര്യം പദ്ധതി, സൗഹൃദം ഭവന പദ്ധതി, ഓഫീസ്-കം- കൊമേഴ്സ്യൽ/ഷോപ്പിംഗ് കോംപ്ലക്സുകൾ, തനത് ഫണ്ട് പദ്ധതികൾ, കൺസൾട്ടൻസി/ഡെപ്പോസിറ്റ്/കരാർ നിർമ്മാണം എന്നിവയാണ് സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പാക്കുന്ന പ്രധാന പദ്ധതികൾ. സംസ്ഥാനത്തെ വിവിധ വരുമാന വിഭാഗം ജനങ്ങളുടെ പാർപ്പിടാവശ്യങ്ങൾക്ക് തൃപ്തികരമായ രീതിയിൽ പരിഹാരം കാണുന്നതിന് അനുയോജ്യവും വൈവിദ്ധ്യവുമാർന്ന പൊതുഭവന നിർമ്മാണ/പാർപ്പിട പദ്ധതികൾ ഭവനനിർമ്മാണ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

**സർക്കാർ ഭവനനിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ടവർക്ക് സഹായം**

290 (6509) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണസാമഗ്രികളുടെ വില ക്രമാതീതമായി വർദ്ധിച്ചതുമൂലം നിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നിർമ്മാണസാമഗ്രികളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത വിലക്കയറ്റം കാരണം സർക്കാർ സഹായത്തോടെ ഭവനനിർമ്മാണം നടത്തുന്നവർക്ക് കെട്ടിടനിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം ഭവനപദ്ധതികളിലുൾപ്പെട്ടവർ ഇതുകാരണം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കെട്ടിട നിർമ്മാണസാമഗ്രികളുടെ വില നിയന്ത്രിക്കുന്നതിനും ഭവനനിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ടവർക്ക് കുറഞ്ഞ നിരക്കിൽ സാമഗ്രികൾ ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ-സി) സംസ്ഥാനത്ത് കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില വർദ്ധിച്ചതുമൂലം നിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭവന നിർമ്മാണ വകുപ്പിനുകീഴിലുള്ള കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, 70 ചതുരശ്ര മീറ്ററോ (750 sqft) അതിൽ താഴെയോ തറ വിസ്തീർണ്ണമുള്ള വീടിന്റെ നിർമ്മാണം നടത്തുന്ന ദാരിദ്ര്യരേഖയ്ക്ക് (BPL) താഴെയുള്ളവർക്കും 'ലൈഫ് പദ്ധതി പോലുള്ള സർക്കാരിന്റെ സാമ്പത്തിക ദുർബ്ബല വിഭാഗങ്ങൾക്കുള്ള പദ്ധതികൾ പ്രകാരം വീട് നിർമ്മാണം നടത്തുന്ന എ.പി.എൽ. വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കും സഹായം നൽകുന്നതിന്റെ ഭാഗമായി സിമന്റ്, കമ്പി എന്നിവ മാനദണ്ഡങ്ങൾക്ക് വിധേയമായി സൗജന്യ നിരക്കിൽ നൽകുന്നതിന് 'കലവറ' എന്ന പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്. നിലവിൽ വിവിധ ജില്ലകളിലായി 15 കലവറകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, ഭവനനിർമ്മാണ വകുപ്പിനുകീഴിലുള്ള മറ്റൊരു സ്ഥാപനമായ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സംസ്ഥാനത്ത് 14-ാം പഞ്ചവത്സര പദ്ധതിയിൽ, ' Rebuild Kerala '-യിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണ സാമഗ്രികൾ മിതമായ നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായുള്ള ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ജില്ലാ കേന്ദ്രങ്ങളിലും

ആവശ്യകത അനുസരിച്ച് മറ്റു ജില്ലാ കേന്ദ്രങ്ങളിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ, കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില നിയന്ത്രിക്കുന്നതിനും ഭവനനിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ടവർക്ക് കുറഞ്ഞ നിരക്കിൽ സാമഗ്രികൾ ലഭ്യമാക്കുന്നതിനും കൂടുതൽ കലവറ യൂണിറ്റുകൾ ആരംഭിക്കുന്നതിനും സംസ്ഥാന നിർമ്മിതി കേന്ദ്രം നടപടി സ്വീകരിച്ചു വരുന്നുണ്ട്.

## ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾ

291 (6510) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ വകുപ്പിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന നടപ്പാക്കുന്ന വിവിധ പ്രവൃത്തികൾ ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ ടെൻഡർ ക്ഷണിച്ച് നടപ്പാക്കിയ പദ്ധതികൾ എത്രയെണ്ണം ഉണ്ടെന്നും ഏതൊക്കെയാണെന്നും അറിയിക്കുമോ; ടെണ്ടർ ക്ഷണിക്കാതെ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

(എ&ബി) ഭവന നിർമ്മാണ വകുപ്പിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന നടപ്പിലാക്കുന്ന പദ്ധതികളൊന്നും നിലവിലില്ല.

## ജില്ലാ ആസ്ഥാനങ്ങളിൽ വർക്കിംഗ് മെൻസ് ഹോസ്റ്റലുകൾ

292 (6511) <u>ശ്രീ. തോമസ് കെ. തോമസ്</u>:
<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>:
<u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേകിച്ച് തിരുവനന്തപുരം ഉൾപ്പെടെയുള്ള മെട്രോ നഗരങ്ങളിൽ മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടിയ വർക്കിംഗ് മെൻസ് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ;

(ബി) പ്രസ്തുത ഹോസ്റ്റലുകളിൽ ബാത്ത് അറ്റാച്ച്ഡ് സിംഗിൾ മുറികൾ നിർമ്മിക്കുന്നതിനും സമാനമായ രീതിയിൽ സ്ത്രീകൾക്ക് കൂടുതൽ ഹോസ്റ്റലുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കാമോ?

(എ&ബി) ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേകിച്ച് തിരുവനന്തപുരം ഉൾപ്പെടെയുള്ള മെട്രോ നഗരങ്ങളിൽ മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടിയ വർക്കിംഗ് മെൻസ് ഹോസ്റ്റലുകൾ നിർമ്മിക്കുന്ന പദ്ധതി നിലവിൽ ബോർഡിന്റെ പരിഗണനയിലില്ല. ഭവന നിർമ്മാണ ബോർഡിന്റെ കീഴിൽ കേന്ദ്ര -സംസ്ഥാന സർക്കാരിന്റെ സഹായത്തോടുകൂടി വിവിധ ജില്ലകളിലായി 12 വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ നിലവിലുണ്ട്. കോട്ടയം ജില്ലയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന അഡീഷണൽ ബ്ലോക്ക് ഗാന്ധി നഗർ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതിയിലും റാന്നി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതിയിലും ബാത്ത് അറ്റാച്ച്ഡ് സിംഗിൾ മുറികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ പദ്ധതികൾ**

293 (6512) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.*

**തുറമുഖങ്ങൾ നവീകരിക്കുന്നതിനായി പദ്ധതികൾ**

294 (6513) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങൾ നവീകരിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ തുറമുഖങ്ങൾ നവീകരിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. വിഴിഞ്ഞം തുറമുഖം നവീകരിക്കുന്നതിന്റെ ഭാഗമായി തുറമുഖത്തിന്റെ ബേസിൻ ഏരിയ ഡ്രഡ്ജ് ചെയ്ത് ആഴം കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. വിഴിഞ്ഞം തുറമുഖത്തെ സീവേർഡ് വാർഫിൽ ഐ.എസ്.പി.എസ്. സംവിധാനം നടപ്പിലാക്കുന്നതിനുള്ള സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. വിഴിഞ്ഞം തുറമുഖത്ത് ഫയർഫൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൊല്ലം 1. കൊല്ലം തുറമുഖത്ത് മൾട്ടി പർപ്പസ് ബർത്തിന്റെ ആദ്യഘട്ടമായ 101 മീറ്ററിന്റെ നിർമ്മാണം സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത ബർത്തിന്റെ രണ്ടാം ഘട്ട വികസനത്തിന്റെ ഭാഗമായി 74 മീറ്റർ വാർഫ് എക്സ്റ്റൻഷന്റെ ഡ്രാഫ്റ്റ് ഡി.പി.ആർ. തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

2. വലിയ കപ്പലുകളെ ആകർഷിക്കുന്നതിനായി ആഴം 10-12 മീറ്റർ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. കൊല്ലം തുറമുഖത്ത് റോഡ്/റെയിൽ കണക്റ്റിവിറ്റി ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഡി.പി.ആർ./ടി.എഫ്.ആർ. തയ്യാറാക്കുന്നതിന് IPRCL എന്ന കേന്ദ്ര ഏജൻസിയുമായി എഗ്രിമെന്റ് ഒപ്പുവച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

4. കൊല്ലം തുറമുഖം ദേശീയപാത 47-മായി ബന്ധിപ്പിക്കുന്നതിന് 1.12 കിലോമീറ്റർ നീളമുള്ള കൊല്ലം– കൊച്ചു പിലാമൂട് റോഡിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

5. കൊല്ലം തുറമുഖത്ത് 40 ടൺ കണ്ടെയ്നർ ഹാൻഡ്‍ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, ഫോർക്ക് ലിഫ്റ്റ്, വെയിംഗ് മെഷീൻ, വി.ടി.എം.എസ്. തുടങ്ങിയ ഉപകരണങ്ങളും ഇ.ഡി.ഐ. സൗകര്യങ്ങളും എം.ടി. മലബാർ എന്ന ടഗ്ഗിന്റെ സേവനവും ഏർപ്പെടുത്തിയിട്ടുണ്ട്.

6. ആലപ്പുഴ- നിലവിൽ ആലപ്പുഴ തുറമുഖത്ത് ചരക്ക് ഗതാഗതത്തിനുള്ള സാദ്ധ്യതകൾ ഇല്ല. ടൂറിസ്റ്റുകൾക്ക് കടൽ യാത്രാസൗകര്യം, മറ്റ് വിനോദ പരിപാടികൾ എന്നിവ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

7. പൊന്നാനി- പൊന്നാനി തുറമുഖ വികസനത്തിനായി മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി കൺസഷൻ എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്. തുറമുഖ വികസനത്തിനായി 29.93 ഏക്കർ ഭൂമി ടി കമ്പനിക്ക് കൈമാറി നൽകിയിട്ടുണ്ട്.

8. ബേപ്പൂർ- ബേപ്പൂർ തുറമുഖത്ത് കപ്പൽ ചാനലിന്റെ ആഴം നിലനിർത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിലവിലുള്ള വാർഫിന്റെ

പടിഞ്ഞാറുഭാഗത്ത് 150 മീറ്റർ നീളത്തിലും കിഴക്ക് ഭാഗത്ത് 200 മീറ്റർ നീളത്തിലുമുള്ള വാർഫുകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വലിയകപ്പലുകൾ അടുപ്പിക്കുന്നതിനായി ബേപ്പൂർ തുറമുഖത്ത് ചാനലിന്റെ ആഴം 7 മീറ്ററായി വർദ്ധിപ്പിക്കുന്നതിനായി ക്യാപ്പിറ്റൽ ഡ്രഡ്ജിംഗ് ചെയ്യുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. പുതുതായി അക്വയർ ചെയ്ത കോവിലകം ഭൂമിയിൽ കണ്ടെയ്നർ സ്റ്റാക്കിംഗ് യാർഡ്, ഗോഡൗൺ എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബേപ്പൂർ തുറമുഖത്ത് റോഡ്/ റെയിൽ കണക്റ്റിവിറ്റി സ്ഥാപിക്കുന്നതിന് ഐ.പി.ആർ.സി.എൽ. എന്ന കേന്ദ്ര ഏജൻസി സമർപ്പിച്ച ഡി.പി.ആർ./ടി.എഫ്.ആർ. (ഡ്രാഫ്റ്റ്) തയ്യാറാക്കിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് 40 അടി കണ്ടെയ്നർ ഹാൻഡ്‌ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, 4 ഫിക്സഡ് ക്രെയിനുകൾ, വെയിംഗ് മെഷീൻ, വി.ടി.എം.എസ്. സൗകര്യങ്ങളും എം.ടി. കേരളം, എം.ടി. ചാലിയർ, എം.ടി. സാമൂതിരി തുടങ്ങിയ ടഗ്ഗുകളുടെ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്തിന്റെ സമഗ്ര വികസനത്തിനായി മാസ്റ്റർപ്ലാൻ സംബന്ധിച്ച RFP, DPR എന്നിവ തയ്യാറാക്കുന്നതിനുള്ള ടെണ്ടർ ക്ഷണിച്ചിരിക്കുകയാണ്.

9. അഴീക്കൽ- നിലവിലെ തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിച്ച് ചാനൽ മാർക്കിംഗ് ബോയകൾ സ്ഥാപിച്ചിട്ടുണ്ട്. ഷിപ്പിംഗ് പൈലറ്റേജിനായി പുതിയ ടഗ്ഗ് ലഭ്യമാക്കിയിട്ടുണ്ട്. കസ്റ്റംസിന്റെ ഇ.ഡി.ഐ. സംവിധാനങ്ങൾ തുറമുഖത്ത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് വിശ്രമത്തിനായി റസ്റ്റ് ഷെഡ് നിർമ്മാണം ആരംഭിച്ചു. കപ്പലുകൾക്ക് ശുദ്ധജലം വിതരണം ചെയ്യുന്നതിനുവേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് രണ്ട് കോടി രൂപയുടെ പദ്ധതി ആവിഷ്ക്കരിച്ചു.

(ബി) സംസ്ഥാനത്ത് പുതിയ തുറമുഖങ്ങൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

അഴീക്കലിൽ ഒരു ഗ്രീൻഫീൽഡ് തുറമുഖം നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

(സി) തിരൂർ നിയോജകമണ്ഡലത്തിലെ തീരദേശവാസികളുടെ ചിരകാല സ്വപ്നമായ പറവണ്ണ മിനി ഹാർബർ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

## കരമടി തൊഴിലാളികൾക്കുള്ള പുനരധിവാസ പാക്കേജ്

295 (6514) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് കരമടി തൊഴിലാളികൾക്കുള്ള പുനരധിവാസ പാക്കേജ് ആനുകൂല്യത്തിനായി നൽകിയിട്ടുള്ള പല മത്സ്യത്തൊഴിലാളികളുടെയും അപേക്ഷകൾ നിരസിച്ചത് കരമടിയുമായി ബന്ധമില്ലാത്ത മറ്റു കടൽ പണികളിൽ ഏർപ്പെടുന്നുവെന്ന കാരണത്താലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കണ്ടെത്തലിന് അടിസ്ഥാനമാക്കിയത് എന്തൊക്കെ ഘടകങ്ങളാണെന്ന് വ്യക്തമാക്കുമോ?

വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് വിഴിഞ്ഞം (സൗത്ത്), അടിമലത്തുറ എന്നീ മത്സ്യഗ്രാമങ്ങളിലായി 25 കരമടി ഉടമകൾക്കും പെൻഷണർമാരുൾപ്പെടെ 921 തൊഴിലാളികൾക്കും ആനുകൂല്യം നാളിതുവരെ അനുവദിച്ചിട്ടുണ്ട്. കരമടി ഒരു പരമ്പരാഗത മത്സ്യബന്ധന രീതിയാണ്. ഒരു കരമടിയിൽ 30 മുതൽ 40 വരെ തൊഴിലാളികളാണ് പരമാവധി തൊഴിൽ ചെയ്യുന്നത്. ഇപ്രകാരം വിഴിഞ്ഞം (സൗത്ത്), അടിമലത്തുറ മത്സ്യഗ്രാമങ്ങളിൽ തൊഴിലിൽ ഏർപ്പെട്ടിരുന്ന കരമടിയിലെ തൊഴിലാളികൾക്ക് ജീവനോപാധി നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. മേൽ പദ്ധതിയിൽ ആനുകൂല്യം അവകാശപ്പെട്ട് അപേക്ഷ സമർപ്പിച്ചവരിൽ എഞ്ചിൻ ഘടിപ്പിച്ച വള്ളത്തിലും തങ്ങൽ വള്ളത്തിലും തട്ടുമടി പണിക്കും പോകുന്ന മത്സ്യത്തൊഴിലാളികൾ, ലേലതൊഴിലാളികൾ, കണവ ഷെഡിൽ ജോലി ചെയ്യുന്നവർ എന്നിവരെയാണ് മറ്റ് കടൽപണികളിൽ ഏർപ്പെടുന്നവർ എന്ന് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിലുള്ളവരെ പരമ്പരാഗത മത്സ്യബന്ധന രീതിയായ കരമടി തൊഴിലാളി വിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിയില്ല.

(ബി) എന്തെല്ലാം തെളിവുകളാണ് ഈ കണ്ടെത്തലിന് വേണ്ടി സ്വീകരിച്ചിട്ടുള്ളത്; വ്യക്തമായ തെളിവുകളില്ലാതെ അർഹതപ്പെട്ടവർക്ക് ആനുകൂല്യം നിഷേധിക്കുന്ന പ്രസ്തുത നടപടി പിൻവലിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി രൂപീകരിച്ച പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (PIU) സമർപ്പിച്ച വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിലാണ് വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട ജീവനോപാധി നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുള്ളത്. പരിശോധനയുടെ

ആദ്യഘട്ടമായി അപേക്ഷകരുടെ രേഖാ പരിശോധന നടത്തി മത്സ്യത്തൊഴിലാളിയാണെന്നത് പരിശോധിക്കുന്നു. തുടർന്ന് സ്ഥല പരിശോധന നടത്തി ഓരോ അപേക്ഷകനും തുറമുഖ പദ്ധതി നിലവിൽവന്ന 2015 കാലഘട്ടത്തിൽ ഏർപ്പെട്ടിരുന്ന തൊഴിലിനെ സംബന്ധിച്ച് അതത് പ്രദേശത്ത് വ്യക്തമായ പരിശോധന നടത്തുന്നു. ഇപ്രകാരമുള്ള പരിശോധനയിൽ കരമടി ഉടമ, പ്രദേശത്തെ ജനപ്രതിനിധികൾ, തൊഴിലാളി തൊഴിൽ ചെയ്തിരുന്നുവെന്ന വകാശപ്പെടുന്ന കരമടിയിൽ തൊഴിൽ ചെയ്തിരുന്ന മറ്റ് തൊഴിലാളികൾ, പ്രദേശത്തെ വകുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുൾപ്പെടെ നിരവധി പേരിൽനിന്ന് പ്രസ്തുത വ്യക്തിയെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നു. തൊഴിലാളിയുടെ രേഖകളിൽനിന്നും സ്ഥല പരിശോധനയിലും നിന്നും ലഭിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തി ആദ്യഘട്ട പരിശോധന പൂർത്തിയാക്കുന്നു. തുടർന്ന് ഇത്തരത്തിൽ ലഭ്യമായ വിവരങ്ങളിൽ യാന ഉടമയായതിനാൽ ലഭിക്കുന്ന മണ്ണെണ്ണ ആനുകൂല്യം കൈപ്പറ്റുന്നവർ, ബയോമെട്രിക് കാർഡിൽ വെസ്സൽ ഓണർ, വെസ്സൽ ക്രൂ എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുള്ളവർ, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പാസ്സ് ബുക്കിൽ യാനത്തിന്റേയോ, കട്ടമരത്തിന്റേയോ വിഹിതം ഒടുക്കുന്നവർ, ക്ഷേമനിധി വിഹിതം അടയ്ക്കുന്നതിൽ അപാകതകൾ വരുത്തിയിട്ടുള്ളവർ, പാസ്പോർട്ട് പരിശോധിച്ച് 2015 കാലഘട്ടത്തിൽ വിദേശത്ത് ആയിരുന്നവർ എന്നിങ്ങനെ വിവിധ വിഭാഗങ്ങളിൽ ഉൾപ്പെട്ട അനർഹരായവരെ ഒഴിവാക്കുകയാണ് പതിവ്. കൂടാതെ ഇപ്രകാരം ഒഴിവാക്കപ്പെട്ടവർക്ക് കരമടി തൊഴിലാളിയാണെന്നതിന് തെളിവുകൾ സമർപ്പിക്കുന്നതിന് പലതവണ അവസരം നൽകിയിട്ടും തെളിയിക്കുവാൻ സാധിച്ചിട്ടില്ലാത്തവരെയാണ് ആനുകൂല്യം നൽകുന്നതിൽനിന്നും പൂർണ്ണമായും ഒഴിവാക്കിയിട്ടുള്ളത്.

## ക്രൂ ചേഞ്ചിംഗ് വേഗത്തിലാക്കി കപ്പലുകളെ ആകർഷിക്കുവാൻ നടപടി

296 (6514) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u>

<u>ശ്രീ. വി. ജോയി:</u>

<u>ശ്രീ. എം. മുകേഷ്:</u>

<u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ജൂൺ മുതൽ 2021 സെപ്റ്റംബർ വരെ ക്രൂ ചേഞ്ചിംഗിനായി വിഴിഞ്ഞം തുറമുഖത്ത് എത്ര കപ്പലുകൾ എത്തിയിരുന്നുവെന്നും ഇതിൽ നിന്നും എത്ര തുക സർക്കാരിന് വരുമാനമായി ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

2020 ജൂൺ മുതൽ 2021 സെപ്റ്റംബർ വരെ ക്രൂ ചേഞ്ചിംഗിനായി വിഴിഞ്ഞം തുറമുഖത്ത് 528 കപ്പലുകൾ വന്നിട്ടുണ്ട്. ക്രൂചേഞ്ച് ഇനത്തിൽ നികുതി ഉൾപ്പെടെ 6.89 കോടി രൂപ വരുമാനം ലഭിച്ചു.

(ബി) കപ്പലടുപ്പിക്കുന്നതിനും ജീവനക്കാരെ കയറ്റുന്നതിനും സർക്കാർ ഇളവുകൾ നൽകുന്നുണ്ടോ; വിശദമാക്കാമോ?

നിലവിലെ ചട്ടങ്ങൾ അനുസരിച്ചുള്ള തുകയാണ് പ്രസ്തുത ഇനത്തിൽ ഈടാക്കുന്നത്. ഇവയിൽ പ്രത്യേക ഇളവുകളൊന്നും നിലവിൽ നല്കുന്നില്ല.

(സി) ക്രൂ ചേഞ്ചിംഗ് വേഗത്തിലാക്കി കപ്പലുകളെ ആകർഷിക്കുവാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ക്രൂ ചെയ്ഞ്ചിംഗ് പ്രവർത്തനം സുഗമമാക്കുന്നതിനായി 5 ബൊള്ളാർഡ് പുൾ ശേഷിയുള്ള " ധ്വനി" എന്ന മോട്ടോർ ടഗ്ഗ് തുറമുഖത്ത് 24 മണിക്കൂറും സജ്ജമാണ്. കൂടാതെ ക്രൂ ചെയ്ഞ്ചിംഗ് ഡോക്കുമെന്റേഷനുകൾ സുഗമമാക്കുന്നതിന്റെ ഭാഗമായി കപ്പലിലേയ്ക്ക് കയറുകയും ഇറങ്ങുകയും ചെയ്യുന്ന ജീവനക്കാർക്ക് വിശ്രമിക്കുന്നതിനായും കസ്റ്റംസ് ഇമിഗ്രേഷൻ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായും 29 ലക്ഷം രൂപ ചെലവിൽ തുറമുഖത്ത് ക്രൂ ചെയ്ഞ്ച് ഫെസിലിറ്റേഷൻ സെന്റർ നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ക്രൂചെയ്ഞ്ചിംഗിനായി ടഗ്ഗിന്റെ ആവശ്യകത കൂടുതലായി വരുന്ന മുറയ്ക്ക് കൊല്ലം തുറമുഖത്തുനിന്നും ടഗ്ഗുകൾ എത്തിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

### തുറമുഖ വകുപ്പിൽ യു.എൽ.സി.സി. മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾ

297 (6516) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തുറമുഖ വകുപ്പിൽ യു.എൽ.സി.സി. മുഖേന നടപ്പാക്കുന്ന വിവിധ പ്രവൃത്തികൾ ജില്ലതിരിച്ച് വ്യക്തമാക്കുമോ; ഇതിൽ ടെണ്ടർ വിളിച്ച് നടപ്പാക്കിയ പദ്ധതികൾ എത്രയെണ്ണം ഉണ്ടെന്നും ഏതൊക്കെയാണെന്നും അറിയിക്കുമോ; ടെണ്ടർ വിളിക്കാതെ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

തുറമുഖ വകുപ്പിൽ യു.എൽ.സി.സി. വഴി നിലവിൽ പ്രവൃത്തികളൊന്നും നടപ്പിലാക്കി വരുന്നില്ല.

## തുറമുഖ വകുപ്പിന് കീഴിൽ നടത്തിയ പ്രവൃത്തികൾ

298 (6517) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ചു വർഷക്കാലം തുറമുഖ വകുപ്പിന് കീഴിൽ നടത്തിയ പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

കോവളം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ 5 വർഷക്കാലം കേരള മാരിടൈം ബോർഡിന് കീഴിൽ നടത്തിയ പ്രവൃത്തിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. വിഴിഞ്ഞം തുറമുഖവികസനവുമായി ബന്ധപ്പെട്ട് സീവേർഡ് വാർഫിലേയ്ക്കുള്ള സഞ്ചാര സൗകര്യത്തിന് ഹാർബർ റോഡ് ആഴാകുളം മുതൽ ഹാർബർ വരെ നടപ്പാതയോടുകൂടി നവീകരിച്ചു.
2. വിഴിഞ്ഞം ലീവേർഡ് വാർഫിലേയ്ക്കുള്ള സഞ്ചാര സൗകര്യത്തിന് വിഴിഞ്ഞം ജംഗ്ഷൻ മുതൽ ലീവേർഡ് വാർഫ് വരെ റോഡ് നവീകരിച്ചു.
3. ലീവേർഡ് വാർഫിലേയ്ക്ക് കുടിവെള്ളം എത്തിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി മുഖേന പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ളം എത്തിച്ചു. കൂടാതെ പൊതുജനങ്ങൾക്കായി രണ്ട് പബ്ലിക് ടാപ്പുകൾ വാർഫിന് പുറത്ത് സ്ഥാപിച്ചു.
4. വിഴിഞ്ഞം തുറമുഖത്ത് ക്രൂ ചേഞ്ചുമായി ബന്ധപ്പെട്ട് ക്രൂ ചേഞ്ച് ഫെസിലിറ്റേഷൻ സെന്റർ നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചു.
5. കോവളം നിയോജകമണ്ഡലത്തിൽ തുറമുഖ വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന മറ്റൊരു സുപ്രധാന പദ്ധതിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി. പ്രസ്തുത പദ്ധതി നിർവ്വഹണം പുരോഗമിച്ചുവരുന്നു. പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതി പ്രദേശത്ത് അടിസ്ഥാന സൗകര്യ വികസനം, പൊതുജനാരോഗ്യം, സുസ്ഥിര ഉപജീവന വികസന-തൊഴിൽ നൈപുണ്യ പരിശീലനം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ സർക്കാരും കരാർ കമ്പനിയും ചേർന്ന് സാമൂഹ്യപ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

**ആറ്റിങ്ങൽ കൊട്ടാരം നവീകരണം**

299 (6518) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ കൊട്ടാരം നവീകരണ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ കഴിഞ്ഞിട്ടുള്ളത്; കൊട്ടാരത്തിൽ സജ്ജീകരിക്കുന്ന ആറ്റിങ്ങൽ കലാപ സ്മാരക മ്യൂസിയത്തിൽ എന്തെല്ലാമാണ് ഉൾക്കൊള്ളിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുള്ളത് ;വ്യക്തമാക്കുമോ?

ആറ്റിങ്ങൽ കൊട്ടാരത്തിന്റെ ജീർണ്ണത പരിഹരിക്കുന്നതിനുള്ള ഘടനാസംരക്ഷണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്. മ്യൂസിയത്തിന്റെ രൂപരേഖ തയ്യാറായിട്ടില്ല.

**മ്യൂസിയങ്ങളും സംരക്ഷിത സ്മാരകങ്ങളും സംരക്ഷിക്കുന്നതിന് പുതിയ പദ്ധതികൾ**

300 (6519) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള മ്യൂസിയങ്ങളും സംരക്ഷിത സ്മാരകങ്ങളും സംരക്ഷിക്കുന്നതിന് പുതിയ പദ്ധതികൾ ആലോചനയിലുണ്ടോ; വിശദമാക്കാമോ; ഇത് സംരക്ഷിക്കുന്നതിന് പുതിയ പദ്ധതികൾ ആലോചനയിലുണ്ടോ; വിശദമാക്കാമോ ?

സംസ്ഥാനത്ത് നിലവിലുള്ള മ്യൂസിയങ്ങളും സംരക്ഷിത സ്മാരകങ്ങളും യഥാവിധി സംരക്ഷിച്ച് നിലനിർത്തിപ്പോരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള നെടുമങ്ങാട് കോയിക്കൽ കൊട്ടാരം മ്യൂസിയത്തിന്റെ സമഗ്ര പുനഃസജ്ജീകരണ പ്രവർത്തനങ്ങളും തൃപ്പൂണിത്തുറ ഹിൽപ്പാലസ് മ്യൂസിയത്തിന്റെ ഒന്നാം ഘട്ട പുനസ്സജ്ജീകരണ പ്രവർത്തനങ്ങളും പൂർത്തിയായിട്ടുണ്ട്. കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം, തൃശ്ശൂർ ശക്തൻ തമ്പുരാൻ കൊട്ടാരം മ്യൂസിയം എന്നിവയുടെ പുന:സജ്ജീകരണ പ്രവൃത്തികൾ നടന്നുവരുന്നു. മ്യൂസിയം വകുപ്പിന് കീഴിലുള്ള തിരുവനന്തപുരത്തെ നേപ്പിയർ മ്യൂസിയത്തിൽ 12.73 കോടി രൂപയുടെ നവീകരണ പ്രവൃത്തികൾ, ശ്രീചിത്രാ ആർട്ട് ഗ്യാലറിയുടെ സംരക്ഷണാർത്ഥമുള്ള പുനരുദ്ധാരണ പ്രവൃത്തികൾ എന്നിവ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കമ്മ്യൂണിറ്റി മ്യൂസിയം എന്ന ആശയം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ?

പരിശോധിക്കാവുന്നതാണ്.

**കണ്ണൂർ ജില്ലയിൽ പുരാവസ്തു വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ**

301 (6520) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ മ്യൂസിയം പുരാവസ്തു വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ മണ്ഡലം തിരിച്ച് വിശദമാക്കുമോ?

പയ്യന്നൂർ പഴയ പോലീസ് സ്റ്റേഷനിൽ സജ്ജീകരിച്ചിട്ടുള്ള ഗാന്ധിസ്മൃതി മ്യൂസിയമാണ് പുരാവസ്തു വകുപ്പിന്റെ കീഴിൽ കണ്ണൂർ ജില്ലയിലുള്ള സ്ഥാപനം. ഇത് കൂടാതെ വകുപ്പിന് താഴെപ്പറയുന്ന സംരക്ഷിത സ്മാരകങ്ങളും ജില്ലയിൽ ഉണ്ട്.

സംരക്ഷിത സ്മാരകങ്ങൾ

1. ഏഴിമല കോട്ട, രാമന്തളി, തളിപ്പറമ്പ് - (പയ്യന്നൂർ മണ്ഡലം)
2. തൊടിക്കളം ശിവക്ഷേത്രം, കണ്ണവം, തലശ്ശേരി (മട്ടന്നൂർ മണ്ഡലം)
3. അറയ്ക്കൽ കൊട്ടാരം, കണ്ണൂർ (കണ്ണൂർ മണ്ഡലം)
4. പഴയ ജയിൽ കെട്ടിടം, പാണപ്പുഴ, കണ്ണൂർ (കല്യാശ്ശേരി മണ്ഡലം)
5. സി.എസ്.ഐ. സെന്റ് ജോൺസ് ഇംഗ്ലീഷ് ചർച്ച്, കണ്ണൂർ (കണ്ണൂർ മണ്ഡലം)
6. ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ഫോർ ഗേൾസ്, കണ്ണൂർ. (കണ്ണൂർ മണ്ഡലം)
7. കേരള സ്റ്റേറ്റ് കൈത്തറി വികസന കോർപ്പറേഷൻ കെട്ടിടം (കണ്ണൂർ മണ്ഡലം).

മ്യൂസിയം മൃഗശാലാ വകുപ്പിന് കീഴിൽ കണ്ണൂർ ജില്ലയിൽ നിലവിൽ സ്ഥാപനങ്ങളില്ല. എന്നാൽ കണ്ണൂർ ടൗണിലെ കൈത്ത

മ്യൂസിയം (കണ്ണൂർ മണ്ഡലം); കടന്നപ്പള്ളി ചന്തപ്പുരയിലെ തെയ്യം മ്യൂസിയം, (കല്ല്യാശ്ശേരി മണ്ഡലം); പെരളശ്ശേരിയിലെ എ.കെ.ജി. മ്യൂസിയം, (ധർമ്മടം നിയോജകമണ്ഡലം) എന്നിവയുടെ സജ്ജീകരണ പ്രവൃത്തികൾ നടന്നുവരുന്നു.

**മാടായി പള്ളി സംരക്ഷിത സ്മാരകമാക്കുന്നതിന് നടപടി**

302 (6521) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന മാലിക് ദിനാർ സ്ഥാപിച്ച ചരിത്ര പ്രസിദ്ധമായ മാടായി പള്ളി സംരക്ഷിത സ്മാരകമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ചരിത്ര പ്രാധാന്യമുള്ള പള്ളി 1941-ൽ പുതിയ കെട്ടിടനിർമ്മാണ വസ്തുക്കൾ ഉപയോഗിച്ച് പൂർണ്ണമായും പുനർനിർമ്മിക്കപ്പെട്ടിട്ടുണ്ടെന്ന് പുരാവസ്തു വകുപ്പ് നടത്തിയ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. നിരവധി പുതുക്കലുകളും കൂട്ടിച്ചേർക്കലുകളും നടത്തിയ പള്ളിയുടെ പുരാവസ്തു പ്രാധാന്യം പൂർണ്ണമായും നഷ്ടപ്പെട്ട സാഹചര്യത്തിൽ, കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ടിലെ വ്യവസ്ഥ പ്രകാരം ഈ സ്മാരകം വകുപ്പിന്റെ ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിന് നിലവിൽ യോഗ്യമല്ല എന്ന് കാണുന്നു.

**പുരാവസ്തു തട്ടിപ്പ് കേസിലെ പ്രതിയെ നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ സ്വീകരിച്ച നടപടി**

303 (6522) ശ്രീ. പി. ടി. തോമസ്:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു തട്ടിപ്പ് കേസിലെ പ്രതിയായ മോൻസൺ മാവുങ്കൽ തട്ടിപ്പുകാരനാണെന്ന വിവരം നേരത്തെതന്നെ വകുപ്പുമന്ത്രിയെ അറിയിച്ചിരുന്നുവെന്ന് പരാതിക്കാർ വെളിപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കാര്യം അറിഞ്ഞതിനുശേഷം പ്രസ്തുത വ്യക്തിയെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനായി വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(എ&ബി) പുരാവസ്തു തട്ടിപ്പ് കേസിലെ പ്രതിയായ മോൻസൺ മാവുങ്കലിനെതിരെ ബഹു. മുഖ്യമന്ത്രിക്ക് പരാതി നൽകിയിട്ടുണ്ടെന്ന് പരാതിക്കാരൻ ഫോൺ മുഖേന അറിയിച്ചിരുന്നു. ക്രൈംബ്രാഞ്ച് അന്വേഷണത്തിന് ആവശ്യമായ സഹായം പുരാവസ്തു വകുപ്പ് നൽകിയിട്ടുണ്ട്.

## കോട്ടയം ജില്ലയിലെ സംരക്ഷിത സ്മാരകങ്ങൾ

304 (6523) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ ചരിത്രപരവും പൈതൃക പ്രാധാന്യമുള്ളതുമായ എത്ര സംരക്ഷിത സ്മാരകങ്ങളാണ് പുരാവസ്തു വകുപ്പിന്റെ കീഴിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അവ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) കോട്ടയം ജില്ലയിൽ പുരാവസ്തു വകുപ്പിന് ചുവടെ പറയുന്ന 8 സംരക്ഷിത സ്മാരകങ്ങൾ ആണ് നിലവിലുള്ളത്.

1. പുണ്ഡരീകപുരം ക്ഷേത്രം, വൈക്കം, കോട്ടയം

2. തൃക്കൊടിത്താനം ശ്രീ മഹാവിഷ്ണു ക്ഷേത്രം, തൃക്കൊടിത്താനം.

3. പഴയ സെമിനാരി കെട്ടിടം, കോട്ടയം

4. സ്വാതന്ത്ര്യസമര സേനാനി ചെമ്പിൽ അരയന്റെ ഭവനം, വൈക്കം

5. സെന്റ്. മേരീസ് ചർച്ച് & സെന്റ്. അഗസ്റ്റ്യൻ ചർച്ച്, പാല

6. മെൻഹിർ (വീരശില/രുദ്രാക്ഷ ശില), കോട്ടയം

7. വെണ്ണിമല ശ്രീരാമലക്ഷ്മണ സ്വാമി ക്ഷേത്രം, പുതുപ്പള്ളി, കോട്ടയം

8. പൂഞ്ഞാർ കൊട്ടാരം, ശ്രീധർമ്മ ശാസ്താ ക്ഷേത്രം, മധുരമീനാക്ഷി ക്ഷേത്രം, പൂഞ്ഞാർ.

**തിരുമറയൂർ ശ്രീരാമ ക്ഷേത്രം പുരാവസ്തു വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടി**

305 (6524) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ തിരുമറയൂർ ശ്രീരാമ ക്ഷേത്രം പുരാവസ്തു വകുപ്പ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

പിറവം നിയോജകമണ്ഡലത്തിലെ തിരുമറയൂർ ശ്രീരാമ ക്ഷേത്രം പുരാവസ്തു വകുപ്പ് സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് ക്ഷേത്ര സംരക്ഷണ സമിതിയുടെ 10-8-2021-ലെ നിവേദനവും ബഹു. പിറവം എം.എൽ.എ.- യുടെ 11-8-2021-ലെ കത്തും ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ ഫയൽ നമ്പർ സഹിതം വിശദമാക്കാമോ;

(സി) ക്ഷേത്രം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) പ്രസ്തുത ക്ഷേത്രം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കുന്നതിന് യോഗ്യമാണോ എന്നുള്ള കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് തൃപ്പൂണിത്തുറ ഹിൽപ്പാലസ് മ്യൂസിയം ചാർജ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മേൽ വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 A.M.]

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അത്രയും പറയാൻവേണ്ടിയാണ് സമയം നീട്ടിനൽകിയത്. (.........മൈക്ക് ഓഫ്................)

മി. സ്പീക്കർ: അങ്ങനെ ഒരു പരാമർശം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നടത്തുന്നത് വളരെ നിർഭാഗ്യകരമാണ്. ചെയറിന്റെ മുന്നിലുള്ള ഡിവൈസിലെ സമയം നോക്കിയിട്ടാണ് ചെയ്യുന്നത്. കൃത്യസമയമാകുമ്പോൾ ഉത്തരം പൂർത്തിയാകുന്നതിനുമുൻപുതന്നെ ഇടപെട്ടിട്ടുണ്ട്. അങ്ങ് അത്തരമൊരു പരാമർശം നടത്തിയത് നിർഭാഗ്യകരമായിപ്പോയി.

ശ്രീ. മോൻസ് ജോസഫ്: സർ, കണക്ക് പറഞ്ഞാൽ മതി. (.........മൈക്ക് ഓഫ്................)

മി. സ്പീക്കർ: അത്തരം പരാമർശങ്ങൾ നടത്തുന്നത് ശരിയായ കാര്യമല്ല. കണക്ക് പരിശോധിക്കാം. അങ്ങ് അവിടെ ഇരിക്കൂ. തർക്കത്തിന് മുതിരേണ്ടതില്ല. കണക്ക് സംബന്ധിച്ച് പറയാം.

ശ്രീ. റോജി എം. ജോൺ: സർ, ഒരു സെഷന്റെ കണക്ക് പറഞ്ഞാൽ മതി. (.........മൈക്ക് ഓഫ്................)

ശ്രീ. മോൻസ് ജോസഫ്: സർ, പരമാവധി പുതിയ അംഗങ്ങൾ ചോദ്യങ്ങൾ ഉന്നയിക്കട്ടെയെന്നുകരുതി വല്ലപ്പോഴും മാത്രമേ ഞങ്ങൾ ചോദ്യങ്ങൾ ഉന്നയിക്കാറുള്ളൂ.

മി. സ്പീക്കർ: കണക്ക് ചെയർ പറയാം. എല്ലാ പാർട്ടികൾക്കും മറ്റ് പല പരിഗണനകൾ വച്ചിട്ടാണ് ഉപചോദ്യത്തിന് അവസരം നൽകുന്നത്. ഇന്ന് സാമാന്യം ദീർഘമായിപ്പോയി. അതുകൊണ്ട് 35-ലധികം പേർ ചോദ്യം ഉന്നയിച്ചിരുന്നു. എല്ലാവർക്കും അവസരം കൊടുക്കാൻ കഴിയില്ലെന്ന് തുടക്കത്തിൽത്തന്നെ പറഞ്ഞിരുന്നു.

ശ്രീ. റോജി എം. ജോൺ: ...(മൈക്ക് ഓഫ്).....

മി. സ്പീക്കർ: അങ്ങ് തർക്കിക്കേണ്ട. ഇരിക്കൂ. അങ്ങ് സ്ഥിരമായി വേറൊരു തരത്തിലുള്ള ഭാഷയാണ് ഉപയോഗിക്കുന്നത്. അത് ശരിയായിട്ടുള്ളതല്ല. സമ്മർദ്ദത്തിന്റെ രീതി ഉപയോഗിക്കുന്നത് ശരിയല്ല. ഇവിടെ മറ്റ് പല അംഗങ്ങളും അങ്ങനെയല്ലല്ലോ സംസാരിക്കാറുള്ളത്. .........(ബഹളം).....അങ്ങ് ഇരിക്കൂ, കണക്ക് നമുക്ക് നോക്കാം. ഇവിടെയിരിക്കുന്ന എല്ലാ അംഗങ്ങൾക്കും ബോദ്ധ്യമുണ്ടാകുമെന്നാണ് ചെയർ വിചാരിക്കുന്നത്. (ബഹളം) .....

നിശ്ശബ്ദമായിരിക്കു.......... ഉപചോദ്യം നൽകുന്നത് കൃത്യമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് എന്നുള്ളത് ന്യായമായിട്ടും ഇക്കാര്യങ്ങൾ വീക്ഷിക്കുന്ന എല്ലാവർക്കും ബോദ്ധ്യപ്പെടുമെന്നാണ് ഞാൻ വിചാരിക്കുന്നത്. മുതിർന്ന അംഗങ്ങൾ, കക്ഷിനേതാക്കൾ എന്നിവർ ആവശ്യപ്പെടുമ്പോൾ അവർക്കാണ് പരിഗണന നൽകാറുള്ളത്. അങ്ങനെ വരുമ്പോൾ മറ്റുള്ളവർക്ക് ചിലപ്പോൾ അവസരം ലഭിക്കാതെ വരും. ഇന്ന് എങ്ങനെയാണ് അവസരം നൽകിയതെന്നതിനെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല. അത് പരിശോധിച്ചാൽ മതി. വനിതകൾ, ചെറുപ്പക്കാർ എന്നിവർക്കും പരിഗണന നൽകാറുണ്ട്.

ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അവരുടെ മൈക്ക് യൂണിറ്റിലുള്ള ഹെഡ് ഫോണിന്റെ ശബ്ദം കൂട്ടാനുള്ള ഓപ്ഷനുണ്ട്. അങ്ങനെ ശബ്ദം കൂട്ടിവയ്ക്കുന്ന പല അംഗങ്ങളും സംസാരിക്കുമ്പോൾ ആ മൈക്ക് ഓൺ ചെയ്താൽ വലിയ ഹോളിംഗുണ്ടാകും. അതുകൊണ്ടാണ് ആ മൈക്ക് ഓൺ ചെയ്യാൻ സാധിക്കാത്തതെന്ന് സാങ്കേതികവിഭാഗത്തിൽനിന്ന് അറിയിപ്പ് തന്നിട്ടുണ്ട്. ഹെഡ്ഫോൺ ശബ്ദംകൂട്ടി മൈക്കിന്റെ മുന്നിൽവച്ചാൽ അത് ഓൺ ചെയ്യാൻ പറ്റില്ല. അതുകൊണ്ടാണ് അടുത്ത മൈക്ക് ഓൺ ചെയ്തുകൊടുക്കുന്നത്. അതുകൊണ്ട് അക്കാര്യം എല്ലാ അംഗങ്ങളും ശ്രദ്ധിക്കണം. സംസാരിക്കുമ്പോൾ ഹെഡ്ഫോൺ ശബ്ദംകൂട്ടി സ്വന്തം മൈക്കിന്റെ മുന്നിൽ വയ്ക്കാതിരിക്കാൻ ശ്രദ്ധിക്കണം.

## II തിരുത്തിയ ഉത്തരം

### (i)പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിട്ട 109-ാം നമ്പർ ചോദ്യത്തിന്റെയും മൂന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 1666, 3584 എന്നീ നമ്പർ ചോദ്യങ്ങളുടെയും തിരുത്തിയ ഉത്തരം

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, 15-ാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 27.07.2021-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 109-ന്റെ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടിയും മൂന്നാം സമ്മേളനത്തിലെ 8-10-2021-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1666, 26-10-2021-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3584 എന്നിവയുടെ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടികളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*.

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

(ii) പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 3173, 3181, 3188, 3193, 3195, 3197, 3218, 3251 എന്നീ നമ്പർ ചോദ്യങ്ങളുടെ തിരുത്തിയ ഉത്തരം

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 15-ാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിലെ 25.10.2021-ലെ നക്ഷത്രചിഹ്നമിടാത്ത 3173, 3181, 3188, 3193, 3195, 3197, 3218, 3251 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടികൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*.

## III അടിയന്തരപ്രമേയം

പരിസ്ഥിതി സംരക്ഷണവും ഭൂനയം രൂപീകരിക്കലും

മി. സ്പീക്കർ: സംസ്ഥാനത്ത് നവംബർ 11 മുതൽ തീവ്രമഴ മുന്നറിയിപ്പ് ലഭിച്ച സാഹചര്യത്തിലും ഐക്യരാഷ്ട്രസഭയുടെ ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച് (ഐ.പി.സി.സി.) റിപ്പോർട്ടിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ അപകടകരമായ അവസ്ഥയിലുള്ള സ്ഥലമായി കേരളത്തെ രേഖപ്പെടുത്തിയിരിക്കുന്നതിനാലും കഴിഞ്ഞ വർഷങ്ങളിൽ നിരവധി പ്രകൃതിദുരന്തങ്ങൾ ഉണ്ടായതുമൂലവും സംസ്ഥാനത്തുളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പ്രധാനപ്പെട്ട വിഷയം തന്നെയാണ് അടിയന്തരപ്രമേയമായി ഉന്നയിച്ചിട്ടുള്ളത്. ഇതുപോലുള്ള കാര്യങ്ങൾ സാധാരണ അടിയന്തരപ്രമേയമായാണോ സഭയിൽ എടുക്കേണ്ടതെന്നത് ഒരു സംശയമായി നിലനിൽക്കുന്നുണ്ട്. രാവിലെ 7.00-7.30 ആകുമ്പോൾ അടിയന്തരപ്രമേയവിഷയം എഴുതിത്തന്ന് അവതരണ സമയത്ത് മറുപടി പറയുന്ന രീതിയാണ് സാധാരണ നിലവിലുള്ളത്. അങ്ങനെ കൈകാര്യം ചെയ്യേണ്ട ഒരു വിഷയമാണോ ഇത്? കുറച്ചുദിവസം മുൻപുതന്നെ എഴുതിനൽകി തയ്യാറെടുപ്പ് നടത്തി മറുപടി പറയുന്നതല്ലേ ഉചിതമാകുകയെന്നത് പൊതുവിൽ ആലോചിക്കേണ്ട കാര്യമാണെന്നാണ് എനിക്ക് തോന്നുന്നത്.

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

കാലാവസ്ഥാവ്യതിയാനം സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ലോകരാഷ്ട്രങ്ങൾ ചർച്ച ചെയ്യുന്ന അവസരമാണിത്. ഇംഗ്ലണ്ടിലെ ഗ്ലാസ്ഗോയിൽ ലോകരാഷ്ട്രങ്ങളുടെ ഉന്നതതലയോഗം നടക്കുകയാണ്. ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച് (ഐ.പി.സി.സി.) ഐക്യരാഷ്ട്ര സഭയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഒരു വിദഗ്ദ്ധ സമിതിയാണ്. ആഗോളതാപനില ഉയരുന്നതിനെക്കുറിച്ചും അതിന്റെ പരിണതഫലങ്ങളെക്കുറിച്ചും ഗവേഷകർ നടത്തുന്ന കണ്ടെത്തലുകൾ ക്രോഡീകരിച്ചാണ് റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നത്. ഐ.പി.സി.സി.-യുടെ പഠനറിപ്പോർട്ടാണ് ഈ അടിയന്തരപ്രമേയത്തിന് ആധാരമാക്കിയിട്ടുള്ളത്. ഇക്കാര്യത്തിൽ സർക്കാർ പരാജയപ്പെട്ടതുമൂലമുള്ള പ്രശ്നങ്ങൾ ചർച്ചചെയ്യണമെന്നാണ് അടിയന്തരപ്രമേയ നോട്ടീസിൽ ഉന്നയിച്ചിരിക്കുന്നത്. ആഗോളതാപനില ഉയരുന്നതിന്റെ തോത് വർദ്ധിക്കുന്നതായി 2021 ആഗസ്റ്റ് 9-ന് പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. അതൊരു റിപ്പോർട്ടായി പ്രസിദ്ധീകരിച്ചിട്ട് മൂന്ന് മാസം കഴിഞ്ഞിരിക്കുന്നു. ചില മാധ്യമങ്ങൾ അത് റിപ്പോർട്ട് ചെയ്യുകയും ചെയ്തിരുന്നു. അതിലെ പരാമർശങ്ങൾ അടിസ്ഥാനപ്പെടുത്തി യു.എസ്.എ-യിലെ NASA (National Aeronautics and Space Administration) ചില നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. ആ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ചില ശാസ്ത്രജ്ഞർ 2150-ഓടെ ജലനിരപ്പ് ഉയരുന്നതുവഴി കേരളത്തിലെ തീരദേശ ജില്ലകളുടെ ചില ഭാഗങ്ങൾ നഷ്ടമാകാൻ സാദ്ധ്യതയുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതാണ് ചില ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത്. 2011-2020 കാലഘട്ടത്തിൽ 1850-1900 കാലഘട്ടത്തേക്കാൾ ശരാശരി താപനില 1.09 ഡിഗ്രി കൂടുതലാണ്. കടലിലെ താപനില 0.88 ഡിഗ്രിയും കരയിലെ താപനില 1.95 ഡിഗ്രിയുമാണ് കൂടിയിട്ടുള്ളത്. ഇതിന്റെ ഗൗരവം എല്ലാ സർക്കാരുകളും ഉൾക്കൊള്ളേണ്ടതാണ്. സംസ്ഥാന സർക്കാർ ഗൗരവത്തോടെയാണ് ഇക്കാര്യത്തെ സമീപിക്കുന്നതും നടപടി സ്വീകരിക്കുന്നതും.

കേരളത്തിന്റെ വികസന പരിപ്രേക്ഷ്യം എങ്ങനെയായിരിക്കണമെന്ന കാഴ്ചപ്പാടാണ് പ്രധാനം. സാമ്പത്തിക വളർച്ചയും പരിസ്ഥിതി സംരക്ഷണവും സന്തുലിതമാകുന്ന ഒരു വികസന പരിപ്രേക്ഷ്യമാണ് സർക്കാരിനുള്ളത്. വികസനപ്രവർത്തനങ്ങൾ നടത്തുമ്പോൾത്തന്നെ പാരിസ്ഥിതിക സംരക്ഷണത്തെ പ്രധാനമായി കാണുകയാണ്. അതുകൊണ്ടാണ് കേരളത്തിന്റെ പരിസ്ഥിതിയെ സംബന്ധിച്ചുള്ള ഒരു ധവളപത്രം എൽ.ഡി.എഫ്. സർക്കാർ പുറപ്പെടുവിച്ചത്. നേരത്തെതന്നെ പാരിസ്ഥിതിക പ്രശ്നത്തെ ഗൗരവമായി കാണുകയും തുടർന്ന് ഓരോ ഘട്ടത്തിലും ഉയർന്നുവരുന്ന പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടിയുമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഗ്രീൻ ഹൗസ് വാതകങ്ങളുടെ

(കാർബൺഡയോക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ്) ബഹിർഗ്ഗമനമാണ് ആഗോളതാപനില ഉയരുന്നതിന്റെ മുഖ്യകാരണം. ഇവ ആഗോളതലത്തിൽ കുറയ്ക്കാനും പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാനുമാണ് ലോകരാഷ്ട്രങ്ങളുടെ സമ്മേളനങ്ങൾ ലക്ഷ്യമിടുന്നത്. കേരളം സമയബന്ധിതമായി ഗ്രീൻ ഹൗസ് വാതകങ്ങളുടെ ബഹിർഗ്ഗമനം ഗണ്യമായി കുറച്ചുകൊണ്ടുവരാനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഓരോ മേഖലയിലുമുണ്ടാകുന്ന ഗ്രീൻഹൗസ് വാതകങ്ങളുടെ ബഹിർഗ്ഗമനത്തിന്റെ കണക്ക് ചർച്ചയ്ക്കായുള്ള രേഖയിൽ ഉൾപ്പെടുത്തി ലക്ഷ്യം എങ്ങനെ നിറവേറ്റാമെന്നതാണ് സർക്കാർ പരിഗണിച്ചുവരുന്നത്. ഇത് നടപ്പിൽ വരുത്തുന്നതിനായി പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതിയിൽ ഊർജ്ജം, തദ്ദേശസ്വയംഭരണം. വനം, ശാസ്ത്ര-സാങ്കേതികം എന്നീ വകുപ്പുകളുടെ ചുമതലയുള്ള സെക്രട്ടറിമാരും അംഗങ്ങളാണ്. സമയബന്ധിതമായി സംസ്ഥാനത്തെ കാർബൺ ന്യൂട്രലാക്കുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കുകയാണ് ഈ സമിതിയുടെ ദൗത്യം. ഇതിന്റെ ആദ്യയോഗം 2021 നവംബർ 19-ന് ചേരുന്നുണ്ട്. ഇതിനുപുറമേ ദുരന്താഘാത പ്രതിരോധശേഷിയുള്ള നവകേരള നിർമ്മിതിക്കുള്ള നടപടി സ്വീകരിക്കാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ജലവിഭവം, തദ്ദേശ സ്വയംഭരണം, റവന്യൂ, കൃഷി, ഗതാഗതം, ശാസ്ത്ര-സാങ്കേതികം എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ അംഗങ്ങളായും ഉൾപ്പെടുന്ന ഉന്നതാധികാര സമിതിയും രൂപീകരിച്ചിട്ടുണ്ട്. പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഇക്കാര്യത്തിൽ ഒന്നും ചെയ്യുന്നില്ലെന്ന ആരോപണം പ്രമേയത്തിൽ ഉന്നയിക്കുന്നുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ സമീപനം സമഗ്രതയുള്ളതാണ്. ദുരന്താഘാതം താങ്ങാൻ ശേഷിയുള്ള നവകേരള നിർമ്മിതിയാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. ഇതിനായി രൂപീകരിക്കപ്പെട്ടതാണ് റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ്. ഇതിന്റെ ഭാഗമായി സ്വീകരിക്കുന്ന നടപടികൾ ഈ സഭയിൽ ഒന്നിലധികം തവണ വിശദീകരിച്ചിട്ടുണ്ട്. 12 വകുപ്പുകളിലായി 7,791 കോടി 14 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 5,271 കോടി 88 ലക്ഷം രൂപയുടെ പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുമുണ്ട്. ആർ.കെ.ഐ. പദ്ധതികൾ കേവലം നിർമ്മാണപദ്ധതികളല്ല; മേൽപ്പറഞ്ഞതുപോലെ ദുരന്ത പ്രതിരോധ ശേഷിയുള്ളവയായാണ് വിഭാവന ചെയ്തിരിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ ഭവനനിർമ്മാണ പദ്ധതിയായ ലൈഫ് ഭവന പദ്ധതിയിൽ പ്രീഫാബ് സാങ്കേതികവിദ്യ സ്വീകരിച്ചിട്ടുണ്ട്. പ്രകൃതിവിഭവ ചൂഷണം പരമാവധി കുറയ്ക്കാൻ ലക്ഷ്യമിട്ടുള്ളതാണ് ഈ സാങ്കേതികവിദ്യ. നെൽപ്പാടങ്ങളും തണ്ണീർത്തടങ്ങളും പ്രകൃതിദുരന്തങ്ങളിൽനിന്നും

നമ്മെ സംരക്ഷിക്കുന്നതിൽ വലിയ പങ്കാണ് വഹിക്കുന്നത്. ഇക്കാര്യം കണക്കിലെടുത്താണ് 2006-2011-ലെ സർക്കാർ 2008-ൽ തണ്ണീർത്തട നെൽവയൽ സംരക്ഷണ നിയമം നടപ്പിലാക്കിയത്. ഇത് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരും ഈ സർക്കാരും ഫലപ്രദമായി നടപ്പിലാക്കി വരുന്നുമുണ്ട്. വർഷകാലത്ത് ഒഴുകിയെത്തുന്ന ജലം മണ്ണിലൂർന്നിറങ്ങാൻ നെൽകൃഷിക്കുള്ള പങ്ക് ചെറുതല്ല. 2016-2021 കാലഘട്ടത്തിൽ സർക്കാരിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും നേതൃത്വപരമായ പങ്കോടെയാണ് നെൽകൃഷി വ്യാപനം നടന്നുവരുന്നത്. ഇതിനുപുറമേ നദികളുടെ സ്വാഭാവിക ഒഴുക്ക് ഉറപ്പാക്കാൻ ഹരിത കേരള മിഷന്റെ ആഭിമുഖ്യത്തിൽ 'ഇനി ഞാൻ ഒഴുകട്ടെ' എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. നവകേരള കർമ്മ പദ്ധതിയുടെ നേതൃത്വത്തിൽ ഇത്തരം പരിപാടികൾ തുടരുന്നതാണ്. നദികളിലും ഡാമുകളിലും അടിഞ്ഞുകൂടിയിട്ടുള്ള എക്കൽ നീക്കംചെയ്യുന്നതിനുള്ള പദ്ധതിയും സർക്കാർ നടപ്പാക്കിവരുന്നുണ്ട്. ഇവയെല്ലാംതന്നെ പ്രളയാഘാതം കുറയ്ക്കാൻ ഗണ്യമായി സഹായിക്കുന്നതാണ്. പരമ്പരാഗത ഊർജ്ജ ഉൽപ്പാദനത്തിലൂടെയാണ് ഗ്രീൻഹൗസ് വാതകങ്ങളുടെ ബഹിർഗ്ഗമനമുണ്ടാകുന്നത്. പാരമ്പര്യേതര ഊർജ്ജോൽപ്പാദനത്തിന് സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്. സൗരോർജ്ജോൽപ്പാദനത്തിനായി കെട്ടിട നിർമ്മാണച്ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികളും വരുത്തിയിട്ടുണ്ട്. കാർബൺ ന്യൂട്രാലിറ്റിക്കായി വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കലാണ് ഫലപ്രദമായ നടപടി. വനദിനത്തിന് വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുന്നതിനുപുറമേ ഒരു കോടി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇത് തുടരുന്നതുമാണ്. വെള്ളപ്പൊക്കത്തിന്റെയും മണ്ണിടിച്ചിലിന്റെയും കാരണങ്ങൾ പരിശോധിച്ച് സമഗ്രറിപ്പോർട്ട് സമർപ്പിക്കാനും സംസ്ഥാന സാങ്കേതിക പരിസ്ഥിതി കൗൺസിൽ മുൻകയ്യെടുത്തിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കിയുള്ള നടപടിയും സ്വീകരിച്ചുവരികയാണ്. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി അന്താരാഷ്ട്ര ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നത് കാലാവസ്ഥാവ്യതിയാനം തടയാനും ദുരന്ത പ്രതിരോധശേഷിയുള്ള കേരള നിർമ്മിതി ലക്ഷ്യമിട്ടുകൂടിയാണ്. കാർബൺ ന്യൂട്രാലിറ്റിക്ക് അനിവാര്യമായ മറ്റൊരു പരിഷ്കരണം ഗതാഗത മേഖലയിലാണ്. പരമ്പരാഗത ഇന്ധനങ്ങൾ ഉപയോഗിക്കുന്നതുവഴിയുണ്ടാകുന്ന ഗ്രീൻഹൗസ് വാതകബഹിർഗ്ഗമനവും അന്തരീക്ഷമലിനീകരണവും തടയാൻ ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ ഇ-വെഹിക്കിൾ നയം രൂപീകരിക്കുകയും അതിനാവശ്യമായ നടപടികൾ മുന്നോട്ടുനീക്കാനുള്ള പരിശ്രമം നടത്തിവരികയുമാണ്. പലവിധ തടസ്സങ്ങൾ നേരിട്ടെങ്കിലും ഇത് മുന്നോട്ടുകൊണ്ടുപോകാനാണ് സർക്കാരിന്റെ തീരുമാനം. ഗ്രീൻഹൗസ് വാതകങ്ങളുടെ ബഹിർഗ്ഗമനത്തിനുള്ള മറ്റൊരു കാരണം

ഖരമാലിന്യങ്ങളും മെഡിക്കൽ വേസ്റ്റും അടിഞ്ഞുകൂടുന്നതാണ്. മാലിന്യ സംസ്കരണത്തിനും നിർമ്മാർജ്ജനത്തിനും സംസ്ഥാന സർക്കാർ ഫലപ്രദമായ നടപടികളാണ് സ്വീകരിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളാണ് ഇതിന് നേതൃത്വം വഹിക്കുന്നത്. ഇതിനായി അന്താരാഷ്ട്ര വിദഗ്ദ്ധരുടെ സഹായവും സർക്കാർ ലഭ്യമാക്കുന്നുണ്ട്. വേസ്റ്റ് ടു എനർജി പദ്ധതിയും ഇതിന്റെ ഭാഗമായാണ് നടപ്പാക്കുന്നത്. പരിസ്ഥിതി വകുപ്പ് സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചേഞ്ചിന്റെ പരിഷ്കരണം നടത്തിവരികയാണ്. പ്രതിസന്ധികളുടെ സാദ്ധ്യതകളെല്ലാം പരിഗണിച്ചുകൊണ്ടായിരിക്കും പരിഷ്കരിച്ച നയം ആവിഷ്കരിക്കുക. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കാലാവസ്ഥാ വ്യതിയാന പഠന ഇൻസ്റ്റിറ്റ്യൂട്ടിന്റെ കണ്ടെത്തലുകൾ കണക്കിലെടുത്തുകൊണ്ടും സംസ്ഥാന സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ടും വിശദപഠനം നടത്തിവരികയാണ്; അത് മികച്ച പുരോഗതി കൈവരിച്ചിട്ടുണ്ട്. 2021 ഡിസംബറിൽ പഠനം പൂർത്തിയാകുമെന്നാണ് ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ നിഗമനം. ഇക്കാര്യങ്ങളിൽനിന്നും വ്യക്തമാകുന്നത് സർക്കാർ ഈ വിഷയത്തെ അതീവ ഗൗരവത്തോടെ കാണുന്നുവെന്നതാണ്. സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുമുണ്ട്. 2018-ലും 2019-ലുമുണ്ടായ പ്രകൃതിദുരന്തങ്ങൾ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ ഏതോ നടപടികൾ കാരണമാണെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമം അടിസ്ഥാനരഹിതമെന്നുമാത്രമല്ല അശാസ്ത്രീയവുമാണ്. നമ്മുടെ വികസന പ്രക്രിയ ദീർഘകാലമായി പ്രകൃതിവിഭവങ്ങളെ പല രീതിയിലും ചൂഷണം ചെയ്തിട്ടുണ്ട്. ഈ രീതിയിൽ ഘടനാപരമായ മാറ്റം വരുത്താനാണ് സർക്കാർ സമഗ്രസമീപനം സ്വീകരിച്ചു വരുന്നത്. അതുകൊണ്ട് പൊതുവായുള്ള അവബോധം ഇക്കാര്യത്തിൽ ഉയർന്നു വരേണ്ടതായിട്ടുണ്ട്. അതിനുപകരിക്കുന്ന ഒരു വിഷയമാണിത്. എന്നാൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരാവശ്യവും ഇതിൽ ഉയരുന്നില്ല.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, 2019 സെപ്റ്റംബറിൽ യു.എൻ. കാലാവസ്ഥാ ഉച്ചകോടിയിൽവച്ച് Greta Thunberg എന്ന പതിനാറ് വയസ്സുള്ള പെൺകുട്ടി ഉന്നയിച്ച ഒരു ചോദ്യമുണ്ട്. 'How dare you?' തീരുമാനങ്ങളെടുക്കാൻ അവകാശവും അവസരവും ബാദ്ധ്യതയുമുണ്ടായിരുന്ന മുതിർന്ന തലമുറയോടുള്ള ഒരു ചോദ്യമായിരുന്നു അത്. ഈ സഭയിലുള്ള നമ്മളോടെല്ലാവരോടും കക്ഷി-രാഷ്ട്രീയ വ്യത്യാസമില്ലാതെ കേരളത്തിലെ വളരുന്ന തലമുറ വൈകാതെ ചോദിക്കാൻ ഇടയുള്ള ചോദ്യമാണ് 'How dare you? എന്നത്.' ആത്മവിമർശനത്തിന്റെ അടരുകൂടി ചേർത്ത് അതേ ചോദ്യം ആവർത്തിച്ചുകൊണ്ട് വിഷയത്തിലേയ്ക്ക് കടക്കാമെന്ന് ഞാൻ വിചാരിക്കുന്നു. കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട ഒരു അടിയന്തരപ്രമേയം നമ്മുടെ നിയമസഭാചരിത്രത്തിൽ ആദ്യമായിട്ടാണ്.

എന്നാൽ ഈ വിഷയത്തിൽ അവതരിപ്പിക്കുന്ന അവസാനത്തെ പ്രമേയമാകും ഇതെന്ന് ഞാൻ കരുതുന്നുമില്ല. വരുംവർഷങ്ങളിൽ നാം ഇവിടെ ചർച്ചചെയ്യാൻ പോകുന്ന വിഷയങ്ങൾ സാമ്പത്തിക വികസനവുമായും സാമൂഹ്യക്ഷേമവുമായും സുസ്ഥിരവികസനവുമായും ബന്ധപ്പെട്ടതാണെങ്കിലും കാലാവസ്ഥാ വ്യതിയാനത്തിന്റെ തലത്തെക്കൂടി പരിഗണിച്ചുമാത്രമേ ഈ സഭയിൽ ചർച്ചകൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ച ഇന്റർഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ചിന്റെ പുതിയ റിപ്പോർട്ടിൽ കേരളത്തെ സംബന്ധിച്ച് ആശങ്കപ്പെടുത്തുന്ന വിവരങ്ങളാണ് പങ്കുവയ്ക്കുന്നത്. 70 വർഷത്തിനുള്ളിൽ സമുദ്രനിരപ്പിൽ വലിയ ഉയർച്ചയാണ് നമ്മുടെ തീരങ്ങളിൽ പ്രതീക്ഷിക്കുന്നത്. കേരളത്തിന്റെ 374 സ്ക്വയർ കിലോമീറ്റർ തീരഭൂമി സമുദ്രത്തിനടിയിലാകുമെന്ന ആശങ്ക പങ്കുവയ്ക്കുന്നുണ്ട്. തീരശോഷണത്തിനുപുറമേ ഉപ്പുവെള്ളവും കയറുകയാണ്; മറ്റ് ആരോഗ്യ പ്രശ്നങ്ങളുമുണ്ടാകുന്നു. കുട്ടനാട്ടിലെ ജനങ്ങൾ ഇപ്പോൾ പലായനം ചെയ്യുന്നതുപോലെ നമ്മുടെ സംസ്ഥാനത്തിന്റെ മറ്റ് പ്രദേശങ്ങളിൽനിന്നും കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതംമൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങളാൽ പലായനങ്ങളുണ്ടാകാൻ പോകുകയാണ്. ഈ നൂറ്റാണ്ടിനൊടുവിൽ സമുദ്രത്തിനടിയിലാകുമെന്ന് NASA കരുതുന്ന 12 നഗരങ്ങളിലൊന്ന് കൊച്ചിയാണെന്നുള്ളതാണ് അങ്ങേയറ്റം ആശങ്കയുളവാക്കുന്ന മറ്റൊരു കാര്യം. ഐ.പി.സി.സി. റിപ്പോർട്ട് മറ്റ് സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു മുന്നറിയിപ്പ് മാത്രമാണെങ്കിൽ കേരളത്തെ സംബന്ധിച്ച് അത് സംഭവിച്ചുതുടങ്ങിയ വലിയ ദുരന്തങ്ങളെക്കുറിച്ചുള്ള ദിശാസൂചികയാണ്. 2018 മുതൽ നാം അത് കണ്ടുതുടങ്ങിയതാണ്. കേരളത്തിൽ ഓഖി, ഒന്നാം പ്രളയം, രണ്ടാം പ്രളയം, മേഘവിസ്ഫോടനം, ചക്രവാതച്ചുഴി ഇങ്ങനെ അവഗണിക്കാൻ സാധിക്കാത്ത അനുപാതത്തിൽ പ്രകൃതിദുരന്തങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച് മാധ്യമങ്ങളൊക്കെ നമുക്ക് മുന്നറിയിപ്പ് നൽകുന്നുണ്ട്. അടുത്തിടെ മലയാള മനോരമ ദിനപ്പത്രം പ്രസിദ്ധീകരിച്ച 'മഴമുനയിൽ കേരളം' എന്ന പരമ്പര ഇത്തരം ആശങ്കകളുടെ ആഴം വെളിപ്പെടുത്തുന്നതാണ്. അതുകൊണ്ട് സംഭവിച്ച അപകടങ്ങളോടുള്ള നയപരമായ നമ്മുടെ പ്രതികരണം വരാൻ സാദ്ധ്യതയുള്ള അപകടങ്ങളെ ലഘൂകരിക്കാനും അതിൽ എന്തെല്ലാം ചെയ്യാൻ സാധിക്കുമെന്നതിനെ സംബന്ധിച്ചുള്ള മുൻഗണന തീരുമാനിക്കുന്നതുമാണ്. 2014-ൽ ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ ഭരണകാലത്താണ് State Action Plan on Climate Change (SAPCC) ആദ്യമായി രൂപീകരിക്കുന്നത്. അതിനുശേഷം അധികാരത്തിൽവന്ന ഒന്നാം പിണറായി വിജയൻ സർക്കാർ 2017-ൽ SAPCC റിവൈസ് ചെയ്യാൻ തീരുമാനിക്കുകയും 2018-ൽ അതിന്റെ കരട് റിപ്പോർട്ട് സർക്കാരിൽ

സമർപ്പിക്കുകയും ചെയ്തു. സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനംമൂലം പ്രകൃതിദുരന്തങ്ങൾ വർദ്ധിച്ചുവരുന്ന അതീവ ഗൗരവതരമായ സാഹചര്യത്തിൽ SAPCC-യുടെ ഡ്രാഫ്റ്റ് റിപ്പോർട്ട് 2018-ൽ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടും ഇതുവരെ അത് അംഗീകരിച്ച് കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ സാധിച്ചിട്ടില്ലെന്ന ഗുരുതരമായ ആക്ഷേപം ഞാൻ ഈ സഭയുടെ മുമ്പാകെ ഉന്നയിക്കുകയാണ്. SAPCC-യുടെ ഭാഗമായി അന്ന് പരിസ്ഥിതി വകുപ്പിന്റെകൂടി ചുമതലയുണ്ടായിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ നേതൃത്വത്തിൽ Institute For Climate Change Studies കോട്ടയത്ത് സ്ഥാപിച്ചു. അതിന്റെ പ്രാരംഭദശയിൽത്തന്നെ അടുത്ത തെരഞ്ഞെടുപ്പ് നടക്കുകയും പുതിയ ഗവൺമെന്റ് അധികാരത്തിൽ വരികയും ചെയ്തു. ഇപ്പോൾ ആ സ്ഥാപനത്തിന്റെ അവസ്ഥ പരിതാപകരമാണ്. ഈ ഗവൺമെന്റുതന്നെ ശാസ്ത്രജ്ഞരുടേതടക്കം 12 പോസ്റ്റുകൾ അംഗീകരിച്ചതാണ്. കാലാവസ്ഥാവ്യതിയാനത്തെ സംബന്ധിച്ചുള്ള പ്രത്യാഘാതങ്ങളെ നിരീക്ഷിക്കുന്ന, അത്തരം കാര്യങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന പ്രധാനപ്പെട്ട സ്ഥാപനത്തിൽ ഒരു ശാസ്ത്രജ്ഞനെപ്പോലും നിയമിച്ചിട്ടില്ല. സെക്രട്ടേറിയറ്റിൽ നിന്ന് ഡെപ്യൂട്ടേഷനിൽ വന്ന ഒരു എ.ഒ. മാത്രമാണ് അവിടെയുള്ളത്. കേരളത്തിൽ കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന മുഴുവൻ പ്രത്യാഘാതവും നേരിടുകയെന്നത് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന എ.ഒ-യുടെ ഉത്തരവാദിത്വമാണ്. അതുകൊണ്ട് SAPCC അടിയന്തരമായി അംഗീകരിക്കുന്നതോടൊപ്പംതന്നെ ഈ സ്ഥാപനത്തെ പുതിയ പശ്ചാത്തലത്തിൽ ശക്തിപ്പെടുത്താനും അവിടെ ശാസ്ത്രജ്ഞരെ നിയമിക്കുന്നതിനുമുള്ള അടിയന്തര നടപടി കൈക്കൊള്ളണം. 2018-19-ലെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഗവൺമെന്റ് നിയോഗിച്ച ഇന്റർ ഡിസിപ്ലിനറി സമിതിയുടെ റിപ്പോർട്ട് എന്റെ കൈവശമുണ്ട്. ആ സമിതി ഡിസംബർ മാസത്തിൽ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അതിൽ പ്രധാനപ്പെട്ട നിർദ്ദേശങ്ങളുണ്ടായിരുന്നു. സമയപരിമിതി ഉള്ളതുകൊണ്ട് അതെല്ലാം പറയുന്നില്ല. "The Government of Kerala should constitute a Committee to conduct in-depth studies and develop guidelines for best practices for allowing mining activities near topographic hollows. A "codebook" may be developed and strong regulatory system may be enforced." എന്തുനടപടിയാണ് സ്വീകരിച്ചത്? "While constructing village roads in the high sloping areas, care should be taken to ensure the free flow of streams across the roads by providing culverts" ഇക്കാര്യങ്ങളെ സംബന്ധിച്ച് എന്തെങ്കിലും തീരുമാനങ്ങളെടുത്തിട്ടുണ്ടോ? അതുസംബന്ധിച്ച് കോഡ് ബുക്ക് ഉണ്ടാക്കിയിട്ടുണ്ടോ? ഉയർന്ന പ്രദേശങ്ങളിൽ റോഡ് നിർമ്മിക്കുമ്പോൾ തടസ്സമില്ലാതെ ജലമൊഴുകിപ്പോകാനുള്ള സംവിധാനം

ആസൂത്രണം ചെയ്യണം. ഒരു പ്രശ്നംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്, കേരളത്തിൽ ഒരു എഞ്ചിനീയറിംഗ് വിംഗ് മാത്രമേയുള്ളൂ. അവരാണ് കേരളത്തിലെ എല്ലാ റോഡുകളും ഡിസൈൻ ചെയ്യുന്നത്. പാരിസ്ഥിതികമായ വിഷയങ്ങളെ ഉൾക്കൊള്ളുന്ന എഞ്ചിനീയറിംഗ് വിഭാഗം നമുക്കുണ്ടാകണമെന്ന് 2018-ൽ സർക്കാർ നിയോഗിച്ച സമിതി റിപ്പോർട്ട് സമർപ്പിച്ചിരുന്നതാണ്. എന്നാൽ അത്തരം പരിഗണനകളൊന്നുംതന്നെ കേരളം സ്വീകരിച്ചിട്ടില്ലെന്നുമാത്രമല്ല, വെള്ളം ഒഴുകിപ്പോകുന്നതിനുള്ള സംവിധാനം തടസ്സപ്പെട്ടതുമൂലം നിരവധി ചെറുപ്രളയങ്ങളുണ്ടാകുന്നു. ആ ചെറുപ്രളയങ്ങൾക്ക് നിരവധി ഇരകളുമുണ്ടാകുന്നുണ്ട്. അതിനെ കാണാതെ പോകാൻ നമുക്ക് സാധിക്കില്ല. റിപ്പോർട്ടിൽ പറയുന്ന പ്രധാനപ്പെട്ട മറ്റൊരു കാര്യമുണ്ട്. "The current practice is that only the critical and high hazard areas, these areas are susceptible to high causalities during a landslide event. Therefore, an estimate of the run out distance for landslides needs to be assessed based on slope and overburden volume in the high hazard zones so as to regulate settlements at the downstream of the slopes" എന്നാണ്. ഈ നിർദ്ദേശങ്ങൾ സ്വീകരിച്ചിരുന്നെങ്കിൽ കൂട്ടിക്കലിലെയും പെട്ടിമുടിയിലെയും ആളപായം ഒഴിവാക്കാൻ സാധിക്കുമായിരുന്നു. രണ്ട് വർഷംമുമ്പ് സർക്കാരിന് ലഭിച്ച, പൊടിയടിച്ച് സെക്രട്ടേറിയറ്റിലിരിക്കുന്ന റിപ്പോർട്ട് പരിഗണിച്ച് നടപടിയെടുത്തിരുന്നെങ്കിൽ കൂട്ടിക്കലിലെയും പെട്ടിമുടിയിലെയും ആളപായം ഒഴിവാക്കാമായിരുന്നു. 1:50000 സ്കെയിലിൽ hazard zonation map-ഉം Flood risk map-ഉം 1:4000 സ്കെയിലിൽ flood inundation map-ഉം തയ്യാറാക്കണമെന്ന് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. അതൊന്നും തയ്യാറാക്കിയിട്ടില്ല. 2019-ലെ റിപ്പോർട്ടിലെ ഒരു നിർദ്ദേശവും ഇത്രയും പാരിസ്ഥിതികാഘാതങ്ങളെ നേരിടുന്ന ഒരു സംസ്ഥാനം പരിഗണിച്ചിട്ടില്ലെന്നതാണ് ഈ വിഷയം അടിയന്തര പ്രമേയമായി സഭയിൽ കൊണ്ടുവരാൻ ഞങ്ങളെ പ്രേരിപ്പിച്ചത്. അനാസ്ഥകൾ ഇതുകൊണ്ടും തീരുന്നില്ല. ദുരന്തനിവാരണ നിയമപ്രകാരം ദുരന്തനിവാരണ അതോറിറ്റിയിൽ മൂന്ന് ശാസ്ത്രജ്ഞരുണ്ടാകണം. ഇപ്പോൾ ഒരു മെമ്പർ സെക്രട്ടറിയല്ലാതെ ശാസ്ത്രജ്ഞന്മാരില്ലാത്ത അവസ്ഥയാണ്. കേരളത്തിലെ ഏറ്റവും വലിയ ദുരന്തം ഈ ദുരന്ത നിവാരണ അതോറിറ്റിയാണ്. ഈ അതോറിറ്റിയെപ്പോലൊരു ദുരന്തം കേരളത്തിലില്ല. അതുപോലെ തണ്ണീർത്തട അതോറിറ്റിയുടെ കാലാവധി കഴിഞ്ഞുവെന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പരിസ്ഥിതി ആഘാത നിർണ്ണയ സമിതി പുനഃസംഘടിപ്പിക്കണം. ഒരു വർഷത്തിനുള്ളിൽ ഈ വകുപ്പിൽ ആറ് ഡയറക്ടർമാരാണ് വന്നുപോയത്. ഇക്കാര്യങ്ങളൊക്കെ ശ്രദ്ധിക്കാൻ അവർക്കാർക്കെങ്കിലും സമയം

ലഭിച്ചിട്ടുണ്ടാകുമോ; ഒരുപാട് വർഷങ്ങൾക്കുശേഷം ഇപ്പോഴാണ് സ്ഥിരം സംവിധാനത്തിലേയ്ക്ക് എത്തിയിട്ടുള്ളത്. കേരളം ഗുരുതരമായി കാണുന്ന ഈ പ്രശ്നത്തെ അതേ ഗൗരവത്തിൽത്തന്നെ ഗവൺമെന്റ് സമീപിക്കണം. പരിസ്ഥിതി ഇത്രയൊന്നും ചർച്ച ചെയ്യപ്പെട്ടിട്ടില്ലാത്ത കാലഘട്ടത്തിലാണ് ഇന്ദിരാ ഗാന്ധി സൈലന്റ്‌വാലിയെ സംരക്ഷിക്കാനാവശ്യമായ നിലപാട് സ്വീകരിച്ചതും കേരളത്തിന്റെ പരിസ്ഥിതിക്കുവേണ്ടി ഇടപെടൽ നടത്തിയതും. ഇന്ന് Intergovernmental Panel on Climate Change (IPCC) ലോകത്തിന് നൽകുന്ന warning, ദുരന്തമായി അനുഭവിക്കുന്നൊരു ജനസമൂഹമായി കേരളം മാറിക്കഴിഞ്ഞെന്നാണ്. 2018-ലെ പ്രളയത്തിനുശേഷം കേരളത്തിന്റെ പുനർനിർമ്മാണമല്ല, ഒരു നവകേരളം സൃഷ്ടിക്കാൻ പോകുന്നുവെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞത്. പക്ഷേ, അങ്ങയുടെ ഗവൺമെന്റിന്റെ സമീപകാല പദ്ധതികൾ പരിശോധിച്ചാൽ നവകേരളമല്ല, അങ്ങേയറ്റം പാരിസ്ഥിതിക വിനാശമുണ്ടാക്കുന്ന, കെ-റെയിൽ പോലെയുള്ള വിനാശകരമായ പദ്ധതികളാണ് ഇത്രയും ഇക്കോളജിക്കലി സെൻസിറ്റീവായ ചെറിയൊരു ഭൂപ്രദേശത്തെ ആശങ്കയിൽ കഴിയുന്ന ജനങ്ങളുടെ മുന്നിലുള്ളത്. തീരദേശത്തെ പത്ത് ജില്ലകളിലെ ജനങ്ങൾ ആശങ്കയിലാണ്. നാല് ജില്ലകൾ പശ്ചിമഘട്ടത്തിന്റെ പാരിസ്ഥിതികാഘാതങ്ങളുടെ ഭീഷണിയിലും ഭയത്തിലുമാണ്. ഒരു കാര്യം ഞാൻ ആവർത്തിക്കുകയാണ്. അടിയന്തരമായി State Action Plan on Climate Change സംസ്ഥാന സർക്കാർ അംഗീകരിച്ച് അതിന്റെ അടിസ്ഥാനത്തിലുള്ള നടപടി സ്വീകരിക്കുകയും ഇനിയും പരിസ്ഥിതിക്ക് വിനാശകരമായ പദ്ധതികൾ ഉണ്ടാവില്ലെന്ന് പരസ്യമായി പ്രഖ്യാപിച്ചുകൊണ്ട് മുന്നോട്ടുപോകുകയും ചെയ്യണം. ഈ അടിയന്തര സാഹചര്യത്തെ, അടിയന്തര ആശങ്കകളെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, കാര്യങ്ങൾ അവതരിപ്പിക്കാൻ നല്ല ശേഷിയുള്ളയാളാണ് ശ്രീ. പി. സി. വിഷ്ണുനാഥ്, എങ്കിലും ഇക്കാര്യത്തിൽ ഞാൻ പറഞ്ഞതിനോട് വിയോജിച്ചുകൊണ്ട് അദ്ദേഹം ഒന്നും പറഞ്ഞിട്ടില്ല. സംസ്ഥാന സർക്കാരിന്റെ പൊതുവായ സമീപനത്തോട് വിയോജിപ്പില്ലെന്നാണത് കാണിക്കുന്നത്. എന്നാൽ, ഇപ്പോൾ സ്വീകരിച്ചുവരുന്ന നിലപാടുവച്ച് ഏത് കാര്യത്തിലും സർക്കാരിനെ കുറ്റപ്പെടുത്തുന്നത് പ്രതിപക്ഷത്തിന്റെ ബാദ്ധ്യതയാണെന്ന തോന്നലുള്ളതുകൊണ്ട് ചില കാര്യങ്ങൾ പറയാൻ അദ്ദേഹം നിർബന്ധിതനായെന്നാണ് എനിക്ക് തോന്നുന്നത്. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഫലപ്രദമായ നടപടികൾ തന്നെയാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. പ്രകൃതി ദുരന്തങ്ങളുടെ അടിസ്ഥാനകാരണം പാരിസ്ഥിതിക

രംഗത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളാണെന്നത് എല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. ഇതെല്ലാം സംഭവിച്ചത് സർക്കാരിന്റെ പോരായ്മ കൊണ്ടാണെന്ന് സ്ഥാപിക്കാനാണ് ബഹുമാനപ്പെട്ട അംഗം ശ്രമിച്ചത്. നേരത്തെതന്നെ ആ വാദഗതിയുടെ പൊള്ളയായ അവസ്ഥ തുറന്നുകാണിച്ചതാണ്, വീണ്ടും ഞാൻ അതിന്റെ വിശദീകരണത്തിലേയ്ക്ക് പോകുന്നില്ല. ഇക്കാര്യത്തിൽ എനിക്ക് ഒരു കാര്യം മാത്രമേ പറയാനുള്ളൂ. നിലവിലുള്ള ഗൗരവ സ്ഥിതിവിശേഷത്തെ നമ്മൾ നേരിടേണ്ടത് ഭിന്നിച്ചുനിന്നുകൊണ്ടല്ല, നമ്മുടെ സമൂഹമാകെ ഒരേ മനസ്സോടെ നീങ്ങേണ്ട ഒരു കാര്യമാണിത്. അതിനുള്ള യോജിപ്പാണ് ഏറ്റവും പ്രധാനമെന്നത് നാം ഓർക്കേണ്ടതുണ്ട്. ആഗോള താപനത്തിന്റെ ഭാഗമായി കാലംതെറ്റിയുള്ള മഴയും അതുപോലുള്ള അപ്രതീക്ഷിത സംഭവങ്ങളും നമ്മുടെ നാട്ടിൽ മാത്രമല്ല, ലോകത്താകെ സംഭവിക്കുകയാണ്. ഇത്തരം പ്രശ്നങ്ങൾ സജീവമായി ചർച്ച ചെയ്യപ്പെടുന്ന അവസ്ഥയിൽ ഇതിനിടയാക്കിയ രാഷ്ട്രങ്ങൾ അത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നില്ലെന്നത് ആഗോളതലത്തിൽ വലിയതോതിൽ ചർച്ച ചെയ്യപ്പെട്ടത് നാം ശ്രദ്ധിച്ചതാണ്. ഇപ്പോൾ ആഗോള തലത്തിൽത്തന്നെ രാജ്യങ്ങൾ തമ്മിലുള്ള ചർച്ച നടന്നുവരികയാണ്. ഇവിടെ നാം കാണേണ്ടൊരു കാര്യം, സമുദ്രനിരപ്പിൽനിന്ന് 75 മീറ്റർ ഉയരത്തിലുള്ള മലനാട് കേരളത്തിന്റെ ഏകദേശം 48 ശതമാനത്തോളം വരും. താഴ്വാരങ്ങളും സമതലങ്ങളുമടങ്ങിയ 7½ മീറ്റർ മുതൽ 75 മീറ്റർ ഉയരത്തിലുള്ള ഇടനാട് 10 ശതമാനം വരും. പശ്ചിമഘട്ടത്തിൽ നിന്ന് ഉത്ഭവിക്കുന്ന 41 നദികൾ പടിഞ്ഞാറോട്ട് ഒഴുകി സമുദ്രത്തിൽ പതിക്കുകയാണ്. പശ്ചിമഘട്ടത്തിൽ വീഴുന്ന മഴവെള്ളം മണിക്കൂറുകൾകൊണ്ട് സമുദ്രത്തിലേയ്ക്ക് പതിക്കുന്നുവെന്ന സ്ഥിതിവിശേഷവും ഇവിടെയുണ്ട്. കാലാവസ്ഥാവ്യതിയാനം കേരളത്തിന്റെ സവിശേഷമായ ഈ പരിസ്ഥിതിയിൽ ഗൗരവമായ പ്രശ്നങ്ങളുണ്ടാക്കുന്നുവെന്ന് നാം കാണണം. ഇത് നാം അഭിമുഖീകരിക്കുന്ന പ്രശ്നമാണ്. ഇത് പ്രളയംപോലുള്ള പ്രകൃതിദുരന്തങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അത് പരിഹരിക്കുന്നതിനുള്ള ഇടപെടലുകളാണ് സംസ്ഥാന സർക്കാർ അതത് ഘട്ടത്തിൽ ചെയ്തിട്ടുള്ളതെന്ന് സമീപകാല അനുഭവങ്ങളെടുത്ത് പരിശോധിച്ചാൽ മനസ്സിലാകും. പ്രളയദുരന്തത്തിന്റെ ഭാഗമായി നാം നടത്തിയ രക്ഷാപ്രവർത്തനങ്ങൾ, നഷ്ടപ്പെട്ട ജീവനോപാധികൾ തിരിച്ചു നൽകുന്നതിനുവേണ്ടി നടത്തിയ ഇടപെടലുകൾ ഇതെല്ലാം രാജ്യത്തിന്റെ മാത്രമല്ല ലോകത്തിന്റെതന്നെ ശ്രദ്ധനേടിയിട്ടുള്ളതാണ്. പാരിസ്ഥിതിക വ്യതിയാനവും കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതയും കണക്കിലെടുത്ത് ദുരന്തങ്ങളിൽനിന്ന് മാറിനിൽക്കാൻ പ്രാപ്തമാകുന്ന ദീർഘകാല പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്യുകയാണ്. നേരത്തെ വിശദീകരിച്ച റീ-ബിൽഡ് കേരള അതാണ് ലക്ഷ്യംവയ്ക്കുന്നത്. ഇപ്പോഴത്തെ പ്രത്യേക

സാഹചര്യത്തിൽ സംസ്ഥാനത്തെ ജനങ്ങളെ പാരിസ്ഥിതിക സവിശേഷതകൾ മനസ്സിലാക്കി ജീവിതം ക്രമപ്പെടുത്തുന്നതിനുള്ള സമഗ്ര നടപടികളിലേയ്ക്കാണ് നയിക്കേണ്ടത്. അത് സർക്കാർ ചെയ്യുകയെന്നത് മാത്രമല്ല, സർക്കാരിനോടൊപ്പം നാടാകെ, ജനങ്ങളാകെ, ചേർന്നുകൊണ്ട് നിർവ്വഹിക്കേണ്ട കാര്യമാണ്. ഭിന്നതയല്ല, യോജിച്ചുകൊണ്ടുള്ള ഒരു നീക്കമാണ് ആവശ്യമായി വരുന്നത്. നേരത്തെ സൂചിപ്പിച്ചതുപോലെ വിവിധ ദീർഘകാല പദ്ധതികളും കമ്മിറ്റികളും സംസ്ഥാന സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ട്. പരിസ്ഥിതി സംരക്ഷിക്കുന്ന കാര്യത്തിൽ പ്രതിജ്ഞാബദ്ധമായ നിലപാടാണ് സർക്കാരിനുള്ളത്. അതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ ഞാൻ നേരത്തെ പ്രസ്താവിച്ചതിനാൽ ആവർത്തിക്കുന്നില്ല. പാരിസ്ഥിതിക സ്നേഹമുള്ളവർ പലഘട്ടങ്ങളിലും വിവിധ തരത്തിലുള്ള എതിർപ്പുമായി യു.ഡി.എഫ്. സർക്കാരിന്റെ അവസാനകാലത്ത് രംഗത്തുവന്നത് ഇപ്പോഴും ഓർക്കേണ്ട കാര്യമാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഇപ്പോൾ ഞാൻ പോകുന്നില്ല. അവർ ഉന്നയിച്ച വാദഗതി പരിസ്ഥിതിയെ തകർക്കുന്ന തീരുമാനങ്ങൾ പുനഃപരിശോധിക്കണമെന്നുള്ളതായിരുന്നു. അതിൽ ചിലത് പുനഃപരിശോധിക്കാനും തിരുത്താനും പിന്നീട് വന്ന സർക്കാർ തയ്യാറായതും നമ്മുടെ അനുഭവത്തിലുള്ളതാണ്. പരിസ്ഥിതി സംരക്ഷണത്തിന്റെ കാര്യത്തിൽ ഒരു തരത്തിലുള്ള വിട്ടുവീഴ്ചയും സർക്കാരിന്റെ ഭാഗത്തു നിന്നില്ലായെന്നത് നാം കാണേണ്ടതായിട്ടുണ്ട്. 'കാർബൺ ന്യൂട്രൽ കേരളം' എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഒരു നോഡൽ ഏജൻസിയെ നിയോഗിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. പരിസ്ഥിതി, ഗതാഗതം, തദ്ദേശ സ്വയംഭരണം, അനെർട്ട്, കെ.എസ്.ഇ.ബി.എൽ. തുടങ്ങിയ വകുപ്പുകളുടെ പിന്തുണ നൽകുന്നതിനുള്ള സംവിധാനവും ആലോചിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് ഒരു അന്താരാഷ്ട്ര കാലാവസ്ഥാവ്യതിയാന കോൺക്ലേവ് ഷെഡ്യൂൾ ചെയ്യുന്ന കാര്യവും പരിശോധിക്കും. യു.കെ-യിലെ ഗ്ലാസ്ഗോയിൽ യുണൈറ്റഡ് നാഷൻസ് ഫ്രെയിംവർക്ക് കൺവെൻഷൻ ഓൺ ക്ലൈമറ്റ് ചേഞ്ച് (UNFCCC)-ന്റെ 26-ാമത് സെഷനിൽ ഉയർന്നുവന്ന അഭിപ്രായങ്ങൾ പരിശോധിച്ച് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കും. ഇത്തരം കാര്യങ്ങളെക്കുറിച്ചുകൂടി 19-ാം തീയതി ചേരുന്ന വർക്കിംഗ് ഗ്രൂപ്പ് പരിശോധിക്കുന്നതാണ്. ഇതിന്റെ ഭാഗമായി വിവിധ പദ്ധതികൾ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. നേരത്തെതന്നെ അതിനുള്ള തുടക്കംകുറിച്ചിട്ടുമുണ്ട്. ഊർജ്ജമേഖലയാണ് ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനത്തിന്റെ 91 ശതമാനവും സംഭാവന ചെയ്യുന്നത്. അതുകൊണ്ടാണ് ആ മേഖലയിൽ ഇടപെടാനുള്ള പ്രത്യേക നടപടി സ്വീകരിക്കുന്നത്. സൗരോർജ്ജത്തിൽനിന്നും കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള പദ്ധതികൾ അതിവേഗതയിൽ

നടപ്പാക്കാനാണുദ്ദേശിക്കുന്നത്. പരമ്പരാഗത ഊർജ്ജസ്രോതസ്സുകൾ ഉപയോഗിച്ച് ചെറുഗ്രാമങ്ങൾക്ക് ഊർജ്ജം പ്രദാനം ചെയ്യുന്ന മൈക്രോ പവർ ഗ്രിഡുകൾ സ്ഥാപിക്കുന്ന കാര്യം സർക്കാർ ആലോചിക്കുന്നുണ്ട്. ഊർജ്ജകാര്യക്ഷമതയുള്ള ഉപകരണങ്ങളുടെ അഭാവമാണ് വേനൽക്കാലത്ത് വൈദ്യുതി ഉപയോഗം വർദ്ധിപ്പിക്കുന്നതിന് കാരണം. ഇത് കണക്കിലെടുത്തുള്ള ചില നടപടികളും സർക്കാർ സ്വീകരിക്കുന്നുണ്ട്. നിലനിൽക്കുന്ന കെട്ടിടങ്ങളുടെ ഊർജ്ജ ഓഡിറ്റിംഗ് നിർബന്ധമാക്കുന്നതോടെ ഉപഭോഗം കുറയ്ക്കുന്നതിനുള്ള നടപടി പ്രധാനമാണെന്ന് സർക്കാർ കാണുകയാണ്. അതോടൊപ്പം പുതിയ നിർമ്മാണപ്രവർത്തനങ്ങൾക്ക് ഗ്രീൻ പ്രോട്ടോക്കോൾ അനുസരിച്ചുള്ള നടപടി സ്വീകരിക്കും. ഇതിന്റെ ഭാഗമായിട്ടാണ് തെരുവുവിളക്കുകൾ എൽ.ഇ.ഡി.യാക്കിമാറ്റിയത്. അത് ഊർജ്ജിതപ്പെടുത്തും. ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കും. ഇതിന്റെ ഭാഗമായി ഇ-മൊബിലിറ്റി നയം കൊണ്ടുവരുന്നതിനുള്ള നടപടിക്ക് അന്തിമരൂപം നൽകും. സി.എൻ.ജി., ഹൈഡ്രജൻ പവർ, ബയോഫ്യൂവൽ എന്നിവയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. സൈക്കിളുകളുടെ രൂപത്തിലുള്ള മോട്ടോറൈസ്ഡല്ലാത്ത ഗതാഗതസംവിധാനം പ്രോത്സാഹിപ്പിക്കും. അതിന്റെ ഭാഗമായി നമ്മുടെ റോഡുകളിൽ, വിവിധ സ്ഥലങ്ങളിൽ കഴിയാവുന്നത്ര സൈക്കിൾ പാതകൾ പ്രത്യേകമായി നിർമ്മിക്കുന്നതിന് ശ്രദ്ധിക്കും. മണ്ണിനും നിലവിലുള്ള പരിസ്ഥിതിക്കും ദോഷം വരുത്താത്ത കൃഷിരീതികൾ കൊണ്ടുവരും. പരിസ്ഥിതിലോല പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ജൈവമാലിന്യത്തിന്റെ സംസ്കരണത്തിലൂടെ ഹരിതഗൃഹ വാതകങ്ങളുടെ വർദ്ധനവ് തടയുന്നതിനും അതോടൊപ്പം ടൂറിസം രംഗത്ത് "കാർബൺ ന്യൂട്രൽ ടൂറിസം" പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കും. പാരിസ്ഥിതിക സംരക്ഷണ പ്രവർത്തനങ്ങളിൽ വന്നുചേർന്നിട്ടുള്ള ദൗർബ്ബല്യങ്ങൾ പരിഹരിക്കുക എന്നതാണ് സർക്കാർ ലക്ഷ്യംവയ്ക്കുന്നത്. സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി നട്ടുപിടിപ്പിച്ചതും നമ്മുടെ പരിസ്ഥിതിക്ക് അനുയോജ്യമല്ലാത്തതുമായ മരങ്ങൾ പിഴുതുമാറ്റുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. അതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരികയാണ്. യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ മരങ്ങൾ ഇതിന്റെ ഭാഗമായി കടന്നുവന്നവയാണ്. ഇവയെ പിഴുതുമാറ്റി ഓരോ പ്രദേശത്തിന്റെയും സവിശേഷതകൾ മനസ്സിലാക്കി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കാനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്. അതോടൊപ്പം വനവൽക്കരണ നടപടികൾ സ്വീകരിക്കുകയാണ്. റോഡിന് ഇരുവശവും മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടി ഊർജ്ജിതമാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിക്കും. ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാർ ഒരു നയം ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അത്തരം നയം രൂപീകരിക്കുന്നതിന്

കാബിനറ്റ് സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് 2019 ഏപ്രിലിലാണ് കേന്ദ്ര ഗവൺമെന്റ് Action Plan on Climate Change റിവിഷനുവേണ്ടി State Action Plan on Climate Change ഗൈഡ്‌ലൈൻസ് പുറത്തിറക്കിയത്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പരിസ്ഥിതി വകുപ്പ് ആവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി പ്രധാന വകുപ്പുകളായ കൃഷി, മൃഗസംരക്ഷണം, വനം, ജൈവവൈവിദ്ധ്യം, ടൂറിസം, ആരോഗ്യം, ജലവിഭവം, തീരദേശം, മത്സ്യവിഭവം തുടങ്ങിയവയുടെ കാലാവസ്ഥാഘാത വിലയിരുത്തൽ നടത്തുകയും ഈ വകുപ്പുകളുമായി ചർച്ച ചെയ്യുകയും ശില്പശാല നടത്തി അത് പൂർത്തീകരിക്കുകയുമാണ്. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് ഇക്കാര്യങ്ങൾ അവതരിപ്പിക്കുമ്പോഴും ഒരു പ്രശ്നം അതിന്റെകൂടെ ഉയർന്നുവന്നിരുന്നു. കേരളം ഒരുതരത്തിലും ഇപ്പോൾ മുന്നോട്ടുപോകരുതെന്ന നിലപാട് അവർ സ്വീകരിക്കുന്നുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. എന്നാൽ, ഇപ്പോൾ പുതിയൊരു പദ്ധതിയും നടപ്പാക്കാനാകരുത് എന്ന നിലപാട് സ്വീകരിക്കുകയാണ്. ഞങ്ങൾ മുൻകാലത്ത് അതിവേഗ റെയിൽ ആലോചിച്ചതാണെങ്കിലും നിങ്ങളിപ്പോൾ ഹൈ സ്പീഡ് റെയിൽ തൊടേണ്ടതില്ലെന്ന് അവസാനഭാഗത്ത് ശ്രീ. പി. സി. വിഷ്ണുനാഥ് പറയാൻ നിർബന്ധിതനായി എന്നാണ് തോന്നുന്നത്. ഇത് അങ്ങേയറ്റം നിർഭാഗ്യകരമായ നിലപാടാണ്. നമ്മുടെ നാടിന്റെ വികസനത്തിന് ആവശ്യമാണെന്ന് കണ്ടതുകൊണ്ടാണ് നേരത്തെ ഈ പദ്ധതിയെക്കുറിച്ച് ആലോചിച്ചതെങ്കിലും തുടർന്ന് നല്ലരീതിയിൽ കൊണ്ടുപോകാൻ യു.ഡി.എഫ്-ന് കഴിഞ്ഞില്ല. ഇന്നത് തുടർന്നുകൊണ്ടുപോകാനുള്ള സാഹചര്യമുണ്ട്. അതുമായി സഹകരിക്കുന്ന നിലപാടാണ് യു.ഡി.എഫ്. സ്വീകരിക്കേണ്ടതെന്നാണ് എനിക്ക് ഈ ഘട്ടത്തിൽ പറയാനുള്ളത്. ഇത്തരം ഒരു നിർഭാഗ്യകരമായ സാഹചര്യം സൃഷ്ടിക്കാൻ പാടില്ലായിരുന്നു. കാലാവസ്ഥാവ്യതിയാന കാര്യത്തിൽ നമുക്ക് ഏകനില സ്വീകരിച്ചുപോകാം. ജനങ്ങളെ നല്ലരീതിയിൽ ബോധവൽക്കരിക്കുന്ന പ്രവർത്തനങ്ങൾ നടത്താം. നമുക്കാവശ്യമായ നടപടി സ്വീകരിക്കാം. അതിനായി രൂപീകരിച്ച വിദഗ്ദ്ധ സമിതികളുടെ റിപ്പോർട്ട് വരും. അന്താരാഷ്ട്ര പ്രശസ്തരായവരെയടക്കം ഉൾപ്പെടുത്തിയുള്ള പ്രത്യേക കോൺക്ലേവ് ഇവിടെ സംഘടിപ്പിക്കുന്ന കാര്യവും ഇതിന്റെ കൂടെത്തന്നെ ആലോചിക്കുകയും ചെയ്യാം. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രമേയാവതാരകനും കാലാവസ്ഥാ വ്യതിയാനം, അതുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവയെ സംബന്ധിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ഇവിടെ പറയുകയുണ്ടായി. സഭാനേതാവുകൂടിയായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു അടിയന്തരപ്രമേയത്തിന്റെ പരിധിയിൽമാത്രംനിന്ന് ചർച്ച ചെയ്യേണ്ടതാണോയെന്ന പ്രശ്നവുമുന്നയിച്ചു. 58, 130 എന്നീ ചട്ടപ്രകാരം സമഗ്രവും വിശദവുമായ ചർച്ചയ്ക്ക് സാദ്ധ്യതയുള്ള വിഷയമാണ്. മറ്റൊരവസരത്തിൽ നമുക്കത് ആലോചിക്കാവുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉന്നയിച്ച കാര്യത്തിന് പ്രസക്തിയുണ്ട്. വേറൊരുതലത്തിൽ സഭാനടപടികൾ നിർത്തിവച്ചോ നിർത്തിവയ്ക്കാതെയോ ചർച്ച ചെയ്യപ്പെടേണ്ട പ്രധാന വിഷയമാണ്. ഈ നിയമസഭാ സമ്മേളനത്തിലെ പരിമിതികൾ മനസ്സിലാക്കി നാലും അഞ്ചും ബില്ലുകൾവരെ ഒരു ദിവസം പാസ്സാക്കുന്നതിന് ഞങ്ങൾ പൂർണ്ണസഹകരണം നല്കുകയുണ്ടായി. അതിനിടയിൽ ഇത്തരമൊരു ചർച്ചയ്ക്ക് സാദ്ധ്യതയില്ലാത്തത് മനസ്സിലാക്കുന്നു. പ്രധാന വിഷയമായി ഇന്നലെ IMD (Indian Meteorological Department) പുറത്തുവിട്ടത് അപകടകരമായ ഒരു മുന്നറിയിപ്പാണ്. അതിൽ ഏറ്റവും അവസാനം പറയുന്നത് "Those residing in hilly areas have been urged to maintain vigil as landslides and flooding are likely to occur in vulnerable spots" എന്നാണ്. ഐ.പി.സി.സി. റിപ്പോർട്ടിന്റെയും NASA-യുടെ വിശകലനത്തിന്റേയും പശ്ചാത്തലത്തിൽ ഗൗരവത്തോടുകൂടി ചർച്ച ചെയ്യുകയും ഹ്രസ്വകാലത്തേയ്ക്കും ദീർഘകാലത്തേയ്ക്കുമുള്ള നടപടി സ്വീകരിക്കുകയും ചെയ്തില്ലെങ്കിൽ ഓരോ ദിവസവുമെന്ന രീതിയിൽ അപകടങ്ങളുണ്ടായിക്കൊണ്ടിരിക്കും. വിഷയത്തിന്റെ ഗൗരവംകൂടി കണക്കിലെടുത്തുകൊണ്ടാണ് റൂൾ 50 പ്രകാരം നോട്ടീസ് കൊടുത്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗ്ലാസ്ഗോ ഉച്ചകോടിയെപ്പറ്റി പറഞ്ഞു. ലോകത്ത് ആദ്യമായി നടന്ന പാരിസ്ഥിതിക ഉച്ചകോടി, 1972-ൽ സ്വീഡന്റെ തലസ്ഥാനമായ സ്റ്റോക്ക്ഹോമിൽ വച്ച് നടന്നതാണ്. അന്നതിൽ പങ്കെടുത്തുകൊണ്ട് ഇന്ദിരാഗാന്ധി നടത്തിയ പ്രസംഗമാണ് പിന്നീട് ഏറ്റവും കൂടുതൽ ലോകശ്രദ്ധയാകർഷിച്ചത്. നിസ്വരായ ജനങ്ങൾക്കും നിശബ്ദയാക്കപ്പെടുന്ന പ്രകൃതിയോടുമൊപ്പം നിൽക്കുന്ന ഒരു പ്രസംഗമായിരുന്നു അത്. അതിന് പ്രകൃതിധ്വംസനവും ദാരിദ്ര്യവും തമ്മിൽ ബന്ധമുണ്ടെന്ന് സ്ഥാപിച്ച വികസ്വര രാജ്യങ്ങളുടെ ശബ്ദമായിരുന്നു. ലോകത്തിന്റെ പ്രയോറിറ്റി മാറ്റിമറിക്കാൻ വേണ്ടിയല്ല ഞങ്ങളിത് പറയുന്നത്. മറിച്ച് ലോകത്ത് ഏറ്റവും ദുരിതമനുഭവിക്കുന്ന ജനങ്ങളുടെ ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാടാണ്, പ്രകൃതി

സംരക്ഷണമെന്ന വാക്കാണ് ഇന്ദിരാ ഗാന്ധി അന്ന് ഉയർത്തിയത്. അത് ഇന്നും നമ്മുടെ മനസ്സിൽ മുഴങ്ങുകയാണ്. അഞ്ച് പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും എത്ര ദീർഘവീക്ഷണത്തോടുകൂടിയാണ് ഇന്ദിരാ ഗാന്ധി അത് പറഞ്ഞത്. ഐ.പി.സി.സി. റിപ്പോർട്ടും NASA-യുടെ വിശകലനവും വന്നപ്പോൾ, ഏറ്റവും അപകടകരമായ മേഖലയായി കേരളവും മാറിയിരിക്കുകയാണ്. ഇന്ത്യയിലെ മൺസൂണിനുപോലും അടിസ്ഥാനപരമായ മാറ്റമുണ്ടാകാൻ പോകുകയാണ്. ഐ.പി.സി.സി. റിപ്പോർട്ടിനുമുമ്പുതന്നെ നമുക്ക് ഇതിന്റെ സൂചന ലഭിച്ചിരുന്നു. 2017 മുതൽ തുടർച്ചയായ അഞ്ചാം വർഷവും കാലാവസ്ഥാ വ്യതിയാനമുണ്ടാക്കുന്ന നിരവധി പ്രശ്നങ്ങൾ നമ്മുടെ സംസ്ഥാനം അഭിമുഖീകരിക്കുകയാണ്. കഴിഞ്ഞ രണ്ടുമൂന്നു വർഷമായി, അറബിക്കടലിലുണ്ടാകുന്ന മാറ്റങ്ങളുടെയെല്ലാം ഇരകളായിത്തീരുന്നത് തീരപ്രദേശത്ത് താമസിക്കുന്ന കേരളീയരാണ്. മേഘസ്ഫോടനവും ചക്രവാതച്ചുഴിയും അതിതീവ്ര മഴയും കടലിലെ ചൂട് കൂടുന്നതുമെല്ലാം അതീവ പാരിസ്ഥിതിക ദുർബ്ബല മേഖലയാക്കി കേരളത്തെ മാറ്റിയെന്നുള്ള യാഥാർത്ഥ്യം നമ്മൾ തിരിച്ചറിയണം. ആദ്യം കാലാവസ്ഥാ വ്യതിയാനത്തെപ്പറ്റി പറഞ്ഞപ്പോൾ, നമ്മുടെ ജനറേഷനിൽ ഇതുണ്ടാകില്ലെന്നാണ് വിചാരിച്ചത്. പക്ഷേ, നമ്മുടെ തലമുറ ജീവിക്കുന്ന ഈ കാലഘട്ടത്തിൽത്തന്നെ അതിന്റെ വ്യക്തമായ സൂചനകളും അടയാളങ്ങളും പ്രശ്നങ്ങളുമെല്ലാം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഐ.പി.സി.സി. റിപ്പോർട്ടിൽ ഗൗരവമായ ചില കണ്ടെത്തലുകളുണ്ട്. NASA അതിനെ വിശകലനം ചെയ്ത് കന്യാകുമാരി മുതൽ ഗുജറാത്തുവരെയുള്ള തീരപ്രദേശങ്ങളിലുണ്ടാകാൻ സാദ്ധ്യതയുള്ള വലിയ മാറ്റങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ഇതിന്റെ ഇരകളെന്ന് പറയുന്നത് ദുർബ്ബല ജനവിഭാഗങ്ങളാണ്. ആദിവാസികളും കർഷകരും മത്സ്യത്തൊഴിലാളികളും അതുപോലെ ചെറിയ തോടരുകിലും പുഴയുടെ അരികിലും ജീവിക്കുന്ന സാധാരണക്കാരായ ജനങ്ങളാണ്, അവരുടെ ജീവിതമാണ് ഓരോ പ്രകൃതിദുരന്തങ്ങളിലും കൂടുതൽ ദുഷ്കരമായിത്തീരുന്നത്. അവരുടെ ജീവനാണ് മണ്ണിനടിയിലായിപ്പോകുന്നത്. ഈ റിപ്പോർട്ടിൽ തീവ്രമേഖലയെന്നാണ് കേരളത്തെ വിശേഷിപ്പിക്കപ്പെടുന്നത്. അറേബ്യൻ സമുദ്രമേഖല തീവ്രമേഖലയായിട്ടാണ് പരാമർശിച്ചിട്ടുള്ളത് തീവ്രമേഖലയെന്നാൽ ആവർത്തിച്ചാവർത്തിച്ച് പ്രകൃതി ദുരന്തങ്ങളുണ്ടാകാൻ സാദ്ധ്യതയുള്ള സ്ഥലമാണെന്നാണ്. പല തരത്തിലുള്ള പ്രകൃതി ദുരന്തങ്ങളുണ്ടാകാം. ഇപ്പോൾ മലയിടിച്ചിൽ ഒരു വശത്തുണ്ട്. കേരളം നേരിടുന്നത് ഗുരുതരമായ മൂന്ന് പ്രശ്നങ്ങളാണ്. ഒന്ന്, പശ്ചിമഘട്ട മലനിരകളിൽ തുടർച്ചയായുണ്ടായിക്കൊണ്ടിരിക്കുന്ന ആയിരക്കണക്കിന് ചെറുതും വലുതുമായ മലയിടിച്ചിലുകൾ, നമ്മുടെ ഇടനാട്ടിൽ ചെറിയൊരളവ് വെള്ളം പൊങ്ങിയാൽ എല്ലാവരുടേയും ജീവിതം ദുരിതത്തിലാഴ്ത്തി, പട്ടണങ്ങളും ഗ്രാമങ്ങളുമെല്ലാം വെള്ളത്തിനടിയിലായിപ്പോകുന്ന ദുരിതപൂർണ്ണമായ പ്രശ്നങ്ങൾ, നമ്മുടെ നദികൾ

കരകവിയുന്നത്, നദികളിൽ മണ്ണും മണലും അടിഞ്ഞതുകാരണം കുറച്ച് വെള്ളം കയറിയാൽ മാത്രം തീരപ്രദേശങ്ങളിൽ ജീവിക്കുന്ന സാധാരണക്കാരുടെ ജീവിതം എത്രയുംപെട്ടെന്ന് ദുരിതപൂർണ്ണമാകുന്നത് എന്നിവയാണത്. അഞ്ചുമിനിട്ട് മഴ നിർത്താതെ പെയ്താൽപ്പോലും വെള്ളം പൊങ്ങുന്ന പല പ്രദേശങ്ങളുമുണ്ട്. അങ്ങനെയുള്ള vulnerable ആയിട്ടുള്ള ധാരാളം സ്പോട്ടുകളുള്ളതാണ് ഇടനാടായിട്ടുള്ള പ്രദേശം. 580 കിലോമീറ്റർ തീരപ്രദേശമുള്ളതിൽ തൊണ്ണൂറ് ശതമാനവും അപകടമേഖലയിലാണ്. കടലാക്രമണം എല്ലാസ്ഥലത്തും വർദ്ധിക്കുകയാണ്. ഓരോ വർഷവും കടൽ കരയിലേയ്ക്ക് കയറിക്കൊണ്ടിരിക്കുകയാണ്. വീട് കാറ്റെടുത്തും കടലെടുത്തും പോയവരുടെ എണ്ണവും വർദ്ധിക്കുകയാണ്. കേരളത്തിൽ കടലാക്രമണത്തിലും പ്രകൃതി ദുരന്തങ്ങളിലുംപെട്ട് ഭവനരഹിതരായിത്തീർന്ന എത്രയോപേർ ക്യാമ്പുകളിൽ താമസിക്കുന്നുണ്ട്. സർക്കാരിന്റെ കയ്യിൽ അതിന്റെ കണക്കുകളുണ്ടായിരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. മത്സ്യത്തൊഴിലാളികളും ആദിവാസികളും ക്യാമ്പുകളിൽ താമസിക്കുന്നുണ്ട്. പ്രകൃതിദുരന്തങ്ങൾക്കിരയായ ധാരാളം ആളുകൾ കഴിഞ്ഞ ആറ് വർഷമായി ക്യാമ്പുകളിൽ താമസിക്കുന്നുണ്ട്. തിരുവനന്തപുരത്ത് നമ്മുടെ മൂക്കിന് താഴെയുള്ള പ്രദേശത്ത്, സ്കൂൾ തുറക്കാൻ പോകുന്നു, നിങ്ങൾ ഇറങ്ങിപ്പോകണമെന്ന് സ്കൂൾ അധികൃതർ ക്യാമ്പുകളിൽ ചെന്ന് പറയുന്നു. എവിടേയ്ക്കാണ് ആ പാവങ്ങൾ ഇറങ്ങിപ്പോകേണ്ടത്? സ്കൂളിൽ കുട്ടികൾക്കിരിക്കാനുള്ള സൗകര്യമൊരുക്കേണ്ടതുണ്ടെന്നാണ് അധികൃതർ പറയുന്നത്. അവർ എങ്ങോട്ട് ഇറങ്ങിപ്പോകണമെന്ന് പറയുന്നില്ല. കഴിഞ്ഞ അഞ്ചാറ് വർഷമായി ധാരാളം ആളുകൾ ക്യാമ്പുകളിൽ താമസിക്കുകയാണ്. അതുകൊണ്ട് അവർക്കുവേണ്ടി അടിയന്തര പുനരധിവാസ പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിക്കണം. ഈ ക്യാമ്പുകളിൽ ഒരാഴ്ചയിൽ കൂടുതൽ എങ്ങനെയാണ് താമസിക്കുന്നത്? ഒന്നുമുതൽ ആറുവർഷം വരെ ക്യാമ്പുകളിൽ താമസിക്കുന്നവർ തിരുവനന്തപുരം ജില്ലയിലുണ്ടെന്ന കാര്യം നമ്മൾ തിരിച്ചറിയണം. ഇതെല്ലാം ഓരോ ദുരന്തങ്ങളുടേയും അനന്തര ഫലമാണ്. പ്രളയംവന്ന് വെള്ളമൊഴുകിപ്പോയാൽ അവിടെ ഒരു കൂരയെങ്കിലും കുത്തിക്കൂട്ടാം. കടലാക്രമണം നടന്ന സ്ഥലങ്ങളിൽ അവർ തിരികെ ചെല്ലുമ്പോൾ അവിടെ കടലാണ് കാണുന്നത്. പൂവാറിലും സെന്റ് ആൻഡ്രൂസ് സ്കൂളിലും വർഷങ്ങളായി ക്യാമ്പുകളിൽ താമസിക്കുന്നവരുണ്ടെന്ന് നമ്മൾ തിരിച്ചറിയണം. വികസന കാഴ്ചപ്പാടുകളെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, സാധാരണ നമ്മൾ വികസന കാഴ്ചപ്പാടുകൾ എങ്ങനെയാണുണ്ടാക്കുന്നത്? സാമൂഹ്യവും സാമ്പത്തികവുമായ കാരണങ്ങളാണ് വികസനത്തിന്റെ കാഴ്ചപ്പാട്. അത് മാറ്റേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങളെക്കൂടി ഗൗരവമായി ഒരു മാനദണ്ഡമാക്കി മാറ്റിക്കൊണ്ടുമാത്രമേ നമുക്ക് വികസന കാഴ്ചപ്പാട് രൂപപ്പെടുത്താൻ കഴിയൂ. അതുകൊണ്ടാണ് സിൽവർ ലൈനിനെക്കുറിച്ച് ഞങ്ങൾ

ഉത്കണ്ഠ പ്രകടിപ്പിച്ചത്. സിൽവർ ലൈൻ നടപ്പിലായാലുണ്ടാകുന്ന പാരിസ്ഥിതിക ആഘാതത്തെക്കുറിച്ചുള്ള പഠനംപോലും സർക്കാർ നടത്തുന്നില്ല. ഞങ്ങൾ ഒരു പദ്ധതിയേയും എതിർക്കുന്നില്ല. അത് ഞങ്ങളുടെ രീതിയല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ചില പ്രശ്നങ്ങളുണ്ടായെന്ന് അങ്ങ് പറഞ്ഞു. ആ പ്രശ്നങ്ങളുണ്ടായപ്പോൾ ഗവൺമെന്റ് ഇടപെട്ട് അവ തിരുത്തുകയാണ് ചെയ്തത്. ചില തീരുമാനങ്ങളെടുക്കുമ്പോൾ ഒരു ഗവൺമെന്റിന് തെറ്റുകൾ വരാം. അവ ചൂണ്ടിക്കാണിച്ചപ്പോൾ അത് തിരുത്തുകയാണ് ചെയ്തത്. സിൽവർ ലൈൻപോലെയുള്ള ഒരു പദ്ധതിക്ക് അങ്ങിപ്പോൾ പറഞ്ഞ വികസന പരിപ്രേക്ഷ്യവുമായി എന്ത് ബന്ധമാണുള്ളത്? പാരിസ്ഥിതികാഘാത പഠനംപോലും നടത്താതെ, മുപ്പത് അടി ഉയരത്തിലുള്ള എംബാങ്ക്മെന്റിലൂടെ മുന്നൂറ് കിലോമീറ്റർ പോകുന്ന കേരളത്തെ കോട്ടയാക്കി മാറ്റുന്ന, അതിന്റെ പാരിസ്ഥിതികാഘാതത്തെപ്പറ്റി, സോഷ്യൽ ഇംപാക്ടിനെപ്പറ്റി, ഇക്കണോമിക് വയബിലിറ്റിയെപ്പറ്റി ഗൗരവമായ ചോദ്യങ്ങൾ ഞങ്ങൾ സഭയിൽ ഉയർത്തിയിട്ടുണ്ട്. ഞങ്ങൾ വിശദമായ പഠനം നടത്തിയിട്ടാണ് ചോദ്യങ്ങൾ ഉന്നയിച്ചത്. യു.ഡി.എഫ്-ലെ വിവിധ കക്ഷികളുമായി ഗൗരവത്തോടെ ചർച്ച ചെയ്തിട്ടാണ് ഞങ്ങൾ ആ വിഷയം അവതരിപ്പിച്ചത്. അതാണ് ശ്രീ. പി. സി. വിഷ്ണുനാഥ് ക്ലൈമറ്റിക് റിപ്പോർട്ടും കാലാവസ്ഥാ വ്യതിയാനവും അപകടകരമായ സാഹചര്യത്തേയും ചേർത്തുവച്ചുകൊണ്ട് സംസാരിച്ചത്. ഞങ്ങൾ ഗവൺമെന്റിനെ കുറ്റപ്പെടുത്തേണ്ട കാര്യങ്ങളിൽ കുറ്റപ്പെടുത്തും. അങ്ങ് മറുപടി പറഞ്ഞപ്പോൾ ശ്രീ. പി. സി. വിഷ്ണുനാഥ് ഉന്നയിച്ച ചില ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞില്ല. Climate change-നെക്കുറിച്ചുള്ള ഒരു സ്റ്റഡി സെന്റർ രൂപീകരിച്ചിട്ടും അവിടെ വിദഗ്ദ്ധരെ നിയമിക്കുന്നില്ല, ഒരു പഠനവും നടക്കുന്നില്ല.

11.00AM}

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അങ്ങ് വീണ്ടും അക്കാര്യം ഉന്നയിച്ചതുകൊണ്ട് പറയുകയാണ്, 2014-ൽ കേരള സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചെയിഞ്ച് തയ്യാറാക്കി നൽകിയ ഡോക്യുമെന്റ് കേന്ദ്രഗവൺമെന്റിന് അയച്ചുകൊടുത്തിട്ടുണ്ട്. ഇതിനിടയ്ക്ക് 2015-ൽ പാരീസ് ഉടമ്പടി നിലവിൽവന്നു. പ്രസ്തുത ഉടമ്പടിയിൽ രൂപംകൊണ്ട ധാരണകളുടെ അടിസ്ഥാനത്തിൽ, നേരത്തെ സംസ്ഥാനങ്ങൾ തയ്യാറാക്കിയ ആക്ഷൻപ്ലാൻ പുതുക്കിനിശ്ചയിക്കണമെന്ന് കേന്ദ്രസർക്കാർ എല്ലാ സംസ്ഥാനങ്ങളെയും അറിയിച്ചിരുന്നു. 2019-ൽ ലഭിച്ച കേന്ദ്ര നിർദ്ദേശാനുസരണമാണ് പുതുക്കൽ ചർച്ചകൾ നടന്നുവരുന്നത്. കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ഇതിനായി ജർമ്മൻ സാങ്കേതികവിദ്യ ലഭ്യമാക്കി, അതാണ് ജി-12 ഇന്ത്യ. 18 സംസ്ഥാനങ്ങളുമായി കേന്ദ്രഗവൺമെന്റ് ഇക്കാര്യത്തിൽ ഉടമ്പടിയുംവച്ചു.

അതിന്റെ തുടർച്ചയായാണ് നേരത്തെ ഇവിടെ സൂചിപ്പിക്കപ്പെട്ട ശിൽപ്പശാലയും ചർച്ചകളും നടക്കുന്നത്. അതിന്റെയെല്ലാം അടിസ്ഥാനത്തിൽ ജർമ്മൻ സഹായം തേടിക്കൊണ്ട് സാങ്കേതികവിദഗ്ദ്ധർ ഇവിടെ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതുസംബന്ധിച്ച പുതുക്കിയ റിപ്പോർട്ട് സർക്കാരിന് ലഭിക്കുമ്പോൾ മാത്രമാണ് മന്ത്രിസഭയ്ക്ക് അക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കാൻ കഴിയുന്നത്. ഇവിടെ ഞാൻ വീണ്ടും പറഞ്ഞത് വ്യക്തത വരുത്താൻവേണ്ടി മാത്രമാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, നേരത്തെയുണ്ടാക്കിയ ആക്ഷൻ പ്ലാൻ 2014-ൽ പുതുക്കിയിരുന്നു. പാരിസ് ഉടമ്പടിയുടെ ഭാഗമായി കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച കേന്ദ്രനയങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടെങ്കിലും 2018-ൽത്തന്നെ സ്റ്റേറ്റ് ആക്ഷൻ പ്ലാനിന്റെ കരട് റിപ്പോർട്ട് തയ്യാറായിക്കഴിഞ്ഞിട്ടുണ്ട്. 2018-ൽ തയ്യാറാക്കിയ കരട് റിപ്പോർട്ടിന്മേൽ മൂന്ന് വർഷം കഴിഞ്ഞിട്ടും ഇത്രമാത്രം പ്രകൃതി ദുരന്തങ്ങൾ കേരളത്തിലുണ്ടായിട്ടും പ്രഥമപരിഗണന കൊടുത്തുകൊണ്ട് അന്തിമ റിപ്പോർട്ട് തയ്യാറാക്കാൻ ഗവൺമെന്റ് ശ്രമിച്ചില്ലെന്നത് ഞങ്ങളുടെ ആരോപണമല്ല, ആക്ഷേപംതന്നെയാണ്. ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ ഉന്നയിച്ചത് ആ ആക്ഷേപമാണ്. Rebuild Kerala Initiative-നെക്കുറിച്ചും അദ്ദേഹം പറഞ്ഞു. പ്രസ്തുത പ്രഖ്യാപനത്തിൽ വലിയ പ്രതീക്ഷകളുണ്ടായിരുന്നു. കാഴ്ചപ്പാടുകളുടെ കുറവും പദ്ധതികളുടെ ഇല്ലായ്മയും ഇച്ഛാശക്തിയുടെ കുറവുകൊണ്ടും Rebuild Kerala Initiative പദ്ധതി നല്ലരീതിയിൽ മുന്നോട്ടുപോകുന്നില്ല. പദ്ധതി നല്ലരീതിയിൽ പോകുന്നുണ്ടെന്ന് നമുക്ക് അവകാശപ്പെടാൻ സാധിക്കുമോ? Rebuild Kerala Initiative-ലെ പ്രധാന ഘടകം ആകേണ്ടിയിരുന്നത് Risk Mitigation പ്രോജക്ടുകളാണ്. വീട് വച്ചുകൊടുക്കുന്നതും ദുരിതാശ്വാസ പ്രവർത്തനങ്ങളും പുനരധിവാസ പ്രവർത്തനങ്ങളും ഇതിന്റെ മറ്റു ഘടകങ്ങളാണെന്നതിൽ ഞാനും യോജിക്കുന്നു. പക്ഷേ, സുപ്രധാന ഘടകമായി വരേണ്ടത് ഞങ്ങളെല്ലാം അന്ന് ഉന്നയിച്ച പ്രശ്നമായ Risk Mitigation മെത്തേഡുകളാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ മുന്നറിയിപ്പ് സംവിധാനം മെച്ചപ്പെടുത്തുക, ഫ്ലഡ് മാപ്പിംഗ് നടത്തുക തുടങ്ങിയ നിരവധി കാര്യങ്ങൾ നേരത്തെ അവതരണത്തിൽ സംസാരിച്ച ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതിനാൽ ഞാൻ ആവർത്തിക്കുന്നില്ല. അത്തരം നിരവധി കാര്യങ്ങൾകൂടി Rebuild Kerala Initiative-ലെ പ്രധാന ഘടകങ്ങളായിരുന്നു, അവയുടെയൊന്നും പ്രവർത്തനം ഇതുവരെ തുടങ്ങിയിട്ടില്ല. കാര്യമായ Risk Mitigation പ്രോജക്ടുകൾ ഒന്നുംതന്നെ ചെയ്തിട്ടില്ല. ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി കാര്യമായ ഒരു സംഭാവനയും ചെയ്തിട്ടില്ല. ഞാൻ ദുരന്തനിവാരണ അതോറിറ്റിയെക്കുറിച്ച് ആവർത്തിച്ച് പറയാൻ

ആഗ്രഹിക്കുന്നില്ല. അതിന്റെ പ്രവർത്തനം സർക്കാർതന്നെ വിലയിരുത്തണം. കേരളത്തിന്റെ ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ചെയ്യേണ്ട എന്തെങ്കിലും ക്രിയേറ്റീവ് സ്റ്റെപ് അവർ എടുത്തിട്ടുണ്ടോയെന്ന് ഗൗരവമായി പരിശോധിക്കണം. ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ നമ്മൾ ഇപ്പോഴും അവലംബിച്ചു കൊണ്ടിരിക്കുന്നത് പഴഞ്ചൻ രീതികളാണ്. കാലാവസ്ഥാമുന്നറിയിപ്പ് സംവിധാനം മെച്ചപ്പെടുത്താനും ദുരന്തനിവാരണ സംവിധാനം കുറേക്കൂടി വേഗത്തിലാക്കാനും പാരിസ്ഥിതിക ഓഡിറ്റിംഗ് നടത്താനും നമുക്ക് കഴിഞ്ഞിട്ടില്ല. പശ്ചിമഘട്ട മലനിരകളിൽ പ്രകൃതിക്കിണങ്ങാത്ത സംഭവങ്ങളൊക്കെ നടക്കുകയാണ്. മലയിടിക്കലും ക്വാറികളുടെ പ്രവർത്തനങ്ങളുമൊക്കെ നടക്കുകയാണ്. 2018-നുശേഷം ഗവൺമെന്റ് ഇരുന്നൂറിലധികം ക്വാറികൾക്ക് ലൈസൻസ് നൽകി. ഇതുസംബന്ധിച്ച ഒരു ഓഡിറ്റിംഗ് എന്തുകൊണ്ടാണ് ഗവൺമെന്റ് നടത്താത്തത്? അവ്യക്തമായ മറുപടികളല്ല നമുക്ക് അക്കാര്യത്തിലാവശ്യം. നാം അപകടകരമായ ഒരു സോണിൽ നിൽക്കുകയാണ്.ഒരുവശത്ത് കർഷകരെ മുന്നിൽനിർത്തിക്കൊണ്ട് അതിനെതിരെയുള്ള നീക്കം നടക്കുകയാണ്. ആത്യന്തികമായി ഇതിന്റെയെല്ലാം ഇരകളായി മാറുന്നത് പാവപ്പെട്ട കർഷകരാണ്. അവരുടെ കൃഷിയിടങ്ങൾ മലയിടിച്ചിലിൽ നഷ്ടമാകുന്നു, അവരുടെ വീട് മലവെള്ളപ്പാച്ചിലിൽ ഒലിച്ചു പോകുന്നു, അവരുടെ മക്കൾ മണ്ണിനടിയിൽപ്പെട്ടുപ്പോകുന്നു. അപകടകരമായ ഒരു സ്ഥിതിവിശേഷമാണ് സംസ്ഥാനത്തുള്ളത്. 2017 മുതൽ 2021 വരെയുള്ള കാലഘട്ടത്തിൽ അവിടെ നടക്കുന്ന ഖനനത്തെ സംബന്ധിച്ച് ഓഡിറ്റിംഗ് നടത്തിയിട്ടില്ലെന്നുമാത്രമല്ല, നേരത്തേ ഏതുതരത്തിലായിരുന്നുവോ അതിനെക്കാൾ വേഗത്തിൽ ക്വാറികൾക്ക് ലൈസൻസ് കൊടുക്കുന്ന വിചിത്ര കാഴ്ചയാണ് കഴിഞ്ഞുപോയ വർഷങ്ങളിൽ നാം കണ്ടത്. നൂറുകണക്കിന് മണ്ണിടിച്ചിലുകൾ ഓരോ വർഷവും റിപ്പോർട്ട് ചെയ്യപ്പെടുകയാണ്. കഴിഞ്ഞ ദിവസം നിയമസഭയിൽ ഈ വിഷയം അവതരിപ്പിച്ചശേഷവും കേരളത്തിൽ പശ്ചിമഘട്ടമലനിരകളിൽ മണ്ണിടിച്ചിലുകളുണ്ടായിയെന്നുള്ള യാഥാർത്ഥ്യം നമ്മൾ അറിയേണ്ടതുണ്ട്. കാലാവസ്ഥാവ്യതിയാനത്തിന്റെ അതിജീവനമെന്നതാകണം നമ്മുടെ ലക്ഷ്യം. നമ്മുടെ പ്രയോരിറ്റിയായി അത് മാറുന്നില്ല. ഏറ്റവും പ്രയാസമനുഭവിക്കുന്ന ജനങ്ങൾ ഇരകളായി മാറുന്ന അപകടകരമായ സാഹചര്യമുണ്ടാക്കുന്ന കാലാവസ്ഥാ വ്യതിയാനവും അതുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രകൃതിദുരന്തങ്ങളും നമ്മുടെ തലയ്ക്കുമീതേ ഡെമോക്ലസിന്റെ വാൾ പോലെ നിൽക്കുകയാണെന്നുള്ളത് യാഥാർത്ഥ്യമാണ്, ഇത് പ്രാഥമിക പരിഗണന കൊടുക്കേണ്ട വിഷയമാണ്. ദൗർഭാഗ്യവശാൽ കഴിഞ്ഞ നാലഞ്ച് വർഷക്കാലമായി ഗൗരവവും

ക്രിയാത്മകവുമായ ഒരു നടപടിയും അതിനുവേണ്ടി സ്വീകരിക്കുന്നില്ലെന്നത് ഞങ്ങൾ ഈ സംസ്ഥാനത്തിന്റേയും സഭയുടേയും സർക്കാരിന്റേയും ശ്രദ്ധയിൽക്കൊണ്ടുവരികയാണ്. അതുകൊണ്ട് ഇതുസംബന്ധിച്ച അടിയന്തര ആക്ഷൻപ്ലാൻ തയ്യാറാക്കി ജനങ്ങളെ രക്ഷിക്കാൻ, അവരുടെ ജീവനും സ്വത്തും പരമാവധി സംരക്ഷിക്കാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ,.....

മി. സ്പീക്കർ: ഇന്ന് വാക്കൗട്ട് ഇല്ലല്ലോ.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അങ്ങനെയല്ല, പുതിയ കാര്യങ്ങളൊന്നും ഞാൻ പറയുന്നില്ല. അടിയന്തരപ്രമേയമായി ചർച്ച ചെയ്യേണ്ട ഒരു വിഷയമല്ല ഇതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, പക്ഷേ, ഇതുസംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ഒരു സമയം കണ്ടെത്തണ്ടേ? നമ്മുടെ ഈ ഗ്രഹത്തിനുവന്ന, കാലാവസ്ഥാവ്യതിയാനത്തിന് കാരണമാകുന്നതിലെ പങ്ക് കുറയ്ക്കുന്നതിന് കേരളം ഒരു സംയമനം പാലിച്ചാൽ സാധിക്കില്ല, പ്രശ്നം തീരുകയുമില്ല. എന്നാൽ ഇതുസംബന്ധിച്ച മാപ്പിംഗ് നടത്തപ്പെട്ടതിൽ ഏറ്റവും റിസ്ക് അനുഭവപ്പെടുന്ന പ്രദേശങ്ങളുടെ പട്ടികയിൽ കേരളവും ഉൾപ്പെട്ടിട്ടുണ്ടെന്നതാണ് ഗൗരവമുള്ള വിഷയം. കാലാവസ്ഥാ വ്യതിയാനത്തിന്റെ അനന്തരഫലങ്ങൾ നേരിട്ടനുഭവിക്കേണ്ട ഉയർന്ന അപകടസാദ്ധ്യതയുള്ള ഒരു സ്ഥലമാണ് ഇന്ന് കേരളം. ആ അവസ്ഥയിൽ ഇതുസംബന്ധിച്ച വിഷയം അടിയന്തരമായി ചർച്ച ചെയ്യണം. ആസൂത്രണം, പദ്ധതികൾ തുടങ്ങിയ കാര്യങ്ങളെല്ലാം ഇതിനനുസരിച്ച് മാറ്റേണ്ടിയിരിക്കുന്നു. പ്രസ്തുത മാപ്പിംഗിൽ 'High risk area'-കൾ ധാരാളമുണ്ട്. അതിലൊന്നാണ് മാലിദ്വീപ് (Maldives) , വെള്ളം പൊങ്ങുന്ന സെന്റീമീറ്റർ കണക്കാക്കി ദ്വീപ് ഇല്ലാതാകുന്നതിന് ഒരു അവധി വച്ചിരിക്കുകയാണ്. അങ്ങനെയുള്ള ഉയർന്ന അപകടസാദ്ധ്യതയുള്ള പ്രദേശങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടും നമ്മുടെ ആസൂത്രണത്തിൽ യാതൊരു വ്യത്യാസവുമില്ലാതെ പഴയപോലെതന്നെ മുന്നോട്ടുപോകുകയാണ്. കാലാവസ്ഥാവ്യതിയാനം സംബന്ധിച്ച മുന്നറിയിപ്പുകൾ ഒരുവശത്തുണ്ടെങ്കിലും നമ്മൾ സൈദ്ധാന്തികമായി ചർച്ചചെയ്തുകൊണ്ടിരിക്കുന്നു, പണ്ടേയ്ക്കുപണ്ടേ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളെല്ലാം അതേരീതിയിൽ തുടർന്നുപോകുന്നു. ഡാമിന്റെയും മലയിടിച്ചിന്റെയും ഇടനാടിന്റെയും കടലോരത്തിന്റെയും പ്രശ്നങ്ങൾ നമുക്കുണ്ട്. നമ്മളെന്താണ് ചെയ്യേണ്ടതെന്നത് വർത്തമാനകാലത്തെ വലിയൊരു പ്രശ്നമെന്ന നിലയ്ക്ക് ആലോചിക്കേണ്ട സന്ദർഭമാണിത്. അതുകൊണ്ട് അടിയന്തരപ്രമേയം അനുവദിക്കാൻ കഴിയുന്നില്ലെങ്കിൽ മറ്റേതെങ്കിലും വിധത്തിൽ ഒരു സമയം നിശ്ചയിച്ച് ഇക്കാര്യം സഭ ചർച്ച ചെയ്യേണ്ടതാണ്.

മി. സ്പീക്കർ: പൊതുവെ കാലാവസ്ഥാവ്യതിയാനത്തിന്റെയും പാരിസ്ഥിതിക പ്രശ്നങ്ങളുടെയും കാര്യത്തിൽ പൊതുവിൽ സഭയ്ക്കാകെ ഒരു വികാരമാണല്ലോ ഉള്ളത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും സംസാരിച്ചു. പ്രധാന വിഷയം സംബന്ധിച്ച് സംസാരിക്കാൻ അംഗങ്ങളെ അനുവദിക്കാറുണ്ട്. അതിന് പ്രത്യേക പദവിയൊന്നും ആവശ്യമില്ല. പൊതുപ്രാധാന്യമുള്ള വിഷയം വന്നാൽ ആർക്കും അഭിപ്രായം പറയാം.

മി. സ്പീക്കർ: നമുക്ക് ഇതിനെക്കുറിച്ച് പ്രത്യേകം ചർച്ച ചെയ്യാമല്ലോ; കീഴ്വഴക്കമനുസരിച്ചല്ല അങ്ങ് ഇപ്പോൾ സംസാരിക്കുന്നത്. നമുക്കിനി തർക്കത്തിലേയ്ക്ക് പോകേണ്ട.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഇത്രയേയുള്ളൂ. കഴിഞ്ഞ ഗവൺമെന്റിന് നേതൃത്വം കൊടുത്ത അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയുണ്ട്. അന്ന് നടന്ന കാര്യങ്ങളാണല്ലോ ഇവിടെ പറഞ്ഞത്. ഞാൻ കൈകാര്യം ചെയ്തിരുന്നതാണ് റെയിൽ പ്രോജക്ട്. യു.ഡി.എഫ്-ന്റെ ഭരണകാലത്ത് ഇത് വേണമോ വേണ്ടയോ എന്ന് പഠനം നടത്തി ഒരു തീരുമാനത്തിലെത്താൻ കഴിയാതെ അവസാനിച്ചതാണ്. ഞങ്ങളാരും റെയിൽ പ്രോജക്ടിന് എതിരല്ല. പക്ഷേ, ഇന്നത്തെ കാലാവസ്ഥയിൽ അത് പരിസ്ഥിതിയെ ബാധിക്കുമോയെന്ന് പരിശോധനാവിധേയമാക്കണം. അതുകൊണ്ടു തന്നെ ഒരുമിച്ച് ചർച്ച ചെയ്യേണ്ട ഒരു വിഷയമാണ്. അതിന് സമയം കണ്ടെത്തണമെന്നതാണ് എന്റെ പോയിന്റ്.

മി. സ്പീക്കർ: 2021 നവംബർ 9-ാം തീയതിയിലെ കാര്യവിവരപ്പട്ടികയിൽ രണ്ടാമതായി ചേർത്തിരുന്ന ശ്രദ്ധ ക്ഷണിക്കൽ നോട്ടീസിന്റെ വിഷയം സംബന്ധിച്ച് വ്യക്തതക്കുറവുണ്ടായതായും അക്കാര്യം പരിശോധിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ചെയർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീ. സനീഷ്കുമാർ

ജോസഫ് ഓൺലൈനായി സമർപ്പിച്ച നോട്ടീസ് ഇപ്രകാരമായിരുന്നു. ചാലക്കുടി പുഴയുടെ തീരത്തുള്ള ജനങ്ങൾ പ്രളയഭീതിയിലാണ്. ആറ് ഡാമുകളിൽ അഞ്ചും നിറഞ്ഞിരിക്കുന്ന അവസ്ഥയിലാണ്. ഒരു മഴപെയ്താൽ ഡാമുകൾ തുറന്നു വിടേണ്ടിവരും. ഇതിൽ നാല് ഡാമുകൾ തമിഴ്നാടിന്റെ നിയന്ത്രണത്തിലാണ്. മുന്നറിയിപ്പില്ലാതെ പറമ്പിക്കുളം ഡാം തുറന്നുവിട്ടതാണ് കഴിഞ്ഞ ദിവസം ചാലക്കുടിയിൽ പ്രളയത്തിന് ഇടയായത്. ദുരന്തനിവാരണ അതോറിറ്റിപോലും ഡാം തുറന്നുവിടുന്ന കാര്യം അറിഞ്ഞില്ല. കേരളത്തിലെ പ്രളയ സാഹചര്യത്തിനനുസരിച്ച് പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിൽ മാറ്റംവരുത്തണം. 2018-ലെ പ്രളയത്തിൽ ബലക്ഷയം സംഭവിച്ച പെരിങ്ങൽക്കുത്ത് ഡാം ബലപ്പെടുത്തണം. പറമ്പിക്കുളം ഡാമിലെ ജലനിരപ്പ് കുറയ്ക്കണം. അസമയത്ത് മുന്നറിയിപ്പില്ലാതെ വെള്ളം തുറന്നുവിട്ട് ജനങ്ങളെ പരിഭ്രാന്തരാക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതിന്റെ ആവശ്യകത, മേൽപ്പറഞ്ഞ നോട്ടീസിൽ ബഹുമാനപ്പെട്ട അംഗത്തിന്റെ ഊന്നൽ സംബന്ധിച്ച് ആശയക്കുഴപ്പമുണ്ടായിട്ടുണ്ട്. അസമയത്ത് മുന്നറിയിപ്പില്ലാതെ വെള്ളം തുറന്നുവിട്ട് ജനങ്ങളെ പരിഭ്രാന്തരാക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതിന്റെ ആവശ്യകത എന്ന അവസാന വാചകമുണ്ടാക്കിയ ആശയക്കുഴപ്പമാണ് കാര്യവിവരപ്പട്ടികയിലും അപ്രകാരം ചേർക്കാൻ ഇടവരുത്തിയത്. ഇതു സംബന്ധിച്ച് ഒരുകാര്യം ബഹുമാന്യരായ അംഗങ്ങളോട് പ്രത്യേകമായി ചെയറിന് സൂചിപ്പിക്കാനുള്ളത്, ചോദ്യങ്ങൾ, അടിയന്തരപ്രമേയം, ശ്രദ്ധ ക്ഷണിക്കൽ, സബ്മിഷൻ തുടങ്ങിയവ സംബന്ധിച്ച നോട്ടീസുകൾ തയ്യാറാക്കുമ്പോൾ ചട്ടം അനുശാസിക്കുന്ന പ്രകാരം ആയിരിക്കേണ്ടതും ഒരു പ്രത്യേക വിഷയത്തിന് ഊന്നൽ നൽകുന്നതും വ്യക്തമായും സംക്ഷിപ്തമായും പ്രതിപാദിക്കേണ്ടതുമാണ്. ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റും ഇക്കാര്യം കൂടുതൽ അവധാനതയോടെ പരിശോധിക്കേണ്ടതാണ്. അപ്രകാരം നോട്ടീസുകൾ നൽകുന്നതും പരിശോധിച്ച് ചേർക്കുന്നതും സഭയുടെ സുഗമമായുള്ള പ്രവർത്തനത്തിന് കൂടുതൽ സഹായകരമായിരിക്കുമെന്നാണ് ചെയറിന് നിരീക്ഷിക്കാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

# IV ശ്രദ്ധ ക്ഷണിക്കൽ

## (1) കുട്ടനാട്ടിലെ ബണ്ട് തകർച്ചയ്ക്ക് ശാശ്വത പരിഹാരം

ശ്രീ. തോമസ് കെ. തോമസ്: സർ, ഏറെ പ്രതീക്ഷയോടുകൂടിയാണ് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. കുട്ടനാട്ടുകാരായ ഞങ്ങൾ നാളുകളായി അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രയാസങ്ങളും ദുരിതങ്ങളും ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ എനിക്ക് ലഭിച്ച അവസരം ഏറ്റവും പ്രയോജനകരമായ രീതിയിൽ ഉപയോഗിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നിരവധി പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന ഒരു പ്രദേശമാണ് കുട്ടനാട്. അപ്പർ കുട്ടനാടും ലോവർ കുട്ടനാടും വെള്ളപ്പൊക്ക ഭീഷണിയുള്ള സ്ഥലങ്ങളാണ്. കുട്ടനാടിന്റെ പ്രശ്നങ്ങളെല്ലാം ബഹുമാന്യരായ മുഖ്യമന്ത്രിയുടേയും റവന്യൂ, ജലവിഭവം, പൊതുമരാമത്ത് വകുപ്പുമന്ത്രിമാരുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ശക്തവും അനുകൂലവുമായ നിലപാടാണ് കഴിഞ്ഞകാലങ്ങളിൽ ഇവരെല്ലാം സ്വീകരിച്ചിട്ടുള്ളത്. അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കംമൂലം വീടുകൾ, കൃഷിസ്ഥലങ്ങൾ, കന്നുകാലികൾ അതുപോലെ മറ്റ് വിളകളൊക്കെ നശിച്ചുപോകുകയും വെള്ളംകയറി വല്ലാത്തൊരു ദുരിതാവസ്ഥയിലുമാകുന്നതുമാണ് ഞങ്ങളെ അലട്ടുന്ന പ്രശ്നം. 98 ശതമാനവും പാവപ്പെട്ടവരാണ് കുട്ടനാട്ടിൽ താമസിക്കുന്നത്. രണ്ട് ശതമാനം മാത്രമെ ഇടത്തരക്കാരുള്ളൂ. ഇത്തരം പ്രശ്നങ്ങൾ തരണംചെയ്യാനുള്ള കഴിവോ സാമ്പത്തികഭദ്രതയോ കുട്ടനാട്ടിലെ ജനങ്ങൾക്കില്ലായെന്നത് സത്യമാണ്. ആദരണീയനായ മുഖ്യമന്ത്രി പ്രഖ്യാപിച്ച രണ്ടാം കുട്ടനാട് പാക്കേജ് നടപ്പിലാക്കാനുള്ള സംവിധാനമൊരുങ്ങുകയാണ്. അതിനാവശ്യമുള്ള ക്രമീകരണം നടത്തണമെന്നതാണ് ഞങ്ങളുടെ ഒന്നാമത്തെ ആവശ്യം. കുട്ടനാട്ടിൽ മടവീഴ്ചയുണ്ടാകുന്നത് വലിയൊരു വിഷയമാണ്. കുട്ടനാട്ടിലെ ബണ്ടുകളൊന്നും ബലമുള്ളതല്ല. ഒന്നാം കുട്ടനാട് പാക്കേജിന്റെ ഫണ്ട് ശരിയായ രീതിയിൽ വിനിയോഗിക്കാൻ കഴിഞ്ഞില്ലെന്നുള്ളതാണ് പ്രധാന വിഷയം. എന്നാൽ, ഇപ്രാവശ്യം ലഭിച്ചിരിക്കുന്ന ഫണ്ട് തക്കസമയത്ത് ഫലപ്രദമായി ഉപയോഗിക്കാനുള്ള സംവിധാനം ഒരുക്കണമെന്നാണ് പറയാനുള്ളത്. തകഴി, വീയപുരം, നെടുമുടി, കൈനകരി എന്നിങ്ങനെ പതിമൂന്ന് വാർഡുകളുണ്ടെങ്കിലും ഒന്നുരണ്ട് വാർഡുകളെങ്കിലും വെള്ളത്തിനടിയിലാണ്. ഇങ്ങനെയുള്ള പ്രദേശങ്ങളിൽ അടിയന്തര സംവിധാനം ഒരുക്കുന്നതിന് ഡിസാസ്റ്റർ മാനേജ്മെന്റിൽ ഉൾപ്പെടുത്തി തുക അനുവദിക്കണമെന്ന് പറഞ്ഞാൽ പലപ്പോഴും സാധിക്കാത്ത ഒരവസ്ഥയുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ ആ പ്രദേശങ്ങളെ രക്ഷിക്കാനും അവർക്കാവശ്യമായ കൈത്താങ്ങ് നൽകാനും കഴിയണമെന്ന കാര്യം ബഹുമാനപ്പെട്ട റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഏകദേശം നാല്പത്

സ്കൂളുകളിലേയ്ക്കെങ്കിലും കടന്നുപോകാൻ കുട്ടികൾക്ക് കഴിയാത്തവിധത്തിലുള്ള വെള്ളക്കെട്ടാണ് അവിടെയുള്ളത്. കുട്ടികൾക്ക് സ്കൂളുകളിൽ പോകാൻ നിർവ്വാഹമില്ല. എല്ലാ സ്ഥലങ്ങളിലും ചാക്ക് നിരത്താനാവശ്യമായ മണ്ണ് ലഭ്യമാക്കാൻ നടപടിയുണ്ടാകണം. അതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകണം. കുട്ടനാടുപോലുള്ള സ്ഥലങ്ങളിൽ അഞ്ചോ പത്തോ ലോഡ് മണ്ണ് ലഭിച്ചിട്ട് യാതൊരു പ്രയോജനവുമില്ല. ഓരോ പഞ്ചായത്തിനുമാവശ്യമായ മണ്ണ് ലഭ്യമാക്കാനുള്ള സംവിധാനമൊരുക്കേണ്ടത് ആവശ്യമാണ്; ബണ്ടുകൾ ശക്തിപ്പെടുത്തേണ്ടതും അത്യാവശ്യമാണ്. പാലങ്ങൾക്ക് ഉയരമില്ല, പ്രത്യേകിച്ച് കെ.സി. പാലം പൊളിച്ചുകളയേണ്ട കാലംകഴിഞ്ഞിരിക്കുകയാണ്. വെള്ളം ഉയർന്നുകഴിഞ്ഞാൽ ആ പ്രദേശത്തേയ്ക്കുള്ള ബോട്ട് യാത്ര സാദ്ധ്യമാകുന്നില്ല. അങ്ങനെയുള്ള നിരവധി പ്രതിസന്ധികളിലൂടെയാണ് ഞങ്ങൾ കടന്നുപോകുന്നത്. ഇതിനെല്ലാം അടിയന്തര പരിഹാരമുണ്ടാകണമെന്നാണ് പറയാനുള്ളത്. കുട്ടനാട്ടുകാരായ ഞങ്ങൾ ചേറിന്റെ മണമുള്ളവരാണ്; ഞങ്ങളുടെ ജീവിതം ചേറിനകത്താണ്; ഞങ്ങളുടെ വരുമാനം കൃഷിയാണ്. ചില ഭവനങ്ങളിലുള്ളവർ വിദേശരാജ്യങ്ങളിൽപ്പോയി കാശുണ്ടാക്കിയതുകൊണ്ട് രക്ഷപ്പെട്ടെന്ന് മാത്രമേയുള്ളൂ. ഞങ്ങളുടെ വരുമാനമാർഗ്ഗം കൃഷിയും മത്സ്യബന്ധനവുമാണ്. എന്റെ ചെറുപ്പകാലങ്ങളിൽ ഞങ്ങൾ പച്ചക്കറിയൊന്നും പണംകൊടുത്ത് വാങ്ങാറില്ല. കുപ്പച്ചീര, കപ്പലങ്ങ, മാങ്ങ എന്നിവകൊണ്ട് ഉപജീവനം കഴിച്ചവരാണ്. ഞങ്ങളുടെ വീടുകളിൽ അന്ന് ധാരാളം കോഴികളുണ്ടായിരുന്നു. ഇന്ന് എല്ലാ സിസ്റ്റവും മാറിയിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെ ശ്രദ്ധയിലുണ്ടാകണം. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ഇന്നിവിടെ വന്നിട്ടില്ല. അദ്ദേഹത്തിന്റെ പിതാവ് ഈ ലോകത്തുനിന്ന് വിടപറഞ്ഞതിന്റെ ദു:ഖത്തിലാണ്. തീർച്ചയായും ആ ഭവനത്തോടുള്ള അനുശോചനം കുട്ടനാട്ടുകാർക്കുവേണ്ടി ഞാൻ അറിയിക്കുകയാണ്. കുട്ടനാട്ടിലെ എല്ലാ പഞ്ചായത്തുകളിലും വാർഡുകളിലുമുള്ളവരെ രക്ഷപ്പെടുത്തുന്നതിനും വെള്ളപ്പൊക്കം തടയുന്നതിനുംവേണ്ടിയുള്ള അടിയന്തര ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം കുട്ടനാടിനെക്കുറിച്ച് വിശദമായി സംസാരിച്ചത്, യഥാർത്ഥത്തിൽ അദ്ദേഹം ഇക്കാര്യത്തിലെടുക്കുന്ന പോസിറ്റീവായിട്ടുള്ള നിലപാടിന്റെകൂടി അടിസ്ഥാനത്തിലാണ്. കുട്ടനാട്ടിലെ ജനങ്ങൾക്കുവേണ്ടി എപ്പോഴും അദ്ദേഹം സംസാരിച്ചുകൊണ്ടിരിക്കുന്നത് ആ മേഖലയിലുള്ളവർക്ക് കൂടുതൽ കാര്യങ്ങൾ ലഭ്യമാകുന്നതിന് സഹായകരമായിരിക്കുമെന്ന് ഞാൻ വിചാരിക്കുന്നു. ബഹുമാനപ്പെട്ട അംഗം എഴുതിത്തന്നതുമാത്രമല്ല, മറ്റു ചില

വിഷയങ്ങൾകൂടി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കുട്ടനാട് രണ്ടാം പാക്കേജ് നടപ്പിലാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ മറ്റെല്ലാ വകുപ്പുകളെയും കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വേഗത വർദ്ധിപ്പിച്ച് ശ്രദ്ധേയമായ ഇടപെടൽ ഈ ഗവൺമെന്റ് നടത്തുമെന്ന് ഞാൻ ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്. കുട്ടനാട്ടിലെ ബണ്ടുകൾ ബലപ്പെടുത്തുന്നതുൾപ്പെടെയുള്ള പ്രശ്നം ഗൗരവമേറിയതാണ്. രണ്ടാം കുട്ടനാട് പാക്കേജിനോടൊപ്പം ചേർത്തുവായിക്കാൻ കഴിയുന്ന വിധത്തിൽ നബാർഡുമായി ബന്ധപ്പെട്ട സ്കീം മൂന്ന് പാടശേഖരങ്ങളെ ബന്ധപ്പെടുത്താവുന്ന വിധത്തിൽ ലഭ്യമായിട്ടുണ്ട്. അതിന്റെ വേഗത വർദ്ധിപ്പിക്കാനാവശ്യമായ ഇടപെടൽകൂടി നടത്തുന്നതാണ്. കുട്ടനാട്ടിലെ ജനങ്ങളുടെ പൊതുസ്ഥിതിയാണ് ഇവിടെ സൂചിപ്പിച്ചത്. നേരത്തെ അടിയന്തരപ്രമേയത്തിൽ ചർച്ച ചെയ്ത ഐ.പി.സി.സി.-യുടെ നാലാമത് റിപ്പോർട്ടിൽ ഏകദേശം മൂവായിരത്തിലേറെ ശാസ്ത്രജ്ഞർ പങ്കെടുത്ത് നടത്തിയ അവലോകനപ്രസംഗത്തിന്റെ ഉപസംഹാരത്തിൽ അവർ പറയുന്നത്, അമേരിക്കയിൽ ഒരു പൗരന്റെ ശരാശരി പ്രതിശീർഷ കാർബൺ എമിഷൻ 27 ടണ്ണാണെന്നാണ്. ലോകത്തിലെ നാന്നൂറ്-അഞ്ഞൂറ് കോടി വരുന്ന ദരിദ്ര ജനവിഭാഗത്തിന്റെ പ്രതിശീർഷ കാർബൺ എമിഷൻ യഥാർത്ഥത്തിൽ ഒന്നര ടൺ മാത്രമേയുള്ളൂ. ഒന്നര ടണ്ണുണ്ടാകുന്ന ഈ പ്രതിശീർഷ കാർബൺ എമിഷൻ 27 ടൺ ആയി വർദ്ധിപ്പിച്ചാൽപ്പിന്നെ ലോകമില്ല, ഭൂമിയുമില്ല. ശ്രീ. സുനിൽ പി. ഇളയിടം ഇതിനെ സംബന്ധിച്ച് രസകരമായി നടത്തിയിട്ടുള്ള കമന്റുണ്ട്. ദാരിദ്ര്യംകൊണ്ടാണ്, അല്ലാതെ സമ്പത്തുകൊണ്ടല്ല യഥാർത്ഥത്തിൽ ഈ ലോകം മുന്നോട്ടുപോകുന്നതെന്നാണ്. അതുകൊണ്ട് കുട്ടനാട്ടുകാരുടെ ദാരിദ്ര്യത്തെച്ചൊല്ലി ഈ ഗവൺമെന്റിന്റെ ശ്രദ്ധയില്ലാത്ത ഒരു നടപടിയും ഉണ്ടാകില്ലെന്ന് ഞാൻ അങ്ങേയ്ക്ക് ഉറപ്പുനൽകുകയാണ്. അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കം കുട്ടനാട് നിവാസികൾക്ക് ഒട്ടനവധി കഷ്ടനഷ്ടങ്ങൾക്കിടയാക്കുന്നുവെന്നും അവരുടെ സാധാരണ ജീവിതത്തെ ഗുരുതരമായി ബാധിക്കുന്നുവെന്നുമുള്ള ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായം ശരിയാണ്. ഭൂമിശാസ്ത്രപരമായ പ്രത്യേകതമൂലം വെള്ളപ്പൊക്കവും പ്രളയവുമെല്ലാം ആദ്യം ബാധിക്കുന്ന മേഖലയാണ് കുട്ടനാട്. അതുകൊണ്ടുതന്നെ കുട്ടനാട് പ്രത്യേക പരിഗണന അർഹിക്കുന്നുണ്ട്. തുടരെത്തുടരെയുണ്ടാകുന്ന മഴയെത്തുടർന്ന് കുട്ടനാടിലെ വിവിധ സ്കൂളുകളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് അപേക്ഷകളുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി നിശ്ചിത അളവ് മണൽ വിതരണം ചെയ്യുന്നതിന് തോട്ടപ്പള്ളി ഹാർബർ എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തി ജില്ലാഭരണകൂടം നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ പാടശേഖരങ്ങളിലെ മടവീഴ്ചയെത്തുടർന്ന് താൽക്കാലിക ബണ്ടുനിർമ്മാണത്തിന്

പാടശേഖരസമിതികളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ മണൽ വിതരണവും നടത്തിവരുന്നുണ്ട്. തോട്ടപ്പള്ളി ഹാർബറിന്റെ സുഗമമായ പ്രവർത്തനത്തിന് പ്രവേശനകവാടത്തിലും ചാനലിലും അടിഞ്ഞുകൂടിയ മണ്ണ് നീക്കംചെയ്യുന്നതിന്റെ ഭാഗമായി മണലിലെ ധാതുക്കൾ നീക്കം ചെയ്ത് തോട്ടപ്പള്ളി ഹാർബറിൽത്തന്നെ സുരക്ഷിതസ്ഥലത്ത് നിക്ഷേപിച്ചുവരുന്നുണ്ട്. ആ മണലാണ് വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും താൽക്കാലികമായി ബണ്ട് നിർമ്മാണത്തിനും ഉപയോഗിച്ചു വരുന്നത്. നിലവിൽ 72 സ്കൂളുകൾക്കും 15 പാടശേഖര സമിതികൾക്കുംകൂടി 435 ലോഡ് ധാതുരഹിതമണൽ ഇപ്രകാരം വിതരണം ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണം, ആഭ്യന്തരം, റവന്യൂ എന്നീ വകുപ്പുകൾക്ക് സംയുക്തമായാണ് മണൽ വിതരണം ചെയ്യുന്നതിനുള്ള ചുമതല നൽകിയിട്ടുള്ളത്. കുട്ടനാട്ടിലെ വെള്ളക്കെട്ട് നീക്കം ചെയ്യുന്നതിനാവശ്യമായ ധാതുരഹിതമണൽ പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിന്റെ കൊല്ലത്തെ യാർഡിലും ലഭ്യമാണ്. വെള്ളപ്പൊക്കത്തെത്തുടർന്ന് ഇതുവരെ തുറക്കാനാകാത്ത സ്കൂളുകളുള്ള കാര്യം അങ്ങ് ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ പ്രത്യേക പരിശോധന നടത്തി ആവശ്യമായ നടപടി സ്വീകരിക്കാൻ ജില്ലാഭരണകൂടത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട ഓറഞ്ച് ബുക്ക് 2021 പ്രകാരം ബണ്ട് സംരക്ഷണാവശ്യത്തിന് തദ്ദേശഭരണ സ്ഥാപനത്തിനും ജലസേചന വകുപ്പിനും കൃഷി വകുപ്പിനും തനത് ഫണ്ട് ലഭ്യമല്ലെങ്കിൽ മണൽ നിറച്ച കയർ ചാക്കുകളോ ജിയോ ട്യൂബുകളോ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് ഒരു പഞ്ചായത്തിന് പരമാവധി 4 ലക്ഷം രൂപവരെ ദുരന്തപ്രതികരണനിധിയിൽനിന്ന് അനുവദിക്കാവുന്നതുമാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാകളക്ടറെത്തന്നെ പങ്കെടുപ്പിച്ചുകൊണ്ട് ഞങ്ങളെല്ലാവരുംകൂടി യോഗം ചേരുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ നിറഞ്ഞുകിടക്കുന്ന പാടശേഖരങ്ങളിലെ വെള്ളം വറ്റിക്കുന്നതിനായി കൂടുതൽ പമ്പുകൾ സ്ഥാപിക്കുന്നതിന് ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ടുപയോഗിക്കേണ്ട കാര്യം പ്രത്യേക പരിഗണനയിൽ വരുന്നതാണ്. അക്കാര്യത്തിൽ അടിയന്തര നടപടിയെടുക്കാമെന്നുകൂടി അങ്ങേയ്ക്ക് ഉറപ്പുനൽകുകയാണ്. കുട്ടനാടിന് ഭൂമിശാസ്ത്രപരമായ ചില പ്രത്യേകതകളുണ്ട്. കേരള ദുരന്തനിവാരണ പ്രവർത്തനങ്ങൾ പ്രാദേശികാടിസ്ഥാനത്തിൽ പ്ലാൻ ചെയ്യുന്ന നിലയിലാണ് ഇപ്പോൾ ദുരന്തനിവാരണ അതോറിറ്റി പ്രവർത്തിക്കുന്നത്. പ്രാദേശികാടിസ്ഥാനത്തിൽത്തന്നെ ദുരന്തനിവാരണ പ്ലാനുകൾ പഞ്ചായത്ത് തലത്തിൽ തയ്യാറാക്കിയ ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്. കുട്ടനാടിന്റെ പ്രശ്നം പ്രത്യേകമായി കണക്കിലെടുത്ത്, ജനജീവിതം സാധാരണ ഗതിയിലാക്കുന്നതിന് ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും പ്രത്യേക ഇടപെടൽ നടത്താമെന്ന് ബഹുമാനപ്പെട്ട അംഗത്തിന് ഉറപ്പുനൽകുകയാണ്. ഇക്കാര്യത്തിൽ പ്രത്യേകം യോഗം ചേർന്ന് സ്കൂളുകൾ തുറക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ആലോചിക്കുന്നതാണ്.

ശ്രീ. തോമസ് കെ. തോമസ്: സർ, കനകാശ്ശേരി-മീനപ്പള്ളി-വലിയഗിരി എന്ന പാടശേഖരം മൂന്നുവർഷമായി വെള്ളംനിറഞ്ഞ് കിടക്കുകയാണ്. അവിടെ വസിക്കുന്നവരുടെ അടുത്തേയ്ക്കുപോകാൻ സത്യത്തിൽ പേടിയാണ്. കഴിഞ്ഞയാഴ്ച ജില്ലാ കളക്ടറുമായിട്ടാണ് ഞാൻ അവിടെ പോയത്. അവരുടെ ജീവിതരീതി കണ്ടപ്പോൾ വളരെയധികം സങ്കടം തോന്നി. നമുക്ക് കരയാനല്ലാതെ മറ്റൊന്നിനും സാധിക്കുകയില്ല. ഇതുപോലെ ദുരിതത്തിലായിട്ടുള്ള ഒരു പ്രദേശം കേരളത്തിൽ കുട്ടനാടല്ലാതെ വേറൊന്നുമില്ല. പിണറായി വിജയൻ ഗവൺമെന്റിനെ വളരെ പ്രതീക്ഷയോടെയാണ് ഞങ്ങൾ നോക്കിക്കാണുന്നത്. ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്ന് ആത്മാർത്ഥമായി അനുഗ്രഹിച്ച് പ്രാർത്ഥിച്ചാൽ അതിനൊരു വ്യത്യാസം വരുമെന്നാണ് ശ്രീ. കെ. രാധാകൃഷ്ണൻ മന്ത്രിയോട് ഞാൻ പറഞ്ഞത്. ഞങ്ങളെയൊന്ന് സഹായിച്ചാൽ തീർച്ചയായും അതിന്റെ അനുഗ്രഹം നിയമസഭയ്ക്കും ഈ ദേശത്തിനുമുണ്ടാകും. അതുകൊണ്ട് ഞങ്ങളുടെ പ്രദേശവാസികളെ സഹായിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. രാജൻ: സർ, തീർച്ചയായും. ഞാൻ നേരത്തെതന്നെ ആ ചോദ്യത്തിന് ഉത്തരം പറഞ്ഞതാണ്. റൂം ഫോർ റിവർ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി കുട്ടനാടിനെ പ്രത്യേകം പരിഗണിച്ചിട്ടുണ്ട്. അങ്ങ് ഉന്നയിച്ച പ്രശ്നം പ്രത്യേകമായി പരിഗണിക്കാവുന്നതാണ്.

## (2) സ്പെഷ്യൽ സ്കൂളുകളും ബഡ്സ് സ്കൂളുകളും തുറക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. കെ. ബഷീർ: സർ, സുപ്രധാനമായ ഒരു വിഷയമാണ് ഞാൻ സഭയുടെയും ബഹുമാനപ്പെട്ട സർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവരുന്നത്. സംസ്ഥാനത്ത് മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പഠനപരിശീലനം നൽകുന്നതിനായി കേരളത്തിൽ ഡിസെബിലിറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഇരുന്നൂറ്റിയെൺപതോളം സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവിടെയെല്ലാംകൂടി ഏകദേശം ഇരുപത്തി അയ്യായിരത്തോളം കുട്ടികളും മൂവായിരത്തോളം അദ്ധ്യാപകരും ആയിരത്തോളം ആയമാരും പ്രവർത്തിച്ചുവരുന്നു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ മുന്നൂറിലധികം ബഡ്സ് സ്കൂളുകളും ഏകദേശം പതിനായിരത്തോളം കുട്ടികളുമുണ്ട്. ഹോസ്റ്റലുകളും സ്കൂളുകളുമൊക്കെ കോവിഡ്കാലമായതിനാൽ അടഞ്ഞുകിടക്കുകയാണ്. ഇപ്പോൾ സ്കൂളുകളെല്ലാം തുറന്നിരിക്കുകയാണ്. സാധാരണ കുട്ടികൾക്കെന്നപോലെ എഴുത്തും

വായനയിലൂടെയുമുള്ള ഒരു വിദ്യാഭ്യാസം ഇവർക്ക് സാദ്ധ്യമല്ല. പരാശ്രയം കൂടാതെ സ്വന്തം കാര്യങ്ങൾ ചെയ്ത് സമൂഹത്തിന്റെ ഭാഗമായി ജീവിക്കുന്നതിനും തൊഴിൽ ചെയ്ത് ഭാഗികമായോ പൂർണ്ണമായോ വരുമാനം സമ്പാദിക്കുന്നതിന് പ്രാപ്തരാക്കുന്നതിനും അതോടൊപ്പം സാദ്ധ്യമായ രീതിയിൽ കഴിയുന്നത്ര കുട്ടികൾക്ക് എഴുത്തും വായനയും അഭ്യസിപ്പിക്കുകയാണ് സ്പെഷ്യൽ സ്കൂളുകളിൽ ചെയ്യുന്നത്. സംസ്ഥാനത്ത് നവംബർ 1 മുതൽ പൊതുവിദ്യാഭ്യാസ മേഖലയിലുള്ള സ്കൂളുകൾ തുറന്നുപ്രവർത്തിക്കാൻ അനുമതി ഉണ്ടായപ്പോഴും തുറന്നു പ്രവർത്തിച്ചപ്പോഴും സ്പെഷ്യൽ സ്കൂളുകളിലും ബഡ്സ് സ്കൂളിലും പോകുന്ന കുട്ടികൾക്ക് അതിനുള്ള സാഹചര്യം ലഭ്യമായിട്ടില്ല. സർക്കാർ ഇതുവരെ ഇക്കാര്യം പരിഗണിച്ചിട്ടില്ലെന്നതാണ് ഖേദകരമായ വസ്തുത. വീടുകൾക്കുള്ളിൽ കഴിഞ്ഞു കൂടേണ്ട അവസ്ഥയിൽ ശാരീരിക-മാനസിക-ആരോഗ്യപരമായ പ്രശ്നങ്ങളും സാമൂഹ്യമായ ഒറ്റപ്പെടലും ഭിന്നശേഷിക്കാരായ കുഞ്ഞുങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. 8-10-2021-ന് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിലെ 12-ാമത്തെ വ്യവസ്ഥ ഭിന്നശേഷിയുള്ള കുട്ടികൾ ആദ്യഘട്ടത്തിൽ സ്കൂളുകളിൽ വരേണ്ടതില്ലെന്നാണ്. ഗവൺമെന്റ്-എയ്ഡഡ് സ്കൂളുകൾ തുറന്നിരിക്കുകയാണ്. ഒരു വീട്ടിൽ രണ്ടോ മൂന്നോ കുട്ടികളുണ്ടാകും. എട്ടാം ക്ലാസ്സിൽ ജ്യേഷ്ഠൻ പഠിക്കുന്നു, ആറാം ക്ലാസ്സിൽ ഭിന്നശേഷിയുള്ള രണ്ടാമത്തെ കുട്ടി പഠിക്കുന്നു. ചിലപ്പോൾ രണ്ടാമത്തെ കുട്ടി 40 ശതമാനം ഹാൻഡികാപ്ഡായിരിക്കും. ആ കുട്ടിക്ക് സ്കൂളിൽ പോകാൻ കഴിയാത്ത സ്ഥിതിയാണ്. ഞാൻ രണ്ടുമൂന്ന് സ്കൂളുകളുടെ മാനേജിംഗ് കമ്മിറ്റി സെക്രട്ടറിയാണ്. ഈ സ്കൂളുകളിലെ കുട്ടികളുടെ രക്ഷിതാക്കൾ പറയുന്നത്, രണ്ടാമത്തെ കുട്ടിക്ക് സ്കൂളിലേയ്ക്ക് പ്രവേശനമില്ലെന്നാണ്. ഒരു മണിക്കൂറെങ്കിലും സ്കൂളിൽ വന്നിരിക്കുന്നതിന് പ്രിൻസിപ്പാളും ഹെഡ്മാസ്റ്ററും സൗകര്യം ചെയ്തുകൊടുക്കണമെന്നാണ് അവർ ആവശ്യപ്പെടുന്നത്. ജ്യേഷ്ഠൻ സ്കൂളിലേയ്ക്ക് ബാഗും കൊണ്ടുപോകുന്നു, മൂന്നാമത്തെ കുട്ടിയും പോകുന്നു. രണ്ടാമത്തെ കുട്ടി വികലാംഗനായതുകൊണ്ട് സ്കൂളിലേയ്ക്ക് പ്രവേശനമില്ല. കോവിഡ് കാലഘട്ടത്തിലുള്ള പ്രയാസങ്ങളും വിഷമങ്ങളും പരിമിതികളും പരിധികളും നമുക്കറിയാം. ഇപ്പോഴത്തെ അനുകൂല സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം പരിഗണിച്ച് ഭിന്നശേഷിക്കാരായ കുട്ടികൾ പഠിക്കുന്ന ബഡ്സ് സ്കൂളുകളും സ്പെഷ്യൽ സ്കൂളുകളും അവരുടെ ഹോസ്റ്റലുകളും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് തുറന്നുപ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും സൗകര്യങ്ങളും അടിയന്തരമായി ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സമൂഹത്തിലെ പ്രധാന പ്രശ്നമാണ് ശ്രീ. പി. കെ. ബഷീർ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുന്നത്. സംസ്ഥാനത്ത് ഏകദേശം 321 സ്പെഷ്യൽ സ്കൂളുകളാണ് പ്രവർത്തിക്കുന്നത്. അതിൽ എൻ.ജി.ഒ. നടത്തുന്ന സ്കൂളുകളും ബഡ്സ് സ്കൂളുകളും ദീൻദയാൽ ഡിസേബിൾഡ് റിഹാബിലിറ്റേഷൻ സ്കീം (ഡി.ഡി.ആർ.എസ്.) ഗ്രാന്റ് ലഭിക്കുന്ന സ്കൂളുകളുമുണ്ട്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ പ്രതിരോധശേഷി കുറവാകാൻ സാദ്ധ്യതയുള്ളതിനാലും വാക്സിനേഷൻ കിട്ടിയിട്ടില്ലാത്തതിനാലും സാമൂഹ്യഅകലം പാലിക്കുക, മാസ്ക് ധരിക്കുക, സാനിറ്റൈസ് ചെയ്യുക എന്നീ പ്രതിരോധ പ്രവർത്തനങ്ങളിൽ ഒട്ടുംതന്നെ വീഴ്ചവരാതെ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. പകുതിയോളം സ്കൂളുകളിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. ആയതിനാൽ ഹോസ്റ്റൽ തുറന്നുപ്രവർത്തിക്കാനുള്ള സാഹചര്യവും ഒരുക്കേണ്ടതായിട്ടുണ്ട്. കോവിഡ് പൂർണ്ണമായും നിയന്ത്രണ വിധേയമാകാത്ത സാഹചര്യം നില നിന്നിരുന്നതിനാലാണ് പകുതി കുട്ടികൾ ഹാജരാകുന്ന തരത്തിൽ സ്കൂളുകൾ തുറന്നുപ്രവർത്തിച്ചത്. ആദ്യഘട്ടം നിരീക്ഷിച്ചശേഷം മാത്രമായിരിക്കും എല്ലാ കുട്ടികളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സാധാരണ രീതിയിലുള്ള പ്രവർത്തനം ആരംഭിക്കുക. ആ ഘട്ടത്തിൽ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവ തുറക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

ശ്രീ. പി. കെ. ബഷീർ: സർ, കോവിഡ് സാഹചര്യം മാറുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഗവൺമെന്റ് സ്കൂളുകളും എയ്ഡഡ് സ്കൂളുകളും തുറന്നിട്ടുണ്ട്. അങ്ങനെയുള്ള സാഹചര്യത്തിൽ നാൽപ്പതുശതമാനം ഹാൻഡികാപ്ഡായിട്ടുള്ള കുട്ടികൾക്ക് സ്കൂളിൽ പോകാനുള്ള സാഹചര്യം ഏർപ്പെടുത്തണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. അതുപോലെ ഞാൻ നേരത്തെ സൂചിപ്പിച്ച മാർഗ്ഗനിർദ്ദേശത്തിലെ പന്ത്രണ്ടാമത്തെ വ്യവസ്ഥ ഭേദഗതി ചെയ്ത് നടപ്പിലാക്കാൻ ശ്രമിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതെല്ലാം വസ്തുതാപരമാണ്. അതിലൊരു തെറ്റും പറയുന്നില്ല. പക്ഷേ, ഇത്തരം കുട്ടികളുടെ പ്രതിരോധശേഷിയുടെ പ്രശ്നങ്ങളുണ്ട്. ഒരു വീട്ടിൽ ഒറ്റയ്ക്കിരിക്കേണ്ടി വരുമ്പോഴുണ്ടാകുന്ന കുട്ടിയുടെ മാനസിക വിഷമങ്ങളും മനസ്സിലാകുന്നുണ്ട്. പക്ഷേ, മാനസിക വെല്ലുവിളി നേരിടുന്ന കുഞ്ഞുങ്ങൾക്ക് രോഗം വന്നാലുള്ള പ്രശ്നങ്ങൾ അതിനേക്കാൾ ഗുരുതരമാണ്. അതുകൊണ്ട് കോവിഡ് പ്രോട്ടോക്കോൾ തീരുമാനിക്കുന്ന വിദഗ്ദ്ധ ഡോക്ടർമാരുടെ നിർദ്ദേശാനുസരണം ഈ പ്രശ്നത്തിന് എങ്ങനെ പരിഹാരം കാണാൻ സാധിക്കുമെന്നത് സംബന്ധിച്ച് ആലോചിക്കാവുന്നതാണ്.

# V അറിയിപ്പ്

## സഭാരേഖകളിലെ തിരുത്ത്

മി. ഡെപ്യൂട്ടി സ്പീക്കർ: 8-11-2021-ന് സഭയിൽ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന് നൽകിയ മറുപടിയിൽ വസ്തുതാപരമായ പിശക് വന്നത് സംബന്ധിച്ച് സഭാരേഖകളിൽ ആവശ്യമായ തിരുത്തലുകൾ വരുത്തണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി 08.11.2021-ന് കത്ത് നൽകിയിരുന്നു. രേഖകളിൽ ആവശ്യമായ തിരുത്തൽ വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

# VI സബ്മിഷൻ

## (1) മുല്ലപ്പെരിയാർ ബേബി ഡാമിലെ സംയുക്ത പരിശോധന

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, മുല്ലപ്പെരിയാർ ബേബി ഡാം ശക്തിപ്പെടുത്തുന്നതിന് തമിഴ്നാട് സ്വീകരിച്ച നടപടിയുടെ ഭാഗമായി അവിടെയുള്ള മരങ്ങൾ മുറിച്ചുമാറ്റാൻ കേരള സർക്കാരിന് വനംവകുപ്പ് ഉത്തരവ് നൽകിയതുമായി ബന്ധപ്പെട്ടാണ് കഴിഞ്ഞ ദിവസം അടിയന്തരപ്രമേയം അവതരിപ്പിച്ചത്. അതിന് മറുപടിയായി ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി പറഞ്ഞത്, ബേബി ഡാം പരിസരത്ത് ഒരു ജോയിന്റ് ഇൻസ്പെക്ഷൻ നടത്തിയിട്ടില്ലെന്നാണ്. വനം വകുപ്പ് അതിൽ പങ്കാളിയല്ല എന്നുള്ള നിലപാടാണ് അദ്ദേഹം നിയമസഭയിൽ സ്വീകരിച്ചത്. നിയമസഭയിൽ പറഞ്ഞതിന് വിരുദ്ധമായ ഒരു കാര്യം അദ്ദേഹം ഇന്നലെ എ.കെ.ജി. സെന്ററിനുമുന്നിൽവച്ച് പത്രസമ്മേളനം നടത്തി പറയുകയുണ്ടായി. അത് തെറ്റാണെന്നുള്ള വാർത്തയും കണ്ടു. ആ വാർത്തയാണോ ഇവിടെ തിരുത്തിയതെന്നുള്ളതും വ്യക്തമല്ല. ഇവിടെ ഒരു കാര്യം പറയുകയും നിയമസഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ എ.കെ.ജി. സെന്ററിനു മുമ്പിൽച്ചെന്ന് വേറൊന്നു പറയുകയും ചെയ്യുന്നത് ശരിയായ നടപടിയല്ലെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. നിയമസഭയുടെ പ്രിവിലേജിനെ സംബന്ധിച്ച് ഇതിനുമുമ്പും നിരവധി സ്പീക്കർമാരുടെ റൂളിംഗുകളുണ്ടായിട്ടുണ്ട്. ഗവൺമെന്റ് ഈ സഭയെയും കേരളത്തിലെ ജനങ്ങളെയും തെറ്റിദ്ധരിപ്പിക്കുകയായിരുന്നുവെന്നത് വ്യക്തമാണ്. എന്നുമുതലാണ് ഈ പരിപാടി തുടങ്ങിയത്? ജൂൺ 11-നാണ് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തിയത്. സെൻട്രൽ വാട്ടർ കമ്മീഷൻ (CWC) ചീഫ് എഞ്ചിനീയറാണ് മേൽനോട്ട സമിതിയുടെ ചെയർമാൻ. കേരളത്തിന്റെയും തമിഴ്നാടിന്റെയും പ്രതിനിധികളുമുണ്ട്. അവർ വ്യക്തമായി പറഞ്ഞിരിക്കുന്നത്, "As decided in the 14th meeting of Supervisory Committee on Mullapperiyar Dam, a joint inspection by the officers from Government of Tamil Nadu

and Forest officers of Kerala, of the area under Periyar Tiger Reserve was carried out on 11-6-2021" എന്നാണ്. ജൂൺ 11-ാം തീയതി തമിഴ്നാട്ടിലെ ഉദ്യോഗസ്ഥരും കേരളത്തിലെ വനം വകുപ്പുദ്യോഗസ്ഥരും ഒരുമിച്ച് ഈ മരങ്ങൾ ഐഡന്റിഫൈ ചെയ്യുന്നതിനുള്ള ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി നടപടി സ്വീകരിക്കണമെന്നാണ് സെൻട്രൽ വാട്ടർ കമ്മീഷൻ ആവശ്യപ്പെട്ടിരിക്കുന്നത്. ഇങ്ങനെ ഒരു സംഭവം നടന്നത് കേരളത്തിലെ മന്ത്രിമാർക്കാർക്കും അറിയില്ല. സൂപ്പർവൈസറി കമ്മിറ്റിയുടെ പതിനാലാമത്തെ യോഗത്തിന്റെ അടിസ്ഥാനത്തിലാണ് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തിയത്. ഈ മേൽനോട്ട സമിതിയിൽ കേരള ഗവൺമെന്റ് അംഗമല്ലേ? കേരള ഗവൺമെന്റിന്റെ പ്രതിനിധിയായി ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പങ്കെടുത്ത യോഗതീരുമാനത്തിന്റെ ഭാഗമായിട്ടാണ് ജൂൺ 11-ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തിയത്. അതിനുശേഷം സെപ്റ്റംബർ 17-ാം തീയതി തമിഴ്നാട് ഗവൺമെന്റും കേരള ഗവൺമെന്റും തമ്മിൽ വീഡിയോ കോൺഫറൻസ് നടത്തി മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള തീരുമാനമെടുക്കുന്നു. നവംബർ 5-ാം തീയതി ചീഫ് വൈൽഡ് ലൈഫ് വാർഡൻ മരങ്ങൾ മുഴുവൻ മുറിച്ചുമാറ്റുന്നതിനുള്ള ഉത്തരവിറക്കുന്നു. എന്നിട്ടും ഞങ്ങളിത് അറിഞ്ഞിട്ടില്ലെന്നും കേട്ടിട്ടില്ലെന്നുമാണ് ബന്ധപ്പെട്ട മന്ത്രിമാർ നിയമസഭയിൽ വന്നുപറയുന്നത്. ഏതോ ഒരുദ്യോഗസ്ഥനാണ് ഉത്തരവിറക്കിയതെന്നും അതുസംബന്ധിച്ച് ചീഫ് സെക്രട്ടറി അന്വേഷിച്ച് കൃത്യമായ നടപടിയെടുക്കുമെന്നും പറയുകയാണ്. കഴിഞ്ഞ ജൂൺ മുതൽ നവംബർ വരെ നടന്ന കാര്യങ്ങളൊന്നും ഇവർ അറിഞ്ഞിട്ടില്ല. മുല്ലപ്പെരിയാർ ബേബി ഡാം ശക്തിപ്പെടുത്താനുള്ള തമിഴ്നാടിന്റെ നീക്കവുമായി ബന്ധപ്പെട്ട ഒരുകാര്യവും സംസ്ഥാന സർക്കാർ അറിഞ്ഞിട്ടില്ല. ഏതോ ഉദ്യോഗസ്ഥൻ ഒരു സുപ്രഭാതത്തിൽ ഉത്തരവിറക്കിയതാണെന്ന രീതിയിൽ ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി നിയമസഭയിൽ മറുപടി പറഞ്ഞതിലൂടെ നിയമസഭയെ അവഹേളിക്കുകയും തെറ്റിദ്ധരിപ്പിക്കുകയും കേരളത്തിലെ ജനങ്ങളെ കബളിപ്പിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ഇക്കാര്യം ഗൗരവത്തോടുകൂടി ചർച്ച ചെയ്യണം. കാരണം, കേരളത്തിന്റെ കേസ് സുപ്രീംകോടതിയിൽ ഇല്ലാതാകാൻ പോവുകയാണ്. തമിഴ്നാടിന് ക്ലിയർ കേസുണ്ട്. ഇന്ററിം ഓർഡറിൽ ജലനിരപ്പ് 142 അടിയാക്കി ഉയർത്തണമെന്നാണ് പറഞ്ഞിരിക്കുന്നത്. ഫൈനൽ ഓർഡർ വരുന്നതിനുമുമ്പായി ഞങ്ങൾ ബേബി ഡാമും എർത്തൻ ബണ്ടും ശക്തിപ്പെടുത്തിയാൽ 152 അടിയാക്കി ഞങ്ങൾക്ക് ജലനിരപ്പ് ഉയർത്തിത്തരാനുള്ള ഓർഡർ പുറപ്പെടുവിക്കണമെന്നാണ് തമിഴ്നാട് ആവശ്യപ്പെടുന്നത്. സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവിലൂടെ 142 അടിയാക്കി ഉയർത്തിക്കൊടുക്കും. ബേബി ഡാമും എർത്തൻ ബണ്ടും ശക്തിപ്പെടുത്തി തമിഴ്നാട് ഗവൺമെന്റ് റിപ്പോർട്ട് ചെയ്താൽ ജലനിരപ്പ് 152 അടിയാക്കി ഉയർത്തിക്കൊടുക്കും. പിന്നെ

എവിടെയാണ് കേരളത്തിന്റെ കേസ് നിലനിൽക്കുന്നത്, എവിടെയാണ് പുതിയ ഡാം നമ്മൾ പണിയാൻ പോകുന്നത്? പുതിയ ഡാം നിർമ്മിക്കണം, നമുക്ക് സുരക്ഷ വേണം എന്ന കേരളത്തിന്റെ കേസ് മുഴുവൻ ആവിയായിപ്പോകുന്ന നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ഗവൺമെന്റ് സുപ്രീംകോടതിയിൽ പറഞ്ഞത് നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്നാണ്. വൈൽഡ് ലൈഫ് സാങ്ച്വറിയിൽ മരം മുറിച്ചുമാറ്റുന്നതിനുള്ള നടപടികളുണ്ട്. ആ നടപടി സ്റ്റേറ്റ് വൈൽഡ് ലൈഫ് ബോർഡും നാഷണൽ വൈൽഡ് ലൈഫ് ബോർഡും യോഗംകൂടി തീരുമാനമെടുത്ത് കേന്ദ്ര ഗവൺമെന്റിനെയും സുപ്രീംകോടതിയെയും അറിയിച്ച് അംഗീകാരം വാങ്ങിയാൽ മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും അതുകൊണ്ടാണ് ഞങ്ങൾ ഉത്തരവ് കൊടുക്കാത്തതെന്ന് സുപ്രീംകോടതിയെ ബോധിപ്പിക്കുകയും അതിന് വിപരീതമായി ഈ നടപടിക്രമങ്ങളൊന്നുമില്ലാതെ സർക്കാർ ഉത്തരവിറക്കുകയുമാണ് ചെയ്തിരിക്കുന്നത്. ഗൗരവമായ ഈ വിഷയം നിയമസഭയിൽ ഉന്നയിച്ചിട്ടും ഉത്തരവ് റദ്ദാക്കാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. അത് മാറ്റിവച്ചിരിക്കുകയാണ്. നമ്മുടെ കേസുതന്നെ സുപ്രീംകോടതിയിൽ ഇല്ലാതാകാൻ പോകുന്ന, നമ്മുടെ സുരക്ഷയെ സംബന്ധിച്ച ഗൗരവമായ പ്രശ്നത്തിൽ ഈ നിയമസഭയും ഇവിടത്തെ ജനങ്ങളും എല്ലാവരും ഒരുമിച്ച് തീരുമാനിച്ച പുതിയ ഡാം പണിയണമെന്നുള്ള കേരളത്തിന്റെ ആവശ്യംതന്നെ ഇല്ലാതാക്കുന്ന നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അടിയന്തരമായി ഈ ഉത്തരവ് റദ്ദാക്കുകയും വനം-വന്യജീവി വകുപ്പുമന്ത്രി അടക്കമുള്ള ഉത്തരവാദികളായവർ ഇതിന് കേരളത്തിലെ ജനങ്ങളോട് സമാധാനം പറയണമെന്നും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്..... പ്ലീസ്..... (ബഹളം.....) ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സബ്മിഷൻ ഉന്നയിച്ചു. അതിന് ജലവിഭവ വകുപ്പുമന്ത്രിയാണ് മറുപടി പറയേണ്ടത്. അദ്ദേഹത്തിനുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി മറുപടി പറയട്ടെ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സബ്മിഷൻ ഉന്നയിച്ചുകഴിഞ്ഞാൽ അതിന് മറുപടി പറയണ്ടേ?

ജലവിഭവ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം വൈദ്യുതി വകുപ്പുമന്ത്രി (<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>): സർ, ചുമതലപ്പെടുത്തിയതുകൊണ്ടാണ് ഞാൻ മറുപടി പറയുന്നത്. പുതിയ ഡാം നിർമ്മിക്കുന്നതിന് കേരളത്തിന്റെയും തമിഴ്നാടിന്റെയും അനുവാദം ആവശ്യമാണെന്ന് 2014-ൽ സുപ്രീംകോടതി ഉത്തരവിട്ടിരുന്നു. ഇതിനുശേഷം 2017-ൽ തമിഴ്നാട് ഫയൽ ചെയ്ത എക്സിക്യൂഷൻ പെറ്റീഷനിൽ ബേബി ഡാം ബലപ്പെടുത്തുന്നതിന് ഇരുപത്തിമൂന്ന് മരങ്ങൾ മുറിക്കാൻ

ആവശ്യപ്പെട്ടിരുന്നു. ഇതിനുപകരമായി കേരളം നൽകിയ സത്യവാങ്മൂലത്തിൽ പ്രസ്തുത മരങ്ങൾ സ്ഥിതിചെയ്യുന്നത് പെരിയാർ ടൈഗർ റിസർവ്വിലായതുകൊണ്ട് ഇതിനുവേണ്ടി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ തമിഴ്നാട് പാലിക്കേണ്ടതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. അതിനുശേഷം ഫെബ്രുവരി 2021-ൽ മുല്ലപ്പെരിയാർ സൂപ്പർവൈസറി കമ്മിറ്റി യോഗം കൂടുകയും കേരള വനം വകുപ്പും തമിഴ്നാട് ഉദ്യോഗസ്ഥരും ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതാണെന്നും ഇതിനായി ആവശ്യമെങ്കിൽ കേരള ജലവിഭവ വകുപ്പ് ഒരുക്കങ്ങൾ ചെയ്യേണ്ടതാണെന്നും തീരുമാനിച്ചിരുന്നു. 17-9-2021-ൽ ചേർന്ന അന്തർസംസ്ഥാന ഉന്നതതല യോഗത്തിൽ ഇരുപത്തിമൂന്ന് മരങ്ങൾക്കുപകരം പതിനഞ്ച് മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകണമെന്ന് തമിഴ്നാട് ആവശ്യപ്പെടുകയും പ്രസ്തുത ആവശ്യം കേരള വനം വകുപ്പിന്റെ പരിശോധനയിലാണെന്ന് രേഖപ്പെടുത്തുകയുമുണ്ടായി. 'പരിവേഷ്' എന്ന വനം വകുപ്പിന്റെ അനുമതി നൽകുന്ന ഓൺലൈൻ വെബ്സൈറ്റിൽ തമിഴ്നാട് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലും 30-10-2021-ലെ പെരിയാർ ടൈഗർ റിസർവ് ഈസ്റ്റ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിലുമാണ് 5-11-2021-ൽ വനം ചീഫ് കൺസർവേറ്റർ പതിനഞ്ച് മരങ്ങൾ മുറിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുള്ളതെന്നാണ് മനസ്സിലാക്കുന്നത്. 3-9-2021-ൽ സൂപ്പർവൈസറി കമ്മിറ്റി ചെയർമാൻ സംസ്ഥാന ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച കത്തിൽ 11-6-2021-ൽ സൂപ്പർവൈസറി കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം കേരള വനം വകുപ്പുദ്യോഗസ്ഥരും തമിഴ്നാട് ഉദ്യോഗസ്ഥരും സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെന്നും പതിനഞ്ച് മരങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്നും അറിയിച്ചു. കൂടാതെ, ഈ മരങ്ങൾ മുറിക്കുന്നതിനുള്ള അപേക്ഷ ഓൺലൈനായി കേരള വനം വകുപ്പിന് നൽകിയിട്ടുണ്ടെന്നും അറിയിച്ചു. മേൽസാഹചര്യത്തിൽ വനം വകുപ്പിൽനിന്നും ഈ മരങ്ങൾ മുറിക്കുന്നതിനുള്ള അനുവാദം വേഗത്തിലാക്കണമെന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ. 2021 നവംബർ 8-ന് കേന്ദ്ര ജലവിഭവ മന്ത്രാലയം ജോയിന്റ് സെക്രട്ടറി, സംസ്ഥാന ജലവിഭവ വകുപ്പ് അഡീഷണൽ സെക്രട്ടറിക്കയച്ച കത്തിൽ ബേബി ഡാം, എർത്തൻ ഡാം എന്നിവയുടെ ബലപ്പെടുത്തൽ നടപടികൾ, ഗാട്ട് റോഡിന്റെ റിപ്പയർ എന്നിവ നടത്തുന്നതിന് അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ ഡാമിന്റെ സുരക്ഷയ്ക്ക് അത്യാവശ്യമാണെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ വനം വകുപ്പ് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ തനിക്ക് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് 5-11-2021-ൽ മരംമുറിക്കൽ അനുമതി നൽകിക്കൊണ്ടുള്ള നടപടിക്രമം

പുറപ്പെടുവിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കുന്നു. ആയത് കൂടുതൽ പരിശോധന ആവശ്യമുള്ളതിനാൽ പ്രസ്തുത ഉത്തരവ് മരവിപ്പിച്ചുകൊണ്ട് സംസ്ഥാന വനം വകുപ്പ് സെക്രട്ടറി ഉത്തരവിറക്കിയിട്ടുണ്ട്. ഇതാണ് വസ്തുത.

ശ്രീ. വി. ഡി. സതീശൻ: സർ, കഴിഞ്ഞ ദിവസം വനം-വന്യജീവി വകുപ്പുമന്ത്രി ഈ സഭയിൽ അടിയന്തരപ്രമേയത്തിന് മറുപടി പറഞ്ഞതിന് വിപരീതമായിട്ടാണ് ഇന്ന് ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി സംസാരിച്ചത്. ഞങ്ങൾ ഇന്ന് പറഞ്ഞ കാര്യങ്ങളെല്ലാം ശരിവച്ചിരിക്കുകയാണ്. അന്ന് ഇതൊന്നും പറഞ്ഞിരുന്നില്ല. അന്ന് ഇതിനെക്കുറിച്ച് സർക്കാരിന് ഒരറിവുമില്ലെന്നും മരം മുറിക്കാനുള്ള തീരുമാനം ശരിയല്ലെന്നും ഇവിടെ മരം മുറിക്കാൻ അനുവദിക്കുന്ന പ്രശ്നമില്ലെന്നുമാണ് പറഞ്ഞത്. ജോയിന്റ് ഇൻസ്പെക്ഷൻ നടത്തിയത് മാത്രമാണ് തിരുത്തിയിരിക്കുന്നത്. ....(ബഹളം)....

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ...... (മൈക്ക് ഓഫ്) .....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അതിനെക്കുറിച്ച് പറയണോ. ബഹുമാനപ്പെട്ട മന്ത്രിക്ക് ഈ സഭയുടെ കീഴ്വഴക്കങ്ങളെക്കുറിച്ച് അറിയാത്തതുകൊണ്ടാണ്. ഞാൻ അങ്ങയെ കുറ്റപ്പെടുത്തുന്നില്ല. സഭയിലെ പ്രതിപക്ഷനേതാവ് എന്ന എന്റെ അവകാശത്തിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അനുവദിച്ചതിൻപ്രകാരമാണ് ഞാൻ സംസാരിക്കുന്നത്. അതിൽ ഇടപെടാൻ അങ്ങേയ്ക്ക് അവകാശമില്ല. You please sit down, I am on my legs. You don't have any right to interfere.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, അങ്ങ് പറയൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഒരേ വിഷയത്തിൽ രണ്ട് മന്ത്രിമാർ മറുപടി പറയുമ്പോൾ അടിയന്തരപ്രമേയത്തിന് ഒരു മറുപടി, സബ്മിഷന് വേറൊരു മറുപടി എന്ന രീതിയിലാണ് വന്നിരിക്കുന്നത്. ഇതിൽനിന്ന് ഒരു കാര്യം വ്യക്തമാണ്. മരം മുറിക്കാനും ബേബി ഡാം ശക്തിപ്പെടുത്താനും തമിഴ്നാടിന് അനുമതി നൽകിയത് ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി അറിഞ്ഞുകൊണ്ടുതന്നെയാണ്. അക്കാര്യം ഇപ്പോൾ പുറത്തുവന്നിരിക്കുകയാണ്. സംസ്ഥാനത്തിന്റെ താല്പര്യത്തിന് വിരുദ്ധമായ തീരുമാനമെടുത്തതിൽ അതിശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞാനും യു.ഡി.എഫ്. അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(മന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരികെ പ്രവേശിക്കുകയും ചെയ്തു.)

## (2) സാമൂഹ്യ-സാമ്പത്തിക വിവരശേഖരണ സർവ്വേ

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുന്നാക്ക വിഭാഗങ്ങൾക്കായുള്ള കമ്മീഷന്റെ നേതൃത്വത്തിൽ മുന്നാക്ക വിഭാഗങ്ങൾക്കായി നടത്താനുദ്ദേശിക്കുന്ന സാമൂഹ്യ-സാമ്പത്തിക വിവരശേഖരണ സർവ്വേ ആരംഭിക്കുകയാണ്. ജസ്റ്റിസ് എ. വി. രാമകൃഷ്ണപിള്ള ചെയർമാനായി രൂപീകരിച്ച കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ജസ്റ്റിസ് എം. ആർ. ഹരിഹരൻ നായർ ചെയർമാനായുള്ള കമ്മീഷന്റെ നേതൃത്വത്തിൽ സംസ്ഥാനതലത്തിലും മേഖലാതലത്തിലും ഇതുസംബന്ധിച്ച യോഗങ്ങൾ ചേർന്നുകഴിഞ്ഞു. മുന്നാക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ പ്രശ്നങ്ങൾ പഠിക്കുകയും അപഗ്രഥിക്കുകയും ചെയ്യുന്നതിനായി വിപുലമായ വിവരശേഖരണം നടത്തേണ്ടത് അനിവാര്യമാണ്. അതിന് മുൻകയ്യെടുത്ത സംസ്ഥാന സർക്കാരിനെ അഭിനന്ദിക്കുകയാണ്. സംസ്ഥാനത്തെ ഇരുപതിനായിരത്തോളം വരുന്ന തദ്ദേശഭരണ വാർഡുകളിലെ ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്ന സാമ്പത്തിക പിന്നാക്കക്കാരായ അഞ്ചുവീതം കുടുംബങ്ങളിൽ മൊബൈൽ ആപ്പ് ഉപയോഗിച്ച് വിവരശേഖരണം നടത്തുന്ന സർവ്വേ പ്രക്രിയയാണ് ഇപ്പോൾ കമ്മീഷൻ ഉദ്ദേശിക്കുന്നത്. ഈ അഞ്ച് കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾതന്നെ ഏറെ വൈഷമ്യമുള്ളതാണ്. മാത്രമല്ല, അത് ഭാവിയിൽ ഏറെ പരാതികൾക്ക് ഇടനൽകാനും സാദ്ധ്യതയുണ്ട്. പ്രസ്തുത അഞ്ച് കുടുംബങ്ങളിലായി മാത്രം സർവ്വേ നടത്തുന്നത് സാമ്പത്തിക പിന്നാക്കം സംബന്ധിച്ച യഥാർത്ഥ ചിത്രം ലഭിക്കുവാൻ സഹായിക്കില്ലെന്ന പരാതി വിവിധ സംഘടനകളുടെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. സെൻസസ് എടുക്കുന്ന മാതൃകയിൽ യോഗ്യരായ ഉദ്യോഗസ്ഥരെക്കൊണ്ട് സർവ്വേ നടത്തണമെന്നാണ് ഇപ്പോൾ ആവശ്യപ്പെടുന്നത്. വിശദമായ സർവ്വേയിലൂടെ മാത്രമേ പൂർണ്ണവും സമഗ്രവുമായ വിവരം ലഭ്യമാകുകയുള്ളൂ. ഇപ്പോൾ നടത്താനുദ്ദേശിക്കുന്ന റാൻഡം സാമ്പ്ലിംഗ് ഏകദേശ ചിത്രത്തിനപ്പുറത്ത് ഭാവിയിൽ ഈ വിഭാഗത്തിന് ആവശ്യമായ പദ്ധതികൾ രൂപീകരിക്കുന്നതിന് ഉപയുക്തമാകുകയില്ലെന്ന ആശങ്ക നിലവിലുണ്ട്. ഈ സാഹചര്യത്തിൽ ഒരു വാർഡിലെ അഞ്ച് വീടുകൾ സർവ്വേ ചെയ്യുന്ന മാനദണ്ഡത്തിനുപകരം മുന്നാക്ക വിഭാഗത്തിലുൾപ്പെടുന്ന മുഴവൻ കുടുംബങ്ങളെയുമുൾപ്പെടുത്തി സമഗ്ര സർവ്വേ നടത്താൻ ബന്ധപ്പെട്ട കമ്മീഷന് നിർദ്ദേശം നൽകണമെന്ന് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും സംസ്ഥാന ഗവൺമെന്റിനോടും ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പഠിച്ച് ഗവേഷണം, വിശകലനം എന്നിവ നടത്തിയശേഷം അവർക്കായുള്ള ക്ഷേമകാര്യങ്ങൾ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുക എന്നതാണ് സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം

നിൽക്കുന്നവർക്കായുള്ള കമ്മീഷനിൽ നിക്ഷിപ്തമായ ചുമതല. ഇതിനായി വിപുലമായ വിവരശേഖരണം അനിവാര്യമായതിനാലാണ് പഠനാവശ്യത്തിനുതകുന്ന സാമ്പിൾ സർവ്വേ നടത്താൻ കമ്മീഷൻ ശിപാർശ ചെയ്തത്. സംസ്ഥാനത്തെ ഇരുപതിനായിരത്തോളം വരുന്ന തദ്ദേശഭരണ വാർഡുകളിലെ ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്ന അഞ്ചുവീതം കുടുംബങ്ങളിൽനിന്നും വിവരശേഖരണം നടത്താനാണ് കമ്മീഷൻ ശിപാർശ ചെയ്തിരിക്കുന്നത്. കമ്മീഷന്റെ ആവശ്യപ്രകാരമാണ് സർക്കാർ ഇതിന് ഭരണാനുമതി നൽകിയിട്ടുള്ളത്. ഏതെങ്കിലും ക്ഷേമപദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുക എന്നതല്ല സർവ്വേയുടെ ലക്ഷ്യം. ഈ വിഭാഗങ്ങൾ അഭിമുഖീകരിക്കുന്ന സാമൂഹ്യ-സാമ്പത്തിക പ്രശ്നങ്ങൾ പഠിക്കുന്നതിനാണ് സർവ്വേ നടത്തുന്നത്. ചുരുങ്ങിയത് ഒരു ലക്ഷത്തോളം കുടുംബങ്ങളുടെ വിവരങ്ങൾ സർവ്വേയിലൂടെ ശേഖരിക്കും. സാമ്പത്തികമായി ഏറ്റവും പിന്നാക്കം നിൽക്കുന്ന വിഭാഗക്കാരുടെ പ്രശ്നങ്ങൾ എല്ലായിടത്തും ഒരുപോലെ ആയതിനാൽ പഠനാവശ്യത്തിനുള്ള വിവരങ്ങൾക്ക് സാമ്പിൾ സർവ്വേ പര്യാപ്തമാകുമെന്നാണ് കമ്മീഷൻ വിലയിരുത്തിയിട്ടുള്ളത്.

### (3) സിനിമാ ഷൂട്ടിംഗ് തടസ്സപ്പെടുത്തൽ

ശ്രീ. എം. മുകേഷ്: സർ, കഴിഞ്ഞ ദിവസങ്ങളിൽ ഇന്ധനവില വർദ്ധനവിനെതിരെ നടന്ന സമരത്തെത്തുടർന്നുണ്ടായ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ മലയാള സിനിമാരംഗത്തെ തൊഴിലന്തരീക്ഷം കലുഷിതമാക്കാനും ഷൂട്ടിംഗ് തടസ്സപ്പെടുത്താനും നടത്തുന്ന നീക്കങ്ങൾക്കെതിരെ സർക്കാർ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കാനാണ് ഞാനിത് അവതരിപ്പിക്കുന്നത്. ജനാധിപത്യപരമായി പ്രതിഷേധിക്കുന്നതിനോ സമരം ചെയ്യുന്നതിനോ നമ്മളാരും എതിരല്ല. എന്നാൽ, കുറച്ചുകാലമായി കലാകാരന്മാരെ തേടിപ്പിടിച്ച് തേജോവധം ചെയ്യുന്ന ഒരു പ്രവണത വർദ്ധിച്ചുവരികയാണ്. ജ്ഞാനപീഠം അവാർഡ് നേടിയ ശ്രീ. എം. ടി. വാസുദേവൻ നായർ, ദാദാ സാഹിബ് ഫാൽക്കെ അവാർഡ് നേടിയ ശ്രീ. അടൂർ ഗോപാലകൃഷ്ണൻ, എന്റെ നാട്ടുകാരനായ കവി ശ്രീ. കുരീപ്പുഴ ശ്രീകുമാർ അങ്ങനെ നീണ്ടുപോകുന്ന വലിയ ലിസ്റ്റ് അവസാനം ചെന്നെത്തിനിൽക്കുന്നത് സിനിമാ നടൻ ശ്രീ. ജോജു ജോർജ്ജിലാണ്. അദ്ദേഹം ആദ്യംതന്നെ പറഞ്ഞത് 'ഞാൻ ഒരു രാഷ്ട്രീയ പാർട്ടിയിലും അംഗമല്ല, ഞാൻ പ്രതികരിക്കുന്നതും അഭിപ്രായം പറയുന്നതും ഒരു പൗരൻ എന്ന നിലയിലാണ്, ആ അവകാശം വച്ചുകൊണ്ടാണെന്നാണ്. എനിക്കുവേണ്ടി മാത്രമല്ല കീമോതെറാപ്പിക്ക് പോകുന്ന ഒരു കാൻസർ രോഗിക്കുവേണ്ടിയാണ് എന്നാണ്. ന്യായമായും അദ്ദേഹം ഒരു സിനിമാ നടനായതുകൊണ്ട് അതിലൊരു മാധ്യമ ശ്രദ്ധവന്നു. അതിൽ ഹാലിളകിയ കുറേയാൾക്കാർ അവിടെനിന്നും 'അവൻ മദ്യപാനിയാണ് എന്ന് വിളിച്ചുപറഞ്ഞു. മദ്യം കഴിച്ചിട്ടില്ലെന്ന് തെളിഞ്ഞപ്പോൾ അത് മാറ്റി എന്നാൽ മയക്കുമരുന്നിന് അടിമയാണ്, തറ ഗുണ്ടയാണ്, ഇവൻ സ്ത്രീകളോട് മോശമായി പെരുമാറുന്നു,

സ്ത്രീലമ്പടനാണ് എന്നുപറഞ്ഞ് കാർ അടിച്ചുതകർക്കുന്നു, അദ്ദേഹത്തിന്റെ വീട്ടിലേയ്ക്ക് മാർച്ച് നടത്തുന്നു, അദ്ദേഹത്തിന്റെ കുട്ടികൾക്ക് സ്കൂളിൽ പോകാനും മാതാപിതാക്കൾക്ക് പുറത്തോട്ടിറങ്ങാനും കഴിയാതാകുന്നു. ഇതെല്ലാം പോകട്ടെയെന്നുവയ്ക്കാം. ഇതുമായി ഒരു ബന്ധവുമില്ലാത്ത പൃഥ്വിരാജിന്റെ സെറ്റിലേയ്ക്ക് ഇവർ ഘോഷയാത്രയായി പോയി ഷൂട്ടിംഗ് തടസ്സപ്പെടുത്തുന്നു. കഴിഞ്ഞ ദിവസം പുത്തൻകുരിശ് എന്ന സ്ഥലത്ത് നടക്കുന്ന ശ്രീനിവാസനുണ്ടായിരുന്ന സെറ്റിലേയ്ക്ക് പോയി ഷൂട്ടിംഗ് മുടക്കുന്നു. എന്നെ ഞെട്ടിച്ച ഒരു കാര്യം ഇപ്പോൾ പല സ്ഥലത്തുനിന്നും ആളുകൾ ശ്രീ. ജോജു ജോർജ്ജിനെ വിളിച്ച് ഞങ്ങൾ സിനിമ തുടങ്ങാനിരുന്ന പുതിയ പ്രൊഡ്യൂസർമാരാണ്, താൻ കാരണമാണ് ഞങ്ങൾക്ക് ഷൂട്ടിംഗ് തുടങ്ങാൻ കഴിയാത്തത്, അതുകൊണ്ട് അടിയന്തരമായി മാപ്പുപറഞ്ഞ് കേസ് പിൻവലിക്കണമെന്നുപറഞ്ഞ് ഭീഷണിപ്പെടുത്തുകയാണ്. ഇതിന്റെ പിന്നിൽ ആരാണെന്ന് എല്ലാവർക്കും മനസ്സിലാകും. അദ്ദേഹം എന്നോട് പറഞ്ഞത് 'ഞാൻ മാപ്പു പറയില്ല, കാരണം ഞാൻ തെറ്റ് ചെയ്തിട്ടില്ല' എന്നാണ്.....(ബഹളം).... 'കേസ് പിൻവലിച്ചാൽ ഇവർ പറഞ്ഞ എല്ലാ കാര്യങ്ങളും ഞാൻ ഏൽക്കുന്നുവെന്ന് വരും. അതുകൊണ്ട് ഞാൻ കേസ് പിൻവലിക്കില്ല' എന്നാണ് അദ്ദേഹം പറഞ്ഞത്. ഈയവസരത്തിൽ എല്ലാവരും ഓർത്തിരിക്കേണ്ട ഒരു ചെറിയ കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഇന്ത്യയുടെ വാനമ്പാടി എന്ന് അറിയപ്പെട്ടിരുന്ന എം. എസ്. സുബ്ബലക്ഷ്മിയുടെ ഒരു കച്ചേരി വർഷങ്ങൾക്കുമുൻപ് ഡൽഹിയിൽ നടന്നപ്പോൾ ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്റു അത് കാണാനിടയായി. കച്ചേരി കഴിഞ്ഞപ്പോൾ രണ്ട് വാക്ക് കച്ചേരിയെപ്പറ്റി പറയണം എന്ന് ഭാരവാഹികൾ നിർബന്ധിച്ചു. അപ്പോൾ അദ്ദേഹം 'Who am I? A mere Prime Minister in front of the queen of Ragas' എന്നാണ് പറഞ്ഞത്. ഒരു രാജ്യത്തെ കലാകാരന്മാരുടെയും കലയുടെയും കലാപ്രവർത്തനത്തിന്റെയും മേന്മ, പ്രസക്തി, പ്രാധാന്യം എന്താണെന്ന് ഒരു ചെറിയ വാചകത്തിലൂടെ ഇന്ത്യയ്ക്ക് നൽകിയ സന്ദേശമായിരുന്നു അത്. അണികൾ ചിലപ്പോൾ വികാരവിക്ഷുബ്ധരായി എന്തെങ്കിലും ചെയ്യുമെങ്കിൽ നേതാക്കൾ അവരെ പറഞ്ഞ് മനസ്സിലാക്കണം. കോവിഡിന്റെ പശ്ചാത്തലത്തിൽ പ്രതിസന്ധിയിലായിരുന്ന മലയാള സിനിമാരംഗം ഇപ്പോൾ തിരിച്ചുവരവിന്റെ പാതയിലാണ്. കലാകാരന്മാരെ അപമാനിച്ചും ഷൂട്ടിംഗ് തടസ്സപ്പെടുത്തിയും സിനിമാരംഗത്ത് കൂടുതൽ അസ്വസ്ഥതകൾ സൃഷ്ടിക്കാനാണ് സമരക്കാർ പരിശ്രമിക്കുന്നത്. കലാകാരന്മാരെ demoralize ചെയ്ത് മലയാള സിനിമാരംഗത്തെ തൊഴിൽ മേഖലയിൽ സംഘർഷം സൃഷ്ടിക്കാൻ നടത്തുന്ന നീക്കങ്ങൾക്കെതിരെ സർക്കാർ ശക്തമായ നടപടി സ്വീകരിക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അതീവ ഗൗരവമായ ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നത്. പൗരന് മൗലിക സ്വാതന്ത്ര്യം ഭരണഘടനാപരമായി അനുവദിക്കപ്പെട്ട നാടാണ് നമ്മുടേത്.

സംസാരിക്കാനും ആശയപ്രകടനത്തിനും സമാധാനപരമായി കൂട്ടംകൂടുവാനും ഇഷ്ടമുള്ള തൊഴിൽ ചെയ്യുവാനും സ്വാതന്ത്ര്യമുള്ള നാടാണിത്. ആ അവകാശത്തിന്മേൽ കടന്നുകയറ്റമുണ്ടാകുന്നത് രാജ്യത്തിന്റെ ഭരണഘടനയ്ക്ക് നേരെയുള്ള ആക്രമണമാണ്. ഭരണഘടനാപരമായ ഇത്തരം കാര്യങ്ങൾപോലും തങ്ങൾക്ക് ബാധകമല്ലെന്ന പ്രഖ്യാപനമാണ് ചലച്ചിത്ര പ്രവർത്തകരെ അവരുടെ തൊഴിൽ സ്ഥലത്തുചെന്ന് ആക്രമിക്കുന്നതിലൂടെ സംജാതമായിട്ടുള്ളത്. ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാണ്. നിയമം കയ്യിലെടുക്കാൻ ആരേയും അനുവദിക്കില്ല. കലാരംഗത്തുള്ളവരുടെ ആവിഷ്കാര സ്വാതന്ത്ര്യത്തിനുമേലുള്ള ഏതുവിധത്തിലുള്ള കടന്നുകയറ്റത്തെയും ശക്തമായി നേരിടുകതന്നെ ചെയ്യും. എന്ത് കഴിക്കണമെന്ന് ആജ്ഞാപിക്കുന്നതും ഏത് വസ്ത്രം ധരിക്കണമെന്ന് തിട്ടൂരമിറക്കുന്നതും ഫാസിസ്റ്റ് മുറയാണ്. അങ്ങനെ ചെയ്യുന്ന സംഘങ്ങൾ നമ്മുടെ രാജ്യത്തുണ്ട്. അവരെ നാം അപരിഷ്കൃതരായ സാമൂഹ്യദ്രോഹികളെന്നാണ് വിളിക്കുന്നത്. ചലച്ചിത്രങ്ങളുടെ ചിത്രീകരണം നടക്കുന്നയിടങ്ങളിലേയ്ക്ക് കടന്നുചെന്ന് അക്രമം കാണിക്കുകയും നിരോധനം കൽപ്പിച്ച് ക്രമസമാധാനപ്രശ്നം സൃഷ്ടിക്കുകയും ചെയ്യുന്നത് അത്തരം ഫാസിസ്റ്റ് മനോഭാവത്തിന്റെ ഭാഗമായാണ്. ഇത്തരത്തിൽ ക്രിമിനൽ സ്വഭാവമുള്ളവരുടെ നടപടി യാതൊരു കാരണവശാലും വച്ചുപൊറുപ്പിക്കാൻ സാധിക്കില്ല. ആവിഷ്കാര സ്വാതന്ത്ര്യത്തിനുനേർക്കുള്ള കടന്നാക്രമണം നമ്മുടെ നാട്ടിലുമുണ്ടായിട്ടുണ്ട്. എന്നാൽ കുറേക്കാലമായി അത്തരം സംഭവങ്ങൾ നമുക്ക് അന്യമാണ്. മനുഷ്യനെ ഭയപ്പാടില്ലാതെയും സ്വതന്ത്രമായും തൊഴിലെടുത്ത് ജീവിക്കാൻ അനുവദിക്കില്ലെന്ന് തീരുമാനിക്കാൻ ഒരു ശക്തിക്കും അവകാശമില്ല. അത്തരം ശ്രമം ആരുടെ ഭാഗത്തുനിന്നുണ്ടായാലും ശക്തമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. ഇപ്പോഴുണ്ടായിട്ടുള്ള പ്രശ്നം വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളുടെ പേരിലുണ്ടായി ട്ടുള്ളതാണെന്ന് മാത്രം കരുതാനാവില്ല. വ്യക്തിയോടുള്ള വിദ്വേഷം മുൻ നിർത്തിയുള്ള സംഘടിത നീക്കമായി അതിനെ ചുരുക്കിക്കാണുന്നില്ല. മനസ്സിന്റെ ഉള്ളിലുള്ള ഫാസിസ്റ്റ് പ്രവണതയും അസഹിഷ്ണുതയുമാണ് പുറത്തേയ്ക്ക് വരുന്നത്. തങ്ങളോട് വിയോജിപ്പ് പ്രകടിപ്പിച്ചാൽ ആരെയും ജീവിക്കാനും ജോലി ചെയ്യാനും അനുവദിക്കില്ലെന്ന് തീരുമാനിച്ച് അക്രമം സംഘടിപ്പിക്കുന്നത് ജനാധിപത്യ സമൂഹത്തിൽ വിലപ്പോകുന്ന രീതിയല്ല. സംഘടിതമായ ആൾക്കൂട്ടങ്ങൾ കലയുടെ അവതരണത്തെയും നിർഭയമായി തൊഴിൽ ചെയ്ത് ജീവിക്കുന്നതിനെയും തടയുന്നതിലേയ്ക്ക് തിരിയുമ്പോൾ കയ്യുംകെട്ടി നോക്കിയിരിക്കാൻ സർക്കാരിന് കഴിയില്ല. ഇവിടെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ളത് ഒരു സിനിമയുടെ ചിത്രീകരണത്തെ തടസ്സപ്പെടുത്തിയ പ്രശ്നമാണ്. ഒരു പ്രത്യേക നടന്റെ പേരുപറഞ്ഞ് അദ്ദേഹത്തിന്റെ അഭിനയ ചിത്രീകരണം അനുവദിക്കില്ല എന്ന

ആക്രോശംപോലും ചില കേന്ദ്രങ്ങളിൽനിന്നും അടുത്തിടെയുണ്ടായതായി കാണുന്നു. ഇത് ഒറ്റപ്പെട്ട സംഭവമായി കാണുന്നില്ല. ആസൂത്രിതമായ തീരുമാനം ഇതിനുപിന്നിലുണ്ടെന്നാണ് വാർത്തകൾ സൂചിപ്പിക്കുന്നത്. ജനാധിപത്യത്തിന്റെ കുപ്പായമണിഞ്ഞാണ് ചിലർ ഈ അക്രമങ്ങൾക്ക് തുനിഞ്ഞിറങ്ങിയിരിക്കുന്നത്. ഇത് ആശ്ചര്യകരമാണ്. പൗരന്റെ മൗലികാവകാശം ഇല്ലാതാക്കാൻ കരിനിയമവാഴ്ച അടിച്ചേൽപ്പിച്ച് നാടിനെ ഇരുട്ടിലേയ്ക്ക് തള്ളിയതിന്റെ ഹാംഗ്ഓവറിൽനിന്നും ഒരു കൂട്ടർ ഇപ്പോഴും മോചനം നേടിയിട്ടില്ലെന്നാണ് ഇത് കാണിക്കുന്നത്. ഇത് ഒരു പരിഷ്കൃത സമൂഹത്തിൽ, സംസ്കാരസമ്പന്നമായ സമൂഹത്തിൽ ഉണ്ടായിക്കൂടാത്തതാണ്. കലാകാരന്റെ ആവിഷ്കാരസ്വാതന്ത്ര്യം ഏതെങ്കിലും വ്യക്തിയുടേയോ സംഘത്തിന്റെയോ ദയാദാക്ഷിണ്യത്തിനുകീഴിലല്ല. ഇത്തരം സന്ദർഭങ്ങളിൽ നിയമപ്രകാരമുള്ള എല്ലാ നടപടികളുമുണ്ടാകും. സിനിമാ ചിത്രീകരണം തടയുകയെന്നത് ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ തടയൽ മാത്രമല്ല, പൗരസ്വാതന്ത്ര്യത്തിന്റെ പ്രശ്നംകൂടിയാണ്. ഇത്തരം ശ്രമങ്ങൾ ആരുടെ ഭാഗത്തുനിന്നുണ്ടായാലും അതിനുനേരെ ദയാദാക്ഷിണ്യമുണ്ടാകില്ല, അത്തരക്കാരെ കർക്കശമായി നേരിടുകതന്നെ ചെയ്യും. അങ്ങനെ നേരിടുന്നത് നാടൊന്നാകെ പിന്തുണയ്ക്കുന്ന അവസ്ഥയാണുണ്ടാകുന്നത്. അതാണ് ഈ നാടിന്റെ പാരമ്പര്യം. 'കയ്യൂക്കുകൊണ്ട് കാര്യം നടത്താം' എന്ന സ്ഥിതി ഉണ്ടാവേണ്ടതില്ല. ഫാസിസ്റ്റ് രീതികൾക്ക് വളക്കൂറുള്ള മണ്ണല്ല ഇതെന്ന് മനസ്സിലാക്കി ഇനിയെങ്കിലും അത്തരക്കാർ സ്വയം പിൻമാറണം. നാട്ടിലെ പൗരസ്വാതന്ത്ര്യവും ജനാധിപത്യവും നിയമപാലനവും സർക്കാർ ഉറപ്പാക്കുകതന്നെ ചെയ്യും.

(4) ഇടമലയാർ ഇറിഗേഷൻ പ്രോജക്ട്

ശ്രീ. റോജി എം. ജോൺ: സർ, അങ്കമാലി നിയോജകമണ്ഡലത്തിലെ ജലസേചനത്തിനും കുടിവെള്ളത്തിനും ഏറെ സഹായകരമായിട്ടുള്ള പദ്ധതിയാണ് ഇടമലയാർ ഇറിഗേഷൻ പ്രോജക്ട്. മലയാറ്റൂർ, അയ്യമ്പുഴ, മഞ്ഞപ്ര, തുറവൂർ പഞ്ചായത്തുകൾ കടന്ന് അങ്കമാലി മുനിസിപ്പൽ പ്രദേശത്ത് എത്തിനിൽക്കുകയാണ്. ഈ പദ്ധതിയുടെ ഒറിജിനൽ ആക്ഷൻ പ്ലാൻ അനുസരിച്ച് അങ്കമാലി മുനിസിപ്പൽ പ്രദേശത്തുനിന്നും ആരംഭിക്കുന്ന കാഞ്ഞൂർ തെക്കുംഭാഗം ബ്രാഞ്ച് കനാലിന്റെ നിർമ്മാണപ്രവർത്തനം ഇഴഞ്ഞുനീങ്ങുകയാണ്. ഇതിന്റെ ആദ്യഘട്ടത്തിനാവശ്യമായ ഭൂമിയേറ്റെടുക്കൽ നടപടി പബ്ലിക് ഹിയറിംഗ് ഉൾപ്പെടെ പൂർത്തീകരിച്ച് 15 മീറ്റർ വീതിയിൽ മുന്നോട്ടുപോയതാണെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം പദ്ധതി ഇഴഞ്ഞുനീങ്ങുകയാണ്. മാത്രമല്ല ഇതിന്റെ വീതി ഡിപ്പാർട്ടുമെന്റ് തലത്തിൽ കുറയ്ക്കാനായിട്ടുള്ള ശ്രമം നടക്കുന്നതായും അറിയാൻ സാധിക്കുന്നുണ്ട്. 15 മീറ്റർ വീതിയിൽ ഭൂമിയേറ്റെടുത്ത് കനാലിന്റെ നിർമ്മാണം നടത്തുന്നതിന് പബ്ലിക്

ഹിയറിംഗ് ഉൾപ്പെടെ നടത്തുകയും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും നടപടികൾ പൂർത്തീകരിക്കുകയും ചെയ്തതിനുശേഷം ഇപ്പോൾ വീതി കുറയ്ക്കാനുള്ള ശ്രമം നടക്കുന്നു. അങ്കമാലി മുനിസിപ്പൽ പ്രദേശത്ത് നിരവധി വാർഡുകളിലും കാലടി ഗ്രാമപഞ്ചായത്തിലുമുൾപ്പെടെ ചെങ്കൽ തോടിൽ എത്തിച്ചേരുന്ന കാഞ്ഞൂർ തെക്കുംഭാഗം ബ്രാഞ്ച് കനാലിന്റെ നിർമ്മാണപ്രവൃത്തി ആദ്യത്തെ പ്ലാൻ അനുസരിച്ചുതന്നെ എത്രയുംവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഉന്നയിക്കാനുള്ളത്.

12.00 Noon}

ജലവിഭവ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, അങ്കമാലി-മാട്ടൂർ വില്ലേജിലൂടെ കടന്നുപോകുന്ന കാഞ്ഞൂർ തെക്കുഭാഗം ബ്രാഞ്ച് കനാൽ ഇടമലയാർ ഇറിഗേഷൻ പ്രോജക്ട് 11,650 മീറ്ററിൽ തുടങ്ങി ചെങ്കൽ തോടിൽ അവസാനിക്കുന്നതായാണ് വിഭാവനം ചെയ്തിരിക്കുന്നത്. കാലടി പഞ്ചായത്തിലെ ചെങ്കൽതോടുവരെയുള്ള ഭാഗത്ത് വെള്ളമെത്തിക്കാൻ ഈ പദ്ധതിമൂലം സാധിക്കും. നിലവിൽ പദ്ധതിമൂലം ഗുണം ലഭിക്കുന്ന ആയക്കെട്ട് 560 ഹെക്ടറായാണ് കണക്കാക്കുന്നത്. ആയതിനാൽ ലിങ്ക് കനാലിനുവേണ്ടി സമർപ്പിച്ച ഡി.പി.ആർ-ൽ കാഞ്ഞൂർ തെക്കുഭാഗം ബ്രാഞ്ച് കനാലിന്റെ രൂപകല്പന മൈനർ കനാലായാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആയതിനാൽ കനാൽ നിർമ്മാണത്തിനുമാത്രമായി 5 മീറ്റർ മുതൽ 8 മീറ്റർ വരെ സ്ഥലം ആവശ്യമായി വരുന്നുണ്ട്. 4.547 കിലോമീറ്റർ വരെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി 15 മീറ്റർ വീതിയിൽ അലൈൻമെന്റ് നിജപ്പെടുത്തി ബൗണ്ടറി സ്റ്റോൺ സ്ഥാപിച്ചിട്ടുള്ളതാണ്. ഫേസ്-I ആയി 1.33 കിലോമീറ്റർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി പ്രാരംഭഘട്ടത്തിലാണ്. 1.333 കിലോമീറ്ററിന് 42.907 കോടി രൂപയ്ക്കുവേണ്ടി ഡിമാന്റ് നോട്ടീസ് ഡിസ്ട്രിക്ട് കളക്ടറിൽനിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 2018-19 ആക്ഷൻ പ്ലാൻ അലോട്ട്മെന്റ് തുകയായ 4.89 കോടി രൂപ 16-9-2019-ൽ റവന്യൂ ഡിപ്പാർട്ടുമെന്റിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. അങ്കമാലി-കാലടി വില്ലേജിൽപ്പെടുന്ന സ്ഥലം 15 മീറ്റർ വീതിയിൽ ഏറ്റെടുക്കുന്നതിനുവേണ്ടി ഏകദേശം 110 കോടി രൂപയും കനാൽ നിർമ്മാണത്തിനായി 100 കോടി രൂപയും പ്രതീക്ഷിക്കുന്നു. ഇൻസ്പെക്ഷൻ റോഡ് ഒഴിവാക്കി സ്ഥലമേറ്റെടുക്കുന്നതിന് ഏകദേശം 45 കോടി രൂപയും നിർമ്മാണച്ചെലവിനായി 15 കോടി രൂപയും ആവശ്യമായിവരും. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്യുകയും പുതുക്കിയ മൈനർ കനാലിനായുള്ള ഡി.പി.ആർ. സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം-II-ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്ക് ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

## (5) കാപ്പാട് കടൽത്തീര സംരക്ഷണം

ശ്രീമതി കാനത്തിൽ ജമീല: സർ, കൊയിലാണ്ടി മേഖലയിലെ 32 കിലോമീറ്ററോളം ദൈർഘ്യമുള്ള കടൽത്തീരത്തെ ഭൂരിഭാഗം പ്രദേശത്തും കടൽക്ഷോഭം രൂക്ഷമാണ്. ഇതിൽ കൊയിലാണ്ടി ഹാർബർ മുതൽ കാപ്പാട് ടൂറിസ്റ്റ് കേന്ദ്രം വരെയുള്ള ഭാഗത്തെ കടൽഭിത്തി ഇടയ്ക്കിടെയുണ്ടാകുന്ന കടൽക്ഷോഭത്തിൽ പൂർണ്ണമായും തകർന്നതോടെ സമീപത്തുള്ള തീരദേശറോഡുകളിൽ തിരമാലകളടിച്ചുകയറി ഗതാഗതം പൂർണ്ണമായും നിലച്ചിരിക്കുകയാണ്. ബ്ലൂ ഫ്ലാഗ് അംഗീകാരം ലഭിച്ചിട്ടുള്ള കേരളത്തിലെ ഏക ബീച്ചായ ഇവിടെ ദിനംതോറും ആയിരക്കണക്കിന് ടൂറിസ്റ്റുകൾ വന്നുകൊണ്ടിരിക്കുകയാണ്. ഗതാഗത യോഗ്യമല്ലാത്ത റോഡുകളിലെ സഞ്ചാരം ദിവസവും അപകടമുണ്ടാകുന്ന രീതിയിലാണ്. ഈ റോഡ് പുനഃസ്ഥാപിക്കാൻ കഴിയണമെങ്കിൽ കടൽഭിത്തി പുനർനിർമ്മിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്. അടിക്കടിയുണ്ടാകുന്ന കടൽക്ഷോഭത്തിന് ശാശ്വത പരിഹാരം കാണാൻ കിഫ്ബി സഹായത്തോടെ രൂപം നൽകിയ ബൃഹത്തായ പദ്ധതിയിൽ കാപ്പാട് കടൽത്തീരത്തെയും ഹോട്ട്സ്പോട്ടുകളിലൊന്നായി ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോടിയായി നടത്തുന്ന പഠനങ്ങൾക്കും അനുയോജ്യമായ പദ്ധതി നിശ്ചയിക്കുന്നതിനും വേണ്ടത്ര വേഗത പോരെന്നാണ് കാണുന്നത്. പഠനങ്ങൾ, ഡി.പി.ആർ. തയ്യാറാക്കൽ എന്നിവ വേഗത്തിൽ പൂർത്തീകരിച്ച് നിർമ്മാണ നടപടികളിലേയ്ക്ക് കടക്കണമെന്നും ചെല്ലാനത്തെപ്പോലെ കാപ്പാട് കടൽത്തീരത്തിനും അടിയന്തരപ്രാധാന്യം നൽകി പ്രശ്നങ്ങൾ പരിഹരിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കാപ്പാട് മുതൽ വലിയ മാങ്ങാട് വരെയുള്ള കടൽഭിത്തിക്ക് പല പ്രദേശങ്ങളിലും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. മേൽപ്രദേശങ്ങളിൽ സി.പി. 1913-നും 1920-നുമിടയിൽ 1.5 കിലോമീറ്റർ നീളത്തിൽ കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനും 335 മീറ്റർ നീളത്തിൽ ഫിഷിംഗ് ഗ്യാപ്പ് അടയ്ക്കുന്നതിനുമായി ഏകദേശം 12 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറായിട്ടുണ്ട്. ടൗട്ടേ ചുഴലിക്കാറ്റിനെത്തുടർന്ന് പ്രദേശത്ത് കൂടുതൽ നാശനഷ്ടം സംഭവിച്ചതിനാൽ ഇന്നത്തെ പരിതസ്ഥിതിക്കനുയോജ്യമായ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനുവേണ്ടി നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് എന്ന വിദഗ്ദ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ വിശദപഠനം നടത്താൻ തെരഞ്ഞെടുത്ത 10

ഹോട്ട്സ്പോട്ട് പ്രദേശങ്ങളിൽ കാപ്പാടിനെയും ഉൾപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് ധാരണാപത്രം ഒപ്പുവയ്ക്കുന്നതിന് സർക്കാർ അനുമതി നൽകുകയും അപ്രകാരം അന്തിമ ധാരണപത്രം NCCR (National Centre for Coastal Research)-ന് നൽകിയിട്ടുമുണ്ട്. ധാരണാപത്രം ഒപ്പുവച്ച് പഠനം പൂർത്തിയാക്കി സമയബന്ധിതമായി വിശദപദ്ധതിരേഖ തയ്യാറാക്കി നിർമ്മാണ നടപടിയിലേയ്ക്ക് കടക്കാവുന്നതാണ്. കേരളത്തിൽ അതിരൂക്ഷമായ കടൽക്ഷോഭം നേരിടുന്ന ഹോട്ട്സ്പോട്ടുകളുടെ പ്രാദേശിക പ്രത്യേകതകൾ വ്യത്യസ്തമായതിനാൽ ഓരോ പ്രദേശത്തിനും യോജിച്ച സാങ്കേതികവിദ്യയും ഡിസൈനും തയ്യാറാക്കേണ്ടതുണ്ട്. കടലാക്രമണത്തിന്റെ രൂക്ഷതയനുസരിച്ച് മുൻഗണനാക്രമത്തിൽ കാപ്പാട് തീരത്ത് ഡി.പി.ആർ. തയ്യാറാക്കി പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നതാണ്.

(6) <u>വടക്കാഞ്ചേരിയിലെ കോൾ പാടങ്ങൾ</u>

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ അടാട്ട്, കൈപ്പറമ്പ്, തോളൂർ എന്നീ പഞ്ചായത്തുകളിലായി 23 പടവുകളിൽ 1840 ഹെക്ടർ കോൾ കൃഷിയാണുള്ളത്. നെല്ലുല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്ന നിരവധി പ്രശ്നങ്ങൾ ഈ കോൾപ്പടവുകളിലുണ്ട്. രാസവളങ്ങളുടെ ലഭ്യതക്കുറവും കാലംതെറ്റി പെയ്യുന്ന മഴക്കെടുതികളും സൃഷ്ടിക്കുന്ന പുതിയ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയണം. ആയതിന് ഇന്ന് നാം സ്വീകരിച്ചുവരുന്ന സമ്പ്രദായത്തിൽ മാറ്റംവരുത്തണം. തൃശ്ശൂർ-പൊന്നാനി കോൾ വികസനമെന്ന നിലയിൽ മൊത്തം കാര്യങ്ങൾ കാണുന്നത് സമഗ്രവികസനം സാദ്ധ്യമാക്കുന്നില്ലെന്നതാണ് ഇക്കാലമത്രയുമുള്ള അനുഭവം. ഓരോ പടവുകളെയും പ്രത്യേകമായി പഠിച്ച് പ്രശ്നങ്ങളും സാദ്ധ്യതകളും ലിസ്റ്റ് ചെയ്തുവേണം മുന്നോട്ടുനീങ്ങാൻ. കോളിന്റെ സമഗ്ര വികസനത്തിനുവേണ്ട പദ്ധതികൾക്ക് ഉദ്ദേശിക്കുന്ന ഫലപ്രാപ്തിയുണ്ടാകുന്നതിന് ഇതാവശ്യമാണ്. ഡബിൾ കോൾ പദ്ധതി വിജയിക്കണമെങ്കിലും ടൂറിസം, മത്സ്യം വളർത്തൽ എന്നിവയിലൂടെ കർഷകർക്ക് അധികവരുമാനം ലഭിക്കുന്നതിനും സൂക്ഷ്മതലത്തിൽ പടവുകൾ തിരിച്ച് പഠനം നടത്തേണ്ടതുണ്ട്. നിലമൊരുക്കി വിത്തുവിതയ്ക്കൽ മുതൽ കൊയ്ത്തും സംഭരണവുമുൾപ്പെടെ ഓരോന്നിനും പ്രത്യേക പദ്ധതികളാവിഷ്കരിക്കണം. പുതിയ കാർഷിക യന്ത്രങ്ങളെക്കുറിച്ചും കൃഷി ചെയ്യുന്നതിനുള്ള സംവിധാനങ്ങളെക്കുറിച്ചും കൃഷിക്കാർക്ക് പരിശീലനം നൽകണം. ഓരോ പടവുകളിലും ആവശ്യമായ തടയണകളെക്കുറിച്ചും ഏതു ബണ്ടുകൾ ബലപ്പെടുത്തണമെന്നതിനെക്കുറിച്ചും പഠനം നടത്തണം. വിത്ത്, വളം എന്നിവ പടവുകളിലെത്തിക്കുന്നതിനും ഉല്പാദിപ്പിച്ച നെല്ലും വയ്ക്കോലും കയറ്റിക്കൊണ്ടുപോകുന്നതിനുമാവശ്യമായ റോഡുകൾ

നിർമ്മിക്കണം. കെ.എൽ.ഡി.സി. കനാൽ ആഴം കൂട്ടുന്നതിന്റെ ഭാഗമായി ലഭിക്കുന്ന മണ്ണ് ബണ്ടുകളിലിട്ട് ബലപ്പെടുത്തി സഞ്ചാരയോഗ്യമാക്കണം. ഇത് കൃത്യമായി നടക്കുന്നില്ല. കടവിൽ കോളിൽ 51 തറയ്ക്കടുത്തുള്ള പഴയപാലം ലോറി പോകത്തക്കവിധം പുതുക്കിപ്പണിയണം. കുടവിപ്പാറ മുതൽ പുല്ലഴി, വെങ്കിടങ്ങുവരെ റോഡുകെട്ടി സംരക്ഷിക്കുന്നതിലൂടെ ഇതിന്റെ ഗുണം 10 പടവുകൾക്ക് ലഭിക്കും. പെട്ടിയും പറയുമുപയോഗിച്ച് പടവുകളിലെ വെള്ളം ഒഴുക്കിക്കളയുന്നത് ചെലവേറിയതാണ്. Submersible മോട്ടോർ പമ്പുകൾ സ്ഥാപിക്കുന്ന പ്രവർത്തനം മന്ദഗതിയിലാണ്. വോൾട്ടേജ്ക്ഷാമം പരിഹരിക്കണം, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം, ആവശ്യമായ എല്ലായിടത്തും പുതിയ ഇലക്ട്രിസിറ്റി ലൈനുകൾ വലിക്കണം, ഉൾച്ചാലുകൾ വീതിയും ആഴവും കൂട്ടുന്ന പ്രവർത്തനം സമയബന്ധിതമായി നടപ്പിലാക്കണം. പുഴയ്ക്കൽ പുഴയിൽ വന്നവസാനിക്കുന്ന വിധത്തിലാണ് കെ.എൽ.ഡി.സി. കനാൽ നിർമ്മിച്ചിട്ടുള്ളത്. പുഴയുടെ സ്വാഭാവികമായ ഒഴുക്കിനെ തടസ്സപ്പെടുത്തുന്നവിധത്തിൽ അവിടെ അശാസ്ത്രീയമായി നിർമ്മിച്ച ബണ്ടിനെ ആധുനികവത്കരിച്ച് റെഗുലേറ്റർ-കം-ബ്രിഡ്ജാക്കി മാറ്റിയാൽ വെള്ളപ്പൊക്കം തടയുന്നതിനും വെള്ളപ്പൊക്കംകാരണം കെ.എൽ.ഡി.സി. ബണ്ടുകൾ പൊട്ടിക്കുന്നതും ഒഴിവാക്കാം. തുടർച്ചയായി പ്രളയങ്ങൾ വന്നതിന്റെ ഭാഗമായി ഉടലെടുത്ത മറ്റൊരു പ്രശ്നം നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ കോളുകളിലൂടെ വെള്ളം എളുപ്പത്തിൽ ഒഴുക്കിവിടുന്നതിനായി കോൾ ബണ്ടുകൾ പൊട്ടിച്ച് വെള്ളം ഒഴിവാക്കുന്ന സ്ഥിതിയുണ്ട്. മാലിന്യങ്ങൾ കോളുകളിലേയ്ക്ക് വരാതിരിക്കുന്നതിനും പൊളിച്ച ബണ്ട് നിർമ്മിക്കുന്നതിന്റെ പ്രശ്നങ്ങളുംകാരണം കൃഷിക്കാരുടെ എതിർപ്പും സംഘർഷങ്ങളുമുണ്ടാകുമ്പോൾ ജില്ലാ കളക്ടറും പോലീസും ഇടപെട്ടാണ് പ്രശ്നങ്ങൾ പരിഹരിക്കുന്നത്. ഇതിന് ശാശ്വതപരിഹാരം കാണണം. ഇത്തരം പ്രശ്നങ്ങളുടെ പരിഹാരത്തിനായി വകുപ്പുതല ഏകോപനം വേണം. കൃഷി, ജലസേചനം, ഇലക്ട്രിസിറ്റി, കെ.എൽ.ഡി.സി. എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെയും പടവ് കൺവീനർമാരുടെയും സഹകരണ സംഘങ്ങളുടെയും സംയുക്തയോഗം നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിളിച്ചുചേർക്കണം. കോൾ മേഖലയിലെ മാക്രോ ലെവൽ മാനേജ്മെന്റ് മൈക്രോ ലെവൽ മാനേജ്മെന്റിലേയ്ക്ക് കൊണ്ടുവരണം. പഠനം നടത്തി പടവുകൾ സംരക്ഷിക്കുകയും കോൾ മേഖലയുടെ സമഗ്രവികസനം സാദ്ധ്യമാക്കുകയും ചെയ്യണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ അടാട്ട്, കൈപ്പറമ്പ്, തോളൂർ ഗ്രാമപഞ്ചായത്തുകളിലെ കോൾപ്പാടങ്ങൾ ഉൾപ്പെടുന്ന തൃശ്ശൂർ-പൊന്നാനി കോൾമേഖലയിലെ വെള്ളപ്പൊക്ക നിവാരണത്തിനും സുസ്ഥിര വികസനത്തിനുമായി റീബിൽഡ് കേരള

ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം 298.382 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ 2020-ൽ അനുമതി നൽകിയിരുന്നു. ഈ പദ്ധതിയുടെ പൂർത്തീകരണ കാലാവധി അഞ്ച് വർഷമാണ്. ഈ പദ്ധതി അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് വിഭാഗം കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എൽ.ഡി.സി.), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ.), കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്നീ വകുപ്പുകളും ഏജൻസികളും മുഖാന്തരമാണ് നടപ്പിലാക്കുന്നത്. വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ അടാട്ട്, കൈപ്പറമ്പ്, തോളൂർ ഗ്രാമപഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന പേരാമംഗലം, പുഴയ്ക്കൽ, മുല്ലശ്ശേരി, കടാന്തോട് എന്നീ പ്രധാന കനാലുകളുടെ ആഴം കൂട്ടൽ, പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളായ എഞ്ചിൻതറ, എഞ്ചിൻ ഷെഡ്, ഉൾച്ചാൽ ആഴം കൂട്ടൽ, റാമ്പ്, ഫാം റോഡ്, കിട എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ പേരാമംഗലം, പുഴയ്ക്കൽ, മുല്ലശ്ശേരി കനാലുകളിൽ 10 കിലോമീറ്ററോളം നീളത്തിൽ മണ്ണ് നീക്കംചെയ്ത് ആഴംകൂട്ടാൻ കഴിഞ്ഞിട്ടുണ്ട്. കനാലുകളുടെ ആഴംകൂട്ടുമ്പോൾ ലഭ്യമായ മണ്ണുപയോഗിച്ച് ബണ്ടിന്റെ വീതികൂട്ടി സഞ്ചാരയോഗ്യമാക്കുന്ന പ്രവൃത്തി മഴ കഴിയുന്നതോടെ കെ.എൽ.ഡി.സി. പുനരാരംഭിക്കുന്നതാണ്. അടാട്ട്, കൈപ്പറമ്പ്, തോളൂർ മേഖലയിലെ രണ്ട് പ്രവൃത്തികളുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. സംഘംനോർത്ത്, സംഘംസൗത്ത്, നായ്ക്കാൻകാളി പാടം, തരിശ്ശുകരിമ്പന പാടശേഖരം, ചാത്തൻകോൾ, തുരുത്തുംതാഴം, പൊണ്ണമുതകോൾപ്പടവ് എന്നീ പാടശേഖരങ്ങൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ പ്രവൃത്തികൾ ഡിസംബർ-ജനുവരി മാസത്തോടെ വെള്ളക്കെട്ട് ഒഴിവായശേഷം ആരംഭിക്കുന്നതാണ്. 3.88 കോടി രൂപ വരുന്ന ഈ പ്രവൃത്തികളിൽ ഉൾച്ചാൽ ആഴംകൂട്ടൽ 35,750 മീറ്റർ, റാമ്പ് പത്തെണ്ണം, കിട ലുമ്പുകൾ 17 എണ്ണം, ഫാം റോഡ് 7500 മീറ്റർ എന്നീ ഘടകങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ മേഖലയിലെ ശേഷിച്ച പാടശേഖരങ്ങളായ പൊന്നൂർതാഴംകോൾ, വടക്കേ പൊന്നൂർതാഴംകോൾ, മുണ്ടൂർതാഴം കോൾപ്പടവ്, പേരാമംഗലംതാഴം കോൾപ്പടവ് തുടങ്ങിയ പാടശേഖരങ്ങളിലെ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി പൂർത്തീകരണ ഘട്ടത്തിലാണ്. ബണ്ട് ബലപ്പെടുത്തി കർഷകർക്ക് കാർഷിക സംബന്ധമായ വസ്തുക്കൾ പടവുകളിലെത്തിക്കുന്നതിന് പ്രസ്തുത പഞ്ചായത്തുകളിൽ ഫാം റോഡുകൾ നിർമ്മിക്കുന്ന പ്രവൃത്തി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം ഊർജ്ജക്ഷമത കുറഞ്ഞ പെട്ടിയുംപറയ്ക്കും പകരം 263 submersible axial flow പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടി പൂർത്തിയാക്കി 52.3743 കോടി രൂപയുടെ സപ്ലൈ ഓർഡർ നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇതിൽ വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ അടാട്ട് ഗ്രാമപഞ്ചായത്തിൽ 29 എണ്ണവും തോളൂർ ഗ്രാമപഞ്ചായത്തിൽ 11 എണ്ണവും കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ ഒരെണ്ണവും ഉൾപ്പെടുന്നു. തൃശ്ശൂർ-പൊന്നാനി മേഖലയിലെ കോൾപ്പടവുകളിലെ വൈദ്യുതി ലഭ്യത വർദ്ധിപ്പിക്കുന്നതിന് ട്രാൻസ്ഫോർമറുകളും അനുബന്ധ ഉപകരണങ്ങളും

സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. മുഖാന്തരം 9.537 കോടി രൂപയുടെ പദ്ധതി പ്രവർത്തനപുരോഗതിയിലാണ്. ഇതിൽ വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ അടാട്ട്, കൈപ്പറമ്പ്, തോളൂർ ഗ്രാമപഞ്ചായത്തുകളിലെ കോൾപ്പടവുകളും ഉൾപ്പെടുന്നുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ തൃശ്ശൂർ- പൊന്നാനി മേഖലയിലെ കോൾപ്പടവുകളിലെ യന്ത്രവൽക്കരണത്തിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് 2.497 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിവഴി ഒരു അഗ്രോ എക്സ്കവേറ്റർ, ഒരു മിനി എക്സ്കവേറ്റർ, ആറ് ട്രാൻസ്പ്ലാന്റർ, 15 റോട്ടോടില്ലർ, ഒരു ട്രക്ക് എന്നിവ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ഈ യന്ത്രങ്ങൾ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ അടാട്ട്, കൈപ്പറമ്പ്, തോളൂർ ഗ്രാമപഞ്ചായത്തുകളിലെ പാടശേഖരങ്ങൾ ഉൾപ്പെടെയുള്ള മുഴുവൻ പദ്ധതി പ്രദേശത്തിന്റെയും പൊതുവായ ഉപയോഗത്തിനുള്ളതാണ്. കൂടാതെ മേൽ പരാമർശിച്ച പാടശേഖരങ്ങൾ ഉൾപ്പെടെയുള്ള മുഴുവൻ പദ്ധതി പ്രദേശങ്ങളിലെയും ഉപയോഗത്തിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ തൃശ്ശൂർ ജില്ലാ ഓഫീസിൽ 50 കൊയ്ത്തുമെതി യന്ത്രങ്ങൾ, 5 ട്രാക്ടറുകൾ, 30 പവർടില്ലറുകൾ, 7 നടീൽ യന്ത്രങ്ങൾ എന്നിവ നിലവിൽ ലഭ്യമാണ്. പുഴയ്ക്കൽ തോടിന്റെ വലത് ബണ്ടിൽ റിവർ ടൂറിസം ഭാഗത്ത് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെയും പതിയാർക്കുളങ്ങര തടയണ (VCB)-യുടെ പദ്ധതിയും Rural Infrastructure Development Fund (RIDF) XXII-ലെ സേവിംഗ്സ് തുക ഉപയോഗപ്പെടുത്തി നടത്തുന്നതിനുവേണ്ട അനുമതിക്കായി പ്രോജക്ട് തയ്യാറാക്കിവരികയാണ്. കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ സൂക്ഷിക്കുന്നതിന് ഗോഡൗണുകൾ സ്ഥലലഭ്യതയ്ക്കനുസരിച്ച് നബാർഡ് ധനസഹായത്തോടെ നിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ്, നബാർഡ്, RIDF അടിസ്ഥാന വികസന പദ്ധതിയിൽ ഉൾപ്പെട്ട ഘടകങ്ങളുടെ പണി പൂർത്തീകരിക്കുന്നതോടെ കോൾമേഖലയിൽ സുസ്ഥിര വികസനം സാദ്ധ്യമാകുന്നതാണ്. അടാട്ട്, കൈപ്പറമ്പ്, തോളൂർ മേഖലകളിലെ കോൾപ്പാടങ്ങളുടെ മാനേജ്മെന്റ് മാക്രോ ലെവലിൽനിന്നും മൈക്രോ ലെവലിലേയ്ക്ക് മാറ്റണമെന്ന ആവശ്യവും പരിശോധിക്കുന്നതാണ്.

(7) നാദാപുരത്തെ കിഫ്ബി റോഡുകളുടെ നിർമ്മാണം

ശ്രീ. ഇ. കെ. വിജയൻ: നാദാപുരം നിയോജകമണ്ഡലത്തിലെ കിഫ്ബി റോഡുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയമാണ് എനിക്ക് ഉന്നയിക്കാനുള്ളത്. ഇതിനകം പൂർത്തീകരിച്ച് ഉദ്ഘാടനം നടന്ന റോഡുകളുമുണ്ട്. എന്നാൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച റോഡുകളുടെ പണി ത്വരിതപ്പെടുത്തേണ്ടതുണ്ട്. Financial Sanction-ഉം സാങ്കേതിക അനുമതിയും ലഭിച്ച റോഡുകളുടെ പണിയും ത്വരിതപ്പെടുത്തേണ്ടതുണ്ട്; ഇക്കാര്യങ്ങളാണ് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. തൊട്ടിൽപ്പാലം-

കുണ്ടുതോട് റോഡ് ടെണ്ടറായതാണെങ്കിലും പണി തുടങ്ങിയിട്ടില്ല. കുളങ്ങരത്ത്-നമ്പിത്താൻകുണ്ട്-വിലങ്ങാട്-വല്യക്ക് റോഡ് ടെണ്ടറായതാണ്, പക്ഷേ, അതിന്റെ പണി തുടങ്ങിയിട്ടില്ല. മലയോര ഹൈവേ (പുല്ലുവാ മുതൽ തൊട്ടിൽപ്പാലം വരെയുള്ള റീച്ച്) ടെണ്ടർ നടപടിയിലെത്തിയതാണ്, അതിന്റെ പണിയും വേഗത്തിലാക്കേണ്ടതുണ്ട്. കായപ്പനിച്ചി-കുന്നംചിറ-ഇടച്ചേരി-പുതിയങ്ങാടി റോഡിന്റെ അലൈൻമെന്റ് മാറ്റം കിഫ്ബി യോഗത്തിൽ അംഗീകരിച്ചതാണ്, അതിന്റെ പണിയും പൂർത്തീകരിക്കേണ്ടതുണ്ട്. മൂന്നാംകൈ-കരിങ്ങാട്-കൈവേലി റോഡിന്റെ പ്രവൃത്തി കിഫ്ബിയുടെ നടപടിക്രമങ്ങളനുസരിച്ച് നടത്താൻ കഴിയില്ലെന്ന് പറഞ്ഞിരുന്നു. പക്ഷേ, അതിനുശേഷം Pradhan Mantri Gram Sadak Yojana (PMGSY) പ്രകാരം പണി നടത്തുന്നതിനെക്കുറിച്ചുള്ള ആലോചനയാണ് കിഫ്ബി നടത്തിയിരുന്നത്. അതും ഇപ്പോൾ എങ്ങുമെത്താതെ നിൽക്കുകയാണ്. വടകര-വില്ല്യാപ്പള്ളി-ചേലക്കാട് റോഡിന്റെ പണിയും ത്വരിതപ്പെടുത്തേണ്ടതുണ്ട്. ബഹുമാനപ്പെട്ട മന്ത്രിതന്നെ മുൻകയ്യെടുത്ത് റോഡ് നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കോഴിക്കോട് ജില്ലയിലെ നാദാപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി പ്രഖ്യാപിച്ച നിരത്ത് പ്രവൃത്തികളുടെ പുരോഗതിയാണ് ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടിരിക്കുന്നത്. പ്രധാനമായും ആറ് പ്രവൃത്തികൾ സംബന്ധിച്ചാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. തൊട്ടിൽപ്പാലം-കുണ്ടുതോട് റോഡ് പ്രവൃത്തിക്ക് 14.75 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ടെണ്ടർ അപ്രൂവൽ കമ്മിറ്റി നൽകിയതനുസരിച്ച് കരാറുകാരന് നവംബർ 1-ന് letter of acceptance നൽകിയിട്ടുണ്ട്. കരാർ ഒപ്പുവയ്ക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. കരാറിൽ ഏർപ്പെട്ടശേഷം പ്രവൃത്തി ആരംഭിക്കാനുള്ള നിർദ്ദേശം ഫീൽഡ് എഞ്ചിനീയർമാർക്ക് നൽകുന്നതാണ്. കുളങ്ങരത്ത്-നമ്പിത്താൻകുണ്ട്-വിലങ്ങാട്-വല്യക്ക് റോഡ് പ്രവൃത്തിക്ക് 42.9471 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയതാണ്. പ്രവൃത്തിയുടെ ടെണ്ടറിന് അനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയുടെ മാനദണ്ഡപ്രകാരം letter of acceptance നൽകാനായി Work Breakdown Structure (WBS), project acquisition document, execution document, tender file, letter of acceptance file എന്നിവയ്ക്ക് അംഗീകാരം ലഭിക്കേണ്ടതുണ്ട്. ഇതെല്ലാം പൂർത്തിയാക്കി letter of acceptance കരാറുകാരന് നൽകി പ്രവൃത്തി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കും. മൂന്നാമത്തേത്, മലയോര ഹൈവേ (പുല്ലുവാ-തൊട്ടിൽപ്പാലം) പ്രവൃത്തിക്ക് 88.13 കോടി രൂപയുടെ സാമ്പത്തികാനുമതിയും സ്ഥലലഭ്യതയുള്ള

പ്രദേശത്തെ റോഡ് പ്രവൃത്തിക്ക് 49.22 കോടി രൂപയുടെ ഭാഗിക സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ഒക്ടോബർ 29-ന് പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. 17-11-2021-ന് സാങ്കേതിക ബിഡ് ഓപ്പൺ ചെയ്യുന്നതാണ്. ടെണ്ടർ നടപടി പൂർത്തിയാക്കി അംഗീകാരം നേടിയതിനുശേഷം കരാർ നൽകുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്. ഒരാഴ്ചകൊണ്ട് സാങ്കേതിക ബിഡ് ഓപ്പൺ ചെയ്യുന്നതാണ്. കായപ്പനച്ചി-കുന്നംചിറ-ചുണ്ടയിൽ-പുതിയങ്ങാടി റോഡ് പ്രവൃത്തിക്ക് 20 കോടി രൂപയുടെ തത്വത്തിലുള്ള അനുമതി ലഭിച്ചിരുന്നു. ഈ പ്രവൃത്തി കായപ്പനിച്ചി-കുന്നുംച്ചിറ-ഇടച്ചേരി-പുതിയങ്ങാടി എന്ന് പുനർനാമകരണം ചെയ്യണമെന്ന ആവശ്യം പരിശോധിച്ചുവരുന്നു. മൂന്നാംകൈ-കരിങ്ങാട് റോഡ് നിർമ്മാണത്തിന് 20 കോടി രൂപയുടെ തത്വത്തിലുള്ള അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ PMGSY മാനദണ്ഡപ്രകാരമുള്ള എസ്റ്റിമേറ്റ് 1.10.2021-ൽ സാങ്കേതികാനുമതി ലഭിക്കുന്നതിനായി കേരള റോഡ് ഫണ്ട് ബോർഡിൽനിന്ന് കിഫ്ബിയിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. 3.80 മീറ്റർ വീതിയിൽ നിലവിലുള്ള ക്യാരേജ് വേയിൽ Bitumen Macadam and Bitumen Concrete (BM & BC) നിലവാരത്തിലുള്ള റോഡ് നിർമ്മിക്കുന്നതിനായി 28.936 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റാണ് നൽകിയിരിക്കുന്നത്. അത് കിഫ്ബിയിൽ പരിശോധനയിലാണ്. അവസാനത്തേത്, വടകര-വില്ല്യാപ്പള്ളി-ചേലക്കാട് റോഡാണ്. ഈ പ്രവൃത്തിക്ക് 58.299 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. ഫ്രീ സറണ്ടറായി ഭൂമി വിട്ടുനൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സ്ഥലം ലഭ്യമാക്കുന്നതിനുള്ള സർവ്വേ നടപടികൾ പുരോഗമിക്കുന്നു. ഈ ആറ് പ്രവൃത്തികളും കിഫ്ബിയുമായി ബന്ധപ്പെട്ട് Kerala Road Fund Board (KRFB) ഏറ്റെടുത്ത് നടത്തുന്നതാണ്. നാദാപുരം നിയോജകമണ്ഡലം കണ്ണൂർ-കോഴിക്കോട് ജില്ലാതിർത്തിയിലാണ്. കണ്ണൂർ എയർപോർട്ടിലേയ്ക്ക് വരുന്ന വഴികൂടിയുള്ള ഒരു നിയോജകമണ്ഡലമാണ്. ആ നിലയിൽ പ്രാധാന്യത്തോടുകൂടിത്തന്നെ ശ്രീ. ഇ. കെ. വിജയൻ ഉന്നയിച്ചിട്ടുള്ള ഈ വിഷയത്തെ കാണുന്നതാണ്. നാദാപുരം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ സംബന്ധിച്ച ഒരു പ്രത്യേക യോഗം ബന്ധപ്പെട്ട വകുപ്പ് മേധാവികളോട് വിളിച്ചുചേർക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നതാണ്.

### (8) കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ്

ശ്രീ. യു. എ. ലത്തീഫ്: സർ, മഞ്ചേരി മുനിസിപ്പാലിറ്റിയുടെ ഇന്ദിരാ ഗാന്ധി ബസ് സ്റ്റാൻഡിൽ യു.ഡി.എഫ്. ഭരണകാലത്ത് കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ് അനുവദിച്ചിരുന്നു. മഞ്ചേരി നഗരസഭ ഈ ഓഫീസിന് ആവശ്യമായ

കെട്ടിടം സൗജന്യമായി നൽകുകയും ചെയ്തു. കെ.എസ്.ആർ.ടി.സി. ബസ്സുകൾ സ്റ്റാൻഡിൽ വരികയും ആളുകളെ കയറ്റുകയും ഇറക്കുകയും ചെയ്തുകൊണ്ടിരുന്നു. ദീർഘദൂര യാത്രക്കാർക്ക് ഇത് വലിയ അനുഗ്രഹമായിരുന്നു. എന്നാൽ, ഈ ഓഫീസിന്റെ പ്രവർത്തനം കുറച്ചുകാലമായി നിർത്തിയതിന്റെ ഫലമായി യാത്രക്കാർ വലിയ പ്രയാസമാണ് അനുഭവിക്കുന്നത്. ഞാൻ എം.എൽ.എ. ആയ ഉടൻതന്നെ ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിക്ക് ഇതുസംബന്ധിച്ച് ഒരു നിവേദനം നൽകിയിരുന്നു. ഇനിയും മുമ്പത്തെ പോലെതന്നെ മുനിസിപ്പൽ കെട്ടിടത്തിൽ ഈ ഓഫീസിന് സൗകര്യം ചെയ്യാമെന്ന് മഞ്ചേരി മുനിസിപ്പൽ ചെയർപേഴ്സൻ ശ്രീമതി വി. എം. സുബൈദ അറിയിച്ചിട്ടുണ്ട്. അതുകൊണ്ട് മഞ്ചേരി ഐ.ജി.ബി.റ്റി. ബസ്സ് സ്റ്റാൻഡിൽ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പുനഃസ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കണമെന്ന് മഞ്ചേരിയിലെ ജനങ്ങൾക്കുവേണ്ടി ഞാൻ ആവശ്യപ്പെടുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, മഞ്ചേരിയിൽ മുനിസിപ്പൽ ബസ് സ്റ്റാൻഡിൽ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പുനഃസ്ഥാപിക്കാനാണ് ബഹുമാനപ്പെട്ട അംഗം സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്. 2012-ൽ പ്രവർത്തനമാരംഭിച്ച മഞ്ചേരി ഐ.ജി.ബി.റ്റി. ബസ് സ്റ്റാൻഡിൽക്കൂടി വളരെ കുറച്ച് ബസ്സുകൾ മാത്രമാണ് സർവ്വീസിനായി വരികയും പോകുകയും ചെയ്യുന്നത്. മലപ്പുറം, പെരിന്തൽമണ്ണ, നിലമ്പൂർ എന്നീ യൂണിറ്റുകളിൽനിന്നും മഞ്ചേരിയിലേയ്ക്കും മഞ്ചേരിയിലെ പരിസര പ്രദേശങ്ങളിലേയ്ക്കും മതിയായ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനാൽ മഞ്ചേരിയിൽനിന്ന് കൂടുതൽ സർവ്വീസുകൾ ആരംഭിക്കേണ്ട ആവശ്യകതയില്ലാത്തതും സാമ്പത്തിക പ്രതിസന്ധി ഉണ്ടാക്കിയതിനാലുമാണ് മഞ്ചേരി ബസ് സ്റ്റാൻഡിലെ സ്റ്റേഷൻ മാസ്റ്ററുടെ ഓഫീസ് 3-9-2017-ൽ നിർത്തലാക്കിയത്. ഒരു ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ സൗജന്യമായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ഒരുക്കിത്തന്നാൽപോലും ഒരു ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുമ്പോൾ പ്രതിവർഷം പ്രവർത്തനച്ചെലവിനത്തിൽ 50 ലക്ഷത്തോളം രൂപയാണ് കോർപ്പറേഷന് അധിക ബാദ്ധ്യത വരുന്നത്. കൂടുതൽ യാത്രക്കാർ ബസ് സ്റ്റാൻഡിനെ ആശ്രയിക്കുകയും കൂടുതൽ ബസ്സുകൾ ആവശ്യമായി വരുന്ന സാഹചര്യത്തിലും ഭാവിയിൽ കെ.എസ്.ആർ.ടി.സി-ക്കും പൊതുജനങ്ങൾക്കും ഗുണകരമായ രീതിയിൽ മഞ്ചേരി ബസ് സ്റ്റാന്റ് കേന്ദ്രീകരിച്ച് ഒരു സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പുനരാരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(9) <u>കുറ്റ്യാടി താലൂക്കാശുപത്രി വികസനം</u>

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, വടകര താലൂക്കിലെ കിഴക്കൻ മലയോരമേഖലയിലെ ഏക ആതുരാലയമാണ് കുറ്റ്യാടി താലൂക്കാശുപത്രി. കുന്നംപുറം ബ്ലോക്കിലെ ഏഴ് പഞ്ചായത്തുകളും പേരാമ്പ്ര ബ്ലോക്കിലെ ചങ്കരോത്ത് പഞ്ചായത്ത്, വയനാട് ജില്ലയിലെ തൊണ്ടർനാട്, വെള്ളമുണ്ട പഞ്ചായത്തുകൾ എന്നിവിടങ്ങളിലെ ജനങ്ങളുടെ ആശ്രയകേന്ദ്രമാണ് കുറ്റ്യാടി താലൂക്കാശുപത്രി. മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് സ്ഥാപിച്ച മെറ്റേണിറ്റി സെന്ററാണ് 1958-ൽ മഹാനായ ഇ.എം.എസ്-ന്റെ ഭരണകാലത്ത് പ്രൈമറി ഹെൽത്ത് സെന്ററായി ഉയർത്തിയത്. 1996-ൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയ പ്രസ്തുത സ്ഥാപനം ഇപ്പോൾ താലൂക്കാശുപത്രിയായി പ്രവർത്തിച്ചുവരികയാണ്. 104 കിടക്കകളുള്ള ഈ ആശുപത്രിയിൽ ദിനംപ്രതി 1200-റോളം രോഗികൾ ഒ.പി-യിൽ എത്തുന്നു. ശരാശരി 300-ഓളം രോഗികൾ കാഷ്വാലിറ്റിയിലും 30-ഓളം രോഗികൾ ഐ.പി-യിലുമെത്തുന്നു. മാസത്തിൽ ശരാശരി 30 പ്രസവവും വർഷത്തിൽ 455 ശസ്ത്രക്രിയകളും നടക്കുന്നുണ്ട്. നാട്ടുകാർ മുൻകയ്യെടുത്ത് 66 രോഗികൾക്ക് ഡയാലിസിസ് സേവനവും നടത്തുന്നുണ്ട്. പ്രസ്തുത കേന്ദ്രം താലൂക്കാശുപത്രിയുടെ പൂർണ്ണനിയന്ത്രണത്തിൽ കൊണ്ടുവരേണ്ടതാണ്. ജലവിഭവ വകുപ്പിൽനിന്ന് വിട്ടുകിട്ടിയ 50 സെന്റ് സ്ഥലത്ത് കെട്ടിടം നിർമ്മിക്കാനാവശ്യമായ നടപടി ആരംഭിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനായി 2 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സ്റ്റാഫ് ക്വാർട്ടേഴ്സ് അടിയന്തരമായി നിർമ്മിക്കേണ്ടതുണ്ട്. കാഷ്വാലിറ്റിയിൽ നാല് ഡോക്ടർമാരെയാണ് അനുവദിച്ചിരുന്നതെങ്കിലും രണ്ടുപേരുടെ സേവനം മാത്രമേ ലഭിക്കുന്നുള്ളൂ. വർക്കിംഗ് അറേഞ്ച്മെന്റിൽ രണ്ടുപേർ ഇപ്പോൾ പുറത്താണ്. നാലുപേരുടെ സേവനം ഉറപ്പുവരുത്തുന്നതോടൊപ്പം രണ്ട് പുതിയ തസ്തികകൾകൂടി അനുവദിക്കണം. താലൂക്കാശുപത്രിയായി ഉയർത്തിയെങ്കിലും സ്റ്റാഫ് പാറ്റേൺ പഴയതുതന്നെയാണ്. ആശുപത്രിയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് 44 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഒന്നാംഘട്ടമായി 20 കോടി രൂപയുടെ ഡി.പി.ആർ-ഉം സമർപ്പിച്ചിട്ടുണ്ട്. പുതിയ ആശുപത്രി ബ്ലോക്കിന്റെയും സ്റ്റാഫ് ക്വാർട്ടേഴ്സിന്റെയും നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കണമെന്നും ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്നും വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, കോഴിക്കോട്

ജില്ലയിലെ കുന്നമ്മൽ ബ്ലോക്കിൽ സ്ഥിതിചെയ്യുന്ന കുറ്റ്യാടി താലൂക്കാശുപത്രിയിൽ 104 കിടക്കകളാണ് അനുവദിച്ചിട്ടുള്ളത്. ഈ ആശുപത്രിയിൽ കോവിഡ് മഹാമാരിക്കുമുമ്പുള്ള പ്രതിദിന ഒ.പി. 1200-ഉം ഐ.പി. 30-ഉം ആയിരുന്നു. മുന്നൂറോളം രോഗികൾക്ക് കാഷ്വാലിറ്റി സേവനവും നൽകിവന്നിരുന്നു. കോവിഡ് സാഹചര്യത്തെത്തുടർന്ന് പ്രതിദിന ശരാശരി ഒ.പി. 400-ഉം ഐ.പി. 5-മായി ചുരുങ്ങിയിട്ടുണ്ട്. നൂറ്റിഎഴുപതോളം രോഗികൾക്ക് നിലവിൽ കാഷ്വാലിറ്റി സേവനവും നൽകിവരുന്നു. ഓർത്തോ, പീഡിയാട്രിക്, ഒഫ്ത്താൽമോളജി, സർജറി, ജനറൽ മെഡിസിൻ, ഗൈനക്കോളജി, അനസ്തേഷ്യ, ദന്തൽ എന്നീ സ്പെഷ്യാലിറ്റി സേവനങ്ങളും 24 മണിക്കൂറും പ്രവർത്തിക്കുന്ന ലബോറട്ടറി സൗകര്യവും ഇവിടെ ലഭ്യമാണ്. കൂടാതെ ഫാർമസി, എക്സ്-റേ എന്നീ സൗകര്യങ്ങളും നിലവിലുണ്ട്. കോവിഡ് മഹാമാരിക്കുമുമ്പ് ഓർത്തോ വിഭാഗത്തിൽ അറുപതോളവും സർജറി വിഭാഗത്തിൽ നാന്നൂറ്റമ്പതോളവും ശസ്ത്രക്രിയകൾ നടന്നുവന്നിരുന്നു. എൻഡോസ്കോപ്പി, അൾട്രാ സോണോഗ്രാം എന്നിവയും ഓപ്പറേഷൻ തിയേറ്ററിനോടനുബന്ധിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. 108 ആംബുലൻസ്, ദേശീയ ആരോഗ്യ മിഷനിൽനിന്ന് ലഭ്യമായ ആംബുലൻസ് എന്നിവയുടെ സേവനം ടി ആശുപത്രിയിൽ ലഭ്യമാണ്. 12 ഡയാലിസിസ് കിടക്കകളോടുകൂടിയ ഡയാലിസിസ് സെന്റർ ഇവിടെയുണ്ട്. മൂന്ന് ഷിഫ്റ്റുകളിലായി പ്രതിദിനം 33 രോഗികൾക്ക് ഡയാലിസിസ് നൽകിവരുന്നു. കോവിഡ് പ്രതിരോധപ്രവർത്തനത്തിന്റെ ഭാഗമായി ആർ.ടി.പി.സി.ആർ., ട്രൂനാറ്റ്, ആന്റിജൻ തുടങ്ങിയ ടെസ്റ്റുകളും കോവിഡ് ചികിത്സയും വാക്സിനേഷൻ തുടങ്ങിയവയും മികവുറ്റ രീതിയിൽ നടന്നുവരുന്നുണ്ട്. നിലവിലുള്ള ആശുപത്രി കെട്ടിടത്തിനുസമീപം ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുപയോഗിച്ച് ഒരു കോടി രൂപ ചെലവിൽ ആർ.സി.എച്ച്. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. കൂടാതെ എം.എൽ.എ. ഫണ്ടിൽനിന്നും 2 കോടി രൂപ ചെലവിൽ ഡോക്ടർമാർക്കും ജീവനക്കാർക്കും ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ബ്ലോക്ക് പഞ്ചായത്ത് മുഖേന ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനപാതയോട് ചേർന്നുള്ള ആശുപത്രിയായതിനാൽ അത്യാഹിതവിഭാഗം നവീകരിക്കുകയും വെന്റിലേറ്റർ ഉൾപ്പെടെയുള്ള കാഷ്വാലിറ്റി സംവിധാനങ്ങൾ, കേന്ദ്രീകൃത ഓക്സിജൻ സംവിധാനം എന്നിവ ഏർപ്പെടുത്തുകയുംവഴി മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളേർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. കാർഡിയാക് മോണിറ്റർ, ഐ.സി.യു. കോട്ടുകൾ, മൾട്ടി പാരാമോണിറ്ററുകൾ, ഇൻഫ്യൂഷൻ പമ്പുകൾ, ഓക്സിജൻ കോൺസൻട്രേറ്റർ, എൻ.ഐ.വി., വെന്റിലേറ്റർ, വൈദ്യുതി തടസ്സം പരിഹരിക്കാൻ ജനറേറ്റർ ഇവയെല്ലാം നവീകരിച്ച കാഷ്വാലിറ്റിയിൽ സജ്ജമാക്കിയിട്ടുണ്ട്. ഈ ആശുപത്രിക്കായി ജലവിഭവ വകുപ്പിൽനിന്ന് കൈമാറിക്കിട്ടിയ 50 സെന്റ്

സ്ഥലത്ത് ആശുപത്രിയുടെ സമഗ്ര വികസനത്തിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ ഒന്നാംഘട്ട നിർമ്മാണത്തിനുള്ള 20 കോടി രൂപയുടെ നബാർഡ് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. ഈ പ്രൊപ്പോസലിന് നബാർഡിന്റെ അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് മറ്റ് നടപടികൾ സ്വീകരിക്കുന്നതാണ്. ഇവിടെ സൂപ്രണ്ട്-1, ജൂനിയർ കൺസൾട്ടന്റ്-9, അസിസ്റ്റന്റ് സർജൻ-2, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ-4, അസിസ്റ്റന്റ് ദന്തൽ സർജൻ-1 എന്നിങ്ങനെ 17 ഡോക്ടർമാരുൾപ്പെടെ 91 സ്ഥിരം ജീവനക്കാരുടെ തസ്തികയും നിലവിലുണ്ട്. എൻ.എച്ച്.എം. മുഖാന്തരം 3 അസിസ്റ്റന്റ് സർജന്മാരുൾപ്പെടെ 11 ജീവനക്കാർ, എൽ.എസ്.ജി.ഡി. മുഖാന്തരം ഒരു അസിസ്റ്റന്റ് സർജൻ ഉൾപ്പെടെ 2 പേർ, എച്ച്.എം.സി. മുഖാന്തരം 30 പേർ, ആർ.എസ്.ബി.വൈ. മുഖാന്തരം 9 പേർ എന്നിങ്ങനെ 52 താൽക്കാലിക ജീവനക്കാരുടെ സേവനവും ലഭ്യമാണ്. കഴിഞ്ഞ സർക്കാരിന്റെ ഭരണ കാലഘട്ടത്തിൽ ഒരു ലാബ് ടെക്നീഷ്യൻ, ഒരു അസിസ്റ്റന്റ് ദന്തൽ സർജൻ എന്നിങ്ങനെ രണ്ട് തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. ഈ സർക്കാരിന്റെ ഭരണകാലഘട്ടത്തിൽ ആശുപത്രിയിൽ സ്റ്റാഫ് നഴ്സിന്റെ രണ്ട് തസ്തികകൾകൂടി പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ആരോഗ്യ കേന്ദ്രമെന്ന നിലയ്ക്ക് കുറ്റ്യാടി താലൂക്കാശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെയും മറ്റ് പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തികകൾ കൂടുതലായി അനുവദിക്കുന്ന കാര്യം സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ച് പരിശോധിക്കുന്നതാണ്.

(10) <u>ജനിതകരോഗ ബോധവൽക്കരണവും സ്ക്രീനിംഗ് ക്യാമ്പുകളും</u>

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ താമസക്കാരായ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ ജോലി ചെയ്യുന്ന ശ്രീ. നൗഫൽ, അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി സഫീന എന്നീ ദമ്പതികൾ 2015 ജനുവരിയിലാണ് വിവാഹം കഴിഞ്ഞത്. കല്യാണം കഴിഞ്ഞ് ഒരു വർഷവും ഏതാനും മാസങ്ങളും പിന്നിടുമ്പോൾ അവർക്ക് ആദ്യത്തെ കുഞ്ഞുണ്ടായി. ജനനസമയത്ത് കുഞ്ഞിന് യാതൊരു പ്രശ്നങ്ങളും ലക്ഷണങ്ങളും കണ്ടിരുന്നില്ല. രണ്ടുമൂന്ന് മാസം കഴിഞ്ഞപ്പോൾ കുഞ്ഞിന്റെ കൈകാലുകൾക്ക് ശേഷിക്കുറവുവന്നു. ശ്വസിക്കാൻ കുഞ്ഞിന് ബുദ്ധിമുട്ടായിത്തുടങ്ങി. ഏതാണ്ട് അഞ്ചര മാസമായപ്പോഴേയ്ക്കും അസുഖമെന്താണെന്ന് കണ്ടെത്താനാകാതെ, ചികിത്സ നൽകാൻ കഴിയാതെ ആ കുട്ടിമരിച്ചുപോയി. അതിനുശേഷം രണ്ടുവർഷംകഴിഞ്ഞ് 2018-ൽ ഇവർക്ക് അടുത്ത കുഞ്ഞ് ജനിച്ചു. ഇത്തവണ ഒരു പെൺകുഞ്ഞായിരുന്നു. ആ കുഞ്ഞിനും ജന്മനാ പ്രശ്നങ്ങളൊന്നും കണ്ടില്ല. രണ്ടുമാസം കഴിഞ്ഞ് ഇതുപോലുള്ള പ്രശ്നങ്ങൾ അനുഭവപ്പെടാൻ തുടങ്ങിയപ്പോൾ പല ആശുപത്രികളിലും

പോയി. അമൃത ആശുപത്രിയിൽ പ്രാക്ടീസ് ചെയ്യുന്ന ജനറ്റിക് പീഡിയാട്രീഷ്യൻ ഡോ. ഷീല നമ്പൂതിരിയാണ് ഇത് Spinal Muscular Atrophy (SMA) ആണെന്ന് തിരിച്ചറിഞ്ഞത്. അഞ്ചര മാസമാകുമ്പോഴേയ്ക്കും ആ കുഞ്ഞും മരിച്ചു. കണ്ണൂരിലെ മുഹമ്മദ് എന്ന കുട്ടിക്ക് 18 കോടിരൂപ ചികിത്സാച്ചെലവിന് ക്രൗഡ് ഫണ്ടിംഗ് വേണ്ടിവന്നപ്പോഴാണ് ഇത്തരത്തിലുള്ള അസുഖത്തെ സംബന്ധിച്ച് നമ്മളിൽ പലരും അറിയുന്നതും അതിനെ സംബന്ധിച്ച പ്രചരണം നടക്കുന്നതും. ഇതൊന്നും അറിയാതെയും മനസ്സിലാക്കാതെയും നിരവധിയാളുകളാണ് ഈ വലിയ പ്രയാസത്തിനുമുമ്പിൽ സാമൂഹ്യമായി, സാമ്പത്തികമായി, മാനസികമായി തകർച്ച നേരിടുന്നത്. ഞാൻ ആ കുടുംബാംഗങ്ങളോട് സംസാരിച്ചു. സംസാരിക്കാനുള്ള മാനസിക നിലയിൽപ്പോലും രക്ഷിതാക്കൾക്കെത്താൻ കഴിയുന്നില്ല. SMA ഉൾപ്പെടെയുള്ള ജനിതകരോഗങ്ങൾ നമുക്കിടയിൽ വ്യാപകമാകുകയാണ്. ഇവ തടയാൻ കഴിയുമെന്നിരിക്കെ ഇത്തരം പ്രയാസങ്ങളിലേയ്ക്ക് പൊതുസമൂഹം expose ചെയ്യപ്പെടേണ്ട സാഹചര്യം അവസാനിപ്പിക്കാൻ ഗവൺമെന്റുതലത്തിൽ ശക്തമായ ബോധവൽക്കരണവും പ്രചരണവും ഇടപെടലുകളും നടത്തണമെന്നാണ് ഞാൻ ഉന്നയിക്കാൻ ആഗ്രഹിക്കുന്നത്. ഇതിന് രണ്ട് രീതികളുണ്ട്. ഡോക്ടറിൽനിന്നും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ അറിയാൻ കഴിഞ്ഞത്, ജനിതക രോഗങ്ങളിൽ ഒന്നോ രണ്ടോ മൂന്നോ എണ്ണത്തിന്റെ വാഹകരാണ് നമ്മളിൽ പലരും. എന്നാൽ ആ വാഹകർ മറ്റൊരാളെ കല്യാണം കഴിക്കുമ്പോൾ ചിലപ്പോൾ ഈ രോഗത്തോടെയുള്ള കുഞ്ഞ് ജനിക്കുന്നതിന് സാദ്ധ്യത കൂടുതലാണ്. Genetic screening നടക്കുന്നില്ല. വികസിത രാജ്യങ്ങളിൽ നടക്കുന്നതുപോലെ വിവാഹത്തിനുമുമ്പുതന്നെ അത്തരം സ്ക്രീനിംഗുകൾ നടത്തണം. ഒരുപക്ഷേ, ഇവർ തമ്മിലുള്ള വിവാഹം ഒഴിവാക്കിയാൽ മറ്റൊരു വിവാഹത്തിലൂടെ അവർക്ക് ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് ചിലപ്പോൾ ഈ അസുഖം വരണമെന്നില്ല. വിവാഹശേഷം ഗർഭധാരണത്തിനുമുമ്പ് ഇത്തരം പരിശോധനകൾ നടത്തേണ്ടത് അനിവാര്യമാണെന്ന് പറയുന്നു. ഡോ. അഷ്റഫുമായി ഇക്കാര്യങ്ങൾ സംസാരിച്ചപ്പോൾ അദ്ദേഹം പറയുന്നത്, ഇത് നേരത്തെ കണ്ടെത്താൻ കഴിയുമെന്നാണ്. നമ്മളിപ്പോൾ സാംക്രമിക രോഗങ്ങളെയും പനിയെയും പകർച്ചാരോഗങ്ങളെയും സംബന്ധിച്ച് വലിയ ബോധവത്കരണം നടത്തുന്നുണ്ട്. SMA, Thalassemia, Citrullinemia, Tay Sachs, Duchenne Muscular dystrophy തുടങ്ങി ധാരാളം ജനിത രോഗങ്ങൾ genetic screening നടക്കാത്തതുകൊണ്ട് അടുത്ത തലമുറയിലേയ്ക്ക് പകർന്ന് ചികിത്സിക്കാൻ പത്തും പതിനെട്ടും കോടി രൂപ ചെലവുവരുന്ന ദുരവസ്ഥയിലേയ്ക്ക് ചെന്നെത്തുകയും അതിൽനിന്നും ആളുകൾക്ക് രക്ഷപ്പെടാൻ കഴിയാത്ത സാഹചര്യമുണ്ടാകുകയുമാണ്. ക്രൗഡ് ഫണ്ടിംഗ് എല്ലാവരെയും സംബന്ധിച്ചിടത്തോളം സാദ്ധ്യമായ കാര്യമല്ല. കേരളത്തിന്റെ health standard വച്ച് സാംക്രമികരോഗങ്ങളിൽ മാത്രം നമ്മുടെ ബോധവത്ക്കരണവും അത് തടയാനുള്ള ശ്രമങ്ങളും അവസാനിപ്പിക്കാതെ genetic

screening വ്യാപകമായി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നടത്തണം. വിവാഹപൂർവ്വം genetic screening നടത്തേണ്ടത് അനിവാര്യതയാക്കി മാറ്റണം. അതിന് കാമ്പയിൻ നടത്തണം ഇത്തരം സംഭവങ്ങളെ ഒഴിവാക്കാൻ സഹായിക്കുമെന്നുള്ള ഒരു കമ്മ്യൂണിക്കേഷൻ ജനങ്ങളുടെ മനസ്സിലേയ്ക്ക് നടത്താൻ കഴിയാവുന്ന ഇടപെടലുകൾ നടത്തണം. നമ്മുടെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആരംഭിക്കുന്ന കാമ്പയിനുമായി സഹകരിക്കാൻ ഒട്ടേറെ പ്രൈവറ്റ് സ്ഥാപനങ്ങൾ തയ്യാറാണെന്നുപറഞ്ഞ് രംഗത്തുവരുന്നുണ്ട്. അത്തരം സ്ഥാപനങ്ങളെക്കൂടി വിശ്വാസത്തിലെടുത്ത് എത്രയുംപെട്ടെന്ന് കേരളത്തിന്റെ ആരോഗ്യരംഗത്ത് അനിവാര്യമായ ഇടപെടൽ നടത്താൻ സർക്കാരിന്റെ ഭാഗത്തുനിന്ന് ഇടപെടലുണ്ടാകണം. കാരണം ഇത് ബാധിച്ച കുടുംബങ്ങളിലെ അംഗങ്ങൾ സാമൂഹ്യമായും സാമ്പത്തികമായും മാനസികമായും പാടെ തകരുകയാണ്. പ്രതിരോധിക്കാൻ കഴിയാവുന്ന അസുഖങ്ങളാണെങ്കിൽ അത് പ്രതിരോധിക്കപ്പെടേണ്ടതാണ്. അതിനുള്ള ഇടപെടലുകൾ ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഗൗരവമായ ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. ജീനുകളുടെ മ്യൂട്ടേഷൻ വഴിയുണ്ടാകുന്ന രോഗത്തെ സംബന്ധിച്ചും അത് എങ്ങനെയാണ് തടയാൻ കഴിയുന്നതെന്നത് സംബന്ധിച്ചുമുള്ള പ്രശ്നമാണ് അദ്ദേഹം ഉന്നയിച്ചത്. ചിലത് ഏകജീനുകളുടെയും മറ്റുചിലത് നിരവധി ജീനുകളുടെയും തകരാറുകൊണ്ട് സംഭവിക്കുന്ന രോഗങ്ങളാണ്. അതിൽ ഏകജീനുകളുടെ വ്യതിയാനം കൊണ്ടുണ്ടാകുന്ന രോഗങ്ങളുടെ കൂട്ടത്തിൽ അരിവാൾ രോഗം, താലിസീമിയ എന്നിവയുൾപ്പെടുന്നു. നിരവധി ജീനുകളുടെ മാറ്റം കൊണ്ടുണ്ടാകുന്ന രോഗങ്ങളുടെ കൂട്ടത്തിൽ ഹൃദയസംബന്ധമായ രോഗങ്ങൾ, കാൻസർ, ഡയബറ്റിസ് എന്നിവയുൾപ്പെടുന്നു. പ്രത്യേക ജനിതകരോഗം ചില പ്രദേശങ്ങളിൽ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾ അതിനുള്ള സ്ക്രീനിംഗ് ഇപ്പോൾ നടത്തുന്നുണ്ട്. അരിവാൾ രോഗം ചില വിഭാഗങ്ങളിൽ കൂടുതലായി കണ്ടുവരുന്നു. സർക്കാർ തലത്തിൽ ചികിത്സാ സൗകര്യവും രോഗികളുടെ സാമൂഹ്യ ഉന്നമനത്തിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഇന്ത്യയിലെ മറ്റുസംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും കുറഞ്ഞ ശിശു മരണനിരക്കുള്ള സംസ്ഥാനമാണ് കേരളം. റിപ്പോർട്ട് ചെയ്യപ്പെടുന്ന ശിശുമരണങ്ങളിൽ ജനിതക രോഗങ്ങൾമൂലമുള്ള മരണങ്ങൾ ഉൾപ്പെടുന്നുണ്ട്. ജനിതകരോഗം ബാധിച്ച കുട്ടികൾക്കുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് സർക്കാർ മുൻഗണന നൽകിവരുന്നു. ഹീമോഫീലിയ എന്ന ജനിതകരോഗം ശരീരത്തിൽ രക്തം കട്ടപിടിക്കുന്നതിനുള്ള

ഘടകങ്ങളായ ഫാക്ടർ 8, ഫാക്ടർ 9 എന്നിവയുടെ അഭാവംമൂലമുണ്ടാകുന്ന ഒരു പാരമ്പര്യരോഗമാണ്. ഇപ്പോൾ ആലുവ ജില്ലാ ആശുപത്രിയിൽ ഹീമോഫീലിയ ബാധിതരായ രോഗികൾക്ക് ചികിത്സ ലഭ്യമാണ്. കൂടാതെ മലപ്പുറം ജില്ലയിൽ ഹീമോഫീലിയ ട്രീറ്റ്മെന്റ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആലുവയിലും തിരൂരും ഹീമോഫീലിയ രോഗികൾക്കുള്ള സ്ക്രീനിംഗ് ക്യാമ്പുകളും നടന്നുവരുന്നു. ഇപ്പോൾ സംസ്ഥാനത്ത് കണ്ടുവരുന്ന ഒരു ജനിതക രോഗമാണ് SMA. ബഹുമാനപ്പെട്ട അംഗം പറഞ്ഞ രോഗത്തിന്റെ ചികിത്സയ്ക്കായി multidisciplinary ക്ലിനിക്കുകൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. മെഡിക്കൽ കോളേജ് തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ multidisciplinary team of doctors-നെ SMA-ക്കുവേണ്ടി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ ജനിതകരോഗങ്ങൾ കണ്ടെത്തുന്നതിനും അവയുടെ തുടർചികിത്സ ഉറപ്പാക്കുന്നതിനുമായി പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ഈ സാഹചര്യത്തിൽ ജനിതക രോഗത്തെക്കുറിച്ചും ജനിതക രോഗങ്ങളുടെ ചികിത്സയും അതുപോലെ ഇത്തരത്തിലുള്ള രോഗങ്ങൾ വരാതിരിക്കാനുള്ള സാഹചര്യത്തെക്കുറിച്ചും പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തേണ്ടത് അനിവാര്യ മായതിനാൽ വിവിധ സംഘടനകളുടെ സഹായം ഉപയോഗപ്പെടുത്തി ബോധവൽക്കരണപ്രവർത്തനം വിപുലമായ രീതിയിൽ നടത്തുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ നാട്ടിൽ കണ്ടുവരുന്ന പ്രത്യേകമായ ചില ജനിതക രോഗങ്ങൾക്ക് extended family screening camp വഴി ഈ അസുഖങ്ങളുടെ വാഹകരായവരെ കണ്ടെത്തുകയും അതുവഴി അത്തരം അസുഖങ്ങൾ ഗർഭസ്ഥ ശിശുവിൽത്തന്നെ കണ്ടെത്താൻ സാധിക്കുകയും ചെയ്യും. ഇതിന്റെ ഭാഗമായി തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയോടുചേർന്ന് പ്രവർത്തിക്കുന്ന ചൈൽഡ് ഡെവലപ്മെന്റ് സെന്ററിൽ ജനിതക രോഗങ്ങൾ നിർണ്ണയിക്കുന്നതിനുള്ള സാങ്കേതികവിദ്യ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ കണ്ടുവരുന്ന ജനിതക രോഗങ്ങൾ കണ്ടെത്തുന്നതിനായി കുട്ടികളിലും ഗർഭാവസ്ഥയിൽ ഇത്തരം രോഗങ്ങൾ കണ്ടെത്തുന്നതിനായി ഗർഭിണികളിലും പരിശോധന നടത്തിവരുന്നു. ഇത്തരത്തിലുള്ള പരിശോധനകൾക്കൊപ്പം കുടുംബാംഗങ്ങൾക്കുള്ള കൗൺസിലിംഗ് സംവിധാനവും ലഭ്യമാണ്. നിലവിലെ മാർഗ്ഗരേഖകളനുസരിച്ച് ഇത്തരത്തിൽ സംശയം തോന്നുന്ന കുടുംബങ്ങളിൽ മാതാപിതാക്കളെയും കുട്ടികളെയും ഈ സെന്ററിലേയ്ക്ക് റെഫർ ചെയ്യുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. കാൻസർ ഒരു ജനിതക രോഗമായതിനാലും ഏകദേശം അഞ്ച് മുതൽ പത്ത് ശതമാനംവരെ പാരമ്പര്യ ജനിതകവ്യതിയാനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നതിനാലും മലബാർ കാൻസർ സെന്റർ, റീജിയണൽ കാൻസർ സെന്റർ എന്നിവിടങ്ങളിലും വിവിധ മെഡിക്കൽ കോളേജുകളിലുമായി ഇതുമായി

ബന്ധപ്പെട്ട പഠനങ്ങൾ നടന്നുവരുന്നു. 2010 മുതൽ മലബാർ കാൻസർ സെന്റർ നടത്തിവരുന്ന ജനിതക ക്ലിനിക്കുകൾ വഴി ഇത്തരത്തിലുള്ള കാൻസർ നേരത്തെ കണ്ടുപിടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പാരമ്പര്യ രോഗനിർണ്ണയത്തിന്റെ ഭാഗമായി next generation sequencing തുടങ്ങിയ അത്യാധുനിക സംവിധാനം ഉപയോഗിച്ച് ജനിതക പരിശോധനകൾ നടത്തിവരുന്നു. ചികിത്സയുടെ ഭാഗമായി ഇത്തരം പരിശോധനകൾ നടത്തുന്നുണ്ട്. ജനിതകപരമായി വളരെയധികം ബന്ധപ്പെട്ടുകിടക്കുന്ന വിരളമായി കാണുന്ന കാൻസറുകളെക്കുറിച്ച് റീജിയണൽ കാൻസർ സെന്റർ പഠനവുമായി മുന്നോട്ടുനീങ്ങുകയാണ്. അർബുദം, ഹൃദ്രോഗം, ഡയബറ്റിസ് തുടങ്ങിയ പകർച്ചേതരവ്യാധികൾ നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നിയന്ത്രണ പരിപാടികളും സംസ്ഥാന തലത്തിലും ദേശീയ തലത്തിലും നിലവിലുണ്ട്.

## VII നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(ii) 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(iii) 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(iv) 2021-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ

(v) 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ, 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അഞ്ചു ബില്ലുകളെ സംബന്ധിച്ച ചർച്ച ഒരുമിച്ച് നടത്താവുന്നതാണ്. പന്ത്രണ്ട് അംഗങ്ങൾ സംസാരിക്കാനുണ്ട്. സമയം വളരെചുരുക്കി എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും സംസാരിക്കണം.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സുമായി ബന്ധപ്പെട്ട പരിഷ്കാരങ്ങളുടെ ഭാഗമായി ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം മുഖേന സ്ഥാപനങ്ങളുടെ രജിസ്ട്രേഷന് അപേക്ഷ നൽകുന്നതിനും രജിസ്ട്രേഷൻ പുതുക്കുന്നതിനും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്യുന്നതിനാണ് കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ അവതരിപ്പിച്ചിരിക്കുന്നത്. രജിസ്ട്രേഷൻ നടപടികൾ ഓൺലൈനാക്കുന്നത് സ്വാഗതാർഹമാണ്. എന്നാൽ തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും തൊഴിലിടങ്ങളിലെ ചൂഷണം അവസാനിപ്പിക്കുന്നതിനും പ്രധാന ആക്ടിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കാത്തത് പ്രതിഷേധാർഹമാണ്. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരുമാനം ചെറുകിട തോട്ടം തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനും ഭരണ നിർവ്വഹണച്ചെലവ് നിർവ്വഹിക്കുന്നതിനും അപര്യാപ്തമായതിനാൽ ചെറുകിട തോട്ടം തൊഴിലാളിയും തൊഴിലുടമയും ഓരോ അർദ്ധവർഷവും സഞ്ചിതനിധിയിലേയ്ക്ക് നൽകേണ്ട അംശദായം 150 രൂപയായും സ്വയംതൊഴിൽ ചെയ്യുന്ന ഓരോ അംഗവും ഓരോ അർദ്ധവർഷവും ക്ഷേമനിധിയിലേയ്ക്ക് കൊടുക്കേണ്ട അംശദായം 360 രൂപയായും വർദ്ധിപ്പിക്കുന്നതിന് 2008-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ആക്ടിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതിനാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. തൊഴിലാളികളുടെ അംശദായം ഉയർത്തുന്നതിന് ആനുപാതികമായി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന സമീപനം സർക്കാർ സ്വീകരിച്ചിട്ടില്ല. ക്ഷേമനിധിയിൽനിന്നുള്ള വരുമാനത്തിന്റെ ഭൂരിഭാഗവും ഭരണപരമായ ചെലവുകൾക്കായി വിനിയോഗിക്കുന്ന ദൗർഭാഗ്യകരമായ സാഹചര്യമാണ് ക്ഷേമനിധി ബോർഡുകളിൽ നിലനിൽക്കുന്നത്. ഇത് ഒഴിവാക്കുന്നതിനായി ഭരണപരമായ ചെലവുകൾക്ക് വിനിയോഗിക്കുന്ന തുക പരിമിതപ്പെടുത്തുന്ന വ്യവസ്ഥ ചെയ്യേണ്ടത് അനിവാര്യമാണ്. ഇതൊന്നും ചെയ്യാതെയാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. സ്വന്തമായി തൊഴിൽ ചെയ്യുന്ന ആളുകൾ ക്ഷേമനിധിയിലേയ്ക്ക് നൽകുന്ന അധിക അംശദായം ഔദ്യോഗിക

ഗസറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിലൂടെ പുനർനിർണ്ണയിക്കുന്നതിന്റെ ആവശ്യകതയിലേയ്ക്കായി 2006-ലെ കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്ടിലെ വകുപ്പ് 4(6) ഭേദഗതി ചെയ്യുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനാണ് ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ക്ഷേമനിധിയിൽ നിന്നുള്ള വരുമാനത്തിന്റെ ഭൂരിഭാഗവും ഭരണപരമായ ചെലവുകൾക്കായി വിനിയോഗിക്കുന്ന ദൗർഭാഗ്യകരമായ സാഹചര്യമാണ് ക്ഷേമനിധി ബോർഡുകളിൽ നിലനിൽക്കുന്നത്. ഇത് ഒഴിവാക്കുന്നതിനായി ഭരണപരമായ ചെലവുകൾക്ക് വിനിയോഗിക്കാവുന്ന തുക പരിമിതപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യേണ്ടത് അനിവാര്യമാണ്. ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ വിതരണം ചെയ്യാനും ബോർഡിന്റെ ഭരണച്ചെലവുകൾ വഹിക്കാനുംവേണ്ടി ഓരോ തൊഴിലാളിയും തൊഴിലുടമയും ഉല്പാദകനും ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കേണ്ട അംശദായം 15 രൂപയായി വർദ്ധിപ്പിക്കുന്നതിനും സർക്കാർ ഗ്രാന്റായി നൽകുന്ന തുക തൊഴിലാളികളുടെ അംശദായം 75 ശതമാനമായി കുറയ്ക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനാണ് 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ അവതരിപ്പിച്ചിട്ടുള്ളത്. തൊഴിലാളികളുടെ അംശദായം ഉയർത്തിയപ്പോൾത്തന്നെ സർക്കാർ നൽകുന്ന ഗ്രാന്റ് നിലവിലുള്ളതിന്റെ 75 ശതമാനമായി കുറയ്ക്കുന്ന തൊഴിലാളിവിരുദ്ധ സമീപനമാണ് ബില്ലിലൂടെ സ്വീകരിച്ചിട്ടുള്ളത്. ക്ഷേമനിധിയിൽനിന്നുള്ള വരുമാനത്തിന്റെ ഭൂരിഭാഗവും ഭരണപരമായ ചെലവുകൾക്കായി വിനിയോഗിക്കുന്ന ദൗർഭാഗ്യകരമായ സാഹചര്യമാണ് ക്ഷേമനിധി ബോർഡുകളിൽ നിലനിൽക്കുന്നത്. ഇതെല്ലാം തൊഴിലാളി വിരുദ്ധ നിലപാടുകളാണ്. ഈറ്റത്തൊഴിലാളികൾക്കാവശ്യമായ ഈറ്റ ലഭിക്കാത്ത സാഹചര്യമുണ്ട്. അങ്ങനെയുള്ള പ്രതിസന്ധിയിലൂടെയാണ് അവർ കടന്നുപോകുന്നത്. അതുപോലെ പാവപ്പെട്ട വ്യാപാരികളും വലിയ പ്രതിസന്ധിയിലാണ്. പ്രളയവും കോവിഡും വന്നപ്പോൾ പാവപ്പെട്ട വ്യവസായികളെ സഹായിക്കാൻ ഗവൺമെന്റ് മുന്നിട്ടിറങ്ങിയില്ലെന്നതും പ്രതിസന്ധിക്കിടയാക്കി. ജനപക്ഷത്തുനിന്ന് പ്രവർത്തിക്കുവാൻ ഈ ഗവൺമെന്റിന് സാധിക്കുന്നില്ല. എല്ലാ പഞ്ച്ഡയലോഗുകളും പറയും. എന്നാൽ ഒരുകാര്യവും ചെയ്യുന്ന സാഹചര്യവുമില്ല. ഇത്തരത്തിലുള്ള ജനവിരുദ്ധ നിലപാടുകളെടുത്താണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. തൊഴിലാളികളോടായാലും പൊതുസമൂഹത്തോടായാലും അതൊരു നല്ല സമീപനമല്ലെന്ന് ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. ഇന്ന് സഭയിൽ ബഹുമാനപ്പെട്ട ഒരംഗം സിനിമാലോകത്തെ ആവലാതിയൊക്കെ പറഞ്ഞ് സബ്മിഷൻ അവതരിപ്പിക്കുകയുണ്ടായി. ശ്രീ. ജോജു ജോർജ്ജ് ഖേദം പ്രകടിപ്പിക്കാൻ പോയപ്പോൾ ചില ഉന്നതർ തടസ്സംനിന്ന കാര്യം നിയമസഭയിൽ ഇന്ന് സബ്മിഷൻ കൊണ്ടുവന്നപ്പോൾ വ്യക്തമായിരിക്കുകയാണ്. സിനിമാ

ലോകത്തോട് കോൺഗ്രസ്സ് പാർട്ടി അല്ലെങ്കിൽ കോൺഗ്രസ്സുകാരെല്ലാം എതിരാണെന്ന രീതിയിലാണ് ഇന്നിവിടെ സബ്മിഷൻ അവതരിപ്പിച്ച ബഹുമാനപ്പെട്ട അംഗവും മറുപടി പറഞ്ഞ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സംസാരിച്ചത്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, യൂത്ത് കോൺഗ്രസ്സിന്റെ സംസ്ഥാന പ്രസിഡന്റ് ശ്രീ. ഷാഫി പറമ്പിൽ ഇവിടെയുണ്ട്. ഇത്തരത്തിൽ അയാൾ ചെയ്ത കാര്യങ്ങൾ ഒരു ക്രിമിനൽ കേസ്സുമായി ബന്ധപ്പെട്ടതാണ്. എന്നാൽ മറ്റ് സിനിമാ സെറ്റുകളിലേയ്ക്ക് യൂത്ത് കോൺഗ്രസ്സ് ജാഥ നടത്തുമെന്ന് പ്രഖ്യാപിച്ച നടപടിയോട് ബഹുമാനപ്പെട്ട അംഗം യോജിക്കുന്നുണ്ടോ; അതിനോട് ശ്രീ. ഷാഫി പറമ്പിലിന് യോജിക്കാൻ കഴിയുമോ; മറ്റ് സിനിമാ സെറ്റുകളിലേയ്ക്ക് ജാഥകളും അക്രമങ്ങളും നടത്താൻ അവർ എന്ത് തെറ്റാണ് ചെയ്തത്?

ശ്രീ. അൻവർ സാദത്ത്: സർ, ശ്രീ. ഷാഫി പറമ്പിൽ അതിനുള്ള മറുപടി പറയും. സബ്മിഷൻ അവതരിപ്പിക്കുന്നതിനിടയിൽ ശ്രീ. എം. മുകേഷ് ജവഹർലാൽ നെഹ്റുവിനെ ക്വാട്ട് ചെയ്ത് സംസാരിച്ചു. അതാണ് കലാകാരന്മാരോടുള്ള കോൺഗ്രസ്സിന്റെ സമീപനമെന്ന് മനസ്സിലായില്ലേ? അതിന് നിങ്ങൾ കയ്യടിച്ചിട്ടൊന്നും കാര്യമില്ല. കലാകാരന്മാരോടും കലാസമൂഹത്തോടും കോൺഗ്രസ്സ് എന്നും ആദരവാണ് പുലർത്തിയിട്ടുള്ളത്. കലാകാരന്മാർ ഈ സമൂഹത്തിന്റെ ശബ്ദമാണ്, അവർ സമൂഹത്തിനുവേണ്ടി നിലനിൽക്കേണ്ടവരാണ്, അതാണ് കോൺഗ്രസ്സ് ഉയർത്തിപ്പിടിക്കുന്ന ആശയം. സിനിമാലോകത്തിന് എതിരല്ലെന്നും സിനിമാ ഷൂട്ടിംഗ് തടസ്സപ്പെടുത്തരുതെന്നും കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. കെ. സുധാകരൻ ഇന്നലെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. കോൺഗ്രസ്സ് പ്രവർത്തകർ അത് മുഖവിലയ്ക്കെടുത്തുകഴിഞ്ഞു. അതിനുശേഷം ചില സംഭവങ്ങളുണ്ടായി, സ്വാഭാവികയും പ്രവർത്തകർക്കുണ്ടായ ചില പ്രതിഷേധങ്ങൾ രേഖപ്പെടുത്താൻ ശ്രമിക്കും. അല്ലാതെ കേരളത്തിന്റെ മുഖ്യമന്ത്രി പഞ്ച് ഡയലോഗ് അടിച്ചതുകൊണ്ട് കോൺഗ്രസ്സ് പ്രവർത്തകർ മാറുകയില്ല. കോൺഗ്രസ് എന്നും സിനിമാ രംഗത്തെ സഹായിക്കുകയും അനുകൂല നിലപാടെടുക്കുന്ന ഒരു സമീപനവുമാണ് സ്വീകരിക്കുകയെന്ന് കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. കെ. സുധാകരൻ ഇന്നലെ വ്യക്തമായി പറയുകയുമുണ്ടായി.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോബ് മൈക്കിൾ]

ശ്രീ. ഷാഫി പറമ്പിൽ: സർ, കേരളത്തിൽ കോൺഗ്രസ്സും സിനിമാ ഇൻഡസ്ട്രിയും തമ്മിൽ വലിയ പ്രശ്നമാണെന്നും ആവിഷ്കാര സ്വാതന്ത്ര്യത്തിന് കോൺഗ്രസ്സും യൂത്ത് കോൺഗ്രസ്സുമൊക്കെ തടയിടാൻ പോവുകയാണെന്ന മട്ടിലുമുള്ള പ്രചരണം ചില കേന്ദ്രങ്ങളിൽ ബോധപൂർവ്വം നടക്കുന്നുണ്ട്. ഈ

നിയമസഭയിലെ ഒരു എളിയ അംഗമെന്ന നിലയ്ക്കും യുവജന പ്രസ്ഥാനത്തിന്റെ അദ്ധ്യക്ഷനെന്ന നിലയ്ക്കും ഞാൻ പറയാൻ ആഗ്രഹിക്കുന്നത്, യൂത്ത് കോൺഗ്രസ്സ് കേരളത്തിലെ മുഴുവൻ സിനിമകളെയും തടസ്സപ്പെടുത്താൻ പ്രതിജ്ഞയെടുത്ത് ഇറങ്ങിത്തിരിച്ചിരിക്കുന്ന പ്രസ്ഥാനമല്ലെന്നാണ്. പ്രാദേശികമായുണ്ടായ ഒന്നുരണ്ട് പ്രതിഷേധങ്ങൾ ഫാസിസമാണെന്നും അത് ആവിഷ്കാര സ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്താനുള്ള ശ്രമമാണെന്ന മട്ടിലുള്ള മറുപടിയും കേരളത്തിന്റെ മുഖ്യമന്ത്രിയിൽനിന്നുണ്ടായത് ദൗർഭാഗ്യകരമാണ്. അത് യഥാർത്ഥ ഫാസിസ്റ്റുകളെ രക്ഷിക്കാനുള്ള കേരളത്തിന്റെ മുഖ്യമന്ത്രിയുടെ ശ്രമങ്ങളുടെ ഭാഗമാണെന്നുമാത്രമെ ഞങ്ങൾക്ക് പറയാൻ സാധിക്കുകയുള്ളൂ. ഞാൻ തുറന്നുപറയുകയാണ്, ശ്രീ. കെ. ബി. ഗണേഷ് കുമാർ പറഞ്ഞതുകൊണ്ടാണല്ലോ ഞാൻ പ്രതികരിക്കുന്നത്; കേരളത്തിലെ സിനിമാ ഇൻഡസ്ട്രിയുമായി യൂത്ത് കോൺഗ്രസ്സിന് യാതൊരു പ്രശ്നവുമില്ല. സിനിമാ ഷൂട്ടിംഗ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ തടസ്സമില്ലാതെ നടക്കണമെന്നുതന്നെയാണ് ഞങ്ങൾക്ക് പറയാനുള്ളത്. ആവിഷ്കാര സ്വാതന്ത്ര്യത്തിനുനേരെയുള്ള കടന്നുകയറ്റമായി പ്രാദേശിക സമരത്തെ ചിത്രീകരിക്കുന്നത് യഥാർത്ഥ ഫാസിസ്റ്റുകളെ രക്ഷിക്കാനാണ്. ഇവിടെ ബൂർഷ്വകളുടെ അപ്പനായാലേ അവരെ തോൽപ്പിക്കാൻ കഴിയൂ എന്നുപറഞ്ഞ ഒരു സിനിമയെ ആരാണ് ബഹിഷ്കരിച്ചത്; അക്രമരാഷ്ട്രീയത്തെ ചിത്രീകരിക്കുന്ന 'ഈട' എന്ന സിനിമയ്ക്ക് തിയേറ്ററുകൾ കൊടുക്കാതിരുന്നത് ആരാണ്; ടി.പി. ചന്ദ്രശേഖരന്റെ വധത്തിന്റെ കഥ പറയുന്ന സിനിമയെ ആരാണ് തിയേറ്ററുകളിൽപ്പോലും കാണിക്കാതെ തടസ്സപ്പെടുത്താൻ ശ്രമിച്ചത്? അതുകൊണ്ട് ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ ദയവായി ഞങ്ങൾക്ക് ക്ലാസ്സെടുക്കരുത്. അത്തരം ഫാസിസ്റ്റ് ശൈലികൾ ഞങ്ങൾക്ക് ഭൂഷണമല്ല, അത് ഞങ്ങൾക്ക് ശീലവുമല്ല. സിനിമയെയോ ചിത്രീകരണത്തെയോ തടസ്സപ്പെടുത്താൻ നിലപാടെടുത്ത് അതുമായി ഞങ്ങൾ മുന്നോട്ടുപോകുന്ന പ്രശ്നമില്ല. ഞങ്ങളും സിനിമാ ഇൻഡസ്ട്രിയും തമ്മിൽ പ്രശ്നമുണ്ടെന്ന് ആരും ദയവായി വരുത്തിത്തീർക്കരുത്. ഇപ്പോഴുള്ളത് പ്രാദേശിക ഇഷ്യൂ മാത്രമാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, നിങ്ങൾ ചെയ്ത കാര്യങ്ങളാണ് ഞാനിവിടെ സൂചിപ്പിച്ചത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വേറെ ചില കാര്യം പറഞ്ഞുവെന്ന് പറഞ്ഞ് ഒരു സ്റ്റേറ്റ്മെന്റ് പ്രത്യേകമായി നടത്താം. എന്നാൽ ഇങ്ങനെയൊരു സ്റ്റേറ്റ്മെന്റ് പ്രസംഗത്തിനിടയിൽ ഇടപെട്ട് നടത്തുന്നത് ശരിയാണോ? അങ്ങനെ നടത്തുന്നത് ശരിയല്ലെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, എന്റെ പേരെടുത്ത് പറഞ്ഞതുകൊണ്ടാണ് ഞാൻ സംസാരിച്ചത്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഇന്ധന-പാചകവാതക വിലവർദ്ധനവിനെതിരെ കൊച്ചിയിലുണ്ടായ കോൺഗ്രസ്സിന്റെ സമരത്തെക്കുറിച്ച് സിറ്റി പോലീസ് കമ്മീഷണർക്ക് നേരത്തെ എഴുതി നൽകിയിരുന്നു. സിറ്റി പോലീസ് കമ്മീഷണർ ട്രാഫിക് ഡൈവർട്ട് ചെയ്തുകൊണ്ടുള്ള പ്രസ്സ് റിലീസ് ഇറക്കിയിരുന്നു. ആ സമരമുഖത്തേയ്ക്ക് ഒരു കലാകാരൻ വന്ന് പ്രശ്നമുണ്ടാക്കി. അദ്ദേഹം പറഞ്ഞത് അവിടെ ഒരു ആംബുലൻസ് ഉണ്ടായിരുന്നുവെന്നാണ്. അങ്ങനെയാണെങ്കിൽ അദ്ദേഹത്തിന്റെ പ്രഥമചുമതല, പോലീസിനോട് പറഞ്ഞ് ആംബുലൻസിലുള്ള രോഗിയെ കടത്തിവിടാൻ ശ്രമിക്കണമെന്നതായിരുന്നു. എറണാകുളത്തെ പത്രക്കാരോട് അന്വേഷിച്ചപ്പോൾ അങ്ങനെയൊരു ആംബുലൻസ് ഉണ്ടായിരുന്നില്ലെന്ന് അവർ പറഞ്ഞു. എന്നുമാത്രമല്ല, അദ്ദേഹം സമരമുഖത്തേയ്ക്ക് ചെന്ന് ആക്രോശിക്കുമ്പോൾ പോലീസിന് അദ്ദേഹത്തെ പിൻതിരിപ്പിക്കാനുള്ള ചുമതലയില്ലേ? അതുമുണ്ടായിട്ടില്ല.

<u>മി. ചെയർമാൻ</u>: ബില്ലിലേയ്ക്ക് വരൂ.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഈ പ്രശ്നമുണ്ടായപ്പോൾ പോലീസിന് വലിയ വീഴ്ചയുണ്ടായി.

<u>മി. ചെയർമാൻ</u>: ബില്ലിലേയ്ക്ക് വരൂ. ഇതെല്ലാം വേറെ സബ്ജക്ടാണ്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, എന്നുമാത്രമല്ല നിങ്ങൾ ന്യായീകരിച്ച കലാകാരൻ അവിടെ കോൺഗ്രസ് പ്രവർത്തകർക്കുനേരെ വളരെ മോശമായ ഭാഷ പ്രയോഗിച്ചു. അതിന്റെ പെൻഡ്രൈവാണ് എന്റെ കയ്യിലുള്ളത്. ആവശ്യമുള്ളവർക്ക് അത് കേൾക്കാം. കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം ആവിഷ്കാര സ്വാതന്ത്ര്യത്തെയോ പൗരസ്വാതന്ത്ര്യത്തെയോ തടയുന്ന പ്രശ്നമില്ല. കണ്ണൂരിൽ കുറച്ച് കാലംമുമ്പ് സുപ്രസിദ്ധ എഴുത്തുകാരൻ പോൾ സക്കറിയ ഒരു സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ട് സി.പി.ഐ.(എം)-നെ വിമർശിച്ചു സംസാരിച്ചു. അദ്ദേഹം സി.പി.ഐ.(എം)-നോട് അനുഭാവമുള്ളയാളാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷേ, മടങ്ങിവരുന്ന വഴിക്ക് റെയിൽവേ സ്റ്റേഷനിൽവച്ച് അദ്ദേഹത്തെ മാർക്സിസ്റ്റുകാർ ക്രൂരമായി ആക്രമിച്ചു. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഇക്കാര്യം വ്യക്തമായി അറിയാം.

ശ്രീ. മാത്യു ടി. തോമസ്: സർ, പോയിന്റ് ഓഫ് ഓർഡർ. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലുകളെക്കുറിച്ചുള്ള ചർച്ചയാണ് സഭയിൽ ഇപ്പോൾ നടക്കുന്നത്. ചട്ടം 80-ൽ പറയുന്നത് "അതതു സംഗതിപോലെ, സെലക്ട് കമ്മിറ്റിയോ സബ്ജക്ട് കമ്മിറ്റിയോ റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സംബന്ധിച്ച ചർച്ച കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിക്കുന്നതിലും റിപ്പോർട്ടിൽ പരാമർശിക്കുന്ന സംഗതികളിലും അഥവാ ബില്ലിന്റെ തത്വത്തിന് അനുയോജ്യമായ മറ്റേതെങ്കിലും നിർദ്ദേശങ്ങളിലും ഒതുങ്ങി നിൽക്കേണ്ടതാണ്" എന്നാണ്. ഇവിടെ എന്തൊക്കെയാണ് ചർച്ച ചെയ്യുന്നത്?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, എല്ലാവരും അതാണ് ചെയ്തുകൊണ്ടിരിക്കുന്നത്.

ശ്രീ. മാത്യു ടി. തോമസ്: സർ, എല്ലാവരും ചെയ്യുന്നു എന്നുള്ളതല്ല (ബഹളം)...

ശ്രീ. അൻവർ സാദത്ത്: സർ, ശ്രീ. മാത്യു ടി. തോമസ് സീനിയറായ മെമ്പറാണ്. ഞങ്ങളെക്കാൾ എത്രയോ വർഷംമുമ്പ് സഭയിൽവന്ന ആളാണ്. വകുപ്പും റൂളുമെല്ലാം പതിവുതെറ്റിച്ച് ബഹുമാനപ്പെട്ട അംഗവും പറഞ്ഞിട്ടുണ്ട്. എല്ലാവരും പറയുന്ന കാര്യംതന്നെയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബന്ധപ്പെട്ടവരും പറയുമ്പോൾ ഞങ്ങൾക്കും അതിന് രാഷ്ട്രീയമായി മറുപടി പറയേണ്ടതുണ്ട്.

മി. ചെയർമാൻ: ബില്ലിൽ ഒതുങ്ങിനിന്ന് സംസാരിക്കൂ.

ശ്രീ. അൻവർ സാദത്ത്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, നിങ്ങളല്ല ആര് പറഞ്ഞാലും, നിങ്ങൾ ശ്രീ. ജോജു ജോർജ്ജിനെ എത്ര ന്യായീകരിച്ചാലും അദ്ദേഹത്തിനെതിരെയുള്ള നിലപാടിൽനിന്നോ പ്രതിഷേധത്തിൽനിന്നോ കോൺഗ്രസ്സോ കോൺഗ്രസ് പ്രവർത്തകരോ ഒരിഞ്ച് പിറകോട്ട് പോകില്ല. ശ്രീ. ജോജു ജോർജ്ജ് ആ സമരത്തിൽവന്ന് ആക്രോശിച്ചു, ആ സമരത്തിനെതിരെ ശക്തമായ നിലപാടെടുത്തു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഇത് ശ്രീ. ജോജു ജോർജ്ജിന്റെ ബിൽ അല്ല. ഇത് പാവപ്പെട്ട ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടിയുള്ള ബില്ലാണ്.

ശ്രീ. അൻവർ സാദത്ത്: സർ, ജനാധിപത്യരീതിയിലുള്ള പ്രതിഷേധ സമരത്തെ തകർക്കാൻ ശ്രമിച്ചു. അതുകൊണ്ട് ശ്രീ. ജോജു ജോർജ്ജിനെതിരെയുള്ള നിലപാടിൽ യാതൊരു മാറ്റവുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വന്ന് വിരട്ടൽ പ്രസംഗം നടത്തിയാൽ അതിൽനിന്ന് പിൻമാറുന്ന പ്രശ്നമില്ല. സിനിമാ ലോകത്തോടോ സിനിമാ നടന്മാരോടോ യാതൊരു പ്രശ്നവുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങനെയൊരു വെല്ലുവിളി ഉയർത്തിയാൽ അതിൽനിന്ന് പിന്മാറാനുള്ള ഒരു സാഹചര്യവുമില്ല. ഞാൻ വീണ്ടും പറയുന്നു, സിനിമാ ഇൻഡസ്ട്രിയും കോൺഗ്രസ്സുമായി യാതൊരു പ്രശ്നവുമില്ല. പക്ഷേ, ശ്രീ. ജോജു ജോർജ്ജ് ഖേദം പ്രകടിപ്പിക്കാതെ അദ്ദേഹത്തിനെതിരെയുള്ള പ്രതിഷേധത്തിലും ഞങ്ങളെടുത്ത നിലപാടിലും യാതൊരു മാറ്റവുമില്ല. ശ്രീ. ജോജു ജോർജ്ജ് അന്ന് സമരം നടത്തിയ കോൺഗ്രസ് നേതാക്കളോടും കോൺഗ്രസ് പ്രവർത്തകരോടും ജനങ്ങളോടും ഖേദം പ്രകടിപ്പിച്ചേ മതിയാകൂ. എന്നാൽ മാത്രമേ അദ്ദേഹത്തിനെതിരെയുള്ള നിലപാടിൽ മാറ്റംവരികയുള്ളൂ. അല്ലെങ്കിൽ നിയമപരമായും രാഷ്ട്രീയപരമായും ഞങ്ങൾ ശക്തമായി മുന്നോട്ടുപോകും. ഇന്ന് മഹിളാ കോൺഗ്രസ്സിന്റെ മാർച്ച് നടക്കുകയാണ്. മഹിളാ കോൺഗ്രസ് നൽകിയ പരാതിയിൽ കേസ്സെടുക്കുകയോ അന്വേഷണം നടത്തുകയോ ചെയ്യാതെ ഗവൺമെന്റെടുക്കുന്ന സമീപനം ശരിയാണോ; അത് ശരിയല്ല. അതുകൊണ്ട് കമ്മീഷണർ ഓഫീസിലേയ്ക്ക് ഇന്ന് മഹിളാ കോൺഗ്രസ്സിന്റെ മാർച്ച് നടക്കുകയാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ബഹുമാനപ്പെട്ട മെമ്പർ ചട്ടം ലംഘിച്ചുപോകുകയാണ്. സഭയിൽ ഇല്ലാത്ത ഒരാളെക്കുറിച്ചാണ് സംസാരിക്കുന്നത്.

ശ്രീ. അൻവർ സാദത്ത്: സർ, ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വന്ന് കോൺഗ്രസ്സുകാരെയും കോൺഗ്രസ്സ് നേതാക്കളെയും വിരട്ടിയാൽ അത് വിലപ്പോകില്ല.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഈ സഭയിൽ ഇല്ലാത്ത ആളെക്കുറിച്ച് ദീർഘനേരമായി ചർച്ച നടക്കുകയാണ്. നിയമനിർമ്മാണം പാവപ്പെട്ട ഈറ്റ തൊഴിലാളികളെയും ഷോപ്പുകളിൽ നിൽക്കുന്ന തൊഴിലാളികളെയും സംബന്ധിച്ച വിഷയമാണ്. നിയമനിർമ്മാണത്തിൽനിന്ന് വ്യതിചലിക്കരുതെന്ന് നിയമസഭാ നടപടിക്രമവും ചട്ടവും അനുശാസിക്കുന്നുണ്ട്. അത് ബഹുമാനപ്പെട്ട ഒരംഗം വായിച്ചുകേൾപ്പിച്ചിട്ടും പിന്നെയും കാടുകയറി സഭയിലില്ലാത്ത ഒരാളുടെ പിറകെ പോകുകയാണ്. ക്രിമിനൽ കേസ്സിൽ വാദിയും പ്രതിയും തമ്മിൽ ഒത്തുതീർപ്പൊന്നുമില്ല. കേസ് കോടതിയുടെ പരിഗണനയിലാണ്. കുറ്റക്കാരെ

അറസ്റ്റ് ചെയ്തിട്ടുണ്ട്. അവർക്ക് ബഹുമാനപ്പെട്ട കോടതി ജാമ്യം നൽകുകയോ റിമാന്റ് ചെയ്യുകയോ ആവാം. അതിവിടെ ചർച്ച ചെയ്യേണ്ട കാര്യമില്ല. ഇവിടെ പാവപ്പെട്ട ഈറ്റ തൊഴിലാളികളുടെ വിഷയത്തെക്കുറിച്ച് സംസാരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, പാവപ്പെട്ട ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളികളാരും സിനിമയിൽ അഭിനയിക്കാൻ പോകുന്നില്ല. ആ പാവങ്ങളുടെ അംശദായം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ബില്ലാണിത്. മാത്രമല്ല കേരളത്തിലെ ജനാധിപത്യവും മനുഷ്യാവകാശവും കലാകാരന്റെ ആവിഷ്കാരസ്വാതന്ത്ര്യവും ഈ ഗവൺമെന്റ് സംരക്ഷിക്കുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സബ്മിഷന് മറുപടിയായി പറഞ്ഞത്. അതിനെ വെല്ലുവിളിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സംസാരിക്കുന്നത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ ബില്ലിലേയ്ക്ക് വരണം. അങ്ങയുടെ സമയം അതിക്രമിച്ചു.

ശ്രീ. അൻവർ സാദത്ത്: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിന് മറുപടി പറയണ്ടേ? ഇവിടെ ശ്രീ. കെ. ബി. ഗണേഷ് കുമാർ ഒരു കാര്യം പറഞ്ഞു. അദ്ദേഹം തന്നെയാണ് ഇതിനുള്ള മറുപടി ശ്രീ. ഷാഫി പറമ്പിൽ പറയണമെന്നും നിങ്ങളുടെ നിലപാടെന്താണെന്ന് വ്യക്തമാക്കണമെന്നും പറഞ്ഞത്. അതിന് മറുപടി പറയണ്ടേ?

മി. ചെയർമാൻ: അങ്ങയുടെ സമയം അതിക്രമിച്ചു.

ശ്രീ. അൻവർ സാദത്ത്: സർ, ഞങ്ങൾ ഒരു ആവിഷ്കാര സ്വാതന്ത്ര്യത്തിനും എതിരല്ല. ഞങ്ങൾക്ക് ശ്രീ. ജോജു ജോർജ്ജിനോടുള്ള നിലപാടിൽ മാറ്റമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയല്ല ആരുപറഞ്ഞാലും അദ്ദേഹം ഖേദം പ്രകടിപ്പിക്കണം. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം ബില്ലിലേയ്ക്ക് വരൂ.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഈറ്റ എന്നുപറയുന്ന സിനിമയുണ്ട്. അത് ശ്രീ. കെ. ബി. ഗണേഷ് കുമാറിനറിയാം. ഈ പ്രശ്നം രമ്യമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതിന്റെ അവസാന ഘട്ടംവരെയെത്തിയിരിക്കുകയാണ്. നിർഭാഗ്യവശാൽ ഭരണകക്ഷിയിൽപ്പെട്ട ഒരു പ്രമുഖ പാർട്ടിയും ചില കലാകാരന്മാരും ഇടപെട്ടാണ് ഈ പ്രശ്നം ഒത്തുതീർപ്പാക്കുന്നതിന് തടസ്സമുണ്ടാക്കിയത്. അക്കാര്യം അറിയാമോ?

മി. ചെയർമാൻ: ശ്രീ. അൻവർ സാദത്ത്, അങ്ങ് ബില്ലിലേയ്ക്ക് വരണം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ബില്ലുമായി ബന്ധപ്പെട്ട ചർച്ചയിൽ പൊതുവായ കാര്യങ്ങൾ പറയുന്നത് സ്വാഭാവികമാണ്. സിനിമാ ഇൻഡസ്ട്രിയോട് കോൺഗ്രസ് പാർട്ടിയും യു.ഡി.എഫും എതിരല്ല. ശ്രീ. കെ. ബി. ഗണേഷ് കുമാർ സൂചിപ്പിച്ചതെന്താണ്? സഭയിൽ ഇല്ലാത്തൊരാളെക്കുറിച്ച് പറയരുതെന്ന് അദ്ദേഹം പറഞ്ഞാൽ കേരളത്തിലെ മുഴുവൻ ആളുകളെയും ഇവിടെക്കൊണ്ടിരുത്തി സംസാരിക്കാൻ കഴിയുമോ? എങ്കിൽ ഇവർ ശ്രീമതി സരിത എസ്. നായരെക്കുറിച്ച് പറഞ്ഞില്ലേ? ഇക്കാര്യങ്ങളൊക്കെ മറച്ചുവച്ചുകൊണ്ട് ശ്രീ. കെ. ബി. ഗണേഷ് കുമാർ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുമ്പോൾ ബഹുമാനപ്പെട്ട ചെയർ ശ്രദ്ധിക്കണം. ഒരു പോയിന്റും ഇല്ലാത്ത കാര്യങ്ങളിൽ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ പാടില്ല.

മി. ചെയർമാൻ: ബഹുമാനപ്പെട്ട എൽദോസ് പി. കുന്നപ്പിള്ളിൽ, ചട്ടം 80-ൽ അത് വ്യക്തമാക്കിയിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർ, ബില്ലിലേയ്ക്ക് വരണം.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ ബില്ലിലേയ്ക്ക് കടക്കുകയാണ്. സംസ്ഥാനത്തെ വ്യാപാരി സമൂഹത്തോടും ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളികൾക്കു മെതിരെയുള്ള നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. അതുകൊണ്ട് ഈ ബില്ലിലെ പോരായ്മകൾ പരിഹരിക്കണം. തൊഴിലാളികൾക്കനുകൂലമായ നിലപാട് സ്വീകരിക്കാൻ തയ്യാറാകണം. രാപ്പകൽ കഷ്ടപ്പെടുന്ന ചുമട്ടുതൊഴിലാളികൾക്കെതിരായിട്ടുള്ള വ്യവസ്ഥകളാണ് ബില്ലിലുള്ളത്. അക്കാര്യത്തിൽ ഗവൺമെന്റ് കണ്ണുതുറക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇപ്പോൾ എറണാകുളം ജില്ലയിൽ 14 കിഫ്ബി പ്രോജക്ടുകളാണ് നടന്നുവരുന്നത്. അതിലുൾപ്പെട്ട എന്റെ നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട പ്രവൃത്തിയാണ് എയർപോർട്ട്-സീപോർട്ട് റോഡ്. ഇതിന്റെ ഭൂമി ഏറ്റെടുക്കൽ നടപടിക്ക് ഒരു റവന്യൂ യൂണിറ്റാണുള്ളത്. ഒറ്റ റവന്യൂ യൂണിറ്റ് മാത്രം പ്രവർത്തിച്ചുകൊണ്ട് 14 പ്രോജക്ടുകളും സമയബന്ധിതമായി മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഇക്കാര്യം പലതവണ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നതാണ്. എയർപോർട്ട്-സീപോർട്ട് റോഡിനായി പത്തിരുപത് വർഷമായി ഭൂമിയേറ്റെടുക്കൽ നടപടി നടക്കുകയാണ്. പക്ഷേ, അത് പൂർത്തീകരിക്കുന്നില്ല. പ്രദേശത്തെ ജനങ്ങൾ വലിയ പ്രതിഷേധത്തിലാണ്. കഴിഞ്ഞദിവസം നടന്ന പ്രതിഷേധസമരത്തിൽ ഞാനും പങ്കെടുത്തിരുന്നു. സാധാരണഗതിയിൽ പ്രോജക്ട് വരുമ്പോൾ ഭൂമി വിട്ടുകൊടുക്കാത്തതുകൊണ്ടാണ് പ്രതിഷേധമുണ്ടാകാറുള്ളത്. പക്ഷേ, അവിടത്തെ ജനങ്ങൾ ഭൂമിവിട്ടുകൊടുക്കാൻ സന്നദ്ധത അറിയിച്ചിരിക്കുകയാണ്. അവിടത്തെ ജനങ്ങൾ ഇപ്പോൾ ചെകുത്താനും കടലിനുമിടയ്ക്കാണ്. ഈ പദ്ധതി യാഥാർത്ഥ്യമാക്കുവാൻ, പുതിയ റവന്യൂ

ഉദ്യോഗസ്ഥരെ നിയമിച്ചുകൊണ്ട് അതിനുള്ള നടപടിയിലേയ്ക്ക് നീങ്ങണമെന്നാണ് ആവശ്യപ്പെടാനുള്ളത്. എയർപോർട്ട്-സീപോർട്ട് പ്രദേശത്തുള്ള ജനങ്ങളുടെ പ്രതിഷേധം ഞാൻ ഈ അവസരത്തിൽ അറിയിക്കുന്നു.

1.00 P.M.}

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ഇന്ന് അവതരിപ്പിച്ച അഞ്ച് ബില്ലുകളിലും തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും തൊഴിലിടങ്ങളിലെ ചൂഷണം അവസാനിപ്പിക്കുന്നതിനും ഫലപ്രദമായ വ്യവസ്ഥ കളില്ലാത്തതിനാൽ ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. തൊഴിലാളികളുടെ അംശദായം ഉയർത്തുന്നതിന് ആനുപാതികമായി അവരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നില്ല. ക്ഷേമനിധിയിൽ നിന്നുള്ള വരുമാനത്തിന്റെ ഭൂരിഭാഗവും ഭരണപരമായ ചെലവുകൾക്കായി വിനിയോഗിക്കുന്ന നിലവിലെ സാഹചര്യം ഒഴിവാക്കുന്നതിനായി പ്രസ്തുത തുക പരിമിതപ്പെടുത്തുന്നുവെന്ന് വ്യവസ്ഥ ചെയ്യേണ്ടത് അനിവാര്യമാണ്. കേന്ദ്രം ഭരിക്കുന്ന നരേന്ദ്ര മോദി സർക്കാർ അഞ്ച് വർഷം മുമ്പ് കൊണ്ടുവന്ന നോട്ടുനിരോധനം രാജ്യത്തെ സമ്പദ്ഘടനയ്ക്ക് കനത്ത ആഘാതമാണ് ഏൽപ്പിച്ചിട്ടുള്ളത്. അതിന്റെ അനന്തരഫലമായി രാജ്യത്ത് ലക്ഷക്കണക്കിന് ചെറുകിട സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ടിവരികയും വ്യാപാര മേഖലയിൽ വൻ തകർച്ചയുണ്ടാവുകയും ചെയ്തു. ഈ പ്രശ്നങ്ങളുടെ ഇടയിലേയ്ക്കാണ് കേരളത്തിൽ പ്രളയവും കോവിഡും വന്നത്. അതോടെ വ്യാപാര-വാണിജ്യ മേഖലയുടെ തകർച്ച പൂർണ്ണമാവുകയും ആളുകളെ ആത്മഹത്യയിലേയ്ക്ക് നയിക്കുന്ന സാഹചര്യവുമുണ്ടായി. കോവിഡിനെതിരെയുള്ള പോരാട്ടം നടന്നുകൊണ്ടിരിക്കുന്ന ഘട്ടത്തിലാണ് നിയമസഭാ സമ്മേളനം നടക്കുന്നത്. നമുക്കിപ്പോഴും മാസ്ക് മാറ്റാൻ കഴിഞ്ഞിട്ടില്ല. ഓരോ അംഗത്തിന്റെയും മുമ്പിൽ സാനിറ്റൈസർ കരുതി വച്ചിരിക്കുകയാണ്. കോവിഡാനന്തര കേരളത്തിൽ വലിയ പ്രയാസം അനുഭവിച്ച ഒരു വിഭാഗമാണ് പീടികത്തൊഴിലാളികളും കടയുടമകളും. മഞ്ചേശ്വരം മുതൽ തിരുവനന്തപുരം വരെയുള്ള കേരളത്തിലെ എല്ലാ തൊഴിലുടമകളുടെയും തൊഴിലാളികളുടെയും പ്രയാസങ്ങളും ദുരിതകഥകളും സഭയിൽ പലപ്പോഴും ചർച്ച ചെയ്തിട്ടുള്ളതാണ്. ഇവിടെയുള്ള ഒട്ടുമിക്ക അംഗങ്ങളും വിദ്യാർത്ഥി-യുവജന രാഷ്ട്രീയ മേഖലകളിൽനിന്നും കടന്നുവന്നവരാണ്. വിദ്യാർത്ഥി കാലയളവിൽ ഫണ്ട് ശേഖരിക്കാൻ കടകളിൽപോയ ഓർമ്മകൾ നമ്മുടെ മനസ്സിലുണ്ട്. പാർട്ടി സമ്മേളനം വരുമ്പോൾ മഹാഭൂരിപക്ഷം ഫണ്ടും നൽകിയത് കടയുടമകളായിരുന്നു. നാട്ടിൽ കബഡി, ക്രിക്കറ്റ്, വോളിബോൾ, ഫുട്ബോൾ തുടങ്ങിയ മത്സരങ്ങൾ നടക്കുമ്പോൾ സ്പോൺസർഷിപ്പ് തരുന്നതും ഇവരായിരുന്നു. മതപരമായ

ആഘോഷങ്ങൾ വരുമ്പോഴും വ്യാപാരികൾ കൂടെനിന്നു. ഹോസ്പിറ്റലിൽ ബിൽ അടയ്ക്കാൻ കഴിയാതിരുന്ന നിസ്സഹായവസ്ഥയിൽ കൈനീട്ടിയവരെയും ഇവർ സഹായിച്ചു. കേരളത്തിൽ പ്രളയം വന്നപ്പോൾ അവരുടെ കടകളിൽ വിൽപ്പനയ്ക്ക് വച്ച വസ്തുങ്ങളും ചെരുപ്പുകളും അനവധി സാധനങ്ങളും വാരിക്കോരിനൽകി സഹായിച്ച ഓർമ്മകളും നമ്മുടെ മുമ്പിലുണ്ട്. അങ്ങനെ എല്ലാ രീതിയിലും നമ്മളെ സഹായിച്ചവരാണിവർ. കോവിഡിനുശേഷം ഷോപ്പുടമകൾ വലിയ പ്രയാസമാണ് അനുഭവിക്കുന്നത്. ലോക്ഡൗണിനുശേഷം കടകൾ തുറന്നപ്പോൾ ബാങ്കിൽ നിന്നെടുത്ത ലോൺ ഇരട്ടിയായതിന്റെ പ്രതിസന്ധിയായിരുന്നു അവരെ അലട്ടിയത്. അത് മക്കളെ പഠിപ്പിക്കാനും കെട്ടിച്ചയയ്ക്കാനും വീട് നിർമ്മിക്കാനുമെടുത്ത ലോണുകളാണ്. അവർക്കൊരു ആശ്വാസം പകരാൻ നമുക്ക് ഇതുവരെയും കഴിഞ്ഞിട്ടില്ല. വാടക അടയ്ക്കാൻ കഴിയാത്ത അവസ്ഥയും ഒരു ഭാഗത്ത് നിലനിൽക്കുന്നുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ട ഇവർ ഇപ്പോഴും സമരമുഖത്തും മുഖ്യമന്ത്രിയെയും മന്ത്രിമാരെയും എം.എൽ.എ-മാരെയും സമീപിച്ചു കൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ അതിർത്തി പ്രദേശത്തുനിന്നാണ് ഞാൻ വരുന്നത്. എന്റെ നാട്ടിലെ തൊട്ടടുത്ത പട്ടണമാണ് മംഗലാപുരം. കേരളത്തിൽ മഞ്ചേശ്വരം ഭാഗത്തുള്ള കുമ്പളയിലെയും ഹൊസങ്കടിയിലേയും ഉപ്പളയിലേയും കടകളുടെ വരുമാനം നിശ്ചലമാകാൻ കാരണം മംഗലാപുരത്തുവന്ന വലിയ ഷോപ്പിംഗ് മാളുകളായിരുന്നു. അതിനിടയ്ക്ക് ഓൺലൈൻ വ്യാപാരമേഖല വ്യാപകമാകുകയും ഓരോ ഗ്രാമത്തിലും ഉൾവഴികളിലും എല്ലാ സാധനങ്ങളും എത്തിക്കുന്ന അവസ്ഥയുണ്ടാകുകയും ചെയ്തപ്പോൾ പ്രതിസന്ധി വർദ്ധിക്കുകയാണുണ്ടായത്. മഞ്ചേശ്വരം മുതൽ തിരുവനന്തപുരം വരെ കാലങ്ങളായി ആഗ്രഹിച്ച ആറുവരിപ്പാതയുടെ നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിരിക്കുകയാണ്. കേരളം ഇന്ത്യയ്ക്ക് സമർപ്പിച്ച ഏറ്റവും മികച്ച സഹകരണ കൂട്ടായ്മയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (യു.എൽ.സി.സി.എസ്.)-ക്കാണ് എന്റെ മേഖലയിലെ മഞ്ചേശ്വരം മുതൽ ചെങ്കള വരെയുള്ള വർക്ക് ടെണ്ടർ ചെയ്തിരിക്കുന്നത്. അവർക്ക് പ്രവൃത്തി കിട്ടിയതിനാൽ എത്രയുംപെട്ടെന്ന് വളരെ മനോഹരമായി പണി പൂർത്തിയാകുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. നാൽപ്പതും അൻപതും വർഷം ഉടമസ്ഥന് വാടക കൊടുത്ത് കച്ചവടം നടത്തിയവരുടെ കടകൾ ദേശീയപാതാ നവീകരണവുമായി ബന്ധപ്പെട്ട് നഷ്ടപ്പെടുന്ന അവസ്ഥയുമുണ്ട്. കോംപ്ലക്സിന്റെയോ കെട്ടിടത്തിന്റെയോ ഉടമയുടെ അക്കൗണ്ടിലേയ്ക്ക് ലക്ഷക്കണക്കിന് രൂപ വരുമ്പോൾ നാൽപത് വർഷംകൊണ്ട് ഒരു ബ്രാൻഡുണ്ടാക്കിയ തൊഴിലാളിയുടെ എല്ലാ രീതിയിലുമുള്ള സാമ്പത്തികവും അസ്തമിക്കുമ്പോൾ അവരെ സഹായിക്കാനുള്ള ഇടപെടൽ സർക്കാരിന്റെ

ഭാഗത്തുനിന്നും ഇതുവരെ ഉണ്ടായിട്ടില്ല. ഈ വിഷയം അതിശക്തമായി കേരള സമൂഹത്തിനുമുന്നിൽ ചർച്ചചെയ്യുവന്ന ഘട്ടത്തിലാണ്, 2017-ൽ അന്നത്തെ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഒരാശ്വാസമെന്ന നിലയ്ക്ക് കടയുടമകൾക്ക് 2 ലക്ഷം രൂപ അവരുടെ സാധനസാമഗ്രികൾ മാറ്റുന്നതിനുവേണ്ടി പ്രഖ്യാപിച്ചത്. നാല് വർഷംകഴിഞ്ഞ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ വീണ്ടും അധികാരത്തിൽ വന്നതിനുശേഷവും അവർക്കത് ലഭിച്ചിട്ടില്ലെന്ന കാര്യംകൂടി ഗൗരവത്തോടെ കാണേണ്ടതാണ്.

ശ്രീ. നജീബ് കാന്തപുരം: സർ, 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലുമായി ബന്ധപ്പെട്ട ചർച്ചയിൽ തൊഴിലാളികൾ മാത്രമല്ല ധാരാളം വ്യാപാരികളും അനുഭവിക്കുന്ന കഠിനമായിട്ടുള്ള പ്രയാസത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം സംസാരിക്കുന്നത്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ ഏറ്റവും സങ്കടകരമായ കാര്യം, എന്റെ നിയോജകമണ്ഡലത്തിലടക്കം പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള സ്ഥാപനങ്ങളുടെയും കെട്ടിടങ്ങളുടെയും ഉടമകൾക്കും കച്ചവടം ചെയ്യുന്ന വ്യാപാരികൾക്കും എത്രയുംവേഗം വാടക കൊടുത്തില്ലെങ്കിൽ ഒഴിഞ്ഞുപോകണമെന്ന് പറഞ്ഞ് നോട്ടീസ് നൽകിയിരിക്കുകയാണ്. താങ്കളിവിടെ സൂചിപ്പിച്ചതുപോലെ, പ്രയാസകരമായ ഘട്ടത്തിലൂടെ കടന്നുപോകുമ്പോൾ നിയമസഭയിൽ പ്രഖ്യാപിക്കപ്പെട്ട ആനുകൂല്യങ്ങൾപോലും ലഭിക്കാതെ വാടകയുടെ പേരിൽ വീണ്ടും അവരെ പീഡിപ്പിക്കുന്ന അവസ്ഥ താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതികൂടി നോക്കിയശേഷമാണെന്നാണ് ഇതിൽ പറയുന്നത്. ഇക്കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, തീർച്ചയായും ഗൗരവത്തോടുകൂടി ചർച്ച ചെയ്യേണ്ട വിഷയമാണിത്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, തൊഴിലാളി ക്ഷേമനിധിയുമായി ബന്ധപ്പെട്ട് അഞ്ച് ബില്ലുകൾ സംബന്ധിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. അംശദായം വർദ്ധിപ്പിച്ചിരിക്കുന്നുവെന്ന ആക്ഷേപം ഉന്നയിക്കുമ്പോൾ മുമ്പ് തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരുന്നതും നിലവിൽ ലഭിച്ച

കൊണ്ടിരിക്കുന്നതുമായ ആനുകൂല്യങ്ങൾ തമ്മിലുള്ള അന്തരം ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കിയിട്ടുണ്ടോയെന്ന് എനിക്കറിയില്ല. ഉദാഹരണത്തിന്, കടകളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യം 5,000 രൂപയായിരുന്നത് 15,000 രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. വിവാഹ ധനസഹായം 2,500 രൂപയായിരുന്നത് 7,500 രൂപയാക്കി ഉയർത്തിയിരിക്കുകയാണ്. മരണാനന്തര ചെലവിനുള്ള ധനസഹായം 2,000 രൂപയായിരുന്നത് 5,000 രൂപ മുതൽ 20,000 രൂപ വരെയായി മാറ്റിയിരിക്കുകയാണ്. ചികിത്സാ സഹായം 20,000 രൂപയായി ഉയർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. 2,000 രൂപയായിരുന്ന വിദ്യാഭ്യാസാനുകൂല്യം 2,000 മുതൽ 10,000 രൂപ വരെയാക്കി ഉയർത്തുവാൻ തയ്യാറായിട്ടുണ്ട്. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഷോപ്പുകളിലും മറ്റ് സ്ഥാപനങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഒരു ക്ഷേമനിധിയും ഇല്ലാത്ത ഘട്ടത്തിൽ ഇത്രയധികം ആനുകൂല്യങ്ങൾ ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി മുഖാന്തരം നടപ്പിലാക്കുന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഈ വിഷയവുമായി ബന്ധപ്പെട്ട ചർച്ചയിൽ സർവ്വശ്രീ നജീബ് കാന്തപുരം, ഇ. ടി. ടൈസൺ മാസ്റ്റർ, പി. പി. ചിത്തരഞ്ജൻ എന്നിവർ മൂന്ന് വിഷയങ്ങളെക്കുറിച്ചാണ് സൂചിപ്പിച്ചത്. കോവിഡ് കാലഘട്ടത്തിൽ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള വാടകക്കെട്ടിടങ്ങളിൽ കടകൾ നടത്തുന്നവർക്ക് ഡിസംബർ 31 വരെ വാടക ഇളവുനൽകാൻ ഗവൺമെന്റ് തീരുമാനമെടുത്തിരുന്നു. ഇന്നത്തെ മലയാള മനോരമ, മാതൃഭൂമി അടക്കമുള്ള ദിനപ്പത്രങ്ങളിൽ കണ്ടത് 'അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്രോതസ്സുകൾക്കനുസരിച്ച് തീരുമാനമെടുക്കാം' എന്നാണ്. ഇത് വീണ്ടും അവരെ വേദനിപ്പിക്കുന്ന, തിരിച്ചടി നൽകുന്നൊരു കാര്യമാണ്. അത് പുനഃപരിശോധിക്കണമെന്ന അഭ്യർത്ഥനകൂടി സമർപ്പിക്കുകയാണ്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ ദേശീയപാതാ നവീകരണവുമായി ബന്ധപ്പെട്ട് കടകൾ നടത്തുന്നവർ ബുദ്ധിമുട്ടനുഭവിക്കുന്നത്, 'പാമ്പ് കടിച്ചവന്റെ തലയിൽ ഇടിത്തീ വീണു' എന്നുപറയുന്നതുപോലെയാണ്. എന്റെ നിയോജകമണ്ഡലത്തിലെ ഒരു പ്രദേശത്ത് മാസങ്ങൾക്കുമുമ്പ് കല്ലിട്ട് അതിർത്തി നിശ്ചയിച്ചിരുന്നതാണ്. ചിലയാളുകൾക്ക് അക്കൗണ്ടിലേയ്ക്ക് പണം നൽകി, ചിലർക്ക് നൽകിയിട്ടില്ല. ഇപ്പോൾ പെട്ടെന്ന് പണി തുടങ്ങുന്ന ഘട്ടത്തിൽ, അവരുടെ കടതന്നെയില്ലാതാകുന്ന ഒരവസ്ഥയിലേയ്ക്ക് തലയും വാലുമില്ലാത്തൊരു തീരുമാനമായി ഡെപ്യൂട്ടി കളക്ടർ അടക്കമുള്ളവർ അവരെ സമീപിച്ച്

പീഡിപ്പിക്കുകയും ബുദ്ധിമുട്ടിക്കുകയും ചെയ്യുന്ന കണ്ണീരിന്റെ കഥ അവിടെ കാണാൻ കഴിയും. കേരളം പ്രതിസന്ധിയിലാണ്. വ്യാപാരികളുടെ സങ്കടത്തിന്റെ കഥ പറഞ്ഞു. ജി.എസ്.ടി. വർദ്ധിപ്പിക്കാൻ വ്യാപാരികളെ പീഡിപ്പിക്കുന്ന ജി.എസ്.ടി. പരിശോധന നിരന്തരമായി നടക്കുകയാണ്. എല്ലാക്കാലത്തും നമ്മുടെ കൂടെനിന്ന കേരളത്തിലെ വ്യാപാരികളെ ചേർത്തുനിർത്തി, ഈയൊരു വിഷയത്തിൽ സർക്കാർ ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണം. അവർ ഇപ്പോഴും കാത്തുനിൽക്കുകയാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ദേശീയപാതാ വികസനത്തോടനുബന്ധിച്ച് കെട്ടിടയുടമകളെ കുടിയൊഴിപ്പിക്കുന്ന കാര്യമാണ് താങ്കളിപ്പോൾ സംസാരിച്ചുകൊണ്ടിരിക്കുന്നത്. അതുപോലെ ജി.എസ്.ടി-യുടെ കാര്യം പറഞ്ഞു. കെട്ടിടം പൊളിക്കുന്നതിനുള്ള ചാർജ്ജും കെട്ടിടമുടമകളിൽനിന്നും ഈടാക്കുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. ആർ. മഹേഷ്: സർ, കടയുടമകളുടെ ആകുലതകളും വേദനകളുമൊക്കെയാണ് ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞത്. ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് കൃത്യമായി പറയുന്നുണ്ട്. എന്നാൽ വർഷങ്ങളായി കട വാടകയ്ക്കെടുത്ത് കച്ചവടം നടത്തുന്നവരും കടയിൽ തൊഴിൽ ചെയ്യുന്നവരുമുണ്ട്. കട വാടകയ്ക്കെടുക്കുന്ന വാടകക്കാരനും അവിടെ ജോലി ചെയ്യുന്ന തൊഴിലാളിക്കും കടകൾ അവരുടെ ജീവിതമാർഗ്ഗമാണ്. ദേശീയപാതാ വികസനത്തോടനുബന്ധിച്ച് അവിടെനിന്ന് കുടിയിറങ്ങേണ്ടി വരുമ്പോൾ അവർക്ക് ലഭിക്കുന്ന നഷ്ടപരിഹാരത്തെ സംബന്ധിച്ച ആശങ്ക അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ഉബൈദുള്ള: സർ, ഷോപ്പിംഗിനുപോകുന്നവർക്ക് വാഹനങ്ങൾ നിർത്തിയിടാൻ ഇപ്പോൾ എവിടെയും സൗകര്യമില്ല. വലിയ മാളുകളിലൊന്നും പാർക്കിംഗ് ഫീസ് വാങ്ങാൻ പാടില്ലെന്ന സുപ്രീംകോടതി വിധിയുണ്ട്. എന്നാൽപ്പോലും മാളുകളിൽ സാധനം വാങ്ങാൻ പോകുന്നവരിൽനിന്നും പാർക്കിംഗ് ഫീസ് ഈടാക്കുന്നു. ഒരു ബൈക്കിൽ പോയാൽ 10 രൂപയും കാർ കൊണ്ടുപോയാൽ 20 രൂപയും ഫീസ് കൊടുക്കണം. വാഹനം നിർത്തി സാധനം വാങ്ങാൻ ഒരു മാളിൽ കയറിയാൽ, ഉദ്ദേശിച്ച സാധനം ലഭ്യമായില്ലെങ്കിൽപ്പോലും പാർക്കിംഗ് ഫീസ് കൊടുക്കണമെന്നതാണ് ഇപ്പോഴത്തെ സ്ഥിതി. സുപ്രീംകോടതി വിധിയുണ്ടായിട്ടുപോലും വലിയ മാളുകളിൽ പാർക്കിംഗ് ഫീസ് ഈടാക്കുന്നത് ശരിയായ നടപടിയല്ല. മാളുകളിൽ മാത്രമല്ല, ടൗണിൽ പോയാലും ഇതാണ് സ്ഥിതി. ഏതെങ്കിലുമൊരു ഷോപ്പിന് മുമ്പിൽ വാഹനം നിർത്തി സാധനം വാങ്ങുകയാണെങ്കിൽ അപ്പോൾ വന്ന് ഫൈൻ ചുമത്തുകയാണ്. ഇന്നത്തെ മലയാള മനോരമ ദിനപ്പത്രത്തിലെ വാർത്തയാണ് 'കോഴിക്കോട് നഗരത്തിലെ സ്ഥിതി:

എവിടെ നിർത്തും, വാഹനം നിർത്തിയിടാൻ നഗരത്തിൽ സ്ഥലമില്ല' (ദിനപ്പത്രം ഉയർത്തിക്കാണിച്ചു). എല്ലാ പട്ടണങ്ങളിലേയും സ്ഥിതിയാണിത്. പട്ടണങ്ങളിൽ ഷോപ്പിംഗിനുപോയാൽ അവിടെ വാഹനം നിർത്തിയിടാൻ സൗകര്യമില്ല. അമിതമായ പാർക്കിംഗ് ഫീസ് ഈടാക്കുന്നു. ഇത്തരം കാര്യങ്ങളിൽക്കൂടി സർക്കാരിന്റെ അടിയന്തരശ്രദ്ധ പതിയേണ്ടതുണ്ട്. ഇക്കാര്യത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ഗൗരവത്തോടുകൂടി ചർച്ച ചെയ്യേണ്ട വിഷയമാണിത്. സംസ്ഥാനപാതാ നവീകരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ മന്ത്രിസഭ ചേർന്ന് കേരളത്തിൽ വേദനയും പ്രയാസവും അനുഭവിക്കുന്നവർക്ക് പ്രത്യേകിച്ച് കോവിഡിന്റെ പ്രതിസന്ധിയിൽനിന്ന് മറികടക്കാൻ കഴിയാത്ത വ്യാപാരികൾക്ക് ആശ്വാസം പകരുന്ന രീതിയിൽ പ്രത്യേക ഇടപെടൽ, ഈ ബിൽ അവതരിപ്പിക്കുമ്പോൾ ഉണ്ടാകണമെന്ന അഭ്യർത്ഥനകൂടി വയ്ക്കുകയാണ്. പീടികത്തൊഴിലാളികൾ ഇന്ന് കടുത്ത പ്രതിസന്ധിയിലാണ്. ക്ഷേമനിധിയിൽ അംഗത്വമുള്ള പീടികത്തൊഴിലാളികൾ 10 ശതമാനമാണ്. കാരണം, കടയുടമകൾ ആഗ്രഹിച്ചാൽ മാത്രമേ ഒരു തൊഴിലാളിക്ക് ക്ഷേമനിധിയിൽ അംഗമാകാൻ കഴിയുകയുള്ളൂ. ക്ഷേമനിധിയിൽ അംഗത്വമെടുക്കാനുള്ള ചട്ടങ്ങളിൽ കടയുടമയുടെ സമ്മതപത്രം നിർബന്ധമാണെന്നത് വലിയ പ്രശ്നമാണ്. ഒരു കടയുടമയും അതിന് താല്പര്യപ്പെടാറില്ല. കാരണം സ്ഥിരം ജോലിക്കാരനായിപ്പോകുമെന്ന ആശങ്കയാണ് തൊഴിലുടമയ്ക്കുള്ളത്. മറ്റ് പല തൊഴിൽ മേഖലയിലെയും പോലെ പീടികത്തൊഴിലാളികൾക്കും ക്ഷേമനിധിയിൽ അംഗമാകാനുള്ള സാഹചര്യമുണ്ടാക്കാൻ അംഗത്വവ്യവസ്ഥകളിൽ മാറ്റം വരുത്തണം. ഇത്ര വർഷമായി കടയിൽ ജോലി ചെയ്യുന്നുവെന്ന് സ്വയം സാക്ഷ്യപ്പെടുത്തി നൽകാനുള്ള സാഹചര്യമുണ്ടാകണം. ഈ നിയമസഭയിലെ മലയാളി അല്ലാത്ത ഭാഷാന്യൂനപക്ഷ പ്രതിനിധിയെന്ന നിലയിൽ ഞാൻ ഡിഗ്രിക്ക് ബി.എ. കന്നഡ സാഹിത്യം പഠിക്കുന്ന കാലംമുതൽ പലപ്പോഴും കേൾക്കാനിടയായ കന്നഡയിലെ ഏറ്റവും പ്രസിദ്ധനായ കവി സിദ്ദലിങ്കയ്യയുടെ കവിത ഏറ്റവും താഴെത്തട്ടിലെ തൊഴിലാളികളുടെ വിഷയമെന്ന നിലയിൽ അവതരിപ്പിക്കുന്നു.

അവരു ബഡ കർമ്മിക്കറ, ശോഷിത്തറ

ഭാഗ്ഗ ബരത കവന സാലു.

ഹസിവിനിന്ത സത്തൊറു

സൈജ്ജകല്ല ഹോത്തൊറു

വാതെസികൊണ്ടു വറഗിതൊറു

നന്ന ജനഗളു.....

മാലിഗെഗള എത്തിദോറു

ബംഗാളഗള കട്ടിതോറു

തലാദിഗേ സിക്കിദോറു

നന്ന ജനഗളു

ഓലഗോലഗേ അത്തോറു

നന്ന ജനഗളു.

സിദ്ധലിങ്കയ്യ കർണാടകത്തിലെ ഏറ്റവും പ്രസിദ്ധനായ കവിയാണ്. നിരവധി യൂണിവേഴ്സിറ്റികളിൽ അദ്ദേഹത്തിന്റെ ജീവിതംതന്നെ പഠിപ്പിക്കുന്നുണ്ട്. അദ്ദേഹം പ്രയാസപ്പെടുന്ന തൊഴിലാളികളുടെ കാര്യത്തിൽ പണ്ട് പാടിയ ഈ കവിത നിയമസഭയിൽ ഇവർക്കുവേണ്ടി സമർപ്പിച്ചുകൊണ്ട് നിർത്തുകയാണ്.

ശ്രീ. കെ. യു. ജനീഷ് കുമാർ ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീമതി ഒ. എസ്. അംബിക</u>: സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന '1 എ' നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിന്റെ ഭാഗമായി അംഗങ്ങൾ ഓരോ മാസവും അടയ്ക്കേണ്ട അംശദായ തുക 7-ൽനിന്നും 15 രൂപയായി വർദ്ധിപ്പിക്കുന്നതിനെ സ്വാഗതം ചെയ്യുന്നു. ഇതിലൂടെ ഏറെ കഷ്ടതയും അവശതയും അനുഭവിക്കുന്ന ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളികൾക്ക് കാലഘട്ടം ആവശ്യപ്പെടുന്ന തരത്തിൽ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് ലഭ്യമാക്കാൻ സാധിക്കുമെന്നാണ് ഞാൻ പ്രത്യാശിക്കുന്നത്. കേരളത്തിൽ ഈറ്റ, കാട്ടുവള്ളി, തഴ മേഖലയിൽ പരമ്പരാഗതമായി പണിയെടുക്കുന്ന സാധാരണക്കാരിൽ സാധാരണക്കാരായ തൊഴിലാളികളുടെ ഉന്നമനത്തിനും അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനുമായി 1998-ൽ നിലവിൽവന്ന ആക്റ്റിന്റെയടിസ്ഥാനത്തിൽ 2000-ൽ ക്ഷേമനിധി ബോർഡ് പ്രവർത്തനമാരംഭിച്ചു. അന്ന് 1841 തൊഴിലാളികളാണ് രജിസ്റ്റർ ചെയ്തിരുന്നത്. രണ്ട് പതിറ്റാണ്ട് പിന്നിടുമ്പോൾ അസംഘടിത തൊഴിൽ മേഖലയിൽ ഉപജീവനം നടത്തുന്ന 104,367 പേർ 2021 സെപ്റ്റംബർ മാസംവരെ ബോർഡിൽ രജിസ്റ്റർ ചെയ്തിരിക്കുന്നു. ആദിവാസി ഗോത്രങ്ങളിലും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലും സാമ്പത്തികമായി ഏറെ

പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളിലുൾപ്പെടുന്ന 104,000 തൊഴിലാളികൾ സർക്കാരിന്റെയും ബോർഡിന്റെയും സംരക്ഷണത്തിലേയ്ക്ക് കടന്നുവന്നിരിക്കുന്നു. ഇതിൽ 13,323 തൊഴിലാളികൾക്ക് സർക്കാർ സഹായത്തോടെ പെൻഷൻ നൽകിവരുന്നു. നിലവിലെ വ്യവസ്ഥകൾ പ്രകാരം ഈറ്റ, കാട്ടുവള്ളി, തഴ മേഖലയിലെ തൊഴിലാളികൾ നേരിട്ടോ അല്ലെങ്കിൽ തൊഴിലുടമയോ ഉല്പാദകനോ തൊഴിലാളികൾക്ക് വേണ്ടിയോ പ്രതിമാസം 7 രൂപ ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കാനാണ് വ്യവസ്ഥ. ഈ തുകയും സർക്കാർ നൽകുന്ന മാച്ചിംഗ് ഗ്രാന്റും ഉൾപ്പെടെ ഉപയോഗിച്ച് നിരവധി ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നിലവിൽ സാധിച്ചിട്ടുണ്ട്. ക്ഷേമനിധിയിലെ വനിതാ അംഗത്തിന്റെയോ ഏതെങ്കിലും അംഗങ്ങളുടെ പെൺമക്കളുടെയോ വിവാഹത്തിന് ധനസഹായം നൽകിവരുന്നു. വനിതാ അംഗങ്ങളുടെ പ്രസവകാലാനുകൂല്യമായി ധനസഹായം നൽകുന്നു. സാമ്പത്തികമായി തകർച്ച നേരിടുന്ന ക്ഷേമനിധി അംഗങ്ങളെ കൈപിടിച്ചുയർത്തുന്ന സാമ്പത്തിക താങ്ങൽ പദ്ധതിയും ക്ഷേമനിധിയിൽ അംഗത്വം നേടി 60 വയസ്സിനുശേഷം വിരമിക്കുന്ന തൊഴിലാളിക്ക് പദ്ധതി പെൻഷനും ക്ഷേമനിധി ബോർഡ് പ്രവർത്തനം ആരംഭിക്കുന്നതിനുമുമ്പ് 60 വയസ്സ് പൂർത്തിയായവരും ജീവിതത്തിന്റെ ഗണ്യമായപങ്കും ഈ തൊഴിലിൽ ഏർപ്പെടുകയും ചെയ്തവർക്ക് ഇതര പെൻഷനും നൽകിവരുന്നു. തൊഴിൽ ചെയ്യാൻ സാധിക്കാത്ത തരത്തിൽ അവശതയുള്ളതും മറ്റ് പെൻഷനുകളില്ലാത്തതുമായ അംഗങ്ങൾക്ക് അവശതാ പെൻഷനും ക്ഷേമനിധിയിൽ അംഗമായിരിക്കെ മരണപ്പെട്ടവരുടെ നിയമാനുസൃത അവകാശികൾക്ക് അംശദായമായി അടച്ച തുകയും തത്തുല്യമായ ബോർഡ് വിഹിതവും ചേർത്ത് നൽകുന്ന മരണാനന്തര സഹായവും നൽകിവരുന്നു. ക്ഷേമനിധി പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കെ അംഗം മരണപ്പെടുകയാണെങ്കിൽ മരിച്ച തീയതിയുടെ മുമ്പുവരെയുള്ള പെൻഷൻ കുടിശ്ശിക നിയമാനുസൃതമായി അവകാശികൾക്ക് നൽകുന്നു. ക്ഷേമനിധിയിലെ അംഗങ്ങളുടെ കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസത്തിനായി അവരുടെ ക്രെഡിറ്റിലുള്ള തുകയുടെ 80 ശതമാനം വരെ തിരിച്ചടവില്ലാതെ തുകയായി അനുവദിക്കുന്നു. ഏറെ പ്രതീക്ഷയോടെയാണ് ഈ മേഖലയിലെ തൊഴിലാളികൾ സർക്കാരിനെ നോക്കിക്കാണുന്നത്. സ്വയംതൊഴിൽ ചെയ്യുന്നവരുൾപ്പെടെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സാമ്പത്തിക-സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്ന തൊഴിൽനയം ആവിഷ്കരിച്ച് മാതൃകാപരമായി നടപ്പിലാക്കിയ സർക്കാരാണിത്. വർദ്ധിച്ചുവരുന്ന സ്ത്രീ തൊഴിലാളികളുടെ പ്രാതിനിധ്യം മുന്നിൽകണ്ട് സ്ത്രീ സൗഹൃദ തൊഴിലന്തരീക്ഷം സൃഷ്ടിച്ച് തൊഴിലിടങ്ങളിൽ ലിംഗസമത്വം ഉറപ്പുവരുത്താനും

സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കാനുതകുന്ന തൊഴിൽനയം ആവിഷ്കരിച്ച കഴിഞ്ഞ സർക്കാരിന്റെ തുടർച്ചയായ ഈ സർക്കാരിൽനിന്ന് ജനങ്ങൾ ഏറെ പ്രതീക്ഷിക്കുന്നു. മിനിമം വേതനവും അന്തസ്സായ ജീവിത സാഹചര്യവും ഉറപ്പുവരുത്തിയ സർക്കാരാണിത്. ഇന്ത്യയിൽ ഏറ്റവും ഉയർന്ന മിനിമം വേതനനിരക്കുള്ള സംസ്ഥാനമാണ് കേരളം. ബാംബൂ കോർപ്പറേഷന്റെ കീഴിൽ പനമ്പ് നെയ്യുന്ന ഒരു തൊഴിലാളിക്ക് 371.20 രൂപയും ഈറ്റ വെട്ടിക്കൊണ്ടു വരുന്നവർക്ക് 649 രൂപയും പ്രതിദിന വേതനമായി നൽകിവരുന്നു. ഈറ്റ, കാട്ടുവള്ളി, തഴ മേഖലയിൽ പണിയെടുക്കുന്ന അസംഘടിത തൊഴിലാളികൾക്കും സ്വയംതൊഴിൽ കണ്ടെത്തുന്നവർക്കും മിനിമം വേതനത്തിന് തുല്യമായ വരുമാനം ലഭിക്കുന്നതിനുതകുന്ന പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. സ്വകാര്യമേഖലയിലെ വിവിധ തൊഴിലുകളിലേർപ്പെടുന്ന തൊഴിലാളികളിൽനിന്നും മികച്ച തൊഴിലാളിയെ കണ്ടെത്തി തൊഴിലാളി ശ്രേഷ്ഠ അവാർഡ് നൽകുന്നു. ഇതിനായി 15 തൊഴിൽ മേഖലകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിലൂടെ രാജ്യത്ത് ആദ്യമായി കേരളത്തിന് തൊഴിലാളികളുടെ കഴിവിനെ അംഗീകരിക്കുന്നുവെന്ന മഹനീയമാതൃക മുന്നോട്ടുവയ്ക്കാനായിട്ടുണ്ട്. ഈറ്റ, തഴ, കാട്ടുവള്ളി എന്നിവയിൽ കരവിരുത് തെളിയിക്കുന്ന മഹനീയമായ കഴിവുകളുള്ള തൊഴിലാളികളെയും തൊഴിലാളിശ്രേഷ്ഠാ പുരസ്കാരത്തിന് പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. തൊഴിലിന്റെ പേരിൽ ജാതിനിന്ദയും അവഹേളനവും നിലനിന്ന ഒരു കെട്ടകാലം നമുക്കുണ്ടായിരുന്നു. അറിഞ്ഞതും അറിയാത്തതുമായ എണ്ണമറ്റ പോരാട്ടങ്ങളുടെ ത്യാഗോജ്ജ്വലമായ തുടർച്ചയിലൂടെയാണ് നാം അതിനെ അതിജീവിച്ചത്. അദ്ധ്വാനത്തിന്റെ മഹത്വം ഉയർത്തിക്കാണിക്കുവാൻ ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കുവാൻ രാപകലില്ലാതെ പണിയെടുക്കുന്നവരെ മികച്ചവരായി കണക്കാക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് നമ്മുടെ കാഴ്ചപ്പാട് മാറേണ്ടതായിട്ടുണ്ട്. അതിനുതകുന്ന തരത്തിലുള്ള തൊഴിൽനയം ആവിഷ്കരിച്ച് നടപ്പിലാക്കിയവരെ അഭിനന്ദിക്കുന്നു. ഇത്തരത്തിൽ തൊഴിലെടുക്കുന്നവരെ ഏവരാലും ബഹുമാനിക്കപ്പെടണമെന്നും അർഹമായ വേതനം ഉറപ്പാക്കണമെന്നുമുള്ള നയസമീപനം പുലർത്തുന്ന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കൂടുതൽ ക്ഷേമപദ്ധതികൾ ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളികൾക്കുണ്ടാകുമെന്ന് വിശ്വസിക്കുകയാണ്. പതിവായി ഉല്പാദിപ്പിക്കുന്ന മുറവും കുട്ടയും ലോക്ഡൗൺ കാലത്ത് വിറ്റുപോകാത്തതിനെത്തുടർന്ന് തൃശ്ശൂർ ജില്ലയിലെ വി.ആർ.പുരം സ്വദേശിനി ലീല എന്ന വീട്ടമ്മ ഈറ്റകൊണ്ടുള്ള നിലവിളക്ക്, കസേര, പൂക്കുട, കോളാമ്പി എന്നിങ്ങനെ നിരവധി കൗതുകവസ്തുക്കളാണ് നിർമ്മിച്ചുവരുന്നത്. ഇത്തരത്തിൽ കഴിവും കാര്യപ്രാപ്തിയുമുള്ളവർ ഈ മേഖലയിൽ

പണിയെടുക്കുന്നുണ്ട്. ഇടനിലക്കാരുടെ ചൂഷണമില്ലാതെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ന്യായമായ വിലയ്ക്ക് വിറ്റഴിക്കാനായി സംവിധാനമൊരുക്കേണ്ടതുണ്ട്. ഓൺലൈൻ വിപണിയുടെ സാദ്ധ്യതയും ഉപയോഗപ്പെടുത്താവുന്നതാണ്. കുടുംബശ്രീയുടെയും അക്ഷയകേന്ദ്രങ്ങളുടെയും സഹായം ഉപയോഗപ്പെടുത്തുന്ന കാര്യവും ആലോചിക്കാവുന്നതാണ്. ഈറ്റയും മുളയും ലഭ്യമാക്കുന്നതിനുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സംസ്ഥാന ബാംബൂ കോർപ്പറേഷൻവഴി മുള വച്ചുപിടിപ്പിക്കുന്ന പദ്ധതിക്ക് തുടക്കംകുറിക്കുന്നതായി അറിയാൻ കഴിഞ്ഞു. ആറളം ഫാമിൽ 200 ഏക്കറും അലിഗഡ് യൂണിവേഴ്സിറ്റിയിൽ 125 ഏക്കറും ലഭ്യമാക്കാൻ കരാറിലേർപ്പെട്ട നടപടിയെ സ്വാഗതംചെയ്യുന്നു. അതോടൊപ്പം തെക്കൻ കേരളത്തിലും അനുയോജ്യമായ സ്ഥലം കണ്ടെത്തി ഈറ്റയും മുളയും നട്ടുപിടിപ്പിച്ചാൽ അസംസ്കൃത വസ്തുക്കളുടെ അഭാവം നേരിടുന്ന തൊഴിലാളികൾക്ക് ഏറെ ആശ്വാസ മാകുമെന്നതുകൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. കേരളത്തിലെ ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയെ കേരള ലേബർ വെൽഫയർ ഫണ്ടുമായി ലയിപ്പിക്കുന്നതിനാവശ്യമായ നിയമനടപടി സ്വീകരിച്ചുവരുന്നതായി അറിയുന്നു. സംയോജനത്തിലൂടെ കൂടുതൽ കരുത്താർജ്ജിക്കുവാൻ ക്ഷേമനിധി ബോർഡിന് കഴിയട്ടെയെന്ന് ആശംസിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. ഒ. ആർ. കേളു</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന '2 ബി' നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ ലോകത്താകമാനം തൊഴിൽമേഖല ഇന്ന് വലിയ പ്രതിസന്ധിയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. തൊഴിലും വരുമാനവുമില്ലാതെ സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ള ജനവിഭാഗങ്ങൾ കടുത്ത പ്രതിസന്ധി നേരിടുകയാണ്. ഈ ഗവൺമെന്റ് തൊഴിലാളിവിരുദ്ധ നയമാണ് സ്വീകരിക്കുന്നതെന്നാണ് ചില അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചത്. ഈ നിയമസഭാ സമ്മേളനത്തിൽ ചർച്ചയ്ക്കെടുക്കുന്ന നാല്പത്തിയഞ്ചോളം ബില്ലുകൾ സമൂഹത്തിലെ താഴെത്തട്ടിലുള്ള തൊഴിലാളിവർഗ്ഗത്തിന്റെ ക്ഷേമത്തിനുവേണ്ടിയാണെന്നുള്ളത് നമുക്ക് കാണാൻ സാധിക്കും. എറണാകുളം, ഇടുക്കി, പാലക്കാട്, തൃശ്ശൂർ തുടങ്ങിയ ജില്ലകളിലാണ് ഈ തൊഴിലുമായി ബന്ധപ്പെട്ട് ഒട്ടനവധി കുടുംബങ്ങളും ജനവിഭാഗങ്ങളും ജീവിച്ചുപോരുന്നത്. ഒരു ലക്ഷത്തിലധികം തൊഴിലാളികൾ ഈ ക്ഷേമനിധിയിൽ

അംഗത്വമെടുത്തിട്ടുണ്ട്. ശരാശരി 83000-ൽക്കൂടുതൽ ആളുകൾ സ്ഥിരമായി ജോലി ചെയ്തുവരുന്നുണ്ട്. 1998-ലാണ് ക്ഷേമനിധി ആക്ട് നിലവിൽവന്നത്. കാലാനുസൃതമായി ഇത്തരം ബില്ലുകൾ പരിശോധനയ്ക്ക് വിധേയമാക്കുകയും ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരികയും ചെയ്യേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കിയാണ് ഭേദഗതി ബിൽ അവതരിപ്പിച്ചിട്ടുള്ളത്. വർഷങ്ങളായി പരമ്പരാഗത തൊഴിലാളികൾ കൈനൈപുണ്യത്താൽ കുട്ട, വട്ടി തുടങ്ങിയവ നിർമ്മിച്ചുവരികയും അത് വിറ്റഴിച്ച് വരുമാനമുണ്ടാക്കി ജീവിച്ചുവരികയുമാണ്. അസംസ്കൃത വസ്തുവായ ചൂരൽ ഒരു പ്രധാനപ്പെട്ട ഘടകമാണ്, അതാണ് കാട്ടുവള്ളിയെന്ന് ഉദ്ദേശിക്കുന്നത്. ചൂരൽ ഉപയോഗിച്ച് കസേര, കുട്ട, വട്ടി പോലെയുള്ള പലതരം സാധനങ്ങൾ നിർമ്മിച്ച് വലിയ വിലയ്ക്ക് വിൽക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നുണ്ട്. ഇതെല്ലാം നിർമ്മിക്കുന്നതിനുള്ള അസംസ്കൃത വസ്തുക്കൾ ശേഖരിക്കുന്നത് വനാന്തരങ്ങളിൽനിന്നാണ്. ഇതുസംബന്ധിച്ച് എനിക്ക് സൂചിപ്പിക്കാനുള്ള ഒരു കാര്യം, അസംസ്കൃത വസ്തുക്കൾ ശേഖരിക്കുന്നതിന് വനം വകുപ്പ് പലപ്പോഴും തടസ്സം നിൽക്കുന്നുണ്ടെന്നുള്ളതാണ്. നിയമം അനുവദിക്കുമെങ്കിലും യഥാസമയം വനം വകുപ്പിന്റെ അനുമതി ലഭിക്കാത്ത സാഹചര്യമുണ്ടാകാറുണ്ട്. അതിനുള്ള സാഹചര്യമൊരുക്കണമെന്ന കാര്യംകൂടി സൂചിപ്പിക്കുകയാണ്. തൊഴിലാളികൾക്കുള്ള ചികിത്സാസഹായം, പ്രസവാനുകൂല്യം, കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം ഉൾപ്പെടെയുള്ളവയിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തേണ്ടതാവശ്യമാണ്. മറ്റൊന്ന്, അവരുടെ സുരക്ഷയുമായി ബന്ധപ്പെട്ടതാണ്. ഈറ്റയും ചൂരലും കാട്ടുവള്ളിയും ശേഖരിക്കാൻ വനാന്തരങ്ങളിൽ പോകുമ്പോൾ വന്യമൃഗങ്ങളുടെ ആക്രമണമോ ഇഴജന്തുക്കളുടെ ശല്യമോ ഉണ്ടാകാറുണ്ട്. കാലവർഷക്കെടുതിയുള്ള സമയത്തുപോലും കാലാവസ്ഥയെ അതിജീവിച്ചാണ് ഈ തൊഴിലിൽ ഏർപ്പെടുന്നത്. വലിയൊരു പ്രതിസന്ധിയിൽക്കൂടിയാണ് ഇവർ ജീവിച്ചുപോരുന്നത്. അതുകൊണ്ടുതന്നെ നമുക്കവരെ സംരക്ഷിക്കാൻ സാധിക്കണ മെന്നുള്ളതാണ് പ്രധാന കാര്യം. ഈ ഗവൺമെന്റ് തൊഴിലാളി വിരുദ്ധമായി പ്രവർത്തിക്കുന്നുണ്ടെന്ന് ബഹുമാന്യരായ ചില അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. എന്താണ് യാഥാർത്ഥ്യം? നമ്മുടെ സംസ്ഥാനത്തുള്ള നാൽപ്പതോളം പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാക്കി അടച്ചുപൂട്ടിച്ചിട്ടുള്ളതും കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കാതിരുന്നതും മത്സ്യത്തൊഴിലാളികളെ പട്ടിണിക്കിട്ടതും ഏത് കാലഘട്ടത്തിലാണെന്ന് പരിശോധിച്ചാൽ നമുക്ക് കാണാൻ സാധിക്കും. സിനിമാമേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്. ലൈറ്റ്ബോയ് മുതൽ അഭിനേതാക്കൾ വരെയുള്ള ഒട്ടനവധി ശൃംഖലകൾ കോർത്തിണക്കിയിട്ടുള്ള തൊഴിൽമേഖലയാണ് സിനിമ. ചില ദിവസം

വിശ്രമിക്കാൻപോലും കഴിയാത്ത രീതിയിലുള്ള പ്രവർത്തനവും സേവനങ്ങളുമാണ് ലൈറ്റ്ബോയ്സ് നടത്തിവരുന്നത്. അത്തരം മേഖലകൾ തടസ്സപ്പെടുത്തുമ്പോൾ എത്ര തൊഴിലാളികൾക്കാണ് തൊഴിൽ നഷ്ടപ്പെടുന്നത്; എത്രയാളുകളുടെ വരുമാനമാണ് നഷ്ടപ്പെടുന്നത്? രാഷ്ട്രീയമായി പരിശോധിക്കപ്പെടുമ്പോൾ, ആരാണ് തൊഴിലാളിവിരുദ്ധ സമീപനം സ്വീകരിക്കുന്നത് എന്നതിന്റെ യാഥാർത്ഥ്യം ബോദ്ധ്യപ്പെടുത്താനാണ് ഞാൻ ഇക്കാര്യം സന്ദർഭോചിതമായി സൂചിപ്പിച്ചത്. ഇന്ന് ചർച്ച ചെയ്യുന്ന മറ്റൊരു ബിൽ 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലാണ്.രാവിലെ കടയിൽ ജോലിക്ക് കയറിക്കഴിഞ്ഞാൽ വെള്ളം കുടിക്കാൻപോലും പുറത്തുപോകാൻ കഴിയാത്ത, ഇരിക്കാൻ കസേരപോലുമില്ലാത്ത ഒരു സ്ഥിതിവിശേഷം നമ്മുടെ നാട്ടിലുണ്ടായിരുന്നു. എൽ.ഡി.എഫ്. സർക്കാർ പാവങ്ങളുടെ, തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടിത്തന്നെയാണ് കൃത്യമായി പ്രവർത്തിക്കുന്നതെന്നും ദീർഘവീക്ഷണത്തോടു കൂടിത്തന്നെയാണ് ഇക്കാര്യം കൈകാര്യം ചെയ്യുന്നതെന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ടെക്സ്റ്റൈൽ ഷോപ്പുകളിൽ പണിയെടുത്തു കൊണ്ടിരുന്ന വനിതകൾക്ക് പ്രാഥമിക സൗകര്യങ്ങൾ പോലുമില്ലാത്ത, സ്ഥാപനങ്ങളിലെ ലിഫ്റ്റിൽ കയറാൻപോലും അനുവാദമില്ലാതിരുന്ന ഒരു സാഹചര്യം കേരളത്തിലുണ്ടായിരുന്നു. ഇതിനൊരു മാറ്റം വരുത്തി ഇത്തരം ടെക്സ്റ്റൈൽ ഷോപ്പുകളടക്കമുള്ള സ്ഥലങ്ങളിൽ ജോലിയെടുക്കുന്ന വനിതകൾക്ക് സുരക്ഷിതത്വം ഉറപ്പുവരുത്താനും അവരുടെ വേതനത്തിൽ മാറ്റംവരുത്താനും കഴിഞ്ഞ പിണറായി വിജയൻ ഗവൺമെന്റിന്റെ ഭരണകാലത്ത് അന്നത്തെ തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ടി. പി. രാമകൃഷ്ണൻ തുടങ്ങിവച്ച ഇടപെടലിനെക്കുറിച്ച് താങ്കൾക്കറിയാമോ?

ശ്രീ. ഒ. ആർ. കേളു: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഞാൻ സഭയിലുണ്ടായിരുന്നു. അപ്പോഴാണ് ഇത്തരത്തിലുള്ള മാറ്റം വരുത്തിയിട്ടുള്ളത്. തൊഴിലാളിവർഗ്ഗത്തിന് കൂലി ചോദിക്കാൻപോലും കഴിയാത്ത ഒരു കാലഘട്ടം കേരളത്തിലുണ്ടായിരുന്നു. അത്തരത്തിലുള്ള കാലഘട്ടത്തിൽക്കൂടിയാണ് തൊഴിലാളിവർഗ്ഗം കരുത്താർജ്ജിച്ച് കടന്നുവന്നിട്ടുള്ളത്. ചരിത്രം പരിശോധിക്കുമ്പോൾ നിരവധി കാര്യങ്ങൾ പറയാനുണ്ട്. ഈ ഗവൺമെന്റ് 45-ഓളം ബില്ലുകളാണ് പാവപ്പെട്ടവരുടെ ക്ഷേമത്തിനും ഐശ്വര്യത്തിനുംവേണ്ടി ചർച്ചയ്ക്കെടുക്കുന്നത്. ഈ ബില്ലിനെ അനുകൂലിക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. വിൻസെന്റ്]

ഡോ. സുജിത് വിജയൻപിള്ള ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ജെ. മാക്സി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന '1 എ' നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നിലവിലെ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽവന്നശേഷം തൊഴിലും നൈപുണ്യവും വകുപ്പ് നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ ഞാൻ വിശദീകരിക്കാം. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽവന്നശേഷം ഉയർന്നുവന്ന തൊഴിൽത്തർക്കങ്ങളിൽ ഫലപ്രദമായ ഇടപെടൽ നടത്തി സമാധാനപരമായ തൊഴിലന്തരീക്ഷം സൃഷ്ടിക്കാൻ തൊഴിൽനയം അംഗീകരിച്ച് നടപ്പിലാക്കിയത് രാജ്യത്താകെ ശ്രദ്ധിക്കപ്പെട്ടു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി. സംസ്ഥാനത്തെ വിവിധ മേഖലകൾ കേന്ദ്രീകരിച്ച് ശക്തമായ പരിശോധന നടത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു. ടെക്സ്റ്റൈൽ, ജൂവലറി നിർമ്മാണം, സെക്യൂരിറ്റി, സ്വകാര്യ ആശുപത്രി, കടകൾ, വാണിജ്യ സ്ഥാപനങ്ങൾ, മാളുകൾ, ഹോട്ടലുകൾ തുടങ്ങിയ മേഖലകളിൽ തൊഴിലെടുക്കുന്നവരാണ് ഈ ക്ഷേമനിധി ബോർഡിന്റെ കീഴിൽ വരുന്നത്. അംശദായവും തൊഴിലുടമാ വിഹിതവും കാലോചിതമായി വർദ്ധിപ്പിച്ച് ക്ഷേമനിധി ബോർഡുകളെ സാമ്പത്തികമായി ശക്തിപ്പെടുത്താനാണ് ഈ സർക്കാർ ശ്രമിക്കുന്നത്. ഇതോടൊപ്പം തൊഴിലാളികളുടെ ആനുകൂല്യങ്ങളും വർദ്ധിപ്പിക്കാൻ കഴിയും. ക്ഷേമനിധി പെൻഷനുകൾ 1,600 രൂപയായി വർദ്ധിപ്പിച്ച് കുടിശ്ശികയില്ലാതെ വിതരണം ചെയ്തു. സമാനസ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളെ ലയിപ്പിക്കാൻ തീരുമാനിച്ചു. ട്രേഡ് യൂണിയൻ സംഘടനകളിൽനിന്നും അഭിപ്രായരൂപീകരണം നടത്തിയാണ് ലയനം നടപ്പിലാക്കുന്നത്. കേന്ദ്ര സർക്കാർ മുതലാളിപക്ഷത്തുനിന്നുകൊണ്ട് തൊഴിൽനിയമങ്ങൾ പൊളിച്ചെഴുതാൻ ശ്രമിക്കുമ്പോഴാണ് സംസ്ഥാന സർക്കാർ ഈ നീക്കം നടത്തുന്നത്. നാൽപ്പതോളം തൊഴിൽനിയമങ്ങൾ ക്രോഡീകരിച്ച് നാല് കോഡുകളായി മാറ്റിയതിലൂടെ തൊഴിലാളികൾക്ക് ലഭിക്കുന്ന സംരക്ഷണം ഇല്ലാതാക്കാൻ പരിശ്രമിക്കുകയാണ് കേന്ദ്ര സർക്കാർ ചെയ്യുന്നത്; ഇത് നടപ്പിൽവരുന്നതോടെ സംസ്ഥാനത്ത് നിലവിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകളുടെ നിലനിൽപ്പുപോലും ചോദ്യം ചെയ്യപ്പെടും. ഈ സർക്കാർ തൊഴിലാളിപക്ഷത്തുനിന്നുകൊണ്ട് തൊഴിൽ നിയമങ്ങളിൽ ഭേദഗതി

കൊണ്ടുവന്നിട്ടുണ്ട്. സെയിൽസ് പ്രൊമോഷൻ തൊഴിലാളികളുടെ ജോലിസമയം 8 മണിക്കൂറായി നിജപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചു. കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമത്തിൽ സ്ത്രീ ജീവനക്കാരുടെ ഇരിപ്പിടം ഉറപ്പുവരുത്തുന്ന ഭേദഗതി കൊണ്ടുവന്നു. ടെക്സ്റ്റൈൽ സ്ഥാപനങ്ങളിൽ സ്ത്രീ തൊഴിലാളികളുൾപ്പെടെയുള്ളവർ രാവിലെ 8 മണി മുതൽ രാത്രി 8 മണിവരെ 12 മണിക്കൂർ നീണ്ടുനിൽക്കുന്ന ജോലിയാണ് ചെയ്യുന്നത്. ഇരിക്കാനുള്ള സൗകര്യമോ ഒരു ഗ്ലാസ്സ് വെള്ളം കുടിക്കാനോ ഉച്ചഭക്ഷണം കഴിഞ്ഞ് അൽപ്പം വിശ്രമിക്കാനോ മതിയായ ടോയ്ലെറ്റ് സൗകര്യമോ ഇല്ലാതെ ജോലി ചെയ്യേണ്ട അവസ്ഥയായിരുന്നു. ഈ ബിൽ പാസ്സാകുന്നതോടെ വലിയ രീതിയിലുള്ള സംരക്ഷണമാണ് തൊഴിലാളികൾക്ക് ലഭിക്കുന്നത്. നിയമം ലംഘിക്കുന്ന തൊഴിലുടമ രണ്ട് ലക്ഷം രൂപ പിഴയടയ്ക്കേണ്ടി വരുന്ന വ്യവസ്ഥയും ഈ നിയമത്തിന്റെ ഭാഗമായി വരികയാണ്. അപ്പോൾ സ്ഥാപനയുടമകൾ നിയമം നടപ്പിലാക്കാൻ നിർബന്ധിതരാകും. കടകളിൽ ജോലി ചെയ്യുന്നവർ നിലവിൽ ആഴ്ചയിൽ എല്ലാ ദിവസവും ജോലിക്ക് ഹാജരാകണം. അഥവാ അവധിയെടുത്താൽ ആ ദിവസത്തെ ശമ്പളം നൽകില്ല. ഈ ബില്ലിന്റെ ഭാഗമായി ഇവർക്ക് ആഴ്ചയിൽ ഏതെങ്കിലുമൊരു ദിവസം അവധി നൽകണമെന്ന വ്യവസ്ഥകൂടി വരികയാണ്. മതിയായ സുരക്ഷ ഉറപ്പുവരുത്തി വനിതാ തൊഴിലാളികൾക്ക് 9 മണിവരെ തൊഴിലെടുക്കാനുള്ള അവസരവുമുണ്ടാകുകയാണ്. വനിതാ ജീവനക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തി, അഞ്ച് ജീവനക്കാരടങ്ങുന്ന ഗ്രൂപ്പുകളായി അവരുടെ അനുമതിയോടെ രാത്രി 9 മണിക്കുശേഷവും വനിതാ തൊഴിലാളികളെ ജോലി ചെയ്യാൻ അനുവദിക്കുന്ന വ്യവസ്ഥയും ഈ നിയമത്തിലുണ്ട്. സംസ്ഥാനത്തെ ടെക്സ്റ്റൈൽ ഷോപ്പുകൾ, ആശുപത്രികൾ, കൺസ്ട്രക്ഷൻ മേഖല, ഹോട്ടലുകൾ, റിസോർട്ടുകൾ, സ്റ്റാർ ഹോട്ടലുകൾ, ജുവലറികൾ, ഐ.ടി. സ്ഥാപനങ്ങൾ, സെക്യൂരിറ്റി സ്ഥാപനങ്ങൾ എന്നിവ തൊഴിൽ സൗഹൃദ നിലപാടുകളുടെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്യുന്ന പദ്ധതി വിജയകരമായി നടപ്പാക്കിവരുന്നു. സേവനസുരക്ഷാ പദ്ധതിയിലൂടെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്ന പദ്ധതി സംസ്ഥാനത്തൊട്ടാകെ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു. തൊഴിലാളികൾക്ക് വേതനം ബാങ്കുവഴി വിതരണം ചെയ്യുന്ന ഓൺലൈൻ വേജസ് സ്ലിപ്പ് ലഭ്യമാക്കിവരുന്നു. തൊഴിലാളികളുടെ വേതനവിതരണം കൃത്യമായി നിരീക്ഷിക്കുന്നതിന് സഹായകരമായ പദ്ധതികളാണ് ഈ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2006-ൽ നിലവിൽവന്ന ആക്ട് പ്രകാരം അംഗങ്ങൾ ഓരോ മാസവും 50 രൂപവീതം അംശദായം അടയ്ക്കേണ്ടതും അതിലൂടെ വിരമിക്കലിനുശേഷം പെൻഷൻ ലഭ്യമാക്കുന്നതുമാണ്.

തൊഴിലാളിക്ഷേമം ഉറപ്പുവരുത്തി കാലാനുസൃതമായി പെൻഷനും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്ന ഭേദഗതിയും ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അംശദായത്തിനുപുറമെ പ്രതിമാസം 20 രൂപ കൂടി അംശദായ നിധിയിലേയ്ക്ക് നൽകേണ്ടതും അടയ്ക്കുന്ന തുകയ്ക്ക് പ്രതിമാസം 5 രൂപ ഗ്രാന്റായി സർക്കാർ അടയ്ക്കണമെന്നും വ്യവസ്ഥ ചെയ്യുന്നതാണ് 4-ാം വകുപ്പിലെ ഭേദഗതി. ഈ ബിൽ നിയമമാക്കുന്നതിലൂടെ തൊഴിലാളികൾക്ക് നിലവിൽ ലഭ്യമാക്കുന്നതിലും കൂടുതൽ പെൻഷൻലഭ്യത ഉറപ്പുവരുത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്. പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കിയാണ് ഓർഡിനൻസ് കൊണ്ടുവന്നതും ഇപ്പോഴത് നിയമമാക്കാൻ ഉദ്ദേശിക്കുന്നതും. തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്ന ഈ സർക്കാരിന്റെ നയമാണ് ചിലർക്ക് വിഷമമുണ്ടാക്കുന്നത്. ഇതിലൂടെ ഇവരുടെ തൊഴിലാളിസ്നേഹം തൊഴിലാളികൾക്കും തൊഴിലാളി കുടുംബങ്ങൾക്കും മനസ്സിലായിട്ടുണ്ട്.

സംസ്ഥാനത്തെ പ്രധാന തൊഴിൽ മേഖലയിലൊന്നാണ് ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ മേഖല. ശ്രീ. പിണറായി വിജയന്റെ ഇടതുമുന്നണി സർക്കാർ ഇവർക്കൊപ്പമുണ്ട്. തൊഴിലാളി ക്ഷേമനിധി ബോർഡുകൾവഴി സാമ്പത്തിക സഹായം നൽകിയതിന്റെ കണക്ക് ഞാൻ പറയാം. ഒന്നാം ഘട്ടത്തിൽ 2,749,723 തൊഴിലാളികൾക്കായി 22,53,38,500 രൂപയും രണ്ടാം ഘട്ടത്തിൽ 2,658,828 പേർക്കായി 265,88,28,000 രൂപയും വിതരണം ചെയ്തുകഴിഞ്ഞു. തുടർപ്രവർത്തനങ്ങളുമായി ഈ സർക്കാർ മുന്നോട്ടുപോകുകയാണ്. ഇന്ത്യയിലാകമാനം നോക്കിയാൽ മറ്റൊരു സംസ്ഥാനത്തും ഇത്തരം സഹായങ്ങൾ നൽകിയതായി കാണാൻ കഴിയില്ല. ഇന്ത്യയിൽ എഫ്.സി.ഐ-യുടെ വിവിധ ഗോഡൗണുകളിൽ 8.50 കോടിയിലേറെ ടൺ ഭക്ഷ്യധാന്യങ്ങൾ കെട്ടിക്കിടന്ന് നശിക്കുന്നത് അതിദരിദ്രരായ തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും വിതരണം ചെയ്യാത്ത നരേന്ദ്ര മോദി സർക്കാരിന്റെ നയമല്ല ഈ സർക്കാരിന്റേതെന്നത് ശ്രദ്ധേയമാണ്. ഈയവസരത്തിലാണ് തൊഴിലാളിക്ഷേമം ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ട് ഇടതുമുന്നണി സർക്കാർ മുന്നോട്ടുപോകുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരും തുടർസർക്കാരും ക്ഷേമനിധി ബോർഡുകളുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള നയമാണ് പിന്തുടരുന്നത്. എന്നാൽ, തൊഴിലാളികൾ മാനേജ്മെന്റുകളുടെ സങ്കുചിത താൽപ്പര്യങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകാത്ത സ്ഥിതിയുണ്ട്. ക്ഷേമനിധി ബോർഡ് അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് വളരെയധികം ആശ്വാസം നൽകുന്നതാണ്. എന്നാൽ, പല സ്ഥാപനയുടമകളും തൊഴിലാളികളെ അതിലേയ്ക്ക് കൊണ്ടു വരുന്നതിനുള്ള ശ്രമം നടത്താതെ അതിൽനിന്നും മാറിനിൽക്കുകയാണ്. സ്വകാര്യ

സ്ഥാപനങ്ങളും സ്ഥാപനയുടമകളും അധികാരികളും നടത്തിവരുന്ന തൊഴിലാളി വിരുദ്ധ നടപടികളിലൂടെ തൊഴിലാളികളെ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളാക്കാതെ അവരുടെ ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്തുന്ന അവസ്ഥയും നിലനിൽക്കുന്നുണ്ട്. ക്ഷേമനിധിയിൽ ചേരുന്നതും അംശദായം അടയ്ക്കുന്നതും മഹാ അപരാധമായാണ് അവരെ ധരിപ്പിച്ചിട്ടുള്ളത്. ഇത്തരം പാവങ്ങളെ ലേബർ ഡിപ്പാർട്ടുമെന്റും അംഗീകൃത ട്രേഡ് യൂണിയനുകളും കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തി ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളാക്കി ആനുകൂല്യങ്ങൾ ഉറപ്പാക്കാൻ ഭരണ-പ്രതിപക്ഷ ഭേദമെന്യേ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകളിലായി 70 ലക്ഷം അംഗങ്ങളാണ് നിലവിലുള്ളത്. അതിലും കൂടുതൽപേർ തൊഴിൽമേഖലയിലുണ്ട്. ക്ഷേമനിധി ബോർഡിൽ അംഗങ്ങളല്ലാത്തവർക്ക് ആനുകൂല്യം ഉറപ്പാകുന്നില്ല. തൊഴിലാളികൾക്ക് ആനുകൂല്യം ഉറപ്പാക്കണമെങ്കിൽ എല്ലാവരും അവരവരുടെ മേഖലകളിലെ ബോർഡുകളിൽ അംഗങ്ങളായി അംശദായം അടയ്ക്കണം. ഇവർക്ക് കൂടുതൽ ആനുകൂല്യങ്ങളും പെൻഷനും നൽകണമെങ്കിൽ സർക്കാരിന് അംശദായം വർദ്ധിപ്പിക്കേണ്ടിവരും. തൊഴിലാളിക്ഷേമവും ആനുകൂല്യങ്ങളും ഉറപ്പു വരുത്തുന്നതിനാണ് സർക്കാർ പ്രവർത്തിക്കേണ്ടത്, അതാണ് ഈ സർക്കാർ ചെയ്തുവരുന്നതും. തൊഴിലാളിക്ഷേമവും ആനുകൂല്യങ്ങളുടെ വർദ്ധനവും ഉറപ്പാക്കാനാണ് ഈ നിയമ ഭേദഗതിയിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് ക്ഷേമനിധി ബോർഡുകൾ വിവിധ നിയമങ്ങൾക്ക് വിധേയമായി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. അതോടൊപ്പം അംഗങ്ങളുടെ കുറവും അംശദായം ലഭ്യമാക്കുന്നതിലെ കുറവുംമൂലം ഓരോന്നിന്റെയും പ്രവർത്തനരീതിയിൽ വ്യത്യാസമുണ്ടെന്നുള്ളത് സത്യമാണ്. ഓരോ മേഖലയിലും പ്രവർത്തിക്കുന്ന എല്ലാ വിഭാഗം തൊഴിലാളികളെയും അതത് മേഖലകളിലെ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളാക്കി അവർക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ ഉറപ്പുവരുത്തിയാൽ മാത്രമേ ക്ഷേമരാജ്യം ഉറപ്പുവരുത്താൻ കഴിയുകയുള്ളൂ. തൊഴിലാളി ക്ഷേമനിധികൾ ഭംഗിയായി പ്രവർത്തിക്കുന്നതിന് സർക്കാർ വിഹിതം നൽകുന്നുണ്ടെങ്കിലും യഥാസമയം പിരിച്ചെടുക്കാൻ ബോർഡുകൾക്കൊപ്പം എല്ലാ സംഘടനകളും ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ഞാൻ സൂചിപ്പിക്കുന്നു. തൊഴിലാളികൾക്കുള്ള ക്ഷേമപ്രവർത്തനങ്ങളിൽ അവരുടെ കുട്ടികളുടെ വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, സാമ്പത്തിക-ആരോഗ്യപരിപാലനം എന്നിവയ്ക്ക് സർക്കാർ വിവിധ പദ്ധതികൾവഴി നടപടി സ്വീകരിച്ചുവരുന്നത് ചിലപ്പോൾ പ്രതിപക്ഷത്തിന് അത്ര അംഗീകരിക്കാനാകില്ലെന്നത് സത്യമാണ്. അവർക്ക് കോവിഡ്കാലത്ത് നൽകിവരുന്ന സഹായങ്ങൾ നൽകുന്നുണ്ടെങ്കിലും പ്രതിപക്ഷം അതറിഞ്ഞതായി നടിക്കുന്നില്ല. നിലവിൽ കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ്

തൊഴിലാളി ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ 190,727-ഉം അംഗങ്ങൾ 1,360,386-ഉം ആണ്. പെൻഷൻ, കുട്ടികളുടെ സ്കോളർഷിപ്പ്, വിവാഹ ധനസഹായം, പ്രസവ ധനസഹായം, ചികിത്സാ ധനസഹായം, ശവസംസ്കാരച്ചെലവ്, മരണാനന്തര സഹായങ്ങൾ, അബോർഷൻ ധനസഹായം, ക്യാഷ് അവാർഡ് എന്നിവയാണ് ഇവർക്ക് ബോർഡ് നൽകുന്ന സഹായങ്ങൾ. ഇവ ലഭ്യമാക്കണമെങ്കിൽ തൊഴിലാളികൾ ബോർഡിൽ അംഗങ്ങളാകണമെന്ന വസ്തുത പലർക്കും അറിയില്ല. തൊഴിലുടമ അവരെക്കൊണ്ട് പണിയെടുപ്പിക്കുക മാത്രമാണ് ചെയ്യുന്നത്. ഇതുസംബന്ധിച്ച് തൊഴിലാളികൾക്കിടയിൽ ബോധവത്കരണം നടത്തുകയും തൊഴിലുടമയുടെ ചൂഷണം ഇല്ലാതാക്കേണ്ട നടപടി സ്വീകരിക്കുകയുമാണ് ചെയ്യേണ്ടത്. അവർക്ക് ഇതുവഴി ലഭ്യമാകുന്ന ആനുകൂല്യങ്ങൾ ലഭിക്കാൻ വ്യവസ്ഥകളുണ്ട്. കൊല്ലം നിയോജകമണ്ഡലത്തിലെ അംഗവും ചലച്ചിത്രതാരവുംകൂടിയായ ശ്രീ. എം. മുകേഷ് തൊഴിലെടുക്കുന്ന മേഖലയെ സംബന്ധിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട് ഇന്ന് രാവിലെ സബ്മിഷൻ അവതരിപ്പിച്ചു. എറണാകുളത്ത് വൈറ്റില ജംഗ്ഷനിൽ പെട്രോൾ-ഡീസൽ വില വർദ്ധനവിന്റെപേരിൽ കോൺഗ്രസ്സുകാർ നടത്തിയ വഴിതടയൽ സമരത്തിന്റെ ഭാഗമായി നിരവധിയാളുകൾക്ക് പ്രയാസങ്ങളുണ്ടായി. ചലച്ചിത്രതാരം ശ്രീ. ജോജു ജോർജ്ജ് അതിനെക്കുറിച്ച് ഒരു വാക്ക് പറഞ്ഞുപോയി. അദ്ദേഹം അതുപറഞ്ഞത് മഹാപരാധമെന്നനിലയ്ക്കാണ് കോൺഗ്രസ്സുകാർ എടുത്തിരിക്കുന്നത്. ഡയാലിസിസ് രോഗികളടക്കമുള്ള ധാരാളംപേർ പ്രതിഷേധത്തിനിടയിൽപ്പെട്ട് ബുദ്ധിമുട്ടുന്നത് കണ്ടിട്ടാണ് അദ്ദേഹം അത് സൂചിപ്പിച്ചത്. അദ്ദേഹത്തിന്റെ വിലപിടിപ്പുള്ള കാർ തല്ലിത്തകർത്തശേഷം മൊബൈൽ ഫോൺ ഓഫ് ചെയ്ത് അവർ ഒളിവിൽപ്പോയി.

ശ്രീ. അൻവർ സാദത്ത്: സർ, അവിടെ കാൻസർ രോഗിയുണ്ടായിരുന്നെന്ന് പറയുന്നത് ശുദ്ധനുണയാണ്. താങ്കളെ തെറ്റിദ്ധരിപ്പിച്ചതാണത്. "എന്റെ അമ്മ കീമോ ചെയ്ത് ഹോസ്പിറ്റലിൽ ഇരിക്കുകയാണ്, എനിക്ക് പോയി കൊണ്ടുവരണം" എന്ന് അവിടെ ഒരാൾ വന്നുപറയുന്നുണ്ടായിരുന്നു. അല്ലാതെ അവിടെ കാൻസർ രോഗിയുണ്ടായിരുന്നില്ല. അദ്ദേഹം ഇത് പറയുന്നതിനുമുമ്പുതന്നെ ശ്രീ. ജോജു ജോർജ്ജ് അവിടെ ആക്രോശം തുടങ്ങിയിരുന്നു. അതിനുശേഷമാണ് അദ്ദേഹം വന്ന് ഇങ്ങനെ പറയുന്ന സാഹചര്യമുണ്ടായത്. അല്ലാതെ ഞങ്ങൾ നിയമസഭയെ തെറ്റിദ്ധരിപ്പിക്കുകയോ നുണപറയുകയോ അല്ല. ഡി.വൈ.എഫ്.ഐ.-യും സി.പി.ഐ.(എം)-ഉം നടത്തുന്ന സമരങ്ങളിൽ ഇങ്ങനെയൊരാൾ വന്ന് പ്രശ്നമുണ്ടാക്കിയാൽ അവന്റെ അവസ്ഥയെന്തായിരിക്കും? അതുകൊണ്ട് എനിക്ക് പറയാനുള്ളത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയായാലും നിങ്ങളായാലും കലാകാരൻമാരെ ബഹുമാനിക്കാൻ കോൺഗ്രസ്സിനെ പഠിപ്പിക്കേണ്ട. കലാകാരൻമാരെ എന്നും ബഹുമാനിക്കുന്നവരാണ് ഞങ്ങൾ.

<u>ശ്രീ. എം. നൗഷാദ്</u>: സർ, സമരം നടത്തിയതിന്റെ പേരിൽ പ്രതിഷേധങ്ങൾ മുമ്പും ഉണ്ടായിട്ടുണ്ട്. സോളാർ വിഷയവുമായി ബന്ധപ്പെട്ട് ക്ലിഫ് ഹൗസിന്റെ മുന്നിൽ സമരം നടത്തിയപ്പോൾ അവിടെ ആക്ടീവയിൽ വന്ന് ആ സമരത്തെ എതിർത്തുസംസാരിച്ച കോൺഗ്രസ്സ് നേതാവുകൂടിയായ ശ്രീമതി സന്ധ്യയുടെ വാഹനത്തിന് ഒന്നും നഷ്ടപ്പെട്ടില്ലെന്നുമാത്രമല്ല, അവർക്ക് മറ്റുള്ളവർ പരിതോഷികവും നൽകി. അന്നത്തെ മാധ്യമങ്ങൾ ഇക്കാര്യം വളരെയേറെ കൊട്ടിഘോഷിക്കുകയും ചെയ്തു. നമ്മളെല്ലാവരും അംഗീകരിക്കുന്ന, സാമ്പത്തിക വിദഗ്ധനായ ഡോ. കെ. എൻ. രാജ്, 1980-കളിൽ ഡി.വൈ.എഫ്.ഐ. നടത്തിയ ട്രെയിൻ തടയൽ സമരമുഖത്തുവന്ന്, വഴിതടഞ്ഞുവെന്നുള്ളതുകൊണ്ട് വില കുറയുമോയെന്ന് ആ സമരക്കാരോട് ചോദിച്ചിട്ടും അദ്ദേഹത്തിന്റെ വാഹനത്തിനും ഒന്നും പറ്റിയിട്ടില്ല, ശ്രീമതി സന്ധ്യയുടെ വാഹനത്തിനും ഒന്നും പറ്റിയിട്ടില്ല; ശരീരത്തിനും ഒന്നും പറ്റിയിട്ടില്ല, അവർ വലിയ ഹീറോകളായി തിരിച്ചുപോയി. ആ സംഭവങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, ഇത് ലോകം മുഴുവൻ അറിഞ്ഞ കാര്യങ്ങളാണ്. ഇവിടെ ഏറ്റവും കൂടുതൽ സമരം ചെയ്ത പ്രസ്ഥാനമാണ് ഇടതുപക്ഷം.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഡോ. കെ. എൻ. രാജിന്റെ വാഹനത്തിന് ഒന്നും പറ്റിയില്ലെന്ന് ശ്രീ. എം. നൗഷാദ് പറഞ്ഞു. ഈ സംഭവം നടന്നത് റെയിൽവേ സ്റ്റേഷനിലാണ്, ഡി.വൈ.എഫ്.ഐ-യുടെ തീവണ്ടി തടയലായിരുന്നു അത്. റെയിൽവേ സ്റ്റേഷന്റെ പ്ലാറ്റ്ഫോമിൽ ഡോ. കെ. എൻ. രാജിന് വണ്ടിയോടിച്ച് വരാൻ കഴിയുമോ; ഇങ്ങനെ ശുദ്ധനുണ പറയുന്നത് ശരിയാണോ?

<u>ശ്രീ. എം. നൗഷാദ്</u>: സർ, അദ്ദേഹം കാർ പാർക്ക് ചെയ്തിട്ടാണ് അവിടേയ്ക്ക് വന്നത്.

<u>മി. ചെയർമാൻ</u>: ശ്രീ. കെ. ജെ. മാക്സി, അങ്ങ് പ്രസംഗം ചുരുക്കണം.

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, സമരമുഖങ്ങൾ ഞങ്ങൾക്ക് പുത്തരിയല്ല. ഈ രാജ്യത്തെ ജനങ്ങൾക്കുവേണ്ടി ഇടതുപക്ഷ പ്രസ്ഥാനങ്ങളും സി.പി.ഐ.(എം.)-ഉം ഡി.വൈ.എഫ്.ഐ-യുമൊക്കെ സമരം ചെയ്യും. പക്ഷേ, സമരമുഖങ്ങളിൽ വരുന്നവരെ ആക്രമിക്കുന്ന രീതി ഞങ്ങൾക്കില്ലെന്നാണ് പറഞ്ഞത്. ഇവിടെ ശ്രീ. അൻവർ സാദത്ത് പറഞ്ഞ ഒരു കാര്യമുണ്ട്, അവിടെ നിങ്ങൾ അന്വേഷിച്ചുനോക്കണം, എറണാകുളം ഗവൺമെന്റ് ആശുപത്രിയിലേയ്ക്ക് പോയ ഒരു കാൻസർ രോഗി വഴിയിലുണ്ടായിരുന്നു. കോൺഗ്രസ്സുകാർ സമരം തുടങ്ങിയിട്ട് കുറച്ചുനാളല്ലേയായിട്ടുള്ളൂ. ഇതിനുമുമ്പ് എവിടെയായിരുന്നു? പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനവ് കൊണ്ടുവന്നത് ആരാണ്; അത് സ്വകാര്യ

കമ്പനികളെയേൽപ്പിച്ചത് ആരാണ്? കോൺഗ്രസ്സിന്റെ ഭരണകാലത്താണ്. ഡോ. മൻമോഹൻസിംഗ് ഇന്ത്യയുടെ പ്രധാനമന്ത്രിയായിരിക്കുമ്പോൾ പറഞ്ഞ കാര്യങ്ങളെന്താണ്? പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിക്കുന്നുവെന്ന് പറഞ്ഞപ്പോൾ എന്റെ കയ്യിൽ മാന്ത്രിക വടിയില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. പാചകവാതകത്തിന്റെ വില വർദ്ധിച്ചപ്പോൾ പറഞ്ഞത് മരംമുറിച്ച് അടുപ്പിൽവച്ച് കത്തിച്ചോളൂ എന്നാണ്. ആ പാരമ്പര്യമല്ലേ നിങ്ങൾക്കുള്ളത്? ഇപ്പോൾ ബി.ജെ.പി. വില വർദ്ധിപ്പിക്കുന്നു, നിങ്ങൾ സമരം ചെയ്യുന്നു, സമരത്തിനെതിരെ വരുന്നവരെ അടച്ചാക്ഷേപിക്കുന്ന നയം സ്വീകാര്യമല്ല. ശ്രീ. എം. മുകേഷ് സബ്മിഷൻ ഉന്നയിച്ചത് അദ്ദേഹം ആ മേഖലയിൽ ജോലി ചെയ്യുന്ന ആളായതിനാലാണ്. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി നൽകുകയും ചെയ്തു. ഫാസിസ്റ്റ് സമരമുഖത്തേയ്ക്കാണ് നിങ്ങൾ പോകുന്നത്. അത് അവസാനിപ്പിക്കണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. തൊഴിലാളിക്ഷേമം ഉറപ്പുവരുത്താനുള്ള എൽ.ഡി.എഫ്. സർക്കാരിന്റെ ഈ ഭേദഗതി ബിൽ പാസ്സാക്കിത്തരണമെന്നാണ് എനിക്ക് പറയാനുള്ളത്.

2.00 P.M.]

ശ്രീ. കടകംപള്ളി സുരേന്ദ്രൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട അഞ്ച് ബില്ലുകളാണ് ഇന്ന് ചർച്ചയ്ക്കെടുക്കുന്നത്. ഒരു ദിവസം തൊഴിലുമായി ബന്ധപ്പെട്ട അഞ്ച് ബില്ലുകൾ കൊണ്ടുവരുന്നതിലൂടെ പിണറായി വിജയൻ സർക്കാരിന്റെ തൊഴിലാളികളോടുള്ള താൽപ്പര്യവും തൊഴിലാളികളോടുള്ള ബാദ്ധ്യതയും വ്യക്തമാകുകയാണ്. ആഗോള സമ്പദ്ഘടനയിലെ മാറ്റങ്ങൾ തൊഴിൽ കമ്പോളത്തെ സ്വാധീനിക്കുമെന്ന് നമുക്കറിയാമല്ലോ. ഇതിനനുസൃതമായി സേവന സമയക്രമം, സേവനത്തിന്റെ ദൈർഘ്യം, വേതനത്തിന്റെ ഘടന, പരിശീലനം, നൈപുണ്യ പരിശീലനം, മറ്റ് ക്ഷേമപ്രവർത്തനങ്ങൾ തുടങ്ങിയവയിൽ കാലോചിതമായ മാറ്റങ്ങൾ അനിവാര്യവും ആവശ്യവുമാണ്. തൊഴിലാളികളുടെയും തൊഴിലുടമകളുടെയും യോജിച്ച മുന്നേറ്റത്തിലൂടെയും തൊഴിൽ സൗഹൃദാന്തരീക്ഷം ശക്തിപ്പെടുത്തിയും സംസ്ഥാനത്തിന്റെ സുസ്ഥിരവികസനം ലക്ഷ്യമാക്കിയും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ തൊഴിൽനയം പ്രഖ്യാപിച്ചുകഴിഞ്ഞിരിക്കുകയാണ്. അതിന്മേൽ വിലപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഇന്ത്യയിൽ പല മേഖലയിൽനിന്നും ഉയർന്നുവരുന്നുണ്ട്. ആ അഭിപ്രായങ്ങൾകൂടി പരിഗണിച്ചാണ് തൊഴിൽനയം

സമഗ്രമായി നടപ്പിലാക്കുവാൻ പിണറായി വിജയൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. സ്വയംതൊഴിൽ ചെയ്യുന്നവരുൾപ്പെടെ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സാമൂഹ്യ-സാമ്പത്തിക സുരക്ഷ ഈ നയം ഉറപ്പാക്കുകയാണ്. സ്ത്രീ സൗഹൃദ തൊഴിലന്തരീക്ഷം സൃഷ്ടിക്കുന്നതിലൂടെ ലിംഗസമത്വം ഉറപ്പുവരുത്തി, സ്ത്രീതൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാനും അവരുടെ ക്ഷേമൈശ്വര്യം ഉറപ്പുവരുത്താനും ഈ നയം ഉപകരിക്കുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. തൊഴിലും തൊഴിലവകാശവും സംരക്ഷിച്ചും സാമൂഹ്യ സുരക്ഷിതത്വം ഉറപ്പു വരുത്തിയും സർക്കാർ തൊഴിലാളികളോടൊപ്പമാണെന്ന് ഇതുവഴി വ്യക്ത മാക്കുകയാണ്. എപ്പോഴും കർമ്മനിരതമായ തൊഴിൽമേഖല സംസ്ഥാനത്തിന്റെ സാമൂഹ്യ-സാമ്പത്തിക വളർച്ചയുടെയും സമഗ്ര വികസനത്തിന്റെയും നിർണ്ണായക ഘടകങ്ങളിലൊന്നാണ്. അതുകൊണ്ട് പുതിയ തൊഴിൽനയത്തിന്റെ ഉള്ളടക്കത്തിൽനിന്നുകൊണ്ട് പല നിയമങ്ങൾക്കും കാലോചിതമായ പരിഷ്കാരങ്ങൾ കൊണ്ടുവരാൻ നമ്മൾ ബാദ്ധ്യസ്ഥരാണ്. ഇന്ത്യ റിപ്പബ്ലിക്കായതിനുശേഷം 72 വർഷം പിന്നിടുകയാണ്. രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധി രാജ്യത്തോടുപറഞ്ഞത്, നാം സ്വാതന്ത്ര്യം നേടി സാമ്രാജ്യത്വത്തെ കെട്ടുകെട്ടിച്ചു, പക്ഷേ, നമ്മുടെ രാജ്യം ഒരു രാഷ്ട്രമായി മാറണമെങ്കിൽ ദാരിദ്ര്യത്തിലാണ്ടുകിടക്കുന്ന ജനങ്ങളുടെ അവസാനത്തെ കണ്ണുനീരും മാറിക്കിട്ടണമെന്നാണ്. ഒരു ക്ഷേമരാഷ്ട്ര സങ്കൽപ്പം അങ്ങനെയാണ് സാദ്ധ്യമാകുന്നത്. ഇന്നും പണിചെയ്ത് ജീവിക്കുന്ന തൊഴിലാളികൾക്കാവശ്യമായ തൊഴിൽസംരക്ഷണ നിയമങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്ന അവസ്ഥ നമ്മുടെ രാജ്യത്തുണ്ട്. വലുതും ചെറുതുമായ നഗരങ്ങളിലെ ഷോപ്പിംഗ് മേഖലയിൽ തൊഴിൽ ചെയ്ത് ജീവിക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് യാതൊരു തൊഴിൽ സംരക്ഷണവും ശരിയായ വേതനവും ലഭിക്കുന്നില്ല. തൊഴിലെടുക്കുന്ന മേഖലയിൽ ലിംഗസമത്വംപോലും ലഭിക്കുന്നില്ല. ഷോപ്പുകളിൽ വന്നാൽ പ്രഭാതംമുതൽ പ്രദോഷംവരെ വിൽപ്പനയിടങ്ങളിൽ ഇരിക്കാനുള്ള സ്വാതന്ത്ര്യംപോലും നമ്മുടെ രാജ്യത്തില്ല. ഇക്കാര്യത്തിൽ ഇന്ത്യയിലാദ്യമായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ് ഒരു തൊഴിൽ നിയമം കൊണ്ടുവരാൻ തീരുമാനിച്ചത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് തൊഴിൽമേഖലയിൽ നിരവധി മാറ്റങ്ങൾ വരുത്താനുള്ള തീരുമാനമെടുത്തത്. ലേബർ കമ്മീഷണറേറ്റിനെ ശക്തിപ്പെടുത്തി, ഉയർന്നുവരുന്ന തൊഴിൽ തർക്കങ്ങളിൽ ഫലപ്രദമായ ഇടപെടൽ നടത്തി സമാധാനപരമായ തൊഴിലന്തരീക്ഷം സൃഷ്ടിച്ചു. തൊഴിൽനയം അംഗീകരിച്ച് സ്വീകരിച്ചതിനാൽ ഇത് രാജ്യത്താകെ ഇന്ന് ശ്രദ്ധിക്കപ്പെട്ടിരിക്കുകയാണ്. എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെട്ടു. സ്ഥാപന പരിശോധന കാര്യക്ഷമമാക്കി. വിവിധ മേഖലകൾ കേന്ദ്രീകരിച്ച് ശക്തമായ പരിശോധനയും തുടർനടപടികളും സ്വീകരിച്ചു.

ടെക്സ്റ്റൈൽസ്, ജൂവലറി നിർമ്മാണം, സെക്യൂരിറ്റി, സ്വകാര്യ ആശുപത്രി, കടകൾ, വാണിജ്യസ്ഥാപനങ്ങൾ, മാളുകൾ, ഹോട്ടലുകൾ തുടങ്ങിയവയിൽ മിനിമം വേതനം പുതുക്കിനിശ്ചയിക്കുന്നതിന് കാര്യക്ഷമമായ നടപടി സ്വീകരിച്ചു. ഇടതുമുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 48 മേഖലകളിലാണ് മിനിമംവേതനം പുതുക്കി വിജ്ഞാപനമായത്. ആറ് മേഖലകളിൽ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചു. കാലാവധി പൂർത്തിയാക്കിയ മിനിമംവേതന ഉപദേശക സമിതി പുനഃസംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചുവരികയാണ്. ഇതര സംസ്ഥാന തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ രാജ്യത്താകെ ശ്രദ്ധിക്കപ്പെടുകയാണ്. ക്ഷേമനിധി ബോർഡുകൾ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു. ക്ഷേമനിധി ബോർഡ് അംഗത്വത്തിൽ വൻവർദ്ധനവാണ് ഇക്കാലയളവിലുണ്ടായത്. 11 ലക്ഷംപേരുടെ വർദ്ധനവാണ് കണക്കാക്കപ്പെടുന്നത്. അംശദായവും തൊഴിലുടമാവിഹിതവും കാലോചിതമായി വർദ്ധിപ്പിച്ച് ക്ഷേമനിധി ബോർഡുകളെ സാമ്പത്തികമായി ശക്തിപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതോടൊപ്പം തൊഴിലാളികളുടെ ആനുകൂല്യങ്ങളും വർദ്ധിപ്പിക്കാൻ കഴിയും. ക്ഷേമനിധി പെൻഷനുകൾ 1,600 രൂപയായി വർദ്ധിപ്പിച്ച് കുടിശ്ശികയില്ലാതെ വിതരണം ചെയ്തു. സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളെ ലയിപ്പിക്കാൻ തീരുമാനിച്ചു. ട്രേഡ് യൂണിയൻ സംഘടനകൾക്കിടയിൽ അഭിപ്രായരൂപീകരണം നടത്തിയാണ് ലയനം നടപ്പിലാക്കുന്നത്. കേന്ദ്ര സർക്കാർ തൊഴിൽ നിയമങ്ങൾ മുതലാളിപക്ഷത്തുനിന്നുകൊണ്ട് പൊളിച്ചെഴുതാൻ ശ്രമിക്കുമ്പോഴാണ് സംസ്ഥാന സർക്കാർ ഈ നീക്കം നടത്തുന്നതെന്നതാണ് നാം ശ്രദ്ധിക്കേണ്ടത്. നാൽപ്പതോളം തൊഴിൽനിയമങ്ങൾ ക്രോഡീകരിച്ച് നാല് കോഡുകളാക്കി മാറ്റുകവഴി നിലവിൽ തൊഴിലാളികൾക്ക് ലഭിക്കുന്ന സംരക്ഷണം ഇല്ലാതാക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്യാനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്. ഇത് നടപ്പിൽവരുന്നതോടെ സംസ്ഥാനത്ത് നിലവിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകളുടെ നിലനിൽപ്പുതന്നെ ചോദ്യം ചെയ്യപ്പെടുമെന്നതാണ് യാഥാർത്ഥ്യം. തൊഴിൽ നിയമങ്ങളിൽ തൊഴിലാളിപക്ഷത്തുനിന്നുള്ള ഭേദഗതികൾ കൊണ്ടുവന്നു. കൂടുതൽ ഭേദഗതികൾ പരിഗണനയിലാണ്. മിനിമം വേതനം, നിയമലംഘനം എന്നിവയ്ക്കുള്ള പിഴത്തുക 500 രൂപയിൽനിന്നും 2 ലക്ഷം രൂപവരെയാക്കി വർദ്ധിപ്പിച്ചു. മിനിമം വേതന നിയമപ്രകാരമുള്ള ക്ലെയിം അധികാരിയായി ഡെപ്യൂട്ടി ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തി. വ്യവസായ തൊഴിൽതർക്ക നിയമത്തിൽ തൊഴിലാളികളുടെ നിർവ്വചനത്തിൽ സെയിൽസ് പ്രൊമോഷൻ തൊഴിലാളികളെ ഉൾപ്പെടുത്തി. ഇങ്ങനെ തൊഴിൽമേഖലയിൽ ഒട്ടേറെ മാറ്റങ്ങളാണ് നാം വരുത്തിക്കൊണ്ടിരിക്കുന്നത്. കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമത്തിൽ സ്ത്രീകളടമുള്ള ജീവനക്കാർക്ക്

ഇരിപ്പിടം ഉറപ്പുവരുത്തുന്ന ഭേദഗതി നാം കൊണ്ടുവന്നു. നിയമലംഘകർക്കുള്ള പിഴ 2 ലക്ഷം രൂപയായി ഉയർത്തി. ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ ഭാഗമായി വിവിധ തൊഴിൽ നിയമപ്രകാരമുള്ള രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ അപേക്ഷ ലഭിച്ച ദിവസം തന്നെ വിതരണം ചെയ്യാനും ഓൺലൈനായി അപേക്ഷ സമർപ്പിക്കാൻ കഴിയുന്ന തരത്തിൽ ഭേദഗതി വരുത്താനും കഴിഞ്ഞു. ഈ നിലയിൽ കേരളത്തിലെ തൊഴിൽ മേഖലയിൽ വരുത്തിക്കൊണ്ടിരിക്കുന്ന മാറ്റം ആർക്കും ബോദ്ധ്യമാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അംശദായമെന്ന നിലയിൽ തൊഴിൽ ചെയ്യുന്നവർ 50 രൂപ, തൊഴിൽ നൽകുന്ന തൊഴിലുടമ 50 രൂപ, സർക്കാരിന്റെ ഗ്രാന്റ് എന്നീ നിലയിലാണ് ഈടാക്കിപ്പോന്നിരുന്നത്. അതുവഴി ക്ഷേമനിധി ബോർഡുകൾ ശക്തിപ്പെടുകയാണ്. ഇപ്പോൾ ചെറിയൊരു മാറ്റമാണ് വരുത്തുന്നത്. തൊഴിൽ ആരംഭിച്ചിട്ടുള്ള തൊഴിലുടമ അംശദായത്തിൽ നിശ്ചിത തുകകൂടി നൽകണമെന്ന ഒരു ഭേദഗതി മാത്രമാണ് വരുത്തിയിട്ടുള്ളത്. അതൊരു വലിയ മാറ്റമല്ല. അവർക്ക് ഇന്നലെവരെ ആ ആനുകൂല്യം ലഭിച്ചു കൊണ്ടിരിക്കുകയാണ്. മറ്റ് തൊഴിലാളികളോടൊപ്പം ഒന്നോ രണ്ടോ ആളുകളടങ്ങുന്ന ഒരു തൊഴിലുടമയാണെങ്കിൽ അവർക്കും ജീവിതത്തിനൊരു സുരക്ഷിതത്വവും സംരക്ഷണവും ഇതുവഴി ഉറപ്പുവരുത്തുകയാണ്. കാലോചിതമായ മാറ്റമാണ് ഇക്കാര്യത്തിൽ വരുത്തിയിട്ടുള്ളത്. ആ മാറ്റം തൊഴിൽമേഖലയെ സംരക്ഷിക്കാനുള്ളതാണെന്ന കാര്യംകൂടി ഈ സന്ദർഭത്തിൽ ഓർമ്മിപ്പിച്ചുകൊണ്ട് ഇതിന് പിന്തുണ നൽകുന്നതായി അറിയിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീമതി കാനത്തിൽ ജമീല ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എ. രാജ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. തോട്ടം തൊഴിലാളികൾ ഏറെയുള്ള നിയോജകമണ്ഡലത്തിലെ പ്രതിനിധി, തോട്ടം തൊഴിലാളിയുടെ മകൻ എന്നീ നിലകളിൽ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്ന ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കാൻ അവസരം ലഭിച്ചത് ഭാഗ്യമായി കരുതുകയാണ്. തൊഴിലാളികളുടെയും സ്വയംതൊഴിൽ ചെയ്യുന്നവരുടെയും ക്ഷേമം ഉറപ്പുവരുത്തുന്നതിന് 2008-ൽ കേരളത്തിൽ അധികാരത്തിലുണ്ടായിരുന്ന എൽ.ഡി.എഫ്. സർക്കാരാണ് കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബിൽ കൊണ്ടുവന്നത്. പ്ലാന്റേഷൻ ലേബർ ആക്ടിന്റെ പരിധിയിൽ ഉൾപ്പെടാത്ത അഞ്ച് ഹെക്ടറിൽ കുറവ് വിസ്തീർണ്ണമുള്ള ചെറുകിട തോട്ടത്തിന്റെ പരിധിയിലുള്ള തേയില, കൊക്കൊ, കാപ്പി, റബ്ബർ, കശുവണ്ടി, ഏലം, എണ്ണപ്പന എന്നീ മേഖലയിലെ

തൊഴിലാളികളുടെയും സ്വയംതൊഴിൽ ചെയ്യുന്നവരുടെയും ക്ഷേമം ഉറപ്പുവരുത്തുകയെന്നതാണ് ഈ ബില്ലിലൂടെ ലക്ഷ്യംവയ്ക്കുന്നത്. ക്ഷേമനിധി നിലവിൽവന്നപ്പോൾ അർദ്ധവാർഷിക അംശദായം തൊഴിലാളി വിഹിതം 120 രൂപയും തൊഴിലുടമാവിഹിതം 120 രൂപയും സ്വയംതൊഴിൽ ചെയ്യുന്നവരുടെ വിഹിതം 240 രൂപയുമായിരുന്നു. എന്നാൽ 28-9-2020-ലെ സർക്കാർ ഓർഡിനൻസ് പ്രകാരം അർദ്ധവാർഷിക അംശദായം തൊഴിലാളി വിഹിതം 120-ൽനിന്ന് 180 രൂപയായും തൊഴിലുടമാവിഹിതം 120-ൽനിന്ന് 180 രൂപയായും സ്വയംതൊഴിൽ ചെയ്യുന്നവരുടെ പദ്ധതിവിഹിതം 240-ൽനിന്ന് 360 രൂപയായും വർദ്ധിക്കുകയുണ്ടായി. ക്ഷേമനിധി ആനുകൂല്യങ്ങളുടെ കാലോചിതമായ വർദ്ധനവിന്റെ ആദ്യപടിയായാണ് അംശദായ വർദ്ധനവ് പ്രാബല്യത്തിൽവന്നത്. ആനുകൂല്യവർദ്ധനവ് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. തൊഴിലാളികൾക്ക് തുച്ഛമായ ആനുകൂല്യങ്ങൾ മാത്രമാണ് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇതുസംബന്ധിച്ച ഉത്തരവിറങ്ങുന്ന മുറയ്ക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭിക്കുമെന്നതിൽ സംശയമില്ല. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ 20,341 അംഗങ്ങളാണുള്ളത്. നിലവിൽ കുറച്ചാളുകൾക്ക് മാത്രമാണ് ക്ഷേമനിധിയിൽനിന്നും ആനുകൂല്യം ലഭിച്ചുകൊണ്ടിരിക്കുന്നത്. പെൻഷൻ, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസാനുകൂല്യം തുടങ്ങിയവ ക്ഷേമനിധി ബോർഡിൽനിന്നും നിലവിൽ നൽകിവരുന്നുണ്ട്. ക്ഷേമനിധി ബോർഡിൽ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഓൺലൈനിലൂടെ അംശദായം അടയ്ക്കുന്ന സോഫ്റ്റ്‌വെയർ സംവിധാനം നിലവിൽവന്നു. അതോടൊപ്പം ഓഫീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഇ-ഓഫീസ് സംവിധാനവും നടപ്പാക്കിയിട്ടുണ്ട്. തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്ന തൊഴിൽനിയമങ്ങൾ നടപ്പാക്കിയും കോർപ്പറേറ്റ് മുതലാളിമാർക്കുള്ള തൊഴിൽനിയമങ്ങളിൽ മാറ്റംവരുത്തിയും കേന്ദ്ര സർക്കാർ തൊഴിൽ കോഡ് നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. എന്നാൽ കേരള സർക്കാർ തൊഴിലാളികളുടെ ക്ഷേമം വർദ്ധിപ്പിക്കാനുതകുന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. തൊഴിലാളി സംഘടനകളുടെ ഏകീകരിച്ച അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് തൊഴിലാളി ക്ഷേമനിധി ആക്ടിൽ ഭേദഗതി കൊണ്ടുവരാൻ തീരുമാനിച്ചത്. എന്നാൽ പ്രതിപക്ഷമിവിടെ എതിർക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്. കേരളത്തിൽ ഏറ്റവും കുറഞ്ഞകൂലിക്ക് ജോലി ചെയ്യുന്ന ഒരു വിഭാഗമാണ് തോട്ടം തൊഴിലാളികൾ. അതിൽ ഏറ്റവും കുറഞ്ഞ കൂലി ലഭിക്കുന്നത് തേയിലത്തോട്ടം തൊഴിലാളികൾക്കാണ്. സാധാരണ പ്രക്ഷോഭസമരങ്ങളിലൂടെയാണ് തൊഴിലാളികൾ ശമ്പളവർദ്ധനവ് നേടിയെടുക്കുന്നത്. യു.ഡി.എഫ്-ന്റെ

ഭരണകാലഘട്ടത്തിൽ എന്റെ നിയോജകമണ്ഡലത്തിൽ ശമ്പള വർദ്ധനവിനുവേണ്ടി അവർ സമരം ചെയ്തിരുന്നു. മറ്റ് മാർഗ്ഗങ്ങളില്ലാതെ പ്ലാന്റേഷൻ ലേബർ കമ്മിറ്റി കൂടി സർക്കാർ അവർക്ക് ശമ്പളം വർദ്ധിപ്പിച്ച് നൽകിയ സാഹചര്യമുണ്ടായി. ശമ്പളം വർദ്ധിപ്പിച്ച സമയത്ത് അവരുടെ അദ്ധ്വാനഭാരവുംകൂടി വർദ്ധിപ്പിച്ചു. എന്നാൽ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് അദ്ധ്വാനഭാരം ഉയർത്താതെയും ഒരു ദിവസംപോലും സമരം ചെയ്യാതെയും തൊഴിൽ വകുപ്പ് ശമ്പളം ഉയർത്തിനൽകി. അന്ന് തൊഴിൽ വകുപ്പ് കൈകാര്യം ചെയ്തിരുന്ന ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണൻ ഇതുസംബന്ധിച്ച് വലിയ ഇടപെടലാണ് തൊഴിലാളികൾക്കുവേണ്ടി നടത്തിയത്. മിനിമം വേതനം പുതുക്കി നിശ്ചയിച്ചതിന്റെ ഭാഗമായി തോട്ടം മേഖലയിൽ 52 രൂപയുടെ വർദ്ധനവാണുണ്ടായത്. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഏറെ ആശ്വാസകരമായിട്ടുള്ള നടപടിയായിരുന്നു അത്. തോട്ടം മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ സമഗ്രമായ പ്ലാന്റേഷൻ നയം ആവിഷ്കരിച്ച് അംഗീകാരം നൽകി ഉത്തരവായിട്ടുണ്ട്. തോട്ടം മേഖലയിലെ പുരോഗതിക്ക് തൊഴിലാളികളുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണ്. അതുപോലെ വ്യവസായ വകുപ്പിന്റെ കീഴിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കാനുള്ള തീരുമാനമായിട്ടുണ്ട്. ബഹുഭൂരിപക്ഷം തൊഴിലാളികളും അവരുടെ മാതാപിതാക്കളും മക്കളും കൊച്ചുമക്കളുമടങ്ങുന്ന കുടുംബമായി ഒറ്റമുറി ലയങ്ങളിലാണ് അന്തിയുറങ്ങുന്നത്. എന്റെ നിയോജക മണ്ഡലമുൾപ്പെടുന്ന മൂന്നാറിൽ ഒരു സെന്റ് ഭൂമിയോ വീടോ ഇല്ലാത്തവരായിരുന്നു ബഹുഭൂരിപക്ഷംവരുന്ന തോട്ടം തൊഴിലാളികളും. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് മൂവായിരത്തിലധികം വരുന്ന തോട്ടം തൊഴിലാളി കുടുംബങ്ങൾക്ക് 5 സെന്റും 10 സെന്റും ഭൂമി നൽകാൻ കഴിഞ്ഞത് അഭിമാനകരമാണ്. ബാക്കിയാളുകൾക്കും ഭൂമിയും വീടും നൽകാൻ സർക്കാർ മുൻകയ്യെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. വീടില്ലാത്ത തോട്ടം തൊഴിലാളികൾക്ക് ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തി വീട് നിർമ്മിച്ചുനൽകാൻ എൽ.ഡി.എഫ്. സർക്കാർ വാഗ്ദാനം നൽകിയിരുന്നു. ഇതിനായി ഭൂമി വിട്ടുനൽകാമെന്ന് തോട്ടം ഉടമകളും വീടുകളുടെ നിർമ്മാണ ചെലവിന്റെ 50% തോട്ടം ഉടമകളും 50% സർക്കാരും വഹിക്കുമെന്നുപറഞ്ഞ തീരുമാനം നടപ്പിലാകേണ്ടതുണ്ട്. എന്റെ നിയോജക മണ്ഡലത്തിൽമാത്രം ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി എഴുന്നൂറോളം കുടുംബങ്ങൾക്ക് വീട് വച്ചുനൽകാൻ കഴിഞ്ഞിട്ടുണ്ട്. ഏറ്റവുമധികം ഭവനപദ്ധതികൾ നടപ്പിലാക്കിയ ഒരു നിയോജകമണ്ഡലമാണ് ദേവികുളം. മുൻകാലങ്ങളെ അപേക്ഷിച്ച് ഗുണഭോക്താക്കളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. തോട്ടം തൊഴിലാളികൾക്ക് അവർ പണിയെടുക്കുന്ന മേഖലയിൽത്തന്നെ വീട് നിർമ്മിച്ചുനൽകാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. തൊഴിലിടങ്ങളിൽനിന്നും ദൂരെ

താമസിക്കേണ്ടിവരുന്നതിനാൽ കമ്പനി ലയങ്ങളിൽത്തന്നെ താമസിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. തോട്ടമുടമകളുമായി ചർച്ചനടത്തി തോട്ടം മേഖലയ്ക്കകത്തുതന്നെ ഭൂമി കണ്ടെത്തി വീടുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാവശ്യമാണ്. തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ പത്തോളം കുടുംബങ്ങൾക്ക് കഴിഞ്ഞ സർക്കാർ വീട് നിർമ്മിച്ചുനൽകുകയും താക്കോൽദാനം നടത്തുകയും ചെയ്തിട്ടുണ്ട്. മൂന്നാറിൽ തോട്ടം തൊഴിലാളികളുടെ ഭവനനിർമ്മാണത്തിനായി റവന്യൂ വകുപ്പിൽ നിന്നും 5.49 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഇത് ലഭിക്കുന്നതിനുള്ള നടപടി പൂർത്തിയായിവരുന്നു. തോട്ടം മേഖലയിൽ പ്ലാന്റേഷൻ ലേബർ ആക്ട് അനുസരിച്ച് ചികിത്സാ സംവിധാനങ്ങൾ കുറവാണ്.

ശ്രീമതി ശാന്തകുമാരി കെ.: സർ, തോട്ടം മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികളുടെ ലയങ്ങൾ, പ്രത്യേകിച്ചും കാപ്പി, തേയില തോട്ടങ്ങളിലൊക്കെയുള്ള ലയങ്ങളുടെ സ്ഥിതി ഇപ്പോഴും പരിതാപകരമായി നിലനിൽക്കുകയാണ്. അടിസ്ഥാന സൗകര്യങ്ങളില്ലാതെ ഷീറ്റിട്ട ലയങ്ങളിലാണ് ആളുകൾ കുടുംബത്തോടൊപ്പം താമസിക്കുന്നത്. കാലഘട്ടത്തിനനുസൃതമായി ലയങ്ങൾ മാറ്റി നല്ല വാസസംവിധാനങ്ങൾ ഏർപ്പെടുത്തണമെന്നുള്ളത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. രാജഗോപാലൻ]

ശ്രീ. എ. രാജ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കാര്യമാണ്. ലയങ്ങളുടെ നവീകരണത്തിനായി ഫണ്ട് മാറ്റിവച്ച് നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുമെന്ന് സർക്കാർ അറിയിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്ന ആശുപത്രികൾ വളരെ കുറവാണ്. വിദഗ്ദ്ധ ചികിത്സയ്ക്കായി ദൂരെയുള്ള ആശുപത്രികളെയാണ് തൊഴിലാളികൾ ആശ്രയിക്കുന്നത്. അതുകൊണ്ട് തൊഴിൽ മേഖലയിൽ ആധുനിക ചികിത്സാസംവിധാനങ്ങൾ ലഭിക്കുന്ന ആശുപത്രികൾ സർക്കാർ മുൻകയ്യെടുത്ത് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ചെറുകിട തോട്ടം മേഖലയിൽ പല തോട്ടങ്ങളും പൂട്ടിക്കിടക്കുന്ന അവസ്ഥയിലാണ്. കോവിഡ് കാലത്ത് തൊഴിൽവകുപ്പ് തൊഴിലാളികൾക്കായി കോവിഡ് സഹായനിധിയായി ക്ഷേമനിധി ബോർഡിൽനിന്നും 15 കോടിയോളം രൂപയാണ് നൽകിയിട്ടുള്ളത്. രണ്ട് തവണയായി 1,000 രൂപ വീതം തൊഴിലാളികൾക്ക് നൽകുകയുണ്ടായി. കോവിഡ്

സമയത്ത് ആശ്വാസകരമായിട്ടുള്ള നടപടിയായിരുന്നു അത്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഓണത്തിന് 2,000 രൂപ വീതം നൽകിയതും ആശ്വാസകരമായിട്ടുള്ള നടപടിയായിരുന്നു. തൊഴിലിടങ്ങളിൽ തൊഴിലാളികൾ സുരക്ഷിതമായി ജോലിയെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയമാണ് ഞാൻ സൂചിപ്പിക്കുന്നത്. വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്ക് പരിഹാരം ഉണ്ടാകേണ്ടതുണ്ട്. തോട്ടം തൊഴിലാളികളുടെ മക്കൾക്കായി സിവിൽ സർവ്വീസ് പരീക്ഷാപരിശീലനത്തിനുള്ള സംവിധാനം Kerala Institute of Labour and Employment മുഖാന്തരം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയിൽ കൂടുതൽ കുട്ടികൾക്ക് അവസരം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. തോട്ടം തൊഴിലാളികളുടെ വേതനം, പി.എഫ്., ഗ്രാറ്റുവിറ്റി എന്നീ ഇനങ്ങളിൽ കുടിശ്ശിക നൽകാനുണ്ട്. തോട്ടം തൊഴിലാളികളുടെ പെൻഷൻപ്രായം 58-ൽ നിന്ന് 60 വയസ്സായി ഉയർത്തി കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ഉത്തരവിറക്കിയിരുന്നു. എന്നാൽ തൊഴിലുടമകൾ അതിനെതിരെ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. തൊഴിലാളികൾ അവധിക്കാലം ആഘോഷിക്കുന്നതിനുവേണ്ടി പോകുന്ന ലേബർ വെൽഫെയർ ഫണ്ട് ബോർഡിന് കീഴിലുള്ള കുമളിയിലെ 'ഹോളിഡേ ഹോം' നവീകരിച്ച് കൂടുതൽ ആളുകൾക്ക് താമസസൗകര്യം ഒരുക്കേണ്ടതുണ്ട്. മൂന്നാറിൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് കൊണ്ടുവന്ന ലേബർ കോംപ്ലക്സിന്റെ പ്രവർത്തനം ആരംഭിക്കേണ്ടതാണ്. ചെറുകിട റബ്ബർ ടാപ്പിംഗ് തൊഴിൽ മേഖലയിൽ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനുവേണ്ടി കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് റബ്ബർ ബോർഡുമായി സഹകരിച്ച് 'കേരള ചെറുകിട റബ്ബർ ടാപ്പിംഗ് തൊഴിലാളി ക്ഷേമനിധി' എന്ന പേരിൽ പദ്ധതി ആവിഷ്കരിക്കണം. കൂടുതൽ തൊഴിലാളികളെ ടാപ്പിംഗ് മേഖലയിൽ നിലനിർത്തുന്നതിനും ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിലെ എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യംവയ്ക്കുന്നു. ചെറുകിട തോട്ടങ്ങളിൽ പണിയെടുക്കുന്ന കൂടുതൽ തൊഴിലാളികളും ഇന്ന് പ്രസ്തുത ക്ഷേമനിധി ബോർഡിൽ അംഗങ്ങളല്ലാതിരിക്കുന്ന ഒരവസ്ഥയുണ്ട്. അവരെയുംകൂടി ഉൾപ്പെടുത്തി അവർക്കും സർക്കാരിന്റെ ക്ഷേമം ഉറപ്പുവരുത്തണം. ഈ ബില്ലിനെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. ബാലചന്ദ്രൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. എസ്. സുപാൽ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ

സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന '2 ബി' നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനം എന്തുകൊണ്ടും ശ്രദ്ധേയമാണ്. ഇവിടെ അവതരിപ്പിച്ചിരിക്കുന്നതിൽ ഭൂരിഭാഗം ബില്ലുകളും തൊഴിലാളി ക്ഷേമവുമായി ബന്ധപ്പെട്ടതാണെന്നത് ഏറെ സന്തോഷകരമായിട്ടുള്ള കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. ശിവൻകുട്ടി തൊഴിൽ വകുപ്പിനോടൊപ്പം വിദ്യാഭ്യാസ വകുപ്പും കൈകാര്യം ചെയ്യുന്നുണ്ട്. അദ്ദേഹം വിദ്യാർത്ഥി സംഘടനയുടെ നേതാവായിരുന്നു; അതോടൊപ്പംതന്നെ തൊഴിലാളി സംഘടനയുടെ നേതാവുകൂടിയാണ്. ആ നിലയ്ക്ക് തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ മനസ്സിലാക്കി അതിന് പരിഹാരം കാണുന്നതിന് അദ്ദേഹത്തിന്റെ നേതൃത്വത്തിന് കഴിയുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. സംസ്ഥാനത്ത് നിരവധി ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് കൃത്യമായി ആനുകൂല്യങ്ങൾ ലഭിക്കുകയെന്നുള്ളത് പ്രധാന കാര്യമാണ്. അവരുടെ ജീവിതസായാഹ്നത്തിൽ അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും ലഭ്യമാകണം. എന്നാൽ പലപ്പോഴും അംശദായം അടച്ച് കാലാവധി പൂർത്തിയാക്കുന്ന തൊഴിലാളികൾക്ക് ആനുകൂല്യം യഥാസമയം ലഭിക്കാതെ പോകുന്ന നിരവധി പരാതികൾ ശ്രദ്ധയിൽപ്പെടാറുണ്ട്. ഈ സ്ഥിതിക്ക് മാറ്റമുണ്ടാകുകയും ക്ഷേമനിധി ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭിക്കുന്ന സാഹചര്യമുറപ്പാക്കാനും കഴിയണം. തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകൾ പുന:സംഘടിപ്പിക്കുകയും ബൈലോയിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി പ്രവർത്തനം ശക്തമാക്കി മുന്നോട്ടുപോകുകയുമാണ് വേണ്ടത്. അതിനാവശ്യമായ ശക്തമായ നടപടികളാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധിയുമായി ബന്ധപ്പെട്ട് ചെറിയ ഭേദഗതിയാണ് കൊണ്ടുവന്നിട്ടുള്ളത്. തൊഴിലാളിക്കും തൊഴിലുടമയ്ക്കും ഓരോ അർദ്ധവാർഷിക നിധിയിലേയ്ക്കും നൽകേണ്ട അംശദായം 180 രൂപയായും സ്വയംതൊഴിൽ ചെയ്യുന്ന ഓരോ അംഗവും ഓരോ അർദ്ധവാർഷിക ക്ഷേമനിധിയിലേയ്ക്കും ഒടുക്കേണ്ട അംശദായം 360 രൂപയായും വർദ്ധിപ്പിക്കുന്നതിനാണ് 2008-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ആക്ടിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്ത് ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ഇത് ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധിയെ ശക്തിപ്പെടുത്തുന്നതിനുള്ള നിർദ്ദേശമാണ്. തത്വത്തിൽ എല്ലാ ട്രേഡ് യൂണിയൻ സംഘടനകളും ഈ ആവശ്യങ്ങൾ മുന്നോട്ടുവച്ചതിന്റെ അടിസ്ഥാനത്തിലാണ് തൊഴിലാളികളുടെ താൽപ്പര്യങ്ങൾ പരിഗണിച്ചുകൊണ്ട് ചെറിയ ഭേദഗതി വരുത്തി

ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ ശക്തമായി മുന്നോട്ടുകൊണ്ടുപോകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചത്. നിലവിൽ ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധിയുമായി ബന്ധപ്പെട്ട് പെൻഷൻ ഉൾപ്പെടെ നിരവധി ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് നൽകുന്നുണ്ട്; അവർക്ക് പെൻഷൻ നൽകുന്നുണ്ട്. പ്രതിപക്ഷാംഗങ്ങൾ മനസ്സിലാക്കേണ്ട കാര്യം യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് നൽകിയിരുന്ന 600 രൂപയ്ക്കുപകരം 1,600 രൂപയാണ് ക്ഷേമപെൻഷൻ നൽകികൊണ്ടിരിക്കുന്നതെന്നാണ്. മാത്രമല്ല, അന്നത്തെപോലെ പെൻഷൻ മുടങ്ങുന്ന സാഹചര്യവുമില്ല. അത് കൃത്യമായി അവരുടെ കൈകളിൽ എത്തുകയാണ്. അതുപോലെതന്നെ വിദ്യാഭ്യാസ ധനസഹായവും വിവാഹ ധനസഹായവും ചികിത്സാ ധനസഹായവും മരണാനന്തര ധനസഹായവും ഈ ക്ഷേമനിധിയുമായി ബന്ധപ്പെട്ട് ഉറപ്പാക്കുന്നുണ്ട്. ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന സഹായങ്ങൾ തൊഴിലാളികൾക്ക് ആശ്വാസമാണെങ്കിലും അവരുടെ ആവശ്യങ്ങൾ നിരവധിയാണ്. അവരുടെ ജീവിതം ശരിയായ രീതിയിൽ മുന്നോട്ടുപോകുന്നതിന് പര്യാപ്തമായനിലയിൽ കാലാകാലങ്ങളിൽ ആവശ്യമായ വർദ്ധനവ് വരുത്തി തൊഴിലാളികളെ സഹായിക്കുന്നതിനുള്ള നടപടികളും നിർദ്ദേശങ്ങളും ഉണ്ടാകേണ്ടതുണ്ട്. കേരളത്തിലെ തോട്ടം മേഖല കടുത്ത പ്രതിസന്ധി നേരിടുകയാണെന്ന് നമുക്കെല്ലാവർക്കുമറിയാം. രാജ്യത്തെ തോട്ടവിള ഉൽപ്പാദനത്തിന്റെ ഏതാണ്ട് 45 ശതമാനം കേരളത്തിൽനിന്നുമാണ്. സ്വാതന്ത്ര്യത്തിനുശേഷം നമ്മുടെ രാജ്യത്തിന് വിദേശ നാണ്യം നേടിത്തരുന്നതിൽ വലിയ പങ്കാണ് തോട്ടം മേഖല വഹിച്ചിരുന്നത്. ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു ഒരു ഘട്ടത്തിൽ പറഞ്ഞത്, രാജ്യത്തിന് വിദേശനാണ്യം നേടിത്തരുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്ന കേരളത്തിലെ ജനങ്ങൾക്ക് ഭക്ഷണം കഴിക്കുന്നതിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ നൽകാനുള്ള ബാദ്ധ്യത നമുക്കുണ്ടെന്നാണ്. നാണ്യവിളകൾ വൻതോതിൽ കയറ്റുമതി ചെയ്യുന്ന സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്നു. ഇന്നിപ്പോൾ ഈ മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കുറഞ്ഞുവരികയാണ്. രാജ്യത്താകെ പ്ലാന്റേഷൻ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ 36 ശതമാനവും നമ്മുടെ സംസ്ഥാനത്താണ്. 3.3 ലക്ഷം തൊഴിലാളികളാണ് തോട്ടം മേഖലയെ ആശ്രയിച്ച് ഉപജീവനം നടത്തുന്നത്. ഈ തൊഴിലാളികളിൽ ബഹുഭൂരിപക്ഷവും സ്ത്രീ തൊഴിലാളികളാണെന്നുള്ളതാണ് പ്രധാന സവിശേഷത. സംസ്ഥാനത്തെ സമ്പദ്ഘടനയിൽ സുപ്രധാന സ്ഥാനമുണ്ടായിരുന്ന തോട്ടം മേഖലയും അതിനെ ആശ്രയിച്ചുകഴിയുന്ന ലക്ഷക്കണക്കിന് തൊഴിലാളികളും കർഷകരുമിപ്പോൾ പ്രതിസന്ധിയിലാണെന്നുള്ളത് നമുക്കറിയാം. 2012-13-ൽ കേരളത്തിന്റെ മൊത്തം ആഭ്യന്തര കാർഷികോൽപ്പാദനത്തിൽ 21,000 കോടി രൂപ

തോട്ടം മേഖലയിൽനിന്നുമായിരുന്നു. മൊത്തം ആഭ്യന്തര കാർഷികോൽ പ്പാദനത്തിന്റെ 35 ശതമാനമാണത്. എന്നാൽ 2018-19-ൽ ഇത് 9,945.15 കോടി രൂപയായി കുറഞ്ഞു. സംസ്ഥാനത്ത് ഏതാണ്ട് പതിമൂന്ന് തോട്ടങ്ങൾ അടഞ്ഞുകിടക്കുകയാണ്. പ്രത്യക്ഷമായും പരോക്ഷമായും മൂവായിരത്തോളം തൊഴിലാളികൾക്കാണ് ഇതുമൂലം തൊഴിൽ നഷ്ടപ്പെട്ടിട്ടുള്ളത്. പ്ലാന്റേഷൻ ആവശ്യത്തിനായി ഉപയോഗിക്കുന്ന ഭൂമിയുടെ അളവും ഗണ്യമായി കുറഞ്ഞുവരുന്നതായി കാണാം. തോട്ടം മേഖലയുമായി ബന്ധപ്പെട്ട തൊഴിലാളികളുടെ ജീവിതസാഹചര്യത്തിന്റെ തകർച്ചയ്ക്ക് ഈ പ്രതിസന്ധി ഇടയാക്കിയിട്ടുണ്ട്. തോട്ടം-മേഖല ഇന്ന് ഗുരുതരമായ പ്രതിസന്ധിയിലൂടെ കടന്നുപോകുന്നതിന് കാരണമായിട്ടുള്ള നിരവധി പ്രശ്നങ്ങളുണ്ട്. അതിൽ പ്രധാനപ്പെട്ട ഒരു കാര്യമാണ് അനിയന്ത്രിതമായ ഇറക്കുമതിയും അതിന്റെ ഭാഗമായിട്ടുള്ള വിലയിടിവും. അതുപോലെ ഉൽപ്പാദനത്തിനും ഉൽപ്പാദനക്ഷമതയ്ക്കുമുണ്ടായിട്ടുള്ള കുറവ്, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ വിഷയങ്ങളും ഉൽപ്പാദനത്തിൽ വലിയ കുറവുണ്ടാക്കുന്നു. അത് കടുത്ത പ്രതിസന്ധിയിലേയ്ക്ക് ഈ മേഖലയെ തള്ളിവിടുന്നു. ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമായി ചൂണ്ടിക്കാണിക്കാൻ കഴിയുന്നത് ഇറക്കുമതിയുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള പ്രതിസന്ധിയാണ്. ASEAN (Association of South East Asian Nations) കരാർ നമ്മുടെ രാജ്യത്തെ, പ്രത്യേകിച്ച് കേരളത്തിലെ കാർഷികമേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കേരളത്തിലെ അതേ കാലാവസ്ഥയും കാർഷിക വിളകളുമാണ് ASEAN രാജ്യങ്ങളിലുമുള്ളത്.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, പലപ്പോഴും ഈയൊരു പോയിന്റ് അങ്ങ് റെയിസ് ചെയ്യാറുള്ളതുകൊണ്ട് ഞാൻ ഒരേയൊരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്. സംസ്ഥാനത്ത് റബ്ബറിന് റെക്കോർഡ് വില ലഭിച്ചിരുന്നത് ASEAN കരാർ ഒപ്പിട്ട് രണ്ടുവർഷങ്ങൾ കഴിഞ്ഞപ്പോഴാണെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ലിബറലൈസേഷനും കാർഷിക വിളകളുടെ ഇറക്കുമതിയുമെല്ലാം അവയുടെ വിലയെ ബാധിച്ചേയ്ക്കാം, എന്നാൽ കരാറിൽ സേഫ്ഗാർഡ് മെഷേഴ്സുണ്ട്. അത് അപ്ലൈ ചെയ്യേണ്ടത് ഒരു ഗവൺമെന്റിന്റെ പൊളിറ്റിക്കൽ വില്ലിന്റെ ഭാഗമാണ്. സേഫ്ഗാർഡ് മെഷേഴ്സ് അപ്ലൈ ചെയ്യാവുന്ന സാഹചര്യമുണ്ടായിട്ടും അല്ലെങ്കിൽ ആന്റി ഡമ്പിംഗിനെതിരെ നടപടി സ്വീകരിക്കാനുള്ള സാഹചര്യമുണ്ടായിട്ടും അത് സ്വീകരിക്കാത്തത് ഗവൺമെന്റിന്റെ തെറ്റാണ്. കരാറിന്റെ കുഴപ്പമാണെന്ന നിലയിൽ അങ്ങ് പലപ്പോഴും റെഫർ ചെയ്യുന്നതുകൊണ്ടാണ് ഞാനിത് പറയുന്നത്. റബ്ബറിന് റെക്കോർഡ് വില സംസ്ഥാനത്ത് ലഭിച്ചിരുന്നത് ASEAN കരാർ ഒപ്പിട്ട് രണ്ട് വർഷത്തിനുശേഷമാണെന്ന വസ്തുത നിഷേധിക്കാൻ താങ്കൾക്ക് കഴിയുമോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, അങ്ങ് പറഞ്ഞതിൽ ഒരു തിരുത്തുണ്ട്. ASEAN കരാർ ഒപ്പിടുന്നതിനുമുമ്പ് ഒരു കിലോ റബ്ബറിന് ലഭിച്ചിരുന്നത് 240 മുതൽ 250 രൂപവരെയായിരുന്നു. കരാർ ഒപ്പിട്ടതിനുശേഷം റബ്ബറുമായി ബന്ധപ്പെട്ട 75-ഓളം ഫിനിഷ്ഡ് ഗുഡ്സ് ഇറക്കുമതി ചെയ്തിരുന്നു. അങ്ങനെ ഇറക്കുമതി ചെയ്തതോടെ റബ്ബറിന്റെ വില കുറയാൻ തുടങ്ങി. അന്ന് ചെയ്യാമായിരുന്ന ഒരു പ്രധാനപ്പെട്ട കാര്യം, അങ്ങ് പറഞ്ഞതുപോലെ സേഫ്ഗാർഡ് ഡ്യൂട്ടി ചുമത്തൽ ആയിരുന്നു. ASEAN കരാറിന്റെ 19-ാം വകുപ്പനുസരിച്ച് 70 ശതമാനം വരെ സേഫ്ഗാർഡ് ഡ്യൂട്ടി ചുമത്താമായിരുന്നു. എന്തുകൊണ്ടാണ് അന്നത്തെ യു.പി.എ. ഗവൺമെന്റ് അത്തരമൊരു ഡ്യൂട്ടി ചുമത്താതിരുന്നത്?

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ചില കാര്യങ്ങൾ ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ഇവിടെ പരാമർശിച്ചു. അതിലുപരി റബ്ബർ വിലയിടിവിന് കാരണമായിത്തീർന്നത് ഒന്നാം യു.പി.എ. സർക്കാരിന്റെ ഭരണകാലത്ത് ഒപ്പുവച്ച ഗാട്ട് കരാറും ASEAN കരാറുമാണെന്നുള്ള യാഥാർത്ഥ്യം റബ്ബർ കർഷകർക്കെല്ലാം അറിയാവുന്ന വസ്തുതയാണ്. ആ കാരണംകൊണ്ടാണ് റബ്ബറിന്റെ വില ഇന്നത്തെ നിലയിലേയ്ക്ക് കൂപ്പുകുത്തിയിരിക്കുന്നതെന്ന യാഥാർത്ഥ്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. പി. എസ്. സുപാൽ: സർ, GATT (General Agreement on Tariffs and Trade) കരാറും ASEAN കരാറുമെല്ലാം അന്നത്തെ കോൺഗ്രസ് ഗവൺമെന്റ് നടപ്പാക്കിയവയാണ്. കരാർ നടപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ കാർഷികോൽപ്പന്നങ്ങൾക്ക് വൻതോതിൽ വിലയിടിയുന്ന സാഹചര്യം നമ്മുടെ നാട്ടിലുണ്ടായി. റിക്കോർഡ് വില വർദ്ധനവുണ്ടായി എന്നൊക്കെയാണ് അദ്ദേഹം പറഞ്ഞത്. നമ്മളെല്ലാവരും അരിയാഹാരം കഴിക്കുന്നവരാണ്, സംസ്ഥാനത്ത് റബ്ബറിന്റെയും മറ്റ് കാർഷികോൽപ്പന്നങ്ങളുടെയും വില ഗണ്യമായി ഇടിഞ്ഞുവെന്നുള്ളത് വസ്തുതയാണ്. റബ്ബർമരങ്ങൾ മുറിച്ചുമാറ്റുന്ന സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ടായി. ഇതൊന്നും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടില്ലെന്ന് പറഞ്ഞാൽ അതിനോട് എങ്ങനെ യോജിക്കാൻ കഴിയും?

ഡോ. മാത്യു കുഴൽനാടൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കാര്യത്തിനെക്കുറിച്ചാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. നമുക്ക് കാലഗണനാക്രമത്തിൽ ഇതിനെ പരിശോധിക്കാം. GATT കരാർ 1945-ൽ ഒപ്പിട്ടതാണ്, WTO (World Trade Organization) Agreement ഇതിനുശേഷം വന്നതാണ്. അതുംകഴിഞ്ഞ് ASEAN കരാറിനുശേഷമാണ് റബ്ബറിന് റെക്കോർഡ് വില ലഭിച്ചത്. അതിനുശേഷം രണ്ടുവർഷം കഴിഞ്ഞപ്പോഴാണ് വിലയിടിവുണ്ടായത്. അതല്ലാതെ കരാർ ഒപ്പിട്ടതിന് അടുത്തുതന്നെ വിലയിടിവുണ്ടായിട്ടില്ലെന്നാണ് എന്റെ പക്ഷം. നമുക്കത് പരിശോധിക്കാം. ASEAN കരാർ ഒപ്പിട്ടതിനുശേഷം അതിനടുത്ത വർഷങ്ങളിൽ ഏറ്റവും ഉയർന്ന വില ലഭ്യമായിരുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ASEAN കരാർ ഒപ്പിട്ട് ഫിനിഷ്ഡ് ഗുഡ്സ് ഇറക്കുമതി ചെയ്യുന്നതുവരെ ആ വില നിന്നിരുന്നുവെന്നത് യാഥാർത്ഥ്യമാണ്. ഇറക്കുമതി തുടങ്ങിയപ്പോൾ റബ്ബറിന്റെ വില കിലോയ്ക്ക് 240 രൂപയിൽനിന്നും താഴ്ന്ന് 100 രൂപയ്ക്കുപോലും വിൽക്കാൻ കഴിയാത്ത അവസ്ഥ വന്നു.

ശ്രീ. പി. എസ്. സുപാൽ: സർ, ബഹുമാനപ്പെട്ട മന്ത്രി അക്കാര്യങ്ങളിൽ വ്യക്തത വരുത്തിക്കഴിഞ്ഞിട്ടുണ്ട്. ഈയൊരു വിഷയത്തിൽ മാത്രമല്ല, എല്ലാ വിഷയത്തിലും കർഷകവിരുദ്ധ നിലപാടുകളാണ് കോൺഗ്രസ്സ് സ്വീകരിച്ചിട്ടുള്ളത്. ബി.ജെ.പി-യും കോൺഗ്രസും കർഷകവിരുദ്ധ നിലപാടുകൾ ഒരേതരത്തിൽ ത്തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. രാജ്യത്ത് ഏറ്റവുംകൂടുതൽ കർഷക ആത്മഹത്യകളുണ്ടായത് കോൺഗ്രസ് ഭരിക്കുന്ന സമയത്താണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, റബ്ബറിന്റെ വില വർദ്ധിക്കാനുള്ള കാരണം റബ്ബറുൽപ്പാദക രാജ്യങ്ങളിൽ റീപ്ലാന്റിംഗ് നടക്കുന്നതിനാൽ വൻതോതിൽ മരങ്ങൾ മുറിച്ചുമാറ്റി പുതിയ തൈകൾ നടുന്നതിന്റെ ഭാഗമായി റബ്ബറുൽപ്പാദനം കുറഞ്ഞതിന്റെ ഫലമായാണ്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. എസ്. സുപാൽ: സർ, തീർച്ചയായും. ഞാൻ ബില്ലിന്റെ മറ്റ് വശങ്ങളിലേയ്ക്ക് വരികയാണ്. തോട്ടം മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ ശക്തമായ ഇടപെടലാണ് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ നടപ്പാക്കിയത്. തോട്ടം മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ കൃഷ്ണൻ നായർ കമ്മീഷനെ (Justice (retd.) N. Krishnan Nair Commission) ചുമതലപ്പെടുത്തുകയും അതിന്റെയടിസ്ഥാനത്തിൽ 2016 ആഗസ്റ്റ് 28-ന് കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. അതിലെ പതിനാല് നിർദ്ദേശങ്ങൾ നടപ്പാക്കാൻ ആർജ്ജവത്തോടെയുള്ള നിലപാടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിച്ചതെന്ന് നമുക്കറിയാം. അന്നത്തെ തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ടി. പി. രാമകൃഷ്ണൻ ഈ ചർച്ച കേട്ടുകൊണ്ട് ഇവിടെയുണ്ട്. അദ്ദേഹം തോട്ടം മേഖലയിലെ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാൻ നേതൃത്വം നൽകിയ വ്യക്തിയാണ്. പ്ലാന്റേഷൻ ടാക്സ് പൂർണ്ണമായും ഒഴിവാക്കുന്ന നിലപാട് സ്വീകരിച്ചു, തോട്ടം മേഖലയിൽനിന്നും കാർഷികാദായ നികുതി ഈടാക്കുന്നത് മരവിപ്പിച്ചു. തോട്ടം തൊഴിലാളികളുടെ എല്ലാ ലയങ്ങളും കെട്ടിടനികുതിയിൽനിന്നും ഒഴിവാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി. റബ്ബർമരം മുറിച്ചുവിൽക്കുന്നതുമായി ബന്ധപ്പെട്ട് ചില തടസ്സങ്ങളുണ്ടായിരുന്നു. റബ്ബറിന് വിലയില്ലാതിരുന്ന അവസരത്തിൽ സീനിയറെജ് (seigniorage) എന്നുള്ളതരത്തിൽ 2,500 രൂപ ഈടാക്കുമായിരുന്നു.

വനംവകുപ്പുമായി ബന്ധപ്പെട്ട് ചർച്ചനടത്തി അത് ഒഴിവാക്കിക്കൊടുത്തത് മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്താണ്. ഈ മേഖലയിൽ ഇത്തരത്തിൽ ഒട്ടേറെ കാര്യങ്ങളാണ് നടപ്പിലാക്കിയത്. കോവിഡ് കാലമായിട്ടും ശമ്പള പരിഷ്കരണം നടപ്പാക്കി. ശമ്പളപരിഷ്കരണം നടപ്പിലാക്കാതിരിക്കാനാണ് പലരും ശ്രമിക്കുന്നതെങ്കിൽ, തൊഴിലാളിക്ക് കൃത്യമായി ശമ്പളപരിഷ്കരണം നടപ്പാക്കുന്നതിൽ ഗവൺമെന്റ് ഇച്ഛാശക്തിയോടുകൂടി പ്രവർത്തിച്ചതുകൊണ്ടാണ് അതിന് കഴിഞ്ഞത്. ശമ്പളം മുടങ്ങാതിരിക്കാനുള്ള നടപടി സ്വീകരിച്ചു. കോവിഡ് സാഹചര്യത്തിൽ പൂട്ടിക്കിടന്ന തോട്ടങ്ങളിലെ തൊഴിലാളികളുൾപ്പെടെ ഏകദേശം 55,880 തൊഴിലാളികൾക്ക് 5,58,80,000 രൂപയാണ് കഴിഞ്ഞ കോവിഡ് സമയത്ത് ഗവൺമെന്റ് നൽകിയത്. തോട്ടം മേഖലയിൽ നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്, ഇതിനുപരിഹാരം കാണേണ്ടതുണ്ട്. പെൻഷൻപ്രായം അറുപത് വയസ്സാക്കി വർദ്ധിപ്പിച്ചത് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്താണ്. പക്ഷേ, മാനേജ്മെന്റുകൾ കേസ് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ അതിപ്പോൾ കോടതിയുടെ പരിഗണനയിലാണ്. ഗവൺമെന്റ് അടിയന്തരമായി ഇടപെട്ട് പ്രസ്തുത പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം. ഇപ്പോൾ വിരമിക്കുന്ന തൊഴിലാളികൾക്ക് ഇതുസംബന്ധിച്ച് ഒട്ടേറെ പ്രശ്നങ്ങൾ നേരിടേണ്ടിവരുന്നുണ്ട്. മറ്റൊന്ന്, തോട്ടം മേഖലയിൽ ചികിത്സാ സൗകര്യങ്ങൾ പരിമിതമാണെന്നതാണ്. എസ്റ്റേറ്റ് ഹോസ്പിറ്റലുകൾ, ഗ്രൂപ്പ് ഹോസ്പിറ്റലുകൾ തുടങ്ങിയവയിലെല്ലാം പരിമിതമായ ചികിത്സാ സംവിധാനമാണുള്ളത്. തോട്ടങ്ങളെല്ലാം മലയോര മേഖലയിലായതിനാൽ ഗുരുതരമായ രോഗങ്ങൾ തൊഴിലാളികളെ ബാധിക്കുമ്പോഴും ഒരു അപകടമുണ്ടായാലും അടുത്ത് ആശുപത്രിയില്ലാത്തതിനാൽ കിലോമീറ്ററുകൾ താണ്ടിപ്പോകേണ്ടിവരുന്ന സ്ഥിതിയുണ്ട്. ഈ സാഹചര്യത്തിൽ അവർക്ക് മെച്ചപ്പെട്ട ചികിത്സാസംവിധാനങ്ങൾ ഒരുക്കുകയെന്നത് പ്രധാന കാര്യമാണ്. അതുകൊണ്ട് കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കഴിയണം. ഇ.എസ്.ഐ. ആനുകൂല്യം തോട്ടംതൊഴിലാളികൾക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. ശ്രീ. എ. രാജ തോട്ടം മേഖലയിൽനിന്നും വരുന്ന ഒരു ജനപ്രതിനിധിയാണ്, അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞകാര്യം ലയങ്ങളുടെ ശോചനീയാവസ്ഥയാണ്. അവയെ വീടെന്ന് നമുക്ക് പറയാൻ കഴിയില്ല. ഓരോ ലയത്തിലും നിരവധി അംഗങ്ങളുണ്ട്, അവർക്ക് നിന്നുതിരിയാനുള്ള സൗകര്യമില്ല. ഒന്നോ രണ്ടോ മുറികൾ മാത്രമാണുള്ളത്. മുറികളെന്ന് അവയെ വിശേഷിപ്പിക്കാൻപോലും കഴിയില്ല, ശൗചാലയങ്ങളുമില്ല. കോവിഡ് കാലത്ത് ഏറ്റവും കൂടുതൽ രോഗം പടർന്നുപിടിച്ചത് തോട്ടം മേഖലയിലെ ലയങ്ങളിലാണ്. ഒരാൾക്ക് രോഗംവന്നാൽ മുഴുവനാളുകൾക്കും പടർന്നുപിടിക്കുന്ന സ്ഥിതിയുണ്ട്. ക്വാറന്റൈൻ ചെയ്യണമെങ്കിൽ പ്രത്യേക മുറിയും ശുചിമുറിയും ആവശ്യമാണ്. അത്തരം സൗകര്യങ്ങളില്ലാത്ത പശ്ചാത്തലത്തിൽ

രോഗം വലിയതോതിൽ പടർന്നുപിടിക്കുന്ന സാഹചര്യങ്ങളുണ്ടായി. തോട്ടം മേഖലയിലെ തൊഴിലാളികൾ ലയങ്ങളിൽ താമസിക്കുന്നത് അവർക്ക് മറ്റുമാർഗ്ഗങ്ങളില്ലാത്തതുകൊണ്ടാണ്. ആസ്ബസ്റ്റോസ് മേഞ്ഞ കൂരകളിൽ താമസിക്കാൻ പാടില്ലെന്നത് എല്ലാവരും പറയുന്ന കാര്യമാണ്, അത് രോഗങ്ങൾക്ക് കാരണമാകുമെന്ന് പറയപ്പെടുന്നു. എല്ലാ ലയങ്ങളും ആസ്ബസ്റ്റോസ് മേഞ്ഞതാണ്. ഇതും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ അവർക്കുണ്ടാക്കുന്നുണ്ട്.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, തോട്ടംതൊഴിലാളികളുടെ താമസസൗകര്യവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നം ശരിയാണ്. തോട്ടം തൊഴിലാളികളുടെ വീടിന്റെ പ്രശ്നം പരിഹരിക്കുന്നതിനാണ് ഭവനരഹിതരായ തോട്ടംതൊഴിലാളികളെക്കൂടി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കഴിഞ്ഞ ഗവൺമെന്റ് തീരുമാനിച്ചത്. തോട്ടം മേഖലയിലെ വീടുകളെക്കുറിച്ച് പറയുമ്പോൾ രണ്ട് രീതിയിൽ ഈ പ്രശ്നത്തെ കാണേണ്ടതുണ്ട്. അതിലൊന്ന്, ലയങ്ങൾ നിലവിൽ ജോലിചെയ്തുകൊണ്ടിരിക്കുന്ന തൊഴിലാളികൾക്ക് ജോലിയോടൊപ്പമുള്ള താമസസൗകര്യമാണ്. ഈ സംവിധാനം ഏർപ്പെടുത്തിയത് തോട്ടങ്ങളിൽ ഫാമിലി എംപ്ലോയ്മെന്റ് അംഗീകരിച്ചിരുന്ന കാലത്താണ്. ആ സ്ഥിതിക്ക് ഇപ്പോൾ മാറ്റം വന്നിട്ടുണ്ട്. തൊഴിൽ നിലനിർത്തുന്നതിന്റെ ഭാഗമായി അവിടെത്തന്നെ താമസിപ്പിച്ച് ജോലിചെയ്യുകയെന്നത് തോട്ടമുടമകളുടെയും ആവശ്യമാണ്. ലയങ്ങൾ മാറ്റിപ്പണിയുന്നതിനെ സംബന്ധിച്ച നിർദ്ദേശം അതിന്റെ ഭാഗമായി വരുന്നതാണ്. എന്നാൽ തോട്ടം തൊഴിലാളികൾ വിരമിച്ചുകഴിഞ്ഞാൽ മറ്റെവിടെയെങ്കിലും പോയി താമസിക്കാനുള്ള സൗകര്യവും അവർക്കില്ല, അതുകൊണ്ട് ലയങ്ങളിൽനിന്ന് വിട്ടുപോകാൻ കഴിയുന്നുമില്ല. അതാണ് വലിയ തേയിലത്തോട്ടങ്ങളിലും കാപ്പിത്തോട്ടങ്ങളിലുമുള്ള സ്ഥിതി. ഇത്തരം തൊഴിലാളികൾക്കായി സ്ഥലം കണ്ടെത്തി പ്രത്യേകം വീട് നിർമ്മിക്കുന്നതിനുള്ള ഉത്തരവാദിത്വം തോട്ടമുടമകൾക്കും ഗവൺമെന്റിനുമുണ്ട്. ഈ രണ്ട് കാര്യങ്ങളും ഒന്നിച്ചു കൊണ്ടുപോകത്തക്ക നിലയിലുള്ള സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചത്. അവർക്ക് സുരക്ഷിതമായ താമസസൗകര്യമൊരുക്കുകയെന്നത് ഗവൺമെന്റിന്റെ ബാദ്ധ്യതയായിക്കണ്ട് ആ തീരുമാനം എത്രയുംവേഗത്തിൽ പ്രാവർത്തിക മാക്കുകയെന്ന നിലപാടിലേയ്ക്കാണ് നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, അങ്ങ് പറഞ്ഞത് ഗൗരവമേറിയ വിഷയമാണ്. അങ്ങ് മന്ത്രിയായിരിക്കുന്ന സമയത്ത്, കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്താണ് 'ഭവനം ഫൗണ്ടേഷന്റെ ' ആഭിമുഖ്യത്തിൽ സർവ്വേ നടത്തി 32,452 ഭവനരഹിതരെ കണ്ടെത്തിയത്. ഇതിൽ ഒരു പ്രത്യേക തീരുമാനം ഗവൺമെന്റ് സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ലൈഫ് പദ്ധതിയിലുൾപ്പെടുത്തി അൻപത് ശതമാനം വിഹിതം സർക്കാർ നൽകുകയും ബാക്കി അൻപത് ശതമാനം മാനേജ്മെന്റുകൾ നൽകുകയും ചെയ്യണം. മാനേജ്മെന്റുകളുടെ തുക ആറ്

തവണകളായി പലിശരഹിതമായി അടയ്ക്കുക എന്നൊരു സംവിധാന മൊരുക്കിയിട്ടുണ്ട്. ആ നിലയിൽ ലൈഫ് പദ്ധതിയിലുൾപ്പെടുത്തി പദ്ധതി പൂർത്തീകരിക്കാൻ കഴിയും. അങ്ങനെ സാധിച്ചാൽ തൊഴിലാളി ചരിത്രത്തിൽ ശ്രദ്ധേയമായ ഒരേടായി മാറുമെന്നതിൽ യാതൊരു സംശയവുമില്ല. പുനലൂർ ആർ.പി.എൽ.-ൽ (Rehabilitation Plantation Ltd.)-ഉൾപ്പെടെ അത്തരത്തിലുള്ള ഭവനപദ്ധതി ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. ശ്രദ്ധേയമായ നിലയിൽ എല്ലാ തോട്ടംമേഖലയിലും നമുക്കത് മുന്നോട്ടുകൊണ്ടുപോകാൻ കഴിയണം. വന്യമൃഗ ആക്രമണവുമായി ബന്ധപ്പെട്ട വിഷയം പലപ്പോഴും ഈ സഭയിൽ ചർച്ചയ്ക്ക് വരാറുണ്ട്. തോട്ടംമേഖല മലയോരമേഖലയിലാണുള്ളത്. വലിയതോതിൽ വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം ഈ മേഖലയിൽ കണ്ടുവരികയാണ്. അതിരാവിലെയാണ് തൊഴിലാളികൾ ടാപ്പിംഗിനായി ഇറങ്ങുന്നത്. തൊഴിലാളികൾക്ക് രാവിലെ ജോലിക്ക് പോകാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ആ സമയത്ത് കാട്ടുപോത്ത്, ആന, പുലി, കടുവ തുടങ്ങിയ വന്യജീവികളുടെ സാന്നിദ്ധ്യമുണ്ടാകാറുണ്ട്. പലപ്പോഴും തൊഴിലാളികൾ ഇവയുടെ ആക്രമണങ്ങൾക്ക് ഇരയാകാറുമുണ്ട്. ഈ സാഹചര്യത്തിൽ ഭീതിയോടെയാണ് ആളുകൾ പുറത്തിറങ്ങുന്നത്. എത്രയോ ആളുകൾ മരണപ്പെട്ട സാഹചര്യം നമുക്കറിയാം. കഴിഞ്ഞ ഒരു മാസത്തിനിടയിൽ ആര്യങ്കാവ് പഞ്ചായത്തിലെ ചേനഗിരിയിൽ തെന്മലവാലി എസ്റ്റേറ്റിൽ രാവിലെ ടാപ്പിംഗ് ജോലിക്കിറങ്ങിയ മൂന്ന് തൊഴിലാളികൾക്ക് കാട്ടാനയുടെ ആക്രമണത്തിൽ ഗുരുതരമായ പരിക്കുപറ്റി. ഇത് ഗൗരവമേറിയ വിഷയമാണ്. അതുകൊണ്ട് വർദ്ധിച്ചുവരുന്ന വന്യജീവി ആക്രമണം ഗൗരവമായി പരിഗണിക്കേണ്ട വിഷയമാണ്. തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാൻ കഴിയണം. കൂടാതെ പൊതുമേഖലാ തോട്ടങ്ങൾ എന്നുപറയുന്നത് ഒരു മോഡൽ എംപ്ലോയറാണ്. ഓയിൽ പാം, എസ്.എഫ്.സി.കെ. (State Farming Corporation of Kerala), പി.സി.കെ. (Plantation Corporation of Kerala), റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. ഈ തോട്ടങ്ങളെല്ലാം നല്ലനിലയിൽ പ്രവർത്തിക്കുന്നവയാണ്. വൈവിദ്ധ്യവൽക്കരണം നടപ്പിലാക്കിക്കൊണ്ടു മാത്രമേ ഈ തോട്ടങ്ങളുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. അതുസംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പ്ലാന്റേഷൻ റിലീഫ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ കഴിയണം. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ആശ്വാസമേകാൻ കൂടുതൽ ഫണ്ട് അനുവദിക്കണം. അവരുടെ കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ തുടങ്ങിയവയ്ക്ക് ഫണ്ട് വകയിരുത്തണം. കുടിവെള്ളമടക്കമുള്ള അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തി തോട്ടംമേഖലയെ ശക്തിപ്പെടുത്താ നാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. സി. ആർ. മഹേഷ് ചുമതലപ്പെടുത്തിയതുപ്രകാരം ഡോ. മാത്യു കുഴൽനാടൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. ബില്ലിലെ ഉള്ളടക്കത്തിലേയ്ക്ക് കടക്കുന്നതിനുമുമ്പ് ഇവിടെ ബഹുമാന്യനായ മന്ത്രിയടക്കം പരാമർശിച്ച വിഷയത്തിന് ചുരുക്കത്തിൽ ഒരു കാര്യം സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഇതുപോലെ മഹത്തായ ഒരു ഫ്ലോറിൽ നടക്കുന്ന ഡിസ്കഷനിൽ സത്യസന്ധമായി മാത്രമേ മറുപടി പറയാൻ പാടുള്ളൂ. To be honest to the core എന്നതാണ് രീതി. ഒരു ഇക്കണോമിക് പോളിസി കൺവീനിയന്റായ ഒരു പൊസിഷനിൽ നിന്നുമാത്രം അറ്റാക്ക് ചെയ്യുന്നത് നിങ്ങളുടെ ഒരു സ്ഥിരം ശൈലിയാണ്. മാത്രമല്ല, ഇവിടത്തെ ഡിബേറ്റ്സിനെ കട്ട്ഷോർട്ട് ചെയ്ത് ടൈമിംഗ് എല്ലാം സ്ട്രിക്റ്റാക്കിയിരിക്കുകയുമാണ്. നിയമസഭയിൽ ഡിബേറ്റ് ചെയ്താൽ മാത്രമേ നമ്മുടെ പൊസിഷൻ എക്സ്പോസ് ചെയ്യാനും articulate ചെയ്യാനും സാധിക്കുകയുള്ളൂ. അത്തരത്തിലുള്ള ഒരു ശൈലി, ബഹുമാനപ്പെട്ട ചെയറാണെങ്കിലും ശ്രദ്ധിക്കണമെന്നാണ് എന്റെ അഭിപ്രായം. GATT കരാറിനും WTO-യ്ക്കും ശേഷമാണ് ഇന്ത്യയിൽ റബ്ബറിന്റെ വില കുറഞ്ഞതെന്ന് ബഹുമാനപ്പെട്ട ഒരംഗം പറയുകയുണ്ടായി. അത് ശരിയാണ്, പൊട്ടൻഷ്യൽ ഹാമിനുള്ള സാദ്ധ്യത തുറന്നുവരും. കാരണം, നമ്മളെക്കാളും കോംപീറ്റന്റായി പ്രൊഡ്യൂസ് ചെയ്യുന്ന, അഗ്രിക്കൾച്ചറൽ പ്രൊഡ്യൂസിംഗ് മാർക്കറ്റുകളിൽനിന്നും ഇന്ത്യയിലേയ്ക്ക് പ്രൊഡക്ട്സ് വന്നുവെന്ന് വരാം. It has safeguard measures, anti dumping duties, countervailing measures etc., there are 'N' number of ways to stop the import, if we wish; അത്തരത്തിൽ ഒരു എഗ്രിമെന്റ് സൈൻ ചെയ്തതുകൊണ്ടുമാത്രം നമ്മുടെയെല്ലാ അവസരവും takeover ചെയ്തുവെന്ന് വിചാരിക്കരുത്. നിങ്ങൾ റബ്ബറിന്റെ വില കുറഞ്ഞകാര്യം പറഞ്ഞല്ലോ; അതിന്റെ മറുവശത്തെക്കുറിച്ചും ആലോചിക്കണം. ഒരുപക്ഷെ ഞാനും ശ്രീ. എ. എൻ. ഷംസീറുമൊക്കെ സ്കൂളിൽ പഠിക്കുന്ന കാലത്ത് ഞങ്ങളുടെ മാതാപിതാക്കളുടെ ഏറ്റവും വലിയ ആഗ്രഹമെന്നത് അവരുടെ മക്കൾക്ക് ഒരു സർക്കാർ ജോലി ലഭിക്കണമെന്നതായിരുന്നു. കാരണം, ഏറ്റവും സുരക്ഷിതമായ, ഏറ്റവും വലിയ പേമെന്റ് ലഭിക്കുന്നത് സർക്കാർ ജോലിയിൽനിന്നാണെന്ന് വിചാരിച്ചിരുന്നു. ഇന്നത്തെക്കാലത്ത് അങ്ങനെ ആരെങ്കിലും ആഗ്രഹിക്കുന്നുണ്ടോ; ഏറ്റവും ക്രീമായിട്ടുള്ള വിദ്യാർത്ഥികൾ ആരെങ്കിലും സർക്കാർ ജോലിക്ക് പോകുന്നുണ്ടോ; പോകുന്നില്ല, അത് എന്തുകൊണ്ടാണ്; ഇന്ന് ധാരാളം അവസരങ്ങളും അനന്തമായ സാദ്ധ്യതകളും സ്വകാര്യമേഖലയിലുണ്ടായിരിക്കുന്നു. ഐ.ടി. മേഖലയിൽ കുറേപേർക്ക് തൊഴിൽ കിട്ടിയെന്നല്ലാതെ വേറെ ഒന്നുമുണ്ടായില്ല എന്ന് പലരും പറയും. തിരുവനന്തപുരം ഗവൺമെന്റ് ലാ

കോളേജിൽ എന്റെ ജൂനിയറായി പഠിച്ചിരുന്ന പയ്യൻ പഠനം കഴിഞ്ഞ് രണ്ടുവർഷം കഴിഞ്ഞപ്പോൾ ഹൈദരാബാദിലെ ഒരു കമ്പനിയിൽ ജോയിൻ ചെയ്തു. അയാളുടെ പ്രതിമാസശമ്പളം രണ്ട് ലക്ഷം രൂപയാണ്. ഒരു മാസം രണ്ട് ലക്ഷം രൂപ കിട്ടാവുന്ന നിലയിലേയ്ക്ക് ഈ രാജ്യത്തെ തൊഴിൽ എവിടെ നിന്നുവന്നു; എവിടെനിന്നാണ് ആ ജോലിയുണ്ടായത്; നമ്മൾ അതിനെക്കുറിച്ച് ആലോചിക്കണ്ടേ? യു.എസ്.എ-യിലെ ലീഗൽ ഇൻസ്ക്രിപ്ഷൻ എന്നുപറയുന്ന ലീഗൽ ഔട്ട്സോഴ്സിംഗിന്റെ ഭാഗമായി ഹൈദരാബാദിലെ കമ്പനി ഓപ്പറേറ്റ് ചെയ്ത ജോലിയാണ്. ഒരു മാസംകൊണ്ട് രണ്ട് ലക്ഷം രൂപ ഇരുപത്തിയാറ് വയസ്സുള്ള ചെറുപ്പക്കാരന് വാങ്ങാൻ കഴിഞ്ഞു. 21, 22, 23 വയസ്സുള്ളവർക്ക് മൂന്ന്-നാല് ലക്ഷം രൂപ ശമ്പളം വാങ്ങാൻ കഴിയുന്ന നിലയിലേയ്ക്ക് തൊഴിലവസരങ്ങൾ വരുന്നു. അത് ഇവിടത്തെ തൊഴിലല്ല. അമേരിക്കയിലുണ്ടായിരുന്നവർ ചെയ്തുകൊണ്ടിരുന്ന തൊഴിൽ ഗ്ലോബലൈസേഷന്റെ ഭാഗമായി വിവരസാങ്കേതികവിദ്യ വർദ്ധിച്ച് ഇന്ത്യയിലേയ്ക്ക് വന്നപ്പോൾ നമുക്ക് കോമ്പിറ്റന്റായുള്ള ഹ്യൂമൻ റിസോഴ്സ് സൃഷ്ടിക്കാൻ സാധിച്ചതുകൊണ്ടാണ് ഹൈദരാബാദ്, ചെന്നൈ, മുംബൈ, ഡൽഹി, കൊൽക്കത്ത എന്നിവിടങ്ങളിലിരുന്ന് ജോലി ചെയ്ത് ഡോളറിൽ മൂന്നുംനാലും ലക്ഷം രൂപവരെ ശമ്പളം വാങ്ങാൻ കഴിഞ്ഞത്. അങ്ങനെയാണ് ഈ രാജ്യത്തെ ചെറുപ്പക്കാർ ആദ്യമായി ഇത്രയും രൂപ വരുമാനം കണ്ടെത്തുന്ന സ്ഥിതിയിലേയ്ക്ക് വന്നത്. ഈ രാജ്യത്തിന്റെ മുഖച്ഛായ മാറിയത് അങ്ങനെയല്ലേ?

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, അങ്ങ് പറയുന്നതിനോട് തർക്കിക്കാൻ വേണ്ടി പറയുന്നതല്ല. ഇത് രണ്ട് വീക്ഷണങ്ങൾ തമ്മിലുള്ള അന്തരമാണ്. ഇത് രാജ്യത്തിന്റെ വളർച്ച അല്ലായെന്നുള്ള അഭിപ്രായമൊന്നും എനിക്കില്ല. നമ്മുടേത് ജനാധിപത്യ ഗവൺമെന്റാണ്. ജനാധിപത്യ രാജ്യത്ത് ബഹുഭൂരിപക്ഷം ജനങ്ങളുടെയും ക്ഷേമം ഉറപ്പാക്കുന്ന കൺസെപ്റ്റിലായിരിക്കണം പ്രവർത്തിക്കേണ്ടത്. നയങ്ങൾ രൂപീകരിക്കുമ്പോൾ ബഹുഭൂരിപക്ഷത്തെ മറന്നുകൊണ്ട് ഇത്തരത്തിലുള്ള ന്യൂനപക്ഷങ്ങളുടെ വളർച്ചയെമാത്രം എടുത്തു കാണിച്ച് അത് രാജ്യത്തിന്റെ വളർച്ചയാണെന്ന് പറയുന്നത് നയത്തിന്റെ പ്രശ്നമാണ്. നമ്മുടെ സംസ്ഥാനത്തെ ക്ഷീര-കാർഷിക മേഖലയിൽ ഈ ഗവൺമെന്റ് പിന്തുണ നൽകിവരികയാണ്. ഒരു ലിറ്റർ പാലിന് അഞ്ച് രൂപവരെയാണ് കർഷകർക്ക് സബ്സിഡിയായി നൽകുന്നത്. അതെല്ലാം ബഹുഭൂരിപക്ഷത്തെ സഹായിക്കുന്ന ഒരു നയമാണ്. ഇത് രണ്ടും രണ്ട് വീക്ഷണമാണ്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ഡോ. മാത്യു കുഴൽനാടൻ അവർ ആരാണെന്ന് വ്യക്തമാക്കിയിരിക്കുകയാണ്. യഥാർത്ഥത്തിൽ കോർപ്പറേറ്റുകളുടെ താല്പര്യം സംരക്ഷിക്കുന്ന നയങ്ങളെയാണ് കോൺഗ്രസ് പ്രോത്സാഹിപ്പിക്കുന്നത്.

1990-കളുടെ തുടക്കത്തിലാണ് LPG (Liberalisation, Privatisation and Globalisation) എന്ന പേരിൽ ഗ്ലോബലൈസേഷൻ നടപ്പിലാക്കിയത്. പണം ജനങ്ങളിലേയ്ക്ക് കിനിഞ്ഞിറങ്ങുമെന്ന് പറഞ്ഞ ട്രിക്കിൾ ഡൗൺ തിയറിയുണ്ട്. പണം കിനിഞ്ഞിറങ്ങിയോ? ഇവിടെ കർഷകർ തകർച്ചയിലാണ്. കാർഷിക മേഖല തകരുന്നു, കർഷകർ ആത്മഹത്യ ചെയ്യുന്നു. പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സ് തകർച്ചയിലാണ്, വിദ്യാഭ്യാസ മേഖലയിൽനിന്ന് ഗവൺമെന്റിന്റെ പിന്മാറ്റം വന്നിരിക്കുന്നു. എന്തുകൊണ്ടാണ് കോൺഗ്രസ് ഇന്ന് ഈ നിലയിലേയ്ക്ക് തകർന്നതെന്ന് ഒരു retrospection നടത്തിയാൽ നിങ്ങളുടെ ഇക്കണോമിക് പോളിസിയാണ് തകർച്ചയ്ക്ക് കാരണമെന്ന് മനസ്സിലാകും. അത് അംഗീകരിക്കാൻ തയ്യാറുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാനതിലേയ്ക്ക് ദീർഘമായി കടക്കാൻ ആഗ്രഹിക്കുന്നില്ല. ട്രിക്കിൾ ഡൗൺ ഉണ്ടായിട്ടുണ്ടോ ഇല്ലയോ എന്നൊക്കെ ഈ രാജ്യത്തുനിന്ന് നോക്കുന്ന ആർക്കും മനസ്സിലാകും.

ശ്രീ. പി. എസ്. സുപാൽ: സർ, ഒന്നാം യു.പി.എ. സർക്കാരിന്റെ ഭരണകാലത്താണ് രാജ്യത്ത് ഏറ്റവും കൂടുതൽ കർഷക ആത്മഹത്യകളുണ്ടായത്. അത് ഭരണനേട്ടമാണെന്നാണോ പറയുന്നത്?

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, കോർപ്പറേറ്റുവൽക്കരണത്തിന്റെ ഭാഗമായി ബഹുഭൂരിപക്ഷം ജനങ്ങളും ചൂഷണം ചെയ്യപ്പെടുകയും ചെറിയൊരു ന്യൂനപക്ഷം തടിച്ചുകൊഴുക്കുകയും ചെയ്യുവെന്നതാണ് വസ്തുത. റബ്ബർ മേഖലയെക്കുറിച്ച് പറഞ്ഞതുകൊണ്ടാണ് ഞാൻ സൂചിപ്പിക്കുന്നത്, റബ്ബർ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന ഫൈനൽ പ്രോഡക്ടുകളുടെ പത്ത് ശതമാനം മൂല്യം മാത്രമാണ് കൃഷിക്കാരിലേയ്ക്ക് എത്തുന്നത്. 90 ശതമാനവും വ്യവസായികൾ/ഇടനിലക്കാർ കൊണ്ടുപോകുന്ന സാഹചര്യമുണ്ട്.

ഡോ. മാത്യു കുഴൽനാടൻ: സർ, ട്രിക്കിൾ ഡൗൺ തിയറി അതല്ലെങ്കിൽ ഏത് വിഷയം പരിശോധിച്ചാലും 1990-നുമുമ്പ് ഈ രാജ്യത്ത് പട്ടിണി ഇല്ലായിരുന്നുവെന്നാണോ നിങ്ങൾ പറയുന്നത്; ഇന്ത്യയുടെ പ്രധാനമന്ത്രിയായി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ചുമതലയേൽക്കുന്ന സമയത്ത് ഈ രാജ്യത്ത് ആയിരക്കണക്കിനാളുകൾ ദാരിദ്ര്യംകൊണ്ട് പിടഞ്ഞുവീണ് മരിക്കുന്നത് കണ്ടുകൊണ്ടാണ് രാത്രികളിൽ കിടന്നുറങ്ങിയിരുന്നത്. ദാരിദ്ര്യം മാറ്റാൻ കഴിയാത്ത രാജ്യമാണിത്, ഉടുതുണിക്ക് മറുതുണി ഇല്ലാത്ത രാജ്യം, അതല്ലെങ്കിൽ ഒന്നും ഉൽപ്പാദിപ്പിക്കാൻ കഴിയാത്ത രാജ്യമായിരുന്നു. Why don't you agree that our nation has changed a lot? ലോകം മുഴുവൻ അംഗീകരിച്ചാലും

കമ്മ്യൂണിസ്റ്റ് പാർട്ടി മാത്രം അത് അംഗീകരിക്കില്ല. ഇന്ത്യയിൽ 1990-നുശേഷം മാറ്റമുണ്ടായിട്ടില്ലെന്നാണോ പറയുന്നത്? നിങ്ങളുടെയൊക്കെ ജീവിത സാഹചര്യങ്ങളിൽ, നിങ്ങളുടെയൊക്കെ മക്കളുടെ ജീവിത സാഹചര്യങ്ങളിൽ, നിങ്ങളുടെയൊക്കെ തലമുറകളുടെ ജീവിത സാഹചര്യങ്ങളിൽ കഴിഞ്ഞ പത്തിരുപത് വർഷംകൊണ്ട് അനന്യമായ മാറ്റമുണ്ടായിട്ടുണ്ട്. പക്ഷേ, നിങ്ങളത് അംഗീകരിക്കുന്നില്ല. എഡ്യൂക്കേഷൻ ലിബറലൈസേഷനെ/സെൽഫ് ഫിനാൻസ് കോളേജുകളെ ഏറ്റവും കൂടുതൽ എതിർത്തിട്ടുള്ളത് സി.പി.ഐ.(എം.) അല്ലേ? ഈ സഭയിലിരിക്കുന്ന എത്ര പേരുടെ മക്കൾ അതിന്റെ ബെനിഫിഷ്യറീസാണ്; you enjoyed the benefits and saying that this is bad. How can you? സാധാരണക്കാരനായ ഏറ്റവും പാവപ്പെട്ട കമ്മ്യൂണിസ്റ്റുകാരന് സാധിച്ചിട്ടുണ്ടാകില്ല.

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, ഇന്ത്യയ്ക്കുശേഷം സ്വാതന്ത്ര്യം നേടിയ രാജ്യമാണ് ചൈന. അമേരിക്ക ബോംബിട്ട് തകർത്ത് ശവപ്പറമ്പാക്കിയ രാജ്യമാണ് വിയറ്റ്നാം. ആ രാജ്യങ്ങളുടെ വളർച്ചാനിരക്കും അവിടത്തെ ജനങ്ങളുടെ ജീവിത സൗകര്യങ്ങളും വിശദീകരിക്കാമോ?

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ഞാനതിന് മറുപടി പറയാം. നമ്മൾ പാടിപ്പഠിച്ച ഒരു വാചകമുണ്ട്, 'ബന്ധുരകാഞ്ചനക്കൂട്ടിലാണെങ്കിലും ബന്ധനം ബന്ധനം തന്നെ പാരിൽ' എന്നതാണത്. ഇന്ത്യയെപ്പോലെ ഡെമോക്രസിയുള്ള, പൗരസ്വാതന്ത്ര്യമുള്ള ഒരു രാജ്യം വേറെ ചൂണ്ടിക്കാണിക്കാൻ സാധിക്കുമോ? .... (ബഹളം).... പ്ലീസ് പ്ലീസ്, ഇനി വഴങ്ങാൻ സമയമില്ല.... I am extremely sorry.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഇവിടെ ചൈനയുടെ മഹത്വത്തെക്കുറിച്ച് പറഞ്ഞു. ചൈനയിൽ സർക്കാർ ഒരു പ്രസവം മതിയെന്ന് തീരുമാനിച്ചു. ഇപ്പോഴാണ് രണ്ടാമത്തെ കുഞ്ഞിന് അനുവാദം കൊടുത്തത്, ഇന്ത്യയിൽ അത് നടക്കുമോ?

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഡോ. മാത്യു കുഴൽനാടൻ വളരെ വികാരപരമായാണ് ബഹുമാനപ്പെട്ട ഇടതുപക്ഷാംഗങ്ങളുടെ ചോദ്യത്തിന് മറുപടി പറയുന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടിയെ സംബന്ധിച്ചിടത്തോളം ചൈനയിലാണെങ്കിലും പശ്ചിമ ബംഗാൾ ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ ആ പാർട്ടി ഭരിച്ചപ്പോഴും ആഗോളവത്ക്കരണത്തിന്റെ സാദ്ധ്യതകളെ ഏറ്റവും നന്നായി വിനിയോഗിച്ചുവെന്നുള്ള യാഥാർത്ഥ്യം നിലനിൽക്കുമ്പോഴാണ് ഇവരിപ്പോൾ ആഗോളവത്ക്കരണത്തിനെതിരെ പറയുന്നത്. ചൈനയുടെ മുഴുവൻ വളർച്ചയിലും അവർ ഇന്ന് ആശ്രയിക്കുന്നത് ആഗോളവത്ക്കരണത്തിന്റെ സാദ്ധ്യതകളെയാണ്. ആ സാദ്ധ്യതകളെയൊന്നും തള്ളിപ്പറയുന്നില്ല. ഇവിടെ ശ്രീ. പി. നന്ദകുമാർ

ഉൾപ്പെടെയുള്ളവർ പറയുന്നത് ചൈനയിലെ വളർച്ചയെക്കുറിച്ചാണ്. ചൈനയാണ് ആഗോളവത്ക്കരണത്തിന്റെ ഏറ്റവും വലിയ കമ്പോളം.

ഡോ. മാത്യു കുഴൽനാടൻ: സർ, അതാണ് ശരിയായ പോയിന്റ്. ചൈനയെ ഇന്നത്തെ ചൈനയാക്കിയ നേതാവ് Deng Xiaoping, മാവോസേതുങ്ങിന്റെ (Mao-Tse-tuing) അഭിപ്രായത്തിൽ capitalist roader എന്നുപറഞ്ഞ് പാർട്ടിയിൽനിന്നും പുറത്താക്കപ്പെട്ടയാളാണ്. അദ്ദേഹം മുതലാളിത്തത്തിന്റെ ആളാണ്. ഇവിടെ കഴിഞ്ഞ ദിവസം ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ സംസാരിച്ചപ്പോൾ ഞാൻ ചോദിക്കണമെന്ന് വിചാരിച്ചതാണ്. ഞാൻ ഒരു കാര്യം വെല്ലുവിളിച്ച് പറയുകയാണ്, ഇന്ത്യയിലുള്ളതിനെക്കാളും പതിന്മടങ്ങ് ഇരട്ടിയിലുള്ള കോടീശ്വരന്മാരാണ് ചൈനയിലുള്ളത്. കോടീശ്വരന്മാർ അവിടെ ഉണ്ടായില്ലേ? അവിടെ യാതൊരു സമത്വവുമില്ല, ഇക്വാളിറ്റിയുമില്ല. പാർട്ടി ക്ലാസ്സ് നടക്കുമ്പോൾ അതിനെക്കുറിച്ച് ചോദിക്കണം. അതായത് Deng Xiaoping എന്ന നേതാവിനെ മാവോ, മുതലാളിത്തത്തിന്റെ ചാരനെന്ന് പറഞ്ഞ് പാർട്ടിയിൽനിന്നും പുറത്താക്കിയിരുന്നോ? മാവോസേതുങ് മരിച്ചുകഴിഞ്ഞ് ചൈനയിൽ നടപ്പിലാക്കിയത് മുതലാളിത്ത നയങ്ങളാണ്. ആ നയങ്ങളാണ് ചൈനയെ ഈ ഗതിയിലാക്കിയത്. ഞാൻ ആ ഭാഗം വിടുകയാണ്. ബഹുമാനപ്പെട്ട ചെയർ കൂടുതൽ സമയം അനുവദിക്കുമെങ്കിൽ വഴങ്ങാം.

മി. ചെയർമാൻ: കൂടുതൽ സമയം അനുവദിക്കില്ല.

ഡോ. മാത്യു കുഴൽനാടൻ: സർ, ബഹുമാനപ്പെട്ട ചെയർ കൂടുതൽ സമയം തരണം. I am open for discussion, I am open for debate. എന്നാലല്ലേ കാര്യങ്ങൾ പുറത്തുവരികയുള്ളൂ. Let them say, I can answer.

ശ്രീ. പി. നന്ദകുമാർ: സർ, ഇന്ത്യയ്ക്കുശേഷം 1949-ൽ സ്വാതന്ത്ര്യം കിട്ടിയ രാജ്യമാണ് ചൈന. ഇന്ന് ലോകത്തെ പ്രധാനപ്പെട്ട പത്രങ്ങളിലൂടെ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്ലീനവുമായി ബന്ധപ്പെട്ട റിപ്പോർട്ട് പുറത്തുവന്നിട്ടുണ്ട്. അവിടത്തെ കമ്മ്യൂണിസ്റ്റ് പത്രങ്ങളിലെല്ലാം, വാഷിംഗ്ടൺ പോസ്റ്റിലടക്കം, ഇന്നത്തെ ലേറ്റസ്റ്റ് ന്യൂസ് നോക്കിയാൽ കാണാൻ സാധിക്കും; ബഹുമാനപ്പെട്ട അംഗം അവിടത്തെ വളർച്ചാനിരക്ക് സംബന്ധിച്ച് പരിശോധിക്കണം. അവർ സോഷ്യലിസത്തിന്റെ ഒന്നാംഘട്ടം കടക്കാൻ പോകുന്നുവെന്നതാണ് റിപ്പോർട്ട്. അവിടത്തെ ഗ്രാമങ്ങളിലും പട്ടണപ്രദേശങ്ങളിലുംപോയി നേരിൽക്കണ്ടൊരു വ്യക്തിയാണ് ഞാൻ. അവിടത്തെ വളർച്ചാനിരക്കും ജനങ്ങളുടെ ജീവിതരീതിയും ഗവൺമെന്റിന്റെ വരുമാനവും ആധുനിക രൂപത്തിലേയ്ക്കുള്ള എല്ലാ സംവിധാനങ്ങളും ഇന്നത്തെ നവലിബറൽ നയങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടുതന്നെ അടിസ്ഥാനപരമായി കമ്മ്യൂണിസ്റ്റ് ആശയങ്ങൾ മുറുകെപ്പിടിച്ചുകൊണ്ടാണ് ചൈന

മുന്നോട്ടുപോയിട്ടുള്ളത്. അത് കാണാതിരിക്കരുത്. അതേസമയം ആഗോള വത്ക്കരണത്തിന്റെ അപ്പൊസ്തലൻമാരായ രാജ്യങ്ങളൊക്കെത്തന്നെ ഇന്ന് എവിടെയാണ് നിൽക്കുന്നത്? ലോകത്ത് ഏറ്റവും വലിയ കടക്കെണിയിൽപ്പെട്ടുകിടക്കുന്നത് അമേരിക്കയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കേരള നിയമസഭയിൽ ചൈനയെക്കുറിച്ച് വലിയ അഭിമാനത്തോടെയാണ് പൊന്നാനി എം.എൽ.എ. സംസാരിക്കുന്നത്. അതിനെ അവർ കയ്യടിച്ച് പിന്തുണയ്ക്കുന്നുമുണ്ട്. നമ്മുടെ രാജ്യത്തെ അരുണാചൽപ്രദേശ് എന്ന സംസ്ഥാനത്തിന്റെ ശ്രദ്ധേയമായ ഭൂപ്രദേശം ചൈന കയ്യടക്കി സൈനികത്താവളം സൃഷ്ടിച്ചതിന്റെ ചിത്രങ്ങൾ ദേശീയ മാധ്യമങ്ങളും നമ്മുടെ മാധ്യമങ്ങളും പുറത്തുവിട്ടുകൊണ്ടിരിക്കുകയാണ്. ഇന്ത്യയുടെ ഭൂവിഭാഗം ചൈന കയ്യടക്കിയിരിക്കുന്നത് സംബന്ധിച്ച് ചൈനയ്ക്കുവേണ്ടി കയ്യടിക്കുന്നവരോട് അഭിപ്രായം ചോദിക്കാൻ അങ്ങേയ്ക്ക് കഴിയുമോ?

ഡോ. മാത്യൂ കുഴൽനാടൻ: സർ, ചൈനയെക്കുറിച്ച് അഭിമാനം കൊള്ളുന്നതിൽ ഞാൻ തെറ്റുപറയുന്നില്ല. പക്ഷേ, ഇതുപോലുള്ള ചോദ്യങ്ങൾക്കുകൂടി മറുപടി പറയാനുള്ള ത്രാണിയുണ്ടാകണം. അതല്ലാതെ വിഷയം മാറ്റി ഒഴിവാക്കിവിട്ടിട്ട് കാര്യമില്ല.

ശ്രീ. എ. എൻ. ഷംസീർ: സർ, .......(മൈക്ക് ഓഫ്).......

ഡോ. മാത്യൂ കുഴൽനാടൻ: സർ, ഇനി ഞാൻ വഴങ്ങുന്നില്ല, ശ്രീ. എ. എൻ. ഷംസീർ, I am sorry. അവസാനമായി ഒരു വാചകം പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. When you compare China with India, ഇന്ത്യയുടെ ഇൻഹെറന്റായ വീക്ക്നെസ്സുകളെക്കുറിച്ച് നിങ്ങൾക്ക് അറിയാത്തതാണോ? ചൈനയ്ക്ക് ഒരു എത്നിസിറ്റിയുണ്ട്. ലോകത്ത് ഏത് ചൈനാക്കാരനെ കണ്ടാലും നിങ്ങൾക്ക് തിരിച്ചറിയാൻ സാധിക്കും. പതിഞ്ഞ നാസിക, കുറുകിയ കണ്ണുകൾ, പതിഞ്ഞ മുഖമുള്ള പൊക്കംകുറഞ്ഞവരാണ് ചൈനക്കാർ. ഇന്ത്യക്കാരെ ലോകത്ത് എവിടെവച്ചും തിരിച്ചറിയാൻ സാധിക്കുമോ; We don't have a language to speak. ഇന്ത്യയ്ക്ക് സംസാരിക്കാൻ ഒരു ഭാഷയുണ്ടായിരുന്നില്ല; ഇന്ത്യയ്ക്ക് ഒന്നായി ഒരു മതമുണ്ടായിരുന്നില്ല; ഇന്ത്യയ്ക്ക് ഒന്നായി ഒരു ജാതിയുണ്ടായിരുന്നില്ല; ഇന്ത്യക്ക് ethnic identity ഉണ്ടായിരുന്നില്ല. എല്ലാമുള്ള ചൈന ഒരു monolithic പോലെ നിന്നിരുന്ന രാജ്യമാണ്. അവിടെയാണ് കമ്മ്യൂണിസം പിടിമുറുക്കിയതിനുശേഷം ഒരു ഡെമോക്രസിയുമില്ലാത്ത ഗവൺമെന്റ് ഇത്രയുംകാലം ഭരിച്ചത്. അങ്ങനെയുണ്ടാക്കിയ നേട്ടത്തെക്കുറിച്ചാണ് നിങ്ങൾ പറയുന്നത്. അതുകൊണ്ട്

ഞാൻ അതിന് മറുപടി പറയാൻ ആഗ്രഹിക്കുന്നില്ല. I am coming to the Bill. എനിക്ക് ഗൗരവമായി ചൂണ്ടിക്കാണിക്കാനുള്ള ഒരു കാര്യം. ....(ബഹളം)....

ശ്രീ. എ. എൻ. ഷംസീർ: സർ, .....(മൈക്ക് ഓഫ്).........

ഡോ. മാത്യു കുഴൽനാടൻ: സർ, അങ്ങനെയൊന്നും പറഞ്ഞ് പേടിപ്പിക്കല്ലേ ഷംസീറേ, മോദി മോദി എന്നുപറഞ്ഞ് പേടിപ്പിക്കല്ലേ. നിങ്ങൾ പറയാനുള്ള കാര്യം പറയൂ...(ബഹളം)..., I agree with your point. ഇന്ത്യ ലോകത്ത് ഏറ്റവും വലിയ പട്ടിണിയുള്ള രാജ്യമായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ വികാരം അംഗീകരിക്കുന്നു. 1960-ലെ ബില്ലിലാണ് അമെന്റ്മെന്റ് കൊണ്ടുവരുന്നത്. 1960-ൽ കൊണ്ടുവന്ന കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ യഥാർത്ഥത്തിൽ കാലത്തിനനുസൃതമായ ഒരു മാറ്റംവരുത്താനുള്ള ബില്ലാണിത്. ഇതിൽ എഴുതിവച്ചിരിക്കുന്ന മഹാഭൂരിപക്ഷം കാര്യങ്ങളും ഇന്ന് സംസ്ഥാനത്ത് നടപ്പിലാകുന്നില്ല എന്നതാണ് യാഥാർത്ഥ്യം..(ബഹളം).. ഇപ്പോൾ സമയമില്ല, പ്ലീസ്.... ഞാനൊന്ന് പറഞ്ഞ് അവസാനിപ്പിച്ചോട്ടെ.

ശ്രീ. എം. എം. മണി: സർ, നമുക്ക് സ്വാതന്ത്ര്യം ലഭിച്ചിട്ട് 75 വർഷമായി. പതിനായിരക്കണക്കിന് ആളുകൾക്ക് പ്രാണവായു കിട്ടാത്ത ഏതെങ്കിലും രാജ്യം ലോകത്തുണ്ടോ? ഇന്ത്യയുടെ തലസ്ഥാനത്ത് ജവഹർലാൽ നെഹ്റു മുതൽ ശ്രീ. നരേന്ദ്ര മോദി വരെ ഭരിച്ചിടത്ത് ഓക്സിജൻ പ്ലാന്റില്ല.

ഡോ. മാത്യു കുഴൽനാടൻ: സർ, ആ ഡിബേറ്റ് തൽക്കാലം മാറ്റിവച്ച് ബില്ലിലേയ്ക്ക് വരാം. ഈ ബില്ലിലെ അമെന്റ്മെന്റിനെക്കുറിച്ച് പറയുമ്പോൾ കാലാനുസൃതമായ, സമഗ്രമായ മാറ്റം കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. ബില്ലിലെ വ്യവസ്ഥകൾ ഇന്നും രാജ്യത്ത് നടപ്പിലാകാതെ, എഴുതിവച്ചിരിക്കുന്ന ഒരു നിയമമായി മാത്രം നിലനിൽക്കുന്നു. ഇതിൽ സമഗ്ര മാറ്റങ്ങൾ ആവശ്യമാണ്. ബില്ലിൽ ഞാൻ കണ്ടെത്തിയ ഒരു ലീഗൽ പോയിന്റ് ബഹുമാനപ്പെട്ട മന്ത്രിക്ക് താൽപ്പര്യമുണ്ടെങ്കിൽ ഗൗരവത്തിലെടുക്കാം. ഇവിടെയിപ്പോൾ അമെന്റ്മെന്റ് കൊണ്ടുവന്നിരിക്കുന്നത് ഓൺലൈൻ ആപ്ലിക്കേഷനാക്കാൻവേണ്ടി മാത്രമാണ്. പക്ഷേ, അതിന്റെ wordings എന്നുപറയുന്നത്, " An application for the renewal of a registration certificate granted under this Act shall be made atleast thirty days before the expiry of the period thereof and on payment of such fees, as may be prescribed through Labour Commissionerate Automation System, the registration certificate shall be renewed automatically" . ഇതിന്റെ plain reading-ൽ അല്ലെങ്കിൽ literal meaning-ൽ, ആ ഭാഗം ഞാൻ ഒന്നുകൂടി പറയാം. 'atleast thirty days before the expiry of the

period thereof and on payment of such fees, as may be prescribed through Labour Commissionerate Automation System' എന്നുപറയുന്നത് നിയമവിരുദ്ധമാണ്. Payment of such fees as may be prescribed through Labour Commissionerate Automation System എന്നുപറഞ്ഞാൽ ഫീസ് പ്രിസ്ക്രൈബ് ചെയ്യുന്നത് ലേബർ കമ്മീഷണറേറ്റാണ് എന്നാണ് പറഞ്ഞുവരുന്നത്. ആക്റ്റിന്റെ ഭാഗമായി വരുന്ന റൂൾസിലാണ് ഇതിന്റെ ഫീസ് നിശ്ചയിക്കാൻ കഴിയുകയെന്ന് ആക്റ്റിൽത്തന്നെ പറഞ്ഞിട്ടുണ്ട്. ഇതിന്റെ plain literal legal meaning പരിശോധിച്ചാൽ ലേബർ കമ്മീഷണറേറ്റിന് ഫീസ് തീരുമാനിക്കാവുന്ന സ്ഥിതിയിലേയ്ക്ക് വരുമെന്നതാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. അത് നിയമവിരുദ്ധമാണ്, സെന്റൻസ് കൺസ്ട്രക്ഷനിലുണ്ടായ തെറ്റാണെന്നാണ് എനിക്ക് തോന്നുന്നത്. Payment of such fees as may be prescribed in the mode as required by എന്നുപറഞ്ഞാൽ കറക്റ്റാണ്. പക്ഷേ, fees cannot be prescribed by the Labour Commissionerate. അത് നിയമത്തിന് കടകവിരുദ്ധമാണ്. ലേബർ കമ്മീഷണറേറ്റ് കാലാകാലങ്ങളിൽ ഫീസ് തീരുമാനിക്കാൻപോയാൽ നിയമ നിർമ്മാണസഭയോ അല്ലെങ്കിൽ റൂൾസ് പരിശോധിക്കേണ്ട സബോർഡിനേറ്റ് ലെജിസ്ലേഷനോ അറിയാതെ ഫീസ് നിർണ്ണയിക്കാമെന്ന സ്ഥിതി വരും. സ്വാഭാവികമായും അത് ഡ്രാഫ്റ്റ് ചെയ്തതിലുണ്ടായ തെറ്റാണ്. ഈ വാചകം ഒരിക്കൽക്കൂടി ശ്രദ്ധിച്ചുകേട്ടാൽ മനസ്സിലാകും, the expiry of the period thereof and on payment of such fees as may be prescribed through Labour Commissionerate. അവിടെ ഒരു കോമ (,) പോലും ചേർത്തിട്ടില്ല. അതിന്റെ അർത്ഥം ഫീസ് ലേബർ കമ്മീഷണറേറ്റിന് തീരുമാനിക്കാമെന്നുള്ളതാണ്. അങ്ങനെ സാധിക്കില്ല. That is illegal. അവിടെയൊരു അമെന്റ്മെന്റ് വരുത്തി Fees as may be prescribed എന്നതിനുശേഷം കോമ (,) കൊടുത്ത് in the mode as required by the Labour Commissionerate Automation System എന്നുപറഞ്ഞാൽ മാറ്റമുണ്ടാകും.

3.00 P.M.]

ഞാൻ ആഗ്രഹിക്കുന്നത് ഇന്നത്തെ കാലഘട്ടത്തിനനുസൃതമായ മാറ്റം കൊണ്ടുവരാൻ കഴിയണമെന്നാണ്. സംസ്ഥാന സർക്കാരിന് വേണ്ടത്ര വരുമാനം ലഭിക്കുന്നില്ല, ടാക്സില്ല എന്നെല്ലാം പറയുന്നത് കേൾക്കാറുണ്ട്. പുലർച്ചെ ആറുമണിക്കുമുമ്പ് ഒരു ദിവസം തുടങ്ങിയാൽ വൈകിട്ട് ആറുമണിയോടുകൂടി വീട്ടിൽതിരിച്ചെത്തി കുടുംബവുമായി എട്ടുമണിക്ക് ഉറങ്ങുന്ന ഒരു ശരാശരി മലയാളിയുടെ ജീവിതകാലഘട്ടത്തിൽ 1960-ലാണ് ഈ ബിൽ നിയമസഭ പാസ്സാക്കിയത്. ഇന്നത്തെ കാലഘട്ടം വളരെയേറെ മാറിയിരിക്കുകയാണ്. A day

starts at 6 or 7 'O Clock and ends at 12 'O Clock in the midnight. എല്ലാ വീടുകളിലും അവസാനത്തെ ആൾ ഉറങ്ങുന്നത് പതിനൊന്നോ പന്ത്രണ്ടോ മണികഴിഞ്ഞിട്ടായിരിക്കും. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞൊരു കാര്യം കേട്ടപ്പോൾ എനിക്ക് വളരെയേറെ സന്തോഷം തോന്നി. കേരളത്തിലെ ഐ.ടി. പാർക്കുകളിൽ പബ്ബില്ലാത്തത് പ്രശ്നമാണെന്ന് അദ്ദേഹം പറഞ്ഞത് നൂറുശതമാനവും ശരിയാണ്. പബ്ബില്ലായെന്ന പ്രശ്നം പറയുമ്പോൾ, എടുത്തുചാടി അത് കേരളത്തിന്റെ എല്ലാം നശിപ്പിക്കുമെന്ന് പറഞ്ഞിട്ട് കാര്യമില്ല. കേരളം ബെസ്റ്റ് ഡെസ്റ്റിനേഷനാണ്. But people don't want to come here, why? We don't have a night life. ഞാൻ വളരെക്കാലമായി കൊച്ചി നഗരത്തിൽ താമസിച്ചുവരികയാണ്. എട്ടുമണി കഴിഞ്ഞാൽ നഗരം കണ്ണടയ്ക്കും. എട്ട് മണിയോടുകൂടി എല്ലാം അവസാനിപ്പിച്ച് നഗരം ഉറങ്ങുകയാണ്. ഏതാനും കടകൾമാത്രം അവിടവിടെ തുറന്നിരിക്കും. നൈറ്റ് ലൈഫ് എന്ന വാക്ക് കേൾക്കുമ്പോൾത്തന്നെ നിശാ ക്ലബ്ബും അല്ലെങ്കിൽ മറ്റ് ഏർപ്പാടുകളുമാണെന്ന തെറ്റിദ്ധാരണ പാടില്ല. ഇന്നത്തെക്കാലത്ത് ആളുകൾ വീട്ടിൽവന്ന് കുളിച്ചതിനുശേഷമാണ് ഷോപ്പിംഗിനായി പുറത്തേയ്ക്കിറങ്ങുന്നത്. ഒരുപക്ഷേ, ഒന്ന് റിലാക്സ് ചെയ്ത് മക്കളുമായി ഷോപ്പിംഗിന് പുറത്തുപോകാൻ കഴിയുന്നത് എട്ട് മണിക്കുശേഷമാകും. എന്നാൽ എട്ടുമണി കഴിയുമ്പോഴേയ്ക്കും നഗരം അടയ്ക്കുകയാണ്. ഇവിടെ റിലാക്സേഷനുമില്ല, മറ്റൊന്നുമില്ല. പ്രോഗ്രസ്സീവായ നിലയിൽ കേരളത്തെ മാറ്റാൻ സാധിക്കുന്ന രീതിയിൽ 2021-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (അമെന്റ്മെന്റ്) ആക്ടിൽ സമഗ്രമായ മാറ്റങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. ഈ ഭേദഗതി ബിൽ കൊണ്ടുവരാൻ തീരുമാനിച്ചപ്പോൾ കാണാതെ പോകുന്ന വലിയൊരു വിഭാഗം നമ്മുടെ സമൂഹത്തിലുണ്ട്. Uber-ന്റെയും Ola-യുടെയും മറ്റും ബാഗും പുറകിൽവച്ച് ബൈക്കിൽപോയി ജോലിയെടുക്കുന്ന പതിനായിരക്കണക്കിന് ചെറുപ്പക്കാരെ നമ്മൾ കാണുന്നുണ്ട്. അവർ ഷോപ്പിനും റെസ്റ്റോറന്റ്സിനും മറ്റ് എസ്റ്റാബ്ലിഷ്മെന്റുകൾക്കുംവേണ്ടി വർക്ക് ചെയ്യുന്നവരാണ്. ഈ ബില്ലിൽ എവിടെയാണ് അവരെ പരിഗണിച്ചിരിക്കുന്നത്? ഇന്ന് ലോകത്ത് ചർച്ച ചെയ്യപ്പെടുന്ന Gig workforce എന്ന ഓൺലൈൻ മേഖലവന്നതോടുകൂടി, അതിന്റെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി വർക്ക് ചെയ്യുന്ന വലിയൊരു വർക്ക് ഫോഴ്സുണ്ട്. കടയിലിരിക്കുന്ന ആൾ മാത്രമാണ് വ്യാപാര-വ്യവസായ മേഖലയിൽ ജോലി ചെയ്യുന്നതെന്നാണ് ഈ സർക്കാരിന്റെ കൺസെപ്റ്റെങ്കിൽ, ഷോപ്സ് ആൻഡ് എസ്റ്റാബ്ലിഷ്മെന്റ് എന്നത് ആ നിലയ്ക്കാണ് നിങ്ങൾ കാണുന്നതെങ്കിൽ, ഈ കാലഘട്ടത്തെ മനസ്സിലാക്കാൻ എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞിട്ടില്ലായെന്ന് മാത്രമേ പറയാൻ സാധിക്കുകയുള്ളൂ.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്......

ഡോ. മാത്യു കുഴൽനാടൻ: സർ, ഇത് വളരെ പ്രധാനപ്പെട്ട ബില്ലാണ്. കേവലം one word amendment പോലെ പോകേണ്ട കാര്യമല്ല.

മി. ചെയർമാൻ: അങ്ങ് പരമാവധി സമയമെടുത്തു. എല്ലാ ബില്ലിനെക്കുറിച്ചും ചർച്ച നടത്തേണ്ടതാണ്. ഇനിയും അവസരങ്ങളുണ്ട്. പ്ലീസ്... പ്ലീസ് കൺക്ലൂഡ്.

Dr. Mathew Kuzhalnadan: Sir, If you are not encouraging any discussion, I am just winding up.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എം. വിൻസെന്റ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 'ബി' നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 1960-ൽ നിലവിൽവന്ന മൂലനിയമത്തിലും 1969-ലും 1979-ലും കൊണ്ടുവന്ന ഭേദഗതികളിലും ഇപ്പോൾ കൊണ്ടുവന്ന ഭേദഗതികളിലുമെല്ലാം വാണിജ്യ സ്ഥാപനങ്ങൾ നടത്തുന്നവരെക്കുറിച്ച് ഒരു പരാമർശവുമില്ല. ഈ സ്ഥാപനങ്ങൾ നടത്തുന്നവർതന്നെ തൊഴിലാളികളായിമാറുന്ന സ്ഥിതിയുണ്ട്. മുതലാളിയെന്ന സങ്കൽപ്പത്തിന് ചേരാത്തവിധത്തിൽ തൊഴിലാളിയും തൊഴിലുടമയും ഒരാൾതന്നെയായി പ്രവർത്തിക്കുന്ന ലക്ഷക്കണക്കിന് ആളുകളുള്ള ഒരു മേഖലയാണ് കടകളും വ്യാപാര സ്ഥാപനങ്ങളുമെന്ന് നമുക്കെല്ലാവർക്കുമറിയാം. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന അമെന്റ്മെന്റുകളിൽ അവരുടെ പ്രയാസങ്ങളും ക്ഷേമങ്ങളും സംബന്ധിച്ച് യാതൊന്നും പരാമർശിക്കപ്പെടാതെ പോകുന്നുവെന്നുള്ളത് ദൗർഭാഗ്യകരമാണ്. ഈ ഗവൺമെന്റിന്റെ തൊഴിലാളി ക്ഷേമമുഖമാണ് കഴിഞ്ഞ ദിവസങ്ങളിലും ഇന്നും ചർച്ച ചെയ്യുന്ന ക്ഷേമനിധി ബില്ലുകളിലൂടെയെല്ലാം തെളിയുന്നതെന്ന് എനിക്ക് മുമ്പ് സംസാരിച്ച ഭരണപക്ഷ അംഗങ്ങളെല്ലാം പറഞ്ഞു. ഏതെങ്കിലും ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയോ ഇന്നത്തെ മാറുന്ന സാഹചര്യങ്ങൾക്കനുസരിച്ച് പുതിയ പദ്ധതികൾ കൊണ്ടു വരികയോ തൊഴിലാളികൾക്ക് പുതിയ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുകയോ ചെയ്യാതെ തൊഴിലാളികളുടെ അംശദായം വർദ്ധിപ്പിക്കുന്നതിനും അപേക്ഷ ഓൺലൈനാക്കി മാറ്റുന്നതിനുമായി നാമമാത്രമായ ഭേദഗതികൾ മാത്രം കൊണ്ടുവന്ന് ഇല്ലാത്തൊരു മുഖം ഈ ബില്ലിന് നൽകുകയാണ്. സംസ്ഥാനത്തെ വ്യാപാരികളെല്ലാം സമ്പന്നന്മാരാണെന്ന് കണക്കാക്കരുത്. ഇവിടെയുള്ള നൂറ് കടകളെടുത്തുനോക്കിയാൽ അതിൽ തൊണ്ണൂറ് കടകളും സാധാരണക്കാരുടേതാണ്. കൂലിപ്പണിയെടുക്കുന്നവരുടെ അതേ ജീവിത സാഹചര്യങ്ങളാണ് ഈ വ്യാപാരികൾക്കുമുള്ളത്. രാവിലെ വന്ന് സ്ഥാപനം തുറന്ന് കച്ചവടം ചെയ്ത്

വൈകുന്നേരം അന്നത്തേയ്ക്കുള്ള വരുമാനമുണ്ടാക്കി പോകുന്ന ലക്ഷക്കണക്കിനാളുകളുള്ള മേഖലയാണിത്. അവർക്കുണ്ടാകുന്ന നഷ്ടങ്ങൾ, പ്രയാസങ്ങൾ, സങ്കടങ്ങൾ, ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയെ സംബന്ധിച്ച് കാര്യമായ ഒരിടപെടലും ഈ ഭേദഗതികളിലൂടെ നടത്തുന്നില്ലായെന്ന് നമുക്ക് കാണാൻ സാധിക്കും. സർക്കാരിനെ സംബന്ധിച്ചിടത്തോളം തൊഴിലില്ലായ്മ പൂർണ്ണമായും അഡ്രസ്സ് ചെയ്യാൻ കഴിയുന്നതല്ല. തൊഴിൽ സംരംഭം കണ്ടെത്തുന്നതിനുവേണ്ടി, ഒരു ജീവിതമാർഗ്ഗം കണ്ടെത്തുന്നതിനുവേണ്ടി ഉള്ളതെല്ലാം വിറ്റുപെറുക്കി അല്ലെങ്കിൽ കടമെടുത്തോ ലോണെടുത്തോ സ്ഥാപനം തുടങ്ങുന്നവരാണ് ഇതിൽ ഏറെക്കുറെയുമെന്ന് നമുക്കെല്ലാവർക്കുമറിയാം. നമ്മുടെ നാട്ടിൽ ഏകദേശം പന്ത്രണ്ട് ലക്ഷത്തോളം വ്യാപാര-വാണിജ്യ സ്ഥാപനങ്ങളാണുള്ളത്. അവരുടെ കുടുംബാംഗങ്ങൾ, ജോലിയെടുക്കുന്ന തൊഴിലാളികൾ, അവരുടെ കുടുംബാംഗങ്ങൾ അങ്ങനെ കണക്കെടുക്കുമ്പോൾ ഏകദേശം ഒരു കോടിയിലധികം വരുന്ന ജനസമൂഹമാണ് ഇതിന്റെ ഭാഗമായിട്ടുള്ളത്. എല്ലാ കഷ്ടനഷ്ടങ്ങളും സഹിച്ച് ഈ സ്ഥാപനങ്ങൾ നടത്തുന്നവരുടെ കച്ചവടത്തിലൂടെ ലഭിക്കുന്ന നികുതിയാണ് സർക്കാരിന്റെ പ്രധാന വരുമാന സ്രോതസ്സ്. സർക്കാരിന് വരുമാനമുണ്ടാക്കിക്കൊടുക്കുന്ന ജനവിഭാഗത്തിന്റെ വിഷയങ്ങൾകൂടി അഡ്രസ് ചെയ്യേണ്ടതുണ്ട്. ഇന്ന് കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് അടിയന്തരപ്രമേയം കൊണ്ടുവരികയുണ്ടായി. ടെലിവിഷനൊന്നും ഇല്ലാതിരുന്ന ഒരുകാലത്ത് സിനിമ തുടങ്ങുന്നതിനുമുമ്പായി തീയേറ്ററിൽ ഇന്ത്യൻ ന്യൂസ് റീൽ ഉണ്ടാകുമായിരുന്നു. അതിലൂടെയാണ് നാം ദുരന്തങ്ങൾ കാണാറുള്ളത്. നമുക്ക് പരിചയമില്ലാത്ത ദുരന്തങ്ങൾ ഒന്നിനുപിറകെ ഒന്നായി നമ്മുടെ നാട്ടിൽ ഇപ്പോഴുണ്ടാകുകയാണ്. 2018-ലെയും 2019-ലെയും പ്രളയമായിരുന്നാലും കോവിഡ് മഹാമാരി ആയിരുന്നാലും ഇതെല്ലാം നേരിട്ട് ബാധിക്കുന്ന വിഭാഗമാണ് കടകളും വാണിജ്യസ്ഥാപനങ്ങളും നടത്തുന്നവരും അവിടെ ജോലി ചെയ്യുന്നവരുമെന്ന് നമുക്ക് കാണാൻ സാധിക്കും. ഈ കടകളിൽ പ്രവർത്തിക്കുന്നവർക്ക് എന്ത് ധനസഹായമാണ് നൽകിയിട്ടുള്ളത്? പ്രളയംവന്ന് കടകളിലേയ്ക്ക് വെള്ളം ഇരച്ചുകയറി ജീവിതത്തിൽ സ്വരുക്കൂട്ടിയതെല്ലാം നശിച്ചപ്പോഴും അവർക്ക് എന്ത് ആശ്വാസനടപടികളാണ് നൽകിയിട്ടുള്ളത്? കോവിഡ് കാലത്ത് മാസങ്ങളോളം കടകൾ അടച്ചിട്ടിരുന്നപ്പോഴും എന്ത് സഹായമാണ് നൽകിയിട്ടുള്ളത്? അന്ന് 2,000 രൂപയാണ് ആകെ നൽകിയത്. രണ്ട് പ്രളയമുണ്ടായപ്പോൾ നൽകിയത് 5,000 രൂപയാണ്. അവർക്ക് നഷ്ടപ്പെട്ടതിന്റെ ഒരു ശതമാനം ധനസഹായംപോലും കൊടുത്തിട്ടില്ല എന്ന് കാണാൻ സാധിക്കും. സംസ്ഥാനത്തിന് ഏറ്റവും കൂടുതൽ നികുതിവരുമാനം ലഭിക്കുന്ന ഒരു മേഖലയിലുണ്ടാകുന്ന തകർച്ചയ്ക്കും ദുരന്തങ്ങൾക്കും നൽകുന്ന

പരിഗണന എത്രമാത്രം ദയനീയമാണെന്നുള്ളതാണ് ഇതിൽനിന്നും കാണാൻ കഴിയുന്നത്. കടകളൊക്കെ അടച്ചിട്ടാൽ അവിടെ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് മറ്റൊരു ജോലിയും ചെയ്യാൻ കഴിയില്ല. ഈ കടകളിൽ ജോലിചെയ്യുന്നവരിൽ ഭൂരിഭാഗവും മറ്റേതെങ്കിലും മേഖലയിൽ ജോലി ചെയ്യാൻ വൈദഗ്ദ്ധ്യമുള്ളവരുമല്ല. അവരുടെ ഏകവരുമാനം ഇതുമാത്രമാണ്. അവരുടെ കുടുംബം ആശ്രയിക്കുന്നത് ഇവരുടെ വരുമാനമാണ്. കടകൾ അടഞ്ഞുകിടന്നാൽ യാതൊരുതരത്തിലും ആ കുടുംബത്തിന് മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കോവിഡ് സാഹചര്യത്തിലെ പ്രതിസന്ധികാരണം പതിനാറ് വ്യാപാരികളാണ് ആത്മഹത്യ ചെയ്തത്. ഈ ദുരന്തത്തിന്റെ പിന്നിലെന്താണെന്ന് പരിശോധിക്കാനും ആത്മഹത്യാമുനമ്പിൽ നിൽക്കുന്നവരെ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാനുമുള്ള എന്ത് നടപടികളാണ് ഈ നിയമഭേദഗതികളിലൂടെയും നിയമനിർമ്മാണങ്ങളിലൂടെയും കൊണ്ടുവരുന്നതെന്ന് ആലോചിക്കുമ്പോഴാണ് നമുക്കുതന്നെ നമ്മളെക്കുറിച്ച് തെറ്റായ അഭിപ്രായമുണ്ടാകുന്നത്. ഈ ദുരന്തങ്ങളുടെ ഭാഗമായുണ്ടാകുന്ന നഷ്ടം തിട്ടപ്പെടുത്താനുള്ള ഒരു സംവിധാനവും ഇപ്പോഴില്ല. റവന്യൂ മാന്വലനുസരിച്ച് താമസയോഗ്യമായ വീടുകൾക്കുണ്ടാകുന്ന നഷ്ടംമാത്രമാണ് തിട്ടപ്പെടുത്തുന്നത്. കച്ചവടസ്ഥാപനങ്ങൾക്കുണ്ടാകുന്ന നഷ്ടം കൃത്യമായി തിട്ടപ്പെടുത്താൻപോലും കഴിയുന്നില്ല. അത് തിട്ടപ്പെടുത്താൻ റവന്യൂ ഉദ്യോഗസ്ഥരോടും വില്ലേജ് ഓഫീസറോടും പറയുമ്പോൾ റവന്യൂ മാന്വലിൽ അതിനുള്ള പ്രൊവിഷനില്ലെന്നാണ് പറയുന്നത്. അതുകൊണ്ട് റവന്യൂ മാന്വലിൽ മാറ്റം വരുത്തി നഷ്ടം തിട്ടപ്പെടുത്തുന്നതിനുള്ള നടപടിയെങ്കിലും യഥാർത്ഥത്തിൽ ഉണ്ടാകേണ്ടതാണ്. ഓരോ ദിവസവും കച്ചവടം നടത്തി ദിവസേന ലഭിക്കുന്ന വരുമാനമുപയോഗിച്ചാണ് ലോണും വൈദ്യുതി ചാർജ് ഉൾപ്പെടെയുള്ളവയും അടയ്ക്കുന്നത്. ഇങ്ങനെ ദുരന്തമുഖത്ത് കടകൾ അടഞ്ഞുകിടന്നതോ വെള്ളപ്പൊക്കമുണ്ടായി അവരുടെ സമ്പത്തെല്ലാം നശിക്കുന്നതോ ആയ സാഹചര്യത്തിൽ ഇത്തരത്തിലുള്ള ചാർജ്ജുകളിൽ ഇളവ് നൽകാനുള്ള നടപടി ഉണ്ടാകേണ്ടതല്ലേ? ദുരന്തത്തിന്റെ ആഘാതം നേരിട്ടനുഭവിക്കുന്ന വ്യാപാരി-വ്യവസായി സമൂഹത്തിന് ആശ്വാസം നൽകിയില്ലെങ്കിൽ ജീവിതത്തിലും കച്ചവടത്തിലും ഇവർക്ക് പിടിച്ചുനിൽക്കാൻ കഴിയാത്ത ഒരു അവസ്ഥയുണ്ടാകും. അവർക്ക് ഇൻഷ്വറൻസ് പരിരക്ഷയുണ്ടോ? അവരെല്ലാം സ്വന്തമായാണ് തീപിടിത്തത്തിൽനിന്നുള്ള സംരക്ഷണത്തിനുള്ള ഇൻഷ്വറൻസെടുക്കുന്നത്. ഒരു ലക്ഷത്തിന്റെ ഇൻഷ്വറൻസ് എടുക്കണമെങ്കിൽ 9,000 രൂപയുടെ പ്രീമിയം അടയ്ക്കേണ്ടിവരികയാണ്. സർക്കാരിന്റെ പങ്കാളിത്തത്തോടുകൂടി ഒരു ഇൻഷ്വറൻസ് സ്കീം ഇവർക്കായുണ്ടാകേണ്ടതല്ലേ? ഇൻഷ്വറൻസ് സ്കീമിൽ ഇന്ന് അംഗങ്ങളായിട്ടുള്ളവർപോലും ക്ലെയിമിന് പോകുമ്പോൾ പല കാരണങ്ങൾ പറഞ്ഞ് ക്ലെയിം നിഷേധിക്കുന്ന സമീപനമാണ്

ഇൻഷ്വറൻസ് കമ്പനികൾ സ്വീകരിച്ചുവരുന്നതെന്ന് നമുക്ക് കാണാൻ സാധിക്കും. അതുകൊണ്ട് പലരും ഇൻഷ്വറൻസ് എടുക്കാൻതന്നെ മടിക്കുന്നു. ഭീമമായ തുകയടയ്ക്കണം, എന്നാൽ അതിന്റെ പരിരക്ഷ അവർക്ക് ലഭിക്കുന്നുമില്ല. അവർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുള്ള ഒരു ഭേദഗതികൂടി ഈ ബില്ലിൽ കൊണ്ടുവരേണ്ടതാണ്. ഇൻഷ്വറൻസിന്റെ ഏറ്റവും വലിയ ആവശ്യകത നമ്മളെ ബോദ്ധ്യപ്പെടുത്തിയിട്ടുള്ള ഒരുപാട് സംഭവങ്ങളുണ്ട്. എറണാകുളം ബ്രോഡ്‌വേയിൽ പലതവണ വ്യവസായ സ്ഥാപനങ്ങളെല്ലാം അഗ്നിക്കിരയായിട്ടുണ്ട്. കോഴിക്കോട് മിഠായിത്തെരുവിലും ഇങ്ങനെ സംഭവിച്ചിട്ടുണ്ട്. ഒരു നിമിഷംകൊണ്ട് അഗ്നിവന്ന് എല്ലാം വിഴുങ്ങിക്കൊണ്ടുപോകുന്നത് നിർന്നിമേഷരായി നോക്കിനിൽക്കേണ്ട ഒരവസ്ഥയിലാണ് അവർ നിൽക്കുന്നത്. അങ്ങനെയുള്ളവരെ സഹായിക്കാൻ എന്ത് നടപടിയാണുള്ളത്? പരിമിതമായ ആളുകൾ മാത്രമാണ് സമ്പന്നരായിട്ടുള്ളത്. അതുകൊണ്ട് ഇവരെ സഹായിക്കുന്നതിനുള്ള നടപടിയുണ്ടാകണം. അതുപോലെ ദുരന്തങ്ങൾ ഉണ്ടാകുമ്പോഴുണ്ടാകുന്ന മറ്റൊരു പ്രശ്നവുമുണ്ട്. വ്യാപാരികൾ പുറത്തുനിന്ന് സാധനങ്ങൾ വാങ്ങിക്കൊണ്ടുവരുന്നുണ്ട്. പത്ത് ലക്ഷം രൂപയുടെ ചരക്ക് മറ്റൊരു സംസ്ഥാനത്തുനിന്ന് കൊണ്ടുവരുമ്പോൾ ആ തുകയ്ക്ക് പന്ത്രണ്ട് ശതമാനം ജി.എസ്.ടി. അവിടെ കൊടുക്കണം. വ്യാപാരികൾ നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവന്ന് വിൽക്കുന്നത് ചിലപ്പോൾ പന്ത്രണ്ട് ലക്ഷം രൂപയ്ക്കായിരിക്കാം. അങ്ങനെ വരുമ്പോൾ രണ്ട് ലക്ഷം രൂപയുടെ ജി.എസ്.ടി. ഇവർ അടയ്ക്കുകയും ബാക്കിയുള്ള പത്ത് ലക്ഷം രൂപയുടെ ടാക്സ് അവർക്ക് തിരികെ ലഭിക്കുകയും ചെയ്യും. ഒരു ദുരന്തമുണ്ടായി ഇതെല്ലാം നശിച്ചാൽ പത്ത് ലക്ഷം രൂപയുടെ ജി.എസ്.ടി. തിരിച്ചുകിട്ടാത്ത സാഹചര്യമുണ്ടാകും. ഇത്തരത്തിലുള്ള ദുരന്തമുണ്ടാകുമ്പോൾ എത്രമാത്രമാണ് നഷ്ടമുണ്ടായതെന്ന് തിട്ടപ്പെടുത്തി അതിന്റെയടിസ്ഥാനത്തിൽ ജി.എസ്.ടി. ഇളവുകൾ ഇവർക്ക് ലഭിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കേണ്ടതാണ്. ഈ കാര്യങ്ങളൊന്നും കണ്ടിട്ടേയില്ലായെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. എല്ലാ സ്ഥാപനങ്ങളിലും കൃത്യമായ ജി.എസ്.ടി. പരിശോധന നടത്തണ മെന്നുതന്നെയാണ് എന്റെ അഭിപ്രായം. നിയമപരമായി ജി.എസ്.ടി. റൂൾസിന് വിധേയമായിട്ടുള്ള പരിശോധനകളാണ് നടത്തേണ്ടത്. പല സ്ഥലങ്ങളിലും ജി.എസ്.ടി. നിയമം ലംഘിച്ച് നിയമവിരുദ്ധമായ പരിശോധനകൾ നടത്തുമ്പോൾ അതിൽനിന്ന് സംരക്ഷണം നൽകാനുള്ള നടപടിയും സ്വീകരിക്കേണ്ടതല്ലേ? ഇന്ധനവില വർദ്ധനവ് വ്യാപാരിസമൂഹത്തെയും അവിടെ തൊഴിലെടുക്കുന്നവരെയും പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. ഒരു കച്ചവടസ്ഥാപനത്തിൽ ജോലിക്കുപോകുന്ന ഒരാൾക്ക് അറുനൂറോ എഴുന്നൂറോ രൂപയാണ് ശമ്പളം ലഭിക്കുന്നത്. അതിൽനിന്ന് 200-250 രൂപയ്ക്ക് പെട്രോൾ അടിക്കേണ്ടിവന്നാൽ അവനും അവന്റെ കുടുംബവും എങ്ങനെ ജീവിക്കും? അത്രയ്ക്കധികം ബുദ്ധിമുട്ട്

ഇന്ധനവില വർദ്ധനവിലൂടെയുണ്ടാകുന്നു. ഇന്ധനവില വർദ്ധനവിനെതിരെയുണ്ടാകുന്ന സമരങ്ങളെ അടിച്ചമർത്താനുള്ള സമീപനമാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. എറണാകുളത്തുണ്ടായ സംഭവം ഇവിടെ എല്ലാവരും ചൂണ്ടിക്കാണിക്കുകയുണ്ടായി. 70 രൂപയ്ക്കുതാഴെ വിൽക്കേണ്ട പെട്രോൾ 110 രൂപയ്ക്ക് വിൽക്കുമ്പോൾ അതിനെതിരെ ന്യായമായ പ്രതിഷേധം നടത്തുമ്പോൾ, അതിനിടയിലേയ്ക്ക് ഒരു സിനിമാതാരം കടന്നുകയറുകയാണ്. ഏറ്റവും കൂടുതൽ തവണ റോഡ് ഉപരോധിച്ച് സമരം നടത്തിയിട്ടുള്ള ഒരു പാർട്ടിയുടെ നേതാവാണ് കേരളത്തിലെ മുഖ്യമന്ത്രിയായിരിക്കുന്നത്. അവിടെ സമരം ചെയ്ത കൊച്ചി മുൻ മേയർ ശ്രീ. ടോണി ചമ്മിണി ഉൾപ്പെടെയുള്ള ജനനേതാക്കൾ ഇന്ന് ജയിലിലാണ്. അവർ ജയിലിൽ കിടക്കുന്നത് ആർക്കുവേണ്ടിയാണ്? പെട്രോൾ വിലവർദ്ധനവിനെതിരെ എൽ.ഡി.എഫ്-ഉം സമരം ചെയ്യുകയല്ലേ. അങ്ങനെ നിങ്ങളും ഞങ്ങളും ഒരേ കാര്യത്തിനുവേണ്ടി സമരം ചെയ്യുന്നു. പക്ഷേ, എൽ.ഡി.എഫ്. സമരം ചെയ്യുന്നത് ഇവിടെ വിലകുറയ്ക്കാതെ കേന്ദ്ര ഗവൺമെന്റ് കുറയ്ക്കണമെന്നതിന് മാത്രമാണ്. ഞങ്ങൾ അവിടെയും ഇവിടെയും വില കുറയ്ക്കണമെന്ന് ആവശ്യപ്പെട്ടാണ് സമരം നടത്തുന്നത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, എറണാകുളത്ത് ശ്രീ. ടോണി ചമ്മിണി ഉൾപ്പെടെയുള്ളവർ സബ്ജയിലിൽ കിടക്കുന്ന കാര്യം അങ്ങ് സൂചിപ്പിച്ചു. അവരുടെ ജാമ്യാപേക്ഷ കോടതിയിൽവന്ന സമയത്ത് സി.പി.ഐ.(എം.)-കാരനായ ഗവൺമെന്റ് പ്ലീഡറെ ഇവർ മാറ്റിനിർത്തി. പ്ലീഡറെ കേൾക്കാതെ PDPP (Prevention of Damage to Public Property) കേസിന് ജാമ്യം ലഭിക്കില്ലെന്ന കാര്യം അങ്ങേയ്ക്ക് അറിയാമല്ലോ. പ്ലീഡറെ മാറ്റിനിർത്തി മനഃപൂർവമായി അവരെ റിമാൻഡ് ചെയ്യിപ്പിച്ചു. അതാണ് ഇവരുടെ മര്യാദ.

ശ്രീ. എം. വിൻസെന്റ്: സർ, കേന്ദ്ര ഗവൺമെന്റിനെതിരെ സമരം ചെയ്യുന്നവരെ ഏതെങ്കിലും വിധത്തിൽ ജയിലിലടയ്ക്കുകയെന്നുള്ളത് സർക്കാരിന്റെ നയമാണ്. സർക്കാർ നീതിപൂർവ്വമായി ഇക്കാര്യത്തിൽ ഇടപെട്ടിരുന്നുവെങ്കിൽ സമരത്തിൽ പങ്കെടുത്ത വനിതാ നേതാക്കൾക്കെതിരെ, സിനിമാതാരം നടത്തിയിട്ടുള്ള മോശമായ പരാമർശങ്ങൾക്കെതിരെ പരാതി ലഭിച്ച് ദിവസങ്ങൾ കഴിഞ്ഞിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്തതിനെക്കുറിച്ച് എന്താണ് പറയാനുള്ളത്? മാർഗ്ഗതടസ്സം സൃഷ്ടിക്കുന്നതാണ് പ്രശ്നമെങ്കിൽ സിനിമാ ഷൂട്ടിംഗിന് അനുമതി നൽകാൻ പാടുണ്ടോ? ജനകീയ പ്രശ്നങ്ങളുടെ പേരിലാണ് സമരം നടത്തുന്നത്, ജനകീയ ആവശ്യങ്ങൾക്കുവേണ്ടിയാണ് സമരം നടത്തുന്നത്. സിനിമാഷൂട്ടിംഗ് നടത്തുന്നതിന് സർക്കാർ ഓഫീസ് വിട്ടുകൊടുക്കുന്നു. അതുപോലെ റോഡുകൾ സിനിമാഷൂട്ടിംഗിന് വിട്ടുകൊടുക്കുന്നു. ഇതെല്ലാം നിയമവിധേയമാണോ? പട്ടാപ്പകൽ ഗതാഗതസംവിധാനമുള്ള റോഡിൽ സിനിമാഷൂട്ടിംഗിന്

അനുവാദം നൽകുന്നത് നിയമപരമാണോ? നിയമവിരുദ്ധമായി ഗതാഗതം തടസ്സപ്പെടുത്തി സിനിമാഷൂട്ടിംഗ് നടത്തുമ്പോൾ അവർക്കെതിരെ കേസ്സില്ല. ജനങ്ങൾക്കുവേണ്ടിയുള്ള ഒരു ആവശ്യവുമായി സമരത്തിന് പോകുമ്പോൾ അവർക്കെതിരെ കേസ്സെടുക്കും; ഒരു അന്വേഷണവുമില്ല. അപ്പോൾത്തന്നെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്ന സ്ഥിതിവിശേഷമാണ് ഇവിടെയുണ്ടായിരിക്കുന്നത്. അതുകൊണ്ട് വനിതാ നേതാക്കളുടെ പരാതിയിൽ കേസ്സെടുക്കാൻ ഇനിയെങ്കിലും പോലീസ് തയ്യാറാകണം.

ശ്രീ. എം. എം. മണി: സർ, സിനിമ നടന്റെ വാഹനം ആക്രമിക്കുകയും തല്ലിപ്പൊളിക്കുകയും അദ്ദേഹത്തെ കയ്യേറ്റം ചെയ്യുകയും ചെയ്തു. അതുകൊണ്ട് കോൺഗ്രസ്സിന്റെ നേതാക്കൾ ജയിലിലാണ്. അവർ ജയിലിൽ കിടക്കേണ്ടതല്ലേ? ഡി.വൈ.എഫ്.ഐ-ക്കാരൻ ചെയ്താലും ജയിലിൽ കിടക്കണമെന്നതാണ് ഞങ്ങളുടെ നിലപാട്.

ശ്രീ. എം. വിൻസെന്റ്: സർ, അങ്ങയുടെ സമീപനം ഇതാണെങ്കിൽ നിങ്ങളുടെ പാർട്ടിയിലുള്ള എത്രയാളുകൾക്ക് പുറത്തുനിൽക്കാൻ കഴിയും?

മി. ചെയർമാൻ: പ്ലീസ്..... ബഹുമാനപ്പെട്ട അംഗം പ്ലീസ് കൺക്ലൂഡ്.....

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഇക്കഴിഞ്ഞ പോളിറ്റ്ബ്യൂറോയിൽ ഒരു വലിയ ചർച്ച നടന്നതായി നമ്മൾ ദിനപ്പത്രത്തിൽ കണ്ടത്, വരുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ബി.ജെ.പി.യെ പുറത്താക്കാൻ കോൺഗ്രസ്സുമായി സഹകരിക്കണോ വേണ്ടയോ എന്നുള്ളതിനെക്കുറിച്ചാണ്. കേരളഘടകം അതിനെ എതിർത്തുവെന്നാണ് വാർത്തവന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ബി.ജെ.പി-ക്ക് 31.34 ശതമാനം വോട്ടും കോൺഗ്രസ്സിന് 19.49 ശതമാനം വോട്ടും സി.പി.ഐ.(എം)-ന് 1.75 ശതമാനം വോട്ടുമാണ് ലഭിച്ചത്. ബി.ജെ.പി. നേടിയ 31.34 ശതമാനം വോട്ടിനെ മറികടന്നാലല്ലേ അവരെ അധികാരത്തിൽനിന്ന് മാറ്റിനിർത്താൻ സാധിക്കുകയുള്ളൂ. അങ്ങനെ സാധിക്കണമെങ്കിൽ സി.പി.ഐ.(എം.) ഉൾപ്പെടെയുള്ള എല്ലാ പ്രതിപക്ഷ രാഷ്ട്രീയപാർട്ടികളും യോജിച്ചുകൊണ്ട് ബി.ജെ.പി.യെ അധികാരത്തിൽനിന്ന് പുറത്താക്കേണ്ട ഒരു രാഷ്ട്രീയ നിലപാട് സ്വീകരിക്കേണ്ട സമയത്ത്, കേരളത്തിലെ സി.പി.ഐ.(എം.) അതിനെതിരായി ഒരു നടപടി സ്വീകരിക്കുന്നത് ബി.ജെ.പി. വിരുദ്ധ വോട്ടുകൾ ഭിന്നിപ്പിച്ച് വീണ്ടും അവർക്ക് അധികാരമുണ്ടാക്കിക്കൊടുക്കാനുള്ള സമീപനമല്ലേ? കേരളഘടകം കൂടെയുണ്ട്, ശ്രീ. പിണറായി വിജയനുണ്ട് എന്ന ഉറപ്പ് ബി.ജെ.പി. കേന്ദ്ര നേതൃത്വത്തിനുണ്ട്. കണ്ണൂരിൽ

നടക്കുന്ന പാർട്ടി കോൺഗ്രസ് കഴിയുമ്പോൾ നമുക്കറിയാം. ഇന്ന് ആശങ്കപ്പെടുന്നതുപോലുള്ള രാഷ്ട്രീയനിലപാട് അവർ സ്വീകരിക്കാൻ പോകുകയാണ്. അതുകൊണ്ട് കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന, ഇന്ധനവില കുത്തനെ ഉയർത്തുന്ന, വർഗ്ഗീയതയുടെ ആൾരൂപമായ ശ്രീ. നരേന്ദ്ര മോദിയെ അധികാരത്തിൽനിന്ന് പുറത്താക്കാൻ കാലഘട്ടം ആവശ്യപ്പെടുന്ന രാഷ്ട്രീയ നിലപാട് സ്വീകരിക്കാതെ പോകുന്ന കേരളത്തിലെ ബി.ജെ.പി.ക്കാർ ജനസമൂഹത്തോട് മാപ്പുപറയേണ്ടകാലം ഉണ്ടാകുമെന്ന് മാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. പി. എ. മജീദ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. യു. എ. ലത്തീഫ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 'എ' നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഓരോ തൊഴിലാളി യൂണിയനും ഒരു രാഷ്ട്രീയപാർട്ടിയുടെ പോഷക സംഘടനയാണ്. അതുകൊണ്ടുതന്നെ ഒരു യൂണിയന്റെ തീരുമാനങ്ങളും നിലപാടുകളും അവർക്ക് നേതൃത്വം നൽകുന്ന രാഷ്ട്രീയപാർട്ടിയുടെ നിലപാടുകളുമായി ബന്ധപ്പെട്ടതാണ്. ഞാൻ ഈ ബില്ലിനെ രണ്ട് ആംഗിളിലൂടെയാണ് നോക്കിക്കാണുന്നത്. ഒന്ന്, നിയമപരമായതും രണ്ട്, സംസ്ഥാനത്തെ വ്യാവസായികമായി ബാധിക്കുന്നതുമാണ്. ഡോ. മാത്യു കുഴൽനാടന് സംസാരിക്കാൻ സാധിക്കാത്ത രീതിയിലുള്ള ഇടപെടലുകളാണ് മറുഭാഗത്തുനിന്നുണ്ടായത്. എൽ.ഡി.എഫ്. ആണ് നിയമങ്ങളൊക്കെ കൊണ്ടു വന്നതെന്നാണ് പറയുന്നത്. അത് അവരുടെ അവകാശവാദമാണ്. പക്ഷേ, ഏതൊരു നിയമത്തിനും ഒരു പേരന്റ് ആക്ട് ഉണ്ടാകും. ഇന്ത്യൻ ഭരണഘടനയിലെ 41, 42, 43, 43(എ) വകുപ്പുകളിൽ തൊഴിലിനെക്കുറിച്ചും തൊഴിലെടുക്കുന്ന സ്ഥലങ്ങളിലെ സാഹചര്യങ്ങളെക്കുറിച്ചും തൊഴിൽ സ്ഥാപനങ്ങളിൽ തൊഴിലാളികൾക്ക് മാനേജ്മെന്റ് വരുന്നതിനെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. അതിന്റെ ഭാഗമായാണ് ഈ ബില്ലിന് രൂപം നൽകിയിട്ടുള്ളതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് തെറ്റാണെന്ന് പറയാൻ കഴിയുമോ? വിയറ്റ്നാം, ചൈന, റഷ്യ തുടങ്ങിയ രാജ്യങ്ങളെക്കുറിച്ചെല്ലാം ഇവിടെ പറയുന്നുണ്ട്. എനിക്കുള്ള അഭിഭാഷക ജോലിയിൽനിന്നും ലഭിക്കുന്ന വരുമാനംകൊണ്ട് എല്ലാ വർഷാവസാനവും ഞാൻ വിദേശ രാജ്യങ്ങൾ സന്ദർശിക്കാറുണ്ട്. ഞാൻ വിയറ്റ്നാമിൽ പോയിരുന്നു. ആവേശംകൊള്ളുന്ന ജനതയാണത്. അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരെ അവർ നടത്തിയ സമരം, അവരുടെ ഒളിത്താവളങ്ങൾ അതിലേയ്ക്കെല്ലാം ഞാൻ ഇറങ്ങിച്ചെന്നു. അഭിമാനാർഹമായ ചരിത്രമാണത്.

പക്ഷേ, ഒന്ന് നിങ്ങൾ അറിയണം, ഇന്ന് വിയറ്റ്നാമിൽ ബുദ്ധിസം ഏറ്റവും വലിയ മതമായി മാറിയിരിക്കുന്നു. 85 ശതമാനംപേരും ബുദ്ധിസത്തിൽ വിശ്വസിക്കുന്നവെന്നുള്ളതാണ്. മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്ന് അവർക്ക് വിശ്വാസമില്ല. ഞാൻ ചൈനയിലെ Tiananmen Square-ൽ പോയിട്ടുണ്ട്. ജനാധിപത്യം സംരക്ഷിക്കുന്നതിനുവേണ്ടി, അവകാശങ്ങൾക്കുവേണ്ടി പോരാടിയതുകൊണ്ടാണ് എത്രയോ വിദ്യാർത്ഥികളെ അവിടെ പാറ്റൺടാങ്ക് ഉപയോഗിച്ച് കൊലപ്പെടുത്തിയത്. അവിടെ സ്ത്രീകൾക്ക് ഒരു പ്രസവത്തിന് മാത്രമാണ് അനുമതിയുള്ളത്, രണ്ട് പ്രാവശ്യം പ്രസവിച്ചാൽ ഫൈൻ ഈടാക്കും. ആ കുട്ടിക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നില്ല. ആ രാജ്യത്തെയാണോ ഇവർ ഇന്ത്യയുമായി തട്ടിച്ചുനോക്കുന്നത്. ഞാൻ റഷ്യയിലെ Kremlin Palace-ൽ പോയി. ലെനിന്റെ നേതൃത്വത്തിൽ സമരം നടത്തിയ പ്രദേശങ്ങളെല്ലാം കണ്ടു. മലപ്പുറം ജില്ലയിലെ, എന്റെ നിയോജകമണ്ഡലത്തിൽ കുറച്ച് സി.പി.ഐ.(എം.) കാരുണ്ടെങ്കിൽ അതിനെപ്പറയുന്നത് മോസ്കോ എന്നാണ്, ചെങ്കോട്ടയെന്നാണ്. ഒരു കാലത്ത് റഷ്യയിൽ മഴ പെയ്താൽ ഇവിടെ കുടപിടിച്ചിരുന്നു. ഇന്ന് എല്ലാവരുടെയും അറിവിലേയ്ക്കായി പറയുകയാണ്, റഷ്യ മുഴുവൻ യാത്ര ചെയ്തിട്ടും ഒരൊറ്റ ചെങ്കൊടിപോലും കാണാൻ സാധിച്ചില്ല. എത്രകാലം കറകളഞ്ഞ കമ്മ്യൂണിസം ഭരിച്ചിട്ടും അവസാനമുണ്ടായത് അതാണ്. കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ സ്ഥിതിയെന്താണ്? 34 വർഷം പശ്ചിമ ബംഗാൾ ഭരിച്ചത് സി.പി.ഐ.(എം.) ആണ്. ഇന്ന് എന്താണ് പശ്ചിമ ബംഗാളിനെക്കുറിച്ച് പറയാത്തത്? ഞങ്ങൾ കേരളത്തെ പശ്ചിമ ബംഗാളാക്കുമെന്നാണ് മുമ്പ് പറഞ്ഞിരുന്നത്. ഇന്ന് അങ്ങനെ പറയാൻ സാധിക്കുമോ? പശ്ചിമ ബംഗാളിൽനിന്നും പാവപ്പെട്ട അതിഥിത്തൊഴിലാളികൾ ഇങ്ങോട്ടുവരുന്നു. നിരക്ഷരരായ, സ്വന്തം പേരുപോലും എഴുതാനറിയാത്തവരാണ് ബഹുഭൂരിഭാഗവും. പേരെഴുതാൻ അറിയാത്ത, വിദ്യാഭ്യാസമില്ലാത്തവർ തൊഴിലിനുവേണ്ടി കേരളത്തിലേയ്ക്കല്ലേ വരുന്നത്? ഒരു ചെറുപ്പക്കാരനെങ്കിലും തൊഴിലിനുവേണ്ടി ഇത്രയുംകാലം നിങ്ങൾ ഭരിച്ച പശ്ചിമ ബംഗാളിലേയ്ക്ക്, ത്രിപുരയിലേയ്ക്ക് പോയെന്ന് പറയാൻ സാധിക്കുമോ? അതുകൊണ്ട് ഇക്കാര്യത്തിലൊരു പുനർചിന്തനം നടത്തണം. ഞങ്ങൾ സംസാരിക്കുമ്പോൾ എതിർത്ത് തോൽപ്പിച്ചതുകൊണ്ട് പ്രയോജനമില്ല. വസ്തുതകൾ വസ്തുതകളായി കാണാൻ തയ്യാറാകണം. ഈ ബില്ലിന്റെ പ്രത്യേകതയെന്താണ്? ഈ ബിൽ വലിയ നേട്ടമായി കണക്കാക്കുന്നു. ഈ ബില്ലിലെ പ്രധാന ഭേദഗതിയിൽ പറയുന്നത് ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ കൺവെൻഷന്റെ ശിപാർശപ്രകാരം ഒരു തൊഴിലാളി ചുമന്നുകൊണ്ടുപോകുന്ന ഭാരം 75 കിലോഗ്രാമിൽനിന്നും 55 കിലോഗ്രാമായും സ്ത്രീ തൊഴിലാളിയും പ്രായ പൂർത്തിയാകാത്തവരും എടുക്കേണ്ട ഭാരം 35 കിലോഗ്രാമുമായി

കുറയ്ക്കണമെന്നുമാണ്. ഇത് എൽ.ഡി.എഫ്. കൊണ്ടുവന്ന ഭേദഗതിയല്ല, ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ നിർദ്ദേശമാണ്. എന്നാലും സംസാരിക്കുമ്പോൾ എൽ.ഡി.എഫ്. ആണ് ഇതിന്റെയെല്ലാം അപ്പൊസ്തലന്മാരാണെന്നാണ് പറയുന്നത്. 1978-ൽ നിലവിൽ വന്ന ചുമട്ടുതൊഴിലാളി നിയമത്തിൽ കാലോചിതമായ ഭേദഗതി കൊണ്ടുവന്നിട്ടില്ല. അതുകൊണ്ട് ചുമട്ടുതൊഴിലാളി നിയമം സമഗ്രമായി പരിഷ്കരിക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. പദ്ധതി നിലവിലുള്ള സ്ഥലങ്ങളിൽപോലും അറ്റാച്ച്ഡ് ലേബർ കാർഡുകൾ കൊടുക്കുന്ന സാഹചര്യമുണ്ട്. അതുവഴി തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നു. പലപ്പോഴും ഹൈക്കോടതി നിലവിലുള്ള നിയമങ്ങൾ വ്യാഖ്യാനിച്ചുകൊണ്ട് വിധിപറയുമ്പോൾ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. അതുകൊണ്ട് തൊഴിൽ സംരക്ഷണത്തിനുള്ള ഭേദഗതിയുണ്ടാകണം. കൊല്ലത്തെ ഒരു കാഷ്യൂ ഫാക്ടറിയുടെ ഉടമയായ മൻസൂർ, അസിസ്റ്റന്റ് ലേബർ ഓഫീസറെ എതിർകക്ഷി ചേർത്ത കേസ്സിലാണ് ഇവിടത്തെ വ്യാപാര ഉടമകൾക്ക് സ്വന്തമായി തൊഴിലാളികളെ നിയമിക്കാൻ സാധിക്കുമെന്ന വിധിവന്നത്. അതുകൊണ്ടും അവസാനിച്ചില്ല. 2010-ൽ Rajeev Vs. The District Labour Officer, Muhammed Kunju Vs. The District Labour Officer, 4-2-2016-ലെ Gangadharan Vs. Abdul Azeez എന്നീ കേസ്സുകളിലൊക്കെ തൊഴിലാളികൾക്ക് അനുകൂലമായ വിധിയല്ല ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നുമുണ്ടായത്. ...(ബഹളം)... അങ്ങയെ തോല്പിക്കാൻ ആരും പരിശ്രമിച്ചിട്ടില്ലെന്ന വിവരം പത്രത്തിൽ വായിച്ചപ്പോൾ സന്തോഷമായി. ആരും തോല്പിക്കാൻ ശ്രമിച്ചിട്ടില്ല എന്നാണ് ഇന്നത്തെ പത്രവാർത്തയിൽ കണ്ടത്.

<u>ശ്രീ. വാഴൂർ സോമൻ</u>: സർ, ഞാനും റഷ്യയിൽ പോകുകയും പഠിക്കുകയും താമസിക്കുകയുമൊക്കെ ചെയ്തിട്ടുള്ളയാളാണ്. ഏറ്റവും അവസാനം റഷ്യയിൽ നടന്ന തെരഞ്ഞെടുപ്പിൽ, ഗെന്നഡി സ്യൂഗാനോവ് നേതൃത്വം കൊടുക്കുന്ന റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയാണ് അവിടത്തെ മുഖ്യ പ്രതിപക്ഷം എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, എന്റെ ശ്രദ്ധയിൽപ്പെടാത്ത കാര്യമാണല്ലോ ഇപ്പോൾ പറയുന്നത്. എന്റെ ശ്രദ്ധയിൽപ്പെട്ട കാര്യം, അവിടെ മുഴുവൻ നടന്നിട്ടും ഒരു ചെങ്കൊടി എനിക്ക് കാണാൻ സാധിച്ചില്ലെന്നുള്ളതാണ്. അതിൽ ഞാൻ ഉറച്ചുനിൽക്കുന്നു. ഞാനിത് അനുഭവത്തിൽനിന്ന് പറയുന്നതാണ്. ഞാൻ നേരത്തെ പറഞ്ഞ കേസ്സുകളിലൊക്കെ തൊഴിലാളികൾക്ക് അനുകൂലമായ വിധിയല്ല ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് തൊഴിൽ സംരക്ഷിക്കാനുള്ള നിയമ ഭേദഗതി കൊണ്ടുവരാനുള്ള പരിശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ശ്രീ. വാഴൂർ സോമൻ റഷ്യയിൽ പോയിട്ടുണ്ടെന്നും അവിടെനിന്നും പരിശീലനം ലഭിച്ചിട്ടുണ്ടെന്നും പറഞ്ഞു. അഡ്വ. കെ. എൻ. എ. ഖാദറും അക്കാലത്ത് ട്രെയിനിംഗ് കഴിഞ്ഞ് അവിടെനിന്നും ഇറങ്ങിയതാണ്. ഇപ്പോൾ അങ്ങനെയൊരു ട്രെയിനിംഗ് കൊടുക്കാൻ കഴിയാത്തവിധം അവിടെ കമ്മ്യൂണിസവും സംവിധാനങ്ങളും ഇല്ലാതായിട്ടുണ്ടെന്നല്ലേ താങ്കൾ പറഞ്ഞത്?

ശ്രീ. എ. എൻ. ഷംസീർ: സർ, ബഹുമാനപ്പെട്ട മഞ്ചേരി അംഗത്തിന്റെ യാത്രാവിവരണം കർണ്ണാനന്ദകരമായിരുന്നു. നല്ല രീതിയിൽ യാത്രാവിവരണം അവതരിപ്പിച്ചു. പക്ഷേ, അദ്ദേഹം പറഞ്ഞ കാര്യങ്ങളൊക്കെ അസത്യമാണ്. റഷ്യയിൽ ഇപ്പോഴും 20 ശതമാനത്തോളമുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയാണ് മേജർ ഒപ്പോസിഷൻ പാർട്ടിയെന്ന് ഇവിടെ സൂചിപ്പിച്ചു. എന്നിട്ടും എന്തിനാണ് ഇങ്ങനെയൊരു പച്ചക്കള്ളം ഈ ഫ്ലോറിൽ വന്ന് പ്രചരിപ്പിക്കുന്നത്? അദ്ദേഹം പറഞ്ഞുകൊണ്ടിരിക്കുന്ന പല കാര്യങ്ങളും ശുദ്ധനുണയാണ്. നുണ പറയാൻ പാടില്ലെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. റക്കീബും അത്തീദും ഇടത്തേ തോളിലും വലത്തേ തോളിലുമുണ്ടെന്നാണ്. റക്കീബിന്റെ പണി നന്മ രേഖപ്പെടുത്തലും അത്തീദിന്റെ പണി തിന്മ രേഖപ്പെടുത്തലുമാണ്. ശ്രീ. യു. എ. ലത്തീഫിന്റെ കാര്യത്തിൽ റക്കീബിന് പണിയില്ല; അത്തീദിന് ഓവർലോഡാണ്. കാരണം ഈ ഫ്ലോറിൽ നുണപറഞ്ഞുകൊണ്ടേയിരിക്കുകയാണ്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഡോ. മാത്യു കുഴൽനാടൻ സംസാരിച്ചപ്പോൾ കേരളത്തിൽ നൈറ്റ് ലൈഫും വൈൻ-ബിയർ പാർലറുകളും ആരംഭിക്കണമെന്നുമൊക്കെ പറയുകയുണ്ടായി. ആ നയം തന്നെയാണോ മുസ്ലീംലീഗിന്റേയും യു.ഡി.എഫ്-ന്റേതുമെന്ന് വ്യക്തമാക്കുമോ?

ഡോ. മാത്യു കുഴൽനാടൻ: സർ, റഷ്യയെക്കുറിച്ച് ഇങ്ങനെയൊക്കെ പറയരുത്. റഷ്യ എന്റെ ഹൃദയത്തോടുചേർന്നു നിൽക്കുന്ന രാജ്യമാണ്; ചെറുപ്പം മുതൽ ഇഷ്ടമുള്ളതാണ്. യഥാർത്ഥത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ദീർഘകാലം റഷ്യ ഭരിച്ചതിനുശേഷം സംഭവിച്ചതെന്താണെന്നുവച്ചാൽ, ലോകത്തിന്റെ തെരുവുകളിൽ പന്ത്രണ്ടും പതിമൂന്നും പതിനഞ്ചും വയസ്സുള്ള റഷ്യൻ പെൺകുട്ടികൾ നിരന്നുനിൽക്കുന്ന ദയനീയമായ കാഴ്ചയാണ് ലോകം കണ്ടത്. അവരുടെ ശരീരം വിറ്റിട്ടുവേണം ആ വീട്ടുകളിൽ അന്നത്തെ രാത്രി അത്താഴം കഴിക്കാൻ. ബംഗളൂരു, ഹൈദരാബാദ്, ദുബായ് എന്നിവിടങ്ങളിൽ റഷ്യൻ സുന്ദരിമാർ പിടിയിലായിയെന്ന വാർത്തകൾ നമ്മൾ കേൾക്കാറുണ്ട്. ആ രാജ്യത്ത് ജീവിക്കാൻ നിവൃത്തിയില്ലാതെ

അവിടത്തെ കറൻസിയായ റൂബിളിന് കടലാസ്സിന്റെ വിലയില്ലാതായപ്പോഴാണ് അവർക്ക് വ്യഭിചാരത്തിന് പോകേണ്ടിവന്നത്. ഇതാണ് റഷ്യയുടെ ഗതികേട്. യാഥാർത്ഥ്യം യാഥാർത്ഥ്യമായി ഉൾക്കൊള്ളണം. ഞാൻ റഷ്യയുടെ തകർച്ചയിൽ ആഹ്ലാദിക്കുന്നയാളല്ല. ഒരു ദിവസത്തെ അത്താഴം കഴിക്കാൻവേണ്ടി പെൺകുട്ടികൾ ലോകത്തിന്റെ തെരുവിൽ വ്യഭിചാരത്തിനുവേണ്ടി നിൽക്കുന്ന അവസ്ഥയുണ്ടായി. അല്ലാതെ അഭിമാനംകൊണ്ട് റഷ്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി, ചെങ്കൊടി എന്നൊന്നും പറഞ്ഞിട്ട് കാര്യമില്ല. We sympathize for Russia.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, അതുകൊണ്ടാണ് ആളുകളിപ്പോൾ റഷ്യയിൽ മഴ പെയ്യുന്നുവെന്നു പറയുമ്പോൾ ഇവിടെ കുട പിടിക്കാത്തത്. ഈ നൈറ്റ് ക്ലബ്ബും ബിയർ പാർലറും നടപ്പിലാക്കുമെന്ന് പറഞ്ഞവരല്ല ഞങ്ങൾ.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ശ്രീ. പി. വി. ശ്രീനിജിൻ, നൈറ്റ് ലൈഫ് എന്ന് പറഞ്ഞാൽ നൈറ്റ് ക്ലബ്ബല്ല എന്ന അങ്ങയുടെ തെറ്റിദ്ധാരണ മാറ്റണം.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, അവർ എന്തൊക്കെയോ പറയുന്നതാണ്. ഞങ്ങളെ സംസാരിക്കാൻ അനുവദിക്കണം. ഇപ്പോൾ ഡോ. മാത്യു കുഴൽനാടനെ എല്ലാവരുംകൂടി ഇടപെട്ട് സംസാരിക്കാൻ അനുവദിക്കാതെ ഇരുത്തി. ശരിയായ ഡിബേറ്റ് നടക്കണ്ടേ; പറയുന്ന കാര്യങ്ങൾ ക്ഷമയോടെയിരുന്ന് കേൾക്കണ്ടേ; അതല്ലാതെ നിങ്ങൾ പറയുന്നത് മാത്രമാണ് ശരി, ഞങ്ങൾ പറയുന്നതൊക്കെ തെറ്റാണ്, അങ്ങനെ പറയാമോ ശ്രീ. എ. എൻ. ഷംസീറേ? അതുകൊണ്ട് ഞങ്ങൾ പറയുന്നതുംകൂടി കേൾക്കാനുള്ള സഹിഷ്ണുത കാണിക്കണം. സാമ്രാജ്യത്വശക്തികൾ ഭരിക്കുന്ന അമേരിക്കയിലും യൂറോപ്പിലുമൊക്കെ ഞങ്ങളും പോയിട്ടുണ്ട്. ഇപ്പോൾ നിങ്ങളുടെ നേതാക്കളിലധികവും അവിടെയാണല്ലോ പോകുന്നത്; നിങ്ങളുടെ കുട്ടികൾ പഠിക്കുന്നതും അവിടെയാണ്.

ബില്ലുമായി ബന്ധപ്പെട്ട വിഷയത്തിലേയ്ക്ക് കടക്കുകയാണ്. 43 സ്ഥാപനങ്ങളാണ് ചുമട്ടുതൊഴിലാളി ക്ഷേമനിധിയുടെ പരിധിയിൽ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളത്. 43 സ്ഥാപനങ്ങളിലും തൊഴിലെടുക്കുന്നവർക്കുള്ള ആനുകൂല്യങ്ങൾ, ചികിത്സാ സൗകര്യങ്ങൾ, ഇൻഷ്വറൻസ്, വിവാഹ ധനസഹായം, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ വർദ്ധിപ്പിക്കണം. ഇപ്പോഴുള്ള 1,000 രൂപ, 750 രൂപ, 1,250 രൂപയെല്ലാം കാലോചിതമായി വർദ്ധിപ്പിക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. നിയമത്തിലെ 26 (എ) വകുപ്പ് ഉദ്യോഗസ്ഥർ തൊഴിലാളികൾക്കെതിരെ ഉപയോഗിക്കുന്നു. അവരുടെ കാർഡ് സസ്പെൻഡ് ചെയ്യുക, അത് റദ്ദാക്കുക എന്നീ നടപടികൾ വരുന്നത് ഒഴിവാക്കാൻ സൂക്ഷ്മതയോടെയുള്ള ചട്ടങ്ങൾ രൂപീകരിക്കണം. ഇപ്പോൾ ചുമട്ടുതൊഴിലാളി

ക്ഷേമനിധി ബോർഡിൽ നിന്നും ലഭിക്കുന്ന ചികിത്സാനുകൂല്യങ്ങൾ പരിമിതമാണ്. അതുകൊണ്ട് തൊഴിലാളികളെ ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തി വർദ്ധിച്ച ചികിത്സാനുകൂല്യങ്ങളും സൗകര്യങ്ങളും നൽകണം. ഒരു കച്ചവടക്കാരൻ 27 ശതമാനം ലെവി കൊടുക്കുന്നുണ്ട്. അതിൽനിന്നും ഒരു ചെറിയ തുക നീക്കിവച്ചാൽ ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കുന്നതാണെന്ന അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. ചുമട്ടുതൊഴിലാളികൾ ഇവിടത്തെ വൈറ്റ്കോളർ ജോലി ലഭിക്കുന്നവരുടെ മക്കളെപ്പോലെയല്ല. ഒരാളും അവരുടെ മകൻ ചുമട്ടുതൊഴിലാളിയായി വളരണമെന്ന് ആഗ്രഹിക്കുന്നില്ല. നിർബന്ധിതമായ സാഹചര്യത്തിലാണ് രക്ഷിതാക്കൾ പാവപ്പെട്ട കുട്ടികളെ ഇതിന് അനുവദിക്കുന്നത്. കുടുംബം നോക്കാൻ മറ്റൊരു വഴിയുമില്ലാത്തതുകൊണ്ടാണ് ഈ ജോലി തേടിപ്പോകുന്നത്. വർഷങ്ങളോളം ചുമടെടുത്ത് അവസാനം ജീവിതത്തിന്റെ സായംസന്ധ്യയിൽ നിത്യരോഗികളായി മാറുന്ന ഈ തൊഴിലാളികളെ, ചട്ടങ്ങളിൽ ഭേദഗതി വരുത്തി ആനുകൂല്യങ്ങൾ അധികംനൽകി രക്ഷിക്കണമെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. ലാൻഡ്, ലേബർ, ക്യാപ്പിറ്റൽ ആൻഡ് ഓർഗനൈസേഷൻ എന്നീ നാല് ഘടകങ്ങളാണ് ഒരു വ്യവസായത്തിനുള്ളത്. ഇതിലെ ലേബർ മാറ്റിനിർത്തിയാൽ ബാക്കി മുഴുവൻ ഒരു വ്യക്തിക്ക്, അല്ലെങ്കിൽ ഒരു സംരംഭകന് നേടുവാനും വ്യവസായം വളർത്താനും സാധിക്കും. പക്ഷേ, തൊഴിൽ എന്നതിന് തൊഴിലാളികൾ തന്നെവേണം. ഒരു വ്യവസായ സംരംഭകൻ തൊഴിലാളികളെ നല്ല നിലയിൽ ഉപയോഗപ്പെടുത്തിയാൽ മാത്രമേ സ്ഥാപനം വളരുകയുള്ളൂ. സ്ഥാപനം വളരാനാവശ്യമായ സാഹചര്യമൊരുക്കണം. ഈയടുത്ത കാലത്തായി നോക്കുകൂലി എന്ന അനാവശ്യപ്രവണതയെ എല്ലാവരും വിമർശിക്കുകയും എതിർക്കുകയും ചെയ്യുന്നതാണ് നമ്മൾ കാണുന്നത്. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ, ഒരു തൊഴിലാളി യൂണിയന്റെ നിലപാട് അതിന് നേതൃത്വം നൽകുന്ന രാഷ്ട്രീയപാർട്ടിയുടെ നിലപാടുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ട് നോക്കുകൂലിയെന്ന ദുർഭൂതം നമ്മുടെ സംസ്ഥാനത്തെ വ്യാപാര വ്യവസായ സ്ഥാപനങ്ങളിൽ വ്യാപകമായി വളർന്നുകൊണ്ടിരിക്കുന്നുവെന്നാണ് കാണാൻ കഴിയുന്നത്. നോക്കുകൂലിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ കുറച്ചുദിവസങ്ങൾക്കുള്ളിൽ ഹൈക്കോടതിയുടെ എത്ര വിധികളാണുണ്ടായത്. ഞാൻ അതുസംബന്ധിച്ച പേപ്പർ കട്ടിംഗുകളിലേയ്ക്ക് അങ്ങയുടെ ശ്രദ്ധക്ഷണിക്കുകയാണ്. 'കൊടി നോക്കാതെ നോക്കുകൂലി തുടച്ചുനീക്കണമെന്ന് ഹൈക്കോടതി'; കേരള കൗമുദി; 'ആഞ്ഞടിച്ച് ഹൈക്കോടതി, 'നോക്കുകൂലി, ആ വാക്ക് ഇനി കേൾക്കരുത് '- മലയാള മനോരമ; 'നോക്കുകൂലി വേണ്ടേ വേണ്ട' എന്ന് ഹൈക്കോടതി- ദീപിക; 'കേൾക്കരുത് നോക്കുകൂലി എന്ന് ഹൈക്കോടതി'; 'ക്രെയിനുപയോഗിച്ച് ഇറക്കിയ തൂണുകൾക്ക് നോക്കുകൂലി ചോദിച്ച് യൂണിയനുകൾ' - മലയാള മനോരമ; 'നോക്കുകൂലി ആവശ്യപ്പെട്ട് തൊഴിലാളികൾ'; ലോറി

ഉപേക്ഷിച്ച് കരാറുകാരൻ'; 'അമിത കൂലി ആവശ്യപ്പെട്ട് തൊഴിലാളികൾ'; 'അരി ലോഡിറക്കാൻ മണിക്കൂറുകൾ വൈകി'; ഇതെല്ലാം നമ്മുടെ സംസ്ഥാനത്ത് നോക്കുകൂലിയുമായി ബന്ധപ്പെട്ട് ദിനപ്പത്രങ്ങളിൽ വന്ന വാർത്തകളാണ്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വിദേശത്തുനിന്നും നമ്മുടെ സംസ്ഥാനത്ത് വ്യവസായമാരംഭിക്കാൻ ആരെങ്കിലും വരാൻ തയ്യാറെടുക്കുമ്പോൾ അവർ കേൾക്കുന്നതിതാണ്. ആരെങ്കിലും ഇവിടേയ്ക്ക് വരുമോ? ഇവിടത്തെ വ്യവസായികൾ മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ടായി. ജയിൽശിക്ഷ ഉൾപ്പെടെയുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി നോക്കുകൂലി ഇല്ലാതാക്കാനുള്ള സമഗ്ര നിയമമുണ്ടാക്കണമെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. നമ്മുടെ സംസ്ഥാനത്ത് നോക്കുകൂലിയുമായി ബന്ധപ്പെട്ട പത്തോ പതിനൊന്നോ സംഭവങ്ങൾ മാത്രമേ ഉണ്ടായിട്ടുള്ളൂ. പക്ഷേ, മാധ്യമങ്ങൾ, പൊതുജനങ്ങൾ, രാഷ്ട്രീയ പാർട്ടികളെല്ലാവരുംകൂടി ഏറ്റെടുത്ത് അതിനെ വലിയൊരു സംഭവമാക്കി മാറ്റുകയാണ്. അത് ഒറ്റപ്പെട്ട സംഭവമായി കണക്കാക്കി ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഒറ്റക്കെട്ടായിനിന്ന് ഒരു വ്യാവസായിക സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ നമുക്കൊന്നിച്ച് കൈകോർക്കാമെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. മുരളി പെരുനെല്ലി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 'ബി' നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഒരു തൊഴിലാളിക്ക് ചുമന്നുകൊണ്ടുപോകാവുന്ന ഭാരം 75 കിലോഗ്രാമിൽനിന്ന് 55 കിലോഗ്രാമായി ചുരുക്കുന്നതിനും സ്ത്രീകളും പ്രായപൂർത്തിയാകാത്ത തൊഴിലാളികളും പരമാവധി ചുമന്നുകൊണ്ടുപോകാവുന്ന ഭാരം 35 കിലോഗ്രാമായി പരിമിതപ്പെടുത്തുന്നതിനും ക്ഷേമനിധി ബോർഡിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും വിരമിക്കൽ ആനുകൂല്യമുൾപ്പെടെയുള്ള സേവന വ്യവസ്ഥകൾ സംബന്ധിച്ച് ചട്ടങ്ങളുണ്ടാക്കുന്നതിന് സർക്കാരിനെ ചുമതലപ്പെടുത്തുന്നതിനാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും നിയമങ്ങൾ ഇന്ത്യൻ ഭരണഘടനയ്ക്ക് കീഴിലാണ്. കുടുംബം പുലർത്തുന്നതിനുവേണ്ടി താങ്ങാവുന്നതിനേക്കാൾ വലിയ ഭാരംപേറി ജീവിതാവസാനംവരെ ഒന്നുമില്ലാത്തവരായി മാറുന്നവരായിരുന്നു ചുമട്ടു തൊഴിലാളികളെന്ന് നമുക്ക് കാണാൻ കഴിയും. കായികക്ഷമതയും കഠിനാദ്ധ്വാനവും ആവശ്യമായ തൊഴിലാണ് ചുമട്ട് തൊഴിൽമേഖല. അപകടകരമായ തൊഴിലായതുകൊണ്ടുതന്നെ മരണക്കയത്തിൽവീണ് പോയവരുമുണ്ട്. അതുപോലെ തൊഴിലെടുക്കാൻ

കഴിയാത്തവിധം ശാരീരിക വൈകല്യമുള്ളവരും ഈ മേഖലയിൽ പണിയെടുക്കുന്നത് നമുക്ക് കാണാൻ കഴിയും. തൊഴിൽ സ്ഥിരതയില്ലാത്തതിനാൽ അവരുടെ കുടുംബത്തിന്റെ സ്ഥിതിയും പരിതാപകരമാണ്. ശരീരവേദനയേക്കാൾ മനസ്സിനേൽക്കുന്ന വേദനയാണ് ചുമട്ടുതൊഴിലാളികളെ വളരെയധികം നൊമ്പരപ്പെടുത്തിയിരിക്കുന്നതെന്ന് കാണാൻ കഴിയും. തൊഴിൽമാന്യത ലഭിക്കാത്തതും സമൂഹത്തിൽനിന്നുണ്ടാകുന്ന ആക്ഷേപങ്ങളും അവർക്ക് സഹിക്കാവുന്നതിനുമപ്പുറമാണ്. വരേണ്യവർഗ്ഗവും മാധ്യമ മുതലാളിമാരും തൊഴിലാളികളെ ചിത്രീകരിച്ചിരുന്നത് മുൻപ് ഏത് രൂപത്തിലായിരുന്നുവെന്നത് നമുക്ക് കാണാൻ കഴിയും. തലയിൽ ഒരു റൗഡിക്കെട്ടുംകെട്ടി കൊമ്പൻ മീശവച്ച് ട്രൗസർ പുറത്തുകാണുംവിധം കൈലിമുണ്ടുടുത്തുള്ള തൊഴിലാളികളുടെ ചിത്രം കൊച്ചുകുട്ടികളുടെ മനസ്സിൽപ്പോലും വരച്ചിടാൻ അന്ന് ചില കേന്ദ്രങ്ങൾക്ക് കഴിഞ്ഞുവെന്നുള്ളത് ഒരു വസ്തുതയാണ്. ഏതെങ്കിലും ഒരു തൊഴിലാളിയിൽനിന്നും വീഴ്ചയുണ്ടായാൽ തൊഴിലാളിവർഗ്ഗത്തെ അടച്ചാക്ഷേപിക്കുന്നവർക്ക് പിന്നീട് അത് തിരുത്തേണ്ടിവന്നുവെന്നുള്ള കാര്യവും നമ്മൾ കാണേണ്ടതുണ്ട്. നിയമത്തിന്റെ പരിരക്ഷ ലഭിക്കാതിരുന്ന ഒരു വിഭാഗമായിരുന്നു ചുമട്ടുതൊഴിലാളികൾ. ഈ സാഹചര്യത്തിലാണ് കേരള ചുമട്ടുതൊഴിലാളി ആക്ട് നിലവിൽ വന്നത്. നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നവരാണ് ചുമട്ടുതൊഴിലാളികളെന്ന് കാണാൻ കഴിയും. യന്ത്രവൽക്കരണയുഗത്തിൽ തൊഴിൽ കുറഞ്ഞുവരുന്നത് പ്രധാന പ്രശ്നങ്ങളിലൊന്നാണ്. ഇന്നത്തെ തൊഴിലാളികൾ പഴയ തൊഴിലാളികളെ പ്പോലെയല്ല. അഭ്യസ്തവിദ്യരായ നിരവധി ചെറുപ്പക്കാരടക്കം ഈ മേഖലയിലേയ്ക്ക് കടന്നുവരുന്നത് കാണാൻ കഴിയുന്നുണ്ട്. തൊഴിൽദിനങ്ങൾ കുറഞ്ഞുവരുന്നതിന്റെ ഭാഗമായി സാമ്പത്തികഞെരുക്കം അനുഭവപ്പെടുന്ന ഒരു വിഭാഗമാണ് ചുമട്ടുതൊഴിലാളികൾ. ബില്ലിന്റെ അവതരണവേളയിൽ നിരാകരണപ്രമേയത്തിന്റെ ഭാഗമായി നടന്ന പ്രസംഗങ്ങളിൽ കേരളത്തിൽ മുതൽമുടക്കിന് ആരും വരുന്നില്ലെന്ന വാദം ചിലർ ഉന്നയിക്കുകയുണ്ടായി. അമേരിക്കയിലും യൂറോപ്പിലും ഗൾഫ് നാടുകളിൽനിന്നും ലഭിച്ച അഭിപ്രായപ്രകടനങ്ങളാണ് സഭയിൽ വിളമ്പിയത്. പാവപ്പെട്ട ചുമട്ടുതൊഴിലാളികൾക്ക് നേരെയാണ് ഈ വാദം അവർ ഉന്നയിച്ചു കൊണ്ടുവരുന്നത്. ചുമട്ടുതൊഴിലാളികൾ പിടിച്ചുപറിക്കാരാണെന്ന ബോധമാണ് ഇവരെ ഇത്തരം അഭിപ്രായപ്രകടനം നടത്തുന്നതിലേയ്ക്ക് നയിക്കുന്നത്. തൊഴിൽ മേഖലയിൽ തെറ്റായ പ്രവണതകളും പ്രതികൂല സാഹചര്യവുമാണ് നിലനിൽക്കുന്നതെന്ന അധമബോധം വളർത്താനുള്ള പരിശ്രമങ്ങളുടെ ഭാഗമായി മാത്രമേ ഇത്തരം പരാമർശങ്ങളെ നമുക്ക് കാണാൻ കഴിയുകയുള്ളൂ. ഈ പ്രചരണത്തിൽനിന്ന് പ്രതിപക്ഷം മാറേണ്ടതുണ്ട്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, സംസ്ഥാനത്തെ ചുമട്ടുതൊഴിലാളി മേഖലയിലെ ക്ഷേമപദ്ധതി കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ലേബർ ഡിപ്പാർട്ടുമെന്റ് നിരവധി നടപടികൾ സ്വീകരിച്ചു വരുന്നുവെന്നുള്ള വിവരം അങ്ങേയ്ക്ക് അറിയാവുന്നതാണല്ലോ. ചുമട്ടുതൊഴിലാളികളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ആധാർ അധിഷ്ഠിതമാക്കി രജിസ്ട്രേഷൻ പുതുക്കി യഥാർത്ഥ തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിവരവും അങ്ങേയ്ക്ക് അറിവുള്ളതാണോ?

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, അത് ശരിയാണ്. ആധാറുമായി ബന്ധപ്പെടുത്തിക്കൊണ്ടുതന്നെ തൊഴിലാളികളുടെ തൊഴിൽ ഉറപ്പുവരുത്താൻ കഴിയത്തക്കവിധത്തിലുള്ള നടപടിയിലേയ്ക്കാണ് നീങ്ങുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണത്തിൻകീഴിൽ തൊഴിൽസൗഹൃദവും നിക്ഷേപ സൗഹൃദവുമായ ഒരന്തരീക്ഷം കേരളത്തിൽ ഉയർന്നുവന്നിരിക്കുകയാണ്. കേരളത്തിൽ പുതിയ തൊഴിൽ നയവും തൊഴിൽ സംസ്കാരവും വളർത്തിയെടുക്കാൻ ഇടതുപക്ഷ സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. തൊഴിൽ മേഖലയിലുണ്ടായിരുന്ന അരാജകത്വപ്രവണതകളെ ഒന്നൊന്നായി ഇല്ലായ്മ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. അമിതകൂലി വാങ്ങുന്നതും പണിയെടുക്കാതെ നോക്കുകൂലിയെന്ന കൊള്ളനടത്തുന്നതും നിയമംവഴി തടയാൻ കഴിഞ്ഞിട്ടുണ്ട്. തൊഴിലാളികൾക്ക് ന്യായമായ കൂലി ലഭിക്കാനുള്ള സാഹചര്യം ഇതുവഴി സൃഷ്ടിച്ചിരിക്കുകയാണ്. ആഗോള സമ്പദ്ഘടനയിലെ മാറ്റങ്ങൾ നമ്മുടെ തൊഴിൽ വിപണിയേയും ബാധിക്കുന്നതിനാൽ അതിനനുസൃതമായി എല്ലാ മേഖലകളിലും മാറ്റം വരുത്തേണ്ടതുണ്ട്. സേവന സമയക്രമം, ദൈർഘ്യം, വേതനഘടന, പരിശീലനം, നൈപുണ്യ വികസനം തുടങ്ങിയ മേഖലകളിലും കാലോചിതമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുമാത്രമേ ഈ വിഭാഗത്തെ സംരക്ഷിച്ച് മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയുള്ളൂ. ഉൽപ്പാദനക്ഷമതയിലൂന്നിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തൊഴിൽ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവന ചെയ്യുക, മെച്ചപ്പെട്ട വേതനം ലഭിക്കത്തക്കവിധത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സ്ത്രീകൾക്ക് കൂടുതൽ അവസരങ്ങൾ നൽകി ലിംഗസമത്വം ഉറപ്പാക്കുക, തൊഴിലിടങ്ങളിൽ വൃത്തിയും ശുചിത്വവും ഉറപ്പുവരുത്തി മികച്ച തൊഴിലന്തരീക്ഷമുണ്ടാക്കുക, വേതനസുരക്ഷ നടപ്പാക്കിയും സേവന കാലയളവിലും അതിനുശേഷവും സാമ്പത്തികഭദ്രതയും ആരോഗ്യ സംരക്ഷണവും ഉറപ്പാക്കുക, തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങൾ സംരക്ഷിച്ച് തൊഴിൽസൗഹൃദ അന്തരീക്ഷമുണ്ടാക്കുക, സമസ്തമേഖലകളിലെയും

തൊഴിലാളികൾക്ക് മാന്യമായ വേതനവും സാമൂഹ്യ സുരക്ഷയും ഉറപ്പുവരുത്തുക എന്നിവയാണ് ഇടതുപക്ഷ സർക്കാരിന്റെ നയമെന്ന് കൃത്യമായി കാണാൻ കഴിയുന്നതാണ്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, തൊഴിലിടങ്ങളിൽ ലിംഗസമത്വത്തിനും സ്ത്രീസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമുതകുന്ന നടപടികൾ കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സ്ത്രീ തൊഴിലാളികൾക്ക് ആവശ്യമായ താമസസൗകര്യം, ആഴ്ചയവധി, വിശ്രമത്തിനുള്ള ഇടവേള എന്നിവ ഉറപ്പുവരുത്തുന്നതിനുവേണ്ടി നടത്തിക്കൊണ്ടിരിക്കുന്ന ഇടപെടലുകൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, ഞാൻ നേരത്തെ പറഞ്ഞത് ഇതുതന്നെയാണ്. സ്ത്രീ തൊഴിലാളികളുടേതടക്കം നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. തുണിക്കടകളിൽ ജോലി ചെയ്യുന്ന സ്ത്രീകൾ എഴുന്നേറ്റുനിന്ന് പണിയെടുക്കുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിനാവശ്യമായ വ്യവസ്ഥകൾ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്ടിൽ കൊണ്ടുവന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ എല്ലാ മേഖലയിലും നിർണ്ണായകമായ ഇടപെടൽ നടത്തിക്കൊണ്ടും തൊഴിലാളികളുടെ ജീവിതം സുരക്ഷിതമാക്കാനാവശ്യമായ നടപടിയെടുത്തുകൊണ്ടുമാണ് മുന്നോട്ടുപോകുന്നത്. തൊഴിലാളി-തൊഴിലുടമ ബന്ധത്തിൽ പുത്തൻ അദ്ധ്യായം രചിക്കാൻ ഇടതുപക്ഷ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. മേയ് 1 സാർവ്വദേശീയ തൊഴിലാളി ദിനമാണെന്ന് നമുക്കറിയാം. 2018 മേയ് 1-നാണ് നോക്കുകൂലി നിയമവിരുദ്ധമാക്കിക്കൊണ്ട് പിണറായി വിജയൻ ഗവൺമെന്റ് ഉത്തരവിറക്കിയത്. അത് ശ്രദ്ധേയമായ നടപടിയാണ്. ഒരുകൂട്ടം തൊഴിലാളികൾ ഇതിനുവേണ്ടി നിൽക്കുന്നുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. അതിൽ മാറ്റംവരുത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. തൊഴിലും തൊഴിലാളികളുടെ അവകാശങ്ങളും സംരക്ഷിക്കാൻ എൽ.ഡി.എഫ്. സർക്കാർ നടപ്പാക്കിയ പ്രവർത്തനങ്ങൾ മറ്റേത് സർക്കാരിനാണ് ചൂണ്ടിക്കാണിക്കാനുള്ളത്. യു.ഡി.എഫ്-ന് പറയാൻ കഴിയുമോ? തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ക്ഷേമം, സാമൂഹ്യസുരക്ഷ, ആരോഗ്യപരിരക്ഷ എന്നിവയിൽ അതീവ ശ്രദ്ധചെലുത്തുന്നത് ഇടതുപക്ഷ സർക്കാരല്ലേ? യു.ഡി.എഫ്. സർക്കാരിന് അങ്ങനെ ചെയ്യാൻ കഴിയില്ല. തൊഴിലാളികളോടുള്ള യു.ഡി.എഫ്. സർക്കാരിന്റെ അപകടകരമായ നിലപാട് കൃത്യമായി കാണാം. 2004 ജൂൺ 4-ാം തീയതി തൊഴിലാളികളോട് അന്നത്തെ യു.ഡി.എഫ്. സർക്കാർ എടുത്ത നിലപാട് നേരിട്ടനുഭവിച്ചവരാണ് ഞങ്ങൾ. തൃശ്ശൂർ ജില്ലാ കളക്ടറേറ്റിന് മുന്നിലേയ്ക്ക് സി.ഐ.റ്റി.യു., ഐ.എൻ.ടി.യു.സി., എ.ഐ.ടി.യു.സി., ബി.എം.എസ്., സ്വതന്ത്ര

സംഘടനകൾ, ചെത്ത് തൊഴിലാളി സംഘടനകൾ എന്നിവർ സംയുക്തമായി നടത്തിയ മാർച്ചിനെ അതിക്രൂരമായാണ് അന്നത്തെ സർക്കാർ നേരിട്ടത്. ചെത്ത് തൊഴിലാളികളുടെ പ്രധാനപ്പെട്ട അവയവം കയ്യും കാലുമാണ്. അന്ന് അവരുടെ കയ്യുംകാലുമാണ് തല്ലിയൊടിച്ചത്. ആ തൊഴിലാളികളെ ഒരു മാസം നീണ്ടുനിന്ന ആയുർവ്വേദ ചികിത്സയ്ക്ക് വിധേയമാക്കിയത് തൊഴിലാളി സംഘടനകളാണ്. അന്തിക്കാട് സി.ഐ.ടി.യു. ഓഫീസും അതിനപ്പുറത്തുള്ള എ.ഐ.ടി.യു.സി. ഓഫീസും ഒരു മാസത്തോളം നീണ്ട ആയുർവ്വേദ ക്യാമ്പായി മാറി. അതിൽ എല്ലാ വിഭാഗം തൊഴിലാളികളും പങ്കെടുത്തു. സി.ഐ.റ്റി.യു. ക്യാമ്പിന്റെ അന്നത്തെ ജനറൽ കൺവീനർ ഞാനായിരുന്നു. അതിലൂടെ തൊഴിലാളികളോടുള്ള യു.ഡി.എഫ്.-ന്റെയും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെയും നിലപാടുകൾ കൃത്യമായി നമുക്ക് കാണാൻ കഴിയുന്നതാണ്. കോൺഗ്രസ് തുടങ്ങിവച്ചതും ശ്രീ. നരേന്ദ്ര മോദിയുടെ ബി.ജെ.പി. സർക്കാർ ശക്തിയായി തുടരുന്നതുമായ സാമ്പത്തികനയംമൂലം രാജ്യമൊട്ടാകെയുള്ള തൊഴിലാളിവർഗ്ഗം ദുരിതക്കയത്തിൽ പ്പെടുമ്പോഴാണ് തൊഴിൽ മേഖലയിൽ ബദൽനയങ്ങൾ നടപ്പിലാക്കി തൊഴിലാളികളെ സംരക്ഷിക്കാനാവശ്യമായ നിലപാടുകളുമായി ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ മുന്നോട്ടുപോകുന്നത്. നിയമനിർമ്മാണത്തിന് മാത്രമായി 15-ാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനം ചേരുന്നത് ഇടതുപക്ഷ സർക്കാരിന്റെ തൊപ്പിയിലെ ഒരു പൊൻതൂവൽ തന്നെയാണെന്ന് നമുക്ക് പറയേണ്ടിവരും. ഇന്ന് പരിഗണനയ്ക്കെടുക്കുന്ന അഞ്ച് ബില്ലുകളും തൊഴിലാളികളുമായി ബന്ധപ്പെട്ടവയാണ്. ചുമട്ടു തൊഴിലാളികളെ സംബന്ധിച്ചിടത്തോളം വളരെ ആശ്വാസകരമായ ബില്ലാണ് ഇന്ന് ചർച്ച ചെയ്യുന്നത്. സാമൂഹ്യ പ്രതിബദ്ധതയുള്ള വിഭാഗമായി, പഴയ കാലഘട്ടത്തിൽ നിന്നും കാതലായ മാറ്റം ചുമട്ടുതൊഴിലാളി മേഖലയിലുണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒറ്റപ്പെട്ട സംഭവങ്ങളെ ചില മാധ്യമങ്ങളുൾപ്പെടെ പർവ്വതീകരിച്ചു കൊണ്ടിരിക്കുകയാണ്. ആ നിലയിൽ തൊഴിലാളികളെയും മോശക്കാരായി ചിത്രീകരിക്കാനുള്ള സംഘടിതശ്രമം നമുക്ക് തടയാൻ കഴിയേണ്ടതുണ്ട്. തൊഴിലാളികൾക്ക് പങ്കാളിത്തമില്ലാത്ത സംഭവങ്ങളെയും അവരുടെ തലയിൽ കെട്ടിവയ്ക്കാനുള്ള പരിശ്രമങ്ങളും സമീപകാലഘട്ടത്തിൽ കാണുകയുണ്ടായി. തിരുവനന്തപുരം വിക്രം സാരാഭായ് സ്പേസ് സെന്ററിൽ യന്ത്രം ഇറക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തൊഴിലാളികളുടെ തലയിൽ കെട്ടിവയ്ക്കാനുള്ള പരിശ്രമങ്ങളാണ് നടത്തിയത്. പക്ഷേ, ആ പ്രചാരണത്തിന് അൽപ്പായുസ് മാത്രമാണ് ഉണ്ടായിരുന്നതെന്ന് നമുക്ക് ആശ്വസിക്കാം. അൽപ്പായുസ്സായ നുണപ്രചാരണമാണെങ്കിലും അവിടെയും ഇടംവലം നോക്കാതെ ചുമട്ടുത്തൊഴിലാളികളെ മോശക്കാരായി ചിത്രീകരിക്കാനാണ് ചില

മാധ്യമങ്ങളടക്കം ശ്രമിച്ചതെന്ന കാര്യം നമ്മൾ കാണേണ്ടതുണ്ട്. 'കാള പെറ്റെന്ന് കേട്ടാലുടൻ കയറെടുക്കുന്ന' ഇത്തരക്കാരുടെ നീചബുദ്ധി ജനങ്ങൾ നല്ലതുപോലെ മനസ്സിലാക്കുന്നുണ്ടെന്ന യാഥാർത്ഥ്യം തിരിച്ചറിയണം. ദുരന്ത മുഖങ്ങളിൽ രക്ഷകരായും ദുരിതബാധിതർക്ക് സഹായികളായും വന്നവരിൽ ചുമട്ടു തൊഴിലാളികളുമുണ്ട്. കോവിഡ്, പ്രളയ കാലഘട്ടങ്ങളിൽ ജനങ്ങൾക്ക് ആശ്വാസം പകരുന്ന കാര്യങ്ങൾ അവർ ചെയ്തത് നമ്മൾ കണ്ടതാണ്. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ റിപ്പോർട്ടനുസരിച്ച് സ്ഥിരമായി ഉയർന്ന കാഷ്വൽ വേതനം ഗ്രാമീണ-നഗര മേഖലകളിൽ നൽകുന്ന സംസ്ഥാനമാണ് കേരളം. സമ്പദ് വ്യവസ്ഥയുടെ അടിസ്ഥാനം തൊഴിൽ ശക്തിയാണെന്നതിനാൽ അവരുടെ ക്ഷേമം വ്യാവസായിക അഭിവൃദ്ധിക്ക് അനിവാര്യമായ ഘടകമാണ്. അതുപോലെ പ്രധാനപ്പെട്ടതാണ് നിക്ഷേപകരുടെയും വ്യവസായ സ്ഥാപനങ്ങളുടെയും നിലനിൽപ്പെന്ന് കാണുന്നവരാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ. അത്തരം പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യംവച്ച് നിരവധി തൊഴിലാളി ക്ഷേമനിധി ബോർഡുകൾ നമ്മുടെ സംസ്ഥാനത്ത് നിലവിൽവന്നിട്ടുണ്ട്. കോവിഡ് കാലഘട്ടത്തിൽ തൊഴിലാളികൾ ദുരിതത്തിലകപ്പെട്ടപ്പോൾ നരേന്ദ്ര മോദി സർക്കാർ അവർക്ക് കാര്യമായ സഹായമൊന്നും ചെയ്യാതിരുന്ന ഘട്ടത്തിൽ, അവരെ നെഞ്ചോട് ചേർത്തുപിടിച്ചുകൊണ്ട് നിരവധി സഹായപദ്ധതികൾ പ്രഖ്യാപിച്ചതാണ് പിണറായി വിജയൻ ഗവൺമെന്റെന്ന് നമുക്ക് കാണാം.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, സംസ്ഥാനത്ത് നിരവധി ക്ഷേമനിധി ബോർഡുകളും കോർപ്പറേഷനുകളുമൊക്കെയുണ്ട്. സമാന സ്വഭാവമുള്ള ഇത്തരം ബോർഡുകളെ അംഗത്വത്തിന്റെയും വരുമാനത്തിന്റെയും സാമ്പത്തിക സ്ഥിതിയുടെയുമെല്ലാം അടിസ്ഥാനത്തിൽ സംയോജിപ്പിച്ചുകൊണ്ട് കൂടുതൽ കരുത്തുറ്റതാക്കി കൊണ്ടുപോകുന്നതിനുവേണ്ടി നടക്കുന്ന നീക്കങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, അത്തരം നീക്കങ്ങളുമായി സർക്കാർ മുന്നോട്ടുപോകുന്നുവെന്ന് പറയുന്നത് ശരിയായ വസ്തുതയാണ്. സമാന സ്വഭാവമുള്ള നിരവധി ക്ഷേമനിധി ബോർഡുകളെ ഒരുമിപ്പിക്കാനാവശ്യമായ ശ്രമം സർക്കാർ നടത്തുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ചുമട്ടുതൊഴിലാളി വെൽഫെയർ ബോർഡിലെ അംഗങ്ങളായ 249,504 പേർക്ക് ബോണസായി 30 കോടി രൂപ ചെലവഴിച്ചത് ഇടതുപക്ഷ സർക്കാരാണെന്ന് കാണാൻ കഴിയും. ജവഹർലാൽ നെഹ്റുവിന്റെ പാരമ്പര്യത്തെ സംബന്ധിച്ച് ശ്രീ. അൻവർ സാദത്ത് വിശദമായി സംസാരിക്കുകയുണ്ടായി. ശ്രീ. എം. മുകേഷ് കേരളത്തിലെ സിനിമാ

വ്യവസായത്തെയാകമാനം തകർക്കുന്ന വിധത്തിൽനടന്ന ഒരു സമരാഭാസത്തെപ്പറ്റി സബ്മിഷൻ ഉന്നയിച്ചതുസംബന്ധിച്ചും പറയുകയുണ്ടായി. ജവഹർലാൽ നെഹ്റുവിന്റെ പാരമ്പര്യമാണ് ഞങ്ങൾ ഉൾക്കൊള്ളുന്നതെന്നാണ് അവർ പറയുന്നത്. ജവഹർലാൽ നെഹ്റുവിന്റെ പാരമ്പര്യം ഇന്നത്തെ കോൺഗ്രസ്സിന് എവിടെയാണുള്ളത്; ജവഹർലാൽ നെഹ്റുവിന്റെ പാരമ്പര്യവും ഇപ്പോഴത്തെ നേതാക്കളുടെ പാരമ്പര്യവും വ്യത്യസ്തമല്ലേ; അന്നത്തെ കോൺഗ്രസ്സാണോ ഇന്നത്തെ കോൺഗ്രസ്? അല്ലെന്നുള്ളത് വ്യക്തമാണ്. രാഷ്ട്രീയക്കാർക്ക് സംഭാവന പിരിക്കാനുള്ള ഒരു മാർഗ്ഗം മാത്രമായി കടകളെ/തൊഴിലാളികളെ മാറ്റുകയാണ് ചെയ്യുന്നതെന്നാണ് ബഹുമാനപ്പെട്ട മഞ്ചേശ്വരം അംഗം സൂചിപ്പിച്ചത്. തൊഴിലാളിവർഗ്ഗ പാർട്ടി സാധാരണ ജനങ്ങളിൽനിന്ന് പണം പിരിച്ചുകൊണ്ടാണ് രാഷ്ട്രീയപ്രവർത്തനം നടത്തുന്നത്. കമ്പിയും സിമെന്റുമില്ലാതെ പാലം പണിത് അതിൽനിന്നും ലഭിക്കുന്ന കമ്മീഷൻകൊണ്ടോ വീട്ടമ്മമാരെയാകമാനം പറ്റിച്ച് ജ്വവലറി തട്ടിപ്പിലൂടെ പണമുണ്ടാക്കിക്കൊണ്ടോ അല്ല തൊഴിലാളിവർഗ്ഗ പ്രസ്ഥാനം മുന്നോട്ടുപോകുന്നത്. അത് സാധാരണ ജനങ്ങളുടെ കയ്യിൽനിന്നും കിട്ടുന്ന പണംകൊണ്ടുതന്നെയാണ് പ്രവർത്തിക്കുന്നതെന്ന് നമുക്ക് കാണാൻ കഴിയും. ആഗോള സമ്പദ്ഘടനയിൽ പതിനേഴ് ശതമാനത്തിലേറെ സംഭാവന ചെയ്യു രാജ്യമാണ് ജനകീയ ചൈനയെന്നത് നമുക്ക് കണക്കുകളിൽനിന്നുതന്നെ കാണാൻ കഴിയുന്നതാണ്. അവിടെയൊന്നും ചെങ്കൊടി കാണാനില്ല, സോവിയറ്റ് യൂണിയനിൽ ചെങ്കൊടി കാണാനില്ല, എന്നൊക്കെയുള്ള ചില പരാമർശങ്ങൾ നടത്തുകയുണ്ടായി. റഷ്യയിൽ ചെങ്കൊടി കാണാനില്ല എന്നദ്ദേഹം പറഞ്ഞു. റഷ്യയിൽ ചെങ്കൊടിയുണ്ടായിരുന്ന കാലത്താണ് അമേരിക്കയെ വിറപ്പിച്ചുകൊണ്ട് ഇന്ത്യയ്ക്കനുകൂലമായി മറ്റുപല രാജ്യങ്ങൾക്കുംവേണ്ടി സോവിയറ്റ് യൂണിയൻ നിലനിന്നിരുന്നത്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (<u>ശ്രീ. സജി ചെറിയാൻ</u>): സർ, ഡോ. മാത്യു കുഴൽനാടൻ തെറ്റായ വാദം ഉന്നയിച്ചു. അങ്ങ് ഇപ്പോൾ സംസാരിച്ചപ്പോൾ റഷ്യയുടെ വിഷയം സൂചിപ്പിച്ചതുകൊണ്ടാണ് ഞാൻ പറയാനുദ്ദേശിക്കുന്നത്. റഷ്യയിൽ സോഷ്യലിസ്റ്റ് ഗവൺമെന്റ് നിലനിൽക്കുന്ന കാലംവരെയും അവിടെയുള്ള ഒരാളും റഷ്യയ്ക്ക് പുറത്തുപോയി ജോലി ചെയ്തിട്ടില്ല. ജോലി ചെയ്തിട്ടുണ്ടെങ്കിൽ സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി ഔദ്യോഗികമായ ഉത്തരവാദിത്വം നിർവ്വഹിക്കാൻ വേണ്ടി മാത്രമാണ് പോയിട്ടുള്ളത്. റഷ്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടി തകർന്നതിനുശേഷം, ഗവൺമെന്റ് പിരിച്ചുവിട്ടതിനുശേഷം, അവിടത്തെ സാമ്പത്തികത്തകർച്ചയുടെ പശ്ചാത്തലത്തിലാണ് ധാരാളം സ്ത്രീകൾ ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ പോയത്. അത് കമ്മ്യൂണിസ്റ്റ് പാർട്ടി അവിടെ ഭരിച്ചപ്പോഴല്ല മുതലാളിത്തഭരണം വന്നതിനുശേഷമാണെന്നകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

4.00 PM}

ശ്രീ. മുരളി പെരുനെല്ലി: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയാണ്. സോവിയറ്റ് യൂണിയൻ തകരുന്നതിനുമുമ്പ്, കേരളത്തിൽനിന്നും വിദേശത്തുപോയി പണിയെടുക്കുന്നതുപോലെ സോവിയറ്റ് യൂണിയനിലെ ഒരു പൗരനും വിദേശ രാജ്യങ്ങളിൽ പോയി പണിയെടുക്കേണ്ട ഗതികേടില്ലായിരുന്നു. ചെങ്കൊടി ഇല്ലാതായതോടുകൂടിയാണ് ഇത്തരമൊരു അവസ്ഥയിലേയ്ക്ക് പോയത്. പശ്ചിമ ബംഗാളിലെ അവസ്ഥയും ഇതുപോലെയാണ്. പശ്ചിമ ബംഗാളിലെ തൊഴിലാളികളാണ് കോൾപ്പാടങ്ങളിൽ പണിയെടുക്കാൻ വരുന്നത്. പശ്ചിമ ബംഗാളിൽ കമ്മ്യൂണിസ്റ്റ് പാർട്ടി തകരുന്നതിനുമുമ്പ് അവർക്ക് ഇത്തരമൊരു അവസ്ഥ ഉണ്ടായിട്ടില്ലെന്നത് യാഥാർത്ഥ്യമാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, നല്ലൊരു പോയിന്റാണ് പറഞ്ഞത്. കമ്മ്യൂണിസ്റ്റ് പാർട്ടി തകർന്നതോടുകൂടിയാണ് അങ്ങനെ സംഭവിച്ചതെന്നത് അംഗീകരിക്കാം, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയാണ്. ഭരണം മാറിയപ്പോഴാണ് അടപ്പ് തുറക്കുംപോലെ റഷ്യയെ കണ്ടത്. കൊടിയ ദാരിദ്ര്യമല്ലാതെ അവിടെ വേറെയൊന്നുമില്ലായിരുന്നു. റൂബിളിന് കടലാസ്സിന്റെ വിലയില്ലാത്ത ഒരു സമ്പദ്ഘടനയായി റഷ്യ തകർന്നുതരിപ്പണമായി. ആ സാഹചര്യത്തിലാണ് അവിടെയുള്ള ജനങ്ങൾക്ക് പോകേണ്ടി വന്നത്.

ശ്രീ. മുരളി പെരുനെല്ലി: സർ, സോവിയറ്റ് യൂണിയൻ തകരുന്നതിനുമുമ്പ് അന്യദേശങ്ങളിൽ പോയി പണിയെടുത്ത് കുടുംബം പോറ്റേണ്ട ഗതികേട് അവിടത്തെ പൗരന്മാർക്കുണ്ടായിരുന്നില്ല. ലീഗ് നേതാക്കൾ ആ കാലഘട്ടത്തിലും അവിടെ പോയിട്ടുണ്ടല്ലോ; സോവിയറ്റ് യൂണിയൻ തകരുന്നതിനുമുമ്പ് അവിടെ അത്തരം അവസ്ഥയില്ല. ഡോ. മാത്യു കുഴൽനാടൻ പറഞ്ഞത് ശരിയാണ്. പശ്ചിമ ബംഗാളിലെ തൊഴിലാളികൾ ഇപ്പോൾ കേരളത്തിലും മറ്റുപല സംസ്ഥാനങ്ങളിലുമാണ് ജോലി ചെയ്യുന്നത്. അതിനുകാരണം അവർക്ക് സ്വന്തം നാട്ടിൽ ലഭിച്ചിരുന്ന ജീവിത സാഹചര്യം ഇല്ലാതായതാണ്. അതുതന്നെയാണ് സോവിയറ്റ് യൂണിയനിലും സംഭവിച്ചത്. സോവിയറ്റ് യൂണിയനിൽ സംഭവിച്ച കാര്യത്തെക്കുറിച്ച് പറയേണ്ട ഒരു കാര്യവുമില്ല. അതുമാത്രമല്ല, ഒരു നാടിന്റെ അടിസ്ഥാനവ്യവസായമെന്നു പറയുന്നത് ഖനിവ്യവസായമല്ലേ; അതായത് ഇരുമ്പുരുക്ക് വ്യവസായമല്ലേ? ഇന്ത്യ സ്വാതന്ത്ര്യം നേടിയപ്പോൾ അത് ഇന്ത്യയ്ക്കുണ്ടായിരുന്നില്ല. ഇന്ത്യ ഖനിവ്യവസായത്തിനുവേണ്ടി ലോകമെമ്പാടും ഭിക്ഷാപാത്രവുമായി ഓടിനടന്നു. ഒരാളും തിരിഞ്ഞുനോക്കിയില്ല. ഇന്ത്യയ്ക്ക് ഇഷ്ടംപോലെ ഇരുമ്പുരുക്ക് ഇറക്കുമതി ചെയ്തുതരാമെന്നാണ് അമേരിക്ക പറഞ്ഞത്. അവസാനമാണ് പിന്നിൽ നിന്നൊരു വിളിയുണ്ടായത്. അത് സോവിയറ്റ്

യൂണിയനായിരുന്നു. അന്ന് സോവിയറ്റ് യൂണിയനിൽ ചെങ്കൊടി നിറച്ചുണ്ടായിരുന്നു. സോവിയറ്റ് യൂണിയൻ പ്രധാനമന്ത്രി ഇന്ത്യാ ഗവൺമെന്റുമായി ചർച്ച ചെയ്ത് ഇവിടെയൊരു ഇരുമ്പുരുക്ക് നിർമ്മാണശാല സ്ഥാപിച്ചു. അതാണ് ഇന്ത്യയുടെ അഭിമാനസ്തംഭമായ ഭിലായ് ഇരുമ്പുരുക്ക് നിർമ്മാണശാല. പൊതുമേഖലയ്ക്ക് മുന്തിയ പരിഗണന നൽകിയ പ്രധാനമന്ത്രിയാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവെങ്കിൽ ആ പൊതുമേഖലയെ ഇല്ലാതാക്കിയ അനുയായികളാണ് നരസിംഹറാവു മുതൽ ഡോ. മൻമോഹൻ സിംഗ് വരെയുള്ളവർ. ഇപ്പോൾ ശ്രീ. നരേന്ദ്ര മോദിയും പൊതുമേഖലയെ ഇല്ലാതാക്കുകയാണ്. പൊതുമേഖലയിലെ നെഹ്റുവിയൻ നയം മാറി; ആ നിലയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. അതുപോലെ ഇന്ത്യാ-പാകിസ്ഥാൻ യുദ്ധകാലഘട്ടം മറന്നോ?

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, പശ്ചിമ ബംഗാളിൽനിന്ന് ധാരാളമാളുകൾ കേരളത്തിലേയ്ക്ക് വരുന്നുവെന്ന് പറഞ്ഞു. പശ്ചിമ ബംഗാളിൽ നിന്നുമാത്രമല്ല കോൺഗ്രസ് ഭരിച്ചിരുന്ന എല്ലാ സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് കൂടുതലാളുകൾ വരാൻ കാരണം കേരളത്തിൽ മാന്യമായ കൂലിയുള്ളതു കൊണ്ടാണ്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, അക്കാര്യം വാസ്തവമാണ്. പശ്ചിമ ബംഗാൾ മാത്രമല്ല ഒഡീഷ, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് ആളുകൾ വരുന്നത് കാണാൻ കഴിയുന്നുണ്ട്. ഇന്ത്യാ-പാക് യുദ്ധം നടക്കുന്ന കാലഘട്ടത്തിൽ ഇന്ത്യൻ മഹാസമുദ്രത്തിൽ ഇന്ത്യയ്ക്കെതിരായി അമേരിക്കയുടെ ഏഴാം കപ്പൽപ്പട വന്നപ്പോൾ ഇന്ദിരാ ഗാന്ധി പോയത് സോവിയറ്റ് യൂണിയനിലേയ്ക്കാണ്. ഇപ്പോൾ ചെങ്കൊടി കാണാനില്ലായെന്ന് പറഞ്ഞല്ലോ; സോവിയറ്റ് യൂണിയൻ ഇടപെട്ടതുകൊണ്ടാണ് അമേരിക്കൻ കപ്പൽപ്പട ഇന്ത്യൻ മഹാസമുദ്രത്തിൽനിന്ന് പിന്തിരിഞ്ഞോടിയത്. അത് യാഥാർത്ഥ്യമാണ്, ഒരു വസ്തുതയാണ്. ചുമട്ടുതൊഴിലാളികൾക്ക് ഗുണകരമായ വിധത്തിലുള്ള രണ്ടുമൂന്ന് ഭേദഗതികളാണ് കൊണ്ടുവന്നിരിക്കുന്നത്. ക്ഷേമനിധി ബോർഡിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും വിരമിക്കൽ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള സേവന-വേതന വ്യവസ്ഥകൾ ദൗർഭാഗ്യകരമായ ഒരവസ്ഥയിലാണെന്നാണ് വിയോജനക്കുറിപ്പിൽ പറഞ്ഞത്. തൊഴിലാളിക്ഷേമം ഉറപ്പാക്കണമെങ്കിൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഉദ്യോഗസ്ഥർക്ക് ആവശ്യമായ സഹായങ്ങൾ ഉണ്ടാകുകയെന്ന് പറയുന്നത് പ്രധാന കാര്യമാണ്. അതുകൊണ്ട് ഈ ഭേദഗതി ബില്ലിനെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, ഇന്ന് അഞ്ച് ക്ഷേമനിധി ഭേദഗതി ബില്ലുകളെ സംബന്ധിച്ചുള്ള ചർച്ചയാണ് നടന്നത്. ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ക്രിയാത്മകമായ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ച എല്ലാ

ബഹുമാന്യരായ അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുകയാണ്. കേരളത്തിലെ ക്ഷേമനിധി ബോർഡുകളെ ശക്തിപ്പെടുത്തുവാനും തൊഴിലാളിവർഗ്ഗത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുവാനും ഭാവിയിൽ അവരുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള നിലപാട് സ്വീകരിക്കുവാനും ഈ ചർച്ചകൾ ഉപകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിലെ തൊഴിലാളിവർഗ്ഗം പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനം എന്നുമെന്നും ഓർക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. തൊഴിലാളി ക്ഷേമത്തിനുവേണ്ടിയുള്ള നാല് ബില്ലുകൾ പാസ്സാക്കിക്കഴിഞ്ഞിരിക്കുകയാണ്. ഇന്ന് അഞ്ച് ബില്ലുകളുംകൂടി പാസ്സാക്കിക്കഴിഞ്ഞാൽ മൂന്നാം സമ്മേളനത്തിൽ ആകെ ഒൻപത് ബില്ലുകളാണ് പാസ്സാക്കുന്നത്. അത് ഇന്ത്യയിലെ മറ്റുസംസ്ഥാനങ്ങൾക്കും രാജ്യത്താകെയുള്ള തൊഴിലാളികൾക്കും ആവേശം പകരുന്നതായിരിക്കുമെന്ന കാര്യംകൂടി സൂചിപ്പിക്കുകയാണ്. ഇന്ന് രാജ്യത്താകെ സ്വീകരിച്ചുവരുന്ന തൊഴിലാളിവിരുദ്ധ നിലപാടുകളുണ്ട്. സാർവ്വദേശീയവും ദേശീയവുമായിട്ടുള്ള നിരവധി കാര്യങ്ങൾ സൂചിപ്പിച്ച ബഹുമാന്യരായ അംഗങ്ങളിൽ ആരുംതന്നെ രാജ്യത്ത് ഇന്ന് തൊഴിലാളിവർഗ്ഗത്തിനെതിരായി ബി.ജെ.പി. ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന രൂക്ഷമായ ആക്രമണത്തെ സംബന്ധിച്ചൊന്നും പറയാൻ തയ്യാറായില്ല. ബി.ജെ.പി. ഗവൺമെന്റ് തൊഴിലാളിവിരുദ്ധ നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. തൊഴിൽ നിയമങ്ങളാകെ റദ്ദുചെയ്ത് നാല് കോഡുകളാക്കി മാറ്റി. ഇതിൽ പൂർണ്ണമായും തൊഴിലാളിവിരുദ്ധ നിലപാടുകളാണ് കാണാൻ സാധിക്കുന്നത്. അന്തിമ തീരുമാനമെടുക്കുന്നതിനുള്ള അധികാരം മുതലാളിമാർക്ക് നൽകുന്ന നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. യു.ഡി.എഫ്-ന്റെ സമുന്നതരായ 19 എം.പി.മാരുണ്ട്. സംസ്ഥാന ഗവൺമെന്റ് അത് ചെയ്യുന്നില്ല, ഇത് ചെയ്യുന്നില്ല, അംശദായം കൂടിപ്പോയി, കുറഞ്ഞുപോയി എന്നെല്ലാം പറയുന്നവർ പാർലമെന്റിൽ തൊഴിലാളിവിരുദ്ധ നിയമങ്ങൾ പാസ്സാക്കിയപ്പോൾ ഒരക്ഷരം മിണ്ടുന്നതിന് തയ്യാറായില്ല. ഒന്നാമതായി, അവർ പാർലമെന്റിൽ പോകുന്നില്ല. രാജ്യത്തെ ജനങ്ങളെ ബാധിക്കുന്ന പ്രധാനപ്പെട്ട പൗരത്വ ഭേദഗതി നിയമം, കർഷക നിയമം, തൊഴിൽ നിയമങ്ങൾ എന്നിങ്ങനെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ കോൺഗ്രസ് ശക്തമായ നിലപാട് സ്വീകരിക്കണ്ടേ? അവർക്ക് അതിനുള്ള ശക്തി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു. രാജ്യത്തെ പല സംസ്ഥാനങ്ങളിലെയും മുൻമുഖ്യമന്ത്രിമാരും മുൻപ്രതിപക്ഷ നേതാക്കളും പ്രദേശ് കോൺഗ്രസ്സിന്റെ പ്രസിഡന്റുമാരും ദേശീയ നേതാക്കളുമൊക്കെ രാജിവച്ച് ബി.ജെ.പി-യിൽ ചേരുന്ന കാഴ്ചയല്ലേ കാണാൻ കഴിയുന്നത്? കോവിഡ് കാലഘട്ടത്തിൽ തൊഴിലാളികൾക്കുവേണ്ടി കേന്ദ്ര ഗവൺമെന്റ് എന്ത് ചെയ്തുവെന്നത് നമുക്കറിയാം. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കോവിഡ് കാലഘട്ടത്തിൽ തൊഴിലാളികൾക്ക് മാത്രമല്ല സമസ്തജനങ്ങൾക്കും സംരക്ഷണം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയുണ്ടായി. വസ്തുതകളെ കാണാതെ

പോകുന്നത് ശരിയല്ലായെന്ന കാര്യമാണ് എനിക്ക് പറയാനുള്ളത്. നോക്കുകൂലിയെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിലും അതിനെക്കുറിച്ച് ചർച്ച ചെയ്തതാണ്. ബഹുമാനപ്പെട്ട ഒരംഗം പറഞ്ഞത് 'ജയ് ജവാൻ, ജയ് കിസാൻ, ജയ് ഹെഡ്‌ലോഡ്' എന്നാണ്. അതിന് വിരുദ്ധമായാണ് ആ പാർട്ടിയിൽപ്പെട്ട ബഹുമാനപ്പെട്ട ഒരംഗം ഇന്ന് സംസാരിച്ചത്. നോക്കുകൂലി ഗവൺമെന്റ് അംഗീകരിക്കുന്നില്ല. അക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. ഒന്നോ രണ്ടോ ആളുകൾ ചെയ്യുന്ന കാര്യങ്ങളാണ് ദിനപ്പത്രങ്ങളിലും മാധ്യമങ്ങളിലും വരുന്നത്. അതാണ് ബഹുമാനപ്പെട്ട കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഇത്തരം സംഭവങ്ങളുണ്ടാകുമ്പോൾ യഥാർത്ഥത്തിൽ സംഭവിച്ചതെന്താണെന്ന് കോടതിയുടെ ശ്രദ്ധയിൽ പ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ജോലി ചെയ്യാതെ കൂലി വാങ്ങുന്നതിനെ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഒരു കാരണവശാലും അംഗീകരിക്കില്ല. ഏതെങ്കിലും ഭാഗത്തുനിന്ന് അത്തരം നടപടിയുണ്ടായാൽ കർശന നടപടി സ്വീകരിക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ലെന്ന് സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

സംസ്ഥാനത്തെ ഏറ്റവും പാവപ്പെട്ട ജനവിഭാഗമായ ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളികൾക്കായി സംസ്ഥാന ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ലായെന്നാണ് ചില പ്രതിപക്ഷാംഗങ്ങൾ പറയുന്നത്. തൊഴിലാളികളുടെ അംശദായത്തിന് ആനുപാതികമായി സർക്കാർ വിഹിതം വർദ്ധിപ്പിക്കുന്നില്ലെന്ന് സൂചിപ്പിച്ചു. ക്ഷേമനിധിയിൽനിന്നുള്ള വരുമാനത്തിന്റെ ഭൂരിഭാഗവും ബോർഡിന്റെ ഭരണപരമായ ചെലവുകൾക്കാണ് ഉപയോഗിക്കുന്നതെന്നാണ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ചില അംഗങ്ങൾ സൂചിപ്പിച്ചത്. സർക്കാർ വിഹിതം 75 ശതമാനമായി പരിമിതപ്പെടുത്തിയെങ്കിലും ഏഴ് രൂപയെന്നുള്ള സർക്കാർ വിഹിതം ഈ ഭേദഗതിയോടുകൂടി 11.25 രൂപയായി വർദ്ധിപ്പിക്കുകയാണ് ചെയ്തത്. അതോടൊപ്പം തൊഴിലാളി വിഹിതത്തിന്റെ പതിന്മടങ്ങ് ധനസഹായമാണ് ക്ഷേമനിധി ബോർഡ് മുഖാന്തരം നൽകിവരുന്നത്. സംസ്ഥാന ഗവൺമെന്റ് ക്ഷേമനിധി ബോർഡിനുവേണ്ടി ഒന്നും ചെയ്യുന്നില്ലായെന്നാണ് പലപ്പോഴും ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാന്യരായ അംഗങ്ങൾ പറഞ്ഞത്. പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമ്പത്തികതാങ്ങൽ പദ്ധതിപ്രകാരം നടപ്പുസാമ്പത്തിക വർഷം ഒന്നാം ഗഡുവായി 5 കോടി രൂപയും കോവിഡ് ലോക്ഡൗൺമൂലം തൊഴിൽ നഷ്ടപ്പെട്ട ഈ മേഖലയിലെ തൊഴിലാളികൾക്ക് സാമ്പത്തിക ഉത്തേജന പാക്കേജിന്റെ ഭാഗമായി പ്രത്യേക ധനസഹായമായി 9,11,25,000 രൂപയും രണ്ടാംഘട്ടത്തിൽ 9 കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ടെന്ന കാര്യം സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. കൂടാതെ പ്രസവ ധനസഹായം പോലെയുള്ള സഹായങ്ങളും നൽകിയിട്ടുണ്ട്. എല്ലാ അംഗങ്ങളും പറഞ്ഞതുപോലെ ധനസഹായത്തുക കുറവാണ്. ബോർഡുകളിൽ എല്ലാ ട്രേഡ് യൂണിയനുകളുടെയും നേതാക്കളുണ്ട്. ബോർഡിന്റെ

ഐകകണ്ഠ്യേനയുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് അംശദായ വർദ്ധനവും മറ്റെല്ലാ ഭേദഗതികളും കൊണ്ടുവന്നിരിക്കുന്നത്. ഭാവിയിൽ എല്ലാ അംഗങ്ങളുടെയും അഭിപ്രായങ്ങൾ മാനിച്ചുകൊണ്ട് വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ആനുകൂല്യം എന്നിവയെല്ലാം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാം. ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി തീരുമാനിച്ചിട്ടുണ്ടെന്ന കാര്യം സഭയെ അറിയിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

1960-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷേമനിധി ബോർഡിൽ വിവിധ സ്ഥാപനങ്ങളിലെ തൊഴിലാളികളാണ് അംഗങ്ങളാകുന്നത്. ഓരോ സ്ഥാപനത്തെയും ക്ഷേമനിധി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുമ്പോൾ ബോർഡിന്റെ വരുമാനം വർദ്ധിക്കുന്നതിനെത്തുടർന്ന് ഭരണച്ചെലവ് നിയന്ത്രിക്കുന്നതിന് കഴിയും. ആക്ടിന്റെ പരിധിയിൽ വരുന്ന സംസ്ഥാനത്തെ മുഴുവൻ സ്ഥാപനങ്ങളിലെയും തൊഴിലാളികളെ ഈ ക്ഷേമപദ്ധതിയിൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടി ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുമായി ആലോചിച്ച് സ്വീകരിക്കാവുന്നതാണ്. 2007 മുതൽ ആരംഭിച്ച കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ക്ഷേമനിധി ബോർഡിൽ അന്നുമുതലുണ്ടായിരുന്ന അംശദായമാണ് ഇപ്പോഴും തുടരുന്നത്. പതിനാല് വർഷത്തിനിടയിൽ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും പുതിയതായി ആനുകൂല്യങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അംശദായത്തിൽ വർദ്ധനവൊന്നും വരുത്തിയിട്ടില്ല. ഈ ബിൽ നിയമമായിക്കഴിഞ്ഞാൽ സർക്കാരിന് അംശദായം വർദ്ധിപ്പിക്കാൻ കഴിയും. അതോടൊപ്പം ആനുകൂല്യങ്ങളിലും വൻതോതിൽ വർദ്ധനവ് വരുത്താൻ കഴിയും. അതുവഴി ഈ മേഖലയിൽനിന്നും കൂടുതൽ അംഗങ്ങൾ ഈ പദ്ധതിയിൽ ചേരുന്നതിനും അംശദായ അടവിൽ കൃത്യത പാലിക്കാനും കഴിയുന്നതോടൊപ്പം ബോർഡിന്റെ വരുമാനം വർദ്ധിക്കുകയും സാമ്പത്തിക ഉയർച്ചയുണ്ടാകുകയും ചെയ്യും. അതോടൊപ്പം ഭരണച്ചെലവ് കുറയ്ക്കുവാനും ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യാനും കഴിയും. സർക്കാർ ഈ ക്ഷേമനിധി ബോർഡിനെ കാര്യമായി സഹായിക്കുന്നുണ്ട്. കോവിഡ്-19 ഒന്നാംഘട്ട കാലയളവിൽ ക്ഷേമനിധി അംഗങ്ങൾക്ക് ആശ്വാസ ധനസഹായം വിതരണം ചെയ്യുന്നതിനായി 38,56,85,840 രൂപ സർക്കാർ ഗ്രാന്റ് അനുവദിക്കുകയുണ്ടായി. രണ്ടാം ഘട്ടത്തിൽ 22.50 കോടി രൂപ കോവിഡ് പ്രത്യേക ധനസഹായമായി സർക്കാർ അനുവദിച്ചിട്ടുണ്ട്. ബോർഡിന്റെ തനത് ഫണ്ടിൽനിന്ന് കോവിഡ് കാലഘട്ടത്തിൽ നിരവധി സഹായങ്ങൾ ചെയ്തിട്ടുണ്ട്. അക്കാര്യങ്ങളൊന്നും ഞാനിവിടെ ആവർത്തിക്കുന്നില്ല. പെൻഷൻ വിതരണം ബോർഡിന്റെ തനത്

ഫണ്ടിൽ നിന്നാണ് അനുവദിക്കുന്നത്. നിലവിൽ ബോർഡിൽ പെൻഷൻ ഫണ്ട് ഉൾപ്പെടെ 269,89,77,509 രൂപയുടെ സ്ഥിരനിക്ഷേപമുണ്ട്. സ്വാഭാവികമായും ഇപ്പോൾ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ ഈ ഭേദഗതി പ്രാബല്യത്തിൽ വരുന്നതിലൂടെ നടപ്പിലാക്കാൻ കഴിയും. ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിനെ സംബന്ധിച്ചും നിരവധി കാര്യങ്ങൾ സൂചിപ്പിച്ചിരുന്നു. തോട്ടങ്ങളുടെയും ലയങ്ങളുടെയും സ്ഥിതി ദയനീയമാണ്. തോട്ടം തൊഴിലാളികളുടെ താമസസൗകര്യം മെച്ചപ്പെടുത്തുകയെന്നത് സംസ്ഥാന ഗവൺമെന്റിന്റെ പരിഗണനയിലുള്ള ഗൗരവമുള്ള വിഷയമാണ്. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് 2009-ൽ രൂപീകരിക്കുകയും ബോർഡിന്റെ ഭരണപരമായ ചെലവുകൾക്ക് അതിന്റെ ഒരു വർഷത്തെ മൊത്തം അംശദായത്തിന്റെ 10 ശതമാനത്തിൽ കവിയാത്ത തുക മാറ്റിവയ്ക്കുമെന്ന് വ്യക്തമാക്കിയിട്ടുമുണ്ട്. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം തൊഴിൽ വകുപ്പിലെ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷനും അദ്ദേഹത്തിന്റെ കീഴിലുള്ള പാനൽ ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷനുമാണ് നിർവ്വഹിച്ചുവരുന്നത്. ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നതിന് രണ്ട് ദിവസവേതന ജീവനക്കാരെ മാത്രമാണ് അധികമായി നിയോഗിച്ചിട്ടുള്ളത്. അതുകൊണ്ട് ഓഫീസ് എസ്റ്റാബ്ലിഷ്മെന്റിന്റെ ചെലവ് കൂടുതലാണെന്നുള്ള കാര്യം ശരിയല്ല. കോവിഡ്കാല ധനസഹായമായി 2020-ൽ 8,53,00,000 രൂപയും 2021-ൽ 6,23,01,000 രൂപയും സർക്കാർ ചെറുകിട തോട്ടം തൊഴിലാളികൾക്ക് നൽകുന്നതിനായി അനുവദിച്ചിട്ടുണ്ട്. കൂടാതെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് മുന്നോടിയായി അംശദായം വർദ്ധിപ്പിക്കുന്നതെന്നുള്ള കാര്യംകൂടി സൂചിപ്പിക്കുകയാണ്. സേവനങ്ങൾ ഓൺലൈനിലൂടെ ബന്ധപ്പെട്ട അപേക്ഷകർക്ക് നൽകുകയെന്നുള്ളത് കാലഘട്ടത്തിന്റെ പ്രധാനപ്പെട്ട ആവശ്യമാണ്. ആ നടപടിക്രമം പൂർത്തീകരിക്കുന്നതിന് നിയമത്തിന്റെ പിൻബലം നൽകുക എന്നുള്ളതാണ് ഈ ഭേദഗതിയിലൂടെ പ്രധാനമായും ഉദ്ദേശിക്കുന്നത്. 1960-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ടിൽ തൊഴിലാളികൾക്ക് തൊഴിലുടമ നൽകേണ്ട സേവനങ്ങൾ സംബന്ധിച്ച് കൃത്യമായി പരാമർശിക്കുന്നുണ്ട്. തൊഴിലിടങ്ങളിലെ തൊഴിൽസമയം, ഇടവേളകൾ, ആഴ്ചയവധി എന്നിവ ഉൾപ്പെടെയുള്ള തൊഴിലാളികളുടെ അവകാശങ്ങൾ അവർക്ക് നൽകേണ്ടതുണ്ട്. ഇതുകൂടാതെ കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലയളവിൽ ജോലിസമയത്ത് തൊഴിലാളികൾക്ക് ഇരിക്കുന്നതിനുള്ള സൗകര്യം, സ്ത്രീ ജീവനക്കാർക്ക് രാത്രി ജോലി ചെയ്യുന്നതിനുള്ള സൗകര്യമൊരുക്കൽ, ഹോസ്റ്റൽ സൗകര്യം എന്നിവ നിയമഭേദഗതിയിലൂടെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ തൊഴിലുടമ

ഉറപ്പുവരുത്തുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് കൃത്യമായ ഇടവേളകളിൽ തൊഴിൽ വകുപ്പുദ്യോഗസ്ഥർ പരിശോധന നടത്താറുണ്ട്. മേൽ വിവരിച്ച സാഹചര്യങ്ങളിൽ തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് തൊഴിൽ വകുപ്പ് കൃത്യമായി ഇടപെടുകയും തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുന്ന സാഹചര്യത്തിലാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന് മെച്ചപ്പെട്ട സാമ്പത്തികശേഷിയുണ്ട്. തനത് ഫണ്ടുകൊണ്ടുതന്നെ മുഴുവൻ ചെലവുകളും വഹിക്കുവാൻ കഴിവുള്ള ക്ഷേമനിധി ബോർഡാണത്. അതിന് 16 ജില്ലാ കമ്മിറ്റികളും കൊച്ചിൻ പോർട്ട് ട്രസ്റ്റിലുൾപ്പെടെ 121 ഓഫീസുകളുണ്ട്. അതിന്റെ ഭരണച്ചെലവ് 3.64 ശതമാനം മാത്രമാണ്. സംസ്ഥാന ബോർഡിന്റെ ഭരണച്ചെലവ് 0.79 ശതമാനം മാത്രമാണ്. കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് സർക്കാർ സഹായമില്ലാതെ സ്വയംപര്യാപ്തമായി ക്ഷേമപ്രവർത്തനങ്ങൾ നടത്തിവരുന്ന ചുരുക്കം ചില ബോർഡുകളിലൊന്നാണ്. കോവിഡുമായി ബന്ധപ്പെട്ട് തനതുഫണ്ടിൽനിന്ന് ഒന്നാംഘട്ടമായി 5,000 രൂപവീതം ഗ്രാന്റിനത്തിൽ 18.18 കോടി രൂപയും പലിശരഹിത വായ്പയിനത്തിൽ 7.73 കോടി രൂപയും തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ കോവിഡ് ഗ്രാന്റ് തനതുഫണ്ടിൽ നിന്നും 1,000 രൂപ വീതം 3.57 കോടി രൂപയും കോവിഡ് പോസിറ്റീവായ തൊഴിലാളികൾക്ക് പരിശരഹിത വായ്പയിനത്തിൽ 2.40 കോടി രൂപയും കോവിഡ്കാരണം ക്വാറന്റൈനിൽ പോകേണ്ടിവന്ന തൊഴിലാളികൾക്ക് തനത് ഫണ്ടിൽനിന്നും 1.12 കോടി രൂപയും വായ്പ നൽകിയിട്ടുണ്ട്. കുടിശ്ശികയില്ലാതെ തനത് ഫണ്ടിൽനിന്നും ആനുകൂല്യം നൽകുവാൻ ശേഷിയുള്ളതാണ് ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്. എല്ലാ മാസവും കൃത്യമായി തനത് ഫണ്ടിൽനിന്ന് തൊഴിലാളികൾക്ക് കുടിശ്ശികയില്ലാതെ പെൻഷൻ നൽകാൻ കഴിയുന്ന സംവിധാനവും നിലവിലുണ്ട്.

ശ്രീ. എൻ. കെ. അക്ബർ: സർ, ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങളും തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങളും കാലോചിതമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ, അടുത്തകാലത്ത് ഒറ്റപ്പെട്ട ചില സംഭവങ്ങളുടെ പേരിൽ ഗ്രാമപ്രദേശങ്ങളടക്കം പദ്ധതിയുടെ ഭാഗമായി വന്നിട്ടുണ്ട്. അവിടെയുള്ള തൊഴിലാളികൾക്ക് തൊഴിൽ നിഷേധിക്കപ്പെടുന്ന സാഹചര്യം വന്നതിനാൽ ബോർഡിന്റെ വരുമാനത്തിൽ വലിയ കുറവുണ്ട്. ഗാർഹികാവശ്യങ്ങൾക്കുള്ള സാധനങ്ങൾ ആ വീട്ടുകാർ ഇറക്കുന്നതിൽ തെറ്റില്ലെന്ന് ലേബർ കമ്മീഷണറുടെ ഉത്തരവുണ്ട്. അത് ന്യായമായും ശരിയാണ്. ഗാർഹികാവശ്യങ്ങൾക്ക് വരുന്ന സാധനങ്ങൾ ഉടമയ്ക്ക് ഇഷ്ടമുള്ള തൊഴിലാളികളെവച്ച് ഇറക്കാമെന്ന് പുതിയ ഉത്തരവ് വന്നതോടുകൂടി ചുമട്ടുതൊഴിലാളികൾക്ക് തൊഴിൽ നിഷേധിക്കപ്പെടുകയും ഇഷ്ടമുള്ള ആളുകളെവച്ച്

ഉടമസ്ഥർ സാധനങ്ങൾ ഇറക്കുന്ന സാഹചര്യവും നിലവിൽവന്നു. ഇതുമൂലം തൊഴിലാളിക്ക് തൊഴിൽ നിഷേധിക്കപ്പെടുകയും ബോർഡിനുള്ള വരുമാനം കുറയുകയും ഫലത്തിൽ ബോർഡും തൊഴിലാളിയും നഷ്ടം വഹിക്കുന്ന സാഹചര്യവുമുണ്ട്. ഇതിനാവശ്യമായ പരിഹാരമുണ്ടാക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ പുതിയ ഉത്തരവ് സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം. അഞ്ച് ഭേദഗതി ബില്ലുകളും കൊണ്ടുവരാനുണ്ടായ സാഹചര്യം ചുരുക്കി വിശദീകരിച്ചിട്ടുണ്ട്. ബില്ലുകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീമതി ഒ. എസ്. അംബിക, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഒ. ആർ. കേളു, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഒ. ആർ. കേളു: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ജെ. മാക്സി, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ജെ. മാക്സി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. രാജ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. രാജ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതിയെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ........................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ്, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതിയെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള

ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ, 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ........................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

(i) 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

161. ഖണ്ഡം 2-ൽ "പരാമർശിക്കപ്പെടുക" എന്നതിനു പകരം "അറിയപ്പെടുക" എന്ന് ചേർക്കുക.

179. ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ "പതിനഞ്ച്" എന്നതിന് പകരം "ഇരുപത്തിയഞ്ച്" എന്ന് ചേർക്കുക.

195. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ "പതിനഞ്ച് " എന്നതിനു പകരം "ഇരുപത്തിയഞ്ച് " എന്ന് ചേർക്കുക.

214. ഖണ്ഡം 2(3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(3)-ൽ " പതിനഞ്ച്" എന്നതിന് പകരം "ഇരുപത്തിയഞ്ച്" എന്ന് ചേർക്കുക.

224. ഖണ്ഡം 2(4) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ "എഴുപത്തിയഞ്ച് " എന്നതിനു പകരം "നൂറ്" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

162. ഖണ്ഡം 2(1) ഒഴിവാക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

163. ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ "രൂപാ" എന്ന് വരുന്നിടത്തെല്ലാം "രൂപ" എന്ന് ചേർക്കുക.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

165. ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ "പതിനഞ്ച്" എന്നതിന് പകരം "ഒൻപത്" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള:സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

166. ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ "പതിനഞ്ച്" എന്നതിന് പകരം "പത്ത്" എന്ന് ചേർക്കുക.

184. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ "പതിനഞ്ച്" എന്നതിനു പകരം "പത്ത്" എന്ന് ചേർക്കുക.

207. ഖണ്ഡം 2(3) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(3)-ൽ "പതിനഞ്ച്" എന്നതിന് പകരം "പത്ത്" എന്ന് ചേർക്കുക.

223. ഖണ്ഡം 2(4) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ "അംശദായത്തിന്റെ എഴുപത്തിയഞ്ച് ശതമാനത്തിന് തുല്ല്യമായ തുക" എന്നതിന് പകരം "അംശദായത്തിന് തുല്യമായ വിഹിതം" എന്ന് ചേർക്കുക.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

174. ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ "പതിനഞ്ച്" എന്നതിന് പകരം "പന്ത്രണ്ട്" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

181. പ്രധാന ആക്റ്റിലെ വകുപ്പ് 4(2)-ൽ "തഴ ഉൽപ്പന്നങ്ങളുടെയും" എന്നതിനു ശേഷം "നിർമ്മാണ തൊഴിലിലേർപ്പെട്ടിരിക്കുന്ന" എന്ന് ചേർക്കുക.

196. പ്രധാന ആക്റ്റിലെ വകുപ്പ് 4(3)-ൽ "സ്വന്തമായി തൊഴിലിലേർപ്പെട്ടിരിക്കുന്ന" എന്നതിനു പകരം "ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന " എന്ന് ചേർക്കുക.

221. പ്രധാന ആക്റ്റ് 4(4)-ൽ "അംശദായത്തിന് തുല്യമായ" എന്നതിന് പകരം "അംശാദായതുകയിൽ കുറയാത്ത" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

183. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ "ഓരോ മാസവും പതിനഞ്ച് രൂപ" എന്നതിനു പകരം "പ്രതിമാസം പതിനഞ്ച് രൂപ" എന്ന് ചേർക്കുക.

234. ഖണ്ഡം 2(4) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ "എഴുപത്തിയഞ്ച് ശതമാനത്തിന് തുല്യമായ" എന്നതിന് ശേഷം "ഒരു" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

187. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ "പതിനഞ്ച്" എന്നതിനു പകരം "പതിനെട്ട്" എന്ന് ചേർക്കുക.

209. ഖണ്ഡം 2(3) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(3)-ൽ "പതിനഞ്ച്" എന്നതിന് പകരം "പന്ത്രണ്ട്" എന്ന് ചേർക്കുക.

228. ഖണ്ഡം 2(4) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന

വകുപ്പ് 4(4)-ൽ "എഴുപത്തിയഞ്ച് " എന്നതിന് പകരം "നൂറ്റി അൻപത് " എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

191. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ "പതിനഞ്ച് " എന്നതിനു പകരം "ഇരുപത് " എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

197.ഖണ്ഡം 2(3) ഒഴിവാക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

198. ഖണ്ഡം 2(3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(3)-ൽ "ഓരോ മാസവും " എന്ന് വരുന്നിടത്തെല്ലാം "പ്രതിമാസം " എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

199. ഖണ്ഡം 2(3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(3)-ൽ "പതിനഞ്ച് " എന്നതിന് പകരം " എട്ട് " എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

222. ഖണ്ഡം 2(4) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ "എഴുപത്തിയഞ്ച് ശതമാനത്തിന് " എന്നത് ഒഴിവാക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

225.ഖണ്ഡം 2(4) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ "എഴുപത്തിയഞ്ച്" എന്നതിന് പകരം "നൂറ്റി ഇരുപത്തിയഞ്ച് " എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

231. ഖണ്ഡം 2(4) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ "എഴുപത്തിയഞ്ച്" എന്നതിന് പകരം "നൂറ്റി എഴുപത്തിയഞ്ച്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 167 മുതൽ 173 വരെയുള്ള ഭേദഗതികൾ 166-ാം നമ്പർ ഭേദഗതിക്കും 175 മുതൽ 178 വരെയുള്ള ഭേദഗതികൾ 174-ാം നമ്പർ ഭേദഗതിക്കും 185, 186 എന്നീ നമ്പർ ഭേദഗതികൾ 184-ാം നമ്പർ ഭേദഗതിക്കും 188 മുതൽ 190 വരെയുള്ള ഭേദഗതികൾ 187-ാം നമ്പർ ഭേദഗതിക്കും 192 മുതൽ 194 വരെയുള്ള ഭേദഗതികൾ 191-ാം നമ്പർ ഭേദഗതിക്കും 201 മുതൽ 208 വരെയുള്ള ഭേദഗതികൾ 207-ാം നമ്പർ ഭേദഗതിക്കും 210 മുതൽ 213 വരെയുള്ള ഭേദഗതികൾ 209-ാം നമ്പർ ഭേദഗതിക്കും 226 മുതൽ 230 വരെയുള്ള ഭേദഗതികൾ 228-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 161, 179, 195, 214, 224 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 166, 184, 207, 223 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽകുമാർ അവതരിപ്പിച്ച 174-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 181, 196, 221 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 183, 234 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 187, 209, 228 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 191-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 197-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 198-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 199-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 222-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 225-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 231-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

249. ഖണ്ഡം 3(2)-ൽ "എടുത്തതായി കരുതപ്പെടുന്നതോ" എന്നത് ഒഴിവാക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

258. ഖണ്ഡം 3(2)-ൽ "നടപടിയോ" എന്നതിന് ശേഷം "നടപടിക്രമമോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 250 മുതൽ 252 വരെയുള്ള ഭേദഗതികൾ 249-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 249-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 258-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

118. പീഠികയിൽ "ആക്റ്റ്" എന്നതിന് പകരം "നിയമം" എന്ന് ചേർക്കുക.

120. പീഠികയിൽ "ഇതിനുശേഷം" എന്നതിന് പകരം "താഴെ" എന്ന് ചേർക്കുക.

134. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്നതിന് പകരം "അനുയോജ്യമായിരിക്കുകയാൽ" എന്ന് ചേർക്കുക.

137. ഖണ്ഡം 1(1)-ൽ "എന്ന് പേര് പറയാം" എന്നതിന് പകരം "എന്ന് നാമകരണം ചെയ്യാം" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

121. പീഠികയിൽ " ഇതിനുശേഷം" എന്നതിന് പകരം "താഴെപ്പറയുന്ന" എന്ന് ചേർക്കുക

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

122. പീഠികയിൽ " ഇതിനുശേഷം കാണുന്ന" എന്നതിന് പകരം "ഇനിപ്പറയുന്ന" എന്ന് ചേർക്കുക

135. തത്വ പ്രഖ്യാപന വാക്യത്തിൽ "താഴെ പറയും പ്രകാരം" എന്നതിന് പകരം "ചുവടെ പരാമർശിക്കും പ്രകാരം" എന്ന് ചേർക്കുക.

138. ഖണ്ഡം 1(2)-ൽ "തീയതി" എന്നതിന് പകരം "തീയതിയിൽ" എന്ന് ചേർക്കുക.

150. ഖണ്ഡം 1(2)-ൽ "കരുതപ്പെടേണ്ടതാണ്" എന്നതിന് പകരം "കണക്കാക്കപ്പെടേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

123. പീഠികയിൽ " ഇതിനുശേഷം കാണുന്ന" എന്നതിന് പകരം "ഇനി പറയുന്ന" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

140. ഖണ്ഡം 1(2)-ൽ "തീയതി" എന്നതിന് ശേഷം "മുതൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 139 മുതൽ 142 വരെയുള്ള ഭേദഗതികൾ 140-ാം നമ്പർ ഭേദഗതിക്കും 147 മുതൽ 149 വരെയുള്ള ഭേദഗതികൾ 150-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 118, 120, 134, 137 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 122, 135, 138, 150 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

## (ii) 2021-ലെ കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

### രണ്ടാം വകുപ്പ്

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

176. ഖണ്ഡം (2) ഒഴിവാക്കുക.

191. പ്രധാന ആക്റ്റിലെ വകുപ്പ് 4(3)-ൽ "ഇരുപത് " എന്നതിന് പകരം "പത്ത്" എന്ന് ചേർക്കുക.

198. പ്രധാന ആക്റ്റിലെ വകുപ്പ് 4(3)-ൽ "ഇരുപത്" എന്നതിനു പകരം "പതിനഞ്ച്" എന്ന് ചേർക്കുക.

204. പ്രധാന ആക്റ്റിലെ വകുപ്പ് 4(4)-ൽ "പ്രതിമാസം അഞ്ച് രൂപ" എന്നതിനു പകരം "തുല്യമായ തുക" എന്ന് ചേർക്കുക.

220. പ്രധാന ആക്റ്റിലെ വകുപ്പ് 4(5)-ൽ " സർക്കാർ തീരുമാനിക്കുന്ന സ്ഥാപനങ്ങളിലോ " എന്നത് ഒഴിവാക്കുക

222. പ്രധാന ആക്റ്റിലെ വകുപ്പ് 4(6)-ൽ " (1) ഉം (2) ഉം ഉപവകുപ്പുകളിൽ പറഞ്ഞിട്ടുള്ള അംശദായ നിരക്കുകളും (4)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഗ്രാന്റിന്റെ നിരക്കും" എന്നതിന് പകരം "(4)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഗ്രാന്റിന്റെ നിരക്ക് " എന്ന് ചേർക്കുക.

232. പ്രധാന ആക്റ്റിലെ വകുപ്പ് 4 (6)-ൽ "മൂന്നു" എന്നതിന് പകരം "അഞ്ച്" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

181. ഖണ്ഡം 2-ൽ "(2006-ലെ 24)" എന്നതിന് പകരം "(2006-ലെ 24-ാം നമ്പർ ആക്റ്റ്)" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

182. ഖണ്ഡം 2-ൽ "പരാമർശിക്കപ്പെടുക" എന്നതിന് പകരം "അറിയപ്പെടുക" എന്ന് ചേർക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

183. ഖണ്ഡം 2-ൽ "ബ്രായ്ക്കറ്റുകളും" എന്നതിന് പകരം "ബ്രായ്ക്കറ്റും" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

184. ഖണ്ഡം 2-ൽ "വാക്കും" എന്നതിന് പകരം "അക്ഷരങ്ങളും" എന്ന് ചേർക്കുക.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

186. പ്രധാന ആക്റ്റിലെ വകുപ്പ് 4(3)-ൽ "സ്വന്തമായി തൊഴിൽ ചെയ്യുന്ന ഒരാൾ" എന്നതിന് പകരം "സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഒരാൾ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 177 മിതൽ 180 വരെയുള്ള ഭേദഗതികൾ 176-ാം നമ്പർ ഭേദഗതിക്കും 187 മുതൽ 190 വരെയുള്ള ഭേദഗതികൾ 186-ാം നമ്പർ ഭേദഗതിക്കും 192 മുതൽ 195 വരെയുള്ള ഭേദഗതികൾ 191-ാം നമ്പർ ഭേദഗതിക്കും 196 മുതൽ 200 വരെയുള്ള ഭേദഗതികൾ 198-ാം നമ്പർ ഭേദഗതിക്കും 201 മുതൽ 216 വരെയുള്ള ഭേദഗതികൾ 204-ാം നമ്പർ ഭേദഗതിക്കും 217 മുതൽ 221 വരെയുള്ള ഭേദഗതികൾ 220-ാം നമ്പർ ഭേദഗതിക്കും 223 മുതൽ 226 വരെയുള്ള ഭേദഗതികൾ 222-ാം നമ്പർ ഭേദഗതിക്കും 228 മുതൽ 233 വരെയുള്ള ഭേദഗതികൾ 232-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 176, 191, 198, 204, 220, 222, 232 എന്നീ നമ്പർ ഭേദഗതിൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 182-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 183-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 184-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 186-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

235. ഖണ്ഡം 3(2)-ൽ "ഭേദഗതി" എന്ന് വരുന്നിടത്തെല്ലാം അതിനുശേഷം "വഴി" എന്ന് ചേർക്കുക.

238. ഖണ്ഡം 3(2)-ൽ "ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി" എന്നതിന് പകരം "നടത്തിയതോ നടത്തിയതായി" എന്ന് ചേർക്കുക.

243. ഖണ്ഡം 3(2)-ൽ "കാര്യമോ എടുത്തതോ എടുത്തതായി " എന്നതിനു പകരം "കാര്യമോ നേടിയതോ നേടിയതായി " എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

239. ഖണ്ഡം 3(2)-ൽ "ചെയ്തതായി കരുതപ്പെടുന്നതോ" എന്നത് ഒഴിവാക്കുക.

244. ഖണ്ഡം 3(2)-ൽ "എടുത്തതായി കരുതപ്പെടുന്നതോ" എന്നത് ഒഴിവാക്കുക.

249. ഖണ്ഡം 3(2)-ൽ "നടപടിയോ," എന്നതിന് ശേഷം "നടപടികളോ," എന്ന് ചേർക്കുക.

മി. സ്പീക്കർ: 240 മുതൽ 242 വരെയുള്ള ഭേദഗതികൾ 239-ാം നമ്പർ ഭേദഗതിക്കും 245 മുതൽ 247 വരെയുള്ള ഭേദഗതികൾ 244-ാം നമ്പർ ഭേദഗതിക്കും 248 മുതൽ 252 വരെയുള്ള ഭേദഗതികൾ 249-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 235, 238, 243 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 239, 244, 249 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

109. ശീർഷകത്തിൽ "ആന്റ്" എന്നതിന് പകരം "&" എന്ന ചിഹ്നം ചേർക്കുക.

114. ദീർഘശീർഷകത്തിൽ "വീണ്ടും" എന്നത് ഒഴിവാക്കുക.

122. പീഠികയിൽ "ആന്റ് " എന്നതിന് പകരം "& " എന്ന ചിഹ്നം ചേർക്കുക.

130. പീഠികയിൽ "ഇതിനുശേഷം കാണുന്ന" എന്നതിന് പകരം "താഴെപ്പറയുന്ന" എന്ന് ചേർക്കുക.

133. പീഠികയിൽ "ആവശ്യങ്ങൾക്കായി" എന്നതിന് പകരം "കാര്യങ്ങൾക്കായി" എന്ന് ചേർക്കുക.

137. പീഠികയിൽ "വീണ്ടും" എന്നത് ഒഴിവാക്കുക.

147. തത്വപ്രഖ്യാപന വാക്യത്തിൽ "താഴെ പറയും" എന്നതിന് പകരം "ഇനിപ്പറയും" എന്ന് ചേർക്കുക.

149. ഖണ്ഡം 1(1)-ൽ "ആന്റ്" എന്നതിന് പകരം "&" എന്ന ചിഹ്നം ചേർക്കുക.

151. ഖണ്ഡം 1(1)-ൽ "എന്ന് പേര് പറയാം" എന്നതിന് പകരം "എന്ന് വിളിക്കാം" എന്ന് ചേർക്കുക.

152. ഖണ്ഡം 1(2)-ൽ "തീയതി" എന്നതിന് ശേഷം ", മുതൽ" എന്ന് ചേർക്കുക.

153. ഖണ്ഡം 1(2)-ൽ "തീയതി" എന്നതിന് ശേഷം "മുതൽ" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

123. പീഠികയിൽ "ആക്റ്റ് " എന്നതിന് ശേഷം "(2006-ലെ 24) " എന്ന ബ്രാക്കറ്റുകളും അക്കങ്ങളും വാക്കും ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

125. പീഠികയിൽ "ആക്റ്റ് " എന്നതിന് ശേഷം "(2006-ലെ 24-ാം നമ്പർ ആക്റ്റ്) " എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

127. പീഠികയിൽ "ഇതിനുശേഷം കാണുന്ന " എന്നതിന് പകരം "താഴെക്കാണുന്ന" എന്ന് ചേർക്കുക.

142. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്നതിനു പകരം "അനുയോജ്യമായിരിക്കുകയാൽ" എന്ന് ചേർക്കുക.

148. തത്വപ്രഖ്യാപന വാക്യത്തിൽ "താഴെ പറയും" എന്നതിന് പകരം "ഇനി പറയും" എന്ന് ചേർക്കുക.

162. ഖണ്ഡം 1(2)-ൽ "കരുതപ്പെടേണ്ടതാണ്" എന്നതിന് പകരം "കണക്കാക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

135. പീഠികയിൽ "ആവശ്യങ്ങൾക്കായി" എന്നതിന് പകരം "ആവശ്യത്തിനായി" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

163. ഖണ്ഡം 1(2)-ൽ "കരുതപ്പെടേണ്ടതാണ്" എന്നതിന് പകരം "കണക്കാക്കപ്പെടേണ്ടതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 110 മുതൽ 112 വരെയുള്ള ഭേദഗതികൾ 109-ാം നമ്പർ ഭേദഗതിക്കും 115 മുതൽ 117 വരെയുള്ള ഭേദഗതികൾ 114-ാം നമ്പർ ഭേദഗതിക്കും 131 മുതൽ 133 വരെയുള്ള ഭേദഗതികൾ 130-ാം നമ്പർ ഭേദഗതിക്കും തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 109, 114, 122, 130, 133, 137, 147, 149, 151, 152, 153 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിപിച്ച 123-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 127, 142, 148, 162 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 135-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്ഷ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്ഷ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

### (iii) 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

165. ഖണ്ഡം 2-ൽ "പരാമർശിക്കപ്പെടുക" എന്നതിനുപകരം

185. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 5(1)-ൽ "നൂറ്റി എൺപത്" എന്നതിനുപകരം "ഇരുനൂറ്" എന്ന് ചേർക്കുക.

199. ഖണ്ഡം 2(ii)-ൽ പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 5(2)-ൽ "നൂറ്റി എൺപത്" എന്നതിനുപകരം "ഇരുന്നൂറ്" എന്ന് ചേർക്കുക.

220. ഖണ്ഡം 2(iii) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ൽ "മൂന്നൂറ്റി അറുപത്" എന്നതിനുപകരം "നാനൂറ്" എന്ന് ചേർക്കുക.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

173. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 5(1)-ൽ "നൂറ്റി എൺപത്" എന്നതിനുപകരം "നൂറ്റി നാൽപത്" എന്ന് ചേർക്കുക.

219. ഖണ്ഡം 2(iii) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ൽ "മുന്നൂറ്റി അറുപത്" എന്നതിനുപകരം "മുന്നൂറ്റി അൻപത്" എന്ന് ചേർക്കുക.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

179. ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 5(1)-ൽ "നൂറ്റി എൺപത്" എന്നതിനുപകരം "നൂറ്റി അമ്പത്" എന്ന് ചേർക്കുക.

191. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 5(2)-ൽ "നൂറ്റി എൺപത്" എന്നതിനുപകരം "നൂറ്റി അൻപത്" എന്ന് ചേർക്കുക.

202. ഖണ്ഡം 2(iii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 5(3) ൽ "മൂന്നൂറ്റി അറുപത്" എന്നതിനുപകരം "ഇരുന്നൂറ്റി അമ്പത്" എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

186. പ്രധാന ആക്റ്റിലെ വകുപ്പ് 5(2)-ൽ "നൂറ്റി ഇരുപത് രൂപ വീതം" എന്നതിനുപകരം "തുക" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

190. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 5(2)-ൽ "നൂറ്റി എൺപത്" എന്നതിനുപകരം "നൂറ്റി നാൽപത്" എന്ന് ചേർക്കുക.

221. ഖണ്ഡം 2(iii) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ൽ "മുന്നൂറ്റി അറുപത്" എന്നതിനുപകരം "നാന്നൂറ്റി ഇരുപത്" എന്ന് ചേർക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

203. ഖണ്ഡം 2(iii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 5(3)-ൽ "മൂന്നൂറ്റി അറുപത്" എന്നതിനുപകരം "ഇരുന്നൂറ്റി അറുപത്" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

206. ഖണ്ഡം 2(iii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 5(3)-ൽ "മുന്നൂറ്റി അറുപത്" എന്നതിനുപകരം "ഇരുന്നൂറ്റി തൊണ്ണൂറ്" എന്ന് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

212. ഖണ്ഡം 2(iii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 5(3)-ൽ "മുന്നൂറ്റി അറുപത്" എന്നതിനുപകരം "മുന്നൂറ്റി നാൽപത്" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

222. പ്രധാന ആക്ടിലെ വകുപ്പ് 5(3)-ന് താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

"എന്നാൽ, സർക്കാരിന് വിജ്ഞാപനം വഴി (1) മുതൽ (3) വരെയുള്ള ഉപവകുപ്പിൽ പറയുന്ന അംശദായം കാലാകാലങ്ങളിൽ പരിഷ്കരിക്കാവുന്നതാണ്."

മി. സ്പീക്കർ: 174 മുതൽ 178 വരെയുള്ള ഭേദഗതികൾ 173-ാം നമ്പർ ഭേദഗതിക്കും 180 മുതൽ 184 വരെയുള്ള ഭേദഗതികൾ 179-ാം നമ്പർ ഭേദഗതിക്കും 187-ാം നമ്പർ ഭേദഗതി 186-ാം നമ്പർ ഭേദഗതിക്കും 196 മുതൽ 200 വരെയുള്ള ഭേദഗതികൾ 199-ാം നമ്പർ ഭേദഗതിക്കും 213 മുതൽ 215 വരെയുള്ള ഭേദഗതികൾ 212-ാം നമ്പർ ഭേദഗതിക്കും 216 മുതൽ 218 വരെയുള്ള ഭേദഗതികൾ 219-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 165, 185, 199, 220 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 173, 219 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 179, 191, 202 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 186-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 190, 221 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 203-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 206-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 212-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 222-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

226. ഖണ്ഡം 3 (2)-ൽ "ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ" എന്നതിനുപകരം "നടപ്പിലാക്കിയതോ നടപ്പിലാക്കിയതായി കരുതപ്പെടുന്നതോ" എന്ന് ചേർക്കുക.

231. ഖണ്ഡം 3(2)-ൽ "എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ" എന്നതിനുപകരം "നേടിയതോ നേടിയതായി കരുതപ്പെടുന്നതോ" എന്ന് ചേർക്കുക.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

227. ഖണ്ഡം 3 (2)-ൽ "ചെയ്തതായി കരുതപ്പെടുന്നതോ" എന്നത് ഒഴിവാക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

232. ഖണ്ഡം 3 (2)-ൽ "എടുത്തതായി കരുതപ്പെടുന്നതോ" എന്നത് ഒഴിവാക്കുക.

239. ഖണ്ഡം 3(2)-ൽ "നടപടിയോ" എന്നതിനു ശേഷം "നടപടികളോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 228, 229, 230 എന്നീ നമ്പർ ഭേദഗതികൾ 227-ാം നമ്പർ ഭേദഗതിക്കും 233, 234, 235 എന്നീ നമ്പർ ഭേദഗതികൾ 232-ാം നമ്പർ ഭേദഗതിക്കും 236, 237, 238, 239, 240 എന്നീ നമ്പർ ഭേദഗതികൾ 239-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 226, 231 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 227-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 232, 239 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന പുതിയ വകുപ്പ്

മി. സ്പീക്കർ: 241, 242 എന്നീ നമ്പർ ഭേദഗതികൾ ഓപ്പൺ ചെയ്യാത്ത ക്ലോസിനുള്ളതാകയാൽ ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

109. ശീർഷകത്തിൽ "കേരള" എന്നതിന് ശേഷം "സംസ്ഥാന" എന്ന് ചേർക്കുക.

110. ദീർഘശീർഷകത്തിൽ "കേരള" എന്നതിന് ശേഷം "സംസ്ഥാന" എന്ന് ചേർക്കുക.

116. പീഠികയിൽ "കേരള" എന്നതിന് ശേഷം "സംസ്ഥാന" എന്ന് ചേർക്കുക.

129. പീഠികയിൽ "ഇതിനുശേഷം കാണുന്ന" എന്നതിനുപകരം "താഴെപ്പറയുന്ന" എന്ന് ചേർക്കുക.

130. പീഠികയിൽ "ആവശ്യങ്ങൾക്കായി" എന്നതിനുപകരം "ഉദ്ദേശങ്ങൾക്കായി" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

121. പീഠികയിൽ "ആക്റ്റ്" എന്നതിനുപകരം "നിയമം" എന്ന് ചേർക്കുക.

124. പീഠികയിൽ "ഇതിനുശേഷം കാണുന്ന" എന്നതിനുപകരം "ഇനി കാണുന്ന" എന്ന് ചേർക്കുക.

135. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്നതിനുപകരം "അനുയോജ്യമായിരിക്കുകയാൽ" എന്ന് ചേർക്കുക.

137. തത്വപ്രഖ്യാപനവാക്യത്തിൽ "പ്രകാരം" എന്നതിനുപകരം "വിധം" എന്ന് ചേർക്കുക.

139. ഖണ്ഡം 1(1)-ൽ "എന്ന് പേര് പറയാം" എന്നതിനുപകരം "എന്ന് നാമകരണം ചെയ്യാം" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

123. പീഠികയിൽ "ഇതിനുശേഷം കാണുന്ന" എന്നതിനുപകരം "ഇനി പറയുന്ന" എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

134. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്നതിനുപകരം "അഭികാമ്യമായിരിക്കുകയാൽ" എന്ന് ചേർക്കുക.

136. തത്വപ്രഖ്യാപനവാക്യത്തിൽ "താഴെപ്പറയും" എന്നതിനുപകരം "ഇനിപ്പറയുന്ന" എന്ന് ചേർക്കുക.

140. ഖണ്ഡം 1(2)-ൽ "തീയതി" എന്നതിന് ശേഷം "മുതൽ" എന്ന് ചേർക്കുക.

150. ഖണ്ഡം 1 (2)-ൽ "പ്രാബല്യത്തിൽ" എന്നതിനുപകരം "നിലവിൽ" എന്ന് ചേർക്കുക.

154. ഖണ്ഡം 1(2)-ൽ "കരുതപ്പെടേണ്ടതാണ്" എന്നതിനുപകരം "കണക്കാക്കപ്പെടാവുന്നതാണ്" എന്ന് ചേർക്കുക.

160. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക:

"(2) ഇത് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ് "

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

155. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക :

"(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്"

മി. സ്പീക്കർ: 111 മുതൽ 114 വരെയുള്ള ഭേദഗതികൾ 110-ാം നമ്പർ ഭേദഗതിക്കും 117 മുതൽ 120 വരെയുള്ള ഭേദഗതികൾ 116-ാം നമ്പർ ഭേദഗതിക്കും 125 മുതൽ 128 വരെയുള്ള ഭേദഗതികൾ 129-ാം നമ്പർ ഭേദഗതിക്കും 141 മുതൽ 145 വരെയുള്ള ഭേദഗതികൾ 140-ാം നമ്പർ ഭേദഗതിക്കും 147 മുതൽ 149 വരെയുള്ള ഭേദഗതികൾ 150-ാം നമ്പർ ഭേദഗതിക്കും 151 മുതൽ 153 വരെയുള്ള ഭേദഗതികൾ 154-ാം നമ്പർ ഭേദഗതിക്കും 156 മുതൽ 159 വരെയുള്ള ഭേദഗതികൾ 155-ാം നമ്പർ ഭേദഗതിക്കും 161 മുതൽ 163 വരെയുള്ള ഭേദഗതികൾ 160-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 109, 110, 116, 129, 130 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 121, 124, 135, 137, 139 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 134, 136, 140, 150, 154, 160 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 155-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

### (iv) 2021-ലെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ

#### രണ്ടാം വകുപ്പ്

Dr. Mathew Kuzhalnadan: Sir, I move the following amendment:

152. In Clause 2 before the figure "34 " the word "Act " shall be inserted.

Shri Mons Joseph: Sir, I move the following amendments:

155 .In Clause 2 for the word "herinafter " the word "henceforth " shall be substituted.

188. In section 2 (9B) proposed to be inserted in the principal Act by Clause 2, for the word "cater" the word "serve" shall be substituted.

Dr. N. Jayaraj: Sir, I move the following amendment:

156. In section 2 (9A) proposed to be inserted in the principal Act by Clause 2, for the word "Administrator" the word "Administrators" shall be substituted.

Smt. K. K. Rema: Sir, I move the following amendments:

157. In section 2 (9A) proposed to be inserted in the principal Act by Clause 2, for the word "officers" the words "an officer " shall be substituted.

176. In section 2 (9B) proposed to be inserted in the principal Act by Clause 2, after the words "a software" the word and symbol "developed," shall be inserted.

Shri Sebastian Kulathunkal: Sir, I move the following amendment:

158. In section 2 (9A) proposed to be inserted in the principal Act by Clause 2, for the word "officers" the word "officer" shall be substituted.

Shri. U. A. Lathif: Sir, I move the following amendments:

159. In section 2 (9A) proposed to be inserted in the principal Act by Clause 2, for the words "Labour department" the words "Labour Department " shall be substituted.

186. In section 2 (9B) proposed to be inserted in the principal Act by Clause 2, for the words "to cater" the words "to provide" shall be substituted.

Shri P. Ubaidulla: Sir, I move the following amendments:

163. In section 2 (9A) proposed to be inserted in the principal Act by Clause 2 for the words "Labour department" the words "Labour and Rehabilitation Department" shall be substituted.

178. In section 2 (9B) proposed to be inserted in the principal Act by Clause 2, for the words "Labour department" the words "Labour and Rehabilitation Department" shall be substituted.

Shri P. Abdul Hameed: Sir, I move the following amendments:

164. In section 2 (9A) proposed to be inserted in the principal Act by Clause 2 the word "of the State" shall be deleted.

187. In section 2 (9B) proposed to be inserted in the principal Act by Clause 2, for the word "cater" the word "provide" shall be substituted.

Shri A. P. Anil Kumar: Sir, I move the following amendment:

167. In section 2 (9A) proposed to be inserted in the principal Act by Clause 2 after the word "under" the words and numbers "section 25 of" shall be inserted.

Shri N. Samsudheen: Sir, I move the following amendments:

170. In section 2 (9B) proposed to be inserted in the principal Act by Clause 2 for the words "Labour Commissionerate Automation System" the words "Automation System of Labour Commissionerate" shall be substituted

179. In section 2 (9B) proposed to be inserted in the principal Act by Clause 2, for the words "to cater" the words "to meet" shall be substituted.

മി. സ്പീക്കർ: 153, 154 എന്നീ നമ്പർ ഭേദഗതികൾ 152-ാം നമ്പർ ഭേദഗതിക്കും 160 മുതൽ 162 വരെയുള്ള ഭേദഗതികൾ 159-ാം നമ്പർ ഭേദഗതിക്കും 168, 169 എന്നീ നമ്പർ ഭേദഗതികൾ 167-ാം നമ്പർ ഭേദഗതിക്കും 171 മുതൽ 173 വരെയുള്ള ഭേദഗതികൾ 170-ാം നമ്പർ ഭേദഗതിക്കും 180 മുതൽ 182 വരെയുള്ള ഭേദഗതികൾ 179-ാം നമ്പർ ഭേദഗതിക്കും 183 മുതൽ 185 വരെയുള്ള ഭേദഗതികൾ 186-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 160-ാം നമ്പർ ഭേദഗതി 159-ാം നമ്പർ ഭേദഗതിക്ക് തുല്യമാണെങ്കിലും ഒരു spelling mistake കറക്ഷനുവേണ്ടിയുള്ളതാണത്. ബില്ലിന്റെ പെർഫക്ഷനുവേണ്ടി അത് സ്വീകരിക്കേണ്ടതാണ്. "Labour department"-ൽ department എന്ന വാക്കെഴുതുമ്പോൾ, രണ്ടാമത്തെ വാക്കായ small letter 'd'-ക്ക് പകരം capital letter 'D'-യാണ് എഴുതേണ്ടത്. ആറേഴ് ബില്ലുകളിൽ ഒരു ഭേദഗതിപോലും സ്വീകരിച്ചില്ലായെന്ന അപഖ്യാതി ഒഴിവാക്കാനായി ഇത് സ്വീകരിക്കാവുന്നതാണ്. സമാനമായത് സ്വീകരിച്ചാലും മതി.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 152-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 155, 188 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 176-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 158-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 159, 186 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 163, 178 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 164, 187 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 167-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 170, 179 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

Shri A. K. M. Ashraf: Sir, I move the following amendments:

190. In section 5 A(1) proposed to be inserted the principal Act by Clause 3 (1) for the words "Labour Commissionerae Automation System" the words "Automation System of Labour Commissionerate" shall be substituted.

231. In section 5A(8) proposed to be inserted in the principal Act by Clause 3(4) for the words "Labour Commissionerate Automation System" the words "Automation System of Labour Commissionerate" shall be substituted.

Smt. K. K. Rema: Sir, I move the following amendments:

196. In section 5 A(6) proposed to be substituted in the principal Act by Clause 3(2) before the word "granted" the word "already" shall be inserted.

224. In section 5A(6) proposed to be substituted in the principal Act by Clause 3(2) before the word "automatically" the word "online" shall be inserted.

227. Clause 3(3) shall be deleted.

228. In section 5A(8) proposed to be inserted in the principal Act by Clause 3(4) after the word "through" the word "the" shall be inserted.

Shri P. Abdul Hameed: Sir, I move the following amendments:

197. In section 5 A(6) proposed to be substituted in the principal Act by Clause 3(2) for the word "granted" the word "permitted" shall be substituted.

214. In section 5A(6) proposed to be substituted in the principal Act by Clause 3(2) for the word "thirty" the figure "30" shall be substituted.

217. In section 5A(6) proposed to be substituted in the principal Act by Clause 3(2) for the word "prescribed" the word "suggested" shall be substituted.

218. In section 5A(6) proposed to be substituted in the principal Act by Clause 3(2) for the words "Labour Commissionerate Automation System" the words "Automation System of Labour Commissionerate" shall be substituted.

Shri P. K. Basheer: Sir, I move the following amendment:

198. In section 5 A(6) proposed to be substituted in the principal Act by Clause 3(2) for the words "at least thirty days" shall be deleted.

Shri P. C. Vishnunadh: Sir, I move the following amendment:

202. In section 5A (6) proposed to be substituted in the principal Act by Clause 3(2) for the word "thirty" the word "ten" shall be substituted.

Shri Mons Joseph: Sir, I move the following amendment:

213. In section 5A(6) proposed to be substituted in the principal Act by Clause 3(2) for the word "thirty" the word "twenty one" shall be substituted.

Shri Manjalamkuzhi Ali: Sir, I move the following amendment:

223. In section 5A(6) proposed to be substituted in the principal Act by Clause 3(2) for the words "renewed automatically" the words and symbol "auto- renewed" shall be substituted.

മി. സ്പീക്കർ: 191 മുതൽ 193 വരെയുള്ള ഭേദഗതികൾ 190-ാം നമ്പർ ഭേദഗതിക്കും 199 മുതൽ 201 വരെയുള്ള ഭേദഗതികൾ 198-ാം നമ്പർ ഭേദഗതിക്കും 203 മുതൽ 206 വരെയുള്ള ഭേദഗതികൾ 202-ാം നമ്പർ ഭേദഗതിക്കും 219 മുതൽ 221 വരെയുള്ള ഭേദഗതികൾ 218-ാം നമ്പർ ഭേദഗതിക്കും 229 മുതൽ 232 വരെയുള്ള ഭേദഗതികൾ 231-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 190, 231 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 196, 224, 227, 228 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 197, 214, 217, 218 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 198-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 202-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 223-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

Shri A. K. M. Ashraf: Sir, I move the following amendment:

235. In Clause 4 (2), the words "or deemed to have been done" shall be deleted.

Shri Mons Joseph: Sir, I move the following amendment:

238. In Clause 4 (2), for the word "deemed" the word "considered" shall be substituted wherever it occurs.

Shri Najeeb Kanthapuram: Sir, I move the following amendment:

240. In Clause 4 (2), the words "or deemed to have been taken" shall be deleted.

മി. സ്പീക്കർ: 239-ാം നമ്പർ ഭേദഗതി 238-ാം നമ്പർ ഭേദഗതിക്കും 241 മുതൽ 243 വരെയുള്ള ഭേദഗതികൾ 240-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 235-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 238-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 240-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

Shri P. Ubaidulla: Sir, I move the following amendments:

109. In title after the word "Kerala" the word "State" shall be inserted.

115. In the long title the word "further" shall be deleted.

117. In the Preamble for the word "expedient" the word "appropriate" shall be substituted.

121. In the preamble, the word "further" shall be deleted.

129. In the preamble for the words "for the purposes hereinafter appearing;" the words "for the following purposes;" shall be substituted.

139. In Clause 1(1), after the word "Kerala" the word "State" shall be inserted.

141. In Clause 1(2), the words "deemed to have" shall be deleted.

Shri P. Abdul Hameed: Sir, I move the following amendments:

116. In the long title for the word "and" the symbol "&" shall be substituted.

137. In the enacting formula, for the word "enacted" the word "passed" shall be substituted.

143. In Clause 1(2), for the words, figures and symbols "on the 9th day of November, 2020" the word "at once" shall be substituted.

145. In Clause 1(2) shall be recast as follows:-

"(2) It shall come into force at once."

Shri Mons Joseph: Sir, I move the following amendments:

130. In the preamble for the word "purposes" the word "motivating" shall be substituted.

135. In the preamble for the word "hereinafter" the word "In future" shall be substituted.

136. In the preamble for the word "appearing" the word "materialize" shall be substituted.

142.In Clause 1(2), for the word "deemed" the word "consider" shall be substituted.

Shri T. V. Ibrahim: Sir, I move the following amendment:

131. In the preamble for the words "purposes hereinafter appearing;" the words "following purposes" shall be substituted.

Shri N. Samsudheen: Sir, I move the following amendment:

148. In Clause 1(2) shall be recast as follows:-

"(2) It shall come into force on such date as Government may notify in the official Gazette."

മി. സ്പീക്കർ: 110 മുതൽ 114 വരെയുള്ള ഭേദഗതികൾ 115-ാം നമ്പർ ഭേദഗതിക്കും 118, 119 എന്നീ നമ്പർ ഭേദഗതികൾ 117-ാം നമ്പർ ഭേദഗതിക്കും 120 മുതൽ 124 വരെയുള്ള ഭേദഗതികൾ 121-ാം നമ്പർ ഭേദഗതിക്കും 132 മുതൽ 134 വരെയുള്ള ഭേദഗതികൾ 131-ാം നമ്പർ ഭേദഗതിക്കും 144, 146, 147 എന്നീ നമ്പർ ഭേദഗതികൾ 145-ാം നമ്പർ ഭേദഗതിക്കും 149 മുതൽ 151 വരെയുള്ള ഭേദഗതികൾ 148-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാലും 138-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിലാകയാൽ ക്രമപ്രകാരമല്ലാത്തതിനാലും അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 109, 115, 117, 121, 129, 139, 141 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 116, 137, 143, 145 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 130, 135, 136, 142 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 131-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2021-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

## (v) 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ

### രണ്ടാം വകുപ്പ്

Shri Mons Joseph: Sir, I move the following amendments.

152. In Clause 2 for the word "hereinafter" the word "henceforth" shall be substituted.

156. In section 7(1) proposed to be substituted in the principal Act by Clause 2(1) for the words and symbol "fifty-five" the word "fifty" shall be substituted.

166. In section 7(1A) proposed to be inserted in the principal Act by Clause 2(2) for the word "adolescent" the word "teenaged" shall be substituted.

168. In section 7(1A) proposed to be inserted in the principal act by Clause 2(2) for the word "required" the word "need" shall be substituted.

184. In section 7(1A) proposed to be inserted in the principal Act by Clause 2(2) for the words and symbol "thirty-five" the words "thirty" shall be substituted.

Shri. Sebastian Kulathunkal: Sir, I move the following amendments.

162. In section 7(1) proposed to be substituted in the principal Act by Clause 2(1) the symbol "-" in between the words "fifty" and "five" shall be deleted.

164. In section 7(1A) proposed to be inserted in the principal Act by Clause 2(2) for the word "women" the word "woman" shall be substituted.

170. In section 7(1A) proposed to be inserted in the principal act by Clause 2(2) for the word "person" the words "by any other way" shall be substituted.

Shri P. Ubaidulla: Sir, I move the following amendment:

167. In section 7(1A) proposed to be inserted in the principal Act by Clause 2(2) for the word "worker" the word "workers" shall be substituted.

മി. സ്പീക്കർ: 153 മുതൽ 161 വരെയുള്ള ഭേദഗതികൾ 156-ാം നമ്പർ ഭേദഗതിക്കും 163, 165 എന്നീ നമ്പർ ഭേദഗതികൾ 164-ാം നമ്പർ ഭേദഗതിക്കും 172 മുതൽ 183 വരെയുള്ള ഭേദഗതികൾ 184-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാലും 185 മുതൽ 187 വരെയുള്ള ഭേദഗതികൾ 184-ാം നമ്പർ ഭേദഗതിയിൽ അടങ്ങുന്നതിനാലും അവതരിപ്പിക്കേണ്ടതില്ല.

മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി സ്വീകരിച്ച 164-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 152, 156, 166, 168, 184 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 162, 170 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 167-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

Shri A. P. Anil Kumar: Sir, I move the following amendment:

188. Clause 3(1) shall be deleted.

Smt. K. K. Rema: Sir, I move the following amendments.

192. In section 43(1) proposed to be inserted in the principal Act by Clause 3(1) for the words "either prospectively or retrospectively" the words "prospectively" shall be substituted.

194. Clause 3(2) shall be deleted.

Shri Mons Joseph: Sir, I move the following amendments.

193. In section 43(1) proposed to be inserted in the principal Act by Clause 3(1) for the word "prospectively" the word "anticipatedly" shall be substituted.

195. Clause 3(2) for the word "relettered" wherever it occurs, the word "assigned" shall be substituted.

Shri Sebastian Kulathunkal: Sir, I move the following amendment:

196. In section 43(2)(d) proposed to be inserted in the principal Act by Clause 3(2) for the words "officers and" the word "all" shall be substituted.

Shri P. Ubaidulla : Sir, I move the following amendment:

197. In section 43(2)(d) proposed to be inserted in the principal Act by Clause 3(2) for the words "the Board", the words "The Kerala Headload Workers Board" shall be substituted.

മി. സ്പീക്കർ: 189, 190, 191 എന്നീ നമ്പർ ഭേദഗതികൾ 188-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 192, 194 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 193, 195 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 196-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 197-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

Shri Mons Joseph: Sir, I move the following amendment:

198. In Clause 4(1) for the word "repealed" the word "revoked" shall be substituted.

Shri N. Samsudheen: Sir, I move the following amendment:

199. In Clause 4(2) the words "deemed to have been done" shall be deleted wherever it occurs.

Shri U. A. Lathif: Sir, I move the following amendment:

203. In Clause 4(2) the words "deemed to have been taken" shall be deleted.

മി. സ്പീക്കർ: 200, 201, 202 എന്നീ നമ്പർ ഭേദഗതികൾ 199-ാം നമ്പർ ഭേദഗതിക്കും 204, 205, 206 എന്നീ നമ്പർ ഭേദഗതികൾ 203-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 198-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 199-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 203-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

Shri P. Ubaidulla: Sir, I move the following amendments.

109. In the title after the word "Kerala", the word "State" shall be inserted.

110. In the long title the word "further" shall be deleted.

115. In the Preamble for the word "expedient" the word "convenient" shall be substituted.

122. In the Preamble the word "further" shall be deleted.

127. In the Preamble for the words "for the purposes hereinafter appearing" the word "for the following purposes" shall be substituted.

137. In Clause 1(1) after the word "Kerala" the word "State" shall be inserted.

Shri Mons Joseph: Sir, I move the following amendments.

128. In the Preamble for the word "purposes" the word "determination" shall be substituted.

133. In the Preamble for the word "hereinafter" the word "subsequently" shall be substituted.

134. In the enacting formula for the word "enacted" the word "sanction" shall be substituted.

Shri T. V. Ibrahim: Sir, I move the following amendment:

129. In the Preamble for the words "purposes hereinafter appearing;" the words "following purposes;" shall be substituted.

Shri P. Abdul Hameed: Sir, I move the following amendments.

136. In Clause 1(1) for the words "Kerala Headload Workers(Amendment) Act, 2021" the symbol " " shall be inserted.

138. In Clause 1(2) for the word "deemed" the word "assumed" shall be substituted.

139. In Clause 1(2) for the words "come into force" the words "take effect" shall be substituted.

145. Clause 1 (2) shall be recast as follows:

"(2) It shall come into force on such date as Government may notified in the official Gazette."

Shri N. Samsudheen : Sir, I move the following amendment:

140. Clause 1(2) shall be recast as follows:

"(2) It shall come into force at once."

മി. സ്പീക്കർ: 111, 112, 113, 114 എന്നീ നമ്പർ ഭേദഗതികൾ 110-ാം നമ്പർ ഭേദഗതിക്കും 116-ാം നമ്പർ ഭേദഗതി 115-ാം നമ്പർ ഭേദഗതിക്കും 117, 118, 119, 120, 121 എന്നീ നമ്പർ ഭേദഗതികൾ 122-ാം നമ്പർ ഭേദഗതിക്കും 130, 131, 132 എന്നീ നമ്പർ ഭേദഗതികൾ 129-ാം നമ്പർ ഭേദഗതിക്കും 141, 142, 143 എന്നീ നമ്പർ ഭേദഗതികൾ 140-ാം നമ്പർ ഭേദഗതിക്കും 144, 146, 147 എന്നീ നമ്പർ ഭേദഗതികൾ 145-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാലും 135-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിലാകയാൽ ക്രമപ്രകാരമല്ലാത്തതിനാലും അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 109, 110, 115, 122, 127, 137 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 128, 133, 134 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 136, 138, 139, 145 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

## VIII റൂളിംഗ്

മി. സ്പീക്കർ: ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)യുടെ ക്രമപ്രശ്നത്തിനുള്ള നോട്ടീസ് ലഭിക്കുകയുണ്ടായി. സഭയുടെ വികാരം അറിഞ്ഞുകൊണ്ടാണ് ചെയർ അത്തരമൊരു ധാരണയിലെത്തിയത്. അങ്ങ് പരിചയസമ്പന്നനും നടപടിക്രമങ്ങളെക്കുറിച്ച് അവഗാഹവുമുള്ള അംഗമാണ്. അത് സഭയിൽ ഉന്നയിക്കുന്നതിൽ അനൗചിത്യമുണ്ട്. അതുസംബന്ധിച്ച് നിരീക്ഷണം നടത്താൻ ചെയർ ആഗ്രഹിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ സംസാരിക്കട്ടെ.

<u>മി. സ്പീക്കർ</u>: അങ്ങ് അതിവിടെ ഉന്നയിക്കുന്നത് അനൗചിത്യമാണ്. അങ്ങയുടെ ക്രമപ്രശ്നം സംബന്ധിച്ച നോട്ടീസിനെക്കുറിച്ച് ചെയറിന്റെ നിരീക്ഷണം പറയുന്നുണ്ട്. അങ്ങ് ദയവായി അത് കേൾക്കണം.

2021 നവംബർ 9-ാം തീയതി സഭ പരിഗണിച്ച 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിന്റെ മൂന്നാം വായനയിൽ ഡിവിഷൻ ആവശ്യപ്പെട്ടിട്ടും ബിൽ ശബ്ദവോട്ടോടെ പാസ്സാക്കിയതിനെതിരെ ബഹുമാനപ്പെട്ട അംഗം കെ. ബാബു (തൃപ്പൂണിത്തുറ) ക്രമപ്രശ്നത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ചെയറിന് പറയാനുള്ളത് ഇപ്രകാരമാണ്.

ബില്ലിന്റെ പരിഗണനാവേളയിൽ സഭ നിയന്ത്രിച്ചിരുന്ന ചെയർ സഭയുടെ സെൻസ് മനസ്സിലാക്കി എടുത്ത തീരുമാനത്തിന്മേൽ പരിശോധനയോ ഡിബേറ്റോ നടത്തുന്നത് പാർലമെന്ററി നടപടിക്രമത്തിന് ഉചിതമല്ല. ഏതായാലും അങ്ങ് എഴുതി നൽകിയ വിഷയത്തിന്റെ സ്പിരിറ്റ് ഉൾക്കൊള്ളുന്നു. ഭാവിയിൽ ഇക്കാര്യങ്ങൾ പ്രത്യേകമായി ശ്രദ്ധിക്കുന്നതാണ്.

ഇന്ന് ചോദ്യോത്തരവേളയുടെ അവസാനം സഭയിൽ ഉപചോദ്യങ്ങൾ ചോദിക്കാൻ അവസരം നൽകുന്ന രീതിയിൽ അപാകത ഉന്നയിച്ചുകൊണ്ടുള്ള ചില പരാമർശങ്ങൾ ഉയർന്നുവരികയുണ്ടായി. ഉപചോദ്യങ്ങൾ അനുവദിക്കുന്നത് സുവ്യക്തമായ ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാണെന്നും അതിൽ മറ്റ് പരിഗണനകൾ പ്രതിഫലിക്കാറില്ലെന്നും ചെയർ വിശദീകരിക്കുകയുണ്ടായി. ഇക്കാര്യം സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ പരിശോധിച്ച് പറയാമെന്നും വ്യക്തമാക്കിയിരുന്നു. ഉപചോദ്യങ്ങൾ അനുവദിക്കുന്നത് പ്രധാനമായും താഴെപ്പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. കക്ഷി നേതാക്കൾ, മുതിർന്ന അംഗങ്ങൾ, മുൻ മന്ത്രിമാർ, പ്രതിപക്ഷനേതാവ്, വനിതകൾ, പുതിയ അംഗങ്ങൾ, ഇതുവരെ അവസരം ലഭിക്കാത്തവർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകുന്നു. കൂടാതെ, ചോദ്യവുമായി ബന്ധപ്പെട്ട മേഖലയിൽ പ്രവർത്തിക്കുന്നവർക്കും പ്രത്യേക പരിഗണന നൽകാറുണ്ട്. നടപ്പ് സമ്മേളനത്തിൽ ഇന്നുവരെ ഭരണപക്ഷത്തുനിന്നുള്ള അംഗങ്ങൾക്ക് 189 ഉപചോദ്യങ്ങളും പ്രതിപക്ഷത്തുനിന്നുള്ള അംഗങ്ങൾക്ക് 155 ഉപചോദ്യങ്ങളും അനുവദിച്ചിട്ടുണ്ട്. ആകെ 344 ഉപചോദ്യങ്ങളാണ് ഈ സമ്മേളന കാലയളവിൽ അനുവദിച്ചിട്ടുള്ളത്. മൊത്തം അനുവദിച്ചതിൽ 45 ശതമാനം ഉപചോദ്യങ്ങൾ പ്രതിപക്ഷത്തിനും 55 ശതമാനം ഭരണപക്ഷത്തിനുമാണ് അനുവദിച്ചിരിക്കുന്നത്. അംഗങ്ങളുടെ അനുപാതം പരിശോധിച്ചാൽ പ്രതിപക്ഷാംഗങ്ങളുടെ അനുപാതം 29 ശതമാനവും ഭരണപക്ഷത്തിന്റേത് 71 ശതമാനവുമാണ്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, അങ്ങയെ ചോദ്യം ചെയ്യുകയല്ല. അത് കീഴ്വഴക്കമല്ല. .....(.ബഹളം).....

<u>മി. സ്പീക്കർ</u>: ചെയർ പറയുന്നത് മുഴുവനും കേൾക്കു. ഭരണ-പ്രതിപക്ഷ പാർട്ടികളുടെ അംഗബലത്തിന് ആനുപാതികമായിട്ടല്ല ഉപചോദ്യങ്ങൾ അനുവദിച്ചിരിക്കുന്നതെന്ന് ഇതിൽനിന്നും വ്യക്തമാണ്. ദയവായി അംഗങ്ങൾ ശ്രദ്ധിക്കണം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങയെപ്പോലുള്ള മുതിർന്ന അംഗങ്ങൾ ചെയർ പറയുന്നത് പ്രത്യേകം ശ്രദ്ധിക്കണം. ചോദ്യോത്തരവേളയുടെ സമയം പ്രത്യേക ഉദ്ദേശ്യത്തോടുകൂടി ദീർഘിപ്പിച്ചുനൽകി എന്നൊരു പരാമർശം ദൗർഭാഗ്യവശാൽ ഇന്ന് സഭയിൽ ഉയർന്നുവരികയുണ്ടായി. ഇതുസംബന്ധിച്ച് ചെയറിന് ചൂണ്ടിക്കാണിക്കാനുള്ളത് 1987 നവംബർ 6-ാം തീയതി അന്നത്തെ സഭാദ്ധ്യക്ഷൻ നൽകിയ റൂളിംഗാണ്. അത് ഇപ്രകാരമായിരുന്നു. ഒരുപക്ഷേ അന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഈ സഭയിലെ അംഗമായിരുന്നിരിക്കണം. റൂൾ 26-ൽ പറയുന്നത്, "Unless the Speaker otherwise directs, the first hour of every sitting shall be available for asking and answering of questions" എന്നാണ്. സ്പീക്കർ വേറെ വിധത്തിൽ ഡയറക്ട് ചെയ്തില്ലെങ്കിൽ ഒരു മണിക്കൂർ സമയം അനുവദിക്കണം. നേരെമറിച്ച് ഒരു മണിക്കൂറിൽ കൂടുതൽ കൊടുത്തുകൂടെന്നില്ല. അങ്ങനെ കൊടുക്കാം. ശക്ധർ ആന്റ് കൗൾ പേജ് 369-ൽ പറയുന്നത്,

".... However on occasions though rare, questions may be answered even after the question hour is over" എന്നാണ്. "...With the permission of the Speaker, questions can be answered even after one hour." ഈ സാഹചര്യത്തിൽ ചോദ്യോത്തരവേളയുടെ സമയക്രമീകരണത്തിലോ ഉപചോദ്യങ്ങൾ അനുവദിക്കുന്ന കാര്യത്തിലോ ചട്ടങ്ങൾക്കും നടപടിക്രമങ്ങൾക്കും വിരുദ്ധമായ ഒരു നടപടിയും ചെയറിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ലെന്ന് വ്യക്തമാണ്.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 നവംബർ മാസം 11-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.50-ന് പിരിഞ്ഞു.)

# അനുബന്ധം

## (i) പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 27-7-2021-ലെ 109-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെയും മൂന്നാം സമ്മേളത്തിലെ 8.10.2021-ലെ 1666, 26-10-2021-ലെ 3584 എന്നീ നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെയും തിരുത്തിയ ഉത്തരം

### മലയാളം ലെക്സിക്കൺ മേധാവിയുടെ നിയമനം

(*109) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) മലയാളം ലെക്സിക്കൺ മേധാവിയായി സംസ്കൃതാദ്ധ്യാപികയെ നിയമിച്ചത് നിയമാനുസൃതമാണോ എന്നത് പരിശോധനാ വിധേയ മാക്കിയിട്ടുണ്ടോ?

ഈ തസ്തികയിൽ സ്ഥിരനിയമനം നടത്തിയിട്ടില്ല. ഒൻപത് വർഷമായി എഡിറ്റർ തസ്തിക ഒഴിഞ്ഞുകിടക്കുന്ന മലയാളം ലെക്സിക്കൺ വിഭാഗത്തിന്റെ സുഗമമായ നടത്തിപ്പിന് ഒരു മുഴുവൻ സമയ എഡിറ്റർ അനിവാര്യമായതിനാൽ എഡിറ്ററുടെ സ്ഥിരനിയമന നടപടികൾക്കായി സർവ്വകലാശാല പി.എസ്.സി-യെ സമീപിക്കുകയുണ്ടായി. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള സ്ഥിര നിയമനത്തിന് കൺസൾട്ടേഷൻ റൂൾസ് തയ്യാറാക്കുന്നതിനായി സമയം ആവശ്യമായതിനാൽ ഹ്രസ്വകാലത്തേയ്ക്ക് മാത്രമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് സർവ്വകലാശാല തീരുമാനിച്ചു. ലെക്സിക്കണിന്റെ ഒൻപതാം വാല്യത്തിലെ അപാകതകളുമായി ബന്ധപ്പെട്ട് 2017-ൽ അന്നത്തെ വൈസ് ചാൻസലർ നിയമിച്ച വിദഗ്ദ്ധ സമിതിയുടെ അന്വേഷണ റിപ്പോർട്ടിൽ മുൻകാലങ്ങളിലെപ്പോലെ ലെക്സിക്കൺ വകുപ്പിൽ വിവിധ ഭാഷകളിലുള്ള വിദഗ്ദ്ധരുടെ അഭാവം ചൂണ്ടിക്കാണിച്ചിരുന്നു. ഒഴിഞ്ഞു കിടക്കുന്ന എഡിറ്റർ തസ്തിക അദ്ധ്യാപകർ അധിക ചുമതലയായി വഹിച്ചു വരുന്നത് ഗുണകരമല്ലെന്ന് പ്രസ്തുത സമിതി റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു. ഇക്കാര്യങ്ങൾകൂടി പരിഗണിച്ച വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിലുള്ള വിദഗ്ദ്ധർ ഉൾപ്പെടുന്ന സെലക്ഷൻ കമ്മിറ്റി ലെക്സിക്കണിന്റെ അവസ്ഥകളെ സംബന്ധിച്ചുകൂടി വിലയിരുത്തി ഡെപ്യൂട്ടേഷൻ നിയമന യോഗ്യത തീരുമാനിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. വിജ്ഞാപനം സർവ്വകലാശാല വെബ്സൈറ്റിൽ 30-1-2021, 8-2-2021 തീയതികളിലും ദിനപ്പത്രങ്ങളിൽ 31-1-2021, 9-2-2021 തീയതികളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരു അപേക്ഷ മാത്രമാണ് ഇതിനായി ലഭ്യമായത്.

സെലക്ഷൻ കമ്മിറ്റി പ്രസ്തുത അപേക്ഷ പരിശോധിച്ച് അഭിമുഖം നടത്തി അനുയോജ്യയായ വ്യക്തിയാണ് അപേക്ഷക എന്നതിനാൽ ലെക്സിക്കൺ എഡിറ്ററായി പ്രസ്തുത അപേക്ഷകയെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. സർവ്വകലാശാല സിൻഡിക്കേറ്റ് ശിപാർശ അംഗീകരിച്ചതിനെ തുടർന്നാണ് നിയമനം നല്കിയത്.

(ബി) കേരള സർവ്വകലാശാല ഓർഡിനൻസ് ചട്ടങ്ങൾ പ്രകാരം ലെക്സിക്കൺ എഡിറ്ററുടെ യോഗ്യതകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഓർഡിനൻസ് പ്രകാരമുള്ള യോഗ്യതകൾ താഴെ ചേർക്കുന്നു:

| Chapter XVII- Schedule | | | | | |
|---|---|---|---|---|---|
| Sl. No. | Designation | Age | Qualifications | | Mode of Recruitment |
| | | | General | Technical | |
| 93 | Editor | Not more than 50 years Age bar will not be applicable to the staff of University | A first or second class Masters Degree in Malayalam 2. Research degree of a Doctorate standard or Published work of high standard. 3. Above 10 years experience of teaching at University/ College/15 years experience in Lexicon work and some experience of guiding Research | Nil | Direct Recruitment based on merit by inviting applications by advertiseme nt in the press |

(സി) മലയാള ഭാഷയിൽ ഉന്നത പ്രാവീണ്യം, ഗവേഷണ ബിരുദം, യൂണിവേഴ്സിറ്റി കോളേജുകളിൽ പത്തു വർഷത്തെ അദ്ധ്യാപന പരിചയം അല്ലെങ്കിൽ പതിനഞ്ച് വർഷം ലെക്സിക്കൺ വർക്കിൽ പരിചയം എന്നീ മാനദണ്ഡങ്ങൾ നിലവിലെ മലയാളം ലെക്സിക്കൺ മേധാവിക്ക് ഉണ്ടോ എന്ന് വ്യക്തമാക്കാമോ?

ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലെ താൽക്കാലിക നിയമനത്തിനായുള്ള വിജ്ഞാപനത്തിൽ വിദഗ്ദ്ധർ ഉൾപ്പെടുന്ന സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശപ്രകാരമുള്ള എല്ലാ യോഗ്യതകളും തെരഞ്ഞെടുക്കപ്പെട്ട വ്യക്തിക്ക് ഉണ്ടെന്ന് സെലക്ഷൻ കമ്മിറ്റി കണ്ടെത്തി ശിപാർശ നടത്തിയപ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലെ താൽക്കാലികമായ നിയമനത്തിന് സർവ്വകലാശാല സിൻഡിക്കേറ്റ് അംഗീകാരം നൽകിയിട്ടുണ്ട്. മലയാള ഭാഷാ വിദഗ്ദ്ധർ അടങ്ങിയ സെലക്ഷൻ കമ്മിറ്റി മലയാളം/സംസ്കൃതഭാഷകളിൽ ഡോക്ടറേറ്റ്, അദ്ധ്യാപന, ഗവേഷണപരിചയം എന്നീ യോഗ്യതകൾ ഉൾപ്പെടുത്തി വിവിധ സർവ്വകലാശാലയിലെ പ്രൊഫസർമാർക്ക് എഡിറ്റർ തസ്തികയിലേയ്ക്ക് അപേക്ഷിക്കാൻ അവസരമൊരുക്കിയിരുന്നു. പ്രസ്തുത വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരുന്ന എല്ലാ യോഗ്യതകളും ലെക്സിക്കൺ മേധാവിക്കുണ്ട്.

(ഡി) ഇല്ലെങ്കിൽ കേരള സർവ്വകലാശാല ഓർഡിനൻസിന് വിരുദ്ധമായി നടത്തിയ ഈ നിയമനം പുനഃപരിശോധിക്കാൻ തയ്യാറാകുമോ?

സ്ഥിരനിയമനം നടന്നിട്ടില്ല; കൺസൾട്ടേഷൻ റൂൾ തയ്യാറാക്കി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരം മാത്രമേ സ്ഥിരനിയമനം നടത്തുകയുള്ളൂ. ഇടക്കാലത്തേയ്ക്കുള്ള ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലെ നിയമനം മാത്രമാണിത്.

### ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത ഗ്രന്ഥശാലകൾ

(1666) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത് തിരുവനന്തപുരം ജില്ലയിൽ എത്ര ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

605 ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഗ്രന്ഥശാലകൾക്ക് അനുവദിച്ചിട്ടുള്ള ഗ്രാന്റ്, ലൈബ്രേറിയൻ അലവൻസ് എന്നിവ ഗ്രേഡ് അനുസരിച്ച് വ്യക്തമാക്കാമോ?

നിലവിലെ വാർഷിക നിരക്ക് ചുവടെ ചേർക്കുന്നു.

| ഗ്രേഡ് | ഗ്രാന്റ് | ലൈബ്രേറിയൻ അലവൻസ് |
|---|---|---|
| A+ | 50,000 രൂപ | 56,640 രൂപ |
| A | 32,000 രൂപ | 49,440 രൂപ |
| B | 24,000 രൂപ | 49,440 രൂപ |
| C | 20,000 രൂപ | 49,440 രൂപ |
| D | 16,000 രൂപ | 45,840 രൂപ |
| E | 14,000 രൂപ | 45,840 രൂപ |
| F | 12,000 രൂപ | 45,840 രൂപ |

(സി) ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത് വർക്കല നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾ ഏതെല്ലാമെന്നും അവ എവിടെയെല്ലാമെന്നും വ്യക്തമാക്കാമോ?

വർക്കല മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ലൈബ്രറികളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു:

KERALA STATE LIBRARY COUNCIL

THIRUVANANTHAPURAM-33

| | | |
|---|---|---|
| 1. | 01/VAK/0179 | SREE VIVEKANANDA VILASAM GRANDASALA Edava, Edava |
| 2. | 01/VAK/1361 | KALAPOSHINI VAYANASALA Anakunnam, Madavoor |
| 3. | 01/VAK/1573 | MRM PUBLIC LIBRARY Edava, Edava |
| 4. | 01/VAK/6301 | CHINTHA GRANDASALA AND VAYANASALA Vettiyara, Navaikulam |
| 5. | 01/VAK/0206 | DESABHIVARDHINI GRANDASALA Puthanchanda, Varkala |
| 6. | 01/VAK/0317 | DESEEYA GRANDASALA Pullormukku, Karavaram |
| 7. | 01/VAK/0762 | KAPPIL PUBLIC LIBRARY Kappil, Edava |

| | | |
|---|---|---|
| 8. | 01/VAK/0763 | JANARDHANAPURAM GRANDASALA Janardhanapuram, Varkala |
| 9. | 01/VAK/0824 | NETHAJI GRANDASALA Kurakkani, Varkala |
| 10. | 01/VAK/0892 | NETHAJI MEMORIAL VILLAGE LIBRARY AND READING ROOM, Palayamkunnu, Elakamon |
| 11. | 01/VAK/0946 | GRAMODHARANA VAYANASALA Moothala, Pallickal |
| 12. | 01/VAK/094 | VIVEKODAYAM GRANDASALA AND VAYANASALA, 28th Mile |
| 13. | 01/VAK/0993 | SANMARGA PRADAYINI READING ROOM AND LIBRARAY, Punnamoodu, Varkala |
| 14. | 01/VAK/1425 | KALAPOSHINI GRANDASALA PANAYARA, Panayara, Chemmaruthy |
| 15. | 01/VAK/1653 | VINJANA PRADAYINI GRANDASALA & VAYANASALA Kadampattukonam, Parippally P.O, Navaikulam |
| 16. | 01/VAK/1674 | VINJANODHAYAM GRANDASALA & VAYANASALA, Muthana P.O. Chemmaruthy |
| 17. | 01/VAK/1706 | NETHAJI MEMORIAL READING ROOM & LIBRARY Kedakulam, Elakamon |
| 18. | 01/VAK/1938 | DESABHIVARDHINI GRANDASALA Pullannicode, Varkala |
| 19. | 01/VAK/2303 | BAPPUJI SMARAKA GRANDASALA Karunnilcodu, Varkala |
| 20. | 01/VAK/4328 | KALAMANDIR Vemoodu, Madavoor |
| 21. | 01/VAK/3383 | DESEEYA VAYANASALA & GRANDASALA NJARAYILKONAM Njarayilkonam, Madavoor |
| 22. | 01/VAK/4001 | YMA Madavoor, Madavoor |
| 23. | 01/VAK/4718 | AKG MEMORIAL LIBRARY AND READING ROOM Mullaramcode, Ottoor |
| 24. | 01/VAK/4719 | NAVODAYA GRANDASALA THOLOOR, MARUTHIKKUNNU P.O Navodaya Grandhasala Tholoor, Navaikulam |

| | | |
|---|---|---|
| 25. | 01/VAK/5208 | PAKALKURI ARTS AND SPORTS LIBRARY, Pasc Library, Pallickal |
| 26. | 01/VAK/5815 | JANATHA ARTS AND SPORTS CLUB READING ROOM & LIBRARY, Janathamukku, Edava Panchayath |
| 27. | 01/VAK/6300 | GRAMASREE GRANDASALA & VAYANASALA, Parakunnu, Navaikulam Gramapanchayath |
| 28. | 01/VAK/4072 | GRAMASEVA SANGHAM GRANDASALA Edamannila, Navaikulam |
| 29. | 01/VAK/4451 | BHANUVAIDYAN MEMORIAL GRAMODHARANA VAYANASALA Chavarcode, Elakamon |
| 30. | 01/VAK/5148 | DESHABHIMANI GRANDASALA & VAYANASALA Mukkukada, Navaikulam, Navaikulam |
| 31. | 01/VAK/5176 | EDAVA PAN CHAYTH PUBLIC LIBRARY & READING ROOM, Panchayath Office Building, Edava |
| 32. | 01/VAK/2554 | GANDHI SMARAKA VAYANASALA, ARAYIL Gandhi Smaraka Vayanasala, Pallickal |
| 33. | 01/VAK/6813 | YUVAKAIRALI GRANDASALA & VAYANASALA Panthuvila, Chemmaruty |
| 34. | 01/VAK/7477 | DESHABHIMANI GRANDASALA Ayiroor, Elakamon |
| 35. | 01/VAK/7958 | KAIRALI GRANDASALA, INTERNET CLUB NAVAIKULAM, Navaikulam, |
| 36. | 01/VAK/7968 | VARKALA RADHAKRISHNAN SMARAKA GRANDASALA AND VAYANASALA Varkala, Varkala |
| 37. | 8714 | E.M.S. SMARAKA GRANDASALA DEESANT MUKKU, MARUTHIKKUNNU.P.O., NAVAIKULAM VARKALA |

**ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള ധനസഹായം**

(3584) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പദ്ധതി പ്രകാരം കിടപ്പുരോഗികളെ പരിചരിക്കുന്നവർക്ക് നൽകിവരുന്ന ധനസഹായ പദ്ധതിയുടെ വിശദവിവരം നൽകാമോ?

തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവരെയും 100% അന്ധത ബാധിച്ചവരെയും ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും കാൻസർ മുതലായ പലവിധരോഗങ്ങളാലും കിടപ്പിലാകുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാകുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളേയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം.

(ബി) പ്രസ്തുത പദ്ധതി പ്രകാരം 2020-21 കാലയളവിൽ എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നുള്ള കണക്ക് വ്യക്തമാക്കാമോ?

ആശ്വാസകിരണം പദ്ധതി പ്രകാരം 2020-21 കാലയളവിൽ 114188 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലും ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലും നിലവിൽ എത്ര പേർക്ക് ധനസഹായം നൽകി വരുന്നുവെന്ന് വ്യക്തമാക്കാമോ; ധനസഹായം യഥാസമയം നൽകാൻ കഴിയാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ആശ്വാസകിരണം പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ 8199 ഗുണഭോക്താക്കൾക്കും ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ 667 ഗുണഭോക്താക്കൾക്കും നിലവിൽ ധനസഹായം നൽകിവരുന്നു. ടി ഗുണഭോക്താക്കൾക്ക് 2020 മേയ് മാസം വരെയുള്ള കുടിശ്ശിക ധനസഹായം 2021 ആഗസ്റ്റ് മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നിലവിലെ ഗുണഭോക്താക്കൾക്കുള്ള കുടിശ്ശിക സഹിതം ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ii) പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിലെ 25-10-2021-ലെ നക്ഷത്രചിഹ്നമിടാത്ത 3173, 3181, 3188, 3193, 3195, 3197, 3218, 3251 എന്നീ നമ്പർ ചോദ്യങ്ങളുടെ തിരുത്തിയ ഉത്തരം

## മലപ്പുറം ജില്ലയിൽ പുതിയ ഹയർ സെക്കൻഡറി ബാച്ച്

(3173) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പ്ലസ് വൺ പഠനത്തിന് ആവശ്യമായ സീറ്റുകളുടെ നിലവിലുള്ള അപര്യാപ്തത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ;

(ബി) ജില്ലയിൽ പുതിയ ഹയർ സെക്കൻഡറി ബാച്ചുകൾ അനുവദിക്കുമോ; വെളിപ്പെടുത്തുമോ?

(എ&ബി) മാനേജ്മെന്റ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട അൺ-എയ്ഡഡ് ബാച്ചുകൾ എന്നിവയിൽ പ്രവേശനം നടന്നുകൊണ്ടിരിക്കുകയാണ്. താലൂക്കുതല വിഷയ കോമ്പിനേഷൻ തിരിച്ചുള്ള കണക്കുകൾ അവലോകനം നടത്തി ഉചിതമായ തീരുമാനം സ്വീകരിക്കുന്നതാണ്.

## കോഴിക്കോട് ജില്ലയിൽ അധിക പ്ലസ് വൺ സീറ്റുകൾ അനുവദിക്കാൻ നടപടി

(3181) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഈ അദ്ധ്യയന വർഷത്തേയ്ക്കുള്ള പ്ലസ് വൺ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുകയുണ്ടായോ?

നിലവിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 20% മാർജിനൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

(ബി) എങ്കിൽ എത്ര സീറ്റുകളാണ് വർദ്ധിപ്പിച്ചിട്ടുള്ളത്?

ബാച്ചടിസ്ഥാനത്തിൽ 10 സീറ്റ് വീതം ജില്ലയിൽ ആകെ 5840 സീറ്റുകൾ വർദ്ധിക്കുകയുണ്ടായി.

(സി) സീറ്റുകൾ വർദ്ധിപ്പിച്ചതിനുശേഷവും കോഴിക്കോട് ജില്ലയിൽ പ്ലസ് വൺ പ്രവേശനത്തിനുള്ള ഫസ്റ്റ് അലോട്ട്മെന്റ് പൂർത്തിയായപ്പോൾ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിവരം ശേഖരിച്ചുവരുന്നു.

(ഡി) നിലവിലെ സാഹചര്യത്തിൽ ഒരു ക്ലാസ്സിൽ അറുപത്തിയഞ്ചും എഴുപതും കുട്ടികൾ ഇരുന്ന് പഠിക്കുന്നത് കുട്ടികളുടെ പഠനനിലവാരത്തെ സാരമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ?

ഹയർ സെക്കൻഡറി തുടങ്ങിയ വർഷം മുതൽതന്നെ മാർജിനൽ വർദ്ധനവിലൂടെ സീറ്റുകൾ വർദ്ധിപ്പിച്ച ഒരു ബാച്ചിൽ 60 മുതൽ 65 കുട്ടികൾ വരെ പ്രവേശിപ്പിച്ചിരുന്നു. ക്ലാസ്സിലെ നിലവിലുള്ള കുട്ടികളുടെ എണ്ണം പഠനനിലവാരത്തെ സാരമായി ബാധിക്കുന്നതായി കാണുന്നില്ല.

(ഇ) എങ്കിൽ കോവിഡ് സാഹചര്യംകൂടി പരിഗണിച്ച് കോഴിക്കോട് ജില്ലയിൽ അധിക പ്ലസ് വൺ ബാച്ചുകൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വിശദമാക്കാമോ?

2021-22 അദ്ധ്യയന വർഷത്തെ ഹയർ സെക്കൻഡറി പ്രവേശനത്തിന്റെ മുഖ്യഘട്ടത്തിലെ അവസാനത്തെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റ് ക്വാട്ട പ്രവേശനം, അൺ-എയ്ഡഡ് സ്കൂളുകളിലെ പ്രവേശനം എന്നിവയൊക്കെ നടന്നുകൊണ്ടിരിക്കുകയാണ്. മുഖ്യ അലോട്ട്മെന്റ് പ്രവേശനത്തിനുശേഷം മെറിറ്റ് ക്വാട്ടയിൽ ഒഴിവുള്ള 33153 (മുപ്പത്തി മൂന്നായിരത്തി ഒരുന്നൂറ്റി അൻപത്തി മൂന്ന്) സീറ്റുകളും എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ടയിൽ ഒഴിവുള്ള 6438 (ആറായിരത്തി നാന്നൂറ്റി മുപ്പത്തി എട്ട്) സീറ്റും മാനേജ്മെന്റ് ക്വാട്ടയിൽ ഒഴിവുള്ള 8988 (എണ്ണായിരത്തി തൊള്ളായിരത്തി എൺപത്തിയെട്ട്) സീറ്റുകളും സ്പോർട്ട്സ് ക്വാട്ടയിൽ ഒഴിവുള്ള 4461 (നാലായിരത്തി നാന്നൂറ്റി അറുപത്തി ഒന്ന്) സീറ്റുകളും അൺ-എയ്ഡഡ് സ്കൂളുകളിലെ ഒഴിവുള്ള 34,252 (മുപ്പത്തി നാലായിരത്തി ഇരുന്നൂറ്റി അൻപത്തി രണ്ട്) സീറ്റുകളുംകൂടി ആകെ 87,292 (എൺപത്തി ഏഴായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി രണ്ട്) സീറ്റുകളും ലഭ്യമാണ്. ഇതിനുപുറമെ വൊക്കേഷണൽ ഹയർ സെക്കൻഡറി, പോളിടെക്നിക്, ഐ.ടി.ഐ. മേഖലകളിലായി 83,000 സീറ്റുകളും ലഭ്യമാണ്. മാനേജ്മെന്റ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട അൺ-എയ്ഡഡ് ബാച്ചുകൾ എന്നിവയിലും പ്രവേശനം നടന്നുകൊണ്ടിരിക്കുകയാണ്. താലൂക്കുതല വിഷയ കോമ്പിനേഷൻ തിരിച്ചുള്ള കണക്കുകൾ അവലോകനം നടത്തി ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കുന്നതാണ്.

## പ്ലസ് വൺ പ്രവേശനം

(3188) ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിൽ പ്ലസ് വണ്ണിന് അർഹത നേടിയ കുട്ടികളുടെ എണ്ണം മറ്റു ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കൂടുതലാണെന്ന കാര്യം പരിഗണിച്ച് പുതിയ സ്കൂളുകളും അധിക ബാച്ചുകളും അടിയന്തരമായി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

മാനേജ്മെന്റ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട അൺ-എയ്ഡഡ് ബാച്ചുകൾ എന്നിവയിലും പ്രവേശനം നടന്നുകൊണ്ടിരിക്കുകയാണ്. താലൂക്കുതല വിഷയ കോമ്പിനേഷൻ തിരിച്ചുള്ള കണക്കുകൾ അവലോകനം നടത്തി ഉചിതമായ തീരുമാനം സ്വീകരിക്കുന്നതാണ്.

## എല്ലാ വിഷയങ്ങളിലും എ പ്ലസ് ലഭിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും പ്രവേശനം ലഭിക്കാത്ത സാഹചര്യം

(3193) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലസ് വൺ രണ്ടാം അലോട്ട്മെന്റ് പൂർത്തിയായപ്പോൾ എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങളിലും എ പ്ലസ് ലഭിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും അഡ്മിഷൻ ലഭ്യമാക്കാൻ സാധിച്ചിട്ടില്ല എന്നത് വസ്തുതയാണോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

2021-22 അദ്ധ്യയന വർഷത്തെ ഹയർ സെക്കൻഡറി പ്രവേശനത്തിന്റെ മുഖ്യ ഘട്ടത്തിലെ രണ്ടാമത്തെ/അവസാനത്തെ അലോട്ട്മെന്റിലെ പ്രവേശന നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം മാനേജ്മെന്റ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട അൺ-എയ്ഡഡ് ബാച്ചുകൾ എന്നിവയിലും പ്രവേശനം നടക്കുന്നുണ്ട്. ഈ പ്രവേശന നടപടികൾ പൂർത്തീകരിച്ചശേഷം അവശേഷിക്കുന്ന അപേക്ഷകരുടേയും സീറ്റുകളുടേയും കണക്കെടുത്ത് എല്ലാവർക്കും പഠിക്കാനാവശ്യമായ സീറ്റ് ക്രമീകരണങ്ങൾ ആവശ്യമുള്ള മേഖലകളിൽ ചെയ്യുന്നതായിരിക്കും.

(ബി) എല്ലാ വിഷയങ്ങളിലും എ പ്ലസ് ലഭിച്ച വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാൻ സാധിക്കുന്നില്ല എന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്?

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വിദ്യാർത്ഥികൾക്ക് ഫോക്കസ് ഏരിയ നൽകി അതിൽനിന്നും വേണ്ടുന്നതിന്റെ ഇരട്ടി ചോയ്സുകൾ നൽകി പരമാവധി മാർക്കിന്റെ ഇരട്ടി മാർക്ക് വരെ ലഭിക്കത്തക്കവിധം എസ്.എസ്.എൽ.സി. പരീക്ഷ നടത്തിയതിന്റെ ഫലമായി എല്ലാ വിഷയത്തിനും എ പ്ലസ് ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം 125,509 (ഒരു ലക്ഷത്തി ഇരുപത്തയ്യായിരത്തി അഞ്ഞൂറ്റി ഒൻപത്) ആയി വർദ്ധിക്കുകയുണ്ടായി. ഇത് കഴിഞ്ഞ വർഷത്തേതിനേക്കാൾ മൂന്ന് മടങ്ങിൽ കൂടുതലാണ്. മുഖ്യഘട്ട അലോട്ട്മെന്റ് പൂർത്തിയായപ്പോൾ 235,879 (രണ്ട് ലക്ഷത്തി മുപ്പത്തഞ്ചായിരത്തി എണ്ണൂറ്റി എഴുപത്തൊൻപത്) വിദ്യാർത്ഥികൾ മെറിറ്റ് ക്വാട്ടയിൽ മാത്രം പ്രവേശനം നേടിയിട്ടുണ്ട്. എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ ചുരുക്കം ചില വിദ്യാർത്ഥികൾക്ക് അവരുടെ അപേക്ഷയിൽ വളരെ കുറച്ചുമാത്രം ഓപ്ഷനുകൾ ഉൾപ്പെടുത്തിയതിന്റെ ഫലമായി അലോട്ട്മെന്റ് ലഭിച്ചിട്ടില്ല.

(സി) എല്ലാ വിഷയങ്ങളിലും എ പ്ലസ് ലഭിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും അവർക്ക് ഇഷ്ടപ്പെട്ട സ്കൂളുകളിൽ ഇഷ്ടപ്പെട്ട വിഷയത്തിൽ പ്ലസ് വൺ പ്രവേശനം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

2021-22 അദ്ധ്യയന വർഷത്തെ ഹയർ സെക്കൻഡറി പ്രവേശനത്തിന്റെ മുഖ്യ ഘട്ടത്തിലെ അവസാനത്തെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റ് ക്വാട്ട പ്രവേശനം, അൺ-എയ്ഡഡ് സ്കൂളുകളിലെ പ്രവേശനം എന്നിവയൊക്കെ നടന്നുകൊണ്ടിരിക്കുകയാണ്. മുഖ്യ അലോട്ട്മെന്റ് പ്രവേശനത്തിനുശേഷം മെറിറ്റ് ക്വാട്ടയിൽ ഒഴിവുള്ള 33,153 (മുപ്പത്തി മൂന്നായിരത്തി ഒരുന്നൂറ്റി അൻപത്തി മൂന്ന്) സീറ്റുകളും എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ടയിൽ ഒഴിവുള്ള 6,438 (ആറായിരത്തി നാനൂറ്റി മുപ്പത്തി എട്ട്) സീറ്റും മാനേജ്മെന്റ് ക്വാട്ടയിൽ ഒഴിവുള്ള 8,988 (എണ്ണായിരത്തി തൊള്ളായിരത്തി എൺപത്തിയെട്ട്) സീറ്റുകളും സ്പോർട്ട്സ് ക്വാട്ടയിൽ ഒഴിവുള്ള 4,461 (നാലായിരത്തി നാനൂറ്റി അറുപത്തി ഒന്ന്) സീറ്റുകളും അൺ-എയ്ഡഡ് സ്കൂളുകളിലെ ഒഴിവുള്ള 34,252 (മുപ്പത്തി നാലായിരത്തി ഇരുന്നൂറ്റി അൻപത്തി രണ്ട്) സീറ്റുകളും കൂടി ആകെ 87,292 (എൺപത്തി ഏഴായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി രണ്ട്) സീറ്റുകളും ലഭ്യമാണ്. ഇതിനുപുറമെ വൊക്കേഷണൽ ഹയർ

സെക്കൻഡറി, പോളിടെക്നിക്, ഐ.ടി.ഐ. മേഖലകളിലായി 83000 സീറ്റുകളും ലഭ്യമാണ്. മാനേജ്മെന്റ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട അൺ-എയ്ഡഡ് ബാച്ചുകൾ എന്നിവയിലും പ്രവേശനം നടന്നുകൊണ്ടിരിക്കുകയാണ്. താലൂക്കുതല വിഷയ കോമ്പിനേഷൻ തിരിച്ചുള്ള കണക്കുകൾ അവലോകനം നടത്തി ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കുന്നതാണ്.

**പ്ലസ് വൺ അഡ്മിഷൻ**

(3195) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്ലസ് വൺ രണ്ടാംഘട്ട അലോട്ട്മെന്റ് കഴിഞ്ഞതിനുശേഷം ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കാത്തതിനാൽ അഡ്മിഷൻ ഉറപ്പാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

2021-22 അദ്ധ്യയന വർഷത്തെ ഹയർ സെക്കൻഡറി പ്രവേശനത്തിന്റെ മുഖ്യ ഘട്ടത്തിലെ അവസാനത്തെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റ് ക്വാട്ട പ്രവേശനം, അൺ-എയ്ഡഡ് സ്കൂളുകളിലെ പ്രവേശനം എന്നിവയൊക്കെ നടന്നുകൊണ്ടിരിക്കുകയാണ്. മുഖ്യ അലോട്ട്മെന്റ് പ്രവേശനത്തിനുശേഷം മെറിറ്റ് ക്വാട്ടയിൽ ഒഴിവുള്ള 33,153 (മുപ്പത്തി മൂന്നായിരത്തി ഒരുന്നൂറ്റി അൻപത്തി മൂന്ന്) സീറ്റുകളും എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ടയിൽ ഒഴിവുള്ള 6,438 (ആറായിരത്തി നാന്നൂറ്റി മുപ്പത്തി എട്ട്) സീറ്റുകളും മാനേജ്മെന്റ് ക്വാട്ടയിൽ ഒഴിവുള്ള 8,988 (എണ്ണായിരത്തി തൊള്ളായിരത്തി എൺപത്തിയെട്ട്) സീറ്റുകളും സ്പോർട്ട്സ് ക്വാട്ടയിൽ ഒഴിവുള്ള 4,461 (നാലായിരത്തി നാന്നൂറ്റി അറുപത്തി ഒന്ന്) സീറ്റുകളും അൺ-എയ്ഡഡ് സ്കൂളുകളിലെ ഒഴിവുള്ള 34,252 (മുപ്പത്തി നാലായിരത്തി ഇരുന്നൂറ്റി അൻപത്തി രണ്ട്) സീറ്റുകളും ഉൾപ്പെടെ 87,292 (എൺപത്തി ഏഴായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി രണ്ട്) സീറ്റുകൾ ലഭ്യമാണ്. ഇതിനുപുറമെ വൊക്കേഷണൽ ഹയർ സെക്കൻഡറി, പോളിടെക്നിക്, ഐ.ടി.ഐ. മേഖലകളിലായി 83.000 സീറ്റുകളും ലഭ്യമാണ്. മാനേജ്മെന്റ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട അൺ-എയ്ഡഡ് ബാച്ചുകൾ എന്നിവയിലും പ്രവേശനം നടന്നുകൊണ്ടിരിക്കുകയാണ്. താലൂക്കുതല വിഷയ കോമ്പിനേഷൻ തിരിച്ചുള്ള കണക്കുകൾ അവലോകനം നടത്തി ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കുന്നതാണ്.

## പ്ലസ് വൺ സീറ്റുകളുടെ കുറവ് പരിഹരിക്കൽ

(3197) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ സീറ്റുകളുടെ കുറവ് പരിഹരിക്കുന്നതിന് സർക്കാരിന് അധിക ബാദ്ധ്യതയില്ലാത്തവിധം സർക്കാർ സ്കൂളുകളിലെ കുട്ടികളില്ലാത്ത ബാച്ചുകൾ ആവശ്യമുള്ള സ്ഥലങ്ങളിലേയ്ക്ക് മാറ്റുന്നകാര്യം പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത നടപടികൾ മുൻപ് സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

മാനേജ്മെന്റ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട, അൺ-എയ്ഡഡ് ബാച്ചുകൾ എന്നിവയിലും പ്രവേശനം നടന്നുകൊണ്ടിരിക്കുകയാണ്. താലൂക്കുതല വിഷയ കോമ്പിനേഷൻ തിരിച്ചുള്ള കണക്കുകൾ അവലോകനം നടത്തി ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കുന്നതാണ്. മുൻ വർഷങ്ങളിൽ സീറ്റ് ലഭ്യതക്കുറവ് പരിഹരിക്കാൻ സർക്കാർ സ്കൂളിലെ കുട്ടികളില്ലാത്ത ബാച്ചുകൾ മാറ്റുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഹയർ സെക്കൻഡറി ഇല്ലാത്ത അൺ എയ്ഡഡ് സ്കൂളുകളിൽ പുതിയ പ്ലസ് വൺ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം എടുത്തിട്ടുണ്ടോ; വെളിപ്പെടുത്തുമോ?

നിലവിൽ അത്തരമൊരു തീരുമാനം എടുത്തിട്ടില്ല.

(സി) നിലവിൽ ഹയർ സെക്കൻഡറിയുള്ള അൺ എയ്ഡഡ് സ്കൂളുകളിൽ 20% സീറ്റ് വർദ്ധനവ് അനുവദിക്കുമോ; വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

## കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ അധികം ഹയർ സെക്കൻഡറി സീറ്റുകൾ അനുവദിക്കുന്നത്

(3218) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത വിജയം കൈവരിച്ച വിദ്യാർഥികൾക്ക് ഹയർ സെക്കൻഡറി പഠനത്തിനാവശ്യമായ സൗകര്യമില്ലാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. കൂത്തുപറമ്പ്, ജി.എച്ച്.എസ്.എസ്. പാട്യം, പാട്യം ഗോപാലൻ സ്മാരക ജി.എച്ച്.എസ്.എസ്. ചെറുവാഞ്ചേരി, കോട്ടയം മലബാർ ജി.എച്ച്.എസ്.എസ്. എന്നീ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകളിൽ കൂടുതൽ സീറ്റുകളും അധിക ബാച്ചും അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

നിലവിൽ 20% മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. അധിക ബാച്ചുകൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇക്കാര്യത്തിൽ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദീകരിക്കാമോ?

മാനേജ്മെന്റ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട, അൺ-എയ്ഡഡ് ബാച്ചുകൾ എന്നിവയിലും പ്രവേശനം നടന്നുകൊണ്ടിരിക്കുകയാണ്. താലൂക്കുതല വിഷയ കോമ്പിനേഷൻ തിരിച്ചുള്ള കണക്കുകൾ അവലോകനം നടത്തി ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കുന്നതാണ്.

## ജില്ലാ വിദ്യാഭ്യാസ പരിശീലന സമിതി

(3251) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജില്ലാ വിദ്യാഭ്യാസ പരിശീലന സമിതി (ഡയറ്റ്)-കളിൽ സ്പെഷ്യൽ റൂൾ നിലവിലില്ലാത്തതിനാൽ ഒരു ഗ്രേഡ് പ്രൊമോഷൻപോലും സർവ്വീസ് കാലയളവിൽ അനുവദിച്ചിട്ടില്ലാത്ത ലക്ചറർ, സീനിയർ ലക്ചറർ, പ്രിൻസിപ്പൽ തസ്തികകളിൽനിന്ന് വിരമിച്ച അദ്ധ്യാപകർക്ക് പെൻഷൻ ബെനിഫിറ്റായി ഗ്രേഡ് പ്രൊമോഷന്റെ ആനുകൂല്യം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പരിശോധിച്ചുവരുന്നു.